

അഖിൽ പി ധർമ്മജന്റെ

# മെർക്കുറി ഐലന്റ്

## ലോകാവസാനം

**MERCURY ISLAND** THE WORLD'S END



അഖിൽ പി ധർമ്മജന്റെ
മെർക്കുറി ഐലന്റ്
ലോകാവസാനം
MERCURY ISLAND THE WORLD'S END

# മെർക്കുറി ഐലൻറ്

-ലോകാവസാനം-



(മായൻ കലണ്ടർ)

**Kadha Publications**
Alappuzha

**MERCURY ISLAND**
**-End Of The World-**
(Malayalam)

Written by,
**Akhil P. Dharmajan**

ISBN 978-93-5279-032-6

All rights reserved.
**First Edition**

**2018 June**

NO PART OF THIS PUBLICATION MAY BE REPRODUCED OR TRANSMITTED IN ANY FORMER BY ANY MEANS, WITHOUT PRIOR WRITTEN PERMISSION OF THE PUBLISHER AND THE AUTHOR.

# മെർക്കുറി ഐലന്റ്

-ലോകാവസാനം-

**അഖിൽ പി ധർമ്മജൻ**

**കഥ പബ്ലിക്കേഷൻസ്**
**ആലപ്പുഴ**

**അഖിൽ പി ധർമ്മജൻ**

1993 ജനുവരി 16-ന് ആലപ്പുഴ പാതിരപ്പള്ളി പത്മാലയം വീട്ടിൽ കെ.വി. ധർമ്മജൻറെയും മഹേശ്വരിയുടെയും ഇളയമകനായി ജനനം. ആലപ്പുഴ എസ്.ഡി.വി. സ്കൂൾ, പാതിരപ്പള്ളി ഗവണ്മെൻറ് എൽ.പി. സ്കൂൾ, ഗവണ്മെൻറ് യു.പി. സ്കൂൾ, മേരി ഇമ്മാക്കുലേറ്റ് എച്ച്.എസ്. പൂങ്കാവ്, ഹോളിഫാമിലി എച്ച്.എസ്. എസ്. തുടങ്ങിയ സ്കൂളുകളിൽ പന്ത്രണ്ടാം തരം വരെയുള്ള വിദ്യാഭ്യാസം. മെക്കാനിക്കൽ ഐ.ടി.ഐ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, ബി.എ.ലിറ്ററേച്ചർ, ഡിപ്ലോമ ഇൻ ഫിലിം മേക്കിംഗ് (ചെന്നൈ) എന്നിവ തുടർവിദ്യാഭ്യാസങ്ങൾ. ഓജോ ബോർഡ് എന്ന നോവൽ ഫേസ്ബുക്കിലൂടെ അദ്ധ്യായങ്ങളായി പോസ്റ്റ് ചെയ്ത് ജനശ്രദ്ധപിടിച്ചു പറ്റി. ഫേസ്ബുക്കിൽ നിന്നും പുസ്തകരൂപത്തിൽ പുറത്തിറക്കുന്ന ആദ്യത്തെ മലയാളനോവൽ എന്ന ബഹുമതി ഈ പുസ്തകത്തിന് ലഭിച്ചു. ചെറുകഥകൾ, നോവലുകൾ, സിനിമ, യാത്ര എന്നിവ ഇഷ്ട വിഷയങ്ങൾ. തമിഴ്, മലയാളം ഭാഷകളിൽ ഹ്രസ്വചിത്രങ്ങളുടെയും പരസ്യചിത്രങ്ങളുടെയും തിരക്കഥാകൃത്തായും സംവിധായകനായും ഇപ്പോൾ പ്രവർത്തിക്കുന്നു.

സഹോദരൻ: അമൽ, സഹോദരപത്നി: ഷേർളി മാത്യു


വിലാസം:

അഖിൽ പി ധർമ്മജൻ

പത്മാലയം

പാതിരപ്പള്ളി

പി.ഒ. ആലപ്പുഴ - 688521

ഫോൺ: 8086844844

akhilpdharmajan@gmail.com

**<u>നന്ദി</u>**

മാർക്ക് സുക്കർബർഗ്

അമ്മ

അച്ഛൻ

ചേട്ടൻ

ചേട്ടത്തി

ജൂഡ് ആന്തണി ജോസഫ്

രഞ്ചു രാജു

വിപിൻ പാണപ്പുഴ

നിമ്യ നാരായണൻ

അനൂപ് ഷണ്മുഖൻ

അനൂജ് മീര നീഹാരിക

ശ്രീകാന്ത് വി.

വിഷ്ണു ഷാജി

ലച്ചു വാവ

സുമിത്ര സനൽ

പ്രകാശ് മറയത്ത്

അമ്പാടി സജീവൻ

വിഷ്ണു ഉദയൻ

ഹരിൺ കൈരളി

അഖിൽ ആനന്ദ് സാഗർ

ചിത്തരഞ്ജൻ

അരുൺ ജോസഫ്

വിഷ്ണു ദാസ്

അജിത ജോൺ

നിധീഷ് കാർത്തികേയൻ

അഭിജിത്ത് ജോഷി

മോനിച്ചൻ പൈലി

ജെറി സേവ്യർ

അഖിൽ കെ.റ്റി.

ഫിലിം ഫെറി

കഥ കഫേ

# മെർക്കുറി ഐലൻറ്
## -ലോകാവസാനം-

ഒരു നിമിത്തം പോലെ തികച്ചും അപ്രതീക്ഷിതമായാണ് ഞാൻ മെർക്കുറി ഐലൻറ് വായിക്കുവാൻ ഇടയായത്. ഒരു സാധാരണ ചെറുപ്പക്കാരൻ അവൻറെ ചിന്തകളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയ ഒരു ദ്വീപ് കേന്ദ്രീകരിച്ചുള്ള കഥ എന്ന പ്രതീക്ഷ മാത്രമായിരുന്നു വായിച്ചുതുടങ്ങും മുൻപ് മനസ്സിൽ. പിന്നെ വായിക്കുവാൻ ലഭിച്ചത് നോവലിൻറെ സോഫ്റ്റ്കോപ്പി ആയിരുന്നതിനാലും അധികം പേജുകൾ ഉള്ളതിനാലും കുറച്ചേറെ ദിവസമെടുക്കും ഇത് വായിച്ചുതീർക്കുവാൻ എന്ന മുഖവുരയോടെ ഒരു സയാഹ്നത്തിൽ ഞാൻ വായന ആരംഭിച്ചു.

നീണ്ട കഥകൾ ഘട്ടംഘട്ടമായി വായിച്ചുശീലമുള്ള ഞാൻ അന്ന് രാത്രിയിൽ ഉറങ്ങിയില്ല. ഓരോ അദ്ധ്യായവും അതീവ താൽപ്പര്യത്തോടെയും ശ്രദ്ധയോടെയും ഒറ്റയടിക്ക് വായിച്ചുതീർത്തു. ഒടുവിൽ നോവൽ വായിച്ചു പൂർത്തിയാക്കി അഖിലിനെ വിളിക്കുമ്പോൾ അഖിലും അതിശയപ്പെട്ടു. ഇത്രപെട്ടെന്ന് ഞാൻ അത് മുഴുവൻ വായിച്ചുതീർത്തോ എന്നോർത്ത്. മെർക്കുറി ഐലൻറ് സത്യത്തിൽ എനിക്കൊരത്ഭുതമാണ്. മലയാളത്തിൽനിന്നും ഹോളിവുഡ് സിനിമകളെപ്പോലും വെല്ലുന്നതരത്തിൽ ഒരു നോവൽ വരിക എന്നത് നമുക്ക് എല്ലാവർക്കും അഭിമാനകരമായ ഒരു നേട്ടമാണ്. ഇത് തീർച്ചയായും മലയാളത്തിൽ മാത്രമായി ഒതുങ്ങി നിൽക്കാതെ മറ്റുഭാഷകളിലേക്കും പരിവർത്തനം ചെയ്യപ്പെടും.

ഹോളിവുഡ് ഹിറ്റ് സിനിമകളായ മമ്മിയും, ലൈഫ് ഓഫ് പൈയും, 2012-ഉം എല്ലാം സ്വീകരിച്ച സാഹസികതയും ഫാൻറസിയുമെല്ലാം ഇഷ്ടപ്പെടുന്ന മലയാളി പ്രേക്ഷകർ ഇത് വായിച്ച് ഞെട്ടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

വേൾഡ് ക്ലാസ്സിക് ത്രില്ലറുകൾക്ക് മലയാളത്തിൽ നിന്നുമുള്ള മറുപടിയാണ് അഖിലിൻറെ മെർക്കുറി ഐലൻറ്. തീർച്ചയായും ഈ ചെറുപ്പക്കാരൻ ഭാവിയുടെ വാഗ്ദാനമാണ്. അഖിലിൻറെ അടുത്ത സൃഷ്ടികളുടെ വരവിനായി മറ്റുള്ളവരെപ്പോലെ ഞാനും കാത്തിരിക്കുന്നു. എൻറെ എല്ലാവിധ ആശംസകളും.

എന്ന്,
ജൂഡ് ആന്തണി ജോസഫ്
(സംവിധായകൻ)

# ഉള്ളടക്കം


ആമുഖം

മെർക്കുറി ഐലൻറ്

ഒന്ന്

രണ്ട്

മൂന്ന്

നാല്

അഞ്ച്

ആറ്

ഏഴ്

എട്ട്

ഒമ്പത്

പത്ത്

പതിനൊന്ന്

പന്ത്രണ്ട്

പതിമൂന്ന്

പതിനാല്

പതിനഞ്ച്

പതിനാറ്

പതിനേഴ്

പതിനെട്ട്

പത്തൊൻപത്

ഇരുപത്

ഇരുപത്തിയൊന്ന്

ഇരുപത്തിരണ്ട്

ഇരുപത്തി മൂന്ന്

ഇരുപത്തി നാല്
ഇരുപത്തി അഞ്ച്
ഇരുപത്തിയാറ്
ഇരുപത്തിയേഴ്
ഇരുപത്തിയെട്ട്
ഇരുപത്തിയൊമ്പത്
മുപ്പത്
മുപ്പത്തിയൊന്ന്
മുപ്പത്തിരണ്ട്
മുപ്പത്തി മൂന്ന്
മുപ്പത്തിനാല്
മുപ്പത്തിയഞ്ച്
മുപ്പത്തിയാറ്
മുപ്പത്തിയേഴ്
മുപ്പത്തിയെട്ട്
മുപ്പത്തിയൊമ്പത്
നാൽപ്പത്
നാൽപ്പത്തിയൊന്ന്
നാൽപ്പത്തിരണ്ട്
നാൽപ്പത്തിമൂന്ന്
നാൽപ്പത്തിനാല്
നാൽപ്പത്തിയഞ്ച്
നാൽപ്പത്തിയാറ്
നാൽപ്പത്തിയേഴ്
നാൽപ്പത്തിയെട്ട്
നാൽപ്പത്തിയൊൻപത്
അൻപത്
അൻപത്തിയൊന്ന്
അൻപത്തിരണ്ട്
അൻപത്തിമൂന്ന്
അൻപത്തിനാല്

അൻപത്തിയഞ്ച്

അൻപത്തിയാറ്

അൻപത്തിയേഴ്

അൻപത്തിയെട്ട്

അൻപത്തിയൊൻപത്

അറുപത്

അറുപത്തിയൊന്ന്

അറുപത്തിരണ്ട്

അറുപത്തിമൂന്ന്

# ആമുഖം

എൻറെ പതിനേഴാം വയസിലാണ് ഞാൻ മെർക്കുറി ഐലൻറ് എഴുതിത്തുടങ്ങുന്നത്. അതിനുശേഷമാണ് ഓജോ ബോർഡ് എഴുതുന്നത്. ഓജോ ബോർഡ് ഒന്നര വർഷം കൊണ്ട് പൂർത്തിയായപ്പോൾ മെർക്കുറി എഴുത്ത് അപ്പോഴും തുടർന്നുപോന്നു. ഒടുവിൽ നോവലിൻറെ ക്ലൈമാക്സ് എഴുതുമ്പോൾ എനിക്കു പ്രായം ഇരുപത്തിയഞ്ച്. ഇതിനിടയിൽ ജീവിതത്തിൻറെ ഒരുപാട് വിഷമഘട്ടങ്ങളിലൂടെ പലകുറി ഞാൻ കടന്നുപോയി. ഫേസ്ബുക്കിലൂടെ അദ്ധ്യായങ്ങളായി ഈ കഥ എഴുതുമ്പോൾ ഓൺലൈൻ വായനക്കാരിൽനിന്നും ലഭിച്ച പിന്തുണ മാത്രമായിരുന്നു എൻറെ ഏക കൈമുതൽ. ഇടയ്ക്ക് ഓൺലൈനിൽ കഥ നിന്നുപോയപ്പോൾ പലരും മെർക്കുറി ഐലൻറിനെപ്പറ്റി അന്വേഷിച്ചുവന്നു. അപ്പോൾ ഒരു തടിതപ്പൽ പോലെ പുസ്തകമാക്കി ഉടൻ ഇറക്കും എന്ന് പറഞ്ഞതല്ലാതെ ഇതൊരു നോവലായി എന്ന് പുറത്തിറങ്ങുമെന്ന് എനിക്കും യാതോരുവിധ ഊഹവുമില്ലായിരുന്നു.

പക്ഷേ കഥയെഴുതിക്കൊണ്ടിരുന്ന ഈ നീണ്ട എട്ടു വർഷങ്ങൾ ഞാൻ മെർക്കുറി ഐലൻറിലായിരുന്നു അതിലെ കഥാപാത്രങ്ങൾ സഞ്ചരിച്ച വഴികളിലൂടെ ഞാനും സഞ്ചരിച്ചു. എൻറെ ഭാഷ അവരുടെ ഭാഷയായി. അവരുടെ ശൈലികൾ എൻറെ ശൈലിയായി. ഞാൻ ആഗ്രഹിച്ച പല സാഹസികതകളും അവരെക്കൊണ്ട് ചെയ്യിപ്പിച്ച് ഞാൻ നിർവൃതിയടഞ്ഞു. കടലിൽ ഇതുവരെ യാത്ര ചെയ്യാത്ത ഞാൻ കഥയിലൂടെ കടലിൽ മതിയാവോളം സഞ്ചരിച്ചു, വെള്ളച്ചാട്ടത്തിലേക്ക് ഉയരത്തിൽ നിന്നും കുതിച്ചുചാടി, പാമ്പുകളെ നേരിട്ടു, മഞ്ഞുമഴയിൽ നനഞ്ഞു, വനത്തിൽ അന്തിയുറങ്ങി. അങ്ങനെ പലതും.

അതുപോലെതന്നെ എൻറെ എഴുത്തുഭാഷ എല്ലാവരെയും രസിപ്പിക്കുവാൻ സാധിക്കും എന്ന അഭിപ്രായക്കാരനല്ല ഞാൻ. എഴുതുന്ന കാര്യങ്ങൾ പ്രായവ്യത്യാസമില്ലാതെ എല്ലാവർക്കും മനസ്സിലാകണം എന്ന ഉദ്ദേശം മാത്രം. ഭാഷാജ്ഞാനത്തിലൂടെ ദ്വയാർത്ഥങ്ങൾ കണ്ടെത്തി അവ പകർത്തി എഴുതുന്നതിൽ എനിക്ക് താൽപ്പര്യമില്ല. അതിനാൽ പുസ്തകം വായിക്കുന്ന സാഹിത്യപ്രേമികൾ എൻറെ ഭാഷയിൽ നിരാശപ്പെട്ടാൽ ഞാൻ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതല്ല. അതിനുള്ള ഒരു മുൻകൂർ ജാമ്യമായി എൻറെ വാക്കുകൾ സ്വീകരിക്കുക. സാഹിത്യ കീഴ്വഴക്ക നോവൽഭാഷ ഇല്ലെങ്കിലും കഥ നിങ്ങളെ എല്ലാവരെയും തൃപ്തിപ്പെടുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്നും ദുരൂഹതകൾ നിറഞ്ഞുനിൽക്കുന്ന കടൽക്കെണിയായ ബെർമുഡ ട്രയാങ്കിളിനെ അടിസ്ഥാനമാക്കി ഞാൻ എഴുതുന്ന ഈ കഥയെ കഥയായി മാത്രം

പ്രിയപ്പെട്ട വായനക്കാർ കാണുക. കാരണം ഇതിലെ പല ഭാഗങ്ങളും അവിശ്വസനീയമാം വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇതിലെ എല്ലാ കേന്ദ്രകഥാപാത്രങ്ങളും വിദേശത്ത് ജോലി ചെയ്യുന്നവരും പഠിക്കുന്നതുമായ മലയാളികൾ തന്നെയാണ്.

പിന്നെ കഥ വിദേശത്ത് നടന്നാലും വായിക്കുന്ന നിങ്ങളും എഴുതുന്ന ഞാനും മലയാളികൾ തന്നെയാണല്ലോ. അതുകൊണ്ട് കഥയിൽ ചോദ്യമില്ല എന്ന പഴമൊഴി ചിലപ്പോൾ ഈ നോവലിൽ നല്ലതുപോലെ പ്രതിഫലിച്ചേക്കാം. നോവൽ എഴുതുവാൻ പതിവുപോലെ എന്നെ സഹായിക്കുന്ന സർവ്വേശ്വരനായ ദൈവത്തോടൊപ്പം സാഹസികത ഇഷ്ടപ്പെടുന്ന എല്ലാ വായനക്കാരും എൻറെയൊപ്പം ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. ഏവരെയും മെർക്കുറി ഐലൻറിലേക്ക് സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം,
**അഖിൽ പി ധർമ്മജൻ**

# മെർക്കുറി ഐലൻറ്

ആദ്യമായി ബർമുഡ ട്രയാങ്കിളിനെപ്പറ്റി ഞാൻ അന്വേഷിച്ചറിഞ്ഞ ചില കാര്യങ്ങൾ പറയട്ടെ. മരണാനന്തര ജീവിതംമുതൽ ഒരുകാലഘട്ടത്തിൽ കരകവിഞ്ഞ് ഒഴുകിക്കൊണ്ടിരുന്ന സരസ്വതി നദി പെട്ടെന്ന് അപ്രത്യക്ഷമായതും കടലിനടിയിൽ സ്ഥിതി ചെയ്യുന്ന പല പ്രാചീനപട്ടണങ്ങളും അങ്ങനെ തുടങ്ങുന്ന അനവധി വിഷയങ്ങൾ ഈ പ്രപഞ്ചത്തിൽ ചുരുളഴിയാത്ത രഹസ്യങ്ങളായി ഇന്നും അവശേഷിക്കുന്നു.

അതിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ട ഇന്നും ചുരുളഴിയാത്ത ഒരു രഹസ്യമാണ് ബർമുഡ ട്രയാങ്കിൾ. ലോകത്ത് തന്നെ ഏറ്റവും കൂടുതൽ അന്ധവിശ്വാസങ്ങളുള്ളതും ഈ കടലിനേയും ബർമുഡ ട്രയാങ്കിളിനേയും പറ്റിയാണ്. കടൽ സഞ്ചാരികൾക്കും വിമാനയാത്രക്കാർക്കും ഇന്നും പേടി സ്വപ്നമായി നിലകൊള്ളുന്ന ഈ ചെകുത്താൻറെ ചുഴി. അറ്റ്ലാൻറിക് സമുദ്രത്തിലാണ് എല്ലാവരുടേയും പേടിസ്വപ്നമായി മാറിക്കൊണ്ടിരിക്കുന്ന ബർമുഡ ട്രയാങ്കിൾ സ്ഥിതി ചെയ്യുന്നത്. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും ഈ മരണച്ചുഴിയുടെ രഹസ്യംമാത്രം കണ്ടെത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇപ്പോഴും ചുരുളഴിയാത്ത രഹസ്യമായിത്തന്നെ ബെർമുഡ ചുഴികൾ തുടരുന്നു.

അമേരിക്ക കണ്ടുപിടിച്ച കൊളംബസാണ് ആദ്യമായി ഈ കടലിൻറെ വന്യതയെ നേരിട്ടറിഞ്ഞത്. 1492 ഒക്ടോബർ 8-ന് ബർമുഡ ട്രയാങ്കിളിന് കുറച്ചകലത്തിലൂടെ സഞ്ചരിച്ചപ്പോൾ ദൂരെ തീഗോളങ്ങൾ കടലിൽ വീഴുന്നത് കണ്ടതായും തൻറെ വടക്കുനോക്കിയന്ത്രം ദിശ നിർണയിക്കാനാവാതെ വട്ടം ചുറ്റിയെന്നും അദ്ദേഹത്തിൻറെ യാത്രാവിവരണങ്ങളിൽ വ്യക്തമായി പറയുന്നുണ്ട്. 1918 മാർച്ചിൽ യു.എസിൻറെ കാർഗോ കപ്പൽ 300-ലധികം ജീവനക്കാരുമായി ട്രയാങ്കിളിൽ അപ്രത്യക്ഷമായതോടെയാണ് ഈ ചുഴികൾ കൂടുതൽ ആളുകളിലേക്ക് ശ്രദ്ധയാകർഷിക്കുന്നത്. 1945-ൽ യു.എസ് നേവി ഉദ്യോഗസ്ഥൻമാരെ രക്ഷപ്പെടുത്താൻ പോയ 27 നേവി ഉദ്യോഗസ്ഥൻമാരേയും അവിടെവച്ചുതന്നെ കാണാതായി. ഇവരുടെ കൂട്ടത്തിലെ ഒരാൾ അയച്ച അവസാന സന്ദേശം ഇന്നും ദുരൂഹമായി തുടരുന്നു.

“എല്ലാം വളരെ വിചിത്രമായിരിക്കുന്നു, ഈ കടലു പോലും.” ഇതായിരുന്നു ആ സന്ദേശം. അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത ചുഴിദുരന്തങ്ങൾ. അവസാനമായി

2015 ഒക്ടോബർ 1-ന് മറ്റൊരു കാർഗോ കപ്പൽ 33 ആളുകളുമായി ബർമുഡ ചുഴി ഭാഗത്തായി അപ്രത്യക്ഷമാകുകയും കുറച്ച് ആഴ്ചകൾക്ക് ശേഷം അതേ കപ്പൽ ആളുകൾ ഇല്ലാത്ത രീതിയിൽ കടലിൽ ഒഴുകി നടക്കുന്നതായും കണ്ടെത്തിയിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ അഞ്ഞൂറിലധികം പേർക്കാണ് ഇവിടെ ജീവൻ നഷ്ടപ്പെട്ടിട്ടുള്ളത്. എന്നാൽ ഇവരെക്കുറിച്ചോ മൃതദേഹങ്ങളെക്കുറിച്ചോ പിന്നീട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഇതുവരെ ഈ മരണച്ചുഴിയുടെ കുറുകേ കടക്കാൻ ഒരു കപ്പലിനോ വിമാനങ്ങൾക്കോ കഴിഞ്ഞിട്ടില്ല. മീഥേയ്ൻ ഗ്യാസ് കൂടുതലായി ഈ കടൽഭാഗങ്ങളിൽ കാണുന്നു. ഇതാണ് കപ്പലിനെയും വിമാനങ്ങളെയും കടലിനടിയിലേക്ക് വലിച്ചു താഴ്ത്തുന്നത് എന്നാണ് ഒരു പഠന റിപ്പോർട്ട് വെളിപ്പെടുത്തിയത്. പക്ഷേ ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടില്ല. ആധുനിക ശാസ്ത്രത്തിൻറെ ഒരു പഠനങ്ങളും ഇതുവരെ ബർമുഡ ട്രയാങ്കിളിൽ നേരിട്ട് ഫലിച്ചിട്ടില്ല എന്ന് മാത്രമല്ല ഇവിടുത്തെ കാലാവസ്ഥ പോലും മനസ്സിലാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം.

അന്യഗ്രഹ ജീവികളാണ് ഇതിനു പിന്നിലെന്നാണ് മറ്റൊരു കൂട്ടരുടെ വാദം. അന്യഗ്രഹ ജീവികൾ ഇതുവഴി പോകുന്ന കപ്പലുകളും വിമാനങ്ങളും തട്ടിക്കൊണ്ടു പോകുകയാണ് എന്നാണ് അവർ പറയുന്നത്.

ബർമുഡ ട്രയാങ്കിളിൽ കാന്തികശക്തി കൂടുതലാണെന്നും അത് പലപ്പോഴും വസ്തുക്കളെ കടലിലേക്കാകർഷിക്കുകയാണ് ചെയ്യുന്നതെന്നുമാണ് മറ്റൊരു കൂട്ടരുടെ വിശദീകരണം. ബർമുഡ ട്രയാങ്കിളിൻറെ സത്യം മനസ്സിലാക്കുവാനായി പലരും നടത്തിയ സാഹസിക യാത്രകളിൽ പലതും ദുരന്തത്തിലാണ് കലാശിച്ചിട്ടുള്ളത്. പലരും ഈ ചെകുത്താൻ ത്രികോണത്തിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാമൊളിപ്പിക്കുന്ന കടലാഴങ്ങളിൽ അവരേയും ഈ പ്രപഞ്ചം ഒളിപ്പിച്ചു എന്നതാണ് സത്യം. ഇതൊക്കെത്തന്നെയാണ് ഈ വിഷയത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കഥയെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.


OCEAN
Bermuda Is.
Memphis
Little Rock
NORTH CAROLINA
Columbia
Atlanta
SOUTH CAROLINA
Pine Bluff
MISSISSIPPI
ALABAMA
Montgomery
Jackson
GEORGIA
Savannah
LOUISIANA
Baton Rouge
Tallahassee
Jacksonville
New Orleans
FLORIDA
Tampa
Cape Canaveral
Gulf of Mexico
Abaco I.
BAHAMAS
Nassau
Eleuthera I.
Cat I.
San Salvador
Tropic of Cancer
Straits of Florida
Havana
Matanzas
WEST INDIES
Pinar del Rio
Cienfuegos
Yucatan Channel
Isle of Youth
CUBA
Mérida
YUCATÁN
Cancun
Cozumel I.
Guantanamo
Turks & Caicos
DOMINICAN REPUBLIC
HAITI
Port-au-Prince
Hispaniola
Santo Domingo
San Juan
Virgin Is.
Anguilla
St. Martin
St. Barthelemy
ST. KITTS & NEVIS
Antigua
Montserrat
Guadeloupe
DOMINICA
Martinique
CAMPECHE
QUINTANA ROO
Chetumal
Cayman Is.
JAMAICA
Kingston
GREATER ANTILLES
LESSER ANTILLES
Villahermosa
BELIZE
Belmopan
Tuxtla Gutiérrez
CHIAPAS
Roatan I.
GUATEMALA
San Pedro Sula
HONDURAS
Tegucigalpa
Guatemala
San Salvador
NICARAGUA
Providencia I.
Caribbean Sea

# ഒന്ന്

കുടിയേറ്റത്തിൻറെ കാര്യത്തിൽ പേരുകേട്ട രാജ്യമാണ് അമേരിക്ക. ഇന്ത്യ ഉൾപ്പെട്ട പല വിദേശരാജ്യങ്ങളിൽനിന്നും ലക്ഷങ്ങളാണ് അമേരിക്കയുടെ വിവിധ ഭാഗങ്ങളിലായി ജീവിക്കുന്നത്. കൂട്ടത്തിൽ പഠനത്തിനായി പോകുന്നവർ വേറെയും. ഫ്ളോറിഡയിൽ സ്ഥിരതാമസ്സമാക്കിയ പല മലയാളികളുടെയും മക്കൾ പഠിക്കുന്ന ഫ്ളോറിഡയിലെ തന്നെ ഒരു പ്രമുഖ ഇന്ത്യൻ കോളേജിലെ ഒരു ദിവസത്തിൻറെ ആരംഭം.

പ്രൊഫസ്സർ നിക്കോൾസൺ തൻറെ ലീവ് ഫോം കോളേജ് പ്രിൻസിപ്പാളിൻറെ മുന്നിലേക്ക് വച്ചു.



'മിസ്റ്റർ നിക്കോൾസ്സൺ. ഇന്നലെ താങ്കളയച്ച ഈ-മെയിൽ കണ്ടിരുന്നു. ഇന്ന് നേരിൽ കണ്ട് സംസാരിക്കാമെന്ന് കരുതിയാണ് അതിന് മറുപടി നൽകാതെയിരുന്നത്. എന്തിനാണ് നിങ്ങൾക്കീ ലോങ്ങ് ലീവ്?'

പ്രിൻസിപ്പാൾ അത്ഭുതത്തോടെ നിക്കോൾസനെ നോക്കി ചോദിച്ചു.

‘സർ, ഞാൻ എൻറെ ലക്ഷ്യങ്ങൾ തേടി പോവുകയാണ്’

‘മിസ്റ്റർ നിക്കോൾസൺ, എനിക്ക് നിങ്ങളെ വ്യക്തിപരമായി അറിയുന്നതാണ്. അതിൻറെ സ്വാതന്ത്ര്യത്തിലാണ് ഞാനീ ചോദിക്കുന്നത്. എന്ത് ഭ്രാന്താണ് നിങ്ങളീ പറയുന്നത്. ഇത്രയും നല്ലൊരു ജോലി മാറ്റിവച്ചിട്ട് എന്ത് ലക്ഷ്യമാണ് താങ്കൾക്ക് നേടാനുള്ളത്. നിങ്ങളുടെ ക്ലാസ്സിലിരിക്കാനാണ് ഈ ക്യാമ്പസിലെ ഏതൊരു സ്റ്റുഡൻറും ആഗ്രഹിക്കുന്നത്. മറ്റുബ്രാഞ്ചിലെ കുട്ടികൾപോലും നിങ്ങളുടെ ക്ലാസ്സിൽ കടന്നുകൂടാറുണ്ട്. അത് നിങ്ങൾക്കറിയുമോ..?’

‘എനിക്കറിയാം സർ...ബട്ട്...എനിക്ക് പോകാതെ പറ്റില്ല’

നിക്കോൾസൺ തറപ്പിച്ചുപറഞ്ഞു.

‘എവിടേക്കാണ് നിങ്ങൾ പോകുന്നത്...എന്താണ് നിങ്ങളുടെ ലക്ഷ്യം..?’

‘സർ ദയവുചെയ്ത് എന്നോടൊന്നും ചോദിക്കരുത്. സർ ലീവ് തന്നില്ലെങ്കിൽ ഞാൻ റിസൈൻ ചെയ്തോളാം.’

‘ഹേയ്...എന്തായിത്...ഓക്കേ...ഓക്കേ...ഞാൻ ലീവ് തരാം. പറയൂ...എത്രനാളാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?’

‘എൻറെ ലക്ഷ്യം നിറവേറാൻ എത്ര സമയമെടുക്കും എന്നെനിക്കറിയില്ല. ബട്ട് സാറിപ്പോൾ മൂന്ന് മാസത്തേക്ക് ലീവ് തന്നാൽ മതി...’

‘ഓക്കേ പ്രൊഫസ്സർ... അപ്പോൾ നാളെമുതൽ താങ്കൾ ഉണ്ടാവില്ല അല്ലേ..?’

‘അതേ...കുട്ടികളോടും മറ്റു സഹപ്രവർത്തകരോടും യാത്ര പറയാനാണ് ഞാൻ രാവിലെ തന്നെ ഇങ്ങോട്ടേക്ക് പോന്നത്. അപ്പോൾ ശരി സർ... നമുക്ക് വീണ്ടും കാണാം.’

‘ശരി മിസ്റ്റർ നിക്കോൾസൺ... ഓൾ ദി ബെസ്റ്റ്.’

പ്രിൻസിപ്പാളിന് ഹസ്തദാനം നൽകിയശേഷം നിക്കോൾസൺ അവിടെനിന്നുമിറങ്ങി. അയാൾ നേരേ പോയത് തൻറെ ഡിപ്പാർട്ട്മെൻറിലേക്കാണ്.

ഒരു ചൂടുവാർത്ത പോലെയാണ് പ്രൊഫസ്സർ നിക്കോൾസൺ ലോങ്ങ് ലീവെടുക്കുന്ന വിവരം ക്യാമ്പസിൽ പാട്ടായത്. വയസ്സ് 32 ആയെങ്കിലും പ്രൊഫസർ വിവാഹം കഴിച്ചിട്ടില്ല. കാഴ്ചയിൽ അയാൾക്ക് ആ പ്രായംപോലും തോന്നിയിരുന്നില്ല. ആകർഷണതയുള്ള കണ്ണുകൾ അയാളുടെ സൗന്ദര്യം ഒന്നുകൂടി വർദ്ധിപ്പിച്ചു. അയാളുടെ ചെറുപ്പത്തിൽത്തന്നെ അച്ഛനും അമ്മയും അവരുടെ ജോലിസ്ഥലമായ ഫ്ളോറിഡയിൽവച്ച് ഒരു വിമാനാപകടത്തിൽ മരിച്ചു. അതിനുശേഷം കണക്കില്ലാത്ത സ്വത്തുക്കളുടെ ഏക അവകാശിയായി അന്ന് ആ ഒൻപതുവയസ്സുകാരൻ. ചെറുപ്പം മുതൽക്കെ അവന് ചരിത്രങ്ങൾ തേടിപ്പോകുവാനായിരുന്നു താൽപ്പര്യം. വളർന്നുവരുംതോറും ചരിത്രത്തോടുള്ള അവൻറെ താൽപ്പര്യവും വളർന്നു. ഉന്നതപഠനത്തിലും ചരിത്രം ആയുധമാക്കിയ നിക്കോൾസൺ സാഹസികത വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ

ഒഴിവു സമയങ്ങളിൽ അയാൾ രാജ്യങ്ങൾ തോറും ഏകാന്തമായി സഞ്ചരിച്ചുകൊണ്ടേയിരുന്നു. ആ യാത്രകൾക്കിടയിൽ പലപല പഴയ വസ്തുക്കളും ലേലത്തിൽ വാങ്ങി വീട്ടിലെത്തിക്കുന്നത് അയാളുടെ പതിവായിരുന്നു.

ഒടുവിൽ ചരിത്രാദ്ധ്യാപകനായി ഫ്ളോറിഡയിൽതന്നെ ഏറ്റവും മികച്ച ഒരു ഇന്ത്യൻ കോളേജിൽ കയറുകയും ചെയ്തു. അദ്ദേഹത്തിൻറെ ക്ലാസ്സുകൾ വിദ്യാർത്ഥികൾ ആരുംതന്നെ നഷ്ടപ്പെടുത്താറുണ്ടായിരുന്നില്ല. വേറെ ബ്രാഞ്ചിലെ കുട്ടികൾ പോലും അയാളുടെ ക്ലാസ്സിൽ ഇടംപിടിക്കുന്നത് പതിവായിരുന്നു. പല ഇന്ത്യൻ വംശജരായ പെൺകുട്ടികളും മാതാപിതാക്കളുമായി വന്നുപോലും വിവാഹഭ്യർത്ഥന നടത്താറുണ്ട്. പക്ഷേ നിക്കോൾസന് അയാളുടേതായ ലോകമുണ്ട്, ലക്ഷ്യങ്ങളും. എന്തുകൊണ്ടും പ്രൊഫസർ നിക്കോൾസൺ എന്ന വ്യക്തി കോളേജിൽ പലരുടെയും മനസ്സിൽ ഒരു ആരാധനാപുരുഷനായി സ്ഥാനം പിടിച്ചിരുന്നു. കോളേജ് ഹോസ്റ്റലിൻറെ സമീപം തന്നെയാണ് അദ്ദേഹത്തിൻറെ വീടും. വിദ്യാർഥികൾ പലരും എപ്പോഴും അവിടുത്തെ സ്ഥിരം സന്ദർശകരാണ്. അയാൾ എന്നും അവരെ സന്തോഷത്തോടെയാണ് സ്വീകരിച്ചിരുന്നത്.

പ്രൊഫസർ ഭാവവ്യത്യാസം ഒന്നും തന്നെയില്ലാതെയാണ് ക്ലാസ്സിലേക്ക് കയറിച്ചെന്നത്. അയാളെ കണ്ടതും എല്ലാവരും എഴുന്നേറ്റ് വിഷ് ചെയ്തു. അവരോട് ഇരിക്കാൻ പറഞ്ഞശേഷം അയാൾ നടന്ന് മുന്നിലേക്ക് വന്നു.

'ഡിയർ സ്റ്റുഡൻറ്സ്...എനിക്ക് നിങ്ങളോട് അധികമൊന്നും തന്നെ പറയുവാനില്ല. പുതുവർഷം പ്രമാണിച്ച് ഇന്ന് ഉച്ചയ്ക്ക് ശേഷം കോളേജ് അവധിയായതിനാലാണ് ഈ രാവിലേതന്നെ ഒരു വേർപിരിയൽ വർത്തമാനം എനിക്ക് നിങ്ങളുമായി പങ്കിടേണ്ടിവരുന്നത്. നാളെ ജനുവരി ഒന്ന്. പുതിയ വർഷത്തിൻറെ ആരംഭം. നാളെമുതൽ ഞാനായിരിക്കില്ല നിങ്ങളുടെ ചരിത്രാദ്ധ്യാപകൻ.'

കുട്ടികളുടെ ഇടയിൽനിന്നും നിന്നും ഉയർന്ന സംസാരത്തിൻറെ അലകൾ എങ്ങും നിറഞ്ഞു.

'ഡിയർ സ്റ്റുഡൻറ്സ്...'

നിക്കോൾസൺ നീട്ടിവിളിച്ചപ്പോൾ എല്ലാവരും നിശബ്ദരായി.

'എനിക്ക് ചരിത്രം പോലെതന്നെ സാഹസികതയും ഇഷ്ടവിഷയമാണെന്ന് നിങ്ങൾക്ക് എല്ലാവർക്കുമറിയാം. ഇപ്പോൾ ഇവ രണ്ടും ഒന്നിച്ച് എന്നെത്തേടിയെത്തിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഞാൻ ഒരു യാത്രപോകേണ്ടത് അനിവാര്യമാണ്. എന്ന് മടങ്ങിയെത്തുമെന്നൊന്നും എനിക്കുതന്നെ അറിയില്ല. ഒരുപക്ഷേ ഇനിയൊരു തിരിച്ചുവരവ് ഉണ്ടായില്ലെന്നും വരും.'

അത് പറഞ്ഞപ്പോൾ അയാളുടെ തൊണ്ടയിടറി.

‘സ്റ്റുഡൻറ്സ്....നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി നന്നായി പ്രാർഥിക്കണം. ഇത്രയും കാലം എന്നോട് സഹകരിച്ചതിന് ഒരുപാട് നന്ദി. എല്ലാവർക്കും എൻറെ അഡ്വാൻസ് ഹാപ്പി ന്യൂ ഇയർ...’

ഇത്രയും പറഞ്ഞ് പ്രൊഫസർ ക്ലാസ്സിൽനിന്നും നടന്നകന്നു. വിദ്യാർഥികളിൽ പലരും ഇരുന്നയിരുപ്പിൽനിന്നും കുറേസമയം അനങ്ങിയില്ല. അവർക്കൊക്കെ അത് താങ്ങാൻ കഴിയുന്ന ഒന്നായിരുന്നില്ല. അന്ന് പ്രൊഫസർ നിക്കോൾസൺ ക്യാമ്പസ് കോമ്പൗണ്ടിൽ നിന്നും നടന്നകലുന്നത് നിരാശയോടെ അനേകായിരം കണ്ണുകൾ വീക്ഷിച്ചു.

നിക്കോൾസൺ അവിടെനിന്നും നേരേ പോയത് തൻറെ വീട്ടിലേക്കായിരുന്നു. തൻറെ സ്വകാര്യമുറിയിലെത്തിയ അയാൾ മേശയിൽനിന്നും തടിച്ച ഒരു തുകൽ പുസ്തകം മേശപ്പുറത്തേക്കെടുത്തുവച്ചു.

‘മെർക്കുറി ഐലൻറ്.... ഞാനിതാ വരുന്നു..’

ആവേശത്തോടെ അയാൾ വിളിച്ചുപറഞ്ഞു..!

# രണ്ട്

ആ തുകൽ പുസ്തകം തൻറെ കൈകളിൽ എത്തിച്ചേർന്നത് തികച്ചും യാദൃശ്ചികമായി മാത്രം കാണാൻ അയാൾ ഒരുക്കമല്ലായിരുന്നു. അത് ആർക്കും വിട്ടുകൊടുക്കാനും അയാൾ തയ്യാറായിരുന്നില്ല. ഫ്ളോറിഡയിൽത്തന്നെ നടന്ന പഴയ വസ്തുക്കളുടെ ഒരു ലേലത്തിലാണ് ഒരു മൺപ്രതിമ അയാളെ ആകർഷിക്കാനിടയായത്. വിലയൊന്നും നോക്കാതെ അനായാസം അയാൾ അതിനെ സ്വന്തമാക്കി. പടയാളിയുടെ രൂപത്തിലുള്ള ആ മൺപ്രതിമയ്ക്ക് തന്നോട് വല്ലാത്ത എന്തോ ആകർഷണമുണ്ടെന്ന് അയാൾ മനസ്സിലാക്കി. വീട്ടിൽ കൊണ്ടുവന്ന ആ പ്രതിമയെ നിക്കോൾസൺ തൻറെ പ്രത്യേക മുറിയുടെ നടുവിൽ പ്രതിഷ്ഠിച്ചു.

എല്ലാ ദിവസവും അയാൾ ആ പ്രതിമയുടെ മുഖത്തേക്ക് നോക്കി അൽപ്പസമയം നിൽക്കുന്നത് പതിവായിരുന്നു. വർഷങ്ങൾ പഴക്കംചെന്ന ആ വസ്തുവിൻറെ പലഭാഗങ്ങളിലും പൊട്ടലുകൾ രൂപം കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ പ്രതിമ വൃത്തിയാക്കുമ്പോൾ നിക്ക് കൂടുതൽ ശ്രദ്ധ ചെലുത്തി. അങ്ങനെ അത് വൃത്തിയാക്കുന്ന ഒരു ദിവസത്തിലാണ് കാലപ്പഴക്കം ചെന്ന ആ പ്രതിമ രണ്ടായി ഉടഞ്ഞത്. അയാൾ വേഗംതന്നെ ഉടഞ്ഞ ഭാഗങ്ങൾ തമ്മിൽ ഒട്ടിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പക്ഷേ സാധാരണയായി ഉപയോഗിച്ചുവന്നിരുന്ന പശകൾക്ക് ആ പ്രതിമയെ തമ്മിൽ കൂട്ടിച്ചേർക്കുവാനായില്ല. അയാൾ പല മാർഗ്ഗങ്ങളും പ്രയോഗിച്ചിട്ടും ഇരുഭാഗങ്ങളും തമ്മിൽ യോജിച്ചില്ല. അയാൾ ആ പ്രതിമയുടെ മുഖത്തേക്ക് ദയനീയമായി നോക്കി.

നിന്നെ ഞാൻ എങ്ങിനെയാ കൂട്ടിച്ചേർക്കുക.

അയാൾ പ്രതിമയോടുതന്നെ പറഞ്ഞു. ഒടുവിൽ മ്യൂസിയത്തിൽ വിളിച്ച് അന്വേഷിച്ചപ്പോൾ പ്രതിമകൾ നന്നാക്കുന്ന ഒരാളെ പറഞ്ഞുവിടാം എന്നവർ പറഞ്ഞു.

അന്ന് കോളേജ് അവധിയായിരുന്നു. രാവിലെ മുതൽ നിക്കോൾസൺ മ്യൂസിയത്തിൽ നിന്നും വരുന്ന ആളിനായി കാത്തിരിക്കുകയായിരുന്നു. ഒടുവിൽ അയാൾ വന്നെത്തി. പ്രതിമ മുഴുവൻ നോക്കിയശേഷം അയാൾ പ്രതിമയുടെ ചുവട്ടിൽ നിന്നുതന്നെ കുറച്ചുഭാഗം അടർത്തിയെടുത്തു. എന്നിട്ട് ഏതോ പശയുമായി ചേർത്ത് വേർപെട്ട രണ്ടുഭാഗങ്ങളും കൂട്ടിച്ചേർക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അപ്പോഴാണ് പ്രതിമയുടെ ചുവട്ടിൽ അടർത്തിമാറ്റിയ ഭാഗത്തിൻറെ വിടവിലൂടെ അയാൾ അതുകണ്ടത്. നിക്ക് പ്രതിമയുടെ ചുവടുഭാഗം കുറേശ്ശേയായി ഇളക്കിമാറ്റി. അതിൻറെ ചുവട്ടു ഭാഗത്ത് രഹസ്യമായി അടക്കം ചെയ്യപ്പെട്ടിരുന്ന ആ തുകൽ പുസ്തകം ആകാംക്ഷയോടെ അയാൾ പുറത്തെടുത്തു.



പ്രാചീനകാല ലിപിയായ ലൂത്തയിലായിരുന്നു ആ പുസ്തകം എഴുതിയിരുന്നത്. മിക്ക പ്രാചീന ലിപികളും മനപ്പാഠമുള്ള നിക്കിന് അത് വായിച്ചുതുടങ്ങാൻ പ്രയാസമുണ്ടായില്ല. ആ തുകൽ പുസ്തകം അയാളുടെ പ്രതീക്ഷകൾക്കുമപ്പുറമായിരുന്നു. ഇന്നത്തെ ലോകമറിയാത്ത ചില സത്യങ്ങൾ അതിലൂടെ അയാൾ മനസ്സിലാക്കി.

പുസ്തകത്തിലെ മെർക്കുറി എന്ന രഹസ്യദ്വീപിനെക്കുറിച്ചുള്ള വിവരങ്ങൾ അയാൾക്ക് പുതിയൊരു ലോകം സമ്മാനിച്ചു. ആ ദ്വീപിൽ മായൻ വംശജർ ജീവിച്ചിരുന്നുവെന്ന് അതിൽ പ്രതിപാദിച്ചിരുന്നു. തുടർന്നുള്ള വായനയിൽ ഞെട്ടിക്കുന്ന പല സത്യങ്ങളും നിക്കോൾസൺ മനസ്സിലാക്കി. മായൻമാരുടെ ഭരണകാലത്ത് അവരുടെ സമ്പത്ത് സൂക്ഷിക്കുവാനായി മാത്രമാണ് മെർക്കുറി ദ്വീപിൽ അന്ന് ഭരിച്ചിരുന്ന രാജാവ് മറ്റൊരു കൊട്ടാരം പണിഞ്ഞത്. പുതിയ കൊട്ടാരം നിർമ്മിച്ചതോടുകൂടി വൻ കാവൽസംഘം തന്നെ ദ്വീപിന് വേണ്ടിവന്നു. മായന്മാർക്ക് മന്ത്രവിദ്യകളിൽ പ്രത്യേക കഴിവുകളുള്ളതായി ചരിത്രം പറയുന്നുണ്ട്. ആ കഴിവുപയോഗിച്ചാണ് തങ്ങളുടെ സമ്പത്ത് ഒരിക്കലും

അപഹരിക്കപ്പെടാതിരിക്കാനായി ദ്വീപിനുചുറ്റും അവർ മരണച്ചുഴികൾ രൂപപ്പെടുത്തിയത്.

മായൻ വംശത്തിൽപ്പെട്ട രാജ്യാവകാശികൾക്കു മാത്രമായിരുന്നു ആ ദ്വീപിൽ എത്തിപ്പെടാനുള്ള രഹസ്യമാർഗ്ഗം അറിയാമായിരുന്നത്. മായൻ രാജവംശത്തെ മുഴുവൻ യുദ്ധത്തിൽ നശിപ്പിച്ചതായാണ് ചരിത്രം. പിൽക്കാലത്ത് ആ ദ്വീപിനെപ്പറ്റിയോ അതിൽ കാവൽ നിന്നിരുന്നവരെപ്പറ്റിയോ ലോകമറിയാതെ പോയി. ആധുനികതയിൽ ചുഴികൾ നിറഞ്ഞ ആ ഭാഗത്തെ ബർമുഡ ട്രയാങ്കിൾ എന്നുവിളിക്കപ്പെട്ടു. അതിന് സമീപത്തിലൂടെ പോകുന്ന വിമാനങ്ങളെപ്പോലും ആകർഷിക്കുവാനുള്ള കഴിവ് ആ ചുഴികൾക്കുണ്ടായിരുന്നു. അതിനുള്ളിൽ മറഞ്ഞിരുന്ന മെർക്കുറിയെ ആർക്കും കണ്ടെത്താൻ സാധിച്ചില്ല. അതിൽ കാവൽ നിന്നിരുന്നവർ ഒന്നുകിൽ ഭക്ഷണം പോലുമില്ലാതെ പട്ടിണി കിടന്ന് മരിച്ചിട്ടുണ്ടാവും... ഇല്ലെങ്കിൽ കരയിലേക്കുള്ള യാത്രയിൽ ചുഴികളിൽപ്പെട്ട് മരണപ്പെട്ടിരിക്കും. പ്രൊഫസ്സർ കണക്കുകൂട്ടി.

ആ തുകൽപുസ്തകത്തിലുള്ളവയെ പൂർണ്ണമായും വിശ്വസിച്ചതുപോലെ ആ ദ്വീപിൽ മനുഷ്യരായി ആരുംതന്നെ ഇല്ലായെന്ന് നിക്കിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അതോടൊപ്പം ഒരു പ്രാചീന പുസ്തകത്തെ വിശ്വസിച്ച് തൻറെ ജീവൻ പണയം വച്ചുള്ള സാഹസത്തിനാണ് താൻ ഒരുങ്ങുന്നതെന്നും അയാൾക്ക് ബോദ്ധ്യമുണ്ടായിരുന്നു. പതിറ്റാണ്ടുകൾക്ക് ശേഷം ഭൂമിയിലെ മെർക്കുറിയിൽ കാലുകുത്താൻ പോകുന്ന മനുഷ്യൻ താനാണെന്നോർത്തപ്പോൾ അയാൾക്ക് അഭിമാനം തോന്നി. മെർക്കുറിയെ പുറംലോകത്തിന് കാട്ടിക്കൊടുത്താൽ തനിക്കുണ്ടാകുന്ന ഗുണങ്ങളും അതിൽ സ്ഥിതിചെയ്യുന്ന കൊട്ടാരത്തെപ്പറ്റിയും നിക്ക് ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്നൊരാശയം അയാൾക്ക് തോന്നിയത്.

അവിടെയെത്തുവാനുള്ള വഴി പുസ്തകം തനിക്ക് കാണിച്ചുതന്നുകഴിഞ്ഞു. പിന്നെ കൊട്ടാരത്തെക്കുറിച്ചും. ഏതെങ്കിലും വിധത്തിൽ അപകടംപറ്റി മെർക്കുറി ഐലൻറിൽ അകപ്പെട്ടുപോയാൽ തന്നെ രക്ഷിക്കാൻ ആരുംതന്നെ വരാൻ പോകുന്നില്ല. അതിനാൽ ആ ദ്വീപിലെത്താനുള്ള വഴി അടയാളപ്പെടുത്തിയ ഒരു കുറിപ്പ് ഇവിടെ സൂക്ഷിക്കാം. അതാണ് ഉത്തമം. താൻ തിരികെയെത്താതിരുന്നാൽ തീർച്ചയായും തൻറെ പ്രിയപ്പെട്ടവർ തന്നെ തിരഞ്ഞിറങ്ങും. അതിൻറെ ഭാഗമായി അവർ ഇവിടെയുമെത്തി പരിശോധിക്കാതിരിക്കില്ല. അത് ചിലപ്പോൾ തനിക്കുതന്നെ സഹായകമാവുകയും ചെയ്തേക്കും. നിക്ക് ഗൂഢമായി ഒന്ന് മന്ദഹസിച്ചു.

യാത്രക്കാവശ്യമായ തയ്യാറെടുപ്പുകളെല്ലാം അയാൾ നേരത്തേതന്നെ ചെയ്തുതീർത്തിരുന്നു. സഞ്ചരിക്കാനായി സ്വന്തമായി വാങ്ങിയ ചെറുയാത്രാബോട്ടും ഒരുക്കമായിരുന്നു.

2022 ജനുവരി 1, പുതുവർഷം

അതിരാവിലെതന്നെ നിക്ക് തൻറെ യാത്രാ സാമഗ്രികളുമായി കാറിൽ ഫ്ളോറിഡയുടെ തീരപ്രദേശമായ മിയാമിയിലേക്ക് പുറപ്പെട്ടു. അവിടെയെത്തിയ ഉടൻ കാറിൽനിന്നും ബോട്ടിലേക്ക് സാമഗ്രികളെടുത്തുവച്ചു. ഭക്ഷണ സാധനങ്ങളായിരുന്നു അതിൽ കൂടുതലും. പിന്നെ കുറെ ധാന്യങ്ങളും മുളപ്പിച്ച വിത്തുകളുമുണ്ടായിരുന്നു. സാധനങ്ങൾ മുഴുവൻ ബോട്ടിലാക്കിയ ശേഷം ബീച്ചിന് സമീപമുള്ള തൻറെ സ്നേഹിതൻറെ വീട്ടിൽ കാർ കൊണ്ടുപോയിട്ടു. താൻ തിരികെയെത്തുംവരെ അത് ഉപയോഗിച്ചുകൊള്ളാനുള്ള അനുമതിയും അയാൾക്ക് കൊടുത്തു. തിരികെ ബീച്ചിലെത്തിയ നിക്കോൾസൺ തന്നെ ആരും നിരീക്ഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം ബോട്ടിലേക്ക് പ്രവേശിച്ചു. നിമിഷങ്ങൾക്കകം ആ ബോട്ട് മിയാമിയുടെ തീരത്തുനിന്നും അപ്രത്യക്ഷമായി..!

# മൂന്ന്

കടൽ തികച്ചും ശാന്തമായിരുന്നു. അതിനാൽ നിക്കിന് ബോട്ട് നിയന്ത്രിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. അത് വേഗത്തിൽ മുൻപോട്ടുപോയിക്കൊണ്ടിരുന്നു. അയാൾ വാച്ചിലേക്ക് നോക്കി. '6:15 AM' നേരം പുലരുന്നേയുള്ളൂ. ഇനി ബർമുഡ ട്രയാങ്കിളിനോടടുക്കാൻ ഒരുപാടുമണിക്കൂറുകൾ ബാക്കിയുണ്ട്. യാത്രക്കാവശ്യമായ ഇന്ധനം ആവശ്യത്തിലുമധികം അയാൾ ബോട്ടിൽ കരുതിയിരുന്നു. സമയം വീണ്ടും കടന്നുപോയി.

സമയം 10:30 AM

പ്രൊഫസ്സർ നിക്കോൾസൻറെ വരവും കാത്തിരുന്ന പല കണ്ണുകളിലും നിരാശ പടർന്നു. അയാൾ ചിലപ്പോൾ വന്നേക്കുമെന്ന പ്രതീക്ഷയിലാണ് പലരും അന്ന് കോളേജിൽ എത്തിയതുതന്നെ. ഇന്നലെ പ്രൊഫസ്സർ തങ്ങളോട് പറഞ്ഞതൊക്കെ സത്യമാണെന്ന് വിശ്വസിക്കാത്തവരായിരുന്നു അതിൽ കൂടുതൽ പേരും. പക്ഷേ കൃത്യം പത്തുമണിക്ക് കോളേജിലെത്തിയിരുന്ന അയാളെ അന്ന് കാണാതിരുന്നപ്പോൾ അയാൾ പറഞ്ഞത് വിശ്വസിക്കുകയേ അവർക്ക് നിവർത്തിയുണ്ടായിരുന്നുള്ളൂ. ആകപ്പാടെ ആ ക്യാമ്പസ് അന്തരീക്ഷത്തിന് ഒരു മൂകത വ്യാപിച്ചിരുന്നു. പുതിയതായി ചരിത്രം പഠിപ്പിക്കാനായി അദ്ധ്യാപകർ ആരുംതന്നെ എത്തിയിരുന്നില്ല. പ്രൊഫസ്സർ നിക്കോൾസൻറെ സ്ഥാനത്ത് മറ്റൊരാളെ സങ്കൽപ്പിക്കാൻ കൂടി വിദ്യാർത്ഥികൾക്കാർക്കും കഴിയുമായിരുന്നില്ല. പ്രൊഫസ്സർ താമസിച്ചിരുന്ന വീടിൻറെ മുന്നിൽ അന്ന് വൈകിട്ട് ഒരു വിദ്യാർത്ഥി റാലിക്കുള്ള കുട്ടികൾ തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തെ കാണാനെത്തിയ അവർക്കുമുന്നിൽ പൂട്ടിക്കിടന്ന ഗേറ്റ് നിരാശ സമ്മാനിച്ചു. കുറേ സമയം അവിടെത്തന്നെ നിന്നശേഷം അവർ ഓരോരുത്തരായി പിരിഞ്ഞുപോയി.

അതേസമയം നടുക്കടലിൽ നിർത്തിയിട്ട ബോട്ടിനുള്ളിൽ നിക്ക് ഭക്ഷണം കഴിക്കുകയായിരുന്നു. അയാൾ ഇനിയുള്ള സമയം കണക്കുകൂട്ടി നോക്കി. മരണച്ചുഴികളുടെ ചുറ്റളവിലെത്താൻ മണിക്കൂറുകൾ ഇനിയും ബാക്കിയുണ്ട്. ഭക്ഷണം കഴിച്ചയുടനെ അദ്ദേഹം ഒരു ഭൂപടം മേശക്കുമുകളിൽ നിവർത്തി വച്ചു. ആ ഭൂപടം വളരെ കാലപ്പഴക്കം ചെന്നതായിരുന്നു. അതിലെ രേഖകളെല്ലാം മായ്ഞ്ഞുതുടങ്ങിയിരുന്നു. അത് മടക്കിവെച്ച ശേഷം നിക്ക് വീണ്ടും ബോട്ട് സ്റ്റാർട്ട് ചെയ്തു. അയാളുടെ ലക്ഷ്യത്തിലേക്കെത്താൻ അത് പാഞ്ഞുപോയിക്കൊണ്ടിരുന്നു. വീണ്ടും സമയം കടന്നുപോയി. സെൽഫോണിൽ തുടർച്ചയായി മെസ്സേജ്

വരുന്നതുകണ്ട് നിക്ക് ഫോണെടുത്ത് നോക്കി. അതിൽ വന്നിരുന്ന മെസ്സേജുകൾ നിക്കിനെ അത്ഭുതപ്പെടുത്തി.

സാറ്റലൈറ്റ് വഴി സിഗ്നൽ തരുന്ന മൊബൈൽഫോൺ കണക്ഷനാണ് നിക്ക് ഉപയോഗിച്ചിരുന്നത്. അതിനാൽ ഏതുവനത്തിലും നടുക്കടലിലും അതിന് സിഗ്നൽ കിട്ടും. അയാൾ തനിക്കു വന്ന മെസ്സേജ് ഒന്നുകൂടി വായിച്ചു.

'താങ്കൾ ഞങ്ങളുടെ റേഞ്ച് പരിധിയിൽനിന്നും അകലുകയാണ്. തുടർച്ചയായ സേവനത്തിന് ചിലപ്പോൾ സാധ്യമായേക്കില്ല.'

അയാൾ ഒരുനിമിഷം ആലോചിച്ചു. താൻ തൻറെ ജീവിതത്തിൽ നിന്നുംതന്നെ അകലുകയാണോ..? ഇനി തനിക്ക് തിരിച്ചെത്താൻ സാധിക്കുമോ..?

പെട്ടെന്നയാൾ തലകുടഞ്ഞു. എന്നിട്ട് ആത്മവിശ്വാസത്തോടെ ഇരുകൈകളും ചുരുട്ടി തൻറെ ലക്ഷ്യത്തിൽത്തന്നെ ഉറച്ചുനിന്നു.

പ്രകൃതിയിലാകെ ഇരുട്ട് വാരിവിതറിക്കൊണ്ട് അസ്തമയം കടന്നുപോയി. നിക്ക് വാച്ചിലേക്ക് നോക്കി. ഇനിയും നാലോ അഞ്ചോ മണിക്കൂറുകൾക്കുള്ളിൽ താൻ അവിടെയെത്തും. നല്ല ക്ഷീണമുള്ളതിനാൽ കുറച്ചുസമയം ഉറങ്ങുവാൻ തീരുമാനിച്ച് ബോട്ട് നിർത്തിയിട്ടശേഷം അയാൾ ബോട്ടിൻറെ മുകൾത്തട്ടിൽ പോയിക്കിടന്നു. എന്നിട്ട് കടലിലേക്ക് നോക്കി.

'ഹോ...കര കാണാൻപോലും പറ്റുന്നില്ല... ഇവിടെയെങ്ങാനും വീണുപോയാൽ പിന്നീട് ഒന്ന് ശ്വാസമെടുക്കാൻ പോലും പറ്റില്ല...'

അയാൾ സ്വയം പറഞ്ഞു. അത്രയ്ക്കും ആഴം കൂടിയ ഭാഗമായിരുന്നു അത്. നിക്ക് ബോട്ടിൻറെ മുകളിൽ കിടന്ന ഒരു പരന്ന പാത്രമെടുത്ത് കടലിലേക്കിട്ടു. അത് നിലാവെളിച്ചത്തിൽ തിളങ്ങിയതോടൊപ്പം കടലിൻറെ അടിത്തട്ടിലേക്ക് പോയ്മറഞ്ഞു.

'ഇതുപോലെതന്നെയാകും മെർക്കുറി ദ്വീപിൽ നിന്നും രക്ഷപ്പെടാൻ നോക്കിയവർ കടലിൻറെ അടിത്തട്ടിലേക്ക് മുങ്ങിത്താഴ്ന്നതും... ശരിക്കും എല്ലാം ഒരു കെട്ടുകഥ പോലെയുണ്ട്. സത്യത്തിൽ ഇങ്ങനെയൊരു ദ്വീപ് ഉണ്ടാകുമോ... ആ ദ്വീപിൽ അങ്ങനെയൊരു കൊട്ടാരവുമുണ്ടാകുമോ..?'

അത് പറഞ്ഞുതീർന്നതോടൊപ്പം അയാളുടെ കണ്ണുകളടഞ്ഞു. നിക്ക് ഉറക്കത്തിലേക്ക് വഴുതിവീണു. അങ്ങനെ ആ ദിവസത്തിൻറെ ആയുസ്സും കുറഞ്ഞുകുറഞ്ഞ് ഇല്ലാതായി.

മുഖത്ത് സൂര്യപ്രകാശമടിച്ചപ്പോഴാണ് നിക്ക് ഞെട്ടിയുണർന്നത്. തനിക്കുണ്ടായിരുന്ന ക്ഷീണമെല്ലാം മാറിയതായി അയാൾക്ക് തോന്നി. അയാൾ കടലിലേക്ക് നോക്കി. അത് തികച്ചും ശാന്തമായിരുന്നു. വേഗംതന്നെ അയാൾ ഫ്രഷ് ആയി തിരിച്ചെത്തി. കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള ശുദ്ധീകരണയന്ത്രവും അയാൾ കരുതിയിരുന്നു. അതിനാൽ നിക്കിന് വെള്ളത്തിന്

ബുദ്ധിമുട്ടുണ്ടായില്ല. വിചാരിച്ചതിലും സമയം വൈകിയതിനാൽ അതിവേഗത്തിലാണ് അയാൾ ബോട്ട് പായിച്ചത്. ഇരുമ്പ് കാന്തത്തിലേക്ക് ആകർഷിക്കുംപോലെ ബോട്ട് പാഞ്ഞുകൊണ്ടിരുന്നു.

എന്തോ വലിയശബ്ദം കേട്ടാണ് നിക്ക് പടിഞ്ഞാറേദിശയിലേക്ക് ശ്രദ്ധിച്ചത്. അതേ താൻ എത്തിയിരിക്കുന്നു. അതാ അങ്ങകലെ ബർമുഡാ ചുഴികളുടെ ആരംഭം..! ചുഴികളുണ്ടാക്കുന്ന കാറ്റിൻറെ ശബ്ദമായിരുന്നു അയാൾ കേട്ടത്. ആ ചെറിയ ബോട്ട് കടലിലെ മരണക്കെണിയെ ലക്ഷ്യമാക്കി കുതിച്ചുകൊണ്ടിരുന്നു. ചുഴിയുടെ ഏകദേശം ഒരു കിലോമീറ്ററകലെയെത്തിയപ്പോൾ പെട്ടെന്ന് ബോട്ട് ആടിയുലയുവാൻ തുടങ്ങി.

നിക്ക് വേഗംതന്നെ നിവർത്തിവെച്ചിരുന്ന ഭൂപടം മടക്കി പോക്കറ്റിലാക്കി. എന്നിട്ട് ബോട്ട് നിയന്ത്രിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. തൻറെ മുന്നിലുള്ള ചുഴിക്ക് ഒരു പത്ത് സ്വിമ്മിംഗ് പൂളിൻറെ വലിപ്പമുണ്ടെന്ന് അയാൾക്ക് തോന്നി. അത് ഭയാനകമാം വിധത്തിൽ കറങ്ങിക്കൊണ്ടിരുന്നു. അതോടൊപ്പം ആ ബോട്ടിനെ അതിലേക്ക് വലിച്ചുകൊണ്ടുപോകുകയും ചെയ്തു.

നിക്കിൻറെ ധൈര്യം ചോർന്നുതുടങ്ങിയിരുന്നു. എങ്കിലും തൻറെ ലക്ഷ്യത്തെ മുൻനിർത്തി അയാൾ ബോട്ടിനെ ചുഴിയ്ക്ക് വിട്ടു കൊടുത്തു. ചുഴിയും ബോട്ടുമായുള്ള അകലം കുറഞ്ഞുകുറഞ്ഞ് വന്നു. അകലം കുറഞ്ഞുവന്ന ആ സമയത്ത് ബോട്ട് ഒന്ന് വട്ടംകറങ്ങി. പിന്നീട് ആടിയുലഞ്ഞു.



പെട്ടെന്ന് നിയന്ത്രണം വിട്ടതുപോലെ അത് വട്ടം കറങ്ങുവാനാരംഭിച്ചു. നിക്കിൻറെ കാലുകൾ തെന്നുവാൻ തുടങ്ങിയതും അയാൾ ബോട്ടിൻറെ ഒരു തൂണിൽ ചുറ്റിക്കിടന്നുകൊണ്ട് ബോട്ട് നിയന്ത്രിക്കുവാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും അത് പിന്നോട്ട് പോയില്ല. അതോടൊപ്പം ഉള്ളിൽനിന്നും എന്തൊക്കയോ പുറത്തേക്ക് തെറിച്ചു വീഴുകയും ചെയ്തു. പെട്ടെന്നുള്ള ബോട്ടിൻറെ ശക്തമായ കറക്കത്തിൽ ഒരുനിമിഷം നിക്കിൻറെ കൈയ്യുടെ പിടിവിട്ടുപോയി. അയാൾ ബോട്ടിൽനിന്നും തെറിച്ച് കടലിലേക്ക് വീണു..!

# നാല്

ബോട്ട് വീണ്ടും കറങ്ങിക്കറങ്ങി ചുഴിയെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. കടലിലേക്ക് വീണ നിക്കിന് ചിന്തിക്കാൻ കൂടി കഴിയാത്തത്ര ആഴമായിരുന്നു കടലിന്. ഒന്നു മുകളിലേക്ക് പൊന്തിവരാൻപോലും അയാൾക്ക് നിലയില്ലാതായി. ആരോ തൻറെ കാലിൽ പിടിച്ച് അടിയിലേയ്ക്ക് വലിച്ചു കൊണ്ടുപോകുന്ന അനുഭവം. ഒടുവിൽ ഇരുകൈകളിലും സർവ്വശക്തിയും പ്രയോഗിച്ച് ഒന്ന് പൊങ്ങിയപ്പോൾ ഒരിറ്റു ശ്വാസമെടുക്കുവാൻ അയാൾക്ക് സാധിച്ചു.

അതോടൊപ്പം അയാളുടെ നോട്ടം ബോട്ടിലേക്കായിരുന്നു. ആ നോട്ടം അയാൾക്ക് ചോർന്നുപോയ എല്ലാ ആത്മവിശ്വാസവും നേടിക്കൊടുത്തു. കാരണം അത്രയും വലിയ ചുഴിക്കുമുന്നിൽ ബോട്ട് നിശ്ചലമായി കിടക്കുന്നു. കടൽ വെള്ളത്തിൻറെ അത്രയും വലിയ കുത്തൊഴുക്കിൽപോലും അത് നിശ്ചലമായി തുടരുന്നു..!

അയാൾക്ക് ഒന്നുകൂടി മുകളിലേക്ക് ഉയർന്നുവരാൻ സാധിച്ചു. എങ്ങനെയും ബോട്ടിലെത്തണം. ബോട്ടിൽ നിന്നും തെറിച്ചുവീണ ഇന്ധനത്തിൻറെ വീപ്പ തനിക്കുനേരേ ഒഴുകി വരുന്നതയാൾ കണ്ടു. ഒരു വിധത്തിൽ അതിൽ എത്തിപ്പിടിച്ചുകൊണ്ട് മുന്നിലേക്ക് നീന്താൻ നോക്കിയപ്പോൾ അയാൾക്ക് ഒരു കാര്യം പിടികിട്ടി. വീപ്പയോടൊപ്പം താനും ചുഴിയിലേക്കാണ് നീങ്ങുന്നത്. പെട്ടെന്നുതന്നെ ആ വീപ്പ തൻറെ കാൽച്ചുവട്ടിലേക്ക് താഴ്ത്തിയിട്ട് അതിൽ ചവിട്ടി അയാൾ നല്ലൊരു ചാട്ടംചാടി. ഭാഗ്യത്തിന് നിക്കോൾസൺ ചെന്നുവീണത് ബോട്ടിൻറെ സമീപത്തുതന്നെയാണ്. എങ്കിലും ആ ചുഴിയിലേക്ക് അയാൾ ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. തൻറെ അച്ഛനേയും അമ്മയേയും സകല ദൈവങ്ങളേയും മനസ്സിൽ വിചാരിച്ചുകൊണ്ട് അവസാനത്തെ ശ്രമം എന്ന രീതിയിൽ തൻറെ കുഴഞ്ഞുതുടങ്ങിയ കൈകൾ ഉപയോഗിച്ച് അയാൾ മുന്നോട്ടുനീന്തി.

അടുത്ത നിമിഷത്തിൽ ബോട്ടിൽ നിന്നും പുറത്തേക്ക് നീണ്ടുകിടന്ന ഒരു കെട്ടുകയറിൽ അയാളുടെ കൈ ഉടക്കി. നടുക്കടലിൽപെട്ട ഒരാൾക്ക് കിട്ടാവുന്ന ഏറ്റവും വലിയ ഭാഗ്യം..! അതിൽ അള്ളിപ്പിടിച്ച് ബോട്ടിലേക്ക് കയറുമ്പോൾ അത് തൻറെ അച്ഛൻറെയും അമ്മയുടെയും ആത്മാക്കൾ തനിക്കു വേണ്ടി ചെയ്ത കർത്തവ്യമായി നിക്കിന് തോന്നി.

ബോട്ടിലുണ്ടായിരുന്ന സാധനസാമഗ്രികൾ മൊത്തം അലങ്കോലമായി ചിതറിക്കിടക്കുന്നു. ഒരു ഇന്ധന ടാങ്ക് മറിഞ്ഞ് അതിൻറെ ഒരു വശത്തുകൂടി ഇന്ധനം പുറത്തേക്കൊഴുകുന്നു. അവശനായിരുന്നുവെങ്കിലും ഇനിയുള്ള ഇന്ധനത്തിൻറെ ആവശ്യമറിയാവുന്ന നിക്ക് വേഗംതന്നെ ചെന്ന് ടാങ്ക് പഴയപടിയാക്കി. എന്നിട്ട് ബർമുഡ ട്രയാങ്കിൾ എന്ന ലോകാത്ഭുതം തൊട്ടുമുന്നിൽ നോക്കിക്കണ്ടു. പെട്ടെന്നാണ് തൻറെ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ഭൂപടത്തെപ്പറ്റി അയാൾ ചിന്തിച്ചത്.

അൽപ്പം മുൻപ് തോന്നിയ ബുദ്ധിക്ക് അത് ഒരു പ്ലാസ്റ്റിക്ക് കവറിലാക്കി സൂക്ഷിച്ചത് നല്ലകാര്യമായി അയാൾക്ക് തോന്നി. നിക്കോൾസൺ വേഗം തന്നെ ആ ഭൂപടം തുറന്നുനോക്കി. ‘വെറുതെയല്ല തനിക്കീ അപകടമുണ്ടായത്. ചുഴി താണ്ടാനുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. ഉറങ്ങിപ്പോയതു മൂലം തനിക്ക് കുറേസമയം പാഴായിപ്പോയിരുന്നു. സത്യത്തിൽ മെർക്കുറിയിലെത്തുവാനുള്ള ആവേശത്തിൽ അത് ശ്രദ്ധിച്ചില്ല എന്നുവേണം പറയാൻ...’

സ്വയം പിറുപിറുത്തുകൊണ്ട് ഭൂപടത്തിൻറെ പിൻവശം എഴുതിയിരുന്ന കാര്യങ്ങൾ അയാൾ ഒന്നുകൂടി വായിച്ചു.

‘പ്രഭാതസൂര്യൻറെ ചുവപ്പുനിറം മാറുന്ന അതേ നിമിഷം മുതൽ രണ്ട് നിമിഷത്തിനുള്ളിൽ സൂര്യൻറെ പ്രതിബിംബസ്ഥാനം ഏത് ചുഴിയുടെ നേർക്കണോ ആ ചുഴിയുടെ ഇടതുവശം ചേർന്ന് മുന്നേറണം. അപ്പോൾ മുന്നിൽ വീണ്ടുമൊരു ചുഴി കാണാം. ആ ചുഴിയിലേക്ക് കൈപ്പിടിയുടെ അളവിൽ കൽക്കരിയും പഞ്ചലോഹവും സമാസമം വാരിയെറിയണം. അപ്പോൾ മുതൽ അഞ്ചു നിമിഷത്തേക്ക് ആ ചുഴി ശാന്തമാകും. ആ അഞ്ചുനിമിഷത്തിൽ ആ ചുഴി താണ്ടിയിരിക്കണം. അതിനുശേഷം കാണുന്ന അവസാനത്തെ ചുഴിയിൽ നോക്കിയാൽ മനസ്സിലാകും അത് കറങ്ങുന്നത് ‘S’ ആകൃതിയിലാണെന്ന്. അതിനെ മറികടക്കാൻ അതിൻറെ എതിർ ദിശയിലേക്ക് സഞ്ചരിക്കണം. ആ കടമ്പയും താണ്ടി നാല് മണിക്കൂർ സഞ്ചാരദൂരത്തിൽ മെർക്കുറിദ്വീപ് സ്ഥിതിചെയ്യുന്നു..!’



ഇത്രയും വായിച്ചശേഷം നിക്ക് ഒന്ന് ദീർഘമായി നിശ്വസിച്ചു. ബോട്ട് അപ്പോഴും ചലനമില്ലാതെ തുടരുകയാണ്. ഇനി നാളത്തെ പ്രഭാതംവരെ ഇവിടെത്തന്നെ കഴിച്ചു കൂട്ടണം. അയാൾ മെർക്കുറിയെ പൊതിഞ്ഞുകെട്ടി സൂക്ഷിക്കുന്ന ചുഴികളിലേക്കും നോക്കിയിരുന്നു. നാളത്തെ പ്രഭാതത്തിനായി..!

മണിക്കൂറുകളോളം അയാൾ ആ തുകൽ പുസ്തകം വായിച്ചിരുന്നു. നേരം വെളുക്കുവാൻ ഇനി രണ്ടുമണിക്കൂർകൂടി കഷ്ടിച്ച് കാണും. ഇനി എന്തായാലും തനിക്ക് തെറ്റ് സംഭവിക്കാൻ പാടില്ല. അയാൾ നേരേ ബോട്ടിൻറെ അടുക്കളയിലേക്ക് നടന്നു. കരുതിയിരുന്ന ബ്രെഡ്ഡ് റോസ്റ്റ് ചെയ്ത ശേഷം ഉണക്കി വച്ചിരുന്ന മാംസവും വേവിച്ചു. ആഹാരം കഴിക്കുമ്പോൾ ബോട്ടിനുള്ളിൽ തൂക്കിയിരുന്ന യേശുവിൻറെ അന്ത്യ അത്താഴത്തിൻറെ ചിത്രത്തിൽ നോക്കി നിക്കോൾസൺ ഒന്ന് മന്ദഹസിച്ചു.

‘ഡിയർ ജീസസ്... അഥവാ വിധി എനിക്കെതിരാണെങ്കിലും എൻറെ അച്ഛൻറെയും അമ്മയുടെയും ലോകത്തേക്ക് പോകുന്നതിന് എനിക്ക് സന്തോഷമേയുള്ളൂ...’

അയാൾ ആ ചിത്രത്തിൽ നോക്കിപ്പറഞ്ഞു.

ആഹാരം കഴിച്ചുകഴിഞ്ഞ് തൻറെ ഡയറിയിൽ അതുവരെ ഉണ്ടായ സംഭവങ്ങൾ മുഴുവൻ എഴുതിച്ചേർക്കുകകൂടി ചെയ്തപ്പോൾ എല്ലാം ചെയ്തുതീർത്തു എന്ന സംതൃപ്തിയായിരുന്നു അയാൾക്ക്.

ജനുവരി 3

ഉദയസൂര്യൻ ചുവന്നു തുടുത്തുനിൽക്കുന്നു. നിക്ക് ബോട്ട് സ്റ്റാർട്ട് ചെയ്ത് കാത്തിരിക്കുകയായിരുന്നു. അതിൻറെ പ്രതിബിംബം കടലിലേക്ക് പതിച്ചപ്പോൾ കടൽ വെള്ളത്തിൽ ചുവന്ന ചായം പടർന്നുപിടിച്ച് തിളങ്ങുന്നതായി അയാൾക്ക് തോന്നി. താൻ ഇപ്പോൾ നിൽക്കുന്ന ചുഴിക്കു നേരെയല്ല സൂര്യൻറെ പ്രതിബിംബം എന്ന് മനസ്സിലാക്കിയ നിക്ക് ചെറിയൊരു ഭയത്തോടെയാണ് ബോട്ട് പിന്നിലേക്ക് സമാന്തരമായിത്തന്നെ ഓടിച്ചത്. എന്നിട്ടും അത് തൊട്ടുമുന്നിലുള്ള ചുഴിയുടെ ആകർഷണത്തിൽ പെടാതിരുന്നത് കണ്ട് അയാൾ അത്ഭുതപ്പെട്ടു. കുറച്ചുദൂരം പിന്നിലേക്ക് പോയിട്ട് നല്ല വേഗത്തിൽ ലക്ഷ്യസ്ഥാനത്തേക്ക് കുതിച്ചാൽ മറ്റുള്ള ചുഴികളുടെ ആകർഷണത്തിൽ നിന്നും കുറച്ചെങ്കിലും രക്ഷനേടാമെന്ന് അയാൾക്ക് തോന്നി. സൂര്യൻറെ ചുവപ്പുനിറം പതിയെപ്പതിയെ കുറയുന്നതായി കണ്ടമാത്രയിൽത്തന്നെ സൂര്യൻറെ പ്രതിബിംബം പതിഞ്ഞു കിടന്നിരുന്ന ഭാഗത്തേക്ക് അയാൾ ബോട്ട് പായിച്ചു.

ആ ബോട്ടിന് പോകാവുന്ന പരമാവധി വേഗതയിലാണ് അത് ലക്ഷ്യത്തിലേക്ക് പാഞ്ഞുകൊണ്ടിരുന്നത്. അപ്പോഴേക്കും സൂര്യൻറെ ചുവപ്പുനിറം പൂർണ്ണമായും മാറിയിരുന്നു. അയാളുടെ കണക്കുകൂട്ടലുകൾ പിഴച്ചില്ല. പ്രതിബിംബം കണ്ട ചുഴിയുടെ മുന്നിലെത്തിയപ്പോഴാണ് താൻ ആദ്യം കണ്ട് ചുഴിയുടെയത്രയും വലിപ്പമില്ലാത്ത ആ ചുഴിയുടെ ഇടതുവശത്ത് ഒരു കപ്പലിന് സുഖമായി കടന്നുപോകാവുന്ന രീതിയിൽ കടൽപ്പാത തെളിഞ്ഞുകിടക്കുന്നത് കണ്ടത്. അത് കണ്ടപ്പോൾ മറ്റൊരു ലോകത്തിലേക്കുള്ള പ്രവേശന കവാടമായി നിക്കിന് തോന്നി. സമയം പാഴാക്കാതെ അയാൾ ആ പാതയിലൂടെ പരമാവധി വേഗതയിൽ ബോട്ട് പായിച്ചു. അതോടൊപ്പം കരുതി വച്ചിരുന്ന കൽക്കരിയും പഞ്ചലോഹവും സമീപത്തേക്ക് നീക്കിവച്ചു. ചെറിയ ഓളങ്ങൾ മാത്രമുള്ള ആ പാതയിലൂടെ കടക്കുമ്പോൾ അയാൾ ഇടത്തേക്കും വലത്തേക്കും നോക്കി. കണ്ണെത്താ ദൂരത്തോളം ഇരുവശവും പലപല ചുഴികൾ ആർത്തലച്ചു കറങ്ങുന്നുണ്ട്.

നീണ്ട സമുദ്രപാതയിലൂടെ മുന്നിലേക്ക് വീണ്ടും പോയപ്പോൾ മറ്റൊരു ഭയാനകമായ ചുഴിയുടെ വലയത്തിനുള്ളിലേക്ക് താൻ എത്തിച്ചേർന്നുവെന്ന് അയാൾ തിരിച്ചറിഞ്ഞു. ബോട്ട് അതിൻറെ ആകർഷണതയിലേക്ക് പെടുന്നുവെന്ന് മനസ്സിലാക്കിയ നിക്ക് കരുതിവച്ചിരുന്ന കൽക്കരിയും പഞ്ചലോഹവും ഇളകിയാടുന്ന ബോട്ടിൻറെ വാതിലിലൂടെ ഏന്തിവലിഞ്ഞു നിന്നുകൊണ്ട് പരമാവധി ദൂരത്തിലേക്ക് വലിച്ചെറിഞ്ഞു. അതിശക്തമായി കറങ്ങിക്കൊണ്ടിരുന്ന ആ ചുഴി ബ്രേക്കിട്ട വാഹനത്തിൻറെ ചക്രംപോലെ നിന്നു. അപ്പോൾ ആ ഭാഗം ഏതോ ശാന്തമായ അരുവിപോലെ തോന്നിച്ചു. ഒട്ടും സമയം പാഴാക്കാതെ അയാൾ ബോട്ടിൻറെ സ്പീഡ് വർദ്ധിപ്പിച്ചു. ചുഴിയുടെ റേഞ്ച് കഴിയാറായപ്പോൾ നിക്ക് വാച്ചിലേക്ക് നോക്കി. അഞ്ചു

നിമിഷമാണ് ചുഴിയുടെ നിശ്ചലാവസ്ഥ. അത് തീരാൻ ഇനി പത്തുസെക്കൻറുകൾ. ബോട്ടിൻറെ വേഗത കൂട്ടുന്നതോടൊപ്പം അയാളുടെ നെഞ്ചിടിപ്പും കൂട്ടുന്നുണ്ടായിരുന്നു. ഇനി വെറും ആറ് സെക്കൻറുകൾ മാത്രം. ഇതുവരെയും ബോട്ട് ചുഴിയുടെ പരിതി കഴിഞ്ഞിട്ടില്ല. 5, 4, 3, 2, 1 അയാൾ മനസ്സിൽ എണ്ണി.

സമയപരിധി കഴിഞ്ഞതോടെ പൂർവ്വാധികം ശക്തിയോടെ ആ ചുഴി വീണ്ടും രൂപപ്പെട്ടുതുടങ്ങിയിരുന്നു. ഭാഗ്യവശാൽ അപ്പോഴേക്കും ബോട്ട് നല്ലൊരു കറക്കത്തോടെ ചുഴിയുടെ വലയത്തിനുള്ളിൽനിന്നും പുറത്തേക്കെത്തിയിരുന്നു.

നിക്ക് ആകാശത്തേക്ക് നോക്കി കൈകൾ തൊഴുതുപിടിച്ചു. അയാളുടെ കണ്ണുകൾ രണ്ടും ഒരുപോലെ നിറഞ്ഞൊഴുകിയിരുന്നു. പക്ഷേ തൊട്ടുമുന്നിലെ കാഴ്ചകണ്ട് അയാൾ ഒന്ന് ഞെട്ടി. പരിഭ്രമത്തോടെ നിക്കോൾസൺ ആ ഭാഗത്തേക്ക് നോക്കിനിന്നു..!

# അഞ്ച്

തൻറെ അവസാനത്തെ കടമ്പ..! ഇതും കൂടി കടന്നാൽ നാലു മണിക്കൂറിനുള്ളിൽ തൻറെ സ്വപ്നതുല്യമായ ലക്ഷ്യം നിറവേറും. പക്ഷേ മുന്നിൽ കണ്ടകാഴ്ച ആ സ്വപ്നം തകർക്കപ്പെടുന്നതായിരുന്നു. കാരണം മുന്നോട്ടു പോകാൻ എന്തുചെയ്യണമെന്ന് തീരുമാനിക്കാൻ സാധിക്കാത്ത അവസ്ഥ..!

‘ S ’ ആകൃതിയിൽ ചുഴികറങ്ങുന്നു. അതും സാവധാനത്തിൽ. ശരിക്കും ഒരു സ്ലോമോഷൻ രംഗംപോലെ. താൻ പ്രതീക്ഷിച്ചതിലും വളരെ വ്യത്യാസമുള്ള കടമ്പ. കണക്കുകൂട്ടലുകൾ തെറ്റിപ്പോയ അയാൾ നിശ്ചലമായി നിന്നുകൊണ്ട് ആ ചുഴിയെ വീക്ഷിച്ചു. എന്നിട്ട് ഭൂപടം ഒന്നുകൂടി നോക്കി. അതിൽ പറഞ്ഞിരിക്കുന്നത് ‘S’ ചുഴിയുടെ എതിർദിശയിൽ സഞ്ചരിക്കണമെന്നാണ്. പക്ഷേ ഇതിൻറെ എതിർദിശ എങ്ങനെ കണ്ടുപിടിക്കും..?

അയാൾ ചിന്താക്കുഴപ്പത്തിലായി. എന്താണ് ഇതിൻറെ അർത്ഥം...? ഈ ചുഴിയുടെ എതിർദിശയിൽ സഞ്ചരിച്ചാൽ ഉറപ്പായും താൻ ഏതെങ്കിലും ചുഴിയിൽപെടും. എന്താചെയ്യുക..? ഇവിടെത്തന്നെ എത്ര നേരമാണ് കാത്തുകിടക്കുക. ഒരുപക്ഷേ ഇപ്പോൾ ബോട്ട് നിൽക്കുന്ന ഭാഗവും ചുഴിയായി മാറിയെന്നും വരാം..! നിക്ക് സങ്കടവും ദേഷ്യവും ആശങ്കയുമൊക്കെ കൂടിക്കലർന്ന മാനസ്സികാവസ്ഥയിലായി. പെട്ടെന്ന് അയാൾക്ക് ഒരാശയം തോന്നി. എല്ലാ കാലത്തും ‘S’ എന്ന വാക്കിൻറെ ഭൂപടത്തിലെ സ്ഥാനം തെക്കുദിശ എന്നാണ്. നിക്ക് വേഗംതന്നെ വടക്കുനോക്കിയന്ത്രം കൈയ്യിലെടുത്തു. എന്നിട്ട് ചുഴി സ്ഥിതിചെയ്യുന്ന ഭാഗത്തിൻറെ ദിശ നോക്കി. അത് വടക്ക് ദിശയിലായിരുന്നു.

‘തെക്കിൻറെ എതിർവശം വടക്ക്. അതായത് ‘S’ ചുഴിയെ മറികടക്കാൻ ആ ചുഴിയിലേക്കുതന്നെ പോകേണ്ടിവരും. ഇതായിരിക്കുമോ ഈ പറഞ്ഞതിൻറെ അർത്ഥം.? എന്തായാലും മറ്റൊരുമാർഗ്ഗം തനിക്കുമുന്നിലില്ല. ഇതുതന്നെ ചെയ്യാലോ.? എന്തും വരട്ടെ...മുന്നോട്ടു തന്നെ പോവുക..!’ നിക്കോൾസൺ സ്വയം പിറുപിറുത്തു. പിന്നീട് അയാൾ ചിന്തിച്ചുനിന്നില്ല. സകല ദൈവങ്ങളേയും മനസ്സിൽ വിചാരിച്ച് മുന്നിൽക്കണ്ട് വിചിത്രമായ ചുഴിയിലേക്ക് തൻറെ ബോട്ട് സാവധാനത്തിൽ വിട്ടുകൊടുത്തു. പക്ഷേ ചുഴിയിൽ പ്രവേശിക്കേണ്ട താമസം ബോട്ട് മറ്റാരുടെയോ നിയന്ത്രണത്തിലെന്നതുപോലെയായി. അത് തനിയേ നീങ്ങുവാനാരംഭിച്ചു.

ചുഴിയുടെ പോലെതന്നെ സ്ലോമോഷൻ രീതിയിലാണ് ബോട്ടും മുന്നോട്ടുപോയത്. ചുഴിയിലേക്ക് കടന്നപ്പോൾ തൻറെ കാലുകൾ ബോട്ടിൽ ഒട്ടിപ്പിടിച്ചതുപോലെ

നിക്കോൾസന് തോന്നി. അതിനുള്ള കാരണവും അയാൾക്ക് മനസ്സിലായി. ചുഴിയിൽ എല്ലാ വസ്തുക്കൾക്കും ഗുരുത്വാകർഷണം കൂടുതലാണ്. അയാൾ തൻറെ പോക്കറ്റിലിരുന്ന് ഉപയോഗശൂന്യമായ ഫോൺ താഴേക്കിട്ടു. കണ്ണടച്ചു തുറക്കും മുൻപ് അത് നിലത്തെത്തി ബോട്ടിൻറെ തറയിലായ് ഒട്ടിപ്പിടിച്ചതുപോലെയായി..!

കുറച്ചധികം സമയമെടുത്തു ആ ചുഴിയിൽനിന്നും അയാളും ബോട്ടും പുറത്തുകടക്കാൻ. ആകർഷണം കുറഞ്ഞുവരുന്നത് മനസ്സിലാക്കിയ അയാൾ കാലുകൾ ചലിപ്പിച്ചുനോക്കി. എല്ലാം പഴയപോലെയായെന്ന് മനസ്സിലായപ്പോഴേക്കും ആ ചുഴിയുടെ റേഞ്ചും അയാൾ താണ്ടിയിരുന്നു..! കാലുകളിലൂടെ എന്തോ ഒരു തണുപ്പ് നെഞ്ചിലേക്ക് ഓടിക്കയറിയ അനുഭവം അയാൾക്കുണ്ടായി. നിന്നനിൽപ്പിൽത്തന്നെ അയാൾ മുട്ടുമടക്കി ബോട്ടിൻറെ നിലത്തേക്ക് കമിഴ്ന്നുകിടന്ന് തറയിൽ അമർത്തി ചുംബിച്ചു.

‘താങ്ക് ഗോഡ്...താങ്ക്യൂ സോ മച്ച്..!’ എന്നിട്ട് സന്തോഷത്തോടെ ബോട്ടിൻറെ മുൻവശത്തേക്ക് ഓടിച്ചെന്നു. കടലിൻറെ ഉപരിതലത്തിൽ ശക്തിയിൽ വീശിയടിച്ചുകൊണ്ടിരുന്ന കാറ്റിൽ ഇരുകൈകളും വിരിച്ചുപിടിച്ച് ഒരു വിജയിയെപ്പോലെ അയാൾ നിന്നു.

‘ഹുറേ... ഹയ്...’ തൻറെ സന്തോഷം പങ്കിടാൻ തന്നോടൊപ്പം ആരുംതന്നെ ഇല്ലാത്തതിനാൽ ഉച്ചത്തിൽ കൂവിവിളിച്ചുകൊണ്ട് അയാൾ തൻറെ സന്തോഷം പ്രകടിപ്പിച്ചു. എന്നിട്ട് ബോട്ടിനുള്ളിലേക്ക് ധൃതിയിൽ ഓടിപ്പോയി മേശക്കുള്ളിൽ സൂക്ഷിച്ചിരുന്ന ബൈനോക്കുലർ എടുത്തുകൊണ്ട് തിരിച്ചെത്തി അതിലൂടെ ദൂരത്തേക്ക് നോക്കി.

അതാ..അങ്ങകലെ ഒരു ചെറിയ പൊട്ടുപോലെ കര കാണുന്നു..! നിക്ക് വീണ്ടും സന്തോഷത്തിൽ തുള്ളിച്ചാടി. എന്നിട്ട് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

‘ചരിത്രങ്ങളെ ഞാൻ വിശ്വസിക്കുന്നു... എൻറെ ജീവനേക്കാൾ..’

എന്നിരുന്നാലും സ്വപ്നത്തിലല്ല താനെന്ന് സ്വയം വിശ്വാസം വരുത്തുവാനായി അയാൾ തൻറെ നഖംകൊണ്ട് കൈത്തണ്ടയിൽ ഒന്ന് പോറുകകൂടി ചെയ്തു. എന്നിട്ട് ഓടിച്ചെന്ന് ബോട്ടിൻറെ വേഗത വർദ്ധിപ്പിച്ചു.

‘മെർക്കുറീ... ഞാനെത്തിക്കഴിഞ്ഞു... നിൻറെ ശാപമോക്ഷത്തിനായ്...’ അയാൾ കരകണ്ട ഭാഗത്തേക്ക് നോക്കി വിളിച്ചുകൂവി. ഇതിനിടയിൽ നിന്ന് ചിന്തിക്കുകയായിരുന്നു മായന്മാരുടെ കഴിവുകളെപ്പറ്റി. ബർമുഡ ട്രയാങ്കിൾകൊണ്ട് ലോകത്തെ മുഴുവൻ ഇന്നും കബളിപ്പിച്ചുകൊണ്ടിരിക്കുന്ന വംശം എങ്ങനെയാണ് മൊത്തമായി ഇല്ലാതായത്...?

അയാളുടെ ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് ബോട്ട് ശരം പോലെ പാഞ്ഞു...!

സമയം വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു.

****************

സ്റ്റുഡൻറ്സിൻറെ അറ്റൻഡൻസ് സ്റ്റാറ്റസ് കണ്ട് പ്രിൻസിപ്പാൾ അമ്പരന്നുപോയി.

'എന്താണിത് ജോംസീ.'

'അങ്കിൾ...ഓഹ്...സോറി...സർ...അറ്റൻഡൻസ് വളരെയധികം കുറവാണ്...'

'എൻറെ കർത്താവേ...കോളേജീന്ന് ഒരു പ്രൊഫസർ മൂന്നു മാസം ലീവെടുത്തുപോയതിന് ഞാനെന്തുചെയ്യാനാ...ജോംസിക്കറിയാമോ പ്രൊഫസർ നിക്കോൾസനു ലീവ് കൊടുക്കാൻ എനിക്ക് തീരെ താൽപ്പര്യമില്ലായിരുന്നു. അപ്പോൾ അയാൾ പറയുവാ അയാൾ റിസൈൻ ചെയ്യുമെന്ന്. ഇനി എന്നാണാവോ ഈ കോളേജിലേക്കയാൾ വരാൻപോകുന്നത്. ഒരുപക്ഷെ മറ്റു കോളേജുകൾ വല്ലതും അയാളെ വലവീശിപ്പിടിച്ചിരിക്കുമോ...?'

'നോ സർ...അദ്ദേഹം പണം നോക്കി ജോലിചെയ്യുന്ന ഒരാളായി എനിക്കോ മറ്റുള്ളവർക്കോ ഇതുവരെ തോന്നിയിട്ടില്ല. അതൊക്കെ സാറിൻറെ തോന്നലാണ്. നമ്മളൊക്കെ മലയാളികളായതുകൊണ്ടാണ് ഇങ്ങനെയൊക്കെ ചിന്തിക്കുന്നത്...'

ചെറുപുഞ്ചിരിയോടെ ജോംസി മിസ്സ് മറുപടി പറഞ്ഞു.

'അതേയതെ...മിസ്സ് പൊയ്ക്കോളൂ...'

ജോംസി മിസ്സിനെ പറഞ്ഞുവിട്ട ശേഷം പ്രിൻസിപ്പാൾ നിക്കിൻറെ ഫോണിലേക്ക് വിളിച്ചു. പക്ഷേ അത് പരിധിക്കുള്ളിൽ അല്ലായെന്നുള്ള മറുപടിയാണ് ലഭിച്ചത്. അയാൾ താടിക്ക് കൈയും കൊടുത്ത് എന്തൊക്കെയോ ആലോചിച്ചുകൊണ്ട് അവിടെത്തന്നെയിരുന്നു.

വൈകിട്ട് ഹോസ്റ്റലിലെത്തിയശേഷവും ജോംസി മിസ്സ് പ്രൊഫസർ നിക്കോൾസൻറെ കാര്യമാണ് ചിന്തിച്ചത്. 'എങ്ങോട്ടായിരിക്കും അദ്ദേഹം പോയിക്കളഞ്ഞത്...?' അവർ സ്വയം ചോദിച്ചു.

മിസ്സ് ജോംസി ആ കോളേജിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ. ഇതിനോടകം തന്നെ അവരും പ്രൊഫസർ നിക്കോൾസനെ മനസ്സുകൊണ്ട് ആരാധിച്ചിരുന്നു. ജോംസി മിസ്സിനെ കണ്ടാൽ ആ കോളേജിൽത്തന്നെ പഠിക്കുന്ന ഏതെങ്കിലും വിദ്യാർഥിനിയാണെന്നേ പറയൂ. വെളുത്ത് കുറച്ച് മെലിഞ്ഞ ശരീരപ്രകൃതിയും ഇരു വശത്തേക്കും കിടന്നിരുന്ന ചുരുണ്ട തലമുടിയും ഏതുനിമിഷവും പുഞ്ചിരി നിറഞ്ഞ മുഖവും അവരെ മറ്റുള്ളവരിലേക്ക് ആകർഷിക്കാൻ ധാരാളമായിരുന്നു...!

എല്ലാവരോടുമുള്ള എളിമനിറഞ്ഞ പെരുമാറ്റം കോളേജ് സ്റ്റാഫിനിടയിൽ പ്രീതിനേടാൻ അവരെ വളരെയധികം സഹായിച്ചു. പ്രൊഫസർ നിക്കോൾസനെപ്പോലെതന്നെ ജോംസി മിസ്സും ആ കോളേജിലെ മറ്റൊരു ശ്രദ്ധാ

കഥാപാത്രമായിരുന്നു. അദ്ധ്യാപികയാണെന്നും പറഞ്ഞ് പരിഷ്കാരമായ വേഷങ്ങൾ മാത്രമായിരുന്നില്ല അവർ ഉപയോഗിച്ചിരുന്നത്. മാറിമാറി വരുന്ന ട്രെൻറുകൾ അവരിലും പ്രതിഫലിച്ചു. ആ ഇരുപത്തിയേഴുകാരിയുടെ പരിഷ്കൃത വേഷങ്ങൾ കോളേജിനുള്ളിൽ മാത്രം ഒതുങ്ങിനിന്നു...!

അവരും വിവാഹം കഴിച്ചിരുന്നില്ല. വിവാഹത്തെപ്പറ്റി വീട്ടുകാർ പറഞ്ഞുതുടങ്ങിയപ്പോഴേ വിദേശത്തുപോയി ജീവിതാനുഭവങ്ങൾ സമ്പാദിക്കുകയെന്ന ലക്ഷ്യവുമായി നടന്ന അവർ ഫ്ളോറിഡയിലെ ഉന്നത ഇന്ത്യൻ കോളേജിൻറെ പ്രിൻസിപ്പാളായ തൻറെ അങ്കിളിൻറെയൊപ്പം ഫ്ളോറിഡയ്ക്ക് പറന്നു.

ആളുകൾക്ക് പൂർണ്ണസ്വാത്രന്ത്രമുള്ള ആ നാട്ടിലും അച്ചടക്ക പരമായി ഇന്ത്യൻ സംസ്കാരം പിൻതുടരുന്ന പെൺകുട്ടികളുടെ ഹോസ്റ്റലിൽ തന്നെയാണ് അവരും താമസ്സിച്ചിരുന്നത്...!

സമയം രാത്രി 11:30

ജെസ്സിയുടെ ഫോണിലേക്ക് ഒരു കോൾ വന്നു. ജെസ്സി ജോംസി മിസ്സിൻറെ റൂം മേറ്റാണ്. കോൾ വന്നയുടൻ അവൾ ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റ് ബാത്റൂമിൽ കയറി. അവളുടെ ക്ലാസ്സിൽ പഠിച്ചിരുന്ന റ്റോജിയായിരുന്നു വിളിച്ചത്. അവൻറെ കോൾ കട്ട് ചെയ്തശേഷം അവൾ ഉടൻതന്നെ മറ്റുരണ്ട് കോളുകൾ ചെയ്തു. എന്നിട്ട് ടോയിലറ്റ് ഒന്ന് ഫ്ളഷ് ചെയ്തിട്ട് പുറത്തേക്കിറങ്ങി. അപ്പോഴും ജോംസി മിസ്സ് ഒന്നുമറിയാതെ ഉറങ്ങുകയായിരുന്നു. അവരെ ഒന്നുകൂടി നോക്കിയശേഷം ശബ്ദമുണ്ടാക്കാതെ മുറിയുടെ വാതിൽ തുറന്ന് പുറത്തിറങ്ങിയ അവൾ പഴയ പോലെതന്നെ കതക് ചാരിയിട്ട് ധൃതിയിൽ ഹോസ്റ്റലിൻറെ ഇടനാഴിയിലേക്കോടി. അവിടെ ഇരുട്ടിൽ അവളെയും പ്രതീക്ഷിച്ചുകൊണ്ട് രണ്ടുപേർ നിൽപ്പുണ്ടായിരുന്നു..!



# ആറ്

ഇടനാഴിയിൽ നിന്നിരുന്ന രണ്ടുപേരെയും കണ്ടപ്പോൾ ജെസ്സിയുടെ മുഖം വികസിച്ചു. അതിലൊന്ന് റൂബിയും മറ്റൊന്ന് താരയുമായിരുന്നു. ഇരുവരും ജെസ്സിയുടെ ക്ലാസ്സിൽ തന്നെയുള്ളവരാണ്. റൂബിയുടെ കുടുംബം ഫ്ളോറിഡയിലെ തന്നെ ഒരു മലയാളി ബിസിനസ്സ് കുടുംബമാണ്. ചെറുപ്പം കേരളത്തിലും യൗവ്വനം ഫ്ളോറിഡയിലെ സ്കൂൾ ബോർഡിങ്ങുകളിലുമായി തള്ളിനീക്കിയതിനാൽ തനിച്ചും കൂട്ടവുമായുള്ള ഏതൊരുവിധ തരികിട പരിപാടികൾ തുടങ്ങിവയ്ക്കുവാനും അവൾക്ക് പ്രത്യേക താൽപ്പര്യമായിരുന്നു. തനി നാട്ടിൻപുറത്തുകാരിയായ താര അവളുടെ അച്ഛൻറെ നിർബന്ധപ്രകാരമാണ് അയാളുടെ ജോലിസ്ഥലമായ ഫ്ളോറിഡയിലേക്ക് ഉപരിപഠനത്തിനായി വന്നെത്തിയത്. ആദ്യം നാണത്തോടെ മറ്റുള്ളവരിൽനിന്നും അകലം പാലിച്ചെങ്കിലും മലയാളികളായ റൂബിയോടും ജെസ്സിയോടും വൈകാതെതന്നെ അവൾ സുഹൃത്ബന്ധം സ്ഥാപിച്ചു. ജെസ്സിയുടെയും മാതാപിതാക്കൾ ഫ്ളോറിഡയിൽത്തന്നെ ജോലിയുള്ളവരായതിനാൽ ഹൈസ്കൂൾ ആയപ്പോൾത്തന്നെ അവളെയും കേരളത്തിൽനിന്നും വീട്ടുകാർ ഫ്ളോറിഡയിലേക്ക് പറിച്ചുനട്ടു. മൂവരും ജേർണലിസം ഡിപ്പാർട്ട്മെൻറായിരുന്നതിനാൽ പഠനത്തിനും താമസത്തിനുമായി കോളേജ് ഹോസ്റ്റൽത്തന്നെ തിരഞ്ഞെടുത്തു.

'എത്ര നേരമായെന്നോ നിൻറെ കോളും നോക്കി ഞങ്ങൾ ഉറങ്ങാതെ കിടക്കുന്നത്' റൂബി പറഞ്ഞു.

'അതേയതെ...' താര അതിനെ സപ്പോർട്ട് ചെയ്തു.

'എടീ പൊട്ടികളേ... നമ്മൾ മൂന്നും മാത്രമല്ലല്ലോ നമ്മുടെ ഓപ്പറേഷനിലെ കൂട്ടാളികൾ. അവന്മാർ വിളിക്കുന്നതും കാത്ത് ഞാനും ഉറങ്ങാതെ കിടക്കുകയായിരുന്നു. പിന്നെ നിനക്കൊക്കെ എന്ത് പേടിക്കാനാ, ഞാൻ ആ ജോംസി മിസ്സ് അറിയാതെ പുറത്തുകടക്കണ്ടേ...'

'ശരി ശരി...എന്തായാലും ഇവിടെത്തന്നെ ഇനിയും നിന്ന് സമയം കളയണ്ട. വേഗം വാ നമുക്ക് മതില് ചാടാം.' റൂബി ആവേശത്തോടെ പറഞ്ഞു.

അവർ മൂന്നും കൂടി ശബ്ദമുണ്ടാക്കാതെ ഹോസ്റ്റൽ ബിൽഡിങിൻറെ പിന്നിലെ മതിലിനടുത്തേക്ക് നീങ്ങി. അടുത്തുള്ള കുറ്റിക്കാട്ടിൽ സൂക്ഷിച്ചിരുന്ന രണ്ട് വലിയ കട്ടകൾ വളരെ കഷ്ടപ്പെട്ട് മതിലിനോട് ചേർത്ത് അടുക്കിവച്ചിട്ട് മൂന്നുപേരും ഒന്നുകൂടി പരിസരമാകെ നിരീക്ഷിച്ചു. ജെസ്സിയായിരുന്നു മതിൽ ചാടാൻ വില്ലത്തി. ഒറ്റ നിമിഷം

കൊണ്ട് അവൾ മതിലിനപ്പുറത്തേക്ക് എടുത്തുചാടി. തൊട്ടുപിന്നാലെ റൂബിയും മതിലിൽ വലിഞ്ഞുകയറി നിന്നു. എന്നിട്ട് താരയെ വലിച്ചുകയറ്റി. പെട്ടെന്നുതന്നെ രണ്ടുപേരും മതിലിനപ്പുറം കടന്നു..!

മതിലിനപ്പുറം വിജനമായ റോഡാണ്. മൂന്നുപേരും അവരവരുടെ സ്ഥിരവേഷങ്ങൾ എടുത്തണിഞ്ഞു. വെള്ളപുതച്ച മൂന്ന് രൂപങ്ങൾ റോഡിലൂടെ നടന്നകന്നു.

‘ഈ രൂപത്തിൽ നമ്മളെക്കണ്ടാൽ ഏതവനാണേലും പേടിക്കും... അല്ലേടീ...’ താര പറഞ്ഞു.

‘നിന്നെക്കണ്ടാൽ അല്ലേലും പേടിക്കും. ഫ്ളോറിഡയിൽപ്പോലും തനി മലയാളി ലുക്കിൽ മുടിയും നീട്ടിവളർത്തി നടക്കുവല്ലേ വടയക്ഷിയെപ്പോലെ. ആ മുടിയൊക്കെ വെട്ടി ബോയ് കട്ടടിക്ക്... ഇപ്പ അതാ ട്രെൻറ്...’ റൂബി അവളുടെ മുടിയിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

ദൂരെനിന്നും നടന്നുവരുന്ന ആ മൂന്ന് രൂപങ്ങളെയും കാത്ത് നാലുപേർ റോഡ് സൈഡിലെ വയസ്സൻ പൈൻ മരത്തിൻറെ ചുവട്ടിലായി നിൽപ്പുണ്ടായിരുന്നു. റ്റോജി, വിക്കി, ഷാനു, അലക്സ്. റ്റോജിയും വിക്കിയും ഷാനുവും കേരളത്തിൽ ഒന്നിച്ച് പഠിച്ചവരാണ്. സാമാന്യം തെറ്റില്ലാത്ത കുടുംബത്തിലുള്ളവരായിരുന്നതിനാൽ നാട്ടിലെ പഠനത്തിനുശേഷം മൂവരും ഒരുപോലെ തീരുമാനമെടുത്തുകൊണ്ട് ഉപരിപഠനത്തിനായി ഫ്ളോറിഡയിലേക്ക് പറന്നു. അലക്സ് ജനിച്ചതും വളർന്നതുമെല്ലാം കേരളത്തിലായിരുന്നെങ്കിലും തൻറെ ഡാഡിയുടെയും മമ്മിയുടെയുമൊപ്പം തികച്ചും അപ്രതീക്ഷിതമായാണ് കാനഡയിലേക്ക് വന്നെത്തുന്നത്. പിന്നീട് ചില കുടുംബപ്രശ്നങ്ങൾമൂലം കേരളത്തിലേക്ക് അവനും മമ്മിയും തിരികെപ്പോയെങ്കിലും കേസുകൾക്കും മറ്റുമായി കാനഡയിലേക്ക് തിരികെയെത്തേണ്ടിവന്നു. ഈ പ്രശ്നങ്ങൾക്കിടയിൽ ഒരുതവണ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നെങ്കിലും കാനഡയിൽ ജേർണലിസം പൂർത്തിയാക്കി ഒരു ചാനലിൽ ജോലിക്ക് കയറി. ശേഷം ജേർണലിസത്തിൽ വീണ്ടും ഉപരിപഠനം നടത്തുവാനായി അവൻ ഫ്ളോറിഡയിലെത്തി അവരുടെ കോളേജിൽത്തന്നെ ജോയിൻ ചെയ്യുകയായിരുന്നു. മലയാളികളായിരുന്നതിനാലും ഹോളിവുഡ് സിനിമാ സംവിധായകൻ ക്രിസ്റ്റഫർ നൊളാൻറെ കടുത്ത ആരാധകരായിരുന്നതിനാലും റ്റോജിയും വിക്കിയും ഷാനുവും അലക്സും കുറഞ്ഞ നാളുകൾ കൊണ്ടുതന്നെ ഉറ്റ മിത്രങ്ങളായി മാറി. ഈ നാലുപേരും ബാക്കി മൂന്ന് പെൺകുട്ടികളും ചേർന്നതാണ് കോളേജിൽ തരികിടകൾക്ക് നല്ല രീതിയിൽ പേരെടുത്ത മലയാളി ഗ്യാങ്ങ്.

‘ഹോ എത്തിയോ... എങ്ങനെ ചാടി മക്കളേ’ അവരെ കണ്ടയുടൻ റ്റോജി ചോദിച്ചു.

‘പിന്നേ... ഇതൊക്കെ എന്ത് ചാട്ടം ഡ്യൂഡ്... ഞങ്ങളൊന്ന് മനസ്സുവച്ചാൽ ചൈനയുടെ വൻമതിൽ വേണേലും ചാട്ടും’ ജെസ്സി ലാഘവത്തോടെ പറഞ്ഞു.

‘പൊട്ടക്കോമഡി പറയാതെ വേഗം വാ... ഇവിടെ അധിക സമയം നിൽക്കുന്നത് അത്ര പന്തിയല്ല. നമുക്ക് വേഗം നമ്മുടെ ഓപ്പറേഷൻ തുടങ്ങാം’ അത് പറഞ്ഞിട്ട് ഷാനു മുന്നോട്ട് നടന്നു. അവരും അവനെ അനുഗമിച്ചു.

കൂരിരുട്ടിൽ മോഷ്ടാക്കളെപ്പോലെ ആ ഏഴുപേരും നടന്നു നീങ്ങി. ബോയ്സ് ഹോസ്റ്റലും കടന്ന് മുന്നോട്ടുപോയ അവർ ഒരു വീടിൻറെ ഗേറ്റിന് മുന്നിലെത്തിയപ്പോൾ നിന്നു. താര ഗേറ്റിൽ എഴുതിവച്ചിരുന്ന പേര് വായിച്ചു. പ്രൊഫസർ നിക്കോൾസൺ, ഡിസ്കവറി ഹൗസ്, ഹൗസ് നമ്പർ 43.



‘എടീ... റൂബിയേ... വല്ല പ്രശ്നവും ഉണ്ടാകുമോ..?’

‘ഹോ...ഈ താരയുടെ ഒരു പേടി... നിനക്ക് പേടിയായിരുന്നുവെങ്കിൽ എന്തോന്നിനാ വന്നത്...’

‘പേടിയൊന്നുമില്ലെടീ... എങ്കിലും ചെറിയൊരു വെപ്രാളം. രാത്രി ചാടി കറങ്ങാൻ പോകുന്ന പോലെയല്ലല്ലോ ഇത്.’

‘ഒന്നും പേടിക്കാനില്ലെടീ... നമ്മൾ കക്കാനും മോഷ്ടിക്കാനുമൊന്നുമല്ലല്ലോ വന്നത്. സർ ഇത്രയും കാലം നമ്മളാരെയും കാണിക്കാതെ അടച്ചിട്ടിരിക്കുന്ന ആ ഒരു

മുറിയിൽ എന്താണെന്നറിയാനല്ലേ... പുള്ളിക്കാരനിനി മൂന്നുമാസം കഴിഞ്ഞേ തിരിച്ചെത്തു... നമ്മുടെയൊക്കെ എത്രയോ നാളത്തെ ആഗ്രഹമാ ആ മുറിയിലൊന്ന് കയറുകയെന്നത്. ഇങ്ങനെയൊക്കയേ അവസരം ലഭിക്കുകയുള്ളൂ.'

റൂബി ഒരു കള്ളച്ചിരിയോടെ പറഞ്ഞു.

'എങ്കിലും സാറെങ്ങാനും അറിഞ്ഞാൽ നമ്മളെന്തു ചെയ്യും.'

'അതൊന്നും സർ അറിയാൻ പോകുന്നില്ല...നമ്മളായിട്ട് ആരോടും പറയാതിരുന്നാൽ മതി...മനസ്സിലായോ നിനക്ക്..?'

'ഉം... മനസ്സിലായി...' താര മനസ്സില്ലാമനസ്സോടെ മൂളി.

ഇതേസമയം റ്റോജിയും ജെസ്സിയും ഷാനുവും ഗേറ്റ് ചാടിക്കടന്ന് അകത്തെത്തിയിരുന്നു. വിക്കിയും അലക്സും ചേർന്ന് താരയെയും റൂബിയേയും ഗേറ്റ് ചാടാൻ സഹായിച്ചു. അവർ എല്ലാവരുംകൂടി വീടിൻറെ പിൻവശത്തെത്തി. പൂട്ട് കുത്തിപ്പൊളിക്കുന്നതിൽ റൂബിയും ഷാനുവും പ്രമുഖരാണ്. ഷാനു തൻറെ ടൂൾ ബോക്സ് തുറന്നതും പൂട്ട് തകർത്ത് ഡോർ തുറന്നതും ഒറ്റനിമിഷംകൊണ്ട് കഴിഞ്ഞു. ധൃതിയിൽ എല്ലാവരും അകത്തുകടന്നശേഷം വാതിലടച്ചു. ചെറിയ പെൻടോർച്ചിൻറെ വെളിച്ചത്തിൽ അവർ മുകളിലത്തെ നിലയിലേക്ക് നീങ്ങി. പ്രൊഫസറിനെ കാണാനായി സ്ഥിരമായി വന്നിരുന്നതിനാൽ ആ വീടിൻറെ മുക്കും മൂലയും അവർക്ക് പരിചിതമായിരുന്നു. അവരുടെ യാത്ര ചെന്നവസാനിച്ചത് ആ രഹസ്യമുറിയുടെ മുന്നിലായിരുന്നു. ആ മുറിയുടെ വാതിലിൽ 'പേഴ്സണൽ റൂം. ഡു നോട്ട് എൻറർ' എന്ന ബോർഡ് വച്ചിരുന്നു. ഷാനു അവൻറെ കൈയ്യിലുണ്ടായിരുന്ന കള്ളത്താക്കോലുകൾ എല്ലാം ഇട്ട് പ്രയത്നിച്ചിട്ടും അത് തുറക്കാൻ സാധിച്ചില്ല.

'എടാ ഷാനൂ... ഇതുകൊണ്ടൊന്ന് നോക്കിക്കേ.' റൂബി അവളുടെ കൈയ്യിൽ കരുതിയിരുന്ന ഒരു സെറ്റ് താക്കോലുകൾ അവന് കൈമാറി. അവൻ അതും ഓരോന്നായി ഇട്ട് തിരിച്ചു നോക്കി.

'എന്തുപറ്റിയെടാ...'

'ഹോ...റൂബീ....ഇത് വല്ലാത്ത പൂട്ടുതന്നെ...'

ഇതൊക്കെക്കണ്ട് കൂട്ടത്തിലുണ്ടായിരുന്നവർ താടിക്ക് കൈയ്യുംകൊടുത്ത് നിരാശയോടെ നിന്നു.

'നീയിങ്ങോട്ട് മാറെടാ ഷാനൂ....ഞാനൊന്ന് നോക്കട്ടേ...'

അതുംപറഞ്ഞുകൊണ്ട് റൂബി താരയുടെ മുടിയിൽ നിന്നും ഒരു ഹെയർപിൻ ഊരിയെടുത്തു. എന്നിട്ട് അത് വളച്ച് നേരെയാക്കി താക്കോലിൽ ചുറ്റി. അതിൽ ഒന്ന് ചുംബിച്ചശേഷം അവൾ പണി തുടങ്ങി. അഞ്ചുമിനിറ്റത്തെ പ്രയത്നത്തിനൊടുവിൽ വാതിൽ മലർക്കെ തുറക്കപ്പെട്ടു. എല്ലാവരും അവളെ അത്ഭുതത്തോടെ നോക്കി.

'ഇതൊക്കെയെന്ത്.. കേറിവാ എല്ലാം...' അതും പറഞ്ഞുകൊണ്ട് അവൾ അകത്തേക്ക് കയറി ലൈറ്റിട്ടു. ലൈറ്റിൻറെ പ്രകാശത്തിൽ ആ കാഴ്ചകണ്ട ഏഴുപേരും

ഒരുപോലെ നടുങ്ങിവിറച്ചുപോയി.

പ്രൊഫസർ നിക്കോൾസൺ ആ മുറിക്കുള്ളിലെ ഫാനിൽ തൂങ്ങിമരിച്ചുകിടക്കുന്നു...!

# ഏഴ്

കെട്ടിത്തൂങ്ങിക്കിടക്കുന്ന പ്രൊഫസറിനെ കണ്ടപ്പോൾതന്നെ താര മയങ്ങിവീണു..! റൂബി അവളെ താങ്ങിപ്പിടിച്ചു. എല്ലാവരും പെട്ടെന്നുതന്നെ ഭീകരത നിറഞ്ഞുനിൽക്കുന്ന ആ മുറിവിട്ടിറങ്ങി. അവരെല്ലാവരും ആലിലപോലെ വിറയ്ക്കുന്നുണ്ടായിരുന്നു. ജെസ്സി താരയെ തട്ടിയുണർത്തി. പതിയെ അവൾ കണ്ണു തുറന്നു.

'ഞാൻ അപ്പോഴേ പറഞ്ഞില്ലേ വേണ്ടാന്ന്....ഇപ്പോൾ എന്തായി... ഈ മരണത്തിന് ഇനി നമ്മൾ ഉത്തരം പറയേണ്ടിവരുമോ..?'

താര ഉണർന്നയുടൻ പേടിയോടെ ചോദിച്ചു.

എല്ലാവരുടെയും അൽപ്പസമയത്തെ നിശബ്ദതയ്ക്കൊടുവിൽ റ്റോജി സംസാരിച്ചുതുടങ്ങി.

'എന്തായാലും നമ്മൾ വന്നു. വെളിച്ചംപോലും കടക്കാത്ത ആ മുറിക്കുള്ളിൽ കിടക്കുന്ന പ്രൊഫസറിൻറെ ബോഡി എന്തായാലും മൂന്ന് മാസത്തേക്ക് പുറത്തിറങ്ങില്ല. അതുകൊണ്ട് നമുക്ക് എത്രയുംവേഗം തിരിച്ചുപോകാം. നമ്മൾ ഇവിടെ വന്നിട്ടുമില്ല. ഒന്നും കണ്ടിട്ടുമില്ല.' അലക്സ് അതിനെ അനുകൂലിച്ചു.

'എന്തിനായിരിക്കും സർ ഇത് ചെയ്തത്...?' ഷാനു നീരസപ്പെട്ടു.

'എനിക്കെന്തോ സംശയം തോന്നുന്നു ഷാനു. ഈ മരണത്തിനുപിന്നിൽ എന്തോ ദുരൂഹതയുണ്ട്' റ്റോജി അവൻറെ അഭിപ്രായം പറഞ്ഞു.

കുറച്ചു നിമിഷത്തേക്ക് അവർക്കിടയിൽ വീണ്ടും നിശബ്ദത തലപൊക്കി.

'എന്തായാലും വന്നു. നമുക്ക് പുള്ളിക്കാരൻ മരിച്ചതിൻറെ വല്ല കാരണവും എഴുതിയോ മറ്റോ വച്ചിട്ടുണ്ടോയെന്ന് നോക്കിയാലോ' റൂബി പറഞ്ഞതുകേട്ട് താര ഞെട്ടി.

'അയ്യോ...വേണ്ട വേണ്ട... നമുക്ക് വേഗം തിരിച്ച് പോകാം' അവൾ ഭയത്തോടെ പറഞ്ഞു.

'എന്താ റൂബീ നീ ഉദ്ദേശിച്ചത്...?' വിക്കി ചോദിച്ചു.

'എടാ... വല്ല ആത്മഹത്യാ കുറിപ്പോ മറ്റോ ഉണ്ടോന്ന് നോക്കാമെന്ന്...'

'ശരിയാ... വന്ന സ്ഥിതിക്ക് കണ്ടു... കണ്ട സ്ഥിതിക്ക് ഇതും മനസ്സിൽ വച്ചോണ്ട് കുറഞ്ഞത് മൂന്നുമാസമെങ്കിലും നടക്കേണ്ടിവരും. എങ്കിൽപ്പിന്നെ അതിൻറെ

കാരണമെങ്കിലും അറിഞ്ഞാൽ അത്രയും ടെൻഷനെങ്കിലും ഒഴിവായിക്കിട്ടുമല്ലോ' ജെസ്സി റൂബിയെ അനുകൂലിച്ചു.

'എനിക്ക് പേടിയാവുന്നു'

'ഒന്ന് മിണ്ടാതിരിക്ക് താരേ...' വിക്കി പല്ലുകടിച്ചുകൊണ്ട് പറഞ്ഞു. അവൾ പരിഭവത്തോടെ റൂബിയെ നോക്കി.

എല്ലാവരുടെയും അഭിപ്രായം നോക്കിയപ്പോൾ താരയൊഴികെ ബാക്കിയെല്ലാവർക്കും മരണ കാരണം അറിയണം എന്ന താൽപ്പര്യമായിരുന്നു...! അങ്ങനെ അവർ മുറിക്കുള്ളിൽ തിരിച്ചുകയറി അദ്ദേഹം മരിക്കാനിടയായ കാരണം എന്തെങ്കിലുമുണ്ടോയെന്ന് കണ്ടെത്താൻ തീരുമാനിച്ചു.

'ഇവളെക്കൊണ്ടുതന്നെ മുറി തുറപ്പിക്കാം...ഡീ താരേ...നിൻറെ പേടി മാറട്ടെ. നീ തന്നെ കതകുതുറക്ക്...' റൂബി അവളുടെ കൈയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

'എനിക്ക് പേടിയാ... എന്നെ വിട്ടേക്ക്...' അതും പറഞ്ഞുകൊണ്ട് അവൾ പിന്നിലേക്ക് വലിയാൻ ശ്രമിച്ചെങ്കിലും റൂബി അതിന് സമ്മതിച്ചില്ല.

'പേടി മാറി നീയൊന്ന് നേരെയാവാനാ ഈ ട്രീറ്റ്മെൻറ്. ഇല്ലേൽ ഇത് നിൻറെ മനസ്സിൽ നിൽക്കില്ല. ഞങ്ങളൊക്കെയില്ലേ...തുറക്ക് താരേ' റൂബി ശാസനാസ്വരത്തിൽ പറഞ്ഞു.

ഒടുവിൽ വിറയ്ക്കുന്ന കൈകളോടെ താര വാതിൽ തള്ളിത്തുറന്നു. റ്റോജി വീണ്ടും മുറിക്കുള്ളിലെ ലൈറ്റിട്ടു.

'ഡാ...ഷാന്റൂ...അലക്സേ... വിക്കീ... നിങ്ങൾ സാറിൻറെ പോക്കറ്റിലോ മറ്റോ വല്ല കുറിപ്പുമുണ്ടോയെന്ന് നോക്ക്. ഞങ്ങൾ ഇവിടെയെല്ലാം നോക്കാം' റ്റോജി പറഞ്ഞു. അത് കേട്ടപാടെ അവർ മൂന്നുപേരും തൂങ്ങിക്കിടക്കുന്ന ആ ശവശരീരത്തിനടുത്തേക്ക് നീങ്ങി.

പ്രൊഫസറിൻറെ ചലനമറ്റ ശരീരത്തോട് അടുക്കുംതോറും അവരിലെ ആകാംക്ഷ കൂടിക്കൂടിവന്നു. വിക്കിയാണ് ആ ശരീരത്തെ ആദ്യം സ്പർശിച്ചത്. ആ നിമിഷം തന്നെ അവൻ ഉച്ചത്തിൽ ചിരിക്കുവാൻ തുടങ്ങി.

'എന്താടാ...എന്തുപറ്റി...നിനക്ക് വട്ടായോ..?'

താര ദേഷ്യത്തോടെ ചോദിച്ചു. അവൻ ചിരി നിർത്തിയിട്ട് താരയെ നോക്കി. 'എടീ...പൊട്ടികളേ... പൊട്ടന്മാരേ... സർ നമുക്കിട്ട് ഉഗ്രനൊരു പണിതന്നതാ.....ഹഹഹ...'

'എന്ത് പണി...'

ആകാംക്ഷ നശിച്ച റൂബി അവൻറെ ചിരിയെ തടസ്സപ്പെടുത്തിക്കൊണ്ട് ചോദിച്ചു.

'നിങ്ങൾ എല്ലാരുംകൂടിപോയി ആ ഡെഡ്ബോഡിയിൽ ചെന്ന് തോട്ടുനോക്ക്. അപ്പോൾ മനസ്സിലാകും.' വിക്കി ഒറ്റശ്വാസത്തിൽ പറഞ്ഞു.

അതു കേട്ടപ്പോൾ എല്ലാവരും അവനിൽ നിന്നും ഡെഡ്ബോഡിയിലേക്ക് ശ്രദ്ധതിരിച്ചു.

ആകാംക്ഷ നിറഞ്ഞ നിമിഷങ്ങൾ. താര അവരുടെയൊപ്പം പോകാതെ അവിടെത്തന്നെ നിന്നു. ശരീരത്തിനോട് അടുക്കും തോറും എല്ലാവരിലെയും ഭയം കുറഞ്ഞുകുറഞ്ഞ് ഇല്ലാതായി. മാത്രമല്ല അവരിൽനിന്നും ചിരിയുയർന്നു. ആ ശരീരത്തിൽ അവർ ആവോളം ഞെക്കുകയും കുത്തുകയുമൊക്കെ ചെയ്തു..!

‘ഹോ... ഈ സർ ഇങ്ങനെ മനുഷ്യനെ പറ്റിക്കുമെന്ന് കരുതിയില്ല...’

അവർ ചെയ്യുന്നതൊക്കെ കണ്ടപ്പോൾ കാര്യം മനസ്സിലാക്കിയ താര സന്തോഷത്തോടെ പറഞ്ഞു. സത്യത്തിൽ ആ തൂങ്ങിക്കിടന്നത് പ്രൊഫസറിൻറെ ചെറിയൊരു തന്ത്രം മാത്രമായിരുന്നു. തൻറെ രഹസ്യമുറിയിൽ ആരെങ്കിലും അതിക്രമിച്ചുകടന്നാൽ അവരെ ഭയപ്പെടുത്തി ഓടിക്കാനായി തൻറെ അതേ രൂപത്തിലുള്ള ഒരു ഡമ്മി ആ മുറിയിൽ കെട്ടിത്തൂക്കിയ ശേഷമാണ് അയാൾ പോയത്. ആ തന്ത്രം ഫലിച്ചെങ്കിലും നിക്കോൾസനെപ്പോലെ തന്നെ ലക്ഷ്യത്തിൽനിന്നും പിന്മാറാൻ തയ്യാറല്ലാത്ത അവർക്ക് ആ സംഭവത്തിലൂടെ കൂടുതൽ ധൈര്യം കിട്ടുകയാണ് ചെയ്തത്.

‘ഹോ...ഇനി സമയം കളയണ്ട... നമുക്ക് നോക്കാം എല്ലാവരിൽനിന്നും സർ എന്താണ് ഈ മുറിയിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നതെന്ന്...’ റൂബി പറഞ്ഞു.

‘എങ്കിൽപ്പിന്നെ നമുക്ക് പണിതുടങ്ങാം...’ ഷാനു ആവേശത്തോടെ പറഞ്ഞു.

തണുപ്പ് സമയമായിരുന്നതിനാൽ ഓരോരുത്തരും തുണിയുടെ കൈയ്യുറകൾ ധരിച്ചിരുന്നു. അതിനാൽ തെളിവുകൾ ഒന്നും അവിടെ അവശേഷിക്കില്ല എന്ന ഉറപ്പും അവർക്കുണ്ടായിരുന്നു. തിരച്ചിലിനായി ഓരോരുത്തരും മുറിയുടെ ഓരോ ഭാഗങ്ങൾ ഏറ്റെടുത്തു.



‘ദാ... ഇതുകണ്ടോ’ വിക്കി വിളിച്ചുപറഞ്ഞു.

‘എന്താടാ അത്...’ ജെസ്സി ചോദിച്ചു.

‘നോക്കിക്കേ...ഇതിൻറെ മുകളിൽ എഴുതിവച്ചിരിക്കുന്നത്. ഈ കവറിൽ ഡയാന രാജകുമാരിയുടെ തലമുടി സൂക്ഷിച്ചുവച്ചിരിക്കുന്നുപോലും...തലമുടിയെപ്പോലും വെറുതേ വിടില്ലല്ലോ ഈ സാറ്’ വിക്കി പുച്ഛത്തോടെ പറഞ്ഞു.

‘അയ്യോടാ...സാറ് തലമുടിയല്ലേ സൂക്ഷിച്ചുള്ളൂ. നിൻറെ കൈയ്യിൽ ലേഡീസ് ഹോസ്റ്റലിലെ ഒട്ടുമിക്ക പെൺപിള്ളരുടേം...’ ഷാനുവിനെക്കൊണ്ട് ബാക്കി പറയിപ്പിക്കാതെ വിക്കി അവൻറെ വായ പൊത്തിപ്പിടിച്ചു. റൂബിയും ജെസ്സിയും അതു കണ്ട് ചിരിച്ചു.

‘നിങ്ങൾ തമാശ പറഞ്ഞ് സമയം കളയാതെ നമ്മൾ വന്ന കാര്യം നോക്ക്.’ താര പരുക്കമായി പറഞ്ഞുകേട്ട് ബാക്കിയുള്ളവർ ഞെട്ടി. അവളെ ആശ്ചര്യത്തോടെ കണ്ണുമിഴിച്ച് നോക്കിക്കൊണ്ട് ബാക്കിയുള്ളവർ വീണ്ടും ആ വലിയ മുറിയുടെ പല ഭാഗങ്ങളിലേക്കും നീങ്ങി. തങ്ങൾക്ക് ആവശ്യമുള്ള ഒന്നും അവിടെ ഉണ്ടാവില്ലയെന്ന് അവർക്ക് അറിയാമായിരുന്നുവെങ്കിലും ജീവിതത്തിൽ അവിടെ ഇനി കയറാൻ മറ്റൊരവസരം കിട്ടില്ലയെന്ന വിശ്വാസത്തോടെ മാത്രമായിരുന്നു അവർക്ക് മുന്നിൽ അടഞ്ഞു കിടന്ന വാതിൽ തുറന്നുകിട്ടിയ സന്തോഷത്തിമർപ്പിൽ അവർ അവിടമാകെ അരിച്ചുപെറുക്കിയത്. മാത്രമല്ല പ്രൊഫസർ നിക്കോൾസൺ അവരെ

കാണിക്കാനാവാത്ത എന്തോ ഒന്ന് അതിൽ സൂക്ഷിച്ചിരുന്നെന്നും അവർക്ക് തോന്നിയിരുന്നു. പക്ഷേ കുറേ പുരാവസ്തുക്കളല്ലാതെ മറ്റൊന്നും കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല.

ഇതിനിടയിൽ റൂബി പ്രൊഫസറിൻറെ മേശ കുത്തിത്തുറന്നു.

'എല്ലാരും ഓടിവാ... സാറിൻറെ ഈ കഴിഞ്ഞ വർഷത്തെ ഡയറി. കഴിഞ്ഞ ആഴ്ചവരെയുള്ളതുണ്ട്... അതായത് സർ കോളേജിൽ നിന്നും യാത്ര പറഞ്ഞ് പോയദിവസംവരെയുള്ളത്' റൂബി സന്തോഷത്തിൽ വിളിച്ചുപറഞ്ഞു.

പ്രൊഫസറിൻറെ ഡയറിയെന്ന് കേട്ടയുടൻ എല്ലാവരും റൂബിക്ക് ചുറ്റും വട്ടംകൂടി. അലക്സ് അത് വാങ്ങി ആ ടേബിളിൻറെ മുകളിൽ വച്ചു. തങ്ങൾക്ക് അറിയേണ്ടതെല്ലാം ആ ഡയറിയിലുണ്ടെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. ഓരോ താളുകളും അവർ തിടുക്കത്തിൽ മറിച്ചു. മിക്കവയിലും പ്രത്യേകിച്ച് ഒന്നും കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല. അവയിലൊക്കെ ഏറിയപങ്കും കോളജിലെ കാര്യങ്ങളാണ് പറഞ്ഞിരുന്നത്. പക്ഷേ ഏകദേശം നവംബർ മാസമായപ്പോൾ മുതൽ കോളേജിലെ കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായ കാര്യങ്ങളിലേക്ക് ഡയറിയെഴുത്ത് തിരിഞ്ഞു. പെട്ടെന്ന് ഡയറിയിൽനിന്നും ഒരു പേജ് താഴേക്ക് വീണു. താര തിടുക്കത്തിൽ അത് എത്തിയെടുത്തു.

'അയ്യോ... ഇത് വെട്ടിയിട്ടേക്കുവാ' അവൾ നിരാശയിൽ പറഞ്ഞു.

'ഇങ്ങുതാ...ഞാനൊന്ന് നോക്കട്ടേ...' റ്റോജി അത് വാങ്ങി.

'ഇത് ഒരു വരയല്ലേയുള്ളൂ... അതിനാണോ നീ വെട്ടും കുത്തും എന്നൊക്കെ പറഞ്ഞ് ആളെ പേടിപ്പിക്കുന്നത്. എന്തായാലും ഞാൻ വായിക്കാം'

(സെപ്റ്റംബർ 25)

'ജീവിതത്തിലാദ്യമായി ഞാൻ വിവാഹത്തെപ്പറ്റി ചിന്തിച്ച ദിവസം..! മിസ്സ് ജോംസി... അവരെ കണ്ട നിമിഷം മുതൽ എൻറെ പല തീരുമാനങ്ങളും മാറിക്കൊണ്ടിരുന്നു. അതിപ്പോൾ വിവാഹത്തെപ്പറ്റി ചിന്തിപ്പിച്ചും തുടങ്ങിയിരിക്കുന്നു. പെണ്ണ് എന്ന സങ്കൽപ്പം ഒട്ടുമില്ലാതിരുന്ന എനിക്ക് അവരുടെ പെരുമാറ്റവും രീതികളും വല്ലാതെ ആകർഷിച്ചു. ഞാൻ എങ്ങനെ ആകരുതെന്ന് കരുതിയോ അങ്ങനെയൊക്കെ ആയിത്തീരുന്നു. ഒരു കോളേജ് ലക്ചറർ ഒരിക്കലും ഇങ്ങനെ ചിന്തിക്കാൻ പാടുള്ളതല്ല. എനിക്കറിയാം... മാത്രമല്ല... എൻറെ ജീവിത രീതികളോട് പൊരുത്തപ്പെടുവാൻ ഒരു പെണ്ണിനും സാധിക്കില്ല. എന്തിന് ഞാൻ അവരുടെ ജീവിതം നശിപ്പിക്കണം. അതു കൊണ്ട് എൻറെ ഇഷ്ടം എൻറെ മനസ്സിൽത്തന്നെയിരിക്കട്ടെ...!'

അത്രയും എഴുതി നിർത്തിയിരുന്ന ആ താളിൽ നോക്കി മിഴിച്ചിരുന്ന എല്ലാവരും പരസ്പരം നോക്കി കണ്ണുമിഴിച്ചു. 'സാറേ...' അവർ എല്ലാവരുംകൂടി ഒരേ സ്വരത്തിൽ നീട്ടിവിളിച്ചു.

‘ശ്ശ്... മിണ്ടാതെ... നമ്മുടെ ശബ്ദം കേട്ട് ആരെങ്കിലും വരും..’ താര ചുണ്ടത്ത് വിരലുവച്ചുകൊണ്ട് പറഞ്ഞു.

‘ഉം... നമ്മുടെ സർ ആള് കൊള്ളാമല്ലോ. ഒരു ക്ലൂ പോലും ആർക്കും കൊടുക്കാതെ പ്രണയിച്ചുകളഞ്ഞല്ലോ. അതും ജോംസി മിസ്സിനെ’ ജെസ്സി അത്ഭുതപ്പെട്ടു.

‘ഹാ... അതേ...’ താര നിരാശകലർന്ന ശബ്ദത്തിൽ പ്രതികരിച്ചു.

‘എന്തായാലും മിസ്സ് ഭാഗ്യവതിയാ... സാറിനെപ്പോലെ ഒരാളെ കിട്ടണമെങ്കിൽ പുണ്യം ചെയ്യണം’ ജോംസി മിസ്സിൻറെ റൂംമേറ്റ് കൂടിയായ ജെസ്സി അഭിമാനത്തോടെ പറഞ്ഞു.

‘എന്ത് ഭാഗ്യം... അങ്ങേര് അയാളുടെ ഇഷ്ടംപോലും പറയാതെ പോയിക്കളഞ്ഞില്ലേ...’ റൂബി ആരോടെന്നില്ലാതെ പിറുപിറുത്തു.

‘അതൊക്കെ വിട്... നമുക്ക് ഇതിൻറെ ബാക്കികൂടി വായിക്കാം...’ ഷാനു അവരെ ഓർമിപ്പിച്ചു. അങ്ങനെ ഡയറിയിലെ വായന അവസാനിപ്പിച്ച ഭാഗത്തുനിന്നും തുടർന്നു വായിക്കുവാനായി ആ ടേബിളിന് ചുറ്റും അവർ വീണ്ടും ഒത്തുകൂടി.

# എട്ട്

പ്രൊഫസറിൻറെ ഡയറിയിൽ അയാളുടെ പ്രധാനപ്പെട്ട ദിവസങ്ങൾ മാത്രം അടയാളംവച്ച് വായിക്കുവാനുള്ള പേജുകൾ മുഴുവൻ അവർ തരപ്പെടുത്തി. ഒടുവിൽ അടയാളം വച്ചിരുന്ന പേജുകൾ ഓരോന്നായി വായിക്കുവാൻ ആരംഭിച്ചു.

(നവംബർ 5)

ഇന്ന് അപ്രതീക്ഷിതമായി എനിക്കൊരു നിധി കിട്ടി. ഒരു വലിയ നിധി..!

ഇത്രയും നാൾ ആ മൺപ്രതിമയ്ക്കുള്ളിൽ അത് മറഞ്ഞിരുന്നു എന്ന് ചിന്തിക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. ആ പ്രതിമ എൻറെ കൈയ്യിൽത്തന്നെ വന്നുചേർന്നതും അത് ഉടഞ്ഞതുമെല്ലാം ദൈവത്തിൻറെ തീരുമാനങ്ങളായി ഞാൻ കാണുന്നു. അതിൽനിന്നും കിട്ടിയ ലൂത്ത ലിപിയിൽ എഴുതിയ ആ തുകൽ പുസ്തകം എനിക്ക് തുറന്നുതന്നത് മറ്റൊരു മായാലോകമായിരുന്നു... മായന്മാരുടെ മായാലോകം..!

രാത്രി ആയപ്പോഴേക്കും അത് കുറച്ച് വായിച്ചുതീർക്കാൻ സാധിച്ചു. വായിച്ചിട്ട് അതിൽ പറഞ്ഞിരിക്കുന്നതൊക്കെ സത്യമാണോ എന്നുതന്നെ സംശയം തോന്നിപ്പോകുന്നു. അത് മുഴുവൻ വായിച്ചാലേ ഒരു അന്തിമ തീരുമാനത്തിലെത്തുവാൻ എനിക്ക് സാധിക്കുകയുള്ളൂ. ഏകദേശം ആയിരത്തോളം പേജുകളുണ്ട് അതിന്. എന്തായാലും ഇത് എൻറെ കൈകളിൽ എത്തിച്ചുതന്ന ദൈവത്തിന് നന്ദി.

(നവംബർ 20)

പുസ്തകം വായന ഏതാണ്ട് പകുതിയാകാറായി. മായന്മാരുടെ തായ്‌വഴികളും അവരുടെ ജന്മദേശവുമെല്ലാം അതിൽ വിവരിച്ചിരുന്നു. അവരിൽ കണ്ടുവന്നിരുന്ന ശക്തികളുടെ ഉറവിടങ്ങളും അത് നേടിയെടുക്കുവാനുള്ള ക്രിയകളും അതിൽനിന്നും നല്ലരീതിയിൽ എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഇന്ന് കോളേജിൽ നിന്നും വന്നശേഷം അവയിലൊന്ന് ഞാൻ പരീക്ഷിച്ചുനോക്കി. ഒരുപാടുനേരത്തെ പരിശ്രമത്തിനൊടുവിൽ എൻറെ നഗ്നനേത്രങ്ങൾ കൊണ്ട് ലാബിൽ വച്ചിരുന്ന സ്കെൽട്ടൻ ചലിപ്പിക്കാൻ എനിക്ക് സാധിച്ചു. അത്ഭുതം എന്താണെന്ന് തിരിച്ചറിഞ്ഞ ആ ഒരു സംഭവത്തോടുകൂടി എനിക്കു കിട്ടിയ തുകൽപുസ്തകം വെറുമൊരു പുരാവസ്തുവല്ല എന്ന് ഞാൻ തിരിച്ചറിഞ്ഞു. മാത്രമല്ല അതിനോടുള്ള എൻറെ വിശ്വാസവും വർദ്ധിച്ചു. പുസ്തകത്തിലെ അഞ്ചാം അദ്ധ്യായം അവസാനിച്ചു. ഇനി ആറാം അദ്ധ്യായം വായിച്ചു തുടങ്ങണം..!

(ഡിസംബർ 3)

പുസ്തകം വായന അതിൻറെ അവസാന ഘട്ടത്തിലേക്കെത്തിയിരിക്കുന്നു. ഇനി വെറും രണ്ട് അദ്ധ്യായങ്ങൾ മാത്രം. അവ രണ്ടും ഏറ്റവും വിലപ്പെട്ട അദ്ധ്യായങ്ങളാണ്. ഇത്രയും നാളത്തെ പുസ്തകം വായനയിലൂടെ പല കഴിവുകളും എനിക്ക് കൈവന്നിരിക്കുന്നു. ഉടൻതന്നെ അടുത്ത അദ്ധ്യായം വായിച്ചുതുടങ്ങണം. അറിയാത്ത പലതും അറിയാനുള്ള ജിജ്ഞാസ കൊണ്ടാവാം എൻറെ ഉറക്കം പോലും നഷ്ടപ്പെടുത്തി ആ പുസ്തകത്തെക്കുറിച്ച് മാത്രമായി എൻറെ ആലോചനകൾ.

(ഡിസംബർ 8)

എന്നെ ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് ഞാൻ വായിച്ചറിഞ്ഞത്. അതിനോടൊപ്പം ഒരു ഭൂപടവും എനിക്ക് ലഭിച്ചു. അതിൽ കാണിച്ചിരിക്കുന്ന അടയാളങ്ങൾവച്ച് കടലിൽ ആ ഭാഗത്ത് സ്ഥിതിചെയ്യുന്ന മരണച്ചുഴികൾ ബർമുഡ ട്രയാങ്കിളാണ്. അവിശ്വസനീയം തന്നെ..! ഇന്ന് ലോകം മോഡേൺ പേരിട്ടു വിളിക്കുന്ന മരണച്ചുഴികളായ ബർമുഡ ട്രയാങ്കിളിൻറെ രഹസ്യങ്ങൾ ചുരുളഴിയുന്നു. ഈ ഭാഗത്തിലെ കാര്യങ്ങൾ മുഴുവൻ അതുമായി ബന്ധപ്പെട്ട രഹസ്യങ്ങളാണ്. പക്ഷെ ബർമുഡ ട്രയാങ്കിൽ രൂപപ്പെട്ട കഥമാത്രം ഇപ്പോഴും അവ്യക്തം..!

(ഡിസംബർ 10)

അഹാരം പോലും മാറ്റിവച്ച് ഞാൻ വായന തുടർന്നു. എനിക്ക് എൻറെ സ്വബോധം നശിച്ചിരിക്കുന്നു. അവസാന രണ്ട് അദ്ധ്യായങ്ങളും വളരെ ദൈർഘ്യമുള്ളവയാണ്. വായിക്കുംതോറും ജിജ്ഞാസ കൂടിക്കൂടിവന്നു. ബെർമുഡയുടെ നടുവിൽ ഒരു രഹസ്യദ്വീപ്..! ഒരിക്കലും മറ്റൊരാൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത വലിയൊരു രഹസ്യം. ഈ അദ്ധ്യായത്തിൽ ഇതിനും മാത്രം കാര്യങ്ങൾ ഉൾപ്പെട്ടെങ്കിൽ അടുത്ത ഭാഗത്തിൽ എന്തായിരിക്കും..?

അക്ഷമനായി ഞാൻ വീണ്ടും വായന തുടരുന്നു...

(ഡിസംബർ 13)

മൂന്ന് ദിവസമായി കുട്ടികളുടെ സെമിനാറിനായുള്ള തിരക്കിലായിരുന്നതിനാൽ വായന തുടരാൻ സാധിച്ചില്ല. ഇന്ന് ജോംസി മിസ്സ് എന്നോട് അവരെപ്പറ്റി കൂടുതലായി സംസാരിച്ചു. നല്ല ധൈര്യശാലിയായ പെണ്ണ്. ഇത്രയും ദൂരം വന്ന് അദ്ധ്യാപന ജീവിതമനുഷ്ഠിക്കുന്നു. എന്നെപ്പറ്റി അവർ ഒരുപാടുകാര്യങ്ങൾ അന്വേഷിച്ചുവെങ്കിലും ഞാൻ അധികമായി സംസാരിച്ചില്ല. കാരണം ഒരുപക്ഷേ അറിയാതെ ഞാൻ എൻറെ ഇഷ്ടം തുറന്നു പറഞ്ഞാലോ എന്ന വിശ്വാസമില്ലായ്മ കൊണ്ടാവും. നാളെമുതൽ വായന തുടരണം.

(ഡിസംബർ 14)

പുസ്തകത്തിലെ അവസാന അദ്ധ്യായം. അത് വായിച്ചു തുടങ്ങിയപ്പോൾ മുതൽ എൻറെ സിരകളിലെ സാഹസികരക്തം ഇരമ്പി. ആ അദ്ധ്യായത്തിൻറെ

പകുതിഭാഗം വായിച്ചപ്പോൾത്തന്നെ എൻറെ മനസ്സിൽ ആ ലക്ഷ്യം കുറിക്കപ്പെട്ടു. ‘ബർമുഡ ട്രയാങ്കിൾ എന്ന ലോകാത്ഭുതത്തെ കീഴടക്കുക...!’

(ഡിസംബർ 20)

ഇന്ന് എനിക്ക് തോന്നുന്ന വികാരം പറഞ്ഞറിയിക്കാനാവില്ല. കാരണം ഞാൻ അറിഞ്ഞ സത്യങ്ങൾ ആരും വിശ്വസിക്കുന്ന ഒന്നല്ല. പക്ഷേ എനിക്ക് നൂറ് ശതമാനവും വിശ്വാസമാണ്. ഞാൻ എന്തൊക്കയോ നേടാൻ പോകുകയാണ്. പുസ്തകം മുഴുവൻ വായിച്ചതോട്ടുകൂടി ഞാൻ ഉള്ളിൽ മറ്റൊരാളായി മാറുകയായിരുന്നു. സത്യത്തിൽ ഞാനും ഒരു മായൻ വംശജനായി രൂപാന്തരപ്പെട്ട പ്രതീതി. പക്ഷേ അവർക്കുമാത്രം അറിയാമായിരുന്ന ഈ രഹസ്യങ്ങൾ എങ്ങനെ ഒരു പ്രതിമയ്ക്കുള്ളിൽ അടക്കം ചെയ്യപ്പെട്ടു..? എൻറെ സംശയങ്ങൾ അനവധിയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ പുസ്തകത്തിൻറെ രണ്ടാംഭാഗം എഴുതപ്പെട്ടിട്ടുണ്ട്. കാരണം ഇതിൽ പലയിടങ്ങളിലും രണ്ടാമത്തെ പുസ്തകത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല ഇതിനോടൊപ്പമുള്ള ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ രണ്ടാം പുസ്തകം ചുഴിക്കു നടുവിലെ ദ്വീപിൽ ഉള്ളതായി വ്യക്തമാണ്..!

ദൈവത്തിൻറെ തീരുമാനം പോലെ ഒന്നാം പുസ്തകം എന്നെത്തേടിയെത്തി. ഇനി രണ്ടാം പുസ്തകം തേടി ഞാൻതന്നെ പോകണം. ഇതെല്ലാം പണ്ടേ തീരുമാനിക്കപ്പെട്ടിട്ടുള്ളതാവും. ആ പുസ്തകം തേടി ഞാൻ പോവുകതന്നെ ചെയ്യും..!

(ഡിസംബർ 23)

ഇന്നുമുതൽ മൂന്ന് ദിവസത്തേക്ക് കോളേജ് അവധിയാണ്. അതിനുശേഷം വേണം പ്രിൻസിപ്പാളിനോട് എൻറെ ലീവിൻറെ കാര്യം അവതരിപ്പിക്കാൻ. കുറച്ചുകുട്ടികൾ ഇന്ന് ഉച്ചയ്ക്കുശേഷം വീട്ടിൽ വന്നിരുന്നു. അവരോടൊക്കെ യാത്രപറയുന്നത് ഓർത്തിട്ടു തന്നെ എനിക്ക് ദുഃഖമുണ്ട്. പക്ഷേ മറുവശം ചിന്തിക്കുമ്പോൾ സന്തോഷവും. ഇന്ന് ബുക്കിലെ ചില ഭാഗങ്ങൾ വീണ്ടും വീണ്ടും വായിച്ചു. മാനസ്സികമായി യാത്രക്കായി ഞാൻ തയ്യാറായിക്കഴിഞ്ഞു.

(ഡിസംബർ 27)

ഇന്ന് കോളേജ് വീണ്ടും തുറന്നു. ലീവ് ആപ്ലിക്കേഷൻ നേരത്തേ കൊടുത്താൽ ആകെ ചോദ്യവും പറച്ചിലുമാകും. അതു കൊണ്ട് പോകുന്നതിൻറെ തലേദിവസം എല്ലാവരോടും പോകുന്നതിനെപ്പറ്റി പറയാമെന്ന് ഞാൻ തീരുമാനിച്ചു. ഒരു സുഹൃത്തിനെ വിളിച്ച് ബോട്ടിൻറെ കാര്യങ്ങളൊക്കെ ഏർപ്പാടാക്കി.

(ഡിസംബർ 28)

ഇന്ന് ഉച്ചയ്ക്കുശേഷം ക്ലാസ്സ് ഇല്ല. യാത്രക്കുള്ള തയ്യാറെടുപ്പുകളുടെ തുടക്കവുമായിരുന്നു ഈ ദിവസം. വേണ്ട സാധനങ്ങളിൽ കുറച്ച് ഇന്നുതന്നെ വാങ്ങാൻ തീരുമാനിച്ചതാണ്. ഉച്ചയ്ക്കുശേഷം അവയെല്ലാം വാങ്ങി വീട്ടിലെത്തിച്ചു. അതുവഴിതന്നെ ബോട്ട് കാണാൻ പോയി. ബോട്ടിൻറെ പണം മുഴുവൻ കൊടുത്തു.

എനിക്ക് അത് നല്ലരീതിയിൽ ഇഷ്ടപ്പെട്ടു. ഇനിയുള്ള എൻറെ യാത്ര അതിൽനിന്നും ആരംഭിക്കുന്നു..!

ഇന്ന് വഴിക്കുവച്ച് ഒരു സിനിമ പോസ്റ്റർ എൻറെ കണ്ണുകളെ ആകർഷിച്ചു. ഒരു ദ്വീപും കടലിൻറെ നീലിമയുമായിരുന്നു പോസ്റ്ററിൽ. എന്തുകൊണ്ടോ ആ സിനിമ കാണാൻ തോന്നുന്നു. നാളെ അത് കാണാൻ പോകണം.

(ഡിസംബർ 29)

രാവിലെതന്നെ പള്ളിയിലും പപ്പയുടെയും മമ്മയുടെയും കല്ലറയിലും പോയി പ്രാർത്ഥിച്ചു. വീട്ടിൽ വന്ന് ഭക്ഷണം കഴിച്ച ശേഷം സിനിമ കാണാനായി തീയറ്ററിലെത്തി. അവിടെവച്ച് എനിക്ക് സ്വന്തമായി വീട്ടിൽ തന്നെ ലൈബ്രറി ഉണ്ടാക്കാൻ ഒരുപാട് സഹായങ്ങൾ ചെയ്തുതന്ന ഒരു സുഹൃത്തിനെ കണ്ടു. കോളേജിൽ ബുക്കുകൾ എത്തിച്ചിരുന്നത് അവനായിരുന്നു. അങ്ങനെയൊരവസരത്തിൽ പരിചയത്തിലായതാണ് ഞങ്ങൾ. അവൻറെ കാർ ഏതോ ആക്സിഡൻറിൽപ്പെട്ട് നശിച്ചതായി അറിഞ്ഞു. ഭാര്യയും സംസാരശേഷിയില്ലാത്ത ഒരു മകനുമൊത്ത് കുടുംബം തള്ളിനീക്കാൻ പാടുപെടുന്ന അവനെ സഹായിക്കാൻ ഞാൻ തീരുമാനിച്ചു. ഞാൻ പോയിക്കഴിഞ്ഞാൽ എൻറെ കാർ വെറുതേ കിടക്കും. അതിലും നല്ലത് ഞാൻ തിരിച്ചു വരുംവരെ അവന് ഉപയോഗിക്കാൻ കൊടുക്കുന്നതാണ്. അവൻറെ വീട് ബീച്ചിനടുത്തായതുകൊണ്ട് എനിക്കും അത് സൗകര്യമാകും. സാഹസികത നിറഞ്ഞ ആ സിനിമ കണ്ടുതീർന്നപ്പോൾ എനിക്ക് വല്ലാത്ത ആത്മവിശ്വാസമായി. കാരണം അതിലെ നായകനും ഒരു ദ്വീപിലേക്ക് തനിച്ചു പോയി മടങ്ങിവരുന്നതാണ് കഥ. ഏകദേശം എൻറെ സങ്കൽപ്പത്തിലുള്ള പല കാര്യങ്ങളും ആ സിനിമയിലൂടെ ഞാൻ നേരിൽകണ്ടു. വീട്ടിലെത്തിയിട്ട് കുറേസമയം ആ തുകൽപുസ്തകം വായിച്ചിരുന്നു. നാളെ ബാക്കിയുള്ള കാര്യങ്ങൾ ചെയ്യണം.

(ഡിസംബർ 30)

കോളേജിൽ ഇന്ന് പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല. പക്ഷേ ജോംസി മിസ്സ് ഇന്നും എന്നോട് സംസാരിക്കുവാനെത്തി. കുറച്ചുസമയം അവരുമായി സംസാരിച്ചിരുന്നപ്പോൾ എൻറെ യാത്രയെക്കുറിച്ച് പറഞ്ഞാലോ എന്ന് തോന്നി. അവർക്കും സാഹസികത ഒരുപാട് ഇഷ്ടമാണെന്ന് പറഞ്ഞിട്ടുണ്ട്. ഒരു പക്ഷേ എൻറെയൊപ്പം വന്നാലോ..? ഹഹ ഹ... ഞാൻ എന്തൊക്കെ വിഡ്ഢിത്തരങ്ങളാണ് അവരെ കാണുമ്പോൾ ചിന്തിച്ചുകൂട്ടുന്നത്. നാളെ കൊണ്ടുപോകുവാനുള്ള ഭക്ഷണസാധനങ്ങളെല്ലാം വാങ്ങണം. കോളേജിൽ നാളെ ലീവ് ആപ്ലിക്കേഷൻ കൊടുക്കണം. എല്ലാം വരുന്നിടത്തുവച്ച് കാണാം...!



(ഡിസംബർ 31)

മെയിൽ അയച്ചെങ്കിലും ഇന്ന് രാവിലെതന്നെ കോളേജിലെത്തി ലീവ് ആപ്ലിക്കേഷൻകൂടി പ്രിൻസിപ്പാളിൻറെ കൈയ്യിൽ കൊടുത്തു. അയാൾ സമ്മതിച്ചില്ലെങ്കിലും ഞാൻ നിർബന്ധിച്ച് സമ്മതിപ്പിച്ചു. എല്ലാവരോടും യാത്രപറഞ്ഞു. പക്ഷേ ജോംസി മിസ്സിനെ മാത്രം കാണുവാൻ സാധിച്ചില്ല. തിരക്കിയപ്പോൾ അവർ ലീവിലാണെന്നറിഞ്ഞു. ഞാൻ നേരേ അവർ താമസിക്കുന്ന ഹോസ്റ്റലിലേക്ക് ചെന്നു. അവർക്ക് സുഖമില്ലാതെ കിടക്കുകയായിരുന്നു. അവരെ ഒരു കാര്യം കൂടി എനിക്ക് ഏൽപ്പിക്കണമായിരുന്നു. എൻറെ രഹസ്യമുറിയിൽ ആരെങ്കിലും അതിക്രമിച്ചുകടന്നാൽ ഡോറിൽ സെറ്റ് ചെയ്തിരിക്കുന്ന സിഗ്നൽബോക്സ് അതിൽ സേവ് ചെയ്തിരിക്കുന്ന നമ്പറിലേക്ക് കോൾ ചെയ്ത് അയാളെ ഇൻഫോം ചെയ്യും. ഞാൻ ഇവിടെ ഇല്ലാത്ത സ്ഥിതിക്ക് എൻറെ നമ്പർ വച്ചിട്ട് പ്രയോജനമില്ല. ജോംസി മിസ്സ് വീടിൻറെ അടുത്തായതുകൊണ്ട് പെട്ടെന്ന് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമല്ലോ. അവരോട് ചെറിയൊരു ടൂർ പോകുകയാണെന്ന് മാത്രം പറഞ്ഞ് ഞാൻ അവിടെനിന്നും പോന്നു. എല്ലാവരും പുതുവർഷത്തിൻറെ വരവിനായി കാത്തിരിക്കുകയാണ്. ഞാനും നാളേക്കു വേണ്ടി കാത്തിരിക്കുന്നു. നാളെയാണ് എല്ലാത്തിൻറെയും തുടക്കം... ഗുഡ് ബൈ 2021.... ഹാപ്പി ന്യൂ ഇയർ 2022...!

# ഒമ്പത്

ഡയറിയിലെ അവസാനത്തെ പേജ് വായിച്ചുതീർന്നതും എല്ലാവരുടെയും നെഞ്ചിടിപ്പ് കൂടിയതും ഒരുമിച്ചായിരുന്നു. വിറ കൈയ്യോടെ റ്റോജി ഡയറിയടച്ചു. ആരുമാരും ഇരുന്നിടത്തു നിന്നും അനങ്ങിയില്ല. ഒടുവിൽ റൂബി ഓട്ടക്കണ്ണിട്ട് പിന്നിലേക്ക് നോക്കി. പിന്നിൽ ആരുമില്ലയെന്ന് മനസ്സിലായപ്പോൾ അവൾ ഒരു ദീർഘനിശ്വാസം വിട്ടു.

‘ഹോ... പേടിക്കണ്ട... ആരുമില്ല...’ അവൾ അത് പറഞ്ഞപ്പോഴാണ് അവരെല്ലാം നേരേ ചൊവ്വേ ശ്വാസമെടുത്തത്.

‘ദൈവമേ... ശരിക്കും പേടിച്ചുപോയി...’ ജെസ്സി നെഞ്ചിൽ കൈവച്ചുകൊണ്ട് പറഞ്ഞു.

‘അപ്പോൾ സിഗ്നൽ ബോക്സ്..?’ താര ചുറ്റും നോക്കിക്കൊണ്ട് ചോദിച്ചു.

‘അത് ചിലപ്പോൾ വർക്ക് ചെയ്യുകാണില്ല. ഇല്ലേൽ നമ്മളൊക്കെ ആദ്യം ഇതിനുള്ളിൽ കയറിയപ്പോൾത്തന്നെ ജോംസി മിസ്സ് അറിയുമായിരുന്നു. എന്തായാലും നമുക്ക് ഭാഗ്യമുണ്ട്. ഇല്ലെങ്കിൽ നമ്മളൊക്കെ ഇപ്പോൾ പോലീസ് സ്റ്റേഷനിൽ കിടന്നേനെ...’ റ്റോജി പ്രൊഫസറുടെ ഡയറി ചൂണ്ടുവിരലിൽ കറക്കിക്കൊണ്ട് പറഞ്ഞു.

‘അതേ....പക്ഷേ ഈ സാറിൻറെ കാര്യമാ ഞാൻ ആലോചിക്കുന്നത്. ഒരു ബുക്ക് കിട്ടുക... അതിൻറെ പിന്നാലെ പോകുക... സാറിനെ ആരെങ്കിലും പറ്റിച്ചതാണെങ്കിലോ..?’

‘റൂബി പറഞ്ഞതുതന്നെയാ ഞാനും ആലോചിച്ചത്. സാറിന് ഭ്രാന്താണ്...’ ഷാനു പുച്ഛഭാവത്തിൽ പറഞ്ഞു.

‘പക്ഷേ ഡയറിയിൽ സർ എഴുതിയിരിക്കുന്നത് കണ്ടില്ലേ. സാറിന് ആ ബുക്ക് വഴി കുറേ കഴിവുകൾ കിട്ടിയെന്ന്. അത് സത്യമാണെങ്കിൽ നമുക്കും ആ ബുക്കിനെ വിശ്വസിച്ചേ പറ്റു. സർ അത്ര വിഡ്ഢിയല്ല ചുമ്മാ ഒരു തുകൽ പുസ്തകത്തിൻറെ പിന്നാലെ പോകാൻ.’ മാസ്റ്റർ ഇൻ ജേർണലിസം ഡിപ്പാർട്ട്മെൻറുകാരനായ അലക്സ് എല്ലാവരോടുമായി പറഞ്ഞു.

അവരൊക്കെ പലപല അഭിപ്രായങ്ങൾ മുന്നോട്ടു വച്ചു. എന്തെന്നാൽ അവർക്കെല്ലാം ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു ഡയറിയിൽനിന്നും വായിച്ചറിഞ്ഞ കാര്യങ്ങൾ.

പൊടുന്നനെ ആരോ കതക് തള്ളിത്തുറക്കുന്ന ശബ്ദംകേട്ട് എല്ലാവരും ഒരുപോലെ ഞെട്ടിവിറച്ചു. വാതിലിനരുകിലേക്ക് അവരുടെ കണ്ണുകൾ ഒരുമിച്ച് സഞ്ചരിച്ചു. നിന്ന നിൽപ്പിൽത്തന്നെ മരിച്ചുപോയിരുന്നെങ്കിൽ എന്നായിരുന്നു ജെസ്സിയുടെ പ്രാത്ഥന.

'എന്താ നിങ്ങൾക്ക് ഇതിനുള്ളിൽ പണി..?' ജോംസി മിസ്സിൻറെ പല്ലുകടിച്ചുള്ള ആ ചോദ്യം കേട്ട് റ്റോജിയുടെ വിരലിൽ കറങ്ങിക്കൊണ്ടിരുന്ന ഡയറി തെറിച്ച് ജോംസി മിസ്സിൻറെ മുന്നിലേക്ക് ചെന്നുവീണു. അവർ ഡയറിയിലേക്ക് ഒന്ന് സൂക്ഷിച്ചു നോക്കിയശേഷം എല്ലാവരെയും തറപ്പിച്ചുനോക്കി. ആദ്യമായിട്ടായിരുന്നു അവരെല്ലാവരും ജോംസി മിസ്സിൻറെ ദേഷ്യത്താൽ ചുവന്നുതുടുത്ത മുഖം കണ്ടത്.

'എന്താ... ഞാൻ ചോദിച്ചത് കേട്ടില്ലേ... എന്തായിരുന്നു ഉദ്ദേശ്യം.... മോഷണമോ...അതോ വേറേവല്ല...' അവർ അത് മുഴുമിച്ചില്ല. ആരും ഒന്നും മിണ്ടാതെ നിൽക്കുന്നതുകണ്ടപ്പോൾ ജെസ്സി തല ഉയർത്തി.

'മിസ്സ്..അത്...ഞങ്ങൾ....മിസ്സ് ഉദ്ദേശിച്ചപോലെയല്ല... വെറുതേ സർ എങ്ങോട്ട് പോയതാണെന്നറിയാൻ....സോറി മിസ്സ്...'

'ഓഹോ...അപ്പോൾ കോളേജ് സ്റ്റാഫുകൾ ആര് എവിടെപ്പോയാലും നിങ്ങൾ ഇങ്ങനെയാകുമല്ലേ അറിയുന്നത്.'

'ഹേയ്...അല്ലല്ല...ഇത് ഞങ്ങളുടെയൊക്കെ സർ ആയതു കൊണ്ട്...സോറി മിസ്സ്... ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങൾ ആരും ഇവിടെ ഒരു നാശനഷ്ടവും വരുത്തിയിട്ടില്ല. സത്യം.' ജെസ്സി തപ്പിത്തടഞ്ഞുപറഞ്ഞു.

'അതേ മിസ്സ് സത്യം.' അവളോടൊപ്പം ബാക്കിയുള്ളവരും ഏറ്റുപറഞ്ഞു.

'മതി...ഒരാൾ എവിടെപ്പോയെന്നറിയാൻ അയാളുടെ വീട്ടിൽ അതിക്രമിച്ച് കയറിയാണോ അന്വേഷണം...അതും ഈ പാതി രാത്രിയിൽ...'

ജോംസി മിസ്സ് തങ്ങളെ വിടുന്ന ലക്ഷണമില്ലയെന്നറിഞ്ഞപ്പോൾ വിക്കി പതിനെട്ടാമത്തെ അടവ് പുറത്തെടുത്തു. അവൻ നേരേ ചെന്ന് മിസ്സിൻറെ കാലിൽ വീണു.

'ക്ഷമിക്കണം മിസ്സേ...ഞങ്ങട വീട്ടുകാർ ഇതറിഞ്ഞാൽപ്പിന്നെ ഹോസ്റ്റലിൽ നിൽക്കുവാൻ സമ്മതിക്കില്ല. സാറിന് മിസ്സിനോട് ഉണ്ടായിരുന്നത് ഞങ്ങൾ ആരോടും സത്യമായിട്ടും പറയത്തില്ല. ഞങ്ങളോട് ക്ഷമിക്കണം. പ്ലീസ്...' അവൻ പറഞ്ഞത് കേട്ടപ്പോൾ ജോംസി മിസ്സ് വാപൊളിച്ചു പോയി.

'എന്താ നീ പറഞ്ഞത്...എന്നോട് എന്ത് ഉണ്ടെന്ന്...' മിസ്സ് അത് ചോദിച്ചതും റൂബി ഓടിച്ചെന്ന് താഴെക്കിടന്ന ഡയറിയെടുത്ത് തുറന്ന് മിസ്സിൻറെ കൈയ്യിൽകൊടുത്തു. എന്തുചെയ്യണമെന്നറിയാതെ ജോംസി മിസ്സ് ഡയറിയിലേക്കും അവരുടെ മുഖങ്ങളിലേക്കും മാറിമാറി നോക്കി.

'മറ്റൊരാളുടെ ഡയറി വായിക്കുന്നത് ശരിയല്ല...'

അത് പറഞ്ഞിട്ട് മിസ്സ് ഡയറി മടക്കാൻ തുടങ്ങി.

‘അതിൽ മറ്റുള്ളവരെക്കുറിച്ചല്ല...മിസ്സിനെക്കുറിച്ചാ കൂടുതലും... ഇപ്പോൾ ഇത് വായിച്ചില്ലേൽ മിസ്സിൻറെ ജീവിതത്തിൽത്തന്നെ വലിയൊരു നഷ്ടമാവും അത്....ഡയറി വായിച്ചാൽപ്പിന്നെ മിസ്സ് ഞങ്ങളെ ഒരിക്കലും കുറ്റപ്പെടുത്തില്ല...ഉറപ്പ്...’

അലക്സ് പറഞ്ഞ ആ വാക്കുകൾ മിസ്സിന് നന്നായികൊണ്ടു. അവർ അടച്ച ഡയറി വീണ്ടും തുറന്നു. റൂബി ചെന്ന് പ്രധാനമായും വായിക്കുവാനുള്ള പേജുകൾ കാണിച്ചുകൊടുത്തു. ജോംസി മിസ്സ് അതുമായി ടേബിളിൻറെ അടുത്തേക്ക് നടന്നു. അപ്പോഴാണ് എല്ലാവരുടേയും മുഖം തെളിഞ്ഞത്.

‘ഞാൻ ഇത് വായിച്ചുതീരുംവരെ നിങ്ങൾ ആരും നിൽക്കുന്നിടത്തുനിന്നും മാറുകയോ പരസ്പരം സംസാരിക്കുകയോ ചെയ്യരുത്... കേട്ടല്ലോ...’

‘ഉം...’ അതിന് മറുപടിയായി എല്ലാവരും ഒന്ന് മൂളി.

ജോംസി മിസ്സ് അത് വായിക്കാൻ തുടങ്ങിയപ്പോൾ അവരെല്ലാവരും നിലത്തായി ഇരിപ്പുറപ്പിച്ചു.



സമയം കടന്നുപോയിക്കൊണ്ടിരുന്നു. ഡയറിയുടെ ഓരോ താളും വെപ്രാളത്തോടെ വായിക്കുന്ന മിസ്സിനെക്കണ്ട് കുട്ടികൾ പകച്ചിരുന്നു. അവരുടെ മുഖത്ത് മാറിമാറിവരുന്ന ഭാവവ്യത്യാസങ്ങൾ അവർ തിരിച്ചറിഞ്ഞു. ഒടുവിൽ ഡയറി

നെഞ്ചോട് ചേർത്തുവച്ചുകൊണ്ട് അവർ കണ്ണുകൾ ഇറുക്കിയടച്ചു. കവിളുകളിലേക്ക് കണ്ണുനീർ ഒഴുകിയെത്തും മുൻപേ ജെസ്സി അത് തുടച്ചുനീക്കി.

'മിസ്സ്...എന്തായിത്...ശ്ശേ...'

'ജെസ്സീ വൺ മിനിറ്റ്...' അതും പറഞ്ഞിട്ട് മിസ്സ് മുറിയിലൂടെ ഒരൽപം നടന്നു. അധികസമയമെടുക്കാതെ മുഖത്ത് വിഷാദഭാവം മാറ്റി വേഗംതന്നെ അവർ തിരിച്ചെത്തി.

'സോറി സ്റ്റുഡൻസ്...നമുക്ക് വേഗം ഇവിടെനിന്നും പോകേണ്ടതുണ്ട്. പക്ഷേ പോകുംമുൻപ് നിങ്ങൾ എനിക്ക് ഒരു സഹായം ചെയ്യണം.' അത് കേട്ടപ്പോൾ എല്ലാവരും ജോംസി മിസ്സിനെ സംശയത്തോടെ നോക്കി.

'എന്ത് സഹായം..?' അവർ എല്ലാവരുംകൂടി ആകാംക്ഷയോടെ ചോദിച്ചു.

'വരൂ നമുക്ക് ആ പുസ്തകം തിരയാം... ഇവിടെ എവിടെയെങ്കിലും അത് കാണാതിരിക്കില്ല.'

'ഛേ...വിഡ്ഢിത്തരം പറയല്ലേ മിസ്സ്...ആ പുസ്തകം സർ കൊണ്ടുപോകാതെയിരിക്കുമോ...യ്യോ...സോറി മിസ്സ്...' വിക്കി ആവേശത്തിൽ സംസാരിച്ചശേഷം അവരോട് ക്ഷമ ചോദിച്ചു.

അവൻ പറയുന്നതിൽ കാര്യമുണ്ടെന്ന് മനസ്സിലായപ്പോൾ വീണ്ടും മിസ്സിൻറെ മുഖം വാടി. അവരുടെ കണ്ണുകൾ നിറഞ്ഞു.

'വിക്കീ നീ മിണ്ടാതിരിക്ക്...ഒരുപക്ഷേ സർ അതിൻറെ ഫോട്ടോ കോപ്പി എടുത്തു സൂക്ഷിച്ചിട്ടുണ്ടെങ്കിലോ...ഒരുപക്ഷേ ഒറിജിനൽ നഷ്ടപ്പെട്ടാലും അത് ഉപകാരപ്പെടില്ലേ...സാധാരണ സാറിൻറെ കൈയ്യിലുള്ള പുരാതന ഗ്രന്ഥങ്ങളുടെ ഒന്നും രണ്ടും കോപ്പികൾ സാറിൻറെ ലൈബ്രറിയിൽ ഞാൻ കണ്ടിട്ടുണ്ട്..' റൂബി പറഞ്ഞതുകേട്ടപ്പോൾ മറ്റുള്ളവർക്കും ഒരു പ്രതീക്ഷ വന്നു.

'എല്ലാവരും വാ...ഈ വീട്ടിൽ എല്ലായിടത്തും തിരയണം. നിങ്ങൾ താഴെ ലൈബ്രറിയിൽ നോക്ക്. ഞങ്ങൾ ഇവിടെയൊക്കെത്തന്നെ നോക്കാം...' ജെസ്സി അത് പറഞ്ഞപ്പോൾ ആണുങ്ങൾ താഴേക്ക് പോയി. ജോംസി മിസ്സ് പഴയതുപോലെ ആക്റ്റീവായി. അവിടെയൊക്കെ തപ്പുന്ന കൂട്ടത്തിൽ ജെസ്സി മിസ്സിൻറെ അടുത്തേക്ക് ചെന്നു.

'മിസ്സേ... മിസ്സ് എങ്ങനെ ഇവിടെയെത്തി..?' അവൾ ചോദിച്ചത് കേട്ടപ്പോൾ റൂബിയും താരയും അവരുടെ അടുത്തേക്ക് വന്നു. 'ജെസ്സിക്ക് ഫോൺ വന്നതുമുതൽ ഞാനവളെ പിന്തുടർന്നു. അങ്ങനെ കൂടെയുള്ളവരെയും ഞാൻ കണ്ടു. നിങ്ങൾ മൂന്നും കൂടി എന്താണ് ചെയ്യാൻ പോകുന്നതെന്നറിയുവാനായി സെക്യൂരിറ്റിയെ വിവരം അറിയിച്ചില്ല. അങ്ങനെ ഞാനും നിങ്ങളെപ്പോലെതന്നെ മതിലുചാടി ഇവിടെയെത്തി.' മിസ്സ് അത് പറഞ്ഞപ്പോൾ പെൺകുട്ടികൾ മൂന്നും കൂടി ചിരിച്ചു.

‘ചിരിക്കണ്ട...ഞാനും നിങ്ങളുടെ പ്രായം കഴിഞ്ഞാണ് ഇവിടെവരെ എത്തിയത്. എന്നുവെച്ച് ഇങ്ങനെയൊന്നും ഞാൻ ചെയ്തിട്ടില്ല. ഇനിയും നിന്ന് സമയം കളയേണ്ട. നമുക്ക് വേഗം ആ ബുക്കിൻറെ കോപ്പി കണ്ടെത്താൻ നോക്കാം.’ അവർ വീണ്ടും തിരച്ചിൽ ആരംഭിച്ചു.

കുറച്ചുസമയം കഴിഞ്ഞപ്പോഴേക്കും താഴെനിന്നും കിട്ടിയ ഒരു പേപ്പർ കവറുമായി റ്റോജി ഓടി മുകളിലെത്തി. തൊട്ടുപിന്നാലെ ബാക്കിയുള്ളവരും.

‘മിസ്സേ... ഇങ്ങുവന്നേ... ദേ സാറ് ഇതിനുള്ളിൽ എന്തൊക്കെയോ എഴുതിവച്ചിരിക്കുന്നു.’ ആവേശത്തിൽ അവൻ വിളിച്ചുപറഞ്ഞു.

അത് കേട്ടതും മിസ്സും പെൺകുട്ടികളും തിരച്ചിൽ പാതിവഴിയിൽ അവസാനിപ്പിച്ച് അവൻറെയരികിലേക്ക് പാഞ്ഞു. പക്ഷേ പെട്ടെന്നായിരുന്നു ആ വീടിൻറെ കോളിംഗ് ബെൽ രണ്ടുതവണ ശബ്ദിച്ചത്. അത് കേട്ട് ജോംസി മിസ്സ് ഉൾപ്പെടെ എല്ലാവരും ഞെട്ടിത്തരിച്ചുപോയി..!

# പത്ത്

പുറത്ത് നിൽക്കുന്നത് ആരാണെന്നറിയുവാനുള്ള ആകാംഷയായിരുന്നു എല്ലാവർക്കും. ജോംസി മിസ്സ് ആദ്യം നടന്ന് മുറിക്കുവെളിയിലെത്തി. പിന്നെ മുട്ടിൽ നിരങ്ങി ഓരോ പടിയുമിറങ്ങി. തൊട്ടുപിന്നിൽ ബാക്കിയുള്ളവരും അതേപോലെതന്നെ നിരങ്ങി നീങ്ങി. പടി അവസാനിച്ചത് ഹാളിലാണ്. അവിടെയിട്ടിരുന്ന സെറ്റിയുടെ മറവിലും മറ്റുമായി ഓരോരുത്തരും പോയൊളിച്ചു. പുറത്തുനിൽക്കുന്നയാളെ മനസിലാക്കുവാനായി പല രീതിയിൽ അവർ ഒളിഞ്ഞു നോക്കിക്കൊണ്ടിരുന്നു. കർട്ടൻ അൽപ്പം മാറിക്കിടന്നിരുന്ന പ്രാധാന ജനലിലൂടെ അയാളുടെ നിഴൽ മാത്രമാണ് അവർക്ക് കാണാൻ സാധിച്ചത്.

'മിസ്സ് ഇപ്പോൾ എന്താ ചെയ്യുക..?' ജെസ്സി രഹസ്യമായി ചോദിച്ചു.

ജോംസി മിസ്സ് എല്ലാവരോടും മിണ്ടരുത് എന്ന രീതിയിൽ ആംഗ്യം കാട്ടി. എന്നിട്ട് ഒറ്റ സെക്കൻറ് കൊണ്ട് കൈയ്യിൽ കുത്തി ജനലിൻറെ സമീപത്തേക്ക് ചാടി. ഇത് കണ്ട് ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽത്തമ്മിൽ നോക്കി കണ്ണുമിഴിച്ചു. ജനലിൻറെ സമീപമെത്തിയ അവർ കർട്ടൻ ഒരൽപ്പംകൂടി വകഞ്ഞു മാറ്റി നോക്കി. പുറത്തുനിൽക്കുന്നയാളെ കണ്ടയുടൻ ജോംസി മിസ്സ് ചില പഴയകാല ഓർമ്മകളിലേക്ക് പോയി.

അവർ ഫ്ളോറിഡയിലേക്ക് വന്ന ആദ്യ ആഴ്ചയിൽ ഹോസ്റ്റലിലായിരുന്നില്ല താമസിച്ചത്. അവരുടെ അങ്കിളായ പ്രിൻസിപ്പാളിൻറെ വീട്ടിലായിരുന്നു. അവർ അവിടെ വന്ന അന്ന് നല്ല ക്ഷീണമുള്ളതിനാൽ കിടന്നുറങ്ങുകയായിരുന്നു. ആ സമയം പ്രിൻസിപ്പാളും കുടുംബവും ഒരു നൈറ്റ് പാർട്ടിക്ക് പുറത്ത് പോയിരുന്നു. കോളിംഗ് ബെൽ തുടർച്ചയായി മുഴങ്ങിയ ശബ്ദം കേട്ടാണ് അവർ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നത്. തനിക്കത് തോന്നിയതാണോ എന്നറിയാനായി അവർ കുറച്ചു സമയംകൂടി ബെഡിൽത്തന്നെ കിടന്നു. പെട്ടെന്ന് താഴത്തെ നിലയിലെ ഡോർ തുറക്കുന്ന ശബ്ദം കേട്ട് അവർ മുറിയിൽ നിന്നും വെളിയിലിറങ്ങി ലൈറ്റിടാതെതന്നെ താഴത്തെ നിലയിലേക്ക് നോക്കി. അപ്പോഴാണ് അങ്കിളും കുടുംബവുമല്ല അതെന്ന് അവർ തിരിച്ചറിഞ്ഞത്. കള്ളനാണ് അതെന്ന് പൂർണ്ണമായും ബോധ്യമായപ്പോൾ അങ്കിളിനെ ഫോണിൽ വിളിച്ച് വിവരം പറഞ്ഞശേഷം കള്ളനെ പിന്തുടർന്ന് അവർ താഴെയെത്തി.

കള്ളൻ ഫ്രിഡ്ജ് തുറന്ന് ആർത്തിയോടെ അതിലുള്ള ആഹാരങ്ങൾ കഴിക്കുന്നതു കണ്ടപ്പോൾ അവർക്ക് അയാളോട് അലിവ് തോന്നി. ഫ്രിഡ്ജിൻറെ

ലൈറ്റ് വെളിച്ചത്തിൽ അയാളുടെ മുഖവും അവർ കണ്ടു. ആഹാരം മോഷ്ടിക്കാൻ കയറിയതാണെങ്കിൽ ആഹാരം കഴിച്ചിട്ട് പോകുമെന്നു കരുതിയ അവൾക്ക് തെറ്റി. അങ്കിൾ വരുമ്പോൾ കള്ളന് സിഗ്നൽ നൽകി ഓടിക്കാം എന്ന് കരുതി പുറത്തേക്ക് നോക്കി നിന്ന അവളുടെ മൂക്കിൽ ക്ലോറോഫോം തളിച്ച ടവ്വല പൊത്തി ബോധം കെടുത്തിയ ശേഷം വീട്ടിലുണ്ടായിരുന്ന വിലപിടിച്ച പല വസ്തുക്കളുമായി കള്ളൻ കടന്നുകളഞ്ഞു. അന്നത്തെ ആ സംഭവത്തിനുശേഷം എവിടെപ്പോയാലും കുറേ നാളത്തേക്ക് ജോംസി മിസ്സ് അയാളെ തിരയുമായിരുന്നു. പക്ഷേ എത്ര തിരഞ്ഞിട്ടും അവർക്ക് അയാളെ കണ്ടെത്താനായില്ല.

ഇപ്പോൾ താൻ തേടിയ വള്ളി കാലിൽ ചുറ്റിയെന്ന് മനസ്സിലാക്കിയ അവർ വേഗംതന്നെ പിള്ളരെ നോക്കി. അവർ എല്ലാവരും മിസ്സിനെ തന്നെ നോക്കിയിരിക്കുകയായിരുന്നു. അവർ പഴയപോലെതന്നെ കൈകുത്തി ചാടി പിള്ളരുടെ സമീപത്തേക്ക് ചെന്നു. എന്നിട്ട് രഹസ്യമായി അവരോട് എല്ലാവരോടും എന്തൊക്കെയോ പറഞ്ഞു. മിസ്സ് പ്രതീക്ഷിച്ചപോലെ തന്നെ അൽപ്പസമയത്തിനുള്ളിൽ വാതിലിൻറെ പൂട്ട് തകർത്ത് കള്ളൻ അകത്തേക്കുവന്നു.

അവൻ നേരേ നടന്നത് അടുക്കളയിലേക്കായിരുന്നു. ഫ്രിഡ്ജിൻറെ സമീപമെത്തിയതും അയാൾ ഫ്രിഡ്ജ് തുറന്നുനോക്കി. അതിൽ പ്രതീക്ഷിച്ചതുപോലെ ഒന്നും ഇല്ലയെന്ന് മനസ്സിലാക്കിയ അയാൾ താഴെയുള്ള മുറിക്കുള്ളിൽ ശബ്ദമുണ്ടാക്കാതെ ഓരോന്നും തിരയുവാൻ ആരംഭിച്ചു.

പെട്ടെന്ന് മുകളിലത്തെ നിലയിൽനിന്നും എന്തോ ഞരക്കം കേട്ട് ഞെട്ടി അയാൾ തിരച്ചിൽ അവസാനിപ്പിച്ചു. എന്നിട്ട് വളരെ സമയമെടുത്ത് തിരികെ ഹാളിലെത്തി. പെട്ടെന്ന് ആരോ തൻറെ പിന്നിലൂടെ ഓടിയതായി അയാൾക്ക് തോന്നി. പക്ഷേ തിരിഞ്ഞു നോക്കിയെങ്കിലും ആരെയും കണ്ടില്ല. പെട്ടെന്ന് ആരോ ഹാളിൻറെ ഏതോ കോണിൽ നിന്നും ദീർഘശ്വാസമെടുത്തു. അതുപോലെ തന്നെ മുകളിലേക്കുള്ള പടിക്കെട്ടിൽനിന്നും അയാളുടെ ചുറ്റുമായി ഒരു പാട്ടുപേർ ദീർഘമായി ശ്വാസമെടുക്കുന്ന ശബ്ദം ഉയർന്നു വന്നു. അതിൻറെ തോത് കൂടിക്കൂടി വന്നതോടൊപ്പം അയാളുടെ നെഞ്ചിടിപ്പും വർദ്ധിച്ചു. തനിക്കുചുറ്റും എന്തൊക്കയോ രൂപങ്ങൾ നീങ്ങുന്നുണ്ടെന്ന് മനസ്സിലാക്കിയ അയാൾ അലറിക്കൊണ്ട് വാതിൽ ലക്ഷ്യമാക്കി ഓടാൻ തുടങ്ങിയതും തലയുടെ പിൻവശം നല്ലൊരടി കിട്ടിയതും ഒരുമിച്ചായിരുന്നു..!

കുറച്ചുസമയത്തേക്ക് ബോധം നഷ്ടപ്പെട്ട അയാൾ കണ്ണ് തുറക്കുമ്പോൾ താൻ ഏതോ മ്യൂസിയത്തിലാണെന്ന് തോന്നിപ്പോയി. ചുറ്റും പരിചയമില്ലാത്ത പലരും അയാളെ രൂക്ഷമായി നോക്കിക്കൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. പോരാത്തതിന് അയാളുടെ കൈകൾ തമ്മിൽ കൂട്ടിക്കെട്ടുകയും ചെയ്തിരുന്നു.

'ഹ ആർ യു ഓൾ..?' അയാൾ രോഷത്തോടെ അലറി വിളിച്ചു.

'ഷട്ടപ്പ് യു ബാസ്റ്റഡ്... മലയാളികൾക്ക് ചീത്തപ്പേരുണ്ടാക്കാൻ കുറേയെണ്ണം കടലും കടന്ന് വന്നോളും. റൂബി പ്രകോപിതയായി പറഞ്ഞു.'

‘എന്ത്...നിങ്ങൾ മലയാളികളാണോ...ആട്ടെ ഞാൻ മലയാളിയാണെന്ന് നിങ്ങൾക്കൊക്കെ എങ്ങനെ മനസ്സിലായി...’ കള്ളൻ ആവേശത്തോടെ ചോദിച്ചു.

‘ഹും.... തലയ്ക്കടി കിട്ടുമ്പോൾ അമ്മേ എന്ന് കരയണമെങ്കിൽ മലയാളിയായല്ലേ പറ്റൂ...’ ജോംസി മിസ്സ് പറഞ്ഞു.

‘തൻറെ പേര് എന്താടോ...’ അലക്സ് അയാളുടെ മുഖത്ത് ശക്തമായി കുത്തിപ്പിടിച്ചുകൊണ്ട് ചോദിച്ചു.

‘മോനേ... എനിക്ക് നാൽപ്പതുവയസ്സുണ്ട്. കുറച്ചെങ്കിലും മര്യാദ കാണിക്ക്...’

‘താൻ പോടോ... കള്ളനെ ബഹുമാനിക്കേണ്ട കാര്യം എനിക്കില്ല. എന്താടോ തൻറെ പേര്..?’

‘റോബർട്ട്...’ അയാൾ അലക്സിനെ ഒന്ന് പരിഭവത്തോടെ നോക്കിയശേഷം താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

‘എത്രനാളായി താൻ ഇവിടേയ്ക്ക് വന്നിട്ട്’

‘അഞ്ചു വർഷമായി...’

‘വന്നപ്പോൾ മുതൽ ഈ പണിയാണോ...’ അലക്സ് ആ ചോദ്യം ചോദിച്ചപ്പോൾ അയാൾ എന്തൊക്കയോ ഓർത്തിട്ട് അതെ എന്ന് മറുപടി പറഞ്ഞു.

‘ഇയാൾ എന്തിനാ മോഷ്ടിക്കാൻ പോകുംമുൻപ് വീടിൻറെ കോളിംഗ് ബെൽ അടിക്കുന്നത്.’

‘ഹഹ... അത് ഞാൻ മോഷ്ടിക്കാൻ നോക്കിവയ്ക്കുന്ന വീട് ഒരാഴ്ചയോളം നിരീക്ഷിക്കും. അതുപോലെ അവിടെ താമസ്സിക്കുന്നവരെയും. പിന്നെ അവർ വീട്ടിൽനിന്നും പോകുന്ന സമയം നോക്കി അവിടെക്കയറും. ആ സമയം വീട്ടിൽ വല്ല ജോലിക്കാരോ അല്ലേൽ മറ്റവല്ലവരുമുണ്ടെങ്കിൽ കോളിംഗ് ബെൽ കേട്ട് ഇറങ്ങിവരും. ആരും ഇല്ലേൽ വാതിൽ തുറക്കില്ലല്ലോ. അപ്പോൾ ധൈര്യമായിട്ട് പൂട്ട് പൊളിച്ച് കയറാം...’ അത് കേട്ടപ്പോൾ എല്ലാവരും അയാളെ അടിമുടിയൊന്ന് നോക്കി.

‘ഹും...അപ്പോൾ ഈ ഭക്ഷണം കട്ടുതിന്നുന്നതോ...’ ജോംസി മിസ്സ് ചോദിച്ചു.



‘അത് എൻറെ ഹോബിയാണ്...’

‘ഓഹോ... എങ്കിൽ പോലീസിനെ വിളിച്ച് ഇയാളെയങ്ങ് ഏൽപ്പിക്കാം.... ഫ്ളോറിഡ പോലീസിൻറെ നല്ല രണ്ട് തട്ട് കൊള്ളുമ്പോൾ ഇയാൾ ഈ പണി നിർത്തി നാടുകടന്നോളും...’ അത് പറഞ്ഞിട്ട് ജോംസി മിസ്സ് മൊബൈൽ ഫോൺ കൈയ്യിലേക്കെടുത്തു.

‘അത് നന്നായി... വിളിക്ക് വിളിക്ക്.... ആളില്ലാത്ത ഈ വീട്ടിൽ... അതും ഒരു പുരുഷൻ ഒറ്റയ്ക്ക് താമസിച്ചിരുന്ന ഈ വീട്ടിൽ അസമയത്ത് നിങ്ങൾ വന്നതെന്തിനെന്നും അവർ പറയിച്ചോളും...’ കള്ളൻ പറഞ്ഞത് കേട്ട് ജോംസി മിസ്സിൻറെ രോഷം ഇരമ്പി.

‘ഞാൻ ഇവിടെ താമസിച്ചിരുന്ന ആ പുരുഷൻറെ ഭാര്യയാണ്. എൻറെ വീടാണിത്...’ മിസ്സ് പറഞ്ഞതുകേട്ട് താരയുടെ വായ തുറന്നു പോയി.

‘ഒന്ന് പോ കൊച്ചേ... നീ ഇപ്പോൾ ഭർത്താവ് എന്ന് പറഞ്ഞയാളെ എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ഒരു കാര്യം ഞാൻ പറഞ്ഞില്ലേ. ഞാൻ പകൽ മുഴുവൻ കേറാൻ ഉദ്ദേശിക്കുന്ന വീട്ടിലെ ആളെ നിരീക്ഷിക്കും. പിന്നെ ഒരു സർവ്വേ നാടകം കളിച്ച് വീട്ടിലുള്ളവരുടെ ഡീറ്റെയിൽസും ഒപ്പിക്കും. എനിക്ക് വേറെ പണി ഒന്നും ഇല്ലല്ലോ...’ അയാൾ അതും കൂടി പറഞ്ഞപ്പോൾ മിസ്സ് ആകെ ചമ്മിയൊതുങ്ങി.

‘ഹും...ശെരി...മര്യാദക്ക് എൻറെ കെട്ടഴിക്ക്. ഇല്ലേൽ ഇനി ഞാൻ ബഹളം വച്ച് ആളെക്കൂട്ടും. ഇവിടെനിന്നും കിട്ടുന്നത് ഫിഫ്റ്റി ഫിഫ്റ്റി ഡീൽ ഓക്കേയാണോ..?’ അയാളുടെ ചോദ്യം കേട്ട് എല്ലാവരും പരസ്പരം നോക്കി.

ജോംസി മിസ്സ് ചുറ്റും ഒന്ന് കണ്ണോടിച്ചു. എന്നിട്ട് ടേബിളിൻറെ മുകളിൽ കിടന്നിരുന്ന ഒരു തുണിക്കഷ്ണമെടുത്ത് വിക്കിയുടെ കൈയ്യിൽ കൊടുത്തിട്ട് കള്ളൻറെ നേരേ പുരികം പൊക്കിക്കാണിച്ചു. കാര്യം മനസ്സിലാക്കിയ വിക്കി അയാൾക്കുനേരേ ചെന്ന് മുടിയിൽ കുത്തിപ്പിടിച്ച് വായ തുറപ്പിച്ചു.

'അയ്യോ...' ആ ഒരു ഒറ്റ അലർച്ച മാത്രം വെളിയിൽ വന്നു. ബാക്കിയെല്ലാം ആ തുണിക്കഷ്ണം തടുത്തു.

'ബോയ്സ്...നിങ്ങൾക്ക് എന്താ കിട്ടിയത്...സമയം പാഴാക്കാതെ അതിങ്ങ് കാണിക്ക്...' മിസ്സ് അത് പറഞ്ഞപ്പോൾ റ്റോജി ആ പേപ്പർ കവർ പുറത്തെടുത്തു. കാര്യമൊന്നും മനസ്സിലാകാതെ കള്ളൻ റോബർട്ട് വായിൽ തിരുകിയിരുന്ന തുണി തുപ്പിക്കളയാനുള്ള തത്രപ്പാടിലായിരുന്നു.

ഐലൻറിലേക്ക് യാത്ര പുറപ്പെടുംമുൻപ് പ്രൊഫസർ നിക്കോൾസൺ താൻ തിരിച്ചെത്താൻ വൈകിയാൽ അതിൻറെ കാരണം തേടിയെത്തുന്നവർക്ക് തന്നെ തിരഞ്ഞെത്തുവാനായി മെർക്കുറിയിൽ എത്തിച്ചേരാനുള്ള മാർഗ്ഗം അടയാളപ്പെടുത്തിയ വിവരങ്ങൾ അടക്കം ചെയ്ത ഒരു കവർ വീട്ടിലെ സ്വീകരണ മുറിയിൽ സൂക്ഷിച്ചിരുന്നു. അതോടൊപ്പം ആ ഭൂപടത്തിൻറെ ഒരു കോപ്പിയുമുണ്ടായിരുന്നു. പിന്നെ താൻ അവിടേക്ക് പോകുവാനുള്ള കാരണവും അതിലെ ഒരു പേപ്പറിൽ ലഘുവായി എഴുതിച്ചേർത്തിരുന്നു. അത് മുഴുവൻ വായിച്ചുകഴിഞ്ഞപ്പോൾ മിസ്സിൻറെ കണ്ണുകൾ ഒന്ന് തിളങ്ങി. താൻ തേടിയത് ലഭിച്ച സന്തോഷമായിരുന്നു അവരുടെ മുഖത്ത്. ഷാനുവിൻറെ കൈയ്യിൽ നിന്നും ആ കവർ പിടിച്ചു വാങ്ങിയ ശേഷം അവർ എല്ലാവരെയും പുഞ്ചിരിയോടെ നോക്കി.

അവർ എന്തോ തീരുമാനിച്ചമട്ടാണെന്ന് കള്ളൻ റോബർട്ടിനുപോലും തോന്നിപ്പോയി. ഒരുനിമിഷത്തെ നിശബ്ദതയ്ക്ക് ശേഷം ജോംസി മിസ്സ് തുടർന്നു.

'അപ്പോൾ ഡിയർ സ്റ്റുഡൻസ്...ഉടൻതന്നെ നിങ്ങളുടെ ഈ മിസ്സും മെർക്കുറി ഐലൻറിലേക്ക് പാക്ക് അപ്പ് ചെയ്യുകയാണ്...' മിസ്സ് പറഞ്ഞത് കേട്ട് അവരെല്ലാവരും അമ്പരപ്പോടെ മിസ്സിനെ തുറിച്ചുനോക്കി.

'എന്ത്...' ജെസ്സി അതേ അമ്പരപ്പിൽ ചോദിച്ചു.

'യെസ്... ഞാനും പോകുകയാണ്... അദ്ദേഹത്തിൻറെ ആഗ്രഹം എന്നെയും കൂടെ കൂട്ടണം എന്നായിരുന്നില്ലേ. എല്ലാം കാണുന്ന ദൈവം ഈ ഡയറിയും വഴികളും ഭൂപടവുമെല്ലാം നിങ്ങളിലൂടെ എന്നെ കാണിച്ചുതന്നെങ്കിൽ ബാക്കിയുള്ള കാര്യങ്ങൾക്കും എൻറെയൊപ്പം കാണും. പക്ഷേ ഇനിയുള്ളവ ഞാൻതന്നെ ചെയ്യണം...'

'എൻറെ മിസ്സേ... സാറിന് മിസ്സിനെ ഇഷ്ടമുണ്ടായിരുന്നതൊക്കെ ശരി. പക്ഷേ ഇപ്പോൾ മിസ്സിന് ഈ ഡയറി വായിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ തോന്നുന്നത്. ഇത് വായിച്ചില്ലായിരുന്നെങ്കിലോ...'

‘ജെസ്സീ നിർത്ത്...നിന്നോട് ആരാ പറഞ്ഞത് ഈ ഡയറി വായിച്ചപ്പോഴാ എനിക്ക് അദ്ദേഹത്തോട് ഇഷ്ടം തോന്നിയതെന്ന്. എനിക്ക് പരിചയപ്പെട്ട കുറച്ചുനാളുകൾക്കകം തോന്നിത്തുടങ്ങിയതാണ് ഈ ഇഷ്ടം. പക്ഷേ ഒരു പെണ്ണ് തൻറെ ഇഷ്ടം തുറന്നു പറയുന്നത് ശരിയായി തോന്നിയില്ല. ഞാനും അദ്ദേഹത്തെപ്പോലെ എൻറെ ഇഷ്ടം മറച്ചുവച്ചു. ഈ വെക്കേഷന് എൻറെ വീട്ടുകാർ ഇങ്ങോട്ട് വരുന്നുണ്ട്. അപ്പോൾ പ്രിൻസിപ്പാൾ അങ്കിളിനോട് പറഞ്ഞ് അവരെക്കൊണ്ട് എല്ലാം സംസാരിപ്പിക്കണം എന്നായിരുന്നു എൻറെ ആഗ്രഹം. പക്ഷേ...അദ്ദേഹം ഒറ്റയ്ക്ക് പൊയ്ക്കളഞ്ഞു...’

അത്രയും പറഞ്ഞിട്ട് മിസ്സ് തൻറെ കൈയ്യിലിരുന്ന ആ കവർ നെഞ്ചോടുചേർത്തുപിടിച്ചു.

‘അങ്ങനെയെങ്കിൽ പ്രൊഫസർ തിരികെയെത്തുംവരെ നമുക്ക് കാത്തിരിക്കാം...അതല്ലേ നല്ലത്...’ ജെസ്സി പ്രതീക്ഷയോടെ മിസ്സിനെ നോക്കി.

‘ഇല്ല ജെസ്സീ... ഞാൻ അദ്ദേഹത്തെത്തേടി പോകും... തീർച്ച...’ അവർ ഉറച്ച ശബ്ദത്തിൽ പറഞ്ഞു..!

# പതിനൊന്ന്

മിസ്സിൻറെ തീരുമാനം കേട്ട് അവരെല്ലാവരും ആകപ്പാടെ പ്രതിസന്ധിയിലായി.

‘എന്ത് ഭ്രാന്താണ് മിസ്സ് ഈ പറയുന്നത്. ആഴക്കടലിൽ മിസ്സ് എങ്ങനെ തനിച്ച് സഞ്ചരിക്കും. അതും പോരാഞ്ഞിട്ട് ഇതിൽ പറഞ്ഞിരിക്കുന്നതൊക്കെ മനസ്സിലാക്കി പോകാൻ മിസ്സിന് കഴിയുമോ. മിസ്സിന് ബോട്ട് നിയന്ത്രിച്ച് പരിചയവുമില്ലല്ലോ...’ വിക്കി മിസ്സിനെ കാര്യം പറഞ്ഞുമനസ്സിലാക്കുവാൻ ശ്രമിച്ചു കൊണ്ടിരിന്നു.

‘എനിക്ക് കഴിയും...’ ജോംസി മിസ്സ് വീണ്ടും തറപ്പിച്ചുപറഞ്ഞു.

അത്രയുംനേരം എല്ലാം കേട്ടുകൊണ്ടിരുന്ന റൂബിയപ്പോൾ ഇടപെട്ടു.

‘മിസ്സ്...നമ്മളൊക്കെ പെണ്ണുങ്ങളാണ്... നമുക്ക് പല കാര്യങ്ങൾക്കും പരിമിതികളുണ്ട്. അതുപോലെയൊന്നാണ് ഇതും. സർ ഒരു പുരുഷനായതുകൊണ്ടാണ് ഈ യാത്രപോയത്. ഞങ്ങളേക്കാളും അറിവും ലോകപരിചയവുമുള്ളതല്ലേ മിസ്സിന് ഞങ്ങൾ പറയുന്നത് മനസ്സിലാക്കാൻ കഴിയില്ലേ...’

അവർ പലരീതിയിൽ മിസ്സിൻറെ മനസ്സുമാറ്റാനായി ശ്രമിച്ചു കൊണ്ടേയിരുന്നു. പക്ഷേ അവർ അപ്പോഴും അവരുടെ തീരുമാനത്തിൽത്തന്നെ ഉറച്ചുനിന്നു. ഒടുവിൽ കുറച്ചുസമയത്തെ നിശബ്ദതയ്ക്ക് ശേഷം അവർ കെട്ടിയിട്ടിരുന്ന കള്ളൻ റോബർട്ടിൻറെ അടുത്തേക്ക് നടന്നുചെന്നു. മിസ്സ് എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് വീക്ഷിച്ചുകൊണ്ട് ആൺകുട്ടികളും പെൺകുട്ടികളും അവിടെത്തന്നെയിരുന്നു.

അയാളുടെ അടുത്തേക്ക് നടന്നുചെന്ന മിസ്സ് അയാളെ അടിമുടിയൊന്നുനോക്കി. അപ്പോഴും കാര്യമൊന്നും മനസ്സിലാവാതെ റോബർട്ട് വായിലെ തുണി തുപ്പിക്കളയാൻ ശ്രമിക്കുകയായിരുന്നു.

‘നിങ്ങൾ പണത്തിനുവേണ്ടിയല്ലേ ഇത്രയുംകാലം ഇങ്ങനെ ജീവിച്ചത്?’ മിസ്സ് ചോദിച്ച ചോദ്യം കേട്ട് അയാൾ തലകുലുക്കി.

‘നിങ്ങൾ ഒരുമാസംകൊണ്ട് മോഷ്ടിക്കുന്നത്ര പണം ഞാൻ തരാം. കുറച്ചുദിവസം എൻറെ കൂടെ ഒരിടംവരെ വരാമോ..?’

ആ ചോദ്യം കേട്ട് റോബർട്ടിൻറെ ഉൾപ്പെടെ എല്ലാവരുടെയും കണ്ണുതള്ളിപ്പോയി. പെട്ടെന്നുതന്നെ സമ്മതം എന്ന രീതിയിൽ അയാൾ തലകുലുക്കി.

‘വാട്ട്...’ ദേഷ്യത്തോടെ ജെസ്സി ഇരുന്നിടത്തുനിന്നും എഴുന്നേറ്റ് ചെന്നു.

'മിസ്സ്... ദിസ് ഈസ് റ്റൂ മച്ച്... എന്തൊക്കെയാ മിസ്സീ പറയുന്നത്. ഒരു കള്ളനെയുംകൊണ്ട്... ശ്ശേ...'

'ജെസ്സീ... നീ ഇതിൽ ഇടപെടേണ്ട. ഇത് ഞാൻ നോക്കിക്കോളാം...' അതും പറഞ്ഞുകൊണ്ട് മിസ്സ് കള്ളൻറെ വായിൽ തിരുകിയ തുണിയെടുത്ത് മാറ്റിയശേഷം കൈയ്യിലെ കെട്ടഴിക്കുവാൻ തുടങ്ങി.

'നിർത്ത്... മിസ്സിന് ഒരാളെ കൂടെവേണം... അതും ഒരു പുരുഷനെ... അത്രയല്ലേയുള്ളൂ... ഞാൻ വരാം. സാറിനെ കണ്ടെത്താൻ ഞാനും വരാം. എനിക്ക് ഒന്നും നോക്കാനില്ല. തീർച്ചയായും ഞാനും മിസ്സിൻറെയൊപ്പം വരും...' അത്രയും നേരം ഒന്നും ശബ്ദിക്കാതെയിരുന്ന അലക്സ് പറഞ്ഞതുകേട്ട് അവൻറെ കൂട്ടുകാർ ഞെട്ടിപ്പോയി.

'നോ... ഒരു കാരണവശാലും അതു വേണ്ട. എന്നെയോ ഈ റോബർട്ടിനെയോ പോലെയല്ല നീ... നിന്നെ പ്രതീക്ഷിക്കുന്ന ഒരു കുടുംബമുണ്ട്. നിങ്ങൾ ജീവിച്ചു തുടങ്ങിയിട്ടേയുള്ളൂ... പക്ഷേ ഞാൻ അങ്ങനെയല്ല സാഹസികതയൊക്കെ എനിക്ക് പരിചയമാണ്. അതുപോലെ എൻറെ തീരുമാനങ്ങളെ എൻറെ വീട്ടുകാർ ഇതുവരെ എതിർത്തിട്ടില്ല.' മിസ്സ് പറഞ്ഞത് കേട്ടപ്പോൾ റോബർട്ടിൻറെ നെറ്റിയിൽ ചുളിവുകൾ വീണു.

'കൊച്ചേ... നീ എന്താ പറഞ്ഞേ...എനിക്ക് ചോദിക്കാനും പറയാനും ആരും ഇല്ലെന്നോ...! സത്യം പറ നീയെന്നെ എങ്ങോട്ടാ കൂട്ടുവിളിക്കുന്നത്...?'

'അത് ഒരു സ്ഥലത്തേക്ക്... അതൊക്കെയെന്തിനാ തിരക്കുന്നത്..? തനിക്ക് പണം കിട്ടിയാൽ പോരേ..' മിസ്സ് തടിതപ്പുന്ന രീതിയിൽ മറുപടി പറഞ്ഞു.

'പറ്റില്ല... എവിടെയാന്നറിയാതെ ഞാൻ വരില്ല. കൊച്ച് പറഞ്ഞില്ലേ എന്നെ പ്രതീക്ഷിക്കാൻ ആരും ഇല്ലയെന്ന് എന്നാൽ അങ്ങനെയല്ല. നിങ്ങൾക്കൊക്കെ ഞാൻ വെറുമൊരു കള്ളനായിരിക്കും. പക്ഷേ എൻറെ അവസ്ഥയാണ് എന്നെ ഇവിടെയെത്തിച്ചത്. ഞാനും എൻറെ ഭാര്യയും മോളുമടങ്ങുന്നതാണ് എൻറെ കുടുംബം, പന്ത്രണ്ടുവസ്സുള്ള എൻറെ മോൾക്ക് ബ്ലഡ് ക്യാൻസറാണ്. മാസത്തിൽ രണ്ടുവട്ടം അവളുടെ ബ്ലഡ് മാറ്റണം. അവളെ തിരിച്ചു കിട്ടില്ലയെന്ന് എനിക്കറിയാം. പക്ഷേ അവളുടെ അസുഖം മാറുമെന്ന വിശ്വാസത്തിലാണ് എൻറെ ഭാര്യ. എനിക്കും എൻറെ ഭാര്യക്കും അവളേയുള്ളൂ. എൻറെ മോൾക്ക് വേണ്ടിയാണ് ജോലിചെയ്തിരുന്ന കമ്പനിയിൽ നിന്നും ഒരിക്കൽ ഞാൻ പണം മോഷ്ടിച്ചത്. എൻറെ നിർഭാഗ്യം ഞാൻ പിടിക്കപ്പെട്ടു. ഒടുവിൽ വേറെയെങ്ങും ജോലി കിട്ടാതായി. മോൾക്ക് അസുഖവും കൂടിത്തുടങ്ങി. ഒടുവിൽ വേറേ ഗതിയില്ലാതെയാണ് ഞാൻ ഈ മോഷണം തുടങ്ങിയത്. അല്ലാതെ സുഖവാസത്തിനല്ല. ഞാൻ ഇനി ഈ ഭാഗത്തേക്ക് വരില്ല. എന്നെ വിട്ടേക്ക് കൊച്ചേ...' അത് പറഞ്ഞിട്ട് അയാൾ മിസ്സിനെ നോക്കി തൊഴുകൈയ്യോടെ നിന്നു.

അതും കൂടി കേട്ടപ്പോൾ ജോംസി മിസ്സ് ആകെ തകർന്നു പോയി. അവർ നിലത്ത് തളർന്നിരുന്നു. ജെസ്സിയും താരയും മിസ്സിൻറെ അടുത്തേക്ക് ചെന്നു.

'മിസ്സ്... ഹേയ്... മിസ്സ്... ഞങ്ങൾക്ക് ഒരു കാര്യം മനസ്സിലാകുന്നില്ല... നിങ്ങൾ ഒന്ന് പ്രണയിച്ചിട്ടുകൂടിയില്ല. പിന്നെ മിസ്സിന് സാറിൻറെ കാര്യത്തിൽ ഇത്രയും വിഷമം തോന്നാൻ എന്തിരിക്കുന്നു...'

ജെസ്സി ചോദിച്ചത് കേട്ട ഭാവം പോലും മിസ്സ് കാണിച്ചില്ല. പക്ഷേ എന്തോ ആലോചിച്ച ശേഷം മിസ്സ് നിലത്തുനിന്നും എഴുന്നേറ്റു.

'എനിക്ക് അദ്ദേഹത്തെ തിരികെ വേണം... ഇതിലപ്പുറം എനിക്കൊന്നും പറയാനില്ല. ഏത് നടുക്കടലിലായാലും ഞാൻ പോകും...ജെസ്സീ, റൂബീ, താരേ വന്നേ... ഇനിയും ഇവിടെ നിൽക്കുന്നത് ശരിയാവില്ല. വരൂ എത്രയും വേഗം നമുക്ക് ഹോസ്റ്റലിലെത്തണം.' അത് പറഞ്ഞിട്ട് ഡയറിയും പേപ്പർ കവറും കൈയ്യിലെടുത്ത് മിസ്സ് പുറത്തേക്ക് നടന്നുപോയി.

ബാക്കിയുള്ളവരും പിന്നാലെ റോബർട്ടും മുറിവിട്ട് പുറത്തേക്ക് നടക്കുമ്പോഴായിരുന്നു അകലെനിന്നും സൈറൻ മുഴക്കി വരുന്ന പോലീസ് വണ്ടികളുടെ ശബ്ദം എല്ലാവരും കേട്ടത്.

'അയ്യോ... പോലീസ് ഇവിടെവിടെയോ ഉണ്ട്...' അതും പറഞ്ഞുകൊണ്ട് റോബർട്ട് മുന്നിൽ നടന്നിരുന്ന മിസ്സിനെ തള്ളി മാറ്റി മുന്നോട്ടോടി. അയാൾ വേഗത്തിൽ മുന്നിലത്തെ വാതിൽ തുറന്ന് പുറത്തേക്കിറങ്ങിയപ്പോഴേക്കും രണ്ട് പോലീസ് വണ്ടികൾ നിക്കോൾസൻറെ വീടിൻറെ മുന്നിലേക്ക് കുതിച്ചെത്തിയിരുന്നു.

അവരുടെ വണ്ടിയുടെ ലൈറ്റ് അയാളുടെ മുഖത്തുതന്നെയടിച്ചു. പക്ഷേ ആ വെളിച്ചം റോബർട്ടിൻറെ പിന്നാലെ രക്ഷപെടാനായി പരിഭ്രമത്തോടെ ഓടിയ മറ്റുള്ളവരെയും കൂടി പോലീസിന് കാട്ടിക്കൊടുത്തു. വണ്ടി നിർത്തി പോലീസുകാർ ചാടിയിറങ്ങിയതും റോബർട്ട് അകത്തേക്ക് കയറി വാതിലടച്ചതും ഒരുമിച്ചായിരുന്നു.

'ഹയ്യോ...മിസ്സേ നമ്മളിനി എന്താ ചെയ്യുക... ഫ്ളോറിഡയിൽ വീട്ടുകയറിയുള്ള മോഷണത്തിന് പിടിച്ചാൽ പെട്ടെന്നൊന്നും ജാമ്യം പോലും കിട്ടില്ല...' റ്റോജി കരഞ്ഞുകൊണ്ട് പറഞ്ഞു.

ജോംസി മിസ്സ് എന്തുചെയ്യണമെന്നറിയാതെ നിക്കോൾസൻറെ ഡയറിയും പേപ്പർ കവറും കെട്ടിപ്പിടിച്ച് അവിടെത്തന്നെ നിന്നു. അപ്പോഴേക്കും പോലീസുകാർ വീടിൻറെ വാതിൽ തുറക്കുവാനുള്ള ശ്രമം തുടങ്ങിയിരുന്നു.

'എല്ലാവരും വാ... നമുക്ക് നമ്മൾ വന്ന പിൻവശത്തുകൂടി രക്ഷപെടാം... വേഗം...' അതും പറഞ്ഞുകൊണ്ട് റൂബി മുൻപേയോടി. താരയും അവളുടെ പിന്നാലെയോടി. പിന്നെയാരും അവിടെ നിന്നില്ല. എല്ലാവരും പിൻവശത്തേക്ക് പാഞ്ഞു. അതിവേഗത്തിൽ അവരെല്ലാവരും പുറത്തുകടന്നു.

അവർ പുറത്തുകടന്നപ്പോഴേക്കും മുൻവശത്തെ വാതിൽ ശക്തിയായി തുറന്ന ശബ്ദം ആ വീട്ടുമുഴുവനും പ്രതിധ്വനിച്ചു. മിസ്സിനോ പിള്ളർക്കോ എങ്ങോട്ട് രക്ഷപെടണമെന്ന് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. റോബർട്ടിനുപിന്നാലെ അവരുമോടി. കൂട്ടത്തിൽ അവരെല്ലാം പിൻവശത്തെ ചെറിയ മതിൽ ചാട്ടുകയും ചെയ്തു. റോബർട്ട് അതിവേഗത്തിൽ ഓടുകയായിരുന്നു. പിന്നാലെ മിസ്സും പിള്ളേരും അയാൾക്കൊപ്പമെത്താൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു.

'നിങ്ങളെന്തിനാ എൻറെ പിന്നലെയോടുന്നത്...' ഓട്ടത്തിനിടയിൽ റോബർട്ട് അവരോട് വിളിച്ചുചോദിച്ചു.

പക്ഷേ അപ്പോഴേക്കും റോഡിലൂടെ പോലീസ് വണ്ടി അവരുടെയടുത്തേക്ക് പാഞ്ഞെത്തിത്തുടങ്ങിയിരുന്നു. റോബർട്ട് വേഗംതന്നെ മുന്നിൽക്കണ്ട ഇടവഴിയിലേക്ക് തിരിഞ്ഞു. അവരും അതുപോലെതന്നെ അയാൾക്കൊപ്പം തിരിഞ്ഞു. അപ്പോഴേക്കും വണ്ടിനിർത്തി രണ്ടുമൂന്ന് പോലീസുകാർ അവരുടെ പിന്നാലെ ഇടവഴിയിലേക്ക് ഓടിയെത്തി. താര ഓടാനായി പരമാവധി ശ്രമിച്ചുകൊണ്ടേയിരുന്നു. പക്ഷേ മറ്റുള്ളവരെപ്പോലെ വേഗത്തിലോടാനുള്ള പ്രാപ്തി അവൾക്കില്ലായിരുന്നു. എങ്കിലും പോലീസ് പിടിച്ചാൽ തന്നെ ഒരു മോഷ്ടാവായി മറ്റുള്ളവർ കാണുമെന്നോർത്തപ്പോൾ പരമാവധി ആയത്തിൽ അവൾ മറ്റുള്ളവർക്കൊപ്പം കുതിച്ചു.

കാട്ടുപിടിച്ച് ഇരുട്ടുനിറഞ്ഞ ഒരു സ്ഥലമെത്തിയപ്പോഴേക്കും റോബർട്ട് ഒരു വലിയ വള്ളിമരത്തിൻറെ പിന്നിലൊളിച്ചു. അയാൾക്കുപിന്നാലെ മിസ്സും വിക്കി ഒഴികെയുള്ള ബാക്കിയുള്ളവരും ആ മരത്തിൻറെ മറവിൽത്തന്നെ അഭയം തേടി. അവരെ പിന്തുടർന്നെത്തിയ പോലീസുകാർ വിക്കി ഓടിപ്പോകുന്നത് കണ്ട് വീണ്ടും മുന്നോട്ടുതന്നെ ഓടിപ്പോയി.

തൻറെ കൂടെയുള്ളവരെ പെട്ടെന്ന് കാണാതായ ഭയത്തിൽ എവിടേക്കോടണമെന്ന് വിക്കിക്ക് ഒരു നിശ്ചയവുമില്ലായിരുന്നു. ഒടുവിൽ തൻറെ ഹോസ്റ്റൽ ലക്ഷ്യമാക്കി അവനോടി.

പലയിടത്തുവച്ചും അവൻ പോലീസ് വണ്ടിയുടെ മുന്നിലകപ്പെട്ടു. അതിൽനിന്നുമൊക്കെ അതിസാഹസികമായി രക്ഷപെട്ട് ഹോസ്റ്റൽ മതിൽ ചാടിക്കടന്ന് തൻറെ മുറിയിലെത്തിയപ്പോഴാണ് അവന് ശ്വാസം നേരെവീണത്.

പക്ഷേ അപ്പോഴേക്കും ഹോസ്റ്റലിനെ ലക്ഷ്യമാക്കി പോലീസ് വണ്ടികൾ പാഞ്ഞെത്തിയിരുന്നു..!



# പന്ത്രണ്ട്

ഹോസ്റ്റലിൻറെ മുന്നിലേക്ക് വണ്ടികൾ ഇരച്ചുകയറുന്ന ശബ്ദംകേട്ട് പലമുറികളിലും ലൈറ്റ് തെളിഞ്ഞു. ഹോസ്റ്റൽ വാർഡനും സെക്യൂരിറ്റിയും പുറത്തേക്ക് ഓടിയെത്തി. പോലീസുകാർ അവരോട് കാര്യം പറഞ്ഞപ്പോൾ മുറികൾ സെർച്ച് ചെയ്യാനുള്ള അനുവാദം അവർ കൊടുത്തു. അത് കേൾക്കേണ്ട താമസം വണ്ടിയിലുണ്ടായിരുന്ന കുറേ പോലീസുകാർ ഹോസ്റ്റലിലേക്ക് ഇരച്ചുകയറി. അതോടൊപ്പം വിക്കി രക്ഷപെടാതിരിക്കുവാനായി ഹോസ്റ്റലിൻറെ ചുറ്റും കുറച്ച് പോലീസുകാർ നിരന്നു.

താൻ ഏതുനിമിഷവും അവരുടെ കൈയ്യിൽ അകപ്പെട്ടുമെന്ന് മനസ്സിലാക്കിയ വിക്കി രണ്ടാം നിലയിലെ തൻറെ മുറിയുടെ ജനലിലൂടെ പുറത്തേക്ക് ഇറങ്ങുവാനായി ശ്രമിച്ചപ്പോൾ കെട്ടിടത്തിനുചുറ്റും നിന്നിരുന്ന പോലീസുകാർ അവനെ കണ്ടു. അവർ ഉറക്കെ അലാറം മുഴക്കിയപ്പോൾ വിക്കിയുടെ മുറിയിലേക്കും പോലീസുകാർ ഓടിയെത്തി. താൻ പിടിക്കപ്പെട്ടുമെന്ന് മനസ്സിലാക്കിയ വിക്കി ജനലിൽനിന്നും താഴേക്കിറങ്ങി കൈകൾ ഉയർത്തിപ്പിടിച്ച് തറയിലിരുന്നു. പോലീസുകാർ അവനെ കൈയ്യോടെ പിടികൂടി. വാർഡൻ വിളിച്ചുപറഞ്ഞപ്പോൾ പ്രിൻസിപ്പാൾ ഉടൻതന്നെ ഹോസ്റ്റലിലേക്ക് വന്നു. അപ്പോഴേക്കും പോലീസുകാർ വിക്കിയെ കൊണ്ടുപോകാൻ തുടങ്ങിയിരുന്നു. ഇത് കണ്ടതും പ്രിൻസിപ്പാൾ അവരുടെ അരികിലേക്ക് ഓടിച്ചെന്നു.



(ഇംഗ്ലീഷിലുള്ള സംഭാഷണം മലയാളത്തിൽ ആക്കിയിരിക്കുന്നു)

'എന്താണ് സർ ഉണ്ടായത്... നിങ്ങൾ കാര്യം പറയണം...' അവിടേക്ക് ചെന്നയുടൻ പേടിച്ച് വിറച്ചുനിൽക്കുന്ന വിക്കിയെ ചേർത്ത് പിടിച്ചുകൊണ്ട് പ്രിൻസിപ്പാൾ ചോദിച്ചു. വിക്കിയെ പഴയപോലെ മാറ്റിനിർത്തിയിട്ട് കൂട്ടത്തിലുള്ളവരിൽ ഉയർന്ന ഒരു ഉദ്യാഗസ്ഥൻ പ്രിൻസിപ്പാളിനെ സൂക്ഷിച്ചുനോക്കി.

'ഈ പയ്യനും മറ്റുചിലരും ചേർന്ന് ആ വളവിനപ്പുറമുള്ള വീട് കുത്തിത്തുറന്നു. പക്ഷേ ഞെട്ടിക്കുന്ന സംഭവം അതല്ല. ഞങ്ങൾ അന്വേഷിക്കുന്ന ഒരു പ്രധാന മോഷണപ്രതിയും ഇവരുടെ കൂട്ടാളിയാണ്. അയാൾ ആ വീടിൻറെ മുന്നിൽ കണ്ടതായി റിപ്പോർട്ട് കിട്ടിയിട്ടാണ് ഞങ്ങൾ അവിടേക്ക് ചെന്നത്. പെൺകുട്ടികൾ ഉൾപ്പെടുന്ന ഇവരുടെ വിദ്യാർഥിസംഘം എങ്ങനെ അങ്ങനെയൊരാളുമായി കൂട്ടായി. ഇവൻറെ കൂടെയുണ്ടായിരുന്നവരെല്ലാം എവിടെയാണ്. അതോടൊപ്പം ഇവരുടെ പ്രായത്തിൽ കൂടുതൽ തോന്നിക്കുന്ന ഒരു യുവതിയും ഇവരോടൊപ്പമുണ്ടായിരുന്നു. അവൾ ആരാണ്...? ഇതിനുള്ള മുഴുവൻ ഉത്തരവും ഇവൻ പറഞ്ഞേ മതിയാവൂ...' ഇതൊക്കെ കേട്ടപ്പോൾ പ്രിൻസിപ്പാൾ നെഞ്ചിൽ കൈവച്ചുപോയി.

'വിക്കീ...' അയാൾ നീട്ടിവിളിച്ചു.

വിക്കി ഒരു പ്രതിമയെപ്പോലെ തലയുംകുനിച്ച് നിന്നു. അപ്പോൾ മറ്റൊരു പോലീസുകാരൻ അവരുടെ അടുത്തേക്ക് നടന്നെത്തി.

‘സർ... ആ വീട്ടിൽ താമസ്സിക്കുന്നത് ഇവരെ പഠിപ്പിക്കുന്ന ഒരു പ്രാഫസർ തന്നെയാണ്. അയാളുടെ പേര് നിക്കോൾസൺ ലൂയിസ്...’ അത് കേട്ടതും പ്രിൻസിപ്പാളിൻറെ നെറ്റി ചുളിഞ്ഞു.

‘ഓഫീസർ...ഇതെന്തോ തെറ്റിദ്ധാരണയുടെ പുറത്ത് സംഭവിച്ചതാണ്. പ്രൊഫസർ പെട്ടെന്ന് എങ്ങോട്ടോ ലീവെടുത്ത് പോയി. കുട്ടികളെല്ലാം ഒരുപാട് ഇഷ്ടപ്പെടുന്ന ഒരാളായിരുന്നു അയാൾ. ഞാനുൾപ്പെടെ ഇവരെല്ലാവരും മിക്കവാറും അവിടെ പോകാറുള്ളതാണ്. അവിടെ മോഷ്ടിക്കാൻ തക്കവണ്ണം ഒന്നുമില്ല. പിന്നെ ആ കള്ളനെപ്പറ്റിയും യുവതിയെപ്പറ്റിയും വിക്കിതന്നെ പറയട്ടെ. അവൻ തീർച്ചയായും പറയും. വിക്കീ... നീ സത്യം പറയ്... ഇല്ലെങ്കിൽ ഇവർ നിന്നെ കൊണ്ടുപോകും. പറ വിക്കീ... എന്തിനാണ് അസമയത്ത് നീ അവിടെപ്പോയത്. ആരൊക്കെയായിരുന്നു നിൻറെ കൂടെ..?’ പ്രിൻസിപ്പാൾ ചോദിച്ചത് കേട്ടിട്ടും അവൻ തലയും കുനിച്ചുതന്നെ നിന്നു.

‘ഇവനോടൊക്കെ മര്യാദക്ക് ചോദിച്ചാൽ പറയില്ല. ജാമ്യം കിട്ടാതെ ജയിലിൽ കിടക്കുമ്പോഴേ ഇവനൊക്കെ പഠിക്കൂ...’ ഓഫീസർ പല്ലുകടിച്ചുകൊണ്ട് പറഞ്ഞു.

അപ്പോൾ വാർഡൻ എന്തോ ഒന്നുമായി മുന്നിലേക്ക് കടന്നു വന്നു.

‘സർ... ഇത് കോളേജ് മാഗസിനാണ്... ഇവൻറെ സംഘത്തിൽപ്പെട്ടവർ എല്ലാംകൂടി ഒരു എഴുത്തുകാരനെ ഇൻറർവ്യൂ ചെയ്ത ഫോട്ടോകൾ ഇതിലുണ്ട്. എല്ലാം ആളെ നന്നായി തിരിച്ചറിയുവാൻ തക്ക ഫോട്ടോകളാണ്... ഇതിലുള്ള ആരെങ്കിലുമാണോ എന്നൊന്ന് നോക്കിക്കേ...’ വാർഡൻ പറഞ്ഞതുകേട്ടതും വിക്കി നടുങ്ങി. ഈ ക്രൂരത വേണമായിരുന്നോ എന്ന രീതിയിൽ അവൻ വാർഡനെ നോക്കി.

‘വിക്കീ... അവസാനമായി ഒരവസരം കൂടി തരികയാണ്. ഉണ്ടായതൊക്കെ തുറന്നുപറ... ഞങ്ങൾ ഇതിൽ നോക്കി ബാക്കിയുള്ളവരെയും കണ്ടെത്തിയാൽപ്പിന്നെ ഒരു ഔദാര്യവും നീ പ്രതീക്ഷിക്കേണ്ട...’ വിക്കിക്ക് എന്ത് പറയണമെന്ന് അവനുതന്നെ ഉറപ്പില്ലായിരുന്നു. എല്ലാവരും ആകാംക്ഷയോടെ അവനെത്തന്നെ നോക്കിനിന്നു. ഒടുവിൽ രണ്ടും കൽപ്പിച്ചുകൊണ്ട് അവൻ പറയുവാൻ ഒരുങ്ങി.

‘അത്.... സർ ഞങ്ങളോട് പറഞ്ഞിരുന്നു സർ വരുന്നതുവരെ അവിടെ താമസിച്ചോളാൻ...’ പ്രിൻസിപ്പാൾ വീണ്ടും ഞെട്ടി. പക്ഷേ ആ ഞെട്ടൽ അയാൾ പുറത്തുകാണിച്ചില്ല.

‘അപ്പോൾ ആ കള്ളനോ..?’

‘അത്... അത് അയാൾ... മോഷ്ടിക്കാൻ വന്നതാണ്...’

‘അപ്പോൾ അയാളോടൊപ്പം നിങ്ങളും പോലീസിനെക്കണ്ട് ഭയന്ന് ഓടിയതോ..?’

‘അത്... അത്...’ വിക്കിക്ക് പറഞ്ഞുനിൽക്കാൻ പറ്റാതായി. ഓഫീസർ തൻറെ പോക്കറ്റിൽ നിന്നും മൊബൈൽ ഫോൺ കൈയ്യിലെടുത്തിട്ട് വിക്കിയുടെ നേർക്ക് നീട്ടി.

‘ഇതാ... നിങ്ങളെ വീട് ഏൽപ്പിച്ച പ്രൊഫസറിനെ വിളിക്ക്. അയാൾ നേരിട്ട് പറയട്ടെ വീട് നിങ്ങളെ ഏൽപ്പിച്ചുവെന്ന്. എങ്കിൽ ഒരു കേസും വരില്ല...ഉം... വിളിക്ക്...’

‘ഞാൻ വിളിക്കാം...’

പ്രിൻസിപ്പാൾ വേഗംതന്നെ നിക്കോൾസൻറെ നമ്പർ ഡയൽ ചെയ്തു. പക്ഷെ അത് പരിധിക്ക് പുറത്താണെന്ന് മറുപടി ലഭിച്ചു.

‘ഓഫീസർ... ഇന്ന് രാവിലെമുതൽ ഞാൻ വിളിക്കുന്നതാണ്. അദ്ദേഹം പരിധിക്കുള്ളിലില്ല... പക്ഷേ അയാൾ ഉപയോഗിച്ചിരുന്നത് സാറ്റലൈറ്റ് മൊബൈൽ കമ്പനിയുടെ സിമ്മാണ്. എന്നിട്ടും പരിധിക്ക് വെളിയിലെന്നാണ് വിളിക്കുമ്പോഴൊക്കെ പറയുന്നത്. എൻറെ അറിവിൽ ആദ്യമായാണ് ഇങ്ങനെ...’ അത് കേട്ടപ്പോൾ ഓഫീസർ വിക്കിയുടെ നേർക്ക് തിരിഞ്ഞു. അവൻറെ കഴുത്തിന് കുത്തിപ്പിടിച്ചപ്പോൾ പ്രിൻസിപ്പാൾ അയാളെ തടഞ്ഞു.

‘നിങ്ങൾ മാറിനിൽക്കണം... ഇത് ഞങ്ങളുടെ ജോലിയാണ്. പറയെടാ... ആ പ്രൊഫസർക്ക് എന്താ സംഭവിച്ചത്. എന്ത് തെളിവ് നശിപ്പിക്കാനാണ് നീയൊക്കെക്കൂടി അവിടെ പോയത്..?’ ആ ചോദ്യം കേട്ടപ്പോൾ വിക്കിയുടെ കണ്ണ് തള്ളിപ്പോയി.

‘സർ... പ്രഫസർ... ഞങ്ങൾ പ്രൊഫസറിനെ ഒന്നും ചെയ്തിട്ടില്ല. സത്യം... പ്രിൻസിപ്പാൾ സർ... ഒന്ന് പറയൂ... നിക്കോൾ സൺ സർ എങ്ങോട്ടോ യാത്ര പോയതാണ്. ഞങ്ങളെ വീട് എൽപ്പിച്ചെന്ന് പറഞ്ഞത് നുണയാണ്... സർ എവിടെപ്പോയെന്ന് അറിയാനുള്ള ആകാംക്ഷകൊണ്ട് വീട്ടിൽ കയറിയതാണ്, സത്യം... എന്നെ വിശ്വസിക്കണം.’

‘ഓഹോ... അപ്പോൾ വീട് നിങ്ങളെ ഏൽപ്പിച്ചു എന്ന് പറഞ്ഞത് കള്ളം. നീയിപ്പോൾ പറയുന്നതും കള്ളം. ഇനിയെന്തായാലും പ്രൊഫസർ ജീവനോടെയുണ്ടെന്ന് തെളിഞ്ഞാലേ നീയൊക്കെ പുറംലോകം കാണൂ. എന്തായാലും കള്ളനെ അന്വേഷിച്ച് പോയതുകൊണ്ട് ഭാവിയിൽ ഞങ്ങൾക്ക് വരാനിരുന്ന വലിയൊരു തലവേദന നേരത്തേ കണ്ടെത്താനായി. ആ മാഗസിൻ ഇങ്ങുതരൂ...’ കളി കാര്യമായെന്ന് മനസ്സിലാക്കിയ വിക്കി എന്ത് ചെയ്യണമെന്നറിയാതെ അന്ധാളിച്ചുനിന്നു.

മാഗസിൻ മറിച്ചുനോക്കുന്നതിനിടയിൽ ഒഫീസറിൻറെ കണ്ണ് ഒരു പേജിൽ ഉടക്കിനിന്നു. അയാൾ ആ പേജിൽ കണ്ട ഫോട്ടോയിൽ കുറച്ചുസമയം സൂക്ഷിച്ചുനോക്കി.

‘ദാ... ഇതായിരുന്നു ഞങ്ങൾ ഇവരുടെ കൂടെ ആ വീട്ടിൽ കണ്ട യുവതി...ഇതാരാണ്..?’

അപ്രതീക്ഷിതമായി ജോംസി മിസ്സിനെ തിരിച്ചറിഞ്ഞ പ്രിൻസിപ്പാൾ ആകെ തകർന്നുപോയി. അയാൾ മറുപടി നൽകാനാവാതെ വിക്കിയെയും നോക്കി നിന്നു. അപ്പോഴാണ് വിക്കി മതിലിൻറെ ഭാഗത്തേക്ക് ശ്രദ്ധിച്ചത്. അവിടെ ആരോ തന്നെ കൈകാട്ടി വിളിക്കുന്നതായി അവന് തോന്നി. അവൻ ദൂരേക്ക് നോക്കുന്നത് കണ്ടപ്പോൾ പ്രിൻസിപ്പാളും ഓഫീസർ കാണാതെ അവിടേയ്ക്ക് നോക്കി. തൻറെ അനന്തരവളെ പോലീസിൽ നിന്നും രക്ഷിക്കാൻ വിക്കി ഇപ്പോൾ രക്ഷപെടുന്നതാണ് ഉചിതമെന്ന് അയാൾക്ക് തോന്നി.

പ്രിൻസിപ്പാൾ അവനെ കണ്ണുകൊണ്ട് മതിലിൻറെ ഭാഗത്തേക്ക് ഓടാൻ ആംഗ്യം കാട്ടി. എന്നിട്ട് നെഞ്ചിൽ കൈവച്ച് ഉറക്കെ ചുമച്ചുകൊണ്ട് തളർന്നു പോകുന്നതു പോലെ മാഗസിൻ നോക്കിക്കൊണ്ടിരുന്ന ഓഫീസറിൻറെ ദേഹത്തേക്ക് വീണു. പെട്ടെന്നുള്ള പ്രിൻസിപ്പാളിൻറെ വീഴ്ചയുടെ ആഘാതത്തിൽ ഓഫീസറും അതോടൊപ്പം താഴേക്ക് മറിഞ്ഞു വീണു. പോലീസുകാരെല്ലാം അവരെ രണ്ടിനെയും താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിക്കാൻ സഹായിക്കുന്ന ആ ഒരു നിമിഷം എല്ലാവരുടെയും ശ്രദ്ധ ഓഫീസറിലേക്കും പ്രിൻസിപ്പാളിലേക്കും തിരിഞ്ഞു. ആ ബഹളത്തിനിടയിൽ വിക്കി അതിവേഗത്തിൽ ഓടി മതിലിൻറെ അടുത്തെത്തിയിരുന്നു. അവൻ ഓടുന്നത് കാണാതിരിക്കാനായി അവൻറെ രണ്ടുമൂന്ന് ഹോസ്റ്റൽ കൂട്ടുകാരും പോലീസുകാരിൽനിന്നും ആ കാഴ്ച മറച്ചുപിടിക്കാൻ നന്നായി ശ്രദ്ധിച്ചു.

അവൻ മതിൽ ചാടിക്കടന്ന ശേഷമാണ് പോലീസുകാർ വിക്കി രക്ഷപെട്ട വിവരമറിഞ്ഞത്. അപ്പോൾത്തന്നെ കുറേ പോലീസുകാർ പിന്നാലെ ഓടിയെത്തിയെങ്കിലും അവനെ പിടികൂടുവാനായില്ല. അവർ ഓടി തിരികെയെത്തി വണ്ടി വളച്ച് വേഗത്തിൽ ഓടിച്ചുപോയി. പ്രിൻസിപ്പാൾ വാർഡനെ ദേഷ്യത്തോടെ നോക്കി.

കുറഞ്ഞ സമയംകൊണ്ട് വിക്കി റ്റോജിയോടൊപ്പം മറ്റുള്ളവർ അഭയംതേടിയ സ്ഥലത്തേക്ക് എത്തിച്ചേർന്നു. ചേരിപോലെ തോന്നുന്ന ഒരു സ്ഥലമായിരുന്നു അത്. റ്റോജി ആ വീട്ടിലേക്ക് കയറിയിട്ട് വിക്കിയെ അകത്തേക്ക് വിളിച്ചു. ചുറ്റുമൊന്ന് നിരീക്ഷിച്ചശേഷം അവൻ അകത്തേക്ക് കയറി. അവനെ കണ്ടതും ജോംസി മിസ്സും ബാക്കിയുള്ളവരും അവൻറെ ചുറ്റിനും കൂടി. ഷാനുവും അലക്സും അവനെ കെട്ടിപ്പിടിച്ചു. അപ്പോഴാണ് വിക്കി അവരെയെല്ലാം കൗതുകത്തോടെ നോക്കിക്കൊണ്ട് നിൽക്കുന്ന ഒരു ചെറിയ പെൺകുട്ടിയെ കണ്ടത്. ഒടുവിൽ അവൻറെ നോട്ടം എത്തിനിന്നത് റോബർട്ടിലായിരുന്നു.

‘ഇയാൾ...’ അവൻ എന്തോ പറയാൻ തുടങ്ങിയപ്പോൾ ജോംസി മിസ്സ് അവനെ തടഞ്ഞു.

‘പറ വിക്കീ... എന്താണവിടെ സംഭവിച്ചത്...എല്ലാം വിശദമായിത്തന്നെ പറയ്...’

വിക്കി ഒരു സംഭവംപോലും വിടാതെ നടന്നതെല്ലാം അവരോട് പറഞ്ഞു. തങ്ങൾ ഇപ്പോൾ മോഷ്ടാക്കളല്ല മറിച്ച് പ്രൊഫസറിൻറെ തിരോധാനത്തിന് പിന്നിലെ പ്രതികളാണെന്നറിഞ്ഞ അവരെല്ലാവരും ഞെട്ടിപ്പോയി.

അവരാരും കുറച്ചുസമയത്തെക്ക് ഒന്നുംതന്നെ മിണ്ടിയില്ല. ഒടുവിൽ റോബർട്ട് അവരുടെ അടുത്തേക്ക് നടന്നുചെന്നു.

‘നിങ്ങൾ വല്ലാത്തൊരു കുടുക്കിലാണ് ഇപ്പോൾ പെട്ടിരിക്കുന്നത്. പോലീസ് പറഞ്ഞതുവച്ചുനോക്കുമ്പോൾ എന്തായാലും ആ പ്രൊഫസർ തിരിച്ചെത്താതെ നിങ്ങളിനി പുറംലോകം കാണാൻ പോകുന്നില്ല. നാട് മുഴുവൻ ഈ വാർത്ത ചർച്ചചെയ്യപ്പെട്ടും. എത്രയും വേഗം ആ പ്രൊഫസറിനെ ജീവനോടെ പോലീസുകാരുടെ മുന്നിലെത്തിച്ചാൽ മാത്രമേ നിങ്ങൾക്ക് ഈ പ്രശ്നത്തിൽ നിന്നും ഒഴിവാകാൻ പറ്റൂ. ഇവിടെ എത്രനാൾ ഒളിച്ചുതാമസ്സിക്കാനാണ്. ഞാൻ ഇന്നോ നാളയോ പിടിക്കപ്പെട്ടും എന്ന അവസ്ഥയിലാണ്. കരയിലുള്ള കാര്യം വല്ലതുമായിരുന്നേൽ ഞാനും ഒരുകൈ നോക്കാമായിരുന്നു. പക്ഷേ ഇത് നടുക്കടലിൽ പോയ ഒരാളെ...’

റോബർട്ട് പറഞ്ഞതിൽ കാര്യമുണ്ടെന്ന് എല്ലാവർക്കും മനസ്സിലായി.

‘നിങ്ങൾ കാരണമല്ലേ ഇത്രയും പ്രശ്നമുണ്ടായത്. നിങ്ങൾ തന്നെ ഒരു പോംവഴി കണ്ടെത്തിത്തന്നേ പറ്റൂ. ഈ അവസ്ഥയിൽ പുറത്തിറങ്ങിയാൽ ഞങ്ങൾ എല്ലാവരും ജയിലിലാകും.’ ജോംസി മിസ്സ് എല്ലാം അയാളുടെ തലയിൽ വയ്ക്കുന്ന രീതിയിൽ പറഞ്ഞു.

റോബർട്ട് ഒരുനിമിഷം എന്തോ ആലോചിച്ചു. എന്നിട്ട് തൻറെ മകളെ നോക്കിയിട്ട് അവർക്കുനേരേ തിരിഞ്ഞു.

‘എന്തായാലും എല്ലാം സംഭവിച്ചു. ഇനി രണ്ടേ രണ്ട് മാർഗ്ഗമേ നിങ്ങൾക്കുമുന്നിലുള്ളൂ. ഒന്ന് പോലീസിന് പിടികൊടുക്കുക എന്നിട്ട് പ്രൊഫസർ തിരികെ വരുന്നതുവരെ ജയിലിൽ കിടക്കുക. അല്ലെങ്കിൽ രണ്ടും കൽപ്പിച്ച് പ്രൊഫസറിനെ തേടി പോവുക...!’

# പതിമൂന്ന്

റോബർട്ട് പറഞ്ഞത് കേട്ടപ്പോൾ ജോംസി മിസ്സ് കുട്ടികളെ നോക്കി. അവരെല്ലാവരും ജോംസി മിസ്സിൻറെ തീരുമാനം എന്താണെന്നറിയുവാൻവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു. ജോംസി മിസ്സ് എന്തോ ആലോചിച്ചശേഷം റോബർട്ടിലേക്ക് തിരിഞ്ഞു.

'കുട്ടികൾക്കൊക്കെ രണ്ടുമാസം കഴിഞ്ഞാൽപ്പിന്നെ പരീക്ഷയാണ്. പിന്നെ അവരുടെ ജീവൻ പണയംവച്ച് നടുക്കടലിലേക്ക് കൊണ്ടുപോകാൻ ഞാൻ ഒരുക്കവുമല്ല...' പെട്ടെന്ന് ജോംസി മിസ്സിൻറെ ഫോൺ ബെല്ലടിച്ചു. അത് കണ്ടപ്പോൾ റോബർട്ട് അവരെ തടഞ്ഞു.

'ആ ഫോൺ ഓഫ് ചെയ്യ്... ഇപ്പോൾ നിങ്ങളൊക്കെ പോലീസ് നിരീക്ഷണത്തിലായിരിക്കും.' ജോംസി മിസ്സ് ഫോണിലേക്ക് നോക്കിയപ്പോൾ പ്രിൻസിപ്പാൾ അങ്കിൾ അയാളുടെ പേർസണൽ നമ്പറിൽനിന്നും വിളിക്കുന്നതാണെന്ന് മനസ്സിലായി. എങ്കിലും അവർ ആ കോൾ കട്ട് ചെയ്ത് ഫോൺ സ്വിച്ച് ഓഫ് ചെയ്തു. അത് കണ്ടപ്പോൾ ഓരോരുത്തരും തങ്ങളുടെ ഫോണുകളും സ്വിച്ച് ഓഫ് ആണോ എന്ന് ഒന്നുകൂടിനോക്കി ഉറപ്പുവരുത്തി.

'ഇതാ... ഈ ഫോൺ ഉപയോഗിച്ച് ആരെയെങ്കിലും സഹായത്തിന് വിളിക്കണമെങ്കിൽ വിളിച്ചോളൂ...' റോബർട്ട് ഒരു മൊബൈൽഫോൺ മിസ്സിൻറെ നേർക്ക് നീട്ടി. മിസ്സ് അത് വാങ്ങി പ്രിൻസിപ്പാൾ അങ്കിളിനെ വിളിച്ചു. പ്രിൻസിപ്പാൾ പറഞ്ഞത് കേട്ട് മിസ്സ് തന്നെ ടീവി ഓൺ ചെയ്ത് ന്യൂസ് ചാനൽവച്ചു. എല്ലാ ന്യൂസ് ചാനലിലും മിസ്സിൻറെയും കുട്ടികളുടെയും പ്രൊഫസർ നിക്കോൾസൻറെയും ഫോട്ടോയും അവിശ്വസനീയമായ രീതിയിലുള്ള കഥകളും പ്രചരിക്കുന്നത് കണ്ട് അവർ നടുങ്ങി.

'അങ്കിൾ ഇനി ഞങ്ങൾ എന്താ ചെയ്യുക.' ജോംസി മിസ്സ് നിസ്സഹായതയോടെ തേങ്ങി.

പ്രിൻസിപ്പാളുമായുള്ള കുറച്ചുസമയത്തെ സംഭാഷണത്തിനൊടുവിൽ മിസ്സ് കുട്ടികളുടെ അടുത്തേക്കു ചെന്നു. അവരെല്ലാവരും തങ്ങളുടെ മുഖങ്ങൾ ന്യൂസ് ചാലനുകൾ കൊട്ടിഘോഷിക്കുന്നത് കണ്ട് തകർന്നിരിക്കുകയായിരുന്നു.

താരയ്ക്ക് സ്വബോധം നഷ്ടപ്പെട്ടതായി മറ്റുള്ളവർക്ക് തോന്നി. അവൾ റൂബിയുടെ മടിയിൽ കിടന്ന് ഇടയ്ക്കിടെ പതിഞ്ഞ ശബ്ദത്തിൽ കരയുന്നുണ്ടായിരുന്നു. റോബർട്ടിൻറെ കുട്ടി ഇതെല്ലാം കൗതുകത്തോടെ നിരീക്ഷിച്ചു.

‘ഗെറ്റ് അപ്പ് ഗായ്സ്... നമ്മൾ പോകുന്നു...’

‘എങ്ങോട്ട്...’ വിക്കി ചോദിച്ചു.

‘അമേരിക്കൻ കോളേജുകൾ നമ്മുടെ ഇന്ത്യൻ കോളേജിൻറെ ഇമേജ് തകർക്കാൻ കിട്ടിയ അവസരം നന്നായി ഉപയോഗിക്കുന്നുണ്ട്. എന്തായാലും അങ്കിൾ ഒരു വീട് അറേഞ്ച് ചെയ്യും. റോബർട്ട് വിചാരിച്ചാൽ നമുക്ക് ഒരു കാർ അറേഞ്ച് ചെയ്തു തരാനും പറ്റും. പ്രൊഫസർ വരുന്നതുവരെ നമ്മളെല്ലാവരും അവിടെ ഒളിവിൽ താമസിക്കണം. അദ്ദേഹം വന്നിട്ട് നമ്മുടെ നിരപരാധിത്വം തെളിയിച്ചാൽപ്പിന്നെ എല്ലാം പഴയതുപോലെ ആയിക്കോളും.’



‘സർ വന്നില്ലെങ്കിലോ..?’ താരയിൽ നിന്നും അങ്ങനെയൊരു ചോദ്യം ആരും പ്രതീക്ഷിച്ചില്ല.

‘അദ്ദേഹം ഉറപ്പായും വരും...’ മിസ്സ് തറപ്പിച്ചുപറഞ്ഞു.

‘ഓക്കേ... സർ വരുന്നത് ഞങ്ങളുടെ പരീക്ഷയ്ക്ക് ശേഷമാണെങ്കിലോ..?’ താരയുടെ ആ ചോദ്യത്തിൻറെ മുന്നിൽ ജോംസി മിസ്സ് ഒന്ന് പകച്ചുപോയി.

‘മിസ്സ്... എൻറെ ഏറ്റവും വലിയ ലക്ഷ്യമാണ് എൻറെ സ്റ്റഡീസ്. ഇത് ഞങ്ങളുടെ ലാസ്റ്റ് സെമസ്റ്ററാണ്. ഈ എക്സാം എഴുതാൻ പറ്റിയില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യും. ഉറപ്പ്. പിന്നെ ഇങ്ങനെ ചെയ്യാത്ത തെറ്റിന് എത്രനാൾ ഒളിച്ചുതാമസ്സിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ ഉള്ളത് തുറന്നു പറഞ്ഞാലോ പ്രൊഫസറിൻറെ ഡയറിയിലുള്ള ദ്വീപിൻറെ കഥ

പറഞ്ഞാലോ ആരുംതന്നെ വിശ്വസിക്കുവാൻ പോകുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഞങ്ങളുടെ ഭാവി നോക്കണം. അത് കുറ്റവാളികളെപ്പോലെ ജയിലിൽ കിടന്ന് കളയുന്നതിലും നല്ലത് ആ ചുഴിയിൽ പോയി മരിക്കുന്നതാ... അലക്സേ നീ മിസ്സിനോട് പറഞ്ഞില്ലേ കൂടെ ചെല്ലാമെന്ന്. നീ എൻറെ കൂടെ വാ... നീ മാത്രമല്ല. വരുന്നവരൊക്കെയും വാ... അല്ലാത്തവർക്ക് ഒളിച്ചു താമസ്സിക്കുകയോ പിടികൊടുക്കുകയോ എന്തുവേണേലും ചെയ്യാം...' താര പറഞ്ഞുനിർത്തിയപ്പോൾ റൂബി അവളെ അടിമുടിയൊന്നു നോക്കി.

'ഞാൻ റെഡി... ഞാൻ റെഡി... ഞാൻ റെഡി...' ആ യുവാക്കളിൽ ഓരോരുത്തരുടെയും നാവിൽനിന്നും ആവേശത്തോടെ ആ വാക്കുകൾ പുറത്തെത്തി. ജോംസി മിസ്സ് എന്തുപറയണമെന്നറിയാതെ ഇരുന്നിടത്തുതന്നെയിരുന്നു. റോബർട്ട് ആത്മവിശ്വാസത്തോടെ കുട്ടികളെ നോക്കി.

'എങ്കിൽ നിങ്ങൾക്ക് പറ്റിയ ഒരാളെ ഞാൻ പരിചയപ്പെടുത്തിത്തരാം. വിശ്വസിക്കാൻ പറ്റിയ ഒരാളാണ്' റോബർട്ട് ഫോൺ എടുത്ത് ഒരു നമ്പർ ഡയൽ ചെയ്തു. ജോംസി മിസ്സ് അപ്പോഴും ഒന്നും മിണ്ടാതെയിരിക്കുകയായിരുന്നു.

'ഹലോ രഞ്ജിത്...'

ഒരു തനി മലയാളിത്തമുള്ള പേര് കേട്ടപ്പോൾ അവർക്കും നേരിയ രീതിയിൽ സന്തോഷം തോന്നി. ജെസ്സി ജോംസി മിസ്സിൻറെ അരികിലേക്ക് ചെന്നു. എന്നിട്ട് മിസ്സിനെ നോക്കി. അവർ അവളെ ശ്രദ്ധിക്കാതെ താഴേക്കും നോക്കിയിരുന്നു.

'എൻറെ മിസ്സേ... ഞങ്ങൾക്ക് പോയേ തീരൂന്ന് നിർബന്ധം ഒന്നുമില്ല. പക്ഷേ ഇപ്പോഴത്തെ നമ്മളുടെ അവസ്ഥ അതാണ്. ഈ ഫ്ളോറിഡയിൽ എവിടെ ഒളിച്ചു താമസ്സിച്ചാലും പോലീസ് നമ്മളെ കണ്ടെത്തും. നാടുവിട്ടുപോകാനും നിവർത്തിയില്ല. പിന്നെ കടലേ രക്ഷയുള്ളൂ. മിസ്സും ഞങ്ങൾക്കൊപ്പം വന്നാലേ ഞങ്ങൾ പ്രൊഫസറിനെ തിരഞ്ഞുപോകൂ....തീർച്ച...'

താരയും മിസ്സിൻറെ അടുത്തേക്കുചെന്ന് മിസ്സിൻറെ മടിയിലേക്ക് തലചേർത്തുകിടന്നു. ബാക്കിയുള്ളവരും മിസ്സിൻറെ ചുറ്റുമായി വട്ടംകൂടി.

'ആഹാ...എല്ലാരും അപ്പോഴേക്കും ഒന്നായോ...കുറച്ചുകഴിഞ്ഞാൽ എൻറെയൊരു പരിചയക്കാരൻ വരും. അവന് സ്വന്തമായി ബോട്ടുള്ളതാ... അവൻ തന്നെയാ അതിൻറെ ഡ്രൈവറും. ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. അവനും ഏതാണ്ട് ആ പുറപ്പെട്ടു പോയ പ്രൊഫസറിൻറെ സ്വഭാവമാ...ഇതൊക്കെ കേട്ടപ്പോൾ ഇപ്പോൾത്തന്നെ പോകാമെന്നായി അവൻ. എന്തായാലും അവനും കൂടിയുണ്ടെങ്കിൽ അത് തീർച്ചയായും നിങ്ങൾക്ക് ഉപകാരപ്പെടും...' റോബർട്ട് പറഞ്ഞത് കേട്ടപ്പോൾ എല്ലാവരുടെയും മുഖം പ്രകാശിച്ചു.

റോബർട്ടിൻറെ ഭാര്യ അവർക്ക് സ്വാദിഷ്ടമായ ഭക്ഷണം ഉണ്ടാക്കി വിളമ്പി. ജോംസി മിസ്സ് റോബർട്ടിൻറെ മകളെ അവരുടെ മടിയിലിരുത്തി സ്നേഹത്തോടെ

ആഹാരം വാരിക്കൊടുത്തു. ആ കുട്ടി അവരോടെല്ലാം പെട്ടെന്നു തന്നെയിണങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ രഞ്ജിത്തും വന്നെത്തി. തങ്ങൾ വിചാരിച്ചപോലുള്ള ഒരാൾ അല്ലെന്ന് അപ്പോഴാണ് അവർക്കൊക്കെ മനസ്സിലായത്. അവരേക്കാൾ മൂന്നോ നാലോ വയസ്സുമാത്രം കൂടുതൽ പ്രായം കാണും. അതും നല്ല സുന്ദരനായ ഒരു യുവാവ്. റൂബിയും താരയും ജെസ്സിയും വായും പൊളിച്ച് നോക്കിനിൽക്കുന്നത് കണ്ടപ്പോൾ ഷാനു മൂന്നിനിട്ടും ഓരോ തട്ടുകൊടുത്തു. അപ്പോഴേക്കും ചൂണ്ടു വിരലിൽ താക്കോൽ കൂട്ടവും കറക്കിക്കൊണ്ട് ഒരു മൂളിപ്പാട്ടുമായി രഞ്ജിത്ത് അവരുടെ അടുത്തേക്കെത്തിച്ചേർന്നു. മുഖത്ത് വച്ചിരുന്ന കൂളിംഗ് ഗ്ലാസ്സ് ഉയർത്തിക്കൊണ്ട് അവനൊരു ചിരി പാസ്സാക്കി.

'ഇത് ജോംസി ടീച്ചർ... ഇത് ഷാനു... അലക്സ്... വിക്കി... റ്റോജി... പിന്നെ റൂബി...ഇത്...ഉം....താര...ജെസ്സി...' രഞ്ജിത്ത് അവരുടെ പേരുകൾ തെറ്റാതെ പറഞ്ഞപ്പോൾ ജോംസി മിസ്സിന് സന്തോഷമായി.

'റോബർട്ട് ചേട്ടൻ പറഞ്ഞത് തെറ്റിയില്ല. ഇങ്ങനെയൊരാളാണ് കൂടെവരുന്നതെങ്കിൽ തീർച്ചയായും ധൈര്യം കാണിക്കാം...' മിസ്സ് പറഞ്ഞത് കേട്ടപ്പോൾ രഞ്ജിത്ത് ചിരിച്ചു.

'ഹേയ്... ഇപ്പോൾ ന്യൂസ് ചാനൽ മുഴുവൻ നിങ്ങളുടെയൊക്കെ പേരുകൾ നിറഞ്ഞുനിൽക്കുകയല്ലേ... അതുകൊണ്ടാ പേരുകൾ കൃത്യമായി പറഞ്ഞത്...' അത് കേട്ടപ്പോൾ എല്ലാവരുടെയും മുഖം വാടി.

'ഓ... ഐ ആം സോറി... അത് വിട്ടേക്ക്. നമുക്ക് കാര്യത്തിലേക്ക് കടക്കാം. എന്ന് പോകാനാണ് നിങ്ങളുടെയൊക്കെ തീരുമാനം.'

'അത്... രഞ്ജിത്തും കൂടി വന്നിട്ട് ഇയാളുടെയും കൂടി സൗകര്യം നോക്കിയിട്ട് തീരുമാനിക്കാമെന്ന് കരുതി. എന്തായാലും അധികം താമസ്സിക്കരുത്...' ജോംസി മിസ്സ് പറഞ്ഞു. മിസ്സിൻറെ കൈയ്യിലിരുന്ന ഭൂപടവും ബാക്കി കുറിപ്പുകളുമൊക്കെ നോക്കിയ ശേഷം അയാൾ മിസ്സിനെ നോക്കി.

'എങ്കിൽപ്പിന്നെ താമസ്സിപ്പിക്കണ്ട. നമ്മൾ ഇന്നു രാത്രിതന്നെ ഫ്ളോറിഡ വിടുന്നു. എന്താ പോരേ..?' രഞ്ജിത്തിൻറെ ചോദ്യം കേട്ട് എല്ലാവരും അമ്പരന്നുപോയി.

'ഇന്നു തന്നെയോ...ഞങ്ങളുടെയൊക്കെ സാധനങ്ങൾ ഹോസ്റ്റലിലും മറ്റുമാണ്. അതെല്ലാം ആരുടെയെങ്കിലും സഹായംകൊണ്ട് പുറത്തെത്തിക്കണം. പിന്നെ അത്യാവശ്യം വേണ്ട ഭക്ഷണസാധനങ്ങൾ കരുതണ്ടേ...' ജോംസി മിസ്സ് ചോദിച്ചു.

'ഹോ...എങ്കിൽ നിങ്ങൾക്ക് പൂർണ്ണ വിശ്വാസമുള്ളവരെ ലഗേജ് പുറത്തുകടത്താൻ സഹായത്തിന് കൂട്ട്. ബാക്കി കാര്യങ്ങളൊക്കെ ഞാൻ നോക്കിക്കോളാം.'

‘വളരെയധികം നന്ദി രഞ്ജിത്ത്. പിന്നെ ഇതിൻറെയൊക്കെ പൈസയും ബോട്ടിൻറെ ചിലവുമൊക്കെ പറഞ്ഞാൽ...’ മിസ്സ് അത് പറഞ്ഞതും രഞ്ജിത്ത് മിസ്സിനെ തടഞ്ഞു.

‘ആദ്യം യാത്ര നടക്കട്ടെ... പൈസയും കാര്യങ്ങളും കണക്കുമെല്ലാം നമുക്ക് പിന്നീട് നോക്കാം, പൈസ നോക്കിയായിരുന്നു ഞാൻ ഇത് ഏറ്റതെങ്കിൽ എൻറെ ജീവൻറെ വില നിങ്ങൾക്ക് തരാൻ കഴിയുമോ... തൽക്കാലം ആവശ്യത്തിലും കൂടുതൽ പൈസ എൻറെ അക്കൗണ്ടിലുണ്ട്. അതും തികഞ്ഞില്ലേൽ ഞാൻ ചോദിക്കാം.’ ഒരു ചെറുപുഞ്ചിരിയോടെ അവൻ പറഞ്ഞുനിർത്തി.

അതുകൂടി കേട്ടതോടെ ജോംസി മിസ്സ് അവരുടെ വിശ്വാസം മുഴുവൻ അവനിൽ ഏൽപ്പിച്ചു. രഞ്ജിത്തിൻറെ ഫോണിൽ നിന്നും ഓരോരുത്തരും തങ്ങളുടെ വിശ്വസ്തരായ കൂട്ടുകാരെ വിളിച്ച് ലേഗേജ് പുറത്തെത്തിക്കാൻ നിർദ്ദേശം നൽകി. ഉച്ചയ്ക്കുശേഷം അവർ പ്ലാൻ ചെയ്തപോലെതന്നെ രഞ്ജിത്തും റോബർട്ടിൻറെ ഭാര്യയുമായി അയാളുടെ കാറിൽ ഹോസ്റ്റലിൽ നിന്നും ലഗേജുകൾ ശേഖരിച്ചിട്ട് ബാക്കി യാത്രക്കുള്ള സാധനങ്ങളും വാങ്ങി ബോട്ടിലടുപ്പിച്ചു. അതിനുശേഷം തിരികെ വീട്ടിലെത്തിയപ്പോൾ അന്തരീക്ഷത്തിൽ കറുപ്പുനിറം പടർന്നുതുടങ്ങിയിരുന്നു.

ഭക്ഷണം കഴിച്ചശേഷം റോബർട്ടിനോടും ഭാര്യയോടും നന്ദി പറഞ്ഞിട്ട് അവരെല്ലാവരും രഞ്ജിത്തിൻറെ കാറിലേക്ക് കയറി. അപ്പോഴാണ് റോബർട്ട് തൻറെ മകളുടെ കൈയ്യിലിരുന്ന ബാഗ് ശ്രദ്ധിച്ചത്. അത് വാങ്ങി തുറന്നുനോക്കിയപ്പോൾ അതിനുള്ളിൽ നിറയെ പണകെട്ടുകൾ. അയാൾ അതുമായി കാറിൻറെ സമീപത്തേക്ക് ഓടിച്ചെന്നപ്പോൾ ജോംസി മിസ്സ് ഡോറിലൂടെ തല പുറത്തേക്കിട്ട് അത് വച്ചോളാൻ ആംഗ്യം കാട്ടി. അപ്പോഴേക്കും രഞ്ജിത്ത് കാറിൻറെ ഗ്ലാസ്സ് പൊക്കി. അങ്ങനെ ആ കാർ മിയാമി കടൽത്തീരത്തെ ലക്ഷ്യമാക്കി ചീറിപ്പാഞ്ഞു.

കടൽത്തീരത്തേക്ക് അവർ എത്തിച്ചേർന്നപ്പോഴേക്കും ഒരു പോലീസ് വണ്ടി അവരെ കടന്നുപോയി. പെട്ടെന്ന് എല്ലാവരുടെയും ഉള്ളൊന്ന് കാളിപ്പോയി. രഞ്ജിത്ത് ബോട്ട് കിടന്നിരുന്ന ഭാഗത്തേക്ക് കാർ ചേർത്തു നിർത്തി. എന്നിട്ട് പെണ്ണുങ്ങളെ രണ്ടുപേർ രണ്ടുപേർ വീതം ബോട്ടിലേക്ക് പറഞ്ഞു വിട്ടു. ആണുങ്ങളും അവരുടെ തൊട്ടുപിന്നാലെ ബോട്ടിലേക്ക് പോയി. എല്ലാവരും ബോട്ടിലെത്തിയശേഷം രഞ്ജിത്ത് കാർ കൊണ്ടുപോയി ബീച്ചിൻറെ സമീപത്തുള്ള ഒരു വർക്ക്ഷോപ്പിൽ കയറ്റിയിട്ടു. എന്നിട്ട് ധൃതിയിൽ ബോട്ടിനെ ലക്ഷ്യമാക്കി നടന്നു. അപ്പോഴേക്കും സമയം രാത്രി പത്തുമണി കഴിഞ്ഞിരുന്നു.

രഞ്ജിത്തും കൂടി ബോട്ടിലേക്കെത്തിച്ചേർന്നപ്പോഴാണ് എല്ലാവരുടേയും ശ്വാസം നേരെവീണത്. താമസിയാതെ അവൻ ബോട്ട് നിയന്ത്രണ ജോലിയിലേക്ക് പ്രവേശിച്ചു. മുകളിലേക്ക് നോക്കി കണ്ണുകളടച്ച് പ്രാർത്ഥിച്ചശേഷം അവൻ ബോട്ട് സ്റ്റാർട്ട് ചെയ്തു.

‘അപ്പോ നമ്മൾ പോകുവല്ലേ...’ എല്ലാവരോടുമായി രഞ്ജിത്ത് വിളിച്ചുചോദിച്ചു.

ബോട്ടിൻറെ ചുവരിൽ അവിടവിടെയായി ചാരിനിന്നുകൊണ്ട് അവർ ഓരോരുത്തരും കരയിലേക്ക് ഒരിക്കൽക്കൂടി നിരാശയോടെ നോക്കിയശേഷം അവനെനോക്കി പുഞ്ചിരിച്ചു. താമസിയാതെ അവർ ഒൻപത് പേരെയും വഹിച്ചുകൊണ്ട് മരണച്ചുഴികളെ ലക്ഷ്യമാക്കി ആ ബോട്ടും മിയാമി തീരത്തുനിന്നും പോയ് മറഞ്ഞു...!

# പതിനാല്

തീരത്തുനിന്നും ബോട്ട് അകലുംതോറും അവരുടെ മനസ്സിലെ ഭാരങ്ങൾ ഒന്നൊന്നായി അലിഞ്ഞില്ലാതായി.

അവരുടെ മനസ്സുകൾ ആ യാത്രയിലേക്ക് മാത്രമായി കേന്ദ്രീകരിക്കപ്പെട്ടു. ഡെക്ക് ഉൾപ്പെടെ ഇരുനിലകളുള്ള സാമാന്യം എല്ലാ സൗകര്യങ്ങളോടും കൂടിയതായിരുന്നു ആ ബോട്ട്. യുവാക്കൾ പോലീസിൻറെ കൈയ്യിൽ നിന്നും തങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടിയ പ്രതീതിയിൽ ഉച്ചത്തിൽ ആരവങ്ങൾ മുഴക്കി. ജോംസി മിസ്സ് തൻറെ കുട്ടികളുടെ മുഖത്തുനിന്നും മറഞ്ഞിരുന്ന സന്തോഷം തിരികെയെത്തിയതുകണ്ട് പുഞ്ചിരിച്ചു. കൂട്ടിൽനിന്നും പറത്തിവിട്ട കിളികളുടെ മനസ്സായിരുന്നു അപ്പോഴെല്ലാവർക്കും. വർഷങ്ങളായി ഫ്ളോറിഡയിൽ സ്ഥിര താമസ്സമാക്കിയതാണെങ്കിലും യുവാക്കൾ ആദ്യമായിട്ടായിരുന്നു കടൽ സവാരി നടത്തുന്നത്. പക്ഷേ ജോംസി മിസ്സ് കുറഞ്ഞ കാലംകൊണ്ടുതന്നെ പലതവണ കടലിൽ ഉല്ലാസ യാത്രകൾക്ക് പോയിരുന്നു. പെൺകുട്ടികൾ ബോട്ടിൻറെ ഡെക്കിൽ പോയി പല ഭാഗങ്ങളിലായി കാറ്റും കൊണ്ട് അകന്നുപോകുന്ന കരയെയും നോക്കിനിന്നു. കൂരിരുട്ടിൽ ആകാശത്ത് നക്ഷത്രങ്ങൾ തിളങ്ങി.

'ഹേയ്... റൂബീ... എനിക്ക് ഒരു ടൂർ പോകുന്നപോലെ തോന്നുന്നു...' അതും പറഞ്ഞുകൊണ്ട് ജെസ്സി തീരത്തിന് ടാറ്റാ കൊടുത്തു.

'അതേ... എനിക്കും അങ്ങനെതന്നെയാ തോന്നുന്നേ... സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ല. ഇങ്ങനെയൊരു യാത്ര...' റൂബിയും അവളെ അനുകൂലിച്ചു.

'എടീ ആ ഷോൾ ഇങ്ങ് താ... എനിക്ക് തണുക്കുന്നുണ്ട്...' അവരുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് നിന്നിരുന്ന താര പറഞ്ഞു.

'ഇന്നാടീ...' റൂബി അവളുടെ ഷോൾ താരക്ക് ഇട്ടുകൊടുത്തു. പക്ഷേ ശക്തമായ കാറ്റിൽ അത് പറന്നുപോയി കടലിലേക്ക് വീണു.

'നിനക്കത് കൈയ്യിൽ തന്നാൽ പോരാരുന്നോ...' താര ഒരൽപ്പം ദേഷ്യത്തിൽ പറഞ്ഞു.

'ഓ...അത് പോട്ടെടീ... എൻറെ ബാഗിൽ ഇനിയുമുണ്ട് അഞ്ചെണ്ണം'

'ഉം...' അവർ മൂന്നുപേരും കടലിലേക്കും നോക്കി നിന്നു.

'എടീ ജെസ്സീ നമ്മൾ ഇനിയും ദൂരേക്ക് പോകുമ്പോൾ ഇതിലും കൂടുതൽ ആഴം കടലിനുണ്ടാവുമല്ലേ...' താര ചോദിച്ചു.

‘പിന്നേ... ഭൂമിയിൽ ഉള്ള വൻപർവതങ്ങളെക്കാളും ഇരട്ടി ഉയരമുള്ളവയാണ് കടലിൽ ഉള്ളത്... അപ്പോൾ ഒന്നോർത്ത് നോക്കിക്കേ. എന്തോരം ആഴംകൂടിയ സ്ഥലത്തേക്കാവും നമ്മൾ പോവുന്നതെന്ന്.’

‘അയ്യോ... ഓർത്തിട്ട് വല്ലാത്തൊരു പേടി...’

‘എന്താടീ താരേ നീ പറഞ്ഞത് പേടിയെന്നോ... നീയല്ലേ മിസ്സിൻറെ മനസ്സുമാറ്റി ഈ യാത്രക്ക് അവസരമുണ്ടാക്കിയത്. എന്നിട്ടിപ്പോൾ പേടിയാണെന്നോ... വേറെയാരും കേൾക്കണ്ട.’ റൂബി സാമട്ടിൽ പറഞ്ഞു.

‘നിങ്ങളെന്താ ഇവിടെ നിൽക്കുന്നത്...വന്നേ...തണുപ്പത്ത് നിന്ന് ഇനി വല്ല അസുഖവും വരുത്തിവച്ചാൽ അനുമതി എല്ലാം കുളമാകാൻ...വന്നേ...’ ജോംസി മിസ്സ് ഡെക്കിലേക്കുള്ള സ്റ്റെപ്പിൽ നിന്നുകൊണ്ട് പറഞ്ഞു. അത് കേട്ടപ്പോൾ അവർ മൂന്നും താഴേക്ക് ചെന്നു. ആൺകുട്ടികൾ നാലും അവരുടെ മുറിയിലിരുന്ന് ചീട്ടുകളിക്കുകയായിരുന്നു.

‘എടാ ഞങ്ങളുമുണ്ട്...’ മുറിയിലേക്ക് ചെന്നപ്പോഴേ റൂബി പറഞ്ഞു.

‘എങ്കിൽപ്പിന്നെ ഞാനുമുണ്ട്... പക്ഷേ നമ്മൾ ഇവിടെയിരുന്നല്ല കളിക്കുന്നത്. വാ... രഞ്ജിത്തിൻറെ ക്യാബിനിൽ പോയിരുന്ന് കളിക്കാം. അവൻ നമ്മളുടെ ഡ്രൈവറല്ല. നമ്മുടെ കൂട്ടത്തിലൊരാളാണ്. വരൂ... രഞ്ജിത്തിന് ഒരു കമ്പനി കൊടുക്കാം.’ ജോംസി മിസ്സ് പറഞ്ഞതിനോട് എല്ലാവരും യോജിച്ചു. എല്ലാവരുംകൂടി രഞ്ജിത്തിൻറെ ക്യാബിനിലേക്ക് പോയി. അവരെല്ലാവരും ചെന്നപ്പോൾ രഞ്ജിത്തിനും സന്തോഷമായി.

വൈകാതെ അവർ ചീട്ടുകളി ആരംഭിച്ചു. സമയം കടന്നു പോയിക്കൊണ്ടിരുന്നു. എല്ലാവർക്കും നല്ല ക്ഷീണമുണ്ടായിരുന്നതിനാൽ പലരും ഉറക്കം തൂങ്ങിത്തുടങ്ങി.

‘മതി... നിർത്താം...’ വിക്കി പറഞ്ഞു.

‘അതെ... നല്ല ഉറക്കം വരുന്നുണ്ട്...’ റ്റോജി കണ്ണുകൾ പാതി തുറന്നുകൊണ്ട് പറഞ്ഞു.

‘എങ്കിൽപ്പിന്നെ എല്ലാവരും പോയി കിടന്നോളൂ. ഇനി നേരം പുലരാൻ അധികം സമയമില്ല. ഞാനും ഒന്ന് മയങ്ങാൻ പോകുവാ...’ രഞ്ജിത്ത് പറഞ്ഞു.

അത് കേട്ടപ്പോൾ എല്ലാവരും മുറികളിലേക്ക് പോയി. ജോംസി മിസ്സ് മാത്രം പോയില്ല.

‘രഞ്ജിത്... ഇവിടെ ബോട്ട് നിർത്തിയിട്ടാൽ മറ്റെവിടേക്കെങ്കിലും ബോട്ട് ഒഴികിപ്പോകില്ലേ...’

‘ഹഹഹ... അതൊന്നുമില്ല. അതിനുള്ള വഴിയൊക്കെ എനിക്കറിയാം. മിസ്സ് ധൈര്യമായിട്ട് പോയിക്കിടന്നുറങ്ങ്. നമുക്ക് നാളെ കാണാം. ഗുഡ് നൈറ്റ്...’

രഞ്ജിത്ത് പറഞ്ഞത് കേട്ടപ്പോൾ മിസ്സിന് സമാധാനമായി. അവർ പെൺകുട്ടികൾ കിടന്ന മുറിയിലേക്ക് പോയി. വൈകാതെ ബോട്ടിൽ എല്ലാവരും ഉറക്കമായി.

രാവിലെ രഞ്ജിത്ത് ചെന്ന് വിളിച്ചപ്പോഴാണ് അവരെല്ലാവരും ഉറക്കമുണർന്നത്. പെൺകുട്ടികൾ വേഗംതന്നെ ഫ്രഷ് ആയി അടുക്കളയിലേക്ക് പോയി. ആൺകുട്ടികൾ അൽപ്പം സമയംകൂടി കിടന്നു. ബൈബിൾ തുറന്ന് പ്രാർത്ഥിച്ചശേഷം ജോംസി മിസ്സും പെൺകുട്ടികൾക്കൊപ്പം ചേർന്നു. റൂബി ഏതോ പുതിയതരം വിഭവം ഉണ്ടാക്കുന്ന തിരക്കിലായിരുന്നു. രഞ്ജിത്തിൻറെ ക്യാബിനോട് ചേർന്നായിരുന്നു ബോട്ടിൻറെ അടുക്കള. ഉണ്ടാക്കിയ വിഭവം ഒരു തവിയിലാക്കി റൂബി നേരേ രഞ്ജിത്തിൻറെ ക്യാബിനിലേക്ക് ചെന്നു. രഞ്ജിത്തിനെ പരിചയപ്പെടുക എന്ന ഒരു ഗൂഢ ഉദ്ദേശവും അവൾക്കുണ്ടായിരുന്നു.

'ഹായ്... മിസ്റ്റർ മല്ലു ഡ്രൈവർ... എന്നെ അറിയാമല്ലോ... റൂബി... നാട്ടിൽ ഒറ്റപ്പാലത്താ വീട്... ഞങ്ങൾ എല്ലാരും ഇവിടെത്തന്നയാ സെറ്റിൽഡ്. വീട്ടിൽ മമ്മ, പപ്പ ആൻഡ് ഒരു ചിന്ന ബ്രദറും... രഞ്ജിത്തിനോ...?' അവൾ അത്രയും പറഞ്ഞപ്പോൾ രഞ്ജിത് ഒരു വികാരവും കൂടാതെ അവളെയൊന്ന് നോക്കിയശേഷം വീണ്ടും തൻറെ ജോലിയിൽ മുഴുകി.

'ഓ... ഡ്രൈവർ ഭയങ്കര സീരിയസ് ആളാണല്ലോ... ആ അതു പോട്ടേ... ഇതൊന്ന് ടേസ്റ്റ് ചെയ്യ്... എന്നിട്ട് പറ എൻറെ പാചകം എങ്ങനെയുണ്ടെന്ന്..?' അത് കേട്ടിട്ടും രഞ്ജിത് അവളെ ശ്രദ്ധിക്കാതെ കടലിലേക്ക് നോക്കിയിരുന്നു.

'ഹേയ്... ഞാൻ പറഞ്ഞത് കേട്ടില്ലേ... ഒന്ന് ടേസ്റ്റ് ചെയ്യ് പൊട്ടാ...' അതും പറഞ്ഞ് റൂബി രഞ്ജിത്തിൻറെ തോളിൽ തട്ടി.

'ഛീ... കൈയ്യെടുക്കെടീ...' രഞ്ജിത്തിൻറെ ഭാഗത്തുനിന്നും അങ്ങനെയൊരു പ്രതികരണമുണ്ടാവുമെന്ന് അവൾ പ്രതീക്ഷിച്ചില്ല.

'ഓഹോ... കഷ്ടപ്പെട്ട് ഉണ്ടാക്കിയതും പോരാഞ്ഞിട്ട് ചീത്തയും പറയുന്നോ. തിന്നാൻ അങ്ങ് വന്നേക്ക് ഞാൻ കാണിച്ച് തരാടാ പ്രാന്താ...' അത് കേട്ടപ്പോൾ അവൻറെ ദേഷ്യം ഇരട്ടിച്ചു.

'എടാ പോടാന്ന് നിൻറെ വീട്ടിൽ ആരെങ്കിലും പോയി വിളിച്ചാ മതി. ഭ്രാന്തും നിൻറെ വീട്ടുകാർക്കാ... ഇപ്പൊ നീ എൻറെ ക്യാബിനീന്ന് ഇറങ്ങിപ്പോണം.'

രഞ്ജിത്തിനെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷയും തെറ്റിയ രീതിയിൽ റൂബി അവനെ നോക്കി.

'ഓഹോ... എങ്കിൽ എന്നെ നീയെന്ന് വിളിച്ചതിന് നിന്നെ ഞാൻ ചീത്ത വിളിക്കട്ടേ...'

'യു ഗെറ്റ് ഔട്ട് ഡോഗ്...'

'യു ആർ ഡോഗ്... ഫ്ളോറിഡപ്പട്ടി...' റൂബി കുട്ടികളെപ്പോലെ പെരുമാറുന്നതും കൂടി കണ്ടപ്പോൾ രഞ്ജിത്തിന് ദേഷ്യം കയറി

'ഒറ്റപ്പാലത്ത് ഇതിന് നല്ല ചികിത്സകിട്ടും ഇറങ്ങിപ്പോടീ.' അതുംപറഞ്ഞ് രഞ്ജിത്ത് സീറ്റിൽ നിന്നും എഴുന്നേറ്റു. റൂബി തവിയെടുത്ത് രഞ്ജിത്തിന് നേരേ എറിഞ്ഞിട്ട് ക്യാബിനിൽനിന്നും ഇറങ്ങിയോടി. രഞ്ജിത് അവൻറെ ദേഷ്യം അടക്കി വച്ച് തൻറെ ജോലി തുടർന്നു. റൂബി നേരേ ഡെക്കിലേക്ക് ചെന്നു. അവിടെ ആണുങ്ങൾ നാലും കൂടി ഉച്ചത്തിൽ ഓരോ പാട്ടും പാടി സ്വീറ്റ് ബിയറും കുടിച്ച് ഇരിപ്പുണ്ടായിരുന്നു.

'എടാ അലക്സേ... ഷാന്റൂ... ഈ ബോട്ടിൻറെ ഡ്രൈവർ ശരിയല്ല'

'ഓ... നീ വല്ല പണിയും അയാളോടൊപ്പിച്ച് കാണും.' ഷാനു അവളെ പരിഹസിച്ചു.

'അല്ലടാ കാര്യമായിട്ടും.'

'ശരി... അതിന് ഞങ്ങളിപ്പോൾ എന്ത് വേണം.' അലക്സ് ചോദിച്ചു.

'നീയൊക്കെ പിന്നെ എന്തിനാടാ ആണുങ്ങൾ ആണെന്നും പറഞ്ഞ് നടക്കുന്നേ... പോയി ചോദിക്കെടാ...'

'പിന്നേ... നീ ഓരോന്നും ഒപ്പിച്ചുവക്കുമ്പോൾ ഞങ്ങൾ ചോദിക്കാൻ നടക്കുവല്ലേ. അതും ഇങ്ങനെയൊരവസരത്തിൽ. ഒന്ന് പോടീ...'

റൂബിയുടെ ആ പ്രതീക്ഷയും അതോടെപോയി. അപ്പോഴേക്കും പാചകം കഴിഞ്ഞ് മിസ്സും ജെസ്സിയും താരയും കൂടി അവിടെക്കെത്തി. റൂബി അവരെ കണ്ടയുടൻ ഡെക്കിൻറെ മൂലയിൽ പോയി കാലുകളും താഴേക്കിട്ട് ദൂരേക്ക് നോക്കിയിരുന്നു.

'റൂബീ... ഇങ്ങ് വാ... അവിടെയെങ്ങും അങ്ങനെ പോയിരിക്കാതെ... നല്ല ശക്തമായ കാറ്റുമുണ്ട്. താഴേക്ക് പോയാൽ രക്ഷിക്കാൻ പോലും പറ്റില്ല...' മിസ്സ് വിളിച്ചു പറഞ്ഞത് കേട്ടിട്ടും അവൾ ശ്രദ്ധിച്ചില്ല.

'ഇവൾക്ക് എന്തുപറ്റി...' അപ്പോഴേക്കും റ്റോജി മിസ്സിനോട് കാര്യം പറഞ്ഞു.

'ഡീ... ഇങ്ങോട്ട് മാറിയിരിക്കെടീ...' വിക്കി ഉറക്കെ വിളിച്ചു പറഞ്ഞു. എന്നിട്ടും റൂബി ശ്രദ്ധിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ ദേഷ്യത്തോടെ അവൻ കുടിച്ചുകൊണ്ടിരുന്ന സ്വീറ്റ് ബിയറിൻറെ കുപ്പി അവളുടെ ദേഹത്തേക്ക് വലിച്ചെറിഞ്ഞു.

വലിച്ചെറിഞ്ഞ കുപ്പി കാറ്റിൻറെ ശക്തിയിൽ ദിശതെറ്റി റൂബിയുടെ തലയ്ക്കുതന്നെ ചെന്നുകൊണ്ടു. അതോടൊപ്പം ആ കുപ്പി പൊട്ടുകയും ചെയ്തു. റൂബിക്ക് അപ്രതീക്ഷിതമായിരുന്നു ആ ആക്രമണം. അവൾക്ക് തൻറെ തലയോട് തകരും പോലെ തോന്നി. അതോടൊപ്പം കണ്ണിൽ ഇരുട്ടു കയറുകയും ചെയ്തു. വിക്കി അതിവേഗം റുബിക്കരികിലേക്ക് ഓടിയെത്തിയപ്പോഴേക്കും അവൾ ആർത്തിരമ്പുന്ന ആഴക്കടലിലേക്ക് വീണുപോയിരുന്നു...!



# പതിനഞ്ച്

ആർത്തിരമ്പുന്ന കടലിലേക്ക് എടുത്തുചാടാൻ തുടങ്ങിയ വിക്കിയെ എല്ലാവരും ചേർന്ന് തടഞ്ഞു. ബോട്ട് അപ്പോഴും ഒരു നിശ്ചിതവേഗതയിൽ മുന്നോട്ടുപോയിക്കൊണ്ടിരുന്നു.

കാർമേഘം സൂര്യനെ മറച്ചുകൊണ്ട് തൻറെ ആധിപത്യം സ്ഥാപിച്ചു. ഡെക്കിൽ നിന്നവരെയാകെ നനച്ചുകൊണ്ട് പൊടുന്നനെ ഒരു മഴയും പെയ്തുതുടങ്ങി. ആർക്കും പെട്ടെന്ന് എന്തുചെയ്യണമെന്ന് ചിന്തിക്കാനാവാത്ത അവസരമായിരുന്നു അത്.

തലചുറ്റിവീണ താരയെ ജെസ്സി താങ്ങിപ്പിടിച്ചു. ജോംസി മിസ്സ് കടലിലേക്ക് നോക്കി അലറി. യുവാക്കളും അപ്രതീക്ഷിതമായിക്കിട്ടിയ ആഘാതത്തിൽ പകച്ചുനിന്നു. എല്ലാവരുടെയും ശരീരവും മനസ്സും ഒരുപോലെ തളർത്തിക്കളഞ്ഞ ഒരു നിമിഷമായിരുന്നു അത്.

ജോംസി മിസ്സ് കരച്ചിൽ അടക്കുവാനായി തൻറെ മുഖം പൊത്തിപ്പിടിച്ച് നിലത്തിരിരുന്നു. ജെസ്സി തൻറെ ദേഹത്തേക്ക് തലചുറ്റിവീണ താരയെ എഴുന്നേൽപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അതിന് കഴിഞ്ഞില്ല. അവൾ സമീപത്തിരുന്ന ഒരു ബിയർ ബോട്ടിൽ എത്തിയെടുത്ത് താരയുടെ മുഖത്തേക്ക് കമിഴ്ത്തിയതും ഞെട്ടലോടെ അവൾ കണ്ണുതുറന്നു. അപ്പോഴേക്കും മഴയ്ക്ക് ശക്തി പ്രാപിച്ചിരുന്നു.

വീശിയടിച്ച കാറ്റിൽ മഴവെള്ളവും കടൽവെള്ളവും ഒരു പോലെ ബോട്ടിലേക്ക് അടിച്ചുകയറി. എന്തോ ഓർത്തെടുത്തതുപോലെ ജെസ്സി പെട്ടെന്ന് താഴേക്കോടി. അവൾ നേരേചെന്നത് രഞ്ജിത്തിൻറെ ക്യാബിനിലേക്കായിരുന്നു. ശക്തമായ കാറ്റിലും മഴയിലും ബോട്ട് നിയന്ത്രിക്കുവാൻ അവൻ പാടുപെടുകയായിരുന്നു. അതോടൊപ്പം ക്യാബിനിലേക്ക് വലിയ തിരമാലകൾ അടിച്ചുകയറിക്കൊണ്ടിരുന്നു.

'രഞ്ജിത്...രഞ്ജിത്...വേഗം ബോട്ട് നിർത്തണം...റൂബി കടലിൽ വീണുപോയി. ബോട്ട് തിരിക്ക്....വേഗം....' അവൾ കിതപ്പോടെ പറഞ്ഞു.

'എന്ത്...' രഞ്ജിത് ഞെട്ടലോടെ ചോദിച്ചു.

'റിപ്പീറ്റ് ചെയ്ത് പറയാൻ സമയമില്ല. പെട്ടെന്നെന്തെങ്കിലും ചെയ്യണം... പ്ലീസ്...'

അത് കേട്ടതും കൂടുതൽ ഒന്നും ചോദിക്കാൻ നിൽക്കാതെ വേഗംതന്നെ അവൻ ബോട്ട് നിർത്തി. ശേഷം കുറച്ചുദൂരം അത് പിന്നിലേക്കെടുത്തു. എന്നിട്ട് അവൻ ജെസ്സിയോടൊപ്പം ബോട്ടിൻറെ സൈഡ് പാത്തിലൂടെ ബോട്ടിനുചുറ്റും ഓടിനടന്ന് കടലിലേക്ക് നോക്കി. ശക്തമായ കാറ്റിൽ ആടിയുലയുന്ന ബോട്ടിൽ നിന്നും തെറിച്ച് കടലിൽ വീഴാതിരിക്കുവാനായി ബോട്ടിൻറെ കൈവരിയിൽ അള്ളിപ്പിടിച്ചാണ് അവർ

റൂബിയെ തിരഞ്ഞത്. കാൽവഴുതിയ പലയിടങ്ങളിലും ജെസ്സി രഞ്ജിത്തിനെ ഇറുകിപ്പിടിച്ചുനിന്നു. മഴ വീണ്ടും കനത്തതിനാൽ ചുറ്റുമുള്ള കാഴ്ചകൾ കാണാൻ പറ്റാത്ത അവസ്ഥയായിരുന്നു അപ്പോൾ.

'റൂബീ... റൂബീ...' ജെസ്സി ഉറക്കെ വിളിച്ചു. ഒടുവിൽ ആ വിളി ഒരു അലറിക്കരച്ചിലായി മാറി. കടൽ ക്ഷോഭിച്ചതോടെ ബോട്ടിലേക്ക് വെള്ളം ഇരമ്പിക്കയറിക്കൊണ്ടിരുന്നു. ഇനിയും ബോട്ടിൻറെ വാതിലുകൾ അടച്ചില്ലെങ്കിൽ ബോട്ട് വൈകാതെ തന്നെ മുങ്ങുമെന്ന് മനസ്സിലാക്കിയ രഞ്ജിത് തിരികെ ബോട്ടിനുള്ളിലേക്ക് കയറുവാൻ ജെസ്സിയോട് ആവശ്യപ്പെട്ടു. റൂബിയെ രക്ഷിക്കാൻ കഴിയാത്തതിൽ അവനും നല്ല വിഷമമുണ്ടായിരുന്നു. മനസ്സില്ലാമനസ്സോടെ അവരിരുവരും ബോട്ടിലേക്ക് കയറി. അതോടൊപ്പം രഞ്ജിത്ത് അതിൻറെ വാതിലുകളും ജനാലകളും അടച്ചുപൂട്ടുവാൻ ആരംഭിച്ചു.

ബോട്ടിൻറെ ആടിയുലയലിൽ വീണുപോകാതിരിക്കുവാൻ അവനും ജെസ്സിയും നന്നേ പാടുപെട്ടു. ഒടുവിലത്തെ ജനാലയും കൊട്ടിയടയ്ക്കുമ്പോൾ അവസാന പ്രതീക്ഷയെന്നപോലെ രഞ്ജിത് കടലിലേക്ക് ഒന്നുകൂടി നോക്കി.

'ഇല്ല... റൂബി ഇനി മടങ്ങിവരില്ല...'

അവൻ ജെസ്സിയോട് നിരാശകലർന്ന ശബ്ദത്തിൽ പറഞ്ഞു. പക്ഷേ അത് മുഴുവനായി കേൾക്കാൻ നിൽക്കാതെ എങ്ങലടിയോടെ ജെസ്സി മുകളിലുള്ളവരുടെ അടുത്തേക്ക് പോയി. മുകളിൽ എല്ലാവരും അതേ ഇരിപ്പിൽ മഴ നനയുകയായിരുന്നു. ജെസ്സിയുടെ മുഖത്തെ നിസ്സഹായത കണ്ടപ്പോൾ ജോംസി മിസ്സ് ആലിലപോലെ വിറച്ചു. പൊടുന്നനെ ആ വിറയലിൽ മിസ്സ് നിലത്ത് കിടന്ന് ഞെരിപിരികൊണ്ടു. അവരുടെ കണ്ണുകൾ മലർന്നുതുടങ്ങിയിരുന്നു.

'അയ്യോ... റ്റോജീ... ഷാന്റു... ദേ മിസ്സ്...'

അതും പറഞ്ഞുകൊണ്ട് ജെസ്സി ഓടി മിസ്സിൻറെ അരികിലെത്തി. അപ്പോഴേക്കും യുവാക്കളും മിസ്സിൻറെ അരികിലേക്ക് പാഞ്ഞെത്തിയിരുന്നു.

'രഞ്ജിത്... രഞ്ജിത്...' വിക്കി സഹായത്തിനായി ഉറക്കെ വിളിച്ചു. പക്ഷേ മഴയുടെയും കാറ്റിൻറെയും ശക്തിയിൽ ആ ശബ്ദം താഴേക്കെത്തിയില്ല.

'ഡാ... അലക്സേ... എന്തേലും കമ്പിയോ ഇരുമ്പോ വേഗം തപ്പിയെടുക്കെടാ...' ജെസ്സി മിസ്സിൻറെ കാൽവെള്ള അമർത്തി തിരുമിക്കൊണ്ട് വിളിച്ചുപറഞ്ഞു.

അലക്സ് ബോട്ടിനുള്ളിലേക്കോടി. നിമിഷങ്ങൾക്കകം അവൻ ബോട്ടിൽ കിടന്നിരുന്ന എന്തോ ഇരുമ്പ് കഷ്ണവുമായി ഓടിയെത്തി. അത് മിസ്സിൻറെ കൈയ്യിൽ മുറുകെപ്പിടിപ്പിച്ചശേഷം എല്ലാവരും കൂടി മിസ്സിനെ അവരുടെ മുറിയിലേക്ക് കൊണ്ടുപോയി. അപ്പോഴും മിസ്സ് അബോധാവസ്ഥയിലായിരുന്നു. അത്രയും നേരം നിർത്തിയിട്ടിരുന്ന ബോട്ട് പെട്ടെന്ന് സ്റ്റാർട്ടായി. അത് രാക്ഷസത്തിരമാലകളെ അതി ജീവിച്ച് മുന്നോട്ടുപോയി. പുറത്ത് പെയ്യുന്ന മഴയും കടൽക്ഷോഭവുമൊന്നും

അപ്പോൾ ആരുടേയും മനസ്സിലുണ്ടായിരുന്നില്ല. എല്ലാവരും മുറിയുടെ ഓരോ മൂലയിൽ തളർന്നിരുന്നു. രഞ്ജിത് വളരെയധികം ആയാസപ്പെട്ടാണ് ബോട്ട് നിയന്ത്രിച്ചിരുന്നത്.

സമയം വീണ്ടും കടന്നുപോയി. മഴ പയ്യെപ്പയ്യെ കെട്ടടങ്ങി. കടൽ പഴയതുപോലെ ശാന്തമായി അതൊടൊപ്പം സൂര്യൻ വീണ്ടും കടലിനുമേൽ പ്രകാശം വിതറി. രഞ്ജിത് ബോട്ടിൻറെ വേഗത സാവധാനത്തിലാക്കിയശേഷം അവരുടെ മുറിയിലേക്ക് ചെന്നു. രഞ്ജിത് ചെല്ലുമ്പോൾ താര കണ്ണും മിഴിച്ച് മുകളിലേക്കും നോക്കി ഇരിക്കുകയായിരുന്നു. ജെസ്സിയും ഷാനുവും റ്റോജിയുടെ മടിയിൽ തലവച്ച് ഉറങ്ങുന്നുണ്ടായിരുന്നു. വിക്കിയും അലക്സും മുറിയുടെ മറ്റൊരുകോണിൽ എന്തൊക്കയോ ചിന്തിച്ചുകൊണ്ട് നിലത്തേക്ക് നോക്കി വെറുതെ ഇരിക്കുന്നു. ജോംസി മിസ്സ് അപ്പോഴും കിടക്കയിൽ ഒന്നുമറിയാതെയുള്ള നിദ്രയിലായിരുന്നു.

'ഹേയ്...'

രഞ്ജിത് മുറിയുടെ ഉറന്നിട്ട വാതിൽ പാളിയിൽ ആഞ്ഞുതട്ടിക്കൊണ്ട് അവരെ വിളിച്ചുണർത്താൻ ശ്രമിച്ചു.

'ശ്ശ്...'

അലക്സ് അവിടെയിരുന്നുകൊണ്ടുതന്നെ ചുണ്ടിൽ വിരൽ വച്ച് ശബ്ദമുണ്ടാക്കരുത് എന്ന രീതിയിൽ രഞ്ജിത്തിനെ ആംഗ്യം കാണിച്ചു. പക്ഷേ അവനെ ഗൗനിക്കാതെ രഞ്ജിത് ഡോറിൽ വീണ്ടും ശക്തമായി രണ്ടുതവണ തട്ടി.

അതുകേട്ട് സ്വപ്നലോകത്തായിരുന്ന താര കണ്ണുമിഴിച്ച് ചുറ്റും നോക്കി. റ്റോജിയും ജെസ്സിയും ഷാനുവും ഒരേസമയം ഞെട്ടിയെഴുന്നേറ്റു. ജോംസി മിസ്സ് അപ്പോഴും ഉറക്കത്തിലായിരുന്നു. രഞ്ജിത് ഒന്നുകൂടി തട്ടാൻ ഒരുങ്ങിയപ്പോൾ അലക്സ് അവൻറെ കൈയ്യിൽ കയറിപ്പിടിച്ചു.

'ഇയാളോട് ശല്യം ചെയ്യരുതെന്ന് ഞാൻ പറഞ്ഞത് മനസ്സിലായില്ലേ. കുറച്ചുസമയമെങ്കിലും എല്ലാവരും ശാന്തമായി ഇരുന്നോട്ടെ...' രഞ്ജിത് അവനെ ശ്രദ്ധിക്കാതെ അവൻറെ കൈ തട്ടി മാറ്റിയിട്ട് ജോംസി മിസ്സിനെ നോക്കി. അവർ അപ്പോഴും ഉറക്കമാണെന്ന് മനസ്സിലായപ്പോൾ അവൻ വീണ്ടും ഡോറിൽ ആഞ്ഞുതട്ടി. ആ ശബ്ദത്തിൽ ജോംസി മിസ്സ് കിടക്കയിൽ നിന്നും ചാടി എഴുന്നേറ്റു. രംഗം വഷളാകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ രഞ്ജിത് അങ്ങനെ ചെയ്തപ്പോൾ അലക്സിൻറെ സകല ക്ഷമയും നശിച്ചു. അവൻറെ പെരുവിരൽ മുതൽ തരിച്ചുകയറി. കോപം അനിയന്ത്രിതമായപ്പോൾ രഞ്ജിത്തിൻറെ മുഖമടച്ച് ഒരെണ്ണം കൊടുക്കാൻ അവൻ കൈയ്യോങ്ങി.

പക്ഷേ രഞ്ജിത് അവൻറെ കൈ അതേപടി പിടിച്ച് ഞെരിച്ച് താഴേക്ക് പിടിച്ചു. ജോംസിമിസ്സിന് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു കാഴ്ച്ചയായിരുന്നില്ല അവർ സ്വബോധത്തിലേക്ക് തിരികെയെത്തിയപ്പോൾ കണ്ടത്.

‘അലക്സ്...’ അവർ നിസ്സഹായതയിൽ വിളിച്ചു.

രഞ്ജിത്തിനെ രൂക്ഷമായി ഒന്ന് നോക്കിയശേഷം അലക്സ് ഡെക്കിലേക്കുള്ള പടികൾ കയറിപ്പോയി.

‘ജോംസി മാഡം ഒന്ന് വരണം... കുറച്ച് കാര്യങ്ങൾ സംസാരിക്കുവാനുണ്ട്...’ രഞ്ജിത് അത് പറഞ്ഞയുടൻ ജോംസി മിസ്സ് കിടക്കയിൽനിന്നും എഴുന്നേറ്റുചെന്നു. ബാക്കിയുള്ളവർ മുറിയിൽത്തന്നെ കഴിച്ചുകൂട്ടി. രഞ്ജിത്തിനെ പിന്തുടർന്ന് ജോംസി മിസ്സ് എത്തിയത് ബോട്ടിൻറെ സ്റ്റോർ റൂമിലേക്കായിരുന്നു. അവരെയൊന്ന് നോക്കിയ ശേഷം അവൻ ആ മുറിയുടെ വാതിൽ തുറന്നുകൊടുത്തു.

‘അകത്തേക്ക് ചെല്ല് മാഡം. ഇനിയും ആ കുട്ടിയെ ഇവിടെ ഒറ്റയ്ക്ക് കിടത്താൻ നിവർത്തിയില്ല. അതാണ് എല്ലാവരെയും മുറിയിൽ വന്ന് ശല്യംചെയ്തത്.’

അവൻ പറഞ്ഞ വാക്കുകൾ കേട്ട് ആകാംക്ഷയോടെ അവർ സ്റ്റോർ റൂമിൻറെ വാതിൽ തുറന്നു. തൻറെ ശരീരത്തിലെ തളർന്നു പോയ എല്ലാ കോശങ്ങൾക്കും ഒരുമിച്ച് പുതുജീവൻ വച്ചതായി അവർക്ക് തോന്നിപ്പോയി. യാത്രാമദ്ധ്യേ കടലിൽ വീണുപോയ റൂബി സ്റ്റോർറൂമിൽ സുഖമായുറങ്ങുന്നു. റൂബിയെ കണ്ടയുടൻ അവർ ഓടി അവൾക്കരുകിലെത്തി.

‘മോളേ റൂബീ...’ വാത്സല്യത്തിൽ വിളിച്ചുകൊണ്ട് അവർ റൂബിയുടെ നെറുകയിൽ അമർത്തി ചുംബിച്ചു.

‘മാഡം... റൂബി ഉറങ്ങട്ടെ... കുറേ വെള്ളം കുടിച്ചിരുന്നു. ഞാൻ വേഗംതന്നെ വേണ്ട കാര്യങ്ങൾ ചെയ്തതുകൊണ്ട് കുഴപ്പമൊന്നും സംഭവിച്ചില്ല. പിന്നീട് ക്ഷോഭിച്ച കടലിൽ ബോട്ട് നിയന്ത്രിക്കുന്ന തിരക്കിലായിരുന്നതിനാലാണ് ഞാൻ ഈ കാര്യം അറിയിക്കാൻ വൈകിയത്.’ അത് കേട്ടതും നിറകണ്ണുകളോടെ അവർ അവനെ നോക്കി. എന്നിട്ട് ഒന്ന് പുഞ്ചിരിച്ചു.

‘രഞ്ജിത്... നീ രക്ഷിച്ചത് റൂബിയെ മാത്രമല്ല... ഞങ്ങൾ എല്ലാവരെയുമാണ്. ഇതിനൊക്കെ എങ്ങനെ നന്ദി...’

‘ഹേയ്... നിർത്ത് മാഡം... ഞാൻ ഒന്നും ചെയ്തില്ല. അവൾ തനിയേ പതച്ച് ബോട്ടിൽ കയറിയതാണ്. അതും പോരാഞ്ഞിട്ട് ഞങ്ങൾ അടച്ചുപൂട്ടിയ വാതിലിൻറെ ഗ്ലാസ് ഇടിച്ച് പൊട്ടിച്ച് വാതിൽ തുറന്ന് അകത്ത് കയറുകയും ചെയ്തു. അപ്പോഴാണ് ഞാൻ ആളെ കണ്ടത്. ആ സമയം കൊണ്ട് അവളുടെ ബോധം പോയിരുന്നു. പിന്നെ കുറച്ച് ചില്ലുകൾ കൈയ്യിലും തറച്ചുകയറിയിരുന്നു. അതൊക്കെ ഞാൻ എടുത്തുമാറ്റി. ഇപ്പോൾ ആള് ഓക്കേയാണ്. ബോധംകൂടി തെളിഞ്ഞാൽ മതി...’



രഞ്ജിത് പറഞ്ഞത് കേട്ട് ജോംസി മിസ്സിൻറെ കണ്ണുകൾ തുറിച്ചുപോയി.

‘എന്ത്.. ആ പേമാരിയിലും കടൽക്ഷോഭത്തിലും റൂബി തനിയേ ബോട്ടിലേക്ക് തിരിച്ചെത്തിയെന്നോ..?’

‘അതേ മാഡം... ആ കാര്യത്തിൽ ഈ കുട്ടിയെ അംഗീകരിച്ചേ മതിയാവൂ. കടലിലേക്ക് വീണ് എത്രയോ സമയം കഴിഞ്ഞാണ് അവൾക്ക് ബോട്ടിലേക്ക് തിരികെയെത്താനായത്. അതും ഈ നടുക്കടലിൽ അത്രയും പ്രതികൂലസാഹചര്യങ്ങളിൽ ഒരു പെൺകുട്ടി... ഹോ...ദൈവം നമ്മുടെയൊപ്പമുണ്ട് മാഡം. അതിൻറെ തെളിവാണിത്...’ ജോംസി മിസ്സ് സന്തോഷത്തിൽ റൂബിയെ അടിമുടിയൊന്ന് നോക്കി.

‘നീയാടീ പെണ്ണ്...’ അവർ മനസ്സിൽ പറഞ്ഞു.

‘വരൂ രഞ്ജിത്...നമുക്ക് റൂബിയെ മുറിയിലേക്ക് കിടത്താം.’

അത് കേട്ടയുടൻ രഞ്ജിത് റൂബിയെ കൈകളിൽ കോരിയെടുത്ത് മിസ്സിൻറെ പിന്നിൽ നടന്നു. അവളെയുംകൊണ്ട് അവർ മുറിക്കുള്ളിലേക്ക് ചെന്നപ്പോൾ മുറിയിലുണ്ടായിരുന്നവരുടെ മുഖത്തുണ്ടായ ഭാവങ്ങൾ പലവിധമായിരുന്നു. ഭാവങ്ങൾ പലതായിരുന്നെങ്കിലും എല്ലാവരുടെയും കണ്ണുകൾ ഒരുപോലെ നിറഞ്ഞുകവിഞ്ഞിരുന്നു. തങ്ങളുടെ പ്രിയകൂട്ടുകാരിയുടെ അടുക്കലേക്ക് ആർത്തിയോടെ അവരെല്ലാവരും ഓടിയടുത്തു. താഴെനിന്നുംവന്ന ആരവങ്ങൾ കേട്ട് അലക്സും ആകാംക്ഷയോടെ താഴേക്കെത്തി. റൂബിയെ കൺനിറയെ ഒന്ന് നോക്കിയശേഷം അവൻ രഞ്ജിത്തിൻറെ അരികിലേക്ക് നടന്നടുത്തു.

‘സോറീ...’

അതും പറഞ്ഞ് അവൻ രഞ്ജിത്തിൻറെ തോളിലേക്ക് മുഖം അമർത്തി. തോളിൽ നനവ് പടർന്നപ്പോൾ അലക്സും കരയുകയാണെന്ന് രഞ്ജിത് തിരിച്ചറിഞ്ഞു. അതോടൊപ്പം തളർന്നുപോയ യാത്രയുടെ വീര്യം അവരിലേക്ക് വീണ്ടും പടർന്നുകയറുകയായിരുന്നു..!

# പതിനാറ്

ബോട്ടിൽ വീണ്ടും ചിരിയുടെയും സന്തോഷത്തിൻറെയും ആരവങ്ങൾ നിറഞ്ഞു. രാവിലെ മുതൽ പട്ടിണിയായിരുന്നതിനാൽ ആർത്തിയോടെ അവർ ആഹാരം കഴിച്ചു. റൂബി അപ്പോഴും നല്ല ഉറക്കത്തിലായിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചുതീർന്നപ്പോഴേക്കും അന്തരീക്ഷത്തിൽ ഇരുട്ടുവീണു തുടങ്ങിയിരുന്നു. വൈകാതെ രഞ്ജിത് അവൻറെ ജോലികൾ തുടർന്നു. ആണുങ്ങളെല്ലാം രഞ്ജിത്തിൻറെ സമീപമിരുന്ന് ചീട്ടുകളി ആരംഭിച്ചിരുന്നു. പെൺകുട്ടികളും ജോംസി മിസ്സും റൂബി ഉണരാനായി അവൾക്കരികിൽത്തന്നെ കാത്തിരുന്നു.

'മിസ്സേ ഇനിയും ഇവളെ ഉറങ്ങാൻ വിടണോ... നമുക്ക് വിളിച്ച് എഴുന്നേൽപ്പിച്ചാലോ...' താര ചോദിച്ചു.

'ഞാനും അതുതന്നെയാണ് ആലോചിക്കുന്നത്. ഇനിയും ഭക്ഷണമൊന്നും അകത്തേക്ക് ചെല്ലാതിരുന്നാൽ ഈ കുട്ടി കൂടുതൽ അവശയാകത്തേയുള്ളൂ. എന്തായാലും ഇത്രയും നേരം വിശ്രമിച്ചില്ലേ. ഇനി നമുക്കവളെ ഉണർത്താം.' മിസ്സ് ഒന്ന് ദീർഘനിശ്വസിച്ചശേഷം കിടക്കയിൽ റൂബിയുടെ അരികിലേക്ക് നീങ്ങിയിരുന്നു.

'റൂബീ... റൂബീ...' കവിളിൽ തട്ടി വിളിച്ചപ്പോൾ അവൾ ഒരു ഞരക്കത്തോടെ കൈകൾ രണ്ടുംചേർത്ത് കണ്ണുകൾ തിരുമ്മി.

'ആ...' മുറിവുള്ള കൈയ്യ്ക്ക് ബലം കൊടുത്തപ്പോൾ അവൾ അറിയാതെ കരഞ്ഞുപോയി. സഹതാപത്തിൽ ജെസ്സി ആ കൈയ്യിൽ തലോടി.

'റൂബീ... എന്നെ നോക്കിക്കേ...' മിസ്സിൻറെ ശബ്ദം കേട്ട ഭാഗത്തേക്ക് അവൾ കണ്ണുകൾ തുറക്കുവാൻ ശ്രമിച്ചു. ആദ്യം അവ്യക്തമായിരുന്ന കാഴ്ചകൾ പതിയെപ്പതിയെ തെളിഞ്ഞു തുടങ്ങി.

മിസ്സിൻറെ മുഖം കണ്ടപ്പോൾത്തന്നെ റൂബിയുടെ മുഖത്ത് പുഞ്ചിരി നിറഞ്ഞു. അവൾ ചുറ്റും നോക്കി തൻറെ പ്രിയകൂട്ടുകാരികളും തൻറെ കൂടെത്തന്നെ ഇരിക്കുന്നതുകണ്ടപ്പോൾ അവളുടെ സന്തോഷം ഇരട്ടിയായി. ജോംസി മിസ്സ് അവളെ എഴുന്നേൽക്കുവാനായി സഹായിച്ചു. കിടക്കയിൽനിന്നും എഴുന്നേറ്റയുടൻ അവൾ ബാത്റൂമിലേക്ക് നടന്നു. അകത്തേക്ക് കയറും മുൻപ് അവൾ തിരിഞ്ഞുനോക്കി. എല്ലാവരും അവളെത്തന്നെ ഉറ്റുനോക്കുകയായിരുന്നു അപ്പോൾ.

'ഞാനൊന്ന് ഫ്രഷ് ആയിട്ട് വരാം...' അതും പറഞ്ഞ് കണ്ണിറുക്കിക്കാട്ടിയിട്ട് അവൾ അകത്ത് കയറി വാതിലടച്ചു. അത് കണ്ടപ്പോൾ ബാക്കിയുള്ളവർക്കെല്ലാം സന്തോഷമായി. ജോംസി മിസ്സ് ദൈവത്തിന് നന്ദിപറഞ്ഞു.

അവർ അവിടെനിന്നും നേരേ രഞ്ജിത്തിൻറെ ക്യാബിനിലേക്ക് ചെന്നു. അവിടെ യുവാക്കൾ തകർപ്പൻ ചീട്ടുകളിയിലായിരുന്നു.

'റൂബി എഴുന്നേറ്റു...' അവർ എല്ലാവരോടുമായി പറഞ്ഞു. പെട്ടെന്ന് യുവാക്കൾ മുറിയിലേക്ക് പോകാനായി തിടുക്കം കൂട്ടി.

'ധൃതി വയ്ക്കണ്ട അവൾ ഒന്ന് ഫ്രഷ് ആയിട്ട് ഇപ്പോൾ ഇങ്ങുവരും...' അതും പറഞ്ഞിട്ട് മിസ്സ് രഞ്ജിത്തിൻറെ അടുത്തേക്ക് നടന്നു. മിസ്സിനെ കണ്ടയുടൻ അവൻ ഒരു ചിരി പാസ്സാക്കി.

'ആ കുട്ടിക്ക് കുഴപ്പമൊന്നുമില്ലല്ലോ അല്ലേ..?'

'ഹേയ്... കുഴപ്പമൊന്നുമില്ല... അവൾ പഴയതുപോലെതന്നെ ആക്റ്റീവാണ്...'

'ഹോ... നല്ലത്...'

'ഉം... പിന്നെ രഞ്ജിത് നമുക്ക് പോകാനായി ഇനി എത്ര ദൂരംകൂടിയുണ്ടാവും..?'

'ഇതേ സ്പീഡിൽ പോയാൽ ഏകദേശം നാളെ ഉച്ചയാകുമ്പോഴേക്കും ബെർമുഡയുടെ ചുഴികളുടെ ആരംഭത്തിനടുത്തെത്തും. പക്ഷേ പ്രൊഫസർ എഴുതിവച്ചിരുക്കുന്ന കാര്യങ്ങൾ അനുസരിച്ചാണേൽ പുലർച്ചെയാണ് അവിടെ എത്തേണ്ടത്. അപകടമേഖലയായതിനാൽ നമുക്ക് ബോട്ടുമായി നേരത്തേ അവിടെപ്പോയി തങ്ങാനാവില്ല. അത് അപകടമാണ്. അതുകൊണ്ട് നാളെ രാവിലെ മുതൽ സാവധാനത്തിലേ നമ്മൾ യാത്ര ചെയ്യുന്നുള്ളൂ...'

രഞ്ജിത് പറയുന്ന കാര്യങ്ങൾ സൂക്ഷ്മതയോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്ന ഷാനു അവിടേക്ക് നടന്നുചെന്നു.

'ഞാൻ ഒരു സംശയം ചോദിക്കട്ടേ... രഞ്ജിത് പറഞ്ഞതുവച്ച് നമ്മൾ ഇരുട്ടിയിട്ടേ അവിടെയെത്തൂ. നമ്മൾ എല്ലാവരും ആദ്യമായല്ലേ അവിടേക്ക് പോകുന്നത്. രാത്രിയിൽ നമ്മൾ എങ്ങനെയാണ് ചുഴി എത്താറായെന്ന് തിരിച്ചറിയുന്നത്..?' ഷാനുവിൻറെ ചോദ്യം കേട്ട് രഞ്ജിത് ചിരിച്ചു.

'ഷാനൂ... ഇത് കണ്ടോ...' അതും പറഞ്ഞ് രഞ്ജിത് ഒരു ചെറിയ സ്ക്രീൻ അവൻറെ മുന്നിലേക്ക് വച്ചു.

'ഇത് നോക്കിയാണ് ഞങ്ങൾ ബോട്ട് ഡ്രൈവർമാർ രാത്രിയിൽ സഞ്ചരിക്കുന്നത്. ദാ ഈ കാണുന്ന പച്ച ലൈറ്റാണ് നമ്മുടെ ബോട്ടിൻറെ സ്ഥാനം. ഈ ചുവന്ന നിറമുള്ള ഭാഗമാണ് അപകടമേഖല. അതായത് നമുക്ക് പോകാനുള്ള സ്ഥലം. നമ്മൾ എപ്പോൾ എത്തിയാലും ചുഴിയുടെ കിലോമീറ്ററുകൾക്ക് മുൻപിൽ പുലരുംവരെ കാത്തിരിക്കണം മനസ്സിലായോ..?' മനസ്സിലായ രീതിയിൽ അവൻ തലയാട്ടിക്കൊണ്ട് തിരികെ കൂട്ടുകാരുടെ അടുത്തേക്ക് പോയി.

അപ്പോഴേക്കും റൂബിയെയും കൂട്ടിക്കൊണ്ട് ജെസ്സിയും താരയും അവിടേക്ക് കടന്നുവന്നു. റൂബിയെ കണ്ടിട്ടും ആൺകുട്ടികൾ ആരും വലിയ ശ്രദ്ധ കൊടുത്തില്ല.

അവരാരും തന്നെ ശ്രദ്ധിക്കുന്നില്ല എന്ന് കണ്ടപ്പോൾ റൂബി ഓടിച്ചെന്ന് വിക്കിയുടെ മുതുകിൽ അഞ്ചാറ് ഇടികൊടുത്തു.

'എടാ നീയെന്നെ എറിഞ്ഞിട്ടും അല്ലേടാ...' വിക്കി ചിരിച്ചുകൊണ്ട് അവളെ പിടിച്ചുനിർത്തി. എല്ലാവരും ആ സന്തോഷത്തിൽ പങ്കുചേർന്നു. ഒടുവിൽ അവൾ രഞ്ജിത്തിൻറെ അടുത്തേക്ക് ചെന്നു. അവളെ കണ്ടപ്പോൾ രഞ്ജിത് ഒന്നുമറിയാത്തതുപോലെ നോക്കി.

'നിങ്ങൾ എന്ത് മനുഷ്യനാ ഒരാൾ കടലിൽ വീണാൽ ഉടനെ തന്നെ വാതിലും ജനലുമെല്ലാം അടച്ചുപൂട്ടുമോ. കണ്ടില്ലേ എൻറെ കൈ...' അതും പറഞ്ഞ് അവൾ അവനെ കൈ ഉയർത്തിക്കാണിച്ചു. അവളുടെ പ്രകടനം കണ്ട് രഞ്ജിത് പൊട്ടിപ്പൊട്ടിച്ചിരിച്ചു ഒപ്പം മറ്റുള്ളവരും.

'നീ എങ്ങനെയാ ഇത്രയും പ്രതികൂല സാഹചര്യത്തിൽ ബോട്ടിൽ നീന്തിക്കയറിയത്..?' എല്ലാവരുടെയും ചിരിയൊന്നടങ്ങിയപ്പോൾ രഞ്ജിത് ചോദിച്ചു.

'ഹോ... അതിന് കാരണം താരയാണ്...'

'എന്ത് ഞാനോ... അതിന് എനിക്കപ്പോൾ ബോധമില്ലായിരുന്നല്ലോ...' താര അത്ഭുതത്തോടെ ചോദിച്ചു.

'നീ തന്നെയാടീ ഞാൻ പറയാം... ഇന്നലെ രാത്രി ഞാനും താരയും ജെസ്സിയും ഡെക്കിൽ നിൽക്കുമ്പോൾ താരയ്ക്ക് തണുക്കുന്നുണ്ടെന്ന് പറഞ്ഞു. അവള് ചോദിച്ചപ്പോൾ എൻറെ ഷോൾ ഞാൻ അവൾക്കുനേരേ എറിഞ്ഞുകൊടുത്തു. കാറ്റിൻറെ ശക്തിയിൽ അത് കടലിലേക്ക് പറന്നുപോയി. എന്തോ ദൈവം എനിക്ക് വേണ്ടി കരുതിവച്ച കച്ചിത്തുരുമ്പായിരുന്നു അത്. ആ ഷോൾ ബോട്ടിൻറെ പിൻവശത്തെവിടെയോ കുരുങ്ങിക്കിടന്നിരുന്നു. ഞാൻ കടലിലേക്ക് വീണപ്പോൾ എൻറെ കണ്ണിൽ മുഴുവൻ ഇരുട്ടായിരുന്നു. മൂക്കിലും വായിലും വെള്ളം അടിച്ചുകയറിയപ്പോഴാണ് സ്വബോധം തിരികെവന്നത്. അപ്പോഴേക്കും ഞാൻ മുങ്ങിത്തുടങ്ങിയിരുന്നു. എനിക്ക് എൻറെ കാലുകൾ തളരുന്നതുപോലെ തോന്നി. എങ്കിലും ഒരുവിധത്തിൽ ഞാൻ മുകളിലേക്ക് പൊന്തിവന്നു. അപ്പോഴാണ് ബോട്ട് എന്നിൽ നിന്നും കുറേ അകന്നുപോയെന്ന് ഞാൻ മനസ്സിലാക്കിയത്. അപ്പോൾ ഉണ്ടായിരുന്ന പ്രതീക്ഷയും പോയിക്കിട്ടി.

എൻറെ അവസാനം ഈ നടുക്കടലിൽത്തന്നെയാണെന്ന് ഞാൻ ഉറപ്പിച്ചു. അപ്പോൾ ഉണ്ടായ ശക്തമായൊരു തിര എന്നെ കറക്കിയെറിഞ്ഞു. ഞാൻ ശരിക്കും അവശയായി. കാലുകൾ വീണ്ടും കുഴഞ്ഞു എന്നിട്ടും കൈകളിൽ ശക്തികൊടുത്ത് ഞാൻ മുകളിലേക്ക് നീന്തുവാനായി ശ്രമിച്ചുകൊണ്ടിരുന്നു.

ആ വെപ്രാളത്തിൽ വായിലൂടെയും മൂക്കിലൂടെയും വെള്ളം അടിച്ചുകയറി. ഒരിറ്റ് ശ്വാസത്തിനായി ഞാൻ സകല ദൈവങ്ങളെയും പ്രാർത്ഥിച്ചു. ഒടുവിൽ മരണത്തെ മുന്നിൽക്കണ്ട് കാലുകൾ തളർന്ന് ഞാൻ നിശ്ചലമായി അടിയിലേക്ക് താഴ്ന്ന് തുടങ്ങിയ

ആ അവസാന നിമിഷത്തിലാണ് വെള്ളത്തിൻറെ മുകളിൽ നിന്നും ഒരു തുണിക്കഷണം എനിക്ക് മുകളിലായി ഞാൻ കണ്ടത്. ഒന്നേ ഞാൻ കണ്ടുള്ളൂ. പിന്നെ എൻറെ ശരീരം പ്രവർത്തിക്കുകയായിരുന്നു. തളർന്ന കാലുകളും കൈകളും ഇരട്ടിശക്തിയിൽ മുകളിലേക്ക് എന്നെ വഹിച്ചുകൊണ്ടുപോയി.

ഞാൻ കണ്ണ് തുറക്കുമ്പോൾ എൻറെ കൺമുന്നിൽ ഞാൻ പറത്തിവിട്ട ആ ഷോൾ..! പിന്നെ ചിന്തിക്കാൻ നിന്നില്ല. അതിൽ പിടിച്ച് വെള്ളത്തിന് മുകളിലെത്തി മതിയാവോളം ശ്വാസമെടുത്തു. അപ്പോഴേക്കും എന്നെയും വലിച്ചുകൊണ്ട് ബോട്ട് മുന്നോട്ടുപോയിത്തുടങ്ങി. ആ ഷോളിൽ പിടിച്ച് ഒരുവിധത്തിൽ ഞാൻ ബോട്ടിൻറെ അരിക് ഭാഗത്ത് കയറി. അപ്പോഴേക്കും കണ്ണിൽ ഇരുട്ട് വ്യാപിച്ചുതുടങ്ങി. ബോട്ടിൻറെ അരികിലൂടെ നിരങ്ങിയും ഇഴഞ്ഞും ഒരുവിധത്തിൽ ഞാൻ കതക് പൊളിച്ച് അകത്തെത്തി...' അവൾ പറഞ്ഞുനിർത്തിയപ്പോൾ എല്ലാവരുടെയും കണ്ണുകളിൽ അത്ഭുതമായിരുന്നു.

'നിന്നെ ദൈവം രക്ഷിച്ചതാണ് റൂബീ... ഇത്രയും പേരുടെ ഉത്തരവാദിത്തം എൻറെ ചുമലിൽ ആയതുകൊണ്ടുമാത്രമാണ് ആ സമയത്ത് ഞാൻ ആത്മഹത്യ ചെയ്യാതിരുന്നത്...' ജോംസി മിസ്സ് നിറകണ്ണുകളോടെ പറഞ്ഞു.

'ഹേയ്... ഇപ്പോൾ പ്രശ്നമൊന്നുമില്ലല്ലോ മിസ്സേ... ഈ സംഭവം ഇവിടെ മറന്നേക്ക്.' റൂബി പുഞ്ചിരിച്ചു.

രഞ്ജിത് അൽപ്പസമയം അവളെത്തന്നെ നോക്കിയിരുന്നു. ശേഷം ബോട്ട് നിയന്ത്രണത്തിലേക്ക് വീണ്ടും ശ്രദ്ധതിരിച്ചു.

കടൽ തികച്ചും ശാന്തമായിരുന്നു. ആകാശത്ത് നക്ഷത്രങ്ങൾ വെട്ടിത്തിളങ്ങി. രാത്രിയിലെ അത്താഴമുണ്ടാക്കാൻ റൂബിയും മറ്റുള്ളവരുടെയോപ്പം കൂടി. പക്ഷേ കൈ വയ്യാതിരുന്നതുകൊണ്ട് അവരാരും അവളെ ജോലി ചെയ്യുവാൻ അനുവദിച്ചില്ല. ഒടുവിൽ എല്ലാവരുമൊത്ത് സന്തോഷത്തോടെ അത്താഴം കഴിച്ചു. അൽപ്പസമയം നേരമ്പോക്കുകൾ സംസാരിച്ചിരുന്നശേഷം ഉറങ്ങുവാനായി എല്ലാവരും അവരവരുടെ മുറികളിലേക്ക് പോയി.

ആ രാത്രിയിൽ റൂബി ജെസ്സിയുടെയും താരയുടെയും നടുവിൽ സുഖമായി ഉറങ്ങി. നാളത്തെ ദിവസം അവർക്കെല്ലാം വളരെയധികം വിലപ്പെട്ടതായിരുന്നു. കാരണം ആ ഒരൊറ്റ ദിവസംകൂടി മാത്രമായിരുന്നു അവരുടെയൊക്കെ സാധാരണ ജീവിതത്തിൽ അവശേഷിച്ചിരുന്നത്..!



# പതിനേഴ്

പിറ്റേന്ന് രാവിലെതന്നെ എല്ലാവരും എഴുന്നേറ്റ് ഓരോരോ ജോലികളിൽ ഏർപ്പെട്ടിരുന്നു. രഞ്ജിത് ബോട്ടിൻറെ മുകളിൽ ഘടിപ്പിച്ചിരുന്ന സോളാർ പാനലുകളുടെ കണക്ഷൻ പരിശോധിക്കുകയായിരുന്നു.

'ഹേയ്... എന്തുപറ്റി... ഞാൻ സഹായിക്കണോ...' താഴെനിന്നും അലക്സ് വിളിച്ചുചോദിച്ചു.

'ഏയ് വേണ്ട... ദാ കഴിഞ്ഞു. ഇന്നലത്തെ ആ കാറ്റിലും മഴയിലും പാനലിൻറെ ഒരു കേബിൾ ഊരിപ്പോയിരുന്നു. അത് നേരെയാക്കി. അതുപോട്ടെ... എല്ലാവരും എഴുന്നേറ്റോ.?' താഴേക്ക് ഇറങ്ങിക്കൊണ്ട് അവൻ ചോദിച്ചു.

'പിന്നേ... എല്ലാവരും താഴെയുണ്ട്... വരൂ രഞ്ജിത്തിനെ മിസ്സ് തിരക്കുന്നുണ്ട്...'

അവർ ഇരുവരും താഴത്തെ മുറിയിലേക്ക് ചെല്ലുമ്പോൾ പലതരത്തിലുള്ള ഭക്ഷണങ്ങൾ തയ്യാറാക്കി പെൺകുട്ടികളും ജോംസി മിസ്സും കാത്തിരിക്കുകയായിരുന്നു. രഞ്ജിത്തും അലക്സും വന്നപ്പോഴേക്കും ബാക്കിയുള്ള ആൺകുട്ടികളും അവിടേക്ക് വന്നെത്തി.

'വാ ഇരിക്ക്... ഇന്നത്തെ ദിവസത്തിൻറെ പ്രത്യേകത എന്താണെന്ന് എല്ലാവർക്കുമറിയാമല്ലോ അല്ലേ..?' രഞ്ജിത് കസേരയിലേക്ക് ഇരുന്നുകൊണ്ട് എല്ലാവരോടുമായി ചോദിച്ചു. അതിന് മറുപടിയായി ഓരോരുത്തരും പുഞ്ചിരിക്കുകമാത്രം ചെയ്തു. അവിടെ നിശബ്ദത തുടർന്നപ്പോൾ ജോംസി മിസ്സ് ആ തീൻമേശയിൽ ഒന്ന് തട്ടി.

'വേറെയൊരു പ്രത്യേകതകൂടി ഇന്നത്തെ ദിവസത്തിനുണ്ട്...' മിസ്സ് അതുപറഞ്ഞപ്പോൾ എല്ലാവരും മിസ്സിൻറെ നേരേ ആകാംക്ഷയോടെ നോക്കി.

'അതെന്തുവാ മിസ്സേ...' റൂബി സസ്പെൻസ് താങ്ങാനാവാതെ ചോദിച്ചു.

'ഉം... അത്ര വലിയ പ്രത്യേകത ഒന്നുമല്ല... ഇന്ന് എൻറെ ജന്മദിനമാണ്...'

'ഓ മൈ ഗോഡ്... മെനി മെനി ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ ഡിയർ മിസ്സ്...' റൂബി കസേരയിൽ നിന്നും എഴുന്നേറ്റ് മിസ്സിന് കൈകൊടുത്തുകൊണ്ട് പറഞ്ഞു. തൊട്ടുപിന്നാലെ മറ്റുള്ളവരും അവർക്ക് ജന്മദിനാശംസകൾ നേർന്നു.

'ഞങ്ങൾക്കുള്ള ട്രീറ്റ് എവിടെ മിസ്സ്..?'

'ട്രീറ്റോ...ഹഹഹ... എന്തായാലും കഴിച്ചിട്ട് നമുക്ക് കുറച്ചു കാര്യങ്ങൾ തീരുമാനിക്കുവാനും ചിലതിന് ഉത്തരം കണ്ടുപിടിക്കുവാനുമുണ്ട്. ഇനിയുള്ള ഓരോ

നിമിഷവും നമുക്ക് ശരിക്കും വിലപ്പെട്ടതാണ്...' ജോംസി മിസ്സ് പറഞ്ഞതുകേട്ടപ്പോൾ കാര്യത്തിൻറെ ഗൗരവം അവർക്കെല്ലാവർക്കും പിടികിട്ടി.

പ്രഭാതഭക്ഷണം കഴിച്ചശേഷം അവരെല്ലാവരും വീണ്ടും മേശയ്ക്കുചുറ്റും ഒത്തുകൂടി. ജോംസി മിസ്സ് പ്രൊഫസർ നിക്കോൾസൺ അവർക്കായി കരുതിവച്ചിരുന്ന ഭൂപടത്തിൻറെ പകർപ്പും ചുഴികളെ നേരിടാനുള്ള മാർഗ്ഗവും എല്ലാവരുടെയും മുന്നിലേക്ക് നിവർത്തിവച്ചു.

'സത്യത്തിൽ നമ്മളൊക്കെ കാണിച്ചത് ഒരു എടുത്തുചാട്ടമായിരുന്നു എന്ന് എനിക്കിപ്പോൾ തോന്നുന്നു. കാരണം നമ്മൾ യാത്ര പുറപ്പെടുമ്പോൾ നമ്മുടെ കൈയ്യിൽ വ്യക്തമായ ഒരു രേഖകളും ഉണ്ടായിരുന്നില്ല. ഇന്നലെ രാത്രി ഞാൻ ഇത് മുഴുവൻ ഒരുപാടു തവണ വായിച്ചുനോക്കി. എന്നിട്ടും എനിക്ക് ഇവയൊക്കെ പൂർണ്ണമായും മനസ്സിലാക്കുവാൻ സാധിച്ചില്ല. താര ഇതിൽ പറഞ്ഞിരിക്കുന്നത് ഒന്ന് ഉറക്കെ വായിക്ക്. എല്ലാവരും കൂടി പലവട്ടം ചിന്തിച്ചാൽ ഒരുപക്ഷെ ഇതിന് മറുപടി ലഭിച്ചേക്കും. ഇല്ലെങ്കിൽ തിരികെപ്പോവുക എന്ന ഒരൊറ്റ മാർഗ്ഗമേ നമുക്ക് മുന്നിലുള്ളൂ...'

'എന്ത്... ഇത്രയും ദൂരം വന്നിട്ട് തിരികെപ്പോകാനോ... നമുക്ക് പ്രൊഫസറിനെ കണ്ടെത്തണ്ടേ... പ്രൊഫസർ ഇല്ലാതെ കരയിലേക്ക് ചെന്നാൽ നമ്മളെല്ലാവരും ജയിലിൽ കിടക്കേണ്ടി വരും.'

മിസ്സ് പറഞ്ഞതൊക്കെ കേട്ടപ്പോൾ റൂബി അതിനെ എതിർത്തു സംസാരിച്ചു.

'ശരിയായിരിക്കും റൂബീ നീ പറയുന്നത്. പക്ഷേ ഇതിൽ പറഞ്ഞിരിക്കുന്നവയ്ക്ക് വ്യക്തമായ മറുപടിയില്ലാതെ മുന്നോട്ടുപോയാൽ നമ്മൾ എല്ലാവരുടെയും ജീവൻ കടലിൽ തീരും. അതിലും നല്ലത് തിരികെപ്പോയി എല്ലാ കുറ്റവും ഞാൻ ഏറ്റെടുക്കുന്നതാണ്...'

'ഒന്ന് നിർത്തുമോ നിങ്ങളുടെയൊക്കെ ഏറ്റുപറച്ചിൽ. നിങ്ങളൊക്കെ എന്നെപ്പറ്റി ചിന്തിച്ചോ. ഞാൻ എന്തിനാണ് എൻറെ ജീവനും സമ്പാദ്യവും പണയംവച്ച് നിങ്ങളുടെയൊപ്പം വന്നത്. എനിക്കെന്താ ഭ്രാന്തുണ്ടോ... ഒരു കാര്യം ഞാൻ പറയാം... എൻറെ ഏകലക്ഷ്യം ആ ദ്വീപിൽ എത്തുക എന്നതാണ്. എന്തായാലും ആ പ്രൊഫസർക്ക് ബുദ്ധിയുണ്ട്. ആള് കൂടിയാൽ ഇതുപോലെ പാമ്പ് ചാവില്ല എന്ന് അയാൾക്കറിയാം. അതാണ് അദ്ദേഹം തനിച്ച് അവിടേക്ക് പോയത്. എന്തായാലും ആദ്യം ഇതിൽ പറഞ്ഞിരിക്കുന്നവയ്ക്കൊക്കെ ഉത്തരം കണ്ടുപിടിക്കുകയാണ് ചെയ്യേണ്ടത്. അല്ലാതെ ഒന്നും നടക്കില്ല എന്ന് കാലേക്കൂട്ടി പ്രവചിക്കുകയല്ല വേണ്ടത്. താരേ നീ അത് വായിക്ക്.' രഞ്ജിത്ത് ദേഷ്യത്തോടെ പറഞ്ഞു. രഞ്ജിത്തിൻറെ ആ ഒരു മറുപടി അവരാരും പ്രതീക്ഷിച്ചിരുന്നില്ല.

'ഐ ആം സോറി...' അവൻ പെട്ടന്നുതന്നെ അവരെയെല്ലാം നോക്കി പറഞ്ഞു.

‘ഉം... ഇറ്റ്സ് ഓക്കേയ്... ഞങ്ങൾക്ക് നിന്നെ മനസ്സിലാവും...’ മിസ്സ് ശാന്തമായി പ്രതികരിച്ചു. താര ടേബിളിലിരുന്ന കടലാസുകൾ കൈയ്യിലെടുത്ത് അതിലൂടെ ഒരുവട്ടം കണ്ണോടിച്ചു. എന്നിട്ട് അത് വായിക്കുവാനാരംഭിച്ചു.

‘പ്രഭാതസൂര്യൻറെ ചുവപ്പുനിറം മാറുന്ന അതേനിമിഷം മുതൽ രണ്ട് നിമിഷത്തിനുള്ളിൽ സൂര്യൻറെ പ്രതിബിംബസ്ഥാനം ഏത് ചുഴിയുടെ നേർക്കണോ ആ ചുഴിയുടെ ഇടതുവശം ചേർന്ന് മുന്നേറണം. അപ്പോൾ മുന്നിൽ വീണ്ടുമൊരുചുഴി കാണാം. ആ ചുഴിയിലേക്ക് കൈപ്പിടിയുടെ അളവിൽ കൽക്കരിയും പഞ്ചലോഹവും സമാസമം വാരിയെറിയണം. അപ്പോൾമുതൽ അഞ്ചുനിമിഷത്തേക്ക് ചുഴി ശാന്തമാകും. അഞ്ചുനിമിഷത്തിൽ ആ ചുഴി താണ്ടിയിരിക്കണം. അതിനുശേഷം കാണുന്ന അവസാനത്തെ ചുഴിയിൽ നോക്കിയാൽ മനസ്സിലാകും അത് കറങ്ങുന്നത് ‘S’ ആകൃതിയിലാണ്. അതിനെ മറികടക്കാൻ എതിർദിശയിലേക്ക് സഞ്ചരിക്കണം. ആ കടമ്പയും താണ്ടി നാല് മണിക്കൂർ സഞ്ചാര ദൂരത്തിൽ മെർക്കുറി ദ്വീപ് സ്ഥിതി ചെയ്യുന്നു..!’

അവൾ വീണ്ടും ഒന്നുകൂടി അത് ഉറക്കെ വായിച്ചു. ‘കൽക്കരിയും പഞ്ചലോഹവും സമാസമം വാരിയെറിയുന്ന ചുഴിവരെ നമ്മൾ സുരക്ഷിതരാണ്. പക്ഷേ ‘S’ ചുഴിയുടെ എതിർവശം ഏതാണെന്ന് നമ്മളെങ്ങനെ കണ്ടുപിടിക്കും..?’ ഓരോരുത്തരും പരസ്പരം പലപല അഭിപ്രായങ്ങൾ പറയുവാൻ തുടങ്ങി.

ഒടുവിൽ അതിന് ഒരുത്തരം കണ്ടെത്തുവാനാവാതെ മനസ്സിൽ ആ ചോദ്യവുമായി ഓരോരുത്തരും ബോട്ടിൻറെ പല ഭാഗങ്ങളിലേക്ക് പോയി. രഞ്ജിത് ബോട്ട് വീണ്ടും പായിച്ചു. ഇടയ്ക്കിടെ അവൻ അവൻറെ കൈയ്യിലുള്ള സ്ക്രീനിലേക്ക് നോക്കി ചുഴിയിലേക്കുള്ള ദൂരം തിട്ടപ്പെടുത്തിക്കൊണ്ടിരുന്നു. ‘ഇനി നൂറ് കിലോമീറ്റർ മാത്രം...’ അവൻ സ്വയം പറഞ്ഞു. സമയം വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു. ഡെക്കിൽ ആലോചനയിലാണ്ടിരുന്ന താര തുള്ളിച്ചാടി. തൊട്ടടുത്ത് ഇരുന്നിരുന്ന റൂബിയും ജെസ്സിയും പരസ്പരം നോക്കി അന്തംവിട്ടു. അവരെ ശ്രദ്ധിക്കാതെ താര താഴേക്കോടി.

‘കിട്ടിപ്പോയേ... കിട്ടിപ്പോയേ... എല്ലാരും വാ... എല്ലാരും വേഗം വാ...’ ബഹളം കേട്ട് രഞ്ജിത്തും ബാക്കിയുള്ളവരും ഓടിയെത്തി.

‘എന്താ താരേ’ മിസ്സ് അവളുടെ തോളിൽ കൈവച്ചുകൊണ്ട് ചോദിച്ചു.

‘വട്ട് മൂത്തുകാണും...’ റ്റോജി വിക്കിയോട് പറഞ്ഞു.

‘അതൊന്നുമല്ല... എനിക്ക് നല്ലൊരു വഴി കിട്ടി... ആ ‘S’ ചുഴിയെ നേരിടാനുള്ള മാർഗ്ഗം.’ താര കിതപ്പോടെ പറഞ്ഞു. അത് കേട്ടപ്പോൾ എല്ലാവരിലും ഒരു പ്രതീക്ഷയുണർന്നു.

‘പറ താരേ... എങ്ങനെയാണ് ആ ചുഴിയെ നമ്മൾ നേരിടുക...’ ജോംസി മിസ്സ് തിടുക്കത്തിൽ ചോദിച്ചു. റ്റോജി പുച്ഛഭാവത്തിൽ അവളെ നോക്കി.

‘പറയാം മിസ്സ്... അതായത് ‘S’ ആകൃതിയിലുള്ള ചുഴിയുടെ എതിരെ നമുക്ക് പോയേ മതിയാവൂ. കൽക്കരിയും പഞ്ചലോഹവും ഇടുന്ന ചുഴിയെ നേരിടുന്ന അതേ സമയത്ത് ബോട്ടിൻറെ നാലുദിക്കിലും നാലുപേർ ഇതിലുള്ള ഒഴിഞ്ഞ വീപ്പകളുമായി കാത്തുനിൽക്കണം. ആ ചുഴിയെ മറികടന്നയുടൻതന്നെ വീപ്പകൾ ഒരുപോലെ നാലുദിക്കിലേക്കും ഒഴുക്കിവിടണം. അപകടത്തിൽപ്പെടാത്ത വീപ്പയെ നമുക്ക് വിശ്വസിക്കാം. ആ വീപ്പയുടെ ദിശ തന്നെയാവും S ചുഴിയുടെയും എതിർദിശ...’

താര പറഞ്ഞുനിർത്തിയതും രഞ്ജിത്ത് കൈയ്യടിച്ചു ഒപ്പം മറ്റുള്ളവരും, ഒരു യുദ്ധം ജയിച്ച ഭാവമായിരുന്നു അപ്പോൾ താരയുടെ മുഖത്ത്. അവൾ റ്റോജിയെ തിരിച്ചും പുച്ഛത്തോടെ നോക്കി.

‘ഇനിയിപ്പോൾ നമുക്കുമുന്നിൽ പ്രശ്നം ഒന്നുംതന്നെയില്ല. ശരിയല്ലേ മിസ്സ്...’ രഞ്ജിത്ത് ജോംസി മിസ്സിനെ നോക്കി ചോദിച്ചു.

‘ഇല്ല.. നമുക്ക് ധൈര്യമായിട്ട് മുന്നോട്ടുപോകാം.’ അവർ ഉറച്ച വിശ്വാസത്തോടെ പറഞ്ഞു.

‘അപ്പോൾ ഇന്ന് രാത്രി എൻറെ ബർത്ത്ഡേ പാർട്ടി...’

മിസ്സ് പറഞ്ഞത് കേട്ടപ്പോൾ ബാക്കിയെല്ലാവരും ആവേശത്തിൽ ആരവങ്ങൾ മുഴക്കി. വൈകാതെ ആഘോഷങ്ങൾക്ക് തിരിതെളിയിച്ചുകൊണ്ട് അസ്തമയസൂര്യൻ പിൻവാങ്ങി. രഞ്ജിത്തിൻറെ കണക്കുകൂട്ടൽ പ്രകാരം ബോട്ട് സാവധാനത്തിൽ ചലിച്ചുകൊണ്ടിരുന്നു. ഡെക്കിൽനിന്നും ഉയർന്ന തട്ടുപൊളിപ്പൻ പാട്ടുകൾ കടലിൻറെ ഓളങ്ങളിൽ പ്രതിധ്വനിച്ചു. പാട്ടിനൊപ്പം എല്ലാവരും ചുവടുകൾ വച്ചു. ജോംസി മിസ്സ്പോലും വ്യത്യസ്തമായ രീതിയിൽ ചുവടുകൾവച്ച് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. ആഘോഷ ലഹരിയിൽ അവരെല്ലാവരും എല്ലാം മറന്ന് അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു. രാത്രിയുടെ ഏതോ യാമങ്ങളിൽ എല്ലാവരും തളർന്നുറങ്ങി.

എല്ലാവരും ഉറക്കമായിട്ടും റൂബിക്ക് ഉറക്കം വന്നില്ല. അവൾ ബെഡ്ഡിൽ തിരിഞ്ഞും മറിഞ്ഞും കിടന്ന് സമയം കളയുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ അതിൽ മടുപ്പ് തോന്നി അവൾ കിടക്കയിൽ എഴുന്നേറ്റിരുന്നു. അരികിൽ താരയും ജെസ്സിയും അവർ അകത്താക്കിയ ബിയറിൻറെയും വൈനിൻറെയും ലഹരിയിൽ തളർന്നുറങ്ങുന്നുണ്ടായിരുന്നു. തൻറെ കൂട്ടുകാരികളെ ഒന്നുകൂടി നോക്കിയശേഷം അവൾ ഡെക്കിലേക്ക് നടന്നു. ഉദിച്ചുനിൽക്കുന്ന ചന്ദ്രനെനോക്കി നിൽക്കുമ്പോഴാണ് രഞ്ജിത്ത് അങ്ങോട്ടേക്ക് ചെന്നത്. അവനെ കണ്ടയുടൻ അവൾ ഒന്ന് ഞെട്ടി.

‘റൂബിയിവിടെ ഈ സമയത്ത് എന്തെടുക്കുകയാണ്...’ അവൻ അത്ഭുതത്തോടെ ചോദിച്ചു.

‘ഞാൻ... ഞാൻ ചുമ്മാ ഓരോന്നും ആലോചിച്ച് നിൽക്കുവായിരുന്നു. കിടന്നിട്ട് ഉറക്കം വന്നില്ല. കുറച്ചുമണിക്കൂറുകൾക്കകം നമ്മൾ ചുഴിയുടെ അടുത്തെത്തില്ലേ...’

‘ഉം... റൂബി ഒന്ന് ശ്രദ്ധിച്ച് നോക്കിക്കേ..ദാ അങ്ങോട്ട്...’

അവൾ നോക്കിയപ്പോൾ ദൂരെ കരിമേഘങ്ങൾ കൂടിച്ചേർന്നതു പോലെ നിലാവിൻറെ വെളിച്ചം മറഞ്ഞുനിൽക്കുന്ന ഒരു ഭാഗം കണ്ടു.

‘രഞ്ജിത്. അത്..?’

‘അതേ റൂബീ... നമ്മൾ എത്തിക്കഴിഞ്ഞു. ആ കാണുന്ന ഭാഗം മുഴുവൻ മരണച്ചുഴികളാണ്. ഇനിയും മുന്നോട്ടുപോയാൽ നമ്മൾ അതിൻറെ ഘർഷണത്തിലാവും. അതുകൊണ്ട് ഞാൻ ബോട്ട് നിർത്തിയിട്ടിരിക്കുകയാണ്. ഇനിയെല്ലാം ഈശ്വരൻറെ കൈയ്യിൽ. റൂബിക്ക് പേടിയുണ്ടോ..?

‘ഏയ്... എന്തിന്... കൂടെ നിങ്ങളെല്ലാവരുമില്ലേ...’ പിന്നീട് കുറച്ചുസമയം അവർ തമ്മിൽ സംസാരിച്ചില്ല. കടൽ തികച്ചും ശാന്തമായിരുന്നു. മന്ദഗതിയിലടിച്ചുകൊണ്ടിരുന്ന ഈർപ്പം നിറഞ്ഞ കാറ്റിൽ റൂബിയുടെ മുടിയിഴകൾ പാറിപ്പറന്നു കൊണ്ടിരുന്നു.

‘രഞ്ജിത്... ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ... ഞങ്ങൾക്ക് ഈ യാത്ര ഒഴിവാക്കാൻ കാരണങ്ങൾ കുറവായിരുന്നു. പക്ഷേ സ്വന്തം ജീവൻ പോലും പണയംവച്ച് രഞ്ജിത് ഞങ്ങൾക്കൊപ്പം മെർക്കുറിയിലേക്ക് വരുന്നതിനുപിന്നിൽ എന്തോ വ്യക്തമായ ഉദ്ദേശമുണ്ട്. അതെനിക്കറിയാം.’ അവൾ പറഞ്ഞതുകേട്ട് രഞ്ജിത്ത് ഒന്നും മിണ്ടിയില്ല.

‘എന്താ ഇയാൾ മറുപടി പറയാത്തത്... ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടോ..?’

കുറച്ചുസമയം എന്തോ ആലോചിച്ചുനിന്നശേഷം അവൻ അവളെ നോക്കി.

‘ഇല്ല. ഒരു തെറ്റുമില്ല. റൂബി പറഞ്ഞത് സത്യമാണ്. വ്യക്തമായ ഉദ്ദേശത്തോടുകൂടിത്തന്നെയാണ് ഞാൻ നിങ്ങൾക്കൊപ്പം വന്നത്. എനിക്ക് നിങ്ങളെ പരിചയപ്പെട്ടുത്തിയ റോബർട്ടിന് എൻറെ അവസ്ഥ അറിയാമായിരുന്നു.’

അവൻ പരസ്പരബന്ധമില്ലാതെ എന്തൊക്കയോ പറയുന്നതുകേട്ട് റൂബി നെറ്റി ചുളിച്ചു.

‘രഞ്ജിത്... എനിക്കൊന്നും മനസ്സിലാവുന്നില്ല... എന്തായാലും തെളിച്ച് പറയൂ... ഞാൻ ആരോടും പറയുവാൻ പോകുന്നില്ല...’

‘ഉം...ഞാൻ പറയുന്നത് കേട്ടാൽ ഒരുപക്ഷെ തനിക്ക് വിഡ്ഢിത്തരമായി തോന്നിയേക്കും. പക്ഷേ എനിക്കങ്ങനെയല്ല. കുറച്ചുനാൾ മുൻപുവരെ പ്രധാനപ്പെട്ട വാർത്തകളിൽ ഇടംപിടിച്ചിരുന്ന ഒരു തലക്കെട്ട് നിങ്ങളൊക്കെ മറന്നുകാണും. ഒരു മലേഷ്യൻ വിമാനത്തിൻറെ തിരോധാനം. പക്ഷേ എനിക്കത് അങ്ങനെ വിട്ടുകളയാൻ കഴിയുന്ന ഒന്നല്ല.’

‘എനിക്കോർമ്മയുണ്ട് രഞ്ജിത്ത്... ഇരുന്നൂറിലധികം യാത്രികരുമായി അപ്രത്യക്ഷമായ വിമാനം. അത് ഇതുവരെയും കണ്ടെത്തിയിട്ടില്ലല്ലോ. പക്ഷേ

അതുമായി നമ്മുടെ യാത്രക്ക് എന്താ ബന്ധം.'

'ബന്ധമുണ്ട്... ആ വിമാനം തിരയാൻ ഭൂമിയിൽ ഇനി ഇടമില്ല. കടലിലും കരയിലും മുഴുവൻ തിരച്ചിൽ നടത്തി. ആർക്കും ഒന്നും കണ്ടെത്താനായില്ല. പക്ഷേ അവർ പറഞ്ഞ ചാൻസുകളിൽ ഒരു കാര്യം എൻറെ മനസ്സിനെ വല്ലാതെ അലട്ടിയിരുന്നു. ആ വിമാനം ബർമുഡയുടെ വലയത്തിൽ അകപ്പെട്ടിട്ടുണ്ടാവും എന്നത്. മനുഷ്യന് ഭൂമിയിൽ ഇതുവരെയും ചെന്നെത്താൻ കഴിയാത്ത ഒരു സ്ഥലമാണത്. എനിക്കുറപ്പുണ്ട് അവരെല്ലാവരും മെർക്കുറിയിൽ അകപ്പെട്ടിട്ടുണ്ട്...'



'മതി...നിർത്ത്... രഞ്ജിത്തിന് പറയുവാൻ ബുദ്ധിമുട്ടാണെങ്കിൽ പറയണ്ട... അതിനുവേണ്ടി ഇങ്ങനെയൊരു പൊട്ടക്കഥ ഉണ്ടാക്കി എന്നെ വിശ്വസിപ്പിക്കേണ്ട കാര്യമില്ല. തന്നോട് സംസാരിക്കുവാൻ നിന്ന എന്നെ പറഞ്ഞാൽ മതിയല്ലോ...' അതുംപറഞ്ഞു കൊണ്ട് റൂബി താഴേക്ക് പോകുവാനൊരുങ്ങി. പെട്ടെന്ന് രഞ്ജിത് അവളുടെ മുന്നിൽക്കയറി തടസ്സമായി നിന്നു. എന്നിട്ട് അവളുടെ കൈയ്യിൽ കയറിപ്പിടിച്ച് വലിച്ചുകൊണ്ട് രഞ്ജിത്തിൻറെ മുറിയിലേക്ക് കൊണ്ടുപോയി. അവൻറെ കൈ വിടുവിക്കാൻ ശ്രമിച്ചുവെങ്കിലും അവൾക്കതിനു കഴിഞ്ഞില്ല..!

# പതിനെട്ട്

റൂബിയെയും പിടിച്ചുവലിച്ചുകൊണ്ട് തൻറെ മുറിയിലേക്കെത്തിയ രഞ്ജിത്ത് അവൻറെ ബാഗിൽനിന്നും ഒരു ഫയലെടുത്ത് ടേബിളിലേക്കിട്ടു. ആ ഫയലിൽനിന്നും കുറേ ന്യൂസ്പേപ്പർ കട്ടിംഗുകളും ചില ഫോട്ടോകളും പുറത്തേക്ക് തെറിച്ചുവീണു.

'എടുത്ത് നോക്ക്... ഞാൻ പറഞ്ഞ പൊട്ടക്കഥ.' ടേബിളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു. ആ ഫയലിൽ എന്താണെന്നറിയാനുള്ള ജിജ്ഞാസയിൽ റൂബി ഓരോ പേപ്പറുകളും പരിശോധിക്കുവാനാരംഭിച്ചു.

അൽപ്പസമയം നീണ്ടുനിന്ന പരിശോധനകൾക്കൊടുവിൽ അവൾ രഞ്ജിത്തിൻറെ സമീപത്തേക്ക് നടന്നുചെന്നു. അവൻ ജനലിലൂടെ കടലിലേക്കും നോക്കി നിശ്ചലമായി നിൽക്കുകയായിരുന്നു. രഞ്ജിത്തിൻറെ സമീപത്തെത്തിയതും അവൾ അവൻറെ വലതു കൈയ്യിൽ അവളുടെ വിരൽ ചേർത്തുപിടിച്ചു.

'ഐ ആം സോറി...'

ആ കൈ വിടുവിച്ചുകൊണ്ട് അവൻ ഫയൽ തിരികെ ബാഗിലേക്കെടുത്തുവച്ചു. എന്നിട്ട് സാവധാനത്തിൽ ബോട്ടിൻറെ ഡെക്കിലേക്ക് നടന്നു. റൂബി നിശബ്ദയായി അവനെ അനുഗമിച്ചു. ഡെക്കിലെത്തിയിട്ടും അവർ തമ്മിൽ ഒന്നും സംസാരിച്ചില്ല. കുറച്ചുസമയത്തെ നിശബ്ദതയ്ക്ക് ശേഷം അവൾ തുടർന്നു.

'രഞ്ജിത്... രഞ്ജിത്തിൻറെ വീട്ടുകാർ എന്തിനാണ് മലേഷ്യയിൽ പോയത്..?'

അവളുടെ ചോദ്യംകേട്ട് അവൻ കടലിൽനിന്നുള്ള നോട്ടം പിൻവലിച്ചുകൊണ്ട് അവളുടെ മുഖത്തേക്ക് നോക്കി.

'എൻറെ വളർത്തച്ഛനെ കൂട്ടിക്കൊണ്ടുവരാൻ...' അത് കേട്ടതും റൂബി നെറ്റി ചുളിച്ചു.

'എന്ത്... എനിക്കൊന്നും മനസ്സിലായില്ല.... വളർത്തച്ഛനോ...' പിന്നീടുള്ള കുറച്ചുസമയം അവൻ എന്തൊക്കയോ ഓർത്തെടുക്കുന്നതായി അവൾക്കു തോന്നി.

'ഞാൻ വളർന്നത് കേരളത്തിലെ ഒരു വൃദ്ധസദനത്തിലെ അന്തേവാസികൾക്കൊപ്പമായിരുന്നു. അവിടുത്തെ കുശിനിപ്പണിക്കാരിയായിരുന്നു എൻറെ അമ്മ. അവിടെത്തന്നെയായിരുന്നു എൻറെയും അമ്മയുടെയും താമസവും. വൃദ്ധസദനത്തിൻറെ നടത്തിപ്പുകാരായ ആലീസ്-വിൻസൻറ് വിദേശ ദമ്പതികളുടെ കാരുണ്യത്തിലാണ് അത്രയും അമ്മമാർ അവിടെ കഴിഞ്ഞിരുന്നത്. അവർ വർഷത്തിൽ ഒരുവട്ടം അവിടെ വന്നുപോകുമായിരുന്നു.

എനിക്ക് പത്ത് വയസ്സുള്ളപ്പോഴായിരുന്നു അമ്മയുടെ പെട്ടന്നുള്ള മരണം. അതിനുശേഷം തികച്ചും ഒറ്റപ്പെട്ടുപോയ ഞാൻ പ്രായമായ അവിടുത്തെ അമ്മമാർക്കൊപ്പം വൃദ്ധസദനത്തിൽത്തന്നെ കഴിച്ചുകൂട്ടി. അമ്മമാർ എന്നെ മത്സരിച്ച് സ്നേഹിച്ചു. ആ ഇടയ്ക്കായിരുന്നു അതിൻറെ നടത്തിപ്പുകാരായ ദമ്പതികൾ വീണ്ടും കേരളത്തിലേക്ക് വന്നത്. മക്കളില്ലാത്ത അവർക്ക് എന്നെ ഏറ്റെടുക്കാൻ പിന്നെ അധികം താമസമൊന്നും വേണ്ടിയിരുന്നില്ല. ഒരുപാട് ഓർമ്മകളുമായി അങ്ങനെ ഞാൻ ഫ്ളോറിഡയിലേക്ക് പറിച്ചുനടപ്പെട്ടു. ശരിക്കും സുഖജീവിതം എന്താണെന്ന് തിരിച്ചറിഞ്ഞ നാളുകളായിരുന്നു പിന്നീട്. പതിയെപ്പതിയെ ആലീസ് എൻറെ മമ്മയും വിൻസെൻറ് എൻറെ പപ്പയുമായി മാറി. പിന്നെയുള്ള അവരുടെ എല്ലാ കേരള സന്ദർശനങ്ങളിലും ഞാനും അമ്മമാരെക്കാണാനായി വൃദ്ധ സദനത്തിലേക്ക് പോകുമായിരുന്നു.

വർഷങ്ങൾ കടന്നുപോയി. അപ്പോഴേക്കും ഞാൻ ഹൈസ്കൂൾ വിദ്യാഭ്യാസവും കടന്ന് കോളേജ് തലത്തിലെത്തിയിരുന്നു. ഞാൻ കോളേജിൽ പഠിക്കുന്ന സമയം. പപ്പയുടെ ബിസിനസുകൾ മുഴുവൻ മലേഷ്യയിലായിരുന്നു. അതിനാൽ മാസത്തിൽ ഇരുപത് ദിവസവും അദ്ദേഹം അവിടെത്തന്നെയായിരിക്കും. അങ്ങനെയൊരുനാൾ മലേഷ്യക്ക് പുറപ്പെട്ട പപ്പ തിരികെ വന്നില്ല. മമ്മയായിരുന്നു ആദ്യം അവിടേക്ക് അന്വേഷിച്ച് പോയത്. അപ്പോഴാണ് ഞങ്ങൾ കാര്യങ്ങളൊക്കെ അറിഞ്ഞത്. ബിസിനസുകൾ തകർന്നുതുടങ്ങിയിട്ടും പപ്പ ഞങ്ങളോട് ഒന്നുംതന്നെ പറഞ്ഞിരുന്നില്ല. അവിടേക്ക് പോയ അദ്ദേഹം ജോലിക്കാർക്കെല്ലാം കൊടുക്കാനുള്ളതിലും കൂടുതൽ പണം കൊടുത്ത് സ്ഥാപനങ്ങളെല്ലാം പിരിച്ചുവിട്ടിരുന്നു. അതിനു ശേഷം പപ്പയെ ആരും കണ്ടിട്ടില്ല. കേരളത്തിലെ വൃദ്ധസദനമുൾപ്പെടെ ഇവിടെയും ഒരു അനാഥാലയം ഞങ്ങൾ നടത്തിയിരുന്നു. അവിടേക്കുള്ള വരുമാനം നിലയ്ക്കാതിരിക്കാൻ പഠിപ്പ് നിർത്തിയ ഞാൻ അത്യാവശ്യം വരുമാനമുള്ള യാത്രാബോട്ടിൻറെ പരിപാടി ആരംഭിച്ചു. എന്തെന്നാൽ ഞങ്ങളുടെ ഒറ്റ ഔദാര്യത്തിൽ ഒരുപാടുപേർ മൂന്നുനേരം ഭക്ഷണം കഴിച്ചിരുന്നു. അത് നിന്നുപോയാൽ ദൈവം പൊറുക്കില്ലയെന്ന് എനിക്കും മമ്മയ്ക്കും ഉറപ്പുണ്ടായിരുന്നു.

അങ്ങനെ ഒരു ചെറുബോട്ടിൽ നിന്നും തുടങ്ങിയ ഞങ്ങൾ മൂന്നുവലിയ ബോട്ടുകൾ വാങ്ങി. അങ്ങനെ ജീവിതം പച്ചപിടിച്ചുതുടങ്ങിയ അവസരത്തിലാണ് പപ്പ് മലേഷ്യയിൽ ഏതോ അഗതിമന്ദിരത്തിൽ ഉണ്ടെന്നുള്ള അറിവ് ലഭിച്ചത്. ഒരുപാട് പ്രതീക്ഷയോടെ പപ്പയെ തിരിച്ചുകൂട്ടിക്കൊണ്ടുവരുവാനായി മമ്മ പോയതാണ്. മലേഷ്യയിൽ നിന്നും തിരിച്ച് പുറപ്പെടും മുൻപ് മമ്മ എന്നെ വിളിച്ചു. പപ്പയും ഒപ്പമുണ്ടായിരുന്നു. പപ്പയോടും ഞാൻ സംസാരിച്ചു. ഇരുവരെയും ഒരുമിച്ച് കാണുവാനുള്ള അതിയായ ആഗ്രഹത്തിൽ ഞാൻ എയർപോർട്ടിൽ മണിക്കൂറുകൾക്ക് മുൻപുതന്നെ പോയി കാത്തിരുന്നു. പിന്നെയറിഞ്ഞു അവർ സഞ്ചരിച്ചിരുന്ന വിമാനം കടൽ മേഖലയിൽ വച്ച് അപ്രത്യക്ഷമായെന്ന്.

അതിനുശേഷമുള്ള എൻറെ ദിവസങ്ങൾ ഭ്രാന്തുപിടിച്ചതായിരുന്നു. ന്യൂസ് ചാനൽ ഓണാക്കിവച്ച് ഉറക്കമില്ലാതെ ദിവസങ്ങളോളം ഞാൻ കഴിച്ചുകൂട്ടി. ഒടുവിൽ പതിയെപ്പതിയെ ആ വാർത്തയുടെ ചൂട് ആറിത്തുടങ്ങി. പക്ഷേ പ്രിയപ്പെട്ടവർ നഷ്ടപ്പെടുമ്പോഴുണ്ടാവുന്ന ദുഃഖം നഷ്ടപ്പെട്ടവനേ മനസ്സിലാകൂ. ആ വീട്ടിൽ ഞാൻ ശരിക്കും ഒറ്റപ്പെട്ടു. റോബർട്ടിന് ഞങ്ങളുടെ കുടുംബവുമായി കുറച്ചു വർഷത്തെ അടുപ്പമുണ്ടായിരുന്നു. അയാൾ ഒരു കള്ളനാണെന്ന് തിരിച്ചറിഞ്ഞപ്പോൾ എനിക്ക് ശരിക്കും വെറുപ്പുതോന്നി. പക്ഷേ മമ്മ ഇടയ്ക്കിടെ അയാൾക്ക് പണംകൊടുത്ത് സഹായിക്കുമായിരുന്നു. എനിക്കതിൽ അനിഷ്ടമുണ്ടായിരുന്നുവെങ്കിലും മമ്മയെ ഞാൻ എതിർത്തില്ല. പക്ഷേ ആ ഭ്രാന്തുപിടിച്ച ദിവസങ്ങളിൽ ഒരുനാൾ അയാളെന്നെ കാണാനായി വന്നു. അന്നാണ് അയാളെപ്പറ്റിയുള്ള പല കാഴ്ച്ചപ്പാടുകളും മാറി മറിഞ്ഞത്. റോബർട്ട് അന്നെനിക്കുതന്ന ധൈര്യവും പ്രതീക്ഷയും മറ്റാരും തന്നിട്ടില്ല. പിന്നീടങ്ങോട്ട് ആ പ്രതീക്ഷകളായിരുന്നു എനിക്ക് കൂട്ട്.

അങ്ങനെയിരിക്കെയാണ് എൻറെ ജീവിതത്തിലേക്ക് നിങ്ങൾ കടന്നുവന്നത്. ബർമുഡ ചുഴികളുടെ ഉള്ളിൽ ഒരു ദ്വീപ്... ആദ്യം ഞാൻ അത് അവിശ്വസിച്ചുവെങ്കിലും പ്രൊഫസർ നിക്കോൾസനെപ്പോലെയൊരാൾ അവിടേയ്ക്ക് യാത്രപോയെന്നറിഞ്ഞപ്പോൾ അതിലെന്തോ കാര്യമുണ്ടെന്ന് ഉറപ്പായി...’

അത്രയും നേരം റൂബി രഞ്ജിത്തിൻറെ ജീവിതകഥ മനസ്സിൽ ദൃശ്യവൽക്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ പെട്ടെന്നവൻ പ്രൊഫസറിനെപ്പറ്റിപ്പറഞ്ഞതും അവൾ അവൻറെ നേർക്ക് തിരിഞ്ഞു.

‘പ്രൊഫസറിനെ രഞ്ജിത്തിനെങ്ങനെയറിയാം..?’ അവൾ ചോദിച്ചു.

‘ഞാൻ കോളേജിൽ പഠിച്ചിരുന്നു എന്ന് പറഞ്ഞില്ലേ... അത് നിങ്ങളിപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന അതേ കോളേജിൽ തന്നെയായിരുന്നു. പക്ഷേ അന്ന് ഈ മിസ്സ് ഇല്ലായിരുന്നു.’

‘ആഹാ... അപ്പോൾ നമ്മളൊക്കെ എന്തൊക്കയോ രീതിയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു അല്ലേ രഞ്ജിത്...’

‘ഉം... പക്ഷേ എൻറെ പപ്പയേയും മമ്മയേയും തിരയുകയാണ് എൻറെ ലക്ഷ്യം. നിങ്ങളുടെ ലക്ഷ്യം ആ പ്രൊഫസറും...’

പെട്ടെന്ന് ദൂരെ ചുഴികളുടെ മുകളിലായി നല്ലൊരു ഇടിവെട്ടി. പൊടുന്നനെ റൂബി രഞ്ജിത്തിനെ കെട്ടിപ്പിടിച്ചു.

‘റൂബീ...’ അവൻ അവളെ നെഞ്ചിൽനിന്നും പറിച്ചുമാറ്റി.

‘പ്രായം തികഞ്ഞ ഒരു പെൺകുട്ടിയുടെ പെരുമാറ്റം ഒരളവു വരെ തിരിച്ചറിയാൻ എനിക്ക് കഴിയും. ഞാൻ നിന്നെ കുറേയായി ശ്രദ്ധിക്കുന്നു. ‘

‘ഓഹോ... എങ്കിൽപ്പിന്നെ ഞാൻ ഉള്ളത് പറയാം. എനിക്ക് രഞ്ജിത്തിനെ നല്ല ഇഷ്ടമാണ്...’

‘അത് നടക്കില്ല... എൻറെ ജീവിതത്തിൽ പെണ്ണില്ല...’

‘അതെന്താ..?’

‘അത് അങ്ങനെയാ... എനിക്ക് പെണ്ണുങ്ങളെ ഇഷ്ടമല്ല...’

‘അപ്പോൾ രഞ്ജിത്തിന് രഞ്ജിത്തിൻറെ മമ്മയെയും ഇഷ്ടമല്ലേ..?’

‘ഞാൻ അതല്ല ഉദ്ദേശിച്ചത്...’

‘ഓ... പിന്നെ എന്താ ഉദ്ദേശിച്ചത്...’

‘ഒന്നും ഉദ്ദേശിച്ചില്ല... എനിക്ക് പെണ്ണ് വേണ്ട അത്രതന്നെ...’

‘അപ്പോൾ പിന്നെ ഒരു ആണിനെ അങ്ങ് കല്യാണം കഴിച്ച് സെറ്റിൽ ആവ്... അതല്ലാതെ വേറെ മാർഗ്ഗമില്ലല്ലോ....കുട്ടികൾ ഉണ്ടാവും എന്ന പേടിയും വേണ്ട...’

‘റൂബീ...നിർത്തുന്നുണ്ടോ... നീ പോയിക്കിടന്നുറങ്ങ്...’

‘അതൊക്കെ പോകാം... പക്ഷേ ഒരു ഇഷ്ടവും ഇല്ലാതെയാണോ സ്വന്തം കഥ ഒരു പെൺകുട്ടിയോട് തുറന്നുപറഞ്ഞത്. എനിക്കറിയാം ഇയാൾക്കും എന്നെ ഇഷ്ടമാണെന്ന്...’

രഞ്ജിത് ഒന്നുംതന്നെ പ്രതികരിക്കാതെ കടലിലേക്കും നോക്കിനിന്നു. റൂബി നടന്നുപോയി അവൻറെയടുത്തേക്ക് ചേർന്നുനിന്നു. പക്ഷേ അവൻ അവളെ നോക്കുകപോലും ചെയ്തില്ല.

‘എന്നെ അബോധാവസ്ഥയിൽ മണിക്കൂറുകളോളം അരികിൽ കിട്ടിയിട്ടും മദ്യലഹരിയിലെ ഈ രാത്രിയിൽ ദാ ഇങ്ങനെ ഇത്രയും അടുത്ത് കിട്ടിയിട്ടും തെറ്റായി ഒരു വാക്കുപോലും പറയാത്ത നിങ്ങളെയല്ലാതെ പിന്നെ ആരെയാണ് ഞാൻ സ്നേഹിക്കുക. കടലിൽ വീണ് ബോട്ടിലേക്ക് നീന്തിക്കയറിയ എൻറെ ബോധം മറയുംമുൻപ് ഞാൻ കണ്ട അവസാനത്തെ കാഴ്ച എന്താണെന്ന് പറയട്ടെ... അത് നിൻറെ നിറഞ്ഞുതുളുമ്പിയ കണ്ണുകളായിരുന്നു. പിന്നെ എൻറെ പേര് സ്നേഹത്തോടെ വിളിക്കുന്ന നിൻറെ ശബ്ദം. എൻറെ കവിളിലും വയറിലും പതിഞ്ഞ നിൻറെ കൈപ്പത്തിയുടെ ചൂട്... നീ ചുണ്ടിലൂടെ എനിക്ക് പകർന്ന ശ്വാസം... നിൻറെ ഉമിനീരിൻറെ രുചി...’

അവളെ മുഴമിപ്പിക്കുവാൻ സമ്മതിക്കാതെ രഞ്ജിത് അവളുടെ അധരങ്ങളിൽ അമർത്തിച്ചുംബിച്ചു. റൂബി അവൻറെ ശരീരത്ത ബലമായി ആലിംഗനം ചെയ്തു. ഒടുവിൽ അവളുടെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്തുകൊണ്ട് അവൻ പിൻവാങ്ങി.

‘സോറി...’ അവൻ അവളോട് പറഞ്ഞു.

‘നാളെ ആ ചുഴികളിൽ എൻറെ ജീവൻ നഷ്ടമായാലും എനിക്കിനി ദുഃഖമില്ല. കാരണം ആദ്യമായാണ് എൻറെ മനസ്സിലുള്ള ഒരു കാര്യം ഇത്രയും വിശദമായി

ഒരാളോട് എനിക്ക് പറയുവാൻ കഴിഞ്ഞത്. അച്ഛനും അമ്മയും ഉണ്ടായിട്ടും അവരുടെ തിരക്കുകൾ മൂലം ഡേകെയറുകളിലും ബോർഡിങ്ങിലുമെല്ലാം വളർന്നുവന്ന ഒരു പെൺകുട്ടിക്ക് ഇതിൽപ്പരം സന്തോഷം വേറെയെന്താണ്. രഞ്ജിത്തിൻറെ പപ്പയുടെയും മമ്മയുടെയും തിരിച്ചുവരവിനായി ഞാനും കാത്തിരിക്കുന്നു...' അതും പറഞ്ഞ് അവൾ താഴേക്ക് പോയി. രഞ്ജിത്ത് അൽപ്പസമയം അവിടെത്തന്നെ നിന്നു.

താഴെയെത്തിയ റൂബി മുറിയിലേക്ക് ചെന്നപ്പോൾ കൂട്ടുകാരികൾ നല്ല ഉറക്കത്തിൽത്തന്നെയായിരുന്നു. അവൾ കുറച്ചു സമയംകൂടി ഓരോന്നും ചിന്തിച്ചിരുന്നു. കാണാതായ വളർത്തമ്മയേയും വളർത്തച്ചനെയും കുറിച്ചുള്ള എല്ലാ വാർത്തകളും അവരുമായുള്ള അവൻറെ ഫോട്ടോകളും രഞ്ജിത്ത് ഒരു ഫയലിലാക്കി സൂക്ഷിച്ചുവച്ചിരുന്നു. അതിൽ ഒരു ന്യൂസ്പേപ്പറിൻറെ തലക്കെട്ടിൽ അവൻ ചുവന്ന സ്കെച്ച്പെൻ കൊണ്ട് അടയാളം വരച്ചിരുന്നു. 'കാണാതായ മലേഷ്യൻ വിമാനത്തെ ബർമുഡ ചുഴികൾ സ്വന്തമാക്കിയോ..?' ഇതായിരുന്നു വാർത്തയുടെ തലക്കെട്ട്. ആ വാർത്ത തന്നെയായിരിക്കും രഞ്ജിത്തിനെ ഇതുവരെ കൊണ്ടെത്തിച്ചതും. പക്ഷേ രഹസ്യവഴിയിലൂടെയല്ലാതെ മെർക്കുറി ദ്വീപിൽ എത്തുകയെന്നത് സംഭവിക്കാൻ സാധ്യത കുറവാണ്. അപ്പോൾപിന്നെ ആ വിമാനം തീർച്ചയായും കടലിൽ വീണിരിക്കും. അങ്ങനെ വന്നാൽ രഞ്ജിത്ത് നിരാശനാകേണ്ടി വരും. അവൾ ഒന്ന് ദീർഘ നിശ്വസിച്ചു. അൽപ്പം കഴിഞ്ഞപ്പോൾ ജെസ്സിയുടെയും താരയുടെയുമൊപ്പം അവളും ഉറക്കമായി.

സമയം വീണ്ടും കടന്നുപോയി.

അതിരാവിലെ ബോട്ടിനുള്ളിലെ മുറികളിലെ ക്ലോക്കുകളെല്ലാം ഒരുമിച്ച് ശബ്ദിച്ചു. അത് കേട്ട് എല്ലാവരും ഞെട്ടിയുണർന്നു. ഉടൻ തന്നെ അവർ രഞ്ജിത്തിൻറെ ക്യാബിനടുത്തുള്ള ഭാഗത്ത് ഒത്തുകൂടി. റൂബിയുടെ മുഖത്ത് നല്ല ഉറക്കക്ഷീണമുണ്ടായിരുന്നുവെങ്കിലും അവൾ ഊർജ്ജസ്വലയായിത്തന്നെ നിന്നു. എല്ലാവരും വന്നുവെന്ന് മനസ്സിലായപ്പോൾ രഞ്ജിത്ത് അവിടേക്ക് ചെന്നു.

'എല്ലാവരും ഓക്കേയല്ലേ..?'

'യെസ്...' അവർ എല്ലാവരും ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

'ഇനിയുള്ള ഓരോ നിമിഷവും നമ്മുടെ ജീവൻറെ വിലയുള്ള നിമിഷങ്ങളാണ്...' അത് പറഞ്ഞിട്ട് അവൻ വാച്ചിലേക്ക് നോക്കി.

'ഇനി കൃത്യം ഒരു മണിക്കൂർകൂടി മാത്രം. എൻറെ കൂടെ ജോംസി മിസ്സ് ഉണ്ടാവണം. ആൺകുട്ടികൾ നാലും ബോട്ടിൻറെ നാല് ഭാഗങ്ങളിലായി ഒഴിഞ്ഞ വീപ്പകളുമായി നിൽക്കണം. പെൺകുട്ടികൾ ക്യാബിൻറെ സമീപം നിലത്തെ ലോഹക്കൊളുത്തിൽ ബന്ധിപ്പിച്ചിരിക്കുന്ന കയറിൽ ശക്തമായി പിടിച്ച് നിൽക്കണം. ഞാൻ വീപ്പ ഇടാൻ പറയുന്ന അതേ നിമിഷത്തിൽ ആൺകുട്ടികൾ നാലുപേർക്കും വിവരം എത്തിച്ചുകൊടുക്കേണ്ടതും നിങ്ങളുടെ ജോലിയാണ്. നമുക്ക് പാഴാക്കി

കളയാൻ ഒരു സെക്കൻറ് പോലുമില്ല. എന്തെങ്കിലും ഒരു പിഴവ് സംഭവിച്ചാൽ എല്ലാം അവിടെ തീരും. മനസ്സിലായോ എല്ലാവർക്കും...'

'മനസ്സിലായി. അവർ ഓരോരുത്തരും പറഞ്ഞു.

'എങ്കിൽ ശരി... നിങ്ങൾക്ക് മുറികളിലേക്ക് പോകാം... കൃത്യം മുക്കാൽ മണിക്കൂർ കഴിഞ്ഞ് ഇവിടെത്തന്നെ തിരിച്ചെത്തണം.'

അത് കേട്ടപ്പോൾ അവർ കൂട്ടംകൂട്ടമായി മുറികളിലേക്ക് പോയി. മുറിയിൽ എത്തിയപ്പോഴേക്കും താരയുടെ മുഖമെല്ലാം വിളറി വെളുത്തിരുന്നു.

'എന്തുപറ്റി താരേ..?' ജെസ്സി അവളുടെ കവിളിൽ തൊട്ടുകൊണ്ട് ചോദിച്ചു. പക്ഷേ മറുപടിപറയാതെ അവൾ കട്ടിലിലേക്ക് മറിഞ്ഞു വീണു. റൂബി അവളുടെ അടുത്തേക്ക് ഓടിച്ചെന്നു.

'ഡീ... ജെസ്സീ... വേഗം നീ കുറച്ച് വെള്ളമെടുക്ക്... എനിക്ക് തോന്നുന്നു രഞ്ജിത് പറഞ്ഞതൊക്കെക്കേട്ട് ഇവൾ ശരിക്കും പേടിച്ചുവെന്ന്.... താരേ...ഡീ...' അവൾ താരയെ തട്ടിവിളിച്ചു. അപ്പോഴേക്കും ജെസ്സി വെള്ളവുമായെത്തി.

'അവരെയൊക്കെ വിളിക്കട്ടേ..?' ജെസ്സി ചോദിച്ചു.

'വേണ്ട... നമുക്ക് ഇവളുടെ സ്വഭാവം അറിയാവുന്നതല്ലേ. ഇത് നമുക്ക് തനിയേ മാനേജ് ചെയ്യാവുന്നതാണ്...' റൂബി അവളുടെ കാൽവെള്ള നന്നായി തിരുമ്മി. എന്നിട്ട് വെള്ളം അവളുടെ മുഖത്തേക്ക് തളിച്ചു. വെള്ളം തളിക്കാൻ കാത്തിരുന്നതുപോലെ താര കണ്ണുകൾ തുറന്നു. എന്നിട്ട് റൂബിയെയും ജെസ്സിയെയും തുറിച്ചുനോക്കി.

'ഞാനേ പെട്ടെന്ന് മോഹാലസ്യപ്പെട്ടുപോയി...' താര പറഞ്ഞതുകേട്ട് ജെസ്സി അവൾക്കിട്ട് ഒറ്റയടിവച്ചുകൊടുത്തു.

'നേരമില്ലാത്ത നേരത്താ അവൾടെ ഒരു മോഹാലസ്യം... മലയാളം ഡിക്ഷ്ണറിയിലെ കുറേ വാക്കുകളുമായി വന്നോളും. മര്യാദക്ക് എണീറ്റുവാടീ...' അതുംപറഞ്ഞുകൊണ്ട് റൂബി കട്ടിലിൽ നിന്നും എഴുന്നേറ്റു. അപ്പോൾ താര അവളുടെ കൈയ്യിൽ കയറിപ്പിടിച്ചു.

'റൂബീ കൈവിട്ട കളിയാ... നമ്മള് മരിക്കുമോ...'

'ഇന്നലെ വീപ്പയുടെ ടെക്നിക് പറഞ്ഞ് ബുദ്ധി തെളിയിച്ച നീയാണോ ഇപ്പോൾ ഇങ്ങനെ പറയുന്നത്...ഛേ..!'

'എടീ... അതല്ല...'

'എന്തല്ലാന്ന്... നീ ഒന്നും പറയണ്ട... ഇനി പേടിക്കാനൊന്നും സമയമില്ല. ചാവുന്നേൽ നമ്മൾ എല്ലാവരും ഒന്നിച്ചങ്ങ് ചാവും. ധൈര്യമായിരിക്ക്. നമുക്ക് ഒന്നും വരില്ല. ഒരുവട്ടം കടലിൽ വീണ് മരണത്തെ നേരിൽ കണ്ട ഞാനാ പറയുന്നത്.'

റൂബിയുടെ വാക്കുകൾ അവൾക്ക് തെല്ലൊരാശ്വാസം പകർന്നുകൊടുത്തു. പെട്ടെന്ന് ജെസ്സി ക്ലോക്കിലേക്ക് നോക്കി.

'അയ്യോ... ദേ നമുക്കിനി ഇരുപത് മിനിട്ടുകൾ കൂടിയേ ബാക്കിയുള്ളൂ...!'

# പത്തൊൻപത്

നിശ്ചിതമായ സമയംകൊണ്ടുതന്നെ പെൺകുട്ടികൾ മൂവരും തയ്യാറായി. കടലിൻറെ ഉപരിതലമാകെ മഞ്ഞാൽ മൂടപ്പെട്ടിരുന്നതിനാൽ അന്തരീക്ഷത്തിലേക്കും തണുപ്പ് വ്യാപിച്ചിരുന്നു. ആ തണുപ്പിൽ അവർ മൂന്നും നന്നായി വിറയ്ക്കുന്നുണ്ടായിരുന്നു. മനസ്സ് ഒന്നുശാന്തമാക്കുവാനായി പെൺകുട്ടികൾ മൂന്നുപേരും അൽപ്പസമയം കണ്ണുകളടച്ച് പ്രാർത്ഥിച്ചു.

‘ജെസ്സീ... താരേ... വാ നമുക്ക് പോകുവാൻ സമയമായി...’

റൂബി അത് പറഞ്ഞപ്പോൾ ജെസ്സി ടേബിളിലിരുന്ന തൻറെ ഫാമിലി ഫോട്ടോയിലേക്ക് ഒരിക്കൽക്കൂടി നോക്കി. വൈകാതെ അവർ മൂന്നും രഞ്ജിത് പറഞ്ഞ കൃത്യം സമയത്തുതന്നെ ക്യാബിൻറെ സമീപത്തേക്കെത്തിച്ചേർന്നു. ഒന്നുരണ്ട് മിനിറ്റുകൾക്കകം ബാക്കിയുള്ളവരും വന്നെത്തി. രഞ്ജിത് ജനലിലൂടെ പുറത്തേക്ക് തലയിട്ട് നോക്കി.

‘എല്ലാവർക്കും ഞാൻ പറഞ്ഞതൊക്കെ ഓർമ്മയുണ്ടല്ലോ അല്ലേ. കിഴക്കുഭാഗത്ത് സൂര്യപ്രകാശം കണ്ടു തുടങ്ങിയിരിക്കുന്നു. നമുക്ക് ബോട്ട് കുറച്ചുകൂടി മുന്നോട്ടെടുക്കാം...’

അതുംപറഞ്ഞ് രഞ്ജിത് ക്യാബിനിലേക്ക് പോയി. ഒരു വിറയലോടെ ബോട്ട് സാവധാനത്തിൽ ചലിച്ചുതുടങ്ങി. അതോടൊപ്പം അവർ ഓരോരുത്തരുടെയും ഹൃദയത്തിൻറെ മിടിപ്പും കൂടിക്കൂടി വന്നു. അങ്ങ് ദൂരെയായി കറുത്ത മേഘപടലങ്ങൾ കൂടിനിൽക്കും പോലെ ബർമുഡ ചുഴികൾ സ്ഥിതിചെയ്യുന്ന ഭാഗം അവർ ഒരിക്കൽക്കൂടി നോക്കികണ്ടു.

‘മിസ്സേ.. ഒന്നിങ്ങ് വരൂ...’ ക്യാബിനിൽനിന്നും രഞ്ജിത് ഉറക്കെ വിളിച്ചു. അത് കേൾക്കേണ്ട താമസം മിസ്സ് അവൻറെ ക്യാബിനിലേക്ക് ഓടിച്ചെന്നു.

‘എന്താ രഞ്ജിത്...’

‘മിസ്സ് ഞാൻ പറയുംപോലെ ചെയ്യണം. ദാ ഈ കാണുന്ന ലിവർ ഞാൻ പറയുമ്പോൾ മുകളിലേക്ക് ബലമായ് ഉയർത്തണം...’

‘ഓക്കേ...’ അതുംപറഞ്ഞ് ജോംസി മിസ്സ് ലിവറിൽ മുറുകെപ്പിടിച്ച് നിന്നു. പെട്ടെന്ന് അലക്സ് ക്യാബിനിലേക്ക് ഓടിയെത്തി.

‘രഞ്ജിത്... നമുക്കൊരു പണി കിട്ടി... ദാ കിഴക്കോട്ട് നോക്കിക്കേ...’

അവൻ പറഞ്ഞതുകേട്ട് രഞ്ജിത് കിഴക്കുഭാഗത്തേക്ക് നോക്കി. സൂര്യപ്രകാശത്തെ ഭൂരിഭാഗവും മറയ്ക്കും വിധത്തിൽ അങ്ങ് കിഴക്ക് കാർമേഘങ്ങൾ ഒത്തുകൂടിയിരിക്കുന്നത് അവൻ കണ്ടു.

'അത് സാരമില്ല അലക്സ്... ആ ഭാഗം കരയാണ്... ഇപ്പോൾ ഫ്ളോറിഡയിലൊക്കെ നല്ല മഴ പെയ്യുന്നുണ്ടാവും. എന്തായാലും നമുക്കത് പ്രശ്നമാവില്ല...'

അതുകേട്ടപ്പോൾ അലക്സ് സമാധാനത്തോടെ തൻറെ കൂട്ടുകാരുടെ അടുത്തേക്ക് പോയി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞതും കിഴക്കുനിന്നും സൂര്യൻറെ ചുവപ്പ് രശ്മികൾ കടൽ വെള്ളത്തിലേക്ക് കലർന്നുതുടങ്ങി. അതോടൊപ്പം ബോട്ടിലുള്ളവർ കൂടുതൽ ജാഗ്രതപാലിച്ചു. രഞ്ജിത്ത് ഇടയ്ക്കിടയ്ക്ക് അവൻറെ കൈയ്യിലിരുന്ന ചെറിയ സ്ക്രീനിലേക്ക് നോക്കിക്കൊണ്ടിരുന്നു.

'മിസ്സ്... ലിവർ ചെറുതായി ഒന്ന് പൊക്കു... വേഗം...' അവൻ പറഞ്ഞപ്പോൾത്തന്നെ മിസ്സ് അത് ചെയ്തു.

'എന്താ രഞ്ജിത്... എന്തെങ്കിലും കുഴപ്പം...'

'അതേ... ബോട്ടിനെ ചുഴികൾ ബലാൽക്കാരമായി ആകർഷിക്കാൻ തുടങ്ങിയിരിക്കുന്നു.' അത് പറഞ്ഞിട്ട് അവൻ വീണ്ടും സ്ക്രീനിലേക്ക് നോക്കി.

'സൂര്യൻറെ ചുവപ്പ് മാറുന്നതിന് ഇനിയും ഏറിപ്പോയാൽ പതിനഞ്ചുമിനിട്ടുകൾ കൂടിയുണ്ടാവും. അത് കഴിഞ്ഞിട്ടുള്ള രണ്ട് നിമിഷങ്ങൾ നമുക്ക് വിലപ്പെട്ടതാണ്...'

ഈ സമയം പെൺകുട്ടികൾ മൂന്നും തങ്ങൾ അടുത്തുകൊണ്ടിരിക്കുന്ന അത്ഭുത പ്രതിഭാസത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ബോട്ടിൻറെ ചലനത്തിൽ വന്ന മാറ്റം അവർക്കും മനസ്സിലായി. ബോട്ട് നിയന്ത്രിക്കാൻ രഞ്ജിത് നന്നേ പാടുപെട്ടുകൊണ്ടിരുന്നു. ഇടയ്ക്ക് അവൻ പറയുമ്പോൾ ജോംസി മിസ്സ് ലിവർ ചലിപ്പിച്ചു. നിമിഷങ്ങൾ വീണ്ടും ഇഴഞ്ഞുനീങ്ങി. സൂര്യൻറെ ചുവപ്പുനിറത്തിൻറെ കാഠിന്യവും അതോടൊപ്പം കുറഞ്ഞുകുറഞ്ഞുവന്നു. ബോട്ട് ചുഴിയുടെ ആകർഷണത്തിലും രഞ്ജിത്തിൻറെ നിയന്ത്രണത്തിലുമായി മുന്നോട്ടുപോയിക്കൊണ്ടിരുന്നു. സൂര്യൻറെ പ്രതിബിംബം വരാൻ പോകുന്ന ചുഴി ഏതാണെന്ന് അവന് ഏകദേശം ഊഹമുണ്ടായിരുന്നു. അൽപ്പംകൂടി മുന്നോട്ടുപോയപ്പോൾ രഞ്ജിത് ആൺകുട്ടികളുടെ ഭാഗത്തേക്ക് നോക്കി.

ആ നോട്ടത്തിൻറെയർത്ഥം മനസ്സിലാക്കി റ്റോജിയും വിക്കിയും ഷാനുവും അലക്സും ബോട്ടിൻറെ നാല് മൂലകളിലേക്കും ഒഴിഞ്ഞ വീപ്പകളുമായി പാഞ്ഞു. പെൺകുട്ടികൾ മൂന്നും നിലത്ത് ബന്ധിച്ചിരുന്ന കയറിൽ ശക്തമായി പിടിച്ച് ഭിത്തിയോട് ചേർന്നുനിന്നു. ബോട്ടിൻറെ ഓരോ ദിക്കിലും എത്തിയ ആൺകുട്ടികൾ സ്വയരക്ഷക്കായി തങ്ങളുടെ ശരീരം ബോട്ടുമായി ബന്ധിച്ചു. പെട്ടെന്ന് ക്യാബിനിൽ

നിന്നും എന്തോ ഒടിഞ്ഞ ശബ്ദം കേട്ട് എല്ലാവരും ഞെട്ടി. അതോടൊപ്പം ജോംസി മിസ്സിൻറെ അലർച്ചയും കൂടിയായപ്പോൾ എല്ലാവരും തരിച്ചുപോയി.

'എന്താ.. എന്താ പറ്റിയേ...' ആൺകുട്ടികൾ ഓരോരുത്തരും ഉച്ചത്തിൽ വിളിച്ചുചോദിച്ചു.

പെട്ടെന്ന് ബോട്ട് വട്ടത്തിൽ കറങ്ങുവാനാരംഭിച്ചു. കാര്യമൊന്നും മനസ്സിലാവാതെ പെൺകുട്ടികൾ മൂന്നും ഉറക്കെ നിലവിളിച്ചു. ജോംസി മിസ്സ് തകർന്നുപോയ ആ ലിവറിൻറെ അൽപ്പം ഉയർന്നു നിന്ന അഗ്രഭാഗം കൈ കൊണ്ട് നിയന്ത്രിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂർത്തുനിന്ന അതിൻറെ അഗ്രം കുത്തിക്കയറിയപ്പോൾ അവരുടെ കൈയ്യിൽനിന്നും രക്തം വാർന്നൊലിച്ചു. മിസ്സിൻറെ അവസ്ഥ കണ്ടിട്ടെന്നോണം റൂബിയും ഓടി ക്യാബിനിലെത്തി. സമീപത്ത് കിടന്നിരുന്ന രഞ്ജിത്തിൻറെ ജാക്കറ്റെടുത്ത് അവൾ ലിവറിൻറെ പൊങ്ങിനിന്ന ബാക്കിഭാഗത്ത് കുരുക്കി. എന്നിട്ട് ലിവർ താഴേക്ക് വലിച്ചു. കറങ്ങിക്കറങ്ങി ദിശതെറ്റി അപകടത്തിലേക്ക് പോയിക്കൊണ്ടിരുന്ന ബോട്ട് ഒരു നിമിഷത്തേക്ക് അവരുടെ വരുതിയിൽ വന്നു.

'രഞ്ജിത്... സൂര്യൻറെ ചുവപ്പുനിറം പൂർണ്ണമായും മാറിയിരിക്കുന്നു. വേഗം ബോട്ട് അങ്ങോട്ടേക്കെടുക്ക്...' കൈയ്യിൽ നിന്നും രക്തം വാർന്നുകൊണ്ടിരുന്നിട്ടും അത് ശ്രദ്ധിക്കാതെ ജോംസി മിസ്സ് പറഞ്ഞു.

രഞ്ജിത് സൂര്യൻറെ സ്ഥാനം ഒരിക്കൽക്കൂടി നോക്കി. പക്ഷേ അവന് ബോട്ട് നിയന്ത്രിക്കുവാൻ കഴിയാത്ത രീതിയിലായിരുന്നു സന്ദർഭം. കാരണം അൽപ്പം മുൻപുള്ള ബോട്ടിൻറെ അപ്രതീക്ഷിതമായ കറക്കത്തിൽ മറ്റൊരു ചുഴിയുടെ ആകർഷണത്തിലേക്ക് അത് അകപ്പെട്ടുപോയിരുന്നു.

'മിസ്സേ... നമുക്കിനി ഒന്നും ചെയ്യുവാൻ കഴിയില്ല. കാര്യങ്ങൾ കൈവിട്ടുപോയി... ബോട്ട് ഏതാനും നിമിഷത്തിനുള്ളിൽ ഏതെങ്കിലും ചുഴിയിൽപെടും...' രഞ്ജിത് പറഞ്ഞതുകേട്ട് മിസ്സുൾപ്പെടെ എല്ലാവരും അന്ധാളിച്ചുപോയി.

പ്രതീക്ഷയറ്റവനെപ്പോലെ തലയിൽ കൈവച്ചുകൊണ്ട് അവൻ ഡ്രൈവിംഗ് സീറ്റിലേക്കിരുന്നു. ബോട്ട് ഏതോ ചുഴിയുടെ ആകർഷണത്തിൽ ദിശതെറ്റി സഞ്ചരിക്കുകയായിരുന്നു. പക്ഷേ പെട്ടെന്ന് എന്തോ ഓർത്തെടുത്തതുപോലെ രഞ്ജിത് കണ്ണുകൾ തുടച്ചിട്ട് റൂബിയെ നോക്കി.

'റൂബീ... ദാ ആ കാണുന്ന വലിയ ബാഗെടുത്ത് ബോട്ടിൻറെ ഡെക്കിലേക്ക് കൊണ്ടുപോ... എന്നിട്ട് അതിൻറെ ഉള്ളിലുള്ള റബ്ബർ ബോട്ട് പമ്പ് കൊണ്ട് വീർപ്പിക്ക്... വേഗം...' അത് കേട്ടപ്പോൾത്തന്നെ സമീപത്തുകണ്ട ആ വലിയ ബാഗുമായി അവൾ ഡെക്കിലേക്ക് ഓടി. താരയും ജെസ്സിയും അവളെ അനുഗമിച്ചു. ബോട്ട് അപ്പോഴും വലിയൊരു ചുഴിയെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. ജോംസി

മിസ്സ് മുറിഞ്ഞ കൈയ്യുമായി ജാക്കറ്റ് ചുറ്റിയ ലിവർ മുഴുവനായി വലിച്ചുപിടിച്ചു. ആൺകുട്ടികൾ നാലും ഓടി ക്യാബിനടുത്തെത്തി.

'നിങ്ങൾ നമുക്ക് അത്യാവശ്യം വേണ്ട ഭക്ഷണവും നിങ്ങളുടെ അത്യാവശ്യ സാമഗ്രികളും മാത്രമെടുത്ത് ബോട്ടിൻറെ വാതിലിൻറെ സമീപം കൊണ്ടുവന്നുവയ്ക്ക്.... വേഗം...

രഞ്ജിത് പറഞ്ഞതുകേട്ട് അവർ മുറികളിലേക്കോടി. അതോടൊപ്പം അവരുടെ അവശ്യസാധനങ്ങളെല്ലാം അതിവേഗം ബോട്ടിൻറെ വാതിലിനോട് അടുപ്പിക്കുവാൻ ആരംഭിച്ചു. ബോട്ട് തനിക്ക് നിയന്ത്രിക്കാനാവാത്ത വിധമായപ്പോൾ അവൻ തൻറെ സീറ്റിൽനിന്നും എഴുന്നേറ്റു.

'മിസ്സ്... ആ ലിവർ അങ്ങനെതന്നെ പിടിക്കണം... അല്ലെങ്കിൽ വേണ്ട... അലക്സ്.. ആരെങ്കിലും ഒന്നിങ്ങ് വരൂ...' രഞ്ജിത് വിളിച്ചപ്പോൾ സാധനങ്ങൾ എടുത്തുകൊണ്ടിരുന്ന റ്റോജി ഓടിയെത്തി.

'എന്താ രഞ്ജിത്...'

'നീ മിസ്സിനെ മാറ്റി ആ ലിവർ ശരിക്കും വലിച്ച് പിടിക്ക്. ആ ലിവറിൻറെ ഒറ്റ ബലത്തിലാണ് ഈ ബോട്ടിപ്പോൾ നിലനിൽക്കുന്നത്...'

അത് കേൾക്കേണ്ടതാമസം അവൻ മിസ്സിൻറെ കൈയ്യിൽ നിന്നും ലിവറിൻറെ നിയന്ത്രണം ഏറ്റെടുത്തു. മിസ്സ് വേഗം മുറിയിലേക്ക് പോയി തൻറെ സാധനങ്ങളെല്ലാം ഒറ്റ ബാഗിലാക്കി വാതലിനു സമീപം കൊണ്ടുവന്നുവച്ചു.

'വേഗം...വേഗം...'

ലിവറിൽ ശക്തമായി വലിച്ചുപിടിച്ചു കൊണ്ട് റ്റോജി അലറി. അപ്പോഴേക്കും അവരുടെ ബോട്ട് ചുഴികൾ ഉണ്ടാക്കുന്ന വലയങ്ങളുടെ തൊട്ടടുത്തേക്കെത്തിയിരുന്നു. അതോടൊപ്പം ചുഴിയിലേക്കുള്ള ബോട്ടിൻറെ ആകർഷണവും ഇരട്ടിച്ചു. രഞ്ജിത് ഡെക്കിലേക്ക് ഓടി. അപ്പോഴേക്കും പെൺകുട്ടികൾ റബ്ബർബോട്ട് തയ്യാറാക്കിയിരുന്നു. സാമാന്യം വലിപ്പമുള്ളതായിരുന്നു അത്. രഞ്ജിത് ചെറുമിസൈൽ പോലെ തോന്നിപ്പിക്കുന്ന ഒരു വസ്തു റബ്ബർബോട്ടിൻറെ പിൻവശത്ത് ഘടിപ്പിച്ചു. എന്നിട്ട് ഒരു കയറിൽ കെട്ടി റബ്ബർബോട്ട് താഴെ അവർ സാധനങ്ങളെല്ലാം അടുപ്പിച്ച വാതിലിൻറെ ഭാഗത്തുള്ള വെള്ളത്തിലേക്കെടുത്തിട്ടു. റബ്ബർ ബോട്ട് കടലിൻറെ ഓളത്തിൽ പൊങ്ങുവാനും താഴുവാനും തുടങ്ങി.

'എല്ലാവരും സാധങ്ങളെല്ലാം ബോട്ടിലേക്കെടുത്തിട്ടു... ഭാരം ചെന്നാലേ അത് നേരേ കിടക്കൂ. ഇല്ലെങ്കിൽ മറിഞ്ഞുപോകും...' അത് കേട്ടയുടൻ പെൺകുട്ടികൾ താഴേക്കോടി. അവർ എത്തും മുൻപുതന്നെ ആൺകുട്ടികൾ ഓരോ സാധനങ്ങൾ റബ്ബർ ബോട്ടിലേക്ക് എടുത്തിട്ടുതുടങ്ങിയിരുന്നു. അത്യാവശ്യം സാധനങ്ങളെല്ലാം നിമിഷങ്ങൾക്കകം അവർ ആ റബ്ബർ ബോട്ടിലാക്കി. അതോടൊപ്പം പെൺകുട്ടികളെ

ആ ബോട്ടിലേക്ക് കയറ്റുകയും ചെയ്തു. അവരുടെ ബോട്ട് സഞ്ചരിക്കുന്ന അതേ ദിശയിൽ ചുഴിയിലേക്ക് ആ റബ്ബർ ബോട്ടും സഞ്ചരിച്ചുകൊണ്ടേയിരുന്നു.

രഞ്ജിത് സോളാർ പാനലുകൾ അഴിച്ചെടുത്ത് വേഗം താഴെയെത്തി. അപ്പോഴേക്കും തങ്ങൾക്കാവശ്യമുള്ള വിവരങ്ങളും ഭൂപടവും ഒരു കവറിലാക്കി റബ്ബർ ബോട്ടിലേക്ക് ജോംസി മിസ്സും കയറിത്തുടങ്ങിയിരുന്നു. രഞ്ജിത് ഓടി റ്റോജിയുടെ അടുത്തേക്കെത്തി.

'റ്റോജീ... ഞാൻ ലിവർ പിടിക്കാം. നീ പോയി ബോട്ടിൽ കയറ്. പിന്നെ എൻറെ ശരീരത്തിൽ ബന്ധിച്ചിട്ടുള്ള ഈ കയറ് ശക്തമായി പിടിച്ചോളണം. നിങ്ങൾ എല്ലാവരും ബോട്ടിൽ കയറിയാലുടൻ ഞാൻ ഈ ലിവർ വിടും. അപ്പോഴേക്കും റബ്ബർ ബോട്ടിൻറെ പിൻവശമുള്ള മിസൈൽ പോലുള്ള മെഷീൻറെ ദിശ ചുഴിക്കൾക്ക് എതിരായി ക്രമീകരിച്ച് അതിലെ പച്ചബട്ടൻ നീ പ്രെസ്സ് ചെയ്യണം. വേഗം പോ...'

റ്റോജി രഞ്ജിത് പറഞ്ഞപോലെ കയറുമായി റബ്ബർ ബോട്ടിലേക്ക് ചാടിക്കയറി. അപ്പോഴേക്കും ആ റബ്ബർ ബോട്ടിനെയും വലിച്ചുകൊണ്ട് വലിയ ബോട്ട് ചുഴിയുടെ ഓളങ്ങളുടെ ആരംഭത്തിലേക്ക് കടന്നിരുന്നു.

'അയ്യോ രഞ്ജിത്ത് കയറിയില്ല...'

ഒന്നും മനസ്സിലാവാതെ റൂബി ഉറക്കെ വിളിച്ചുപറഞ്ഞു.

'പ്രെസ്സ്...'

ബോട്ടിനുള്ളിൽനിന്നും രഞ്ജിത് ഉറക്കെ അലറി. അടുത്ത നിമിഷത്തിൽ റ്റോജി ആ മെഷീൻറെ പച്ചബട്ടൺ പ്രെസ്സ് ചെയ്തു. അതോടൊപ്പം ലിവറിൽ നിന്നും പിടിവിട്ട് ഓടിവന്ന് രഞ്ജിത് കടലിലേക്ക് എടുത്തുചാടി. റബ്ബർ ബോട്ട് ശരംപോലെ അവരെയും വഹിച്ചുകൊണ്ട് ദൂരേക്ക് പോയി.

എല്ലാവരും തങ്ങളുടെ പഴയ യാത്രാബോട്ടിലേക്ക് നോക്കി. ഒരു വലിയ ചുഴിയിലേക്ക് ബോട്ട് അതിവേഗത്തിൽ പാഞ്ഞു പോകുന്നതവർ കണ്ടു. റ്റോജി തൻറെ കൈയ്യിലുള്ള കയർ ബലമായി വലിച്ചു. ബാക്കിയുള്ളവരും അവനെ സഹായിച്ചു. റബ്ബർ ബോട്ട് ചുഴികളുടെ ആകർഷണത്തെ അതിജീവിച്ച് അപ്പോഴും പാഞ്ഞുപോയിക്കൊണ്ടിരുന്നു.

'വേഗം വലിച്ച് കയറ്റൂ...'

ജോംസി മിസ്സ് ഉറക്കെ വിളിച്ചുപറഞ്ഞു. ഒരു വിധത്തിൽ എല്ലാവരുംകൂടി രഞ്ജിത്തിനെ വലിച്ച് ബോട്ടിൽ കയറ്റി. ചെറിയ രീതിയിൽ അവൻ കടൽ വെള്ളം കുടിച്ചിരുന്നു. ബോട്ടിൽ കയറിയ ഉടൻ അവൻ അതെല്ലാം ഛർദ്ദിച്ചുകളഞ്ഞു. അതോടൊപ്പം മിസ്സിൻറെനേരേ അവൻ കൈ നീട്ടി. അപ്പോഴേക്കും മിസ്സ് അവൻ

ബോട്ടിൽ ഉപയോഗിച്ചുകൊണ്ടിരുന്ന സ്ക്രീൻ അവൻറെ കൈയ്യിലേക്ക് വച്ചുകൊടുത്തു. അതിൽ നോക്കിയിട്ട് അവൻ ബോട്ടിൽ ഘടിപ്പിച്ചിരുന്ന മെഷീൻറെ ചുവപ്പ് ബട്ടണിൽ അമർത്തി. ബോട്ട് നിന്നപ്പോൾ അതും ചുഴികൾക്കുനേരേ ചലിച്ചുതുടങ്ങി.

'ദാ... അതാണ് നമുക്ക് പോകേണ്ട ഭാഗം... ആ ചുഴിയുടെ ഇടതുവശത്താണ് നമുക്കെത്തേണ്ടത്...'

അവൻ ചൂണ്ടിക്കാട്ടിയ ഭാഗത്തേക്ക് എല്ലാവരും നോക്കി.

'ഇനി നമുക്ക് കളയാൻ സമയമില്ല... ഒന്നെങ്കിൽ മരണം അല്ലെങ്കിൽ വിജയം...' അത് പറഞ്ഞിട്ട് അവൻ അവൻറെ കൈവെള്ള അവർക്കുനേരെ നീട്ടി. അവർ ഓരോരുത്തരും അതിനുമേൽ അവരുടെ കരങ്ങളും വച്ചു. അപ്പോഴേക്കും വെയിലിന് കട്ടി കൂടിത്തുടങ്ങിയിരുന്നു.

'നമുക്ക് ഒഴിക്കിവിട്ട് നോക്കാൻ ഇനി വീപ്പകളില്ല...' റൂബി ഓർമിപ്പിച്ചു.

'ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ ടിന്നിൽ പായ്ക്ക് ചെയ്ത എന്തെങ്കിലുമൊക്കെയുണ്ടാവും... നോക്കിക്കേ..' രഞ്ജിത് അത് പറഞ്ഞപ്പോൾ റൂബി ഭക്ഷണസാധനങ്ങൾ വച്ചിരുന്ന ബാഗിൽ തപ്പിവാരി.

'ഉണ്ട്... തേയിലയുടെയും കോഫിയുടെയും ടിന്നുകളുണ്ട്...'

'എങ്കിൽ ആ ടിന്നുകൾ കാലിയാക്കി നാലെണ്ണം കരുതി വയ്ക്കൂ... എന്തെന്നാൽ ഇപ്പോൾ ചുഴികൾ നമ്മളെ വീണ്ടും ആകർഷിക്കാൻ തുടങ്ങിയിരിക്കുന്നു. ഇനിയും ഈ ബോട്ട് നിശ്ചലമായിക്കിടന്നാൽ നമ്മുടെ പഴയ ബോട്ടിൻറെ അതേ ഗതിതന്നെ ഇതിനുമുണ്ടാവും...'

രഞ്ജിത് അത് പറഞ്ഞപ്പോൾ ബാക്കിയുള്ളവർ തങ്ങളുടെ പഴയ ബോട്ട് അകപ്പെട്ട ചുഴിയിലേക്ക് നോക്കി. പക്ഷെ അപ്പോഴേക്കും ആ ബോട്ട് ചുഴിയിൽ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു...!

'ഞാൻ ബോട്ട് നമുക്ക് പോകേണ്ട ചുഴിയുടെ ഭാഗത്തേക്കെടുക്കുകയാണ്. എല്ലാവരും ബോട്ടിൻറെ വശങ്ങളിൽ പിടിച്ചിരിക്കൂ...

അത് കേട്ടതും എല്ലാവരും ആ റബ്ബർ ബോട്ടിൻറെ വശങ്ങളിൽ ബലമായി പിടിച്ചിരുന്നു. രഞ്ജിത് വീണ്ടും മെഷീൻറെ പച്ച ബട്ടണിൽ പ്രെസ്സ് ചെയ്തു. എന്നിട്ട് ചുഴിയുടെ നേർക്ക് ബോട്ടിൻറെ ദിശ മാറ്റിക്കൊടുത്തു.

അവൻ നേരത്തേ കണക്കുകൂട്ടിയതുപോലെതന്നെ സൂര്യൻറെ പ്രതിബിംബം കണ്ട് ചുഴിയെ ലക്ഷ്യമാക്കി ആ റബ്ബർബോട്ട് അവരെയും വഹിച്ചുകൊണ്ട് പാഞ്ഞുപോയി...!

# ഇരുപത്

റബ്ബർബോട്ടിൽ തിങ്ങിയിരിക്കുമ്പോൾ അവർ ഓരോരുത്തർക്കും താൽക്കാലികമായി ഒരു സുരക്ഷിതത്വം അനുഭവപ്പെട്ടു. അതോടൊപ്പം രഞ്ജിത് ലക്ഷ്യംവച്ച ചുഴിക്കഭിമുഖമായി ബോട്ട് മുന്നോട്ടുപോയി. പക്ഷേ വളരെയധികം അടുത്തെത്തിയിട്ടും ബോട്ട് ആ ചുഴിയിലേക്ക് ആകർഷിക്കപ്പെടാത്തത് കണ്ടപ്പോൾ അവർക്കെല്ലാം അത്ഭുതത്തോടൊപ്പം ആശ്വാസവും തോന്നി.

അതിവിദഗ്ധമായി രഞ്ജിത് ബോട്ട് നിയന്ത്രിച്ചുകൊണ്ടിരുന്നു. ചുഴിയുടെ ഇടതുവശത്തേക്ക് ബോട്ട് ഓടിച്ചു കയറ്റുമ്പോൾ എല്ലാവരുടെയും നെഞ്ചിടിപ്പ് ദ്രുതഗതിയിലായിരുന്നു. തൊട്ടടുത്ത് കറങ്ങുന്ന മരണച്ചുഴിയിലേക്ക് രഞ്ജിത് ഒഴികെ ബാക്കിയെല്ലാവരും ഭയത്തോടെ ഉറ്റുനോക്കി. അതുപോലെതന്നെ കണ്ണെത്താദൂരത്തോളം ധാരാളം ചുഴികൾ അതിന് സമാന്തരമായി കറങ്ങിക്കൊണ്ടിരുന്നു. അവർ സഞ്ചരിച്ചുകൊണ്ടിരുന്ന ചുഴിയുടെ ഇടതുവശംമാത്രം തികച്ചും ശാന്തമായിരുന്നു. സാധാരണ കടൽവെള്ളത്തിനേക്കാൾ തെളിമയുള്ള വെള്ളമായിരുന്നു അവിടെ.

‘മിസ്സ്... താഴേക്ക് നോക്കിക്കേ... വെള്ളത്തിനടിയിലേക്ക് സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്ന ജെസ്സി വിളിച്ചുപറഞ്ഞു. അത് കേട്ടപ്പോൾ ബാക്കിയുള്ളവരും താഴേക്ക് നോക്കി.

‘ദൈവമേ കടലിനടിയിൽ സൂര്യപ്രകാശമോ...’ മിസ്സ് അത്ഭുതപ്പെട്ടു...

‘അപ്പോൾ ഭൂമിയുടെ അടിയിലും സൂര്യനുണ്ടോ...’ അലക്സ് ആശങ്കയോടെ ചോദിച്ചു.

‘ഇനിയും നമ്മൾ എന്തൊക്കെ കാണാൻ കിടക്കുന്നു. ഇത് അതിൻറെയൊക്കെ വെറുമൊരു തുടക്കം മാത്രമാണ്. കൽക്കരിയും പഞ്ചലോഹങ്ങളും കരുതിവയ്ക്കൂ. ബോട്ടിന് ചെറിയ വലിവ് വന്നുതുടങ്ങിയിട്ടുണ്ട്. മിക്കവാറും നമ്മൾ അടുത്ത ചുഴിയുടെ പരിധിയിലേക്ക് എത്തിയിട്ടുണ്ടാവണം...’ രഞ്ജിത് വിളിച്ചു പറഞ്ഞു.

അത് കേട്ടപ്പോൾത്തന്നെ താര അവളുടെ കൈയ്യിൽ ഭദ്രമായി മുറുകെപ്പിടിച്ചിരുന്ന കൽക്കരിയുടെയും പഞ്ചലോഹത്തിൻറെയും പൊതി രഞ്ജിത്തിന് നേർക്ക് നീട്ടി.

‘മുൻഭാഗത്തിരിക്കുന്ന ആൺകുട്ടികൾ ആരെങ്കിലും അത് വാങ്ങിപ്പിടിക്കൂ. ഞാൻ പറയുമ്പോൾത്തന്നെ അവ മുഴുവൻ മുന്നിലെ ചുഴിയിലേക്ക് വലിച്ചെറിയണം...’ അവൻ പറഞ്ഞത് കേട്ട് വിക്കി അത് കൈയ്യിലേക്ക് വാങ്ങിപ്പിടിച്ചു.

അവർ ഒൻപതുപേരെയും വഹിച്ചുകൊണ്ട് ബോട്ട് സാവധാനത്തിൽ മുന്നോട്ടുപോയിക്കൊണ്ടിരുന്നു. അതിനിടയിൽ റൂബി ഒരിക്കൽക്കൂടി വെള്ളത്തിനടിയിലേക്ക് നോക്കി. എന്നിട്ട് വികസിച്ച കണ്ണുകളോടെ ജോംസി മിസ്സിൻറെ കൈയ്യിൽ തോണ്ടിക്കൊണ്ട് താഴേക്ക് കൈചൂണ്ടി. കടൽവെള്ളത്തിനടിയിൽ ലാവയുടെ നിറമുള്ള പാറക്കല്ലുകൾ തീവ്രമായി പ്രകാശിക്കുന്നതാണ് ബാക്കിയുള്ളവർ കണ്ടത്.

‘ഒരുകാര്യം നിങ്ങൾ ശ്രദ്ധിച്ചോ..?’ താര ചോദിച്ചത് കേട്ട് എല്ലാവരും അവളെ നോക്കി.

‘ഇല്ല എന്താ...’ റൂബി ആകാംക്ഷയോടെ ചോദിച്ചു.

‘നമ്മൾ പോകുന്ന വഴിയിൽ മാത്രമേ ഇതെല്ലാം കാണുന്നുള്ളൂ. നമ്മുടെ സഞ്ചാരപാതയ്ക്ക് അപ്പുറവും ഇപ്പുറവും ചുഴിയോടൊപ്പം കനത്ത ഇരുട്ടുമാണ്.’

അവൾ പറഞ്ഞത് കേട്ടപ്പോഴാണ് ബാക്കിയുള്ളവരും ആ കാര്യം ശ്രദ്ധിച്ചത്. കടലിനടിയിലേക്ക് ശ്രദ്ധിച്ചിരിക്കുന്ന സമയത്ത് പെട്ടെന്ന് ബോട്ടിൻറെ വേഗത വർദ്ധിച്ചതായി അവർക്ക് തോന്നി. അതിൻറെ കാരണമറിയുവാനായി മുന്നോട്ടുനോക്കിയതും മുന്നിൽ ശക്തമായി കറങ്ങുന്ന ചുഴി അവരെ വല്ലാതെ ഭയപ്പെടുത്തി. കാരണം അവർ അതുവരെ കണ്ട ചുഴികളെക്കാൾ വലിപ്പവും വേഗതയും അതിനുണ്ടായിരുന്നു. പോരാത്തതിന് ആ ചുഴിയുടെ കറക്കത്തിൽ നോക്കുമ്പോൾ ഓരോരുത്തർക്കും തങ്ങളുടെ കണ്ണുകൾക്ക് മത്തുപിടിക്കുന്നതായി തോന്നിപ്പോയി.

‘വിക്കീ...ആ കാണുന്ന ചുഴിയുടെ പരിധിയിലേക്ക് അത് വലിച്ചെറിയൂ...’

‘അയ്യോ...അത് അങ്ങ് ദൂരയല്ലേ... അവിടം വരെ ഞാൻ എറിഞ്ഞാൽ എത്തുമെന്ന് തോന്നുന്നില്ല... അത് കേട്ടപ്പോൾ ഷോട്ട് പുട്ടിൽ ഒന്നാമനായ ഷാനുവിന് സഹിച്ചില്ല.

‘ഇങ്ങ് താടാ...ഇത് ഞാൻ അങ്ങത്തിച്ചോളാം.’ അതുംപറഞ്ഞുകൊണ്ട് ഷാനു അത് വാങ്ങി കൈ പരമാവധി പിന്നിലേക്കെടുത്തു. എന്നിട്ട് ആയം കൊടുത്ത് കൽക്കരിയും പഞ്ചലോഹവും അകലെ കണ്ട ചുഴിയിലേക്ക് ശക്തിയിൽ വലിച്ചെറിഞ്ഞു. ചുഴിയിലേക്ക് അവ ചെന്നുവീണതും പൊടുന്നനെ ആ ചുഴി അപ്രത്യക്ഷമായി. എല്ലാവരും പരസ്പരം നോക്കി കണ്ണുമിഴിച്ചു. പക്ഷേ രഞ്ജിത് ഒട്ടും സമയം പാഴാക്കിയില്ല. ആ ചുഴിയുടെ നിശ്ചലാവസ്ഥ അഞ്ചുനിമിഷം മാത്രമാണെന്ന് കുറിപ്പിൽ പറഞ്ഞിരുന്നത് അവൻറെ ഓർമ്മയിലുണ്ടായിരുന്നു. റബ്ബർബോട്ടിൻറെ പിന്നിൽ ഘടിപ്പിച്ചിരുന്ന മെഷീൻ അതിന് കഴിയുന്നത്ര വേഗത പുറത്തെടുത്തു. അവരെയും വഹിച്ച് കൊണ്ട് ബോട്ട് ചീറിപ്പാഞ്ഞു.

‘പേടിക്കാനില്ല... ഇതേ വേഗതയിൽ പോയാൽ ചുഴികടക്കാൻ മൂന്ന് നിമിഷം മാത്രം മതി... അതുതന്നെ ധാരാളമാണ്...’ ബോട്ട് വീണ്ടും അമിതവേഗതയിൽ

മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു. പക്ഷേ ചുഴിയുടെ പകുതിദൂരം പിന്നിട്ടതും പെട്ടെന്ന് ഒരു ചീറ്റലോടെ മെഷീൻ നിശ്ചലമായി.

എല്ലാവരും ഒരേപോലെ നെഞ്ചിൽ കൈവച്ചുപോയ നിമിഷമായിരുന്നു അത്. രഞ്ജിത്ത് വെപ്രാളത്തോടെ മെഷീനിൽ തട്ടുവാനും മുട്ടുവാനും തുടങ്ങി. പെട്ടെന്ന് ഒരിക്കൽക്കൂടി അത് പ്രവർത്തിച്ചു ബോട്ട് വീണ്ടും പഴയതുപോലെ വേഗതയിലെത്തിയതും മെഷീൻ വീണ്ടും നിശ്ചലമായി.

ആ സമയമത്രയും ബോട്ടിലുള്ള ബാക്കിയുള്ളവർ ആലില പോലെ വിറയ്ക്കുന്നുണ്ടായിരുന്നു. മെഷീൻറെ പ്രവർത്തനം നിലച്ചതോടെ ബോട്ടിൻറെ വേഗതയും ക്രമാതീതമായി കുറഞ്ഞുകുറഞ്ഞുവന്നു.

'രഞ്ജിത്... സമയം തീരാറാവുന്നു... നമ്മൾ ഇനിയും ചുഴി കടന്നിട്ടില്ല...' ജോംസി മിസ്സ് ഭയത്തോടെ പറഞ്ഞു. രഞ്ജിത് ഒരിക്കൽക്കൂടി ആ യന്ത്രത്തിൽ തട്ടിനോക്കി.

'ഈ മെഷീൻറെ ആയുസ്സ് കഴിഞ്ഞുവെന്നാ തോന്നുന്നത്. നമുക്ക് ഇനി ഒരൊറ്റ മാർഗ്ഗമേയുള്ളൂ... വേഗം ബോട്ടിൻറെ സൈഡ്ഭാഗത്തുള്ള സിബ്ബ് തുറക്ക്... അതിൽ ബോട്ടിൻറെ ഫൈബർ തുഴകളുണ്ട്. വേഗം അതെടുത്ത് സെറ്റ് ചെയ്യ്...' രഞ്ജിത് അലറി.

ആൺകുട്ടികൾ തങ്ങൾ ഇരുന്നിരുന്ന ഭാഗത്തുള്ള ബോട്ടിൻറെ അറതുറന്നു. അതിൽ നാല് കഷണങ്ങളായി വച്ചിരുന്ന രണ്ടുജോഡി തുഴകൾ അവർ വേഗംതന്നെ സെറ്റ് ചെയ്തു. അതിൽ ഒരെണ്ണം രഞ്ജിത്ത് വാങ്ങി സർവ്വശക്തിയുമെടുത്ത് തുഴഞ്ഞു. മറ്റൊന്ന് ജോംസി മിസ്സ് വാങ്ങി. അവർക്ക് വിനോദവേളകളിൽ നദിയിലൂടെ ചെറുവള്ളങ്ങൾ തുഴഞ്ഞുള്ള പരിചയമുണ്ടായിരുന്നു. ബോട്ട് മെഷീൻ ചലിപ്പിച്ചിരുന്നതിൻറെ പാതിവേഗതയിൽ മുന്നോട്ടുപോയിക്കൊണ്ടിരുന്നു. രഞ്ജിത് പെട്ടെന്ന് വാച്ചിലേക്ക് നോക്കി.

'എൻറെ ബാഗിൻറെ അറയിൽ കൽക്കരിയും പഞ്ചലോഹവും ഇനിയും ബാക്കിയുണ്ട്. റൂബീ അത് വേഗമെടുത്ത് കൈയ്യിൽ കരുതിക്കോളൂ. അഥവാ ചുഴി രൂപപ്പെടാൻ തുടങ്ങിയാൽ അത് പിൻവശത്തേക്ക് എറിയണം...'

അവൻ പറഞ്ഞയുടൻ ജെസ്സിയും റൂബിയുംകൂടി തിടുക്കത്തിൽ ബാഗിൽ മിച്ചമുണ്ടായിരുന്ന കൽക്കരിയും പഞ്ചലോഹവും പുറത്തെടുത്തു.

'അപ്പോൾ തിരികെപ്പോകുമ്പോൾ ഇനിയും ഇത് ആവശ്യം വരില്ലേ...' റ്റോജി ചോദിച്ചു.

'റ്റോജി... അതൊക്കെ പിന്നീട് ചിന്തിക്കാം. മിക്കവാറും ബോട്ട് ചുഴിയിലകപ്പെടാൻ സാധ്യതയുണ്ട്...' രഞ്ജിത് പറഞ്ഞത് കേട്ട് എല്ലാവരും ഭയന്നു. അവർ ഓരോരുത്തരും പരസ്പരം ഇറുക്കിപ്പിടിച്ചിരുന്നു.

തുഴച്ചിലിനിടയിൽ ജോംസി മിസ്സിൻറെ മുറിഞ്ഞ കൈയ്യിലൂടെ രക്തം വാർന്നൊഴുകി കടലിലേക്ക് വീണുകൊണ്ടിരുന്നു. എന്നിട്ടും അവർ തളരാതെ

ശക്തിയിൽ തുഴഞ്ഞു. പെൺകുട്ടികൾ ഇതുകണ്ട് നിറകണ്ണുകളോടെ മിസ്സിനെനോക്കി.

'ഇനി പത്ത് സെക്കൻറുകൾകൂടി... മിസ്സേ വേഗം വേഗം... റൂബീ കരുതിയിരിക്ക്...' തുഴയുന്നതിനിടയിലും രഞ്ജിത്ത് വിളിച്ചുപറഞ്ഞു.

രഞ്ജിത്തിൻറെയും മിസ്സിൻറെയും കൈകൾ ഒരു യന്ത്രത്തെപ്പോലെ വേഗത്തിൽ ചലിച്ചു. അപ്പോഴേക്കും ചുഴികൾ രൂപപ്പെടാൻ തുടങ്ങുന്നത് അവർക്ക് മനസ്സിലായിരുന്നു. പെട്ടെന്ന് ആൺകുട്ടികൾ ബോട്ടിലായി കമിഴ്ന്നുകിടന്നുകൊണ്ട് വെള്ളത്തിൽ കൈകൾകൊണ്ട് ആഞ്ഞുതുഴഞ്ഞു. അവരുടെ ആ പ്രവർത്തി ബോട്ടിനെ അൽപ്പംകൂടി വേഗതയിലെത്തിച്ചു. റൂബി കൽക്കരിയും പഞ്ചലോഹവും എറിയുവാനായി കൈ ഉയർത്തിപ്പിടിച്ച് കരുതിയിരുന്നു.

'വേഗം....വേഗം...'

രഞ്ജിത് ആവേശത്തോടെ വിളിച്ചുപറഞ്ഞുകൊണ്ട് ആഞ്ഞുതുഴഞ്ഞു. മെഷീൻ പ്രവർത്തിച്ചപ്പോഴുണ്ടായിരുന്ന വേഗതയിലേക്ക് വൈകാതെ ആ ബോട്ട് എത്തിച്ചേർന്നു. ഒടുവിൽ എല്ലാവരുടെയും പരിശ്രമഫലമായി ചുഴികൾക്ക് ശക്തി പ്രാപിച്ചുതുടങ്ങിയ അതേ നിമിഷത്തിൽ ചുഴിയുടെ വലയത്തിൻറെ അതിർവരമ്പുകൾ ഭേദിച്ച് ആ റബ്ബർബോട്ട് പുറത്തേക്ക് കുതിച്ചുചാടി.

'യേഹ്..!'

എല്ലാവരുംകൂടി ആരവങ്ങൾ മുഴക്കി. പെൺകുട്ടികൾ മൂന്നും മിസ്സിനെ സന്തോഷത്തിൽ കെട്ടിപ്പിടിച്ചു. രഞ്ജിത് ആകാശത്തേക്ക് നോക്കി വണങ്ങിയശേഷം അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു. അവർ തുഴച്ചിൽ അവസാനിച്ചതിനാൽ ബോട്ടിൻറെ വേഗത വീണ്ടും കുറഞ്ഞിരുന്നു. അത് സാവധാനത്തിൽ മുന്നോട്ടുപോയി.

'ഹേയ്...അത് നോക്ക്...'

മുന്നോട്ടുനോക്കിക്കൊണ്ട് രഞ്ജിത്ത് പറഞ്ഞു. അവർ പ്രതീക്ഷിച്ചതുപോലെതന്നെ 'S' ആകൃതിയിൽ ചുഴികറങ്ങുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ ഒരുപാട് ചെറുചുഴികൾ കൂടിച്ചേർന്നാണ് 'S' ആകൃതിയിലെ ചുഴി രൂപപ്പെട്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലായി. വളരെ സാവധാനത്തിലാണ് അത് കറങ്ങിക്കൊണ്ടിരുന്നതും.

'ചുഴിയെ നോക്കിനിന്ന് കളയാനുള്ളതല്ല നമ്മുടെ സമയം. വേഗം ടിന്നുകൾ നാല് ഭാഗത്തേക്കും വലിച്ചെറിയൂ...' രഞ്ജിത്ത് ഷാനുവിനെ നോക്കി പറഞ്ഞു. റൂബി അവൾ കരുതിവച്ചിരുന്ന ടിന്നുകൾ ഓരോന്നായി ഷാനുവിന് ഇട്ടുകൊടുത്തു. ഷാനു അവൾ കൊടുത്തതിൽ നിന്ന് ഒരു ടിന്ന് കൈയ്യിലെടുത്ത് വടക്കോട്ട് ആയംപിടിച്ച് വലിച്ചെറിഞ്ഞു. അത് ഉയർന്നുപോയി കുറേ അകലത്തിൽ ചെന്നുവീണു. രഞ്ജിത് ബൈനോക്കുലർ എടുത്ത് ടിന്നിൻറെ ചലനം വീക്ഷിച്ചു. അത് സാവധാനം ചലിച്ചുതുടങ്ങി പിന്നെ അതിൻറെ വേഗത കൂടിക്കൂടിവന്നു.

ഒടുവിൽ വടക്കുഭാഗത്തുള്ള ഒരു ചുഴിയിൽ അത് അപ്രത്യക്ഷമായി. തുടർന്ന് പടിഞ്ഞാറ് ഭാഗത്തേക്കും അവർ വന്ന കിഴക്കുഭാഗത്തേക്കും ടിന്നുകൾ എറിയപ്പെട്ടു. എല്ലാ ടിന്നുകളുടെയും ഗതി ആദ്യത്തേതിൻറേതുപോലെതന്നെയായിരുന്നു.

'ഇതെന്താ ഇങ്ങനെ... നമുക്ക് എങ്ങോട്ടേക്കും പോകാൻ പറ്റില്ലേ...'

ഷാനു കടുത്ത നിരാശയിൽ പറഞ്ഞു.

അതിന് മറുപടിയെന്നോണം രഞ്ജിത് 'S' ചുഴിയിലേക്ക് കൈച്ചൂണ്ടിക്കാണിച്ചു. ഒടുവിൽ നാലാമത്തെ ടിന്ന് ഷാനു തെക്കുഭാഗത്തുള്ള 'S' ആകൃതിയിൽ കറങ്ങുന്ന ചുഴികളുടെ കൂട്ടത്തിലേക്ക് വലിച്ചെറിഞ്ഞു. ടിന്ന് ചെന്ന് വീണതും എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അത് ചുഴിയുടെ ചലനത്തോടൊപ്പം മുന്നിലേക്ക് ചലിക്കുവാൻ ആരംഭിച്ചു.

എല്ലാവരും പരസ്പരം നോക്കി തങ്ങളുടെ ആശ്ചര്യം പ്രകടിപ്പിച്ചു. അപ്പോഴേക്കും രഞ്ജിത്ത് ചുഴിയിലേക്ക് ബോട്ട് ചലിപ്പിച്ചിരുന്നു. ജോംസി മിസ്സിൻറെ കൈയ്യിൽനിന്നും തുഴ വാങ്ങി താരയും തുഴച്ചിലിൽ ഒരു കൈനോക്കി. എല്ലാവരും അവരുടെയുള്ളിൽ പൊന്തിവന്ന സന്തോഷം ഒരുനിമിഷത്തേക്ക് ഒതുക്കിവച്ചു. നിമിഷങ്ങൾക്കകം 'S' ചുഴിയിലേക്ക് അവരുടെ ബോട്ട് പ്രവേശിച്ചു. മെർക്കുറിയെന്ന രഹസ്യലോകത്തേക്കുള്ള അവരുടെ യാത്രയിലെ അവസാന കടമ്പകൂടിയായിരുന്നു അത്.

******************

ഇറ്റുവീഴുന്ന വെള്ളത്തുള്ളികൾ മുഖത്ത് വീണപ്പോഴാണ് പ്രൊഫസർ നിക്കോൾസനു ബോധം തിരികെ ലഭിച്ചത്. തലയ്ക്കുള്ളിൽ പൊട്ടിത്തെറികൾ നടക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. ഒരുവിധത്തിൽ കൈകുത്തി എഴുന്നേറ്റപ്പോൾ തല എന്തിലോ ചെന്നിടിച്ചു.

'ഹോ...'

അയാൾ തല താഴ്ത്തിനിന്ന് ചുറ്റും നോക്കി. മുഴുവൻ ഇരുൾ മൂടിയിരിക്കുന്നു. അയാൾ ചുറ്റും കൈകൾകൊണ്ട് തപ്പുവാൻ ആരംഭിച്ചു. ആ പരിശോധനയിൽ താൻ ഏതോ ഭൂഗർഭ മൺപാതയിലാണെന്ന് അയാൾക്ക് മനസ്സിലായി.

'തനിക്കെന്താണ് സംഭവിച്ചത്..!'

ബോധം പോകുന്നതിന് തൊട്ടുമുൻപുള്ള കാര്യങ്ങൾ ഓർത്തെടുക്കുവാൻ അയാൾ നല്ല പോലെ പരിശ്രമിച്ചു. അവസാനമായി ഒരു മുറിയിൽ കയറിയതും അതിൽ കണ്ട ഒരു വാതിൽ തുറന്നപ്പോൾ താഴേക്ക് വീണുപോയതുമെല്ലാം അവ്യക്തമായി അയാളുടെ മനസ്സിലൂടെ കടന്നുപോയി. ഒടുവിൽ സമയം നോക്കുവാനായി തൻറെ വാച്ചിൻറെ ലൈറ്റ് ഓണാക്കിയതും നിക്കോൾസൺ ഞെട്ടിപ്പോയി..!

# ഇരുപത്തിയൊന്ന്

തൻറെ വാച്ചിൽനിന്നും പ്രൊഫസർ നിക്കോൾസൺ ആ സത്യം തിരിച്ചറിഞ്ഞു. താൻ രണ്ടുദിവസമായി വീണിടത്തുതന്നെ ബോധമില്ലാതെ കിടന്നിരിക്കുന്നു..! ഇനിയെങ്ങനെ പുറത്തു കടക്കുമെന്ന ചിന്തയിൽ അയാൾ ചുറ്റും നോക്കി. ചുറ്റുപാടുമുള്ള കനത്ത ഇരുട്ടിനെ തരണംചെയ്യാൻ അയാളുടെ വാച്ചിൻറെ ചെറിയ വെളിച്ചത്തിന് സാധിച്ചില്ല. ഒടുവിൽ ഒരു വിധത്തിൽ തപ്പിയും തടഞ്ഞും ചുവരിൽ പിടിച്ചുപറ്റി അയാൾ മുന്നിലേക്ക് നടന്നു. കുറച്ചുകൂടി നടന്നപ്പോൾ എവിടെനിന്നോ അയാളുടെ തലയിലേക്ക് തുള്ളിതുള്ളിയായി വെള്ളം വീണു. നിക്കോൾസൺ കുറച്ചു സമയം അവിടെത്തന്നെ നിന്നു. തലയിലേക്ക് തണുത്ത ജലം വീണപ്പോൾ അയാളിൽ പുതിയൊരുന്മേഷം രൂപംകൊണ്ടു. ആർത്തിയോടെ വാ തുറന്ന് ഒലിച്ചുവീഴുന്ന വെള്ളം കുറച്ചയാൾ അകത്താക്കി. തൻറെ തൊണ്ടയിൽനിന്നും ആമാശയം വരേയ്ക്കും വെള്ളം പോകുന്ന ഗതി അയാൾക്ക് തിരിച്ചറിയുവാൻ കഴിഞ്ഞു.

'ഹോ...'

അൽപ്പം ഊർജ്ജം തിരിച്ചുകിട്ടിയ ആശ്വാസത്തിൽ അയാൾ തലകുടഞ്ഞു. വാച്ചിലെ വെളിച്ചം അൽപ്പംകൂടി വർദ്ധിപ്പിച്ചശേഷം നിക്കോൾസൺ ഇരുവശത്തുമുള്ള മൺഭിത്തിയിൽ ചെറിയൊരു പരിശോധന നടത്തി. കുറച്ചുസമയം ഭിത്തിയിൽ ചെവിയോർത്തപ്പോൾ ആ മണൽഭിത്തിയുടെ ഉള്ളിലൂടെ നീരൊഴുക്കുണ്ടെന്നയാൾക്ക് മനസ്സിലായി. പ്രകാശം താഴേക്ക് താഴ്ത്തിപ്പിടിച്ചുകൊണ്ട് നിക്ക് മുന്നോട്ടു നടന്നു. നടക്കും തോറും ആ വഴി കൂടുതൽ ഇടുങ്ങിയതായി മാറുവാൻ തുടങ്ങി. ഒടുവിൽ കഷ്ടിച്ച് ഒരാൾക്ക് ചരിഞ്ഞുമാത്രം നടക്കാവുന്ന രീതിയിലേക്ക് ആ പാത ചുരുങ്ങി. എന്നിട്ടും ഞെങ്ങിഞെരിഞ്ഞ് അയാൾ മുന്നോട്ടുതന്നെപോയി. അതേ സ്ഥിതിയിൽ വീണ്ടും കുറച്ചു ദൂരംകൂടി പോയാൽ താൻ ഞെരിഞ്ഞ് ചാവുമെന്ന് അയാൾക്ക് തോന്നിപ്പോയി. അതോടൊപ്പം നിക്കോൾസന് വല്ലാത്ത ഒരു ശ്വാസംമുട്ടലും അനുഭവപ്പെട്ടു. അപ്പോഴും ഭിത്തിക്കുള്ളിലൂടെയുള്ള വെള്ളത്തിൻറെ ഒഴുക്കിൻറെ ശബ്ദം അയാൾക്ക് അവ്യക്തമായി കേൾക്കാമായിരുന്നു. ആ ഞെരുങ്ങിയ സ്ഥലത്തുനിന്നും എങ്ങിനെയെങ്കിലും പുറത്തുകടക്കാൻ മുന്നോട്ട് നോക്കിയപ്പോൾ സന്തോഷിക്കാനുള്ള വക അവിടെയുണ്ടായിരുന്നു. കാരണം എവിടെനിന്നോ ചെറുപൊട്ടുപോലെ ഒരിറ്റുവെളിച്ചം..!

നിക്കോൾസൺ നല്ലരീതിയിൽ ശ്വാസം അകത്തേക്കെടുത്തു. അപ്പോഴേക്കും വയർ ഉള്ളിലേക്ക് വലിഞ്ഞു. വീണ്ടും അയാൾ തൻറെ ശരീരം മുന്നിലേക്ക് ചൂഴ്ന്നുകയറ്റി.

ഇടയ്ക്കൊന്ന് ശ്വാസം വിട്ടപ്പോൾ ഭിത്തിയിൽ ഞെരുങ്ങി തൻറെ വയർ പൊട്ടിപ്പോകുമോ എന്നുപോലും അയാൾ ഭയന്നു.

'ദൈവമേ.... ഇത് എന്തൊരു പരീക്ഷണം..?'

ഇടുങ്ങിയ ചുവരുകൾക്കിടയിൽ മുന്നോട്ടും പിന്നോട്ടും പോകുവാൻ കഴിയാതെ ഞെരുങ്ങിനിന്നുകൊണ്ട് അയാൾ തീരെ സാവധാനത്തിൽ രണ്ടുമൂന്നുതവണ ശ്വാസോച്ഛ്വാസം നടത്തി. വീണ്ടും യാതനകൾ സഹിച്ച് കുറച്ചുകൂടി മുന്നിലേക്ക് നീങ്ങിയപ്പോൾ ചുവരുകൾ തമ്മിലുള്ള അകലം കുറയുന്നതായും അന്തരീക്ഷത്തിൽ അസഹനീയമാംവിധം തണുപ്പ് വർദ്ധിച്ചതായും അയാൾക്ക് മനസ്സിലായി.

ഭിത്തിക്ക് നല്ല ഈർപ്പമുണ്ടായിരുന്നതിനാൽ അയാളുടെ ശരീരത്തിലും വസ്ത്രങ്ങളിലുമായി മുഴുവൻ നനവ് പടർന്നിരുന്നു. അതോടൊപ്പം തണുപ്പുകൂടിയായപ്പോൾ അയാളുടെ ശരീരം വിറയ്ക്കുവാനുമാരംഭിച്ചു. പക്ഷേ മുന്നോട്ടുള്ള യാത്രയിൽ ഇരുട്ടിൻറെ കട്ടി കുറഞ്ഞുവന്നു. അതോടൊപ്പം വഴി രണ്ടായി പിരിയുന്നതാണ് നിക്കോൾസൺ കണ്ടത്.

'ഇടതോ അതോ വലതോ..?'

അയാൾ ആകെ അങ്കലാപ്പിലായി. കുറച്ചുസമയം ആലോചിച്ചു നിന്നശേഷം വരുന്നത് വരട്ടേയെന്ന് മനസ്സിൽ കരുതിക്കൊണ്ട് ഇടതുവശത്തുകണ്ട വഴിയിലൂടെ അയാൾ നടന്നുതുടങ്ങി. ഒരുപാടുദൂരം നടന്നിട്ടും പ്രത്യേകിച്ച് ഒന്നുംതന്നെ നിക്കിന് കാണുവാൻ സാധിച്ചില്ല. വീണ്ടും അവശതയോടെ അയാൾ മുന്നോട്ടുപോയി. തറനിരപ്പ് ഉയർന്നുവരുന്നതായി തോന്നിത്തുടങ്ങിയപ്പോൾ അയാളുടെ മനസ്സിൽ ചെറിയ പ്രതീക്ഷയുദിച്ചു. തളർന്നു തുടങ്ങിയ ശരീരത്തെ ഊർജ്ജസ്വലമാക്കി നിക്കോൾസൺ ഭൂഗർഭപാതയുടെ കയറ്റം കയറിത്തുടങ്ങി.

കാലുകൾ അസഹനീയമായി വേദനിച്ചിട്ടും അയാൾ വിശ്രമിച്ചില്ല. ഉയർന്നുയർന്നുവരുന്ന തറനിരപ്പിലൂടെ അയാൾ വേഗതയിൽ മുന്നേറി. പൊടുന്നനെയാണ് തനിക്ക് ഊർജ്ജം പകർന്നു തന്ന വഴി തൊട്ടുമുന്നിലായി അവസാനിച്ചുവെന്ന നഗ്നസത്യം നിക്ക് തിരിച്ചറിഞ്ഞത്. വാച്ചിൻറെ പ്രകാശത്തിൽ ആ വഴിയുടെ അറ്റം വലിയൊരു കവാടം പോലെ തോന്നിച്ചു. ഒടുവിലത്തെ പ്രതീക്ഷയും അസ്തമിച്ചതോടെ നിക്കോൾസൺ നിലത്തേക്ക് മുട്ടുകുത്തിയിരുന്നു.

ഒരിറ്റുവെള്ളത്തിനായി വെപ്രാളത്തോടെ അയാൾ ചുറ്റും പരതി. ഒടുവിൽ നിരാശയോടെ വീണ്ടും നിലത്തേക്ക് തളർന്നിരുന്നു. ആ ഇരിപ്പിൽ അയാളുടെ കണ്ണുകൾ നിറഞ്ഞു.

'ഇനി തിരുച്ചുനടന്നാൽ ഉറപ്പായും വഴിമദ്ധ്യേ ഞാൻ മരിച്ചു വീഴും.' നിക്ക് സ്വയം പറഞ്ഞു.

ഒരുപാടുനേരമായി തന്നെയലട്ടുന്ന വേദന സഹിക്കുവാനാവാതെ അയാൾ കാലിൽ നിന്നും ഷൂ അഴിച്ചുമാറ്റി. വാച്ചിൻറെ പ്രകാശത്തിൽ കാലിലെ ചൊള്ളച്ചു

പൊട്ടിയ പാടുകൾ പ്രതിഭലിച്ചു.

'എൻറെ ലക്ഷ്യം... ജീവിതം... എല്ലാം ഇവിടെ അവസാനിച്ചു...' ദേഷ്യത്തിൽ അയാൾ തൻറെ ഷൂ എടുത്ത് തനിക്ക് തടസ്സമായ കവാടത്തിലേക്ക് വലിച്ചെറിഞ്ഞു.

'ക്ലിംഗ്...'

ഷൂവിൻറെ അടിഭാഗത്തെ ലോഹഭാഗം എന്തിലോ ചെന്നു കൊണ്ട ശബ്ദം കേട്ടപ്പോൾ അയാൾ നിലത്തുനിന്നും പിടഞ്ഞെഴുന്നേറ്റു. വാച്ചിൻറെ പ്രകാശം പരമാവധിയാക്കി തനിക്കുമുന്നിലുള്ള കവാടത്തിൻറെ അടുത്തേക്ക് ആകാംക്ഷയോടെ അയാൾ നടന്നുനീങ്ങി. അതിൻറെ അടുത്തേക്കെത്തിയപ്പോൾ അത് വൃത്താകൃതിയിൽ നിർമിച്ചിട്ടുള്ള ഇരുപതടിയെങ്കിലും ഉയരമുള്ള വലിയൊരു വാതിൽപോലെ അയാൾക്ക് തോന്നി. ഷൂ ചെന്ന് എന്തിലാണ് തട്ടിയതെന്നറിയാൻ നടത്തിയ പരിശോധനയിൽ ആ കവാടത്തിൻറെ അടിഭാഗത്ത് പായൽ പടർന്നുപിടിച്ച ഒരു ലോഹക്കസേരയെ അയാൾ കണ്ടെത്തി. ആ ലോഹക്കസേരയിൽ അതിൽ ഇരിക്കുന്നയാളുടെ കൈകളും കാലുകളും ബന്ധിപ്പിക്കുവാനുള്ള സജ്ജീകരണങ്ങളുമുണ്ടായിരുന്നു.

നിക്കോൾസൺ പോക്കറ്റിൽ കിടന്നിരുന്ന മിനി ടൂൾസെറ്റ് പുറത്തെടുത്തു. അതിൽ പേനാക്കത്തി പോലുള്ള ചെറിയ ആയുധങ്ങളുണ്ടായിരുന്നു. അതിലൊന്നുപയോഗിച്ച് ലോഹക്കസേരയുടെ കുറച്ചുഭാഗത്ത് പായൽ അയാൾ ചുരണ്ടിക്കളഞ്ഞു. വീണ്ടുമുള്ള പരിശോധനയിൽ ആ കസേര സ്വർണ്ണംകൊണ്ട് നിർമ്മിച്ചതാണെന്ന സത്യം നിക്കോൾസൺ തിരിച്ചറിഞ്ഞു. വാച്ചിലെ പ്രകാശം അതിലെ ചുരണ്ടിയ ഭാഗത്ത് തട്ടി പ്രതിഫലിച്ചു. അതോടൊപ്പം മുകളിനിന്നും ചെറിയൊരു പ്രതിഫലനം തിരിച്ചെത്തിയത് കണ്ട് നിക്കോൾസൺ മുകൾഭാഗത്തേക്ക് നോക്കി. അവിടെയും ലോഹനിർമ്മിതമായ എന്തോ ഒന്ന് സ്ഥിതിചെയ്യുന്നുണ്ടെന്ന് അയാൾ ഊഹിച്ചു.

പക്ഷേ അത്രയും ഉയരത്തിൽ കാഴ്ച വ്യക്തമല്ലാത്തതിനാൽ കവാടത്തിൽ ബന്ധിപ്പിച്ചിരിക്കുന്ന കസേരയിലേക്ക് അയാൾ ചവിട്ടിക്കയറി. എന്നിട്ട് വാച്ച് മുകളിലേക്ക് പരമാവധി ഉയർത്തിപ്പിടിച്ചു. എന്നിട്ടും അത് എന്താണെന്ന് വ്യക്തമാകാതിരുന്നപ്പോൾ അയാൾ തള്ളവിരലിൽ കുത്തിനിന്ന് കുറച്ചുകൂടി മുകളിലേക്ക് ഉയർന്നു. ആ നോട്ടത്തിൽ മുകളിലും സ്വർണ്ണത്താൽ തീർത്ത എന്തോ വസ്തുവാണെന്ന് അയാൾക്ക് മനസ്സിലായി. അതിലേക്ക് സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നപ്പോഴാണ് അപ്രതീക്ഷിതമായി തള്ളവിരൽ തെന്നി അയാൾ കസേരയിലേക്കുതന്നെ വീണത്.

ആ വീഴ്ചയിൽ അയാളുടെ കൈകളും കാലുകളും അതിൽ കൃത്യമായി ബന്ധിക്കപ്പെട്ടു. വെപ്രാളത്തോടെ അയാൾ കസേരയിൽനിന്നും എഴുന്നേൽക്കുവാൻ ശ്രമിച്ചു. പക്ഷേ എത്ര ശ്രമിച്ചിട്ടും നോക്കോൾസന് അതിന് കഴിഞ്ഞില്ല. പെട്ടെന്ന് കവാടത്തിൻറെ മുകൾഭാഗത്തെ ഏതോ ലോഹഭാഗം ഞരക്കത്തോടെ തെന്നിമാറി. അതോടൊപ്പം കടുപ്പമേറിയ സൂര്യപ്രകാശം നിക്കിൻറെ മുഖത്തേക്കു തന്നെപതിച്ചു.

'ഹാ...'

അയാളുടെ കണ്ണുകൾക്ക് പെട്ടെന്നുള്ള പ്രകാശതീവ്രതയെ ചെറുത്തുനിൽക്കുവാൻ കഴിഞ്ഞില്ല. കണ്ണുകൾ പൊത്താനായി കൈകൾ ഉപയോഗിക്കുവാനും കഴിയുന്ന സന്ദർഭമായിരുന്നില്ല അത്. കസേരയിലിരുന്നുകൊണ്ട് അയാൾ ഞെരിപിരികൊണ്ടു. അതോടൊപ്പം കൈയ്യും കാലും സ്വതന്ത്രമാക്കാനും അയാൾ പലതവണ ശ്രമിച്ചു. ഒടുവിൽ താൻ ഒരു ഊരാക്കുടുക്കിലാണ് അകപ്പെട്ടതെന്ന് അയാൾക്ക് മനസ്സിലായി. സൂര്യപ്രകാശവുമായി തൻറെ കണ്ണുകൾ പൊരുത്തപ്പെട്ടുവെന്ന് ബോധ്യമായപ്പോൾ എങ്ങനെയും അവിടെനിന്നും രക്ഷപെടുവാനായി അയാൾ ആ കസേരയെ മുഴുവനായി നോക്കി. താൻ തല വെട്ടാൻ വിധിക്കപ്പെട്ട ഒരു കുറ്റവാളിയെപ്പോലെ ബന്ധിപ്പിക്കപ്പെട്ടല്ലോയെന്ന് നിക്കോൾസൺ ഓർത്തുപോയി. അപ്പോഴാണ് ഇരുട്ടിൽ മുകളിൽ കണ്ട ലോഹവസ്തു എന്താണെന്ന് കണ്ടെത്തുന്നതിനെപ്പറ്റി അയാൾ ചിന്തിച്ചത്..!

**********************************

കരയിലേക്ക് വീശുന്ന തണുത്ത കാറ്റ് ജോംസിമിസ്സിനെ കൂടുതൽ ഉന്മേഷവതിയാക്കി. ഇതേസമയം ബോട്ടിൽ നിന്നും എല്ലാവരും സാധനസാമഗ്രികൾ പുറത്തേക്കെടുത്തുവയ്ക്കുകയായിരുന്നു.

'മിസ്സ്... നമ്മുടെ പ്രൊഫസർ വന്ന ബോട്ട് ഇവിടെയെങ്ങും കാണുന്നില്ലല്ലോ...' ഷാനു പറഞ്ഞു.

'അതാണ് ഞാനും നോക്കുന്നത്...' ജോംസി മിസ്സിൻറെ നിരാശ കലർന്ന കണ്ണുകൾ ചുറ്റും പരതിക്കൊണ്ടിരുന്നു.

'എല്ലാവരും അങ്ങോട്ടേക്ക് നോക്കിയേ...' റൂബി ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് എല്ലാവരും ഒരുപോലെ നോക്കി. അങ്ങകലെയായി ഒരു കോട്ടയുടേതുപോലെ തോന്നിക്കുന്ന ഒന്നിൻറെ മുകൾഭാഗം ഉയർന്നുനിൽക്കുന്നു. അത് കണ്ടതും അവരെല്ലാവരും ഒരുമിച്ച് ആരവങ്ങൾ മുഴക്കി.

'ഹോ... അങ്ങനെ നമ്മളും മെർക്കുറി ഐലൻറ് കീഴടക്കിയിരിക്കുന്നു...' അലക്സ് സന്തോഷത്തോടെ പറഞ്ഞു.

‘ഇവിടെമൊത്തം എന്തോ പ്രത്യേകതപോലെ തോന്നുന്നു... ഇതുവരെ എങ്ങും കണ്ടിട്ടില്ലാത്ത വ്യത്യസ്തമായ പ്രകൃതി...’ രഞ്ജിത്ത് ചുറ്റും വീക്ഷിച്ചുകൊണ്ട് പറഞ്ഞു.

അവൻ അതുപറഞ്ഞപ്പോൾ എല്ലാവരും ദ്വീപിൻറെ അന്തരീക്ഷമാകെ വീക്ഷിച്ചു. വ്യത്യസ്തമായ ചെടികളും മരങ്ങളും മണ്ണും എന്തിന് ദ്വീപിനോട് ചേർന്നുകിടക്കുന്ന വെള്ളത്തിനുപോലും എന്തോ പ്രത്യേകതകളുണ്ടെന്ന് അവർക്കൊക്കെ തോന്നി.

‘നമ്മൾ ഇനിയെന്തെടുക്കും..?’ വിക്കി മിസ്സിനെ നോക്കി ചോദിച്ചു.

‘എല്ലാവരും അവരവരുടെ സാധനങ്ങളെടുത്ത് നടക്കുക. നമുക്ക് എത്രയുംവേഗം ആ പാലസിലെത്തണം....പ്രൊഫസർ അവിടെയുണ്ടാവും...’ അത് കേട്ടപ്പോൾ രഞ്ജിത്ത് മുന്നിലേക്ക് വന്നു.

‘മിസ്സിന് പറയുന്നതിൽ ഒന്നും തോന്നരുത് നമ്മൾ എല്ലാവരും ഇപ്പോൾ ക്ഷീണിതരാണ്. ഇവിടെനിന്നും നോക്കിയിട്ടുതന്നെ ആ പാലസിലേക്ക് നല്ല ദൂരമുണ്ട്. നമുക്ക് എന്തെങ്കിലും ഉണ്ടാക്കി കഴിച്ചശേഷം നടത്തം ആരംഭിക്കാം. അതാകുമ്പോൾ കുഴപ്പമൊന്നുമില്ലല്ലോ...’ രഞ്ജിത്ത് പറഞ്ഞതിനോട് അവരെല്ലാവരും യോജിച്ചു.

‘എങ്കിൽപ്പിന്നെ ഒരുകാര്യംകൂടി പറയാം. ഇത്രയും ദിവസം പെണ്ണുങ്ങൾ പാചകം ചെയ്തില്ലേ. ഒരു ചേഞ്ചിന് ഇന്ന് ഞങ്ങൾ ആണുങ്ങൾ ഭക്ഷണമുണ്ടാക്കാം...’ രഞ്ജിത്ത് പറഞ്ഞത് കേട്ടപ്പോൾ ആൺകുട്ടികൾ വല്ലാത്ത രീതിയിൽ അവനെ നോക്കി.

‘എങ്കിൽപ്പിന്നെ അങ്ങനെയാവട്ടെ... ആ സമയത്ത് ഞങ്ങളും മിസ്സുംകൂടി ഇവിടെ അടുത്തൊക്കെ ഒന്ന് നടന്നിട്ട് വരാം...’ റൂബി സന്തോഷത്തിൽ പറഞ്ഞു.

‘എന്തായാലും നിങ്ങൾ തനിച്ച് പോവണ്ട... റ്റോജിയെയും കൂട്ടിക്കോളൂ...’ അത് കേട്ടപ്പോൾ റ്റോജിക്ക് ആശ്വാസമായി. അവൻ നന്ദിയോടെ രഞ്ജിത്തിനെ നോക്കി.

‘എന്നാ ഞങ്ങള് ഒന്ന് ചുറ്റിയിട്ട് വരാവേ... ചേട്ടന്മാർ എന്തേലുമൊക്കെ ഉണ്ടാക്ക്...’ അതും പറഞ്ഞ് റ്റോജി മുന്നിൽക്കയറി നടന്നു. പെൺകുട്ടികളും ജോംസി മിസ്സും ചിരിച്ചുകൊണ്ട് അവനെ അനുഗമിച്ചു.

ഇതേസമയം ഭൂഗർഭപാതയ്ക്കുള്ളിലെ കസേരയിൽ കുടുങ്ങിപ്പോയ പ്രൊഫസർ നിക്കോൾസൺ തീർത്തും അവശനിലയിലേക്കെത്തിയിരുന്നു..!

# ഇരുപത്തിരണ്ട്

അവശതയിൽ ഇരുന്നുകൊണ്ട് പ്രൊഫസർ നിക്കോൾസൺ സൂര്യപ്രകാശം കടന്നുവരുന്ന മുകൾഭാഗത്തെ ചതുരാകൃതിയിലുള്ള ദ്വാരത്തിലേക്ക് സൂക്ഷിച്ചുനോക്കി. അതിലൂടെ ആകാശത്തിൻറെ നീലനിറം മാത്രമാണ് കാണുവാൻ സാധിച്ചത്. ശേഷം ലോഹക്കസേര ഘടിപ്പിച്ചിരുന്ന വൃത്താകൃതിയിലുള്ള കവാടത്തിലേക്ക് ഒരിക്കൽക്കൂടിനോക്കി. അതിൻറെ മുകളിലായുണ്ടായിരുന്ന സ്വർണ്ണത്തിൽതീർത്ത വലിയ കൊളുത്തിലാണ് ആ കവാടം അടയ്ക്കപ്പെട്ടിരുന്നതെന്ന് അൽപ്പം മുൻപേ അയാൾ കണ്ടെത്തിയിരുന്നു.

സ്വർണ്ണ നിർമ്മിതമായ ആ കൊളുത്തിന് അസാമാന്യം വലിപ്പമുണ്ടായിരുന്നു. സാധാരണക്കാരനായ ഒരു മനുഷ്യന് തുറക്കുവാനാവാത്തത്ര ഉയരത്തിലായിരുന്നു അത് സ്ഥാപിച്ചിരുന്നത്. എങ്ങനെയും ആ കൊളുത്ത് തുറക്കുക മാത്രമാണ് ഇനി തനിക്ക് രക്ഷപെടാനുള്ള ഏക മാർഗ്ഗമെന്ന് അയാൾ ഉറപ്പിച്ചു.

പക്ഷേ ഇരുന്നിടത്തുനിന്നും ഒന്ന് അനങ്ങുവാൻപോലും സാധിക്കാതെ കവാടത്തിൻറെ കുടുക്കിൽ അകപ്പെട്ടുപോയ തനിക്ക് അതെങ്ങനെ സാധിക്കുമെന്നോർത്തപ്പോൾ വീണ്ടും നിരാശയായിരുന്നു ഫലം. രണ്ടുദിവസമായി കൃത്യമായ ആഹാരവും വെള്ളവും കൊടുക്കാത്തതിലുള്ള ശരീരത്തിൻറെ പ്രതിഷേധമെന്ന നിലയിൽ അയാൾക്ക് ദേഹമാസകലം വിറയൽ ബാധിച്ചിരുന്നു. കണ്ണിൽനിന്നും കവിളുകളിലേക്കും തുടർന്ന് ചുണ്ടുകളിലേക്കും കണ്ണുനീർ ഒലിച്ചിറങ്ങി. ഗത്യന്തരമില്ലാതെ ഒന്ന് നാവ് നനയ്ക്കാനായി ചുണ്ടിൽ നിന്നും അയാൾ ആ കണ്ണുനീർ ഉള്ളിലാക്കി. കുറച്ചു നേരം കണ്ണുകളടച്ച് ദൈവത്തോട് പ്രാർത്ഥിച്ച ശേഷം എന്തെങ്കിലുമൊരു മാർഗ്ഗം കണ്ടെത്തുവാനായി അയാൾ ഒരിക്കൽകൂടി ചുറ്റും നിരീക്ഷിച്ചു.

താൻ കടന്നുവന്ന വഴി ഇരുട്ടിൽ മൂടിക്കിടക്കുന്നു. മുകളിലൂടെ സൂര്യപ്രകാശം അരിച്ചിറങ്ങുന്നു. ബന്ധനസ്ഥനായാണെങ്കിലും താൻ വിജയത്തിനടുത്ത് എത്തിയിരിക്കുന്നുവെന്ന് അയാൾ ഓർത്തു. പുറംലോകത്തിലേക്ക് ഒരു കവാടത്തിൻറെ ദൂരം മാത്രം...!

സമനില കൈവരിക്കാനായി രണ്ടുമൂന്നുതവണ പ്രൊഫസർ ദീർഘശ്വാസമെടുത്തു. എന്നിട്ട് ശാന്തതയോടെ രക്ഷപ്പെടാനായി എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നാലോചിച്ചു.

എന്തൊക്കയോ ചിന്തിച്ചുകൂട്ടുന്നതിനിടയിലാണ് തനിക്കു കിട്ടിയ പുസ്തകത്തിലൂടെ ഫ്ളോറിഡയിൽവച്ചുതന്നെ താൻ കൈവരിച്ച ഒരു കഴിവിനെപ്പറ്റി അയാൾക്ക് ഓർമ്മ വന്നത്. ഒരു വസ്തുവിനെ സ്പർശിക്കാതെതന്നെ ചലിപ്പിക്കുവാനുള്ള വിദ്യ ആ പുസ്തകം അയാൾക്ക് സമ്മാനിച്ചിരുന്നു.

പക്ഷേ തികഞ്ഞ ഏകാഗ്രതയോടെ മാത്രമേ ആ കഴിവ് പ്രാവർത്തികമാക്കുവാൻ കഴിയൂ എന്ന് അയാൾക്ക് ബോധ്യമുണ്ടായിരുന്നു. അതിനായി തളർന്ന് പരവശമായിത്തീർന്ന തൻറെ മനസ്സിന് ഉണർവേകാൻ നിക്കോൾസൺ തീരുമാനിച്ചു. മനസ്സിനെ തൃപ്തിപ്പെടുത്തുവാൻ തക്കവണ്ണം ഓർമ്മകളോ കാര്യങ്ങളോ കണ്ടെത്താൻ ശ്രമിക്കുന്നതിനിടയിലാണ് ഒരു മിന്നൽപോലെ ജോംസി മിസ്സിൻറെ മുഖം അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നത്. അവരുടെ പുഞ്ചിരിച്ച മുഖവും കേൾക്കുന്നവർക്ക് ഊർജ്ജം പകരുന്ന സംസാരരീതിയും താനുമായി സംസാരിച്ച നിമിഷങ്ങളുമെല്ലാം അയാൾ കണ്ണുമൂടി ഓർത്തെടുത്തു.

മെർക്കുറിയിൽ നിന്നും തിരിച്ചെത്തിയാലുടൻ അവരോട് തൻറെ ഇഷ്ടം തുറന്നുപറയുകയും കല്യാണം കഴിച്ച് അവരുമായ് ലോകം ചുറ്റുകയും ഒടുവിൽ തൻറെ അതേ ഛായയിലുള്ള ഒരു ആൺകുഞ്ഞിന് അവർ ജന്മം നൽകുന്നതുമെല്ലാം അയാൾ ഒരു സ്വപ്നംപോലെ മനസ്സിൽ കണ്ടു. അത്രയും കാര്യങ്ങൾ ഓർമ്മയിലൂടെ കടന്നുപോയപ്പോൾത്തന്നെ നിക്കിൻറെ മനസ്സിൽ സന്തോഷമലതല്ലി. ഒരു പുതിയ ഉന്മേഷത്തോടെ അയാൾ കണ്ണുകൾ തുറന്നു. എന്നിട്ട് തൻറെ നേർമുകളിലായി സ്ഥിതിചെയ്യുന്ന കൊളുത്തിലേക്ക് സൂക്ഷിച്ചു നോക്കി. പുസ്തകത്തിൽ പറഞ്ഞിരുന്നതുപോലെതന്നെ മുന്നിൽ കണ്ട കാഴ്ചയെ മനസ്സിൽ പ്രതിഫലിപ്പിച്ചു. എന്നിട്ട് അതിന് വരുത്തേണ്ട മാറ്റം മനസ്സിലൂടെ നടപ്പിലാക്കി.

അത് കൃത്യമായി മൂന്നുനാല് തവണ മാറ്റമില്ലാതെ മനസ്സിലൂടെ ചെയ്തുനോക്കിയശേഷം കൊളുത്തിലേക്ക് വീണ്ടും അയാൾ ദൃഷ്ടിയുറപ്പിച്ചു. മനസ്സിൽ വരുത്തിയ കൊളുത്തിൻറെ മാറ്റം തീവ്രമായി അതിൽ നോക്കി ഒന്നുകൂടി ഓർമ്മയിലേക്ക് കൊണ്ടുവന്നു. പക്ഷേ അയാൾ ചിന്തിച്ച കാഴ്ചയുമായി നേരിയ വ്യത്യാസമുണ്ടായതിനാൽ കൊളുത്തിന് ഒരു മാറ്റവും സംഭവിച്ചില്ല. എന്നിട്ടും തളരാതെ നിക്കോൾസൺ വീണ്ടും കണ്ണുകൾ ഇറുക്കിയടച്ചു. എന്നിട്ട് കൃത്യമായി കൊളുത്തിന് വരുത്തേണ്ട മാറ്റം ഒരിക്കൽക്കൂടി മനസ്സിൽ കുറിച്ചിട്ടു. ശേഷം വീണ്ടും കൊളുത്തിലേക്ക് നോക്കി. ഇതിൽ താൻ പരാജയപ്പെട്ടാൽ തൻറെ മരണം ആ ലോഹക്കസേരയിലാണെന്നയാൾ കണക്കുകൂട്ടിയിരുന്നു. ആ വലിയ കൊളുത്തിലേക്ക് ഒരിക്കൽക്കൂടി നോക്കിയപ്പോൾ ചെറിയൊരു ആധി വീണ്ടും അയാളെ ബാധിച്ചു. കാരണം ലാബിൽ തൂക്കിയിട്ടിട്ടുള്ള നിസ്സാരമായ ഒരു അസ്ഥികൂടം മാത്രമാണ് അയാൾ അതുവരെ ചലിപ്പിച്ചിട്ടുള്ളത്.

ഇത്തരത്തിൽ ബന്ധിപ്പിച്ചിരിക്കുന്ന ഒരു കൊളുത്തിൽ ആ പ്രവർത്തി എത്രത്തോളം വിജയം കാണുമെന്ന് നിക്കോൾസൺ ആശങ്കപ്പെട്ടു. എങ്കിലും പുറത്തുകടക്കുവാനുള്ള അതിയായ ആഗ്രഹത്തിൽ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം ഒരിക്കൽക്കൂടി കുടിയേറി. മനസ്സിൽ കോറിയിട്ട ദൃശ്യങ്ങൾ കൃത്യതയോടെ അയാൾ ആ കൊളുത്തിലേക്ക് പായിച്ചു. അതോടൊപ്പം പ്രൊഫസറുടെ നെറ്റിയിൽ വിയർപ്പുകണങ്ങളും ഉറപൊട്ടിയൊഴുകി. നിമിഷങ്ങളോളം നീണ്ടുനിന്ന ആ മാനസ്സിക മൽപ്പിടുത്തത്തിനൊടുവിൽ വലിയ ശബ്ദത്തോടെ ആ കൊളുത്ത് പൊട്ടിത്തകർന്നുപോയി. അതോടൊപ്പംതന്നെ ആ കവാടം പുറത്തേക്ക് മലർക്കെ തുറക്കപ്പെട്ടു.

അതിൽ ബന്ധിക്കപ്പെട്ട പ്രൊഫസർ ലോഹക്കസേരയിൽ ബലമായി അമർത്തിപ്പിടിച്ചിരുന്നു. കവാടത്തിൻറെ തുറക്കപ്പെട്ട വാതിൽ എന്തിലോ വന്നിടിച്ച് നിന്നു. ഇടിയുടെ ആഘാതത്തിൽ പ്രൊഫസറുടെ കണ്ണുകൾ തള്ളിപ്പോയി. ഒരു ചെറുവാതിൽ ഭിത്തിയിൽ ചെന്നിടിച്ച് ആടുന്നതുപോലെ അതും രണ്ടു മൂന്നുതവണ അയാളുമായി മുന്നിലേക്കും പിന്നിലേക്കും സഞ്ചരിച്ചു. ഒടുവിൽ വാതിലിൻറെ ആട്ടം നിലച്ചപ്പോൾ അയാൾ കണ്ണുകൾ ഒന്നുരണ്ടുവട്ടം അടച്ചുതുറന്നു. എന്നിട്ട് താൻ എത്തിപ്പെട്ട പുതിയ അന്തരീക്ഷത്തിലേക്ക് ഉറ്റുനോക്കി.

തൽക്ഷണം ഒരു മിന്നൽപ്പിണർ അയാളുടെ പെരുവിരലിലൂടെ ശരീരത്തിലേക്ക് കടന്നുകയറി. അയാൾ ഇരുന്നിടത്തുതന്നെ ഭയത്തോടെ അള്ളിപ്പിടിച്ചിരുന്നു. കാരണം ആ കവാടം തുറക്കപ്പെട്ടത് ഉയരമേറിയ ഏതോ കടലിടുക്കിലേക്കായിരുന്നു. പ്രൊഫസർ താഴേക്ക് നോക്കിയപ്പോൾ കൂടിക്കിടക്കുന്ന പാറക്കെട്ടുകളിലേക്ക് തിരമാലകൾ ക്ഷോഭത്തോടെ അടിച്ചുകയറുന്നത് കണ്ടു. ഏകദേശം നൂറടി താഴ്ചയെങ്കിലും കവാടവും താഴേപ്പരപ്പുമായുണ്ടെന്ന് അയാൾ ഊഹിച്ചു. അപ്പോഴാണ് തൻറെ കൈകളും കാലുകളും സ്വതന്ത്രമാണെന്ന സത്യം അയാൾ തിരിച്ചറിഞ്ഞത്. പക്ഷേ ആ അവസ്ഥയിൽ ലോഹക്കസേരയിൽനിന്നും മാറിയാൽ മരണം സുനിശ്ചിതമായ ഒന്നാണെന്നും പ്രൊഫസർ നിക്കോൾസൻ ഉറപ്പിച്ചു.

കടലിൽനിന്നും ഉയർന്നുനിൽക്കുന്ന പാറക്കെട്ടുകൾ തുരന്നാണ് നീളമേറിയ ആ ഭൂഗർഭപാത നിർമിച്ചിരുന്നത്. കസേരയിൽ ഇരുന്നുകൊണ്ടുതന്നെ അയാൾ താഴെ കടലിലേക്ക് നോക്കി. കടൽവെള്ളത്തിനെ ലക്ഷ്യമാക്കി മുന്നിലേക്ക് ആയത്തോടെ ചാടിയാലും ഒരുപക്ഷെ കടലിൻറെ അടിയിലുള്ള പാറക്കെട്ടിൽ തലയിടിച്ച് മരിക്കുമെന്നയാൾക്ക് തോന്നി.

അപ്പോഴാണ് കവാടം വന്നിടിച്ചുനിന്ന പാറക്കെട്ടിലേക്ക് അയാൾ ഒരുവട്ടം ശ്രദ്ധിച്ചത്. ആ ഒറ്റ നോട്ടം അയാൾക്ക് ചോർന്നുപോയ എല്ലാ ഊർജ്ജവും മടക്കിനൽകി. കവാടവാതിലിൻറെ സമീപത്തുതന്നെ പാറക്കെട്ടുകളിലായി മുകളിലേക്ക് ചവിട്ടിക്കയറാവുന്ന രീതിയിൽ പാറമേൽ ഘടിപ്പിച്ചിരിക്കുന്ന ലോഹപ്പടികൾ. പിടിച്ചുകയറുവാനായി നീളത്തിലുള്ള ഒരു കമ്പിയും ഘടിപ്പിച്ചിരുന്നു.

കമ്പിയിൽമാത്രം പായൽ പടർന്നുപിടിച്ചിരുന്നു. പക്ഷേ കാൽപ്പാദത്തിൻറെ ആകൃതിയിലുള്ള ചവിട്ടുപടികൾ വൃത്തിയോടെ തന്നെ കാണപ്പെട്ടു.

ആ പാദങ്ങളും സ്വർണ്ണനിർമ്മിതമാണെന്ന് ഒറ്റ നോട്ടത്തിൽത്തന്നെ അയാൾക്ക് മനസ്സിലായി. മാത്രമല്ല പ്രൊഫസർക്ക് അനായാസം എത്തിപ്പിടിക്കാവുന്ന അകലത്തിലായിരുന്നു ആദ്യത്തെ ചവിട്ടുപാദം. പിന്നീട് സമയം പാഴാക്കാതെ അയാൾ തൻറെ ഇടതുകൈ കസേരയിൽ ബലമായി പിടിച്ചുകൊണ്ട് വലതു കൈ ലോഹക്കസേരയിൽനിന്നും പിടിവിട്ടുവിച്ചു. എന്നിട്ട് കരുതലോടെ വളരെ സാവധാനത്തിൽ ആദ്യത്തെ സ്വർണ്ണപ്പടിയിൽ മുറുകെപ്പിടിച്ചു. ശേഷം ലോഹക്കസേരയിൽനിന്നും അയാളുടെ ശരീരം സാവധാനത്തിൽ പിൻവലിച്ചു. അതോടൊപ്പം പ്രൊഫസറുടെ വലതുകാൽപ്പാദം ആദ്യത്തെ പടിയിലേക്ക് സ്ഥാനചലനം നടത്തി.

സ്വർണ്ണനിർമ്മിത പടിയിൽ അമർത്തിച്ചവിട്ടിയപ്പോൾ അയാളുടെ കാൽവെള്ളയിലേക്ക് തണുപ്പ് ഇരച്ചുകയറി. ആ തണുപ്പ് അയാളുടെ മനസ്സിനെയാകെ കുളിരുകോരിച്ചു. ധൃതി വെയ്ക്കാതെ വളരെയധികം സൂക്ഷ്മതയോടെ ഓരോ പടിയും അയാൾ ചവിട്ടിക്കയറി. പിടിച്ചുകയറുവാനുള്ള നീളൻ കമ്പിയിൽ പടർന്നു പിടിച്ചിരുന്ന ഒരുതരം പായൽ ഇടയ്ക്കിടെ നിക്കിൻറെ കൈകൾക്ക് വഴുക്കലുണ്ടാക്കി.

ഒടുവിൽ ആയാസപ്പെട്ട് അവസാനത്തെ പടിയിൽ ചവിട്ടി മുകളിലേക്ക് കയറുവാനായി തുടങ്ങുമ്പോഴാണ് സഹായത്തിനായി പ്രൊഫസർ നിക്കോൾസൻറെ നേർക്ക് ഒരു കൈ നീണ്ടുവന്നത്. അതിശയത്തോടെ ആ കൈയ്യുടെ ഉടമയെ നോക്കിയ പ്രൊഫസർ താൻ സ്വപ്നത്തിലാണോ എന്നുപോലും സംശയിച്ചുപോയി. അത്ഭുതത്തോടെ വീണ്ടും വീണ്ടും അയാൾ ആ മുഖത്തേക്ക് ഉറ്റുനോക്കി.

‘ജോംസി മിസ്സ്...’

പതറിയ ശബ്ദത്തിൽ അയാൾ ഉച്ചരിച്ചു..!

# ഇരുപത്തി മൂന്ന്

പാറക്കെട്ടിനുമുകളിൽ നിൽക്കുന്ന ജോംസി മിസ്സിൻറെ കൈയ്യിൽ പിടിച്ച് മുകളിലേക്ക് കയറുമ്പോൾ പ്രൊഫസർ നിക്കോൾസന് താൻ ഏതോ മായിക സ്വപ്നത്തിൽ അകപ്പെട്ടതായി തോന്നിപ്പോയി. കാരണം അയാൾ പ്രതീക്ഷിച്ചതിലും നേരത്തേയുള്ള ഒരു കണ്ടുമുട്ടലായിരുന്നു അത്. മിസ്സിനുപിന്നിൽ നിൽക്കുന്ന തൻറെ പ്രിയപ്പെട്ട വിദ്യാർത്ഥികളെയുംകൂടി കണ്ടപ്പോൾ അയാൾക്ക് അതെല്ലാം വിശ്വസിക്കാതെയിരിക്കുവാനുമായില്ല. സന്തോഷവും അത്ഭുതവും ഒരുപോലെ കൂടിക്കലർന്നതിനാൽ കുറച്ചുസമയത്തേക്ക് ആരുമാരും ഒന്നുംതന്നെ സംസാരിച്ചില്ല. ഇനിമുതൽ തനിക്ക് മാത്രം സ്വന്തം എന്ന കണക്കെ ആ സമയമത്രയും ജോംസി മിസ്സ് പ്രൊഫസർ നിക്കോൾസൻറെ മുഖത്തുതന്നെ നോക്കിനിന്നു.

‘ദിസ് ഈസ് അൺബിലീവെബിൾ... നിങ്ങളെങ്ങനെ ഇവിടെയെത്തി...’ മനസ്സിൽ പൊന്തിവന്ന സന്തോഷം ഒന്നടങ്ങിയപ്പോൾ അത്ഭുതം നിറഞ്ഞ ശബ്ദത്തിൽ അയാൾ ചോദിച്ചു. അത് കേട്ടതും എല്ലാവരും പരസ്പരംനോക്കി പുഞ്ചിരിച്ചു. ആ ഒരു ചിരിയിൽ അതുവരെയുള്ള എല്ലാ സംഭവങ്ങളും അടക്കം ചെയ്തിരുന്നു.

‘പറയുവാൻ ഒരുപാട് കഥകളുണ്ട്. വിശദമായിത്തന്നെ താങ്കൾക്ക് പറഞ്ഞുതരാം. വരൂ... നമുക്ക് ആദ്യം ബോട്ടിനരികിലേക്ക് പോകാം...’ കടൽക്കാറ്റിൽ പാറിപ്പറക്കുന്ന തൻറെ മുടി ഒതുക്കിക്കൊണ്ട് ജോംസി മിസ്സ് പറഞ്ഞു.

പ്രൊഫസറോടുള്ള അവരുടെ എളിമനിറഞ്ഞ സംസാരം കേട്ട് പെൺകുട്ടികൾ മൂന്നും ഒരു കള്ളച്ചിരി പാസ്സാക്കിക്കൊണ്ട് തല കുലുക്കി. അയാൾ തീർത്തും അവശനാണെന്ന് മനസ്സിലാക്കിയ ജോംസി മിസ്സ് റ്റോജിയോട് അദ്ദേഹത്തെ നടക്കാൻ സഹായിക്കുവാൻ ആംഗ്യം കാട്ടി. അവൻ താങ്ങിപ്പിടിച്ചപ്പോൾ പ്രൊഫസർ അവനെ സംതൃപ്തിയിൽ നോക്കി.

‘സാരമില്ല റ്റോജീ... എനിക്ക് നടക്കാം... എങ്കിലും നിന്നെ സമ്മതിച്ചുതന്നിരിക്കുന്നു. ഇവരെയെല്ലാം സുരക്ഷിതരായിട്ട് നീ ഇവിടെവരെ എത്തിച്ചുവല്ലോ...’

‘ഓ... താങ്ക്യൂ സർ... ഇതൊക്കെ ചെറിയ കാര്യങ്ങളല്ലേ... നമുക്ക് ചെയ്യാൻ കഴിയുന്നവ ചെയ്യുക തന്നെ വേണം...

‘യെസ്... യൂ ആർ റൈറ്റ് മൈ ഡിയർ...’ തങ്ങളുടെ മുന്നിലായി നടക്കുന്ന പ്രൊഫസറിൻറെയും റ്റോജിയുടെയും സംഭാഷണങ്ങൾ കേട്ട് പെൺകുട്ടികൾ മൂന്നും

വാപൊളിച്ചുപോയി. തൽക്കാലം ഒന്നും മിണ്ടേണ്ട എന്ന് ജോംസി മിസ്സ് അവർക്ക് രഹസ്യനിർദ്ദേശം കൊടുത്തു.

'ഈ ചെടികൾ നമ്മൾ അങ്ങോട്ട് പോയപ്പോൾ കണ്ടില്ലല്ലോ...' ഇളംമഞ്ഞ നിറത്തിലെ ഇലകളുള്ള ഒരുതരം കുറ്റിച്ചെടികൾ കൂട്ടമായി നിൽക്കുന്ന ഭാഗത്തേക്ക് നോക്കി താര ചോദിച്ചു.

'ഏയ്... ഉണ്ടായിരുന്നു... പക്ഷേ ഇലയുടെ നിറം മഞ്ഞയായിരുന്നില്ല...പച്ചയായിരുന്നു...' ജെസ്സി മറുപടി പറഞ്ഞു.

'നീയൊക്കെ കാണാഞ്ഞിട്ടാ...അത് മഞ്ഞതന്നെയായിരുന്നു...' റ്റോജി പിന്നിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു.

'ഓ... വിശ്വസിച്ചു...നീ വാ തുറന്നാൽ കള്ളമല്ലേടാ പറയൂ...' ജെസ്സി പ്രതികരിച്ചു. അവരുടെ സംസാരം കേട്ട് പ്രൊഫസറും മിസ്സും പരസ്പരം നോക്കി ചിരിച്ചു.

'നമ്മൾ ഇങ്ങോട്ട് വന്നപ്പോൾ ഇത്രേം ദൂരം തോന്നിയില്ല. അല്ലേ..' അതുവരെ ഒന്നും മിണ്ടാതെയിരുന്ന റൂബി ചോദിച്ചു.

'ഇങ്ങോട്ടുവന്നപ്പോൾ നമ്മൾ ചുറ്റുമുള്ള കാഴ്ചകളൊക്കെ നോക്കിയല്ലേ നടന്നത്. പിന്നെ ആ പാറക്കെട്ട് കണ്ടപ്പോൾ അതായി ലക്ഷ്യം. അതുകൊണ്ട് നടന്ന ദൂരമറിഞ്ഞില്ല...' ജോംസി മിസ്സ് റൂബിയെനോക്കി പറഞ്ഞു.

എല്ലാവരും ആ അഭിപ്രായത്തോട് യോജിച്ചു. ഇതേസമയം റബ്ബർബോട്ട് കരയിലേക്ക് കയറ്റിയിട്ട് അതിൽ മേൽക്കൂരയൊക്കെ ഉണ്ടാക്കിവച്ച് തകൃതിയായി ആണുങ്ങളുടെ പാചകം അരങ്ങേറുകയായിരുന്നു. ദൂരെനിന്നും ഉച്ചത്തിലുള്ള സംസാരവും കൂക്കിവിളികളും കേട്ടപ്പോൾ രഞ്ജിത്തും ബാക്കിയുള്ളവരും കടൽക്കരയിലേക്ക് നോക്കി. പ്രൊഫസറുമായി നടന്നടുക്കുന്ന ജോംസി മിസ്സിനെയും സംഘത്തെയും കണ്ട് അവരുടെ ഓരോരുത്തരുടെയും മുഖം സന്തോഷംകൊണ്ട് തുടുത്തു. ചെയ്തു കൊണ്ടിരുന്ന എല്ലാ ജോലികളും ഉപേക്ഷിച്ച് അവർ പ്രൊഫസറെ ലക്ഷ്യമാക്കി ഓടി.

തങ്ങൾക്കരികിലേക്ക് നടന്നടുത്തുകൊണ്ടിരുന്ന പ്രൊഫസർ നിക്കോൾസനെ വിക്കിയും ഷാനുവും അലക്സുംകൂടി ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു.

'സർ...'

അവർ മൂന്നുപേരും അയാളെ കൈകൾകൊണ്ട് പൊതിഞ്ഞു. ഇതേ സമയം പ്രൊഫസറിൻറെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. തൻറെ പ്രിയപ്പെട്ട വിദ്യാർഥികൾ ജീവൻപോലും പണയം വച്ച് തന്നെത്തേടി വരുമെന്ന ഒരു പ്രതീക്ഷയും അയാൾക്കുണ്ടായിരുന്നില്ല. തൻറെ ഏക സമ്പത്ത് തൻറെ വിദ്യാർത്ഥികൾ തന്നെയാണെന്ന് അയാൾ ഒരിക്കൽക്കൂടി തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. മാത്രമല്ല ഒരുപാട് ദിവസങ്ങൾക്കുശേഷമായിരുന്നു അത്രയും മനുഷ്യരെ അയാൾ ഒരുമിച്ച് കണ്ടതും.

‘വരൂ സർ...’

രഞ്ജിത് പ്രൊഫസറിൻറെ കൈയ്യിൽ പിടിച്ചുകൊണ്ട് വിളിച്ചു. നിക്കോൾസൺ അവനെ സൂക്ഷ്മമായി നോക്കുന്നത് കണ്ട് ജോംസി മിസ്സ് മുന്നിലേക്ക് കടന്നുചെന്നു.

‘ഞങ്ങളെയെല്ലാം സുരക്ഷിതമായി ഇവിടെവരെ കൊണ്ടെത്തിച്ച ഹീറോയാണിത്... പേര് രഞ്ജിത്...’ മിസ്സ് അത് പറഞ്ഞപ്പോൾ റ്റോജി പതിയെ താരയുടെ പിന്നിലേക്ക് മറഞ്ഞുനിന്നു. അതുകണ്ടതും ചൂണ്ടുവിരൽകൊണ്ട് ജെസ്സി അവനിട്ടൊരു കുത്തുകൊടുത്തു. പ്രൊഫസർ ചിരിച്ചുകൊണ്ട് രഞ്ജിത്തിനെ നോക്കി.

‘ചിന്തയ്ക്കൊത്ത് പ്രവർത്തിക്കാനാവുന്ന ഒരാൾക്ക് മാത്രമേ ഇവിടെവരെയും ബോട്ട് എത്തിക്കുവാൻ കഴിയൂ. എനിക്കുപോലും പലയിടത്തുവച്ചും പിഴച്ചു. യു ആർ റിയലി എ ഹീറോ മിസ്റ്റർ രഞ്ജിത്...’ അതുംപറഞ്ഞുകൊണ്ട് പ്രൊഫസർ രഞ്ജിത്തിൻറെ തോളിൽത്തട്ടി അഭിനന്ദിച്ചു. ആ കാഴ്ചകണ്ട് റൂബിയുടെ കവിളുകൾ സന്തോഷംകൊണ്ട് തുടുത്തു.

‘വരൂ സർ... ഞങ്ങൾ ആണുങ്ങൾ തയ്യാറാക്കിയ ഭക്ഷണം ചൂടോടുകൂടിത്തന്നെ കഴിക്കാം..’ അലക്സ് മുന്നിലേക്ക് കൈവിരിച്ചുകൊണ്ട് പറഞ്ഞു. അവരെല്ലാവരുംചേർന്ന് പ്രൊഫസറിനെ ബോട്ടിനരികിലേക്ക് ആനയിച്ചു. ആൺകുട്ടികൾ മത്സരിച്ച് അയാൾക്ക് ഭക്ഷണവും വിളമ്പിക്കൊടുത്തു. തങ്ങളുടെ പ്രൊഫസർ ആർത്തിയോടെ ഭക്ഷണം കഴിക്കുന്നത് കൗതുകത്തോടെ അവർ നോക്കിനിന്നു.

‘രണ്ടുദിവസം കഴിഞ്ഞു എന്തെങ്കിലും കഴിച്ചിട്ട്. നല്ല പോലെ വിശപ്പുള്ളതുകൊണ്ടാവും ഭക്ഷണത്തിന് വല്ലാത്ത സ്വാദ്...’ അയാൾ കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പറഞ്ഞു.

‘സർ അപ്പോൾ ഞങ്ങൾ നന്നായി ഉണ്ടാക്കിയത് കൊണ്ടല്ല അല്ലേ...’ ഷാനു പരിഭവപ്പെട്ടു.

‘ഹഹഹ... ഞാൻ ഒരു തമാശ പറഞ്ഞതാ....എല്ലാം വളരെയേറെ നന്നായിരിക്കുന്നു...’ അത് കേട്ടപ്പോൾ ഷാനുവിൻറെ മുഖം തെളിഞ്ഞു.

എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോഴേക്കും നേരം ഉച്ചയോടടുത്തിരുന്നു. കാഴ്ചയിൽ സൂര്യപ്രകാശത്തിന് നല്ല കാഠിന്യമുണ്ടായിരുന്നുവെങ്കിലും അവ മെർക്കുറിയുടെ അന്തരീക്ഷത്തിലേക്കെത്തുമ്പോൾ എന്തോ മാറ്റം സംഭവിച്ച് ശരീരത്തിന് സുഖമേകുന്ന ഒരനുഭവമായി അവർക്ക് ഓരോരുത്തർക്കും തോന്നി. സമയം പാഴാക്കാതെ മെർക്കുറിയുടെ തീരത്തു തന്നെയുള്ള ഒരു വൻമരത്തിൻറെ ചുവട്ടിൽ അവരെല്ലാവരും ഒത്തുകൂടി.

കരയിൽ നടന്ന സംഭവബഹുലമായ വിശേഷങ്ങൾ ഓരോന്നായി അവർ പ്രൊഫസറോട് വിശദീകരിച്ചു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അയാൾ ഒന്ന്

ഇരുത്തിമൂളുക മാത്രം ചെയ്തു. അൽപ്പസമയം ഗൗരവമായി എന്തോ ആലോചിച്ചശേഷം നിക്കോൾസൺ അവരെയെല്ലാം മാറിമാറി നോക്കി.

'എല്ലാം ഓരോ കാരണങ്ങൾ മാത്രം. നമ്മളെല്ലാവരും ഇവിടെ ഈ സമയത്ത് ഒരുമിക്കണമെന്ന് നൂറ്റാണ്ടുകൾക്കു മുൻപുതന്നെ തീരുമാനിക്കപ്പെട്ട ഒന്നാണ്. അവയെല്ലാം ഈ ദ്വീപിൽ കുറിച്ച് വച്ചിട്ടുമുണ്ട്. ഇനി ഞാൻ നിങ്ങളോട് പറയാൻ പോകുന്നത് മെർക്കുറിയെപ്പറ്റിയാണ്. നിങ്ങൾ താണ്ടിയെത്തിയ ചുഴികളെക്കാൾ പതിന്മടങ്ങ് അപകടകാരിയാണ് ഈ ദ്വീപ്. വ്യക്തമായ കണക്കുകൂട്ടലുകളില്ലാതെ മുന്നോട്ടുപോവുക അസാധ്യമാണ്. ഞാൻ വിശദമായിത്തന്നെ പറഞ്ഞുതരാം...' പ്രൊഫസർ പറയാൻ പോകുന്നത് കേൾക്കുവാനായി ജിജ്ഞാസയോടുകൂടി എല്ലാവരും അയാളിലേക്ക് കൂടുതൽ ചേർന്നിരുന്നു.

'നമുക്കൊക്കെ ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമുള്ള ഒരു മായികലോകമാണ് ഈ ദ്വീപ്. ഞാൻ ഇവിടെയെത്തിയ അന്നു മുതൽ ഒരുപാട് യാതനകൾക്ക് വിധേയമായാണ് ദ്വീപിൻറെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ആ കൊട്ടാരത്തിലേക്ക് എത്തിച്ചേർന്നത്. അതും മറ്റൊരു മായാലോകമാണ്. ചെറിയൊരു അശ്രദ്ധപോലും ജീവനെടുക്കാൻ തക്കവണ്ണമാണ് ഇവിടുത്തെ സ്ഥലങ്ങളും ആ കൊട്ടാരവുമെല്ലാം നിർമിക്കപ്പെട്ടിട്ടുള്ളത്. സത്യത്തിൽ ഇതൊരു ദ്വീപല്ല... മരണക്കെണിയാണ്. മുന്നോട്ട് വയ്ക്കുന്ന ഓരോ ചുവടും സൂക്ഷിച്ചാവണം. ഇല്ലെങ്കിൽ തിരികെപ്പോകുവാൻ വന്നവരിൽ പലരും ഉണ്ടാവില്ല...' അത് കേട്ടപ്പോൾ ഒരു ഞെട്ടലോടെ എല്ലാവരും പരസ്പരം നോക്കി.

'നിങ്ങൾ ഇപ്പോൾത്തന്നെ തിരികെപ്പോകണം എന്ന് പറയുവാനാണ് എനിക്കാഗ്രഹം. പക്ഷേ മെർക്കുറിയുടെ ചുഴി താണ്ടിയാൽപ്പിന്നെ ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല. പിന്നെ നമ്മളെ നിയന്ത്രിക്കുന്നതുതന്നെ പതിറ്റാണ്ടുകൾക്ക് മുൻപ് മെർക്കുറിയിൽ ആരോ ചെയ്തു വച്ചിരിക്കുന്ന ചില ജാല വിദ്യകളാണ്. തിരിച്ചു പോകുവാനുള്ള വഴി കണ്ടെത്തണമെങ്കിൽ ആ കൊട്ടാരത്തിൽത്തന്നെ എത്തിച്ചേരണം. അവിടേക്കുള്ള വഴികളാണ് വലിയൊരു കടമ്പ...'

'സർ...താങ്കൾക്ക് ആ കൊട്ടാരത്തിലെത്തുവാനുള്ള വഴി അറിയാമല്ലോ...പിന്നെ എന്താണ് കുഴപ്പം.' താര ഉന്നയിച്ചു.

'അറിയാം...പക്ഷേ ഒരു കാര്യമുണ്ട്. ഇവിടുള്ള കെണികൾ സമയത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചോ. ഞാൻ വന്ന ബോട്ട് ഇവിടെയെങ്ങാനും കണ്ടെത്താൻ നിങ്ങൾക്ക് സാധിച്ചോ...ഇല്ലല്ലോ...അതുപോലെയാണ് ഈ ദ്വീപിൻറെ നിർമാണവും നമ്മൾ അറിയാതെ തന്നെ നമുക്കുചുറ്റുമുള്ള സ്ഥലങ്ങളും ചലിക്കുന്നുണ്ട്. നമ്മൾ അത് തിരിച്ചറിയുന്നില്ല എന്നു മാത്രം. ഈ ദ്വീപ് ഇങ്ങനെ നിർമ്മിച്ചത് ആരാണോ അവർക്ക് മാത്രമാണ് അതിനെയെല്ലാം പറ്റി വ്യക്തമായ ധാരണയുള്ളത്...'

പ്രൊഫസർ പറഞ്ഞ ഞെട്ടിപ്പിക്കുന്ന ആ രഹസ്യം അവരിൽ ഓരോരുത്തർക്കും പലപല വികാരങ്ങളാണ് സമ്മാനിച്ചത്. അവർ പലരും തങ്ങൾ ഇരിക്കുന്ന സ്ഥലവും ചുറ്റുപാടും സൂക്ഷ്മമായി നിരീക്ഷിച്ചു.

'സർ ഞങ്ങൾ നോക്കിയിട്ട് വ്യത്യാസമൊന്നും തോന്നുന്നില്ലല്ലോ...' രഞ്ജിത് കൈയ്യിൽ കുറച്ച് മണൽ വാരി കാറ്റിൽ പറത്തിക്കൊണ്ട് ചോദിച്ചു.

'അതാണ് രഞ്ജിത് ഈ ദ്വീപിൻറെ ശിൽപ്പികളുടെ വിജയവും. മറ്റൊരാൾക്ക് മനസ്സിലാക്കാൻ കഴിയാത്ത വിധത്തിലാണ് ഇതിൻറെ നിർമാണം. ഭൂമി കറങ്ങുന്നത് നമ്മൾ അറിയുന്നുണ്ടോ... ഇല്ലല്ലോ... അതുപോലെതന്നെ ഈ ദ്വീപും ചലിക്കുന്നുണ്ട്...'

'അയ്യോ അത് നോക്ക്....നമ്മുടെ ബോട്ട്...' ജെസ്സി കൈചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് പെട്ടെന്നെല്ലാവരും നോക്കി. ബോട്ട് അവർ ഇരുന്നിടത്തുനിന്നും ഒരുപാടുദൂരം മാറിക്കിടക്കുന്നത് അവരെല്ലാവരും ഞെട്ടലോടെ തിരിച്ചറിഞ്ഞു. അപ്പോഴാണ് പ്രൊഫസർ പറഞ്ഞതിലെ സത്യാവസ്ഥയെ അവർ നേരിട്ടു കണ്ട് മനസ്സിലാക്കിയത്.

'പ്രൊഫസർ നിക്കോൾസൺ...അപ്പോൾ നമ്മൾ ഇനി എന്താ ചെയ്യുക. നമുക്ക് തിരിച്ചുപോകണമെങ്കിൽത്തന്നെ നമ്മുടെ ബോട്ട് വേണ്ടേ. ഇവിടത്തെ അവസ്ഥ ഇങ്ങിനെയാണെങ്കിൽ നമ്മൾ ദ്വീപിൽത്തന്നെ കുടുങ്ങിപ്പോവില്ലേ...' ജോംസി മിസ്സ് പരിഭ്രമത്തോടെ അവരുടെ സംശയം ഉന്നയിച്ചു.

'ബോട്ടിൽ നിന്നും ഉപയോഗിക്കാനാവുന്ന എല്ലാ സാധനങ്ങളും നമ്മൾ നമ്മോടൊപ്പം കൊണ്ടുപോകണം. എന്തായാലും ബോട്ട് ഈ ദ്വീപിൽനിന്നും വിട്ടുപോകില്ല. അതുറപ്പാണ്. ഇനിയെല്ലാം വരുന്നിടത്തുവച്ച് നേരിടുകയേ നിവർത്തിയുള്ളൂ. വരൂ ഇനിയും താമസിക്കണ്ട. സൂര്യൻ അസ്തമിച്ചാൽപ്പിന്നെ ഈ ദ്വീപിൽ എന്തൊക്കെയാണ് നടക്കുന്നതെന്ന് എനിക്കിപ്പോഴും തിട്ടമില്ല. നമുക്ക് എത്രയുംവേഗം ആ കൊട്ടാരത്തിലെത്തണം...'

അതുംപറഞ്ഞിട്ട് പ്രൊഫസർ എഴുന്നേറ്റു. ബാക്കിയുള്ളവർ പെട്ടെന്നുതന്നെ ബോട്ടിൻറെ അടുത്തേയ്ക്ക് നടന്നുപോയി. അധികം വൈകാതെതന്നെ അവരെല്ലാവരും ചേർന്ന് ഉപയോഗ സാധനങ്ങളെല്ലാം ബോട്ടിന് പുറത്തെത്തിച്ചു. ഒടുവിൽ ഇറങ്ങിയത് രഞ്ജിത്താണ്. അവൻ ബോട്ടിൽ എന്തോ ഒട്ടിച്ചുവെച്ചത് കണ്ട് എല്ലാവരും അവനെ നോക്കി.

'ബോട്ട് എവിടെയാണെങ്കിലും എൻറെ കൈയ്യിലുള്ള ഈ സ്ക്രീനിൽ നമുക്ക് അതിനെ കണ്ടെത്താനാവും...'

'സോറി മിസ്റ്റർ രഞ്ജിത്....ആദ്യം താങ്കൾ അതൊന്ന് പരീക്ഷിച്ച് നോക്കൂ...' പ്രൊഫസർ പറഞ്ഞതുകേട്ട് അവൻ സ്ക്രീനിലൂടെ ബോട്ടിൻറെ സ്ഥാനം നോക്കി.

'ശ്ശേ... ഇത് പ്രവർത്തിക്കുന്നില്ലല്ലോ...' '

ഹാ... അതാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത... ഇവിടെ ഒരുവിധത്തിലുള്ള തരംഗങ്ങളും പ്രവർത്തിക്കില്ല. മൊബൈൽ ഫോണോ വയർലെസോ തരംഗങ്ങൾ കൊണ്ട് പ്രവർത്തിക്കുന്ന ആശയവിനിമയ ഉപകരണങ്ങളോ ഒന്നുംതന്നെ ഇവിടെ ഉപയോഗിക്കുവാനാവില്ല...'

അത് കേട്ടപ്പോൾ അവൻ നിരാശയോടെ ബോട്ടിലേക്ക് നോക്കിനിന്നു.

'വരൂ സമയം പഴാക്കണ്ട...നമുക്ക് നടക്കാം...' അത് പറഞ്ഞിട്ട് പ്രൊഫസർ മുന്നിൽ നടന്നു. ബാക്കിയുള്ളവരും അയാളെ അനുഗമിച്ചു. അതേ സമയം കെണികളാൽ വലയം ചെയ്യപ്പെട്ട മെർക്കുറിയുടെ പല ഭാഗങ്ങളും അവരറിയാതെതന്നെ അവർക്കൊപ്പം ചലിച്ചുകൊണ്ടേയിരുന്നു..!

# ഇരുപത്തി നാല്

മെർക്കുറിയുടെ തീരത്തുനിന്നും കരയിലേക്ക് പോകുന്തോറും വനത്തിൻറെ ആധിക്യം വർദ്ധിച്ചുവന്നുകൊണ്ടിരുന്നു. അവിടെ നിന്നിരുന്ന വൻമരങ്ങളുടെ ഇലകൾക്കിടയിലൂടെ സൂര്യപ്രകാശം കടന്നെത്താൻ നന്നേ പ്രയാസപ്പെട്ടു. അതുകൊണ്ടുതന്നെ വനമാകെ തണൽ മൂടിനിന്നിരുന്നു.

എല്ലാവരുടെയും കൈകളിലും തോളിലുമൊക്കെയായി ആവശ്യത്തിലധികം സാധനസാമഗ്രികൾ അവർ ചുമന്നിരുന്നു. പക്ഷേ ചുറ്റുപാടും നിരീക്ഷിച്ചുകൊണ്ടുള്ള ആ നടത്തത്തിൽ അവർക്ക് ഭാരം ഒരു പ്രശ്നമായി തോന്നിയില്ലെന്നതാണ് സത്യം. പെൺകുട്ടികൾ മൂന്നും മിസ്സിനോട് ചേർന്ന് നടന്നു. ആണുങ്ങൾ എല്ലാവരും പ്രൊഫസറിനെ വലയം ചെയ്ത രീതിയിലാണ് നടന്നിരുന്നത്. അതുകൊണ്ടുതന്നെ ആർക്കുമാർക്കും ഉള്ളിൽ ഭയം തെല്ലുണ്ടായിരുന്നില്ല. കുറച്ചുദൂരംകൂടി നടന്നതും സാമാന്യം വലിപ്പമുള്ള ഒരു അരുവി അവർക്ക് കുറുകെയായി ഒഴുകുന്നത് കണ്ട് എല്ലാവരും നടത്തമവസാനിപ്പിച്ചു. അരുവിയുടെ ഉപരിതലത്തിൽ മറുവശമെത്താൻ പാകത്തിലുള്ള രീതിയിൽ വലിപ്പമുള്ള വെളുത്ത നിറത്തിലുള്ള ഉരുളൻ പാറക്കല്ലുകളും നിരനിരയായി പൊന്തിനിന്നിരുന്നു.

‘ആഹാ സൂപ്പർ... കണ്ടിട്ടൊരു സീനറിപോലുണ്ട്... നിങ്ങളാരും ഇല്ലായിരുന്നേൽ ഞാൻ ഈ അരുവിയിലിറങ്ങി ഒരു കുളി കുളിച്ചേനേ...’ താര പറഞ്ഞു.

‘നീ കുളിച്ചോടീ ഞങ്ങൾ കണ്ണുപൊത്തി നിന്നോളാം...’ റ്റോജി അവളെ കളിയാക്കി. അവൾ അവനെ സൂക്ഷിച്ചുനോക്കിയിട്ട് അവൻറെ കാതിൻറെ അടുത്തേയ്ക്ക് ചാഞ്ഞു.

‘സാറും മിസ്സും നിൽക്കുമ്പോഴാണോടാ നിൻറെ ഇമ്മാതിരി തമാശകൾ...’ അവൾ അത് പറഞ്ഞപ്പോൾ ഒരു ചമ്മലോടെ റ്റോജി മിസ്സിനെയും പ്രൊഫസറിനെയും നോക്കി.

‘സോറി സർ... സോറി മിസ്സ്...’

‘ഏയ്... സോറി എന്തിന്... ഫോർമാലിറ്റി കാട്ടാൻ ഇത് നിങ്ങളുടെ കോളേജല്ല... പിന്നെ നിങ്ങളുടെയൊക്കെ മനസ്സിൽ എൻറെയും മിസ്സിൻറെയും സ്ഥാനം ഒരിക്കലും മാറുവാനും പോകുന്നില്ലെന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഞങ്ങളെ പേടിച്ച് നിങ്ങൾ സ്വാതന്ത്ര്യത്തോടെ സംസാരിക്കാതെയിരിക്കരുത്. ഇപ്പോൾ നമ്മളെല്ലാം ഒരു ടീമാണ്. മനസ്സിൽ

തോന്നുന്നത് അങ്ങ് തുറന്നു പറയണം. അതൊക്കെയല്ലേ ഈ യാത്രയിൽ ആകപ്പാടെയുള്ള ത്രില്ല്...' പ്രൊഫസർ പറഞ്ഞതുകേട്ട് ജോംസി മിസ്സ് പുഞ്ചിരിച്ചു കൊണ്ട് തലകുലുക്കി.

'അത് നോക്കിക്കേ...സ്വർണ്ണ മത്സ്യങ്ങൾ...' റൂബി ചൂണ്ടിക്കാട്ടിയ അരുവിയിലെ ഭാഗത്തേക്ക് എല്ലാവരും സൂക്ഷിച്ചുനോക്കി.

'എവിടേ...?' അരുവിയിലാകെയൊന്ന് കണ്ണോടിച്ചശേഷം ഷാനു റൂബിയെ നോക്കി കൈമലർത്തി.

'സത്യമായിട്ടും ഞാൻ കണ്ടതാണ്... ദാ അവിടെ സ്വർണ്ണ മത്സ്യങ്ങളുണ്ടായിരുന്നു...'

'പിന്നേ... ഈ തോട്ടിലല്ലേ സ്വർണ്ണമത്സ്യം...' അലക്സ് റൂബിയെ പരിഹസിച്ചു.

'ഞാൻ കാണിച്ച് തരാം...നോക്കിക്കോ...' റൂബി പെട്ടെന്നുതന്നെ സമീപത്തുനിന്നിരുന്ന ഒരു വള്ളിച്ചെടിയിൽ പിടിച്ചുകിടന്നിരുന്ന ഏതോ പഴം ഇറുത്തെടുത്തു. എന്നിട്ട് അത് ഒരു നീളമുള്ള കമ്പിൽ കുത്തിക്കയറ്റി അരുവിയുടെ മുകൾത്തട്ടിൽ മുട്ടിച്ചുപിടിച്ചു. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അരുവിയിലാകെ ഓളങ്ങൾ നിറഞ്ഞു. അരുവിയുടെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ വെള്ളത്തിൽ ചലനങ്ങളുണ്ടായി. നിമിഷങ്ങൾക്കകം റൂബി നീട്ടിപ്പിടിച്ചിരുന്ന വടിക്കഷ്ണത്തിന് ചുറ്റും പതിനായിരക്കണക്കിന് സ്വർണ്ണമത്സ്യങ്ങൾ തിങ്ങിനിറഞ്ഞു. റൂബി പെട്ടെന്ന് കമ്പ് പൊക്കിയപ്പോൾ വള്ളിച്ചെടിയുടെ പഴം തെറിച്ച് അലക്സിൻറെ തലയ്ക്കിട്ട് ചെന്നുകൊണ്ടു.

'എന്നോട് കളിച്ചാൽ ഇങ്ങനെയിരിക്കും...' റൂബി അവനെ ഒറ്റപ്പുരികം പൊക്കിക്കാണിച്ചു.

'ആഹാ... എന്ത് ഭംഗി... കണ്ടിട്ട് അവയെ കൈകളിൽ കോരിയെടുക്കുവാൻ തോന്നുന്നു...' അതുംപറഞ്ഞുകൊണ്ട് താര അരുവിയിലേക്ക് കൈ നീട്ടി. അവളുടെ കൈയ്യുടെ പ്രതിബിംബം കണ്ടിട്ടെന്നോണം മത്സ്യങ്ങൾ കൈയ്യിൽ ചുംബിക്കാൻ വെമ്പൽ കൊള്ളുംപോലെ ജലോപരിതലത്തിൽ കിടന്ന് പുളഞ്ഞു. എല്ലാവരും കണ്ണിമവെട്ടാതെ ആ ദൃശ്യം വീക്ഷിച്ചു.

'താരേ... വേണ്ട... പെട്ടെന്ന് പ്രൊഫസർ അവളെ തടഞ്ഞു. അയാൾ വേഗംതന്നെ സമീപത്തുള്ള വള്ളിച്ചെടിയുടെ തളിർത്തു നിന്നിരുന്ന വള്ളികളിൽ ഒന്ന് പൊട്ടിച്ച് വെള്ളത്തിലേക്ക് മുക്കി. സ്വർണ്ണമത്സ്യങ്ങളിൽ ചിലത് ആ വള്ളിയിൽ സ്പർശിച്ചതും അയാൾ അത് തിരികെയെടുത്തു. പക്ഷേ അതുവരെ ഇളംപച്ച നിറത്തിലായിരുന്ന ആ വള്ളി പൊടുന്നനെ കരിനീല നിറമായി മാറിയിരുന്നു.

'കൊടിയ വിഷമാണ് അവയ്ക്ക്... ഏകദേശം പത്ത് രാജവെമ്പാലയ്ക്ക് സമം. ഞാൻ ഇവയെപ്പറ്റി വായിച്ചിട്ടുള്ളതാണ്...' പ്രൊഫസർ പറഞ്ഞത് കേട്ടതും എല്ലാവരും അടിയേറ്റതുപോലെ നിന്നു.

‘സത്യത്തിൽ ഈ മത്സ്യങ്ങൾ ഭൂമിയിൽ ഇപ്പോൾ ഇല്ലായെന്നാണ് നിഗമനം. പതിനൊന്നാം നൂറ്റാണ്ടിൽത്തന്നെ വംശനാശം സംഭവിച്ചവയായാണ് ഇവയെ കണക്കാക്കപ്പെടുന്നത്. ഇപ്പോൾ വിഷമുള്ള മത്സ്യങ്ങളുടെ കൂട്ടത്തിൽ മുൻപന്തിയിലുള്ള സ്റ്റോൺ ഫിഷ് ഇവയുടെ പിൻഗാമികളാണ്. ഇവയുടെ സ്വർണ്ണനിറമുള്ള ചെതുമ്പലിൽ വിഷാംശമുണ്ട്. അവ മനുഷ്യൻറെ ശരീരവുമായി ബന്ധംവന്നാൽ തൽക്ഷണം മരണമുറപ്പ്.’ പ്രൊഫസർ പറയുന്നതൊക്കെ കേട്ട് എല്ലാവരും അമ്പരന്നു.

‘ഇതാണ് നമ്മൾ നേരിടാൻ പോകുന്ന ആദ്യത്തെ പരീക്ഷണം. ആ പാറകളിൽ സൂക്ഷിച്ച് ചവിട്ടി മറുപുറം കടക്കണം. വെള്ളത്തിൽ ആരെങ്കിലും വീണുപോയാൽപ്പിന്നെ രക്ഷിക്കുവാനാവില്ല. ആരാണ് ആദ്യം മറുകരയിലേക്ക് പോകുന്നത്..?’ പ്രൊഫസർ എല്ലാവരോടുമായി ചോദിച്ചു. വീണ്ടുംവീണ്ടും ചോദിച്ചിട്ടും ആരും മുന്നോട്ടുവന്നില്ല.

‘ഈ കൂട്ടത്തിൽ ആർക്കും ധൈര്യമില്ലേ. എങ്കിൽ ഞാൻ തന്നെ ആദ്യം പോകാം...’ അത് പറഞ്ഞിട്ട് പ്രൊഫസർ ആദ്യത്തെ കല്ലിലേക്ക് കാലെടുത്തുവച്ചു.

‘വേണ്ട...ഞാൻ ആദ്യം പോകാം...’ ജോംസി മിസ്സ് അയാളെ തടഞ്ഞുകൊണ്ട് പറഞ്ഞു.

‘സാരമില്ല.. ഞാൻ അവിടെയെത്തിക്കഴിഞ്ഞ് നിങ്ങളൊക്കെ പിന്നാലെ വന്നാൽ മതി...’

‘അത് വേണ്ട സർ... ഞങ്ങളും താങ്കളുടെയൊപ്പം പിന്നാലെ വന്നോളാം...നമുക്ക് ഒരുമിച്ചുതന്നെ മറുകരയ്ക്ക് പോകാം...’ രഞ്ജിത് അഭിപ്രായപ്പെട്ടു.

‘എങ്കിൽ ശരി... എല്ലാവരും എൻറെ പിന്നാലെ പോന്നോളൂ. പാറയിൽ ബലമായി പിടിച്ചുവേണം അടുത്ത പാറയിലേക്ക് ചുവടുവയ്ക്കുവാൻ. അഥവാ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ മുന്നിൽ പോകുന്നയാളുടെ സഹായം തേടണം. മനസ്സിലായല്ലോ അല്ലേ...’

അതിന് മറുപടിയായി എല്ലാവരും മൂളി. താര രോഷത്തോടെ സ്വർണ്ണമത്സ്യങ്ങളെ നോക്കി. അപ്പോഴേക്കും പ്രൊഫസർ ആദ്യത്തെ പാറയുടെമേൽ ചാടിക്കയറിയിരുന്നു.

‘ഞാൻ അടുത്ത പാറയിലേക്ക് കയറുമ്പോൾ പെൺകുട്ടികളിൽ ആരെങ്കിലും പിന്നാലെ കയറണം. അങ്ങനെ പെൺകുട്ടികൾ എല്ലാവരും കഴിഞ്ഞാൽ ജോംസി മിസ്സ്... പിന്നെ ആൺകുട്ടികൾ... അവസാനം രഞ്ജിത്...’ അത്രയും പറഞ്ഞിട്ട് അയാൾ അടുത്ത പാറയിലേക്ക് ചുവടുവച്ചു.

പ്രൊഫസറിൻറെ തൊട്ടുപിന്നാലെ താര പാറപ്പുറത്തേക്ക് കയറി. അതിനുപിന്നിൽ ജെസ്സിയും റൂബിയും ജോംസി മിസ്സും ഷാനുവും വിക്കിയും അലക്സും റ്റോജിയും രഞ്ജിത്തും നിരനിരയായി നടന്നു. പ്രൊഫസർ അടുത്ത പാറയിലേക്ക്

കടന്നപ്പോൾ താര കണ്ണുവെട്ടിച്ച് താഴേക്കൊന്നു നോക്കി. തങ്ങളുടെ ഇരയെ കൊതിയോടെ നോക്കിക്കൊണ്ട് പറയ്ക്കുചുറ്റും പുളയുന്ന പതിനായിരക്കണക്കിന് മത്സ്യങ്ങളെ അവൾ നോക്കിനിന്നു. അതുകണ്ടതും അടുത്ത പാറയിലേക്ക് ചുവടുവയ്ക്കുവാൻ അവൾക്ക് നേരിയ ഭയം തോന്നി. അപ്പോഴേയ്ക്കും അടുത്ത പാറയും കടന്ന് പ്രൊഫസർ അതിനടുത്ത പാറയിലേക്കെത്തിയിരുന്നു. പിന്നിൽനിന്നും അനക്കമൊന്നും കേൾക്കാതെവന്നപ്പോൾ നിക്കോൾസൺ തിരിഞ്ഞുനോക്കി. താര ഭയത്തോടെ പാറയിൽ അള്ളിപ്പിടിച്ചിരിക്കുന്നതാണ് അയാൾ കണ്ടത്..!

‘ഏയ്... എന്തുപറ്റി...പേടിക്കാതെ ഇങ്ങോട്ട് വരൂ താരേ... നോക്ക്... ബാക്കിയുള്ളവരും ഇപ്പോൾ തൻറെ പിന്നിൽ കാത്തുനിൽക്കുകയാണ്...’

‘സർ...എനിക്ക് പേടി തോന്നുന്നു...എൻറെ പാറേടെ ചുറ്റിനുമാണ് ഏറ്റവും കൂടുതൽ മത്സ്യങ്ങൾ. ഇവയുടെ ലക്ഷ്യം ഞാനാണ്...’ അവൾ പറഞ്ഞത് കേട്ട് പിന്നിലെ പാറകളിൽ നിന്നിരുന്ന ജെസ്സിയും റൂബിയും തമ്മിൽത്തമ്മിൽ നോക്കി.

‘അതൊക്കെ നിൻറെ തോന്നലാണ്. പെട്ടെന്ന് മുന്നോട്ടു പോകൂ കുട്ടീ...’ ജോംസിമിസ്സ് പിന്നിൽനിന്നും വിളിച്ചുപറഞ്ഞു. അത് കേട്ടപ്പോൾ ഭയം കീഴടക്കിയ മനസ്സോടെ താര പാറയിൽനിന്നും സാവധാനമെഴുന്നേറ്റു. ഇതേസമയം ഏറ്റവുമൊടുവിൽ നിന്നിരുന്ന രഞ്ജിത്തിൻറെ ശ്രദ്ധ മറ്റൊന്നിലേക്കായിരുന്നു. തൻറെ സംശയം സത്യമാണെന്ന് തിരിച്ചറിഞ്ഞതും അവൻ താരയുടെ നേർക്ക് തിരിഞ്ഞു.

‘താരേ നീ നിൽക്കുന്ന പാറ ചലിക്കുന്നുണ്ട്. അതോടൊപ്പം അത് വെള്ളത്തിലേക്ക് താഴുന്നുമുണ്ട്. വേഗം അടുത്ത പാറയിലേക്ക് ചാടൂ...’ രഞ്ജിത് ഉറക്കെ വിളിച്ചുപറഞ്ഞു.

അപ്പോഴാണ് പ്രൊഫസർ ഉൾപ്പെടെയുള്ളവർ അവൾ നിൽക്കുന്ന പാറയിലേക്ക് ശ്രദ്ധിച്ചത്. അവൻ പറഞ്ഞത് സത്യമാണെന്ന് ഞെട്ടലോടെ അവരും മനസ്സിലാക്കി.

‘അയ്യയ്യോ....എൻറെ ദൈവമേ...’ അവൾ ഉറക്കെ അലറുവാൻ തുടങ്ങി.

‘താരേ...അടുത്ത പാറയിലേക്ക് വേഗം ചാട്...’ പ്രൊഫസർ അലറി. പക്ഷേ ആ നിമിഷത്തിൽ താരയ്ക്ക് അടുത്ത പാറ അവളിൽ നിന്നും ഒരുപാടകലെയായി തോന്നി. കിതപ്പോടെ മുന്നിലേക്കൊന്ന് നോക്കിയശേഷം അവൾ മുഖം പൊത്തിക്കരഞ്ഞു.

‘എനിക്ക് കഴിയുന്നില്ല സർ...പ്ലീസ്...എന്നെ ആരെങ്കിലുമൊന്ന് വന്ന് രക്ഷിക്ക്...’

‘താരേ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. ഇനിയും ആ പാറയിലേക്ക് ഭാരം കൊടുത്താൽ അത് വേഗത്തിൽ താഴ്ന്ന പോകുകയേയുള്ളൂ. എന്തെങ്കിലും ചെയ്യാൻ നിനക്കു മാത്രമേ കഴിയൂ. സമയം കളയാതെ വേഗം മുന്നിലേക്ക് ചാടൂ...’ പ്രൊഫസർ ഒറ്റശ്വാസത്തിൽ വിളിച്ചുപറഞ്ഞു. പക്ഷേ അപ്പോഴേക്കും അവൾ അള്ളിപ്പിടിച്ചിരുന്ന പാറയുടെ പകുതിഭാഗവും വെള്ളത്തിൽ മുങ്ങിക്കഴിഞ്ഞിരുന്നു.

വിഷമത്സ്യങ്ങളിൽ ചിലത് ജലോപരിതലത്തിൽ പൊങ്ങിച്ചാടി അവൾക്കൊപ്പമെത്തി. അത് കണ്ടതും അവൾ വീണ്ടും ഉറക്കെ നിലവിളിച്ചു. അതോടൊപ്പം ഭയത്താൽ അവളുടെ കണ്ണുകളിൽ ഇരുട്ടുകയറി. ഒരു അപേക്ഷയെന്നപോലെ അവൾ തൻറെ പിൻവശത്ത് നിന്നിരുന്നവരുടെ നേർക്ക് കൈനീട്ടി. ഇതു കണ്ട് താരയുടെ തൊട്ടുപിന്നിൽ നിന്നിരുന്ന ജെസ്സി ഏന്തിവലിഞ്ഞ് താരയുടെ പാറയിലേക്ക് തൻറെ കൈ നീട്ടിയതും അബദ്ധത്തിൽ അടിതെറ്റി അവൾ വെള്ളത്തിലേക്ക് ചാഞ്ഞു.

പക്ഷേ ജെസ്സിയുടെ പിന്നിൽ നിന്നിരുന്ന റൂബി അതിവേഗത്തിൽ അവളുടെ തോളിൽ കിടന്നിരുന്ന ബാഗിൽ പിടിത്തമിട്ട് അവളെ പിന്നിലേക്ക് വലിച്ചുപിടിച്ചു. തൻറെ ഹൃദയം ഒരു നിമിഷത്തേയ്ക്ക് നിലച്ചുപോയതുപോലെ ജെസ്സിക്ക് തോന്നിപ്പോയി. അതേസമയം പാറമേൽ ബലമായി പിടിച്ചിരുന്ന താരയുടെ കൈകൾ പതിയെ അയഞ്ഞുതുടങ്ങിയിരുന്നു. അതോടൊപ്പം അവൾ പിടിത്തമിട്ടിരുന്ന പാറയും സാവധാനത്തിൽ വെള്ളത്തിലേക്ക് താഴ്ന്ന പൊയ്ക്കൊണ്ടിരുന്നു. പ്രൊഫസർ പിന്നിലുള്ള പാറയിലേക്ക് തിരികെയെത്തി എന്തുചെയ്യണമെന്നറിയാതെ പകച്ചുനിന്നു. റൂബി പിന്നെയൊന്നും ചിന്തിച്ചില്ല.

'ജെസ്സീ... ഞാൻ നിൽക്കുന്ന പാറയിലേക്ക് ചാട്... ഞാൻ അങ്ങോട്ട് വരുവാ...' അതുംപറഞ്ഞുകൊണ്ട് അവൾ ജെസ്സിയുടെ പാറയിലേക്ക് ചാടി. അതോടൊപ്പം ജെസ്സി റൂബി നിന്നിരുന്ന പാറയിലേക്ക് ചാടിയിരുന്നു. റൂബി അവളുടെ ബാഗിൽനിന്നും ഒരു ഷോൾ എടുത്ത് അരയിൽ കെട്ടി.

'സർ സാറിൻറെ ബൂട്ട്സ് എനിക്ക് എറിഞ്ഞുതാ...' അവൾ വിളിച്ചുപറഞ്ഞു. പ്രൊഫസർ അതിവേഗത്തിൽ ബൂട്ട്സഴിച്ച് എറിഞ്ഞു കൊടുത്തു. തിടുക്കത്തിൽ അവൾ അത് കാലിലിട്ടിട്ട് അരയിൽ കെട്ടിയ ഷോളിൻറെ ഒരു വശം ജെസ്സിയുടെ നേർക്ക് ഇട്ടുകൊടുത്തു.

'നീ ഇത് ബലമായി പിടിച്ചോ...' അതുകേട്ടതും ജെസ്സിയും പിന്നിൽ നിന്നിരുന്ന ജോംസി മിസ്സും ഷോളിൽ മുറുകെപ്പിടിച്ചു. റൂബി അവൾ നിന്ന പാറയിൽ നിന്നുകൊണ്ടുതന്നെ ഇടതുകാൽ താരയുടെ പാറയിലേക്ക് നീട്ടിവയ്ക്കാൻ ശ്രമിച്ചുനോക്കി.

'ജെസ്സീ... ഷോൾ കുറച്ചുകൂടി അയച്ച് പിടിക്ക്...' അവൾ വിളിച്ചുപറഞ്ഞു. ഷോൾ അയഞ്ഞതും റൂബി കുറച്ചുകൂടി താരയുടെ പാറയിലേക്ക് ആഞ്ഞു. ഒടുവിൽ അവളുടെ ഇടതുകാൽ ആ പാറയിൽ മുട്ടി. ഉപരിതലത്തിലെ ഭാരം വർദ്ധിച്ചപ്പോൾ പാറ വെള്ളത്തിലേക്ക് വേഗത്തിൽ താഴ്ന്ന തുടങ്ങി. സമയം പാഴാക്കാതെ റൂബി ആ പാറയിലേക്ക് ചാടിക്കയറി. താരയെ പാറയിൽനിന്നെടുത്തുയർത്തി. ആ എടുത്തുയർത്തലിൽ തൻറെ നടുവ് നുറുങ്ങുന്നതായി അവൾക്ക് തോന്നിപ്പോയി. എങ്കിലും അവൾ താരയെ എടുത്തുയർത്തി തൻറെ ഇടത് തോളിലേക്കിട്ടു. പക്ഷേ അപ്പോഴേയ്ക്കും ആ പാറ വെള്ളത്തിൽ പൂർണ്ണമായും താഴ്ന്നിരുന്നു. റൂബിയുടെ കാലിൽ

കിടന്നിരുന്ന ബൂട്ട്സിൽ മീനുകൾ കൂട്ടത്തോടെ ഉരസി. പിന്നിലുള്ള പാറയെക്കാളും അടുത്തത് മുന്നിലുള്ള പാറയാണെന്ന് മനസ്സിലാക്കിയ റൂബി ജെസ്സിയുടെ നേർക്ക് നോക്കി.

‘ഷോളിൽ നിന്നും വിട് ജെസ്സി...’ അവൾ കിതപ്പോടെ അത് പറഞ്ഞപ്പോൾ ജെസ്സിയും ജോംസി മിസ്സും കൂടി ഷോളിൽ നിന്നും പിടിവിട്ടു.

‘സർ മാറിക്കോ...’

അവൾ സർവ്വശക്തിയുമെടുത്ത് മുന്നിലുള്ള പാറയിലേക്ക് ആയത്തിൽ ചാടി. പ്രൊഫസർ പെട്ടെന്നുതന്നെ അടുത്ത പാറയിലേക്ക് മാറിയിരുന്നു. തോളിൽനിന്നും താരയെ പാറയിൽ തന്നോട് ചേർത്ത് താങ്ങിയിരുത്തിയിട്ട് റൂബി ഒന്ന് ദീർഘനിശ്വസിച്ചു. ജീവൻ പണയംവച്ചുള്ള അവളുടെ സാഹസികമായ പ്രവർത്തികൾ കണ്ട് പ്രൊഫസർ അറിയാതെ കൈകൾ കൂട്ടിയടിച്ചുപോയി. ആ കൈയ്യടിയിൽ മറ്റുള്ളവരും പങ്കുചേർന്നു. റൂബി തൻറെ തോളിൽ മയങ്ങിക്കിടക്കുന്ന താരയെ ഒരുനിമിഷം വാത്സല്യത്തോടെ നോക്കി.

പക്ഷേ ഒരു പാറക്കല്ലിൻറെ അകലത്തിൽ തങ്ങൾ ഇരുസംഘങ്ങളായി വേർപിരിഞ്ഞുപോയെന്നുള്ള സത്യം അപ്പോഴാരും തിരിച്ചറിഞ്ഞിരുന്നില്ല.!

# ഇരുപത്തി അഞ്ച്

പാറയിൽ അതേനിലയിൽ ഇരുന്നുകൊണ്ടുതന്നെ തോളിൽ കിടക്കുന്ന താരയെ തട്ടിയുണർത്താൻ റൂബി ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ കണ്ണുകൾ ചിമ്മിച്ചുകൊണ്ട് അവൾ ഉണർന്നു. ആദ്യംതന്നെ അവൾ താഴേയ്ക്കാണ് നോക്കിയത്. ആ മത്സ്യങ്ങളെ കണ്ടതും അവൾ വീണ്ടും കണ്ണുകൾ ഇറുക്കിയടച്ചു.

'താരേ... മതി... നോക്ക്... നിനക്ക് ഒരു കുഴപ്പവുമില്ല. കണ്ണുതുറക്ക്...' റൂബിയുടെ ശബ്ദം തൊട്ടരികിൽനിന്നും കേട്ട ധൈര്യത്തിൽ അവൾ കണ്ണുകൾ തുറന്ന് ചുറ്റുംനോക്കി. ഓരോ പാറയുടെ മുകളിലായി ഓരോരുത്തർ ആകാംക്ഷയോടെ തന്നെയും ഉറ്റുനോക്കി നിൽക്കുന്നതുകണ്ടപ്പോൾ അവൾ എന്തുചെയ്യണമെന്നറിയാതെ റൂബിയെ നോക്കി. പിന്നീട് ഭയത്തോടെ താഴേക്കും.

ഹേയ്... താര... ഇപ്പോൾത്തന്നെ നമ്മുടെ ഒരുപാടുസമയം ഇവിടെപ്പോയി. ഇനിയും സമയം പാഴാക്കാതെ ഈ പാറയിലേക്ക് കയറൂ...' പ്രൊഫസർ താരയോടായി പറഞ്ഞു. താര പിന്നെ ഒട്ടും സമയം കളഞ്ഞില്ല. റൂബിയുടെ തോളിൽതാങ്ങി അവൾ എഴുന്നേറ്റു. എന്നിട്ട് തൊട്ടുമുന്നിലുള്ള പാറയിലേക്ക് നോക്കി. അവൾക്ക് മുന്നോട്ടുവരുവാനായി പ്രൊഫസർ അടുത്ത പാറയിലേക്ക് കടന്നുനിന്നു.

'സർ... ഞങ്ങൾ...'

പിന്നിൽനിന്നും വന്ന ചോദ്യം കേട്ട് അതിൻറെ അർഥം മനസ്സിലാവാത്ത രീതിയിൽ പ്രൊഫസർ തിരിഞ്ഞുനോക്കി. അപ്പോഴാണ് ബാക്കിയുള്ളവർക്ക് തങ്ങളുടെ അടുത്തേയ്ക്കെത്തുവാനുള്ള വഴി അടഞ്ഞുപോയല്ലോ എന്ന കാര്യം അയാൾ തിരിച്ചറിഞ്ഞത്.

'ഇനിയെന്തുചെയ്യും സർ...!' റൂബി താരയെ മുന്നിലുള്ള പാറയിലേക്ക് കയറാൻ സഹായിച്ചുകൊണ്ട് ചോദിച്ചു. പ്രൊഫസർ രഞ്ജിത്തിനെ ഒന്നുനോക്കി. രഞ്ജിത് ചുറ്റുപാടും വീക്ഷിച്ചശേഷം നിസഹായതയോടെ നിന്നു.

'രഞ്ജിത്... ബാഗിൽ റോപ്പ് ഇരിപ്പുണ്ടോ..?' എന്തോ മനസ്സിൽ കണ്ടശേഷം നിക്കോൾസൺ വിളിച്ചു ചോദിച്ചു.

'ഉണ്ട് സർ...'

'എങ്കിൽ വേഗം അത് നിങ്ങളുടെ കരയിലെ ഏതെങ്കിലും വൃക്ഷത്തിൽ ഉറപ്പിക്കു. എന്നിട്ട് അതിൻറെ മറുവശം എനിക്കിട്ടുതരു... ഇനി അതേയുള്ളൂ ഒരുമാർഗ്ഗം...' പ്രൊഫസർ പറഞ്ഞതുപോലെ രഞ്ജിത് ബാഗിൽ നിന്നും നല്ല വണ്ണത്തിലുള്ള കയറുകെട്ട് പുറത്തേക്കെടുത്തു.

'സർ...ഇതാ ഈ അറ്റം അങ്ങോട്ടേയ്ക്ക് വലിച്ചോളൂ... ആ സമയത്ത് കയറിൻറെ മറുവശം ഞാൻ ആ കാണുന്ന മരത്തിൽ ബന്ധിച്ചോളാം...ജെസ്സി...നീ ഈ അറ്റം പ്രൊഫസറിന് ഇട്ടുകൊടുക്കൂ...' അതുംപറഞ്ഞുകൊണ്ട് രഞ്ജിത് കയറിൻറെ അറ്റം മുന്നിൽ നിന്നവരിലൂടെ ജെസ്സിക്ക് കൈമാറി.

'ജെസ്സി വേഗംതന്നെ ആയമെടുത്ത് അത് റൂബിക്ക് നേരേ എറിഞ്ഞുകൊടുത്തു...'

പക്ഷേ അത് റൂബിയുടെ കൈയ്യിലെത്താതെ വെള്ളത്തിലേക്ക് വീണു. എന്തോ ഇര കിട്ടിയതുപോലെ പെട്ടെന്നുതന്നെ മത്സ്യങ്ങൾ കയർത്തുമ്പിനുചുറ്റും ഒത്തുകൂടി. പ്രൊഫസർ നെറ്റി തടവിക്കൊണ്ട് താഴെ വെള്ളത്തിൽ കിടന്ന് പുളയുന്ന മത്സ്യങ്ങളെ ഒരുനിമിഷം ഉറ്റുനോക്കി. പക്ഷേ ആ ഒരു നോട്ടത്തിലാണ് അരുവിയിലെ വെള്ളത്തിന് കരയിലേക്ക് എന്തോ ആകർഷണം ഉണ്ടാവുന്നതായി അയാൾക്ക് തോന്നിയത്. സംശയത്തോടെ തല ഉയർത്തി നോക്കുമ്പോൾ ജോംസി മിസ്സും സംഘവും നിന്നിരുന്ന ഭാഗത്തെ കരയിലെ സ്ഥലങ്ങൾക്ക് സാവധാനത്തിൽ മാറ്റമുണ്ടാകുന്നുണ്ടെന്ന് അയാൾക്ക് മനസ്സിലായി.

പ്രൊഫസറിൻറെ തുറിച്ചുള്ള നോട്ടം കണ്ട് മറുവശത്ത് നിന്നിരുന്നവർ തങ്ങളുടെ ഭാഗത്ത് കരയിലേക്ക് തിരിഞ്ഞുനോക്കി. ആ സ്ഥലത്തിന് രൂപമാറ്റം സംഭവിച്ച് മറ്റേതോ കെണിയാവാൻ പോകുന്നതിനുള്ള തുടക്കമാണ് അതെന്ന് അവരും തിരിച്ചറിഞ്ഞു.

'കരയിലേക്ക് തിരിച്ചുപോകൂ... വേഗം...' പ്രൊഫസർ ഉറക്കെ വിളിച്ചു പറഞ്ഞു. വേഗത്തിൽ കയർ തിരികെ വലിച്ചെടുത്തിട്ട് കരയിലേക്ക് തിരിയാൻ തുടങ്ങിയ രഞ്ജിത് പ്രൊഫസറിൻറെയും കൂട്ടരുടെയും ഭാഗത്തെ കരയിലേക്ക് ചൂണ്ടി ഉറക്കെയെലറി. അത് കണ്ടതും റൂബി പിന്നിലേക്ക് തിരിഞ്ഞുനോക്കി.

'അയ്യോ സർ...നോക്ക്...അവരുടേതുപോലെ നമ്മുടെ ഭാഗത്തും മാറ്റം വരുന്നുണ്ട്...' ഭയത്തോടെ അവൾ പറഞ്ഞത് കേട്ട് കരയിലേക്ക് പ്രൊഫസറും തിരിഞ്ഞുനോക്കി.ആ കാഴ്ച കണ്ടപ്പോൾ ആയാളും ഒന്ന് പരിഭ്രമിച്ചു.

'താരേ...റൂബീ...എൻറെ പിന്നാലെ വേഗം നടക്കൂ...'

അതുംപറഞ്ഞുകൊണ്ട് പ്രൊഫസർ പാറകളുടെ മുകളിലൂടെ അതിവേഗത്തിൽ സഞ്ചരിച്ചു. ജീവൻ രക്ഷിക്കാനുള്ള ഓട്ടത്തിൽ താര മത്സ്യങ്ങളെ ഗൗനിക്കാതെ പാറയിൽ നിന്നും പാറയിലേക്ക് ആഞ്ഞു ചാടി കരയെ ലക്ഷ്യമാക്കിയോടി. തൊട്ടുപിന്നിലായി റൂബിയും അവളെ അനുഗമിച്ചു. മറുവശത്തും അതു തന്നെയായിരുന്നു അവസ്ഥ. രഞ്ജിത്തിന് പിന്നാലെ എല്ലാവരും കരയിലേക്കോടി. അവർക്ക് കരയിലേക്ക് ദൂരം കുറവായിരുന്നതിനാൽ വേഗത്തിൽ കരയിലെത്തുവാൻ സാധിച്ചു. കരയിലെത്തിയതും അവർക്ക് മുന്നിൽനിന്നും ആ അരുവി തീർത്തും അപ്രത്യക്ഷമായിരുന്നു..!

പകരം അവിടെ ഒരു തുരംഗത്തിൻറെ ഉത്ഭവമായി മാറി. തങ്ങൾപ്പോലും അറിയാതെ നിമിഷങ്ങൾക്കകം സ്ഥലമാറ്റം നടന്നത് കണ്ട് അവർ അത്ഭുതപ്പെട്ടു. ഏറ്റവുമൊടുവിൽ കരയിലേക്ക് ചാടിയ ജെസ്സി ഞെട്ടലോടെ അതേ നിലയിൽ അൽപ്പസമയം നിന്നുപോയി. ഒടുവിൽ തുരംഗത്തിൻറെ പാറ നിർമ്മിതമായ പുറംഭിത്തിയിൽ കൈകൾകൊണ്ട് ഇടിച്ചും താരയേയും റൂബിയേയും ഉറക്കെ വിളിച്ചും അവൾ ബഹളമുണ്ടാക്കി. ജോംസി മിസ്സും ഷാനുവും ചേർന്ന് ജെസ്സിയെ പിടിച്ചുനിർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ അപ്പോഴേയ്ക്കും എല്ലാവരുടെയുമുള്ളിൽ ഭയവും സങ്കടവും നിരാശയുമെല്ലാം കൂടിച്ചേർന്ന പുതിയൊരു വികാരം പുകഞ്ഞുതുടങ്ങിയിരുന്നു.

പെട്ടെന്ന് അവരുടെ ശരീരമാകെ വിറപ്പിച്ചുകൊണ്ട് ഒരു തണുത്ത കാറ്റ് ശക്തിയിൽ തുരംഗഭിത്തിയിൽ ചെന്നിടിച്ചവസാനിച്ചു. എല്ലാവരും വിരസമായി തുരംഗഭിത്തിയിലേക്ക് നോക്കി. ആ തുരംഗം ചെങ്കൽപ്പാറ നിർമ്മിതമായിരുന്നു. അതിലേക്ക് ഒരാൾക്ക് മാത്രം കഷ്ടിച്ച് കടക്കുവാനായി ഒരു വഴിപോലെ തോന്നിക്കുന്ന ചെറിയൊരു വിള്ളൽ രൂപം കൊണ്ടിരുന്നു.

‘നിങ്ങൾ ഇവിടെത്തന്നെ നിൽക്കൂ... ഞാൻ മറ്റെന്തെങ്കിലും വഴിയുണ്ടോയെന്ന് നോക്കട്ടേ...’ അതും പറഞ്ഞുകൊണ്ട് രഞ്ജിത് അവിടെനിന്നും ഓടിപ്പോയി.

‘രഞ്ജിത്തിനെ തനിച്ച് വിടരുത്...’ ജോംസി മിസ്സ് ആൺകുട്ടികളെ നോക്കിപ്പറഞ്ഞു. അത് കേട്ടതും റ്റോജിയും വിക്കിയും രഞ്ജിത് പോയ വഴിക്ക് ഓടി. ഷാനുവും അലക്സും മിസ്സിനും ജെസ്സിക്കും കൂട്ട് നിന്നു. റ്റോജിയും വിക്കിയും കുറച്ചുദൂരം ചെന്നതും രഞ്ജിത് ഒരു സ്ഥലത്ത് നിശ്ചലമായി നിൽക്കുന്നത് കണ്ടു. അവർ അവൻറെ അടുത്തേയ്ക്ക് ഓടിച്ചെന്നു. അവരെ കണ്ടതും രഞ്ജിത് മുന്നിലേക്ക് കൈ ചൂണ്ടിക്കാട്ടി. തങ്ങൾ ആദ്യം യാത്ര തുടങ്ങിയ കടൽത്തീരത്തുതന്നെയാണ് വീണ്ടും എത്തിച്ചേർന്നതെന്ന് മനസ്സിലാക്കിയതോടെ അവരും നിരാശരായി.

‘രഞ്ജിത്. നമ്മളിനി എങ്ങിനെ മുന്നോട്ടുപോകും. അവരെ നമ്മളിനി എങ്ങനെ കണ്ടെത്തും. ഇതുപോലെ കൂട്ടത്തിലുള്ളവർ ഇനിയും വേർപെട്ടുപോയാൽ എന്തെടുക്കും...?’ വിക്കി അക്ഷമനായി ചോദിച്ചു. രഞ്ജിത് എന്തോ ഓർത്തെടുത്ത പോലെ അവരുടെ നേർക്ക് തിരിഞ്ഞു.

‘വരൂ... നമുക്ക് വേഗം മിസ്സിൻറെയും കൂട്ടരുടെയുമടുത്തെത്തണം. അല്ലെങ്കിൽ വിക്കി പറഞ്ഞതുപോലെ അവരേയും നമുക്ക് നഷ്ടമാകും...’

രഞ്ജിത് അത് പറഞ്ഞപ്പോൾ അൽപ്പം മുൻപ് നടന്ന ആ സംഭവങ്ങൾ അവരുടെ ഓർമ്മയിലേക്ക് വീണ്ടും കടന്നുചെന്നു. സമയം പാഴാക്കാതെ അവർ മൂവരും തങ്ങളുടെ സംഘത്തിന് നേർക്കോടി. ഓട്ടത്തിനിടയിൽ അവരുടെ വഴിയ്ക്ക് തടസ്സമുണ്ടാവുന്ന തരത്തിൽ കാറ്റ് ആഞ്ഞുവീശിക്കൊണ്ടിരുന്നു. അവർ നിൽക്കുന്ന സ്ഥലത്തിനും എന്തോ മാറ്റമുണ്ടാകുവാൻ പോകുന്ന ലക്ഷണമാണതെന്ന് അവർക്ക് ബോദ്ധ്യമായി.

‘എങ്ങനെയും നമുക്ക് അവരുടെയടുത്തെത്തണം...’

ഓട്ടത്തിനിടയിലും രഞ്ജിത് റ്റോജിയോടും വിക്കിയോടും പറഞ്ഞു. കാൽപ്പാദം നിലത്ത് ശക്തിയിൽ അമർത്തി കാറ്റിനെതിരേ അവർ ഓടി. ദൂരെനിന്നും അവർ പാഞ്ഞുവരുന്നത് കണ്ടപ്പോഴാണ് ബാക്കിയുള്ളവരുടെ മനസ്സിലെ ആധി തെല്ലൊന്നടങ്ങിയത്. ശക്തമായ കാറ്റിൽ കരിയിലകൾ അന്തരീക്ഷത്തിൽ പാറിനടന്നു. അതോടൊപ്പം താങ്ങാവുന്നതിലുമധികം തണുപ്പായിരുന്നു ആ കാറ്റിന്.

‘രഞ്ജിത്... ഇനിയെന്താ ചെയ്യുക... നമ്മൾ മുന്നോട്ടുപോയില്ലെങ്കിൽ ഇനിയും ഇതുപോലെ സ്ഥലങ്ങൾ മാറിക്കൊണ്ടിരിക്കും. ഇനി നമ്മുടെ സമീപം എന്ത് കെണിയാണ് വരാൻ പോകുന്നതെന്നുപോലും നമുക്ക് ഊഹിക്കാൻ കഴിയില്ല. സ്ഥലം മാറുന്നതുപോലും നമ്മളാരും അറിയുന്നുമില്ല. നമ്മളെ നയിക്കേണ്ട പ്രൊഫസർ നമ്മളിൽ നിന്നും വേർപെട്ടുപോയിരിക്കുന്നു. അതോടൊപ്പം നമ്മുടെ റൂബിയും താരയും...’ ജോംസി മിസ്സ് അവരുടെ വാക്കുകൾ മുഴുമിപ്പിച്ചില്ല.

‘മിസ്സ് ഈ തുരംഗത്തിലേക്ക് കയറാതെ നമുക്ക് ഇപ്പോൾ വേറേ നിവർത്തിയില്ല. ജെസ്സി വേഗം നിൻറെ ബാഗിൽ നിന്നും ടോർച്ചെടുക്കു...’ രഞ്ജിത് കാറ്റിൻറെ ശക്തിയേറ്റ് പതറിക്കൊണ്ട് പറഞ്ഞു. ജെസ്സി ടോർച്ച് സൂക്ഷിച്ചിരുന്ന തൻറെ ബാഗിൽനിന്നും അത് പുറത്തെടുത്ത് രഞ്ജിത്തിൻറെ കൈയ്യിലേക്ക് കൊടുത്തു.

‘എൻറെ പിന്നിൽ എല്ലാവരും വരൂ. നമുക്ക് വേഗം തുരംഗത്തിനുള്ളിലേക്ക് കയറണം...’ അത് പറഞ്ഞിട്ട് രഞ്ജിത് പാറയിൽ പിടിച്ച് ഒരാൾപ്പൊക്കത്തിലുള്ള തുരംഗത്തിൻറെ വിള്ളലിലേക്ക് കയറി. അതിനുള്ളിലേക്ക് ടോർച്ചടിച്ചുനോക്കിയിട്ട് അവൻ തല പുറത്തേയ്ക്കിട്ടു.

‘കയറിവരൂ... ഇതൊരു പാതയാണ്...’

അത് കേട്ടപ്പോൾത്തന്നെ ജെസ്സി മുകളിലേക്ക് കയറുവാൻ ശ്രമിച്ചു. രഞ്ജിത് അവളെ മുകളിലേക്ക് പോകുവാനായി സഹായിച്ചു. തുടർന്ന് ജോംസി മിസ്സും തുരംഗത്തിലേക്ക് കയറിപ്പറ്റി. സമയം പാഴാക്കാതെ അവർക്കു പിന്നാലെ ആൺകുട്ടികളും ഉള്ളിലേക്ക് കയറി. തണുപ്പിൽനിന്നും രക്ഷനേടിയതിൻറെ ആശ്വാസം അപ്പോൾ അവർക്കെല്ലാവർക്കുമുണ്ടായിരുന്നു.

‘വരൂ... നമുക്ക് മുന്നോട്ടുപോകാം...’ രഞ്ജിത് അതും പറഞ്ഞുകൊണ്ട് ടോർച്ചിലെ പ്രകാശതീവ്രത വർദ്ധിപ്പിച്ചു.

ഇതേ സമയം മെർക്കുറിയുടെ മറ്റൊരു ഭാഗത്തിലൂടെ പ്രൊഫസറും പെൺകുട്ടികളും നടക്കുകയായിരുന്നു. താരയും റൂബിയും നടത്തത്തിനിടയിലും പ്രതീക്ഷയോടെ ചുറ്റും നോക്കിക്കൊണ്ടിരുന്നു. ബാക്കിയുള്ളവരെ എങ്ങനെയെങ്കിലും കണ്ടെത്തുകയായിരുന്നു അവരുടെ ലക്ഷ്യം.

‘സർ... നമ്മളിപ്പോൾ എങ്ങോട്ടാണ് പോകുന്നത്...’ താര അലസമായി ചോദിച്ചു.

‘താരേ... നമുക്കെല്ലാവർക്കും ഇത്രയും നേരം ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. ആ കൊട്ടാരത്തിൽ സുരക്ഷിതരായി എത്തുകയെന്നത്. പക്ഷേ നമ്മളിപ്പോൾ നമ്മുടെ കൂടെയുണ്ടായിരുന്നവരെ കണ്ടെത്തുകയാണ് ആദ്യം വേണ്ടത്. ഇത്രയും വേഗത്തിൽ സ്ഥലങ്ങൾക്ക് രൂപമാറ്റം സംഭവിക്കുന്നത് എൻറെ അനുഭവത്തിൽ ഇതാദ്യമായാണ്. എന്തായാലും ഇന്ന് സൂര്യൻ അസ്തമിക്കുംമുൻപ് നമുക്കവരെ കണ്ടെത്തണം. ഇല്ലെങ്കിൽ വൻവിപത്തുകൾക്ക് നമ്മളെല്ലാവരും സാക്ഷ്യം വഹിക്കേണ്ടി വരും...’

അയാളോട് പിന്നെ അവർ ഒന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല. ഒന്നും മിണ്ടാതെ അയാൾക്കൊപ്പം അവരും നടന്നുനീങ്ങി.

കുറച്ചുകൂടി മുന്നോട്ടുചെന്നപ്പോൾ റൂബിയുടെ കൈയ്യിൽ എന്തോ വീണതുപോലെ അനുഭവപ്പെട്ടു. തൊട്ടുപിന്നിൽ നടന്നിരുന്ന താരയ്ക്കും ഇതേ അനുഭവമുണ്ടായപ്പോൾ അവർ ഇരുവരും മുകളിലേക്ക് നോക്കി. വിചിത്രമായ ആ കാഴ്ച കണ്ട് പെൺകുട്ടികൾ ഇരുവരും ഞെട്ടിപ്പോയി..!

# ഇരുപത്തിയാറ്

‘സർ... സർ... ഇത് നോക്ക്...’

മുകളിൽ നിന്നും കണ്ണെടുക്കാതെതന്നെ അവർ ഇരുവരും പ്രൊഫസറിനെ വിളിച്ചു. മുകളിലോട്ടും നോക്കിയുള്ള അവരുടെ നിൽപ്പുകണ്ട് ആയാളും അവിടേക്കുനോക്കി. തിങ്ങി നിറഞ്ഞ മരച്ചില്ലകളുടെ ഇടയിലൂടെ ആ കാഴ്ച കണ്ട് അയാളും വാ പൊളിച്ചുനിന്നുപോയി.

‘സർ എന്തായിത്...’ താര ഭയത്തോടെ ചോദിച്ചു. അവളുടെ ചോദ്യത്തിന് മറുപടി നൽകാനാവാതെ അൽപ്പസമയം നിക്കോൾസൻ അതേ നിലയിൽത്തന്നെ തുടർന്നു.

‘വരൂ... നമുക്ക് അങ്ങോട്ടേയ്ക്ക് നീങ്ങി നിൽക്കാം...’

ഒടുവിൽ അതുംപറഞ്ഞുകൊണ്ട് അയാൾ മരച്ചില്ലകൾ കുറവുള്ള ഒരു ഭാഗത്തേയ്ക്ക് അവരെയും കൂട്ടി നീങ്ങിനിന്നു. അവിടെയെത്തിക്കഴിഞ്ഞ് അയാൾ വീണ്ടും മുകളിലേക്ക് നോക്കി. അവരുടെ നേർ മുകളിലായി പതിനായിരക്കണക്കിന് മനുഷ്യ രൂപങ്ങൾ അന്തരീക്ഷത്തിൽ നിലകൊള്ളുന്നത് കണ്ടപ്പോൾ അയാളും ഒന്ന് പതറിപ്പോയി. ആ മനുഷ്യരൂപങ്ങൾക്കെല്ലാം ഒരേ നിറമായിരുന്നു... കറുപ്പ്..!

‘സർ...’ താര വീണ്ടും വിളിച്ചപ്പോൾ അയാൾ അവളെ നോക്കി.

‘നിങ്ങൾ ഭയക്കേണ്ട ഞാനുള്ളപ്പോൾ നിങ്ങൾക്ക് ഒന്നും വരില്ല...’

പെട്ടെന്ന് റൂബിയുടെ കൈത്തണ്ടയിൽ വീണ്ടും എന്തോ വീണപ്പോൾ അവൾ കൈയ്യിൽ സൂക്ഷ്മമായി നോക്കി.

‘സർ...ഇതുകണ്ടോ... ഇത് എന്തോ ദ്രാവകമാണ് ഈ മരങ്ങളിൽ നിന്നും വീഴുന്നതാണ്...’ അതുകേട്ടപ്പോൾ പ്രൊഫസർ ചുറ്റും നിൽക്കുന്ന മരങ്ങളിലേക്ക് സൂക്ഷിച്ചു നോക്കി.

‘ഇത് ആ മരങ്ങളാണ്... റൂബീ....താരേ..ഇനി മുകളിലേക്ക് നോക്കരുത്... വേഗം ഇവിടെനിന്നും ഓടൂ...’

അയാൾ പെട്ടെന്ന് പറഞ്ഞതുകേട്ട് ഒന്നും ആലോചിക്കാൻ നിൽക്കാതെ അവർ ഇരുവരും മുന്നോട്ടോടി. ചുമലിൽ കിടന്നിരുന്ന ബാഗ് അപ്പോൾ മാത്രമാണ് അവർക്കൊരു ഭാരമായി തോന്നിയത്. മരങ്ങൾ കുറഞ്ഞൊരു ഭാഗമെത്തിയപ്പോൾ പെൺകുട്ടികൾ ഇരുവരും കിതപ്പോടെ നിലത്തിരുന്നു.

‘ഹാ... സർ... ഇനി വയ്യാ... എന്താ സർ ആ മരങ്ങൾക്ക് കുഴപ്പം...’ റൂബി കഷ്ടപ്പെട്ട് ശ്വാസോച്ഛ്വാസം നടത്തിക്കൊണ്ട് ചോദിച്ചു.

‘അവ ഹെംലോക് മരങ്ങളാണ്. AD മുന്നൂറിൽ ഇവ വിഷ വൃക്ഷങ്ങളാണെന്ന് കണ്ടെത്തി. ഇവ പുറംതള്ളുന്ന ദ്രാവകം മനുഷ്യൻറെ കണ്ണുകളിൽ വീണാൽ ഒരു മണിക്കൂറിനകം മരണം സംഭവിക്കും. നമ്മൾ ഇപ്പോൾ അതിജീവിച്ചത് ഒളിഞ്ഞിരുന്ന മറ്റൊരു കെണിയെയാണ്. ആ മരങ്ങളെ തിരിച്ചറിഞ്ഞില്ലായിരുന്നുവെങ്കിൽ നമ്മുടെ ആയുസ്സ് ഇപ്പോൾ ഒരുമണിക്കൂറായി ചുരുങ്ങിപ്പോയേനേ... ഇതൊക്കെ കേട്ടുകൊണ്ടിരുന്ന താരയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

‘എന്തുപറ്റി താരേ...’ പ്രൊഫസർ ആധിയോടെ ചോദിച്ചു. ‘ഒന്നുമില്ല സർ...നമ്മുടെ കൂടെയുണ്ടായിരുന്നവരെപ്പറ്റി ഓർത്തതാണ്. താങ്കൾക്ക് ആ മത്സ്യങ്ങളെക്കുറിച്ച് അറിയാവുന്നതു കൊണ്ടും ഈ മരങ്ങളെപ്പറ്റി അറിയാവുന്നതുകൊണ്ടുമൊക്കെയാണ് അവയിലൊന്നും പെട്ടുപോകാതെ ഞങ്ങൾ രക്ഷപെട്ടത്. പക്ഷേ അവർ തനിച്ച് ഈ മരങ്ങൾക്കു നടുവിൽ എത്തപ്പെട്ടാൽ...’ വാക്കുകൾ മുഴുമിപ്പിക്കാതെ അവൾ ഏങ്ങലടിച്ചു. അതുകേട്ടപ്പോൾ റൂബിയുടെയും കണ്ണുകളും നിറഞ്ഞൊഴുകി.

‘ദൈവം നമ്മുടെ കൂടെയുണ്ട്. ഇല്ലെങ്കിൽ നമ്മൾ മുകളിലേക്ക് നോക്കിയ സമയത്ത് എന്തുകൊണ്ട് നമ്മുടെ കണ്ണുകളിൽ ആ വിഷം വീണില്ല. അതുപോലെ നിങ്ങൾ എങ്ങനെ ആ മരണച്ചുഴികൾ താണ്ടി എൻറെ അടുക്കലെത്തി. അതുകൊണ്ട് വിഷമിക്കാതെ നമ്മുടെ ലക്ഷ്യത്തിലെത്താൻ പോരാട്ടം. ഇനിയും സമയം കളയണ്ട. നമുക്ക് മുന്നോട്ടു പോകാം... വരൂ...’ പ്രൊഫസർ പറഞ്ഞ ആ വാക്കുകൾക്ക് അവരുടെ തളർന്ന മനസ്സിനെ ഉത്തേജിപ്പിക്കാൻ കഴിവുണ്ടായിരുന്നു. ബാഗും തോളിലേന്തി അവർ ഇരുവരും പ്രൊഫസറിനെ പിൻതുടർന്നു. സൂര്യപ്രകാശത്തിൻറെ കാഠിന്യം കുറഞ്ഞുവന്നുകൊണ്ടിരുന്നു. അതോടൊപ്പം മരങ്ങൾ തിങ്ങി നിറഞ്ഞ മെർക്കുറിയുടെ പല ഭാഗങ്ങളിലും തണലിന് കട്ടികൂടിക്കൂടിവന്നു.

************************************************************

‘മിസ്സേ... എനിക്കിനി നടക്കാൻ വയ്യ...’ തുരംഗത്തിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളത്തിൽ മുട്ടുകുത്തിയിരുന്നുകൊണ്ട് ജെസ്സി പറഞ്ഞു.

‘ജെസ്സി...നമുക്ക് കുറച്ചുകൂടി മുന്നോട്ടുപോകാം എന്തെങ്കിലും വഴി തെളിയാതെയിരിക്കില്ല...’ ജോംസി മിസ്സ് അവളുടെ നെറുകയിൽ തലോടിക്കൊണ്ട് പറഞ്ഞു. ആൺകുട്ടികളും ആകെ തളർന്നു തുടങ്ങിയിരുന്നു. പക്ഷേ അവർ ആരോടും പരാതിപറയാതെ ശാന്തമായി നിന്നു.

‘ജെസ്സീ...നമുക്ക് റൂബിയെയും താരയെയും നമ്മുടെ പ്രൊഫസറിനെയുമൊക്കെ കണ്ടെത്തണ്ടേ...ഇപ്പോൾത്തന്നെ ഒരുപാട് വൈകിയിരിക്കുന്നു. ഇതിൽനിന്നും ഒന്ന് പുറത്തുകടന്നിട്ട് നമുക്കെല്ലാവർക്കും എത്രസമയം വേണമെങ്കിലും വിശ്രമിക്കാം.’ രഞ്ജിത് അപേക്ഷിക്കുന്ന രീതിയിൽ അവളോട് പറഞ്ഞു. അതുകേട്ടപ്പോൾ നടക്കാൻ വയ്യാഞ്ഞിട്ടും അവൾ തത്രപ്പാടിൽ എഴുന്നേറ്റ് നടക്കുവാൻ ആരംഭിച്ചു. പക്ഷേ കുറച്ചുകൂടി മുന്നോട്ടുപോയ അവരെ സംശയത്തിലാഴ്ത്തിക്കൊണ്ട് തുരംഗപാത രണ്ടായി പിരിഞ്ഞു.

‘ഇനിയെന്താ ചെയ്യാൻ പോകുന്നത്...’ ജോംസി മിസ്സ് രഞ്ജിത്തിനെ നോക്കി ചോദിച്ചു. പക്ഷേ ആ സമയത്ത് ജെസ്സി വലതു വശം കണ്ട പാതയിലൂടെ നടത്തം ആരംഭിച്ചിരുന്നു.

‘ജെസ്സീ...നീ എങ്ങോട്ടാ ഈ പോകുന്നത്...നിൽക്ക്...’ മിസ്സ് വിളിച്ചുചോദിച്ചു.

‘നിന്നിട്ട് എന്നാത്തിനാ...അവസാനം കറക്കിക്കുത്തി നിങ്ങളെല്ലാംകൂടി ഏതെങ്കിലും ഒരു വഴി തിരഞ്ഞെടുക്കും. അല്ലാതെ ആർക്കും ഇവിടുത്തെ വഴിയൊന്നും അറിയത്തില്ലല്ലോ. നിങ്ങള് കറക്കിക്കുത്തിയിട്ടൊക്കെ പയ്യെ അങ്ങ് വന്നേക്ക്. ഞാൻ അവിടെക്കാണും. റ്റാറ്റാ...’ കൈ വീശിക്കാട്ടി ജെസ്സി വേഗത്തിൽ നടന്നുപോയി.

ബാക്കിയുള്ളവർ പരസ്പരം നോക്കി കണ്ണുമിഴിച്ചു. പിന്നെ ജെസ്സി പോയ വഴിയേ നടത്തമാരംഭിച്ചു. പക്ഷേ കുറച്ചുദൂരംകൂടി നടന്നപ്പോൾ അവരെയാകെ അമ്പരപ്പിച്ചുകൊണ്ട് തുരംഗപാത അവസാനിച്ചു. പാതയുടെ അവസാന ഭാഗത്തുള്ള ചെറുവിള്ളലിലൂടെ വെളിച്ചത്തോടൊപ്പം പുതുവായുവും അകത്തേക്ക് ഇരച്ചു കയറിക്കൊണ്ടിരുന്നു.

ജെസ്സി തുരംഗഭിത്തിയിൽ പിടിച്ചുകൊണ്ട് പുറത്തേയ്ക്ക് തലയിട്ട് സ്വാതന്ത്ര്യം ലഭിച്ച രീതിയിൽ ഒരു ദീർഘശ്വസനം നടത്തി. എന്നിട്ട് തിരിഞ്ഞുനിന്ന് ബാക്കിയുള്ളവരെ ഒറ്റപ്പുരികം പൊക്കിക്കാണിച്ചു. രഞ്ജിത്തും ജോംസിമിസ്സും ആൺകുട്ടികളും അവളെ നമിച്ചു എന്ന രീതിയിൽ കൈ തൊഴുത് കാട്ടി. യാത്രയ്ക്കിടയിൽ നഷ്ടപ്പെട്ടുപോയ ആ പഴയ ഊർജ്ജം തിരിച്ചു കിട്ടിയ സന്തോഷമായിരുന്നു അവർക്കെല്ലാവർക്കും.

ആ ചെറുവിള്ളലിലൂടെ വളരെയേറെ ആയാസപ്പെട്ട് തുരംഗത്തിൽ നിന്നും പുറത്തുകടന്ന അവർ കണ്ടത് വള്ളികളും പൂക്കളും പാറകളും നിറഞ്ഞ മനോഹരമായ ഒരു ചുറ്റുപാടായിരുന്നു.

‘അമ്പോ...’ ജെസ്സി അത്ഭുതത്തോടെ ചുറ്റും നോക്കി.

‘മിസ്സ്... അത് നോക്ക്...’ കൂട്ടത്തിൽ ഉയരം കൂടിയ പാറമേൽ വിശ്രമിക്കാൻ കയറിയ ഷാനു ദൂരേക്ക് കൈചൂണ്ടിക്കാണിച്ചു.

‘എന്താ ഷാനൂ... ഞാൻ ഒന്നും കാണുന്നില്ലല്ലോ...’

‘മിസ്സേ...ഇങ്ങോട്ടേക്ക് കയറി വാ....എന്നിട്ട് നോക്ക്..’ അവൻ പറഞ്ഞതുകേട്ട് രഞ്ജിത് ആ പാറയിലേക്ക് ആദ്യം ചാടിക്കയറി. തൊട്ടുപിന്നാലെ ജോംസി മിസ്സും ജെസ്സിയും ആകാംക്ഷയോടെ അവിടേക്ക് ചെന്നു. അവരുടെ കണ്ണുകൾക്ക് അത്ഭുതം പകരാനുംമാത്രം ആ കാഴ്ച്ചയ്ക്ക് പ്രാപ്തിയുണ്ടായിരുന്നു.

‘പാലസ്...!’ അവർ ഒരുമിച്ച് പറഞ്ഞു. അതുകേട്ടപ്പോൾ വിശ്രമിച്ചുകൊണ്ടിരുന്ന വിക്കിയും റ്റോജിയും അലക്സും തിടുക്കത്തിൽ ആ പാറയിലേക്ക് ഓടിക്കയറി. ആ കാഴ്ച കണ്ടപ്പോൾ അവരുടെ മുഖവും സന്തോഷംകൊണ്ട് തുടുത്തു.

‘എങ്കിൽ വാ മിസ്സേ....നമുക്ക് ഇപ്പോൾത്തന്നെ അവിടേക്ക് പോകാം...’ ജെസ്സി മിസ്സിൻറെ കൈയ്യിൽ പിടിച്ചുവലിച്ചുകൊണ്ട് പറഞ്ഞു. അവളുടെ നിഷ്കളങ്കമായ പറച്ചിൽ കേട്ട് ജോംസി മിസ്സ് അവരുടെ മുഖത്ത് വന്ന ചിരി കൈകൊണ്ട് മറച്ചു.

‘പെട്ടെന്ന് നിനക്കിതെന്നാ പറ്റി ജെസ്സീ...ഉരംഗത്തീന്ന് വല്ല ബാധയും കൂടിയോ...’ രഞ്ജിത് അവളെ കളിയാക്കി.

‘ബാധയൊന്നുമല്ല... പ്രൊഫസറും പിന്നെ ആ മന്ദബുദ്ധികളും എന്തായാലും ആ പാലസിൽ നമുക്ക് മുൻപേ എത്തുമല്ലോ അവരെയൊക്കെ കാണാനുള്ള ഒരു ഇത്....ഹഹഹ..’ അവൾ അത് പറഞ്ഞ് ചിരിക്കുമ്പോഴും അവളുടെ കണ്ണുകൾ നിറഞ്ഞത് എല്ലാവരും ശ്രദ്ധിച്ചു. ജോംസി മിസ്സ് അവളെ ചേർത്തുവച്ച് അവളുടെ തോളിൽ തട്ടി.

‘അപ്പോൾ എല്ലാവരും റെഡിയല്ലേ...’ രഞ്ജിത് ആവേശത്തോടെ വിളിച്ചുചോദിച്ചു.

‘റെഡി സർ...’ അവനെ കളിയാക്കിക്കൊണ്ട് ആൺകുട്ടികൾ സല്യൂട്ട് ചെയ്ത് പറഞ്ഞു. വള്ളിച്ചെടികളും പൂക്കളും കയറ്റിറക്കങ്ങളും നിറഞ്ഞ ആ വഴികളിലൂടെയുള്ള യാത്ര അവരെ സംബന്ധിച്ച് വളരെ രസകരമായിരുന്നു. നടത്തത്തിനിടയിൽ റ്റോജിയും ജെസ്സിയും തമ്മിൽ അതുമിതും പറഞ്ഞ് അടിവച്ചുകൊണ്ടിരുന്നു. അതൊക്കെക്കൊണ്ടുതന്നെ വിശ്രമിക്കാതെയുള്ള നടത്തത്തിൽ അവർക്കാർക്കും തളർച്ച തോന്നിയില്ല. അൽപ്പംകൂടി മുന്നോട്ടു ചെന്നപ്പോൾ ഒരേപോലത്തെ അടുത്തടുത്ത മൂന്ന് ലോഹനിർമ്മിത പാലങ്ങൾ കണ്ട് എല്ലാവരും നടത്തമവസാനിപ്പിച്ചു.

‘ഇതെന്തിനാ മറുവശത്തെത്താൻ മൂന്ന് പാലം...’ ജെസ്സിയോടൊപ്പം മുന്നിൽ നടന്നിരുന്ന റ്റോജി സംശയത്തോടെ രഞ്ജിത്തിനെ നോക്കി.

‘സംശയമെന്ത്...ഇതും എന്തോ കെണിതന്നെ...’ അവൻ മറുപടി പറഞ്ഞു.

‘അയ്യേ... ഇതൊക്കെയാണോ ഒരു കെണി... നമുക്ക് വെയിറ്റ് ചെയ്യാം. ഈ കെണി മാറി അടുത്തത് വരട്ടെ നല്ലതാണേൽ അത് ട്രൈ ചെയ്യാം.. ഇല്ലേൽ അടുത്തതിലേക്ക് വീണ്ടും സ്കിപ്പ് ചെയ്യാം...’ ജെസ്സി അതുംപറഞ്ഞ് തനിയേ ചിരിച്ചു.

‘ഒന്ന് പോ ജെസ്സീ...ഇനിയിപ്പോൾ നമ്മൾ എന്താ ചെയ്യുക. സന്ധ്യയാവാൻ ഇനി അധികനേരമില്ല...’ ജോംസി മിസ്സ് വ്യാകുലപ്പെട്ടു. ആ സമയത്ത് യാദൃശ്ചികമായാണ് ജെസ്സി പാലത്തിൻറെ താഴേക്ക് നോക്കിയത്. തൽക്ഷണം അവളുടെ മുഖത്തുണ്ടായിരുന്ന ചിരി അപ്രത്യക്ഷമായി.

# ഇരുപത്തിയേഴ്

'മിസ്സേ...ദാ അത് നോക്കിയേ...'

വിറയ്ക്കുന്ന കൈകളോടെ ജെസ്സി പാലത്തിനടിയിലേക്ക് കൈചൂണ്ടി. അത് കേട്ടതും ബാക്കിയുള്ളവർ ആകാംക്ഷയോടെ അവിടേക്ക് ഉറ്റുനോക്കി. പാലത്തിന് താഴെയായി നിലം കാണാത്ത തരത്തിൽ ഒരിനം കുറ്റിച്ചെടികൾ പടർന്നുപിടിച്ചിരുന്നു. ചെടിയുടെ പൊക്കം കുറഞ്ഞ കാണ്ഡത്തിൽ നിന്നും നൂറുകണക്കിന് വള്ളികൾ പോലുള്ള അതിൻറെ കറുത്ത ഇലകൾ അന്തരീക്ഷത്തിൽ ആടിയുലയുന്നുണ്ടായിരുന്നു. പക്ഷേ സൂക്ഷിച്ചുനോക്കിയപ്പോൾ മാത്രമാണ് ജെസ്സി നിസ്സാരമായി തള്ളിപ്പറഞ്ഞ ആ കെണി എത്രത്തോളം ഭയാനകമാണെന്ന് അവരെല്ലാവരും തിരിച്ചറിഞ്ഞത്. ആ ചെടികളുടെ കാണ്ഡങ്ങളിൽ നിന്നും അന്തരീക്ഷത്തിൽ ആടിയുലഞ്ഞുകൊണ്ടിരുന്ന ഇലകൾക്ക് ചുവന്ന ജ്വലിക്കുന്ന കണ്ണുകൾ..!

'അയ്യോ. അതെല്ലാം എന്തോ ജീവികളാണ്...' ജെസ്സി ഭയത്തോടെ പറഞ്ഞു.

'ചെടികളിൽ ഉണ്ടാവുന്ന ജീവികളോ...' റ്റോജി സംശയത്തിൽ കണ്ണുതിരുമ്മിക്കൊണ്ട് അവിടേക്ക് വീണ്ടുംവീണ്ടും നോക്കി.

'ഏയ്...അത് ആ ചെടിയിൽ പാർക്കുന്ന ഏതെങ്കിലും ജീവികളായിരിക്കും. എന്തായാലും ഇത്രയും ഉയരത്തിൽ അവ കടന്നുവരാൻ ചാൻസ് കുറവാണ്. എന്തായാലും പാലത്തിനടിയിലേക്ക് ഒരാൾ ചെന്നുപെട്ടാൽ എന്തുസംഭവിക്കുമെന്നൊന്ന് നോക്കാം...' രഞ്ജിത് അതുംപറഞ്ഞുകൊണ്ട് നിലത്തുനിന്നും ഒരു കല്ലെടുത്ത് പാലത്തിൻറെ താഴേക്ക് ശക്തിയിൽ എറിഞ്ഞു. ആ കല്ല് ചെന്നുകൊണ്ടത് അതിൽ ഒരു ജീവിയുടെ നേർക്കായിരുന്നു. അതിൻറെ തല ചിതറിത്തെറിച്ചു. ഒരൊറ്റ നിമിഷംകൊണ്ട് ആ പരിസരമാകെ ഭീതി പരത്തിക്കൊണ്ട് കീഴ്ഭാഗത്തെ ചെടികളിൽ നിന്നും ഒരുപറ്റം നാഗങ്ങൾ പത്തിവിടർത്തിയാടി..!

'അയ്യോ...പാമ്പ്...' ജെസ്സി വെപ്രാളത്തിൽ ജോംസി മിസ്സിൻറെ കൈയ്യിലമർത്തി. ജീവിതത്തിൽ അന്നാദ്യമായിട്ടായിരുന്നു അവരെല്ലാവരും ഒന്നിലധികം പാമ്പുകളെ ഒരുമിച്ച് കണ്ടത്. അതുകൊണ്ടുതന്നെ ഒട്ടും പ്രതീക്ഷിക്കാതെയുള്ള ആ കാഴ്ച കണ്ട് അവർ പരിഭ്രമിച്ചുപോയി. തങ്ങളുടെ കൂട്ടത്തിൽ ഒരാളെ വകവരുത്തിയതിലുള്ള പകയെന്നോണം ചെടികളിൽത്തന്നെയിരുന്നുകൊണ്ട് അവ ക്രോധത്തോടെ മുകളിലേക്ക് നോക്കി ഫണം വിടർത്തിയാടി. അവയുടെ കണ്ണുകളിലെ ജ്വലിക്കുന്ന തവിട്ടു കലർന്ന

ചുവപ്പുനിറം ആ കാഴ്ചയ്ക്ക് പതിന്മടങ്ങ് ഭീതിപകർന്നുകൊടുത്തു. അതിൽ ഒന്ന് മുകളിലേക്കെത്തപ്പെട്ടാൽ ഉണ്ടാകാവുന്ന അവസ്ഥ അവരെല്ലാവരും അതിലൂടെ ഊഹിച്ചു.

'രഞ്ജിത്... സമയം ഒരുപാടാവുന്നു. നമ്മൾ എന്താ ചെയ്യുക...' ജോംസി മിസ്സ് വേവലാതിപ്പെട്ടു.

'ഇനി ഞാൻ പറഞ്ഞതേ നടക്കൂ...നമുക്ക് അടുത്ത കെണി മാറുന്നതുവരെ വെയിറ്റ് ചെയ്യാം...'

'അതൊരിക്കലും ഉണ്ടാവാൻ പോകുന്നില്ല...' ജെസ്സിയുടെ സംസാരത്തെ തഴഞ്ഞുകൊണ്ട് രഞ്ജിത് പറഞ്ഞു. അവൻ അതു പറഞ്ഞപ്പോൾ ജെസ്സി സംശയത്തോടെ അവനെ നോക്കി.

'അതെന്താ... കെണികൾ മാറിമാറി വരില്ലേ...' അവൾ നെറ്റി ചുളിച്ചു.

'ജെസ്സീ നീ പിന്നിലേക്കൊന്ന് നോക്ക്...' അവൻ അതുപറഞ്ഞപ്പോൾ ജെസ്സി ഉൾപ്പെടെ എല്ലാവരും അവർ വന്ന വഴിയിലേക്ക് തിരിഞ്ഞുനോക്കി. അവർ വന്നവഴി രൂപാന്തരം പ്രാപിച്ച് ഒരു പുൽത്തകിടിയായി മാറിയിരുന്നു.

'കണ്ടോ... ഓരോ പ്രദേശത്തിനും നിശ്ചിതമായ സമയം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ കെണി മാറാൻ നോക്കിയിരുന്നാൽ നമ്മൾ ഇവിടെത്തന്നെ പെട്ടുപോകും...' എല്ലാവരും രഞ്ജിത് പറഞ്ഞത് ശരിവച്ചുകൊണ്ട് തലകുലുക്കി.

'പക്ഷേ മറുവശം കടക്കാനുള്ള ശരിയായ വഴി നമ്മൾ എങ്ങനെ കണ്ടെത്തും. ഇത് ഒരുപോലത്തെ മൂന്ന് പാലങ്ങളല്ലേ..' വിക്കി ആരാഞ്ഞു.

'ഇനിയിപ്പോൾ നമ്മൾ ഓരോരുത്തരും എന്തെങ്കിലും വഴികൾ ആലോചിച്ചാലേ മുന്നോട്ടുപോകുവാൻ സാധിക്കൂ. ആർക്കെങ്കിലും എന്തെങ്കിലും പോംവഴികൾ തോന്നുന്നുണ്ടോ...' മിസ്സ് എല്ലാവരെയും നോക്കി ചോദിച്ചു. പെട്ടെന്നായിരുന്നു മിസ്സിൻറെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം വന്നുചേർന്നത്.

'രഞ്ജിത്... ദാ ആ കിടക്കുന്ന വലിയ ഉരുളൻ കല്ലുകൾ നിങ്ങൾ ആണുങ്ങൾ വിചാരിച്ചാൽ പൊക്കിയെടുക്കുവാൻ സാധിക്കില്ലേ..?' മിസ്സ് ചോദിച്ചതുകേട്ട് ബാക്കിയുള്ളവർ അവരുടെ വലതുവശത്ത് കൂട്ടമായി കിടന്നിരുന്ന ഉരുളൻ പാറക്കല്ലുകളിലേക്ക് ശ്രദ്ധിച്ചു.

'അതൊക്കെ പറ്റും... എന്നിട്ടോ..?' രഞ്ജിത് കല്ലിൽ നിന്നും മിസ്സിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് ചോദിച്ചു.

'ആ കല്ലുകൾ പാലത്തിലൂടെ ശക്തിയിൽ മുന്നിലേക്ക് ഉരുട്ടിവിടണം. എന്തായാലും ഒരു മനുഷ്യനെക്കാൾ ഭാരം ആ കല്ലുകൾക്കുണ്ട്. പിന്നെ നിങ്ങളൊക്കെ ആ മൂന്ന് പാലങ്ങളും ശ്രദ്ധിച്ചുവോ. അവയുടെ ഇരുവശങ്ങളും ഇറക്കം പോലെ നടുവശത്ത് അവസാനിക്കുന്നു. ഒരു തൂക്കുപാലം പോലെ. കല്ല് ഇട്ടുകൊടുത്താൽ അനായാസം പാലത്തിൻറെ നടുഭാഗംവരെ അത് ഉരുണ്ടുപോകും. ഈയൊരു

വഴിയേ ഞാൻ നോക്കിയിട്ട് നമുക്ക് മുന്നിലുള്ളൂ...' മിസ്സ് പറഞ്ഞത് ആലോചിച്ചുനോക്കിയപ്പോൾ രഞ്ജിത്തിനും അത് നല്ലൊരു വിദ്യയായി തോന്നി.

'വരൂ...' അതുംപറഞ്ഞുകൊണ്ട് അവൻ തൊട്ടടുത്തുകിടന്ന ഉരുളൻകല്ലുകൾക്ക് നേരേ നടന്നു. അത് കണ്ടിട്ട് ബാക്കിയുള്ള ആൺകുട്ടികളും ജെസ്സിയും അവൻറെ പിന്നാലെ ചെന്നു. എല്ലാവരുംകൂടി ആയാസപ്പെട്ട് സാമാന്യം വലിപ്പമുള്ള ഒരു കല്ല് പൊക്കിയെടുത്തു. സമയം പാഴാക്കാതെതന്നെ അതും താങ്ങിയെടുത്ത് അവർ ഒന്നാമത്തെ പാലത്തിൻറെ തുടക്കത്തിലേക്ക് പോയി.

'റെഡി... വൺ... ടൂ... ത്രീ...'

അവർ ഒരുമിച്ച് പറഞ്ഞുനിർത്തിയതും ആ കല്ല് പാലത്തിലൂടെ ഉരുണ്ടുപോയതും ഒരുമിച്ചായിരുന്നു. കല്ല് കുറച്ചുദൂരം ചെന്നതും താഴെനിന്നും സർപ്പങ്ങൾ കൂട്ടത്തോടെ ചീറ്റിയ ശബ്ദം കേട്ട് അവർ പാലത്തിനടിയിലേക്ക് നോക്കി. അവർ ഉരുട്ടിവിട്ട കല്ല് താഴെ സർപ്പങ്ങളുടെ കൂട്ടത്തിനിടയ്ക്ക് കിടക്കുന്നത് കണ്ട് അവർ ഞെട്ടിപ്പോയി. അതോടൊപ്പം ആ കല്ല് വീണ് ഒരുപാട് സർപ്പങ്ങൾ ഞെരിഞ്ഞുചത്തിരുന്നു. പക്ഷേ പാലത്തിന് ഒരു രൂപമാറ്റവും സംഭവിച്ചിരുന്നില്ല.

'ഈ പാലം പൂർണ്ണമായും യാഥാർത്ഥ്യമല്ല. മിഥ്യയാണ്.'

'മിഥ്യയോ...' ജെസ്സി സംശയത്തോടെ രഞ്ജിത്തിനെ നോക്കി.

'അതേ... കാഴ്ചക്കാരനെ മിഥ്യ കാട്ടി തെറ്റിദ്ധരിപ്പിച്ച് സർപ്പങ്ങളുടെ ഇരയാക്കുക. അതാണ് ഈ കെണിയുടെ ഉദ്ദേശം. വരൂ... സമയം കളയണ്ട. നമുക്ക് അടുത്ത വഴി നോക്കാം...' അവർ വീണ്ടും കല്ലുകൾ കൂടിക്കിടന്നിരുന്ന ഭാഗത്തുനിന്നും വീണ്ടും മറ്റൊരു കല്ല് ഉയർത്തിയെടുത്ത് അടുത്ത പാലത്തിലേക്ക് ഉരുട്ടിവിട്ടു. കല്ല് അതിവേഗത്തിൽ ഉരുണ്ടുപോയി പാലത്തിൻറെ പകുതിയിൽ നിന്നു. എല്ലാവരും സന്തോഷത്തോടെ പരസ്പരം നോക്കി..

'വരൂ... ഇതാണ് ശരിയായ വഴി...' രഞ്ജിത് മിസ്സിനെ നോക്കി പറഞ്ഞു.

'എങ്കിൽ സമയം കളയേണ്ട. നമുക്ക് വേഗം മറുകരയെത്താം...'

'നമുക്ക് മൂന്നാമത്തെ പാലം എന്താണെന്ന് നോക്കിയിട്ട് പോയാലോ...' ജെസ്സി അത് ചോദിച്ചപ്പോൾ ആരും അവളെ ശ്രദ്ധിക്കാത്ത രീതിയിൽ പാലത്തിലേക്ക് തിടുക്കത്തിൽ നടന്നു പോയി. തന്നെ ആരും ഗൗനിക്കാത്തതുകണ്ട് ചമ്മലോടെ ജെസ്സി ഒന്ന് പരുങ്ങി. എങ്കിലും മൂന്നാമത്തെ പാലത്തിൽ എന്ത് കെണിയാണെന്നറിയുവാനുള്ള ആകാംക്ഷയിൽ നിലത്തുനിന്നും ഒരു ചെറുകല്ല് പെറുക്കി മൂന്നാമത്തെ പാലത്തിൻറെ നടുവിലേക്ക് അവൾ എത്തിയെറിഞ്ഞു.

ആ കല്ല് പാലത്തിലൂടെ ഉരുണ്ടുപോയതും എന്തൊക്കയോ തമ്മിൽ ഉരസുന്ന ശബ്ദം അവിടെയാകെ പ്രകമ്പനംകൊണ്ടു. അതോടൊപ്പം പാലങ്ങളുടെ മുകളിലായി ഒരു ലോഹവല പ്രത്യക്ഷപ്പെട്ടു. എന്തോ സംഭവിക്കാൻ പോകുന്നതിനുള്ള തുടക്കമാണതെന്ന് അവർക്കെല്ലാവർക്കും മനസ്സിലായി.

ജെസ്സി വേഗത്തിൽ അവരുടെയൊപ്പം പാലത്തിലേക്ക് കയറി നിന്നു. പെട്ടെന്നായിരുന്നു ആ സർപ്പങ്ങളുടെ ചീറ്റൽ ശബ്ദം വീണ്ടും ഉയർന്നുകേട്ടത്. അത് കേട്ടിട്ടെന്നോണം അവർ പാലത്തിൻറെ താഴേയ്ക്ക് നോക്കി.

'അയ്യോ അവ നമ്മുടെ അടുത്തേയ്ക്ക് വരികയാണ്...' അലക്സ് ഭയത്തിൽ അലറി. അവർക്ക് ചിന്തിക്കാൻ പോലും സമയം കിട്ടാത്തത്ര വേഗത്തിലായിരുന്നു പാലത്തിൻറെ താഴ്ഭാഗത്തെ നിലം മുകളിലേക്ക് ഉയർന്നുപൊങ്ങിക്കൊണ്ടിരുന്നത്. അതോടൊപ്പം പാലങ്ങളുടെ മുകളിൽ പ്രത്യക്ഷപ്പെട്ട ലോഹവല താഴേക്ക് ചലിച്ചുകൊണ്ടിരുന്നു.

സർപ്പങ്ങളിൽ ചിലത് ചെടിയിൽനിന്നും നിലത്തേക്ക് ഇഴഞ്ഞിറങ്ങി വാലിൽ കുത്തിച്ചാടി മുകളിലേക്ക് വേഗത്തിലെത്തുവാൻ ശ്രമിച്ചു.

പാഞ്ഞടുക്കുന്ന അപകടം തിരിച്ചറിഞ്ഞതും എല്ലാവരും മറുവശത്തേയ്ക്ക് കുതറിയോടി. കൂട്ടത്തിൽ പിൻഭാഗത്തായിരുന്ന ജെസ്സിയും അലക്സും ഓടിക്കൊണ്ടുതന്നെ ഉറക്കെ അലറി വിളിച്ചു. മുകളിൽനിന്നും പാലങ്ങളെ വിഴുങ്ങാനെന്നപോലെ ലോഹവല വേഗത്തിൽ താഴേക്ക് കുതിച്ചെത്തി. അവർ പാലത്തിനൊടുവിലേക്കെത്തുംമുൻപുതന്നെ സർപ്പങ്ങൾ പാലത്തിൻറെ കൈവരികളിലും മറ്റുമായി ചുറ്റിപ്പിണഞ്ഞു. ലോഹവലയും നിലവും തമ്മിലുള്ള ഇഞ്ചുകളുടെ അകലത്തിൽ അവർ ഓരോരുത്തരായി പുറത്തേക്ക് നുഴഞ്ഞുചാടി.

നാഗങ്ങളുടെ ദംശനത്തിൽനിന്നും വലയ്ക്കുള്ളിൽ കുടുങ്ങാതെയും തലനാരിഴയ്ക്കാണ് പിന്നിലായിരുന്ന അലക്സും ജെസ്സിയും പാലത്തിൽനിന്നും വെളിയിലേക്കെത്തിയത്. അവരെല്ലാവരും കരയിലേക്കെത്തിയതും അവർ നിന്നിരുന്ന പാലമുൾപ്പെടെ മറ്റ് മൂന്ന് പാലങ്ങളിലേക്കും അനേകായിരം സർപ്പങ്ങൾ പാഞ്ഞുകയറിയിരുന്നു. അവയിൽ ചിലത് പാലത്തിൻറെ കൈവരിയിലും നിലത്തുമെല്ലാം കോപത്തോടെ ആഞ്ഞു കൊത്തി. ആ ലോഹവല തങ്ങളുടെയെല്ലാം സുരക്ഷാകവചമായിട്ടാണ് അപ്പോഴവർക്ക് തോന്നിയത്. രഞ്ജിത്തും ബാക്കിയുള്ളവരും അമർഷത്തോടെ ജെസ്സിയെ നോക്കി...!

* * * * * * * * * * * * * * * * * * * * * * *

'സർ വിശക്കുന്നു...' ഗത്യന്തരമില്ലാതെ റൂബി പറഞ്ഞു.

'അതേ സർ...എനിക്കും...' താരയും തളർച്ചയോടെ പ്രതികരിച്ചു.

പെൺകുട്ടികൾ ഇരുവരും അവശരാണെന്ന് മനസ്സിലാക്കിയ പ്രൊഫസർ റൂബിയുടെ ബാഗിലേക്ക് നോക്കി.

‘അതിൽ കഴിക്കാൻ ഒന്നുമില്ല സർ…ആഹാരസാധങ്ങളുടെ ബാഗുകൾക്ക് ഭാരം കൂടുതലായതിനാൽ അതൊക്കെ ആണുങ്ങളുടെ കൈവശമായിരുന്നു…’ റൂബി നിരാശയോടെ പറഞ്ഞുകൊണ്ട് അവർ നടന്നുകൊണ്ടിരുന്ന പുൽത്തകിടിയിലായി ഇരുന്നു. അത് കണ്ടപ്പോൾ താരയും അവളുടെ തോളിൽ നിന്നും ബാഗ് താഴെവച്ചിട്ട് ചമ്രം പിണഞ്ഞ് നിലത്തിരുന്നു. തൊട്ടപ്പുറത്തായി പ്രൊഫസറും ഒരു മരത്തടിയിലായ് മാറിയിരുന്നു.

‘കണ്ണെത്താദൂരത്തിലുള്ള ഈ പുൽത്തകിടി വഴി തെറ്റിയതിൻറെ ലക്ഷണമാണ് കാണിക്കുന്നത്. നമ്മൾ തിരഞ്ഞെടുത്ത വഴി പിശകിയിയെന്നാ തോന്നുന്നത്. പക്ഷേ ഇതല്ലാതെ നമുക്ക് വേറേ മാർഗ്ഗമില്ലായിരുന്നു…’ പ്രൊഫസർ നിരാശയിൽ പറഞ്ഞു. അവരുടെ അനുഭവത്തിൽ ആദ്യമായായിരുന്നു പ്രൊഫസർ നിരാശയോടുകൂടി സംസാരിക്കുന്നത് കേട്ടത്.

‘ഇനി എങ്ങിനെയെങ്കിലും ആ കൊട്ടാരത്തിൽ എത്തുകയേ മാർഗ്ഗമുള്ളൂ…’ താര റൂബിയുടെ മടിയിലേക്ക് ചാഞ്ഞുകൊണ്ട് പറഞ്ഞു.

‘അവിടെ അവരൊക്കെ ഇപ്പോൾ എത്തിക്കാണുമായിരിക്കും അല്ലേ താരേ…’

‘അതെയതെ…അവരൊക്കെ ഇപ്പോൾ നമുക്കുള്ള ഭക്ഷണം ഉണ്ടാക്കുന്നുണ്ടാവും… ഹോ…’ താര വായിൽ ഊറിവന്ന വെള്ളമിറക്കി. പെൺകുട്ടികൾ തമ്മിൽ ഓരോന്നും സംസാരിക്കുമ്പോഴും പ്രൊഫസറിൻറെ ചിന്ത അയാൾ ഇരിക്കുന്ന മരത്തടിയെക്കുറിച്ചായിരുന്നു. ഇരുവശവും വൃത്താകൃതിയിൽ ചെത്തി മിനുക്കിയ ആ വലിയ മരത്തടി ഏക്കറുകളോളം മരങ്ങളുടെ സാന്നിധ്യമില്ലാത്ത ആ പുൽത്തകിടിയിൽ എങ്ങിനെ വന്നുവെന്നതിനെപ്പറ്റി അയാൾ ചിന്തിച്ചുകൊണ്ടിരുന്നു. ആലോചനകൾക്കൊടുവിൽ നിക്കോൾസൺ ആ മരത്തടിയിൽ തട്ടിയും മുട്ടിയുമൊക്കെ നോക്കുന്നത് കണ്ടപ്പോൾ പെൺകുട്ടികളും അവിടേയ്ക്ക് ശ്രദ്ധിച്ചു. ഒടുവിൽ പ്രൊഫസർ തത്രപ്പെട്ട് ആ മരത്തടി ഉരുട്ടി മാറ്റാൻ ശ്രമിക്കുന്നത് കണ്ടപ്പോൾ അവരും അയാളെ അതിന് സഹായിച്ചു. മൂവരും ചേർന്ന് പരമാവധി ശക്തിയിൽ എത്രശ്രമിച്ചിട്ടും ആ മരത്തടി മുന്നിലേക്ക് ഉരുണ്ടു മാറിയില്ല.

ഒടുവിൽ തളർച്ചയുടെ വക്കെത്തിയപ്പോൾ ഓരോരുത്തരായി ആ ശ്രമത്തിൽനിന്നും പിൻവാങ്ങി. പെൺകുട്ടികൾക്കു പിന്നാലെ പ്രൊഫസറും മരത്തടിയുമായുള്ള മൽപ്പിടുത്തമവസാനിപ്പിച്ച് പുൽത്തകിടിയിലേക്ക് ചാഞ്ഞു.

‘ഇനി നമ്മൾ എന്തുചെയ്യും സർ…’ താര പ്രൊഫസർക്കരികിലേക്ക് ചെന്നിരുന്നുകൊണ്ട് ചോദിച്ചു.

‘ദൈവം എന്തെങ്കിലുമൊരു വഴി കാണിച്ചുതരാതെയിരിക്കില്ല. വെളിച്ചം മങ്ങിത്തുടങ്ങിയ ആകാശത്തിലേക്കു നോക്കി പ്രൊഫസർ മറുപടി പറഞ്ഞു.

‘സർ ഓടിവാ…’ റൂബിയുടെ ശബ്ദം കേട്ട് പ്രൊഫസറും താരയും നിലത്തുനിന്നും പിടഞ്ഞെഴുന്നേറ്റു. ആ കാഴ്ച്ച കണ്ടതും അവരിരുവരുടെയും മുഖം സന്തോഷംകൊണ്ട്

തുടരും...!

# ഇരുപത്തിയെട്ട്

തങ്ങൾക്കുമുന്നിൽ അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെട്ട തുടർവഴിയെ നോക്കിനിൽക്കുമ്പോൾ പ്രൊഫസറും പെൺകുട്ടികളും വീണ്ടും ദൈവത്തിൻറെ കരസ്പർശം തിരിച്ചറിഞ്ഞു. അവർ അത്രയും സമയം മൽപ്പിടുത്തം നടത്തിയ മരത്തടിയുടെ മദ്ധ്യഭാഗം മാത്രം മരത്തടിയിൽനിന്നും വേർപെട്ട് ഒരു വലിയ ചക്രംപോലെ മാറിക്കിടക്കുന്നുണ്ടായിരുന്നു. പകരം അത് ഉരുണ്ടുമാറിയ ഭാഗത്ത് മണ്ണിനടിയിലേക്ക് ഒരു വഴിയും....!

'അപ്പോൾ നമ്മൾ തള്ളിമാറ്റാൻ നോക്കിയവശത്തേക്കായിരുന്നില്ലല്ലേ ഇതിൻറെ ട്രിക്ക്...' താര പ്രൊഫസറെ നോക്കി ചോദിച്ചു.

'അതെ... നമ്മൾ ഓപ്പോസിറ്റ് ഡയറക്ഷനിലേക്കാണ് ബലം പ്രയോഗിച്ചത്. പക്ഷേ ഈ വശത്തേക്ക് ബലം പ്രയോഗിക്കാതെ എങ്ങനെ ഇത് ഉരുണ്ടുമാറി എന്ന് മനസ്സിലാകുന്നില്ല...' പ്രൊഫസർ നെറ്റിയിലൂടെ വിരലോടിച്ചുകൊണ്ട് പറഞ്ഞു.

'ഹി.. ഹി... അതിന് കാരണം ഞാനാ.. ഇവള് സാറിൻറെയടുത്തേക്ക് വന്ന സമയത്ത് എൻറെ ഷൂലേസ് ഒന്ന് മുറുക്കിക്കെട്ടാൻ തടിയുടെ പുറത്തേക്ക് ഞാൻ കാലെടുത്തുവെച്ചു. അപ്പോഴുണ്ട് നമ്മൾ മൂന്നും തള്ളിയിട്ടും അനങ്ങാത്ത തടിക്ക് ഒരു ഇളക്കം. പിന്നെ ഒന്നും നോക്കിയില്ല... നല്ല ഒരു ചവിട്ട് വച്ചുകൊടുത്തു. അപ്പോഴേക്കും തടിയുടെ നടുഭാഗം ഉരുണ്ടുപോയി. നോക്കുമ്പോ ഒരു വഴി...' റൂബി പറയുന്നതുകേട്ട് പ്രൊഫസർ ഉറക്കെ ചിരിച്ചു. താരയും റൂബിയും പ്രൊഫസറുടെ ചിരിയിൽ പങ്കുചേർന്നു. ആ ഭൂഗർഭ പാതയിലേക്ക് കഷ്ടിച്ച് ഒരാൾക്ക് മാത്രം കടക്കുവാൻ കഴിയുന്ന വിസ്താരമാണുണ്ടായിരുന്നത്. മുകളിൽ നിന്നും താഴേക്ക് കൽപ്പടികളുണ്ടായിരുന്നു. ആ പടികളുടെ ഇരുവശങ്ങളിലും ചെറുപുല്ലുകളും കിളിർത്തുനിന്നിരുന്നു.'

'സർ... ഇനി ഇതും വല്ല കെണിയുമായിരിക്കുമോ...?' റൂബി സംശയത്തോടെ പ്രൊഫസറെ നോക്കി.

'ഒരിക്കലുമായിരിക്കില്ല. കെണിയായിരുന്നുവെങ്കിൽ ഈ വഴി അവർ മറച്ചുവയ്ക്കില്ലായിരുന്നു... നമുക്ക് ധൈര്യമായിട്ട് മുന്നോട്ടുപോകാം...' അതും പറഞ്ഞുകൊണ്ട് പ്രൊഫസർ തന്നെ ആദ്യത്തെ പടിയിലേക്ക് കാലെടുത്തുവെച്ചു. തൊട്ടുപിന്നിൽ താരയും അവളുടെ പിന്നിലായി റൂബിയും പടികൾ ചവിട്ടി താഴേക്കിറങ്ങി. പടിയിൽ നിന്നും പാതയിലേക്ക് കടന്നതും മുകൾഭാഗത്തുനിന്നും

പ്രവഹിച്ചുകൊണ്ടിരുന്ന സൂര്യപ്രകാശം പൊടുന്നനെ അപത്യക്ഷമായി. തൽക്ഷണം അവർക്കുചുറ്റും ഇരുട്ട് വ്യാപിച്ചു.

'പേടിക്കേണ്ട... ആ മരത്തടി പഴയപടി ആയതാണ്... ഞാനത് പ്രതീക്ഷിച്ചിരുന്നു...' പ്രൊഫസർ പറഞ്ഞു. താര വേഗംതന്നെ ബാഗിൽനിന്നും ടോർച്ച് തപ്പിയെടുത്തു. എന്നിട്ട് അത് തെളിച്ചുകൊണ്ട് പ്രൊഫസറിന് കൈമാറി.

'ഭക്ഷണം പോലെയല്ല... ടോർച്ച് എല്ലാ ബാഗിലുമുണ്ട്...' അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. പ്രൊഫസർ അവർക്ക് നടക്കാനുള്ള വഴിയിലേക്ക് ടോർച്ച് പ്രകാശിപ്പിച്ചു. മൺചുവരുകളാൽ ശോഷിച്ചുപോയ ആ പാത ഒരാൾക്ക് ചരിഞ്ഞുമാത്രം നടന്നു പോകാൻ പാകത്തിലായിരുന്നു.

'വരൂ...'

അതുംപറഞ്ഞുകൊണ്ട് പ്രൊഫസർ മുന്നിലേക്ക് നടക്കുവാനാരംഭിച്ചു. പെൺകുട്ടികളും അയാളെ അനുഗമിച്ചു. നടത്തത്തിനിടയിൽ റൂബിയുടെയും താരയുടെയും ബാഗുകൾ ചുവരുകളിൽ ഉരയുന്ന ശബ്ദം മാത്രം ഇടയ്ക്കിടെ ഉയർന്നു കേട്ടുകൊണ്ടിരുന്നു. അൽപ്പദൂരം കഴിഞ്ഞതും ആ പാതയ്ക്ക് വിസ്താരം കൂടിക്കൂടി വന്നു. ഒടുവിൽ ആ വഴി അവർക്കെല്ലാവർക്കും സ്വതന്ത്രമായി നടക്കാനാവുന്ന രീതിയിലായി മാറി. അത് ബാഗുമേന്തി നടന്നിരുന്ന പെൺകുട്ടികൾക്ക് തെല്ലൊരാശ്വാസം പകർന്നുനൽകി.

വീണ്ടും മുന്നോട്ടുനടന്നപ്പോൾ ആ പാതയ്ക്ക് ഇരുവശവുമുണ്ടായിരുന്ന മൺഭിത്തി മാറി പകരം ജലഭിത്തിയാൽ തീർത്ത പാതയായി രൂപാന്തരപ്പെട്ടു. അത് കണ്ടതും മുന്നിൽ നടന്നിരുന്ന പ്രൊഫസർ നടത്തമവസാനിപ്പിച്ചു. അത്ഭുതത്തിൽ ചുറ്റും നോക്കിനടന്നിരുന്ന പെൺകുട്ടികൾ മുന്നിൽ നിന്ന പ്രൊഫസറെ ചെന്നിടിക്കുകയും ശേഷം പരസ്പരം കൂട്ടിയിടിക്കുകയും ചെയ്തു.

'സോറി സർ...' റൂബിയും താരയും ഒരുപോലെ പറഞ്ഞു. പക്ഷേ അത് ഗൗനിക്കാതെ പ്രൊഫസർ നിക്കോൾസൺ ആ ജലഭിത്തിയിലേക്ക് തിരിഞ്ഞു. ചില്ലറ പരിശോധനകൾക്കൊടുവിൽ അയാൾ പെൺകുട്ടികൾക്കുനേരേ തിരിഞ്ഞു.

'ഹഹഹ... ഇത് പ്ലെയിൻ ഗ്ലാസ്സാണ്... പത്തൊൻപതാം നൂറ്റാണ്ടിൻറെ ആരംഭത്തിലാണ് മനുഷ്യൻ ജനലിലും വാതിലിലുമെല്ലാം നീളമുള്ള ഗ്ലാസ്സുകൾ പരീക്ഷിച്ചുതുടങ്ങിയത്. പക്ഷേ ഇവിടെ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഇത്രയും വിസ്താരത്തിൽ ഗ്ലാസ്സ് ഉപയോഗിച്ചിരിക്കുന്നു. അതും വെള്ളത്തിനടിയിലൂടെ... ഹോ...അൺബിലീവെബിൾ...'

പെൺകുട്ടികൾ അതുകേട്ട് കണ്ണാടിഭിത്തിയിൽ തൊട്ടും ഉരസിയുമെല്ലാം നോക്കി. ആ പാതയിലോ ഭിത്തിയിലോ വെള്ളത്തിൻറെ ഒരു സാന്നിധ്യവുമുണ്ടായിരുന്നില്ല.

‘അപ്പോൾ നമ്മളിപ്പോൾ സഞ്ചരിക്കുന്നത് മെർക്കുറിയിലെ ഏതോ നദിയുടെ അടിയിലൂടെയാണല്ലേ...’ താര കൗതുകത്തോടെ ചോദിച്ചു.

‘അതേ... എൻറെ ഊഹം ശരിയാണെങ്കിൽ വൈകാതെ നമ്മൾ ആ കൊട്ടാരത്തിലേക്കെത്തിച്ചേരും...’ പ്രൊഫസർ പറഞ്ഞ ആ വാക്കുകൾ കേട്ട് പെൺകുട്ടികൾ കോരിത്തരിച്ചു. നദിയുടെ അടിയിലൂടെ മത്സ്യങ്ങളും ജലജീവികളും നീന്തിത്തുടിക്കുന്നത് കണ്ടപ്പോൾ ആ നടത്തം അവരുടെ മനസ്സിനെയാകെ കുളിർമ്മയുറ്റതാക്കി.

‘ഹ്ഹ... ഇത് ഞാൻ സ്വപ്നത്തിൽപ്പോലും ചിന്തിക്കാത്ത ഒന്നാണ്... ഹൗ ബ്യൂട്ടിഫുൾ...’

റൂബി അതും പറഞ്ഞുകൊണ്ട് ഒരു ദീർഘനിശ്വാസമെടുത്തു. താര കണ്ണാടിഭിത്തിയുടെ അരികിലൂടെ അവർക്കൊപ്പം നീന്തിത്തുടിക്കുന്ന ഒരു ചെറുമീനിനെ വിരൽ അങ്ങോട്ടുമിങ്ങോട്ടും കാട്ടി കബളിപ്പിച്ചുകൊണ്ട് നടന്നു...!

*************************

ഇതേസമയം മെർക്കുറിയുടെ മറ്റൊരു ഭാഗത്ത് മിസ്സും കൂട്ടരും എങ്ങോട്ട് പോകണമെന്നറിയാതെ പകച്ചുനിൽക്കുകയായിരുന്നു.

‘നമ്മൾ ഇനി എന്താ ചെയ്യുക...’ ജോംസി മിസ്സ് രഞ്ജിത്തിനോട് ചോദിച്ചു.

‘ഞാനും അതു തന്നെയാണാലോചിക്കുന്നത്...’ അവൻ മറുപടി പറഞ്ഞശേഷം മുന്നിൽ കണ്ട മാർഗ്ഗതടസ്സത്തിലേക്ക് ഉറ്റുനോക്കി.

ശാന്തമായി ഒഴുകുന്ന വലിയൊരു നദി. അതിനെ മറികടക്കാൻ പാലമോ പാറക്കല്ലുകളോ ഒന്നുംതന്നെയുണ്ടായിരുന്നില്ല. മാത്രമല്ല നദിയുടെ മറുവശം കാണാൻ സാധിക്കാതിരുന്നതിനാൽ നദിക്ക് എത്ര വിസ്താരമുണ്ടെന്നുപോലും കണക്കുകൂട്ടുവാൻ കഴിയുമായിരുന്നില്ല. പക്ഷേ അവർക്ക് ഒന്നുമാത്രം നിശ്ചയമുണ്ടായിരുന്നു. മെർക്കുറി ഒളിപ്പിച്ചുവച്ച ആ കൊട്ടാരത്തിലേക്കുള്ള അകലം ഒരു നദി മാത്രമാണെന്ന്...!

‘മിസ്സ് എന്തെങ്കിലും ഒരു വഴി ഉണ്ടാവാതെയിരിക്കില്ല. അല്ലെങ്കിൽപ്പിന്നെ എങ്ങിനെയാണ് മുൻപ് ഇവിടെ ജീവിച്ചിരുന്നവർ മറുപുറം കടന്നിരിക്കുക...’ രഞ്ജിത് ഒരിക്കൽക്കൂടി ചുറ്റും ഒന്ന് കണ്ണോടിച്ചശേഷം പറഞ്ഞു. അപ്പോഴേയ്ക്കും സൂര്യകണങ്ങൾ മെർക്കുറിയിൽനിന്നും പൂർണ്ണമായും പിൻവലിഞ്ഞു തുടങ്ങിയിരുന്നു. മെർക്കുറിയുടെ എല്ലാ ഭാഗങ്ങളും ഇരുട്ടാൽ മൂടപ്പെട്ടുതുടങ്ങി. അധികം വൈകാതെതന്നെ അവർ നിന്നിരുന്ന പരിസരവും കറുപ്പാൽ മൂടപ്പെട്ട് ഇരുട്ടിൻറെ വീര്യം വർദ്ധിപ്പിച്ചു. അപ്പോഴേക്കും നദിയുടെ കരയിൽ നിന്നും അൽപ്പം മാറി അവർ ടെൻറുകൾ നിർമിച്ചുകഴിഞ്ഞിരുന്നു.

രാത്രിയായാൽ എന്തൊക്കെയാണ് ദ്വീപിൽ നടക്കുവാൻ പോകുന്നതെന്ന ഭയവും പ്രൊഫസറും പെൺകുട്ടികളും എവിടെയെന്ന ചോദ്യവും അവരെയെല്ലാം

അലട്ടിക്കൊണ്ടിരുന്നു. എല്ലാവരും ഒരുപോലെ ക്ഷീണിതരായാതിനാൽ അൽപ്പസമയം വിശ്രമിച്ചശേഷം ആഹാരം പാകംചെയ്ത് കഴിക്കാമെന്ന തീരുമാനത്തിൽ അവർ എത്തിച്ചേർന്നു.

'ഛ തണുത്തിട്ട് വയ്യ...നമുക്ക് കുറച്ച് വിറകുകൾ കൂട്ടിയിട്ട് തീയിട്ടാലോ...?' ജെസ്സി റ്റോജിയെ നോക്കി ചോദിച്ചു. റ്റോജിയും ജെസ്സിയും കൂടി അവളുടെ ലാപ്ടോപ്പിൽ അവർ കോളജിൽ നിന്ന് അവസാനം നടത്തിയ ടൂർ ഫോട്ടോകൾ കാണുകയായിരുന്നു അപ്പോൾ.

'അതൊരു ഗുഡ് ഐഡിയയാണ്... ദേ അവിടെ എന്തൊക്കയോ മരക്കഷണങ്ങൾ കിടപ്പുണ്ട്...നമുക്ക് അവ എടുത്തിട്ട് കത്തിക്കാം. നീ പോയി ലൈറ്റർ എടുത്തുകൊണ്ട് വാ... അപ്പോഴേക്കും ഞാൻ അവയെല്ലാം പെറുക്കിക്കൂട്ടാം...' അതുംപറഞ്ഞുകൊണ്ട് റ്റോജി അവർ ടെൻറടിച്ചിരുന്നതിന് സമീപം കിടന്നിരുന്ന മരക്കഷ്ണങ്ങളും കരിയിലകളും വാരിക്കൂട്ടുവാനാരംഭിച്ചു.

'എന്ത് ചെയ്യാൻ പോകുവാ രണ്ടാളുംകൂടി...' ജോംസി മിസ്സ് അവരുടെ ടെൻറിൽനിന്നും വെളിയിലേക്കിറങ്ങിക്കൊണ്ട് ചോദിച്ചു.

'തണുക്കുന്നു മിസ്സ്...തീകത്തിക്കാൻ പോകുവാ...അഥവാ തീയെങ്ങാനും പടർന്നാൽ കെടുത്താൻ അടുത്ത് പുഴവെള്ളവുമുണ്ടല്ലോ.' ജെസ്സി പറഞ്ഞു.

'ഉം...എനിക്കും തണുക്കുന്നു. വേഗം തീ കൊടുക്ക്...' രഞ്ജിത്തും ടെൻറിൽ നിന്നും വെളിയിലേക്കെത്തി അവരോടൊപ്പം ചേർന്നുകൊണ്ട് പറഞ്ഞു. ജെസ്സി ഉടൻതന്നെ മരക്കഷ്ണങ്ങൾക്ക് തീകൊടുത്തു. വൈകാതെ ഓരോരുത്തരായി അതിന് സമീപമായി വന്നിരുന്നുതുടങ്ങി.

'ഒരു തൽക്കാലാശ്വാസത്തിന് മിസ്സ് ഒരു പാട്ട് പാട്...' ജെസ്സി മിസ്സിനെ നിർബന്ധിച്ചു. അവളോടൊപ്പം ബാക്കിയുള്ളവരും ആ ആവശ്യം ഏറ്റുപിടിച്ചു. ഒടുവിൽ ഒന്ന് മുഖം അമർത്തിത്തുടച്ച് ചുണ്ടുകൾ നാവുകൊണ്ട് നനച്ചശേഷം മിസ്സ് സാവധാനത്തിൽ പാടുവാനാരംഭിച്ചു. അവരെല്ലാവരും മിസ്സ് പാടുന്ന പാട്ടിനനുസരിച്ച് താളംപിടിച്ചു. പെട്ടെന്ന് നദിക്കരയാകെ വിറപ്പിച്ചുകൊണ്ട് ഒരു കാറ്റ് വീശിയടിച്ച് മുന്നോട്ടുപോയി. ആ കാറ്റിൽ തീനാളങ്ങൾ ഉയർന്നുപൊങ്ങിയതോടൊപ്പം അന്തരീക്ഷത്തിലേക്ക് തീപ്പൊരിയും തെറിച്ചു. തീയോടടുത്തിരുന്ന വിക്കിയെ അലക്സ് തള്ളിമാറ്റി. തീപ്പൊരികൾ അവൻറെ ശരീരത്തിൽ വീഴാതെ ദൂരേയ്ക്ക് പറന്നുപോയി. വിക്കി നന്ദിയോടെ അലക്സിനെ നോക്കി.

തീപ്പൊരികൾ കാട്ടിലേക്ക് പോകാതെ നദിയിലേക്ക് പറന്നതിനാൽ അവർക്ക് സമാധാനമായി. പക്ഷേ തൽക്ഷണം അവരെയാകെ ഞെട്ടിച്ചുകൊണ്ട് അവരുടെ മുന്നിലൂടെ ഒഴുകിക്കൊണ്ടിരുന്ന നദിയാകെ ആളിക്കത്തുവാനാരംഭിച്ചു. അതോടൊപ്പം ആ പ്രദേശമാകെ പകൽപോലെ വെളിച്ചവും നിറഞ്ഞു. നദിക്കരയിലിരുന്നവർ

അന്ധാളിച്ച നിന്നു...! പക്ഷേ അത്രയും തീ ആളിക്കത്തിയിട്ടും നദിയുടെ കരയിൽ നിന്നിരുന്ന മരങ്ങൾക്കോ മനുഷ്യർക്കോ തെല്ലു പോലും പൊള്ളലേറ്റില്ല. മാത്രമല്ല അന്തരീക്ഷത്തിലെ തണുപ്പ് അപ്പോഴും പഴയതുപോലെതന്നെ നിലനിന്നു.

‘അയ്യോ... അങ്ങോട്ട് നോക്കിക്കേ...’ ജെസ്സി തുള്ളിക്കൊണ്ട് മിസ്സിനെ പിടിച്ചുകുലുക്കി. എല്ലാവരും അവൾ പറഞ്ഞ ഭാഗത്തേയ്ക്ക് ഉറ്റുനോക്കി. അവരുടെ മുഖമാകെ പ്രതീക്ഷകൾ നിറഞ്ഞതും അതേ നിമിഷത്തിൽത്തന്നെയായിരുന്നു.

‘വഴി...നമുക്കുള്ള വഴി...’ എല്ലാവരും സന്തോഷത്തോടെ ഉറക്കെയുറക്കെ വിളിച്ചുപറഞ്ഞു. ആളിക്കത്തുന്ന നദിയുടെ കുറുകെയായി തീ പടരാതെ നീണ്ട ഒരു പാലം..! ജലപ്പരപ്പിലൂടെയുള്ള ആ വഴി അത്രയും ശക്തമായ വെളിച്ചത്തിൽ കണ്ടെത്തുക അത്ര പ്രയാസമുള്ള കാര്യമായിരുന്നില്ല. കൈവരികളില്ലാതെ നദീജലത്തിൻറെ അതേ നിരപ്പിൽ സ്ഥിതിചെയ്തിരുന്നതിനാൽ ആ പാലം അത്രയും സമയം അവർക്കുമുന്നിൽ മറഞ്ഞുകിടന്നിരുന്നു.

‘വെള്ളത്തിനടിയിൽ ആരും കാണാത്ത ഒരു രഹസ്യവഴി. നമ്മുടെ കൂടെ ദൈവമുണ്ട് മിസ്സേ...’ വിക്കിയും ഷാനുവും അലക്സും റ്റോജിയും സന്തോഷംകൊണ്ട് പരസ്പരം കെട്ടിപ്പിടിച്ചു.

‘അപ്പോൾ ഈ നദിയിലൂടെ പെട്രോളാണോ ഒഴുകുന്നത്’ ജെസ്സി സംശയത്തോടെ രഞ്ജിത്തിനോട് ചോദിച്ചു.

‘അതൊന്നുമാലോചിക്കുവാനുള്ള സമയമല്ലിത്... ഈ വഴി മറയുംമുൻപ് നമുക്ക് മറുകരയിലേക്കെത്തണം... വേഗം ടെൻറുകൾ പൊളിക്കു...’ അവൻ അത് പറഞ്ഞുതീരുംമുൻപേ ആൺകുട്ടികൾ ആ ജോലി ചെയ്യുവാനാരംഭിച്ചുകഴിഞ്ഞിരുന്നു. നിമിഷങ്ങൾക്കകം സാധനസാമഗ്രികളെല്ലാം അവർ ബാഗിനുള്ളിലാക്കി. ശേഷം എല്ലാവരും ഒരുപോലെ നദിയുടെ അടിയിലായി മറഞ്ഞുകിടക്കുന്ന പാതയിലേക്ക് സൂക്ഷിച്ചുനോക്കി. അവർക്കെല്ലാവർക്കും ഒരുപോലെ നിരന്ന് നടക്കാവുന്നതിലും കൂടുതൽ വീതി ആ പാലത്തിനുണ്ടായിരുന്നു.

‘നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാം...’ രഞ്ജിത് എല്ലാവരെയും നോക്കി പറഞ്ഞു. അതുകേട്ടതും ബാക്കിയുള്ളവർ സന്തോഷത്തോടെ കൈകൾകോർത്ത് അടുത്തടുത്തായി നിരന്നുനിന്നു. വൈകാതെതന്നെ അവർ ഒരുമിച്ച് പാലത്തിലേക്ക് തങ്ങളുടെ കാലുകളെടുത്തുവച്ചു.

‘യാഹൂ...’

ഉള്ളംകാലിൽ തണുത്ത വെള്ളം സ്പർശിച്ചപ്പോൾ ജെസ്സി തുള്ളിച്ചാടി. ബാക്കിയുള്ളവരുടെ മനസ്സും ആ സന്ദർഭത്തിൽ അതുപോലെതന്നെ സന്തോഷത്താൽ തുള്ളിച്ചാടുകയായിരുന്നു...!

# ഇരുപത്തിയൊമ്പത്

അവരുടെയെല്ലാം ഉപ്പൂറ്റിയോളം വെള്ളം മാത്രമാണ് രഹസ്യ പാലത്തിൻറെ തറനിരപ്പിലുണ്ടായിരുന്നത്. തൻറെ കാലുകൾ കൊണ്ട് വെള്ളം തെറിപ്പിച്ച് തെറിപ്പിച്ചാണ് ജെസ്സി മുന്നോട്ട് നടന്നത്. അപ്പോഴും അവർക്കിരുവശവും ഉയരത്തിലായി തീ ആളിക്കത്തിക്കൊണ്ടിരുന്നു.

'എല്ലാവരും വേഗം നടക്കു...' രഞ്ജിത് തിരക്കിട്ടു. പക്ഷേ അങ്ങനെ പറയുമ്പോഴും അവനും സാവധാനത്തിലാണ് നടന്നു കൊണ്ടിരുന്നത്. കാരണം ആ നദീജലത്തിന് എന്തൊക്കയോ പ്രത്യേകതകളുണ്ടായിരുന്നു. അതിലൂടെ നടക്കുംതോറും അവരുടെ ശരീരത്തിനും മനസ്സിനും നിമിഷംപ്രതി പുതുമ കൈവന്നുകൊണ്ടിരുന്നു. അതിനാൽ എല്ലാവരും ഒരുപോലെ സാവധാനത്തിലാണ് സഞ്ചരിച്ചത്.

'ഹഹ... നടപ്പിന് വേഗം കൂട്ടാൻ തോന്നുന്നില്ലല്ലേ രഞ്ജിത്...' ജോംസി മിസ്സ് ചിരിച്ചുകൊണ്ട് ചോദിച്ചു.

'ഹഹഹ.. അതെ...' അവൻ ചമ്മലോടെ പറഞ്ഞതുകേട്ടപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു.

'ഓയാ... എന്താ സുഖം...' ജെസ്സി കണ്ണുകൾ പാതി അടച്ചു കൊണ്ട് പറഞ്ഞു.

'ങേ... നല്ല ബെസ്റ്റ് ഡയലോഗ്... മിണ്ടാതിരിയെടീ...' റ്റോജി അവളുടെ കാലിനിട്ട് ഒരു ചവിട്ട് കൊടുത്തുകൊണ്ട് പറഞ്ഞു.

'പോടാ... നടക്കുമ്പോൾ നിനക്ക് സുഖമില്ലേ...'

'ആ ഇല്ല... എനിക്കത്ര സുഖമില്ല...' അവൻ പല്ലുകടിച്ചുകൊണ്ടുപറഞ്ഞു.

അപ്പോഴേക്കും അവർ ആ നദിയുടെ മധ്യഭാഗത്തേക്കെത്തിയിരുന്നു. മുന്നിൽ നടന്നിരുന്ന ജെസ്സി തൻറെ പിന്നിൽ നടക്കുന്നവരെ ഒന്ന് തിരിഞ്ഞു നോക്കി. അവൾ അടുത്ത പണിയെന്തോ ഒപ്പിക്കുവാനുള്ള പരിപാടിയാണെന്ന് ബാക്കിയുള്ളവർ ഊഹിച്ചു.

'കരയിൽ ഞാൻ ആദ്യം എത്തും...' അത് ഒറ്റ ശ്വാസത്തിൽ പറഞ്ഞിട്ട് ജെസ്സി അതിവേഗത്തിൽ ഓടുവാൻ തുടങ്ങി.

'ജെസ്സീ... വേണ്ട...' ജോംസി മിസ്സ് വിളിച്ചുപറഞ്ഞു. പക്ഷെ അപ്പോഴേക്കും അവരിൽനിന്നും അവൾ അകന്നുകഴിഞ്ഞിരുന്നു.

‘അതിന് നിന്നെ ഞാൻ സമ്മതിച്ചാലല്ലേടീ...’ അത് പറഞ്ഞിട്ട് റ്റോജി അവളുടെ പിന്നാലെയോടി.

‘എങ്കിൽ പിന്നെ നമ്മളെന്തിനാ നോക്കിനിൽക്കുന്നത്... വാ...’ അതുംപറഞ്ഞുകൊണ്ട് ജോംസി മിസ്സും മുന്നിലേക്ക് വേഗത്തിൽ ചുവടുവച്ചു.

‘ആഹാ... മത്സരമാണോ... എങ്കി ശരിയാക്കിത്തരാം...’ വിക്കി അവരെ തള്ളിമാറ്റിക്കൊണ്ട് മുന്നിലേക്ക് കുതിച്ചു. തൊട്ടു പിന്നാലെ ഷാനുവും അലക്സും അവർക്കൊപ്പം പാഞ്ഞു.

‘യാഹൂ...’ ജെസ്സി ഉറക്കെ കൂവിക്കൊണ്ട് പിന്നാലെ ഓടിവരുന്ന റ്റോജിയെ കൊഞ്ഞനം കുത്തിക്കാട്ടി. ജോംസി മിസ്സും ഒട്ടും വിട്ടുകൊടുത്തില്ല. അവരുടെ പിന്നാലെ വെച്ചുപിടിച്ചു. രഞ്ജിത്ത് ഇതൊക്കെക്കൊണ്ട് ഉറക്കെയുറക്കെ ചിരിച്ചുകൊണ്ട് അവരുടെയൊപ്പം കൂടി. സത്യത്തിൽ ജോംസി മിസ്സും ആ സമയത്തിൽ അവരെപ്പോലെതന്നെ ചെറുപ്പമാവുകയായിരുന്നു.

‘ജെസ്സീ...നീ തോറ്റെടീ...’ അതുംപറഞ്ഞുകൊണ്ട് അവർ ജെസ്സിയെ മറികടന്നു. സത്യത്തിൽ അവരുടെ ഊർജ്ജവും പ്രസരിപ്പും കണ്ട് ജെസ്സി അവർക്കായി വഴി മാറിക്കൊടുക്കുകയായിരുന്നു.

‘നിങ്ങളാണ് മിസ്സേ മിസ്സ്...’ അവൾ മനസ്സിൽ പറഞ്ഞു.

പെട്ടെന്ന് അവരെ രണ്ടുപേരെയും പിന്നിലാക്കി റ്റോജി മുന്നിലെത്തി. അത് കണ്ടപ്പോൾ ജോംസി മിസ്സും ജെസ്സിയും പരസ്പരം നോക്കി കണ്ണുചിമ്മിച്ചു. മുന്നിലേക്കെത്തിയ റ്റോജി പെട്ടെന്ന് ബ്രേക്കിട്ടതുപോലെ നിന്നു. അതുകണ്ടപ്പോൾ ഓട്ടത്തിന് ശക്തി കൂട്ടാൻ ഒരുങ്ങുകയായിരുന്ന ജോംസി മിസ്സും ജെസ്സിയും അതുപോലെതന്നെ ഓട്ടം നിർത്തി എന്നിട്ട് റ്റോജി നിന്നതിൻറെ കാരണമെന്താണെന്നുനോക്കി.

‘പ്രൊഫസർ..!’

അടുത്ത നിമിഷം അവർ മൂന്നുപേരും ഒരേ ശബ്ദത്തിൽ ഉരുവിട്ടു. ആളിക്കത്തുന്ന നദിയുടെ വെളിച്ചത്തിൽ ആ വഴിയുടെ മറുകരയിൽ നിൽക്കുന്ന തങ്ങളുടെ പ്രിയപ്പെട്ടവരെ അവർ കൊതിയോടെ നോക്കിക്കണ്ടു.

‘റൂബീ..താരേ..’ ജെസ്സി അലറി വിളിച്ചുകൊണ്ട് മുന്നോട്ട് കുതിച്ചു. അപ്പോൾ അവളുടെ മനസ്സിൽ ആദ്യം കരയിൽ എത്തുക എന്നതിലുപരി തൻറെ കൂട്ടുകാരികളുടെ അരികിലെത്തുക എന്ന ഒറ്റ ലക്ഷ്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്.

പിന്നാലെയോടി വന്നുകൊണ്ടിരുന്ന ബാക്കിയുള്ളവരും കരയിൽ നിൽക്കുന്ന പ്രൊഫസറെയും താരയെയും റൂബിയെയും കണ്ട് അതിശത്തോടെയും ആകാംക്ഷയോടെയും നോക്കിക്കൊണ്ട് അവരവരുടെ ഓട്ടത്തിന് വേഗത കൂട്ടി.

ആളിക്കത്തുന്ന തീയുടെ വലയത്തിൽനിന്നും ഭൂമിയിലേക്ക് കാലെടുത്ത് വയ്ക്കുമ്പോൾ ജെസ്സിയുടെ ചുവടുകളുടെ വേഗത ക്രമേണ കുറഞ്ഞുവന്നു. തങ്ങളിൽ നിന്നും വേർപെട്ടുപോയവരുടെ മുന്നിൽ അവൾ കിതപ്പോടെ നിന്നു. തൻറെ കൂട്ടുകാരികളുടെ കണ്ണുകളിലേക്ക് നോക്കിയതും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

താരയും റൂബിയും ഓടിവന്ന് ജെസ്സിയെ വരിഞ്ഞുചുറ്റി കെട്ടിപ്പിടിച്ചു. ജോംസി മിസ്സ് പിന്നാലെ ഓടിയെത്തിയതും പ്രൊഫസർ കുറച്ചുകൂടി മുന്നിലേക്ക് നീങ്ങിനിന്നു. അവരുടെ കണ്ണുകൾ തമ്മിൽ പലതും സംസാരിച്ചുവെങ്കിലും അവർ പരസ്പരം ഒന്നുംതന്നെ പറഞ്ഞില്ല. റ്റോജി ഓടിച്ചെന്ന് പ്രൊഫസറെ കെട്ടിപ്പിടിച്ചു. തൊട്ടുപിന്നാലെ ബാക്കിയുള്ളവരും വന്ന് പ്രൊഫസറിനെ കരങ്ങൾകൊണ്ട് വലയം ചെയ്തു. ആരും പരസ്പരം ഒന്നും മിണ്ടിയില്ല.

ജോംസി മിസ്സ് ആ സ്നേഹപ്രകടനങ്ങളുടെ തിരക്കിൽ നിന്നും ഒരൽപ്പം മാറിനിന്നു. അത് കണ്ടിട്ടെന്നോണം പ്രൊഫസർ ആൺകുട്ടികളെ സമാധാനിപ്പിച്ചശേഷം റൂബിയുടെ കൈയ്യിൽ തട്ടിയിട്ട് ജോംസി മിസ്സിനെ ചൂണ്ടിക്കാട്ടി. അപ്പോഴാണ് സത്യത്തിൽ റൂബി മിസ്സിനെപ്പറ്റി ഓർത്തതുതന്നെ. അവൾ ജോംസി മിസ്സിനരികിലേക്ക് നടന്നുചെന്നു. അവളെ കണ്ടതും അവർ പരിഭവത്തോടെ ഒന്ന് നെറ്റിചുളിച്ചു. ശേഷം അവളെ മുറുകെ കെട്ടിപ്പിടിച്ചു. റൂബിക്ക് അപ്പോൾ തൻറെ അമ്മയുടെ കരസ്പർശമേറ്റതുപോലെ അനുഭവപ്പെട്ടു.

‘അമ്മേ...’ അവൾ അറിയാതെ വിളിച്ചുപോയി.

‘എന്താ വിളിച്ചത്...’ ജോംസി മിസ്സ് കൗതുകത്തോടെ ചോദിച്ചു. അവൾ മടിച്ചുമടിച്ച് അമ്മ എന്ന് മറുപടി പറഞ്ഞപ്പോൾ അവരുടെ മനസ്സ് സന്തോഷംകൊണ്ട് നിറഞ്ഞു.

‘പ്രായംകൊണ്ട് അങ്ങനെ ആവില്ലെങ്കിലും നിങ്ങളൊക്കെ എൻറെ മക്കളാണ്... ഒത്തിരി സ്നേഹമുള്ള മക്കൾ...’ അവർ സമീപം നിന്നിരുന്ന ജെസ്സിയെയും താരയെയും കൂടി തന്നോട് ചേർത്തുപിടിച്ചു. അതുകണ്ടപ്പോൾ ആൺകുട്ടികൾ എല്ലാവരുടെയും കണ്ണുകൾ ഒരുപോലെ നിറഞ്ഞു. റൂബി ഇടംകണ്ണിട്ട് രഞ്ജിത്തിനെ നോക്കി. അവളെ ശ്രദ്ധിച്ചുകൊണ്ടുനിന്നിരുന്ന അവൻ പെട്ടെന്ന് വിദൂരതയിലേക്ക് കണ്ണുചലിപ്പിച്ചു. കുറച്ചുനിമിഷത്തെ സ്നേഹപ്രകടനങ്ങൾക്കൊടുവിൽ അവരെല്ലാവരും മുഖാമുഖം സന്ധിച്ചു. അപ്പോഴേക്കും നദിയിലെ തീജ്വാലകളുടെ കടുപ്പം കുറഞ്ഞുതുടങ്ങിയിരുന്നു.

‘നിങ്ങൾ എങ്ങനെയറിഞ്ഞു ഞങ്ങൾ ഈ വഴി വരുന്നുണ്ടെന്ന്...’ ജോംസി മിസ്സ് പ്രൊഫസറോട് ചോദിച്ചു.

‘നല്ല ചോദ്യം. ഒരു രഹസ്യ ജലപാതയിൽനിന്നും പുറത്തു കടന്ന് വനത്തിലേക്ക് നടക്കുന്ന സമയത്ത് ഞങ്ങളിൽനിന്നും കുറച്ചകലെ ഇത്രയും തീ ആളിക്കത്തിയപ്പോൾ ഞങ്ങൾ ഒന്ന് ഭയന്നു. പക്ഷേ പിന്നീടാണ് ദൂരെനിന്നുമുള്ള കൂക്കിവിളികളും

ചിരിയുമൊക്കെ കരയിലേക്ക് പ്രതിധ്വനിച്ചത്. അങ്ങനെ കൊട്ടാരത്തിലേക്ക് നടന്നുകൊണ്ടിരുന്ന ഞങ്ങൾ തിരിച്ച് ഇവിടേക്ക് വന്നു...'

'ഹഹ... ആ കൂവിയത് ഞാനാണ്.' ജെസ്സി കൃതജ്ഞതയോടെ പറഞ്ഞു.

'അത് ഞങ്ങൾക്ക് അപ്പഴേ തോന്നിയെടീ... അന്ന് പ്രിൻസിപ്പാളിൻറെ വീട്ടിൽ കൂവിയ അതേ കൂവൽ...'

'എന്ത്...? റൂബി അത് പറഞ്ഞപ്പോൾ ജോംസി മിസ്സ് സംശയത്തോടെ ചോദിച്ചു.

'അയ്യോ... ഒന്നുമില്ലേ...' ജെസ്സി പെട്ടെന്ന് തടിതപ്പി.

'അപ്പോൾ എങ്ങനാ പോകുവല്ലേ മുന്നോട്ട്...' രഞ്ജിത് പ്രൊഫസറോട് ചോദിച്ചു. അതിന് മറുപടിയായി പ്രൊഫസർ മുന്നിലേക്ക് കൈ വിരിച്ചുകാണിച്ചു.

'യാഹൂ...' ജെസ്സിയും റൂബിയും താരയും ഒരുമിച്ച് ഉറക്കെ കൂവി. അത് കേട്ടപ്പോൾ ബാക്കിയുള്ളവരെല്ലാം ചിരിച്ചു.

യാത്രാമദ്ധ്യേ പിരിഞ്ഞുപോയവരുമായി വീണ്ടും ഒന്നിച്ചതിൻറെ സന്തോഷം ഒരോരുത്തരുടെയും മുഖത്ത് പ്രകടമായിരുന്നു. നദിയിൽനിന്നുള്ള തീയുടെ വെളിച്ചമുണ്ടായിരുന്നതിനാൽ ടോർച്ചിൻറെ സഹായമില്ലാതെതന്നെ അവർ മുന്നോട്ട് നടക്കുവാനാരംഭിച്ചു.

'സർ ഇനിയും കെണികൾ ഉണ്ടാവുമോ...' അലക്സ് പ്രൊഫസറിൻറെയൊപ്പം കയറിനടന്നുകൊണ്ട് ചോദിച്ചു.

'അത് പറയാൻ ഞാൻ വിട്ടുപോയി... ഇനി സ്ഥലങ്ങൾ മാറുമെന്ന് പേടിക്കേണ്ടതില്ല. അതെല്ലാം ആ നദിയുടെ അങ്ങേക്കരയിൽ അവസാനിച്ചു...' അത് കേട്ടപ്പോൾ എല്ലാവരുടെയുമുള്ളിലുണ്ടായിരുന്ന എന്തോ വലിയൊരു ഭാരം ഇല്ലാതായതായി അവർക്കെല്ലാവർക്കും തോന്നി.

'ഇനി എത്ര ദൂരമുണ്ടാവും...' റൂബി ഉന്നയിച്ചു.

'ഇനിയും കുറച്ചുകൂടി പോവണം...'

'എങ്കിൽ നമുക്ക് എന്തെങ്കിലും കഴിച്ചിട്ട് പോയാൽ പോരേ...' അവൾ ക്ഷീണത്തോടെ ചോദിച്ചു. അത് കേട്ടപ്പോഴാണ് ബാക്കിയുള്ളവർക്കും ഭക്ഷണത്തെക്കുറിച്ച് ഓർമ്മവന്നതുതന്നെ.

'ബാഗിൽ ബ്രെഡും ജാമും ഉണ്ട്... ചെറിയ രീതിയിൽ നമുക്ക് അത് കഴിക്കാം... പാചകം ചെയ്ത് കഴിക്കുന്നതൊക്കെ പിന്നീടാവാം... പോരേ...' ജോംസി മിസ്സ് ചോദിച്ചു.

എല്ലാവർക്കും നന്നായി വിശക്കുന്നുണ്ടായിരുന്നതിനാൽ അവരെല്ലാവരും അതിനോട് യോജിച്ചു. വനത്തിനുള്ളിലേക്ക് പോകാതെ നദിയുടെ തീരത്ത് വെളിച്ചമുള്ള ഭാഗത്തുതന്നെ അവർ നിരന്നിരുന്നു. റൂബി നദിയിൽ തീ എരിയുന്നതും നോക്കിയിരിക്കുകയായിരുന്നു.

രഞ്ജിത് ഒരു ബ്രെഡ് പാക്കറ്റ് അവളുടെ മടിയിലേക്കിട്ടുകൊടുത്തു. അവൾ പെട്ടെന്ന് ഞെട്ടിപ്പോയി. ആ ഞെട്ടലോടെതന്നെ രൂക്ഷമായി അവൾ അവനെയൊന്ന് നോക്കി. അവൻ അവളെ ഒരു കണ്ണടച്ച് കാണിച്ചപ്പോൾ ദേഷ്യത്തിൽ അവൾ പ്രൊഫസറിൻറെ നേർക്ക് തിരിഞ്ഞു. അവൻ കൈകൊണ്ട് പ്രൊഫസറോട് പറയല്ലേ എന്ന് ആംഗ്യം കാട്ടി.

'സർ ആ കൊട്ടാരം ഏറ്റവും ഉള്ളിലാണല്ലേ...' അവൾ രഞ്ജിത്തിനെ കണ്ണിറുക്കിക്കാട്ടിക്കൊണ്ട് പ്രൊഫസറോട് ചോദിച്ചു. അത് കേട്ടിട്ടെന്നോണം പ്രൊഫസർ എല്ലാവരുടെയും നേർക്ക് തിരിഞ്ഞു.

'ഈ ദ്വീപിൻറെ ഒത്തനടുവിലാണ് ആ കൊട്ടാരം സ്ഥിതി ചെയ്യുന്നത്. ഒരു കോമ്പസ് കൊണ്ട് വൃത്തം വരയ്ക്കുമ്പോൾ നടുവിൽ വരുന്ന പോയിൻറ് പോലെ. കൊട്ടാരത്തിനെ ചുറ്റിയുള്ള ഈ നദിയും കൂടി ചേർത്താൽ ഇരുവലയങ്ങളുടെ നടുവിൽ സ്ഥാനമുള്ള ഒരു ബിന്ദുവാണ് ആ കൊട്ടാരം. പുറമേയുള്ള വലയത്തിൽ കെണികൾ നിറഞ്ഞിരിക്കുന്നുവെങ്കിൽ നദിക്കിപ്പുറമുള്ള വലയത്തിനുള്ളിൽ കെണികളില്ല. പക്ഷെ എന്തെങ്കിലും ജീവികളുണ്ടാവാൻ സാധ്യതയുണ്ട്. അത് ഏത് തരത്തിലുള്ള ജീവികളാണെന്നുപോലും നമുക്ക് ഊഹിക്കാൻ കഴിയില്ല. പിന്നെ ആ കൊട്ടാരത്തെയും നമ്മൾ ഭയക്കണം. കാരണം പണ്ട് ഈജിപ്റ്റിൽ പിരമിഡുകളുടെ ഉള്ളിൽ സ്വർണ്ണങ്ങളും പണവുമെല്ലാം സൂക്ഷിക്കുന്ന ഒരു പതിവുണ്ടായിരുന്നു. അതിനുള്ളിൽ കടക്കാനായി പല മാർഗ്ഗങ്ങൾ അവർ നിർമ്മിക്കും. പക്ഷെ ഒരൊറ്റ മാർഗ്ഗമേ ശരിയായി നിർമ്മിക്കുകയുള്ളൂ. അതിലെ ചില വഴികൾ ഒടുക്കമില്ലാതെ തുടർന്നുകൊണ്ടേയിരിക്കും. അതിൽ പെട്ടുപോയാൽ രക്ഷപെടാൻ സാധ്യത കുറവാണ്. അതുപോലെതന്നെ കൊട്ടാരത്തിൻറെയുള്ളിലും പല വഴികളുണ്ട്. അതിൽ ഒന്നിൽ നിന്നാണ് എനിക്ക് അപായം സംഭവിച്ചത്. പക്ഷെ അത് നന്നായിയെന്ന് ഇപ്പോൾ തോന്നുന്നു. ഇല്ലായിരുന്നുവെങ്കിൽ നമ്മളെല്ലാവരും തമ്മിൽ കാണ്ടുമുട്ടുവാൻ ഇനിയും ഡിലേ ആയേനേ...'

അത് കേട്ടപ്പോൾ എല്ലാവരും ചിരിച്ചു.

'പക്ഷേ എനിക്ക് മനസ്സിലാവാത്തത് മറ്റൊന്നാണ്. മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്ത രീതിയിൽ ഇത്രയേറെ സുരക്ഷകൾ തീർത്ത് ആ കൊട്ടാരത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്നത് എന്തായിരിക്കും...?' ജോംസി മിസ്സ് അവർക്ക് തോന്നിയ സംശയം ഉന്നയിച്ചു.

'അതുതന്നെയാണ് ഞാനും ഓർക്കുന്നത്....ഇത്രയും കെണികളാൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ആ രഹസ്യം എന്തായിരിക്കും....' താരയും ഏറ്റുപിടിച്ചു.

പെട്ടെന്ന് ആരോ വെള്ളം കോരിയൊഴിച്ചതുപോലെ നദിയിലെ തീ ഒരു നീറ്റലോടെയണഞ്ഞു. വളരെപ്പെട്ടെന്നുതന്നെ അവിടെയാകെ ഇരുട്ട് വ്യാപിച്ചു. അതോടൊപ്പം ജോംസി മിസ്സിൻറെ ഞെട്ടിപ്പിക്കുന്ന തരത്തിലെ അലർച്ച അന്തരീക്ഷത്തിലാകെ പ്രകമ്പനംകൊണ്ടു...!

# മുപ്പത്

അപ്രതീക്ഷിതമായി മിസ്സിൻറെ അലർച്ചകേട്ടതും എല്ലാവരും ഒരുപോലെ ഞെട്ടിത്തരിച്ചു. രഞ്ജിത് അതിവേഗത്തിൽ സ്വന്തം ബാഗിൽനിന്നും എമർജൻസി ലൈറ്റ് തപ്പിയെടുത്ത് തെളിച്ചതും ആ കാഴ്ച കണ്ട് എല്ലാവരും നടുങ്ങിവിറച്ചുപോയി. ജോംസി മിസ്സ് നായയെപോലെ തോന്നിക്കുന്ന ഒരു ജീവിയുടെ വായുടെ മുകൾഭാഗവും താഴ്ഭാഗവും ഇരുകൈകളുംകൊണ്ട് വലിച്ചു പിടിച്ചിരിക്കുന്നു. അതിൻറെ തേറ്റപ്പല്ലുകൾ എമർജൻസി ലാമ്പിൻറെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി.

ജീവിയുടെ കടിയേറ്റ അവരുടെ കൈമുട്ടിന് മുകൾഭാഗത്തെ മാംസത്തിൽ നിന്നും അമിതമായി രക്തം വാർന്നൊലിച്ചുകൊണ്ടിരുന്നു. അത് കൈത്തണ്ടയിലൂടെ ഒഴുകി പൈശാചിക രൂപമുള്ള ആ ജീവിയുടെ വായിലേക്കുതന്നെ വീണുകൊണ്ടിരുന്നു. ആ ജീവി പിൻവശത്തെ ഇരുകാലുകളും നിലത്ത് ശക്തമായി മാന്തിക്കൊണ്ട് അതിൻറെ വായിലെ പിടിവിടുവിക്കാൻ പരമാവധി ശ്രമിച്ചു. പ്രൊഫസർപോലും എന്തു ചെയ്യണമെന്നറിയാതെ പരിഭ്രമിച്ചുനിൽക്കുകയായിരുന്നു അപ്പോൾ. അധികസമയം മിസ്സിന് ആ നിലയിൽ തുടരാൻ കഴിയില്ല എന്നയാൾക്കുറപ്പുണ്ടായിരുന്നു.

'ജോംസീ... സ്റ്റേ ദെയർ...' മിസ്സിനെ കൈകൾ കൊണ്ട് ആംഗ്യം കാട്ടിയശേഷം അയാൾ ജെസ്സിയുടെ ബാഗിൽ നിന്നും എന്തോ എടുത്തുകൊണ്ട് അവിടെനിന്നും വേഗത്തിൽ ഓടിപ്പോയി. അതേസമയം ആൺകുട്ടികൾ സമീപം കിടന്നിരുന്ന മരക്കഷണങ്ങളും കല്ലുകളുമെടുത്ത് ആ ജീവിയെ നേരിടാൻ തയ്യാറെടുത്തു.

'അരുത്...' ജോംസി മിസ്സ് പ്രയാസപ്പെട്ട് വിളിച്ചുപറഞ്ഞു. അതിനെ ആക്രമിച്ചാൽ അത് തങ്ങളെയും ആക്രമിക്കുമെന്ന ഉദ്ദേശത്തിലാണ് മിസ്സ് താക്കീത് ചെയ്തതെന്ന് അവർ മനസ്സിലാക്കി. ഇനിയെന്തുചെയ്യണമെന്നറിയാതെ എല്ലാവരും ഒരുപോലെ കുഴങ്ങിപ്പോയി. പക്ഷേ പെട്ടെന്നായിരുന്നു ആ ജീവി ഇരുകാലുകളും നിലത്ത് കുത്തിയിട്ട് ശക്തമായി ജോംസി മിസ്സിനെ പിന്നിലേക്ക് തള്ളിമറിച്ചിട്ടത്. ആ കാഴ്ച കണ്ട് പെൺകുട്ടികൾ മൂവരും ഉച്ചത്തിൽ നിലവിളിച്ചു. അതുകേട്ടിട്ടെന്നോണം ആ ജീവിയുടെ ശ്രദ്ധ പൂർണ്ണമായും പെൺകുട്ടികളിലേക്കായി.

അത് മുരണ്ടുകൊണ്ട് അവരുടെ നേർക്ക് തിരിഞ്ഞു. താരയും റൂബിയും ജെസ്സിയും തങ്ങളുടെ മരണം മുന്നിൽ കണ്ടതുപോലെ ഭയന്നു വിറച്ചു. അത് മുന്നിലേക്ക് വരുന്നത് മനസ്സിലാക്കിയതും അവർ മൂവരും ജോംസി മിസ്സിനരികിലേക്ക് കുതറിയോടി. രഞ്ജിത് അടുത്തുകിടന്നിരുന്ന മുനയുള്ള ഒരു കല്ലുമായി ജീവിയുടെ നേർക്ക് പാഞ്ഞു. പക്ഷേ

അപ്പോഴേക്കും ആ ജീവി പെൺകുട്ടികളുടെ സമീപം എത്തിക്കഴിഞ്ഞിരുന്നു. അത് കണ്ടതും അവനും ഒന്നു പതറിപ്പോയി. ഇതേസമയം വീണുകിടന്നിരുന്ന നിലത്തുനിന്നും ഒരുവിധത്തിൽ കൈകുത്തി എഴുന്നേറ്റ ജോംസി മിസ്സ് കണ്ടത് പെൺകുട്ടികളെ ആക്രമിക്കുവാനായി ഒരുമ്പെടുന്ന ഭീകര ജീവിയെയായിരുന്നു.

ശരീരം മുഴുവൻ രക്തം പടർന്നിരുന്നുവെങ്കിലും അതൊന്നും കണക്കിലെടുക്കാതെ അവർ ആ ജീവിയുടെ നേർക്കോടി. മിസ്സ് എന്തിനുള്ള പുറപ്പാടാണെന്ന് മനസ്സിലാവാതെ ആണുങ്ങളെല്ലാവരും പ്രൊഫസറെ അലറിവിളിച്ചു. ഭയന്നുള്ള ഓട്ടത്തിനിടയിൽ താരയും ജെസ്സിയും നിലത്തേക്കുവീണ് പരസ്പരം ഇറുകിപ്പിടിച്ചു. റൂബി അവരുടെ പിന്നിൽനിന്നുകൊണ്ട് വാപൊത്തിക്കരഞ്ഞു. ഓടിയടുത്ത ഭീകരസത്വം താരയുടെയും ജെസ്സിയുടെയും ശരീരത്തിൽ ചവിട്ടിനിന്ന് ഉച്ചത്തിൽ ഗർജ്ജിച്ചു. തൽക്ഷണം ജീവിയുടെ നേർക്ക് ഓടിയടുത്ത ജോംസി മിസ്സ് അതിൻറെ പുറത്തേക്ക് ചാടിക്കയറി അതോടൊപ്പം ജീവിയുടെ വാ കൂട്ടിപ്പിടിച്ച് മുകളിലേക്കുയർത്തി. പ്രതീക്ഷിക്കാതെയുള്ള ആ ബന്ധനം ജന്തുവിനെ പെൺകുട്ടികളിൽനിന്നും പിന്തിരിപ്പിച്ചു.

'എൻറെ കുട്ടികളെ തൊടാൻ ഞാൻ സമ്മതിക്കില്ല...' മിസ്സ് പല്ലുകൾ കടിച്ചുകൊണ്ട് പറഞ്ഞതുകേട്ടപ്പോൾ പെൺകുട്ടികൾ തകർന്നുപോയി.

'മിസ്സേ വേണ്ട...' റൂബി ഉറക്കെ കരഞ്ഞുകൊണ്ട് അപേക്ഷിച്ചു.

'ഓടിക്കോ....നിങ്ങൾ രക്ഷപെട്...' അവർ പെൺകുട്ടികളെ നോക്കി പറഞ്ഞു. ആ ജന്തു മിസ്സിനെ അതിൻറെ പുറത്തുനിന്നും കുടഞ്ഞിടാനായി പരിശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ജോംസി മിസ്സ് അതിൻറെ ശരീരത്തിന് കുറുകെ ഇരുകാലുകളും കൂട്ടിപ്പിടിച്ച് സർവ്വശക്തിയുമുപയോഗിച്ച് അതിൻറെ വായഭാഗം മുകളിലേക്ക് പിടിച്ചുവലിച്ചുകൊണ്ടിരുന്നു. അതോടൊപ്പം അവരുടെ ശരീരത്തിൽ നിന്നും രക്തം ക്രമാതീതമായി ഒലിച്ചിറങ്ങി.

'ജെസ്സീ ഓട്...' അവർ കിതപ്പോടെ വീണ്ടും വിളിച്ചുപറഞ്ഞു.

ഇതെല്ലാംകണ്ട് പരിഭ്രാന്തനായ രഞ്ജിത് കൈയ്യിലിരുന്ന കല്ലെടുത്ത് ആ ജീവിയുടെ കഴുത്തിൽ ആഞ്ഞുകുത്തി. പക്ഷേ അതിൻറെ തൊലിയുടെ കട്ടി കാരണം കല്ല് ദൂരേയ്ക്ക് തെറിച്ചു പോയി. പക്ഷെ അവൻറെ ആക്രമണം അതിനെ ഭ്രാന്തമാക്കി. മദം പൊട്ടിയ ആനയെപ്പോലെ ജീവി അതിൻറെ രൗദ്ര ഭാവം പുറത്തെടുത്തു. അതോടൊപ്പം തീർത്തും അവശയായിത്തീർന്ന ജോംസി മിസ്സ് ഒരു ആർത്തനാദത്തോടെ അതിൻറെ പുറത്തുനിന്നും ദൂരേയ്ക്ക് തെറിച്ചുവീണു. വിറളിപൂണ്ട ജീവി ഗർജ്ജിച്ചുകൊണ്ട് ആൺകുട്ടികളുടെ നേർക്ക് പാഞ്ഞു.

അതേ നിമിഷത്തിലായിരുന്നു പ്രൊഫസർ അതിൻറെമേൽ ജെസ്സിയുടെ ബാഗിൽ നിന്നുമെടുത്ത വാട്ടർബോട്ടിലിൽ നിറച്ച നദിയിലെ ദ്രാവകമൊഴിച്ചത്. അത് വീണതും ആ ജന്തു അയാളുടെ നേരേ തിരിഞ്ഞു. തൊട്ടടുത്ത നിമിഷത്തിൽ അയാൾ

പോക്കറ്റിൽനിന്നും ലൈറ്ററെടുത്ത് കത്തിച്ച് അതിന് നേർക്കെറിഞ്ഞു. ഒറ്റ നിമിഷംകൊണ്ട് തീ അതിൻറെ ശരീരമാകെ ആളിപ്പടർന്നു. ഒരു അലർച്ചയോടെ ആ ജീവി ദൂരേക്ക് ഓടിമറഞ്ഞു. പെൺകുട്ടികളുടെ കൂട്ടക്കരച്ചിൽ കേട്ടപ്പോഴാണ് പ്രൊഫസറും ആൺകുട്ടികളും പിന്നിലേക്ക് തിരിഞ്ഞുനോക്കിയത്. വസ്ത്രമാകെ രക്തംപുരണ്ട് വളരെ കഷ്ടപ്പെട്ട് ശ്വാസോച്ഛ്വാസം കഴിക്കുന്ന ജോംസി മിസ്സിനെയാണ് അവരവിടെ കണ്ടത്. ആ ജീവിയുടെ കുടഞ്ഞെറിയലിൽ കാര്യമായിത്തന്നെ അവർക്ക് പരുക്കേറ്റിരുന്നു. മാത്രമല്ല അവരുടെ ബോധവും നഷ്ടമായിരുന്നു.

'മിസ്സേ...' ജെസ്സി അവരെ മടിയിൽ കിടത്തി പൊട്ടിക്കരഞ്ഞു. പ്രൊഫസർ തിടുക്കത്തിൽ അവരുടെ തൊട്ടരികിൽ നിലത്തേയ്ക്ക് മുട്ടുകുത്തിവീണു.

'ജോംസീ...' അയാൾ തളർന്ന സ്വരത്തിൽ നീട്ടിവിളിച്ചു. പക്ഷെ ആ വിളിക്ക് മറുപടിയുണ്ടായില്ല.

'മിസ്സേ...' അലക്സ് അവരുടെ കൈവെള്ള ചേർത്തുപിടിച്ചു കൊണ്ട് വിളിച്ചു. അവരുടെ വിളികൾക്കോ കരച്ചിലിനോ ജോംസി മിസ്സ് മറുപടി നൽകിയില്ല. തൻറെ കർത്തവ്യം ചെയ്ത് തീർത്തതുപോലെ അവരുടെ മുഖം തികച്ചും ശാന്തമായിരുന്നു. റ്റോജി വിക്കിയുടെ ചുമലിലേക്ക് വീണ് പൊട്ടിക്കരഞ്ഞു. ഷാനുവും അലക്സും നിലത്ത് തകർന്നിരുന്നു. രഞ്ജിത് മുന്നിലേക്ക് കടന്നുചെന്ന് ജോംസി മിസ്സിൻറെ കൈത്തണ്ടയിൽ പിടിച്ചുനോക്കി.

'സർ. പൾസ് റേറ്റ് കുറയുകയാണ്...' അവൻ പറഞ്ഞത് കേട്ടപ്പോൾ റൂബി മിസ്സിനെ തന്നോട് ചേർത്ത് പിടിച്ചു.

'ഇല്ലാ ഞാൻ വിട്ടുകൊടുക്കില്ല... എൻറെ അമ്മയെ ഞാൻ വിട്ടു കൊടുക്കില്ല. എന്നോട് പറഞ്ഞില്ലേ ഞങ്ങളുടെ അമ്മയാണെന്ന്. മിസ്സേ... എഴുന്നേൽക്ക്..പ്ലീസ്...' അവൾ അവരുടെ നെറ്റിയിൽ തുരുതുരെ ഉമ്മവച്ചു.

'ഇല്ലാ..മിസ്സ് ഉണരും... ദേ നോക്കിക്കോ..' അതും പറഞ്ഞു കൊണ്ട് നിറഞ്ഞ കണ്ണുകളോടെ താര തിടുക്കത്തിൽ ബാഗിൽ തൂക്കിയിട്ടിരുന്ന ബോട്ടിലിൽനിന്നും വെള്ളം കൈക്കുമ്പിളിലെടുത്ത് അവരുടെ മുഖത്ത് തളിച്ചുനോക്കി. പക്ഷേ അവരുടെ കണ്ണുകൾ ചലിച്ചില്ല. രഞ്ജിത് അവരുടെ കൈത്തണ്ട വീണ്ടും പരിശോധിച്ചു എന്നിട്ട് ഇരുകൈകളും കൂപ്പി ആകാശത്തേക്ക് നോക്കി.

'ഗോഡ്... പ്ലീസ്....' അവൻ കൈകൾ കൂപ്പിക്കൊണ്ട് കണ്ണുകൾ ഇറുക്കിയടച്ചു. അപ്പോൾ അവൻറെ കവിളിലൂടെ കണ്ണുനീർ ധാരയായി ഒഴുകിയിറങ്ങി. ജോംസി മിസ്സിൻറെ ശ്വാസോച്ഛ്വാസം മന്ദഗതിയിലാവുന്നത് അവരെല്ലാവരും തിരിച്ചറിഞ്ഞു. പ്രൊഫസർ റൂബിയുടെ കൈയ്യിൽനിന്നും അവരെ അയാളുടെ ശരീരത്തോട് ചേർത്തുപിടിച്ചു.

‘ജോംസീ…’ അയാൾ വിങ്ങിപ്പൊട്ടിക്കരഞ്ഞു. ആ കാഴ്ച താങ്ങാനാവാതെ മറ്റുള്ളവർ മുഖംപൊത്തി. അയാളുടെ ചുടുകണ്ണീർ അവരുടെ അധരങ്ങളിലേക്ക് അടർന്നുവീണു. നിലവിളികളും തേങ്ങലുകളും കേട്ട് മെർക്കുറിയുടെ തീരത്തെ കാറ്റു പോലും പകച്ചുനിന്നു പോയി. പ്രൊഫസർ നിക്കോൾസൻറെ കൈക്കുള്ളിൽ തലചായ്ച്ച് ദീർഘമായ ഒരു ശ്വാസം കഴിച്ചു കൊണ്ട് ജോംസി മിസ്സിൻറെ ശ്വാസോച്ഛ്വാസം എന്നന്നേക്കുമായി നിലച്ചു.

‘ജോംസീ…’ പ്രൊഫസർ അവരെ വാരിപ്പുണർന്നു. താരയും ജെസ്സിയും റൂബിയും പരസ്പരം കെട്ടിപ്പിടിച്ച് അലറിക്കരഞ്ഞു.

‘മിസ്സേ… ഞങ്ങൾക്ക് വേണ്ടി ഇത്…’ താരയ്ക്ക് അവളുടെ വാക്കുകൾ മുഴുമിപ്പിക്കാനായില്ല. അവൾ നിലത്തേക്ക് തളർന്നുവീണുപോയി. ആൺകുട്ടികൾ പ്രൊഫസറിൻറെ ഇരുവശങ്ങളിലുമായി അയാളോട് ചേർന്നിരുന്ന് വിങ്ങിക്കരഞ്ഞു. ഒട്ടും പ്രതീക്ഷിക്കാതെയുള്ള ജോംസി മിസ്സിൻറെ വേർപാടിന് ആ നദീതീരം സാക്ഷിയായി.

# മുപ്പത്തിയൊന്ന്

ജോംസി മിസ്സിൻറെ ശരീരവും ചേർത്തുപിടിച്ച് പ്രൊഫസർ അതേ നിലയിൽ ഇരുപ്പുറപ്പിച്ചു. ആ ശരീരത്തിൻറെ ചൂട് അപ്പോഴും വിട്ടുമാറിയിരുന്നില്ല. അയാൾ ശാന്തമായ അവരുടെ മുഖത്തേക്ക് ദയനീയമായി നോക്കി. തന്നെ തേടിയെത്തിയ തൻറെ പ്രിയപ്പെട്ടവളുടെ ദാരുണമായ അന്ത്യം അയാൾക്കു താങ്ങാവുന്നതിലുമപ്പുറമായിരുന്നു. ആരും അയാളെ ശല്യപ്പെടുത്തിയില്ല. അവരൊക്കെ ഓരോ കോണുകളിൽ തളർന്നിരുന്നു.

പെട്ടെന്നാണ് എന്തൊക്കൊയോ നിലത്ത് വലിച്ചിഴയ്ക്കുന്നതു പോലെയുള്ള ശബ്ദം അവിടെയാകെ പ്രതിദ്ധ്വനിച്ചത്. അത് കേട്ടപ്പോൾ എല്ലാവരും കരച്ചിൽ നിർത്തി ഭയത്തോടെ ചുറ്റും നിരീക്ഷിക്കുവാൻ തുടങ്ങി. തങ്ങളിലേക്ക് എന്തൊക്കയോ വന്നടുക്കുന്നതായി അവർക്ക് മനസ്സിലായി. പെൺകുട്ടികളുടെ ഏങ്ങലടികൾ മാത്രം ഇടയ്ക്ക് ഉയർന്നുകേട്ടു.

'ശ്ശ്...' രഞ്ജിത് ചുണ്ടിൽ വിരൽവച്ചു. ആ ശബ്ദം തൊട്ടരികിൽ എത്തിയെന്ന് മനസ്സിലായതും പ്രൊഫസർ ജോംസി മിസ്സിൻറെ ശരീരം നിലത്ത് കിടത്തി ബാഗിൽ നിന്നും ടോർച്ച് വലിച്ചെടുത്തു.

'വേഗം എല്ലാവരും അവരവരുടെ ടോർച്ചെടുത്ത് കൈയ്യിൽപ്പിടിക്കു' അയാൾ തിടുക്കത്തിൽ വിളിച്ചുപറഞ്ഞു.

അതുകേട്ടതും എല്ലാവരും അതിവേഗത്തിൽ തങ്ങളുടെ ബാഗുകളിൽ നിന്നും ടോർച്ചുകൾ തപ്പിയെടുത്തു.

എമർജൻസി ലാമ്പിൻറെ വെളിച്ചം ഉണ്ടായിരുന്നുവെങ്കിലും അവർ തങ്ങളുടെ ടോർച്ചുകൾ പ്രകാശിപ്പിച്ച് ചുറ്റുപാടും നിരീക്ഷിച്ചു. പക്ഷേ നിലത്ത് കരിയിലകൾ അനങ്ങുന്നത് മാത്രമാണ് അവർക്കെല്ലാം കാണുവാൻ സാധിച്ചത്. കരിയിലകളുടെ ചലനം അടുത്തടുത്തുവന്നുകൊണ്ടിരുന്നു. ആ ചലനം അവരുടെ കാൽച്ചുവട്ടിലെ കരിയിലകളും കടന്ന് ജോംസി മിസ്സ് കിടന്നിരുന്ന ഭാഗത്ത് ചെന്നവസാനിച്ചു. അതോടൊപ്പം എല്ലാവരുടെയും കൈകളിലെ ടോർച്ചുകളുടെ പ്രകാശം ഒരുമിച്ച് ജോംസി മിസ്സിനുമേൽ പതിച്ചു. കറുത്ത നിറത്തിലുള്ള മൺതരികൾ പോലെയുള്ള എന്തോ ഒന്ന് അവരുടെ ശരീരമാകെ പൊതിയുവാൻ ആരംഭിച്ച കാഴ്ച കണ്ട് അവരാകെ സ്തംഭിച്ചുനിന്നുപോയി. ഏതാനും നിമിഷങ്ങൾക്കകം മിസ്സിൻറെ ശരീരഭാഗങ്ങൾ ആ കറുത്ത തരികളാൽ പൊതിയപ്പെട്ടു.

‘ആകാശത്തിലെ ആ കറുത്ത രൂപങ്ങൾ...’ താര പ്രൊഫസറെ നോക്കി പറഞ്ഞു. അവർ വഴിമദ്ധ്യേ കണ്ട കറുത്തരൂപങ്ങൾ പ്രൊഫസറുടെ ഓർമ്മയിൽ മിന്നിമറഞ്ഞു. ജെസ്സി പെട്ടെന്ന് ജോംസി മിസ്സിൻറെ ശരീരത്തിനടുത്തേക്ക് പോകാൻ ഉടങ്ങിയതും പ്രൊഫസർ തടഞ്ഞു.

‘വേണ്ട... തൊടരുത്...’ അവളെ വിലക്കിയശേഷം അയാൾ വീണ്ടും ജോംസി മിസ്സിൻറെ ശരീരത്തിലേക്ക് നോക്കി. ആ കറുത്ത വസ്തുക്കൾ ശരീരത്തിലാകെ പടർന്നുപിടിച്ചതോടൊപ്പം അവരുടെ മുഖവും ഏകദേശം മറഞ്ഞിരുന്നു. അവസാനമായി ഒരിക്കൽക്കൂടി പ്രൊഫസർ അവരെ കൺനിറയെ കണ്ടു. അപ്പോഴേക്കും അവർക്കുചുറ്റും കേട്ടുകൊണ്ടിരുന്ന ശബ്ദങ്ങൾ സാവധാനത്തിൽ നിലച്ചുതുടങ്ങി. അതോടൊപ്പം ജോംസി മിസ്സിൻറെ ശരീരവും ഒരു കറുത്ത പ്രതിമ പോലെയായിത്തീർന്നിരുന്നു. തൊട്ടടുത്ത നിമിഷത്തിൽ ആ രൂപം അന്തരീക്ഷത്തിലേക്ക് ഉയരുവാൻ ആരംഭിച്ചു.

ആൺകുട്ടികൾ അത്ഭുതത്തോടെ പരസ്പരം നോക്കി. താരയും ജെസ്സിയും റൂബിയുടെ കൂടുതൽ അടുത്തേക്ക് ചേർന്നുനിന്നു. പ്രൊഫസർ മിസ്സിൻറെ ശരീരത്തിലേക്കുതന്നെ തൻറെ ടോർച്ച് പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. ആ കറുത്തരൂപം അന്തരീക്ഷത്തിൽ നിശ്ചിത ഉയരത്തിലെത്തിയശേഷം വീണ്ടും മുന്നോട്ട് നീങ്ങി നദിയും കടന്നു പോയി. ഒടുവിൽ ടോർച്ചിൻറെ വെളിച്ചത്തിൽനിന്നും അത് അപ്രത്യക്ഷമായി. അൽപ്പസമയംകൂടി മുകളിലേക്കുതന്നെ നോക്കി നിന്നിട്ട് പ്രൊഫസർ എല്ലാവരെയും ക്ഷീണത്തോടെ നോക്കി. പിന്നെ അയാളും ടോർച്ച് ഓഫ് ചെയ്തു.

‘ഇതാണ് മെർക്കുറിയുടെ നിയമം...’ പ്രൊഫസർ പറഞ്ഞതുകേട്ട് എല്ലാവരും സ്തബ്ദരായി നിന്നു.

‘മിസ്സിൻറെ ശരീരം എങ്ങോട്ടാണ് പോയത്..?’ ജെസ്സി പതറിയ ശബ്ദത്തിൽ ആരാഞ്ഞു.

‘പറയാം... അതിനുമുൻപ് നമുക്ക് ഇവിടെ തീ കൂട്ടണം. നമ്മുടെ സുരക്ഷയാണത്. ഒരുമാതിരിപ്പെട്ട ജീവികളൊന്നും തീ കണ്ടാൽ അടുക്കില്ല. അതാണ് നദിയിലെ തീയണഞ്ഞപ്പോൾത്തന്നെ ജോംസി മിസ്സ് ആക്രമിക്കപ്പെട്ടത്...’ പ്രൊഫസർ അത് പറഞ്ഞപ്പോൾ ബാക്കിയുള്ളവർ അന്തരീക്ഷത്തിലേക്ക് ഒന്നുകൂടി കണ്ണുപായിച്ചു. താമസ്സിയാതെ ചുറ്റും കിടന്ന മരക്കമ്പുകളും കരിയിലകളും വാരിക്കൂട്ടി അവർ കത്തിച്ചു. തീ ആളിക്കത്തി.

‘സർ...അത് നോക്ക്...’ താര ടോർച്ച് ചുറ്റുമുള്ള വനത്തിലെ ഭാഗങ്ങളിലേക്ക് തെളിച്ചുകാട്ടി. ആ പ്രകാശം ചെന്നുപതിച്ച പല ഭാഗങ്ങളിലും ഒരുപാട് കണ്ണുകൾ തിളങ്ങുന്നതുകണ്ട് അവർ എല്ലാവരും ഭയന്നുപോയി. തൊട്ടു മുമ്പ് ജോംസി മിസ്സിനെ ആക്രമിച്ച ജന്തുവിൻറേതുപോലെയുള്ള അനേകം ക്രൂരമായകണ്ണുകൾ തങ്ങളെ ഉന്നംവച്ചിരിക്കുന്നുവെന്ന് മനസ്സിലായപ്പോൾ അവരെല്ലാവരും

തീയിട്ടിരിക്കുന്നതിൻറെ സമീപത്തേക്ക് കൂടുതൽ ചേർന്നിരുന്നു. അന്തരീക്ഷത്തിൽ നല്ല തണുപ്പ് നിലനിന്നിരുന്നതിനാൽ ആ ചൂട് അവർക്ക് തെല്ലൊരാശ്വാസവും പകർന്നുനൽകി.

'ഇനി ഞാൻ പറയാൻ പോകുന്നത് ഗൗരവമേറിയ കുറച്ച് കാര്യങ്ങളാണ് കൊട്ടാരത്തിലെത്തിയശേഷം എല്ലാം നിങ്ങളോട് അവതരിപ്പിക്കാമെന്ന് കരുതിയതാണ്. എന്നാൽ ഇനിയും ഇതൊക്കെ പറയാൻ വൈകിച്ചാൽ ശരിയാവില്ല.' പ്രൊഫസർ എന്താണ് പറയുവാൻ പോകുന്നതെന്ന് കേൾക്കുവാനായി അവരെല്ലാവരും അയാൾക്കരികിലേക്ക് കൂടുതൽ ചേർന്നിരുന്നു.

'ഞാൻ മെർക്കുറി ദ്വീപിൽ വന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്. എനിക്ക് കിട്ടിയ ആ പുസ്തകത്തിൻറെ അവസാന താളുകളിൽ അപ്രതീക്ഷിതമായ ഒന്ന് രേഖപ്പെടുത്തിയിരുന്നു... ലോകാവസാനം..!' അതുകേട്ടപ്പോൾ എല്ലാവരും ഞെട്ടലോടെ പ്രൊഫസറെ നോക്കി.

'എന്ത്..?' രഞ്ജിത് നെറ്റിചുളിച്ചുകൊണ്ട് ചോദിച്ചു.

'അതെ...ഭൂമി എന്ന ഗ്രഹം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾ കൂടി മാത്രമാണ് ബാക്കിയുള്ളത്.'

'സർ ഈ പറയുന്നതെന്താണ്...ഭൂമി അവസാനിക്കുകയോ... അത് സാറിന് എങ്ങനെ ഉറപ്പിക്കാൻ കഴിയും..?' അലക്സ് സംശയത്തോടെ ചോദിച്ചു.

'ഞാൻ നിങ്ങൾക്കൊക്കെ മനസ്സിലാവുന്ന രീതിയിൽ പറഞ്ഞു തരാം. ഇപ്പോൾ നമ്മൾ ഒരു ക്ലോക്ക് കീ കൊടുത്ത് വച്ചിരിക്കുകയാണെന്ന് കരുതുക. പിന്നെ നിശ്ചിതമായ ഒരു സമയംവരെ അത് പ്രവർത്തിക്കും. ഒരു പരിധി കഴിയുമ്പോൾ വീണ്ടും നമ്മൾ ലോഡ് ചെയ്യണം. ചെയ്തില്ലെങ്കിൽ ഏത് സമയത്താണോ പ്രവർത്തനം നിലച്ചത് ആ സമയം തന്നെ എന്നും നിലനിൽക്കും. അതുപോലെ ഭൂമിയുടെയും പ്രകൃതിയുടെയും മുഴുവൻ കാര്യങ്ങളും കൃത്യമായ ഒരു ദിവസം വരെ ലോഡ് ചെയ്തു വച്ചിട്ടുണ്ട് ഇവിടെ ഈ മെർക്കുറിയിൽ...'

'എന്ത്..?' അത് കേട്ടതും എല്ലാവരും ആശ്ചര്യം നിറഞ്ഞ ശബ്ദത്തിൽ ചോദിച്ചു.

'ഇനി ഞാൻ എങ്ങിനെയാണ് പറഞ്ഞുതരിക...' പ്രൊഫസർ വ്യാകുലപ്പെട്ടു.

'സർ പറഞ്ഞത് ഞങ്ങൾക്ക് മനസ്സിലായി. പക്ഷേ ഇതൊക്കെ എങ്ങനെ നടക്കും...' റൂബി കരഞ്ഞുകലങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് ചോദിച്ചു.

'നമ്മുടെ ഇങ്ങോട്ടേക്കുള്ള യാത്രയിൽ നമുക്കുചുറ്റുമുള്ള സ്ഥലങ്ങൾ നാമറിയാതെതന്നെ ഒരു നിമിഷംകൊണ്ട് മാറിയത് നമ്മൾ കണ്ടതാണ്. അതുപോലെ ഭൂമി കറങ്ങുന്നുണ്ട്. പക്ഷേ നമ്മൾ അറിയുന്നില്ല. ഇതുവരെയും മനുഷ്യൻ

കണ്ടുപിടിച്ചിട്ടില്ലാത്ത അനേകം പ്രതിഭാസങ്ങൾ നമുക്കുചുറ്റും നടക്കുന്നുണ്ട്. അവയുടെയെല്ലാം കടിഞ്ഞാൺ മെർക്കുറിയാണ്. ലോകത്തെ പ്രകൃതിയുടെ മുഴുവൻ നിയന്ത്രണവും മെർക്കുറിയിലാണ് ചാർട്ട് ചെയ്ത് വച്ചിരിക്കുന്നത്.' പ്രൊഫസർ പറയുന്നതൊക്കെ എല്ലാവർക്കും പുതിയ അറിവുകളായിരുന്നു.

'ആരാണ് ഇവയൊക്കെ ഇങ്ങനെ ചെയ്തുവെച്ചത്. മനുഷ്യന് പ്രകൃതിയെ എങ്ങനെ നിയന്ത്രിക്കാൻ കഴിയും..?' റ്റോജി അവൻറെ സംശയം ഉന്നയിച്ചു.

'പറഞ്ഞുതരാം...നമുക്ക് ഓരോ മർമ്മങ്ങൾ ഉള്ളതുപോലെ ഭൂമിക്കും ഉണ്ട് ഒരു ഏക മർമ്മം. നമുക്ക് നമ്മുടെ മർമ്മ സ്ഥാനങ്ങളിൽ എന്ത് സംഭവിക്കുന്നുവോ അതുതന്നെ നമ്മുടെ ശരീരത്തെയാകെ ബാധിക്കും. അതുപോലെ തന്നെയാണ് ഭൂമിക്കും... മെർക്കുറിയിൽ എന്ത് സംഭവിക്കുന്നോ അത് ഭൂമിയെ മുഴുവൻ ബാധിക്കും. ഭൂമിയുടെ ഇങ്ങനെയൊരു മർമ്മം കണ്ടെത്തിയത് പണ്ടുകാലത്ത് ജീവിച്ചിരുന്ന മായന്മാരുടെ കൂട്ടത്തിലെതന്നെ ഒരു മാന്ത്രിക ജനതയായിരുന്നു. ഭൂമിയുടെ മർമ്മം കണ്ടുപിടിക്കുവാനുള്ള അന്വേഷണത്തിൽ അവരുടെ പല തലമുറ പരമ്പരയും ജീവിതകാലം മുഴുവനും അതിനായി ചിലവഴിച്ചുകൊണ്ടിരുന്നു.

കുട്ടികൾ ഉൾപ്പെടെ അവരുടെ തലമുറയിലുള്ള എല്ലാവരും തുല്യ ജ്ഞാനികളായിരുന്നു. രാജഭരണം നിലനിന്നിരുന്ന ആ കാലത്ത് അത്ഭുതകരമായി അവർ അവരുടെ ലക്ഷ്യം കണ്ടെത്തി. ഭൂമി എന്ന ഗ്രഹത്തിൻറെ മർമ്മം കടലിലെ ഒരു ദ്വീപാണെന്ന് അവർ പ്രസ്താവിച്ചു. ഒടുവിൽ അത് തെളിയിക്കുവാനായി അന്നത്തെ അവരുടെ രാജാവ് അവരെ വെല്ലുവിളിച്ചു. ആ വെല്ലുവിളി ഏറ്റെടുത്ത അവർ അതിനായി അവരുടെ തലമുറയിലെ എല്ലാവരുടെയും കഴിവുകൾ പരമാവധി ഉപയോഗിച്ച് മറ്റൊരു മാതൃകാഭൂമിയെ മെർക്കുറിയിൽ ഉണ്ടാക്കിയെടുത്തു. എന്നിട്ട് ആ മാതൃകാഭൂമിയിൽ അവരുടെ കഴിവുകൾ വച്ച് ഓരോ മാറ്റങ്ങൾ വരുത്തിക്കാട്ടി. മാതൃകാഭൂമിയിൽ വരുന്ന വ്യതിയാനങ്ങൾക്ക് അനുസൃതമായി ഭൂമിയിലും അത് സംഭവിക്കുന്നതുകണ്ട് രാജാവ് ആശ്ചര്യപ്പെട്ടു. ഒടുവിൽ വാക്കു പ്രകാരം അയാൾ അവരുടെ മുന്നിൽ തോൽവിയും സമ്മതിച്ചു.

മാത്രമല്ല ഭൂമിയുടെ ഭ്രമണത്തിന് വിപരീതമായി ഭൂമി ചലിക്കുന്ന സമയത്തിൻറെ പലമടങ്ങ് ഇരട്ടിയായി ആ ദ്വീപിലെ ചില സ്ഥലങ്ങളും പരസ്പരം ചലിക്കുന്നുണ്ടെന്നും അവർ രാജാവിന് കാട്ടിക്കൊടുത്തു. പക്ഷേ അവിടെ മരങ്ങളോ മൃഗങ്ങളോ ഒന്നുംതന്നെ ആ സമയത്ത് ഉണ്ടായിരുന്നില്ല. കാര്യങ്ങളൊക്കെ മനസ്സിലാക്കിയ ആ ഭരണാധികാരി മെർക്കുറിയുടെ മുഖച്ഛായ തന്നെ മാറ്റിമറിക്കാൻ തീരുമാനിച്ചു. അയാൾ ആ മാതൃകാഭൂമി ഉപയോഗിച്ച് നിഷ്പ്രയാസം സമീപരാജ്യങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ വരുത്തിത്തീർത്ത് അവയെല്ലാം കീഴടക്കി. അതോടൊപ്പം മറ്റാർക്കും എത്തിപ്പെടാൻ സാധിക്കാത്ത രീതിയിൽ മാതൃകാഭൂമിയെ വലയം ചെയ്ത് മെർക്കുറിയിൽ അയാൾ ഒരു പടുകൂറ്റൻ കൊട്ടാരവും പണികഴിപ്പിച്ചു.

കൊട്ടാരത്തിൻറെ പണി കഴിഞ്ഞതോടെ അതിനുചുറ്റുമുള്ള ചലിക്കുന്ന സ്ഥലങ്ങളിൽ ആരും മനസ്സിലാക്കാത്ത രീതിയിൽ അയാൾ കെണികളും നിർമ്മിച്ചു.

ഒടുവിൽ കൊട്ടാരവും കെണികളും നിർമിച്ചവരെ അയാൾ വധിച്ചുകളഞ്ഞു. കാരണം കെണികളുടെ രഹസ്യം രാജ്യാവകാശിയിൽ മാത്രം ഒതുങ്ങിനിൽക്കുവാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ വധിക്കപ്പെട്ട ആളുകളിലേക്ക് എന്തോ കറുത്ത വസ്തുക്കൾ വന്നുപൊതിയുന്നത് കണ്ട് രാജാവ് അതിൻറെ രഹസ്യം കണ്ടെത്തിപ്പറയാൻ മാന്ത്രിക തലമുറയെ ചുമതലയേൽപ്പിച്ചു. രാജാവിൻറെ പ്രവർത്തിയിൽ അതൃപ്തി തോന്നിയെങ്കിലും വധിക്കപ്പെട്ടവരുടെ ഗതി തങ്ങൾക്കും വന്നേക്കാമെന്ന ഭയത്താൽ അവർ അതിനുള്ള അന്വേഷണം ആരംഭിച്ചു.

കുറച്ചുകാലം നീണ്ടുനിന്ന ആ അന്വേഷണത്തിനൊടുവിൽ അവർ ആ രഹസ്യം കണ്ടെത്തി. ഇതുവരെ ആരും കണ്ടെത്തിയിട്ടില്ലാത്ത ഒരുതരം മൂലകം ആ ദ്വീപിൻറെ മണ്ണിൽ അലിഞ്ഞു ചേർന്നിരുന്നു. ആ മൂലകത്തിന് ചൂടിനെ നിലനിർത്തുവാനുള്ള കഴിവുമുണ്ടായിരുന്നു. മെർക്കുറിയിൽ ഒരു കാരണവശാലും മനുഷ്യൻറെയോ മൃഗങ്ങളുടെയോ നിർജ്ജീവമായ ശരീരം നില നിൽക്കില്ല എന്നവർ കണ്ടെത്തി. മണ്ണിൽ മറഞ്ഞുകിടക്കുന്ന ആ മൂലകങ്ങൾ കൂട്ടമായി നിർജ്ജീവമായ ശരീരത്തെ ആകർഷിക്കുകയും മെർക്കുറിയിലെതന്നെ മറ്റൊരു ഭാഗത്തേക്ക് അവയെ കൊണ്ടുപോവുകയും ചെയ്തു. ആ സ്ഥലവും ഈ മൂലകങ്ങളുമായി എന്തോ ആകർഷണവുമുണ്ടെന്ന് അവർ മനസ്സിലാക്കി. മർമ്മദ്വീപിൽ ആ മൂലകങ്ങൾ ഒരു അളവിൽ കൂടുതൽ സംയോജിച്ചാൽ സ്വാഭാവിക ഗുരുത്വാകർഷണമില്ലാതെയാവും. അതിനാൽ ഭൂനിരപ്പിൽനിന്നും നിശ്ചിതമായ ഒരു അകലത്തിൽ മാത്രമേ അവ സ്ഥിതിചെയ്യുകയുള്ളൂവെന്നും അവർ കണ്ടെത്തി. നിർജ്ജീവമായ ശരീരങ്ങൾ വന്നുചേരുന്ന സ്ഥലത്തെ മർമ്മദ്വീപിലെ ശവപ്പറമ്പ് എന്നവർ വിളിച്ചു. അതോടൊപ്പം ആ മൂലകത്തിന് അവർ അന്നത്തെ രാജാവിൻറെ പേരും നിർദ്ദേശിച്ചു, 'മെർക്കുറി'

രാജ്യാധിപനായ അയാൾ തൻറെ പേരുതന്നെ ആ ദ്വീപിനും നാമകരണം ചെയ്തു. മാത്രമല്ല മർമ്മദ്വീപിൽ തീർത്ത കെണികളിലും തൃപ്തി തോന്നാതിരുന്ന അയാൾ മാന്ത്രിക തലമുറയെക്കൊണ്ട് ദ്വീപിന് ചുറ്റും ഒരു സംരക്ഷണവലയംപോലെ വൻ കടൽച്ചുഴികളും മാതൃകാഭൂമിയിൽ ഉണ്ടാക്കിയെടുത്തു. മാതൃകാഭൂമിയിൽ സംഭവിച്ചത് യഥാർത്ഥ ഭൂമിയിലും സംഭവിച്ചു. ദ്വീപിന് ചുറ്റും മരണച്ചുഴികൾ രൂപംകൊണ്ടു. അതോടൊപ്പം ദ്വീപിലേക്ക് എത്തുവാനുള്ള രഹസ്യ വഴി രാജാവിനും ആ മാന്ത്രിക തലമുറയ്ക്കുമിടയിൽമാത്രം ഒതുങ്ങിനിന്നു.

അവരെക്കൊണ്ടുള്ള പ്രയോജനങ്ങൾ അവസാനിച്ചു എന്ന് മനസ്സിലാക്കിയ അയാൾ അവരുടെ കൂട്ടത്തിലെ ഒരു ബാലനെ ഒഴികെ ബാക്കി എല്ലാവരെയും നിഷ്കരുണം വധിച്ചു. എന്നിട്ട് മാതൃകാഭൂമിയിൽ ഓരോ മാറ്റങ്ങൾ വരുത്തി വീണ്ടും വീണ്ടും രാജ്യങ്ങൾ പിടിച്ചടക്കി. പിടിച്ചടക്കുന്ന ധനമെല്ലാം അയാൾ മെർക്കുറിയിലേക്ക്

കടത്തി. ധനം കൂടാതെ പിടിച്ചടക്കുന്ന രാജ്യങ്ങളിൽനിന്നുമുള്ള തടവുകാരെ മുഴുവനും കണ്ണുകെട്ടി ഇവിടേക്ക് കടത്തിയശേഷം ദ്വീപിൽ ഓരോ അടിമജോലികൾ ചെയ്യിപ്പിച്ചു.

തന്നെ ദ്വീപിൽ എത്തിക്കുവാനും തിരികെ രാജ്യത്ത് എത്തിക്കുവാനുമുള്ള ചുമതല അയാൾ ആ ബാലനെ ഏൽപ്പിച്ചു. ജീവനോടുള്ള അവൻറെ ഭയം അവനെക്കൊണ്ട് അതെല്ലാം ചെയ്യിപ്പിച്ചു. രാജ്യത്തെത്തിയാൽ ഉടൻ രാജാവ് അവനെ ആരുമറിയാതെ ഒളിവിൽ പാർപ്പിച്ചു. എന്നിട്ട് ദ്വീപിലേക്ക് പോകുവാനുള്ള ദിവസം മാത്രം അവനെ സ്വതന്ത്രനാക്കി. രാജ്യത്തുള്ള ജനങ്ങൾ ആരും ഒന്നുമറിഞ്ഞില്ല. രാജാവിന് ലോകം വെട്ടിപ്പിടിച്ച സംതൃപ്തിയും അഹങ്കാരവും കൈവന്നു.

ഒളിവിൽ കഴിഞ്ഞിരുന്ന നാളുകളിലാണ് തൻറെ അന്ത്യം മുന്നിൽ കണ്ടതുപോലെ അവൻ ആ പുസ്തകം എഴുതിത്തുടങ്ങുന്നത്. തലമുറകളായി പകർന്നുകിട്ടിയ അവൻറെ അറിവുകളും ദ്വീപിൻറെ കഥയും അവൻ അതിൽ എഴുതുച്ചേർത്തിരുന്നു. മാത്രമല്ല ആ മാന്ത്രിക തലമുറ രാജവിൽനിന്നും മറച്ചുവച്ച രണ്ട് വലിയ രഹസ്യങ്ങൾ അവൻ അതിൽ എഴുതിച്ചേർത്തു. പുസ്തകം എഴുതിത്തീർന്നതോടൊപ്പം അവൻ ചില തീരുമാനങ്ങളുമെടുത്തിരുന്നു. അതിനുശേഷം അവൻ തൻറെതന്നെ പടയാളി വേഷത്തിലുള്ള ഒരു പ്രതിമ നിർമ്മിച്ച് ആ പുസ്തകം അതിൽ അടക്കംചെയ്തു. ലോകരാജാവിൻറെ അന്ത്യയാത്ര എന്നുമാത്രം അതിൻറെ അവസാന താളിൽ പറയുന്നു. അതുവരെ മാത്രമാണ് നമുക്ക് ആ പുസ്തകത്തിലൂടെ കിട്ടിയ ആകെയുള്ള വിവരങ്ങൾ. അവരുടെ യാത്രാമദ്ധ്യേ എന്തുണ്ടായെന്നോ ദ്വീപിലുള്ളവർക്ക് എന്ത് സംഭവിച്ചുവെന്നോ ഇന്നും ഒരു ചോദ്യചിഹ്നമായി തുടരുന്നു...' അത്രയും പറഞ്ഞു നിർത്തിയപ്പോൾ ബാക്കിയുള്ളവരുടെ കണ്ണുകളിലെ അത്ഭുതം അയാൾ തിരിച്ചറിഞ്ഞു. ആരും ഒന്നും പറയാതെ എന്തൊക്കയോ ആലോചനകളിലാണ്ടിരുന്നു.

പ്രൊഫസർ ഒരു മരക്കഷ്ണം കൂടി തീയിലേക്കെടുത്തിട്ടു. തീ വീണ്ടും ആളിക്കത്തി. അതോടൊപ്പം അവരുടെയെല്ലാവരുടെയും മനസ്സിൽ ആ ചോദ്യവും ആളിപ്പടർന്നുതുടങ്ങിയിരുന്നു.

'എന്തായിരുന്നു ആ രഹസ്യങ്ങൾ...?'

# മുപ്പത്തിരണ്ട്

പ്രൊഫസർ പറയുവാൻ പോകുന്ന കാര്യങ്ങൾ കേൾക്കുവാനായി എല്ലാവരും കാതുകൂർപ്പിച്ചു. അതോടൊപ്പം അയാളുടെ മുഖത്ത് വന്ന ഭാവമാറ്റം അവരുടെയെല്ലാം കാത്തിരിപ്പിൻറെ ആക്കവും കൂട്ടി.

‘സർ...എന്തായിരുന്നു ആ രണ്ട് രഹസ്യങ്ങൾ..?’ ആകാംക്ഷ അടക്കാനാവാതെ ജെസ്സി കയറിച്ചോദിച്ചു.

‘പറയാം... പക്ഷേ അതിനൊക്കെ മുൻപ് കുറച്ചുകാര്യങ്ങൾക്കൂടി നിങ്ങളെല്ലാവരും അറിയണം. എങ്കിലേ ഞാൻ പറയുന്നവയൊക്കെ നിങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കൂ. എനിക്കു കിട്ടിയ പുസ്തകത്തിൽനിന്നും മായന്മാരുടെ മാന്ത്രിക തലമുറ ഇതുവരെ അന്യർക്ക് പകർന്നുകൊടുക്കാത്ത അവരുടെ കഴിവുകൾ ഓരോന്നായി ഞാൻ ആർജ്ജിച്ചെടുത്തു.

മെർക്കുറിയിലേക്ക് യാത്ര തിരിക്കുവാൻ ധൈര്യം പകർന്നതും ആ അറിവുകൾ തന്നെയായിരുന്നു. പക്ഷേ കൗശലക്കാരനായ അന്നത്തെ രാജാവിൻറെ ബുദ്ധിയായ മെർക്കുറിയിലെ തിരിച്ചറിയുവാനാവാത്ത തരത്തിലുള്ള കെണികൾ എൻറെ യാത്രയ്ക്ക് പൂർണ്ണമായും തിരിച്ചടികളായി മാറി. ഞാൻ ആർജ്ജിച്ചെടുത്ത കഴിവുകൾ ഒന്നും ഇവിടുള്ള കെണികളിൽ വിലപ്പോയില്ല. എന്തെന്നാൽ തികഞ്ഞ ഏകാഗ്രതയിൽ മനസ്സ് നിലകൊണ്ടാൽ മാത്രമേ മായന്മാരുടെ ആ കഴിവുകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കൂ.

ഓരോ കെണികളിൽനിന്നും രക്ഷനേടാൻ ഞാൻ ഒരുപാട് പ്രയാസപ്പെട്ടു. നിങ്ങളൊക്കെ ഇതുവരെ കണ്ട കെണികൾ മാത്രമല്ല. അതിലും ഭയാനകമായ പലതും ഇവിടെയുണ്ട്. അതോടെ ഞാൻ ഒരു കാര്യം മനസ്സിലാക്കി. അയാൾ മെർക്കുറിയിൽ എത്തുന്നവരെ അപായപ്പെടുത്തുവാൻ വേണ്ടി മാത്രമല്ല ഇതൊക്കെ ചെയ്തു വച്ചിരിക്കുന്നത്. കൂടെയുള്ള ബാലൻ എപ്പോൾ വേണമെങ്കിലും തിരിഞ്ഞുകൊത്താം എന്നയാൾ കണക്കുകൂട്ടിയിരുന്നു. ദ്വീപിൽ എത്തിയാലുടൻ കണ്ണുകൾ കെട്ടിയാണ് അയാൾ അവനെ കൊട്ടാരത്തിലെത്തിച്ചിരുന്നത്. അതിനാൽ ദ്വീപിലെ കെണികളുടെ ഒരു രൂപവും അവൻറെ മനസ്സിലുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവൻ എഴുതിയ പുസ്തകത്തിലും കെണികളെക്കുറിച്ച് വ്യക്തമായി ഒന്നുംതന്നെ വിവരിച്ചിരുന്നില്ല. എന്നെങ്കിലും അവൻ കൊട്ടാരത്തിൽനിന്നും രക്ഷപ്പെട്ടാലും മെർക്കുറിയിലെ കെണികൾ അവനെ

മാനസ്സികമായി തളർത്തുകയും ആ നിലയിൽ അവൻറെ ഒരു കഴിവും പ്രകടമാക്കാൻ സാധിക്കുകയില്ലെന്നും രാജാവിന് ഉറപ്പുണ്ടായിരുന്നു.

അതുതന്നെയാണ് എനിക്കും സംഭവിച്ചത്. മെർക്കുറിയിലെ കെണികൾ എന്നേയും മാനസ്സികമായി തളർത്തി. ഭയംമൂലം അസ്വസ്ഥമായ മാനസ്സികാവസ്ഥയിൽ ഞാൻ ആർജ്ജിച്ച ഒരു ചെറിയ കഴിവുപോലും എനിക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞില്ല.' അതുംപറഞ്ഞുകൊണ്ട് പ്രൊഫസർ തീ കൂട്ടിയിരുന്നതിൽനിന്നും ഒരു കൊള്ളിയെടുത്ത് നദിയിലേക്ക് വലിച്ചെറിഞ്ഞു.

മുൻപ് സംഭവിച്ചതുപോലെതന്നെ നദിയിൽ തീ ആളിപ്പടർന്നു. അതോടൊപ്പം സമീപത്തെ ഇരുൾ മൂടിയ പ്രദേശങ്ങളിൽ മറഞ്ഞിരുന്ന ഏതൊക്കയോ ജീവികൾ വിരണ്ടോടി. അപ്പോഴാണ് അത്രയേറെ മൃഗങ്ങൾ തങ്ങളെയും ഉന്നംവച്ചിരിക്കുന്നുണ്ടായുരുന്നു എന്നവർ തിരിച്ചറിഞ്ഞത്.

'നേരം വെളുത്താൽപ്പിന്നെ അവയുടെ ശല്യമുണ്ടാവില്ല...' പിന്നിലേക്ക് നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

മൂന്നാമതായി ഇരുന്നിരുന്ന താര മുന്നിലേക്ക് നീങ്ങിയിരുന്ന ശേഷം പ്രൊഫസറെ നോക്കി.

'സർ...ഞാൻ ഒരു സംശയം ചോദിക്കട്ടെ...രാജാവിന് ആ ബാലനെ ഭയം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് അവനെ ഓരോ ചുമതലകൾ ഏൽപ്പിച്ചു. അയാൾ ഒന്ന് വിചാരിച്ചാൽ വളരെ എളുപ്പത്തിൽ അവനെ വധിക്കാമായിരുന്നില്ലേ..?'

'ശരിയാണ് രാജാവ് ഭയന്നിരുന്ന ആ ബാലനെ അയാൾക്ക് നിസ്സാരമായി വധിക്കാൻ കഴിയുമായിരുന്നിട്ടും അത് ചെയ്യാതിരുന്നത് ഒന്നുകൊണ്ടുമാത്രമായിരുന്നു. അയാൾ ഉദ്ദേശിക്കുന്ന രീതിയിൽ മാതൃകാഭൂമിയിൽ എന്ത് മാറ്റം വേണമെങ്കിലും വരുത്താൻ കഴിയുമായിരുന്നു. പക്ഷേ ആ മാറ്റം വരുത്തുന്നത് മാന്ത്രിക തലമുറയിലെതന്നെ ഒരാൾ ആയിരിക്കണമെന്ന് മാത്രം. മുതിർന്നവരെയെല്ലാം വധിച്ചിട്ട് അവനെമാത്രം ബാക്കിയാക്കിയതിൻറെ കാരണവും അതുതന്നെയായിരുന്നു. സത്യത്തിൽ മാതൃകാഭൂമി എന്ന പ്രതിഭാസം ആ മാന്ത്രിക തലമുറ ഉണ്ടാക്കിയെടുത്തത് അവരുടെ കഴിവുകൾ രാജാവിനു മുന്നിൽ തെളിയിക്കാൻ വേണ്ടി മാത്രമായിരുന്നു. അതിനുശേഷം അത് നശിപ്പിച്ചുകളയുകയായിരുന്നു അവരുടെ ലക്ഷ്യം. അതു കൊണ്ടുതന്നെ ആ താൽക്കാലിക ഭൂമിക്ക് അവർ നൽകിയ ആയുസ്സും വളരെ കുറവായിരുന്നു.

നിശ്ചിതമായ ഒരു സമയം കഴിഞ്ഞാൽപ്പിന്നെ മാതൃകാഭൂമിയുടെ ശക്തി നശിക്കുവാൻ തുടങ്ങും. പതിയെപ്പതിയെ അത് പ്രവർത്തന രഹിതമാകും. പക്ഷേ അങ്ങനെ സ്വാഭാവികമായി പ്രവർത്തനം നിലച്ചാൽ അത് വൻവിപത്ത് സൃഷ്ടിക്കും. ഏത് സമയത്താണോ അതിൻറെ പ്രവർത്തനം നിലച്ചത് ആ സമയംതന്നെ ലോകമെങ്ങും നിലനിൽക്കും. പകലുകളും രാത്രികളും എന്ന പ്രതിഭാസം ഭൂമിയിൽ

നിന്നും എന്നെന്നേക്കുമായി ഇല്ലാതാവും. ഗുരുത്വാകർഷണ ബലത്തിൽ മാറ്റം സംഭവിക്കും. അങ്ങനെവന്നാൽ ഭൂമി തകിടം മറിയും. കടൽ കരയിലേക്ക് കയറും. നിമിഷങ്ങൾക്കകം ഭൂമി എന്ന ഗ്രഹത്തിൽ ജീവൻറെ പൊടിപോലും മിച്ചമുണ്ടാവുകയില്ല.

ഇങ്ങനെയൊന്നും സംഭവിക്കാതെയിരിക്കണമെങ്കിൽ ഒന്നുകിൽ വീണ്ടും അവരുടെ ശക്തി ഉപയോഗിച്ച് ഭൂമിക്ക് ആയുസ്സ് നൽകണം അല്ലെങ്കിൽ അതിനെ പൂർണ്ണമായും നശിപ്പിക്കണം. പക്ഷേ മാതൃകാഭൂമിയെ പൂർണ്ണമായി നശിപ്പിച്ചാൽ അതുകൊണ്ട് എന്തൊക്കെ പ്രവർത്തികൾ ചെയ്തുവോ അവയെല്ലാം തൽക്ഷണം ഭൂമിയിൽ നിന്നും അപ്രത്യക്ഷമാകും. അതിലൊന്നാണ് ദ്വീപിനെ ചുറ്റുന്ന ആ മരണച്ചുഴികൾ..! അവ ഇന്നും പഴയതുപോലെതന്നെ നിലനിൽക്കുന്നു. അതിനർത്ഥം ആ കൊട്ടാരത്തിൻറെയുള്ളിൽ ആയുസ്സോടുകൂടി മാതൃകാഭൂമി ഇന്നും നിലകൊള്ളുന്നുണ്ടെന്നാണ്...' പ്രൊഫസർ പറഞ്ഞുനിർത്തി.

അതെല്ലാം കേട്ടുകൊണ്ടിരുന്ന ബാക്കിയുള്ളവർ അയാൾ പറയുന്ന കാര്യങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ.

'പക്ഷേ അന്ന് ആ മാതൃകാഭൂമിയുടെ ആയുസ്സ് തീരെ കുറവായിരുന്നു എന്നല്ലേ പറഞ്ഞിരുന്നത്. അങ്ങനെയെങ്കിൽ ആ ബാലൻ മരിച്ചശേഷം ഇത്രയും വർഷങ്ങളോളം ഭൂമി അവസാനിക്കാതെ എങ്ങിനെ നിലനിന്നു..?' രഞ്ജിത് അവൻറെ സംശയം ഉന്നയിച്ചു.

'അതെ, ഇനി പറയുവാൻ പോകുന്നത് അതിനെപ്പറ്റിയാണ്. ആ പുസ്തകത്തിൽ എഡി 900 ആണ്ടിലെ ഒരു തീയതി രേഖപ്പെടുത്തിയിരുന്നു. അന്നാണ് ആ ബാലനും രാജാവും ദ്വീപിലേക്ക് അവസാനയാത്ര നടത്തിയത്. അതിൻറെ പതിനഞ്ചാം നാളായിരുന്നു. അന്നത്തെ മാതൃകാഭൂമിയുടെ ആയുസ്സ് സ്വാഭാവികമായി അവസാനിക്കുമായിരുന്നത്. പുസ്തകത്തിൽ അവൻറെ ചില കണക്കുകൂട്ടലുകളും എഴുതിച്ചേർത്തിരുന്നു. കടലിൽ വച്ച് രാജാവിനെ അപായപ്പെടുത്തിയാൽ അവനും നിശ്ചയമായും മരണം സംഭവിക്കുമെന്ന് അവൻ ഊഹിച്ചു. മാത്രമല്ല ഒന്നും പ്രവർത്തിക്കാൻ കഴിയാതെ തനിക്ക് മരണം സംഭവിച്ചാൽ പതിനഞ്ചാം നാൾ ലോകമവസാനിക്കുമെന്നും അവന് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കൊട്ടാരത്തിൽവരെ എങ്ങനെയും എത്തുകയെന്നതായിരുന്നു അവൻറെ ലക്ഷ്യം. ബാക്കിയെല്ലാം അപൂർണ്ണം..!'

'അപ്പോൾ തീർച്ചയായും അവൻറെ കണക്കുകൂട്ടലുകൾ നടന്നിട്ടുണ്ടാവണം. അവൻ രാജാവുമായി മർമ്മദ്വീപിൽ എത്തിയിരിക്കും. പിന്നീട് കൊട്ടാരത്തിൽ എത്തിയശേഷം ഭൂമിക്ക് ആയുസ്സും പകർന്നിട്ടുണ്ടാവണം. അതിനൊക്കെശേഷമാവും രാജാവിനെ ഇല്ലാതാക്കിയിട്ടുണ്ടാവുക. പക്ഷേ സർ, താങ്കൾ എങ്ങനെയാണ് ഭൂമിയുടെ ആയുസ്സ് അവസാനിക്കാറായി എന്ന് മനസ്സിലാക്കിയത്...?' റൂബി ചോദിച്ചു.

‘ഞാൻ പറഞ്ഞില്ലേ ആ ബാലൻ അവർ യാത്രതിരിച്ച ഒരു തീയതി കുറിച്ചു വച്ചിരുന്നുവെന്ന്. അതിൻറെ പതിനഞ്ചാം ദിവസം അവസാനിക്കേണ്ടിയിരുന്ന ഭൂമിയെ അവൻ ആയുസ്സ് പകർന്ന് സംരക്ഷിച്ചിരിക്കും. അവൻറെ കഴിവുപയോഗിച്ച് ഭൂമിക്ക് പരമാവധി നൽകാനാവുന്ന കാലയളവും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവർ യാത്രപുറപ്പെട്ട തീയതിയും ഇതുവരെയുള്ള വർഷങ്ങളും കൂടി കണക്കുകൂട്ടിനോക്കിയപ്പോൾ ഒന്ന് എനിക്ക് മനസ്സിലായി മാതൃഭൂമിക്കൊപ്പം യഥാർത്ഥ ഭൂമിയുടെയും ആയുസ്സും അവസാനിക്കാറായിരിക്കുന്നു...’ അതുകേട്ടതും അവരെല്ലാവരും ഒരുപോലെ അസ്വസ്ഥരായി.

‘എന്തുകൊണ്ടാവും ആ ബാലൻ മാതൃകാഭൂമിയെ നശിപ്പിക്കാതെ അതിന് വീണ്ടും ആയുസ്സ് കൊടുത്തത്...?’ താര ചോദിച്ചു.

‘അതിനും കാരണങ്ങളുണ്ട്. ആ ദ്വീപിലേയ്ക്ക് രാജാവ് കടത്തിക്കൊണ്ടുവന്ന ആളുകളിൽ ഭൂരിഭാഗവും പിടിച്ചുപറിക്കാരും കൊള്ളക്കാരുമായിരുന്നു. രാജാവിനെ വധിക്കുന്നതോടൊപ്പം മാതൃകാഭൂമിയേയും കൂടി നശിപ്പിച്ചാൽപ്പിന്നെ ഈ ദ്വീപ് അവരുടെയൊക്കെ കൈകളിലാവും. ഇതിലെ കെണികൾ നമ്മൾ തരണം ചെയ്തതുപോലെ അവരിൽ പലരും തരണം ചെയ്തേക്കും. പിന്നെ മർമ്മദ്വീപ് കള്ളന്മാരുടെയും കൊള്ളക്കാരുടെയും വിഹാരകേന്ദ്രമായി മാറും. രാജ്യം കൊള്ളയടിച്ച് രാജ്യത്തെ സമ്പാദ്യം മുഴുവൻ അവർ ഇവിടേക്ക് കടത്തും. പിന്നെയങ്ങോട്ട് ആരുവിചാരിച്ചാലും അവരെ തടുക്കാൻ സാധിച്ചെന്നു വരില്ല. ഒരു പക്ഷേ ഈ മർമ്മദ്വീപ് കൊള്ളക്കാരുടെ ഒരു രാജ്യമായി മാറും. എതിർരാജ്യങ്ങൾ മർമ്മദ്വീപിനെ നശിപ്പിക്കുവാൻ ശ്രമിക്കും. അങ്ങനെ ഇവിടം നശിച്ചാൽ ലോകം മുഴുവൻ നശിക്കും. അത് മുൻകൂട്ടി മനസ്സിലാക്കിയാണ് ആ ബാലൻ ഭൂമിക്ക് ആയുസ്സ് കൊടുക്കാൻ തീരുമാനിച്ചതും അവരെയെല്ലാം ഈ ദ്വീപിൽത്തന്നെ തളച്ചിട്ടതും.’

‘പക്ഷേ സർ ഇപ്പോൾ നമ്മളെക്കൊണ്ട് എന്താ ചെയ്യാൻ കഴിയുക..നമ്മൾ വിചാരിച്ചാൽ ഒന്നും നടക്കാൻ പോകുന്നില്ല. ബാറ്ററി റീചാർജ് ചെയ്യുമ്പോലെ ആർക്ക് വേണമെങ്കിലും ചെയ്യാവുന്ന ഒന്നല്ലല്ലോ ഇത്. അവരുടെ തലമുറയെ തിരിച്ചു കൊണ്ടുവരാൻ നമുക്ക് ഒരിക്കലും സാധിക്കില്ല. ഈ തലമുറയോടുകൂടി ലോകം അവസാനിക്കുക തന്നെ ചെയ്യും.’ വിക്കി നിരാശയോടുകൂടി പറഞ്ഞു.

‘സർ ഇനി നമുക്ക് എത്ര നാൾ കൂടിയുണ്ട്..?’ ഷാനു ചോദിച്ചു.

‘വെറും വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രം...’ അതുകേട്ടതും എല്ലാവരും നടുങ്ങി.

‘കുറച്ചുദിവസംകൂടി കഴിഞ്ഞാൽപ്പിന്നെ മാതൃകാഭൂമിയുടെ ശക്തി ക്ഷയിച്ചുതുടങ്ങും. ആ ദിവസങ്ങളിൽ പലപല രീതിയിലുള്ള പ്രകൃതിദുരന്തങ്ങൾ കരയിൽ ഉണ്ടായിത്തുടങ്ങും. അതു ചിലപ്പോൾ സുനാമിയാകാം ഭൂചലനമാകാം. കനത്ത മഴയോ കാറ്റോ ഒക്കെയാവാം. ഒടുവിൽ നിരന്തരമായി തിരമാലകൾ തീരങ്ങളിലേക്ക് ആഞ്ഞടിക്കും. ഭൂമി പ്രകമ്പനം കൊള്ളും. ഭൂനിരപ്പിൽ

ഉയർന്നുനിൽക്കുന്ന എല്ലാ വസ്തുക്കളും തകർന്നുവീഴും. അതോടൊപ്പം ശുദ്ധജലവും ഭക്ഷണവും ലഭിക്കാതെയും പകർച്ചവ്യാധികളിലൂടെയും ബാക്കിയുള്ള മനുഷ്യരും ഓരോരുത്തരായി മരിക്കും. ഒടുവിൽ കുറച്ചുപേർമാത്രം അവശേഷിക്കും... അവർക്കാണ് അവസാന നാളിലെ ലോകാവസാനം കാണാനുള്ള ഭാഗ്യമുണ്ടാവുക...' പ്രൊഫസർ ലാഘവത്തോടെ അതൊക്കെ പറയുന്നതുകേട്ട് എല്ലാവരും പരസ്പരം നോക്കി അമ്പരന്നു.

അവർ ഓരോരുത്തരുടെയും ശരീരം തളരുന്നതായി അവർക്ക് അനുഭവപ്പെട്ടു. താരയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ സമയത്ത് രഞ്ജിത് ഒഴികെ ബാക്കി എല്ലാവരുടെയും മനസ്സിൽ കരയിലുള്ള സ്വന്തം വീട്ടുകാരുടെ മുഖമായിരുന്നു. പ്രൊഫസർ ആരെയും ആശ്വസിപ്പിക്കാൻ നിന്നില്ല. പകരം അയാൾ ജാക്കറ്റിൻറെ ഉള്ളിൽനിന്നും പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ എന്തോ ഒന്നെടുത്ത് അവരുടെ മുന്നിലേക്കുവച്ചു. അപ്പോഴാണ് പ്രൊഫസറിൻറെ ചൂണ്ടുവിരലിൽ എന്തോ ഒന്ന് ചുറ്റിവച്ചിരിക്കുന്നത് പോലെ അവർക്കൊക്കെ തോന്നിയത്.

സമയം പാഴാക്കാതെ വളരെ കരുതലോടെ അയാൾ ആ പ്ലാസ്റ്റിക് കവർ അഴിച്ചുമാറ്റിത്തുടങ്ങി.

നദിയിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന പ്രകാശത്തിൻറെ സഹായത്തിൽ അവരെല്ലാവരും ആ പൊതിയിലേക്ക് ഉറ്റു നോക്കി. പ്രൊഫസർ ആ പൊതിയിൽനിന്നും അയാൾക്ക് ലഭിച്ച തുകൽപുസ്തകം പുറത്തെടുത്തു വച്ചു. അവരൊക്കെ ആ പുസ്തകത്തെ ആദ്യമായി നേരിൽ കാണുകയായിരുന്നു അപ്പോൾ. അത്രയും കാലപ്പഴക്കം ചെന്ന പുസ്തകത്തിൻറെ പുറം ചട്ടയുടെ നിറംപോലും മങ്ങിയിട്ടില്ലാത്തത് അവർക്കെല്ലാവർക്കും അത്ഭുതകരമായി തോന്നി.

'ലോകം അവസാനിക്കില്ല..!' അയാൾ തറപ്പിച്ചുപറഞ്ഞു. അതുകേട്ടതും എല്ലാവരും പരസ്പരം നോക്കി.

'പക്ഷേ...' രഞ്ജിത് എന്തോ പറയാൻ തുടങ്ങിയതും പ്രൊഫസർ അവനെ തടഞ്ഞു. എന്നിട്ട് അയാൾ ആ പുസ്തകത്തിൻറെ പിന്നിലെ പുറംചട്ട തുറന്നുകാട്ടി. അതിൽ എന്തൊക്കയോ ലിപികൾ കറുപ്പിച്ച രീതിയിൽ എഴുതിയിരിക്കുന്നതുകണ്ട് അവരൊക്കെ നെറ്റി ചുളിച്ചു.

'സംശയിക്കേണ്ട ഇതാണ് ഒന്നാമത്തെ രഹസ്യം.' അതു കേട്ടതും എല്ലാവരും പ്രൊഫസറിൻറെ മുഖത്തേക്ക് ഒന്നും മനസ്സിലാവാത്ത രീതിയിൽ നോക്കി.

'അതെ, നൂറ്റാണ്ടുകൾക്കുശേഷം ആ ബാലനെ നമ്മൾ തിരികെ കൊണ്ടുവരാൻ പോകുന്നു.'

'എന്ത്..!' എല്ലാവരും ഒരേ സ്വരത്തിൽ ചോദിച്ചു.

‘അതെ അവനുംകൂടി നമുക്കൊപ്പം എത്തിക്കഴിഞ്ഞാൽപ്പിനെ മായന്മാരുടെ മാന്ത്രികം തുടങ്ങുകയായി. പിന്നെ നിങ്ങളുടെയൊക്കെ ഈ തളർച്ച ഇല്ലാതാക്കാൻ മറ്റൊരു കാര്യംകൂടി ഞാൻ പറയാം. ആ ബാലനോടൊപ്പം ഒരാൾകൂടി മടങ്ങിയെത്തും. നിങ്ങളുടെയെല്ലാം ജോംസി മിസ്സ്. ഇനിയങ്ങോട്ട് മിസ്സും നമുക്കൊപ്പമുണ്ടാകും..!’ പ്രൊഫസർ രണ്ടാമത് പറഞ്ഞ കാര്യം കേട്ടതും അവരുടെയൊക്കെ മുഖത്തെ അമ്പരപ്പ് മാറി പകരം അത്ഭുതമായി.

‘സത്യം..?’ ജെസ്സി ഇമവെട്ടാതെ പ്രൊഫസറെ നോക്കിക്കൊണ്ട് ചോദിച്ചു. അവളുടെ കണ്ണിലെ അത്ഭുതത്ത അളക്കാൻ അയാൾക്ക് കഴിയുമായിരുന്നു.

‘പ്രോമിസ്...’ പ്രൊഫസർ പുസ്തകത്തിനുമുകളിൽ കൈവച്ചു കൊണ്ട് പറഞ്ഞു. തൊട്ടടുത്ത നിമിഷം പെൺകുട്ടികൾ സന്തോഷത്തോടെ പരസ്പരം കെട്ടിപ്പിടിച്ചു. ആൺകുട്ടികളുടെ മുഖത്തും സന്തോഷം അലതല്ലി.

‘മിസ്സേ...ഓ...സോറി... അമ്മേ...പെട്ടെന്നിങ്ങ് വന്നേക്കണേ...’ ആകാശത്തേയ്ക്ക് നോക്കി റൂബി കിന്നരിച്ചു.

പുലരിയായെന്നറിയിച്ചുകൊണ്ട് ഒരുപറ്റം കാട്ടുപക്ഷികൾ നദിയുടെ മറുവശത്തേക്ക് ചിറകടിച്ച് പറന്നുപോയി. നദിയിലെ തീ സാവധാനത്തിൽ കെട്ടടങ്ങിയപ്പോഴേക്കും അന്തരീക്ഷത്തിന് തെളിച്ചം വീണിരുന്നു.

‘വരൂ....ബാക്കി കാര്യങ്ങൾ ഇനി കൊട്ടാരത്തിലെത്തിയശേഷം..’ പ്രൊഫസർ നിലത്തുനിന്നും കൈകുത്തി എഴുന്നേറ്റു. അപ്പോഴേക്കും ബാക്കിയുള്ളവരും മുന്നോട്ടുള്ള യാത്രയ്ക്കായി മാനസ്സികമായി തയ്യാറെടുത്തുകഴിഞ്ഞിരുന്നു.

# മുപ്പത്തി മൂന്ന്

'ഇനി അധിക ദൂരമുണ്ടാവുമോ സർ...' റ്റോജി ബാഗ് ചുമലിലേക്ക് തൂക്കിക്കൊണ്ട് ചോദിച്ചു.

'ഏയ്...ഇനി ഏറിപ്പോയാൽ ഒരു മണിക്കൂർ. അതിനോടകം നമ്മൾ ആ കൊട്ടാരത്തിൻറെ പരിസരമെത്തിയിരിക്കും...' 'ആഹാ....അപ്പോൾ ഇനി ഒരുമണിക്കൂർ മാത്രം...' അവൻ അതു പറഞ്ഞുതീരുമ്പോഴേക്കും ബാക്കിയുള്ളവർ നടന്നുതുടങ്ങിയിരുന്നു. അവനും അവരോടൊപ്പം ധൃതിയിൽ നടന്നുനീങ്ങി. കൂട്ടമായി നിൽക്കുന്ന ശിഖരങ്ങളാൽ നിറഞ്ഞ ഉയരംകൂടിയ ഏതോ ഒരു ഇനം മരത്തിൽനിന്നും ചുവന്ന നിറത്തിലുള്ള പഴങ്ങൾ വീണ് അവിടത്തെ നിലമെല്ലാം ചുവപ്പുനിറത്തിൽ കാണപ്പെട്ടു. ആ നിറം കണ്ണെത്താദൂരത്തോളം വ്യാപിച്ചുകിടപ്പുണ്ടായിരുന്നു.

'സർ... ഇത് ആപ്പിളല്ലേ...' നിലത്തുനിന്നും ഒരു പഴമെടുത്തുനോക്കിക്കൊണ്ട് വിക്കി ചോദിച്ചു.

'അതെ... ആപ്പിളിൻറെതന്നെ ഒരിനമാണ്...'

'അപ്പോൾ ഇത് കഴിക്കാമോ...'

'തീർച്ചയായും...ഇവ ഇവിടെ മാത്രമല്ല... കൊട്ടാരത്തിന് സമീപവും ധാരാളമായുണ്ട്. ഇവിടെ വന്ന ആദ്യ ദിവസങ്ങളിൽ ഇവിടെയുള്ള പഴങ്ങൾ ഭക്ഷിക്കാൻ കഴിയുമോ എന്ന അന്വേഷണത്തിലായിരുന്നു ഞാൻ. ഒടുവിൽ ഇവ വിഷമില്ലാത്തവയാണെന്ന് ചില പരീക്ഷണങ്ങൾ നടത്തി ഞാൻ കണ്ടെത്തി. അതോടെ എൻറെ ആഹാരത്തിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഈ പഴങ്ങൾ. ഇവ മാത്രമല്ല... കൊട്ടാരത്തിന് സ്വന്തമായി പണ്ട് ഒരു പഴത്തോട്ടം തന്നെയുണ്ടായിരുന്നു. അതിന് തെളിവായി കൊട്ടാരത്തിൻറെ സമീപം നമ്മളൊന്നും ഇതുവരെ കണ്ടിട്ടുപോലുമില്ലാത്ത പലതരം പഴങ്ങളുടെ വൻശേഖരം തന്നെയുണ്ട്. ഇത്രയും വർഷങ്ങൾക്കൊണ്ടുതന്നെ അവ ഒരു വനംപോലെ വളർന്നിരിക്കുന്നു. എല്ലാം നമുക്ക് ഉടനേതന്നെ നേരിൽ കാണുകയും രുചിച്ചറിയുകയും ചെയ്യാം...' അയാൾ സന്തോഷത്തോടെ പറഞ്ഞു.

അതൊക്കെ കേട്ടതും ആൺകുട്ടികളും പെൺകുട്ടികളും നിലത്തുനിന്നും നല്ല പഴങ്ങൾ നോക്കി പെറുക്കുവാൻ തുടങ്ങി. അധികം വൈകാതെ അവരൊക്കെ അത് രുചിച്ചറിയുകയും ചെയ്തു.

'ഛേ... നമ്മളൊക്കെ കഴിക്കുന്ന ആപ്പിളൊക്കെ എന്തിന് കൊള്ളാം...ഹ്ഹ...ഇതാണ് അപ്പിൾ...' അതുംപറഞ്ഞുകൊണ്ട് അലക്സ് ഒരു

പഴത്തിൻറെ പകുതിയോളം കടിച്ച് ചവച്ചു.

'സർ ഇത് കുറച്ച് പെറുക്കി എടുക്കട്ടെ...' ജെസ്സി ചോദിച്ചു. 'എന്തിന്... കൊട്ടാരത്തിൻറെ മുൻവശത്തുപോലും ഇവ ധാരാളമായുണ്ട്. അതു കേട്ടപ്പോൾ ബാഗിലിടുവാനായി പോയ രണ്ടു പഴങ്ങളിലും അവൾ ഓരോ തവണ കടിച്ചു. അവർക്കൊക്കെ മനസ്സിന് കുളിർമ്മയേകുന്ന ഒരു കാഴ്ചയായിരുന്നു അത്. റൂബി നല്ലവണ്ണം പഴുത്തുതുടുത്ത ഒരു പഴം തുടച്ച് രഞ്ജിത്തിനുനേരേ നീട്ടി. അവൻ അതു വാങ്ങി ഒന്ന് കടിച്ചശേഷം അവളെ കണ്ണിറുക്കി കാണിച്ചു. അവൾ തിരിച്ചും അതുപോലെതന്നെ ചെയ്തു.

ഇതുകണ്ടുനിന്ന താര റൂബിയുടെ തലയ്ക്കിട്ടൊര് കൊട്ടു കൊടുത്തു. സമയം പാഴാക്കാതെ അവർ വീണ്ടും അത്യധികം ആവേശത്തോടുകൂടി നടന്നുതുടങ്ങി. കുറച്ചുദൂരം ചെന്നപ്പോൾ ഒരു ചാലുപോലെ വെള്ളമൊഴുകുന്നതവർ കണ്ടു. അതിൻറെ ഇരുവശങ്ങളിലുമായി ഏതൊക്കെയോ പ്രത്യേകതരം ചെടികൾ തഴച്ചുവളർന്നിട്ടുണ്ടായിരുന്നു.

തങ്ങൾ അവിടേക്ക് കടന്നു വരുമ്പോൾ ആ ചാലിലെ ഒരുഭാഗത്തെ ജലത്തിലേക്ക് എന്തോ ഒരു നിഴൽരൂപം പെട്ടെന്ന് മറഞ്ഞതുപോലെ രഞ്ജിത്തിന് തോന്നിയെങ്കിലും തലേന്ന് കൃത്യമായ ഉറക്കം ലഭിക്കാത്തതിനാൽ അത് തൻറെ തോന്നൽ മാത്രമാണെന്ന നിഗമനത്തിൽ അവൻ എത്തിച്ചേർന്നു.

ഇതേസമയം പ്രൊഫസർക്കൊപ്പം ബാക്കിയുള്ളവരും ആ ചാലിലേക്ക് ശ്രദ്ധ തിരിച്ചിരുന്നു.

'അവയെല്ലാം ഔഷധസസ്യങ്ങളാണ്. ആ കാണുന്നത് കൊട്ടാരത്തിലേക്കുള്ള ജലസ്രോതസ്സാണ്. വെള്ളം ഈ സസ്യങ്ങളുടെ വേരുകളുടെയും ഇലകളുടെയും സ്പർശനത്തിൽ സൂര്യപ്രകാശമേറ്റ് ഇത്രയും ദൂരത്തോളം ഒഴുകി കൊട്ടാരത്തിൽ എത്തുമ്പോഴേക്കും അതിന് സംഭവിക്കുന്ന മാറ്റം വളരെ വലുതാണ്. ഇവിടെ വന്നതിനുശേഷം ഞാൻ ജലത്തിൻറെ വേർതിരിവുകൾ നല്ലരീതിയിൽ മനസ്സിലാക്കി. നമ്മുടെ നാട്ടിൽ ജലം എന്നാൽ ഒന്നേയുള്ളൂ അർത്ഥം. പലതരം രാസപദാർത്ഥങ്ങൾ ചേർത്ത് അണുവികിരണങ്ങൾ കടത്തിവിട്ട് നമ്മുടെയൊക്കെ ടാപ്പിൽ എത്തുന്ന ദ്രാവകരൂപത്തിലുള്ള ഒരുതരം മിശ്രിതം. കുടിക്കാനും കുളിക്കാനും ചെടി നനയ്ക്കാനുമെല്ലാം ഒരൊറ്റ ജലം..! ആധുനികലോകത്തിൽ എല്ലാ സൗകര്യങ്ങളോടുകൂടി ജീവിക്കുന്നുണ്ടെങ്കിലും നമ്മളൊക്കെ പല കാര്യങ്ങളിലും തികച്ചും പരാജിതരാണ്. നൂറ്റാണ്ടുകൾക്ക് മുൻപുള്ള മനുഷ്യർ ഓരോ കാര്യങ്ങൾക്കും ഓരോ വ്യത്യാസങ്ങൾ സ്വീകരിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ജലം. മണ്ണിൽ മുളയ്ക്കുന്നവയ്ക്ക് ഭൂജലം... ശരീരത്തിന് പുറമേ ശുദ്ധജലം...അകമേ ഔഷധജലം... അതുപോലെ തന്നെ ആഹാരത്തിലും അവർ ഇതുപോലെയുള്ള വ്യത്യസ്തത പുലർത്തിയിരുന്നു. അതുകൊണ്ടൊക്കെത്തന്നെ അന്ന് അസുഖങ്ങൾ കുറവും ആയുസ്സ് കൂടുതലുമായിരുന്നു. ആ കാലത്ത് ഇരുന്നൂറ് വർഷമൊക്കെയായിരുന്നു

മനുഷ്യൻറെ ആയുസ്സ്. നമുക്കൊക്കെ അതിൻറെ കാൽഭാഗം കിട്ടിയാൽ കിട്ടി.' പ്രൊഫസർ പറയുന്ന കാര്യങ്ങളൊക്കെയും വെറും തത്വങ്ങളല്ലെന്ന് അവർക്കും മനസ്സിലായി.

റൂബി അവളുടെ ബാഗിൽ നിന്നും ഒരു ബോട്ടിൽ പുറത്തെടുത്ത് അതിലുണ്ടായിരുന്ന വെള്ളം കമഴ്ത്തിക്കളഞ്ഞു. എന്നിട്ട് തഴച്ചുവളർന്ന ഔഷധസസ്യങ്ങളെ വകഞ്ഞുമാറ്റി ചാലിലെ ജലമൊഴുകുന്നതിൻറെ എതിർദിശയിൽ അത് മുക്കിപ്പിടിച്ചു. വളരെ വേഗത്തിൽ ആ ബോട്ടിലിൽ വെള്ളം നിറഞ്ഞു. അവൾ കൗതുകത്തോടെ അതവളുടെ ചുണ്ടോടടുപ്പിച്ചു. ഒരിറക്ക് വെള്ളം ആസ്വദിച്ച് രുചിച്ചശേഷം ആ ബോട്ടിൽ ജെസ്സിക്ക് നേരേ നീട്ടി. ജെസ്സിയും ഏതോ മുന്തിയ ഇനം പാനീയം കുടിക്കുന്ന ഭാവത്തോടെ അത് അകത്താക്കി.

'മം...ഹ...' മറ്റൊന്നുംതന്നെ പറയാതെ അവൾ ബാക്കിയുണ്ടായിരുന്ന വെള്ളംകൂടി ഒറ്റക്കമഴ്ത്തിന് അകത്താക്കി.

'ഇങ്ങ് താടീ...' റ്റോജി അവളുടെ കൈയ്യിൽനിന്നും ബോട്ടിൽ തട്ടിപ്പറിച്ചു വാങ്ങിയിട്ട് വീണ്ടും അതിലേക്ക് വെള്ളംനിറച്ചു. വൈകാതെ ബാക്കിയുണ്ടായിരുന്നവരും ആ ഔഷധജലം മതിയാവോളം അകത്താക്കി.

'അമ്പോ...എന്തോ ഉത്തേജകമരുന്ന് കഴിച്ചതു പോലെ ശരീരത്തിന് മുഴുവൻ ഒരു ഉണർവ്വ്...' വിക്കി സന്തോഷത്തിൽ പറഞ്ഞു.

'അതേയതേ...' എല്ലാവരും അവൻറെ അഭിപ്രായത്തോട് യോജിച്ചു.

'എന്നാൽ നമുക്ക് മുന്നോട്ടുപോയാലോ...' പ്രൊഫസർ വാച്ചിൽ നോക്കിക്കൊണ്ട് അവരോട് ചോദിച്ചു. അതു കേട്ടതും അവരെല്ലാവരും പ്രൊഫസറിൻറെ അരികിലേക്ക് നടന്നുചെന്നു. അപ്പോഴേയ്ക്കും പ്രഭാതകിരണങ്ങൾ മെർക്കുറിയുടെ തീരങ്ങളിലേക്കെത്താൻ തുടങ്ങിയിരുന്നു. അതോടെ അന്തരീക്ഷത്തെ ആവരണം ചെയ്തിരുന്ന നനുത്ത മഞ്ഞുപാളി പതിയെപ്പതിയെ അദൃശ്യമായിത്തുടങ്ങി. പഴങ്ങൾ സൃഷ്ടിച്ച ചുവന്ന പാത അവസാനിച്ചപ്പോഴേക്കും കല്ലുകൾ പാകിയ വലിയ പടിക്കെട്ടുകൾ ആരംഭിച്ചിരുന്നു. കല്ലുകൾ തമ്മിലുള്ള അകലത്തിനിടയിൽ ഇളംപച്ച നിറത്തിലുള്ള പുല്ലുകൾ വളർന്നുനിന്നത് ആ പാതയുടെ അഴക് കൂട്ടി. ഓരോ പടിക്കെട്ടുകൾ ചവിട്ടിക്കയറുമ്പോഴും തങ്ങൾക്കുമുന്നിലായി ഏതുനിമിഷവും പ്രത്യക്ഷപ്പെട്ടേക്കാവുന്ന കൊട്ടാരത്തെക്കുറിച്ചും അതിൻറെ മനോഹാരിതയെപ്പറ്റിയുമായിരുന്നു പ്രൊഫസർ ഒഴികെയുള്ള ബാക്കി എല്ലാവരുടെയും ചിന്ത.

'മുന്നൂറ്... മുന്നൂറ്റി ഒന്ന്... മുന്നൂറ്റി രണ്ട്...' ജെസ്സി ഓരോ പടിക്കെട്ടിലേക്കും ചാടിച്ചാടി കയറിക്കൊണ്ട് എണ്ണി.

'ഡീ... അടിച്ചുതല്ലി വീണാൽ അവിടെത്തന്നെ കിടക്കത്തേയുള്ളൂ... കേട്ടല്ലോ...' ഷാനു ഗൗരവത്തിൽ പറഞ്ഞു.

‘നീ പോടാ... ദേ കണ്ടോ... മുന്നൂറ്റി നാല്...’ അതുംപറഞ്ഞുകൊണ്ട് അവൾ രണ്ട് പടികൾ ഒറ്റയടിക്ക് ചാടിക്കയറി. അത് കണ്ട് അവൻ വാപൊളിച്ച് നിന്നുപോയി.

‘ഇതൊക്കെ വേലി ചാടുന്ന ഇനമാ... പറഞ്ഞിട്ടെന്തുകാര്യം...’ റ്റോജി കമൻറടിച്ചുകൊണ്ട് അവരെയും കടന്ന് മുന്നിലേക്ക് പോയി.

അത് കേട്ട് പ്രൊഫസർ ചിരിച്ചു. ജെസ്സി പരിഭവത്തിൽ പ്രൊഫസറെ ഒന്ന് നോക്കി. പെട്ടെന്ന് പ്രൊഫസർ ചിരിയടക്കി മുന്നിലേക്ക് ശ്രദ്ധ തിരിച്ചതായി ഭാവിച്ചു. കുറച്ചുകൂടി നടന്നപ്പോൾ പടിക്കെട്ടുകൾ അവസാനിക്കുന്നതായി അവർക്ക് മനസ്സിലായി. പെട്ടെന്ന് പ്രൊഫസർ അവരുടെ മുന്നിലേക്ക് കടന്നുനിന്നു. എന്നിട്ട് പുഞ്ചിരിയോടെ എല്ലാവരെയും നോക്കി.

അവരൊക്കെ പ്രൊഫസർ എന്താണ് പറയുവാൻ പോകുന്നതെന്നറിയുവാനായി നടത്തം അവസാനിപ്പിച്ച് പടിക്കെട്ടുകളിൽത്തന്നെ കാത്തുനിന്നു.

‘പ്രിയപ്പെട്ടവരേ... മെർക്കുറിയുടെ രഹസ്യ സ്വത്തായ കൊട്ടാര നഗരിയിലേക്ക് എല്ലാവരേയും സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു...’ പ്രൊഫസർ ഇരു കൈകളും വിരിച്ചുകൊണ്ട് പറഞ്ഞു.

അതു കേട്ടതും ബാക്കിയുള്ള പടിക്കെട്ടുകൾകൂടി ചവിട്ടിക്കയറി അവരെല്ലാവരും മുകൾനിരപ്പിലേക്ക് ഓടി. മുകളിലെത്തിയതും ഒരു പ്രത്യേക സുഖമുള്ള തണുത്ത കാറ്റ് അവരുടെ കണ്ണുകളിലേക്ക് വീശിയടിച്ചു. അതിൻറെ കുളിർമ്മയിൽ തങ്ങളുടെ കണ്ണുകളുടെ തെളിച്ചം വർദ്ധിച്ചതുപോലെ അവർ ഓരോരുത്തർക്കും അനുഭവപ്പെട്ടു. അവരുടെയൊക്കെ ജീവിതത്തിലെ എക്കാലത്തെയും സുവർണ്ണ നിമിഷങ്ങളിൽ ഒന്നായിരുന്നു അത്. എല്ലാവരും ഇരുകണ്ണുകളും ചിമ്മാതെ അവർക്കുമുന്നിലെ ആ അത്ഭുതത്തെ നോക്കിക്കണ്ടു. ആൺകുട്ടികൾ രഞ്ജിത്തിനെ സന്തോഷത്തിൽ കെട്ടിപ്പിടിച്ചു. പെൺകുട്ടികൾ അവർക്കുചുറ്റും നൃത്തംവച്ചു. പ്രൊഫസർ കൗതുകത്തോടുകൂടി അതെല്ലാം നോക്കിനിൽക്കുന്നുണ്ടായിരുന്നു. തങ്ങളുടെ ലക്ഷ്യം കണ്ടതോടൊപ്പം മറ്റൊരു മായികലോകത്തിൽ എത്തിച്ചേർന്ന പ്രതീതിയാണ് അവർക്കെല്ലാവർക്കും ഉളവായത്.

മായാജാലക്കഥകളിൽ കാണുംപോലെ വിസ്മയത്താൽ മൂടപ്പെട്ട ഒരു കോട്ട തന്നെയായിരുന്നു അത്. ഭംഗിയുള്ള കരിങ്കല്ലുകളാലും പല നിറത്തിലുള്ള പാറക്കല്ലുകളാലും നിർമ്മിച്ച പല ആകൃതിയിലുള്ള ഭിത്തികളും പ്രത്യേക രീതിയിൽ നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളും. തുറന്ന ഗോപുരങ്ങൾ പോലെയുള്ള ആകാശത്തട്ടുകളും കൊട്ടാരത്തിന് കൂടുതൽ മോടിയേകി. മുകളിലേക്ക് ഉയർന്നുനിൽക്കുന്ന വലിയൊരു കൂറ്റൻ പാറക്കല്ലിൽ കൊത്തിയുണ്ടാക്കിയെടുത്ത കൊട്ടാരത്തിൻറെ പ്രധാന ഭാഗങ്ങളായിരുന്നു മറ്റൊരാകർഷണം. അതിൻറെ ഒത്ത മുകൾഭാഗത്തെ ആകാശത്തട്ടിൽ നിന്നാൽ ആ ദ്വീപ് മുഴുവൻ വീക്ഷിക്കാൻ കഴിയുമെന്ന് അവർക്ക് തോന്നി.

ഉയരമുള്ള ഭാഗത്ത് നിന്നിരുന്നതിനാൽ ഏക്കറുകളോളം വ്യാപിച്ചുകിടക്കുന്ന കൊട്ടാരത്തിൻറെ ഏകദേശരൂപം മുഴുവനായും കാണാൻ അവർക്ക് സാധിച്ചു. അതോടൊപ്പം തങ്ങൾ ജീവൻപോലും പണയംവച്ച് പുറപ്പെട്ട യാത്രയിലെ കേന്ദ്ര ബിന്ദുവിലേക്ക് എത്തിച്ചേരാൻ സാധിച്ചതിൽ അവർക്ക് ഓരോരുത്തർക്കും അഭിമാനം തോന്നി.

'സർ... ഈ ഉയരത്തിൽനിന്നും നമ്മളെങ്ങനെ ഇനി താഴേക്കിറങ്ങും... ഈ വഴി ഇവിടെ അവസാനിക്കുകയല്ലേ...' രഞ്ജിത് പ്രൊഫസറിൻറെ അടുത്തേയ്ക്ക് നീങ്ങിനിന്നുകൊണ്ട് ചോദിച്ചു.

'ദാ നമ്മുടെ വലതുവശത്തേക്ക് നോക്കൂ... അതാണ് നമ്മുടെ എളുപ്പവഴി...' പ്രൊഫസർ പറഞ്ഞതുകേട്ടപ്പോൾ പെൺകുട്ടികൾ ഒഴികെയുള്ളവർ വലതുവശത്തേക്ക് നോക്കി. ശബ്ദകോലാഹലങ്ങളില്ലാതെ താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ഒരു വെള്ളച്ചാട്ടം അവരുടെയെല്ലാം ദൃഷ്ടിയിൽ പതിഞ്ഞു. വെള്ളം താഴേയ്ക്ക് ചെന്നുപതിക്കുന്ന സ്ഥലം ഒരു വലിയ കുളംപോലെ കാണപ്പെട്ടു. അവർ നിന്നിരുന്ന ഉയർന്ന പ്രതലത്തിൽനിന്നും നല്ല താഴ്ച്ചയിലായിരുന്നു അവർക്ക് തുടർന്ന് സഞ്ചരിക്കുവാനുള്ള പാത സ്ഥിതിചെയ്തിരുന്നത്. അതുകൊണ്ടുതന്നെ പ്രൊഫസർ ആ വെള്ളച്ചാട്ടത്തെ ചൂണ്ടിക്കാണിച്ചതിൻറെ അർത്ഥം അവർക്കാർക്കും പിടികിട്ടിയില്ല.

'സർ എങ്ങിനെയാണ് താഴെയെത്തുക...' രഞ്ജിത് വീണ്ടും ചോദ്യം ആവർത്തിച്ചു.

'ഇതിൽ ആർക്കൊക്കെ നീന്തൽ അറിയാം...' പ്രൊഫസറിൻറെ ചോദ്യം കേട്ട് പെൺകുട്ടികളും കൊട്ടാരവീക്ഷണം അവസാനിപ്പിച്ച് അവരുടെ അടുത്തേക്ക് ചെന്നു. താരയും റൂബിയും റ്റോജിയും ഒഴികെ ബാക്കി എല്ലാവരും കൈ ഉയർത്തി.

'നമുക്ക് ആദ്യം നിങ്ങളുടെയെല്ലാം കൈവശമുള്ള കയറുകൾ കൂട്ടിക്കെട്ടി നിങ്ങളുടെ സാധനസാമഗ്രികളെല്ലാം താഴേയ്ക്കിറക്കാം. കയറ് തികയുന്നില്ല എങ്കിൽ കുറച്ച് കാട്ടുവള്ളികൾകൂടി കൂട്ടിച്ചേർക്കാം. അപ്പോൾ എങ്ങനാ എല്ലാവരും ചാടാൻ തയ്യാറല്ലേ..?'

പ്രൊഫസറിൻറെ ചോദ്യം കേട്ട് ബാക്കിയുള്ളവർ കണ്ണുമിഴിച്ചു.

'ചാടാനോ... എങ്ങോട്ട് ചാടാൻ...' റ്റോജി അത്ഭുതത്തോടെ ചോദിച്ചു.

'ദാ ആ വെള്ളക്കെട്ടിലേക്ക് ചാടണം...'

അത് കേട്ട് ഒരു ഞെട്ടലോടെ എല്ലാവരും വെള്ളച്ചാട്ടത്തിൻറെ താഴെയുള്ള വെള്ളക്കെട്ടിലേക്ക് എത്തിനോക്കി. അത്രയും ഉയരത്തിൽനിന്നും അവിടേയ്ക്ക് കുതിക്കുവാനുള്ള ധൈര്യം രഞ്ജിത്തിനു പോലുമുണ്ടായിരുന്നില്ല.

'സർ... കൊട്ടാരത്തിലെത്താൻ നമുക്ക് മറ്റുമാർഗ്ഗങ്ങൾ ഒന്നുംതന്നെയില്ലേ...'

അവൻ ഒരു അവസാന ശ്രമംകൂടി നടത്തിനോക്കി.

‘ഉണ്ട്... പക്ഷേ അവിടേക്കെത്തണമെങ്കിൽ നമ്മൾ ഇപ്പോൾ നടന്നതിൻറെ ഒരു അഞ്ചിരട്ടി ദൂരംകൂടി ചുറ്റിക്കറങ്ങേണ്ടിവരും...’ പ്രൊഫസർ സൗമ്യമായി പറഞ്ഞു.

‘സർ വെള്ളത്തിനുതാഴെ വല്ല പാറയോ കല്ലോ മറ്റോ ഉണ്ടെങ്കിൽ... അല്ലെങ്കിൽത്തന്നെ ഇത്രയും ഉയരത്തിൽനിന്നും ചാടുമ്പോൾ നിലത്തുപോയി തലയിടിക്കില്ലേ...’

താര ഭയത്തോടെ ചോദിച്ചു.

‘ഒരിക്കലുമില്ല... ആരും പേടിക്കണ്ട... ആർക്കും ഒന്നും സംഭവിക്കില്ല ഞാനല്ലേ നിങ്ങളോട് ചാടാൻ പറയുന്നത്. നീന്തൽ അറിയാവുന്ന ഒരാൾ ആദ്യം ചാടണം. അയാൾ താഴെ എത്തി കരയ്ക്ക് കയറിയശേഷം ഓരോരുത്തരായി താഴേക്ക് ചാടിയാൽ മതി...’

അതു കേട്ടപ്പോൾ എല്ലാവർക്കും ചെറിയ ഒരു ധൈര്യം കൈവന്നതുപോലെ തോന്നി. എങ്കിലും അത്രയും താഴേക്ക് ചാടേണ്ടിവരുമെന്നോർത്തപ്പോൾ അൽപ്പം ഭയവും തോന്നാതിരുന്നില്ല.

‘രഞ്ജിത്... നിങ്ങൾ ആദ്യം ലഗേജൊക്കെ താഴെയെത്തിക്കുവാനുള്ള കാര്യങ്ങൾ ചെയ്യൂ. അപ്പോഴേക്കും നീന്തൽ അറിയാത്തവർക്കുള്ള നിർദ്ദേശങ്ങൾ ഞാൻ കൊടുക്കട്ടെ.’

അത് കേട്ടതും താരയും റൂബിയും റ്റോജിയും പ്രൊഫസറിൻറെ അടുത്തേക്ക് പോയി. രഞ്ജിത്തും വിക്കിയും ഷാനുവും അലക്സും കൂടി കയറുകൾ തമ്മിൽ കൂട്ടിക്കെട്ടുവാനുള്ള പണികളിൽ ഏർപ്പെട്ടു. ജെസ്സി പ്രൊഫസർ അവർക്കു കൊടുക്കുന്ന നിർദ്ദേശങ്ങൾ കേട്ടുകൊണ്ടു നിന്നു. അൽപ്പസമയം കഴിഞ്ഞപ്പോൾ പ്രൊഫസറും റ്റോജിയും ആണുങ്ങളുടെ അടുത്തേക്ക് ചെന്നു.

‘എന്തായി...?’

‘ദാ... എല്ലാം ഓക്കേ... ഇനി ഇത് താഴേക്കിറക്കിയാൽ മതി...’

രഞ്ജിത് പറഞ്ഞു.

പ്രൊഫസർ കയറിൻറെ കെട്ടുകളെല്ലാം ഒന്ന് വലിച്ച് അതിൻറെ ബലം ഉറപ്പിച്ചു. എന്നിട്ട് താഴേക്ക് നോക്കി. അവിടെ മരങ്ങൾ ഇല്ലാത്ത ഒരു ഭാഗം നോക്കി സാധങ്ങൾ ഇറക്കുവാനായി പറഞ്ഞു. ആൺകുട്ടികൾ എല്ലാ സാധന സാമഗ്രികളും കയറുമായി ബന്ധിപ്പിച്ചു. എന്നിട്ട് എല്ലാവരുടെയും സഹായത്തോടെ അത് താഴേക്ക് ഇറക്കുവാൻ ആരംഭിച്ചു. കയറിൻറെ നീളം തികയാതെ വന്നപ്പോൾ സമീപം നിന്നിരുന്ന ബലമുള്ള കാട്ടുവള്ളികളും കയറിനോടൊപ്പം അവർക്ക് കൂട്ടിച്ചേർക്കേണ്ടിവന്നു. ഒടുവിൽ അവരെല്ലാവരും ഭയത്തോടെ നോക്കിക്കണ്ട നിമിഷം വന്നെത്തി.

‘ആരാ ആദ്യം ചാടുന്നത്...’

പ്രൊഫസർ തിരക്കി.

‘ഞാൻ...’

ഉറച്ച രീതിയിൽ രഞ്ജിത് പറഞ്ഞു.

‘ഏയ്... രഞ്ജിത്തിനെ ഇവിടെ ആവശ്യമുണ്ട്. ഇയാൾ ഏറ്റവും ഒടുവിൽ താഴേക്കെത്തിയാൽ മതി. നീന്തൽ അറിയാവുന്ന മറ്റാരെങ്കിലും വരൂ...’

അതു കേട്ടിട്ടും ആരുംതന്നെ മുന്നോട്ടുവന്നില്ല. സമയം വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു. ആരും നിന്നിടത്തുനിന്നും ചലിച്ചില്ല.

‘എന്തിനാണ് നിങ്ങളിങ്ങനെ പേടിക്കുന്നത്...’

പ്രൊഫസർ അക്ഷമനായി ചോദിച്ചു. എന്നിട്ടുമാരും മുന്നോട്ട് വരാത്തതിൽ അയാൾക്ക് അത്ഭുതം തോന്നി. ഒടുവിൽ അയാൾ ആ വെള്ളച്ചാട്ടത്തിൻറെ അരികിലേക്ക് നടന്നു. അയാൾ താഴേക്ക് കുതിക്കുവാനുള്ള പുറപ്പാടാണെന്ന് അവർക്കെല്ലാവർക്കും മനസ്സിലായി.

‘വേണ്ട സർ... ഞാൻ ചാടാം...’

അത് കേട്ടതും എല്ലാവരും അത് പറഞ്ഞയാളെ ഉറ്റുനോക്കി. ‘ജെസ്സി...!’

അത്ഭുതത്തിൽ താരയും റൂബിയും ഒരേസ്വരത്തിൽ വിളിച്ചു. ‘ഞാൻ ചാടാം സർ...’

ജെസ്സി വീണ്ടും ഉറപ്പോടെ പറഞ്ഞു. അതു കേട്ടതും പ്രൊഫസർ നീന്തൽ അറിയുന്ന ആൺകുട്ടികളെ പുച്ഛഭാവത്തിൽ നോക്കി. ‘വരൂ ജെസ്സീ... നേരത്തേ ഞാൻ അവിടെ പറഞ്ഞതൊക്കെ കേട്ടതല്ലേ ഇനി പ്രത്യേകിച്ച് എന്തെങ്കിലും സംശയമുണ്ടോ...?’

‘ഇല്ല സർ...’

അവൾ ആത്മവിശ്വാസത്തോടെ പറഞ്ഞു.

‘എങ്കിൽ ഓക്കേ... ഓൾ ദി ബെസ്റ്റ്...’

പ്രൊഫസർ അവളുടെ തോളിൽ തട്ടി.

എല്ലാവരെയും ഒന്ന് നോക്കിയശേഷം ജെസ്സി വെള്ളച്ചാട്ടത്തിലേക്ക് നടന്നുനീങ്ങി. അതിലെ വഴുക്കലില്ലാത്ത നിരപ്പായ പാറകൾ അവൾക്ക് വെള്ളത്തിലൂടെ നടക്കാൻ സഹായകമായി. വെള്ളക്കെട്ടിൻറെ ഒത്ത നടുവിലെത്തിയതും അവൾ തൻറെ കൂട്ടുകാരികളെ ഒരിക്കൽക്കൂടി നോക്കി. റൂബി അവളെ ഇരുകൈകളും കൂട്ടിച്ചേർത്ത് കാട്ടി. അതിന് മറുപടിയായി അവൾ ഒന്ന് തല കുലുക്കി. എന്നിട്ട് വെള്ളച്ചാട്ടത്തിനുതാഴേക്ക് നോക്കി.

‘വൺ...ടൂ...ത്രീ...’ അവൾ മനസ്സിൽ എണ്ണി എന്നിട്ട് ശ്വാസം നന്നായി ഉള്ളിലേക്ക് വലിച്ചശേഷം മുന്നിലേക്ക് പാഞ്ഞു. വെള്ളക്കെട്ടിൻറെ അറ്റത്തെത്തിയതും ആയമെടുത്തുകൊണ്ട് മുന്നിലേക്കവൾ ചാടി. ബാക്കിയുള്ളവർ ശ്വാസമടക്കിപ്പിടിച്ച് അത് നോക്കിനിന്നു.

ഒരു അലർച്ചയോടെ ജെസ്സി താഴേക്ക് പോയിക്കൊണ്ടിരുന്നു. ഒടുവിൽ ആ വെള്ളക്കെട്ടിൽ ചെന്നുപതിച്ചു. തൊട്ടടുത്ത നിമിഷത്തിൽ അത്യധികം ആവേശത്തോടെ അവൾ ജലനിരപ്പിലേക്ക് ഉയർന്നുവന്നു. എന്നിട്ട് മുകളിലുള്ളവരെ കൈ ഉയർത്തിക്കാട്ടി. അത് കണ്ടപ്പോൾ എല്ലാവരുടെയും മനസ്സിലുണ്ടായിരുന്ന ഭയമൊക്കെ ഒരുവിധം ഇല്ലാതായി. അധികം വൈകാതെ ആൺകുട്ടികൾ ഓരോരുത്തരായി താഴേക്ക് കുതിച്ചു. നീന്തൽ അറിയാത്ത റ്റോജിയെ അവർ എല്ലാവരും കൂടി കരയിലേക്ക് കയറാൻ സഹായിച്ചു.

'സർ ഞാനും റൂബീം കൂടി ഒരുമിച്ച് കൈകോർത്തുപിടിച്ച് ചാടിക്കോട്ടേ...' താര പ്രൊഫസറോട് തിരക്കി.

'കൈകോർത്ത് ചാടാനോ....ഹഹഹ.. നീയൊക്കെ എന്താ കമിതാക്കളാണോ...'

പ്രൊഫസറിൻറെ സമീപം നിന്നിരുന്ന രഞ്ജിത് പരിഹാസത്തോടെ ചോദിച്ചു.

'സർ പ്ലീസ്...' താര കെഞ്ചുന്നരീതിയിൽ ചോദിച്ചു.

'ഓക്കേ... പക്ഷേ താഴെയെത്തുന്നതിന് തൊട്ടുമുൻപ് കൈ വിടണം. എന്നിട്ട് വെള്ളത്തിൽ നിന്നും മുകളിലേക്ക് ഉയർന്നു വരണം. മനസ്സിലായോ...' അത് കേട്ടതും താരയ്ക്കും റൂബിക്കും സന്തോഷമായി.

'ഞങ്ങൾ അങ്ങനെ ചെയ്യാം സർ...' താര ആവേശത്തോടെ പറഞ്ഞു. പ്രൊഫസർ ഇരുവരെയും വെള്ളക്കെട്ടിലേക്ക് നയിച്ചു. അവരുടെ ആഗ്രഹംപോലെതന്നെ അവർ ഇരുവരും കൈകോർത്തുപിടിച്ചുനിന്നു.

'ഓൾ ദി ബെസ്റ്റ്...' രഞ്ജിത് റൂബിയെ നോക്കി പറഞ്ഞു. പക്ഷേ അപ്പോൾ അവളുടെ ശ്രദ്ധ മുഴുവൻ താഴേക്കായിരുന്നു.

'ജമ്പ്...'

പ്രൊഫസർ അത് പറഞ്ഞതും പെൺകുട്ടികൾ ഇരുവരും കാറിവിളിച്ചുകൊണ്ട് താഴേക്ക് കുതിച്ചു.

താഴെയെത്തുമ്പോഴും അവർ കൈകൾ ഇറുക്കിപ്പിടിച്ചിരുന്നു. വെള്ളക്കെട്ടിലേക്ക് ചെന്നുപതിച്ചതും ഇരുവരും വെള്ളത്തിൻറെ അടിയിലേക്ക് മുങ്ങിപ്പോയി. മുകളിലേക്ക് ഉയർന്നു വരാൻ ശ്രമിച്ചുകൊണ്ടിരുന്ന റൂബിയുടെ കഴുത്തിലും തലയിലും മുറുകെപ്പിടിച്ച് താര മുകളിലേക്ക് പൊങ്ങിവരാൻ ശ്രമിച്ചു. റൂബി അവളുടെ കൈ പിടിച്ചുമാറ്റാൻ ശ്രമിച്ചെങ്കിലും അതിന് അവൾക്ക് കഴിഞ്ഞില്ല. താര വീണ്ടും അവളെ പിടിച്ചുമുക്കിക്കൊണ്ടിരുന്നു. ഇതൊക്കെ കണ്ട് ബാക്കിയുള്ളവർ അവരുടെ അടുത്തേക്ക് നീന്തിച്ചെന്നു.

'എൻറമ്മേ... രക്ഷിക്കെടാ പട്ടികളേ...' മുങ്ങിപ്പൊങ്ങുന്നതിൻറെ ഇടയ്ക്ക് താര വിളിച്ചുപറഞ്ഞു.

'എന്നെ വിടെടീ...'

ഒന്ന് പൊങ്ങുവാൻ കഴിഞ്ഞപ്പോൾ റൂബി അലറി. തൊട്ടടുത്ത നിമിഷത്തിൽ താര വീണ്ടും റൂബിയുടെ തലപിടിച്ച് താഴ്ത്തിക്കൊണ്ട് പിന്നെയും മുകളിലേക്ക് പൊങ്ങിവന്നു. പെട്ടെന്നുതന്നെ ബാക്കിയുള്ളവർ താരയുടെയും റൂബിയുടേയും അടുത്തേക്ക് നീന്തിയെത്തി. വെള്ളത്തിൽനിന്നും പുറത്തുവന്ന റൂബി താരയെ നിർത്താതെ ചീത്ത വിളിക്കുവാൻ തുടങ്ങി. അപ്പോഴേക്കും രഞ്ജിത്തും പ്രൊഫസറും വെള്ളക്കെട്ടിലേക്ക് ചാടിക്കഴിഞ്ഞിരുന്നു.

'എന്തൊക്കെയായിരുന്നു കൈ കോർത്ത് ചാടുന്നു. ഒരുത്തി മറ്റവളെ മുക്കിക്കൊല്ലുന്നു...കൈയ്യും കാലുമിട്ടടിക്കുന്നു... ഹഹഹഹ...' റ്റോജി പറഞ്ഞു ചിരിച്ചു. ബാക്കിയുള്ളവരും അതു കേട്ട് ആർത്തുചിരിച്ചു. റൂബി പല്ലുകടിച്ച് താരയെ നോക്കി. 'സോറി ഡീ...'

താര ഞെളിഞ്ഞിരുന്നുകൊണ്ട് പറഞ്ഞു.

രഞ്ജിത്തും പ്രൊഫസറും നീന്തിക്കയറിയപ്പോൾ ബാക്കിയുള്ളവരും അവരുടെയടുത്തേക്ക് ചെന്നു. ആൺകുട്ടികൾ എല്ലാവരും ചേർന്ന് അവർ താഴെയെത്തിച്ച സാധനസാമഗ്രികൾ എടുത്തുകൊണ്ടുവന്നു. വൈകാതെ എല്ലാവരും അവരവരുടെ ബാഗുകൾ ചുമലിലേറ്റി.

'സർ ഈ വെള്ളക്കെട്ടിന് എന്തോ പ്രത്യേകതയുണ്ട്. എന്തെന്നാൽ ഇതിൻറെ അടിയിൽ കല്ലുകൾ ഒന്നുംതന്നെയില്ല. മാത്രമല്ല വെള്ളത്തിനടിയിലെയും സമീപത്തെയും മണ്ണ് എന്തോ റബ്ബർത്തരികൾ പോലുണ്ട്. എന്താ അങ്ങനെ...?'

അലക്സ് ചോദിച്ചു.

'ഞാൻ പറഞ്ഞില്ലേ ഇതും ഒരു വഴിയാണെന്ന്. വെറും വഴിയല്ല... എളുപ്പവഴി... വലിയ ഒരു ആന ഇതിലേക്ക് വീണാലും അതിന് ഒന്നും സംഭവിക്കില്ല. അതുകൊണ്ടല്ലേ ധൈര്യമായിട്ട് ചാടാൻ ഞാൻ പറഞ്ഞത്...'

'പക്ഷേ താങ്കൾക്ക് എങ്ങനെ മനസ്സിലായി ഇങ്ങനെയൊരു വഴിയുള്ളത്...' ജെസ്സിയുടെ ചോദ്യം കേട്ടപ്പോൾ പ്രൊഫസർ വെള്ളക്കെട്ടിൻറെ മുകളിൽനിന്നും പകുതിവരെ തൂങ്ങിക്കിടക്കുന്ന ഒരു കയർ ചൂണ്ടിക്കാട്ടി.

'അതുകണ്ടോ... ഞാനും ഇതേ വഴിയാ ആദ്യമായിട്ട് ഇവിടേയ്ക്ക് വന്നത്. ആദ്യം ഓർത്തത് താഴേക്ക് ചാടാം എന്നാണ്. പക്ഷേ താര നേരത്തെ ചോദിച്ച ചോദ്യം ഞാനും സ്വയം ചോദിച്ചു. വെള്ളത്തിനടിയിൽ പോയി തല ഇടിച്ചാലോ എന്ന്. അങ്ങനെ കയർ ഉപയോഗിച്ച് താഴേക്കിറങ്ങാൻ തീരുമാനിച്ചു. അതും വെള്ളക്കെട്ടിൻറെ അരികിലൂടെതന്നെ. അഥവാ എന്തെങ്കിലും സംഭവിച്ചാലും രണ്ടുംകൽപ്പിച്ച് വെള്ളത്തിലേക്ക് ചാടാമല്ലോ എന്നോർത്തു. അങ്ങനെ ഇറങ്ങുന്ന വഴിക്ക് അരിക് കൂർത്ത ഒരു പാറക്കല്ലിൽ ഉരഞ്ഞ് കയർ പകുതിയായിമുറിഞ്ഞ് ഞാൻ

പിന്നിലേക്ക് മലർന്നടിച്ചുവീണു. വീണത് കൃത്യം ഈ വെള്ളക്കെട്ടിലേക്കും. മരിച്ചു എന്നാ ആദ്യം കരുതിയത്. പക്ഷേ ദൈവം രക്ഷിച്ചു..' അത് പറഞ്ഞിട്ട് വെള്ളക്കെട്ടിലേക്ക് നോക്കി പ്രൊഫസർ ഒന്ന് ദീർഘനിശ്വസിച്ചു.

പക്ഷേ വളരെപ്പെട്ടെന്നായിരുന്നു മെർക്കുറിയുടെ അന്തരീക്ഷമാകെ മാറുവാൻ ആരംഭിച്ചത്. പ്രഭാതസൂര്യൻ നിമിഷനേരം കൊണ്ട് അപ്രത്യക്ഷമായി. ആകാശമാകെ കാർമേഘങ്ങൾ വന്നു മൂടി. അതോടൊപ്പം ദ്വീപിലാകെ പരക്കെ ഇരുട്ട് വ്യാപിച്ചുതുടങ്ങി. ഭൂമിക്ക് ചലനമുണ്ടാകുന്നുണ്ടോ എന്നുപോലും അവർ സംശയിച്ചു. ആ സംശയത്തിന് മറുപടിയായി പൊടുന്നനെ വെള്ളക്കെട്ടിലെ ജലനിരപ്പിൽ ഓളങ്ങൾ പത്യക്ഷപ്പെട്ടു. എല്ലാവരും ഭയത്തോടെ നിന്നനിൽപ്പിൽ ചുറ്റും കറങ്ങി.

'റൺ...'

എന്തോ ഒന്ന് കണ്ടതുപോലെ പ്രൊഫസർ അവരെ നോക്കി അലറി..!

# മുപ്പത്തിനാല്

കാട്ടുചെടികളും പുല്ലുകളും വകഞ്ഞുമാറ്റി വഴിതെളിച്ചു കൊണ്ടിരുന്ന പ്രൊഫസറിൻറെ പിന്നാലെ അവർ ഓരോരുത്തരും ഓടാൻ തുടങ്ങി. ഏറ്റവും പിന്നിലായി ഓടിയത് രഞ്ജിത്തായിരുന്നു. അവൻ പിന്നിലേക്ക് തിരിഞ്ഞുനോക്കിയതും ദൂരെയായി എന്തൊക്കയോ ചലിക്കുന്നതുകണ്ടു. അതോടൊപ്പം അനേകം കുതിരകൾ കൂട്ടമായി ഓടുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള ഒരു ചലനവും ഭൂമിക്കനുഭവപ്പെട്ടു. അത് എന്താണെന്നറിയാൻ അവൻ ഒരു നിമിഷം നിന്നതും പ്രൊഫസർ അവനെ അലറി വിളിച്ചു.

'രഞ്ജിത്... നിൽക്കരുത്... റൺ...'

അതുകേട്ടതും അവൻ വീണ്ടും ഓടുവാൻ തുടങ്ങി. നനഞ്ഞൊട്ടിയ വസ്ത്രങ്ങൾക്കൊപ്പം തോളിൽ ഭാരവും കൂടിയായപ്പോൾ പെൺകുട്ടികൾ നന്നായി കുഴഞ്ഞിരുന്നു. എങ്കിലും അവർ നിന്നില്ല. പ്രൊഫസറിൻറെ തൊട്ടുപിന്നിലായി ഓടിക്കൊണ്ടിരുന്നു. തങ്ങൾക്കുചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് അവർക്കപ്പോഴും മനസ്സിലായില്ല. പക്ഷേ എന്തോ അപകടം തങ്ങൾക്ക് പിന്നിലായി കടന്നുവരുന്നുണ്ടെന്ന് അവരും മനസ്സിലാക്കിയിരുന്നു.

അന്തരീക്ഷത്തിൽ ഇരുട്ടിൻറെ വ്യാപനം വളരെ പെട്ടെന്നായിരുന്നു. പ്രൊഫസർ ഉൾപ്പെടെ ബാക്കിയുള്ളവരും ഓടിക്കൊണ്ടു തന്നെ ടോർച്ച് ഉപയോഗിച്ചുതുടങ്ങിയിരുന്നു. വൻമരങ്ങൾ കൂട്ടമായി നിൽക്കുന്നതിനാൽ കൊട്ടാരത്തിൻറെ നിഴൽപോലും അവർക്ക് കാണുവാൻ സാധിച്ചില്ല.

'സർ... ഹാ... എനിക്ക് വയ്യാ...' താര ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു.

'താരേ... ഒരൽപ്പംകൂടി സഹിച്ചാൽ മതി... നമ്മൾ എത്താറായി...'

'ഇല്ലാ...'

അതും പറഞ്ഞുകൊണ്ട് അവൾ നിലത്തേക്ക് മുട്ടുകുത്തി തെറിച്ചുവീണു.

അത് കണ്ടതും റൂബിയും ജെസ്സിയും പരിഭ്രമിച്ച് ഓട്ടം നിർത്തി. പിന്നിലുണ്ടായിരുന്ന ആൺകുട്ടികളും ഓട്ടമവസാനിപ്പിച്ച് അവളുടെ അടുത്തേക്ക് പാഞ്ഞെത്തി.

'താര... ഗെറ്റ് അപ്പ്...'

പ്രൊഫസർ ഉറക്കെ പറഞ്ഞു.

‘സർ എനിക്കിനി വയ്യ. എൻറെ കാലൊക്കെ മരവിച്ചുപോയി. നിങ്ങൾ പൊയ്ക്കോ...എന്നെ നോക്കണ്ടാ... രക്ഷപ്പെട്ടോ...’ അതുംപറഞ്ഞുകൊണ്ട് അവൾ വിങ്ങിപ്പൊട്ടി.

കുളമ്പടികൾ പോലെയുള്ള ശബ്ദം അവർക്കരികിലേക്ക് കൂടുതൽ അടുത്തുകൊണ്ടിരുന്നു. പ്രൊഫസർ ടോർച്ച് തെളിച്ച് ചുറ്റുപാടും ഒന്ന് നിരീക്ഷിച്ചു.

അതിനുശേഷം പെൺകുട്ടികളെ നോക്കി.

‘വേഗം താരയെ പിടിച്ചെഴുന്നേൽപ്പിക്കൂ...’

അതുകേട്ടതും റൂബിയും ജെസ്സിയും താരയെ നിലത്തുനിന്നും എഴുന്നേൽപ്പിച്ചു. പക്ഷേ അവളുടെ കാലുകൾക്ക് തളർച്ച ബാധിച്ചിരുന്നു. എങ്കിലും പെൺകുട്ടികൾ കരുതലോടെ തങ്ങളുടെ കൂട്ടുകാരിയെ താങ്ങിപ്പിടിച്ചു. പ്രൊഫസർ അവർക്കു സമീപം നിന്നിരുന്ന ശിഖരങ്ങൾ നിറഞ്ഞ ഒരു മരത്തിലേക്ക് ടോർച്ച് തെളിച്ചുകാണിച്ചു. അതിൻറെ അർത്ഥം മനസ്സിലാക്കിയിട്ടെന്നോണം പെൺകുട്ടികൾ താരയെ താങ്ങിക്കൊണ്ട് അവിടേക്ക് കുതിച്ചു. പ്രൊഫസറും രഞ്ജിത്തും ആൺകുട്ടികളും അവർക്ക് പിന്നിലായി ഓടിച്ചെന്നു.

‘സർ... ആ ശബ്ദം എന്താണ്...’

രഞ്ജിത് പ്രൊഫസറെ നോക്കി ചോദിച്ചു.

‘രഞ്ജിത് നമുക്ക് സംസാരിക്കാൻ സമയമില്ല. താരയെ എങ്ങനെയെങ്കിലും ഈ മരത്തിനു മുകളിലെത്തിക്കൂ എന്നിട്ട് ബാക്കിയുള്ളവരെയും വേഗം മുകളിലേക്ക് കയറ്റൂ. ഇപ്പോൾ നമുക്ക് ഇതേയുള്ളൂ മാർഗ്ഗം...’

അതുകേട്ടതും രഞ്ജിത് അതിവേഗത്തിൽ ആദ്യം കണ്ട താഴ്ന്ന ശിഖരത്തിലേക്ക് പിടിച്ചുകയറി. എന്നിട്ട് താരയെ മുകളിലേക്ക് വലിച്ചുകയറ്റാൻ ശ്രമിച്ചു. താരയും ഒരു കൈ കൊണ്ട് ശിഖരത്തിൽ നന്നായി ബലം കൊടുത്തു. അതിനാൽ അവൾക്ക് മുകളിലെത്താൻ പ്രയാസമുണ്ടായില്ല. വൈകാതെ ജെസ്സിയും റൂബിയും മരത്തിൽ കയറിയയുടൻ ആണുങ്ങൾ ഓരോരുത്തരായി ആദ്യശിഖരത്തിൽ പിടിച്ച് മുകളിലേക്ക് കയറി. ആദ്യത്തെ ശിഖരത്തിന് രണ്ടുപേരെ ഒരുമിച്ച് ചുമക്കാൻ ബലം ഇല്ലാത്തതിനാൽ അവിടെനിന്നും താരയെ പെൺകുട്ടികൾ വേഗംതന്നെ മുകളിലുള്ള ശിഖരങ്ങളിലേക്ക് പിടിച്ചുകയറാൻ സഹായിച്ചു. മുകളിലേക്ക് പോകുംതോറും ശിഖരങ്ങളുടെ വിസ്താരവും ബലവും കൂടിക്കൂടിവന്നു. ആൺകുട്ടികളിൽ ഒടുവിൽ കയറിയ റ്റോജി രണ്ടാമത്തെ കൊമ്പിലേക്ക് കയറാൻ ശ്രമിച്ചപ്പോഴേക്കും ആദ്യത്തെ കൊമ്പ് ഓടിഞ്ഞുവീണു. മരത്തിന് മുകളിൽ ഇരുന്നിരുന്നവർ എല്ലാവരും പെട്ടെന്ന് ടോർച്ചുകൾ താഴേക്ക് തെളിച്ചു. റ്റോജി നിലത്തു നിന്നും നടുവിന് കൈയ്യുംകൊടുത്തുകൊണ്ട് എഴുന്നേറ്റു.

പക്ഷേ അപ്പോഴേക്കും ആ ശബ്ദങ്ങൾ ആ മരക്കൂട്ടത്തിൻറെ ആരംഭഭാഗത്തേക്ക് എത്തിച്ചേർന്നിരുന്നു.

‘റ്റോജീ... വേഗം പിടിച്ചുകയറൂ...’ പ്രൊഫസർ വിളിച്ചുപറഞ്ഞു. ‘സർ... എനിക്ക് സപ്പോർട്ടില്ലാതെ മരത്തിൽ കയറാൻ വശമില്ല...’

അവൻ നിസ്സഹായനായി പറഞ്ഞു.

‘ഹോ... എൻറെ ചുമലിൽ ചവിട്ടിക്കയറ്... വേഗം.’ അതുംപറഞ്ഞുകൊണ്ട് പ്രൊഫസർ മരത്തിനോട് ചേർന്നുനിന്നുകൊടുത്തു. അവൻ വേഗംതന്നെ അയാളുടെ കോർത്ത കൈയിൽ ചവിട്ടി ചുമലിൽ ചവിട്ടി മരത്തിലേക്ക് കയറാൻ ശ്രമിച്ചു.

പക്ഷേ കൈകൾ ഉരഞ്ഞ് രക്തം വന്നതല്ലാതെ അവന് മുകളിലേക്ക് കയറാൻ കഴിഞ്ഞില്ല. ശബ്ദങ്ങൾ അടുത്തടുത്ത് വരുംതോറും ഭൂമിയിലെ കമ്പനത്തിൻറെ തോത് വർദ്ധിച്ചു. എന്തുചെയ്യുമെന്നറിയാതെ പ്രൊഫസറും പകച്ചുനിന്നുപോയി. പാടുന്നനെ അവരുടെ തൊട്ടുമുകളിലെ ശിഖരത്തിൽ ഇരിപ്പുറപ്പിച്ചിരുന്ന ജെസ്സി വേഗംതന്നെ ആ കൊമ്പിൽ തൂങ്ങി മുകളിലേക്ക് കയറാൻ പരിശ്രമിച്ചുകൊണ്ടിരുന്ന റ്റോജിക്ക് മുന്നിലായി കാലുകൾ തൂക്കിയിട്ടുകൊടുത്തു. എന്നിട്ട് ചൂളം കുത്തി. റ്റോജി സംശയിച്ച് അവളെ നോക്കി.

‘നോക്കിനിക്കാതെ പിടിച്ച് കേറെടാ...’

അവൾ പറഞ്ഞു.

‘രഞ്ജിത് ജെസ്സിയുടെ കൈകളിൽ ഒന്ന് സപ്പോർട്ട് ചെയ്യ്... റ്റോജീ....നീ വേഗം പിടിച്ചുകയറ്...’

പ്രൊഫസർ മുകളിലേക്ക് നോക്കി പറഞ്ഞു.

അതുകേട്ടതും റ്റോജി അവളുടെ കാലിൽ ബലത്തിൽ പിടിച്ചു. എന്നിട്ട് മുകളിലേക്ക് കയറാൻ തുടങ്ങി. രഞ്ജിത് ജെസ്സിയുടെ കൈകളിൽ സപ്പോർട്ട് കൊടുത്തു.

‘താങ്ക്സ്...’

അവളെ അള്ളിപ്പിടിച്ച് കയറുന്നതിനിടയിൽ അവൻ പറഞ്ഞു. ‘ഡേയ്... കൈ വേദനിക്കുന്നു... ഡയലോഗടിക്കാതെ ഒന്നു വേഗം കേറ്...’ ജെസ്സി ആയാസപ്പെട്ട് പറഞ്ഞു. അതുകേട്ടതും അവൻ വേഗത്തിൽ പിടിച്ചുകയറി. റ്റോജി മുകളിലെത്തിയതും രഞ്ജിത് അവരുടെ മുകളിലത്തെ കൊമ്പിലേക്ക് കയറിയിരുന്നു. അടുത്ത നിമിഷത്തിൽ ചിലന്തിയെപ്പോലെ അതിവേഗത്തിൽ പ്രൊഫസറും മുകളിലേക്ക് വലിഞ്ഞുകയറി. അയാളുടെ വേഗത കണ്ട് ബാക്കിയുള്ളവർ അത്ഭുതപ്പെട്ടുപോയി.

അപ്പോഴേക്കും ആ ശബ്ദങ്ങൾ അവർ രക്ഷപ്രാപിച്ച മരത്തിന് തൊട്ടരികിലേക്ക് എത്തിച്ചേർന്നിരുന്നു.

‘ലൈറ്റ്സ് ഓഫ്...’

പ്രൊഫസർ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. അത് കേട്ടതും പെട്ടെന്നുതന്നെ ഓരോരുത്തരായി ടോർച്ചുകൾ ഓഫ് ചെയ്തു. പക്ഷേ അബദ്ധത്തിൽ റൂബിയുടെ കൈയ്യിൽ നിന്നും ടോർച്ച് തെന്നി താഴേക്ക് പതിച്ചു. അത് ശിഖരങ്ങളിൽ

തട്ടിത്തെറിച്ച് ഒരു ശിഖരത്തിൻറെ ചില്ലയിൽ പോയി തങ്ങിയിരുന്നു. അതിലെ പ്രകാശം മരത്തിൻറെ കട്ടിയുള്ള ഇലയിലൂടെ കടന്ന് തീരെ മങ്ങിയ രീതിയിൽ മരത്തിൻറെ ചുവടുഭാഗത്തേക്ക് പതിച്ചു. പെട്ടെന്ന് ചുറ്റുനിന്നും കേട്ട ശബ്ദങ്ങൾ നിലച്ചു. മരത്തിനുമുകളിൽ ഓരോരുത്തരും ശ്വാസമടക്കിപ്പിടിച്ചിരുന്നു. നിലമാകെ കട്ടുത്ത അന്ധകാരം പൊതിയപ്പെട്ടു. കരിയിലകളുടെ മുകളിലൂടെയുള്ള കാൽപ്പെരുമാറ്റം മാത്രം ഇടയ്ക്കിടയ്ക്ക് അന്തരീക്ഷത്തിൽ പ്രതിധ്വനിച്ചു. എല്ലാവരും ടോർച്ചിൻറെ മങ്ങിയ പ്രകാശം പതിക്കുന്ന മരത്തിൻറെ ചുവടുഭാഗത്തേക്ക് കണ്ണിമവെട്ടാതെ നോക്കിക്കൊണ്ടിരുന്നു. അൽപ്പസമയം കഴിഞ്ഞപ്പോൾ നിഴലുകൾ പോലെ തോന്നിക്കുന്ന എന്തൊക്കയോ അവിടേക്ക് കൂട്ടമായെത്തി. എല്ലാവരും അവയെ കണ്ടതും ഞെട്ടിവിറച്ചതും ഒരുമിച്ചായിരുന്നു. കരിയുടെ നിറത്തിലുള്ള അനേകം മനുഷ്യമുഖങ്ങൾ. ചെകുത്താൻറേതുപോലെയുള്ള ചെവിയും കൂട്ടിക്കടിച്ചിരിക്കുന്ന രീതിയിലുള്ള തെറ്റപ്പല്ലുകളും കരിമ്പുലിയുടെ ഉടലുമുള്ള അനേകം പൈശാചിക ജീവികൾ..!

അവ ഓരോന്നും മണംപിടിച്ച് മരത്തിൻറെ ചുവട്ടിലെത്തിയിരുന്നു. മരത്തിൻറെ തൊലിയിലൂടെ ഒഴുകിയിറങ്ങിയിട്ടുള്ള റ്റോജിയുടെ രക്തം അവ മത്സരിച്ച് നുണയുന്നത് കണ്ട് റ്റോജി നെഞ്ചിൽ കൈവച്ചുപോയി. അവൻറെ കൈയ്യിൽ നിന്നും അപ്പോഴും രക്തം ഇറ്റുവീണുകൊണ്ടിരുന്നു. അവയുടെ പൈശാചികമായ രൂപം കണ്ടിരിക്കുവാനുള്ള ത്രാണി അവർക്കാർക്കുമുണ്ടായിരുന്നില്ല. എങ്ങനെയും ആ ടോർച്ച് ഒന്നണയുവാനായി അവരിൽ പലരും മനസ്സുരുകി പ്രാർത്ഥിച്ചു.

‘സർ... അവ മരത്തിലേക്ക് കയറുമോ...’

പ്രൊഫസറിനോടൊപ്പം ശിഖരത്തിൽ ഇരിപ്പുറപ്പിച്ചിരുന്ന വിക്കി വിറയലോടെ ചോദിച്ചു.

‘ഇല്ല...’

പ്രൊഫസർ പറഞ്ഞ ആ ഒറ്റ വാക്ക് അവൻറെ മനസ്സിന് നല്ല രീതിയിൽ ആശ്വാസമേകി.

തൊട്ടടുത്ത നിമിഷത്തിൽ റ്റോജിയുടെ കൈയ്യിൽനിന്നും ഇറ്റുവീണ ഒരു തുള്ളി രക്തം ആ ജീവികളിൽ ഒന്നിൻറെ മുഖത്ത് ചെന്നുപതിച്ചു. തൽക്ഷണം അവൻറെ ശ്വാസംപോലും ഒന്നു നിലച്ചുപോയി. അവൻ കൈയ്യിലെ മുറിവിനൊപ്പം വായും പൊത്തിപ്പിടിച്ചു. എന്നിട്ട് ഭയത്തോടെ താഴേക്ക് നോക്കി. തന്നെത്തന്നെ തുറിച്ചുനോക്കി നിൽക്കുന്ന അതിലെ ഒരു ജീവിയെ കണ്ടതും അവന് തല കറങ്ങുന്നതുപോലെ തോന്നി. ഇരുട്ടിൽ എടുത്തറിയുന്ന തരത്തിലുള്ള അതിൻറെ തൂവെള്ള കണ്ണുകൾക്ക് ആരെയും ഭയപ്പെടുത്തുവാനുള്ള കഴിവുണ്ടായിരുന്നു. റ്റോജിയുടെ കൂടെയിരുന്ന ജെസ്സി അവൻറെ കൈയ്യിൽ മുറുകെ പിടിച്ചു.

‘റ്റോജീ...’

അവൾ ആ വിളി മുഴമിക്കും മുൻപേ ഒരു ചീറ്റൽ ശബ്ദം നിലത്തുനിന്നും ഉയർന്നു കേട്ടു. അതോടൊപ്പം നിലത്ത് മണം പിടിച്ചുകൊണ്ടിരുന്ന കറുത്ത മുഖങ്ങൾ ഒന്നൊന്നായി മുകളിലേക്കുയർന്നു. അവയുടെ തുവെള്ള കണ്ണുകളിലെ ക്രൂരഭാവം കണ്ടതും താര ഉറക്കെ നിലവിളിച്ചു.

റൂബി പെട്ടെന്നുതന്നെ അവളുടെ വായ പൊത്തിപ്പിടിച്ചു.

പിന്നെ താമസ്സമുണ്ടായില്ല. അവ ഓരോന്നും മരത്തിലേക്ക് അള്ളിപ്പിടിച്ച് കയറാൻ ശ്രമിക്കുകയും കയറാനാവാതെ മരത്തിൻറെ പുറംതൊലി മാന്തിപ്പൊളിക്കുകയും ചെയ്തു. അവയുടെ കൂട്ടമായുള്ള ആക്രമണത്തിൽ മരത്തിലെ ഇലകൾ ചലിച്ചു. ഓരോരുത്തരും അവരവർ ഇരുന്നിരുന്ന ശിഖരത്തിൽ മുറുകെപ്പിടിച്ചിരുന്നു. ഒരടി തെറ്റിയാൽ തരിപോലും മിച്ചമുണ്ടാവുകയില്ലെന്ന് അവർക്കൊക്കെ ബോദ്ധ്യമുണ്ടായിരുന്നു. താര നിലവിളി നിർത്താത്തത് കണ്ട് റൂബി അവളുടെ വായിൽനിന്നും കൈ എടുത്തുമാറ്റി.

'ഹയ്യോ. റൂബീ... എൻറെ കാലിൽ എന്തോ തുളഞ്ഞുകയറി. എൻറെ കാല് എനിക്ക് അനക്കാൻ പോലും വയ്യാ... ഹാ...'

അവൾ വീണ്ടും ഉറക്കെ കരഞ്ഞു. അതേസമയം താഴെയുള്ള ജീവികൾ മരത്തിൽ ആഞ്ഞിടിക്കുകയും മരത്തിലേക്ക് കയറാനായി ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

റൂബി താരയുടെ കാലിലേക്ക് ടോർച്ച് തെളിച്ചുനോക്കി. മുകളിൽ നിന്നും പ്രകാശം കണ്ടതും നിലത്തിനിന്നും കൂട്ടത്തോടെയുള്ള ചീറ്റലുകൾ വീണ്ടുമുയർന്നു. ആ വെളിച്ചത്തിൽ മുകളിലെ ശിഖരങ്ങളിൽ നിലയുറപ്പിച്ചിരുന്ന മനുഷ്യരെയെല്ലാം ആ പൈശാചികമൃഗങ്ങൾ ആർത്തിയോടെ നോക്കി. അതോടൊപ്പം അവരെല്ലാവരും ആ ജീവികളെ കൂടുതൽ വ്യക്തമായി കണ്ടു.

'സർ...'

റൂബിയുടെ നീട്ടിയുള്ള വിളികേട്ടതും എല്ലാവരുടെയും ശ്രദ്ധ ആ മൃഗങ്ങളിൽനിന്നും പെൺകുട്ടികളിലേക്കായി.

'സർ ഒന്നിങ്ങു വേഗം വാ...'

റൂബി വീണ്ടും പ്രൊഫസറെ പരിഭ്രമത്തോടെ വിളിച്ചു. പ്രൊഫസർ വളരെയധികം കരുതലോടെ ശിഖരത്തിലൂടെ പിടിച്ചുപിടിച്ച് അവരുടെ അടുത്തേക്ക് നടന്നു. അതേസമയം താഴെനിന്നും ആ മൃഗങ്ങൾ പലതരം വികൃതമായ ശബ്ദങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. പ്രൊഫസർ അവരുടെ അരികിലേക്ക് എത്തിയപ്പോഴേക്കും താര മരത്തടിയിലേക്ക് തലകുനിച്ച് കിടക്കുകയായിരുന്നു. റൂബി ടോർച്ച് തെളിച്ച് താരയുടെ കാലിൻറെ പിൻഭാഗം കാട്ടിക്കൊടുത്തു. അത് കണ്ടതും പ്രൊഫസറും വല്ലാണ്ട് പരിഭ്രമിച്ചുപോയി.

കാലിൻറെ പിന്നിലെ മാംസഭാഗത്ത് നീളത്തിൽ ഒരു തടിപ്പ്. അത് സാവധാനത്തിൽ ചലിക്കുന്നുമുണ്ട്. താര വേദന സഹിക്കാനാവാതെ മരത്തടിയിൽ കടിച്ചു.

‘ഓ...ദൈവമേ... ഇത് അട്ടയെപ്പോലെ രക്തം കുടിക്കുന്ന ഒരുതരം ചെറുപാമ്പാണ്. തൊലിയിൽ സുഷിരമുണ്ടാക്കി അവ കയറിക്കൂടും. ഇത് കയറിയിട്ട് ഒരുദിവസമെങ്കിലും ആയിട്ടുണ്ട്. അല്ലെങ്കിൽ ഇതിന് ഇത്രയും വലിപ്പം വരില്ല...’

പ്രൊഫസർ താരയെ കേൾപ്പിക്കാതെ റൂബിയോട് മാത്രമായി പറഞ്ഞു.

‘പാമ്പോ...’

അവൾ ഭയത്തിൽ ചോദിച്ചു.

‘ശ്ശ്... പതിയെ.... പാമ്പ് എന്നുവച്ചാൽ രക്തം ആഹാരമാക്കിയ ഒരുതരം പാമ്പ്... അല്ലാതെ വിഷപ്പാമ്പല്ല...’

‘സർ... ഇപ്പോൾ എന്താ ചെയ്യുക...’ അവൾ താരയെ നോക്കി ചോദിച്ചു.

‘ബാഗിൽ നിന്നും പെട്ടെന്നുതന്നെ മൂർച്ചയുള്ള എന്തെങ്കിലുമെടുക്കൂ. തൊലിയിൽ മുറിവുണ്ടാക്കിയാലേ അതിനെ വെളിയിലെടുക്കാൻ സാധിക്കൂ....പക്ഷേ ആ കുട്ടി...’

‘അവളെ ഞാൻ നോക്കിക്കോളാം സർ എത്രയും പെട്ടെന്ന് വേണ്ടത് ചെയ്യൂ...’ അതുംപറഞ്ഞുകൊണ്ട് റൂബി ബാഗിനുള്ളിൽ നിന്നും ഒരു ബോക്സെടുത്തു എന്നിട്ട് അതിൽനിന്നും മൂർച്ചയുള്ള ഒരു ബ്ലേഡ് എടുത്ത് പ്രൊഫസറെ ഏൽപ്പിച്ചു.

‘താര... ഇനി അൽപ്പസമയം ഇയാൾ കുറച്ച് വേദന സഹിക്കണം...’ പ്രൊഫസർ താരയുടെ കൈയ്യിൽ തട്ടിക്കൊണ്ട് പറഞ്ഞു. പക്ഷേ അവൾ മറുപടിയൊന്നും പറഞ്ഞില്ല. പകരം തൻറെ കാൽ പ്രൊഫസറിൻറെ അടുത്തേക്ക് നീക്കിവച്ചു കൊടുത്തു. റൂബി അവളുടെ ശരീരത്തിൽ മുറുകെ പിടിച്ചുകൊണ്ട് ശിഖരത്തിന് കുറുകെ കാലുകൾ അള്ളിപ്പിടിച്ചിരുന്നു. തൊട്ടടുത്തനിമിഷത്തിൽ താരയുടെ ഉറക്കെയുള്ള അലർച്ച ആ വനത്തെയാകെ പിടിച്ചുകുലുക്കി. അതോടൊപ്പം പൈപ്പിൽ നിന്നെന്നപോലെ ചുടുരക്തം നിലത്തേക്ക് ചീറ്റി. മറ്റുള്ളവർ സ്ഥാനചലനമില്ലാതെ പ്രൊഫസറുടെ അടുത്തേക്ക് ടോർച്ച് തെളിച്ചുകൊടുത്തുകൊണ്ടിരുന്നു.

താര റൂബിയുടെ കൈവെള്ളയിൽ അമർത്തിപ്പിടിച്ചു. റൂബി ഓരോന്നും പറഞ്ഞ് അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഇടയ്ക്ക് താര നിലത്തേക്ക് നോക്കിയപ്പോൾ നിലത്തേക്ക് വീഴുന്ന തൻറെ രക്തം നുണയാനായി പൈശാചിക മൃഗങ്ങൾ കടിപിടി കൂട്ടുന്നത് കണ്ട് അവൾ കണ്ണുകൾ ഇറുക്കിയടച്ചു. അൽപ്പസമയം കഴിഞ്ഞപ്പോൾ അടുത്ത ശിഖരത്തിലിരുന്ന് ജെസ്സി പതിയെ എഴുന്നേറ്റു. റ്റോജിയെ ഒന്നുനോക്കിയശേഷം തൻറെ ബാഗിൽ നിന്നും ഒരു പൊതിയെടുത്ത് കടിച്ചുപിടിച്ചു. എന്നിട്ട് ആ ബാഗ് റ്റോജിയെ ഏൽപ്പിച്ചു.

‘ജെസ്സി ഞാൻ പോകാം.’

അതിന് മറുപടിയായി വേണ്ട എന്ന് അവൾ ആംഗ്യം കാട്ടി. എന്നിട്ട് എന്തോ ഒന്ന് ഓർത്തതുപോലെ വീണ്ടും അവൻറെ സമീപത്തേക്കിരുന്നു. അവന് കാര്യം പിടികിട്ടിയില്ല. പെട്ടെന്ന് അവൾ ആ പൊതിയഴിച്ച് എന്തോ ഒരു മരുന്നെടുത്തിട്ട് അവൻറെ കൈ പിടിച്ചുനോക്കി. പഞ്ഞികൊണ്ട് തുടച്ചശേഷം ആ മരുന്ന് അവൻറെ കൈയ്യുടെ മുറിവിലേക്ക് തേച്ചു.

'അയ്യോ...!'

റ്റോജിയുടെ അലർച്ച കേട്ട് ഞെട്ടലോടെ പ്രൊഫസറും റൂബിയും മറ്റുള്ളവരും അവരുടെ ശിഖരത്തിലേക്ക് നോക്കി. കാര്യം മനസ്സിലായപ്പോൾ പ്രൊഫസർ വീണ്ടും തൻറെ ജോലി തുടർന്നു. വൈകാതെ ജെസ്സിയും വളരെയധികം കരുതലോടെ അവരുടെ ശിഖരത്തിലേക്കെത്തിച്ചേർന്നു.

കാലിൽ നിന്നും എന്തോ ഒന്ന് വലിച്ചൂരപ്പെട്ടതുപോലെ അനുഭവപ്പെട്ടപ്പോൾ താര നന്ദിയോടെ പ്രൊഫസറെ നോക്കി. അതോടൊപ്പം മയങ്ങി റൂബിയുടെ മടിയിലേക്ക് വീണു. റൂബി അവളെ മുറുകെപ്പിടിച്ചു. പ്രൊഫസറിൻറെ കൈയ്യിൽ കിടന്ന് പുളയുന്ന പാമ്പിനെ ബാക്കിയുള്ളവർ ഭയത്തോടെ നോക്കി. അത്രയും സമയംകൊണ്ടുതന്നെ ചോരകുടിച്ച് അത് നല്ല വലിപ്പത്തിലെത്തിയിരുന്നു. അയാൾ അതിനെ താഴേക്കിട്ടുകൊടുത്തു. അത് നിലത്തെത്തും മുൻപുതന്നെ അതിനായുള്ള കടിപിടികൾ ആരംഭിച്ചിരുന്നു. ഒടുവിൽ രണ്ട് മൃഗങ്ങൾ ചേർന്ന് അതിനെ പങ്കിട്ടെടുത്തു. പ്രൊഫസർ മാറിക്കൊടുത്തപ്പോൾ ജെസ്സി താരയുടെ കാൽ കരുതലോടെ പൊതിഞ്ഞുകെട്ടി. നിക്കോൾസൻ വാച്ചിലേക്ക് നോക്കി. അതിനുശേഷം ആകാശത്തേക്കും.

'സർ...'

റൂബി വിളിച്ചു.

'യെസ്..'

'താരയെ ഉണർത്താൻ എന്താ ചെയ്യുക.'

'താര ഉറങ്ങിക്കോട്ടെ... ഉണർത്തിയാൽ വേദനകൊണ്ട് കരയുകയേയുള്ളൂ...'

'സർ... നമുക്കുചുറ്റും എന്താ ഈ സംഭവിക്കുന്നത്... ഇപ്പോൾ പകലല്ലേ...'

ജിജ്ഞാസയോടെ ജെസ്സി തിരക്കി.

'എനിക്കും അറിയില്ല... ഞാൻ ഇവിടെ വന്നതിനുശേഷം ഇങ്ങനെയൊന്നുണ്ടാവുന്നത് ഇതാദ്യമായാണ്. ഞാൻ മനസ്സിലാക്കിയതുവച്ച് ഭൂമിക്ക് വലിയ എന്തോ ദുരന്തം വരാൻ പോകുന്നതിൻറെ ലക്ഷണങ്ങളാണ് ഇതെല്ലാം... അല്ലെങ്കിൽ ഇങ്ങനെയൊരു മാറ്റം ഇത്രപെട്ടെന്ന് മർമ്മദ്വീപിൽ സംഭവിക്കില്ല...'

'പക്ഷേ സാറിൻറെ കണക്കുവച്ച് അതിന് ഇനിയും കുറച്ചധികം ദിവസങ്ങളില്ലേ...' അവൾ അത് പറഞ്ഞപ്പോൾ പ്രൊഫസർ ഒന്നും മിണ്ടിയില്ല.

അൽപ്പസമയം കഴിഞ്ഞപ്പോൾ അയാൾ ജെസ്സിയെയും റൂബിയെയും നിരാശയോടെ നോക്കി.

'എൻറെ കണക്കുകൂട്ടലുകൾക്ക് എവിടെയോ പിഴവ് സംഭവിച്ചിരിക്കുന്നു... ഒരു വലിയ പിഴവ്...'

അത് കേട്ടതും പെൺകുട്ടികൾ തമ്മിൽ തമ്മിൽ നോക്കി. മറ്റുള്ളവർക്ക് അവരുടെ സംസാരം വ്യക്തമായില്ലെങ്കിലും അവർ മറ്റു ശിഖരങ്ങളിൽ ഇരുന്നുകൊണ്ട് അവരെ ശ്രദ്ധിച്ചു കൊണ്ടിരുന്നു.

'ഇനി ഒട്ടും താമസിച്ചുകൂടാ... എത്രയും പെട്ടെന്ന് നമുക്കാ കൊട്ടാരത്തിലെത്തണം...'

പ്രൊഫസർ എല്ലാവരെയും നോക്കി പറഞ്ഞു.

'പക്ഷേ നമ്മൾ എങ്ങനെയാണ് ഇപ്പോൾ ഇവിടെനിന്നും രക്ഷപെടുക. ഇവയെല്ലാം നമ്മളെയും ഉന്നംവച്ച് നിൽക്കുകയല്ലേ...'

അതുചോദിച്ചിട്ട് രഞ്ജിത് റ്റോജി ഇരുന്നിരുന്ന താഴത്തെ ശിഖരത്തിലേക്ക് തൂങ്ങിയിറങ്ങി.

'രഞ്ജിത്. തൽക്കാലം ഞാൻ ഒരു കാര്യം ചെയ്യാൻ പോവുകയാണ്. നിങ്ങളെല്ലാവരും ഇവിടെത്തന്നെ സുരക്ഷിതരായി ഇരിക്കണം. ഞാൻ തനിച്ച് കൊട്ടാരത്തിലേക്ക് പോവുകയാണ്...'

അതുകേട്ടപ്പോൾ എല്ലാവരും സംശയത്തോടെ പ്രൊഫസറിനെ നോക്കി.

'സർ... പക്ഷേ എങ്ങനെ..?'

'നിങ്ങൾ അതുനോക്ക്. ഈ മരങ്ങളൊക്കെയും അടുത്തടുത്താണ് നിൽക്കുന്നത്. എല്ലാം ഒരേ ഇനത്തിൽപ്പെട്ട മരങ്ങളാണ്. നമ്മൾ ഇപ്പോൾ ഇരിക്കുന്നതുപോലെതന്നെയുള്ള ശിഖരങ്ങളാണ് എല്ലാത്തിൻറെയും മുകൾഭാഗത്തും. ഒന്നു ശ്രമിച്ചാൽ അവയിലൂടെ എനിക്ക് കൊട്ടാരത്തിലേക്കെത്താൻ കഴിയും. അന്തരീക്ഷം തെളിഞ്ഞ് സൂര്യപ്രകാശം വ്യാപിച്ചാൽ മാത്രമേ ഈ മൃഗങ്ങളൊക്കെ അവയുടെ താവളങ്ങളിലേക്ക് മടങ്ങുകയുള്ളൂ. അതുവരെ കാത്തുനിന്നാൽ ഒരുപക്ഷേ...'

അയാൾ വാക്കുകൾ മുഴുമിപ്പിച്ചില്ല.

'സർ തീ കണ്ടാൽ അവ ഓടില്ലേ. നമുക്ക് നിലത്തുള്ള കരിയിലകൾക്ക് തീകൊടുക്കാൻ കഴിഞ്ഞാൽ അവയിൽ നിന്നും രക്ഷപെടാനാവില്ലേ...'

റൂബി ചോദിച്ചു.

'അങ്ങനെ ഒരിക്കലും ചെയ്യരുത് ആ തീ പടർന്നാൽ പിന്നെ ഈ വനം മുഴുവൻ അഗ്നിക്കിരയാകും...'

'സർ എങ്കിൽ സാറിൻറെയൊപ്പം സഹായത്തിന് ഞാനും വിക്കിയും വരാം...'

മുകളിലെ ശിഖരത്തിലിരുന്നുകൊണ്ട് ഷാനു പറഞ്ഞു. വിക്കിയും അതിന് തലകുലുക്കി. അവർ ഇരുവർക്കും മരത്തിൽ അള്ളിപ്പിടിച്ച് കയറാൻ വശമുണ്ടെന്ന് പ്രൊഫസർ നേരത്തെ തന്നെ മനസ്സിലാക്കിയിരുന്നു.

അധികം താമസിയാതെ അവർ മൂവരും തീവ്രതയുള്ള തലയിൽ ഉറപ്പിക്കുന്ന തരത്തിലെ ലൈറ്റുകൾ എടുത്തണിഞ്ഞു.

'സൂര്യപ്രകാശം കാണുന്നതുവരെ നിങ്ങൾ ഇവിടെത്തന്നെ തുടരണം. അതിനുശേഷം താഴേക്കിറങ്ങിയാൽ മതി. ഇവിടെനിന്നും മുന്നോട്ട് നടന്ന് വലത്തേയ്ക്ക് തിരിഞ്ഞാൽ കൊട്ടാരത്തിലേക്കുള്ള പ്രധാന വഴിയെത്തും. ആ വഴിയിൽ അപായങ്ങൾ ഒന്നുംതന്നെയില്ല. കൊട്ടാരത്തിലെത്തിയാലുടൻ ഇടതുവശത്ത് കാണുന്ന ചങ്ങലയിൽ ആഞ്ഞുവലിക്കണം. അത് വലിയൊരു മണിയുമായി ബന്ധിപ്പിച്ചിരിക്കുന്നതാണ്. ഞങ്ങളിലാരെങ്കിലും നിങ്ങൾക്കരികിലെത്താതെ കൊട്ടാരത്തിനുള്ളിലേക്ക് പ്രവേശിക്കാൻ ശ്രമിക്കരുത്. താരയെ നന്നായി നോക്കിക്കോളൂ ഞങ്ങൾ പോവുകയാണ്....'

അത് പറഞ്ഞിട്ട് പ്രൊഫസർ മുകളിലത്തെ ശിഖരത്തിലേക്ക് വലിഞ്ഞുകയറി. തുടർന്ന് അടുത്ത മരത്തിൻറെ ചില്ലയുമായി സ്പർശിച്ചു നിൽക്കുന്ന നീളത്തിലുള്ള ഒരു ശിഖരത്തിലൂടെ അള്ളിപ്പിടിച്ച് മുന്നോട്ടുനീങ്ങി.

മറ്റുള്ളവരെ നോക്കി ഒന്ന് പുഞ്ചിരിച്ചശേഷം വിക്കിയും ഷാനുവും പ്രൊഫസറെ പിൻതുടർന്ന് അടുത്ത മരത്തിൻറെ ചില്ലകളിലേക്ക് ചേക്കേറി. അവർ സഞ്ചരിച്ചപ്പോൾ കേട്ട മരത്തിലെ ഇലകൾ ചലിക്കുന്ന ശബ്ദം ദൂരേയ്ക്ക് അകന്നകന്നുപോയി.

മുകളിലത്തെ ശിഖരത്തിൽ തനിച്ചായപ്പോൾ അലക്സ് റ്റോജി ഇരുന്നിരുന്ന ശിഖരത്തിലേക്ക് തൂങ്ങിയിറങ്ങി. അവർ പോയതിനുശേഷം ആരുമാരും പരസ്പരം ഒന്നും സംസാരിച്ചില്ല. എല്ലാവരും ടോർച്ചുകളണച്ച് ശിഖരത്തിൽ തന്നെ സൂര്യപ്രകാശത്തിനുവേണ്ടി കാത്തിരുന്നു. താര അബോധാവസ്ഥയിലും വേദനകൊണ്ട് ഇടയ്ക്കിടെ ഞരങ്ങിക്കൊണ്ടിരുന്നു. റ്റോജി നിലത്തേക്ക് നോക്കി. മരക്കൊമ്പിൽ തങ്ങിയിരിക്കുന്ന ടോർച്ചിൽനിന്നും പതിക്കുന്ന മങ്ങിയപ്രകാശത്തിൽ അവൻ ആ മൃഗങ്ങളെ ഒന്നുകൂടി നോക്കി നെടുവീർപ്പിട്ടു.

സമയം വീണ്ടും കടന്നുപോയി. അന്തരീക്ഷത്തിൽ അസഹനീയമായി തണുപ്പ് കൂടിക്കൂടിവന്നു. അതോടൊപ്പം ഈർപ്പമുള്ള കാറ്റും വീശുവാൻ ആരംഭിച്ചിരുന്നു. കാറ്റിൽ ശിഖരങ്ങളിലെ ചില്ലകൾ ആടിയുലഞ്ഞു. എല്ലാവരും കൂടുതൽ കരുതലോടെ ചില്ലകളിൽ പിടിച്ചിരുന്നു. പക്ഷേ പൊടുന്നനെ കാറ്റിൽ ആടിയുലഞ്ഞ ശിഖരത്തിൽനിന്നും തങ്ങിയിരുന്ന ടോർച്ച് നിലത്തേക്ക് പതിച്ചു. അത് ചെന്നുവീണത് ആ പൈശാചിക മൃഗങ്ങളുടെ ഇടയിലേക്കായിരുന്നു. അവ എന്തോ കണ്ട് ഭയന്നതുപോലെ ടോർച്ച് കിടന്നിരുന്ന ഭാഗത്തുനിന്നും ഓടിമാറി. ടോർച്ചിൻറെ പ്രകാശം തീവ്രമായി പതിച്ച സ്ഥലത്തിൻറെ ഇരുവശവുമായി അവർ കൂട്ടമായി നിന്നു.

അപ്പോൾ അതൊരു പാതപോലെ കാണപ്പെട്ടു. അത് കണ്ടതും രഞ്ജിത് അവൻറെ കൈയ്യിലുണ്ടായിരുന്ന ടോർച്ച് പ്രകാശിപ്പിച്ചു. എന്നിട്ട് അത് നിലത്തേക്ക് പതിപ്പിച്ചുനോക്കി. പ്രകാശം നേരിട്ട നിലത്തേക്ക് പതിച്ചതും ആ ഭാഗത്തു നിന്ന മൃഗങ്ങളും അവിടെനിന്നും ഭയത്തോടെ ഓടിമാറി. അവൻ വീണ്ടുംവീണ്ടും പല വശങ്ങളിൽ പ്രകാശം പതിപ്പിച്ചപ്പോൾ ആദ്യം സംഭവിച്ചതുതന്നെ സംഭവിച്ചു. അവൻ എല്ലാവരെയും നോക്കി അർത്ഥംവച്ച് ചിരിച്ചു. ബാക്കിയുള്ളവരും അതേ കാഴ്ച നോക്കി സന്തോഷിക്കുകയായിരുന്നു അപ്പോൾ.

‘എല്ലാവരും തലയിൽ ഫിക്സ് ചെയ്യുന്ന ടൈപ്പ് ലൈറ്റുകൾ വേഗം ഫിക്സ് ചെയ്യൂ. താരയ്ക്കും ഒരെണ്ണം ഫിക്സ് ചെയ്തേക്കു...’ അത് കേട്ടതും ലൈറ്റുകൾ സൂക്ഷിച്ചിരുന്ന ബാഗ് റ്റോജി ജെസ്സിയെ ഏൽപ്പിച്ചു.

‘ആഹാ... ഇത്രയും തരത്തിലുള്ള ലൈറ്റുകൾ നമ്മുടെ പക്കലുള്ളപ്പോൾ ഇനി ഒന്നിനെയും ഭയക്കേണ്ട കാര്യമില്ല...’ ബാഗിനകം പരിശോധിച്ചുകൊണ്ട് അവൾ പറഞ്ഞു.

‘അപ്പോൾ താര..?’

റൂബി സംശയത്തോടെ ചോദിച്ചു. ‘താരയെ നമുക്ക് എങ്ങിനെയും താഴെ എത്തിക്കാം. അതിനൊക്കെമുൻപ് കുറച്ച് പണികളുണ്ട്...’

അത് പറഞ്ഞിട്ട് രഞ്ജിത് ബാഗിൽനിന്നും സീരിയൽ ലൈറ്റ്സെറ്റ് പോലെ തോന്നിക്കുന്ന ഒന്നെടുത്ത് ഓൺ ചെയ്തു. അടുത്തനിമിഷത്തിൽ മരത്തിൻറെ മുകളിൽ പകൽപോലെ പ്രകാശം പരന്നു. അത് കണ്ടിട്ടെന്നോണം മരച്ചുവട്ടിൽനിന്നും കുറച്ചുദൂരം പിന്നിലേക്ക് അകന്നുമാറിക്കൊണ്ട് ആ മൃഗങ്ങൾ മുരളുവാൻ തുടങ്ങി. രഞ്ജിത്തും അലക്സുംകൂടി വേഗംതന്നെ അവയെല്ലാം കൂടി ചുരുട്ടി ഒരു പന്തുപോലെയാക്കി. എന്നിട്ട് ബാഗിൽനിന്നും കയറെടുത്ത് അതിൻറെ അറ്റത്ത് അത് കെട്ടിത്തൂക്കി.

‘ഇന്നാ പിടിച്ചോ...’ അതുംപറഞ്ഞുകൊണ്ട് ശിഖരങ്ങളുടെ ഇടയിലൂടെ രഞ്ജിത് അത് നിലത്തേക്ക് നീട്ടിയെറിഞ്ഞു. അത് നിലത്തേക്ക് പതിക്കും മുൻപുതന്നെ അവൻ കയർ മുകളിലേക്ക് വലിച്ചു. അത് അന്തരീക്ഷത്തിലൂടെ മുന്നോട്ടും പിന്നോട്ടും ആടുവാൻ തുടങ്ങി. അതോടൊപ്പം ആ മൃഗങ്ങൾ നിലത്തേക്ക് തലകുനിച്ചുകൊണ്ട് ദൂരേയ്ക്ക് ഓടിമാറി. അവ മുഖമുയർത്തി പ്രകാശത്തിലേക്ക് നോക്കിയതുപോലുമില്ല. രഞ്ജിത് മരക്കൊമ്പുകളിലൂടെ അതിവേഗത്തിൽ നിലത്തേക്ക് ഊർന്നിറങ്ങി.

‘എല്ലാവരും താഴേക്ക് ഇറങ്ങാൻ തുടങ്ങിക്കോളൂ. ഇനി അവയെ പേടിക്കേണ്ട കാര്യമില്ല...’ അവൻറെ ശബ്ദത്തിലെ സന്തോഷം അവരെല്ലാവരും തിരിച്ചറിഞ്ഞു.

അവർ ഓരോരുത്തരായി താഴേക്ക് ഇറങ്ങിത്തുടങ്ങി. റൂബിയും അലക്സുംകൂടി വളരെയധികം ആയാസപ്പെട്ട് താരയ രണ്ടാമത്തെ ശിഖരംവരെ എത്തിച്ചു. പിന്നെ ബാക്കിയുള്ളവരും അവളെ താഴെയിറക്കാൻ സഹായിച്ചു. ഒടുവിൽ റ്റോജിയും

നിലത്തേക്ക് ചാടിയിറങ്ങി. അപ്പോഴേക്കും ബാഗിലുണ്ടായിരുന്ന പ്രകാശസ്രോതസ്സുകൾ മുഴുവനും അവരെല്ലാവരും ഉപയോഗിച്ചുതുടങ്ങിയിരുന്നു.

അവർ നിന്നിരുന്ന ഭാഗമത്രയും പകലിനെക്കാൾ തെളിഞ്ഞുനിന്നു.

വെളിച്ചത്തെ ഭയന്ന് ആ മൃഗങ്ങളിൽ പലരും മരങ്ങൾക്കിടയിൽ ഓടിയൊളിച്ചു. മറ്റുചിലത് നിലത്ത് മുഖം പൂഴ്ത്തിക്കിടന്നു. റ്റോജി നിലത്തുനിന്നും ഒരു ഭാരമുള്ള കല്ല് ഉയർത്തിയെടുത്തു. അലക്സിൻറെ സഹായത്തോടെ തൊട്ടടുത്ത് മുഖം പൂഴ്ത്തിക്കിടന്നിരുന്ന ഒരു ജീവിയുടെ നേർക്ക് അവർ അത് ആഞ്ഞെറിഞ്ഞു. കല്ല് കൃത്യമായി അതിൻറെ ശരീരത്തിൽ ചെന്നുവീണു. മനുഷ്യരുടേതുപോലെയുള്ള ഒരലർച്ച അവിടെയാകെ പ്രതിധ്വനിച്ചു. ഏറ്കിട്ടിയ മാത്രയിൽ അത് പിടഞ്ഞുകൊണ്ട് ദൂരേയ്ക്ക് ഓടിപ്പോയി. ആകാശത്തിൽ ഇടയ്ക്കിടെ മിന്നൽപ്പിണരുകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

അവ മഴയെ സ്വാഗതം ചെയ്യുകയാണെന്ന് ഇടിമുഴക്കത്തോടെ വിളിച്ചറിയിച്ചു. എല്ലാവരും ബാഗുകൾ ഓരോന്നായി തോളിൽ എടുത്തുതൂക്കി. പൊടുന്നനെ ഈർപ്പമുള്ള കാറ്റിനൊപ്പം തണുത്ത വെള്ളത്തുള്ളികളും ആകാശത്തുനിന്നും ഭൂമിയിലേക്ക് വർഷിക്കപ്പെട്ടു. പതിയെപ്പതിയെ ആ തുള്ളികളുടെ കാഠിന്യം കൂടിക്കൂടിവന്നു. കൂട്ടത്തിൽ പ്രകാശം പരത്തിക്കൊണ്ടിരുന്ന സീരിയൽ ബൾബിൽ രണ്ട് മൂന്നെണ്ണം പൊട്ടുകയും ചെയ്തു.

‘അയ്യോ... ഐസ്മഴ...’

റ്റോജി തലയിൽ കൈവച്ചുകൊണ്ട് പറഞ്ഞു.

‘നമുക്ക് വേഗം ഇവിടെനിന്നും രക്ഷപെടണം...’ അതും പറഞ്ഞുകൊണ്ട് രഞ്ജിത് താരയെ ഉയർത്തി അവൻറെ തോളിലേക്കിട്ടു. സീരിയൽ ബൾബിൽ വീണ്ടും ഒന്നുരണ്ടെണ്ണംകൂടി പൊട്ടി. അതോടൊപ്പം അവരുടെ ശരീരത്തിലും ആ ഐസ് തരികൾ വേദനയുണ്ടാക്കി. ചുറ്റിനും വെളിച്ചം പ്രകാശിപ്പിച്ചുകൊണ്ട് അതിവേഗത്തിൽ അവർ മുന്നിലേക്ക് നടന്നു.

ഐസ് മഴയ്ക്ക് ശക്തി പ്രാപിക്കുന്നുണ്ടെന്ന് മനസ്സിലാക്കി പ്രൊഫസർ പറഞ്ഞ വഴിക്ക് അവർ കൂട്ടമായി ഓടി. ഒരേ സമയം അവരെല്ലാവരും കൈയ്യിലുള്ള പ്രകാശസ്രോതസ്സുകൾ ചുറ്റും വീശിയടിച്ചുകൊണ്ടിരുന്നു. ആ പ്രകാശത്തിൽ തങ്ങൾക്കൊപ്പം മരങ്ങളുടെ മറപറ്റി ആ ജീവികളും തങ്ങളെ പിൻതുടരുന്നുണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. അൽപ്പദൂരംകൂടി ചെന്നപ്പോൾ മരങ്ങളില്ലാത്ത ഒരു പുൽപ്രദേശത്തിലേക്ക് അവർ എത്തിച്ചേർന്നു. അപ്പോഴേക്കും സീരിയൽ ബൾബുകളിൽ പകുതിയും നശിച്ചിരുന്നു. തങ്ങളുടെ സുരക്ഷയായ പ്രകാശം കുറയുന്നത് മനസ്സിലാക്കി കൈയ്യിലുള്ള ടോർച്ചുകൾ അവർ അങ്ങോട്ടുമിങ്ങോട്ടും

ചുഴറ്റിവീശി. സീരിയൽ ബൾബുകളുടെ പ്രകാശത്തിൻറെ കാഠിന്യം കുറഞ്ഞത് തിരിച്ചറിഞ്ഞ് ആ മൃഗങ്ങളും ഓരോരുത്തരായി അവരെ വലയം ചെയ്യുവാൻ ആരംഭിച്ചു.

'രഞ്ജിത്... നമ്മൾ ഇനി എങ്ങോട്ടാ പോവുക...' റൂബി കൈയ്യിലിരുന്ന ടോർച്ച് ചുഴറ്റികൊണ്ടുതന്നെ ചോദിച്ചു.

അവളുടെ ശബ്ദത്തിലെ വിറയൽ രഞ്ജിത് തിരിച്ചറിഞ്ഞു. ആ നിമിഷത്തിൽ താൻ കാണിച്ചത് മണ്ടത്തരമായിപ്പോയോ എന്നു പോലും അവൻ ചിന്തിച്ചുപോയി. മരങ്ങളുടെ തടസ്സമില്ലാത്തതിനാൽ ഐസുതരികൾ നേരിട്ട് വന്നുപതിച്ച് ബൾബുകൾ ഒന്നൊന്നായി വീണ്ടുംവീണ്ടും നശിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും താരയ്ക്കും ബോധം വീണിരുന്നു. ഒന്നും മനസ്സിലാകാതെ രഞ്ജിത്തിൻറെ ചുമലിൽ കിടന്നുകൊണ്ട് അവൾ ചുറ്റും നോക്കി. പെട്ടെന്ന് ആകാശത്തിലൂടെ ചുള്ളിക്കമ്പു പോലെയൊരു മിന്നൽപ്പിണർ പ്രത്യക്ഷപ്പെട്ടു. ഒന്നോ രണ്ടോ സെക്കൻറ് മാത്രം ദൈർഘ്യമുണ്ടായിരുന്ന ആ ഒറ്റ പ്രകാശത്തിൽ അവരെ വളഞ്ഞിരിക്കുന്ന അനേകായിരം പൈശാചിക മൃഗങ്ങളെയും കുറച്ചകലെയായി സ്ഥിതിചെയ്യുന്ന കൊട്ടാരത്തെയും അവരെല്ലാവരും വ്യക്തമായി കണ്ടു...!

# മുപ്പത്തിയഞ്ച്

അവരെയെല്ലാം മാനസ്സികമായി തളർത്തുന്ന തരത്തിലെ ഒരു കാഴ്ച്ചയായിരുന്നു ആ മിന്നൽപ്പിണർ സമ്മാനിച്ചത്. ബോധം വന്ന നിമിഷത്തിൽത്തന്നെ പൈശാചിക ജീവികളെ തനിക്കരികിൽ കണ്ടതും താര ഉറക്കെ നിലവിളിച്ചു.

അതു കേട്ടതും ആ ജീവികളിൽ ഒന്ന് മുൻകാലിലെ കുളമ്പുകൾ തമ്മിൽ കൂട്ടിയുരസ്സിക്കൊണ്ട് ഓരിയിടുന്ന തരത്തിൽ നീട്ടി കൂവി. തൊട്ടുപിന്നാലെ ബാക്കിയുള്ളവയും അത് ഏറ്റുപിടിച്ചു. നിമിഷനേരംകൊണ്ട് അവർക്കു ചുറ്റും നിർത്താതെയുള്ള ഓരിയിടലുകൾ നിറഞ്ഞു. ആ ശബ്ദകോലാഹലങ്ങൾക്കിടയിൽ എന്തുചെയ്യണമെന്നറിയാതെ അവർ ആറുപേരും തങ്ങളെ വളഞ്ഞിരിക്കുന്ന ജീവികൾക്കുനടുവിൽ പകച്ചുനിന്നു.

രഞ്ജിത് തോളിൽനിന്നും താരയെ നിലത്തേക്കിറക്കി നിർത്തി. ജെസ്സി അവളുടെ പോക്കറ്റിൽ കരുതിയിരുന്ന മറ്റൊരു ടോർച്ചെടുത്ത് താരയുടെ കൈയ്യിലേക്ക് കൊടുത്തു. ചുറ്റും നടക്കുന്നതൊന്നും മനസ്സിലായില്ലെങ്കിലും പൊതിഞ്ഞുകെട്ടിയ കാൽ ഉയർത്തിപ്പിടിച്ചശേഷം ടോർച്ച് പ്രകാശിപ്പിച്ചുകൊണ്ട് അവളും അവർക്കൊപ്പം ചേർന്നു.

'എല്ലാവരും പെട്ടെന്ന് റൗണ്ട് ഷേപ്പിൽ നിൽക്ക്...' ചിതറിനിന്ന് ടോർച്ച് പ്രകാശിപ്പിക്കുന്നതിലും നല്ലത് വൃത്താകൃതിയിൽ നിൽക്കുന്നതാണെന്ന് മനസ്സിലാക്കി രഞ്ജിത് വിളിച്ചുപറഞ്ഞു. ടോർച്ചുകൾ ചുഴറ്റിവീശിക്കൊണ്ടുതന്നെ അവർ പിന്തിരിഞ്ഞ് വട്ടംകൂടി.

ഒരു വാശിപോലെ ഓരോരുത്തരും തങ്ങളെ വലയം ചെയ്തിരിക്കുന്ന ജീവികളുടെ നേർക്ക് ടോർച്ചടിച്ചു. പക്ഷേ ടോർച്ചിൻറെ വെളിച്ചം കണ്ണിൽ പതിയാതെ അവയും തല ചുഴറ്റിക്കൊണ്ട് പ്രകാശത്തെ അതിജീവിച്ചു. സീരിയൽ ബൾബുകളുടെ ബലത്തിലാണ് തങ്ങളപ്പോൾ പിടിച്ചുനിൽക്കുന്നതെന്ന സത്യം അവർ ഓരോരുത്തരും ഞെട്ടലോടെ തിരിച്ചറിഞ്ഞു. എന്നിട്ടും ടോർച്ചുകൾ കൊണ്ടുള്ള പ്രയത്നം അവരാരും അവസാനിപ്പിച്ചില്ല. അലക്സിൻറെ കൈയ്യിൽനിന്നും സീരിയൽ ബൾബ്സെറ്റ് രഞ്ജിത് പിടിച്ചുവാങ്ങി. ശേഷം അത് മുന്നിലേക്ക് നീട്ടിപ്പിടിച്ചു. അതിൻറെ വെളിച്ചം ചെന്നതും അവിടെയുണ്ടായിരുന്ന ജീവികൾ ഒരൽപ്പം പിന്നിലേക്കൊഴിഞ്ഞുമാറി. ആ സമയത്ത് വൃത്താകൃതിയിൽ പിന്നിൽ നിന്നവരുടെ ഭാഗത്തെ ജീവികൾ കുറച്ചുകൂടി മുന്നിലേക്ക് കയറുകയും ചെയ്തു.

ഐസ്മഴ വീണ്ടും കനത്തു. ഭൂമിയിലേക്ക് പതിക്കുന്ന വലിയതും കൂർത്തതുമായ ഐസ് കഷ്ണങ്ങൾ അവരുടെ ശരീരത്തിൽ മുറിവുകളും ചതവുകളും സമ്മാനിച്ചു. ആ ഗതിയിൽ ഇനിയും അധികസമയം തുടരുവാൻ കഴിയില്ലെന്ന് മനസ്സിലാക്കി രഞ്ജിത് കൊട്ടാരം സ്ഥിതിചെയ്യുന്ന ഭാഗത്തേക്ക് നോക്കി.

'രഞ്ജിത്... ആലോചിച്ചുനിൽക്കാൻ സമയമില്ല... എന്തെങ്കിലും പെട്ടെന്ന് ചെയ്യ്...' റൂബി വെപ്രാളത്തോടെ പറഞ്ഞു.

അതിന് മറുപടി പറയാതെ നിസ്സഹായതയോടെ അവൻ അവളെ നോക്കി.

'സർ...'

പിന്നിൽ നിന്നിരുന്ന റ്റോജി തൊണ്ടപൊട്ടുന്ന തരത്തിൽ അലറി. മറ്റുമാർഗ്ഗങ്ങളില്ലാതെ ബാക്കിയുള്ളവരും അതേറ്റുപിടിച്ചു. അപ്പോഴേക്കും അവരുടെ സുരക്ഷയായ സീരിയൽ ബൾബുകളിൽ ഏകദേശം എല്ലാം പൊട്ടിത്തീർന്നിരുന്നു..!

************************

ഇതേസമയം പ്രൊഫസറും വിക്കിയും ഷാനുവും കൊട്ടാരത്തിലേക്കുള്ള മറ്റൊരു വഴിയുടെ മുൻഭാഗത്തുള്ള മരങ്ങളിലേക്കെത്തിയിരുന്നു.

'സർ ഇവിടെ സ്ഥിരമായി ഇങ്ങനെ ഐസ് വീഴുമോ...' മരച്ചില്ലയിൽ തട്ടിത്തെറിച്ച് നെറ്റിയിലേക്ക് വീണ ഐസ്തരി തുടച്ചുമാറ്റിക്കൊണ്ട് വിക്കി ചോദിച്ചു. പെട്ടെന്ന് ദൂരെനിന്നും ഉയർന്നുകേട്ട ഓരിയിടൽ ശബ്ദം അവരെ മൂവരെയും നിശബ്ദരാക്കി.

'സർ അവർക്ക് വല്ല അപകടവും പറ്റിയിരിക്കുമോ...'

ഭയം കലർന്ന സ്വരത്തിൽ ഷാനു ചോദിച്ചു.

'ഏയ്... അതിന് ഒരിക്കലും സാധ്യതയില്ല. മരത്തിനുമുകളിൽ കയറുന്ന തരത്തിലുള്ള മൃഗങ്ങൾ ഇവിടെയില്ല. അതുകൊണ്ട് അവർ ആ ശിഖരങ്ങളിൽ തീർത്തും സുരക്ഷിതരാണ്...' അതു കേട്ടപ്പോൾ അവന് ആശ്വാസമായി. അധികം വൈകാതെ അവർ മുൻനിരയിലായി നിൽക്കുന്ന ഒരു മരത്തിലേക്ക് എത്തിച്ചേർന്നു.

'താഴേക്കെത്തിയാൽ പിന്നെ നിൽക്കരുത്. കിലോമീറ്ററുകൾ അകലെവരെയുള്ള മനുഷ്യൻറെ ഗന്ധം തിരിച്ചറിയാൻ ഇവിടെയുള്ള മൃഗങ്ങൾക്ക് സാധിക്കും. അവ നമ്മളെ തേടിയെത്തുംമുൻപുതന്നെ നമ്മൾ കൊട്ടാരത്തിൻറെ അതിർത്തിയിലെത്തിയിരിക്കണം. അതിനപ്പുറം താണ്ടാൻ അവയ്ക്ക് കഴിയില്ല കാരണം കൊട്ടാരത്തിനെ ചുറ്റി ആഴം കണക്കാക്കാനാവാത്ത തരത്തിൽ ഒരു ജലാശയമുണ്ട്. അതിൻറെ ഉപരിതലത്തിൽ ഒരിനം പായലുകൾ വളരുന്നുണ്ട്. അവയിലുണ്ടാകുന്ന പൂക്കളുടെ ഗന്ധം പക്ഷികൾക്കുപോലും അസഹനീയമാണ്. അതിനാൽ ഒറ്റ മൃഗങ്ങളും ആ ജലാശയത്തിൻറെ സമീപത്തേക്കുപോലും വരാറില്ല.

എങ്ങനെയും അവിടെവരെയെത്താൻ കഴിഞ്ഞാൽ നമ്മൾ രക്ഷപ്പെട്ടു. ആ ജലാശയത്തിന് കുറുകെയായി കൊട്ടാരത്തിലേക്കുള്ള പ്രധാന വഴി ഉൾപ്പെടെ മൊത്തം മുപ്പത് വഴികളാണുള്ളത്. ആ വഴികൾ മറികടക്കാനും മനുഷ്യരെക്കൊണ്ട് മാത്രമേ സാധിക്കൂ. ആ രീതിയിലാണ് അതിൻറെ നിർമ്മാണം. അതുകൊണ്ട് ഭൂമിയിൽ കാലുകുത്തിയാലുടൻ എനിക്കൊപ്പം നിർത്താതെ ഓടണം. ജലാശയത്തിനരികിലെത്താതെ ഓട്ടമവസാനിപ്പിക്കരുത്...' പ്രൊഫസർ അവരെ ഇരുവരെയും വീണ്ടും ഓർമ്മിപ്പിച്ചു.

ആ മരത്തിൻറെ ഏറ്റവും താഴത്തെ ശിഖരത്തിലായിരുന്നുകൊണ്ട് ടോർച്ചിൻറെ പ്രകാശത്തിൽ ചുറ്റുപാടും ഒരു സൂക്ഷ്മ പരിശോധന നടത്തിയശേഷം ടോർച്ചണച്ചുകൊണ്ട് പ്രൊഫസ്സർ താഴേക്കിറങ്ങി. തൊട്ടുപിന്നാലെ വിക്കിയും ഷാനുവും നിലത്തേക്ക് ചാടിയിറങ്ങി. അവർ ഇറങ്ങിയതും പ്രൊഫസ്സർ മുന്നിലേക്ക് കുതിച്ചു. അവരും അതുപോലെതന്നെ അയാൾക്കൊപ്പം പാഞ്ഞു. ഓട്ടത്തിനിടയിൽ വിക്കിയും ഷാനുവും ചുറ്റുപാടേക്കും നോക്കിയതേയില്ല. പ്രൊഫസർക്കൊപ്പമെത്തുവാനായി അവരിരുവരും മത്സരിച്ചുകൊണ്ടിരുന്നു. കനത്ത ഇരുട്ടിൽ മുന്നിലൂടെ ഓടുന്ന പ്രൊഫസറുടെ കാൽപ്പെരുമാറ്റം മാത്രമായിരുന്നു അവരുടെ വഴികാട്ടി.

നേരിട്ട് ഐസ്മഴ കൊണ്ടപ്പോൾ അവരുടെ ശരീരത്തിലും അത് വേദനയുളവാക്കി. പെട്ടെന്ന് തങ്ങൾക്കുപിന്നിലായി വഴിമദ്ധ്യേ കേട്ടതുപോലെയുള്ള കുളമ്പടി ശബ്ദങ്ങൾ ഉത്ഭവിച്ചത് ഞെട്ടലോടെ അവർ തിരിച്ചറിഞ്ഞു.

'സർ... അവ നമുക്കുപിന്നിലുണ്ട്...'

വിക്കി കിതപ്പോടെ വിളിച്ചുപറഞ്ഞു.

'ബോയ്സ്...ഹറിയപ്പ്...' പ്രൊഫസറുടെ ശബ്ദം മുന്നിൽനിന്നും കേട്ടപ്പോൾ വിക്കിയും ഷാനുവും തങ്ങളുടെ കാലുകൾക്ക് വീണ്ടും കരുത്ത് പകർന്നു. പുല്ലുകൾ ചവിട്ടി മെതിച്ചുകൊണ്ട് അവരിരുവരും പരമാവധി വേഗതയിൽ മുന്നോട്ടോടി. കുളമ്പടികൾ തൊട്ടുപിന്നിലായി എത്തിയതറിഞ്ഞപ്പോൾ ആൺകുട്ടികളുടെ നെഞ്ച് പിടഞ്ഞു.

വിക്കി ഉച്ചത്തിൽ അലറിവിളിച്ചുകൊണ്ട് മുന്നിലേക്ക് ചുവടുകൾവച്ചു. പെട്ടെന്ന് മത്തുപിടിപ്പിക്കുന്ന തരത്തിലുള്ള ഒരു ഗന്ധം അവരുടെ നാസാദ്വാരങ്ങളിലേക്ക് തുളഞ്ഞുകയറി. അപ്പോഴേക്കും പ്രൊഫസറുടെ ഓട്ടത്തിൻറെ വേഗത കുറഞ്ഞതും പിന്നിലായുള്ള കുളമ്പടി ശബ്ദങ്ങൾ നിലച്ചതും അവർ തിരിച്ചറിഞ്ഞു. അവർ ഇരുവരും പ്രൊഫസർക്കൊപ്പം ഓടിയെത്തിയശേഷം അയളെപ്പോലെതന്നെ വേഗതകുറച്ചു. ഏങ്ങലടിയോടുകൂടിയ യുവാക്കളുടെ കിതപ്പ് തിരിച്ചറിഞ്ഞ പ്രൊഫസർ അവരുടെനേർക്ക് ലൈറ്റ് തെളിച്ചു. വിക്കിയുടെയും ഷാനുവിൻറെയും കണ്ണുകൾ നിറഞ്ഞൊഴുകിയിരിക്കുന്നത് കണ്ടതും അവരെ ഇരുവരെയും അയാൾ തന്നോട് ചേർത്തുപിടിച്ചു.

‘പേടിക്കേണ്ട...നിങ്ങൾക്കൊന്നും വരില്ല....ഞാനല്ലേ കൂടെയുള്ളത്...’

അത് കേട്ടതും അവർ ഇരുവരും അയാളെ കെട്ടിപ്പിടിച്ചു. ശേഷം കണ്ണുതടച്ച് അയാൾക്കുമുന്നിൽ നിന്നു.

‘വാ....നമുക്ക് സമയമില്ല...’

അതും പറഞ്ഞുകൊണ്ട് പ്രൊഫസർ മുന്നിലേക്ക് തിരിഞ്ഞു. യുവാക്കളും തങ്ങളുടെ ടോർച്ചുകൾ മുന്നിലേക്ക് പ്രകാശിപ്പിച്ചു. ടോർച്ചിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന പ്രകാശത്തിൽ ആ ജലാശയത്തിൻറെ കരിങ്കൽഭിത്തിയും അതിന് കുറുകെയായി അവർക്ക് സഞ്ചരിക്കുവാനുള്ള ഒരു പാലവും വ്യക്തമായി.

‘ഈ കൂരിരുട്ടിൽ സാറിനെങ്ങനെ കൃത്യമായി മനസ്സിലായി ഇവിടെയാണ് ഈ പാലമെന്ന്...’

ഷാനു അത്ഭുതത്തോടെ ചോദിച്ചു. അതിന് മറുപടിയായി പ്രൊഫസർ ഒന്ന് ചിരിക്കുകമാത്രം ചെയ്തു. പക്ഷേ പെട്ടെന്നായിരുന്നു അകലെനിന്നുമുള്ള അവ്യക്തമായുള്ള നിലവിളികൾ അവരെത്തേടിയെത്തിയത്.

അത് തങ്ങളുടെ പ്രിയപ്പെട്ടവരുടെ ശബ്ദമാണെന്ന് തിരിച്ചറിഞ്ഞതും മൂവരും വെപ്രാളത്തോടെ ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. അങ്ങ് ദൂരെയായി അന്തരീക്ഷത്തിലേക്ക് വെളിച്ചം പടർന്നിരിക്കുന്നത് കണ്ടതും പ്രൊഫസർ തകർന്നുപോയി. തലയ്ക്ക് കൈവച്ചുകൊണ്ട് അയാൾ നിലത്തേക്ക് മുട്ടുകുത്തിയിരുന്നു.

‘പറഞ്ഞതാണ് താഴേയ്ക്കിറങ്ങരുതെന്ന്...’ അയാൾ അവ്യക്തമായി പുലമ്പി.

‘സർ...’ യുവാക്കൾ കാളിപ്പോയ മനസ്സോടെ വിളിച്ചു. എന്തോ ചിന്തിച്ചശേഷം പ്രൊഫസർ നിലത്തുനിന്നുമെഴുന്നേറ്റു.

‘വാ... ഈ ജലാശയത്തിൻറെ ഭിത്തിക്കരികിലൂടെ എത്രയും പെട്ടെന്ന് നമുക്ക് അവരുടെയടുത്തെത്തണം...’ അതും പറഞ്ഞുകൊണ്ട് അയാൾ ജലാശയത്തിനരികിലേക്കോടി.

തൊട്ടുപിന്നിലായി ലൈറ്റ് തെളിച്ചുകൊണ്ട് യുവാക്കളും കുതിച്ചു. ആ പ്രകാശത്തിൽ ഒരു അതിർവരമ്പുപോലെ കുറച്ചകലെ ആ പൈശാചികജീവികൾ തങ്ങളെ ഉന്നംവച്ച് വിറളിപൂണ്ട് പുല്ലിൽ മാന്തുന്നതും വികൃതമായി കരയുന്നതുമെല്ലാം അവർ നോക്കിക്കണ്ടു. അപ്പോഴും ദൂരെനിന്നും ഓരിയിടലുകളും അലർച്ചകളും ഉയർന്നുകേട്ടു. അൽപ്പദൂരം ചെന്നതും അവർക്ക് കാഴ്ചകൾ വ്യക്തമായിത്തുടങ്ങി.

പതിനായിരക്കണക്കിന് പൈശാചിക ജീവികൾക്ക് നടുവിൽ വൃത്താകൃതിയിൽ പകച്ചുനിൽക്കുന്ന തങ്ങളുടെ കൂട്ടത്തിലുള്ളവരെ കണ്ടതും അവരും ഭയന്നുപോയി.

‘റ്റോജീ... അലക്സേ...’ ഷാനു ഉച്ചത്തിൽ വിളിച്ചുകൂവി. പക്ഷേ ആ ശബ്ദകോലാഹലങ്ങൾക്കിടയിൽ അവൻറെ ശബ്ദം അവർക്കരികിലേക്കെത്തിയില്ല. പ്രൊഫസർ ആ ജലാശയത്തിൻറെ കരിങ്കൽ ഭിത്തിയുടെ മുകളിലേക്ക്

വലിഞ്ഞുകയറി. എന്നിട്ട് തൻറെ കൈയ്യിലിരുന്ന ടോർച്ച് രഞ്ജിത്തിനെ ലക്ഷ്യമാക്കി പ്രകാശിപ്പിച്ചു.

കുറച്ചകലെനിന്നും കണ്ണിൽ പതിച്ച തീവ്രമായ വെളിച്ചം കണ്ട് അവൻ അതിൻറെ ഉത്ഭവസ്ഥാനത്തേക്ക് നോക്കി. അപ്പോഴേക്കും രഞ്ജിത്തിന് പ്രൊഫസറെ കാണാൻ പറ്റുന്ന രീതിയിൽ അയാൾക്കുനേരെ ഷാനുവും വിക്കിയും ടോർച്ചടിച്ചു. സർവ്വതും അവസാനിച്ചു എന്നുതോന്നിയ അവസരത്തിൽ ആ ഒരു കാഴ്ച രഞ്ജിത്തിനെ സംബന്ധിച്ച് വളരെയേറെ വിലപ്പെട്ടതായിരുന്നു.

'സർ... സർ...'

അവൻ ഉറക്കെ അലറിവിളിച്ചു. ബാക്കിയുള്ളവരും അവൻറെ പ്രതീക്ഷയേറിയ വിളികേട്ട് അവൻ നോക്കുന്ന ഭാഗത്തേക്ക് ശ്രദ്ധിച്ചു. കുറച്ചകലെയായി തങ്ങളുടെ പ്രൊഫസറെ കണ്ടതും അവരും പ്രതീക്ഷയോടെ അയാളെ വിളിച്ചുകരഞ്ഞു. സീരിയൽ ബൾബുകളുടെ വെളിച്ചം കുറയുംതോറും ആ ജീവികൾ അവരെ കൂടുതലായി വലയം ചെയ്തുകൊണ്ടിരുന്നു.

ഒറ്റക്കാലിൽ കൊത്തിക്കൊണ്ടിരുന്ന താര മുന്നിലേക്ക് മറിഞ്ഞുവീഴാൻ തുടങ്ങിയതും റൂബി അവളുടെ കൈയ്യിൽ ബലമായി പിടിച്ചു. എന്തുംവരട്ടേയെന്ന് കരുതി വേദനിച്ചിട്ടും താര തൻറെ പരുക്കുപറ്റിയ കാൽ ഭൂമിയിൽ അമർത്തിച്ചവിട്ടി.

'ബോയ്സ്... മുകളിലേക്ക് കയറിവന്ന് എൻറെ കാലിൽ മുറുകെ പിടിക്ക്...' കരിങ്കൽ ചുവരിൽ നിന്നിരുന്ന പ്രൊഫസർ പറഞ്ഞതുകേട്ട് വിക്കിയും ഷാനുവും അതിവേഗത്തിൽ മുകളിലേക്ക് വലിഞ്ഞുകയറി. ലൈറ്റ് തലയിൽ ഉറപ്പിച്ചശേഷം പ്രൊഫസർ ആ ജലാശയത്തിലേക്ക് കുനിഞ്ഞതും ജലത്തിൻറെ ഉപരിതലത്തിൽ വളരുന്ന പായലുകളിൽ പലനിറത്തിലുള്ള പൂക്കുലകൾ വിരിഞ്ഞു നിൽക്കുന്നത് അവരും കണ്ടു. പ്രൊഫസറുടെ പ്ലാൻ മനസ്സിലാക്കി അവർ ഇരുവരും അയാളുടെ കാലുകളിൽ ബലമായി പിടിച്ചു. കരിങ്കൽ ചുവരിൻറെ മുകൾഭാഗത്തുകൂടി പതിയെ ഇഴുകി അയാൾ ജലാശയത്തിലേക്ക് തലകീഴായി ഊർന്നിറങ്ങി. പായലുകളുടെ തൊട്ടു മുകളിലെത്തിയതും ആ പൂക്കളുടെ രൂക്ഷമായ ഗന്ധം അയാളെ മത്തുപിടിപ്പിച്ചു. എങ്കിലും കൈ പരമാവധി താഴേക്കെത്തി അയാൾ ആ പൂക്കളിൽ കുറേയെണ്ണം ഇറുത്തെടുത്തു.

അയാളുടെ ഇരുകൈകളും പൂക്കൾക്കൊണ്ട് നിറഞ്ഞപ്പോൾ ഷാനുവും വിക്കിയുംകൂടി അയാളെ മുകളിലേക്ക് വലിച്ചുകയറ്റി. പക്ഷേ പിന്നിലേക്ക് തിരിഞ്ഞ അവർ കണ്ടത് കൂട്ടംകൂടി നിന്നിരുന്ന ജീവികൾക്കിടയിൽ ഒരു ടോർച്ച് മുകളിലേക്ക് പ്രകാശിക്കുന്നത് മാത്രമാണ്...!

# മുപ്പത്തിയാറ്

ജീവികൾക്ക് നടുവിൽനിന്നും മുകളിലേക്ക് പരന്ന പ്രകാശത്തോടൊപ്പം കൂട്ടനിലവിളി ശബ്ദവുമുയർന്നതുകേട്ട് ഷാനുവും വിക്കിയും കരിങ്കൽ ഭിത്തിയിൽനിന്നും താഴേക്ക ചാടിയിറങ്ങി മുന്നിലേക്ക് പായാൻ തുടങ്ങിയതും പ്രൊഫസർ അവരെ തടഞ്ഞു നിർത്തി. ശേഷം തൻറെ കൈയ്യിലിരുന്ന പൂക്കളിൽ ഒരുഭാഗം അവർക്കിരുവർക്കും പകുത്തുകൊടുത്തു.

'മണ്ടത്തരം കാണിക്കാതെ ഇത് കൈയ്യിലിട്ട് തിരുമി ദേഹത്ത് പുരട്ട്..' അയാൾ ആജ്ഞാപിച്ചു.

അതുകേട്ടതും ഞൊടിയിടയിൽ പൂക്കൾ കൈവെള്ളയിലിട്ടരച്ച് ശരീരത്തിൽ തേച്ചുപിടിപ്പിച്ചശേഷം യുവാക്കൾ പ്രൊഫസറെ നോക്കി. അപ്പോഴേക്കും പ്രൊഫസറും പൂക്കൾ ശരീരത്തിൽ പുരട്ടി മുന്നിലേക്ക് കുതിക്കുവാൻ സജ്ജനായിരുന്നു.

'എൻറെ പിന്നിലായി വരൂ...' അയാൾ വിളിച്ചുപറഞ്ഞു.

ഐസ് മഴയിൽ അയാളുടെ ശബ്ദം വിറങ്ങലിച്ചു. അത് കേൾക്കേണ്ടതാമസം ഉറച്ച ആത്മവിശ്വാസത്തോടെ യുവാക്കൾ ഇരുവരും പ്രൊഫസറിനുപിന്നാലെ ആ ജീവികളുടെ കൂട്ടത്തിനുനേർക്കോടി.

തങ്ങൾക്ക് അരോചകമായ ഗന്ധം തങ്ങളിലേക്ക് കടന്നെത്തിയത് തിരിച്ചറിഞ്ഞ നാൽക്കാലികൾ പല ഭാഗങ്ങളിലേക്കും കുതറിമാറി. ചിലത് അവരെ കടിച്ചുകീറാൻ ചാടിവീഴുകയും അതിന് കഴിയാതെ പിന്മാറുകയും ചെയ്തു. ഒടുവിൽ ഇരുവശങ്ങളിലുമായി അകന്നുമാറിനിന്ന് ജീവികൾ തെളിച്ച വഴിയിലൂടെ തങ്ങളുടെ കൂട്ടുകാർ അൽപ്പംമുൻപ് ഭയന്നു നിന്നിരുന്ന ഭാഗത്തേക്കെത്തിയ അവർ സഡൻ ബ്രേക്കിട്ടതു പോലെ നിന്നു. യുവാക്കൾ ഇരുവരും അത്ഭുതത്തോടെ പ്രൊഫസറെ നോക്കി കണ്ണുമിഴിച്ചു. പ്രൊഫസറും ഒരുനിമിഷം കുഴങ്ങിപ്പോയി. അവർ നിന്നിരുന്ന ഭാഗം തികച്ചും ശൂന്യമായിരുന്നു...!

നിലത്ത് ഒരു ടോർച്ച് തകർന്നുകിടപ്പുണ്ടായിരുന്നു. അത് ആ ജീവികൾ കടിച്ചുപൊട്ടിച്ചതാണെന്ന് ഒറ്റനോട്ടത്തിൽ അവർ തിരിച്ചറിഞ്ഞു. പ്രൊഫസർ തൻറെ കൈയ്യിലിരുന്ന ടോർച്ച് നിലത്തേക്കും ചുറ്റും കൂട്ടംകൂടിനിന്നിരുന്ന ജീവികളിലേക്കും മാറിമാറിയടിച്ചു. തറനിരപ്പിലേതുപോലെതന്നെ അവയുടെ ശരീരത്തിലോ മുഖത്തോ രക്തം കിനിഞ്ഞ ശേഷിപ്പുകൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല. അവ അൽപ്പം മുൻപ് ചെയ്തതുപോലെ ടോർച്ചിൻറെ വെളിച്ചത്തിൽനിന്നും തല വെട്ടിച്ചുമാറ്റിക്കൊണ്ടിരുന്നു.

‘സർ...അവർ...’ പ്രൊഫസർ ഒന്നുംതന്നെ പ്രതികരിക്കാതെ വന്നപ്പോൾ വിക്കി ചോദിച്ചു.

‘അറിയില്ല...’ അയാൾ നെറ്റി തടവിക്കൊണ്ട് പറഞ്ഞു. ‘രഞ്ജിത്... അലക്സ്... റ്റോജീ...’

ഷാനു ഉറക്കെ വിളിച്ചുകൂവി. കൺമുന്നിൽനിന്നിരുന്നവർ പെട്ടെന്ന് അപ്രത്യക്ഷമായത് പ്രൊഫസറെയും അത്ഭുതപ്പെടുത്തിയിരുന്നു. അയാൾ അൽപ്പസമയം ഒന്നും തന്നെ പ്രതികരിച്ചില്ല. ആ സമയമത്രയും വിക്കിയും ഷാനുവുംകൂടി തങ്ങളുടെ കൂട്ടുകാരുടെ പേരുകൾ വിളിച്ചുകൊണ്ട് ചുറ്റും കറങ്ങി. ജീവികൾ തങ്ങളുടെ മുന്നിൽ കിട്ടിയ ഇരയെ ഒന്നും ചെയ്യാൻ കഴിയാത്തതിലുള്ള പ്രതിഷേധ രീതിയിൽ നായ്ക്കളെപ്പോലെ മുരണ്ടു. ഐസ്മഴ ചെറിയ ചാറ്റൽമഴയായി രൂപാന്തരം പ്രാപിച്ചിരുന്നു.

‘വരൂ... ഇനിയും ഇവിടെത്തന്നെ നിൽക്കുന്നതുകൊണ്ട് പ്രയോജനമില്ല. ഞാൻ പറഞ്ഞത് അനുസരിച്ചിരുന്നുവെങ്കിൽ അവർക്കീ ഗതി ഉണ്ടാവുമായിരുന്നില്ല.’ പ്രൊഫസർ നീരസത്തോടെ പറഞ്ഞു.

വിക്കി ഒരു അവസാന ശ്രമമെന്നതുപോലെ നിലത്ത് ശക്തിയിൽ ചവിട്ടുകയും ടോർച്ച് കൊണ്ട് സൂക്ഷ്മമായി നിരീക്ഷിക്കുകയുമെല്ലാം ചെയ്തു. പ്രൊഫസർ അവൻ ചെയ്യുന്ന പ്രവർത്തികൾ ശാന്തമായി വീക്ഷിച്ചു.

‘സർ... ഇതുനോക്ക്...’ കുറച്ചുസമയത്തെ പരിശോധനകൾക്കൊടുവിൽ എന്തോ ഒന്ന് കണ്ടെത്തിയതുപോലെ അവൻ വിളിച്ചുപറഞ്ഞു.

അത് കേട്ടതും ഷാനുവും പ്രൊഫസറും ഒരുപോലെ അവൻ വിളിച്ചുകാട്ടിയ ഭാഗത്തേക്ക് ശ്രദ്ധിച്ചു. അതിൽനിന്നും അവരും ഒരു കാര്യം മനസ്സിലാക്കി. ചുറ്റുപാടുമുള്ള പുല്ലുകൾക്ക് മുകളിൽ ഐസ്തരികൾ വ്യാപിച്ചുകിടന്നിരുന്നതുപോലെ അവർ നിന്നിരുന്ന ഭാഗത്ത് അതുണ്ടായിരുന്നില്ല. അവിടെ വളർന്നുനിന്നിരുന്ന പുല്ലുകൾക്ക് എന്തോ ഒരു പ്രത്യേക ആകൃതിയുള്ളതായും അവർ മനസ്സിലാക്കി.

പെട്ടെന്ന് പ്രൊഫസർ നിലത്തേക്ക് മുട്ടുകുത്തിയിരുന്നു. അയാൾ എന്തോ തിരയുന്നതുപോലെ മണ്ണിൽ വേരുറപ്പിച്ചിരുന്ന ആ നീളൻപുല്ലുകളെ കൈകൾകൊണ്ട് വകഞ്ഞുമാറ്റിനോക്കി. ശേഷം അവ ബലം പ്രയോഗിച്ച് പിഴുതെടുക്കുവാനാരംഭിച്ചു. അത് കണ്ടതും വിക്കിയും ഷാനുവും നിലത്തേക്കിരുന്നുകൊണ്ട് പ്രൊഫസറെ അതിന് സഹായിച്ചു. ഓരോ പുല്ലുകൾ പിഴുത് മാറ്റുമ്പോഴും അവർ മൂവരുടെയും കണ്ണുകളിൽ അത്ഭുതം വിടർന്നു കൊണ്ടിരുന്നു. അൽപ്പസമയത്തെ പരിശ്രമങ്ങൾക്കൊടുവിൽ തങ്ങൾ കണ്ടെത്തിയ അത്ഭുതത്തെ ടോർച്ചിൻറെ വെളിച്ചത്തിൽ അവർ നോക്കിക്കണ്ടു.

പുല്ലുകൾ മാറപ്പെട്ട നിലത്ത് പതിമൂന്ന് മൂലകളുള്ള ഒരു നക്ഷത്രചിഹ്നം. അതിൻറെ ഒത്ത നടുവിൽ രണ്ട് കാൽപ്പാദത്തിൻറെ കുഴിവ്. അതോടൊപ്പം ആ

നക്ഷത്രത്തിൻറെ പതിമൂന്ന് മൂലകളും ഉള്ളിലാക്കിക്കൊണ്ട് ഒരു വൃത്തം വരച്ചിരിക്കുന്നു. ആ വൃത്തത്തിൻറെ മുകൾ ഭാഗത്തും കീഴ്ഭാഗത്തും വീണ്ടും കാൽപ്പാദത്തിൻറെ കുഴിവുകൾ. ആ വൃത്തത്തെ ഉള്ളിലാക്കി മറ്റൊരു വലിയ വൃത്തം. അതിൻറെ മൂന്ന് ഭാഗങ്ങളിലായി മൂന്ന് കാൽപ്പാദക്കുഴിവുകൾ. അങ്ങനെ ഓരോ വലയത്തിനെയും വീണ്ടും വലയം ചെയ്തുകൊണ്ട് നക്ഷത്രചിഹ്നത്തെ ചുറ്റി മൊത്തം പന്ത്രണ്ട് വലയങ്ങൾ. ഓരോ വലയത്തിലും ഓരോ കാൽപ്പാദങ്ങൾവച്ച് വർദ്ധിച്ചുവരുന്നു. ഒടുവിൽ അവസാനത്തെ വലയത്തെച്ചുറ്റി പതിമൂന്ന് കാൽപ്പാദക്കുഴിവുകൾ..!

ഉള്ളിലെ അത്ഭുതം ഒന്ന് കെട്ടടങ്ങിയപ്പോൾ പ്രൊഫസർ നിലത്തേക്കിരുന്നു. എന്നിട്ട് അവിടെയാകെ ചില്ലറ പരിശോധനകൾ നടത്തി. അൽപ്പസമയത്തിനുശേഷം എന്തോ ഒന്ന് കണ്ടെത്തിയതുപോലെ അയാൾ മുകളിലേക്ക് നോക്കി. യുവാക്കൾ നിക്കോൾസൻ ചെയ്യുന്നതെല്ലാം നോക്കി ആകാംക്ഷയോടെ നിൽപ്പുണ്ടായിരുന്നു.

'ദ്വീപിൽ എവിടേയ്ക്കോ പോകുവാനുള്ള രഹസ്യമാർഗ്ഗമാണിത്. അതും പതിമൂന്ന് പേർക്കുവരെ ഒരുമിച്ച് സഞ്ചരിക്കുവാൻ കഴിയുന്ന ഒരു എളുപ്പവഴി. ജീവികൾക്കു നടുവിൽ ഭയന്നുനിന്ന സമയത്ത് കൃത്യമായി അവർ ആറുപേരും ആറ് കുഴിവുകളുള്ള വൃത്തത്തിൽത്തന്നെ അവരുടെ ഇരുകാലുകളുമുറപ്പിച്ചിരിക്കണം. അല്ലാതെ ഇത് പ്രവർത്തിക്കില്ല...' പ്രൊഫസർ പറഞ്ഞതു കേട്ട് വിക്കിയും ഷാനുവും അമ്പരന്നുനിന്നു.

'അപ്പോൾ അവരെ കണ്ടെത്താൻ നമ്മൾ...' വിക്കി തൻറെ വാക്കുകൾ മുഴുമിപ്പിക്കാതെതന്നെ മൂന്ന് കാൽപ്പാദത്തിൻറെ കുഴിവുകളുള്ള വൃത്തത്തിലേക്ക് നോക്കി ഉമിനീരിറക്കി. ശേഷം പ്രൊഫസറെയും. അവൻ ഊഹിച്ചത് സത്യമാണെന്ന തരത്തിൽ തലകുലുക്കിക്കൊണ്ട് പ്രൊഫസർ നിലത്തുനിന്നുമെഴുന്നേറ്റു. പ്രൊഫസറെയും വിക്കിയേയും മാറിമാറി ശ്രദ്ധിച്ചുകൊണ്ടുനിന്ന ഷാനു ആരും ആവശ്യപ്പെടാതെ തന്നെ മൂന്ന് കാൽപ്പാദങ്ങളുള്ള വലയത്തിലെ ഒരു കാൽപ്പാദത്തിൻറെ കുഴിവിലേക്ക് കയറിനിന്നു. പ്രൊഫസർ അവനെനോക്കി ഒന്ന് പുഞ്ചിരിച്ചശേഷം ഷാനു നിന്നിരുന്നതിനോട് ചേർന്നുള്ള കുഴിവിലേക്ക് കയറിനിന്നു.

വൈകാതെ വിക്കിയും അവനായി കാത്തിരിക്കുന്ന കാൽപ്പാദത്തിൻറെ കുഴിവുകളിലേക്ക് തൻറെ ഓരോ കാലുകളുമെടുത്തുവച്ചു. ഒരേസമയം യുവാക്കൾ ഇരുവരുടെയും നെഞ്ചിടിപ്പ് ക്രമാതീതമായി വർദ്ധിച്ചുവന്നതോടൊപ്പം ഭൂമിയ്ക്ക് ഒരു വിറയലും അനുഭവപ്പെട്ടുതുടങ്ങി. തൽക്ഷണം അവർ മൂന്നുപേരുടെയും കാതുകൾക്കരികിലൂടെ എന്തൊക്കയോ പ്രവേഗങ്ങൾ കടന്നുപോയി. അതോടൊപ്പം അവർ നിന്നിരുന്ന വലയം തിരിയുവാനുമാരംഭിച്ചു.

പ്രൊഫസറുടെ ഇടതും വലതുമായി നിന്നിരുന്ന വിക്കിയും ഷാനുവും യാന്ത്രികമായിത്തന്നെ അയാളുടെ കരങ്ങളിൽ മുറുകെപ്പിടിച്ചു. തൊട്ടടുത്തനിമിഷത്തിൽ അവർ മൂവരുടെയും തലയിലുറപ്പിച്ചിരുന്ന വെളിച്ചം ഒരുപോലെ അണഞ്ഞുപോയി. അതോടൊപ്പം ഒരു ലിഫ്റ്റ് വഴി

താഴേക്കുപോകുമ്പോഴുണ്ടാവുന്ന അതേ അനുഭവം അവരിലുളവായി. യുവാക്കൾ ഇരുവരും കണ്ണുകൾ അമർത്തിയടച്ചു. അമിതവേഗത്തിൽ തങ്ങൾ ഭൂമിയുടെ അകക്കാമ്പിലേക്ക് പോവുകയാണോ എന്നുപോലും അവർ സംശയിച്ചു.

ഒടുവിൽ കർണ്ണപടം തുളയ്ക്കുന്നതുപോലെയുള്ള എന്തോ ശബ്ദംകേട്ടാണ് വിക്കിയും ഷാനുവും ഞെട്ടലോടെ കണ്ണുകൾ തുറക്കുന്നത്. അവർ പ്രൊഫസറെ ബലമായി പിടിച്ചിരുന്ന കൈകൾ ഒരുപോലെ പിൻവലിച്ചുകൊണ്ട് തങ്ങളുടെ കാതുകളിൽ വിരൽ വച്ച് നിലത്തേക്കിരുന്നു. ചുറ്റും അന്ധകാരമായതിനാൽ അവരെപ്പോലെതന്നെ പ്രൊഫസർക്കും ചുറ്റും നടക്കുന്നതെന്താണെന്ന് മനസ്സിലായില്ല. അയാളുടെ കണ്ണുകളിലെ കൃഷ്ണമണികൾ അപ്പോഴും പുതിയ ചുറ്റുപാടുമായി പൊരുത്തപ്പെട്ടിരുന്നില്ല.

പെട്ടെന്ന് ഒരിക്കൽക്കൂടി ആ കർണ്ണപടം പൊട്ടിക്കുന്ന തരത്തിലെ ശബ്ദമുയർന്നു. യുവാക്കളെപ്പോലെതന്നെ നിക്കോൾസനും തൻറെ ചെവി അമർത്തിപ്പൊത്തി നിലത്തേക്കിരുന്നു.

പക്ഷേ അയാളുടെ കണ്ണുകളിലപ്പോൾ അവ്യക്തമായ എന്തൊക്കയോ കാഴ്ചകൾ പതിഞ്ഞുതുടങ്ങിയിരുന്നു. കണ്ണുകൾ തുടർച്ചയായി ചിമ്മിച്ചുതുറന്നപ്പോൾ പാതി മനുഷ്യാകൃതിയിലുള്ള ആ ജീവികളുടെ അനവധി നിഴലുകൾ തങ്ങൾക്കരികിൽ നിലത്ത് തലപൂഴ്ത്തികിടക്കുന്നു എന്ന ഞെട്ടിപ്പിക്കുന്ന സത്യം നിക്കോൾസൺ തിരിച്ചറിഞ്ഞു.

ഇരുട്ടിൽ അവ ആക്രമിക്കുമെന്നുറപ്പുള്ളതിനാൽ തിടുക്കത്തിൽ ചെവിയിൽനിന്നും കൈ എടുത്തുകൊണ്ട് തൻറെ തലയിലുറപ്പിച്ചിരുന്ന ലൈറ്റിൻറെ സ്വിച്ചിൽ രണ്ടുമൂന്നു തവണ അയാൾ വിരലമർത്തി.

പൊടുന്നനെ പഴയതുപോലെതന്നെ അത് തീവ്രമായി പ്രകാശിച്ചു. തൊട്ടടുത്ത നിമിഷത്തിൽ അയാൾ കണ്ട കാഴ്ച മറ്റൊന്നായിരുന്നു. ഒരു ഭീമൻ മണി മുന്നിലേക്കും പിന്നിലേക്കുമാടുന്നു. അതിന് തൊട്ടുതാഴെയായി രഞ്ജിത് ഇരുകാതുകളും പൊത്തി നിലത്തേക്ക് തലയും ചേർത്ത് മുട്ടുമടക്കിയിരിക്കുന്നു..! അയാൾ വലതു വശത്തേക്ക് തലതിരിച്ചതും അവിടേയും അതുപോലെതന്നെ നിലത്തേക്ക് തലകുമ്പിട്ട് മുട്ടിലിരിക്കുന്ന ബാക്കിയുള്ളവരേയും കണ്ടു. ഒറ്റ നിമിഷംകൊണ്ട് മനസ്സിലുണ്ടായിരുന്ന വലിയൊരു ഭാരം അലിഞ്ഞില്ലാതായതുപോലെ നിക്കോൾസന് തോന്നിപ്പോയി.

എവിടെ നിന്നോ തൻറെ കണ്ണിൽ തീവ്രമായ പ്രകാശം പതിയുന്നു എന്ന് മനസ്സിലാക്കിയ റൂബി അവളുടെ സമീപത്തായി കിടന്നിരുന്ന രഞ്ജിത്തിനെ ആ വിവരം അറിയിക്കുവാനായി ചെവിയിൽനിന്നും വിരലെടുത്തതും മണിനാദത്തിൻറെ കമ്പനം മൂലം അവൾ വീണ്ടും ചെവി പൊത്തിപ്പിടിച്ചു. ശേഷം കൈമുട്ടുകൊണ്ട് അവനെ തട്ടിവിളിച്ചു. അതോടൊപ്പം പ്രൊഫസർ അവൻ കിടന്നിരുന്ന ഭാഗത്തേക്ക് തുടർച്ചയായി ടോർച്ച് മിന്നിക്കുകയും സ്വന്തം മുഖത്തേക്ക് വെളിച്ചം തെളിച്ചുകാട്ടുകയും ചെയ്തു. സർവ്വപ്രതീക്ഷകളും അസ്തമിച്ച് ഭൂമിയോളം താഴ്ന്ന മനസ്സുമായി

നിലകൊണ്ടിരുന്ന രഞ്ജിത്തിനെ സംബന്ധിച്ച് അതൊരു ഉയർത്തെഴുന്നേൽപ്പായിരുന്നു. പ്രൊഫസറെ കണ്ടമാത്രയിൽ അവൻറെ മുഖം പൊടുന്നനെ വികസിച്ചു. മണിയുടെ ചുവട്ടിൽനിന്നും മുന്നിലേക്ക് അൽപ്പദൂരം നിരങ്ങി നീങ്ങിയശേഷം അവൻ നിലത്തുനിന്നുമെഴുന്നേറ്റു. അവൻറെ മുന്നോട്ടുള്ള നടത്തത്തിൽ ഒരു പശ്ചാത്താപം നിഴലിക്കുന്നതായി പ്രൊഫസർ മനസ്സിലാക്കി. അപ്പോഴേക്കും മണിയുടെ കമ്പനം തെല്ലൊന്നടങ്ങിയിരുന്നു.

ബാക്കിയുള്ളവരും പ്രൊഫസറുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് ആശ്വാസത്തോടെ ഇരുന്നിടത്തുതന്നെ നിലകൊണ്ടു. അൽപ്പം മുൻപ് നടന്ന അനിഷ്ട സംഭവങ്ങളിൽ അവരെല്ലാവരും മാനസ്സികമായി തളർന്നിരുന്നു. വിക്കിയും ഷാനുവും കണ്ണുകൾ തുറന്നപ്പോൾ കണ്ട കാഴ്ച രഞ്ജിത് പ്രൊഫസറുടെ മുന്നിൽ നിൽക്കുന്നതായിരുന്നു. അവർ ഇരുവരും നീരസത്തോടെ രഞ്ജിത്തിനെയൊന്നുനോക്കി. അത് കണ്ടതും രഞ്ജിത് പ്രൊഫസറുടെ മുന്നിലേക്ക് അൽപ്പംകൂടി കടന്നുനിന്നു.

'ക്ഷമിക്കണം സർ... എൻറെ ഒരു തെറ്റായ തീരുമാനമാണ് ഇതിനെല്ലാത്തിനും കാരണം. സർ പറഞ്ഞതുപോലെ ഞങ്ങൾ ആ മരത്തിൽത്തന്നെ കഴിച്ചുകൂട്ടിയിരുന്നുവെങ്കിൽ ഇത്രയേറെ പ്രശ്നങ്ങൾ ഉണ്ടാവുമായിരുന്നില്ല. തൊട്ടരികിലെത്തിയ നമ്മുടെ ലക്ഷ്യത്തെപ്പോലും ആ തീരുമാനം ബാധിച്ചുവെന്നോർക്കുമ്പോഴാണ് എനിക്ക് വിഷമം...' നിരാശകലർന്ന ശബ്ദത്തിൽ സംസാരിച്ചുകൊണ്ടിരുന്ന രഞ്ജിത്തിൻറെ ഇരുതോളുകളിലും കൈവച്ചുകൊണ്ട് പ്രൊഫസർ അവനെ ആശ്വസിപ്പിച്ചു.

'നിൻറെ തീരുമാനം തെറ്റായിരുന്നില്ല രഞ്ജിത്... അപ്രതീക്ഷിതമായി കാലാവസ്ഥയ്ക്കുണ്ടായ മാറ്റമാണ് ആ തീരുമാനത്തെ ബാധിച്ചത്. പിന്നെ നീ ചിന്തിക്കുന്നതുപോലെ നമ്മുടെ ലക്ഷ്യത്തെ നിൻറെ തീരുമാനം ബാധിച്ചിട്ടുമില്ല...'

അത് കേട്ടപ്പോൾ സംശയത്തോടെ അവൻ അയാളെ നോക്കി. 'യെസ്... ദാ അവരെല്ലാവരും വിശ്രമിക്കുന്നതിൻറെ പിൻഭാഗത്ത് വെള്ളാരംകല്ലുകളിൽ കൊത്തിയുണ്ടാക്കിയ പടികളുടെ ആരംഭമാണ്. ആ പടിക്കെട്ടുകൾ മറ്റെവിടേക്കുമല്ല...നമ്മുടെ ലക്ഷ്യത്തിലേക്കുള്ളതാണ്. പിന്നെ ഈ ഭീമൻ മണി... ഇത് നീ ഞങ്ങൾക്ക് വിവരം തരാൻ മുഴക്കിയതാണെങ്കിലും ഇതിലേക്ക തന്നെയാണ് കൊട്ടാരത്തിനുമുന്നിലെ ആ ചങ്ങലയും ബന്ധിച്ചിരിക്കുന്നത്...'

പ്രൊഫസർ പറഞ്ഞിട്ടും വിശ്വാസം വരാത്ത രീതിയിൽ രഞ്ജിത് പിന്നിലേക്ക് ടോർച്ച് തെളിച്ചു.

പ്രൊഫസറിൻറെ ഊഹം സത്യമാണെന്ന് മനസ്സിലാക്കിയതും അവൻ അത്ഭുതത്തോടെ അയാളെ നോക്കി. യുവാക്കളും ഒട്ടും പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു അത്. നിലത്ത് വിശ്രമിച്ചുകൊണ്ടിരുന്നവർ ഒന്നും മനസ്സിലാവാത്ത രീതിയിൽ ആ പടിക്കെട്ടുകളിലേക്കും മണിയിലേക്കും ശ്രദ്ധിച്ചു.

‘സർ...ഇതെങ്ങനെ...’ രഞ്ജിത് അവൻറെ മനസ്സിൽ പൊന്തിവന്ന അത്ഭുതവും സന്തോഷവും എങ്ങനെ പ്രകടിപ്പിക്കണമെന്നറിയാതെ കുഴങ്ങി.

‘ഇതൊരു രഹസ്യ മാർഗ്ഗമാണ്. കൊട്ടാരത്തച്ചുറ്റിയുള്ള ജലാശയത്തിനുമുകളിലെ ആ മുപ്പത് വഴികളുടെ സഹായമില്ലാതെ കൊട്ടാരത്തിനുള്ളിലേക്ക് എത്തിച്ചേരുവാനുള്ള മറ്റൊരു വഴി. പക്ഷേ എൻറെ അത്ഭുതം അതല്ല... നിങ്ങൾ എങ്ങനെ ഇത്ര കൃത്യമായി അത് ഉപയോഗിച്ചു എന്നതിലാണ്...’ പ്രൊഫസർ പറഞ്ഞതുകേട്ട് രഞ്ജിത് ചിരിച്ചുകൊണ്ട് തൻറെ കണ്ണുകൾ തുടച്ചു.

‘ഇതൊക്കെ നിസ്സാരമല്ലേ സർ...’ അതുംപറഞ്ഞുകൊണ്ട് അവൻ വിക്കിയേയും ഷാനുവിനേയും ഏറുകണ്ണിട്ട് നോക്കി. അവന്മാർ നമിച്ചു എന്ന രീതിയിൽ രഞ്ജിത്തിനെ തൊഴുതുകാട്ടി.

എന്തോ സന്തോഷമുള്ള കാര്യമാണ് അവർ നാലുപേരും സംസാരിക്കുന്നതെന്ന് മനസ്സിലാക്കി നിലത്തിരുന്നവർ ഓരോരുത്തരായി അവിടേക്ക് എഴുന്നേറ്റുചെന്നു. ഒടുവിൽ കാല് കൊന്തിച്ച് നടന്നെത്തിയത് താരയായിരുന്നു.

‘എന്താ സംഭവം...’ അവൾ ആകാംക്ഷയോടെ തിരക്കി.

‘ഹാ...നീ രണ്ടാമത്തെ കാല് നിലത്ത് ചവിട്ടിയപ്പോഴല്ലേ നമ്മൾ ഇവിടേക്ക് വീണുപോയത്. എല്ലാത്തിനും കാരണം നീയാണെന്ന് പറയുവായിരുന്നു...’

ജെസ്സി പറഞ്ഞതുകേട്ട് താര വാ പൊളിച്ചു.

‘അല്ലല്ല സർ... ഞാൻ ഒന്നും ചെയ്തിട്ടില്ല... സത്യമായിട്ടും...’ താരയുടെ പരിഭ്രമം കണ്ട് പ്രൊഫസർ ചിരിച്ചു.

‘നീ അങ്ങനെ ചെയ്തതുകൊണ്ടാണ് നമ്മളെല്ലാവരും സുരക്ഷിതമായി ഒരുമിച്ചത്...’ അയാൾ പറഞ്ഞ വാക്കുകൾ അവളുടെ മുഖത്തും പുഞ്ചിരി വിരിയിച്ചു. അതേസമയം ആകാശത്ത് കൂടിനിന്നിരുന്ന കരിമേഘങ്ങൾ ലഘുവായി പിൻവലിഞ്ഞിരുന്നു. നേരിയ രീതിയിൽ ചുറ്റും പ്രകാശവും പരന്നിരുന്നു. ഐസ് അലിയുന്നതിൻറെ ഭാഗമായി അവിടെയാകെ രൂപപ്പെട്ട നേർത്ത മഞ്ഞുപാളി ഫ്ളോറിഡയിലെ ഡിസംബർമാസ പുലരികളെ അവർക്ക് ഓർമ്മപ്പെടുത്തി. മുകളിലേക്ക് ഉയർന്നുപോയിരിക്കുന്ന വെള്ളാരംകല്ലിൽ നിർമിച്ച പടിക്കെട്ടുകളും ഒത്ത മുകളിൽ സ്ഥിതിചെയ്യുന്ന ഇരുൾ പുതച്ച കൊട്ടാരവും അവർ ഒരുമിച്ച് നോക്കിനിന്നു...!

# മുപ്പത്തിയേഴ്

മെർക്കുറിയുടെ അന്തരീക്ഷം തികച്ചും ശാന്തമായിരുന്നു. പ്രൊഫസർ തൻറെ വാച്ചിലേക്ക് നോക്കിയപ്പോൾ സമയം സന്ധ്യയോടടുത്തുവെന്ന് മനസ്സിലായി. പക്ഷേ ആകാശത്ത് കരിമേഘങ്ങൾ ഇല്ലാതാവുന്തോറും ഭൂമിയിലേക്ക് സാവധാനത്തിൽ വെളിച്ചം അരിച്ചിറങ്ങിക്കൊണ്ടിരുന്നു. അതിനാൽ ഇനി തങ്ങൾക്കുമുന്നിലുള്ളത് പകലാണോ രാത്രിയാണോ എന്ന ചോദ്യം എല്ലാവരിലുമവശേഷിച്ചു.

'സാധാരണഗതിയിൽ പകൽ അവസാനിക്കേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷേ ആകാശം പോകെപ്പോകെ തെളിഞ്ഞുവരികയാണ്. അതിൻറെയർത്ഥം ഭൂമിയുടെ സന്തുലിതാവസ്ഥയിൽ മാറ്റം വന്നുതുടങ്ങിയിരിക്കുന്നു എന്നതാണ്. ഇനി നമുക്കുമുന്നിൽ പാഴാക്കുവാൻ സമയമില്ല. കഴിയുന്നതും വേഗത്തിൽ ചെയ്യാനുള്ളവ ചെയ്തുതീർത്താലേ ഞാൻ ഉദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ നടപ്പിലാവൂ...'

പ്രൊഫസർ പറഞ്ഞതൊക്കെ പൂർണ്ണമായി മനസ്സിലായില്ലെങ്കിലും അവർ ഓരോരുത്തരും തലകുലുക്കി.

'വരൂ...'

അതുംപറഞ്ഞുകൊണ്ട് അയാൾ മുന്നിലേക്ക് നടന്നു. തൊട്ടുപിന്നിലായി ബാക്കിയുള്ളവരും അയാളെ അനുഗമിച്ചു. വയ്യാത്ത കാലുമായി പടിക്കെട്ടുകൾ കയറുവാൻ ബുദ്ധിമുട്ടുള്ളതിനാൽ താര ജെസ്സിയുടെയും റൂബിയുടെയും സഹായം തേടി.

ആ ഭീമൻ മണിയുടെ അടുത്തുകൂടി കടന്നുപോരുമ്പോൾ പെൺകുട്ടികൾ മൂവരും ഒരുനിമിഷം നിന്നു. ആ മണി വിറയൽ കൊള്ളുന്നതോടൊപ്പം അതിന്മേൽ കൊത്തിവെച്ചിരുന്ന ചില ലിപികൾ പരസ്പരം ചലിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കി. 'ഉറപ്പായും ഇതെന്തോ അപകട സൂചനയാണ്...' റൂബി പ്രവചിച്ചു.

ജെസ്സിയും താരയും പിന്നിലേക്ക് നോക്കിയപ്പോൾ ബാക്കിയുള്ളവർ പടിക്കെട്ടുകൾ കയറി മുകളിലേക്ക് പോകുന്നതുകണ്ടു.

'റൂബീ...മതി നോക്കിയത്... അവരൊക്കെ മുകളിലേക്ക് പോയി.' താര അവളുടെ കൈയ്യിൽ പിടിച്ചുവലിച്ചു.

'ഏയ്... ഇതിന് ഇത്രയും സമയം ചലനമുണ്ടായിരുന്നില്ല. ഞാൻ ശ്രദ്ധിച്ചതാണ്... പക്ഷേ ഇപ്പോൾ ഇത് ചലിക്കുന്നു...' റൂബി അതിൽനിന്നും കണ്ണെടുക്കാതെതന്നെ മറുപടി പറഞ്ഞു.

‘എന്തായാലെന്താ... നമ്മളെക്കൊണ്ട് ഇത് മാറ്റുവാനാകില്ല. പ്രൊഫസർ പറഞ്ഞത് കേട്ടല്ലോ... നമുക്കിനി സമയമില്ല...’ ജെസ്സിയും അവളെ അതിൽനിന്നും പിന്തിരിപ്പിച്ചു.

‘ജെസ്സീ..താരേ...റൂബീ...’ പെട്ടെന്ന് പിന്നിൽനിന്നും റ്റോജി നീട്ടി വിളിച്ചു. അവൻറെ ആ വിളിയിൽ എന്തോ പന്തികേട് തോന്നിയ അവർ പൊടുന്നനെ പിന്നിലേക്ക് തിരിഞ്ഞു. ആകാശത്തിലേക്ക് ഭയത്തോടെ നോക്കി നിൽക്കുന്ന തങ്ങളുടെ കൂട്ടുകാരെയാണ് പെൺകുട്ടികൾ അവിടെ കണ്ടത്.

തൽക്ഷണം ബാക്കിയുള്ളവരെപ്പോലെതന്നെ അവരും മുകളിലേക്ക് തലയുയർത്തി നോക്കി. ആ കാഴ്ച കണ്ട് ജെസ്സിയും താരയും റൂബിയും ഒരുപോലെ വായ പൊളിച്ചു നിന്നുപോയി. ആകാശത്ത് പലപല ദിക്കുകളിൽ സ്ഥിതിചെയ്യുന്ന നക്ഷത്രക്കൂട്ടങ്ങൾ എല്ലാം ഒരൊറ്റ ബിന്ദുവിനെ ലക്ഷ്യമാക്കി സഞ്ചരിക്കുന്നു..! ചിലത് സാവധാനത്തിലും ചിലത് വേഗതയിലും സഞ്ചരിച്ചുകൊണ്ടേയിരുന്നു. എല്ലാത്തിനും വെവ്വേറെ പ്രവേഗങ്ങളായിരുന്നു. കൂട്ടത്തിൽ വേഗതയേറിയ രണ്ട് വലിയ നക്ഷത്രങ്ങൾ അടുത്തടുത്ത് വരുന്നത് കണ്ടപ്പോൾ പ്രൊഫസർ പരിഭ്രമത്തോടെ തലയ്ക്ക് കൈവച്ചു. അങ്ങനെ തുടർന്നും സഞ്ചരിച്ചാൽ ഏതാനും നിമിഷങ്ങൾക്കകം അവതമ്മിൽ കൂട്ടിയിടിക്കുമെന്ന് അയാൾക്ക് ബോദ്ധ്യമുണ്ടായിരുന്നു.

‘നോ...നോ...’ അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു. പക്ഷെ സെക്കൻറുകളുടെ ദൈർഘ്യത്തിൽ അവ ഇരുദിക്കുകളിൽ നിന്നും പൂർവ്വാധികം ശക്തിയോടെ പാഞ്ഞടുത്തുകൊണ്ടിരുന്നു. അതോടൊപ്പം അവർ ഓരോരുത്തരുടെയും ഹൃദയമിടിപ്പുകൾ നിമിഷംപ്രതി വർദ്ധിച്ചു. താര ജെസ്സിയുടെയും റൂബിയുടെയും കൈത്താങ്ങുകൾ തട്ടിമാറ്റി ഓടി പടിക്കെട്ടുകൾ കയറി ആണുങ്ങൾക്കിടയിൽ സ്ഥാനം പിടിച്ചു. അതുകണ്ട് തൊട്ടുപിന്നാലെ ജെസ്സിയും റൂബിയും മുകളിലേക്ക് പാഞ്ഞു.

ഒരു വൻദുരന്തത്തിന് സാക്ഷ്യം വഹിക്കാനായി പ്രൊഫസറും കുട്ടികളും ഇരുനക്ഷത്രങ്ങളെയും ഉറ്റുനോക്കി നിന്നു.

അവ തമ്മിലുള്ള ദൂരം കുറയുംതോറും അവരിൽ പലരുടെയും ശ്വാസോച്ഛ്വാസം നിലച്ചുതുടങ്ങിയിരുന്നു. ഭൂമി എന്ന ഗ്രഹത്തിൽ തങ്ങൾ അത്രയുംപേർ മാത്രമാണുള്ളതെന്നുപോലും അവർക്ക് തോന്നിപ്പോയി. മെർക്കുറിയിൽ അപ്പോൾ രൂപപ്പെട്ടിരുന്ന നിശബ്ദത ആ രംഗത്തെ കൂടുതൽ ഭയാനകമാക്കി. പക്ഷെ ആ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ദൂരെനിന്നും കേട്ട ഇരമ്പൽ ശബ്ദം അവരുടെ കണ്ണുകളെ നക്ഷത്രങ്ങളിൽനിന്നും തങ്ങളുടെ ചുറ്റുപാടിലേക്ക് പിൻവലിപ്പിച്ചു.

‘എന്താ ആ ശബ്ദം...’ റൂബി അസ്വസ്ഥമായി ചോദിച്ചു.

‘കടൽ ക്ഷോഭിച്ചിരിക്കുന്നു... എൻറെ ഊഹം ശരിയാണെങ്കിൽ ഇപ്പോൾ ദ്വീപിൻറെ ആരംഭഭാഗങ്ങളിലേക്ക് കടൽ ഇരച്ചുകയറിക്കൊണ്ടിരിക്കുകയാണ്...’

പ്രൊഫസർ അത് പറഞ്ഞുകൊണ്ടിരിക്കേ അവർ ചിന്തിച്ചതിലും ഭയാനകമായ രീതിയിൽ നക്ഷത്രങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് ആകാശത്തിൽ ഉഗ്രസ്ഫോടനം നടന്നിരുന്നു.

ലക്ഷക്കണക്കിന് കിലോമീറ്ററുകൾ അകലെനടന്ന ആ സ്ഫോടനത്തിൻറെ പ്രത്യാഘാതത്തിൽ മർമ്മദ്വീപുപോലും ഒരു നിമിഷം വിറയൽകൊണ്ടു. അതോടൊപ്പം ശക്തമായ ഇടിമുഴക്കത്തോടെ നിലച്ചിരുന്ന മഴ വീണ്ടും പെയ്യുവാൻ ആരംഭിച്ചു. അത് നിമിഷങ്ങൾക്കൊണ്ട് ശക്തി പ്രാപിക്കുകയും ചെയ്തു. ദൂരെനിന്നുമുള്ള കാറ്റിൻറെ ഇരമ്പൽ കേട്ടപ്പോൾ എല്ലാവരും തങ്ങളുടെ ബാഗുകളെല്ലാം തോളിലേറ്റി മുന്നിൽ കണ്ട പടിക്കെട്ടുകളിലൂടെ മുന്നിലേക്ക് ഓടി. പടിക്കെട്ടുകൾ പാതി കയറിക്കഴിഞ്ഞപ്പോഴേക്കും മുന്നിലേക്ക് നടക്കാൻ പറ്റാത്ത വിധത്തിൽ കാറ്റ് വീശിയടിച്ചുതുടങ്ങിയിരുന്നു. എല്ലാവരും പടികളിൽ അവിടവിടെയായി നിലത്തേക്ക് ചേർന്നിരുന്നു.

‘ഇത് എന്ത് പരീക്ഷണമാണ് ദൈവമേ... ലക്ഷ്യം കൺമുന്നിൽ കണ്ടിട്ടുപോലും അവിടേക്ക് എത്തിപ്പെടാൻ ഇനിയും സാധിക്കുന്നില്ല...’ താര ആകാശത്തേക്ക് നോക്കി പറഞ്ഞു.

തുള്ളിക്ക് ഒരുകുടം എന്നതുപോലെ മഴ ആർത്തിരമ്പി പെയ്തു. പടികളിലൂടെ നിലത്തേക്ക് നദിയിലെന്നപോലെ വെള്ളം കുതിച്ചുചാടി. കാറ്റ് വെള്ളത്തിൻറെ ഒഴുക്കുപോലും നിയന്ത്രിക്കുന്ന തരത്തിൽ ശക്തിയിൽ വീശിയടിച്ചു. മുൻപ് സംഭവിച്ചതു പോലെതന്നെ അന്തരീക്ഷത്തിലെ പ്രകാശത്തിൻറെ തീവ്രത മങ്ങിത്തുടങ്ങി.

‘എല്ലാവരും ഇവിടേക്ക് നോക്ക്... ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്കണം. ഓരോരുത്തരും പരസ്പരം കൈകൾ കോർത്ത് പിടിക്ക്. എന്നിട്ട് ഞാൻ റെഡി എന്ന് പറയുമ്പോൾ ശരീരം അൽപ്പം താഴ്ത്തി ഒരുപോലെ മുന്നിലേക്ക് ആയംകൊടുത്ത് ഓടണം. കൈകൾ ഒരു കാരണവശാലും വിട്ടുപോകരുത്. മനസ്സിലായോ... കാറ്റിനും മഴയ്ക്കും നമ്മൾ പ്രതീക്ഷിക്കാത്ത രീതിയിൽ ശക്തി കൂടുവാനാണ് സാധ്യത. അതുകൊണ്ട് നമ്മൾ ഇപ്പോൾ ഇത് ചെയ്തേ മതിയാവൂ...’

പ്രൊഫസർ പറഞ്ഞത് എല്ലാവരും ശ്രദ്ധയോടെ കേട്ടശേഷം പരസ്പരം കൈകളിൽ കോർത്തു പിടിച്ചു. എല്ലാവരും തയ്യാറായപ്പോൾ അയാൾ ഉറക്കെ അലറി.

‘ഗോ...’

അത് കേട്ടതും അവർ ഒൻപതുപേരും കൈകൾ കോർത്ത് പിടിച്ച് മുന്നിലെ പടിയിലേക്ക് കടന്നു. കാലുകളെ തള്ളിനീക്കുന്ന തരത്തിൽ വെള്ളം കുത്തിയൊഴുകിക്കൊണ്ടിരുന്നു. ഓരോരുത്തരും തങ്ങളുടെ കാലുകളിൽ പരമാവധി ബലംപ്രയോഗിച്ച് മുന്നേറി.

ഒരേസമയം അവർ ഒൻപതുപേരുടെ കണ്ണുകളും മുകളിലായി സ്ഥിതിചെയ്യുന്ന കൊട്ടാരത്തിൻറെ പ്രധാന വാതിലിലേക്കായിരുന്നു.

കാറ്റിൻറെ ശക്തിയിൽ തങ്ങൾ അന്തരീക്ഷത്തിലേക്ക് ഉയർന്നു പോകുമോ എന്നുപോലും അവരിൽ പലരും സംശയിച്ചു. സാധനസാമഗ്രികൾ തോളിലുള്ളതിനാൽ കാറ്റിൻറെ പിന്നിലേക്കുള്ള പിടിച്ചുവലി അപാരമായിരുന്നു. അതിനാൽ മുന്നിലേക്ക് പോകുവാൻ അവർക്കെല്ലാവർക്കും നല്ലരീതിയിൽ പരിശ്രമിക്കേണ്ടിവന്നു. ഓരോ ചുവടും മുന്നിലേക്ക് വയ്ക്കുംതോറും ഒരു യുഗം താണ്ടിയതായി അവർക്ക് അനുഭവപ്പെട്ടു. ചുവടുകളുടെ എണ്ണം കൂടുംതോറും അവരും കൊട്ടാരവുമായുള്ള അകലം നിശ്ചിതമായിക്കൊണ്ടിരുന്നു. കാറ്റിൻറെ ഇരമ്പൽ ശബ്ദത്തോടൊപ്പം ദൂരെനിന്നും കടലിൻറെ ഇരമ്പലും ഉയർന്നുകേട്ടു. കൊട്ടാരം അവർക്കപ്പോൾ ലക്ഷ്യം മാത്രമായിരുന്നില്ല അവരുടെ ഏക അഭയകേന്ദ്രം കൂടിയായിരുന്നു.

ഒടുവിലത്തെ പടി ചെന്നവസാനിച്ചത് നിരപ്പായ ഒരു പ്രതലത്തിലായിരുന്നു. ആ പ്രതലത്തിൻറെ അവസാനം കൊട്ടാരത്തിൻറെ മുൻഭിത്തിയിലും.

ഇനിയുള്ള ഏതാനും ചുവടുകൾക്കകം തങ്ങൾ സുരക്ഷിതരാവാൻ പോകുന്നു എന്ന് അവർ മനസ്സിലാക്കി. പക്ഷെ പ്രതീക്ഷിച്ചതുപോലെ കൊത്തുപണികളോ ചിത്രത്താഴുകളോ ഇല്ലാതെ നിസ്സാരമായ രീതിയിൽ കാണപ്പെട്ട കൊട്ടാരവാതിൽ അവരിൽ നേരിയ സംശയം ജനിപ്പിച്ചു. കുത്തിയൊഴുകുന്ന മഴവെള്ളത്തിലൂടെ വേച്ചുവേച്ച് അവർ മുന്നോട്ട് നടന്നുകൊണ്ടേയിരുന്നു.

ഒടുവിൽ അവസാനത്ത ചുവടും വച്ചുകഴിഞ്ഞപ്പോൾ എല്ലാവരും പഴയതുപോലെ നിലത്തേക്ക് പതിഞ്ഞിരുന്നു. കാറ്റ് അപ്പോഴും ആരോടോ പ്രതികാരം തീർക്കുംപോലെ വീശിയടിച്ചുകൊണ്ടിരുന്നു. ശക്തമായ കാറ്റിൽ ഭീമമായ ആ മണിപോലും ആടിയുലഞ്ഞ് ശബ്ദമുണ്ടാക്കി. നിലത്ത് പതിഞ്ഞിരുന്ന പ്രൊഫസർ ഒരു വിധത്തിൽ കൊട്ടാരത്തിൻറെ വാതിൽ ഭാഗത്തേക്ക് നിരങ്ങിയെത്തി. ശേഷം പോക്കറ്റിൽ നിന്നും തൻറെ ചെറിയ കത്തി പുറത്തെടുത്ത് വാതിലിൽ അള്ളിപ്പിടിച്ച് എഴുന്നേറ്റുനിന്നു. എന്നിട്ട് വാതിലിൽ എന്തോ തിരയുന്നതു പോലെ കൈകൊണ്ട് പരതി. ഒടുവിൽ തിരഞ്ഞത് കണ്ടെത്തിയതുപോലെ ആ കത്തി വാതിലിലെ ഒരു പരന്ന സുഷിരത്തിലേക്ക് തുളച്ചുകയറ്റി. തുടർന്ന് ആ സുഷിരത്തിൽനിന്നും കൈകൊണ്ട് എന്തൊക്കയോ അളവുകളെടുത്ത് വാതിലിൻറെ ഒരു ഭാഗത്ത് എത്തിച്ചേർന്നു.

അവിടെ ചൂണ്ടുവിരൽ ഉറപ്പിച്ചുകൊണ്ട് അയാൾ പിന്നിലേക്ക് തിരിഞ്ഞ് രഞ്ജിത്തിനെ നോക്കി തൻറെ കാലുകളിൽ ബലമായി പിടിക്കുവാൻ ആവശ്യപ്പെട്ടു. രഞ്ജിത് വേഗംതന്നെ അതനുസരിച്ചു. തൽക്ഷണം മുഷ്ടി ചുരുട്ടി അയാൾ ചൂണ്ടുവിരൽ ഉറപ്പിച്ചിരുന്ന ഭാഗത്ത് ആഞ്ഞിടിച്ചു. അയാൾ ആഞ്ഞിടിച്ചപ്പോൾ ഇടിച്ച ഭാഗം ചതുരാകൃതിയിൽ അകത്തേക്ക് പോയിട്ട് തിരികെവന്നു. അങ്ങനെയൊരു

ചതുരഭാഗം വാതിലിൽ ഒളിഞ്ഞിരുപ്പുണ്ടായിരുന്നുവെന്നത് ബാക്കിയുള്ളവരെ അത്ഭുതപ്പെടുത്തി. പക്ഷെ പ്രൊഫസർ എന്താണ് ചെയ്യുന്നതെന്ന് ആർക്കുംതന്നെ മനസ്സിലായില്ല.

ഒന്ന് കൈ കുടഞ്ഞശേഷം അയാൾ ആദ്യം പരന്ന സുഷിരത്തിലേക്ക് കയറ്റിവച്ച കത്തി വെളിയിലേക്കെടുത്തു. അപ്പോൾ ഞെട്ടിയത് മറ്റുള്ളവരായിരുന്നു. കാരണം ആ കത്തിക്ക് ഒരു താക്കോലിൻറെ ആകൃതി കൈവന്നിരുന്നു..! അവരെല്ലാവരും അത്ഭുതത്തോടെ പ്രൊഫസറെ നോക്കി. പക്ഷെ പ്രൊഫസറിൻറെ നോട്ടം കത്തി പുറത്തെടുത്തപ്പോൾ വാതിലിൻറെ മറ്റൊരുഭാഗത്ത് പ്രത്യക്ഷപ്പെട്ട ഒരു താക്കോൽ ദ്വാരത്തിലേക്കായിരുന്നു.

ഒട്ടും സമയം പാഴാക്കാതെ അയാൾ ആ താക്കോൽ അതിലേക്ക് കയറ്റി. തൽക്ഷണം താക്കോലായി മാറിയ കത്തി ഉള്ളിലേക്ക് പോയി ദ്വാരം അപ്രത്യക്ഷമായി. അതോടൊപ്പം കൊട്ടാരത്തിൻറെ വാതിൽ അവർക്കു മുന്നിൽ മലർക്കെ തുറക്കപ്പെട്ടു.

# മുപ്പത്തിയെട്ട്

വാതിൽ തുറക്കപ്പെട്ടതും എല്ലാവരോടും വേഗത്തിൽ അകത്തേക്ക് കയറുവാൻ പ്രൊഫസർ ആവശ്യപ്പെട്ടു. അത് കേൾക്കേണ്ടതാമസം യുവാക്കളും യുവതികളും നിലത്തുനിന്നും തങ്ങളുടെ സാധനസാമഗ്രികൾ വലിച്ചുകൊണ്ട് മുന്നിലേക്ക് ഇഴഞ്ഞുനീങ്ങി.

കാറ്റ് തങ്ങളെ ബാധിക്കുന്നില്ല എന്ന തോന്നലുണ്ടായപ്പോൾ അവർ ഒരുപോലെ നിലത്തുനിന്നുമെഴുന്നേറ്റു. തൊട്ടുപിന്നാലെ പ്രഫസറും അകത്തേക്ക് കടന്നിരുന്നു. പക്ഷേ അകത്തെ കനത്ത ഇരുട്ടിൽ അവർക്ക് ഒന്നുംതന്നെ ദൃശ്യമായില്ല. പെട്ടെന്ന് പിന്നിലെ വാതിലിൻറെ ഇരുപാളികളും ആരോ വലിച്ചടച്ചതുപോലെ അടയപ്പെട്ടു. അതോടെ ചുറ്റും പൂർണ്ണമായും അന്ധകാരം നിറഞ്ഞു. തണുപ്പുകൊണ്ട് താരയുടെ പല്ലുകൾ തമ്മിൽ കൂട്ടിയിടിക്കുന്ന ശബ്ദം മാത്രം ഉയർന്നുകേട്ടു.

'പേടിക്കണ്ട...' അതും പറഞ്ഞുകൊണ്ട് പ്രൊഫസർ ടോർച്ച് ഒന്നു മിന്നിച്ച് എന്തോ നോക്കിയശേഷം അണച്ചു. പിന്നെ അയാൾ എങ്ങോട്ടോ നടന്നകലുന്ന കാലടി ശബ്ദം മാത്രം പ്രതിധ്വനിച്ചു കേട്ടു.

'സർ... എങ്ങോട്ടാ പോകുന്നത്...' റൂബി പരിഭ്രമത്തോടെ ചോദിച്ചു.

പക്ഷെ അവളുടെ ചോദ്യത്തിന് അയാളിൽനിന്നും മറുപടിയുണ്ടായില്ല. നിമിഷങ്ങളോളം ആരും ഒന്നുംതന്നെ സംസാരിച്ചില്ല. പെട്ടെന്ന് ഒരു ഭാഗത്തുനിന്നും എന്തോ ലോഹം മടങ്ങുന്ന ശബ്ദത്തോടൊപ്പം തീപ്പൊരി തെറിക്കുന്ന കാഴ്ചയവർ കണ്ടു. തൽക്ഷണം പ്രാധാന വാതിലിൻറെ ആരംഭം മുതൽ ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന വിളക്കുകൾ ഓന്നൊന്നായി തെളിഞ്ഞു തെളിഞ്ഞ് കൊട്ടാരത്തിൻറെ പല ഭാഗങ്ങളിലേക്ക് വഴിപിരിഞ്ഞു പോയി. അതോടൊപ്പം കൊട്ടാരത്തിൻറെ അകംവശം മുഴുവൻ പ്രകാശപൂരിതമായി. അവരുടെയെല്ലാം കണ്ണുകളെ ഉത്തേജിപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. അവർ ഓരോരുത്തരും നിന്നിടത്തുതന്നെ ചുറ്റിക്കറങ്ങി ആർത്തിയോടെ ഓരോ ഭാഗങ്ങളിലേക്കും ഉറ്റുനോക്കി.

ഒരു വലിയ ഹാള് പോലെ തോന്നിച്ച ആ മുറിയിയുടെ പല ഭാഗങ്ങളിലായി പല തരത്തിലും രൂപത്തിലുമുള്ള അനേകം കൽപ്രതിമകൾ സ്ഥിതിചെയ്തിരുന്നു. അവ ഒഴികെ അവിടെ മറ്റൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഹാളിൻറെ ഭിത്തികളിൽ നിശ്ചിതമായ അകലത്തിൽ വിളക്കുകളേന്തി നിൽക്കുന്ന ശിൽപ്പങ്ങൾ അപ്പോൾമാത്രമാണ് അവരുടെ ശ്രദ്ധയിൽപ്പെട്ടത്. ഭംഗിയിൽ കൊത്തിയെടുത്ത സ്ത്രീരൂപങ്ങളുടെ ഉയർത്തിപ്പിടിച്ച കൈകളിലെ തളികകളിൽ ആവേശത്തോടെ

എരിഞ്ഞുകൊണ്ടിരുന്ന തീനാളങ്ങൾ ചുറ്റും പ്രകാശം പരത്താനായി പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു.

‘ഈ ശിൽപ്പങ്ങളെ ശ്രദ്ധിച്ചോ... എല്ലാത്തിനും ഒരേ രൂപം... അതോടൊപ്പം മുഖത്ത് എടുത്തറിയുന്ന വിഷാദഭാവവും...

താര ശിൽപ്പങ്ങളെ നോക്കി പറഞ്ഞു.

‘പക്ഷെ വിഷാദത്തിലും അവൾ സുന്ദരിയാണ് അല്ലേ. ആരായിരിക്കും ഇത്രയും രൂപങ്ങൾ ഒരു വ്യത്യാസംപോലുമില്ലാതെ ഇത്ര കൃത്യമായി നിർമ്മിച്ചത്...’

പെൺകുട്ടികൾ പരസ്പരം ശിൽപ്പത്തിൻറെ സൗന്ദര്യം വർണ്ണിച്ചുകൊണ്ടിരുന്നു. ആണുങ്ങളിൽ റ്റോജിയും രഞ്ജിത്തും പ്രൊഫസറിൻറെ സമീപത്തേക്ക് ചെന്നു. ബാക്കിയുള്ളവർ ഹാളിലുണ്ടായിരുന്ന മറ്റുചില ശിൽപ്പങ്ങളിൽ ശ്രദ്ധിച്ചു.

‘അപ്പോൾ ഇതാണല്ലേ ഈ കൊട്ടാരത്തിൻറെ മെയിൻ സ്വിച്ച്...’ റ്റോജി പ്രൊഫസർ വിളക്കുകത്തിക്കാൻ ഉപയോഗിച്ച ലോഹദണ്ഡിൽ പിടിച്ചുകൊണ്ട് ചോദിച്ചു.

‘അതെ... അത് മുകളിലേക്ക് വലിച്ചാൽ തീപ്പൊരിക്കൊപ്പം വിളക്ക് കത്താനാവശ്യമായ ഇന്ധനവും വിളക്കുകളിലേക്കെത്തും. അതിനുശേഷം ഈ വലിച്ചുവച്ചിരിക്കുന്ന ദണ്ഡ് അൽപ്പാൽപ്പമായി താഴേക്ക് ചലിച്ചുകൊണ്ടിരിക്കും. രാത്രിയിൽ വലിച്ചുവച്ചാൽ പിറ്റേന്ന് പകൽ സമയമാകുമ്പോഴേക്കും അത് പൂർണ്ണമായി താഴെയെത്തി വിളക്കുകൾ സ്വയമണയും.’

‘അമ്പോ...സമ്മതിക്കണം...’

റ്റോജി അത്ഭുതത്തോടെ പറഞ്ഞു.

പുറത്ത് ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന തരത്തിൽ ഇടിമുഴക്കം ഉയർന്നുകേട്ടുകൊണ്ടിരുന്നു. പ്രൊഫസർ വാച്ചിലേക്ക് നോക്കി സമയം ഉറപ്പുവരുത്തി.

‘എല്ലാവരും ഇങ്ങോട്ടേക്ക് വരൂ...’

അയാൾ പല ഭാഗങ്ങളിലായി ചിതറിനിന്നവരെയെല്ലാം നോക്കിപ്പറഞ്ഞു. അതുകേട്ടതും വളരെപ്പെട്ടെന്നുതന്നെ അവരെല്ലാവരും രഞ്ജിത്തിനും റ്റോജിക്കുമൊപ്പം പ്രൊഫസറിൻറെ മുന്നിലേക്ക് ചെന്നുനിന്നു.

‘ഇപ്പോൾ സമയം ആറുമണി കഴിഞ്ഞിരിക്കുന്നു അതായത് ഇന്നത്തെ ദിവസം അവസാനിക്കുവാൻ ഇനിയുമുണ്ട് ആറുമണിക്കൂറുകൾ. ഏറിപ്പോയാൽ മൂന്നോ നാലോ മണിക്കൂറുകൾ മാത്രമായിരുന്നു ഇന്നത്തെ ദിവസത്തിൽ പകലിൻറെ ദൈർഘ്യം. സൂചനകൾ വച്ചുനോക്കുമ്പോൾ ഓരോ ദിവസം ചെല്ലുംതോറും ഭൂമിയുടെ സന്തുലിതാവസ്ഥയിൽ മാറ്റം സംഭവിക്കുകയാണ്. അതായത് ആ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അവസാന നാളുകളിലാണ് നാമിപ്പോൾ ജീവിക്കുന്നത്. ഭൂമിയുടെ മർമ്മസ്ഥാനമായ ഇവിടെ ഇത്രയധികം കുഴപ്പങ്ങളുണ്ടാവുന്നുവെങ്കിൽ മറ്റു സ്ഥലങ്ങളിലെ അവസ്ഥ എന്തായിരിക്കും. കരയിലുള്ളവർ ഇതിനോടകം തന്നെ

പലവിധ പ്രകൃതിദുരന്തങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ടാവണം. അതുകൊണ്ട് ഇനി കളയുവാൻ സമയമില്ല.

നമ്മുടേത് മാത്രമല്ല ഈ ഭൂമിയിലെ സകല ചരാചരങ്ങളുടെയും ജീവൻ ഇപ്പോൾ ഈ ദ്വീപിൽ കുടുങ്ങിക്കിടക്കുകയാണ്. നമ്മൾ ഇതിൽ തോറ്റാൽ ഭൂമി എന്ന ഒരു ഗ്രഹം ഇനിയങ്ങോട്ട് ഉണ്ടാവുകയില്ല...'

അത് പറഞ്ഞിട്ട് പ്രൊഫസർ ഹാളിൻറെ ഇടതുവശം കണ്ട വാതിലിനടുത്തേക്ക് നടന്നു. ബാക്കിയുള്ളവർ ശാന്തമായി അയാളെ അനുഗമിച്ചു.

വാതിൽ കടന്നുചെന്നതും നീളത്തിലുള്ള ഒരു ഇടനാഴിയിലേക്കാണ് അവർ എത്തിച്ചേർന്നത്. അതിൻറെ ഇരുവശങ്ങളിലും വിളക്കുകൾ പ്രകാശിച്ചു കൊണ്ടിരുന്നു. രണ്ട് വിളക്കുകളുടെ നടുവിൽ ഒരു വാതിൽ എന്ന തരത്തിൽ ഓരോ മുറികളുണ്ടായിരുന്നു. ആദ്യത്തെ മുറിയുടെ മുന്നിലെത്തിയതും പ്രൊഫസർ അവർക്കുനേരെ തിരിഞ്ഞുനിന്നു.

'ഇതാണ് ഞാൻ ഉപയോഗിച്ചുകൊണ്ടിരുന്ന മുറി. നിങ്ങൾ അടുത്തുകാണുന്ന മുറികളിൽ പോയി വളരെ വേഗത്തിൽ ഫ്രഷ് ആകൂ. കൃത്യം ഒരുമണിക്കൂർ കഴിയുമ്പോൾ എല്ലാവരും ഇവിടെ എത്തിച്ചേരണം...'

അത് പറഞ്ഞിട്ട് പ്രൊഫസർ ആ മുറിയുടെ തടിവാതിൽ തള്ളിത്തുറന്ന് അകത്തേക്ക് പോയി. അപ്പോഴേക്കും ബാക്കിയുള്ളവർ തൊട്ടടുത്ത മുറികളിലേക്ക് ചേക്കേറിയിരുന്നു.

പെൺകുട്ടികൾ രണ്ടാമത്തെ മുറിയിലും ആണുങ്ങൾ മൂന്നാമത്തെ മുറിയിലുമായിരുന്നു സ്ഥാനം പിടിച്ചത്. മുറിയിലെത്തിയതും പെൺകുട്ടികൾ മൂവരും മുറിയാകെ നിരീക്ഷിക്കുവാൻ ആരംഭിച്ചു. ഒത്തനടുവിൽ ഒരു സപ്രമഞ്ചക്കട്ടിൽ കിടന്നിരുന്നതിൽ ഒരു ബെഡ്ഷീറ്റ് വിരിച്ച് താര അതിലേക്ക് ചാഞ്ഞു. റൂബിയും ജെസ്സിയും മുറിയിൽനിന്നും മറ്റൊരു വാതിൽ കണ്ട് അവിടേക്ക് പോയി.

'ഓ മൈ ഗോഡ്. അറ്റാച്ച്ഡ് ബാത്റൂം...' അവർ ഇരുവരും പരസ്പരം അത്ഭുതത്തോടെ പറഞ്ഞു. അതിനുള്ളിൽ ഒരു ചെറു ചാലിലൂടെ വെള്ളം ഒഴുകിക്കൊണ്ടിരുന്നതിൽ റൂബി ചുമ്മാ ഒന്ന് കൈയ്യിട്ടു.

'ഹാ... എന്താ തണുപ്പ്... നീ എൻറെ ബാഗിൽനിന്നും ടർക്കിയും ഒരു ജോഡി ഡ്രസ്സും ഷാംപൂവുമൊക്കെ എടുത്തിട്ട് വാ...' അതുംപറഞ്ഞുകൊണ്ട് അവൾ കൈക്കുമ്പിളിൽ വെള്ളം കോരി ദേഹത്തേക്ക് ഒഴിച്ചുതുടങ്ങി. ജെസ്സി ഒരു പരിഹാസച്ചിരി പാസ്സാക്കിയശേഷം അവിടെനിന്നും മുറിയിലേക്ക് പോയി റൂബിക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുത്തു.

'എടീ... ഒരു മഗ്ഗോ പാത്രമോ വല്ലോം തന്നേ... കോരിക്കോരി എൻറെ കൈകഴച്ചു.' അൽപ്പസമയം കഴിഞ്ഞപ്പോൾ റൂബി അകത്തുനിന്നും വിളിച്ചുപറഞ്ഞു.

‘പാത്രമൊക്കെ വച്ചേക്കുന്ന ബാഗ് അവന്മാരുടെ മുറിയിലാ...’ ജെസ്സി മറുപടി കൊടുത്തു.

‘എങ്കിൽ വേഗം പോയി എടുത്തിട്ട് വാടീ... പിന്നെ ഫ്രെസ്സിൻറെ ബാഗ് നമ്മുടെ കൈയ്യിലല്ലേ... പോകുമ്പോൾ അവർക്കുള്ള ഭക്ഷണവുംകൂടി കൊടുത്തേക്ക്...’

‘ഉം...ശരി...ഡീ താരേ ഞാൻ അപ്പുറത്തെ മുറിയിലേക്ക് പോകുവാണേ...’

ജെസ്സി കട്ടിലിൽ കിടന്നിരുന്ന താരയെ തട്ടിവിളിച്ചുകൊണ്ട് പറഞ്ഞു.

‘ഹാ...ഗുഡ് നൈറ്റ്.’

താര പാതിയുറക്കത്തിൽ ക്ഷീണശബ്ദത്തിൽ പറഞ്ഞു. അത് കേട്ട് ചിരിച്ചുകൊണ്ട് അവൾ മുറിയിൽനിന്നും ഫ്രെഡിൻറെ ബാഗുമായി പുറത്തേക്കിറങ്ങി.

പ്രൊഫസറിൻറെ മുറിയിലേക്കാണ് ആദ്യം അവൾ ചെന്നത്. അവിടെ അയാളെ കാണാതിരുന്നപ്പോൾ അവൾ മുറിയിലാകെ നിരീക്ഷിച്ചു.

‘സർ... സർ...’

ഒന്നു രണ്ടു വട്ടം വിളിച്ചിട്ടും മറുപടി കിട്ടാതെ അവൾ ഇടനാഴിയിലേക്ക് തിരികെയിറങ്ങി. തീനാളങ്ങളുടെ വെളിച്ചത്തിൽ ഇടനാഴിയുടെ ഒടുവിൽ ഒരു പടിക്കെട്ട് മുകളിലേക്ക് പോയിരിക്കുന്നത് കണ്ടു.

‘ഏയ്... അങ്ങോട്ടൊന്നും പോയിട്ടുണ്ടാവില്ല. ഹാളിൽ വല്ലോം ഉണ്ടാവും...’ സ്വയം അതുംപറഞ്ഞുകൊണ്ട് അവൾ ഹാളിലേക്ക് നടന്നു.

ഹാളിലേക്കെത്തിയശേഷം അവൾ വീണ്ടും പ്രൊഫസറെ വിളിച്ചുകൊണ്ട് അവിടെയാകെ കറങ്ങി. ചുറ്റും അത്രയും ശിൽപ്പങ്ങളുടെ സാന്നിദ്ധ്യവും ഹാളിനുള്ളിലെ നിശബ്ദതയുമെല്ലാം അവിടെ തുടരുന്നതിൽ അവളിൽ അപ്രിയമുളവാക്കി. തിരികെ പോകുവാനായി പിന്നിലേക്ക് തിരിഞ്ഞതും ബാഗിൻറെ ഒരുവശം പിന്നിൽ സ്ഥിതിചെയ്തിരുന്ന ഒരു പ്രതിമയുടെ കൈയ്യിലുള്ള അറ്റം കൂർത്ത് അർദ്ധവൃത്താകൃതിലുള്ള എന്തോ ആയുധത്തിലുടക്കി. അതിൽ നിന്നും ഉടക്ക് മാറ്റാനായി ബാഗ് പിടിച്ചു വലിക്കവേ പ്രതിമയുടെ കൈയ്യിലെ ആയുധത്തിൻറെ അറ്റം ഒടിഞ്ഞ് താഴെവീണ് ചിതറി. അപ്പോഴാണ് അവൾ ആ പ്രതിമയുടെ ഘടന ശ്രദ്ധിച്ചത്. അത് കല്ലിൽ തീർത്ത ശിൽപ്പമല്ല. മറിച്ച് കളിമണ്ണോ മറ്റോ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്ന് അവൾക്ക് മനസ്സിലായി. മാത്രമല്ല അതിൻറെ തലഭാഗം പട്ടുതുണിപോലെ തോന്നിക്കുന്ന എന്തോകൊണ്ട് പൊതിഞ്ഞുകെട്ടിയിരുന്നു.

അത് സമീപകാലത്ത് കെട്ടിവച്ചതുപോലെ അവൾക്ക് തോന്നി.

ചുറ്റും ഒന്ന് നിരീക്ഷിച്ചശേഷം ജെസ്സി അതിൻറെ തലമൂടിയിരുന്ന തുണിയുടെ കെട്ട് സൂക്ഷ്മതയോടെ അഴിക്കുവാൻ ആരംഭിച്ചു.

വളരെ പ്രയാസപ്പെട്ട് ആ കെട്ട് അഴിച്ചപ്പോഴേക്കും അവൾ ആകെ വിയർത്തുകുളിച്ചിരുന്നു. എന്തോ ഒരു വലിയ കാര്യം ചെയ്തുതീർത്ത രീതിയിൽ ആത്മസംതൃപ്തിയോടെ ജെസ്സി ആ തുണിക്കഷ്ണം പ്രതിമയുടെ മുഖത്തുനിന്നും എടുത്തു മാറ്റി. തൊട്ടടുത്ത നിമിഷത്തിൽ ജെസ്സിയുടെ സിരകളിലൂടെ അനേകായിരം തരംഗങ്ങൾ ഇരമ്പിക്കയറി. അവളുടെ വികസിച്ച കണ്ണുകളിൽ നിന്നും കണ്ണീർ തുള്ളികൾ കുതിച്ചുചാടി. പിന്നിലേക്ക് നീങ്ങി നീങ്ങി ഒരു ശിൽപ്പത്തിൽ ചെന്നിടിച്ച് അവൾ നിലത്തേക്ക് വീണു. നിലത്തുനിന്നും പിടഞ്ഞെഴുന്നേറ്റ അവൾ പരിഭ്രമത്തോടെ ആൺകുട്ടികളുടെ മുറിയിലേക്ക് കുതിച്ചു.

അപ്രതീക്ഷിതമായി വാതിൽക്കൽ കിതപ്പോടെ പാഞ്ഞെത്തിയ ജെസ്സിയെ കണ്ടതും മുറിയിൽ ഓരോന്നും സംസാരിച്ചുകൊണ്ടിരുന്ന യുവാക്കൾ അവൾക്കരികിലേക്ക് ഓടിയെത്തി.

'ജെസ്സീ... എന്താ... എന്തുപറ്റി...'

അവർ ഓരോരുത്തരായി ജിജ്ഞാസയോടെ ഓരോ ചോദ്യങ്ങൾ ചോദിച്ചു.

'അവിടെ... അവിടെ... ഞാൻ... വാ നമുക്ക് പോകാം...' അവൾ എന്തൊക്കയോ പറഞ്ഞൊപ്പിക്കാൻ നന്നേ പാടുപെട്ടു.

ബഹളം കേട്ട് നനഞ്ഞപടി റൂബിയും മുറിയിൽ നിന്നും എത്തിനോക്കി. ആൺകുട്ടികളുടെ മുറിയുടെ വാതിലിൽ ജെസ്സിയേയും ബാക്കിയുള്ളവരേയും കണ്ട് ടർക്കി എടുത്ത് പുതച്ചുകൊണ്ട് അവളും അവിടേക്ക് ചെന്നു.

'എന്താടീ... എന്തുപറ്റി...' റൂബിയുടെ ചോദ്യം കേട്ട് ജെസ്സി അവളുടെ കൈയ്യിൽ പിടിച്ചുവലിച്ചു.

'വാ... എല്ലാരും വാ...' അത് പറഞ്ഞിട്ട് റൂബിയേയും വലിച്ചുകൊണ്ട് അവൾ ഹാളിലേക്കോടി. ബാക്കിയുള്ളവർ ആകാംക്ഷയോടെ അവരെ പിന്തുടർന്നു. പുറത്തെ ബഹളംകേട്ട് താരയും ഉണർന്നിരുന്നു. അവൾക്ക് കാര്യമൊന്നും മനസ്സിലായില്ലെങ്കിലും അവളും അവർക്കുപിന്നാലെ പാഞ്ഞു. ഹാളിലേക്കെത്തിയതും ശിൽപ്പങ്ങളുടെ ഇടയിലൂടെ റൂബിയേയും വലിച്ചുകൊണ്ട് ജെസ്സി വേഗത്തിൽ നടന്നുപോയി. റൂബി തൻറെ ശരീരം ശിൽപ്പങ്ങളിൽ തട്ടാതെയിരിക്കുവാൻ നന്നേ പാടുപെട്ടു. ഒടുവിൽ മുറിയുടെ വലത്തേ അറ്റത്തെ മൂലയിലെത്തിയതും ജെസ്സി അവളുടെ കൈയ്യിൽനിന്നും പിടിവിട്ട് മുന്നിലേക്ക് വിരൽ ചൂണ്ടി. അപ്പോഴേക്കും ബാക്കിയുള്ളവരും അവിടേക്കെത്തിച്ചേർന്നിരുന്നു.

തൊട്ടടുത്തനിമിഷത്തിൽ തങ്ങൾക്കുമുന്നിലുള്ള കാഴ്ച കണ്ട് ജെസ്സിയെപ്പോലെതന്നെ ബാക്കിയുള്ളവരും സ്തംഭിച്ചുനിന്നുപോയി. എന്തോ വലിയ കാര്യം നിറവേറ്റിയ സംതൃപ്തിയോടെ ജെസ്സി ബാക്കിയുള്ളവരുടെയെല്ലാം മുഖങ്ങളിലേക്ക് മാറിമാറി നോക്കി. താൻ കുറച്ചു നിമിഷങ്ങൾക്കുമുൻപ് അനുഭവിച്ച അതേ വികാരങ്ങളിലൂടെയാണ് അവരും സഞ്ചരിക്കുന്നതെന്ന് അവൾക്ക്

ബോദ്ധ്യമായി. ഇതേസമയം ബാക്കിയുള്ളവർ തങ്ങൾക്കു മുന്നിൽ നിലകൊള്ളുന്ന ആ പ്രതിമയെ ഉറ്റുനോക്കി നിൽക്കുകയായിരുന്നു.

'ജോംസി മിസ്സ്...'

അവരുടെ ഓരോരുത്തരുടെയും നാവിൽനിന്നും ആ പേര് പലതവണ പ്രതിഫലിച്ചു. ഞെട്ടൽ അൽപ്പമൊന്ന് കെട്ടടങ്ങിയപ്പോൾ താര മുന്നിലേക്ക് ചെന്ന് ആ പ്രതിമയിൽ സ്പർശിച്ചു. ജോംസി മിസ്സിൻറെ മുഖസാദൃശ്യത്തിൽ കൈയ്യിൽ ആയുധവുമേന്തി പടയാളിയുടെ വേഷത്തിൽ നിലകൊള്ളുന്ന ആ ശിൽപ്പത്തെ അത്ഭുതത്തോടെയവൾ നോക്കിനിന്നു. ബാക്കിയുള്ളവരും ആ പ്രതിമയ്ക്കരികിലേക്ക് നീങ്ങി.

പക്ഷെ ഈ സമയത്ത് രഞ്ജിത് എന്തോ ആലോചിച്ച് കൂട്ടുകയായിരുന്നു. അവൻ ജോംസി മിസ്സിൻറെ ഇരുവശങ്ങളിലുമായി നിലകൊണ്ടിരുന്ന മറ്റു പ്രതിമകളിലേക്ക് ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. അവയിൽ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്തിരുന്ന ബാക്കി പതിനൊന്ന് ശിൽപ്പങ്ങളുടെ മുഖവും ഒരുപോലെ മറച്ചു വച്ചിരുന്നു. അതിൽ എന്തോ അസ്വഭാവികത തോന്നി എന്തോ തീരുമാനിച്ചതുപോലെ അവൻ ഏറ്റവും അറ്റത്തേക്ക് നടന്നുപോയി. എന്നിട്ട് ഓരോ പ്രതിമയുടെയും മുഖത്തെ മറകൾ ഒന്നൊന്നായി അഴിച്ചുമാറ്റി. ഓരോ പ്രതിമയുടെ മറ നീക്കിക്കഴിയുമ്പോഴും ബാക്കിയുള്ളവരുടെ മുഖത്തുണ്ടായിക്കൊണ്ടിരുന്ന വികാരങ്ങൾ പലതായിരുന്നു. ഒടുവിൽ അവസാനത്തെ പ്രതിമയുടെ മുഖത്തെ മറനീക്കുമ്പോൾ അവർ ആരും ഒന്ന് കണ്ണുചിമ്മുകപോലും ചെയ്യാതെ അമ്പരപ്പോടെ ആ പന്ത്രണ്ട് രൂപങ്ങളിലേക്കും നോക്കിനിൽക്കുകയായിരുന്നു.

നൂറ്റാണ്ടുകൾക്ക് മുൻപ് നിർമ്മിക്കപ്പെട്ട ആ പ്രതിമകൾക്ക് തങ്ങളിൽ ഓരോരുത്തരുടെയും മുഖസാദൃശ്യം കൈവന്നതെങ്ങനെയെന്ന് എത്ര ചിന്തിച്ചിട്ടും അവർക്കാർക്കും പിടികിട്ടിയില്ല.

'പ്രൊഫസർ എവിടെപ്പോയി...'

അതുംചോദിച്ചുകൊണ്ട് രഞ്ജിത് ഇടനാഴിയെ ലക്ഷ്യമാക്കി ധൃതിയിൽ നടന്നുപോയി. അലക്സും ഷാനുവും അവനെ അനുഗമിച്ചു.

'അപ്പോൾ നമ്മളാരും ഇവിടേയ്ക്ക് യാദൃശ്ചികമായി എത്തിപ്പെട്ടവരല്ല. ആരോ ഇവിടേയ്ക്ക് കൊണ്ടെത്തിക്കുകയായിരുന്നു...' റൂബി തൻറെ രൂപത്തിലുള്ള പ്രതിമയുടെ മുഖത്തിലൂടെ വിരലോടിച്ചുകൊണ്ട് പറഞ്ഞു.

പക്ഷെ വളരെ പെട്ടന്നായിരുന്നു അവരുടെയൊക്കെയുള്ളിൽ മറ്റൊരു ചോദ്യം കടന്നുകൂടിയത്.

'ജോംസി മിസ്സിനേയും ചേർത്ത് തങ്ങൾ മൊത്തം പത്തുപേർ... അപ്പോൾ തങ്ങളുടെ കൂട്ടത്തിലുള്ള ബാക്കി രണ്ടുപേർ ആരാണ്...

ഒത്ത നടുവിൽ നിന്നിരുന്ന യുവാവിൻറെയും യുവതിയുടെയും രൂപങ്ങളിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് അവർ ഓരോരുത്തരും സ്വയം ആ ചോദ്യം ചോദിച്ചു.

'അയ്യോ...'

താര ഹാളിൻറെ ഒരു ഭാഗത്തേക്ക് കൈചൂണ്ടിക്കൊണ്ട് അലറിക്കരഞ്ഞു...!

# മുപ്പത്തിയൊമ്പത്

താര ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് നോക്കിയ അവർ കണ്ടത് പ്രൊഫസർ അവിടെ വീണുകിടക്കുന്നതാണ്.

'അയ്യോ.. സർ...' റ്റോജി പരിഭ്രമത്തോടെ പ്രൊഫസറിൻറെ അരികിലേക്കോടി. തൊട്ടുപിന്നാലെ മറ്റുള്ളവരും. വിക്കി രഞ്ജിത്തിനെയും അലക്സിനെയും ഷാനുവിനെയും ആ വിവരമറിയിക്കുവാനായി ഇടനാഴിയിലേക്ക് പാഞ്ഞു. 'സർ.. സർ...' റൂബിയും റ്റോജിയും ചേർന്ന് അയാളെ എഴുന്നേൽപ്പിക്കുവാനായി തട്ടിവിളിച്ചുകൊണ്ടിരുന്നു. അതിനിടയിൽ ജെസ്സി അയാളുടെ കൈത്തണ്ട പിടിച്ച് പൾസ് ചെക്ക് ചെയ്തു. 'നോക്ക്... ദാ.. തലയുടെ പിൻവശം രക്തം ചൊരിഞ്ഞിട്ടുണ്ട്...' താര പരിഭ്രമത്തോടെ പറഞ്ഞു. അപ്പോഴേക്കും ഇടനാഴിയിലേക്ക് പോയിരുന്നവർ തിടുക്കത്തോടെ അവിടേക്ക് ഓടിയെത്തി.

'എന്താ ഉണ്ടായത്... സർ...സർ...'

രഞ്ജിത്തും അയാളെ ഉണർത്താനായി തുടരെത്തുടരെ ശ്രമിച്ചു.

'അറിയില്ല... ഇവിടെ വീണുകിടക്കുകയായിരുന്നു. ആകെ നനഞ്ഞിട്ടുമുണ്ട്. പിന്നെ ദാ തലയുടെ പിൻവശം സാരമില്ലാത്ത ഒരു മുറിവും പറ്റിയിട്ടുണ്ട്...'

റൂബി രഞ്ജിത്തിനെ നോക്കി വിഷമത്തോടെ പറഞ്ഞു. രഞ്ജിത് നിലത്തേക്ക് ശ്രദ്ധിച്ചപ്പോൾ അധികം പഴക്കമില്ലാത്ത നനഞ്ഞ കാൽപ്പാടുകൾ വാതിലിൻറെ അരികിൽനിന്നും പ്രൊഫസർ കിടക്കുന്നിടംവരെ വന്നിരിക്കുന്നത് കണ്ടു.

'പ്രൊഫസർ എന്തിനാവും ഈ സമയത്ത് തനിച്ച് വെളിയിലേക്ക് പോയത്...' അവൻ മനസ്സിൽ ചിന്തിച്ചു.

'വരൂ നമുക്ക് പ്രൊഫസറെ മുറിയിലേക്ക് കിടത്താം...'

ആലോചനകൾക്കൊടുവിൽ അവൻ പറഞ്ഞു. പെട്ടെന്നുതന്നെ യുവാക്കളെല്ലാവരും ചേർന്ന് പ്രൊഫസറെ താങ്ങിയെടുത്ത് മുറിയിലേക്ക് നടന്നു. ഹാളിൽനിന്നും പുറത്തിറങ്ങവേ ഏറ്റവും പിന്നിലായിരുന്ന റൂബി ഒരു നിമിഷം തങ്ങളുടെ മുഖമുള്ള ആ രൂപങ്ങളിലേക്ക് ഒരുവട്ടംകൂടി നോക്കി. അവയുടെ മുഖഭാവങ്ങളിൽ എന്തോ അസ്വാഭാവികതയുള്ളതായി അവൾക്ക് തോന്നി. 'റൂബീ...' ജെസ്സി ഇടനാഴിയിൽ നിന്നുകൊണ്ട് വിളിച്ചു. അതുകേട്ടതും പ്രതിമകളിലേക്കുള്ള നോട്ടം പിൻവലിച്ചുകൊണ്ട് അവളും അവർക്കൊപ്പം നടന്നുപോയി.

പ്രൊഫസറിൻറെ മുറിയിലെത്തിയതും പെൺകുട്ടികളെ വെളിയിൽ നിർത്തിയിട്ട് യുവാക്കൾ അയാളുടെ നനഞ്ഞ വസ്ത്രങ്ങൾ മാറ്റി പകരം മറ്റൊന്ന് ധരിപ്പിച്ചു. ആ

സമയത്ത് പെൺകുട്ടികൾ മുറിയിൽ പോയി മുറിവിൽ വയ്ക്കുവാനുള്ള മരുന്നും മറ്റും എടുത്തുകൊണ്ടുവന്നു.

'ഇനിയിപ്പോൾ എന്താ ചെയ്യുക...' മുറിവിൽ മരുന്ന് വച്ചു കൊണ്ട് റൂബി ചോദിച്ചു.

'അറിയില്ല... പ്രൊഫസർ എന്തോ ഒന്ന് ഉദ്ദേശിച്ചിരുന്നു... അല്ലെങ്കിൽ വീണ്ടും അദ്ദേഹം വെളിയിലേക്ക് പോവില്ലായിരുന്നു...' രഞ്ജിത് പറഞ്ഞു.

'അതെ... പ്രൊഫസർ എന്തൊക്കയോ നമ്മളിൽ നിന്നും മറയ്ക്കുന്നുണ്ട്.' ജെസ്സി പ്രതികരിച്ചു.

'നിങ്ങൾ എല്ലാവരും ചേർന്ന് അദ്ദേഹത്തെ കുറ്റപ്പെടുത്തുകയാണോ...?' റ്റോജി അനിഷ്ടത്തോടെ ചോദിച്ചു.

'അങ്ങനെ ഞങ്ങൾ ആരെങ്കിലും പറഞ്ഞോ...' രഞ്ജിത് അവന് മറുപടി കൊടുത്തു.

'ഓ... ഇപ്പോ ഞങ്ങൾ നിങ്ങൾ എന്നൊക്കെയായോ.. കൊള്ളാം...' അവൻ പുച്ഛഭാവത്തിൽ പറഞ്ഞു.

'റ്റോജീ... കാര്യം പറഞ്ഞാൽ അത് മനസ്സിലാക്കണം. പ്രൊഫസർ നമുക്ക് ദോഷം വരുന്നതൊന്നും ചെയ്യില്ല എന്ന് നിന്നെക്കാൾ കൂടുതൽ എനിക്കും ഈ ഇരിക്കുന്നവർക്കും വിശ്വാസമുണ്ട്. പക്ഷെ അദ്ദേഹം നമ്മളെ അറിയിക്കാതെ ഇപ്പോൾ ഓരോന്നും ചെയ്യുന്നു. അതിനെപ്പറ്റി പറഞ്ഞതാണ്. പുറത്തു വച്ചാണ് സർ ഇതുപോലെ വീണുപോയിരുന്നതെങ്കിൽ നമ്മളൊക്കെ എന്തുചെയ്തേനേ... എങ്ങനെ ഈ കൊട്ടാരത്തിനുള്ളിൽനിന്ന് വെളിയിലേക്ക് കടക്കുമെന്നുപോലും നമുക്കാർക്കും തിട്ടമില്ല. അതുപോലെതന്നെ മരിച്ചുപോയ മിസ്സിനെ തിരികെ കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. പക്ഷെ അത് എങ്ങനെയെന്ന് ഒരു സൂചനപോലും നമുക്ക് തന്നിട്ടില്ല. ഒരുപക്ഷെ പ്രൊഫസറിന് എന്തെങ്കിലും സംഭവിച്ചാൽ നമ്മൾ ആ വഴി സ്വീകരിച്ച് പ്രൊഫസറെയും ആ വഴിക്ക് രക്ഷിക്കില്ലേ. അതിനെപ്പറ്റി ഒന്നും അറിയില്ലെങ്കിൽ ഒടുക്കം നമ്മളിൽ ഓരോരുത്തരും ഈ ദ്വീപിലുള്ള ആ കറുത്ത രൂപങ്ങളിൽ ഓരോന്നായി മാറുകയേയുള്ളൂ...' രഞ്ജിത് ആവേശത്തോടെ പറഞ്ഞുനിർത്തി.

റ്റോജി മറിച്ച് ഒന്നും മിണ്ടാതെ നിലത്തേക്ക് നോക്കിനിന്നു.

പിന്നീട് ആരും പരസ്പരം സംസാരിച്ചില്ല. എല്ലാവരും മുറിയുടെ ഓരോ ഭാഗങ്ങളിൽ സ്ഥാനംപിടിച്ചു. ഇടയ്ക്ക് താര ഉറക്കം തൂങ്ങി നിലത്തേക്ക് ചരിഞ്ഞുവീണു. എന്നിട്ട് ഞെട്ടി എഴുന്നേറ്റിരുന്നു.

'സോറി ഉറങ്ങിപ്പോയി...'

അവൾ രഞ്ജിത്തിനെ നോക്കി പറഞ്ഞു.

'ഇറ്റ്സ് ഓക്കേ... നമ്മൾ എല്ലാവരുംകൂടി ഉറക്കം നിൽക്കേണ്ട ആവശ്യമില്ല. ഒരു കാര്യം ചെയ്യാം. ഞാനും റ്റോജിയും ഇവിടെ നിന്നോളാം. നിങ്ങളൊക്കെ

മുറികളിലേക്ക് പൊയ്ക്കോളൂ. തൽക്കാലം എല്ലാവരും ഇന്നൊരുദിവസത്തേക്ക് സുഖമായിട്ട് ഉറങ്ങ് അപ്പോഴേക്കും പ്രൊഫസറും ഉണരും...'

രഞ്ജിത് എല്ലാവരോടുമായി പറഞ്ഞു.

'എങ്കിൽ ഞാൻകൂടി നിൽക്കാം...'

റൂബി തടിനിർമ്മിതമായ ആ മേശയിൽ നിന്നും താഴേക്ക് ഇറങ്ങിക്കൊണ്ട് പറഞ്ഞു.

'ഏയ് ഞങ്ങൾ രണ്ടു പേരുണ്ടല്ലോ. റൂബിയും പോയി ഉറങ്ങിക്കോളൂ. സമയം കളയണ്ട എല്ലാവരും മുറികളിലേക്ക് പോകൂ...'

അത് കേട്ടപ്പോൾ ബാക്കിയുള്ളവർ ഓരോരുത്തരും രഞ്ജിത്തിനെയും റ്റോജിയെയും നോക്കി ഒന്ന് തലകുലുക്കിയശേഷം മുറിയിൽനിന്നും സാവധാനത്തിൽ പുറത്തേക്ക് പോയി. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ രഞ്ജിത് റ്റോജിയെ നോക്കി ഒന്ന് ചിരിച്ചു. അവൻ തിരിച്ചും ഒരു ചിരി പാസ്സാക്കി.

ഇതേസമയം മുറിയിലെത്തിയ താരയും റൂബിയും ജെസ്സിയും പുതിയൊരു ചർച്ചയ്ക്ക് തുടക്കം കുറിച്ചിരുന്നു.

'എങ്കിലും നമ്മുടെയൊക്കെ അതേ മുഖം എങ്ങനെ ആ പ്രതിമകൾക്കും വന്നു. എല്ലാം ഒരു സ്വപ്നം കാണുന്നതു പോലെയുണ്ട്...'

താര അത്ഭുതപ്പെട്ടു.

'ഒന്നും മനസ്സിലാകുന്നില്ല...ഒരു കെട്ടുകഥപോലെ ചുറ്റും എന്തൊക്കയോ നടക്കുന്നു.' ജെസ്സി നിരാശാ സ്വരത്തിൽ പറഞ്ഞു.

'എന്തൊക്കയോ അല്ല... അസാധാരണമായ പല കാര്യങ്ങളാണ് കുറച്ച് നാളുകളായി നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അന്ന് രാത്രി പ്രൊഫസറിൻറെ വീട്ടിൽ എത്തിയതുമുതൽ നമ്മൾ നമ്മളല്ലാതായി മാറിയിരിക്കുന്നു. ഒരു ചെറിയ തെറ്റിദ്ധാരണയുടെ പേരിൽ പോലീസിനെയും സമൂഹത്തെയും ഭയന്ന് കെട്ടുകഥ പോലുള്ള ഒരു ദ്വീപിലേക്ക് യാത്ര തിരിക്കുക. യാത്രയ്ക്കിടയിൽ തലനാരിഴയിൽ പലതവണ മരണത്തെ മുഖാമുഖം കാണുക. ദ്വീപിൽ വച്ച് കാണാതായ പ്രൊഫസറെ കണ്ടുമുട്ടുക. കൂട്ടത്തിലുള്ള ഒരാൾ മരണപ്പെടുക. ഒടുവിൽ ദാ ഈ കൊട്ടാരവും....സത്യത്തിൽ ആ മുറിയിൽ കിടക്കുന്നത് നമ്മുടെ സർ തന്നെയാണെന്നതിന് എന്താണുറപ്പ്. അദ്ദേഹത്തിന് എങ്ങനെയാണ് ഈ കൊട്ടാരവും പരിസരവുമെല്ലാം ഇത്ര കൃത്യമായിട്ട് അറിയാവുന്നത്. നമ്മുടെ മുഖമുള്ള പ്രതിമകൾ എങ്ങനെയാണ് ഇതിനുള്ളിൽ വന്നത്. എല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണ്...' അത് പറഞ്ഞുകൊണ്ട് റൂബി കിടക്കയിൽ എഴുന്നേറ്റിരുന്നു.

പുറത്ത് ശക്തമായ ഇടിയുടെയും മഴയുടെയും ശബ്ദം ഉയർന്നുകേട്ടു.

'എന്തിനായിരിക്കും പ്രൊഫസർ വെളിയിലേക്ക് പോയത്...' വിക്കി ഷാനുവിൻറെ വശത്തേക്ക് ചരിഞ്ഞ് കിടന്നുകൊണ്ട് ചോദിച്ചു. ഇതേസമയം

ആണുങ്ങളുടെ മുറിയിലും ഇതുതന്നെയായിരുന്നു ചർച്ച.

‘ഒരു പിടിയും തരാത്ത നിഗൂഢമായ ഒരാളാണ് നമ്മുടെ പ്രൊഫസർ... പുറമേ ഇത്രയും പ്രശ്നങ്ങളുള്ളപ്പോൾ എന്തിനാണ് വീണ്ടും വെളിയിലേക്ക് പോയതെന്ന് അദ്ദേഹത്തിന് മാത്രമറിയാം... പക്ഷെ രഞ്ജിത് പറഞ്ഞതുപോലെ പുള്ളി എന്തൊക്കയോ നമ്മളിൽ നിന്നും മറയ്ക്കുന്നുണ്ട്. അത് ഉള്ളതാണ്...’ അതുവരെ വിക്കിയുടെയും ഷാനുവിൻറെയും സംസാരം കേട്ടുകൊണ്ടിരുന്ന അലക്സ് ഇടപെട്ടു.

‘സത്യത്തിൽ എന്തായിരിക്കും പ്രൊഫസറിൻറെ ലക്ഷ്യം...’

‘പ്രൊഫസറിൻറെ യഥാർത്ഥ ഉദ്ദേശം അറിയണമെങ്കിൽ ഒരേയൊരു മാർഗ്ഗമേയുള്ളൂ...’ ഷാനു പറഞ്ഞതുകേട്ട് വിക്കിയും അലക്സും കിടക്കയിൽ എഴുന്നേറ്റിരുന്നു.

‘എന്ത് മാർഗ്ഗം...’ അവർ രണ്ടുപേരും ഒരുപോലെ ചോദിച്ചു.

നമ്മളെ ഇവിടേയ്ക്ക് കൊണ്ടെത്തിച്ച അതേ മാർഗ്ഗം. അദ്ദേഹത്തിൻറെ ഡയറി. ഡയറിയിൽ അദ്ദേഹം ഒന്നുംതന്നെ മറച്ചു വയ്ക്കാറില്ല. പ്രൊഫസർ ഇവിടെ വന്നതിനുശേഷമുള്ള ഡയറി നമുക്ക് കണ്ടെത്തണം. അത് ആ മുറിയിൽത്തന്നെയുണ്ടാവും. നമ്മളെ കണ്ടുമുട്ടിയതിനുശേഷമുള്ള കാര്യങ്ങൾ മാത്രമേ അതിൽ ഉണ്ടാവാതിരിക്കാനിടയുള്ളു. ഒരുപക്ഷേ ഈ കുറഞ്ഞ സമയംകൊണ്ട് അദ്ദേഹം അതും ഡയറിയിൽ ചേർത്തിട്ടുണ്ടാവും...’ ഷാനു പറഞ്ഞു.

അവൻ പറഞ്ഞതിനോട് അവർ ഇരുവരും ഒരുപോലെ യോജിച്ചു.

‘പക്ഷെ രഞ്ജിത്തും റ്റോജിയും പ്രൊഫസറിൻറെ മുറിയിലല്ലേ. അവരുടെ സമ്മതത്തോടെ ആ ഡയറി എടുക്കുക പ്രയാസമാണ്. മാത്രമല്ല പ്രൊഫസറെ എതിർത്തുപറഞ്ഞപ്പോഴുള്ള റ്റോജിയുടെ പ്രതികരണം നേരത്തേ നമ്മൾ കണ്ടതുമല്ലേ...’ വിക്കി നിരാശപ്പെട്ടു.

‘അതാണ് പ്രശ്നം...’ ഷാനു ഒരു ദീർഘനിശ്വാസം വിട്ടു.

‘നമ്മൾ മൂന്നും ഒരുപോലെ മനസ്സുവച്ചാൽ അത് നടക്കും...’

എന്തോ ആലോചിച്ചശേഷം അലക്സ് പറഞ്ഞു.

കൊട്ടാരത്തെ പ്രകമ്പനം കൊള്ളിക്കുന്നതരത്തിൽ വീണ്ടും നല്ലൊരിടിവെട്ടി. മഴയ്ക്ക് വീണ്ടും ശക്തികൂടിക്കൂടിവന്നു.

‘ഡീ... നീ എന്തിനാ ഈ ഡയറിയെടുത്തത്. പ്രൊഫസർ എങ്ങാനും അറിഞ്ഞാൽ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടുവെന്ന് വരില്ല.’ താര റൂബിയെ ശകാരിച്ചു.

‘തൽക്കാലം ആരുമറിയില്ല... നമ്മുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഇനി ഈ ഡയറിക്കേ കഴിയൂ. ഇതിൽ നമുക്ക് അറിയേണ്ട കാര്യങ്ങൾ തീർച്ചയായുമുണ്ടാകും...’ അവൾ പറഞ്ഞു. ‘ഇത് വേണോടീ...’ ജെസ്സി സംശയത്തോടെ ചോദിച്ചു.

‘വേണം... അറിയാത്തവ അറിയുകതന്നെ വേണം. അതുംപറഞ്ഞുകൊണ്ട് റൂബി ആ ഡയറി തുറന്നു. മനസ്സില്ലാമനസ്സോടെ ജെസ്സിയും താരയും അവൾക്കൊപ്പം ചേർന്നിരുന്നു. ഡയറിയുടെ ആദ്യതാളുകളിൽ പ്രൊഫസർ യാത്രതിരിച്ചതും പിന്നീട് കടലിൽവച്ചുണ്ടായ അപകടവും അതിൻറെ അനുഭവങ്ങളുമൊക്കെയായിരുന്നു. അതിനുശേഷം മെർക്കുറിയിലെത്തിയതും അയാൾ തരണം ചെയ്ത കെണികളെപ്പറ്റിയുമെല്ലാം ആവോളം വിശദീകരിച്ചിരുന്നു. പക്ഷെ പിന്നീടുള്ള താളുകൾ ഓരോന്നും മറിക്കുംതോറും പെൺകുട്ടികളുടെ നെറ്റിയിൽ ചുളിവുകൾ രൂപപ്പെട്ടുതുടങ്ങി.

പ്രൊഫസർ കൊട്ടാരത്തിൽ എത്തിയതിനുശേഷമുള്ള ഓരോ പേജും അവർ മൂന്നുപേർക്കും നൽകിക്കൊണ്ടിരുന്ന ഞെട്ടലുകൾ ചെറുതായിരുന്നില്ല. കൊട്ടാരത്തിനുമേൽ കോരിച്ചൊരിയുന്ന മഴ സൃഷ്ടിച്ച് തണുപ്പിലും അവർ മൂന്നുപേരുടെയും നെറ്റിത്തടം ഒരുപോലെ വിയർത്തു.

‘തീർച്ചയായും അവർ വരും... അവരുടെ വരവിനായി ഞാൻ കാത്തിരിക്കുന്നു..!’ ഒടുവിലത്തെ ആ വരികൾ അവർ മൂവരും ഒരുമിച്ച് വായിച്ചുനിർത്തി. എന്നിട്ട് പരസ്പരം ഭീതിനിറഞ്ഞ ഒരു നോട്ടം നോക്കി. റൂബി വിറയലോടെ ഡയറി കൈയ്യിൽ നിന്നും താഴേക്ക് വച്ചു. അപ്പോഴും അവരുടെ കണ്ണുകൾ അതിൽത്തന്നെയായിരുന്നു.

‘റൂബീ... അപ്പോൾ ആ മുറിയിൽ കിടക്കുന്നത് നമ്മുടെ പ്രൊഫസറല്ല...’

ജെസ്സി ഭയത്തോടെ പറഞ്ഞു.

‘മരിച്ചത് ജോംസി മിസ്സുമല്ല...’

റൂബി യാന്ത്രികമായി മറുപടി പറഞ്ഞു...!

# നാൽപ്പത്

എന്തുചെയ്യണമെന്നറിയാതെ പെൺകുട്ടികൾ മൂന്നുപേരും കുറേസമയം ആ കട്ടിലിൽത്തന്നെ കഴിച്ചുകൂട്ടി.

'റൂബീ... നമ്മളറിഞ്ഞ കാര്യങ്ങൾ എത്രയുംവേഗം ബാക്കിയുള്ളവരെക്കൂടി അറിയിച്ചേ മതിയാവൂ...'

താര റൂബിയുടെ കൈത്തണ്ടയിൽ പിടിച്ചുകൊണ്ട് പറഞ്ഞു. 'അതിനൊക്കെ മുൻപ് നമുക്ക് മറ്റൊരു കാര്യം ചെയ്യുവാനുണ്ട്. നമ്മുടെ രൂപത്തിലുള്ള ആ പ്രതിമകൾ. അവയെല്ലാം ഉടനെതന്നെ നശിപ്പിക്കണം...' റൂബി ശൗര്യത്തോടെ പ്രതികരിച്ചു. 'ശരിയാ... ആദ്യം അതുതന്നെ ചെയ്യണം... വാ... ഇനിയും സമയം കളയുന്നത് അപകടമാണ്...' അതുംപറഞ്ഞുകൊണ്ട് താര കട്ടിലിൽ നിന്നും താഴേക്കിറങ്ങി.

'ജെസ്സീ. നീയും താരയുംകൂടി മറ്റുള്ളവരുടെ അടുത്തേക്ക് ചെല്ല് ഞാൻ ഹാളിലേക്ക് പോവുകയാണ്.'

'അയ്യോ... നീ ഒറ്റയ്ക്ക് പോവണ്ട...'

'ഹേയ് പേടിക്കണ്ട... നിങ്ങൾ ബാക്കിയുള്ളവരോട് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുമ്പോഴേക്കും ആ പ്രതിമകളെല്ലാം ഞാൻ ഇല്ലതാക്കിയിരിക്കും...' റൂബി ജെസ്സിയെ ഒന്ന് നോക്കിയശേഷം മുറിയിൽനിന്നും തിടുക്കത്തിൽ ഇടനാഴിയിലേക്കിറങ്ങി.

താരയും ജെസ്സിയും അവൾക്കുപിന്നാലെ പുറത്തേക്കിറങ്ങി തൊട്ടടുത്ത ആൺകുട്ടികളുടെ മുറിയെ ലക്ഷ്യമാക്കി വേഗത്തിൽ നടന്നു.

ഇടനാഴിയിൽനിന്നും ഹാളിലേക്കെത്തിയതും ഭ്രാന്തമായ ആവേശത്തോടെ റൂബി ആ പ്രതിമകളെ ലക്ഷ്യമാക്കി കുതിച്ചു. ആദ്യത്തെ ലക്ഷ്യം പ്രൊഫസറുടെ രൂപത്തിലുള്ള ആ പ്രതിമ തന്നെയായിരുന്നു.

ഇതേസമയം വിക്കിയും ഷാനുവും അലക്സുംകൂടി രഞ്ജിത്തും റ്റോജിയും അറിയാതെ മുറിയിൽനിന്നും പ്രൊഫസറുടെ ഡയറി അടിച്ചുമാറ്റാനുള്ള പ്ലാൻ തയ്യാറാക്കുകയായിരുന്നു. പെട്ടെന്നായിരുന്നു താരയും ജെസ്സിയും അവർക്കരികിലേക്ക് വന്നെത്തിയത്.

'എടാ... വിക്കീ.. ഷാനൂ... അലക്സേ... നമ്മുടെ പ്രൊഫസർ അത് പ്രൊഫസറല്ല... ഈ ദ്വീപിൻറെ ഉടമസ്ഥനാണ്. ആ പഴയ മെർക്കുറി രാജാവ്..!' ജെസ്സി പറഞ്ഞതുകേട്ട് ആൺകുട്ടികൾ കട്ടിലിൽ നിന്നും ഞെട്ടലോടെ ചാടിയിറങ്ങി.

‘എന്ത്... പ്രൊഫസർ രാജാവാണെന്നോ...നിനക്കൊക്കെ തലയ്ക്ക് ഭ്രാന്ത് പിടിച്ചോ...’ ഷാനു കർക്കശമായി ചോദിച്ചു. ‘എൻറെ ഷാനൂ ഒന്ന് വിശ്വസിക്ക്... എല്ലാം സത്യമാ...അത് നമ്മുടെ രക്ഷകനല്ല...നമുക്ക് തെറ്റുപറ്റിപ്പോയി...’

‘എന്താടീ നീയൊക്കെ പറയുന്നത് കാര്യം തെളിച്ചുപറ...’

തങ്ങൾ പറഞ്ഞതൊക്കെ സത്യമാണെന്ന് വിശ്വസിപ്പിക്കുവാനായി പ്രൊഫസറുടെ ഡയറി അവർ തുറന്നുകാട്ടി. ഡയറി കണ്ടതും ആൺകുട്ടികൾ മൂന്നുപേരും അത്ഭുതത്തോടെ പരസ്പരം നോക്കി കണ്ണുമിഴിച്ചു. എന്നിട്ട് ഡയറി വാങ്ങി അതിലെ താളുകൾ ഓരോന്നായി മറിച്ചുനോക്കി.

അതിൽ പ്രൊഫസർ എഴുതിവച്ചിരുന്ന പല കാര്യങ്ങളിലും അവരുടെ കണ്ണുകളുടക്കിനിന്നു. ഒടുവിൽ ആ ഡയറി അടയപ്പെട്ടപ്പോൾ അവരുടെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ അവശേഷിച്ചു.

‘ഈ എഴുതിയിരിക്കുന്നതിലൊക്കെ എന്തൊക്കയോ കുഴപ്പങ്ങളുണ്ട് നടന്നിട്ടില്ലാത്ത പല കാര്യങ്ങളുമാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്.’

വിക്കി അസ്വസ്ഥതയോടെ പറഞ്ഞു.

‘എന്ത് കുഴപ്പം... നമുക്ക് സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ വരെ അതിൽ കൃത്യമായി എഴുതി വച്ചിട്ടുണ്ട്. ഇനിയും നീ വിശ്വസിക്കുന്നില്ലേ...’ ജെസ്സി ചോദിച്ചു.

‘ഏയ്...ഒരിക്കലുമില്ല... പ്രൊഫസർ രാജാവാണെങ്കിൽ എങ്ങനെ ഇത്രയുംകാലം ജീവിച്ചു. എങ്ങനെ ഫ്ളോറിഡയിലെ ആ കോളജിലെത്തി. അഥവാ അങ്ങനെയാണെങ്കിൽത്തന്നെ നമ്മളെ ഇവിടേക്ക് ആരും കൊണ്ടുവന്നതല്ല. നമ്മൾ എല്ലാവരും സ്വന്തം താൽപര്യത്തിൽ ഇറങ്ങിപ്പുറപ്പെട്ടതാണ്. പിന്നെ ഈ ദ്വീപുമായി ബന്ധപ്പെട്ടുള്ള ആ പുസ്തകം എഴുതിയിരിക്കുന്നത് അന്നത്തെ കാലത്ത് ലിപിയായ ലൂത്തയിലാണ്. അങ്ങനെയെങ്കിൽ ആ ലിപി തന്നെയല്ലേ പ്രൊഫസറിൻറെ ഡയറിയിലും വരൂ. മാത്രമല്ല എന്തിനാണ് പ്രൊഫസറുടെ മനസ്സിലെ രഹസ്യങ്ങൾ നമുക്ക് മനസ്സിലാകുന്ന ഭാഷയിൽ ഒരു ഡയറിയിൽ എഴുതി വയ്ക്കുന്നത്. പണ്ടുകാലത്തെ എന്തെങ്കിലും ശൈലി അദ്ദേഹത്തിൽ പ്രകടമാണോ. ഞാൻ വിശ്വസിക്കില്ല. എവിടെയോ എന്തൊക്കയോ കുഴപ്പങ്ങൾ സംഭവിച്ചിട്ടുണ്ട്. പക്ഷേ അതെന്താണെന്നറിയില്ല...’

വിക്കി അത് പറയുമ്പോൾ അവൻറെ കണ്ണുകൾ മറ്റൊരാളെ തേടുകയായിരുന്നു.

‘റൂബിയെവിടെ...’ അവൻ സംശയത്തിൽ ചോദിച്ചു.

‘അവൾ ആ പ്രതിമകൾ നശിപ്പിക്കാൻ പോയി.’

താര നീരസത്തോടെ അതിനുള്ള മറുപടി പറഞ്ഞു.

‘എന്ത്..?’

‘അതെ... അവ നശിക്കണം. ഇല്ലെങ്കിൽ ഡയറിയിൽ പറഞ്ഞതുപോലെ ആ പ്രതിമകൾക്കുള്ളിൽ നമ്മുടെ ശരീരങ്ങൾ സംസ്കരിക്കപ്പെടും.’

ജെസ്സിയുടെ മറുപടി കേട്ടതും വിക്കി മുറിയിൽ നിന്നും ഇറങ്ങിയോടി. തൊട്ടുപിന്നാലെ ബാക്കിയുള്ളവരും.

പ്രൊഫസറിൻറെ മുറിയും കടന്ന് അവർ കൂട്ടമായി ഓടിയ ശബ്ദം അകത്ത് പ്രൊഫസറിനരികിൽ കാവലിരുന്ന രഞ്ജിത്തും റ്റോജിയും തിരിച്ചറിഞ്ഞിരുന്നു. കാര്യമൊന്നും മനസ്സിലാവാതെ അവർ മുറിയിൽനിന്നും വെളിയിലേക്കിറങ്ങി. തങ്ങളുടെ കൂട്ടുകാർ ധൃതിയിൽ ഹാളിലേക്ക് കുതിക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. എന്തോ പ്രശ്നമുണ്ടെന്ന് തിരിച്ചറിഞ്ഞതും അവരും ഹാളിലേക്ക് പാഞ്ഞു. ഇടനാഴിയിൽനിന്നും ഹാളിലേക്കെത്തുമ്പോഴേക്കും അവിടെനിന്നും എന്തോ അടിച്ചുപൊട്ടിക്കുന്ന ശബ്ദം ഉയർന്നുകേൾക്കുന്നുണ്ടായിരുന്നു. ആ രൂപങ്ങൾ നശിപ്പിക്കുന്നതിൽനിന്നും റൂബിയെ തടയാനായി എല്ലാവർക്കും മുൻപേ ഹാളിലേക്ക് ഓടിയെത്തിയ വിക്കിയുടെ കൈയ്യിൽ പെട്ടെന്ന് ഒരു പിടിവീണു.

‘ശ്ശ്...’ ചുണ്ടിൽ വിരലുവച്ചുകൊണ്ട് റൂബി അവനെ ഒരു പ്രതിമയുടെ പിന്നിലേക്ക് വലിച്ചിട്ടു. തൊട്ടുപിന്നാലെ വന്നവരോട് ഹാളിലുള്ള പ്രതിമകളുടെ പിന്നിലൊളിക്കാനായി അവൾ ആംഗ്യം കാട്ടി.

രഞ്ജിത്തിനും റ്റോജിക്കുമുൾപ്പെടെ ബാക്കിയുള്ളവർക്കും കാര്യമെന്താണെന്ന് പിടികിട്ടിയില്ലെങ്കിലും അവൾ പറഞ്ഞതു പോലെ അവർ ഓരോരുത്തരും സമീപത്ത് കണ്ട കൽപ്രതിമകളുടെയൊക്കെ മറവിലായൊളിച്ചു. അപ്പോഴും ഹാളിൻറെ ഒരു വശത്തുനിന്നും എന്തിലോ ലോഹം കൊണ്ടടിക്കുന്ന ശബ്ദം ഉയർന്നുകേൾക്കുന്നുണ്ടായിരുന്നു.

‘എന്തൊക്കെയാടീ ഈ നടക്കുന്നത്...’ വിക്കിയുടെ പതിഞ്ഞ ശബ്ദത്തിലുള്ള ചോദ്യം കേട്ട് അതിനുള്ള മറുപടിയെന്നോണം റൂബി തൻറെ വിറയ്ക്കുന്ന കൈകൾ ഹാളിൻറെ ഒരു വശത്തേക്ക് ചൂണ്ടിക്കാണിച്ചു. മറവിലിരുന്നുകൊണ്ടുതന്നെ അവൾ ചൂണ്ടിക്കാട്ടിയ ഭാഗത്തേക്ക് അവൻ കണ്ണുകൾ ചലിപ്പിച്ചു. തൽക്ഷണം അത്ഭുതംകൊണ്ട് അവൻറെ കണ്ണുകൾ വികസിച്ചു പോയി. അതോടൊപ്പം നെറ്റിയിൽ നിന്നും വിയർപ്പുകണങ്ങളും പൊടിഞ്ഞു. അറിയാതെ അവൻറെ നാവിൽനിന്നും ആ വാക്കുകൾ ഉച്ചരിക്കപ്പെട്ടു.

‘ജോംസി മിസ്സ്...!’

അവരുടെ ഇടതുവശത്ത് നിലകൊണ്ടിരുന്ന പ്രതിമകളുടെ മറവിൽ ഒളിച്ചിരുന്ന ബാക്കിയുള്ളവർക്കാർക്കും ഹാളിൻറെ വലത്തേമൂലയിൽ നടന്നുകൊണ്ടിരുന്ന സംഭവങ്ങൾ ഒന്നുംതന്നെ കാണുവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ശബ്ദം ഉയർന്നു കേൾക്കുന്ന ഭാഗത്ത് തങ്ങൾക്ക് ഭവിഷ്യത്ത് സംഭവിക്കുന്ന എന്തോ ഒന്നുണ്ടെന്ന് അവർക്കും ബോദ്ധ്യമായിരുന്നു. മുന്നിലേക്ക് വീണ്ടും ഒരിക്കൽക്കൂടി

എത്തിനോക്കിയശേഷം റൂബി മറ്റുള്ളവരെ ആംഗ്യം കാട്ടി തങ്ങളുടെ അരികിലേക്ക് വിളിച്ചു. ശബ്ദമുണ്ടാക്കാതെ മുട്ടിലിഴഞ്ഞ് അവർ ഓരോരുത്തരും റൂബിയും വിക്കിയും ഒളിച്ചിരുന്ന പ്രതിമയുടെ പിന്നിലേക്ക് വന്നെത്തി. തിക്കിത്തിരക്കി അവർ എട്ടുപേരും ആ മറവിലിരുന്നുകൊണ്ട് ഹാളിൻറെ വലതുഭാഗത്തേക്ക് നോക്കി. വിക്കിയെപ്പോലെതന്നെ അവരുടെ കണ്ണുകളും ഒരുപോലെ ഞെട്ടി വികസിച്ചു. പ്രാചീന വേഷങ്ങൾ ധരിച്ച് കൈയ്യിൽ ഒരു ആയുധവുമേന്തി ജോംസി മിസ്സ് നിൽക്കുന്നു. അതോടൊപ്പം പ്രൊഫസറുടെ പ്രതിമയിൽ ആയുധം കൊണ്ട് അവർ ആഞ്ഞടിക്കുന്നു. പക്ഷേ ഒരു പോറൽ പോലും ആ പ്രതിമയുടെമേൽ ഏറ്റിരുന്നില്ല. അവർ വീണ്ടും വീണ്ടും അത് തച്ചുടയ്ക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. തൊട്ടരികിൽത്തന്നെ അവരുടെ രൂപത്തിൽ നിലകൊണ്ടിരുന്ന മൺപ്രതിമ തകർന്നുകിടപ്പുണ്ടായിരുന്നു.

താരയും ജെസ്സിയും അത്ഭുതംകൊണ്ട് തങ്ങളുടെ വാ പൊത്തിപ്പിടിച്ചു. രഞ്ജിത്തും റ്റോജിയും തങ്ങൾക്കു ചുറ്റും നടക്കുന്നതെന്താണെന്ന് മനസ്സിലാവാതെ റൂബിയേയും വിക്കിയേയും മാറിമാറി നോക്കി.

'എന്തൊക്കെയാ ദൈവമേ ഈ സംഭവിക്കുന്നത്...' റ്റോജി അമ്പരപ്പോടെ പറഞ്ഞു.

റൂബി വീണ്ടും ചുണ്ടിൽ വിരലുവച്ച് താക്കീത് നൽകി. എന്നിട്ട് ഇടനാഴിയിലെക്കുള്ള വഴിയിലേക്ക് പോകാമെന്ന് അംഗ്യം കാണിച്ചു. ആദ്യം അവൾതന്നെ മുന്നിലേക്ക് നീങ്ങി. പക്ഷേ പെട്ടെന്ന് ജോംസി മിസ്സിൻറെ കൈയ്യിലിരുന്ന ആയുധം നിലത്തുവീഴുന്ന ശബ്ദം ഹാളിലാകെ പ്രതിധ്വനിച്ചു.

മുന്നിലേക്ക് നിരങ്ങിനീങ്ങിയ റൂബി തിരികെ തൻറെ കൂട്ടുകാരുടെ അരികിലേക്ക് തന്നെ ചെന്നു. പിന്നീടങ്ങോട്ടുള്ള കുറച്ചുസമയം ഹാളിലെങ്ങും നിശബ്ദത പടർന്നു. ആ സമയമത്രയും പ്രതിമയുടെ പിന്നിൽ ഒളിച്ചിരുന്നവർ ശ്വാസംപോലുമെടുക്കാൻ ഭയന്നു. എങ്കിലും എന്താണ് നടക്കുവാൻ പോകുന്നതെന്നറിയാനുള്ള വ്യഗ്രത അവരുടെ കണ്ണുകളെ വീണ്ടും ആ പ്രതിമകളുടെ ഭാഗത്തേക്ക് ചലിപ്പിച്ചു. ആയുധം താഴെയിട്ടശേഷം പ്രൊഫസറുടെ പ്രതിമയിൽ വെപ്രാളത്തോടെ കാതുവച്ച് പരിശോധിക്കുന്ന മിസ്സിനെയാണ് അവരവിടെ കണ്ടത്.

ഒന്നോ രണ്ടോ നിമിഷത്തെ പരിശോധനയ്ക്ക് ശേഷം എന്തോ മനസ്സിലാക്കിയതുപോലെ വീണ്ടും അവർ ആയുധം കൈയ്യിലേക്കെടുത്തു. എന്നിട്ട് ഇടനാഴിയിലേക്കുള്ള വഴിയുടെ നേർക്ക് തിരിഞ്ഞു. അപ്പോൾ മാത്രമാണ് അവരുടെ വിശ്വരൂപം അവരെല്ലാവരും കൃത്യമായി കണ്ടത്.

കൃഷ്ണമണിയുടെ തവിട്ടും വെള്ളയും ചേർന്ന വിചിത്ര നിറവും പ്രാചീനരീതിയിലുള്ള വേഷപ്പകർച്ചയും കൈയ്യിലേന്തിയ ആയുധവും കൂടി കണ്ടപ്പോൾത്തന്നെ അവരുടെയെല്ലാം പാതിജീവൻ പോയി. പ്രതിമകൾ സ്ഥിതിചെയ്തിരുന്ന ഭാഗത്തു നിന്നും ഒരു പരിചയസമ്പന്നയെപ്പോലെ അവർ മുന്നോട്ടുനടന്നു പോയി.

അതേസമയത്ത് യുവാക്കളും യുവതികളും ഒളിച്ചിരുന്ന പ്രതിമയുടെ മറുവശത്തേക്ക് കുതറിമാറിയിരുന്നു.

ജോംസി മിസ്സിൻറെ രൂപം ഹാളിൽനിന്നും ഇടനാഴിയിലേക്ക് കടന്നുവെന്ന് ബോധ്യമായപ്പോൾ അവരെല്ലാവരും ശബ്ദമുണ്ടാക്കാതെ ആ രൂപത്തെ പിന്തുടർന്നു. ഇടനാഴിയിൽ ആദ്യത്തെ മുറിയുടെ മുന്നിലെത്തിയതും തേടിയ ഒന്നിനെ കണ്ടെത്തിയതുപോലെ അവർ നടത്തമവസാനിപ്പിച്ചു. എന്നിട്ട് പല്ലുകൾ തമ്മിൽ വേഗതയിൽ കൂട്ടിയുരസ്സിക്കൊണ്ട് മുറിക്കുള്ളിലേക്ക് കയറി.

'അയ്യോ...പ്രൊഫസർ...' റ്റോജി മുന്നിലേക്ക് ഓടാൻ തുടങ്ങിയതും ജെസ്സി അവനെ തടഞ്ഞു.

'പോകരുത്... ഈ നടക്കുന്നതെല്ലാം ഞങ്ങൾ മുൻകൂട്ടി വായിച്ചതാണ്.'

'എന്നെ വിട്... പ്രൊഫസറെ എനിക്ക് രക്ഷിക്കണം...' അവൻ അവളുടെ കൈ തട്ടിമാറ്റിക്കൊണ്ട് പറഞ്ഞു.

'റ്റോജീ... എനിക്കും ഇവർ പറയുന്നതെന്താണെന്നറിയില്ല പക്ഷേ ഇപ്പോൾ നമ്മൾ ആ മുറിയിലേക്ക് പോയാൽ അത് അപകടമാണ്...'

രഞ്ജിത് അവനെ തടഞ്ഞുകൊണ്ട് പറഞ്ഞു.

'പ്രൊഫസറെ അവർ എന്തെങ്കിലും ചെയ്യും...'

അവൻ വെപ്രാളപ്പെട്ടു.

'റ്റോജീ... മുറിയിൽ കിടക്കുന്നത് നിൻറെ പ്രൊഫസറല്ല. അതാദ്യം നീ മനസ്സിലാക്ക്...' റൂബി ദേഷ്യത്തോടെ പ്രതികരിച്ചു. പിന്നീട് അവൻ ഒന്നുംതന്നെ മിണ്ടിയില്ല.

മുറിക്കുള്ളിൽനിന്നും ഇടയ്ക്കിടെ അവ്യക്തമായ എന്തൊക്കയോ ശബ്ദങ്ങൾ ഉയർന്നുകേട്ടുകൊണ്ടിരുന്നു. റൂബി രഞ്ജിത്തിനോടും റ്റോജിയോടും നടന്ന കാര്യങ്ങളെല്ലാം വിശദീകരിക്കുവാൻ തുടങ്ങുമ്പോഴായിരുന്നു കൊട്ടാരത്തിനുള്ളിലെ അന്തരീക്ഷത്തിന് എന്തൊക്കയോ മാറ്റങ്ങൾ സംഭവിക്കുവാനാരംഭിച്ചത്. ഇടനാഴിയിലും ഹാളിലുമുൾപ്പെടെ കൊട്ടാരത്തിൻറെ അകത്തളങ്ങളിലെല്ലാം ശക്തമായി കാറ്റ് വീശിയടിച്ചു. ആ കാറ്റിൽ ഭിത്തിയിലുള്ള വിളക്കുകളിലെ തീനാളങ്ങൾ ആടിയുലഞ്ഞു. എന്തോ ഒരു വൻവിപത്ത് തങ്ങളെത്തേടി വരുന്നതായി അവർക്ക് ഓരോരുത്തർക്കും അനുഭവപ്പെട്ടുതുടങ്ങി. അകത്തേക്ക് വീശിയടിക്കുന്ന കാറ്റിൻറെ ഉത്ഭവസ്ഥാനത്തെപ്പറ്റിയായിരുന്നു രഞ്ജിത് അപ്പോൾ ചിന്തിച്ചത്.

'എന്തോ പ്രത്യേക ശബ്ദം കേൾക്കുന്നുണ്ട്...' ചെവി കൂർപ്പിച്ച് പിടിച്ചുകൊണ്ട് അലക്സ് പറഞ്ഞു. അവൻ അത് പറഞ്ഞുതീർന്നതും താര ജെസ്സിയുടെ തോളിൽ അമർത്തിക്കൊണ്ട് ഇടനാഴിയുടെ അങ്ങേയറ്റത്തേക്ക് കൈചൂണ്ടി.

കാറ്റിൽ ആടിയുലഞ്ഞ തീനാളങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ആ കാഴ്ച കണ്ടു. നദിക്കരയിൽ വച്ച് മരണമടഞ്ഞ ജോംസി മിസ്സിൻറെ ശവം പൊതിഞ്ഞ

അതേ കറുത്ത വസ്തുക്കൾ നിലത്തുകൂടി കൂട്ടമായി അവർക്കരികിലേക്ക് വരുന്നു...!

'കൊട്ടാരത്തിനുള്ളിൽ ആരുടെയോ മരണം സംഭവിച്ചിരിക്കുന്നു...' രഞ്ജിത് പറഞ്ഞതുകേട്ട് എല്ലാവരും ഭയത്തോടെ നെഞ്ചിൽ കൈവച്ചു.

ഇടനാഴിയുടെ നിലത്തുകൂടി ഒഴുകിയെത്തിയ കറുത്ത വസ്തുക്കൾ പ്രൊഫസറുടെ മുറിയെ ലക്ഷ്യമാക്കി നീങ്ങി. തങ്ങൾക്കു മുന്നിൽ അരങ്ങേറുന്ന അപ്രതീക്ഷിത സംഭവങ്ങൾ കണ്ട് എല്ലാവരും ശ്വാസമടക്കിപ്പിടിച്ചുനിന്നു. അടുത്തതായി എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആർക്കും ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. മുൻപ് പ്രതിമയുടെ മറവിൽ തിക്കിത്തിരക്കി ഇരുന്നതുപോലെ ഇടനാഴിയുടെ ഒരു മൂലയിൽ അവർ അത്രയുംപേർ ഒത്തുചേർന്നുനിന്നു.

തൽക്ഷണം മുറിക്കുള്ളിൽനിന്നും ഒരു കറുത്തരൂപം അന്തരീക്ഷത്തിലൂടെ പുറത്തേക്ക് ഒഴുകിയെത്തി.

'പ്രൊഫസർ...' അവർ ഓരോരുത്തരും ഞെട്ടലോടെ പറഞ്ഞു. 'ദൈവമേ അപ്പോൾ അത് നമ്മുടെ പ്രൊഫസർ തന്നെയായിരുന്നോ...' താര കണ്ണുമിഴിച്ചുകൊണ്ട് റൂബിയെ നോക്കി.

'ഇനി ഇവിടെ നിൽക്കരുത്....വാ...'

രഞ്ജിത് തിടുക്കത്തിൽ അവരെയെല്ലാവരെയും ഹാളിലേക്ക് പിടിച്ചുവലിച്ചു. നിമിഷനേരംകൊണ്ട് പ്രൊഫസറുടെ ശരീരം ഇടനാഴിയുടെ അവസാനഭാഗത്ത് ചെന്ന് മുകളിലേക്ക് ഉയർന്നു പോയി.

'വാ...' അവൻ വീണ്ടും ശബ്ദിച്ചു.

മറ്റൊരു ലോകത്തിൽ നിന്നും ഞെട്ടിയുണർന്നതുപോലെ ബാക്കിയുള്ളവർ ഹാളിലേക്കോടി. അവർക്കുപിന്നാലെ ജോംസി മിസ്സിൻറെ രൂപവും ഹാളിലേക്ക് കടന്നെത്തി. തലനാരിഴയ്ക്ക് അവരുടെ കണ്ണിൽനിന്നും രക്ഷപെട്ട് യുവാക്കളും യുവതികളും വീണ്ടും പ്രതിമകളുടെ മറവിൽ അഭയംതേടി.

ഹാളിലേക്ക് നടന്നെത്തിയ മിസ്സിൻറെ രൂപം പല്ലുകൾ കൂട്ടിയുരസ്സിക്കൊണ്ട് പ്രൊഫസറിൻറെ പ്രതിമയുടെ മുന്നിലേക്ക് പോയിനിന്നു. കുറച്ചുസമയം ഒരു ചലനവുമില്ലാതെ ഹാളിനുള്ളിലെ ഒരു ശിലയെപ്പോലെ അവർ ആ നിൽപ്പ് തുടർന്നു.

എന്താണ് നടക്കാൻ പോകുന്നതെന്നറിയുവാനായി ഒളിച്ചിരുന്നവർ അവിടേക്കുതന്നെ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. അൽപ്പ സമയത്തെ നിശ്ചലതയ്ക്കൊടുവിൽ ആ രൂപം വീണ്ടും ചലിച്ചു. എന്നിട്ട് കൈയ്യിലുണ്ടായിരുന്ന ആയുധം അന്തരീക്ഷത്തിലൂടെ ഒന്നുരണ്ടു വട്ടം ചുഴറ്റി പ്രൊഫസറുടെ പ്രതിമയുടെ ശിരസ്സ് ലക്ഷ്യമാക്കി ആഞ്ഞുവീശി. തൽക്ഷണം ചില്ലുകൂട് തകരും പോലെ അത് പലകഷണങ്ങളായി ചിതറിത്തെറിച്ചു.

പ്രതിമയുടെ തകർന്ന ശിരോഭാഗം യുവാക്കൾക്കും യുവതികൾക്കും കടുത്ത ഞെട്ടലാണ് സമ്മാനിച്ചത്. നെഞ്ചിടിപ്പോടെ അവർ എട്ടുപേരും ആ രംഗം

നോക്കിനിന്നു.

പ്രതിമയ്ക്കുള്ളിൽ പ്രാഫസറുടെ മറ്റൊരു ശരീരം..!

# നാൽപ്പത്തിയൊന്ന്

പ്രൊഫസറിൻറെ പ്രതിമയുടെ ശിരോഭാഗം തകർത്തതിനു ശേഷം ഒരു പടച്ചട്ടപോലെ നിലകൊണ്ട ബാക്കി ശരീരഭാഗങ്ങളും നിമിഷനേരംകൊണ്ട് ജോംസി മിസ്സ് തച്ചുടച്ചു. മിസ്സിനെപ്പോലെ തന്നെ പ്രാകൃതമായ വേഷങ്ങൾ ധരിച്ച പ്രൊഫസറിൻറെ മറ്റൊരു ശരീരമാണ് പ്രതിമയ്ക്കുള്ളിൽനിന്നും വെളിയിലേക്കെത്തിയത്.

‘തർവീ...’

അവർ അയാളെ ഉറക്കത്തിൽനിന്നും വിളിച്ചുണർത്തുംപോലെ നീട്ടിവിളിച്ചു.

‘തർവിയോ...?’

യുവാക്കളും യുവതികളും ഒരുപോലെ അമ്പരന്നു.

‘പ്രൊഫസർ പറഞ്ഞത് ഇവിടുത്തെ രാജാവിൻറെ പേര് മെർക്കുറി എന്നല്ലേ...അപ്പോൾ ഇതാരാ..?’

താര സംശയത്തിൽ തിരക്കി.

‘ഫ്രോസ്യ...’

പെട്ടെന്ന് പ്രൊഫസർ നിക്കോൾസൻറെ ഗാംഭീര്യമുള്ള ശബ്ദം കേട്ട് അവർ അവിടേക്ക് ഞെട്ടിത്തിരിഞ്ഞു.

‘ഓ... ഗോഡ്... ഇനി ഇവിടെ നിൽക്കരുത്. എങ്ങനെയും നമുക്ക് നമ്മുടെ മുറിയിലെത്തണം.’

റൂബി രഞ്ജിത്തിനെ നോക്കി പറഞ്ഞു.

‘ദീ എഫറോ ജഗ്യറ്റ..’

‘വൽകിയ് തെഫ്സി..’

‘ഹടിയ് റെദ്വസ് ഒലിക്..’

ജോംസി മിസ്സിൻറെയും പ്രൊഫസറുടെയും ലൂത്ത ഭാഷയിലുള്ള സംഭാഷണം ഉയർന്നുകേട്ടു. അവർ ഇരുവരും മുഖാമുഖം നോക്കി നിൽക്കുന്നതിനാൽ ഹാളിൽനിന്നും അവരുടെ കണ്ണിൽപ്പെടാതെ രക്ഷപെടാൻ കഴിയില്ലെന്ന് എല്ലാവർക്കും ഉറപ്പുണ്ടായിരുന്നു.

‘എന്താ ഇപ്പൊൾ ചെയ്യുക.’

വിക്കി പരിഭ്രമത്തോടെ ചോദിച്ചു.

‘നമുക്ക് കാത്തിരിക്കാതെ വേറെ നിവർത്തിയില്ല.’ രഞ്ജിത് അവനെ സമാധാനിപ്പിച്ചു.

വീണ്ടും എന്തൊക്കയോ സംസാരങ്ങൾ പ്രൊഫസറും ജോംസി മിസ്സും തമ്മിലുണ്ടായി. ഒടുവിൽ ബാക്കിയുണ്ടായിരുന്ന പത്ത് പ്രതിമകളിലും എന്തൊക്കയോ പരിശോധനകൾ നടത്തിയ ശേഷം ഇരുവരും പുറത്തേക്കുള്ള വാതിൽ ലക്ഷ്യമാക്കി നടന്നു.

‘വേഗം വാ... അവർ എങ്ങനെയാ വാതിൽ തുറക്കുന്നതെന്ന് നോക്കാം..’

ജെസ്സി വിളിച്ചുപറഞ്ഞു.

‘ഞങ്ങൾ നോക്കിയിട്ട് വരാം...’

രഞ്ജിത് ജെസ്സിയോടൊപ്പം കൂട്ടത്തിൽനിന്നും എഴുന്നേറ്റു. തൊട്ടടുത്ത പ്രതിമയുടെ മറവിലേക്ക് ഇരുവരും അതിവേഗത്തിൽ ഓടി. നാലഞ്ച് പ്രതിമകൾ കഴിഞ്ഞപ്പോഴേക്കും അവർക്ക് പ്രധാനവാതിൽ കാണാൻ കഴിഞ്ഞു. പക്ഷേ അവർ കണ്ട കാഴ്ച വാതിൽ അടയുന്നതാണ്.

‘ഇത്ര പെട്ടെന്ന് അവർ പുറത്ത് കടന്നോ..?’

ജെസ്സി അത്ഭുതത്തോടെ ചോദിച്ചു. രഞ്ജിത്തിൻറെയുള്ളിലും അതേ ചോദ്യം ഉയർന്നുവന്നു.

‘അതിൻറെയർത്ഥം പുറത്തേക്ക് കടക്കാൻ അകത്തേക്ക് വന്നതുപോലെ പ്രയാസമുണ്ടാവില്ല എന്നാണ്...’

അവൻ എന്തോ ആലോചിച്ചശേഷം പറഞ്ഞു.

‘ഇനി നമ്മളെന്താ ചെയ്യുക...’

‘ആദ്യം ഞാനും റ്റോജിയും പ്രൊഫസറുടെ മുറിയിലായിരുന്നപ്പോൾ എന്തൊക്കെയാണ് സംഭവിച്ചതെന്ന് പറയ്. എന്നിട്ട് തീരുമാനിക്കാം ഇനിയെന്താണ് ചെയ്യേണ്ടതെന്ന്...’

രഞ്ജിത് അക്ഷമനായി പറഞ്ഞു.

‘എല്ലാം പറയാം...ആദ്യം നമുക്ക് നമ്മുടെ മുറിയിലേക്ക് പോകാം ഇവിടെ നമ്മൾ സുരക്ഷിതരല്ല...’

‘മുറിയിലെന്നല്ല... ആ പോയ രൂപങ്ങളെ നമ്മൾ ഭയക്കണമെങ്കിൽ ഈ കൊട്ടാരത്തിൽ എവിടെയാണെങ്കിലും നമ്മൾ സുരക്ഷിതരല്ല.’

അതുംപറഞ്ഞുകൊണ്ട് അവൻ ബാക്കിയുള്ളവരുടെ അടുത്തേക്ക് നടന്നു.

‘എല്ലാവരും വരൂ... തൽക്കാലം നമുക്ക് മുറിയിലേക്ക് പോകാം.’

ജെസ്സി വിളിച്ചുപറഞ്ഞു.

ഹാളിൽ നിന്നും ഇടനാഴിയിലേക്ക് കടന്ന് ഒന്നാമത്തെ മുറിയുടെ മുന്നിലെത്തിയതും രഞ്ജിത് ഒന്ന് നിന്നു. എന്നിട്ട് തിടുക്കത്തിൽ മുറിക്കുള്ളിലേക്ക്

കയറി. അവൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ബാക്കിയുള്ളവർക്ക് മനസ്സിലായില്ല. ഒരു മിനിറ്റ് കഴിഞ്ഞപ്പോൾ പ്രൊഫസറുടെ ബാഗുകളും മറ്റ് ഉപയോഗവസ്തുക്കളുമായി അവൻ പുറത്തേക്കെത്തി. എന്നിട്ട് വീണ്ടും മുന്നിൽ നടന്നു. പെൺകുട്ടികൾ തങ്ങിയിരുന്ന ഇടനാഴിയിലെ രണ്ടാമത്തെ മുറിയിലാണ് അവർ ഒത്തുകൂടിയത്. എല്ലാവരും മുറിയുടെ പലകോണുകളിലായി സ്ഥാനംപിടിച്ചപ്പോഴേക്കും റ്റോജി മുറിയുടെ വാതിലടച്ച് സാക്ഷയിട്ടു.

'ഇനി പറയ്... എന്താണ് ഈ നടക്കുന്നതൊക്കെ..?'

തിരിച്ച് റൂബിയുടെ അടുത്തേക്ക് നടന്നുകൊണ്ട് അവൻ ചോദിച്ചു.

'ഉം... പറയാം... നമ്മൾ ഇവിടെ എത്തിയശേഷം നീയും രഞ്ജിത്തും തമ്മിൽ പ്രൊഫസറുടെ പേരിൽ തർക്കിക്കുമ്പോൾ എൻറെ മനസ്സിലും രഞ്ജിത്ത് ചോദിച്ച അതേ ചോദ്യമായിരുന്നു. പ്രൊഫസർ എന്തിനാണ് നമ്മളോട് പറയാതെ ഒറ്റയ്ക്ക് പുറത്തേക്ക് പോയതെന്ന്. പണ്ട് ഫ്ളോറിഡയിൽ വച്ച് പ്രൊഫസർ എങ്ങോട്ടാണ് പുറപ്പെട്ടുപോയതെന്നറിയാൻ നമ്മൾ കണ്ടെത്തിയ അതേ ഉപായംതന്നെ ഞാൻ വീണ്ടും സ്വീകരിച്ചു. പ്രൊഫസറുടെ പുതിയ ഡയറി. അത് ഞാൻ കൈക്കലാക്കി പ്രതീക്ഷിച്ചതു പോലെതന്നെ പ്രൊഫസർ നമ്മൾ ഇവിടെവരെ എത്തിയ കാര്യങ്ങളൊക്കെയും എഴുതിവച്ചിരുന്നു. പക്ഷേ നമ്മളറിയാത്ത പല കാര്യങ്ങളും അതിൽ നിന്നും ഞാനും ഇവരുമെല്ലാം മനസ്സിലാക്കി. നമ്മൾ ഇത്രയും പേർ ഇവിടെ എത്തുമെന്ന് പ്രൊഫസർ നേരത്തേതന്നെ കണക്കുകൂട്ടിയിരുന്നു. അതുമാത്രമല്ല ഇനി എന്താണ് നടക്കാൻ പോകുന്നതെന്നും..!

അത് വായിച്ചതോടെ പ്രൊഫസറുടെ മേലുള്ള എൻറെ വിശ്വാസം നഷ്ടമായി.'

'എന്ത്... നമ്മൾ ഇവിടേയ്ക്ക് എത്തുമെന്നത് പ്രൊഫസർക്ക് നേരത്തേതന്നെ അറിയാമായിരുന്നെന്നോ...?'

റ്റോജി അത്ഭുതത്തോടെ ചോദിച്ചു.

'അതെ... നമ്മൾ ഈ ദ്വീപിൽ എത്തുന്ന സമയംപോലും നൂറ്റാണ്ടുകൾക്കുമുൻപേ കുറിച്ചുവച്ചിട്ടുള്ളതാണ്.' അവൾ പറഞ്ഞതുകേട്ട് റ്റോജിയും രഞ്ജിത്തും പരസ്പരം നോക്കി വാപൊളിച്ചു. റൂബി തുടർന്നു.

'പ്രൊഫസറുടെ കൈയ്യിലുണ്ടായിരുന്ന പുസ്തകത്തിൽ ഈ ദ്വീപിൻറെ മുൻകാല കഥകളും ഭാവിയിൽ നടക്കാൻ പോകുന്ന സംഭവങ്ങളുമെല്ലാം അടക്കം ചെയ്തിട്ടുണ്ട്. പക്ഷേ മുൻകാല കഥകൾ പലതും അദ്ദേഹം നമ്മളോട് മറച്ചുവച്ചു. ദ്വീപിനുള്ളിലെ മാതൃകാഭൂമി രാജാവിന് കാട്ടിക്കൊടുത്ത മാന്ത്രിക തലമുറയിലെ ഒരു ബാലനെപ്പറ്റി സർ പറഞ്ഞത് ഓർക്കുന്നില്ലേ. മാതൃകാഭൂമിക്ക് ആയുസ്സ് പകരാനും യാത്രയ്ക്കിടയിൽ രാജാവിനെ വധിക്കാനും പദ്ധതിയിട്ട് കരയിൽനിന്നും രാജാവുമായി അന്ത്യയാത്ര തിരിച്ചതുവരെയുള്ള കാര്യങ്ങളേ പ്രൊഫസർ നമ്മോട് പറഞ്ഞിട്ടുള്ളൂ. പക്ഷേ ആ കഥ പൂർണ്ണമായിരുന്നില്ല അന്ത്യയാത്രയിൽ ബാലൻ തനിച്ചായിരുന്നില്ല.

രാജാവിനോടൊപ്പം ദ്വീപിലേക്ക് യാത്രതിരിച്ചത്. അവൻറെതന്നെ തലമുറയിൽപ്പെട്ട ആയോധനകലകൾ പരിശീലിച്ചുകൊണ്ടിരുന്ന അവശേഷിച്ച പത്തുപേർ. രാജാവറിയാതെ അവരുമുണ്ടായിരുന്നു അന്ന് കടലുകടക്കാൻ. പക്ഷേ അവരുടെ പ്രതീക്ഷയ്ക്ക് വിപരീതമായി ആ യാത്രയിലേക്ക് ഒരാൾ കൂടി വന്നെത്തി. രാജാവിൻറെ പ്രിയപത്നി..! അന്നേക്ക് മൂന്നാം നാൾ അവരുടെ വിവാഹ വാർഷികമായിരുന്നു. വാർഷിക സമ്മാനമായി തൻറെ പ്രിയതമയെ മർമ്മദ്വീപ് കാണിച്ച് അത്ഭുതപ്പെടുത്തുകയായിരുന്നു അയാളുടെ ലക്ഷ്യം. ഒടുവിൽ പതിമൂന്ന് പേരടങ്ങുന്ന ആ പായ്ക്കപ്പൽ തീരത്തുനിന്നും യാത്രപുറപ്പെട്ടു. രാജാവും പത്നിയും യാത്രാവേള ഉല്ലസിക്കുന്ന സമയത്ത് ബാലൻ കപ്പൽ നിയന്ത്രിച്ചു. ബാക്കിയുള്ളവർ കപ്പലിലെ ധാന്യപ്പുരയിൽ ഒളിച്ചിരുന്നു. ഒടുവിൽ മൂന്നാം ദിവസം ചുഴികളെല്ലാം താണ്ടി കപ്പൽ കരയ്ക്കടുത്തു. കരയിലെത്തിയശേഷം അവർ പത്തു പേരും രാജാവിനെയും പത്നിയേയും ബാലനെയും പിന്തുടർന്നു കൊണ്ടേയിരുന്നു. അയാളുടെ പത്നിയെപ്പോലെതന്നെ അവർക്കും അവിടം ഒരു അത്ഭുതമായി തോന്നി. ദ്വീപിൽ പലയിടങ്ങളിലായി കാവൽ നിന്നിരുന്നവരുടെ കണ്ണുവെട്ടിച്ചും കെണികളിലേക്ക് തള്ളിയിട്ടുമൊക്കെ കൊട്ടാരപരിസരം വരെയും അവർ എത്തിച്ചേർന്നു. പക്ഷേ കാവൽക്കാർ കാണാതെ ഉള്ളിലേക്ക് കടക്കാൻ അവർക്ക് കഴിഞ്ഞില്ല. അവരെല്ലാവരും സമീപമുള്ള പഴത്തോട്ടത്തിൽ അന്തിമയങ്ങുംവരെ ഒളിച്ചിരുന്നു.

അസ്തമയശേഷം ബാലൻറെ സഹായത്തോടെ അവർ കൊട്ടാരത്തിനുള്ളിൽ കയറിക്കൂടി അവൻ തങ്ങിയിരുന്ന ഇടനാഴിയിലെ രണ്ടാമത്തെ ഈ മുറിയിൽ ഒത്തുകൂടി ബാക്കിയുള്ള പദ്ധതികൾക്ക് രൂപകൽപ്പന ചെയ്തു. ഭ്രമിക്ക് ആയുസ്സ് പകർന്നശേഷം അയാളെ വധിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ അന്ന് രാത്രിയിൽ തൻറെ വിജയരഹസ്യമായ മാതൃകാഭ്രമിയെ ഭാര്യയ്ക്ക് കാണിച്ചുകൊടുക്കുവാൻ രാജാവ് തീരുമാനിച്ചു. അത് മനസ്സിലാക്കിയ അവർ പതിനൊന്നുപേരും മാതൃകാഭ്രമി സംരക്ഷിച്ചിരുന്ന കൊട്ടാരത്തിലെ രഹസ്യഭാഗം ലക്ഷ്യമാക്കിയിറങ്ങി. എന്നാൽ കൊട്ടാരത്തിലെ ഓരോ ചലനവും സൂക്ഷ്മതയോടെ നിരീക്ഷിച്ചിരുന്ന അയാൾ അന്യരുടെ സാനിധ്യം തിരിച്ചറിയുകതന്നെ ചെയ്തു. നിമിഷങ്ങൾകൊണ്ട് കൊട്ടാരത്തിനകം ഒരു പോർക്കളമായി മാറി. ആ പത്തുപേരുമായി രാജാവും പത്നിയും ഏറ്റുമുട്ടി. ആയോധന കലകളിൽ പ്രാവീണ്യമുള്ള രാജദമ്പതികളുടെ പോരാട്ടത്തിനുമുന്നിൽ അവർ പത്തുപേരും പതറിത്തുടങ്ങിയത് മനസ്സിലാക്കിയ ബാലൻ മാതൃകാഭ്രമിയെ സംരക്ഷിച്ചിരുന്ന ഭാഗത്തേക്ക് പോയി. അവിടെ വച്ച് തൻറെ എല്ലാ കഴിവുകളുമുപയോഗിച്ച് ഭ്രമിക്ക് ആയുസ്സ് പകർന്നുനൽകിയതോടൊപ്പം അവൻ മറ്റൊരു കാര്യം കൂടി ചെയ്തു. അവനൊഴികെ ആ കൊട്ടാരത്തിനുള്ളിലുള്ള എല്ലാ മനുഷ്യരും പ്രതിമകളായി മാറുവാനും താൻ മാതൃകാഭ്രമിക്ക് പകർന്നുനൽകിയ ആയുസ്സ് തീരുന്ന കാലത്ത് അവരുടെ അതേ

പ്രതിരൂപങ്ങൾ ദ്വീപിലെത്തി കെണികളിൽ അകപ്പെട്ട് മരണം സംഭവിച്ച് പഴയ ആളുകളായിതന്നെ പുനർജനിക്കുകയും ചെയ്യട്ടേയെന്ന്... അത് കൃത്യമായി ഫലിച്ചു.

പോരടിച്ചുകൊണ്ടിരുന്നവർ പ്രതിമകളായി മാറി. മാതൃകാ ഭ്രൂമിക്ക് ആയുസ്സ് തിരികെ ലഭിച്ചു. അതിനുശേഷം ദ്വീപിൽ നിന്നും രക്ഷപെട്ട് ബാലൻ തിരികെ രാജ്യത്തെത്തി. പുറംലോകം അതുവരെ അറിയാത്ത ദ്വീപിൻറെ കഥയെഴുതിയ ഒരേപോലത്തെ നിരവധി പുസ്തകങ്ങൾ രാജ്യത്ത് പലയിടങ്ങളിലായി മറവുചെയ്തു. അതിൻറെയെല്ലാം പിന്നിൽ വലിയൊരു കാരണവുമുണ്ടായിരുന്നു. ഓരോ പുസ്തകങ്ങളും ഓരോ കാലഘട്ടം ലക്ഷ്യമാക്കിയാണ് മറവുചെയ്തത്.

ഓരോ കാലഘട്ടങ്ങളിലും പ്രതിമകളായി മാറിയവരുടെ പ്രതിരൂപങ്ങൾ ജനിച്ചുകൊണ്ടേയിരുന്നു. അവർ ലോകത്തിൽ എവിടെയായിരുന്നാലും തമ്മിൽ ഒരുമിക്കുകയും പുസ്തകം മൂലം യാത്രപുറപ്പെടുകയും ചെയ്തുകൊണ്ടേയിരുന്നു. ഒടുവിൽ ദ്വീപിലെത്തി മരണം സംഭവിച്ചുകഴിഞ്ഞാൽ പ്രതിമയ്ക്കുള്ളിലെ രൂപങ്ങൾ പുനർജനിക്കുകയും മാതൃകാഭ്രൂമിയുടെ ആയുസ്സിലെ അവസാന നാളുകളിൽ സ്വാഭാവികമായി പ്രതിമയുടെ പുറംതോടിന് കട്ടി കുറയുംവരെയോ അല്ലെങ്കിൽ പ്രതിമയുടെ ഏതെങ്കിലും ഭാഗം ഉടയുംവരെയോ കാത്തിരിക്കുകയും ചെയ്തു.

ബാലൻ അങ്ങനെ ചെയ്തതിന് മറ്റൊരു കാരണം കൂടിയുണ്ട്. അവനെക്കൊണ്ട് ഭ്രൂമിക്ക് ആയുസ്സ് പകർന്നു കൊടുക്കാൻ കഴിയുന്നതിന് ഒരു പരിധിയുണ്ട്. അവൻറെ കാലശേഷം മാതൃകാഭ്രൂമിയുടെ ആയുസ്സ് തീർന്ന് ലോകം അവസാനിക്കാതിരിക്കാനായി ദ്വീപിൽ തിരിച്ചെത്തി മാതൃകാഭ്രൂമി സ്ഥിതി ചെയ്തിരുന്ന ഭാഗത്ത് അവനും അവരെപ്പോലെതന്നെ ഒരു പ്രതിമയായി രൂപംപ്രാപിച്ചു. ഓരോ നൂറ്റാണ്ടിലും ജന്മമെടുക്കുന്ന പ്രതിരൂപങ്ങളിൽ അവനും ഉൾപ്പെട്ടു. പല വിധത്തിൽ അവർ എല്ലാവരും ദ്വീപിലേക്ക് എത്തിപ്പെടുകയും ചെയ്തു.

ഒടുവിൽ പ്രതിരൂപങ്ങൾ ദ്വീപിലെ കെണികൾ താണ്ടാനാവാതെ മരണപ്പെടുകയും പ്രതിമകൾ പുനർജനിക്കുകയും ചെയ്തു. പുനർജനിച്ചാൽ ആ നിമിഷംതന്നെ ബാലൻ ഭ്രൂമിക്ക് പരമാവധി ആയുസ്സ് പകർന്നുനൽകി വീണ്ടും പ്രതിമയായി രൂപകൽപ്പന ചെയ്യും. അവനോടൊപ്പം പുനർജനിച്ച ബാക്കിയുള്ളവർക്കും അതുതന്നെ സംഭവിക്കും. യാദൃശ്ചികവശാൽ പ്രതിമകളായി നിലകൊള്ളുന്ന ആ പതിമൂന്നുപേരിൽ എട്ടുപേർ നമ്മളാണ്.'

റൂബി പറഞ്ഞുനിർത്തി.

എന്തോ മായാജാലക്കഥ കേട്ടിരിക്കുംപോലെ ഇരുന്നിരുന്ന രഞ്ജിത്തിനെയും റ്റോജിയെയും ജെസ്സി തട്ടിവിളിച്ചു.

'എന്തുപറ്റി..?'

അവൾ ചോദിച്ചു.

'അപ്പോൾ നമ്മളാണോ ഈ കാലഘട്ടത്തിലെ പ്രതിരൂപങ്ങൾ..?'

റ്റോജി വിശ്വാസം വരാത്ത രീതിയിൽ ചോദിച്ചു.

‘അതെ... ഒരുപക്ഷെ ഇത്രയും കെണികൾ താണ്ടി ഇതിനുള്ളിൽവരെയെത്തി നമ്മുടെ മരണത്തിനുവേണ്ടി കാത്തുനിൽക്കുന്ന പ്രതിമകളെ കണ്ട ആദ്യത്തെ പ്രതിരൂപങ്ങൾ...!’

# നാൽപ്പത്തിരണ്ട്

'കൊല്ലാനായിരുന്നോ നമ്മളെയെല്ലാം പ്രൊഫസർ ഇതിനുള്ളിൽവരെ എത്തിച്ചത്..?'

റ്റോജി പ്രൊഫസറുടെ ബാഗുകളിലേക്ക് ശ്രദ്ധിച്ചുകൊണ്ട് ചോദിച്ചു.

'അതെ... എല്ലാം അറിഞ്ഞുകൊണ്ടുതന്നെ പ്രൊഫസർ നമ്മളെ ചതിക്കുകയായിരുന്നു.'

റൂബി നിരാശകലർന്ന ശബ്ദത്തിൽ പറഞ്ഞു.

'ഇല്ല... നമ്മളെ ചതിക്കുവാനായിരുന്നുവെങ്കിൽ എന്തിന് ഇതിനുള്ളിൽ വരെ എത്തിക്കണം. വഴിയിൽ എത്രയോ മരണക്കെണികൾ ഉണ്ടായിരുന്നു. അതിലേക്ക് നമ്മളെ നിസ്സാരമായി നയിക്കാവുന്നതേ ഉണ്ടായിയിരുന്നുള്ളൂ. അതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. നമ്മുടെ മരണംവഴി മാതൃകാഭൂമിക്ക് ആയുസ്സ് പകരുകയായിരുന്നില്ല പ്രൊഫസറുടെ ലക്ഷ്യം. അത് മറ്റെന്തോ ആയിരുന്നു. ഒരുപാട് കാര്യങ്ങൾ അദേഹം നമ്മളിൽനിന്നും മറച്ചുവച്ചു. അത് ഒന്നുകിൽ നമുക്ക് ആ കാര്യങ്ങളിൽ ഒന്നുംതന്നെ ചെയ്യാൻ സാധിക്കില്ല എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാവണം. അല്ലെങ്കിൽ നമ്മളെ ഉൾക്കൊള്ളിക്കാതെ മറ്റെന്തോ പദ്ധതി അദ്ദേഹം പ്ലാൻ ചെയ്തിരുന്നിരിക്കണം. അത് എന്തുതന്നെയായാലും ഇപ്പോൾ പ്രൊഫസർ നിക്കോൾസൺ എന്ന വ്യക്തി ജീവനോടെയില്ല. അതുകൊണ്ട് അദ്ദേഹം ചെയ്യാൻ ഉദ്ദേശിച്ചത് എന്താണോ അത് നമ്മൾ ഏറ്റെടുത്ത് ചെയ്യണം...'

രഞ്ജിത് പറഞ്ഞതു കേട്ട് എല്ലാവരും സംശയത്തോടെ അവനെ നോക്കി.

'പക്ഷേ പ്രൊഫസറുടെ മനസ്സിലുണ്ടായിരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നമ്മളെങ്ങനെ കണ്ടെത്തും.'

അലക്സ് സംശയത്തോടെ ചോദിച്ചു. ബാക്കിയുള്ളവരുടെ

മനസ്സിലും അതേ ചോദ്യമായിരുന്നു അപ്പോൾ.

'നമ്മൾ ഒന്നുശ്രമിച്ചാൽ ഒരു ചെറിയ പഴുതെങ്കിലും ലഭിക്കാതെയിരിക്കില്ല. നിങ്ങൾ പ്രൊഫസറിൻറെ ബാഗുകളെല്ലാം ഒന്ന് പരിശോധിക്കു. റൂബി ആ ഡയറി ഇങ്ങുതരൂ...'

അത് കേട്ടതും അവൾ കൈയ്യിലിരുന്ന പ്രൊഫസറുടെ ഡയറി രഞ്ജിത്തിൻറെ നേർക്ക് നീട്ടി.

അവൻ ഓരോ പേജുകളും തിടുക്കത്തിൽ മറിച്ചുനോക്കി. റൂബി പറഞ്ഞ കാര്യങ്ങളെല്ലാം ഒരിക്കൽക്കൂടി അവൻറെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഒടുവിൽ അവസാനത്തെ താളിൽ കുറിച്ചിരുന്ന അവസാന വരികളിൽ എത്തിനിൽക്കുമ്പോൾ രഞ്ജിത്തിൻറെ മുഖത്ത് ചില പ്രത്യേക വികാരങ്ങൾ തെളിഞ്ഞുവന്നത് പെൺകുട്ടികൾ ശ്രദ്ധിച്ചു.

'കാന്തത്തിന് ചുറ്റും ഇരുമ്പ് തരികൾ ചിതറിക്കിടക്കും പോലെ കിടന്നിരുന്ന പതിമൂന്ന്പേർ ഒരു അദൃശ്യശക്തിയാൽ വീണ്ടും ഒത്തുചേർന്നിരിക്കുന്നു. അതും ഒരേ സ്ഥലത്ത്... ആ മരണങ്ങൾ അനിവാര്യമാണ്. ഇല്ലെങ്കിൽ ചരിത്രം വീണ്ടും ആവർത്തിക്കപ്പെടും...'

അത് വായിച്ചതിനുശേഷം രഞ്ജിത് ഗൗരവത്തോടെ തൻറെ കൂട്ടുകാരെ നോക്കി.

'എന്തുപറ്റി രഞ്ജിത്...'

ജെസ്സി ചോദിച്ചു.

എൻറെ നിഗമനം ശരിയാണെങ്കിൽ നമ്മളെക്കൂടാതെ മൂന്നുപേർ കൂടി ഇപ്പോൾ ഈ കൊട്ടാരത്തിലുണ്ട്...'

'എന്ത്...!'

എല്ലാവരും ഒരുപോലെ ആശ്ചര്യപ്പെട്ടു.

'ദേ ഇത് നോക്കിക്കേ... ബാഗുകളുടെ കൂട്ടത്തിലുള്ള രണ്ടെണ്ണം പ്രൊഫസറിൻറേതല്ല... ഇതിൽ ഒന്നിൽ ഒരു സ്ത്രീയുടെ വസ്ത്രങ്ങളും മറ്റുമാണ്. രണ്ടാമത്തെ ബാഗിൽ ഒരാൺകുട്ടിയുടെ അളവിലെ ഒരുജോഡി വസ്ത്രവും പിന്നെ ഒരു പുരുഷൻറെ വസ്ത്രങ്ങളുമാണ്. കൂട്ടത്തിൽ മറ്റുചില സാധനസാമഗ്രികളുമുണ്ട്...'

ബാഗുകൾ തുറന്നുകാട്ടിക്കൊണ്ട് അലക്സ് പറഞ്ഞു. 'ഹാ...അപ്പോൾ ഞാൻ പറഞ്ഞത് വെറും ഊഹമല്ല. അതാണ് സത്യം. പതിമൂന്നുപേർ ഒരു അദൃശ്യശക്തിയാൽ വീണ്ടും ഒത്തുചേർന്നിരിക്കുന്നു. അതും ഒരേ സ്ഥലത്ത്. ഇതൊക്കെ അദ്ദേഹം എഴുതിയത് നമ്മൾ ഈ കൊട്ടാരത്തിൽ എത്തിയതിനുശേഷമാണ്. അതായത് നമുക്കുമുൻപേ പ്രൊഫസറോടൊപ്പം ഇവിടെ ആരൊക്കയോ ഉണ്ടായിരുന്നു. പക്ഷേ എവിടെവച്ചോ പ്രൊഫസറും അവരും തമ്മിൽ വേർപെട്ടുപോയി. ആ സമയത്താണ് നമ്മുടെ കടന്നുവരവ്.

അവൻ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് മറ്റുള്ളവർക്കും ബോദ്ധ്യമായി.

'അപ്പോൾ തീർച്ചയായും പ്രൊഫസർ ഒറ്റയ്ക്കല്ല ഈ ദ്വീപിലേക്ക് യാത്ര തിരിച്ചത്. പക്ഷേ ആരായിരിക്കും ആ മൂന്നുപേർ...'

താര ആകാംക്ഷയോടെ ചോദിച്ചു.

'വരൂ... നമുക്ക് ആദ്യം ഒരു പരീക്ഷണം നടത്തുവാനുണ്ട്...'

അത് പറഞ്ഞിട്ട് രഞ്ജിത് നിലത്തുനിന്നുമെഴുന്നേറ്റു.

‘എന്ത് പരീക്ഷണം..?’

റൂബി സംശയത്തോടെ ചോദിച്ചു.

അതിന് മറുപടി പറയാതെ വാതിലിൻറെ സാക്ഷനീക്കി അവൻ ഇടനാഴിയിലേക്ക് നടന്നു.

‘ഇപ്പോൾ പ്രൊഫസറോ മിസ്റ്റോ കൊട്ടാരത്തിലേക്ക് കടന്നു വന്നാൽ അവർ നമ്മളെയെല്ലാം കൊല്ലും...’

ജെസ്സി അവൻറെ പിന്നാലെ നടന്ന് ഓർമ്മപ്പെടുത്തുംപോലെ പറഞ്ഞു.

‘ഈ പ്രശ്നങ്ങളിൽ നിന്നൊക്കെ ഒളിച്ചോടിയാലും നമ്മളാരും രക്ഷപെടാൻ പോകുന്നില്ല. തേടി വരുന്നത് മരണമാണെങ്കിൽ അതും നമ്മൾ സ്വീകരിക്കേണ്ടി വരും.’ രഞ്ജിത് പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടതിനാൽ പിന്നീടാരും സംസാരിച്ചില്ല.

ഇടനാഴിയും കടന്ന് ഹാളിൽ ആ പ്രതിമകൾ നിലകൊള്ളുന്ന ഭാഗത്തെത്തിയതും അവൻറെ നോട്ടം ആ രണ്ട് പ്രതിമകളിലേക്കായിരുന്നു.

‘ഇവരെയും ചേർത്ത് മൊത്തം മൂന്നുപേർ. അതിൽ രണ്ടു പേരുടെ രൂപങ്ങൾ ഇവിടെ ഹാളിൽ. ആ ബാലൻറെ രൂപം മാതൃകാഭൂമി സ്ഥിതി ചെയ്യുന്ന ഭാഗത്ത്. ഇനി നമുക്കറിയേണ്ടത് ഇവർ ഇപ്പോഴും ജീവനോടെയുണ്ടോ എന്നതാണ്.’

അത് പറഞ്ഞിട്ട് പോക്കറ്റിൽ നിന്നുമെടുത്ത ടോർച്ചിൻറെ പിൻഭാഗംകൊണ്ട് അതിലെ യുവാവിൻറെ പ്രതിമയിൽ രഞ്ജിത് ആഞ്ഞടിച്ചു. ടോർച്ചിൻറെ പിൻവശം നേരിയ തോതിൽ വളഞ്ഞതല്ലാതെ ആ പ്രതിമയ്ക്ക് ഒന്നുംതന്നെ സംഭവിച്ചില്ല. അടുത്തതായി അതുപോലെതന്നെ യുവതിയുടെ പ്രതിമയിലും അവൻ ടോർച്ചുകൊണ്ട് പ്രഹരിച്ചു. തൽക്ഷണം എന്തോ ചിതറിത്തെറിച്ച ശബ്ദം കേട്ട് പെൺകുട്ടികൾ ഭയന്ന് നിലവിളിച്ചു.

‘ശ്ശേ... നിർത്തെടീ... അത് ടോർച്ചാണ്...’

റ്റോജി ജെസ്സിയുടെ തലയ്ക്ക് ഒരു കൊട്ടുകൊടുത്തുകൊണ്ട് പറഞ്ഞു.

‘അപ്പോൾ ഇവർ ഇരുവരും ഇതിനുള്ളിൽ എവിടെയോ തന്നെയുണ്ട്. അതും ജീവനോടെ...!’

അത് പറയുമ്പോൾ രഞ്ജിത്തിൻറെ മുഖത്ത് ഒരു പ്രത്യേക തെളിച്ചമുണ്ടായിരുന്നു.

‘പക്ഷേ അവരെ നമ്മളെങ്ങനെ കണ്ടെത്തും. ദ്വീപിലെ കെണികളെക്കാൾ ഭയാനകം കൊട്ടാരത്തിനുള്ളിലെ കെണികളാണെന്നല്ലേ പ്രൊഫസർ പറഞ്ഞത്. അദ്ദേഹം അങ്ങനെ ഒന്നിൽ അകപ്പെട്ടതുകൊണ്ടല്ലേ നമ്മളുമായി കണ്ടുമുട്ടിയതുതന്നെ.’

റൂബി പ്രതികരിച്ചു.

‘നമുക്കാദ്യം തന്നെ മറ്റൊരുകാര്യം ചെയ്യുവാനുണ്ട്. ആ മൂന്നുപേരെ കണ്ടെത്തുന്നതുവരെ പുറത്തേക്ക് പോയിരിക്കുന്ന പ്രൊഫസറെയും മിസ്സിനെയും കൊട്ടാരത്തിനുള്ളിലേക്ക് കയറുവാൻ ഒരുകാരണവശാലും അനുവദിക്കരുത്. അവരുടെ മാർഗ്ഗം എങ്ങനെയും നമ്മൾ തടസ്സപ്പെടുത്തണം...’

അത് പറഞ്ഞിട്ട് ഹാളിൽ സ്ഥിതിചെയ്തിരുന്ന മറ്റ പ്രതിമകളുടെ അരികിലേക്ക് അവൻ നടന്നു.

‘ഇത് പിടിക്ക്...’

ഒരു കൽപ്രതിമയിൽ കൈവച്ചുകൊണ്ട് അവൻ പറഞ്ഞു. രഞ്ജിത്തിൻറെ ഉദ്ദേശം പൂർണ്ണമായും മനസ്സിലായില്ലെങ്കിലും ആണുങ്ങൾ എല്ലാവരും ചേർന്ന് ആ പ്രതിമ നിലത്തുനിന്നും ഉയർത്തുവാൻ ശ്രമിച്ചു. പക്ഷേ അതിൻറെ കനത്ത ഭാരം മൂലം അവർക്കതിന് കഴിഞ്ഞില്ല.

‘ഇതിന് വിചാരിച്ചതിനേക്കാൾ ഭാരമുണ്ട്. ആദ്യം ഇതിനെ ഒരു വശത്തേക്ക് ചരിച്ചിട്ടശേഷം ഉന്തിക്കൊണ്ടുപോകുന്നതാണ് ഉചിതം...’

വിക്കി പറഞ്ഞ ആ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് എല്ലാവരും ചേർന്ന് ആ കൽപ്രതിമയെ ഒരു ഭാഗത്തേക്ക് ചരിച്ചു. എന്നിട്ട് മുന്നിലേക്ക് തള്ളി.

‘നോക്കി നിൽക്കാതെ വാടീ...’

താര അതും പറഞ്ഞുകൊണ്ട് ആണുങ്ങളുടെയൊപ്പം പ്രതിമ തള്ളാൻ ഒത്തുചേർന്നു. റൂബിയും ജെസ്സിയും അതുപോലെ തന്നെ അവർക്കൊപ്പം കൂടി. ഒരു വിധത്തിൽ ആ പ്രതിമ തള്ളിത്തള്ളി അവർ പ്രധാന വാതിലിന് തടസ്സമായി കൊണ്ടു വച്ചു. അപ്പോഴേക്കും അടുത്ത പ്രതിമയെ ലക്ഷ്യമാക്കി രഞ്ജിത് നടന്നിരുന്നു. ഉച്ചത്തിൽ നിശ്വാസ ശബ്ദങ്ങൾ ഉണ്ടാക്കിയും പരസ്പരം സഹായിച്ചുമെല്ലാം അവർ ഓരോ പ്രതിമകൾ വാതിലിന് കുറുകെയായി കൊണ്ടുവെച്ചുകൊണ്ടിരുന്നു. ഒടുവിൽ ഒരു തരത്തിലും വാതിൽ തുറക്കാനാവാത്ത രീതിയിൽ പ്രതിമകൾ നിരന്നുകഴിഞ്ഞപ്പോൾ സന്തോഷംകൊണ്ട് അവർ ആരവം മുഴക്കി. ശേഷം ഹാളിൻറെ പല ഭാഗങ്ങളിലായി തളർന്നിരുന്നു. റൂബിയും ജെസ്സിയുംകൂടി മുറിയിലേക്കുപോയി ഭക്ഷണവും വെള്ളവും വച്ചിരുന്ന ബാഗുമായി തിരികെയെത്തി. എന്നിട്ട് എല്ലാവർക്കും അത് വീതിച്ചുനൽകി.

‘തൽക്കാലം നമ്മൾ രക്ഷപെട്ടുവല്ലേ...’

അൽപ്പം ആശ്വാസത്തോടെ റ്റോജി ചോദിച്ചു.

‘അതെ... പക്ഷേ എത്രയുംവേഗം ആ മൂന്നുപേരെയും നമ്മൾ കണ്ടെത്തണം. പ്രൊഫസറുടെ പദ്ധതിയെപ്പറ്റി അവർക്ക് എന്തെങ്കിലും അറിയാതിരിക്കില്ല.’

‘എങ്കിലും എന്തിനാവും പ്രൊഫസറും മിസ്സും പുറത്തേക്ക് പോയിട്ടുണ്ടാവുക...’

റ്റോജിയുടെ അടുത്ത ചോദ്യം കേട്ടപ്പോൾ രഞ്ജിത് തകർന്നു കിടക്കുന്ന പ്രൊഫസറുടെയും മിസ്സിൻറെയും പ്രതിമയുടെ അവശിഷ്ടങ്ങളിലേക്ക് മാറിമാറി നോക്കി.

‘നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടിരുന്ന ദ്വീപിൻറെ ചരിത്രകഥകൾക്ക് എതിരായാണ് ഈ കാലഘട്ടത്തിൽ സംഭവിച്ചിരിക്കുന്നതെല്ലാം. പുസ്തകത്തിൽ പറഞ്ഞതനുസരിച്ച് പ്രതിരൂപങ്ങളായ നമ്മളൊക്കെ മരിച്ചാലും മാതൃകാഭൂമിയുടെ അവസാന നാളുകളിലേക്ക് അടുക്കുമ്പോൾ മാത്രമാണ് പ്രതിമകൾ സ്വാഭാവികമായി ഉടയുന്നതും അവരെല്ലാം ഒരുമിച്ച് വെളിയിലെത്തുന്നതും. പക്ഷേ പ്രതിമയ്ക്കുള്ളിൽ നിന്നും പുറത്തെത്തുന്ന അതേ നിമിഷംതന്നെ ബാലൻ ഭൂമിക്ക് ആയുസ്സ് പകർന്നശേഷം എല്ലാവരെയും വീണ്ടും പ്രതിമകളാക്കും. അതിനാൽ ഓരോ കാലഘട്ടങ്ങളിലും തികച്ച് ഒരു മിനിട്ട് സമയം പോലും രാജാവിനോ പത്നിക്കോ ലഭിച്ചിരുന്നില്ല. പക്ഷേ ജെസ്സി കാരണം മിസ്സിൻറെ രൂപത്തിലുള്ള പ്രതിമയുടെ കൈഭാഗം ഉടഞ്ഞുപോയിരുന്നു. അങ്ങനെയാവും അവർ വെളിയിലെത്തിയിരിക്കുക. എന്തുതന്നെയായാലും തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ശാപം അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ മുറിയിലുണ്ടായിരുന്ന രാജാവിൻറെ പ്രതിരൂപമായ പ്രൊഫസറെ തിരഞ്ഞുകണ്ടെത്തി അവർ വധിക്കില്ല. ഇപ്പോൾ രാജദമ്പതികൾ ഇരുവരും സ്വതന്ത്രരാണ്. എങ്ങനെയെങ്കിലും ഈ ദ്വീപിൽ നിന്നും രക്ഷപെടാനേ ഈ സമയത്ത് അവർ ചിന്തിക്കൂ. പക്ഷേ ഇപ്പോൾ അവർക്ക് അതിന് കഴിയില്ല. അതുകൊണ്ട് വൈകാതെ തന്നെ അവരിരുവരും ഇവിടേക്കുതന്നെ തിരിച്ചെത്തും. ആ ചുരുങ്ങിയ സമയംകൊണ്ട് പ്രൊഫസർ ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്താണോ അത് കണ്ടെത്തി നമ്മൾ ചെയ്തിരിക്കണം.’

അവൻ അത് പറഞ്ഞപ്പോൾ റൂബി അസ്വസ്ഥയായി കാണപ്പെട്ടു.

‘എന്താ എന്തുപറ്റി..?’

താര അവളെ പിടിച്ചുലച്ചുകൊണ്ട് ചോദിച്ചു.

‘എല്ലാം എൻറെ തെറ്റാണ്. പ്രൊഫസറെ തെറ്റിദ്ധരിച്ച് ഞാൻ അദ്ദേഹത്തെ അറിഞ്ഞുകൊണ്ട് കൊലയ്ക്കുകൊടുത്തു. എടുത്തുചാടി ഹാളിലേക്ക് വരുംമുൻപ് നിങ്ങളോട് എല്ലാം പറഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ പ്രൊഫസറും നമ്മോടൊപ്പം ഉണ്ടാകുമായിരുന്നു. എൻറെ ബുദ്ധിമോശം കൊണ്ടാണ് നിങ്ങൾക്കും ഈ അവസ്ഥ വന്നത്...’

അതും പറഞ്ഞുകൊണ്ട് അവൾ ഏങ്ങലടിച്ചു.

‘ഏയ്... നീ ചെയ്തതിൽ ഒരു തെറ്റുമില്ല. കാരണം നീ ഹാളിലേക്ക് വന്നതുകൊണ്ടാണ് ഞങ്ങൾ പ്രൊഫസറുടെ മുറിയിൽനിന്നും പുറത്തെത്തിയത്. അങ്ങനെ അല്ലായിരുന്നുവെങ്കിൽ രാജാവിൻറെ പത്നിയായി മാറിയ മിസ്സിനെ നമ്മൾ കാണുകയുമില്ലായിരുന്നു. ഇപ്പോൾ ആരും ജീവനോടെ അവശേഷിക്കുകയുമില്ലായിരുന്നു. സംഭവിച്ച കാര്യങ്ങളെപ്പറ്റിയോർത്ത് വിഷമിക്കാതെ ഇനിയുള്ള കാര്യങ്ങൾ ആലോചിച്ചാൽ മതി. അങ്ങനെയെങ്കിൽ ജെസ്സിയല്ലേ ഇപ്പോൾ കരയേണ്ടത്. അവൾ കാരണമല്ലേ പ്രതിമ ഉടഞ്ഞതും രാജാവിൻറെ പത്നി വെളിയിൽ എത്തിയതുമെല്ലാം...’

രഞ്ജിത് അത് പറഞ്ഞപ്പോൾ ജെസ്സി ഒന്ന് പരുങ്ങി. പെട്ടെന്ന് വാതിലിൻറെ സമീപത്ത് എന്തോ തിരിയുന്ന ശബ്ദം കേട്ടു. തൽക്ഷണം പലഭാഗത്തായി ഇരുന്നവർ എല്ലാവരും നിലത്തുതന്നെ ഒരുമിച്ചുകൂടി.

'ശ്ശ്... വാതിലിൽ ആരോ താക്കോലിട്ടിരിക്കുന്നു...'

റ്റോജി ശബ്ദം താഴ്ത്തിപ്പഞ്ഞു.

'അവർ തിരിച്ചെത്തിയിരിക്കുന്നു. ഇനി നമുക്ക് അധികം സമയമില്ല. കൊട്ടാരത്തിനകത്ത് കടക്കാൻ ഇതല്ലെങ്കിൽ മറ്റൊരു രഹസ്യമാർഗ്ഗം തീർച്ചയായുമുണ്ടാകും. അവർ ആ മാർഗ്ഗം സ്വീകരിക്കും മുന്നേ നമുക്കാ മൂന്നുപേരെയും കണ്ടെത്തണം...'

രഞ്ജിത് അത് പറഞ്ഞുതീരുംമുൻപുതന്നെ അവർ കഷ്ടപ്പെട്ട് വാതിലിന് തടസ്സം വച്ചിരുന്ന പ്രതിമകൾ ഒരുമിച്ച് നിലംപൊത്തി വീണു. അതോടൊപ്പം വാതിൽ അകത്തേക്ക് തുറക്കുന്നതിനനുസരിച്ച് കൽപ്രതിമകളെല്ലാം ഇരുവശങ്ങളിലേക്കും നീങ്ങിമാറുന്നതാണ് അവർ കണ്ടത്. തൽക്ഷണം പുറത്തുനിന്നും മഴവെള്ളവും ശക്തമായ കാറ്റും ഉള്ളിലേക്കടിച്ചുകയറി. ഇരുന്നിടത്തുനിന്നും ഒന്നെഴുന്നേൽക്കുവാനോ ഒളിക്കുവാനോ അവർക്കാർക്കും അവസരം കിട്ടിയില്ല...!

# നാൽപ്പത്തിമൂന്ന്

അവരെയെല്ലാം ഞെട്ടിച്ചുകൊണ്ട് വാതിൽ തുറക്കപ്പെട്ടെങ്കിലും പുറത്തുനിന്നുള്ള വെളിച്ചത്തിൻറെ അഭാവംമൂലം അവർക്ക് ആരെയും കാണുവാൻ സാധിച്ചില്ല. പക്ഷേ പെട്ടെന്നുണ്ടായ ഇടിമിന്നൽ അവരുടെയെല്ലാം കണ്ണഞ്ചിപ്പിക്കുന്ന വിധത്തിലൊന്നായിരുന്നു. അതിൻറെ വെളിച്ചത്തിൽ രണ്ടുനിഴലുകൾ അവർക്കുമുന്നിലെ നിരപ്പായ തറയിൽ വീണ് പ്രതിഫലിച്ചു. വാതിൽ അടയുവാൻ തുടങ്ങിയതും പതിഞ്ഞ കാലടി ശബ്ദങ്ങൾ അവർക്കരികിലേക്ക് ചലിച്ചുതുടങ്ങി. എല്ലാവരും ഭയത്തോടെ കൂടുതൽ അടുത്തേക്ക് ചേർന്നിരുന്നു.

പേടിച്ചരണ്ട താര എന്തൊക്കയോ പുലമ്പിക്കൊണ്ട് തലയും കുമ്പിട്ട് നടുവിലായി ഇരിക്കുകയായിരുന്നു. ബാക്കിയുള്ളവർ ഓരോരുത്തരും തങ്ങളുടെ മരണത്തെ മുഖാമുഖം കണ്ട ഭാവത്തിൽ കണ്ണുകൾ ഒരുപോലെ ഇറുക്കിയടച്ചു. ആ നിമിഷത്തിൽ അവരുടെയെല്ലാം മനസ്സിലൂടെ തങ്ങളുടെ ഭൂതകാലത്തിലെ പല നല്ല ഓർമ്മകളും കടന്നുപോയി.

‘തസ്റാ...’

ഒരു നീണ്ട അലർച്ചയോടൊപ്പം എന്തൊക്കയോ താഴേക്ക് വീഴുന്ന ശബ്ദം കേട്ടതും നിലത്ത് കൂട്ടമായി ഇരുന്നിരുന്നവർ ഒന്നുകൂടി ചേർന്നിരുന്നു.

‘എമിക് റോബ് ഹസഥിഫ്...’

പൗരുഷമുള്ള ആ ശബ്ദം കേട്ട് ഭയത്തോടെയാണെങ്കിലും രഞ്ജിത് ഒന്ന് പാളിനോക്കി. പേമാരിയിൽ നനഞ്ഞു കുളിച്ചു നിൽക്കുന്ന ചൈനീസ് കണ്ണുകളുള്ള ഒരു സുമുഖനായ യുവാവിനെയും സുന്ദരിയായ ഒരു യുവതിയെയുമാണവൻ കണ്ടത്. ഇരുവരും അവരെപ്പോലെതന്നെയുള്ള മോഡേൺ വസ്ത്രങ്ങൾ ധരിച്ചിരുന്നു.

‘ഉജിഹ് ലാഹിറോ...’

ആ യുവാവ് എന്തോ ചോദിക്കുംപോലെ രഞ്ജിത്തിനെ നോക്കി ചോദിച്ചു. അവനാകട്ടെ കൂട്ടത്തിൽനിന്നും എന്തോ അത്ഭുതം നേരിൽ കണ്ട ഭാവത്തിൽ യാന്ത്രികമായി എഴുന്നേറ്റുനിന്നു.

‘ഇത് അവരല്ലേ...’

രഞ്ജിത് അത് ചോദിച്ചുകൊണ്ട് ചൂണ്ടുവിരൽ അവർക്കു നേരെ നീട്ടി എന്നിട്ട് ആ പ്രതിമകൾ സ്ഥിതിചെയ്യുന്ന ഭാഗത്തേക്ക് സംശയത്തോടെ ഉറ്റുനോക്കി.

തെല്ല് ഭയത്തോടെയാണെങ്കിലും ബാക്കിയുള്ളവരും നിലത്തുനിന്നും സാവധാനത്തിൽ എഴുന്നേറ്റു. അവർക്കു മദ്ധ്യേ എന്തൊക്കയോ പഴങ്ങൾ നിലത്തുവീണ് ചിതറിക്കിടക്കുന്നുണ്ടായിരുന്നു. നിമിഷങ്ങളോളം ഇരുകൂട്ടരുടെ ഭാഗത്തുനിന്നും ഒരുതരത്തിലുള്ള സംസാരങ്ങളുമുണ്ടായില്ല. എന്തെന്നാൽ പ്രത്യേക സംഭാഷണങ്ങളോ മുഖവുരയോ ഒന്നുംതന്നെയില്ലാതെ അവർ പരസ്പരം തിരിച്ചറിഞ്ഞ് കഴിഞ്ഞിരുന്നു.

'റൂബിറ്റ് യെട്ഫ് ഹാർ...'

യുവതി അവരെയെല്ലാം നോക്കി ചോദിച്ചു.

'എന്താ ഇവരീ പറയുന്നത്...ഒന്നും മനസ്സിലാവുന്നില്ലല്ലോ...'

റൂബി രഞ്ജിത്തിനെ നോക്കി കൈമലർത്തി. അവൻ എന്തോ ചോദിക്കാനെന്നവണ്ണം മുന്നിലേക്ക് നീങ്ങിനിന്നു.

'കാൻ യൂ സ്പീക് ഇംഗ്ലീഷ്..?'

അവൻറെ ചോദ്യം കേട്ട് കണ്ണുകൾ ഒന്ന് വികസിപ്പിച്ച് പല്ലുകൾ വെളിയിൽ കാട്ടാതെ ആ യുവതി ഒരു ചിരി പാസ്സാക്കി.

'യാ... ഒഫ്കോഴ്സ്... ഐ കാൻ സ്പീക് സിക്സ്ടീ സെവറൽ ലാംഗ്വേജസ്...'

രഞ്ജിത്തിൻറെ ചോദ്യത്തിന് തൃപ്തികരമായ മറുപടിയെന്നോണം യുവതി പറഞ്ഞു.

'അറുപത് ഭാഷകളോ...' അവർ ഓരോരുത്തരും അത്ഭുതത്തിൽ പരസ്പരം നോക്കി കണ്ണുമിഴിച്ചു.

'അതെ... അറുപത്... ഹഹ... എനിവേ... ഞാൻ താനിയ വിൽഫ്രെഡ്... ഇത് ലൂയി ഷിവാഗോ...'

അവർ ഇരുവരും ഓരോരുത്തർക്കായി ഹസ്തദാനം നൽകി. ബാക്കിയുള്ളവർക്കെല്ലാം ഒരു വിദേശവനിത തങ്ങളെപ്പോലെ തന്നെ മലയാളം സംസാരിക്കുന്നതിൽ അത്ഭുതം തോന്നി.

'മലയാളവും അറിയാമോ... നിങ്ങൾക്ക് ഇത്രയധികം ഭാഷകൾ എങ്ങനെ കൈകാര്യംചെയ്യാൻ കഴിയുന്നു...'

ജെസ്സി വിട്ടുമാറാത്ത അമ്പരപ്പോടെ ചോദിച്ചു.

'ഞാൻ ഭാഷകളെക്കുറിച്ച് റിസർച്ച് നടത്തുന്ന ഒരാളാണ്. കുട്ടിക്കാലം മുതൽ ഭാഷകൾ പഠിക്കുന്നതിൽ എനിക്ക് വലിയ താൽപ്പര്യവുമാണ്. അതും പുസ്തകങ്ങൾ നോക്കി ഭാഷ പഠിക്കുന്ന രീതിയല്ല. പഠിക്കുന്ന ഭാഷ സംസാരിക്കുന്ന സ്ഥലത്തുപോയി കുറച്ചുകാലമെങ്കിലും അവിടെ താമസ്സിക്കും. അതുകൊണ്ട് പഠിച്ച ഭാഷകൾ മുഴുവൻ മനസ്സിൽ പതിഞ്ഞതാണ്. പക്ഷേ ലൂയിക്ക് ചൈനയിലെ തന്നെ മറ്റൊരു ഭാഷയായ ഹുആയുവും പിന്നെ അവരുടെ ഗോത്രഭാഷയായ ലൂത്തയുമാണ് ആകെ

സംസാരിക്കാൻ അറിയുക. ഹആയു സംസാരിക്കാൻ ഞാൻ പ്രാപ്തയല്ല. അതിനാൽ ഞങ്ങൾ തമ്മിൽ സംസാരിക്കാൻ ഉപയോഗിക്കുന്നത് ലൂത്തയാണ്. പിന്നെ ലൂയി ഇംഗ്ലീഷ് പഠിച്ചുവരുന്നതേയുള്ളൂ...'

താനിയ പറഞ്ഞുനിർത്തിയിട്ട് ലൂയിയെ നോക്കി.

അവളുടെ ആവശ്യപ്രകാരം ചുരുങ്ങിയ നിമിഷങ്ങൾകൊണ്ടുതന്നെ തങ്ങളെപ്പറ്റിയും തങ്ങൾ കൊട്ടാരത്തിൽവരെ എത്തിപ്പെട്ട കഥകളെക്കുറ്റിയുമെല്ലാം റൂബി ലഘുവായി വിവരിച്ചു. പക്ഷേ അപ്പോഴും താനിയയെക്കുറിച്ചും ലൂയിയെക്കുറിച്ചുമുള്ള അവരുടെ അറിവുകൾ ശൂന്യമായിരുന്നു.

'എന്തായാലും നമുക്ക് ഒരുപാട് കാര്യങ്ങൾ പരസ്പരം സംസാരിക്കുവാനുണ്ട്. പക്ഷേ ഇപ്പോൾ അതിനുള്ള സമയമല്ല. എത്രയും പെട്ടെന്ന് നിങ്ങൾ ഓരോരുത്തരായി ആത്മഹത്യ ചെയ്യണം. ബാക്കിയെല്ലാം പിന്നീട്...'

താനിയ പറഞ്ഞത് കേട്ട് അവർ എട്ടുപേരും ഒരുപോലെ ഞെട്ടിപ്പോയി.

'എന്ത്...ആത്മഹത്യയോ...'

'യെസ്... മനസ്സിലായില്ലേ... ഐ മീൻ സൂയിസൈഡ്.' അവൾ അതു തന്നെ വീണ്ടും തറപ്പിച്ചുപറഞ്ഞപ്പോൾ അവരെല്ലാം താനിയയെ ഉറ്റുനോക്കി.

'ഇയാള് എന്തൊക്കെയാ ഈ പറയുന്നത്...'

രഞ്ജിത് സംശയത്തോടെ ചോദിച്ചു.

'ഓ...ഒരുപക്ഷെ നിങ്ങളോട് ആ കാര്യങ്ങൾ പറയും മുൻപേതന്നെ പ്രൊഫസ്സർക്ക് അപായം സംഭവിച്ചിട്ടുണ്ടാവും. എന്തായാലും ഞാൻ പറഞ്ഞില്ലേ. മറ്റുകാര്യങ്ങളെല്ലാം നമുക്ക് പിന്നീട് സംസാരിക്കാം. തൽക്കാലം ഞങ്ങൾ പറയുന്നതുപോലെ ചെയ്യുക.'

'ഇല്ല...കാര്യം എന്തെന്നറിയാതെ ഇനിയൊരു പ്രശ്നത്തിലേക്ക് ഞങ്ങളിൽ ആരുംതന്നെ എടുത്തുചാടില്ല...' രഞ്ജിത് തറപ്പിച്ചുപറഞ്ഞു.

'ഓർക്കുക നമുക്ക് അധികം സമയമില്ല. നമ്മളെല്ലാം ഏതാനും മണിക്കൂറുകൾ കഴിഞ്ഞാൽ സ്വാഭാവികമായിത്തന്നെ മരണപ്പെടും. അതിനുമുൻപ് പ്രൊഫസ്സർ തീരുമാനിച്ചതുപോലെ എല്ലാം നടക്കണം. ആരും ഭയപ്പെടേണ്ട ആവശ്യമില്ല. ആദ്യം ഞങ്ങളെ വിശ്വസിക്ക്. നിങ്ങൾക്കാർക്കും ഒന്നും സംഭവിക്കില്ല. അതിനുള്ള വഴിയാണ് ഞങ്ങൾ പറയുന്നത്...'

താനിയ അപേക്ഷയുടെ ശബ്ദത്തിൽ സംസാരിച്ചു.

'എമറോ വസ്തീഫ് റിഗവ ഇഫ്ത്താ.'

ലൂയി താനിയയോട് ലൂത്തയിൽ എന്തോ പറഞ്ഞു. അതിന് മറുപടി പറഞ്ഞശേഷം താനിയ ഒരിക്കൽക്കൂടി എല്ലാവരുടെയും മുഖത്തേക്ക് മാറിമാറി നോക്കി. അവരാരും അവൾ പറഞ്ഞ കാര്യങ്ങളോട് പൊരുത്തപ്പെടാൻ

തയ്യാറല്ലയെന്നത് അവരുടെയെല്ലാം മുഖഭാവം എടുത്തുകാട്ടി. പിന്നെ സമയം കളയാതെ

തൻറെ ജാക്കറ്റിൻറെയുള്ളിൽനിന്നും ചെറിയ ഒരു പ്ലാസ്റ്റിക് ഫയൽ അവൾ പുറത്തേക്കെടുത്തു.

‘നിങ്ങൾ ഇപ്പോൾ കളയുന്ന ഈ സമയത്തിൻറെ വില പിന്നീട് നിങ്ങൾക്കുതന്നെ മനസ്സിലാകും.’

അത്രയും പറഞ്ഞശേഷം അവൾ ആ ഫയലിൻറെ ഒരു ഭാഗത്തെ സിബ്ബ് തുറന്ന് അതിനുള്ളിൽനിന്നും ഒരു പുസ്തകം പുറത്തേക്കെടുത്തു. ഒറ്റനോട്ടത്തിൽത്തന്നെ അത് പ്രൊഫസ്സറുടെ കൈയ്യിലുണ്ടായിരുന്ന തുകൽ പുസ്തകം തന്നെയാണെന്നാണ് അവർക്കെല്ലാം തോന്നിയത്.

‘കാര്യങ്ങൾ ഞാൻ ചുരുക്കിപ്പറയാം. ഞാനും ലൂയിയും തമ്മിൽ പരിചയപ്പെട്ടിട്ട് ഏകദേശം രണ്ടു വർഷമേ ആയിട്ടുള്ളൂ. പ്രാചീനലിപിയായ ലൂത്ത പഠിക്കാൻ ഞാൻ ചൈനയിലെ ഇവരുടെ ഗ്രാമത്തിലെത്തിയപ്പോൾ എൻറെ സഹായത്തിനും മറ്റുമായി കൂടെക്കൂടിയതാണ് ലൂയി. പ്രതിമ നിർമ്മാണവും മറ്റുമായിരുന്നു ഇവരുടെ കുലത്തൊഴിൽ. ലൂത്ത ഭാഷയും ഗ്രാമത്തിലെ സംസ്കാരവുമെല്ലാം മനസ്സിലാക്കി ഞാൻ മടങ്ങി. ഫ്ളോറിഡയിൽ തിരികെയെത്തി ഗവൺമെൻറ് മ്യൂസിയത്തിലെ ലൈബ്രറി സെക്ഷനിൽ താൽക്കാലികമായി ജോലി നോക്കുന്ന സമയത്താണ് അവിടെ പ്രതിമകളുടെ റിപ്പയറിംഗ് സെക്ഷനിലേക്ക് പരിചയസമ്പന്നനായ ആളെ ആവശ്യമുണ്ടെന്നറിഞ്ഞത്. അങ്ങനെ ഞാനും ലൂയിയും തമ്മിൽ വീണ്ടും കണ്ടുമുട്ടി. ജോലിക്കുകയറിയ അവൻറെ ആദ്യ ദിനത്തിൽതന്നെ പ്രതിമ നന്നാക്കാൻ ആളെ ആവശ്യപ്പെട്ടുകൊണ്ട് പ്രൊഫസ്സർ നിക്കോൾസൻ എന്നൊരാളുടെ ഫോൺ കോൾ മ്യൂസിയത്തിലേക്ക് വന്നു. അവന് ഇംഗ്ലീഷ് അത്ര വശമില്ലാതിരുന്നതിനാലും ആദ്യത്തെ ദിവസമായതിനാലും ഞാനും അവനോടൊപ്പം പ്രൊഫസ്സറുടെ വീട്ടിലേക്ക് പോയി. എത്രശ്രമിച്ചിട്ടും ലൂയിയുടെ കൈയ്യിലുണ്ടായിരുന്ന പശകൊണ്ട് പ്രതിമയുടെ ഉടഞ്ഞഭാഗങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുവാനായില്ല.

ഒടുവിൽ പ്രതിമയുടെ ചുവട്ടിൽ നിന്നും അൽപ്പം ഭാഗം ഉടച്ചെടുത്ത് പശയുമായി ചേർത്ത് പ്രതിമ വീണ്ടും ഒട്ടിച്ചു. ഭാഗ്യവശാൽ അത് ശരിയായെങ്കിലും ഞങ്ങൾക്കായി എഴുതപ്പെട്ടിരുന്ന വിധി അവിടെ ആരംഭിക്കുകയായിരുന്നു. ലൂയിയാണ് പ്രതിമയുടെ ചുവട്ടിൽ അടക്കം ചെയ്തിരുന്ന ആ തുകൽ പുസ്തകം കണ്ടെടുത്തത്. ഞങ്ങളെപ്പോലെ തന്നെ പ്രൊഫസ്സർക്കും ലൂത്ത ലിപി വശമുള്ളതുകൊണ്ടും ആ പുസ്തകത്തിൽ എന്താണുള്ളതെന്നറിയുവാനുള്ള ആകാംക്ഷ കൊണ്ടും നിയമവിരുദ്ധമായി മ്യൂസിയത്തിൽ ആ കാര്യം ഞങ്ങൾ റിപ്പോർട്ട് ചെയ്തില്ല. പകരം പിന്നീടുള്ള ദിവസങ്ങളിൽ ഞങ്ങൾ മൂവരും ഒരുപോലെ പുസ്തകവായന ആരംഭിച്ചു. അതിൽ എഴുതപ്പെട്ടിരുന്ന കാര്യങ്ങൾ അവിശ്വസിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. കാരണം ആ പുസ്തകത്തിന് അത് വായിക്കുന്നവരെ അതിൽ പറഞ്ഞിട്ടുള്ള ദ്വീപിൽ വരെ

എത്തിക്കുവാനുള്ള ശക്തിയുണ്ടായിരുന്നു. അതിനൊരു പ്രധാന കാരണം അതിനുള്ളിൽ പറഞ്ഞിരിക്കുന്ന കൊട്ടാരവും ആ കൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുന്ന രണ്ടാം പുസ്തകത്തിനെപ്പറ്റിയുള്ള വിവരണവുമായിരുന്നു. ആകംക്ഷനിറഞ്ഞ ഒരു നോവൽ വായിക്കുമ്പോൾ അതിൻറെ ബാക്കി അറിയാൻ തോന്നുന്ന വ്യഗ്രതയുടെ നൂറിരട്ടിയായിരുന്നു അപ്പോൾ ഞങ്ങൾക്ക് തോന്നിയത്. അതുകൊണ്ടുതന്ന ദ്വീപിലേക്ക് യാത്രനടത്തുവാനുള്ള ഒരു പദ്ധതി പെട്ടെന്നുതന്നെ ഞങ്ങൾ രൂപീകരിച്ചു. ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെ ഞങ്ങളുടെ സമയവും സമ്പാദ്യവുമെല്ലാം ഒരുപോലെ ചിലവാക്കി ഒരു ബോട്ടും വാങ്ങി. തുടർന്ന് യാത്രക്കാവശ്യമായ സാധനസാമഗ്രികളും ഭക്ഷണസാധനങ്ങളുമെല്ലാം അതിൽ കുത്തിനിറച്ചു. പക്ഷേ യാദൃശ്ചികമായി ഞങ്ങൾ യാത്ര പുറപ്പെടാൻ കരുതിയിരുന്നതിൻറെ തലേന്ന് അതായത് ഡിസംബർ മുപ്പത്തിയൊന്നിന് മ്യൂസിയത്തിൽ വലിയൊരു കളവ് നടന്നു. അവിടെ സൂക്ഷിച്ചിരുന്ന വജ്രക്കല്ലുകളുടെ വൻശേഖരം മോഷണം പോയി. അതോടെ ഞാനും ലൂയിയും വല്ലാത്തൊരു ട്രാപ്പിൽ അകപ്പെട്ടു എന്നുതന്നെ പറയാം. മ്യൂസിയത്തിലെ ജീവനക്കാർ മുഴുവനും പോലീസുകാരുടെ നിബന്ധനകളുടെയും നിരീക്ഷണത്തിൻറെയും വലയത്തിനുള്ളിലായി. ഞങ്ങളുടെയെല്ലാം ഫോൺ കോളുകൾ വരെ ടാപ്പ് ചെയ്യപ്പെട്ടു. കുറ്റവാളികളെ കണ്ടെത്തുംവരെ ഫ്ളോറിഡയിൽ നിന്നും ഒരു കാരണവശാലും എങ്ങോട്ടും പോകുവാൻ കഴിയില്ല എന്ന അവസ്ഥ വന്നു. ഒടുവിൽ ഞാനും ലൂയിയും ആ യാത്രയിൽ നിന്നും താൽക്കാലികമായി പിന്മാറി. പക്ഷേ ആ വിവരം പ്രൊഫസ്സറെ അറിയിക്കുവാൻ ഒരു മാർഗ്ഗവും ഞങ്ങൾ കണ്ടില്ല. എന്തെന്നാൽ അതിനായി ശ്രമിച്ച് മറ്റുള്ളവർ ഞങ്ങളുടെ യാത്രയെക്കുറിച്ച് അറിയാൻ ഇടവന്നാൽ നിയമവിരുദ്ധമായി പ്രവർത്തിച്ചതുൾപ്പെടെ പലതിനും ഉത്തരം പറയേണ്ടി വരുമെന്ന് ഞങ്ങൾ ഭയന്നു.

രണ്ടുദിവസങ്ങൾ കഴിഞ്ഞപ്പോൾ മ്യൂസിയത്തിൽ മോഷണം നടത്തിയവരെ പോലീസ് പിടികൂടി. അതിനുശേഷമാണ് ഞങ്ങൾ പ്രൊഫസ്സറെ തേടി ഇറങ്ങിയത്. അപ്പോൾ മാത്രമാണ് അദ്ദേഹം തനിച്ച് യാത്ര പുറപ്പെട്ടു എന്ന ഞെട്ടിപ്പിക്കുന്ന സത്യം ഞങ്ങൾ തിരിച്ചറിഞ്ഞതും. പക്ഷേ പ്രൊഫസ്സർ ഞങ്ങളെ വഞ്ചിച്ചു എന്ന തോന്നൽ ഞങ്ങൾക്കുണ്ടായില്ല. കാരണം തെറ്റ് ഞങ്ങളുടെ ഭാഗത്തായിരുന്നുവല്ലോ. അന്നു വൈകിട്ട് നഗരമധ്യത്തിലെ പോലീസ് സ്റ്റേഷൻറെ മുന്നിൽവച്ച് ഞങ്ങൾ പ്രൊഫസ്സറുടെ കാർ കാണുവാൻ ഇടയായി. പക്ഷേ അത് ഓടിച്ചിരുന്നത് പ്രൊഫസ്സറുടെ ഏതോ സുഹൃത്തായിരുന്നു. അയാൾ തൻറെ മകനെ രണ്ടു ദിവസമായി കാണാനില്ല എന്ന പരാതി കൊടുക്കുവാൻ വന്നതായിരുന്നു. പ്രൊഫസ്സറിൻറെ കാർ അയാളുടെ കൈവശം എത്തിയതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം എവിടെക്കോ കുറച്ചുദിവസത്തേക്ക് യാത്ര പോയതിനാൽ തനിക്ക് ആ കാർ ഉപയോഗിക്കാൻ തന്നു എന്നതായിരുന്നു അയാളുടെ മറുപടി.

പ്രൊഫസ്സറുടെ യാത്രയും അന്നുതന്നെയുള്ള അയാളുടെ മകൻറെ തിരോധാനവുമെല്ലാം ഞങ്ങളെ വല്ലാതെ ആശയക്കുഴപ്പത്തിലാക്കി. ഒടുവിൽ ഞങ്ങളും തീരുമാനിച്ചു എങ്ങനെയും പ്രൊഫസ്സറെ പിന്തുടർന്ന് മെർക്കുറിയിൽ എത്തുക...'

പെട്ടെന്ന് എന്തോ ശബ്ദം കേട്ട് താനിയ അവളുടെ സംസാരം അവസാനിപ്പിച്ചുകൊണ്ട് പിന്നിലേക്ക് തിരിഞ്ഞു നോക്കി. എല്ലാവരുടെയും ശ്രദ്ധ ഒരു നിമിഷം വാതിലിനരികിലേക്ക് വ്യതിചലിച്ചു.

'വാതിലിൽ ആരോ താക്കോൽ ഉപയോഗിക്കുന്നുണ്ട്...' അവൾ പറഞ്ഞ വാക്കുകൾ ബാക്കിയുള്ളവരിൽ ഇരട്ടി ഭയം ജനിപ്പിച്ചു.

'ചിന്തിച്ചപോലെ കാര്യങ്ങൾ നടപ്പിലാക്കുവാനുള്ള നല്ലൊരവസരമാണ് നിങ്ങളിപ്പോൾ ഇല്ലാതാക്കിയത്. ഇനിയും ഇവിടെ നിന്നാൽ അപകടമാണ്...വരൂ...'

താനിയ അതുംപറഞ്ഞുകൊണ്ട് മുന്നിലേക്ക് കുതിച്ചു.

'ജീമാറോ...'

അവരെ തങ്ങൾക്കൊപ്പം വിളിച്ചുകൊണ്ട് തൊട്ടുപിന്നിലായി ലൂയിയും പാഞ്ഞുപോയി. പിന്നീടൊന്നും ആലോചിക്കാതെതന്നെ ബാക്കിയുള്ളവരും അതേ വേഗതയിൽ അവരെ പിന്തുടർന്നു. ഇടനാഴിയിലെത്തി ഒന്നും രണ്ടും മൂന്നും മുറികൾ പിന്നിട്ടുകൊണ്ട് താനിയയും ലൂയിയും വീണ്ടും മുന്നിലേക്ക് ചലിച്ചു.

'നമ്മുടെ ബാഗ്...'

മുറികൾക്കുമുന്നിലൂടെ ഓട്ടുമ്പോൾ താര റ്റോജിയോട് പറഞ്ഞു.

'ചാവാൻ പോകുമ്പോഴാ അവൾടെ ബാഗ്...'

ഓട്ടത്തിനിടയിൽ പല്ലുകൾ കടിച്ചുകൊണ്ട് റ്റോജി പ്രതികരിച്ചു. അപ്പോഴേക്കും അവരെല്ലാവരും ഇടനാഴിയുടെ അവസാനഭാഗത്ത് സ്ഥിതിചെയ്യുന്ന പടിക്കെട്ടുകൾക്കരികിലേക്കെത്തിയിരുന്നു. പിന്നിലായി ഓടിക്കൊണ്ടിരുന്ന രഞ്ജിത് ഒന്ന് തിരിഞ്ഞുനോക്കിയപ്പോൾ ഇടനാഴിയുടെ ആരംഭഭാഗത്തിൽ രണ്ട് നിഴലുകൾ പ്രത്യക്ഷപ്പെട്ടതായി കണ്ടു. ആ ശ്രദ്ധയിൽത്തന്നെ അവൻ മുന്നിലേക്കോടിയതും ആദ്യപടിയിൽ തട്ടി നിലത്തേക്ക് മറിഞ്ഞുവീണതും ഒരുമിച്ചായിരുന്നു...!

# നാൽപ്പത്തിനാല്

‘റൂബീ...’

പടിക്കെട്ടിൽ കൈകുത്തി എഴുന്നേൽക്കുവാൻ ശ്രമിച്ചുകൊണ്ട് രഞ്ജിത് നീട്ടിവിളിച്ചു. അവൻറെ തൊട്ടുമുന്നിലായി നാലഞ്ച് പടികൾ പിന്നിട്ട റൂബി അവൻറെ വിളികേട്ട് പിൻതിരിഞ്ഞുനോക്കി. നെറ്റിയിൽ നിന്നും കണ്ണുകളിലേക്ക് രക്തമൊലിച്ചിറങ്ങിയ അവസ്ഥയിൽ പടിക്കെട്ടിൻറെ കൈവരിയിൽ എത്തിപ്പിടിക്കുവാൻ ശ്രമിക്കുന്ന രഞ്ജിത്തിനെ കണ്ടതും അവൾ പരിഭ്രമത്തോടെ താഴേക്കിറങ്ങിച്ചെന്നു. അവർക്കുമുന്നിലായി ഭയന്നോടിക്കൊണ്ടിരുന്നവർ റൂബിയും രഞ്ജിത്തും കൂടെയില്ലാത്തത് തിരിച്ചറിഞ്ഞതുമില്ല.

‘അയ്യോ...എന്തുപറ്റി രഞ്ജിത്..’

റൂബി അവനരികിലേക്കിരുന്നുകൊണ്ട് ചോദിച്ചു.

‘ശ്ശ്...’

അവളുടെ വാ പൊത്തിക്കൊണ്ട് അവൻ പിന്നിലേക്ക് കൈകാട്ടി ശേഷം നടുനെറ്റിയിലെ മുറിവിൽ അമർത്തിപ്പിടിച്ചു. കൈകളിൽ വിചിത്രമായ ആയുധങ്ങളുമേന്തി ഇടനാഴിയിലൂടെ മുന്നിലേക്ക് നടന്നടുക്കുന്ന പ്രൊഫസ്സറെയും മിസ്സിനെയും കണ്ട് റൂബിയുടെ ശരീരത്തിലെ സകല രോമകൂപങ്ങളും എഴുന്നുനിന്നു. രാജദമ്പതികൾ ഏതാനും കാൽച്ചുവടുകൾ കൂടി മുന്നിലേക്ക് കടന്നു വന്നാൽ തങ്ങൾ തീർച്ചയായും അവരുടെ ദൃഷ്ടിയിൽപ്പെട്ടുമെന്ന് അവർ ഊഹിച്ചു. പൊടുന്നനെ റൂബി രഞ്ജിത്തിനെ താങ്ങിപ്പിടിച്ച് ആദ്യത്തെ പടിക്കെട്ടിലേക്ക് വലിച്ചുകയറ്റിയശേഷം നിലത്തേക്കിരുന്നു. എന്നിട്ട് വസ്ത്രത്തിൻറെ തുമ്പുകൊണ്ട് അവൻറെ നെറ്റിയും കണ്ണുകളുമെല്ലാം തുടച്ചു. മുറിവിൽ നിന്നും രക്തം നിൽക്കുന്നില്ല എന്ന് കണ്ടപ്പോൾ മുറിയിലിരിക്കുന്ന തൻറെ ബാഗിലെ ഫസ്റ്റ് എയ്ഡ് ബോക്സ് എങ്ങനെയെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നവൾ ആശിച്ചുപോയി. അതോടൊപ്പം ഒരു സഹായത്തിനായി പ്രതീക്ഷയോടെ മുകളിലേക്ക് നോക്കി. അവിടെ തൻറെ കൂട്ടുകാരെ കാണാത്ത നിരാശയിൽ ഇടനാഴിയിലേക്ക് ഒരിക്കൽക്കൂടി കണ്ണുകൾ പായിച്ചതും പ്രൊഫസ്സറും മിസ്സും അവിടെനിന്നും അപ്രത്യക്ഷരായിരിക്കുന്നു എന്നവൾ തിരിച്ചറിഞ്ഞു. ആദ്യത്തെ പടിയിൽനിന്നും നിലത്തേക്ക് ഇറങ്ങിയിരുന്നുകൊണ്ട്

അവൾ ഒരിക്കൽക്കൂടി ഇടനാഴിയുടെ അങ്ങേയറ്റംവരെ സൂക്ഷമമായി വീക്ഷിച്ചു. ശേഷം രഞ്ജിത്തിനുനേർക്ക് തിരിഞ്ഞു.

'രഞ്ജിത്... അവർ ഹാളിലേക്ക് തിരികെപ്പോയെന്നാ തോന്നുന്നത്. ഞാൻ മുറിയിൽ പോയി മരുന്ന് എടുത്തിട്ട് വേഗം വരാം. ഇവിടെത്തന്നെ ഇരുന്നോളണേ...'

അവൾ പറഞ്ഞതുകേട്ട് രഞ്ജിത് അവളുടെ കൈയ്യിൽ മുറുകെപ്പിടിച്ചു.

'റൂബീ വേണ്ട എന്നെയൊന്ന് പടികയറാൻ സപ്പോർട്ട് ചെയ്തുതന്നാൽ മതി. നമുക്ക് എത്രയും പെട്ടെന്ന് അവർക്കൊപ്പമെത്തണം.'

'ഇല്ല... രഞ്ജിത്. ഇത് ആഴമേറിയ മുറിവാണ്. ഇനിയും രക്തം നഷ്ടമായാൽ പോകുന്നവഴിക്ക് ഇയാൾ മയങ്ങിവീഴും. ഞാൻ തിരിച്ചുവരും ധൈര്യമായി ഇവിടെത്തന്നെയിരിക്ക്...'

തിടുക്കത്തിൽ അവൻറെ കൈ വിട്ടുവിച്ചുകൊണ്ട് ഇടനാഴിയിലെ തങ്ങളുടെമുറിയെ ലക്ഷ്യമാക്കി അവൾ ഓടി. നെറ്റിയിൽ കൈ അമർത്തിപ്പിടിച്ച് രഞ്ജിത് റൂബിയെ കണ്ണുകൾകൊണ്ട് പിന്തുടർന്നു. തന്നോടുള്ള അവളുടെ ആത്മാർത്ഥത കണ്ടപ്പോൾ അവൻറെ കണ്ണുകൾ നിറഞ്ഞൊഴുകി. കൺപോളകളിൽ പറ്റിപ്പിടിച്ചിരുന്ന രക്തവും കണ്ണീരിനോടൊപ്പം കവിളിലേക്ക് പടർന്നു.

ഇടനാഴിയിലേക്ക് കടന്നതും റൂബി കൂടുതൽ ജാഗ്രത പാലിച്ചു. ഒട്ടുംതന്നെ ശബ്ദമുണ്ടാക്കാതെ അവൾ ബാഗുകൾ സൂക്ഷിച്ചിരുന്ന രണ്ടാമത്തെ മുറിയെ ലക്ഷ്യമാക്കി നീങ്ങി.

സമീപത്തെങ്ങും തങ്ങളുടെ ശത്രുക്കളില്ല എന്ന് ഉറപ്പുവരുത്തിയശേഷം മുറിയിലേക്ക് പ്രവേശിക്കാൻ തുടങ്ങിയ അതേ നിമിഷത്തിൽ അവളുടെ പെരുവിരൽമുതൽ തിരിച്ചുപോയി. മുറിയുടെ ഒത്തനടുവിൽ ആയുധങ്ങളുമേന്തിയ രീതിയിൽ പ്രൊഫസ്സറും മിസ്സും നിൽക്കുന്നു...!

അകത്തേക്ക് വയ്ക്കാൻ തുടങ്ങിയ അവളുടെ ഇടതുകാൽ അന്തരീക്ഷത്തിലായി വിറയലോടെ ചലിച്ചു. റൂബി അപകടത്തിൽപ്പെട്ടു എന്ന് മനസ്സിലാക്കി രഞ്ജിത് പടിയിൽ കൈകുത്തി എഴുന്നേറ്റെങ്കിലും തളർച്ചയോടെ നിലത്തേക്ക് ഇരുന്നുപോയി.

ഇതേസമയം ഭയത്തിൻറെ കൊടുമുടിയിൽ നിന്നും നിജസ്ഥിതിയിലേക്ക് വന്ന റൂബി തൻറെ മുന്നിലുള്ള പ്രൊഫസ്സറുടെയും മിസ്സിൻറെയും രൂപങ്ങൾ പിൻതിരിഞ്ഞാണ് നിൽക്കുന്നതെന്ന് മനസ്സിലാക്കിയതും പൊടുന്നനെ മുറിയുടെ മുൻഭാഗത്തെ ഒരു വശത്തേക്ക് ചാടിക്കൊണ്ട് ഭിത്തിയോട് ചേർന്ന് മറഞ്ഞുനിന്നു. ശേഷം കുഴപ്പമൊന്നുമില്ല എന്ന് രഞ്ജിത്തിനെ ആംഗ്യം കാട്ടി. അതോടൊപ്പം ഏതുനിമിഷവും മുറിക്കുള്ളിൽ നിൽക്കുന്നവർ വെളിയിലേക്ക് വരുമെന്നും തന്നെയും രഞ്ജിത്തിനെയും കണ്ടെത്തി വധിക്കുമെന്നും റൂബി ഊഹിച്ചു.

പെട്ടെന്ന് മുറിക്കുള്ളിൽനിന്നും എന്തൊക്കയോ അവ്യക്തമായ സംസാരങ്ങൾ ഉയർന്നുകേട്ടു. ശേഷം എന്തൊക്കയോ അടിച്ചു പൊട്ടിക്കുന്ന ശബ്ദവും. വരാൻ പോകുന്ന അപകടം മനസ്സിലാക്കി രഞ്ജിത്തിനരികിലേക്ക് ഓടാൻ തുടങ്ങുമ്പോഴായിരുന്നു ഒരു ബാഗും ലാപ്‌റ്റോപ്പും വാതിലിൻറെ ഒരു ഭാഗത്ത് ചെന്നിടിച്ച് ചിതറി റൂബിയുടെ സമീപത്തേക്ക് വന്നുവീണത്. ലാപ്‌റ്റോപ്പിൽ ലോഹംകൊണ്ട് അടിച്ചതുപോലെ നെടുകെ കുഴിഞ്ഞിരിക്കുന്നത് കണ്ടപ്പോൾ അകത്തുനിൽക്കുന്നവർ തങ്ങളുടെ സാധനസാമഗ്രികൾ നശിപ്പിക്കുന്ന ശബ്ദമാണ് ഉയർന്നു കേൾക്കുന്നതെന്ന് റൂബി തിരിച്ചറിഞ്ഞു.

പക്ഷേ തകർന്ന ബാഗിൽ നിന്നും തെറിച്ചുവീണ തീയണയ്ക്കുന്ന ചെറുസിലിണ്ടറുകൾ കണ്ടതും റൂബിയുടെ മനസ്സിൽ പൊടുന്നനെ ഒരു ബുദ്ധിയുദിച്ചു.

ഭിത്തിയോട് ചേർന്ന് നിലത്തേക്കിരുന്നശേഷം മുറിയിലേക്ക് എത്തിനോക്കിക്കൊണ്ട് പലതായി ചിതറിക്കിടന്നിരുന്ന സിലണ്ടറിൽ രണ്ടെണ്ണം അവൾ കാല്കൊണ്ട് തട്ടി തനിക്കരികിലേക്ക് നീക്കി. രഞ്ജിത്തിനെ നോക്കി എന്തോ ആംഗ്യം കാണിച്ചശേഷം അവൾ അതിൻറെ ലോക്കുകളിൽ ശബ്ദമുണ്ടാക്കാതെ പിടിച്ചുവലിച്ചുകൊണ്ട് ഒരെണ്ണം മുറിയിലേക്കും മറ്റൊന്ന് ഇടനാഴിയിയുടെ അവസാഭാഗത്തേക്കും ഒരുപോലെ ഉരുട്ടിവിട്ടു. തൽക്ഷണം മുറിക്കുള്ളിലെയും ഇടനാഴിയിലെയും വിളക്കുകൾ ഒരുമിച്ചണഞ്ഞുപോയതോടൊപ്പം അവിടെയാകെ വെളുത്ത പുകയും നിറഞ്ഞു. നിമിഷങ്ങൾക്കുമുൻപ് മുറിയിലേക്ക് നോക്കി താൻ ഉന്നം വച്ച മരുന്നുകൾ സൂക്ഷിച്ചിരുന്ന ബാഗ് ലക്ഷ്യമാക്കി അവൾ മുറിയിലേക്ക് കുതിച്ചു...!

ഇതേസമയം റൂബിയും രഞ്ജിത്തും തങ്ങൾക്കൊപ്പമില്ല എന്ന് തിരിച്ചറിഞ്ഞ ബാക്കിയുള്ളവർ പാതിവഴിയിൽ അവരുടെ യാത്ര അവസാനിപ്പിച്ചിരുന്നു. അവരെത്തേടിപ്പോയ ലൂയിക്കും എന്തെങ്കിലും അപകടം പിണഞ്ഞിരിക്കുമോ എന്ന ആശങ്ക താനിയയുടെയും രക്തസമ്മർദ്ദം കൂട്ടി. താരയും ജെസ്സിയും കൈവിരലുകൾ ഞെരിച്ചുകൊണ്ട് തങ്ങളുടെ കൂട്ടുകാർ ആ മൺപാതയുടെ ആരംഭഭാഗത്തിൽ എവിടെയെങ്കിലും പ്രത്യക്ഷപ്പെടുന്നുണ്ടോ എന്ന് നിരന്തരം വീക്ഷിച്ചു. ആരുമാരും പരസ്പരം ഒന്നുതന്നെ സംസാരിച്ചില്ല. ഭയവും ആശങ്കയുമെല്ലാം കൂടിക്കലർന്ന് ആൺകുട്ടികളും വല്ലാത്തൊരു മാനസികാവസ്ഥയിലേക്കെത്തിയിരുന്നു.

‘നമുക്കും കൂടി പോയിനോക്കിയാലോ...?’ താര താനിയയെ നോക്കി ചോദിച്ചു.

‘ലൂയിയെക്കാൾ കൂടുതൽ നമുക്കൊന്നും ചെയ്യുവാനില്ല. അവനവരെ കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ അവർക്കെന്തെങ്കിലും...’ താനിയ അവളുടെ വാക്കുകൾ മുഴുമിപ്പിക്കും മുൻപേ ആൺകുട്ടികൾ എല്ലാവരും മുന്നിലേക്ക് കുതിക്കുന്നത് കണ്ടു.

താനിയയെ നോക്കി നിന്നിരുന്ന പെൺകുട്ടികൾ ഇരുവരും ആകാംക്ഷയോടെ പിന്നിലേക്ക് തിരിഞ്ഞതും ആ മൺപാതയുടെ ആരംഭഭാഗത്തായി തങ്ങളിലേക്ക് നടന്നടുക്കുന്ന ലൂയിയെയും റൂബിയെയും കണ്ടു. ലൂയിയുടെ തോളിൽ കിടക്കുന്ന

രഞ്ജിത്തിനെ കണ്ടതും പരിഭ്രമത്തോടെ അവരും മുന്നിലേക്ക് ഓടിച്ചെന്നു. തങ്ങൾക്കരികിലേക്ക് ഓടിയടുത്തവരെ കണ്ട് റൂബി തൻറെ മുഖത്ത് പറ്റിപ്പിടിച്ചിരുന്ന വെളുത്ത നിറത്തിലെ പൊടിപടലങ്ങൾ ഒരിക്കൽക്കൂടി തുടച്ചുമാറ്റുവാൻ ശ്രമിച്ചു.

അവളെ ആ പരുവത്തിൽ കണ്ടപ്പോൾ പെൺകുട്ടികൾ നെറ്റി ചുളിച്ചു. ആൺകുട്ടികൾ ലൂയിയുടെ പിൻവശത്തായി എത്തിച്ചേർന്നപ്പോഴാണ് അവൻറെ തോളിൽ കിടന്നിരുന്ന രഞ്ജിത്ത് അവരെയെല്ലാം കണ്ടത്.

'ഗയ്സ്... എന്നെയൊന്ന് താഴെയിറക്കാൻ ഇയാളോട് പറ...' അവൻ ഗത്യന്തരമില്ലാതെ പറയുന്നതുകേട്ട് ആൺകുട്ടികൾ നാലും കണ്ണുമിഴിച്ചു.

'ലൂയീ... ലീമാഫീ ഉത്തിബർ സ്സയീ...' അവർക്കരികിലേക്ക് നടന്നടുത്ത താനിയ പറഞ്ഞതുകേട്ട് ലൂയി അവനെ നിലത്തേക്ക് നിർത്തി. ഇടനാഴിയിൽ നടന്ന സംഭവ വികാസങ്ങൾ മുതൽ മുറിയിൽ നിന്നും തിരികെയെത്തി രഞ്ജിത്തുമായി പടിക്കെട്ടുകൾ കയറുമ്പോൾ ലൂയിയെ കണ്ട കാര്യങ്ങൾവരെ ഒറ്റ ശ്വാസത്തിൽ റൂബി അവർക്കു മുന്നിൽ അവതരിപ്പിച്ചു. അവൾ പറഞ്ഞതെല്ലാം കേട്ട് താനിയപോലും അതിശയിച്ചുനിന്നു.

'വരൂ...ഇനിയും ഇവിടെ നിന്നുകൂടാ...നമ്മൾ അവരുടെ തൊട്ടടുത്തുതന്നെയുണ്ടെന്ന് അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. വൈകാതെ അവർ നമ്മെ തേടി ഈ വഴിയെത്തും...' അതും പറഞ്ഞുകൊണ്ട് താനിയ മുന്നിലേക്ക് തിരിഞ്ഞു.

ലൂയി രഞ്ജിത്തിനെ വീണ്ടും എടുത്തുയർത്താൻ മുതിർന്നപ്പോൾ അവൻ എതിർത്തു.

'എനിക്ക് കാലിന് കുഴപ്പമൊന്നുമില്ല...' രഞ്ജിത് പറഞ്ഞത് മനസ്സിലായില്ലെങ്കിലും ലൂയി ഒന്ന് തല കുലുക്കിയശേഷം മുന്നിലേക്ക് നടന്നു. താനിയയുടെയും ലൂയിയുടെയും നടത്തത്തിൻറെ വേഗത കൂടുംതോറും മറ്റുള്ളവരുടെ കാലുകളുടെ വേഗതയും വർദ്ധിച്ചു.

റൂബി രഞ്ജിത്തിനൊപ്പം കയറി നടന്നു. ഇടയ്ക്ക് അവരുടെ കൈവിരലുകൾ തമ്മിൽ കോർക്കപ്പെടുകയും ചെയ്തു. ശരീരം കൂടുതലായി അനങ്ങുംതോറും രഞ്ജിത്തിന് നെറ്റിയിലെ മുറിവിൽ തുടരെത്തുടരെ വിങ്ങൽ അനുഭവപ്പെട്ടുകൊണ്ടിരുന്നു. ലൂയിയുടെ തോളിൽ സുരക്ഷിതനായി അതുവരെ സഞ്ചരിച്ചതിനാലാണ് താൻ ഒട്ടുംതന്നെ വേദന അനുഭവിക്കാതെയിരുന്നതെന്ന സത്യം അവൻ തിരിച്ചറിഞ്ഞു. എങ്കിലും ഒരു വാശിയോടെ അവൻ ആ വേദന കടിച്ചമർത്തി.

മുന്നോട്ടുള്ള അവരുടെ പാതയിൽ അൽപ്പദൂരം ഇരുൾ മൂടപ്പെട്ടു. ആ സമയത്ത് തങ്ങൾ ഒരു വലിയ കയറ്റം കയറുകയാണെന്ന് അവർ തിരിച്ചറിഞ്ഞു. അൽപ്പം ദൂരംകൂടി മുന്നിലേക്ക് ചെന്നതും പ്രകാശത്തോടൊപ്പം ആ വഴി അവസാനിക്കുന്ന തരത്തിൽ നല്ല ഒരു വളവും പ്രത്യക്ഷപ്പെട്ടു. അത്യധികം ആകാംക്ഷയോടെയാണ് അവർ എട്ടു പേരും ഓരോ അടിയും മുന്നോട്ടുവച്ചത്. ആ വളവ് തിരിഞ്ഞതും ചെറിയ

ഇഷ്ടികകൾ നിരത്തിവച്ചാൽ എത്രത്തോളം വീതിയുണ്ടാകുമോ അതുപോലെ നേർത്ത രീതിയിലുള്ള ഒരു നീണ്ട കല്ലുകെട്ടിയ പാത അവരുടെ മുന്നിലായി തെളിഞ്ഞുവന്നു. ആ പാതയുടെ ഇരുവശവും ഏതോ വെള്ളച്ചാട്ടത്തിൽ നിന്നും വെള്ളം കുത്തിയൊലിക്കുന്ന തരത്തിൽ ജലം താഴേക്ക് പതിച്ചുകൊണ്ടിരുന്നു. അതിൽനിന്നും ഉയർന്നുവന്ന ജലബാഷ്പങ്ങളാൽ അവിടെയാകെ ഒരു പുകമറ പോലെ ഒന്ന് സൃഷ്ടിക്കപ്പെട്ടിരുന്നു. എങ്കിലും വെള്ളത്തിൻറെ ഉപരിതലം കാഴ്ചയിൽ വ്യക്തമായിരുന്നു.

മറ്റൊരു വഴി അവിടെനിന്നും തുടർന്നില്ലാതിരുന്നതിനാൽ തങ്ങൾ ഇനി സഞ്ചരിക്കേണ്ടത് അതുവഴിതന്നെയാണെന്ന് അവർ എല്ലാവരും ഊഹിച്ചു.

'ഇതിലൂടെ എങ്ങനെയാണ് മുന്നോട്ടുപോകുക...' ജിജ്ഞാസ നിറഞ്ഞ സ്വരത്തിൽ രഞ്ജിത് ചോദിച്ചു.

ബാക്കിയുള്ള ആൺകുട്ടികളും മുന്നിലേക്ക് കടന്നുനിന്ന് ആ ചെറുപാത നോക്കിക്കണ്ടു. നേർത്ത ഒറ്റവരിപ്പാതയുടെ ഇരുവശവും വീണുകൊണ്ടിരുന്ന വെള്ളത്തിൻറെ ഇരമ്പൽ ശബ്ദം നിലത്തേക്ക് ഒരുപാട് താഴ്ചയുള്ള സ്ഥലമാണതെന്ന് എടുത്തുകാട്ടി.

'ഇല്ല...എനിക്കിതിന് കഴിയില്ല...' റ്റോജി ഭയത്തോടെ പിൻവലിഞ്ഞുകൊണ്ട് പറഞ്ഞു.

'ഇത് ഈ കൊട്ടാരത്തിൻറെ ജലസംഭരണിയാണ്...' അത് പറഞ്ഞുകൊണ്ട് താനിയ താഴേക്ക് നോക്കി.

'അപ്പോൾ ഞാൻ വിചാരിച്ചത് ശരിയാണ്. ഈ കൽക്കെട്ടിൽ നിന്നും വീണാൽ പിന്നെ ഉയർന്നുവരില്ല... ഉറപ്പ്...'

'അതിന് ആര് കൽക്കെട്ടിൽ കയറുന്നു. ഈ കാണുന്ന ജലസംഭരണിയുടെ അടിയിലൂടെയാണ് ബാക്കിയുള്ള നമ്മുടെ വഴി...!' അവൾ പറഞ്ഞതുകേട്ട് മാനസ്സികമായി ആ കൽവരിയിലൂടെ നടക്കാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയായിരുന്ന കൂട്ടത്തിലെ പലരും ഒന്നു ഞെട്ടി.

'എന്ത്...ഡാമുപോലെ ആഴമുള്ള ഇതിലേക്ക് ചാടാനോ... ചാടിയാൽ മരണം ഉറപ്പാണ്.' താര നെഞ്ചിൽ കൈവച്ചു കൊണ്ട് പറഞ്ഞു.

ബാക്കിയുള്ളവരും അതിനെ അനുകൂലിച്ചു.

'മതി ഊഹാപോഹങ്ങൾ പറഞ്ഞത്. ഇത് ആദ്യമായല്ല ഞാനും ലൂയിയും ഈ വഴി വരുന്നത്. ഇനി ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് കേൾക്കണം. അതൊക്കെ കൃത്യമായി പ്രവർത്തിക്കുകയും ചെയ്യണം. കൽവരിയുടെ ഇടതുവശത്തായി കാണുന്ന ജലാശയത്തിലേക്ക് ചാടിയാൽ ആരും മരണപ്പെടാൻ പോകുന്നില്ല. പക്ഷേ വെള്ളത്തിനടിയിലേക്ക് ഒരു വലിവ് ഉണ്ടാകും. അതിൽ ഭയം തോന്നരുത്. കണ്ണുകൾ അടയ്ക്കുകയും ചെയ്യരുത്. ആ വലിവ് മൂലം നമ്മൾ എല്ലാവരും വെള്ളത്തിൻറെ

താഴേത്തട്ടിലേക്ക് എത്തപ്പെട്ടും. അടിത്തട്ടിൽ എത്തിയാലുടൻ നിങ്ങൾ ഈ കാണുന്ന കൽക്കെട്ടിൻറെ ഭിത്തിയെ ലക്ഷ്യമാക്കി മുന്നോട്ടുവരണം. ആ ഭിത്തിയിൽ നിരപ്പായി ഏഴ് ചെറിയ ചതുരവാതിലുകളുണ്ട്. കഷ്ടിച്ച് ഒരാൾക്ക് മാത്രം ഉള്ളിലേക്ക് കയറുവാനും നിരങ്ങി നീങ്ങുവാനും കഴിയുന്ന തരത്തിലുള്ള വാതിലുകളാണവ. ആ വഴികൾ എത്തിച്ചേരുന്നത് കൊട്ടാരത്തിലെ പലഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ഏഴ് കുളങ്ങളിലേക്കാണ്. നമ്മുടെ ലക്ഷ്യം അഞ്ചാമത്തെ വഴിയാണ്. നമ്മൾ എല്ലാവരും ഒരുമിച്ച് ചാടിയാൽ എല്ലാവർക്കും ഒരുപോലെ മുന്നോട്ടുപോകുവാൻ സാധിക്കില്ല. പക്ഷേ എല്ലാവരും ഒരേ വഴിയിലൂടെതന്നെ പോയാലെ വീണ്ടും ഒരുമിക്കുവാനും സാധിക്കൂ. അതിനായി ഓരോരുത്തരും നന്നായി ശ്വാസം സംഭരിച്ചശേഷം നിശ്ചിതമായ സമയം ഇടവിട്ട് വെള്ളത്തിലേക്ക് ചാടണം. ആദ്യം പോയ ആളെ പിന്തുടർന്ന് ഒരു ചെയിൻ പോലെ നമ്മൾ പാതയുടെ അവസാനം വരെ പോകണം. പ്രധാനമായും അഞ്ചാമത്തെ ചെറുവാതിലിന് മുന്നിൽ എത്തിയാലുടൻ അതിനുള്ളിലേക്ക് കയറി പരമാവധി വേഗതയിൽ ഇരുവശങ്ങളിലും പിടിച്ച് മുന്നിലേക്ക് ആയമെടുത്ത് മുന്നേറുക എന്നതാണ്.

ഒരു പ്രത്യേക കാര്യം ഒരു കാരണവശാലും അതിനുള്ളിലൂടെയുള്ള യാത്രയ്ക്കിടയിൽ വിശ്രമിക്കുവാൻ നിൽക്കരുത്. അത് നിങ്ങൾക്കും നിങ്ങളുടെ പിന്നാലെ ആരാണോ വരുന്നത് അവർക്കും അപായം ഉണ്ടാകും. കഷ്ടിച്ച് ഒരാൾക്ക് മുന്നോട്ടു പോകുവാനുള്ള വിസ്താരമേ ആ പാതയ്ക്കുള്ളൂ. അങ്ങനെ ചെയ്താൽ നിങ്ങളുടെ പിന്നിലായി സഞ്ചരിക്കുന്നവർ എത്രപേരാണോ അത്രയുംപേർ മുന്നിലേക്കും പിന്നിലേക്കും പോകുവാൻ കഴിയാതെ അതിനുള്ളിൽക്കിടന്ന് ശ്വാസംമുട്ടി മരണപ്പെട്ടും. ഇടുങ്ങിയ പാതകൾ അവസാനിച്ചു എന്നു തോന്നിയാലുടൻ മുകളിലേക്ക് ഉയർന്നുവന്ന് കുളത്തിൻറെ കരയ്ക്കുകയറണം. എന്നിട്ട് ബാക്കിയുള്ളവർ എത്തുംവരെ കാത്തിരിക്കണം...'

താനിയ ഒറ്റശ്വാസത്തിൽ പറഞ്ഞ കാര്യങ്ങൾ കേട്ട് അവർ ഓരോരുത്തരും തൊണ്ടയിൽ തങ്ങിനിന്നിരുന്ന ഉമിനീരിറക്കി.

'ആദ്യം ലൂയി ചാടും...പിന്നാലെ പിന്നാലെ ഓരോരുത്തരായി ചാടണം. എല്ലാവരും മുന്നിൽ പോകുന്നയാളെ പിന്തുടരുകമാത്രം ചെയ്താൽ മതി. ദെൻ ഓക്കേ...ലൂയീ...ജീമറോ സൂഡിൽ തിയാവോ...' അത് കേട്ടതും ലൂയി തല കുലുക്കിക്കൊണ്ട് തള്ളവിരൽ ഉയർത്തിക്കാട്ടി.

താനിയ ഒരിക്കൽക്കൂടി എല്ലാവരെയും നോക്കി സ്വയം ഉറപ്പു വരുത്തി.

'നവ്...ദക്...സൂം...' കൈവിരലുകൾ ഒന്നൊന്നായി മടക്കിക്കൊണ്ട് അവൾ എണ്ണിയതും ലൂയി ആ ജലസംഭരണിയിലേക്ക് എടുത്തുചാടി. അവൻ വെള്ളത്തിനടിയിലേക്ക് ഊളിയിട്ടുപോകുന്നത് അവർ ഓരോരുത്തരും നെഞ്ചിടിപ്പോടെ നോക്കിനിന്നു.

‘രഞ്ജിത്....’ കൈ ചൂണ്ടിക്കൊണ്ട് താനിയ വിളിച്ചു. അതുകേട്ടതും റൂബിയുടെ കൈ വിട്ടുവിച്ചുകൊണ്ട് അവൻ ദീർഘമായി ഒരു ശ്വാസമെടുത്തു. ശേഷം തൻറെ തലയിലെ കെട്ടൊന്ന് മുറുക്കിക്കൊണ്ട് ലൂയി ചാടിയ അതേ ഭാഗത്തേക്ക് കുതിച്ചു. രഞ്ജിത്ത് മുങ്ങി നിശ്ചിതസമയം കഴിഞ്ഞ് റ്റോജിയും വിക്കിയും ഒന്നിടവിട്ട് വെള്ളത്തിലേക്ക് ചാടി. അടുത്തതായി താര വെള്ളത്തിലേക്ക് ചാടുവാൻ ഒരുങ്ങുമ്പോഴായിരുന്നു അവർ കടന്നുവന്ന വഴിയുടെ വളവിനപ്പുറത്തിനിന്നും ശക്തമായ കാൽപ്പെരുമാറ്റ ശബ്ദം അവർക്കരികിലേക്ക് പ്രതിധ്വനിച്ചെത്തിയത്. താനിയ ഉൾപ്പെടെ പെൺകുട്ടികൾ നാലുപേരും ഒരുപോലെ അവിടേക്ക് ശ്രദ്ധിച്ചു.

‘എന്തോ ശബ്ദം കേൾക്കുന്നുണ്ട്...’ റൂബി പറഞ്ഞു.

‘എന്തോ ശബ്ദമല്ല... അവർ നമ്മളെത്തേടി എത്തിക്കഴിഞ്ഞു. ഇനി എല്ലാം വരുംപോലെ... കമോൺ... ജമ്പ്...’ താനിയ അവരെ മൂന്നുപേരെയും മുന്നിലേക്ക് പിടിച്ചുതള്ളിയിട്ടശേഷം പിന്നാലെ വെള്ളത്തിലേക്ക് ചാടി. അങ്ങനെയൊന്ന് അപ്രതീക്ഷിതമായി സംഭവിച്ചതിനാൽ പെൺകുട്ടികൾ മൂവർക്കും ഒന്ന് ശ്വാസം സംഭരിക്കുവാൻ പോലും കഴിഞ്ഞില്ല. നീണ്ട അലർച്ചയോടെ അവർ വെള്ളത്തിലേക്ക് പോയി വീഴപ്പെട്ടു. വീഴുന്നതിനിടയിൽ ജെസ്സിയുടെ നോട്ടം കരയിലേക്ക് പോയി. രണ്ടു നിഴലുകൾ അവർ നിന്നിരുന്ന ഭാഗത്തേക്ക് എത്തുന്നതായി കണ്ടപ്പോഴേക്കും വെള്ളം അവളുടെ കാഴ്ചയെ മറച്ചിരുന്നു.

ജലസംഭരണിയിലേക്ക് പതിച്ചതും ആരോ താഴേക്ക് വലിച്ചു കൊണ്ടുപോകുംപോലെ അവർ നാലുപേരും വെള്ളത്തിൻറെ അടിത്തട്ടിലേക്ക് താഴ്ന്നുപോയിക്കൊണ്ടിരുന്നു. ഒടുവിൽ കാലുകൾ നിലത്ത് ഇടിച്ചപ്പോഴാണ് പെൺകുട്ടികൾ കണ്ണുതുറന്നത്. മുന്നിലേക്ക് നോക്കിയപ്പോൾ ചതുരാകൃതിയിൽ ഏഴ് മങ്ങിയ വെളിച്ചങ്ങൾ കാണപ്പെട്ടതോടൊപ്പം തൊട്ടുമുന്നേ ചാടിയ വിക്കി വെളിച്ചം വന്ന ഒരു വഴിയിലൂടെ ഉള്ളിലേക്ക് കയറിപ്പോകുന്നതും അവർ കണ്ടു. താനിയ അവരെ പിടിച്ചുകുലുക്കിക്കൊണ്ട് അവനെ പിന്തുടരാൻ ആംഗ്യം കാട്ടി.

താരയുടെ മനസ്സിലപ്പോൾ മുകളിലേക്ക് ഉയർന്നുചെന്ന് നീട്ടത്തിൽ ഒരു ശ്വാസമെടുത്ത് തിരികെ വരാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന ചിന്തയായിരുന്നു. അത് നടക്കാത്ത ഒന്നായതിനാൽ എത്രയുംവേഗം ആ ജലസംഭരണിക്കുള്ളിൽ നിന്നും പുറത്തുകടക്കാൻ അവൾ തീരുമാനിച്ചു. വിക്കി കയറിപ്പോയ ചെറുവാതിലിനെ ലക്ഷ്യമാക്കി പെൺകുട്ടികൾ മൂവരും മുന്നിലേക്ക് ഊളിയിട്ടു. താനിയ അവരുടെ പിന്നിൽത്തന്നെ ഉണ്ടായിരുന്നുവെങ്കിലും ഇടയ്ക്കിടെ മുകളിലെ ജലപ്പരപ്പിലേക്ക് നോക്കുന്നുണ്ടായിരുന്നു. താരയാണ് ആദ്യം ആ വാതിലേക്ക് നുഴഞ്ഞുകയറിയത്. ഇടുങ്ങിയ ആ ചെറു വാതിലിനുള്ളിലേക്ക് കയറുമ്പോൾത്തന്നെ അവൾക്ക് ശ്വാസം മുട്ടിത്തുടങ്ങിയിരുന്നു.

തൊട്ടുപിന്നിലായി ജെസ്സിയും അതിനുപിന്നിലായി റൂബിയും ഏറ്റവും പിന്നിലായി താനിയയും ആ വാതിലിനുള്ളിലേക്ക് കയറി. അപ്പോഴേക്കും മുകളിലെ ജലപ്പരപ്പിൽ വീണ്ടും ചലനങ്ങളുണ്ടായത് അവൾ തിരിച്ചറിഞ്ഞിരുന്നു.

ആ ചതുര പാതയുടെ വശങ്ങളിൽ പിടിച്ച് മുന്നിലേക്ക് ആയമെടുത്തുകൊണ്ട് ഓരോ ചുവടുവയ്പ്പുംപോലെ അവർ എല്ലാവരും സ്വന്തം ശരീരം മുന്നിലേക്ക് തള്ളിനീക്കിക്കൊണ്ടിരുന്നു. വേഗം മുന്നോട്ടുപോകു എന്ന രീതിയിൽ തൻറെ മുന്നിലായി പോയിരുന്ന റൂബിയുടെ ദേഹത്ത് താനിയ ഒന്നുരണ്ടുവട്ടം തട്ടി. ആ സന്ദേശം ജെസ്സിക്കും താരയ്ക്കും അവൾ പാസ്സ് ചെയ്തപ്പോൾ അവർ ഇരുവരും വേഗത്തിൽ മുന്നിലേക്ക് നീങ്ങിത്തുടങ്ങി. ചെറുപാതയുടെ ഭിത്തിയിൽ ഓരോതവണ ബലം കൊടുക്കുംതോറും താരയെപ്പോലെതന്നെ ജെസ്സിയും റൂബിയും ഒരിറ്റു വായുവിനായി കൊതിക്കുന്നുണ്ടായിരുന്നു. ഏറ്റവും പിന്നിലായിരുന്ന താനിയയ്ക്ക് പെൺകുട്ടികളുടെ അവസ്ഥ തിരിച്ചറിയാൻ കഴിഞ്ഞുവെങ്കിലും അവൾ തീർത്തും നിസ്സഹായയായ ഒരു സന്ദർഭമായിരുന്നു അത്.

കൂട്ടത്തിൽ പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ വേട്ടയാടിയത് താരയെയായിരുന്നു. നെഞ്ച് പൊട്ടുന്നതുപോലെയെല്ലാം അവൾക്ക് അനുഭവപ്പെട്ടുതുടങ്ങി. അതോടൊപ്പം വശങ്ങളിൽ പിടിച്ച് നീങ്ങിക്കൊണ്ടിരുന്ന അവളുടെ കൈകളിൽ ജ്വരം വന്നതുപോലെയുള്ള വിറയലും ആരംഭിച്ചിരുന്നു. താരയുടെ കണ്ണുനീർ വെള്ളത്തിലലിഞ്ഞുചേർന്നതോടൊപ്പം കണ്ണിൽ ഇരുട്ടുകയറുകയുംകൂടി ചെയ്തു.

എങ്കിലും സർവ്വശക്തിയും ആർജ്ജിച്ച് അവൾ തൻറെ ശരീരം വീണ്ടും വീണ്ടും മുന്നിലേക്ക് നീക്കിക്കൊണ്ടുപോയി. ജെസ്സിക്കും കലശലായി ശ്വാസം മുട്ടിത്തുടങ്ങിയിരുന്നു. അതിനെ അതിജീവിക്കാനായി ഇരുമുഷ്ടികളും ചുരുട്ടിപ്പിടിച്ച് അവൾ മുന്നേറി. ആ മുന്നോട്ടുപോക്കിൽ വിരൽമുട്ടുകളിലെ തൊലി പകുതിയോളം ഉരഞ്ഞില്ലാണ്ടായി രക്തം വെള്ളത്തിലേക്ക് കലർന്നു. ഇടുങ്ങിയ വഴിയിൽ ശരീരം ഒന്ന് സ്വതന്ത്രമായി ചലിപ്പിക്കാൻപോലും കഴിയാതെ റൂബിയും ഏറെ വിഷമിക്കുകയായിരുന്നു. അതോടൊപ്പം ശ്വാസമെടുക്കാൻ കൂടി കഴിയാത്തതിനാൽ അവളും ആകെ തളർന്നിരുന്നു.

വെള്ളത്തിലേക്കുള്ള ചാട്ടത്തിനിടയിൽ അൽപ്പം ശ്വാസം സംഭരിക്കാൻ കഴിഞ്ഞതിനാൽ താനിയക്ക് ഏറെ വിഷമതകൾ ഉണ്ടായിരുന്നില്ല. അവൾ ഇടയ്ക്കിടെ തലകുമ്പിട്ട് പിന്നിലേക്ക് കണ്ണുകൾ ചലിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ അവസാനത്ത നോട്ടത്തിൽ അസ്വഭാവികമായി ചെറുവാതിലിനുമുന്നിൽ ഇരുട്ടുമൂടിയത് അവൾ തിരിച്ചറിഞ്ഞു. ഒരു ഞെട്ടലോടെ അവൾ ആ സത്യം മനസ്സിലാക്കി. തങ്ങളുടെ ശത്രുക്കൾ തങ്ങളുടെ തൊട്ടുപിന്നിലായിത്തന്നെയുണ്ട്….!

'വേഗം പോ..' അവൾ പറഞ്ഞ വാക്കുകൾ കുമിളകളായി രൂപാന്തരപ്പെട്ടതല്ലാതെ ബാക്കിയുള്ളവർ അത് കേട്ടില്ല. റൂബിയുടെ ശരീരത്തിൽ അവൾ ശക്തമായി മുന്നിലേക്ക് തള്ളി. എന്തോ കുഴപ്പമുണ്ടെന്ന് തിരിച്ചറിഞ്ഞ അവൾ

ജെസ്സിയുടെ ശരീരത്തിലും ജെസ്സി താരയുടെ ശരീരത്തിലും അതുപോലെതന്നെ തള്ളി. അതേസമയം താര പാതി അബോധാവസ്ഥയിലേക്ക് പോയിരുന്നു. എങ്കിലും അവൾ ചെയ്തുകൊണ്ടിരുന്ന പ്രവർത്തി യാന്ത്രികമായി തുടർന്നു പോന്നു. പക്ഷേ അൽപ്പദൂരംകൂടി മുന്നോട്ടുപോയശേഷം അവളുടെ ശരീരം നിശ്ചലമായി. പിന്നിലായി വന്നവരുടെ സകലജീവനും നഷ്ടപ്പെട്ടുപോയ നിമിഷമായിരുന്നു അത്...!

# നാൽപ്പത്തിയഞ്ച്

ഏറ്റവും മുന്നിലായി പോയിരുന്ന താര പെട്ടെന്ന് നിശ്ചലമായതും മുന്നോട്ടും പിന്നോട്ടും പോകുവാൻ കഴിയാതെ താനിയയും റൂബിയും ജെസ്സിയും ശരിക്കും കുടുങ്ങിയ അവസ്ഥയിലായി. താരയെ എഴുന്നേൽപ്പിക്കുവാനായി ജെസ്സി തുടരെത്തുടരെ അവളുടെ ശരീരത്തിൽപ്പിടിച്ച് ശക്തിയായി ഉലച്ചു.

പിന്നിൽ നിന്നുമുള്ള ശത്രുക്കളുടെ കടന്നുവരവ് താനിയയെയും ആകെ തളർത്തിക്കളഞ്ഞു. പെൺകുട്ടികൾ ഇരുവരും ഒന്ന് ചലിക്കുവാനോ ശ്വാസമെടുക്കുവാനോ കഴിയാതെ പരാക്രമങ്ങൾ കാണിച്ചുതുടങ്ങി. ജെസ്സിക്ക് തലയ്ക്കുള്ളിലെ ഞരമ്പുകൾ വരിഞ്ഞുമുറുകുന്നതായി തോന്നിത്തുടങ്ങിയതും താരയുടെ ശരീരം മുന്നിലേക്ക് തള്ളിക്കൊണ്ടുപോകുവാനായി ഒരു അവസാനശ്രമംകൂടി അവൾ നടത്തിനോക്കി.

ജെസ്സി കൊടുത്ത ശക്തിയുടെ ഫലമായി താരയുടെ ശരീരം ഒരൽപ്പം നീങ്ങിയെങ്കിലും തുടർന്ന് ശക്തി ഉപയോഗിക്കുവാനുള്ള കരുത്ത് അവൾക്ക് നഷ്ടമായിരുന്നു. റൂബി അവളുടെ സമീപവശങ്ങളിലെ ചുവരിൽ തട്ടുകയും കലശലായ ശ്വാസംമുട്ടൽ അനുഭവപ്പെട്ടപ്പോൾ സ്വയം തലമുടിയിൽ കുത്തിപ്പിടിക്കുകയുമെല്ലാം ചെയ്തു. താനിയയ്ക്കും അപ്പോൾ ശ്വസനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടുതുടങ്ങിയിരുന്നു. ഏതാനും നിമിഷങ്ങൾക്കകം ശ്വാസംമുട്ടിയോ പിന്തുടർന്നെത്തുന്ന ശത്രുക്കളാലോ തങ്ങൾ മരണപ്പെടുമെന്ന് അവൾ ഉറപ്പിച്ചു.

അവർക്കുമുൻപേ പോയവരോട് പ്രൊഫസ്സറുടെ പദ്ധതികൾ വെളിപ്പെടുത്താൻ കഴിയാഞ്ഞതിലായിരുന്നു അവളുടെ ദുഃഖം. തന്നിൽ വിശ്വാസമർപ്പിച്ചവരുടെ പിടഞ്ഞുള്ള മരണം കാണാൻ കാത്തുനിൽക്കാതെ അവൾ കണ്ണുകൾ രണ്ടും ഇറുക്കിയടച്ചു.

അവളുടെ കാതുകളിലപ്പോൾ ഹൃദയമിടിപ്പിൻറെ നേർത്ത ശബ്ദം മാത്രം അവശേഷിച്ചു. പെട്ടെന്നായിരുന്നു താനിയയുടെ മുഖത്തിട്ട് ശക്തിയിൽ ഒരു പ്രഹരം കിട്ടിയത്. ഞെട്ടലോടെ അവൾ കണ്ണു തുറന്ന് നോക്കുമ്പോൾ മുന്നിലുള്ള റൂബി അവളെ കാലുകൊണ്ട് തൊഴിച്ചതാണെന്ന് മനസ്സിലായി. വെള്ളത്തിനടിയിലെ അരണ്ടവെളിച്ചത്തിൽ കാഴ്ചകൾ ഒന്നുരണ്ടുവട്ടം മങ്ങി വ്യക്തമായപ്പോഴാണ് മുന്നിലുള്ളവർ അൽപ്പദൂരം സഞ്ചരിച്ചിരിക്കുന്നു എന്ന സത്യം താനിയ തിരിച്ചറിഞ്ഞത്. ശരീരത്തിൽ തളർന്നുപോയ തൊണ്ണൂറ് ശതമാനം കോശങ്ങളും ഒരുമിച്ച് ഉത്തേജിച്ചതുപോലെ അവൾ ഇരുവശവും കൈകുത്തി മുന്നിലേക്ക് പാഞ്ഞു.

ഇതേസമയം റൂബിയും ജെസ്സിയും അവർക്കുമുന്നിലായി വേഗത്തിൽ മുന്നേറുന്ന താരയെ അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്. അവൾ എങ്ങനെ അബോധാവസ്ഥയിൽനിന്നും വിമുക്തമായി എന്ന ചോദ്യം അവരിൽ അവശേഷിച്ചെങ്കിലും മരണത്തെ മുഖാമുഖം കണ്ട് ഒടുവിലത്തെ നിമിഷത്തിൽ നിന്നുമുള്ള ആ മടങ്ങിവരവിൽ ഒരു ദീഘശ്വാസം ഉള്ളിലേക്ക് പകർന്നുകിട്ടിയതുപോലെ അവർക്കെല്ലാം തോന്നിപ്പോയി. അതോടൊപ്പം ഓരോ സെക്കൻറിലും പ്രതീക്ഷിച്ചതിലും കൂടുതൽ ദൂരത്തിൽ അവർ ആ ചെറുതുരംഗത്തിലൂടെ മുന്നേറിക്കൊണ്ടിരുന്നു. ഒടുവിൽ താര മുകളിലേക്ക് ഉയർന്നു പൊങ്ങുന്നതായി തോന്നിയതും ജെസ്സിയും റൂബിയും താനിയയും അവൾക്കൊപ്പം തന്നെ വെള്ളത്തിൻറെ അടിത്തട്ടിൽനിന്നും ശരങ്ങൾപോലെ മുകളിലേക്ക് ഊളിയിട്ടു.

ജലോപരിതലത്തെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് അഞ്ചു പേർ മുകളിലേക്ക് തുടരെത്തുടരെ ഉയർന്നുപൊങ്ങി. അതിലൊന്ന് ലൂയിയായിരുന്നു. താരയുടെ കൈയ്യിൽ പിടിച്ചുവലിച്ചുകൊണ്ട് അവൻ കരയിലേക്ക് കയറുമ്പോൾ അതൊന്നും ശ്രദ്ധിക്കാതെ ജെസ്സിയും റൂബിയും താനിയയും ജലോപരിതലത്തിൽ മുഖമുയർത്തിപ്പിടിച്ച് മതിയായോളം ശ്വാസം ഉള്ളിലേക്കെടുക്കുകയായിരുന്നു. പെട്ടെന്ന് എന്തോ ഓർത്തതു പോലെ പെൺകുട്ടികളെയുംകൊണ്ട് താനിയ കരയിലേക്ക് കയറി. അപ്പോൾ അവർ കണ്ട കാഴ്ച കരയിലുണ്ടായിരുന്നവർ താരയെ ഉണർത്തുവാനായി പരിശ്രമിക്കുന്നതായിരുന്നു.

'താരയ്ക്കെന്തുപറ്റി...' ജെസ്സി ആകാംക്ഷയോടെ ചോദിച്ചു.

പക്ഷേ അവിടെ നിന്നിരുന്ന ആർക്കും അതിന് മറുപടിയുണ്ടായിരുന്നില്ല.

'അവർ നമ്മളെ പിന്തുടർന്നു വരുന്നുണ്ട്...എത്രയും വേഗം നമുക്ക് ഇവിടെനിന്നും മാറണം...' താനിയ ഭയംകലർന്ന ശബ്ദത്തിൽ എല്ലാവരെയും നോക്കിപ്പറഞ്ഞു.

ലൂയി അപ്പോൾ താരയുടെ വയറിലും നെഞ്ചിലുമെല്ലാം അമർത്തി വെള്ളം പുറത്തുകളയാൻ ശ്രമിക്കുകയും വായ ചേർത്ത് കൃത്രിമമായി ശ്വാസം കൊടുക്കുകയുമെല്ലാം ചെയ്യുകയായിരുന്നു. അത് കണ്ട് റുബിയുടെ മുഖമാകെ മാറി. അവനോട് മാറിനിൽക്കാൻ പറയുവാൻ തുടങ്ങിയ അവളെ രഞ്ജിത് തടഞ്ഞു.

'ലൂയീ... അമർവ്വത്തോ നിക്കാബൻ അസർവത്തീ മിറാ വോഫ്...'

താനിയ പറഞ്ഞതുകേട്ടതും വെള്ളത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചു കൊണ്ട് ലൂയി താരയുടെ കൈത്തണ്ടയിൽ പിടിച്ചുനോക്കിയിട്ട് അവളെ എടുത്തുയർത്തി തോളിലേക്കിട്ടു. ആ സമയം അവൻറെ കൈമുട്ടുകളിൽ രക്തം കിനിയുന്നുണ്ടായിരുന്നു.

'ലൂയി ഞങ്ങളോടൊപ്പം നിൽക്കുകയായിരുന്നു. പെട്ടെന്ന് എൻറെ വാച്ചിൽ നോക്കിയിട്ട് വെള്ളത്തിലേക്ക് ഒറ്റ ചാട്ടം. പിന്നെ താരയെയും കൊണ്ടോ പൊങ്ങിവന്നത്. സത്യത്തിൽ വെള്ളത്തിനടിയിൽ വച്ച് എന്താ സംഭവിച്ചത്...'

ഷാനു അടക്കം പറയുംപോലെ റൂബിയോടും ജെസ്സിയോടുമായി ചോദിച്ചു. അത് കേട്ട് ഒരു ഞെട്ടലോടെ റൂബിയും ജെസ്സിയും ലൂയിയെ ഒന്നുനോക്കി.

'താരയെ മാത്രമല്ല... നമ്മളെയുംകൂടിയാ അവൻ രക്ഷിച്ചത്...' ജെസ്സി റൂബിയോടായി പറഞ്ഞു.

അപ്പോഴേക്കും ലൂയിയെയും താനിയയെയും ബാക്കിയുള്ളവർ പിന്തുടരുവാൻ ആരംഭിച്ചിരുന്നു. കുളത്തിൽനിന്നും മുകളിലേക്കുള്ള പടിക്കെട്ടുകളുടെ ഒടുക്കം ഗുഹകൾപോലെ തോന്നിക്കുന്ന മൂന്ന് വഴികളുണ്ടായിരുന്നു. അതിൽ മൂന്നാമത് കണ്ട വഴിയിലേക്ക് അവർ പ്രവേശിച്ചതും കുളത്തിൽ വെള്ളമിളകിയ ശബ്ദം ഉയർന്നുകേട്ടു.

അത് കേട്ടതും അവരുടെയെല്ലാം ചുവടുകൾ യാന്ത്രികമായി വേഗത്തിൽ ചലിച്ചു. ഗുഹയിലൂടെയുള്ള വഴിയിൽ നിശ്ചിതമായ അകലത്തിൽ ചുവർവിളക്കുകൾ പ്രകാശിച്ചുകൊണ്ടിരുന്നു.

'ഇമിത് ബാവോ..' മറ്റൊരു വഴി ചൂണ്ടിക്കാണിച്ചുകൊണ്ട് ലൂയി പറഞ്ഞു.

'മാഹും തീർവാ...' ആ വഴി നിരസിച്ചുകൊണ്ട് താനിയ പ്രതികരിച്ചു.

ഒന്നുരണ്ടുസെക്കൻറുകൾ എന്തോ ആലോചിച്ചശേഷം ലൂയിയുടെ തീരുമാനത്തെ ശരിവച്ചുകൊണ്ട് അവൾ ആ വഴിയിലേക്ക് തിരിഞ്ഞു. ബാക്കിയുള്ളവരും അവളെ പിന്തുടർന്നു. ലൂയി ഇടയ്ക്കിടെ തോളിൽ കിടന്നിരുന്ന താരയുടെ മുതുകിൽ തട്ടിക്കൊടുത്തു. അവളുടെ വായിൽനിന്നും ഉമിനീരും വെള്ളവും പുറത്തേക്ക് വരുന്നുണ്ടായിരുന്നു. അതുപോലെതന്നെ താനിയയും ഇടയ്ക്കിടെ പിന്നിലേക്ക് തിരിഞ്ഞുനോക്കി തങ്ങൾ സുരക്ഷിതരാണെന്ന് സ്വയം ഉറപ്പുവരുത്തി. മുന്നോട്ടുള്ള യാത്രയിൽ അനവധി വഴികൾ ഇരുഭാഗങ്ങളിലുമായി കാണപ്പെട്ടു.

'നമ്മൾ എങ്ങോട്ടാണീ പോകുന്നത്...' രഞ്ജിത് താനിയയുടെ ഒപ്പം കയറിനടന്നുകൊണ്ട് ചോദിച്ചു.

'കൊട്ടാരത്തിലെ ഈ ഭാഗം ഒരു ചിതൽപ്പുറ്റുപോലെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വളഞ്ഞും പുളഞ്ഞും ആയിരം വഴികളുണ്ടാവും. അതിൽ ഒരെണ്ണം മാത്രമാണ് യഥാർത്ഥ വഴി...' 'നിങ്ങൾ ഇതിനുമുൻപ് ഈ ഭാഗത്ത് സഞ്ചരിച്ചിട്ടില്ല എന്ന് നേരത്തേ വഴി തിരഞ്ഞെടുത്തപ്പോൾ മനസ്സിലായി...'

'അതേ... ഞാനും ലൂയിയും ഈ ഭാഗത്ത് ആദ്യമായാണ് വരുന്നത്...'

'അപ്പോൾ പിന്നെയെങ്ങനെ യഥാർത്ഥ വഴി മനസ്സിലാക്കും...' മുന്നിലേക്ക് നടന്നുകൊണ്ടുതന്നെ രഞ്ജിത് ചോദിച്ചു.

'ഇവിടെനിന്നും മുന്നോട്ടുപോകുവാൻ പ്രൊഫസ്സർ ചില അടയാളങ്ങൾ പറഞ്ഞുതന്നിരുന്നു. ഞങ്ങളെ ഇവിടെ നിർത്തി മുന്നിലേക്ക് പോയപ്പോഴാണ് അദ്ദേഹത്തിന് അപകടം സംഭവിച്ചതും നിങ്ങളുമായി കണ്ടുമുട്ടിയതും...'

'പ്രൊഫസ്സറിനുപോലും വഴി പിശകിയെങ്കിൽ നമ്മൾ എങ്ങനെയാണ് യഥാർത്ഥവഴി കണ്ടെത്തുക...'

രഞ്ജിത്തിൻറെ ആ ചോദ്യത്തിന് താനിയയുടെ പക്കൽ മറുപടി ഇല്ലായിരുന്നു. മറ്റുള്ളവരും അവർക്കൊപ്പം സഞ്ചരിച്ചുകൊണ്ട് അവരുടെ സംസാരം ശ്രദ്ധിച്ചു. താനിയ ഒന്നുംതന്നെ പറയുന്നില്ല എന്ന് മനസ്സിലാക്കി രഞ്ജിത് തുടർന്നു.

‘ഞാൻ ഒരുപായം പറയാം...ഇപ്പോൾ നമ്മളെ പിന്തുടർന്നു വരുന്ന ശത്രുക്കളെ ഭയപ്പെട്ടല്ലേ നമ്മൾ ഓടിയൊളിക്കുന്നത്. അങ്ങനെ ഒരു മണ്ടത്തരം കാട്ടിയാൽ ഒന്നുകിൽ നമ്മൾ മരണത്തിലേക്ക് തന്നെ എടുത്തുചാടും. അല്ലെങ്കിൽ അവരുടെ പിടിയിലാവും. രണ്ടായാലും മരണം ഉറപ്പാണ്. അത് എന്തുതന്നെയായാലും നിമിഷങ്ങൾക്കകം അവർ നമ്മൾ നിൽക്കുന്ന ഈ ഭാഗത്തേക്ക് വരും. നമ്മളെ കണ്ടെത്തും. പക്ഷേ അതിന് നമ്മൾ ഇടകൊടുക്കരുത്. അവരുടെ കണ്ണിൽപ്പെടാതെ നമ്മൾ ഇവിടെ എവിടെയെങ്കിലും ഒളിക്കണം. പിന്നെ നമ്മളെ പിന്തുടരുന്ന അവരെ നമ്മൾ പിന്തുടരണം. കൊട്ടാരത്തിലെ വഴികൾ മുഴുവൻ അറിയുന്ന അവർ അപകടം ലക്ഷ്യമാക്കി നീങ്ങില്ല. അവരുടെ കണ്ണിൽ നമ്മൾ അവരുടെ കൊട്ടാരത്തിലെ രഹസ്യമാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്ന അവരുടെ ശത്രുക്കളാണ്. നമുക്ക് പാതിമാർഗ്ഗം മാത്രമാണ് അറിയാവുന്നതെന്ന് അവർക്കറിയില്ല. അതുകൊണ്ട് ശത്രുക്കൾ കരസ്ഥമാക്കരുത് എന്ന് അവർ കരുതുന്നത് എന്താണോ അത് സ്ഥിതിചെയ്യുന്ന ഭാഗത്തേക്ക് അവർ സഞ്ചരിക്കുകതന്നെ ചെയ്യും. അവരെ പിന്തുടരുന്ന സമയത്ത് നമുക്ക് പുതിയ ഒരു പദ്ധതി രൂപപ്പെടുത്തുകയോ പ്രൊഫസ്സറുടെ പദ്ധതി നടപ്പിലാക്കുകയോ ചെയ്യാം...’ രഞ്ജിത് പറഞ്ഞുനിർത്തിയപ്പോൾ അവൻ പറഞ്ഞതാണ് ഉചിതമായ മാർഗ്ഗമെന്ന് താനിയ ഉൾപ്പെടെ അവർക്കെല്ലാവർക്കും തോന്നി. അവൻ പറഞ്ഞ കാര്യങ്ങൾ ലൂത്ത ഭാഷയിൽ അവൾ ലൂയിയോടും പറഞ്ഞു. ലൂയിയും ആ ഉപായം ശരിവച്ചു.

ഗുഹയ്ക്കുള്ളിലെ അരണ്ടവെളിച്ചത്തിൽ നീണ്ടുകിടക്കുന്ന ആ പാതയുടെ ഇരുവശങ്ങളിലുമായി വീണ്ടും അനേകം ചെറുവഴികളുണ്ടായിരുന്നു. അതിലെ ആദ്യം കണ്ട വഴിയിൽ ഒളിച്ചുനിൽക്കാം എന്ന തീരുമാനത്തിൽ അതിലേക്ക് കയറിയതും ആ പാതയുടെ ഇരുവശവും അതുപോലെതന്നെ അനേകം വഴികൾ സ്ഥിതി ചെയ്യുന്നത് അവർക്ക് ദൃശ്യമായി. വീണ്ടും മുന്നോട്ടു പോകാതെ ആ വഴിയുടെ ആരംഭത്തിൽ നിലകൊള്ളുന്ന ആദ്യത്തെ രണ്ട് വഴികളിൽ അവർ രണ്ട് ടീമുകളായി മറഞ്ഞു നിന്നു. തങ്ങളുടെ നിശ്വാസശബ്ദം പോലും പുറത്തുവരാതെയിരിക്കുവാൻ അവർ അതിയായി ശ്രദ്ധിച്ചു.

ലൂയിയുടെ തോളിൽ കിടന്നിരുന്ന താരയെ ശ്രദ്ധിച്ചു കൊണ്ട് റൂബി അവൻറെ തൊട്ടുപിന്നിലായിത്തന്നെ നിൽപ്പുണ്ടായിരുന്നു. ഇടയ്ക്കെങ്ങാനും അവൾ ഉണരാൻ ഇടയായാൽ വാ മൂടിപ്പിടിക്കുവാൻ തക്കവണ്ണം കൈ ഉയർത്തിപ്പിടിച്ചാണ് റൂബി നിന്നിരുന്നത്. സെക്കൻറുകൾ ഒന്നൊന്നായി ഇഴഞ്ഞു നീങ്ങി. അവരുടെ നെഞ്ചിടിപ്പുകൾ ഒരുപോലെ വർദ്ധിപ്പിച്ചുകൊണ്ട് ആ കാലടിശബ്ദങ്ങൾ വൈകാതെതന്നെ അവർക്കരികിലേക്ക് കടന്നെത്തി. ലൂയിയും താനിയയും ഗുഹയുടെ

പ്രധാനവഴിയിലേക്ക് കണ്ണും കാതും കൂർപ്പിച്ചുവച്ചു. രാജദമ്പതികൾ കടന്നു പോയാലുടൻ അവരെ പിന്തുടരുകയായിരുന്നു ഇരുവരുടെയും ലക്ഷ്യം, കാൽച്ചുവടുകളുടെ ശബ്ദം അടുത്തടുത്ത് വരുംതോറും അവരെല്ലാം ജാഗരൂകരായി ചുവരിനോട് ചേർന്നുനിന്നു. ലൂയിയും താനിയയും ഒഴികെ ബാക്കിയാരും നിന്നിടത്തുനിന്നും അനങ്ങിയില്ല. താര അപ്പോഴും അബോധാവസ്ഥയിൽത്തന്നെ തുടർന്നു.

പൊടുന്നനെ താനിയയും ലൂയിയും ഭയത്തോടെ തല ഉള്ളിലേക്ക് വലിക്കുകയും മറ്റുള്ളവരെപ്പോലെതന്നെ ഭിത്തിയോട് ചേർന്നു നിൽക്കുകയും ചെയ്തു. തൊട്ടടുത്ത നിമിഷത്തിൽ അവരെയെല്ലാവരെയും ആകാംക്ഷയുടെയും ഭയത്തിൻറെയും മുൾമുനയിൽ നിർത്തിക്കൊണ്ട് അവർ നിന്നിരുന്ന വഴികളുടെ സമീപത്തുകൂടി അവരുടെ ശത്രുക്കൾ മിന്നൽവേഗത്തിൽ പാഞ്ഞുപോയി. തങ്ങൾ ഒളിച്ചുനിൽക്കാൻ തിരഞ്ഞെടുത്ത മാർഗ്ഗമായിരുന്നു യഥാർത്ഥ വഴിയെന്ന് തിരിച്ചറിഞ്ഞ അവർക്കെല്ലാം ആ സംഭവം തികച്ചും ഒരു അത്ഭുതമായി തോന്നി.

'ലീഗാ...' വരൂ എന്ന രീതിയിൽ ലൂയി കൂടെയുള്ളവരെ വിളിച്ചിട്ട് ശത്രുക്കൾ പോയ വഴിയിലേക്ക് കടന്നുനിന്നു. തൽക്ഷണം കടുത്ത ഒരു പ്രഹരം അവൻറെ നെഞ്ചിൽത്തന്നെ കിട്ടി. താരയുമായി അവൻ ദൂരേയ്ക്ക് തെറിച്ചുവീണു. തലയിൽ ഇടിത്തീ വീണതുപോലെയാണ് അവൻറെ പിന്നാലെ വഴിയിലേക്ക് കടന്നവർക്ക് അത് അനുഭവപ്പെട്ടത്. കാരണം അവർ ഒട്ടും പ്രതീക്ഷിക്കാതെയുള്ള ഒരു കൂടിക്കാഴ്ച അവിടെ സംഭവിച്ചുകഴിഞ്ഞിരുന്നു. ഭയത്തോടെ ജെസ്സിയും റ്റോജിയും ഉച്ചത്തിൽ അലറിവിളിച്ചു.

ബാക്കിയുള്ളവരെപ്പോലെതന്നെ താനിയയും എന്തുചെയ്യണമെന്നറിയാതെ ശത്രുക്കൾക്ക് മുന്നിലായി പകച്ചുനിന്നു...!

# നാൽപ്പത്തിയാറ്

തങ്ങളുടെ മുന്നിൽ നിൽക്കുന്ന പ്രൊഫസറിൻറെയും ജോംസി മിസ്സിൻറെയും പ്രതിരൂപങ്ങളുടെ തീക്ഷ്ണമായ നോട്ടത്തിൽ തൽസമയം ഭൂമി പിളർന്ന് അടിയിലേക്ക് പോയിരുന്നുവെങ്കിൽ എന്നുവരെ അവർ ആഗ്രഹിച്ചുപോയി.

പ്രൊഫസറുടെ ആക്രമണത്തിൽ ദൂരേയ്ക്ക് തെറിച്ചുവീണ ലൂയി ആയാസപ്പെട്ട് നിലത്തുനിന്നും എഴുന്നേറ്റു. ആ സമയത്ത് അവനോടൊപ്പം തെറിച്ചുവീണ താരയ്ക്ക് ബോധം തിരികെ ലഭിച്ചിരുന്നു. നിലത്ത് കൈകുത്തി ഇരുന്നുകൊണ്ട് കണ്ണുകൾ തിരുമ്മിതുറന്നതും അവൾ കണ്ട കാഴ്ച ശ്രുതുക്കൾക്കുമുന്നിൽ ഭയന്നുവിറച്ച് നിൽക്കുന്ന തൻറെ കൂട്ടുകാരെയായിരുന്നു. അത് കണ്ടതും പഴയതുപോലെ അവൾ നിലത്തേക്കുതന്നെ മയങ്ങി വീണു. താനിയ ലൂയിയുടെ പിന്നിലേക്ക് മറഞ്ഞു നിന്നു. ബാക്കിയുള്ളവർ രഞ്ജിത്തിൻറെ പിന്നിലേക്കും.

രാജദമ്പതികൾ ലൂയിയെയും രഞ്ജിത്തിനെയും ഒരുപോലെ മാറിമാറി നോക്കി. അതോടൊപ്പം ശരീരത്തിൽ സൂക്ഷിച്ചിരുന്ന ആയുധങ്ങളിലേക്ക് താളം പിടിക്കുന്ന തരത്തിൽ ഇരുവരും കൈകൾ ചലിപ്പിച്ചു. അത് കണ്ടതും യാന്ത്രികമായിത്തന്നെ അവർ ഒരുമിച്ച് പിന്നിലേക്ക് ചലിച്ചു.

‘താനിയാ...എന്താ ഇപ്പോൾ ചെയ്യുക...’

രഞ്ജിത് മുന്നിലേക്കുതന്നെ ശ്രദ്ധിച്ചുകൊണ്ട് ചോദിച്ചു.

അവൻറെ ശബ്ദത്തിലെ പരിഭ്രമം എല്ലാവരും തിരിച്ചറിഞ്ഞു. അവനെപ്പോലെതന്നെ താനിയയും എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിച്ചുനിൽക്കുകയായിരുന്നു അപ്പോൾ.

‘ഹീറാ...’

പൊടുന്നനെ ഇടിമുഴക്കം പോലെയുള്ള പ്രൊഫസറുടെ ശബ്ദം അവിടെയാകെ പ്രതിദ്ധ്വനിച്ചു. അയാൾ പുറത്തെടുത്ത വിചിത്രാകൃതിയിലുള്ള ആയുധം ഗുഹയ്ക്കുള്ളിലെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി. അതോടൊപ്പം പ്രതികാരം നിറഞ്ഞ കണ്ണുകളോടെ അയാൾ അവരെ ഉറ്റുനോക്കി. ഇരകളെ മൊത്തമായി തൻറെ പ്രിയതമന് വിട്ടുകൊടുത്ത ഭാവത്തിൽ പിന്നിലേക്ക് മാറിനിന്നു കൊണ്ട് ജോംസിമിസ്സ് വികൃതമായ ശബ്ദത്തിൽ ചിരിച്ചു. അവരുടെ ആ ചിരി സന്ദർഭത്തെ കൂടുതൽ ഭയാനകമാക്കി. തൊട്ടടുത്ത നിമിഷത്തിൽ കൈയ്യിലേന്തിയ ആയുധവുമായി ആ സംഘത്തിന് നേർക്കയാൾ പാഞ്ഞടുത്തു.

അത് കണ്ടതും രഞ്ജിത്തും ലൂയിയും താനിയയും ഒഴികെ ബാക്കിയുള്ളവരെല്ലാവരും ഭയത്തോടെ അലറിവിളിച്ചു. അപ്രതീക്ഷിതമായി തങ്ങളിലേക്ക് ഓടിയടുക്കുന്ന മരണത്തെ സ്വീകരിക്കുവാൻ അവരാരും മാനസ്സികമായി തയ്യാറെടുത്തിരുന്നില്ല. ലൂയിയും രഞ്ജിത്തും പരസ്പരം ഒന്ന് നോക്കിയശേഷം പ്രൊഫസറെ തങ്ങളാൽ കഴിയുന്നവിധത്തിൽ നേരിടുവാനായി കരുതിനിന്നു. മരണം അവരിലേക്ക് കൂടുതൽ അടുക്കുംതോറും ആൺകുട്ടികൾ പരസ്പരം ഇറുക്കിപ്പിടിച്ചു.

റൂബിയും ജെസ്സിയും ഭയത്താൽ കണ്ണുകൾ മൂടിയിരുന്നു. താനിയയുടെ ശ്വാസോച്ഛ്വാസം അതിവേഗത്തിലായി രൂപാന്തരപ്പെട്ടു. പൊടുന്നനെയായിരുന്നു അവരിലേക്ക് പാഞ്ഞടുത്തുകൊണ്ടിരുന്ന മെർക്കുറി രാജാവ് ഒരു സീൽക്കാരശബ്ദത്തോടെ ദൂരേയ്ക്ക് തെറിച്ചുവീണത്. അതോടൊപ്പം നിലത്ത് മയങ്ങിക്കിടന്നിരുന്ന താര പിടഞ്ഞെഴുന്നേൽക്കുകയും ചെയ്തു.

ലൂയിയോ രഞ്ജിത്തോ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു പ്രവർത്തിയായിരുന്നു താര അപ്പോൾ ചെയ്തത്. തൻറെ കൂട്ടുകാരെ ആക്രമിക്കുവാനുള്ള ലക്ഷ്യത്തോടെ അതിവേഗത്തിൽ അവളെ കടന്നു പോയ പ്രൊഫസറുടെ കാലിൽ അപ്പോൾ തോന്നിയ ധൈര്യത്തിൽ അവൾ പിടിത്തമിട്ടു. അമിത പ്രവേഗത്തോടെ പാഞ്ഞുപോയ അയാൾക്ക് പതറിപ്പോകുവാൻ മറ്റൊന്നും ആവശ്യമായിരുന്നില്ല. ഭയന്നു നിന്നിരുന്നവരുടെ പിന്നിലായി അയാൾ തെറിച്ചുവീണു.

താരയുടെ പ്രവർത്തി കണ്ടതും ചവിട്ടേറ്റ സർപ്പത്തെപ്പോലെ അയാളുടെ പതി രോഷാകുലയായി.

അടക്കാനാവാത്ത ക്രോധത്തോടെ തൻറെ കൈയ്യിലിരുന്ന ആയുധം താരയുടെ നേർക്ക് അവർ ചുഴറ്റിയെറിഞ്ഞു. ഒറ്റ സെക്കൻറിൻറെ വ്യത്യാസത്തിൽ മുന്നിലേക്ക് ചാടിക്കൊണ്ട് ലൂയി അവളെ തള്ളിമാറ്റി.

ആയുധം നിലത്ത് തട്ടിതെറിച്ച് ബാക്കിയുള്ളവർക്കരികിലേക്ക് ചെന്നുവീണു. പിൻഭാഗത്തുനിന്നും എഴുന്നേൽക്കുന്ന മെർക്കുറി രാജാവിനെ ഭയത്തോടെ നോക്കിക്കൊണ്ട് ബാക്കിയുള്ളവർ മുന്നിലേക്ക് കുതറിയോടി.

‘താനിയാ...ജിസ്സാവിർ സമീബിറോ വാഹ്താസിക്... അലിഹിർ ലോഫാ...’

മുന്നിലേക്ക് കടന്നെത്തിയപ്പോൾ ലൂയി പറഞ്ഞതുകേട്ട് താനിയ അവനെ കണ്ണുമിഴിച്ച് നോക്കി.

‘അലിഹിർ ലോഫാ അനിസ്റ്റിർ...നാ അസിവർ ലീതാ...’

താനിയ അവനെ എന്തിൽനിന്നോ പിന്തിരിപ്പിക്കുന്നതുപോലെ സംസാരിച്ചു. പക്ഷേ അവളുടെ വാക്കുകൾക്ക് ചെവികൊടുക്കാതെ നിലത്തുനിന്നും എഴുന്നേറ്റ് രാജാവിനെ ലക്ഷ്യമാക്കി ലൂയി മുന്നിലേക്ക് കുതിച്ചു.

ആ കുതിപ്പിൽ നിലത്തുകിടന്നിരുന്ന രാജപത്നിയുടെ ആയുധവും അവൻ കൈക്കലാക്കി.

'ഹീറാ...'

ഒരു അലർച്ചയോടെ മുന്നോട്ടുള്ള പാതയിൽ തടസ്സമായി നിന്നിരുന്ന ജോംസി മിസ്സ് ലൂയിയുടെയും രാജാവിൻറെയുമടുത്തേക്ക് പാഞ്ഞു. അവർ സമീപത്തുകൂടി കടന്നുപോയപ്പോൾ ബാക്കിയുള്ളവർ ഭയത്തോടെ ഗുഹയുടെ ഇരുഭാഗത്തേക്കും ചേർന്നുനിന്നു. രഞ്ജിത് ഒരു ആയുധത്തിനായി ചുറ്റും പരതി നോക്കി. ഇതേസമയം രാജാവിൻറെ തലയെ ലക്ഷ്യമാക്കി ആയുധം ചലിപ്പിച്ച ലൂയിയെ അയാൾ തൻറെ ആയുധംകൊണ്ടു തന്നെ തടുത്തിരുന്നു.

അയാളുടെ തിരിച്ചുള്ള ആക്രമണത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതെ ലൂയി ഉച്ചത്തിൽ അലറി.

'വരൂ...നമുക്ക് ഇവിടെനിന്നും രക്ഷപെടാം...'

ലൂയിയെ ഒരിക്കൽകൂടി നോക്കിയശേഷം താനിയ മറ്റുള്ളവരോടായി പറഞ്ഞു. ബാക്കിയുള്ളവരെ പിന്നിലേക്ക് നോക്കാൻ സമ്മതിക്കാതെ ബലമായി അവൾ മുന്നിലേക്ക് കൂട്ടിക്കൊണ്ടുപോയി.

'താനിയാ...എന്താ ഈ ചെയ്യുന്നത്...ലൂയിയെ അവർ കൊല്ലും...'

രഞ്ജിത് മുന്നോട്ടുപോകാൻ വിസമ്മതിച്ചുകൊണ്ട് പറഞ്ഞു.

'അറിയാം രഞ്ജിത്...നമുക്ക് ഇതേ ഇപ്പോൾ മാർഗ്ഗമുള്ളൂ... ലൂയി അവൻറെ ജീവൻ പോകുംവരെ അവരെ പിടിച്ചുനിർത്തും. അതിനുമുൻപ് ഇവിടെനിന്നും എല്ലാവരും രക്ഷപെട്ടിരിക്കണം. പറയാനുള്ള കാര്യങ്ങൾ നിങ്ങളിൽ ഒരാളോടെങ്കിലും പറഞ്ഞേൽപ്പിച്ചിരുന്നുവെങ്കിൽ ഞാൻ ലൂയിയെ ഇവിടെ ഉപേക്ഷിക്കില്ലായിരുന്നു.'

അവൾ അത് പറയുമ്പോൾ പിന്നിൽ നിന്നും ലൂയിയുടെ അലർച്ച ഉയർന്നുകേട്ടു.

'റൺ...'

അവൾ മുന്നോട്ടുള്ള വഴിയിലേക്ക് കൈചൂണ്ടിക്കൊണ്ട് അലറി.

ബാക്കിയുള്ളവരും മനസ്സില്ലാമനസ്സോടെ അവൾക്കൊപ്പം മുന്നിലേക്ക് കുതിച്ചു.

ഓട്ടത്തിനിടയിൽ അവരിൽ പലരും ലൂയിയെയോർത്ത് വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. വളവുകളും തിരിവുകളും നിറഞ്ഞ മുന്നിലേക്കുള്ള ഗുഹാപാതയിൽ പോകെപ്പോകെ വിളക്കുകൾ ഇല്ലാതായിക്കൊണ്ടിരുന്നു. അതിനാൽ വൈകാതെതന്നെ അവരുടെ യാത്ര കൂരിരുട്ടിലൂടെയായി.

ഇനിയൊരു വളവോ തിരിവോ വന്നുകഴിഞ്ഞാൽ അപ്പോഴത്തെ ഓട്ടത്തിൻറെ വേഗതയിൽ ചുവരിൽ ചെന്നിടിച്ച് തങ്ങൾക്ക് വലിയ അപകടം സംഭവിക്കുമെന്ന് അവർ ഓരോരുത്തർക്കുമുറപ്പുണ്ടായിരുന്നു. എങ്കിലും തങ്ങളെ രക്ഷിക്കാൻ ലൂയി

കാണിച്ച ആത്മാർത്ഥതയുടെ ഊർജ്ജത്തിൽ ഓരോരുത്തരും തളരാതെ മുന്നേറി. നേർരേഖയിൽ ഇരുട്ടിലൂടെയുള്ള അവരുടെ ആ ഓട്ടം അരമണിക്കൂറെങ്കിലും നീണ്ടുനിന്നു. വീണ്ടും മുന്നോട്ടുപോയപ്പോൾ സഞ്ചരിക്കുന്ന പാതയുടെ മുകൾഭാഗം ഇല്ലാതായി മാറുന്നുണ്ടോ എന്ന സംശയം അവർക്കെല്ലാം തോന്നിത്തുടങ്ങിയെങ്കിലും ചെയ്തുകൊണ്ടിരുന്ന പ്രവർത്തി അവർ തുടർന്നുകൊണ്ടിരുന്നു.

തണുപ്പിനൊപ്പം വ്യത്യസ്ഥമായ ഒരുതരം ചുവന്ന പ്രകാശവും ചുറ്റും പരന്നുവെന്ന് മനസ്സിലായപ്പോൾ തങ്ങൾ സഞ്ചരിക്കുന്ന പാത കണ്ട് അവർ ഒരുപോലെ ഞെട്ടിപ്പോയി...!

കൈവരിയില്ലാത്ത നീളമുള്ള ഒരു തടിനിർമ്മിതമായ പാതയിലൂടെയായിരുന്നു ആ സംഘം അപ്പോൾ ഓടിക്കൊണ്ടിരുന്നത്. മുന്നിൽ ഓടിയിരുന്ന താനിയ ഓട്ടത്തിൻറെ വേഗത കുറച്ച് പിന്നിലേക്ക് തിരിഞ്ഞുനോക്കിയപ്പോൾ അത് ഒരു തടിപ്പാതയല്ല മറിച്ച് ഭീമാകാരമായ ഒരു മരത്തിൻറെ ശിഖരമാണെന്നും തങ്ങൾ വന്നെത്തിയത് അതിലെ ഒരു പൊത്തിലൂടെ നിർമ്മിച്ച വഴിയിലൂടെയാണെന്നും അവർ തിരിച്ചറിഞ്ഞു.

‘അങ്ങോട്ട് നോക്ക്...’

മുകളിലേക്ക് കൈചൂണ്ടി റൂബി പറഞ്ഞു. അത് കേട്ടതും ബാക്കിയുള്ളവരും മുകളിലേക്ക് ശ്രദ്ധിച്ചു. ആ വൃക്ഷത്തിൽ നിന്നും അവർ നിൽക്കുന്നതുപോലെ തന്നെയുള്ള അനേകായിരം ശിഖരങ്ങൾ ഒരു ചെടിയുടെ വേര് പടർന്നുപോയിരിക്കുന്നതു പോലെ വളരെയേറെ ഉയരത്തിൽ പല ദിക്കുകളിലേക്ക് പടർന്നു പോയിരിക്കുന്നു. അവയിൽ അങ്ങിങ്ങായി ലോകത്തിലെ ഏറ്റവും വലിയ പുഷ്പ്പമായ റഫ്ളേഷ്യയെക്കാൾ വലിപ്പമുള്ള തരത്തിലെ ചുവന്ന പൂക്കൾ പിടിച്ചുനിൽക്കുന്നു. ആ പൂക്കൾ നേരിയ രീതിയിൽ പ്രകാശിക്കുന്നുമുണ്ടായിരുന്നു. അതുപോലെതന്നെ അതിൻറെ ഇലകൾക്കും അസാധാരണമായ വലിപ്പം തോന്നിച്ചു.

‘നമുക്ക് വഴി തെറ്റിയെന്ന് തോന്നുന്നു...’

താനിയ അത് പറഞ്ഞുതീരുംമുൻപ് അകലത്തിൽനിന്നും പാഞ്ഞടുക്കുന്ന കാൽച്ചുവടുകളുടെ പ്രതിദ്ധ്വനിശബ്ദം അവർ തിരിച്ചറിഞ്ഞു.

‘എനിക്കിനി ഓടിയൊളിക്കാൻ വയ്യ. ആ പുസ്തകത്തിൽ പറഞ്ഞതുപോലെ മരിക്കാൻ ഞാൻ തയ്യാറാണ്...’

റ്റോജി കിതപ്പോടെ താനിയയെ നോക്കി പറഞ്ഞു.

യാത്രയിലുടനീളം തനിക്ക് തുണയായുണ്ടായിരുന്ന ലൂയിയുടെ പെട്ടെന്നുള്ള വിയോഗത്തോടെ താനിയയും ആകെ തളർന്നിരുന്നു. മറുപടി പറയാനാവാതെ അവൾ എല്ലാവരെയും നിരാശയോടെ നോക്കി. ബാക്കിയുള്ളവരും അതേ അവസ്ഥയിലായിരുന്നു അപ്പോൾ. രഞ്ജിത്തിൻറെ മുഖത്തുകൂടി പരിഭ്രമം നിഴലിച്ചത് കണ്ടപ്പോൾ അവൾ ഒന്ന് ദീർഘനിശ്വസിച്ചു.

‘മരിക്കാം...എല്ലാവരും മരിക്കട്ടെ... അല്ലെങ്കിലും ആ പുസ്തകത്തിൻറെ ലക്ഷ്യം നിറവേറ്റാൻ പിറവിയെടുത്ത വെറും പാഴ് ജന്മങ്ങളാണല്ലോ നമ്മളെല്ലാവരും... ബട്ട് ഗയ്സ്...നമുക്ക് അഭിമാനിക്കാം... കാരണം ഇത്രയുംകാലം ഇവിടേയ്ക്ക് വന്നുപെട്ട് ആരംഭത്തിൽത്തന്നെ പെട്ടമരണം സംഭവിച്ച വെറും പ്രതിരൂപങ്ങളല്ല നമ്മൾ... പുസ്തകത്തിലെ ചരിത്രം പോലും മാറ്റിയെഴുതി മെർക്കുറിയിലെ മരണക്കെണികളെ നെഞ്ചുംവിരിച്ച് നേരിട്ട പോരാളികളാണ് നമ്മൾ ഓരോരുത്തരും. അതുകൊണ്ട് മരണത്തിലും നമ്മളാരും തോൽക്കുവാൻ പാടില്ല. ശത്രുക്കളുടെ കൈയ്യാലുള്ള മരണത്തെക്കാൾ ഉത്തമം സ്വയഹത്യയാണ്. ഇനിയുള്ള തീരുമാനം നിങ്ങളുടേതാണ്.’

അത് പറഞ്ഞശേഷം താനിയ മുകളിലേക്ക് നോക്കി കണ്ണുകളടച്ചു. അവൾ എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് അവർക്കാർക്കും നിശ്ചയമുണ്ടായിരുന്നില്ല. താനിയയുടെ ആ പ്രവർത്തിയിൽ എന്തോ മനസ്സിലാക്കിയതുപോലെ പിന്നിലായി നിന്നിരുന്ന രഞ്ജിത് തിരക്കിട്ട് മുന്നിലേക്ക് ചലിച്ചു. പക്ഷേ അവൻ മുന്നിലേക്കെത്തും മുൻപുതന്നെ ആ വലിയ മരത്തടിയിൽ നിന്നും അവൾ താഴേക്ക് കുതിച്ചുചാടിക്കഴിഞ്ഞിരുന്നു..!

ഒട്ടും പ്രതീക്ഷിക്കാതെയുള്ള അവളുടെ ചെയ്തി കണ്ട് ബാക്കിയുള്ളവർ ഒരുപോലെ അന്ധാളിച്ചുനിന്നുപോയി.

‘താനിയാ...’

നേരിയ വ്യത്യാസത്തിൽ മുന്നിലേക്കെത്തിയ രഞ്ജിത് ഉച്ചത്തിൽ വിളിച്ചുകൂവി. പക്ഷേ നീണ്ട ഒരു അലർച്ചയോടെ താനിയ ഇരുളിലേക്ക് പോയ്മറഞ്ഞിരുന്നു. രഞ്ജിത് മരത്തടിയിലേക്കിരുന്നുകൊണ്ട് മുഷ്ടിചുരുട്ടി നിലത്തിടിച്ചു. തങ്ങളുടെ വഴികാട്ടികളായ ലൂയിയുടെയും താനിയയുടെയും പെട്ടെന്നുള്ള വിയോഗം അവർക്കെല്ലാം കടുത്ത നിരാശയാണ് സമ്മാനിച്ചത്.

ആ സമയത്ത് പിന്നിൽനിന്നും കേട്ടുകൊണ്ടിരുന്ന കാൽച്ചുവടുകളുടെ പ്രതിധ്വനികൾ അവരിലേക്ക് കൂടുതൽ അടുത്തടുത്തുവന്നു. തേടിയെത്തുന്ന പെട്ടമരണത്തിനായി കാത്തുനിൽക്കാതെ അവരോരോരുത്തരും താനിയയെപ്പോലെതന്നെ ധീരമായ സ്വയഹത്യയെക്കുറിച്ച് ചിന്തിച്ചുതുടങ്ങി. റൂബി നിലത്തേക്കിരുന്നുകൊണ്ട് രഞ്ജിത്തിനെ നിരാശയോടെ നോക്കി. എന്തു ചെയ്യണമെന്നറിയാതെ അവനും ആകെ തകർന്നുപോയിരുന്നു.

റൂബിയുടെ അരികിലായി ഇരുപ്പുറപ്പിച്ചുകൊണ്ട് ജെസ്സിയും താരയും ഭയം നിറഞ്ഞ കണ്ണുകളോടെ എല്ലാവരെയും മാറിമാറി വീക്ഷിച്ചു.

അപ്പോഴേക്കും ആൺകുട്ടികളിൽ പലരും ആത്മഹത്യയ്ക്കായി മാനസ്സികമായി തെയ്യാറെടുത്തിരുന്നു. അതിനുള്ള മുന്നൊരുക്കം എന്നതുപോലെ അവർ ആസ്വദിച്ച് ശ്വാസമെടുക്കുകയും കാരണമില്ലാതെ പരസ്പരം നോക്കി ചിരിക്കുകയുമെല്ലാം ചെയ്തു.

തൻറെ കൂട്ടുകാരുടെ ചെയ്തികൾ കാണുവാനുള്ള കെൽപ്പില്ലാതെ റൂബി രഞ്ജിത്തിൻറെ നെഞ്ചിലായി മുഖംപൊത്തിക്കരഞ്ഞു. പെട്ടെന്ന് റ്റോജി എന്തോ ഒന്ന് ഓർത്തെടുത്തതുപോലെ ജെസ്സിയുടെയും താരയുടെയും മുന്നിലേക്ക് മുട്ടുകുത്തിയിരുന്നു.

'ഡീ ജെസ്സീ... നമ്മൾ ഇനി എന്നാടീ പഴയതുപോലെ ഒന്ന് തല്ലുകൂടുക...'

അതും പറഞ്ഞ് പൊട്ടിക്കരഞ്ഞുകൊണ്ട് അവൻ അവളുടെ കൈകൾ കൂട്ടിപ്പിടിച്ചു. ജെസ്സി വിങ്ങിപ്പൊട്ടിക്കൊണ്ട് അവൻറെ കണ്ണുകളിലേക്ക് ഒന്ന് നോക്കിയശേഷം തൻറെ നെറ്റിത്തടം അവൻറെ നെറ്റിത്തടത്തോട് ചേർത്തു. അവർ ഇരുവരുടെയും കണ്ണുനീർത്തുള്ളികൾ തമ്മിൽ പടർന്ന് ജെസ്സിയുടെ കവിളിലൂടെ ഒലിച്ചിറങ്ങി.

ബാക്കിയുള്ളവരെ ആ കാഴ്ച കൂടുതൽ നൊമ്പരപ്പെടുത്തി. പൊടുന്നനെ ജെസ്സിയുടെ കൈ വിടുവിച്ചുകൊണ്ട് റ്റോജി നിലത്തുനിന്നും ചാടിയെഴുന്നേറ്റു. മുന്നിലേക്ക് കുതിക്കുവാനായി ആയമെടുത്ത റ്റോജിയെ ആരും തടഞ്ഞില്ല. ജെസ്സി അവൻ കൂട്ടിച്ചേർത്ത കൈകൾ അതേപടി തൻറെ കണ്ണുകളിലേക്ക് ചേർത്തുവച്ച് ഉറക്കെ കരഞ്ഞു. മുകളിലേക്ക് നോക്കി അന്നുവരെ തനിക്ക് ആയുസ്സ് നൽകിയ ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ട് അവൻ മുന്നിലേക്കുള്ള തൻറെ ആദ്യ ചുവടുവച്ചു. ആ കാഴ്ച കണ്ട് താര വിറയാർന്ന ശബ്ദത്തിൽ റ്റോജിയെ വിളിച്ചുകരഞ്ഞു. അപ്പോഴേക്കും മരണത്തിലേക്കുള്ള അടുത്തചുവടും അവൻ വച്ചുകഴിഞ്ഞിരുന്നു.

തൻറെ ജീവനെടുക്കാൻ കാത്തുനിൽക്കുന്ന ആഴങ്ങളിലേക്ക് കുതിക്കുവാനുള്ള ഒടുവിലത്തെ ചുവട് വയ്ക്കുവാൻ തുടങ്ങിയ അതേ നിമിഷത്തിലായിരുന്നു വികാരനിർഭരമായ അവരുടെയെല്ലാം മുഖങ്ങളിൽ അത്ഭുതം പകർന്നുകൊണ്ട് മറ്റൊരു കാഴ്ച അവർക്കുമുന്നിലായി അരങ്ങേറിയത്.

തങ്ങളേക്കാൾ വലിപ്പത്തിലുള്ള ഒരു ഇല മുകളിലേക്ക് പറന്നുയരുന്നു. അതിലായി താനിയ അള്ളിപ്പിടിച്ചുകിടക്കുന്നു..!

അത് കണ്ടതും എല്ലാവരും ഒരുപോലെ അത്ഭുതസ്തബ്ധരായി നിന്നുപോയി. വെളിച്ചമുള്ള ഭാഗമെത്തിയതും താനിയ പരിഭ്രമത്തോടെ താൻ പിടിച്ചുകിടക്കുന്നതെന്തിലാണെന്ന് കണ്ണുമിഴിച്ച് നോക്കുന്നുണ്ടായിരുന്നു.

ആ മരത്തിലെതന്നെ ഒരു ഇലയുടെ സഹായത്താൽ താൻ ഉയരങ്ങളിലേക്ക് അൽപ്പാൽപ്പമായി പറന്നുയരുകയാണെന്ന് മനസ്സിലാക്കിയതും ആഹ്ളാദത്തോടെ അവൾ തൻറെ കൂട്ടുകാർക്കായി ചുറ്റും പരതി. ഒടുക്കം തൊട്ടുതാഴെയുള്ള ശിഖരത്തിൽ അത്ഭുതത്തോടെ തന്നെത്തന്നെ നോക്കിനിൽക്കുന്ന ബാക്കിയുള്ളവരെ കണ്ടെത്തിയതും അവളുടെ കണ്ണുകൾ അണപൊട്ടിയൊഴുകി. തൻറെ ജീവിതത്തിൽ അവരുമായി ഇനിയുമൊരു കൂടിക്കാഴ്ച ഉണ്ടാകുമെന്ന് അവൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

‘ഗയ്സ്...ഡൂ ദിസ്...’

ആവേശം നിറഞ്ഞ ശബ്ദത്തിൽ അവൾ വിളിച്ചുപറഞ്ഞു.

അത് കേട്ടതും വലിപ്പമുള്ള ഇലകൾക്കായി അവരെല്ലാവരും ചുറ്റും പരതി.

‘ദാ...ആ ഭാഗത്ത് അതുപോലത്തെ കുറേ ഇലകൾ നിൽപ്പുണ്ട്...’ കണ്ണുകൾ തുടച്ചുകൊണ്ട് താര മുന്നിലേക്ക് കൈ ചൂണ്ടി.

ആ സമയത്ത് ജെസ്സി ഓടിച്ചെന്ന് റ്റോജിയെ കെട്ടിപ്പിടിച്ചു. പിന്നെ ഒട്ടും താമസമുണ്ടായില്ല. പിന്നിൽ നിന്നും പാഞ്ഞടുക്കുന്ന ശത്രുക്കളെ വകവയ്ക്കാതെ അവർ ഓരോരുത്തരും മുന്നോട്ടുള്ള കാണ്ഡഭാഗങ്ങളിൽ പിടിച്ചുനിൽക്കുന്ന വലിപ്പമുള്ള ഇലകൾ ഓരോന്നായി ബലം പ്രയോഗിച്ച് വേർപെടുത്തിയെടുത്തു. തണ്ടിൽ നിന്നും ഓരോ ഇലകൾ വേർപെട്ടപ്പോഴും ഒരു ബലൂണിൽ കാറ്റ് നിറയുംപോലെ അതിനുള്ളിലേക്ക് വായു പ്രവേശിച്ചു. അതോടൊപ്പം സാവധാനത്തിൽ അവ മുകളിലേക്ക് പറന്നുയരുവാനുമാരംഭിച്ചു. വരുംവരായ്കകളെപ്പറ്റി ചിന്തിക്കാൻ നിൽക്കാതെ ഉയർന്നുപൊങ്ങുന്ന ഓരോ ഇലയിലും അള്ളിപ്പിടിച്ചുകൊണ്ട് അവർ ഓരോരുത്തരായി അന്തരീക്ഷത്തിലേക്ക് പറന്നുയർന്നു...!

# നാൽപ്പത്തിയേഴ്

ഒരു ഇലയിലായി അന്തരീക്ഷത്തിലൂടെ ഉയർന്നുപൊങ്ങുമ്പോൾ ഭയമാണോ അത്ഭുതമാണോ സന്തോഷമാണോ അപ്പോൾ തങ്ങൾക്ക് തോന്നിയ വികാരമെന്ന് അവർക്കാർക്കും തിരിച്ചറിയുവാൻ സാധിച്ചില്ല. തനിക്കരികിലേക്ക് തൻറെ കൂട്ടുകാരും എത്തിച്ചേർന്നതുകണ്ട് താനിയ പിടിച്ചുനിന്നിരുന്ന ശിഖരത്തിൽനിന്നും കൈവിട്ടു. തൽക്ഷണം അവർ ഒൻപതുപേരും ഉയരങ്ങളിലേക്ക് ഒരുപോലെ പറന്നുയർന്നു.

എല്ലാവരുമൊത്തുള്ള ആ സമാന്തരമായ യാത്ര തങ്ങളുടെ വീട്ടുകളിൽ ചെന്നവസാനിച്ചിരുന്നുവെങ്കിൽ എന്നുപോലും അവരിൽ പലരും ആശിച്ചുപോയി. അതോടൊപ്പം ഇനി വരുന്ന ശിഖരത്തിലായി ഇറങ്ങണമെന്ന് താനിയ വിളിച്ചുപറഞ്ഞു.

മുകളിലത്തെ ശിഖരത്തിലേക്ക് അടുക്കുംതോറും വളരെയേറെ ശ്രദ്ധയോടെ ഓരോരുത്തരും അവരവരുടെ ഒരു കൈ സ്വതന്ത്രമാക്കി നീട്ടിപ്പിടിച്ചു. മരത്തടിയിലേക്ക് സ്ഥാനമാറ്റം നടത്തുവാനായി എല്ലാവരും തെയ്യാറെടുത്തിരുന്നു.

തലഭാഗവും ഉടൽഭാഗവും കടന്ന് പാദഭാഗം ശിഖരത്തിൻറെ തൊട്ടുമുകളിലായെത്തിയതും അവർ ഓരോരുത്തരായി ഇലയിൽ നിന്നും കൈവിട്ടുകൊണ്ട് അവിടേക്ക് ചാടി. അതോടൊപ്പം അവർ പിടിവിട്ട ഇലകൾ അതിവേഗത്തിൽ മുകളിലേക്കുയർന്നുപോയി.

ശത്രുക്കളുടെ കടന്നുവരവിനെ ഭയന്നതിനാൽ പെട്ടെന്നുതന്നെ അവരെല്ലാവരും ശിഖരത്തിൻറെ നടുഭാഗത്തായി അടുങ്ങിയ രീതിയിൽ മറഞ്ഞിരുന്നു.

അവർക്കരികിൽ നിന്നിരുന്ന പാതി വളർച്ചയെത്തിയ ഒരു പൂവ് അതിൻറെ കഴിവിനൊത്ത് പ്രകാശം പരത്തിക്കൊണ്ടിരുന്നു. മരത്തിൻറെ ചില പ്രത്യേക ഭാഗങ്ങളിൽ മാത്രം പൂവ് വിരിഞ്ഞുനിന്നിരുന്നതിനാൽ അതിൻറെ ചുവടുഭാഗമോ മുകൾഭാഗമോ ദൃശ്യമായിരുന്നില്ല. അൽപ്പസമയം കഴിഞ്ഞിട്ടും അവർ പ്രതീക്ഷിച്ച കാലടിശബ്ദങ്ങൾ താഴത്തെ ശിഖരത്തിലേക്കെത്താതെയിരുന്നപ്പോൾ എല്ലാവരും സംശയംനിറഞ്ഞ മുഖവുമായി പരസ്പരം ഒന്ന് നോക്കിയശേഷം തങ്ങളുടെ ശത്രുക്കളുടെ കടന്നുവരവിനായി പിന്നെയും കാത്തിരുന്നു.

വീണ്ടും സമയം കടന്നുപോയപ്പോൾ രഞ്ജിത് നിലത്തുനിന്നും എഴുന്നേറ്റിരുന്നു. തൊട്ടുപിന്നാലെ താനിയയും. ബാക്കിയുള്ളവർ അപ്പോഴും നിലത്തുതന്നെ പതുങ്ങി ഇരിക്കുകയായിരുന്നു.

‘അവർ താഴെക്കൂടി പോയിട്ടില്ല...അപ്പോൾ ഈ വഴിയല്ല യദാർത്ഥവഴി...’

രഞ്ജിത് അത് പറഞ്ഞപ്പോൾ റൂബിയും നിലത്തുനിന്നും എഴുന്നേറ്റിരുന്നു.

‘അപ്പോൾ തൽക്കാലം നമ്മൾ രക്ഷപെട്ടുവല്ലേ..’

അവൾ ചോദിച്ചതുകേട്ട് എന്തോ ആലോചിച്ചുകൊണ്ട് രഞ്ജിത് തലകുലുക്കി.

അത് കണ്ടതും നിലത്തുകിടന്നവരിൽ പലരും ദീർഘമായി നിശ്വസിക്കുകയും നിലത്തുനിന്നും എഴുന്നേറ്റിരിക്കുകയും ചെയ്തു. താനിയ താഴത്തെ ശിഖരത്തിൻറെ ആരംഭഭാഗം വരേയ്ക്കും കണ്ണുകൾ പായിച്ചശേഷം തൃപ്തിവരാത്ത രീതിയിൽ ചുറ്റുപാടും ഒന്നുകൂടി വീക്ഷിച്ചു.

‘താനിയാ... ഇനി ഇതുപോലെ ഒരവസരം ഉണ്ടായി എന്ന് വരില്ല. അതുകൊണ്ട് നിനക്ക് എന്തൊക്കയാണോ ഞങ്ങളോട് പറയുവാനുള്ളത് അതെല്ലാം പറയ്. അതിനുശേഷം മതി ഇനി ഒരടി മുന്നോട്ടുവയ്ക്കുന്നത്.’

രഞ്ജിത് അത് പറഞ്ഞപ്പോൾ താനിയ ചുറ്റുപാടുമുള്ള നിരീക്ഷണം അവസാനിപ്പിച്ചുകൊണ്ട് അവരെയെല്ലാവരെയും ഉറ്റുനോക്കി. അവൾ പറയുവാൻ പോകുന്ന കാര്യങ്ങൾ കേൾക്കുവാനായി അതീവ ശ്രദ്ധയോടെ കാത്തിരിക്കുന്ന ബാക്കിയുള്ളവരെയാണ് അവൾ അവിടെ കണ്ടത്.

അതുതന്നെയാണ് പറ്റിയ അവസരം എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഒരു മുന്നൊരുക്കംപോലെ അവൾ കണ്ണുകളടച്ചു. അത് കണ്ടതും ബാക്കിയുള്ളവർ ഒരൽപ്പംകൂടി അവളോട് ചേർന്നിരുന്നു. ഒരുനിമിഷത്തെ ശാന്തതയ്ക്കൊടുവിൽ കണ്ണുകൾ തുറക്കുമ്പോൾ അവളുടെ മുഖഭാവത്തിൽ വന്ന മാറ്റം അവരെല്ലാവരും തിരിച്ചറിഞ്ഞു.

‘ഞാൻ പറഞ്ഞുനിർത്തിയതുമുതൽ തുടങ്ങുന്നതാണ് അതിൻറെ ശരി...ഇല്ലെങ്കിൽ പറയുന്ന കാര്യങ്ങൾ നിങ്ങൾക്കൊക്കെ ഉൾക്കൊള്ളാൻ സാധിച്ചുവെന്ന് വരില്ല...’

താനിയ അത് പറഞ്ഞപ്പോൾ ഹാളിൽവച്ച് അവൾ പറഞ്ഞ പഴയ കാര്യങ്ങളിലൂടെ അവരെല്ലാവരും ഒരിക്കൽക്കൂടി സഞ്ചരിച്ചു.

പ്രൊഫസർ എന്നെയും ലൂയിയെയും കൂട്ടാതെ തനിച്ച് യാത്ര തിരിച്ച സംഭവങ്ങൾവരെ ഞാൻ നിങ്ങളോട് പറഞ്ഞുകഴിഞ്ഞു. ഇനിയുള്ളത് അതിനുശേഷം നടന്ന ചില കാര്യങ്ങളാണ്. പ്രൊഫസർ മെർക്കുറിയിലേക്ക് പോയതോടെ ഞങ്ങൾ ഇരുവരും എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. പക്ഷേ എങ്ങനെയും മെർക്കുറി എന്ന സ്വപ്നലോകത്തിൽ എത്തുക എന്നതുമാത്രമായിരുന്നു ഞങ്ങളുടെയുള്ളിൽ. കൈയ്യിലുള്ള സമ്പാദ്യത്തിൽ ഭൂരിഭാഗവും പ്രൊഫസർ പോയ ബോട്ടിനായി വിനിയോഗിച്ചതിനാൽ ഉടനടി ഒരു ബോട്ട് സ്വന്തമാക്കുക നടക്കാത്ത ഒന്നായിരുന്നു. അതിനാൽ തീരത്തുനിന്നും ഒരു ബോട്ടുമായി കടന്നുകളയാൻ ഞങ്ങൾ തീരുമാനിച്ചു. രണ്ടു ദിവസം മുഴുവൻ ഞങ്ങൾ ഫ്ളോറിഡയുടെ തീരങ്ങളിൽ രഹസ്യനിരീക്ഷണം നടത്തി. ഇടത്തരം സ്പീഡ് ബോട്ടുകൾ അസ്തമയം കഴിഞ്ഞാൽ യാത്രക്കാരുമായി

മടങ്ങിയെത്തി തീരത്ത് കിടക്കുകയാണ് പതിവ്. അതിൽ പലതിലും അതിൻറെ ഡ്രൈവർമാർ രാത്രിസമയങ്ങളിൽ തമ്പടിച്ചിരുന്നതിനാൽ ബോട്ടുമായി കടന്നുകളയുക അപ്രാപ്യമെന്ന് ഞങ്ങൾക്ക് മനസ്സിലായി. അതുകൊണ്ട് ഞാനും ലൂയിയും ഒരു സാഹസത്തിന് മുതിർന്നു. കല്യാണം കഴിഞ്ഞ നവദമ്പതികളായി ഞങ്ങൾ ഒരു ബോട്ടുകാരനെ സമീപിച്ചു. ഒരു നിശായാത്രയ്ക്ക് പോകുവാനായി അയാളെ ഞങ്ങൾ നിർബന്ധിച്ചു. ഒടുവിൽ മൂന്നാംനാൾ സന്ധ്യയ്ക്ക് ഞങ്ങൾ ഫ്ളോറിഡയുടെ തീരത്തുനിന്നും യാത്ര പുറപ്പെട്ടു.

കടൽ തികച്ചും ശാന്തമായിരുന്നു. ബോട്ട് കരയിൽനിന്നും കുറച്ചധികം ദൂരം പിന്നിട്ടുവെന്ന് മനസ്സിലായതും ഞങ്ങൾ ഇരുവരും ചേർന്ന് ഡ്രൈവറെ തള്ളി വെള്ളത്തിലേക്കിട്ടു. എന്നിട്ട് ബോട്ടിലെ ചെറിയ എമർജൻസി എയർ ബോട്ടിൽ ഒന്ന് ഇട്ടുകൊടുത്തു. അയാൾ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു നീക്കമായിരുന്നു അത്. നിവർത്തികേടുകൊണ്ടുള്ള പ്രവർത്തിയായിരുന്നുവെങ്കിലും ഒരു മനസ്സമാധാനത്തിനായി എൻറെ കൈയ്യിൽ മിച്ചമുണ്ടായിരുന്ന പണം മുഴുവനും ഞാൻ ആ എയർബോട്ടിൽ വച്ചിരുന്നു. ലൂയിക്ക് ബോട്ട് നിയന്ത്രിക്കാൻ വശമുണ്ടായിരുന്നതിനാൽ പെട്ടെന്നുതന്നെ ഞങ്ങൾ മറ്റൊരു കരയെ ലക്ഷ്യമാക്കി നീങ്ങി. ബോട്ടിൻറെ ഡ്രൈവർ എയർബോട്ടിലിരുന്ന് ആരെയൊക്കയോ ഫോൺ ചെയ്യാൻ ശ്രമിക്കുന്നതും വെള്ളം കയറിയ ഫോൺ കുടയുന്നതുമൊക്കെ കണ്ടു. മറ്റൊരു കരയിൽ ബോട്ടിനുള്ള ഇന്ധനവും ഭക്ഷണവുമെല്ലാം ഞങ്ങൾ ഒളിപ്പിച്ചു വെച്ചിരുന്നു. കുറഞ്ഞ സമയംകൊണ്ടുതന്നെ ഞങ്ങൾ അവിടേക്കെത്തി അവയെല്ലാം ശേഖരിച്ചു. പിന്നെ കടലിലൂടെ നീണ്ട ഒരു യാത്രയായിരുന്നു. ഒടുവിൽ മരണച്ചുഴികളെ സാഹസികമായി നേരിട്ട് ഈ ദ്വീപിലേക്കെത്തുമ്പോൾ എങ്ങനെയും പ്രൊഫസറെ കണ്ടെത്തുക എന്ന ഒറ്റ ലക്ഷ്യം മാത്രമായിരുന്നു ഞങ്ങളുടെ മനസ്സിൽ. പക്ഷേ മാനസ്സികനില തെറ്റിക്കുന്ന തരത്തിലായിരുന്നു ഈ ദ്വീപ്. ചുറ്റുമുള്ള സ്ഥലങ്ങൾ നിമിഷങ്ങൾകൊണ്ട് മാറിമറിയുകയും മുന്നിലുള്ള വഴി നോക്കിനിൽക്കേ അപ്രത്യക്ഷമാകുന്നതുമെല്ലാം കണ്ട് ഞങ്ങൾ ഇരുവരും അമ്പരന്നുപോയി. അപ്പോൾ മാത്രമാണ് ഞാനും ലൂയിയും സ്വപ്നം കണ്ടതുപോലെ ഒരു സ്ഥലത്തേക്കല്ല ഞങ്ങൾ എത്തിച്ചേർന്നതെന്ന് തിരിച്ചറിഞ്ഞത്. എങ്കിലും വഴിമദ്ധ്യേ പ്രൊഫസർ നിക്കോൾസനെ കണ്ടുമുട്ടാൻ കഴിയും എന്ന പ്രതീക്ഷയിൽ ഞങ്ങൾ ദ്വീപ് കയറി. തലനാരിഴ വ്യത്യാസത്തിൽ പല അപകടങ്ങളിൽനിന്നും ഞങ്ങൾ രക്ഷപെട്ടു. ഒടുവിൽ ഒരു വലിയ നദി ഞങ്ങളുടെ യാത്രയ്ക്ക് തടസ്സമായി വന്നു. അത് മറ്റൊരു കെണിയാവും എന്നുകരുതി നദിയിലെ വെള്ളത്തിലേക്ക് ഇറങ്ങുവാൻ പോലും ഞങ്ങൾ ഭയപ്പെട്ടു. ഒടുവിൽ തിരികെപ്പോകുന്നതിനെപ്പറ്റി ചിന്തിച്ച് നിൽക്കുമ്പോഴാണ് നമ്മളെയെല്ലാം തമ്മിൽ കൂട്ടിച്ചേർക്കുന്ന ആ ശക്തി വീണ്ടും പ്രവർത്തിച്ചത്. അത് പക്ഷേ മരണത്തിൻറെ രൂപത്തിലായിരുന്നു വെന്നുമാത്രം...’

താനിയ മരണത്തെപ്പറ്റി പറഞ്ഞതും ബാക്കിയുള്ളവർ ആശങ്കയോടെ അവളെ ഉറ്റുനോക്കി.

'ആരുടെ മരണം...'

രഞ്ജിത് ആകാംക്ഷയോടെ ചോദിച്ചു.

ഒരു ദീർഘശ്വാസമെടുത്തശേഷം അവൾ തുടർന്നു.

'അത് വേറെയാരുടെയുമല്ല...എൻറെയും ലൂയിയുടെയും മരണമായിരുന്നു...'

'എന്ത്...!'

അവരിൽ പലരും അവിശ്വസനീയമാംവിധം പരസ്പരം നോക്കി കണ്ണുമിഴിച്ചു.

'അതെ....നിങ്ങളെ പരിചയപ്പെട്ടയുടൻ ഞാനും ലൂയിയും ഒരുകാര്യം ആവശ്യപ്പെട്ടത് ഓർമ്മയുണ്ടോ...'

താനിയ ചോദിച്ചതുകേട്ട് പലരും നെറ്റി ചുളിച്ചു.

'യെസ്...ഞങ്ങൾ ഓരോരുത്തരായി സൂയിസൈഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതല്ലേ...'

ജെസ്സി സംശയത്തോടെ ചോദിച്ചു.

'അതേ....പക്ഷേ നിങ്ങൾ അപ്പോൾ അത് ചെവിക്കൊണ്ടില്ല. അപ്പോഴേ ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു നമുക്ക് കളയുവാൻ സമയമില്ലയെന്നും അപ്പോൾ കളയുന്ന സമയത്തിനെപ്പറ്റി പിന്നീട് വിഷമിക്കുമെന്നും. അത് സത്യമായി. ഇനിയൊരിക്കലും ലൂയി മടങ്ങിവരുകയില്ല. അവൻറെ ജീവിതം അൽപ്പം മുൻപ് എന്നെന്നേക്കുമായി അവസാനിച്ചു...'

താനിയ വിഷമത്തോടെ പറഞ്ഞു.

'താനിയാ...നീ എന്താണ് ഉദ്ദേശിക്കുന്നതെന്ന് തെളിച്ചുപറ. ഞങ്ങൾക്ക് ഒന്നും മനസ്സിലാവുന്നില്ല...'

റൂബി അക്ഷമയായി.

'പറയാം...എല്ലാം പറയാം... ഞങ്ങൾ നദിയുടെ ഇക്കരെയെത്തി. അതിനുശേഷമാണ് ചില സുപ്രധാന സംഭവങ്ങൾ അരങ്ങേറിയത്. അവിടെനിന്നും മുന്നോട്ടുപോകുവാനാവാതെ ഞാനും ലൂയിയും തിരികെപ്പോകുവാൻ തീരുമാനിച്ചു. പക്ഷേ ഞങ്ങളുടെ മനസ്സിൽ തിരികെപ്പോകുവാൻ ഒട്ടും താൽപ്പര്യമുണ്ടായിരുന്നില്ല. അവസാനപരീക്ഷണം എന്ന നിലയ്ക്ക് കരയിൽനിന്നുകൊണ്ട് ഞങ്ങൾ ഇരുവരും പ്രൊഫസറെ പരമാവധി ശബ്ദത്തിൽ വിളിച്ചു കൂവി. പക്ഷേ നിരാശയായിരുന്നു ഫലം. ഒടുവിൽ തിരികെപ്പോകാം എന്ന് ഞാൻ പറഞ്ഞപ്പോൾ ലൂയി മറ്റൊരുപായം കണ്ടു പിടിച്ചു. പക്ഷേ ആ ഉപായം നടപ്പിലാക്കുവാൻ അന്ന് സന്ധ്യമയങ്ങുംവരെ ഞങ്ങൾ അവിടെത്തന്നെ തുടരണമായിരുന്നു. നദിയുടെ സമീപത്തുതന്നെ ഒരു ടെൻറ് കെട്ടി

ഞങ്ങൾ കാത്തിരുന്നു. അതുവരെ യാത്രചെയ്ത ക്ഷീണം മാറ്റുവാൻ ആ സമയം നന്നായി ഉപകരിക്കുകയും ചെയ്തു.

ഇരുട്ട് അന്തരീക്ഷത്തിൽ നല്ലതുപോലെ വ്യാപിച്ചു എന്ന് മനസ്സിലായതും ഞങ്ങൾ ഇരുവരും മരങ്ങളില്ലാത്ത ഒരു ഭാഗത്ത് കുറച്ചധികം കരിമരുന്ന് സെറ്റ് ചെയ്തു. ശേഷം ഒന്നൊന്നായി തീ കൊളുത്തി. അത് അന്തരീക്ഷത്തിലൂടെ ഉയർന്നുപോയി ശബ്ദത്തിൽ പൊട്ടിയതോടൊപ്പം ആകാശത്തിൻറെ ഉപരിതലത്തിൽ തീപ്പൊരികൾ വർഷിച്ചു. യാത്ര പുറപ്പെടുംമുൻപ് യാത്രയിൽ ചിലപ്പോൾ ഉപകരിച്ചേക്കും എന്നുപറഞ്ഞുകൊണ്ട് ലൂയിതന്നെയായിരുന്നു അവ സംഭരിച്ചത്. അതപ്പോൾ ഉപകരിക്കുകയും ചെയ്തു. പക്ഷേ ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു മുന്നറിയിപ്പുമില്ലാതെ തൊട്ടടുത്ത നിമിഷത്തിൽ ദ്വീപിലാകെ കനത്ത മഴ പെയ്യുവാനാരംഭിച്ചു.

മർമ്മദ്വീപിൻറെ അന്തരീക്ഷത്തെ കൃത്രിമമായി പൊള്ളിച്ചതിൽ പ്രകൃതി നടത്തുന്ന ചെറുത്തുനിൽപ്പായി അത് ഞങ്ങൾക്ക് തോന്നി. മഴ നിമിഷംതോറും കനത്തുവന്നു. സത്യത്തിൽ അത്തരത്തിലെ ഒരു മഴ ഞാൻ എൻറെ ജീവിതത്തിൽ കണ്ടിട്ടില്ല.

വെള്ളം കുത്തിയൊഴുകി ഞങ്ങളുടെ ടെൻറ് നദിയിലേക്കൊലിച്ചുപോയി. ശക്തമായ വെള്ളമൊഴുക്കിൽ വല്ലവിധേനയും സാധനസാമഗ്രികളുമേന്തി ഞാനും ലൂയിയും ചരിഞ്ഞുവളർന്ന ഒരു മരത്തിൻറെ ചില്ലകളിലൊന്നിൽ പിടിച്ചുനിന്നു. വെള്ളത്തോടൊപ്പം ഞങ്ങളുടെ കാൽച്ചുവട്ടിലൂടെ എന്തൊക്കയോ ജീവികളും നദിയിലേക്ക് ഒലിച്ചുപോകുന്നുണ്ടായിരുന്നു. ഇടയ്ക്ക് അതിൽ ചിലത് ഞങ്ങളുടെ ഉടലിൽ പിടിച്ചുകിടക്കുവാൻ ശ്രമിക്കുകയും വെള്ളത്തിൻറെ കുത്തൊഴുക്കിൽ ഒലിച്ചുപോവുകയും ചെയ്തു. മണിക്കൂറുകളോളം കനത്ത മഴയും വെള്ളമൊഴുക്കും തുടർന്നു. ആ സമയമത്രയും ഞാനും ലൂയിയും അനുഭവിച്ച മാനസ്സിക പിരിമുറുക്കം ദ്വീപിലെ ആദ്യഭാഗത്ത് കെണികളിൽപോലും അനുഭവിച്ചിട്ടില്ല. ഒടുവിൽ എന്തോ ചെയ്തുതീർത്തതുപോലെ മഴ പെട്ടെന്ന് നിലച്ചു. എല്ലാം അവസാനിച്ചുവെന്ന് പൂർണ്ണബോദ്ധ്യമായപ്പോൾ ഞാൻ മരച്ചില്ലയിൽ നിന്നും പിടിവിട്ടു. പക്ഷേ ലൂയി അങ്ങനെതന്നെ തുടർന്നു. ഞാൻ സംസാരിച്ചിട്ടും അവൻ മറുപടി പറഞ്ഞില്ല. അതിൽ എന്തോ പന്തികേടുണ്ടെന്ന് മനസ്സിലാക്കി ഞാൻ പോക്കറ്റിൽ നിന്നും ടോർച്ചെടുത്ത് ലൂയിയുടെ നേർക്ക് തെളിച്ചു. ശരീരത്തിലെ എല്ലാ രോമകൂപങ്ങളും ഒരുപോലെ ഉയർന്നുപോയ ഒരു നിമിഷമായിരുന്നു അത്. എന്തെന്നാൽ ലൂയിയുടെ തലയ്ക്കുമുകളിൽ കുടപോലെ അഞ്ച് തലകൾ വിടർന്നുനിൽക്കുന്നു. ഇന്ത്യൻ പുരാണങ്ങളിൽ മാത്രം ഞാൻ വായിച്ചിട്ടുള്ള അഞ്ചുതലസർപ്പം...!

ഒന്ന് ചലിക്കുവാൻ പോലും കഴിയാതെ ലൂയി എന്നെത്തന്നെ നോക്കിനിന്നു. എന്തുചെയ്യണമെന്നറിയാത്ത പരിഭ്രമത്തിൽ ടോർച്ചും തെളിച്ചുകൊണ്ട് ഞാനും... ആ സമയത്ത് ഫണം വിടർത്തി നിൽക്കുന്ന കരിനാഗത്തിൻറെ പത്ത് തുവെള്ളക്കണ്ണുകൾ പലകുറി എൻറെ നേർക്ക് തിരിഞ്ഞു. അതിനിടയിൽ ലൂയി

കണ്ണുകൾ കൊണ്ട് എന്നോട് രക്ഷപെടുവാൻ നിരവധിതവണ ആവശ്യപ്പെട്ടു. ആ അവസരത്തിൽ ലൂയിയെ ഉപേക്ഷിക്കുവാൻ എനിക്ക് കഴിയുമായിരുന്നില്ല. സ്വന്തമായി ഒരു തീരുമാനമെടുത്താൽ മാത്രമേ ആ സന്ദർഭത്തെ മറികടക്കുവാൻ സാധിക്കൂ എന്ന് മനസ്സിലാക്കി ഞാൻ ടോർച്ചണച്ചു. വരും വരായ്കകളെപ്പറ്റി ചിന്തിച്ചുനിൽക്കാതെ ബാഗിൽ കരുതിയിരുന്ന ഒരു നീളൻ കഠാര ഞാൻ പുറത്തെടുത്തു. ശേഷം അത്രയും സമയത്തെ കാഴ്ചകൾ വച്ച് കണക്കുകൂട്ടി ഒട്ടും ശബ്ദമുണ്ടാക്കാതെ ലൂയിയുടെ പിൻവശത്തേക്ക് ഞാൻ എത്തിച്ചേർന്നു. എൻറെ ഊഹം പോലെ തന്നെ ഇരുട്ടിൽ ഒരു നേരിയ നിഴൽപോലെ ലൂയിയുടെ തലയ്ക്കുമുകളിൽ ഉയർന്നുനിൽക്കുന്ന ആ ഇഴജന്തുവിൻറെ ശീർഷങ്ങളെ ലക്ഷ്യമാക്കി ഞാൻ കഠാര ഉയർത്തി. പക്ഷേ എൻറെ കണക്കു കൂട്ടലുകൾ തെറ്റിച്ചുകൊണ്ടായിരുന്നു നദിയുടെ മറുകരയിൽനിന്നും ശക്തമായ ഒരു പ്രകാശം ഞങ്ങൾ നിൽക്കുന്ന ഭാഗത്തിൻറെ തൊട്ടരികിലായി തെളിഞ്ഞത്..!

ആ പ്രകാശത്തിൻറെ ഉറവിടം ഞങ്ങൾ തേടിനടന്ന പ്രൊഫസർ നിക്കോൾസൻറെ കൈയ്യിലെ ടോർച്ചിൽ നിന്നുമാണെന്ന് മനസ്സിലാക്കിയപ്പോൾ സന്തോഷവും സങ്കടവുമെല്ലാം എന്നിൽ ഒരുപോലെ അനുഭവപ്പെട്ടു. കാരണം അങ്ങനെയൊരു സന്ദർഭത്തിലായിരുന്നുവല്ലോ ഞങ്ങൾ ഒത്തിരി ആഗ്രഹിച്ച ആ കൂടിക്കാഴ്ച നടന്നത്. പക്ഷേ പ്രൊഫസർ ഞങ്ങളെ കണ്ടില്ല. പകരം കരിമരുന്ന് പൊട്ടിയ ഭാഗം അന്വേഷിച്ച് ഒരു കൈയ്യിൽ ആളുന്ന തീപ്പന്തവും മറുകൈയ്യിൽ ടോർച്ചുമായി അദ്ദേഹം നദിയുടെ മറുകരയിലൂടെ മുന്നോട്ട് നടന്നുപോകുന്നത് കണ്ടു. ശബ്ദിക്കുവാൻ കഴിയുന്ന സാഹചര്യമല്ലായിരുന്നതിനാൽ പെട്ടെന്നൊരു ബുദ്ധിതോന്നി ഇടതുകൈയ്യിൽ കരുതിയിരുന്ന ടോർച്ച് ഞാൻ പ്രൊഫസർ നിന്നിരുന്ന കരയിലേക്ക് പ്രകാശിപ്പിച്ചു. പക്ഷേ ടോർച്ചിൻറെ ബട്ടൻ അമരുന്ന ചെറുശബ്ദം മാത്രം മതിയായിരുന്നു ലൂയിയിൽ ചുറ്റിക്കയറിയിരുന്ന പാമ്പിൻറെ ശ്രദ്ധ തൊട്ടുപിന്നിൽ കഠാര ഉയർത്തി നിൽക്കുന്ന എന്നിലേക്ക് തിരിയുവാൻ. അതിൻറെ തലയെ ലക്ഷ്യംവച്ച് ഉയർത്തിപ്പിടിച്ചിരുന്ന എൻറെ കൈയ്യിൽ തൽക്ഷണം അത് ആഞ്ഞുകൊത്തി. അത് തിരിച്ചറിഞ്ഞ ലൂയി എന്നെ രക്ഷിക്കുവാനായി മുന്നിലേക്കോടി. ആ സമയത്ത് അഞ്ചുതലയും വിറപ്പിച്ചു കൊണ്ട് ലൂയിയുടെ നെറ്റിയിലും കഴുത്തിലുമായി അത് പലതവണ ദംശിച്ചു. ആ കാഴ്ച കണ്ട് അലറിവിളിച്ചുകൊണ്ട് ഞാൻ ലൂയിയുടെ പിന്നാലെയോടി. അത് വീണ്ടും എന്നെ ആക്രമിക്കുവാനായി ഒരുമ്പെട്ടതും എൻറെ കൈയ്യിലിരുന്ന ആയുധം ചലിച്ചു. തൊട്ടടുത്ത നിമിഷത്തിൽ അതിൻറെ മൂന്ന് പത്തികൾ ചീന്തിപ്പോയി. ചൂടുള്ള സർപ്പരക്തം എൻറെ മുഖത്തേക്ക് തെറിച്ചുവീണു. എന്നിട്ടും എന്തോ വാശി തീർക്കുംപോലെ മിച്ചമുണ്ടായിരുന്ന രണ്ട് ഫണങ്ങളുമുപയോഗിച്ച് അത് വീണ്ടും വീണ്ടും ലൂയിയെ ആക്രമിച്ചു. ഞാൻ പ്രൊഫസറെ വിളിച്ച് ഭ്രാന്തമായി നിലവിളിച്ചു.

പക്ഷേ അപ്പോഴേക്കും ലൂയിയുടെ ചലനമറ്റിരുന്നു. വൈകാതെ എനിക്കും കണ്ണിൽ ഇരുട്ടുകയറുംപോലെ തോന്നി. കിതപ്പോടെ ഞാൻ മണ്ണിലേക്ക് കുഴഞ്ഞുവീണു..!’

# നാൽപ്പത്തിയെട്ട്

എങ്ങലടിയോട് സാദൃശ്യമുള്ള ഒരു ദീർഘനിശ്വാസത്തോടെ താനിയ അവൾക്കും ലൂയിക്കും മെർക്കുറിയിൽ വച്ച് സംഭവിച്ച ദുരന്തകഥ പറഞ്ഞുനിർത്തി. ബാക്കിയുള്ളവർ അപ്പോഴും അവൾ പറഞ്ഞ സംഭവങ്ങളിലെ ഭീകരാന്തരീക്ഷത്തിൽത്തന്നെ തുടർന്നു.

‘എന്നിട്ട്...’

അൽപ്പസമയത്തെ നിശബ്ദതയ്ക്കൊടുവിൽ അലക്സ് ആകാംക്ഷാഭരിതനായി ചോദിച്ചു. എല്ലാവരുടെയും മുഖത്തെ അമ്പരപ്പ് മായുംമുൻപുതന്നെ താനിയ വീണ്ടും തുടർന്നു.

‘കണ്ണുകൾ അടയും മുൻപ് ഞാൻ അവസാനമായി കണ്ട കാഴ്ച ഒരു ടോർച്ചിൻറെ പ്രകാശം എൻറെ മുഖത്തേക്ക് പതിക്കുന്നതാണ്. അതിനുശേഷം എന്തൊക്കെയാണവിടെ സംഭവിച്ചതെന്ന് എനിക്കറിയില്ല. കാരണം അപ്പോഴേക്കും എൻറെയും ലൂയിയുടെയും ശരീരത്തിൽനിന്നും ജീവൻ നഷ്ടമായിരുന്നു. പിന്നീട് നടന്ന കാര്യങ്ങൾ പ്രൊഫസറാണ് ഞങ്ങൾക്കിരുവർക്കും പറഞ്ഞുതന്നത്.’

‘ആ കാര്യങ്ങളാണ് ഞങ്ങൾക്കുമറിയേണ്ടത്...’

പെട്ടെന്ന് രഞ്ജിത്ത് ഇടക്കുകയറി പറഞ്ഞു. അതുകേട്ട് താനിയ ഒന്നിരുത്തിമൂളി. ശേഷം തുടർന്നു.

‘ഞങ്ങളുടെ മരണം ഒന്നിൻറെയും അവസാനമായിരുന്നില്ല. ഞങ്ങൾക്കരികിലേക്ക് വന്നെത്തിയ പ്രൊഫസർ ഞങ്ങളിരുവരും മരിച്ചു എന്ന് മനസ്സിലാക്കി. വൈകാതെ മെർക്കുറിയിലെ ശവപ്പറമ്പിലേക്ക് ഞങ്ങളുടെ കറുപ്പ് പുതച്ച ശവശരീരങ്ങൾ ഉയർന്നുപോവുകയും ചെയ്തു. പക്ഷേ ഞങ്ങളുടെ മരണം പ്രൊഫസറെ മറ്റൊരു പരീക്ഷണത്തിന് മുതിർക്കുകയായിരുന്നു. കാരണം നമ്മളെല്ലാവരെയും മെർക്കുറിദ്വീപിൽ കൊണ്ടെത്തിച്ച പ്രതിമയ്ക്കുള്ളിലെ ആ തുകൽ പുസ്തകത്തിന് ഒരു തുടർപുസ്തകമുണ്ടായിരുന്നു. മർമ്മദ്വീപിലെ എല്ലാ കടമ്പകളും താണ്ടിയെത്തുന്ന ധീരരെ നൂറ്റാണ്ടുകളായി കാത്തിരിക്കുന്ന ഒരു ജീവൻറെ പുസ്തകം. ആ പുസ്തകം വായിക്കുവാനുള്ള യോഗ്യത അതിനെ കണ്ടെത്തുക എന്നത് മാത്രമായിരുന്നു. നമ്മുടെ പ്രൊഫസർ അത് കണ്ടെത്തുകയും ചെയ്തു. അപ്പോൾ മാത്രമാണ് ഒന്നാം പുസ്തകം കുരുക്കുകൾ രൂപപ്പെടുത്തുവാനും രണ്ടാം പുസ്തകം ആ കുരുക്കുകൾ അഴിക്കുവാനും വേണ്ടി എഴുതപ്പെട്ടവയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞത്. സത്യത്തിൽ പ്രൊഫസർ ഇവിടെ നടപ്പിലാക്കുവാൻ കരുതിയ

കാര്യങ്ങളൊക്കെ നിങ്ങൾ കരുതുന്നതുപോലെ പ്രൊഫസറുടെയോ ഞങ്ങളുടെയോ ഒന്നും പ്ലാനല്ല. അത് ആ മായൻ വംശജനായ ബാലൻതന്നെ പതിറ്റാണ്ടുകൾക്ക് മുൻപേ രൂപപ്പെടുത്തിവച്ച ചില ദൗത്യങ്ങളാണ്. അതോടൊപ്പം ആ പുസ്തകത്തിൽ അവന് തൻറെ കൂട്ടുകാരോട് വെളിപ്പെടുത്തുവാൻ കഴിയാതെ പോയ ചില രഹസ്യങ്ങളും കുറിച്ചുവച്ചിരുന്നു. അതിനാൽ പ്രതിമകളായി രൂപാന്തരപ്പെട്ട പതിമൂന്നു പേരിൽ രാജാവിൻറെയും പത്നിയുടെയും രൂപം ഒഴികെയുള്ള പതിനൊന്നുപേരിൽ ആരുടെയെങ്കിലും പ്രതിരൂപം മരണപ്പെട്ട് മായൻ വംശജനായി പുനർജനിച്ചാൽ മാത്രമേ അതിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങൾക്കും വ്യക്തമായ രൂപം കൈവരൂ എന്ന് പ്രൊഫസർ മനസ്സിലാക്കി. അതിനേക്കാൾ മുൻപ് നിങ്ങളോട് ഞാൻ ഇതുവരെ പറയാത്ത രണ്ട് കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ പറയാതെ ഇനി ബാക്കി കാര്യങ്ങളിലേക്ക് കടക്കുവാൻ സാധിക്കില്ല. അതിൽ ഒരുകാര്യം നിങ്ങളിൽനിന്നും മനപ്പൂർവ്വം ഞാൻ മറച്ചുവച്ചതാണ്. അതിൻറെ കാരണം വഴിയേ പറയാം... അതിൽ അദ്യത്തേത് കെവിനെക്കുറിച്ചാണ്.'

'കെവിനോ..!'

അവൾ പറയുന്ന കാര്യങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടിരുന്നവർ ഒരുപോലെ ചോദിച്ചു.

'അതേ...കൊട്ടാരത്തിൽ നിലകൊള്ളുന്ന ആ പതിമൂന്ന് രൂപങ്ങളിൽ സ്വയം പ്രതിമയായി രൂപാന്തരപ്പെട്ടവൻ, മായൻ വംശജനായ ബാലൻറെ പ്രതിരൂപം...'

അപ്പോൾ മാത്രമാണ് രഞ്ജിത്ത് ഉൾപ്പെടെയുള്ളവരുടെ മനസ്സിൽ തങ്ങിനിന്നിരുന്ന ആ ഒരു ചോദ്യത്തിൻറെ കെട്ടഴിഞ്ഞത്.

പ്രൊഫസറുടെ മുറിയിൽനിന്നും കണ്ടെടുത്ത ബാഗുകളുടെ കൂട്ടത്തിലൊന്നിൽ ഒരു കുട്ടിയുടെ വസ്ത്രങ്ങൾ കണ്ടെത്തിയതു മുതൽ ആ ചോദ്യം പലപ്പോഴായി അവരുടെയൊക്കെയുള്ളിലേക്ക് കടന്നുവന്നിരുന്നു.

അവർക്കിടയിലെ നിശബ്ദതയെ ഭേദിച്ചുകൊണ്ട് താനിയ വീണ്ടും തുടർന്നു.

'സത്യത്തിൽ കെവിൻ മാത്രമായിരുന്നു ഈ ദ്വീപിലേക്കെത്തിച്ചേർന്നവരിൽ പ്രത്യേകിച്ച് ലക്ഷ്യങ്ങളൊന്നും തന്നെയില്ലായിരുന്ന ഏക ആൾ. ഇവിടേക്കുള്ള അവൻറെ കടന്നുവരവുപോലും അപ്രതീക്ഷിതമായ ഒന്നായിരുന്നു. അതിന് കാരണവും പ്രൊഫസർ തന്നെയായിരുന്നു. അദ്ദേഹം ഫ്ളോറിഡയിൽനിന്നും പുലർച്ചെ പുറപ്പെടുംമുൻപ് തൻറെ കാർ മിയാമി ബീച്ചിനടുത്തുള്ള ഒരു സുഹൃത്തിൻറെ വീട്ടിൽ കൊണ്ടുപോയിട്ടിരുന്നു. പുസ്തകവിൽപ്പനക്കാരനായ ആ സുഹൃത്തിൻറെ കാർ ആഴ്ചകൾക്കുമുൻപുള്ള ഒരു ആക്സിഡൻറിൽ നശിച്ചിരുന്നു. അതിനാൽ പ്രൊഫസർ തിരികെയെത്തുംവരെ അത് ഉപയോഗിച്ചുകൊള്ളാൻ സുഹൃത്തിനോട് പറഞ്ഞേൽപ്പിച്ചു. ശേഷം ബീച്ചിലേക്ക് പോയ പ്രൊഫസർ കാറിൻറെ മുൻസീറ്റിൽ ഒരു ബാഗ് മറന്നുവച്ചിരുന്നു. അത് മനസ്സിലാക്കിയ സുഹൃത്ത് തൻറെ

പത്തുവയസ്സുകാരനായ മകൻ കെവിനെ ആ ബാഗും കൊടുത്ത് പ്രൊഫസർക്കുപിന്നാലെ പറഞ്ഞുവിട്ടു.

ബാഗുമായി പ്രൊഫസറുടെ പിന്നാലെ ഓടിയ കെവിൻ കണ്ടത് കടൽത്തീരത്തേക്ക് നടന്നുപോകുന്ന അയാളെയാണ്. നിർഭാഗ്യവശാൽ ശബ്ദത്തിലൂടെ ഒരാളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ അവന് കഴിവുണ്ടായിരുന്നില്ല. കാരണം സംസാരശേഷിയില്ലാതെ ജന്മമെടുത്ത ഒരു ബാലനായിരുന്നു കെവിൻ. ഒടുവിൽ അദ്ദേഹത്തിനരികിലേക്ക് അവൻ ഓടിയടുത്തപ്പോഴേക്കും അദ്ദേഹം ബോട്ട് സ്റ്റാർട്ട് ചെയ്തിരുന്നു. ഒരു പത്തുവയസ്സുകാരൻറെ നിഷ്കളങ്കമായ ബുദ്ധിയിൽ തൻറെ ഡാഡിക്ക് കാർ കൊടുത്ത് സഹായിച്ച വ്യക്തിയെ തിരിച്ചും സഹായിക്കുക എന്നത് മാത്രമായിരുന്നു അപ്പോഴത്തെ ലക്ഷ്യം. തീരത്തിൻറെ പ്ലാറ്റ്ഫോമിൽനിന്നും അകന്നുതുടങ്ങിയ ബോട്ടിൻറെ പിൻഭാഗത്തേക്ക് അവൻ ചാടിക്കയറി. ഒരുപക്ഷെ അവന് ഇവിടേക്ക് എത്തിച്ചേരുവാനുള്ള വിധി ഒന്നുകൊണ്ടാവാം ആ ചാട്ടത്തിൽ അവൻറെ കൈയ്യിലിരുന്ന പ്രൊഫസറുടെ ബാഗ് വെള്ളത്തിലേക്ക് വീണുപോയതും.

അതോടെ കെവിൻ ശരിക്കും ഭയന്നുപോയി. പ്രൊഫസർക്ക് വേണ്ടപ്പെട്ട എന്തെങ്കിലും ഡോക്യുമെൻറ്സാണ് അതിലെങ്കിൽ തൻറെ ഡാഡി ഉൾപ്പെടെ എല്ലാവരും തന്നെ കുറ്റപ്പെടുത്തുമെന്നോർത്ത് അവൻ ഭയന്നു വിറച്ചു. ആ പരിഭ്രമത്തിൽ തീരത്തു നിന്നും അകന്നു തുടങ്ങിയ ബോട്ടിൻറെ ഒരു ഭാഗത്തായി പ്രൊഫസർ കാണാതെ അവൻ മറഞ്ഞിരുന്നു. പോകെപ്പോകെ അവൻറെ മനസ്സിലെ ഭയത്തിൻറെയളവ് കൂടിക്കൂടി വന്നു. കാരണം കടൽ യാത്രകളെ ആ ബാലൻ അത്രത്തോളം ഭയന്നിരുന്നു. ബോട്ടിനുള്ളിലെ വീട്ടുകൾക്കിടയിൽ തിരിച്ച് മിയാമി തീരമെത്താനായി അവൻ പകലന്തിയോളം കാത്തിരുന്നു. വിശന്നപ്പോൾ പ്രൊഫസർ കരുതിവച്ചിരുന്ന ചില ധാന്യങ്ങൾ അകത്താക്കുകയും ചെയ്തു. പക്ഷേ അവൻറെ സകലപ്രതീക്ഷകളും തെറ്റിച്ചുകൊണ്ട് ബോട്ട് പിന്നെയും ഉൾക്കടലിലേക്ക് പോയി.

ഒടുവിൽ ബെർമുഡയുടെ ചുഴികളുടെ ആരംഭത്തിൽ അപ്രതീക്ഷിതമായി അവർ സഞ്ചരിച്ചിരുന്ന ബോട്ട് അപകടത്തിൽപ്പെടുകയും പ്രൊഫസർ കടലിലേക്ക് തെറിച്ചുവീഴുകയും ചെയ്തു. ഒരുപക്ഷെ പ്രൊഫസറുടെ ജീവൻ രക്ഷിക്കുവാൻ വേണ്ടിയുള്ള ഒരു നിമിത്തം കൊണ്ടുമാവാം കെവിൻ അന്നാ ബോട്ടിൽ അകപ്പെട്ടുപോയത്. എന്തെന്നാൽ പ്രൊഫസർ ബോട്ടിൽനിന്നും തെറിച്ചു വീണു എന്ന് മനസ്സിലാക്കിയ അവൻ ഭയത്തോടെയാണെങ്കിലും ബോട്ടിലുണ്ടായിരുന്ന ഒരു കയറുകെട്ട് അയാൾക്കരികിലേക്കിട്ടുകൊടുത്തശേഷം പഴയതുപോലെതന്നെ പോയി ഒളിച്ചിരുന്നു. പ്രൊഫസർ നിക്കോൾസൺ അത് ഒരു യാദൃശ്ചിക സംഭവമായി കരുതുകയും ചെയ്തു. ഒടുവിൽ കടലിലെ കടമ്പകളെല്ലാം താണ്ടി ദ്വീപ് അടുക്കാറായതും തിരികെ മിയാമി ബീച്ചിലേക്കല്ല താൻ എത്തിച്ചേർന്നതെന്ന് മനസ്സിലാക്കി കെവിൻ വീപ്പകളുടെ ഇടയിൽനിന്നും പരിഭ്രാന്തിയോടെ പുറത്തേക്കെത്തി. അപ്പോൾ

മാത്രമാണ് സംസാരശേഷിയില്ലാത്ത ഒരു കുട്ടി തൻറെയൊപ്പം ബോട്ടിലുണ്ടായിരുന്നുവെന്ന ഞെട്ടിപ്പിക്കുന്ന സത്യം പ്രൊഫസർ തിരിച്ചറിഞ്ഞത്. അയാൾ പറയുന്ന കാര്യങ്ങൾ അവന് കേൾക്കാൻ സാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ അദ്ദേഹം അവനിൽനിന്നും കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കി. തൻറെ സുഹൃത്തിൻറെ മകനാണ് കെവിനെന്നറിഞ്ഞപ്പോൾ ഫ്ളോറിഡയിലേക്ക് തിരികെപ്പോകുന്നതിനെക്കുറിച്ചുപോലും പ്രൊഫസർ ചിന്തിച്ചുപോയി. പക്ഷേ തിരികെപ്പോവുക എന്ന കാര്യം അസംഭവ്യമായിരുന്നതിനാൽ മറ്റുവഴികളില്ലാതെ തൻറെ മുന്നോട്ടുള്ള യാത്രയിൽ അയാൾ കെവിനേയും കൂടെക്കൂട്ടി. പ്രൊഫസറുടെ കൈയ്യിലുണ്ടായിരുന്ന ഒന്നാമത്തെ പുസ്തകത്തിൽ ദ്വീപിലെ കെണികളെപ്പറ്റി ഒന്നുംതന്നെ വെളിപ്പെടുത്തിയിരുന്നില്ല.

അതിനാൽ മെർക്കുറിയിൽ പലയിടങ്ങളിലും അദ്ദേഹത്തിനൊപ്പം കെവിനും പതറിപ്പോയി. അവൻ മുന്നോട്ടുപോകാൻ ഭയന്ന പലയിടങ്ങളിലും അദ്ദേഹം അവനെ തോളിലേറ്റി നടന്നു. അന്തരീക്ഷം ഇരുളുംമുൻപ് കൊട്ടാരത്തിൽ എത്തിച്ചേരുക എന്നത് ഒരു വാശിയായെടുത്ത് വിശ്രമംപോലുമില്ലാതെ അവർ ഇരുവരും ഓരോ കെണികളിൽ നിന്നും അതിവിദഗ്ദ്ധമായി രക്ഷപെട്ട് വീണ്ടും മുന്നേറി. അതോടൊപ്പം പ്രൊഫസറുടെ ഊർജ്ജവും പ്രസരിപ്പുമെല്ലാം കണ്ട് കെവിനിൽ അവശേഷിച്ചിരുന്ന ഭയമൊക്കെ പതിയെപ്പതിയെ അലിഞ്ഞില്ലാതായിമാറി. അവനും കൊട്ടാരം എന്നത് തൻറെ ലക്ഷ്യമായി സ്വീകരിച്ചു. കെവിനോടൊത്തുള്ള യാത്ര പ്രൊഫസർക്കും രസകരമായി തോന്നി. ഒടുവിൽ മെർക്കുറി ഇരുളിൻറെ പിടിയിലാവുംമുൻപു തന്നെ അതിസാഹസികമായി സകല കെണികളും താണ്ടി പ്രൊഫസറും കെവിനും കൊട്ടാരത്തിലേക്കെത്തിച്ചേർന്നു. ലക്ഷ്യത്തിലേക്കെത്തിച്ചേർന്നതും സന്തോഷംകൊണ്ട് കെവിൻ തൻറെ കൈകൾ ഉയർത്തി ശബ്ദമില്ലാതെ ആരവം മുഴക്കി. അത് കണ്ട് ഈറനണിഞ്ഞ കണ്ണുകളോടെ പ്രൊഫസർ അവനെ കെട്ടിപ്പിടിച്ചു. വീണ്ടും അവൻ ആരവം മുഴക്കുന്നത് കണ്ടപ്പോൾ അവൻറെ പിന്നിലായി നിന്ന് പ്രൊഫസർ അവനുള്ള ശബ്ദം നൽകി.

ആദ്യപുസ്തകത്തിൽ മർമ്മദ്വീപിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിരുന്നില്ലെങ്കിലും പുസ്തകത്തിൻറെ അവസാന ഭാഗത്തായി കൊട്ടാരവാതിൽ തുറക്കുവാനുള്ള ഉപായത്തെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിരിന്നു. അതിൽ പറഞ്ഞതനുസരിച്ച് കൊട്ടാരവാതിലിൽ പ്രൊഫസർ താക്കോൽ പ്രയോഗിച്ചു. പ്രതീക്ഷിച്ചിരുന്നവരെ കണ്ടുമുട്ടിയതുപോലെ നൂറ്റാണ്ടുകൾക്ക് ശേഷം വീണ്ടും ആ വാതിൽ മലർക്കെ തുറക്കപ്പെട്ടു. വളരെയധികം കരുതലോടുകൂടിയാണ് കെവിനുമൊത്ത് അദ്ദേഹം അകത്തേക്ക് പ്രവേശിച്ചത്. തൊട്ടടുത്ത നിമിഷത്തിൽ വാതിലുമായി ബന്ധിപ്പിച്ചിരുന്ന രണ്ടാമത്തെ തുകൽപുസ്തകം അവർക്കുമുന്നിലായി വന്നുവീണു...!

# നാൽപ്പത്തിയൊൻപത്

പ്രൊഫസറുടെയും കെവിൻറെയും കഥ പറയുമ്പോൾ താനിയയുടെ മുഖത്ത് തെളിഞ്ഞ പല ഭാവങ്ങളും സന്ദർഭത്തിൻറെ ആക്കം വർദ്ധിപ്പിച്ചതോടൊപ്പം അവരെയും ആ സംഭവങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒരു ദീർഘശ്വാസമെടുത്തുകൊണ്ട് അവൾ വീണ്ടും തുടർന്നു.

'അപ്രതീക്ഷിതമായി രണ്ടാം പുസ്തകം തൻറെ കൈകളിലേക്കെത്തിച്ചേർന്നതും പ്രൊഫസർക്ക് വല്ലാത്ത ആത്മവിശ്വാസം തോന്നി. സന്ധ്യമയങ്ങിയതിനാൽ അന്തരീക്ഷത്തിലെ വെളിച്ചം കുറയുംതോറും കൊട്ടരത്തിനുള്ളിലെ വെളിച്ചവും പിൻവാങ്ങുന്നുണ്ടെന്ന് മനസ്സിലാക്കിയ അദ്ദേഹം വൈകാതെ വിളക്കുകൾ തെളിക്കുന്നതിനുള്ള മാർഗ്ഗവും കണ്ടെത്തി. വിളക്കുകൾ തെളിക്കുന്ന ദണ്ഡ് തിരിച്ചതും അവർക്കുചുറ്റും പകൽ പോലെ പ്രകാശം പരന്നു.

അതോടൊപ്പം ഹാളിനുള്ളിലേക്ക് പ്രവേശിച്ച പ്രൊഫസർ അതിശയിച്ചുനിന്നുപോയി. കാരണം അദ്ദേഹത്തിൻറെ രൂപമുൾപ്പെട്ട ആ പന്ത്രണ്ട് പ്രതിമകളായിരുന്നു. കെവിന് കാര്യമൊന്നും പിടികിട്ടിയില്ലെങ്കിലും ചുറ്റും നടക്കുന്ന സംഭവങ്ങളിൽ എന്തൊക്കയോ അപാകതകളുണ്ടെന്ന് അവനും മനസ്സിലാക്കി. പ്രതിമകൾക്ക് തൻറെയും തനിക്ക് പ്രിയപ്പെട്ടവരുടെയും രൂപം കൈവന്നതെങ്ങനെയെന്നുള്ള പ്രൊഫസറുടെ സംശയം ഒടുവിൽ ചെന്നെത്തി നിന്നത് അദ്ദേഹത്തിൻറെ കൈയ്യിലിരുന്ന രണ്ടാം പുസ്തകത്തിലേക്കായിരുന്നു.

അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായി വായിച്ചതിനുശേഷം മാത്രമേ ഇനി മുന്നോട്ടുപോകേണ്ടതുള്ളൂ എന്നയാൾ തീരുമാനിച്ചു. കൊണ്ടുവന്ന സാധനസാമഗ്രികളെല്ലാം ഹാളിൽ തന്നെ വച്ചശേഷം പ്രതിമകൾക്ക് മുന്നിലായിരുന്നുകൊണ്ട് പ്രൊഫസർ ആ പുസ്തകം വായിക്കുവാനാരംഭിച്ചു.

തൊട്ടരികിലായി കെവിനും ക്ഷമയോടെ കാത്തിരിന്നു. ഓരോ താളുകൾ മറിക്കുംതോറും അന്തിമയങ്ങിയ ദ്വീപിലെ തണുത്ത കാലാവസ്ഥയിലും പ്രൊഫസർ വെട്ടിവിയർക്കുന്നത് കണ്ട് കെവിൻ നല്ലതുപോലെ ഭയപ്പെട്ടു. എങ്കിലും അവൻ അയാളെ ശല്യപ്പെടുത്തിയില്ല. അഞ്ഞൂറോളം പുസ്തകത്താളുകൾ ഏതാനും മണിക്കൂറുകൾ കൊണ്ട് അദ്ദേഹം വായിച്ചുതീർത്തു. അതിനുശേഷമാണ് പ്രൊഫസർപോലും ഈ ദ്വീപിൻറെ യദാർത്ഥ കഥകളറിയുന്നത്.

മർമ്മദ്വീപിലേക്ക് ഒരു അദൃശ്യശക്തിയാൽ താൻ ആകർഷിക്കപ്പെടുകയായിരുന്നു എന്ന അപ്രിയസത്യം ഞെട്ടലോടെ അയാൾ

തിരിച്ചറിഞ്ഞു. തന്നെപ്പോലെതന്നെ ഹാളിൽ നിൽക്കുന്ന ബാക്കിയുള്ളവരുടെ പ്രതിരൂപങ്ങളും വൈകാതെ ദ്വീപിലേക്കെത്തിച്ചേരുമെന്നും പല രീതിയിൽ മരണപ്പെടുമെന്നും അതിലൂടെ അദ്ദേഹം കണക്കുകൂട്ടി. ആ പുസ്തകത്തിൽ ദ്വീപിൻറെ പൂർവ്വകാലത്തെ കഥകൾക്കൊപ്പം ചില തീയതികളും കുറിച്ചു വച്ചിരുന്നു.

അതിലൂടെ മെർക്കുറിയിലേക്ക് കടന്നെത്തുന്ന ഒൻപതാമത്തെ പ്രതിരൂപസംഘമാണ് തങ്ങളെന്ന് പ്രൊഫസർ മനസ്സിലാക്കി. മാത്രമല്ല അതിൽ പറഞ്ഞിരിക്കുന്ന തീയതിയും കണക്കുകളും വച്ച് കൂട്ടിനോക്കിയപ്പോൾ ഭൂമി എന്ന ഗ്രഹത്തിന് ഇനി വെറും പതിമൂന്ന് ദിവസങ്ങൾ മാത്രമാണ് ആയുസ്സെന്നും അതുതന്നെയാണ് തങ്ങളുടെ ആയുസ്സിൻറെ കാലാവധിയെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ആ നിമിഷത്തിൽ പ്രൊഫസറിൻറെ മുന്നിൽ രണ്ടേ രണ്ട് കാര്യങ്ങൾ മാത്രമായിരുന്നു. ഭൂമിയിൽ പതിമൂന്ന് പേർക്കായി മാത്രം എഴുത്തപ്പെട്ട ഭാവിയും. ഭൂമിയുടെ മൊത്തം ഭാവിയും..!

യാത്ര പുറപ്പെടുന്ന സമയത്ത് ദ്വീപിലേക്കുള്ള വഴി അടയാളപ്പെടുത്തിയ ചില രേഖകൾ താൻ വീട്ടിൽ സൂക്ഷിച്ചത് വെറും യാദൃശ്ചികമായ ഒന്നായിരുന്നില്ല മറിച്ച് നൂറ്റാണ്ടുകൾക്ക് മുൻപേ തീരുമാനിക്കപ്പെട്ട പല കാര്യങ്ങളും നടപ്പിലാക്കുവാനുള്ള നിമിത്തങ്ങൾ മാത്രമായിരുന്നുവെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

തൻറെ യാത്രയിൽ അപ്രതീക്ഷിതമായി കടന്നെത്തിയ കെവിൻ ആ മായൻ വംശജനായ ബാലൻറെ പ്രതിരൂപമായിരിക്കുമെന്ന് അതിലൂടെ അയാൾ ഊഹിച്ചു. പക്ഷേ രണ്ടാം പുസ്തകത്തിൻറെ അവസാനതാളുകളിലെ ചില കാര്യങ്ങൾ എത്ര വായിച്ചിട്ടും പ്രൊഫസർക്ക് മനസ്സിലായില്ല.

പിന്നീടാണ് അവ താനുൾപ്പെട്ട പ്രതിരൂപങ്ങൾക്കായി എഴുതപ്പെട്ട താളുകളല്ല മറിച്ച് ബാലൻ തൻറെ കൂട്ടാളികൾക്കുമാത്രമായി കരുതിവച്ച എന്തൊക്കയോ രഹസ്യനിർദ്ദേശങ്ങളാണതെന്ന് അദ്ദേഹം മനസ്സിലാക്കിയത്. എങ്കിലും അതിലെ ഒരു ഭാഗത്തായി രേഖപ്പെടുത്തിയിരുന്ന ചില അടയാള ചിഹ്നങ്ങൾ എന്തൊക്കയോ വെളിപ്പെടുത്തുന്നതായി പ്രൊഫസർക്ക് തോന്നി.

ഹാളിൽ നിൽക്കുന്ന പന്ത്രണ്ട് രൂപങ്ങളിൽ ശത്രുപക്ഷത്തുള്ള താനും ജോംസി മിസ്സും ഒഴികെയുള്ള മറ്റേതെങ്കിലും ഒരു രൂപം പ്രതിമയ്ക്ക് വെളിയിലെത്തി ആ പുസ്തകം വായിക്കുക എന്നത് നടക്കാത്ത കാര്യമായതിനാൽ ഭൂമിയിൽ അതുവരെ ജനിക്കപ്പെട്ട നൂറ്റിനാല് പ്രതിരൂപങ്ങൾക്കും സംഭവിച്ച ദുരന്തംതന്നെ തങ്ങൾക്കും ആവർത്തിക്കപ്പെടുമെന്ന് വളരെയധികം ദുഃഖത്തോടെ അദ്ദേഹം തിരിച്ചറിഞ്ഞു. അതോടൊപ്പം തൻറെ പ്രിയപ്പെട്ടവരുടെ മരണത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ ആ ദുഃഖം ഇരട്ടിച്ചു. ഈ സമയത്ത് കെവിൻ യാത്രാക്ഷീണത്താൽ ഇരുന്നിടത്തുതന്നെ ഉറക്കംപിടിച്ചിരുന്നു.

തങ്ങൾക്കിനി ഒരിക്കലും ഫ്ളോറിഡയിലേക്ക് തിരിച്ചുപോകുവാൻ കഴിയില്ലെന്ന് അവനോട് എങ്ങനെ പറയുമെന്നൊർത്തപ്പോൾ പ്രൊഫസർ വല്ലാതായി.

കെവിനോടൊപ്പം അദ്ദേഹവും ഹാളിലെ നിലത്തായി മലർന്നുകിടന്നു. പുസ്തകത്തിൽ വായിച്ചറിഞ്ഞ പല കാര്യങ്ങളിലൂടെയും ചിന്തകൾ കടന്നുപോകുമ്പോഴാണ് മറ്റൊരുകാര്യം അദ്ദേഹത്തിൻറെ മനസ്സിനുള്ളിലേക്ക് കടന്നെത്തിയത്.

ജീവൻ ബലിനൽകി ഭൂമിയെ രക്ഷിക്കാൻ വിധിക്കപ്പെട്ട പാഴ്ജന്മങ്ങളായിരുന്നു തങ്ങളെങ്കിൽ അത് മെർക്കുറിയിലേക്ക് കടന്നുവരുന്ന വഴിക്കേ നഷ്ടമാവേണ്ട ഒന്നായിരുന്നുവെന്നും വിധിയെ മറികടന്ന് ഒരിക്കലും രണ്ടാം പുസ്തകവുമായി ഒരു കൂടിക്കാഴ്ച ഉണ്ടാകുമായിരുന്നില്ല എന്നും അയാൾ ചിന്തിച്ചു. അതിനാൽ തളർന്നു പോകാതെ ഒരു അവസാനശ്രമംകൂടി നടത്തിനോക്കുവാൻ പ്രൊഫസർ തീരുമാനിച്ചു. കെവിനെ ഉണർത്താതെ അയാൾ കൊട്ടാരത്തിനുള്ളിൽ ചില്ലറ പരിശോധനകൾ നടത്തുവാൻ ഒരുമ്പെട്ടു.

ഹാളിൽനിന്നുമുള്ള ഇടനാഴി കഴിഞ്ഞുള്ള പടിക്കെട്ടുകൾ ചവിട്ടിക്കയറുമ്പോൾ അദ്ദേഹത്തിൻറെ ഓർമ്മകളിലൂടെ പെട്ടെന്നൊരു മിന്നൽപ്പിണർ കടന്നുപോയി. അതിൻറെ ഫലമായി മുന്നോട്ടുള്ള യാത്ര അവസാനിപ്പിച്ചുകൊണ്ട് തൻറെ കൈയ്യിലിരുന്ന പുസ്തകത്തിലെ ഒരു താൾ വെപ്രാളത്തോടെ അയാൾ തേടി കണ്ടെത്തി. അത് കുറേ ചിഹ്നങ്ങൾ രേഖപ്പെടുത്തിയ അവസാന ഭാഗത്തെ താളുകളായിരുന്നു.

അതിൽ പന്ത്രണ്ട് വൃത്തങ്ങൾ കഴിഞ്ഞ് ഒരു നേർവരയും അതു കഴിഞ്ഞ് സമാന്തരമായി വരച്ച കുറേ ചെറുവരകളും അതിനപ്പുറം വീണ്ടും ഒരു നീളമുള്ള വരയും ശേഷം നെടുകെയുള്ള ഒരു വരയുടെ ഇടതുവശത്തും വലതുവശത്തും വളഞ്ഞുപുളഞ്ഞ കുറേ വരകളും കണ്ടപ്പോൾത്തന്നെ അദേഹത്തിൻറെ മനസ്സിൽ പലപല വികാരങ്ങൾ മിന്നിമറഞ്ഞു.

ആ പന്ത്രണ്ട് വൃത്തങ്ങൾ ഹാളിലെ പന്ത്രണ്ട് പ്രതിമകളും അത് കഴിഞ്ഞുള്ള നേർവര ഇടനാഴിയും ശേഷമുള്ള ചെറിയ സമാന്തര വരകൾ പടിക്കെട്ടുകളുമാണെന്ന് ആഹ്ളാദത്തോടെ അയാൾ വ്യാഖ്യാനിച്ചു. തുടന്നുള്ള നേർവര ഒരു നീണ്ട പാതയോ ഇടനാഴിയോ ആയിരിക്കുമെന്ന് അയാൾ ഊഹിച്ചു. പടിക്കെട്ടുകൾ കയറി വീണ്ടും മുന്നിലേക്ക് പോയപ്പോൾ പ്രൊഫസറുടെ ഊഹം കൃത്യമായതുപോലെ നീണ്ട ഒരു പാത അയാൾക്കുമുന്നിൽ പ്രത്യക്ഷമായി. തുടർന്ന് പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന ചിഹ്നം ഒരു നീളവരയുടെ ഇടതുവശത്തും വലതുവശത്തുമായി വളഞ്ഞും പുളഞ്ഞുമുള്ള കുറേ വരകളായിരുന്നു. അത് എന്താണെന്നറിയുവാൻ ഇനിയും മുന്നിലേക്ക് സഞ്ചരിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ആവേശത്തോടെയുള്ള ആ മുന്നേറ്റത്തിൽ നീളൻ പാതയുടെ ഒടുക്കം സ്ഥിതിചെയ്യുന്ന കൽവരി കെട്ടി വേർതിരിച്ച ജലസംഭരണിയും അയാൾക്ക് ദൃശ്യമായി.

പുസ്തകത്താളിൽ ആ ജലസംഭരണിയിലെ ഇടതുവശത്തെ ജലത്തിൻറെ താഴെയായി കൊടുത്തിരിക്കുന്ന ഏഴ് ചെറുവരകളിൽ കടുപ്പിച്ച് ഒന്ന് തുടർ പാതയായിരിക്കുമെന്ന് പ്രൊഫസർ കണക്കുകൂട്ടി.

അതിനുശേഷം കൊടുത്തിട്ടുള്ള ചിഹ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കണമെങ്കിൽ തുടർന്നും മുന്നോട്ട് പോകേണ്ടിയിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോൾ ആ ചിഹ്നങ്ങളുടെ ഒടുക്കം എന്തിലേക്കാണ് എത്തിച്ചേരുന്നതെന്നറിയുവാനുള്ള അയാളുടെ ജിജ്ഞാസയും വർദ്ധിച്ചു.

കുതിക്കുവാൻ തയ്യാറായ മനസ്സുമായി താളുകൾ തുടരെത്തുടരെ മറിച്ച് ചിഹ്നങ്ങൾ അവസാനിക്കുന്ന പേജിലേക്കെത്തിയതും ഒടുക്കം കൊടുത്തിരിക്കുന്ന ചിഹ്നം കണ്ട് അയാൾ മുട്ടുകുത്തി നിലത്തേക്കിരുന്നു. ശേഷം ആ പുസ്തകം തൻറെ മുഖത്തോട് ചേർത്തുപിടിച്ചു. ആ സമയത്ത് പ്രതീക്ഷയും സന്തോഷവുംകൊണ്ട് പുറത്തേക്ക് ചാടിയ രണ്ട് കണ്ണീർത്തുള്ളികൾ ആ പുസ്തകത്തിൻറെ പുറംചട്ടയിൽ പടർന്നിരുന്നു.

കണ്ണുകൾ തുടച്ചുകൊണ്ട് അയാൾ വീണ്ടും ആ അവസാനത്തെ ചിഹ്നത്തിലേക്ക് ശ്രദ്ധിച്ചു. അത് ഒരു വലിയ വൃത്തവും അതിന് സമീപം മറ്റൊരു ചെറുവൃത്തവുമായിരുന്നു.

അവയിൽ വലിയ വൃത്തം മാതൃകാഭൂമിയും ചെറിയ വൃത്തം ഭൂമിക്കടുത്തായി നിലകൊള്ളുന്ന ബാലൻറെ പ്രതിമയുമായിരിക്കുമെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു. ആ ഒരു സംഭവത്തിലൂടെ പ്രൊഫസറിൻറെയുള്ളിൽ പുതിയൊരു പദ്ധതി രൂപപ്പെട്ടു.

ആ പദ്ധതി നടപ്പിലാക്കുവാൻ തൻറെയൊപ്പമുള്ള കെവിന് മാത്രമേ സാധിക്കൂ എന്ന് അദ്ദേഹത്തിന് പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ എത്രയും വേഗത്തിൽ അവനരികിലേക്കെത്തുവാനായി പ്രൊഫസർ തിരികെ ഹാളിലേക്ക് പാഞ്ഞു. പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചിഹ്നങ്ങളിലൂടെ എങ്ങനെയും മാതൃകാഭൂമിയിലേക്കുള്ള രഹസ്യപാത കണ്ടെത്തി അതിനരികിൽ നിൽക്കുന്ന കെവിൻറെ രൂപമുള്ള ശിലയെ തച്ചുടച്ച് മായൻ വംശജനായ ബാലനെ വെളിയിലെത്തിക്കുകയും തൻറെ പ്രിയപ്പെട്ടവർ മെർക്കുറിയിലേക്ക് യാത്രപുറപ്പെടും മുൻപുതന്നെ ഭൂമിക്ക് ആയുസ്സ് പകർന്ന് എല്ലാവരെയും മരണത്തിൽനിന്ന് രക്ഷിക്കുക എന്നതുമായിരുന്നു പ്രൊഫസറുടെ പദ്ധതി. പക്ഷേ ഹാളിലേക്ക് തിരിച്ചെത്തിയ അതേ നിമിഷത്തിൽ പ്രാഫസറുടെ ഉള്ളൊന്ന് കാളിപ്പോയി.

കാരണം ഹാളിൽ കെവിനുണ്ടായിരുന്നില്ല..!

ഉറക്കമുണർന്നപ്പോൾ തന്നെ കാണാത്ത ഭയത്തിൽ അവൻ എവിടേക്കെങ്കിലും പോയിട്ടുണ്ടാകുമോ എന്നയാൾ പരിഭ്രമിച്ചു.

അവനെ തിരഞ്ഞ് ഇടനാഴിയിലേക്ക് തിരികെയെത്തിയപ്പോഴാണ് അടഞ്ഞുകിടന്നിരുന്ന ഇടനാഴിയിലെ മുറികളുടെ വാതിലുകളിലൊന്ന് തുറന്നുകിടന്നത് പ്രൊഫസറുടെ ശ്രദ്ധയിൽപ്പെട്ടത്. സംശയത്തോടെ അതിനുള്ളിലേക്ക് പ്രവേശിച്ചതും മുറിക്കുള്ളിലെ വലിയൊരു കട്ടിലിൽ ഒരു ബാഗ് തലയിണയായി വച്ച് കെവിൻ കിടന്നുറങ്ങുന്നത് കണ്ടു.

ശാന്തമായി ഉറങ്ങുന്ന അവനെ ശല്യപ്പെടുത്താൻ അയാൾ മുതിർന്നില്ല. പകരം അവൻ ഉറക്കമുണരുവാനായി അരികിൽത്തന്നെ കാത്തിരുന്നു.

മണിക്കൂറുകൾ കടന്നുപോയിക്കൊണ്ടിരുന്നു.

മെർക്കുറിയിലേക്ക് വീണ്ടും ഒരു പുലരികൂടി വന്നെത്തി. അതോടൊപ്പം കെവിനും ഉറക്കമുണർന്നിരുന്നിരുന്നു. അവനായി തയ്യാറാക്കിവച്ച ഭക്ഷണം നൽകിയശേഷം തൻറെതന്നെ ചില വസ്ത്രങ്ങൾ വെട്ടിച്ചുരുക്കി പ്രൊഫസർ അവനെ ധരിപ്പിച്ചു. ശേഷം ചെറിയ ഒരു മുഖവുരയോടെ തൻറെ ഉള്ളിലുള്ള കാര്യങ്ങളും പദ്ധതിയുമെല്ലാം അവനുമായി പങ്കുവച്ചു. പ്രായം തീരെ കുറവായിരുന്നുവെങ്കിലും കെവിന് പ്രൊഫസർ പറഞ്ഞ കാര്യങ്ങളെല്ലാം ഉൾക്കൊള്ളാൻ സാധിച്ചു. ഇനി താൻ വിചാരിച്ചാൽ മാത്രമേ പ്രൊഫസർ ഉൾപ്പെടെ ബാക്കി പന്ത്രണ്ട് പേരുടെയും തൻറെ ഡാഡിയും മമ്മിയും ഉൾപ്പെട്ട ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവൻ രക്ഷിക്കാൻ സാധിക്കൂ എന്നറിഞ്ഞപ്പോൾ കെവിന് സ്വയം അഭിമാനം തോന്നി. കാര്യങ്ങളെല്ലാം കേട്ടു കഴിഞ്ഞാൽ കെവിൻ തന്നോട് ഭയവും അകൽച്ചയും കാണിക്കുമോ എന്ന പ്രൊഫസറുടെ ആശങ്ക നിമിഷനേരംകൊണ്ട് അലിഞ്ഞില്ലാതായി. അയാളുടെ വലിപ്പമേറിയ കൈവെള്ളയിലേക്ക് ആ ബാലൻ തൻറെ കുഞ്ഞിക്കൈ വച്ചുകൊടുത്തു. അതിലൂടെ തന്നെ ഇല്ലാതാക്കുവാനുള്ള അനുമതിയാണ് അവൻ തരുന്നതെന്ന് അയാൾക്ക് പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

പിന്നീട് ഒരു നിമിഷം പോലും കളയുവാൻ അവരിരുവരും ഒരുക്കമായിരുന്നില്ല. ഭൂമിയുടെ ആയുസ്സ് അപ്പോഴേക്കും വെറും പന്ത്രണ്ടു ദിവസങ്ങളായി ചുരുങ്ങിയിരുന്നു..!

# അൻപത്

പകലായതും വിളക്കുകളിലേക്ക് എണ്ണ പകരുന്ന നിയന്ത്രണ ദണ്ഡ് സ്വാഭാവികമായിത്തന്നെ തിരിഞ്ഞ് വിളക്കുകളെല്ലാം അണഞ്ഞിരുന്നു. പകരം വിളക്കുകൾക്കുള്ളിലുള്ള സുഷിരങ്ങളിലൂടെ സൂര്യപ്രകാശം കടന്നുവരികയും സുഷിരത്തിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ദർപ്പണങ്ങളിൽ തട്ടി ചുറ്റുപാടും പ്രതിഫലിക്കുകയും ചെയ്തു. അനവധി പ്രതിഫലനങ്ങൾ കൂടിച്ചേർന്നപ്പോൾ കൊട്ടാരത്തിനകവും പകൽപോലെ പ്രകാശിച്ചു. ഇതേസമയം അത്യാവശ്യസാധനങ്ങൾമാത്രം ജാക്കറ്റിൻറെയും പാൻറ്സിൻറെയും പോക്കറ്റിലും മറ്റുമായി കരുതിവച്ചശേഷം മുന്നോട്ടുള്ള യാത്രയ്ക്കായി പ്രൊഫസർ നിക്കോൾസൺ തയ്യാറെടുത്തുകഴിഞ്ഞിരുന്നു.

കെവിൻ തൻറെ വസ്തുങ്ങൾ മടക്കി പ്രൊഫസറുടെ ബാഗിലായി വച്ചുകൊണ്ട് അയാളെ നോക്കി. മുന്നോട്ടുപോകാം എന്ന അർത്ഥത്തിൽ അയാൾ തലകുലുക്കി. വൈകാതെ ഇരുവരും ആ മുറിയിൽനിന്നും ഇടനാഴിയിലേക്ക് ചലിച്ചു.

ഇടനാഴിയുടെ ഒടുക്കമുള്ള പടിക്കെട്ടുകളും കടന്ന് നീണ്ട പാതയിലൂടെ ചെറുഡാം പോലെ തോന്നിച്ച ആ ജലസംഭരണിയുടെ മുകൾഭാഗത്തായി എത്തിനിൽക്കുമ്പോൾ കെവിൻ പ്രൊഫസറെ ഒരിക്കൽക്കൂടി നോക്കി. ആ സമയത്ത് അദ്ദേഹം തൻറെ കൈയ്യിലിരുന്ന തുകൽ പുസ്തകം സുരക്ഷിതമായി ഒരു പ്ലാസ്റ്റിക് കവറിനുള്ളിലാക്കുകയായിരുന്നു.

അത് തൻറെ ജാക്കറ്റിനുള്ളിലേക്ക് തിരുകിവച്ചുകൊണ്ട് കെവിൻറെ കൈയ്യിലായി അയാൾ മുറുകെപ്പിടിച്ചു. തങ്ങൾ ജലസംഭരണിയിലേക്ക് കുതിക്കുവാൻ പോവുകയാണെന്നും നന്നായി ശ്വാസം സംഭരിച്ചുകൊള്ളാനും പ്രൊഫസർ അവനോട് നിർദ്ദേശിച്ചു. അത് കേട്ടതും ഉള്ളിലേക്ക് ശ്വാസം ആഞ്ഞുവലിച്ചുകൊണ്ട് അവൻ അയാളുടെ കൈയ്യിൽ ഒന്നുകൂടി മുറുകെപ്പിടിച്ചു.

ഇനി മുന്നിൽ വരുന്നത് എന്തുതന്നെയായാലും നേരിടുവാനുള്ള മനസ്സുമായി അയാൾ മൂന്ന് വരെ എണ്ണി. തൊട്ടടുത്ത നിമിഷത്തിൽ പ്രൊഫസർക്കൊപ്പം കെവിനും ആ ജലാശയത്തിലേക്കെടുത്തുചാടി.

വെള്ളത്തിലേക്ക് പതിക്കേണ്ട താമസം അവർ ഇരുവരും ജല സംഭരണിയുടെ അടിത്തട്ടിലേക്ക് ആകർഷിക്കപ്പെട്ടു. സംഭരണിക്കുള്ളിലെ ആ പ്രതിഭാസത്തിൽ പ്രൊഫസറോ കെവിനോ അൽപ്പം പോലും ഭയന്നിരുന്നില്ല. ഒടുവിൽ പുസ്തകത്തിൽ

താൻ കണ്ട ഏഴ് വരകളുടെ അർത്ഥം വെള്ളത്തിനടിയിലായി സ്ഥിതി ചെയ്യുന്ന ഏഴ് ചെറുവാതിലുകളാണെന്ന് പ്രൊഫസർ തിരിച്ചറിഞ്ഞു.

പുസ്തകത്തിലെ അഞ്ചാം വരയ്ക്ക് കട്ടപ്പമേറിയതിനാൽ അഞ്ചാമത്തെ വാതിലിനെ ലക്ഷ്യമാക്കി കെവിനെയും കൊണ്ട് അയാൾ മുന്നിലേക്ക് ഊളിയിട്ടുപോയി. തുടർന്നും ഒരുമിച്ച് മുന്നോട്ടുപോകുവാൻ സാധിക്കാത്തതിനാൽ തൻറെ കൈയ്യിലെ പിടിവിട്ടുവിച്ചുകൊണ്ട് ആദ്യം കെവിനെ ആ പാതയ്ക്കുള്ളിലേക്ക് അയാൾ കയറ്റിവിട്ടു.

ഇടുങ്ങിയ തുരംഗംപോലെ തോന്നിച്ച ആ മാർഗ്ഗത്തിലൂടെ കെവിൻ അനായാസം മുന്നോട്ടുപോയി. തൊട്ടുപിന്നിലായി പ്രൊഫസറും തിങ്ങിനിരങ്ങി അതിനുള്ളിലേക്ക് കയറിക്കൂടി. ഇടയ്ക്കിടയ്ക്ക് പ്രൊഫസർ തൻറെയൊപ്പം തന്നെയുണ്ടോ എന്ന് കെവിൻ തിരിഞ്ഞുതിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു. ഒടുവിൽ സംഭരിച്ചുവച്ച പ്രാണവായു മുഴുവൻ ഉപയോഗിച്ചുതീരുംമുൻപുതന്നെ അവരിരുവരും ആ പാതയുടെ അവസാനഭാഗത്തേക്കെത്തിച്ചേർന്നു.

വെള്ളത്തിൻറെ അടിത്തട്ടിൽ നിന്നും ഉയർന്നുപൊങ്ങുന്ന സമയത്ത് കെവിൻ വീണ്ടും പ്രൊഫസറുടെ കൈയ്യിൽ ഇറുക്കിപ്പിടിച്ചു.

തുരംഗപാതയുടെ അവസാനമായ കുളത്തിൻറെ കരയിലേക്ക് നീന്തിക്കയറിയശേഷം പ്രൊഫസർ മുന്നോട്ടുനോക്കി. മുന്നിലായി കണ്ട മൂന്ന് ഗുഹാവഴികളിൽ ഏതാണ് ശരിയായ വഴി എന്നറിയുവാനായി അയാൾ വീണ്ടും പുസ്തകം വെളിയിലേക്കെടുത്തു.

ഏഴ് വരകൾ കഴിഞ്ഞുള്ള അടയാളം തുറന്നുവച്ച് ഒരു പുസ്തകത്തിൻറെ ചിഹ്നവും ലൂത്താ ഭാഷയിൽ പതിമൂന്ന് എന്ന സംഖ്യയുമായിരുന്നു. അതിൻറെ അർത്ഥം മനസ്സിലാവാതെ പ്രൊഫസർ ആ പുസ്തകത്തിൻറെ താളുകൾ പിന്നിലേക്ക് മറിച്ച് പതിമൂന്നാമത്തെ താളിലേക്ക് എത്തിച്ചേർന്നു.

ആ താളിൽ മുന്നിൽ കണ്ട വഴികളുമായി ബന്ധപ്പെട്ട ഒന്നുംതന്നെയില്ല എന്ന് മനസ്സിലായപ്പോഴാണ് ഒന്നാമത്തെ പുസ്തകത്തെപ്പറ്റി അയാൾ ചിന്തിച്ചത്.

ആ പുസ്തകത്തിൽ മായന്മാരുടെ പലതരം കഴിവുകൾ അടക്കം ചെയ്തിരുന്നതിനാൽ അതിൻറെ പതിമൂന്നാം താളിൽ തുടർവഴി കണ്ടെത്തുവാനുള്ള എന്തോ ഒരു മാർഗ്ഗം വെളിപ്പെടുത്തിയിട്ടുണ്ടാകണം എന്ന നിഗമനത്തിലേക്ക് അയാൾ എത്തിച്ചേർന്നു. പക്ഷേ തുടർയാത്ര രണ്ടാം പുസ്തകത്തെ മാത്രം ആശ്രയിച്ചായിരിക്കുമെന്നുള്ള വിശ്വാസത്തിൽ ആയിരത്തോളം താളുകളുള്ള ആ തടിച്ച പുസ്തകം പ്രൊഫസർ തനിക്കൊപ്പം കരുതിയിരുന്നില്ല.

സാധനസാമഗ്രികൾ സൂക്ഷിച്ച മുറിയിലേക്ക് തിരികെ പോകുകയെന്നത് അപ്രാപ്യമായതിനാൽ ആ ഒരു സംഭവത്തോടെ പ്രൊഫസർ ആകെ അസ്വസ്ഥനായി. മുന്നിലുള്ള മൂന്ന് വഴികളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത്

ഭാഗ്യപരീക്ഷണം നടത്തുവാൻ അയാൾ ഒരുക്കമായിരുന്നില്ല. കെവിൻ അയാളുടെ മുഖത്ത് മിന്നിമറയുന്ന പല ഭാവങ്ങളും നിരീക്ഷിച്ചുകൊണ്ട് കുളത്തിൻറെ പടിക്കെട്ടിൽ ഒന്നിലായി ചാരിയിരുന്നു.

സമയം വീണ്ടും കടന്നുപോയി. പല ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന വിളക്കുകളിലെ സുഷിരങ്ങളിലൂടെ കടന്നെത്തുന്ന സൂര്യപ്രകാശത്തിന് കട്ടി കുറഞ്ഞുവന്നു. ഇനിയും വൈകിയാൽ സൂര്യപ്രകാശം ഇല്ലാതായി തങ്ങൾ ഇരുട്ടിലകപ്പെട്ടുമെന്നും അവിടെത്തന്നെ തുടരുന്നതിൽ യാതൊരുവിധ പ്രയോജനവുമില്ലെന്നും മനസ്സിലാക്കി പ്രൊഫസർ ഒരു കടുത്ത തീരുമാനമെടുത്തു. തങ്ങൾ കടന്നുവന്ന ആ ചെറുതുരംഗത്തിലൂടെ വീണ്ടും തിരിച്ചുപോവുക...!

തുരംഗത്തിൻറെ മറുഭാഗത്തുള്ള ജലത്തിന് അടിത്തട്ടിലേക്കുള്ള ആകർഷണത്തെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്നുവെങ്കിലും ആ സമയത്ത് മറ്റൊരു വഴി അയാൾക്കുമുന്നിലില്ലായിരുന്നു. തൻറെ ജാക്കറ്റിൽ സൂക്ഷിച്ചിരുന്ന ടൂൾ ബോക്സിൽനിന്നും ചില ആയുധങ്ങൾ പുറത്തെടുത്തശേഷം അയാൾ ഒന്ന് ദീർഘമായി നിശ്വസിച്ചു. ശേഷം കെവിനോട് താൻ തിരികെയെത്തുംവരെ അവിടെത്തന്നെ തുടരണമെന്ന് പറഞ്ഞുകൊണ്ട് തൻറെ കൈയ്യിലിരുന്ന രണ്ടാം പുസ്തകം അവൻറെ കുഞ്ഞിക്കൈകളിലേക്ക് വച്ചു കൊടുത്തു. വിശിഷ്ടമായ എന്തോ ഒന്ന് ലഭിച്ചതുപോലെ പ്രൊഫസറെയും തുകൽപുസ്തകത്തെയും അവൻ മാറിമാറി നോക്കി. കെവിൻറെ നെറുകയിൽ ഒരു മുത്തം കൊടുത്തശേഷം അയാൾ താഴേക്കുള്ള പടിക്കെട്ടുകളിലേക്ക് ചലിച്ചു.

ആ ബാലൻ രണ്ടാം പുസ്തകം തന്നോട് ചേർത്തു പിടിച്ചുകൊണ്ട് പ്രൊഫസർ കുളത്തിലായി മറയുന്നതും ഉറ്റുനോക്കി ആ പടിക്കെട്ടിൽത്തന്നെ ഇരിപ്പുറപ്പിച്ചു. കുളത്തിനടിയിലെ ഇടുങ്ങിയ തുരംഗപാതയിലൂടെ തിരികെ സഞ്ചരിക്കുമ്പോൾ എല്ലാം വരുന്നിടത്തുവച്ച് കാണുക എന്ന ചിന്താഗതിയായിരുന്നു പ്രൊഫസർക്ക്. ഒടുവിൽ വല്ലവിധേനയും നിരങ്ങി നീങ്ങി പാതയുടെ ഒടുക്കം ചെന്നെത്തിയശേഷം അയാൾ തൻറെ ശരീരം പുറത്തേക്ക് വലിച്ചെടുത്തു. തൊട്ടടുത്ത നിമിഷത്തിൽ ജലാശയത്തിൻറെ അടിത്തട്ടിലേക്ക് അയാൾ ആകർഷിക്കപ്പെട്ടു. ആ ആകർഷണത്തെ പ്രതിരോധിച്ചുകൊണ്ട് അയാൾ തറനിരപ്പിലൂടെ കൈകുത്തി ഏഴ് തുരംഗവാതിലുകൾ സ്ഥിതി ചെയ്യുന്ന നീളൻ ഭിത്തിയുടെ നേർക്ക് തിരിഞ്ഞു. പൊടുന്നനെ ജാക്കറ്റിൽ കരുതിയിരുന്ന ടൂൾബോക്സിൽ നിന്നും കൊളുത്തിൻറെ ആകൃതിയിലുള്ള രണ്ട് വസ്തുക്കൾ അയാൾ പുറത്തേക്കെടുത്തു. എന്നിട്ട് തുരംഗഭിത്തിക്കരികിലേക്ക് നിരങ്ങിനീങ്ങി. ഭിത്തിക്കരികിലേക്കെത്തിയതും ആ കൊളുത്ത് ഭിത്തിയിലായി ഉടക്കിക്കൊണ്ട് എഴുന്നേറ്റ് നിൽക്കുവാനുള്ള ആദ്യശ്രമം നടത്തി.

ശരീരം മൊത്തമായി അടിയിലേക്ക് വലിച്ചുകൊണ്ടു പോകുന്ന ആകർഷണശക്തിയിലും പരമാവധി ആയം കൊടുത്തുകൊണ്ട് അയാൾ വീണ്ടും

വീണ്ടും എഴുന്നേറ്റ നിൽക്കുവാൻ പരിശ്രമിച്ചു. നിരന്തരമായ പ്രയത്നത്താൽ ശ്വാസകോശത്തിൽ അയാൾ സംഭരിച്ചുവെച്ചിരുന്ന പ്രാണവായു കുമിളകളായി രൂപാന്തരപ്പെട്ട് വെള്ളത്തിലേക്കലിഞ്ഞുചേർന്നുകൊണ്ടിരുന്നു.

ഇടതുകൈയ്യിൽ ശക്തികൊടുത്ത് അൽപ്പം മുകളിലേക്ക് ഉയരുവാൻ സാധിച്ചതും വലതുകൈയ്യിലെ കൊളുത്ത് അയാൾ തുരംഗഭിത്തിയിലായി ഉടക്കിപ്പിടിച്ചു. വീണ്ടും സർവ്വശക്തിയുമുപയോഗിച്ച് അടുത്ത കൊളുത്ത് തൊട്ടുമുകളിലായി ഉടക്കിയതും അത് തെന്നിപ്പോയി. പെട്ടെന്ന് ശരീരം മൊത്തമായി താഴേക്ക് ആകർഷിക്കപ്പെട്ടുവെങ്കിലും ഇടതുകൈയ്യിലുള്ള കൊളുത്ത് തൽക്ഷണം അയാൾ ഭിത്തിയിലായി ഉടക്കിയിരുന്നു.

ഇത്രയും പരിശ്രമങ്ങൾ നടത്തിയപ്പോഴേക്കും പ്രൊഫസർക്ക് കലശലായ ശ്വാസംമുട്ടൽ അനുഭവപ്പെട്ടുതുടങ്ങി. ഇതിൽ താൻ പരാജയപ്പെട്ടാൽ പന്ത്രണ്ട് ജീവനുകളും തനിക്കൊപ്പം പൊലിയുമെന്ന തിരിച്ചറിവിൽ അയാളുടെ നാഡീഞരമ്പുകൾ വീണ്ടും ഉത്തേജിച്ചു. ഇരുകരങ്ങളിലും കൊളുത്തുകൾ മുറുകെപ്പിടിച്ചുകൊണ്ട് വീണ്ടും വീണ്ടും അയാൾ മുകളിലേക്ക് തൻറെ ശരീരവും വഹിച്ചുകൊണ്ട് പോയി. ആ സമയത്ത് തൻറെ ജീവനെക്കുറിച്ച് ഒരുനിമിഷംപോലും അയാൾ വ്യാകുലപ്പെട്ടില്ല.

പകരം പല്ലുകൾ കൂട്ടിക്കടിച്ചുകൊണ്ട് തൻറെ ലക്ഷ്യത്തിലേക്ക് പ്രൊഫസർ മുന്നേറി.

അതിസാഹസികമായി തുടരെത്തുടരെയുള്ള പരിശ്രമങ്ങൾക്കൊടുവിൽ അയാളുടെ തൊട്ടുമുകളിലായി അന്തരീക്ഷം ദൃശ്യമായി.

അത് കണ്ടതും അയാളുടെ കൈകൾക്ക് പതിന്മടങ്ങ് ശക്തിയേറി. ഒടുവിൽ ദ്രാവകത്തിൽനിന്നും വായുവിലേക്ക് തൻറെ മുഖമുയരുമ്പോൾ വെള്ളത്തോടൊപ്പം കണ്ണുനീരും അയാളുടെ കവിളിലൂടെ ഒലിച്ചിറങ്ങി.

മതിയാവോളം ശ്വാസമെടുത്തുകൊണ്ട് ആ കൊളുത്തുകൾ ഉപയോഗിച്ചുതന്നെ ഒരു ചിലന്തിയെപ്പോലെ അയാൾ ഭിത്തിയിലൂടെ മുകളിലേക്ക് സഞ്ചരിച്ചു. ആ ഭിത്തിയുടെ വലതുവശത്തായി നേർരേഖയിൽ ഒറ്റവരി കല്ലുപാത അവർ മുൻപ് കടന്നെത്തിയ പാതയിലേക്ക് നീണ്ടുപോയിരുന്നു.

ഇരുകൈകളും അന്തരീക്ഷത്തിലേക്ക് സമാന്തരമായി നീട്ടിപ്പിടിച്ച് ആ ചെറിയ കൽവരിയിലൂടെ പ്രാധാന പാതയിലേക്ക് സൂക്ഷ്മതയോടെ നടക്കുമ്പോൾ പ്രൊഫസർ നിക്കോൾസൻറെ കാലുകൾക്ക് യാന്ത്രികമായി വേഗത വർദ്ധിച്ചു. കൽവരിയുടെ അവസാനമുള്ള നീണ്ട പാതയിലേക്ക് കടന്നതും അത് ഒരു ഓട്ടമായി മാറി.

സാധനങ്ങൾ സൂക്ഷിച്ചിരുന്ന മുറിയെ ലക്ഷ്യമാക്കിയുള്ള ഓട്ടത്തിനിടയിൽ വിളക്കുകളുടെ സുഷിരങ്ങളിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന സൂര്യപ്രകാശം ഭൂരിഭാഗവും മങ്ങിത്തുടങ്ങിയിരുന്നു.

ഒടുവിൽ പ്രൊഫസർ ആ പടിക്കെട്ടുകളിറങ്ങി ഇടനാഴിയിലേക്കെത്തുമ്പോൾ കൊട്ടാരമാകെ ഇരുളിൽ മൂടപ്പെട്ടു. ജാക്കറ്റിനുള്ളിൽനിന്നും പെൻടോർച്ചെടുത്ത് തെളിച്ചുകൊണ്ട് മുറിയിലേക്ക് കടന്നശേഷം ബാഗിൽ സൂക്ഷിച്ചിരുന്ന ഒന്നാംപുസ്തകത്തിലെ പതിമൂന്നാം പേജ് ആർത്തിയോടെ അയാൾ തുറന്നുവച്ചു.

അതിൽ എഴുതിയിരുന്ന കാര്യങ്ങളിലൂടെ മൂന്നുനാലുവട്ടി കണ്ണോടിച്ചശേഷം മുഖമുയർത്തുമ്പോൾ പ്രൊഫസറുടെ മുഖത്ത് എന്തൊക്കയോ നേടിയെടുത്ത ഭാവമായിരുന്നു. കാരണം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അയാളുടെ മുന്നോട്ടുള്ള യാത്രയിൽ അത്രയുമേറെ സ്വാധീനം ചെലുത്താൻ പ്രാപ്തിയുള്ളതായിരുന്നു.

കൊട്ടാരത്തിനുള്ളിൽ വച്ച് ഏതെങ്കിലും രീതിയിൽ മുന്നോട്ടുള്ള പാതയെപ്പറ്റി സംശയം തോന്നിയാൽ ആ വഴിയേ അതിന് മുൻപ് ആരാണോ സഞ്ചരിച്ചത് അവർ അന്ന് ചെയ്ത അതേ പ്രവർത്തികൾ കൺമുന്നിൽ മിഥ്യയായി അരങ്ങേറുന്ന വിദ്യയായിരുന്നു ആ താളിൽ പ്രതിപാദിച്ചിരിന്നത്...!

എന്തെന്നില്ലാത്ത സന്തോഷത്തിൽ ആ തുകൽ പുസ്തകം അയാൾ തന്നോട് ചേർത്തുപിടിച്ചു. പക്ഷേ പെട്ടെന്നായിരുന്നു പുറത്തെ അന്തരീക്ഷത്തിലെവിടെയോ കരിമരുന്ന് പൊട്ടുന്ന ശബ്ദം മുഴങ്ങിക്കേട്ടത്.

ആദ്യം അത് ഇടിമുഴക്കമോ തൻറെ തോന്നലോ ആകും എന്നയാൾ കരുതിയെങ്കിലും വീണ്ടും വീണ്ടുമുള്ള മനുഷ്യനിർമ്മിതമായ സ്ഫോടനശബ്ദം പ്രൊഫസർ തിരിച്ചറിയുകതന്നെ ചെയ്തു. അതോടെ താൻ ഭയപ്പെട്ട ഒരു കാര്യം സംഭവിച്ചു എന്നയാൾക്ക് ബോദ്ധ്യമായി. തൻറെ പ്രിയപ്പെട്ടവർ മെർക്കുറിയിലേക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു...!'

താനിയ അത്രയും കാര്യങ്ങൾ പറഞ്ഞു നിർത്തിയപ്പോൾ തങ്ങൾ കടന്നുവന്ന പാതയും കാര്യങ്ങളുമെല്ലാം ബാക്കിയുള്ളവർക്ക് ഒരത്ഭുതമായി തോന്നി. അവരിൽ പലരും പ്രൊഫസറെപ്പോലെതന്നെ ആ തുരംഗപാതയിലൂടെ തിരികെ സഞ്ചരിച്ച് ആ മുറിക്കുള്ളിലായി എത്തിനിൽക്കുകയായിരുന്നു അപ്പോൾ.

'എന്നിട്ട്...ബാക്കി പറയൂ...'

റൂബി അക്ഷമയായി ശബ്ദമുയർത്തി.

ബാക്കിയുള്ളവരും തുടർന്നുള്ള കാര്യങ്ങളറിയുവാനായി ജിജ്ഞാസയോടെ നിലകൊണ്ടു. താനിയ മുഖം അമർത്തി തുടച്ചുകൊണ്ട് വീണ്ടും ഭൂതകാലത്തിലേക്ക് തിരികെ സഞ്ചരിച്ചു.

'ദ്വീപിലേക്കെത്തപ്പെട്ട ഞങ്ങൾ നദിക്കരയിലായി നടത്തിയ കരിമരുന്ന് പ്രയോഗം ഫലംകണ്ടു എന്നുതന്നെ പറയാം. മുറിയിൽനിന്നും പ്രൊഫസർ നിക്കോൾസൺ പരിഭ്രമത്തോടെ ഹാളിലേക്കോടി. കൊട്ടാരത്തിൻറെ സമീപപ്രദേശത്തെവിടെയോ ബാക്കിയുള്ളവർ കുടുങ്ങിപ്പോയി എന്നയാൾ

മനസ്സിലാക്കിയിരുന്നു. വിളക്കുകൾ തെളിക്കുന്ന ദണ്ഡ് തിരിച്ചപ്പോൾ കൊട്ടാരത്തിനുള്ളിൽ വീണ്ടും പ്രകാശം നിറഞ്ഞു. പക്ഷേ മറ്റൊരു പ്രശ്നം മുന്നിലായുള്ളത് അപ്പോൾ മാത്രമാണ് അയാൾ തിരിച്ചറിഞ്ഞത്. കൊട്ടാരത്തിനുള്ളിലേക്ക് കടക്കുവാനല്ലാതെ അതിനുള്ളിൽ നിന്നും വെളിയിലേക്ക് പോകുവാനുള്ള മാർഗ്ഗം രണ്ട് പുസ്തകങ്ങളിലും പ്രതിപാദിച്ചിരുന്നില്ല. അതിനാൽ തൻറെ പ്രിയപ്പെട്ടവരുടെ അരികിലേക്കെത്താൻ ഇനി എന്തുചെയ്യുമെന്ന ചോദ്യത്തിന് മുന്നിലായി ഒന്നാം പുസ്തകത്തിലെ പതിമൂന്നാം താളിലെ വാചകങ്ങൾ പ്രൊഫസറുടെ ചിന്താമണ്ഡലങ്ങളിലൂടെ ഇടിമിന്നൽ പോലെ കടന്നുപോയി.

ബാക്കിയുള്ളവർ എന്തെങ്കിലും അപകടത്തിലേക്ക് നീങ്ങും മുൻപുതന്നെ അവർക്കരികിലേക്കെത്തുക എന്നതുമാത്രമായിരുന്നു പ്രൊഫസറുടെ മനസ്സിലപ്പോൾ. തൽക്ഷണം ഒന്നാം പുസ്തകത്തിലെ പതിമൂന്നാം പേജിൽ പറഞ്ഞിരുന്ന കാര്യങ്ങൾ അയാൾ ഒരിക്കൽക്കൂടി ഓർത്തെടുത്തു. പിന്നീട് ഒട്ടും സമയം പാഴാക്കാതെ ഇരുകണ്ണുകളും മുറുക്കിയടച്ചുകൊണ്ട് ആ താളിൽ പറഞ്ഞിരുന്ന ചില ലൂത്താ വാചകങ്ങൾ അയാൾ ഏറ്റുപറഞ്ഞു. അതോടൊപ്പം തൻറെ കൺപോളകൾ മൂന്നുവട്ടം അടച്ചുതുറന്നു. തൊട്ടടുത്ത നിമിഷത്തിൽ അയാളുടെ സകല രോമകൂപങ്ങളും ഉയർന്നുപോയി....!

# അൻപത്തിയൊന്ന്

തൻറെ കൺമുന്നിൽ അരങ്ങേറുന്ന കാഴ്ചകൾ വെറും മിഥ്യയാണെന്നറിഞ്ഞിട്ടുപോലും പ്രൊഫസറുടെ നെറ്റിയിൽ വിയർപ്പു കണങ്ങൾ രൂപപ്പെട്ടു. എങ്കിലും അയാൾ അവിടേക്കുതന്നെ ഉറ്റുനോക്കി.

ഹാളിൻറെ മധ്യഭാഗത്ത് പ്രൊഫസറുടെ അതേ രൂപത്തിലുള്ള ഒരാളെ ഒരുപറ്റം യുവപോരാളികളാൽ വലയം ചെയ്തിരിക്കുന്നു. യുവപോരാളികൾ എല്ലാവരുടെയും കൈകളിൽ ഒരേ നീളത്തിലും ആകൃതിയിലുമുള്ള പടവാളുകൾ നടുവിൽ നിൽക്കുന്ന അവരുടെ ശത്രുവിൻമേൽ ഒരേപോലെ ഉന്നം വച്ചിരിക്കുന്നു. തൻറെ വിദ്യാർത്ഥികളുടെ അതേ രൂപത്തിലുള്ള ആ യുവജനതയെ പ്രൊഫസർ നിക്കോൾസൺ മാറിമാറി വീക്ഷിച്ചു. അവരുടെ കണ്ണുകളിലെ തീക്ഷ്ണത അയാളെപ്പോലും ഭയപ്പെടുത്തി.

അടുത്തതായി പ്രൊഫസറുടെ കണ്ണുകൾ എത്തിനിന്നത് തൻറെതന്നെ പ്രതിരൂപത്തിൻമേലായിരുന്നു. അത്രയുംപേർ ആയുധങ്ങളുമായി വലയം ചെയ്തിട്ടും ഒട്ടുംതന്നെ പതറാതെയുള്ള ആ പ്രാചീനവേഷധാരിയായ രാജാവിൻറെ നിൽപ്പ് നിക്കോൾസനെ അത്ഭുതപ്പെടുത്തി. അയാളുടെ മുഖഭാവത്തിൽനിന്നും എന്തോ ഒന്നിനെ അയാൾ പ്രതീക്ഷിക്കുന്നതായി പ്രൊഫസർ ഊഹിച്ചു.

അതിനുള്ള മറുപടിയെന്നോണം തൊട്ടടുത്ത നിമിഷത്തിൽ വിചിത്രമായ ആകൃതിയിലുള്ള ഒരു ആയുധം അന്തരീക്ഷത്തിലൂടെ ഉയർന്നുപൊങ്ങി ആ വലയത്തിനുള്ളിലേക്ക് വന്നുപതിച്ചു. അത് കൃത്യമായി മെർക്കുറിയുടെ അധിപൻ കരസ്ഥമാക്കുകയും ചെയ്തു. തൻറെ മുന്നിൽ അരങ്ങേറുന്നത് ഒരു മിഥ്യ മാത്രമാണെങ്കിലും ഇനിയെന്താണ് നടക്കുവാൻ പോകുന്നതെന്നോർത്ത് പ്രൊഫസറുടെ നെറ്റിത്തടം വിയർത്തൊലിച്ചു.

വാതിൽ തുറക്കുന്നതിനുള്ള ഉപായം കണ്ടെത്താൻ ശ്രമിച്ചപ്പോൾ ഈ ദൃശ്യങ്ങൾ തൻറെ മുന്നിൽ അരങ്ങേറുന്നത് എന്തിനെന്ന് അയാൾ ചിന്തിച്ചുപോയി. ഒടുവിൽ വാതിൽ തുറക്കുന്നതും അപ്പോൾ അവിടെ നടക്കുന്ന സംഭവങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടാകുമെന്ന് നിക്കോൾസൺ കണക്കുകൂട്ടി.

അപ്പോഴേക്കും ആയുധങ്ങൾ തമ്മിൽ കൂട്ടിയുരസ്സി തീപ്പൊരി തെറിക്കുന്ന ശബ്ദം ഹാളിലെ അന്തരീക്ഷത്തിലാകെ പ്രതിഫലിച്ചുതുടങ്ങിയിരുന്നു.

'ഇർഫാഗോ ഫോർത്തുയി...'

ഹാളിൻറെ ഒരു ഭാഗത്തുനിന്നും ഉയർന്നുകേട്ട ലൂത്ത ഭാഷയിൽ എല്ലാത്തിനെയും അരിഞ്ഞുവീഴ്ത്തു എന്ന ആജ്ഞാ ശബ്ദത്തിൻറെ ഉറവിടം തേടിയതും ആ ശബ്ദത്തിൻറെ ഉടമയെ കണ്ട് പ്രൊഫസർ കണ്ണുമിഴിച്ചു.

ഒരേ അച്ചിൽ നിർമിക്കപ്പെട്ട രണ്ട് വസ്തുക്കളെപ്പോലെ ജോംസി മിസ്സിൻറെ അതേ രൂപത്തിലുള്ള മറ്റൊരു അവതാരം. പല്ലുകൾ കൂട്ടിപ്പിടിച്ച് ശത്രുക്കളുടെ നാശത്തിനായി കാത്തുനിൽക്കുന്ന അവരുടെ മുഖത്ത് അയാൾ മനസ്സിൽ പ്രതിഷ്ഠിച്ചിരുന്ന ജോംസി മിസ്സിൻറെ മുഖത്തിനുള്ള തേജസ്സോ നിഷ്കളങ്കതയോ തെല്ലുപോലുമുണ്ടായിരുന്നില്ല.

എങ്കിൽപ്പോലും ഇനി ഉടനെയൊന്നും കാണാൻ സാധിക്കുമെന്ന് ഉറപ്പില്ലാതിരുന്ന തൻറെ പ്രിയപ്പെട്ടവളുടെ മുഖം കണ്ടതും ഒരു നിമിഷം പ്രൊഫസറുടെ ചിന്താധാരകൾ ഫ്ളോറിടയിലെ ആ ഇന്ത്യൻ കോളേജിലേക്ക് വ്യതിചലിച്ചുപോയി.

‘മൂവന്തർ ഗിറാഗോ...’

(ആയുധമെടുത്ത് പൊരുതൂ...!)

തങ്ങളുടെ വംശത്തെ വേരോടെ പിഴുതെറിഞ്ഞ ശത്രുവിനെ വധിക്കുവാനായി രക്തം തിളയ്ക്കുന്ന യുവാക്കളുടെ ശക്തമായ പ്രതിരോധത്തെ തരണം ചെയ്യുവാൻ പ്രയാസം തോന്നിയതിനാലാവണം മെർക്കുറി രാജാവ് തൻറെ പത്നിയോട് അങ്ങനെ വിളിച്ചുപറഞ്ഞു. അത് കേൾക്കേണ്ട താമസം ശരീരത്തിൻറെ പിൻവശത്തായി തലയ്ക്കൊപ്പം ഉയർന്നുനിന്നിരുന്ന ഒരു തുകൽ പിടിയിൽ അവർ കരംമുറുക്കി. അതോടൊപ്പം മുന്നിലേക്ക് പാഞ്ഞടുത്തു.

അവരുടെ ആദ്യലക്ഷ്യം ആ വലയത്തെ തച്ചുടയ്ക്കുകയായിരുന്നു. കരുത്തോടെ പോരാടിക്കൊണ്ടിരുന്ന ജെസ്സിയുടെയും റ്റോജിയുടെയും പ്രതിരൂപത്തെ അവർ പിന്നിൽനിന്നും ചവിട്ടിത്തെറിപ്പിച്ചു. പ്രതീക്ഷിക്കാതെ പിന്നിൽനിന്നും ലഭിച്ച പ്രഹരത്തിൽ അവർ ഇരുവരും നിലത്തേക്ക് ഒരുപോലെ തെറിച്ചുവീണു. ഒറ്റനിമിഷത്തേക്ക് ബാക്കിയുള്ളവരുടെയും ശ്രദ്ധ നിലത്ത് വീണവരിലേക്ക് തിരിഞ്ഞു. ആ ഒരു നിമിഷംകൊണ്ട് അവർക്ക് നടുവിൽ നിന്നിരുന്ന മെർക്കുറി രാജാവ് രഞ്ജിത്തിൻറെയും അലക്സിൻറെയും ശരീരത്തിൽ ആഴത്തിൽ മുറിവേൽപ്പിച്ചു. രക്തത്തുള്ളികൾ ഹാളിലെ നിലത്തായി ചിതറിത്തെറിച്ചു.

വീണനിലത്തുനിന്നും ചാടി എഴുന്നേറ്റ് രാജപത്നിയുമായി പോര് തുടങ്ങാൻ തുനിഞ്ഞ റ്റോജിയുടെ പ്രതിരൂപത്തെ ഒപ്പം പിടഞ്ഞെഴുന്നേറ്റ ജെസ്സിയുടെ പ്രതിരൂപം തടഞ്ഞു. ശേഷം അവനെ പിന്നിലേക്ക് തള്ളിമാറ്റി പെണ്ണിനെ പെണ്ണുതന്നെ നേരിടണം എന്ന ഭാവത്തിൽ രാജപത്നിക്ക് നേർക്ക് അവൾ വാൾ ചുഴറ്റി. തൽക്ഷണം അവർ ഇരുവരുടെയും ആയുധങ്ങൾ അന്തരീക്ഷത്തിൽ ഏറ്റുമുട്ടി.

മുറിവേറ്റ ആഘാതത്തിൽ രഞ്ജിത്തും അലക്സും കൂട്ടത്തിൽ നിന്നും താൽക്കാലികമായി പിൻവാങ്ങിയതും ജെസ്സിക്കും റ്റോജിക്കും സ്ഥാനചലനം സംഭവിച്ചതും മൂലം ബാക്കിയുള്ള ആറുപേരായ വിക്കിയും ഷാനുവും താരയും റൂബിയും ലൂയിയും താനിയയും മെർക്കുറി രാജാവിനോട് പൊരുതിനിൽക്കുവാൻ നന്നേ പാടുപെട്ടു. മാത്രമല്ല അവരിൽ പലർക്കും രാജാവിൻറെ ആക്രമണങ്ങളും ഏറ്റുതുടങ്ങിയിരുന്നു.

അലക്സും രഞ്ജിത്തും തങ്ങളുടെ കീശയിൽ കരുതിയിരുന്ന നീളത്തിലുള്ള തുകലുകൾ മുറിവേറ്റ ഭാഗങ്ങളിൽനിന്നും രക്തം വാർന്നുപോകുന്നത് തടയുവാനായി പരസ്പരം വരിഞ്ഞുകെട്ടി.

ശേഷം അൽപ്പംപോലും സമയം പാഴാക്കാതെ വീണ്ടും പോർക്കളത്തിലേക്ക് ആയുധവുമെടുത്തിറങ്ങി.

രാജാവിനെ വലയം ചെയ്തിരുന്ന കൂട്ടത്തിലേക്ക് അവർ തിരികെവന്നതും താനിയയുടെ പ്രതിരൂപവും റൂബിയുടെ പ്രതിരൂപവും രാജപത്നിയുമായി ഏറ്റുമുട്ടി അവശയായിത്തീർന്ന ജെസ്സിയുടെ പ്രതിരൂപത്തെ സഹായിക്കുവാനായി വലയത്തിന് പുറത്തേക്കെത്തി.

ഇരു പെൺസിംഹങ്ങൾകൂടി വന്നെത്തിയതും രാജപത്നിക്ക് പൊരുതിനിൽക്കുവാൻ നന്നേ പ്രയാസപ്പെടേണ്ടിവന്നു. ഈ അവസരത്തിലായിരുന്നു ആരോ ഓടിയടുക്കുന്ന ചുവടുകളുടെ ശബ്ദം ഹാളിലേക്ക് പ്രതിദ്ധ്വനിച്ചെത്തിയത്.

പുതിയതായി പോർക്കളത്തിലേക്ക് രംഗപ്രവേശനം ചെയ്യുന്നത് ആരാണെന്നറിയുവാനുള്ള വ്യഗ്രതയിൽ പ്രൊഫസർ നിക്കോൾസൺ അൽപ്പംകൂടി മുന്നിലേക്ക് കടന്നുനിന്നു.

ആ കാലടിശബ്ദത്തിൻറെ ഉടമയെ കണ്ട് പ്രൊഫസർ വീണ്ടും അത്ഭുതപ്പെട്ടു. അൽപ്പം മുൻപ് കുളത്തിൻറെ പടിക്കെട്ടുകളിൽ പുസ്തകവുമായി താൻ നിർത്തിയകന്ന കെവിൻ. ആ ഒരുനിമിഷത്തിൽ താൻ കാണുന്നതെല്ലാം മിഥ്യതന്നെയാണോ എന്നയാൾ സംശയിച്ചുപോയി.

പക്ഷേ കെവിൻറെ വസ്ത്രധാരണവും പ്രചീനമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഇനിയെന്തൊക്കെയാണ് അരങ്ങേറുവാൻ പോകുന്നതെന്ന് കാണുവാനായി അയാൾ വീണ്ടും യുവജനങ്ങളിലേക്ക് കണ്ണ് പായിച്ചു. അപ്പോഴേക്കും യുവപോരാളികൾ പത്തുപേരും കഠിനപോരാട്ടത്താൽ അവശരായിത്തീർന്നിരുന്നു.

പക്ഷേ ആ സമയത്തും രാജാവും രാജപത്നിയും തുടക്കത്തിൽ കണ്ട അതേ വീറിലും വാശിയിലും തന്നെ നിലകൊണ്ടു.

തൻറെ കൂട്ടുകാർക്ക് ഇനിയും അധികസമയം പിടിച്ചുനിൽക്കുവാൻ സാധിക്കുകയില്ല എന്ന് മനസ്സിലാക്കിയ ആ മായൻ ബാലൻ പെട്ടെന്നൊരു

തീരുമാനത്തിലേക്കെത്താൻ കഴിയാതെ തൻറെ മന്ത്രപുസ്തകത്തിൻറെ സഹായം തേടി. കണ്ണുകളടച്ച് മുഖമുയർത്തി എന്തോ ഉരുവിട്ടശേഷം കീശയിൽ നിന്നും പുറത്തെടുത്ത ആ തടിച്ച പുസ്തകം അവൻ മലർക്കെ തുറന്നു.

ആ സന്ദർഭത്തെ തരണം ചെയ്യുവാനുള്ള മന്ത്രപുസ്തകത്തിൻറെ നിർദ്ദേശം തുറക്കപ്പെട്ട താളുകളിലുണ്ടായിരുന്നു.

അത് വായിച്ചതും അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളാൻ സാധിക്കാത്തതുപോലെ അവൻ നിന്നുവിയർത്തു. ശേഷം വീണ്ടും ആ പുസ്തകം അടച്ചുകൊണ്ട് മുൻപ് കാട്ടിയതുപോലെ മുകളിലേക്ക് നോക്കി എന്തൊക്കെയോ വാചകങ്ങൾ ഉരുവിട്ടുകൊണ്ട് ഒരുവട്ടംകൂടി അതവൻ മലർക്കെ തുറന്നു. അൽപ്പം മുൻപ് ലഭിച്ച നിർദ്ദേശം തന്നെയാണ് വീണ്ടും ലഭിച്ചതെന്ന് അവൻറെ മുഖഭാവം വിളിച്ചറിയിച്ചു.

ഒടുവിൽ അവ ഉൾക്കൊണ്ടതുപോലെ ദീർഘമായി ഒന്ന് ശ്വാസമെടുത്തശേഷം ആ പുസ്തകം അവൻ തിടുക്കത്തിൽ നിലത്തേക്ക് വച്ചു. താൻ ഇനി ഒരു നിമിഷം പഴാക്കിയാൽ അത് തൻറെ കൂട്ടുകാരിൽ പലരുടെയും ജീവന് ഹാനി വരുത്തുമെന്ന് ബാലന് ഉറപ്പുണ്ടായിരുന്നു.

പുസ്തകം താഴെ വച്ചയുടൻ ആദ്യതാളിലെ ആദ്യത്തെ വരിയിലെ വാചകങ്ങൾ ചുറ്റും നിന്നവരുടെയെല്ലാം കണ്ണുകളിലേക്ക് നോക്കി അവൻ ഉറക്കെ വായിച്ചു. പൊടുന്നനെ മായൻ മന്ത്രങ്ങൾ ചെവിയിൽ പതിച്ചതും രാജാവും രാജപത്നിയും ഞെട്ടിത്തിരിഞ്ഞുനോക്കി.

മായൻ വംശത്തിലെ മന്ത്രവിദ്യകൾ അറിയാവുന്നവരിൽ അവശേഷിച്ച ഏകവ്യക്തി തങ്ങൾക്ക് എതിരായി എന്തോ കടുത്ത പ്രയോഗം നടത്തുവാൻ പോകുന്നുവെന്ന് മനസ്സിലാക്കി ഒപ്പം പൊരുതിയിരുന്നവരെ തട്ടിത്തെറിപ്പിച്ചുകൊണ്ട് രാജദമ്പതികൾ ഇരുവരും ബാലൻറെ തല കൊയ്യുവാനായി പാഞ്ഞടുത്തു.

എങ്ങനെയും അവനെ ആ പ്രവർത്തിയിൽനിന്നും പിന്തിരിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഇത് കണ്ട മായൻ പോരാളികൾ ബാലനരികിലെക്കുള്ള അവരുടെ യാത്ര തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തന്നെത്തേടിയെത്തുന്ന മരണത്തെപ്പോലും വകവയ്ക്കാതെ അവൻ പുസ്തകത്തിലെ മന്ത്രനിർദ്ദേശങ്ങൾ ഉറക്കെ ഉരുവിട്ടു കൊണ്ടിരുന്നു.

യുവാക്കൾ പത്തുപേർ ഒരുമിച്ച് തടഞ്ഞിട്ടും അവരെയെല്ലാം ഭേദിച്ചുകൊണ്ട് മെർക്കുറിയുടെ അധിപനും പത്നിയും മുന്നിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. അവരുടെ ആയുധങ്ങളിൽ നിന്നും തുടരെത്തുടരെ രക്തം ചിതറിത്തെറിച്ചു.

അപ്പോഴേക്കും യുവാക്കളുടെയും യുവതികളുടെയും ശരീരത്തിലൂടെ പലകുറി അവരുടെ ശത്രുക്കളുടെ ആയുധങ്ങൾ കയറിയിറങ്ങിയിരുന്നു.

‘ഭിമാഗിർ ജിഫീ അസിനോമാവി...’

(ആയുധമുപേക്ഷിച്ച് ശക്തി പ്രയോഗിക്കു...)

അലക്സിൻറെ പ്രതിരൂപം വിളിച്ചുപറഞ്ഞതുകേട്ട് ബാക്കിയുള്ള ഒൻപതുപേരും കൈയ്യിലിരുന്ന വാളുകൾ താഴെയിട്ടുകൊണ്ട് അഞ്ചുപേർവീതമുള്ള രണ്ട് ഭാഗങ്ങളായി ശത്രുക്കൾ ഇരുവരുടെയും ആയുധത്തിൽ പിടുത്തമിട്ടു.

എന്തുകാരണവശാലും തങ്ങളുടെ ആയുധങ്ങൾ അവർ കൈവിടുകയില്ല എന്ന് അവർക്കെല്ലാവർക്കും പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

പത്തുകൈപ്പത്തികൾ വീതം രണ്ട് ആയുധങ്ങളിലും ബലം പ്രയോഗിച്ചതിൻറെ ഫലമായി അവർ ഇരുവരുടെയും മുന്നിലേക്കുള്ള യാത്ര തടസ്സപ്പെട്ടു. രാജദമ്പതികൾ ആയുധം ചുഴറ്റുവാനും മുന്നിൽ നിൽക്കുന്നവരെ തള്ളിനീക്കുവാനും എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. ഒടുവിൽ ആയുധം ഉപേക്ഷിക്കേണ്ട സ്ഥിതിവന്നപ്പോൾ രാജപത്നി മെർക്കുറി രാജാവിനെ നോക്കി എന്തോ കണ്ണുകൊണ്ട് ആംഗ്യം കാട്ടി.

പൊടുന്നനെ കാര്യം മനസ്സിലായതു പോലെ അയാൾ കൈയ്യിൽ ബലമായി പിടിച്ചുവച്ചിരുന്ന ആയുധം കൂടുതൽ ശക്തി പ്രയോഗിച്ച് മുകളിലേക്കും താഴേക്കും ചലിപ്പിക്കുവാൻ ആരംഭിച്ചു. ഓരോ ഉയർന്നുതാഴലിലും യുവപോരാളികളുടെ കൈപ്പത്തിയിൽ ചുറ്റിക്കെട്ടിയിരുന്ന തുകൽച്ചിന്തുകൾ കീറിമുറിഞ്ഞു കൊണ്ടിരുന്നു.

രാജപത്നിയും അതുതന്നെ അനുകരിച്ചു.

ബാലൻ അപ്പോഴും മന്ത്രപുസ്തകത്തിലൂടെ തനിക്ക് ലഭിച്ച നിർദ്ദേശങ്ങൾ പൂർണ്ണമാക്കുവാനായി ഓരോരോ ക്രിയകൾ ചെയ്തുകൊണ്ടിരുന്നു.

നാലോ അഞ്ചോ തവണ ഉയർന്നുതാഴ്ന്നപ്പോഴേക്കും തുകലും കടന്ന് ആയുധം അവരുടെയെല്ലാം മാംസത്തിലേക്ക് പ്രവേശിച്ചിരുന്നു. ശത്രുക്കൾ ഇരുവരുടെയും ആയുധങ്ങളിലൂടെ രക്തം കിനിഞ്ഞിറങ്ങി. യുവാക്കൾ പത്തുപേരും പല്ലുകൾ കൂട്ടിക്കടിച്ചു കൊണ്ട് വീണ്ടും അവരെ പ്രതിരോധിച്ചു. പത്തുകൈപ്പത്തികളിൽ നിന്നുമുള്ള രക്തത്തുള്ളികൾ ഒത്തുചേർന്നപ്പോൾ ആയുധത്തിൻറെ പിടിയിലൂടെ വെള്ളമൊഴുകും പോലെ രക്തമൊലിച്ചിറങ്ങി.

ഒടുവിൽ മാംസവും കടന്ന് ആയുധം കൈപ്പത്തിയുടെ അസ്ഥികളിൽ സ്പർശിച്ചപ്പോൾ അവരിൽ ഓരോരുത്തരും മുരണ്ടുകൊണ്ട് വേദന കടിച്ചമർത്തി. പക്ഷേ എന്നിട്ടും തങ്ങളുടെ ശത്രുക്കളെ ഒരിഞ്ചുപോലും അവർ മുന്നിലേക്ക് ചലിപ്പിച്ചില്ല. തൊട്ടടുത്ത നിമിഷത്തിലായിരുന്നു ബാലൻറെ നാവിൽനിന്നും വെളിയിലേക്ക് വന്നുകൊണ്ടിരുന്ന മന്ത്രവാചകങ്ങൾക്ക് രൂപം പ്രാപിച്ചുതുടങ്ങിയത്.

അവ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് മന്ത്രപുസ്തകത്തെ വലംവച്ചുകൊണ്ട് ഹാളിലായി നിന്നിരുന്ന പന്ത്രണ്ട് പേരുടെയും ശരീരങ്ങളിലായി അഭയംതേടി.

പൊടുന്നനെ രാജാവും രാജപത്നിയും സ്വർണ്ണത്തിളക്കമുള്ള മന്ത്രാക്ഷരങ്ങളെ ശരീരത്തിൽനിന്നും തട്ടിത്തെറിപ്പിക്കുവാനായി ശ്രമിച്ചു. യുവപോരാളികൾ തങ്ങളുടെ കൈകളിലേക്ക് ശത്രുക്കൾ വിട്ടുതന്ന ആയുധം ഒരുപോലെ കരസ്ഥമാക്കി. ശേഷം

മുന്നിലായി അസ്വസ്ഥതയോടെ ചുറ്റിത്തിരിയുന്ന ശത്രുക്കളെ വധിക്കുവാനായി ഒരുപോലെ മുന്നിലേക്ക് കുതിച്ചു. പക്ഷേ അന്തരീക്ഷത്തിലായി രൂപം പ്രാപിച്ചുകൊണ്ടിരുന്ന മന്ത്രാക്ഷരങ്ങൾ തങ്ങളിലേക്കും വ്യാപിക്കപ്പെടുന്നത് മനസ്സിലാക്കി അവർ ബാലനിലേക്ക് സംശയത്തോടെ നോക്കി.

'ഒറവസ്ത കിയോഫിഗിൾ ഈവ...'

(പുനർജനീ മന്ത്രപ്രയോഗം)

മന്ത്രങ്ങൾ ചൊല്ലുന്നതിനിടയിൽ ശ്വാസമെടുത്തുകൊണ്ട് അവൻ അവരോട് വ്യഖ്യാനിച്ചു.

അത് കേട്ടതും കൈയ്യിലിരുന്ന ആയുധങ്ങൾ രണ്ടും താഴേക്കിട്ടുകൊണ്ട് അവർ പത്തുപേരും ഒരുപോലെ മന്ത്രപുസ്തകത്തെ നോക്കി തലകുമ്പിട്ടു.

കാരണം സ്വന്തമായി തീരുമാനമെടുക്കാൻ സാധിക്കാതെവരുന്ന ചില അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് മായൻ വംശജരിലെ മാന്ത്രികർ തങ്ങളുടെ കൈയ്യിലുള്ള മന്ത്രപുസ്തകത്തിൻറെ സഹായം ആശ്രയിക്കുന്നത്. അങ്ങനെ സംഭവിച്ചാലും തലമുറയൊട്ടാകെ പറഞ്ഞുമാത്രം കേട്ടുകേൾവിയുള്ള ഒരു പ്രയോഗമായിരുന്നു പുനർജനീ മന്ത്രപ്രയോഗം.

ആ മന്ത്രം വിധിക്കപ്പെടുന്നവരും വിധിക്കാൻ നിയോഗിച്ച വ്യക്തിയും തങ്ങളുടെ നൂറുശതമാനം രൂപസാദൃശ്യവും ആരോഗ്യവും ബുദ്ധിയും കൂർമ്മബുദ്ധിയും ഒത്തിണങ്ങിയ മറ്റൊരു തലമുറയെ സന്ധിക്കുംവരെ ശാപമായും ഭാഗ്യമായും നൂറ്റാണ്ടുകൾ ശിലകളെപ്പോലെ ജീവിക്കും എന്നതായിരുന്നു അതിൻറെ പൂർണ്ണവ്യാഖ്യാനം,

മന്ത്രപുസ്തകം ആ വിധി തങ്ങൾക്ക് നൽകിയതിന് ഭാഗ്യമായിത്തന്നെ സങ്കൽപ്പിച്ചുകൊണ്ട് യുവപോരാളികൾ പത്തുപേരും പുസ്തകത്തെ വണങ്ങി. അപ്പോഴേക്കും രാജദമ്പതികളുടെയും അവരുടെയുമെല്ലാം ശരീരം ഒരു തീഗോളം ജ്വലിക്കുംപോലെ ജ്വലിച്ചുതുടങ്ങിയിരുന്നു. വൈകാതെ അവരുടെ ശരീരത്തിലെ ചലനങ്ങളെല്ലാം അവസാനിക്കുകയും മന്ത്രാക്ഷരങ്ങളുടെ ജ്വലനം മൂലം അവരുടെയെല്ലാം ശരീരത്തിന് പുറംതോടുപോലെ ഒരു പാളി രൂപപ്പെടുകയും ചെയ്തു..!

മന്ത്രപുസ്തകത്തിലെ ഒരു ഭാഗമെത്തിയപ്പോൾ മന്ത്രാവാചകങ്ങൾ മാറി പകരം ചില നിർദ്ദേശങ്ങളായി മാറുന്നത് അവൻ തിരിച്ചറിഞ്ഞു. അത് വായിച്ചതിലൂടെ തനിക്ക് വൻകരയിലായി നിറവേറ്റേണ്ട ചില ഉദ്യമങ്ങളുണ്ടെന്നും അതിനുശേഷം മാത്രമേ തനിക്കും തൻറെ കൂട്ടുകാരുടെ അതേ വിധി സ്വീകരിക്കാൻ സാധിക്കു എന്നും അവൻ മനസ്സിലാക്കി. തുടർന്ന് തൻറെ കർത്തവ്യങ്ങൾ നിറവേറ്റാനായി ആ കൊട്ടാരത്തിൻറെ പ്രാധാന വാതിലിനെ ലക്ഷ്യമാക്കി അവൻ നടന്നു.

അത്രയും സമയം ശ്വാസമടക്കിപ്പിടിച്ച് എല്ലാം വീക്ഷിച്ചു കൊണ്ടുനിന്ന പ്രൊഫസർ നിക്കോൾസൺ തനിക്ക് ആവശ്യമായ മിഥ്യാസന്ദർഭം വന്നെത്തിയത്

തിരിച്ചറിഞ്ഞ് കൊട്ടാരത്തിൻറെ പ്രാധാനവാതിലിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു..!

# അൻപത്തിരണ്ട്

കൊട്ടാരത്തിൻറെ പ്രധാനവാതിലിനരികിലേക്ക് വന്നെത്തിയ കെവിൻറെ രൂപമുള്ള ബാലൻ വാതിലിന് മുൻവശത്തായി കുറച്ചുദൂരം തള്ളി നിന്നു. അൽപ്പസമയം അവിടെത്തന്നെ അനങ്ങാതെ നിന്നശേഷം വാതിലിലേക്കും ഇടയ്ക്കിടെ തറനിരപ്പിലേക്കും നോക്കിക്കൊണ്ട് അവൻ മുന്നിലേക്ക് നടന്നു. എന്താണ് അവൻ ചെയ്യുന്നതെന്ന് പ്രൊഫസർക്ക് മനസ്സിലായതേയില്ല. കൃത്യം അഞ്ച് ചുവടുകൾ മുന്നിലേക്ക് വച്ചതും ആ വാതിൽ അകത്തേക്ക് മലർക്കെ തുറക്കപ്പെട്ടു.

പെട്ടെന്ന് താൻ കാണുന്നത് മിഥ്യയാണെന്ന് പോലും വകവയ്ക്കാതെ ബാലനൊപ്പം പുറത്തുകടക്കുവനായി പ്രൊഫസറും വാതിലിന് നേർക്ക് പാഞ്ഞു.

പക്ഷേ കൊട്ടാരത്തിൻറെ അങ്കണത്തിലായി ചുറ്റിത്തിരിയുന്ന ആയുധധാരികളായ ഭടന്മാരെ കണ്ടപ്പോൾ അയാളൊന്ന് പതറിനിന്നു. അതേ നിമിഷത്തിൽ ബാലൻ പുറത്തേക്ക് കടക്കുകയും തുറക്കപ്പെട്ട വാതിൽ അടഞ്ഞുകൊണ്ട് മിഥ്യാ സന്ദർഭം അവസാനിക്കുകയും ചെയ്തു.

അപ്പോൾ മാത്രമാണ് താൻ ചെയ്യുവാൻ ശ്രമിച്ച പ്രവർത്തി വിഡ്ഢിത്തമായിരുന്നു എന്നത് പ്രൊഫസർ ചിന്തിച്ചത്. പക്ഷേ ബാലൻ ചെയ്ത പ്രവർത്തികളിൽനിന്നും തനിക്ക് ഒന്നുംതന്നെ മനസ്സിലാക്കുവാൻ സാധിക്കാതിരുന്നതിനാലാണ് താൻ ആ രീതിയിൽ കാര്യങ്ങൾ ചെയ്തുപോയതെന്നോർത്ത് അയാൾ സ്വയം സമാധാനിച്ചു.

വെളിയിലെവിടെയോ അകപ്പെട്ടുപോയിരിക്കുന്ന തൻറെ പ്രിയപ്പെട്ടവരെ ഇനിയെങ്ങനെ കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യുമെന്നോർത്ത് പുറത്തുകടക്കുവാനുള്ള മറ്റൊരുപായത്തിനായി അയാൾ വാതിലിനരികിൽത്തന്നെ ചുറ്റിത്തിരിഞ്ഞു. ആ സമയത്ത് നല്ലരീതിയിൽ ഇടിവെട്ടുകയും മഴപെയ്യുകയും ചെയ്യുന്ന ശബ്ദം പുറത്തുനിന്നും ഉയർന്നുകേട്ടുകൊണ്ടിരുന്നു.

ഇനിയും ഒരിക്കൽക്കൂടി അത്രയും ദൈർഘ്യമേറിയ മിഥ്യാ സന്ദർഭം വീക്ഷിച്ച് വീണ്ടും സമയം പഴാക്കുവാൻ അയാൾ ഒരുക്കമായിരുന്നില്ല. ഒടുവിൽ അൽപസമയത്തെ ആലോചനയ്ക്കുശേഷം ഒരു പരീക്ഷണമെന്നതുപോലെ ബാലൻ സഞ്ചരിച്ച അതേ രീതിയിൽ ഒരു നീക്കം നടത്തുവാൻ അയാൾ തീരുമാനിച്ചു.

തുടർന്ന് അവൻ സഞ്ചരിച്ച ഹാളിലെ അതേഭാഗത്തുകൂടി അയാളും സാവധാനത്തിൽ കൃത്യതയോടെ നടന്ന് വാതിലിന് അൽപ്പം ദൂരെയായി അവൻ നിന്നിരുന്നതുപോലെതന്നെ നിന്നു.

മിഥ്യയിൽ ബാലൻ തുടർന്ന് ചെയ്തത് വാതിലിലേക്ക് ചലനമില്ലാതെ അൽപ്പസമയം നോക്കി നിൽക്കുകയായിരുന്നുവെന്ന് ഓർത്തെടുത്തുകൊണ്ട് അയാളും അതുപോലെതന്നെ വാതിലിലേക്കും നോക്കിനിന്നു.

ഏതാനും നിമിഷങ്ങൾമാത്രം ദൈർഘ്യമേറിയ ആ നിൽപ്പിൽനിന്നും പ്രത്യേകിച്ച് ഒന്നുംതന്നെ സംഭവിക്കുന്നതായി അയാൾക്ക് തോന്നിയില്ല. നിരാശയോടെ ഇടതുവശത്തേക്ക് തലവെട്ടിച്ചുകൊണ്ട് ഒന്ന് നിശ്വസിച്ചപ്പോഴാണ് തലവെട്ടിച്ചപ്പോൾ ഉരുക്കിനാൽ നിർമ്മിതമായ വാതിലിൻറെ പിൻഭാഗത്തിൽ ഒരു തിളക്കം പോലെ പ്രൊഫസർ നിക്കോൾസന് തോന്നിയത്. അത് എന്താണെന്ന് കണ്ടെത്തുവാനായി അവിടേക്കയാൾ സൂക്ഷമതയോടെ കണ്ണ് ചുരുക്കിനോക്കി.

കൊട്ടാരവാതിലിൻറെ ഉരുക്കുപ്രതലത്തിൽ നേരിയ ഒരു ഗ്ലാസ്സ് കോട്ടിങ്ങ് പോലെ എന്തോ ഒന്ന് ആവരണം ചെയ്തുവച്ചിട്ടുണ്ടെന്ന് ആ നോട്ടത്തിൽനിന്നും അയാൾ മനസ്സിലാക്കി. ആ ആവരണത്തിൽത്തന്നെ അൽപ്പസമയം സൂക്ഷിച്ചുനോക്കിയപ്പോൾ അതിൽ ഹാളിൻറെ തറ നിരപ്പിലെ ചിത്രപ്പണികൾ ചെറിയരീതിയിൽ പ്രതിഫലിക്കുന്നതായും അയാൾ തിരിച്ചറിഞ്ഞു.

ആ നിമിഷത്തിൽ അയാളുടെ ഓർമ്മകളിലൂടെ പഴയ ഒരു സംഭവം കടന്നുപോയി. പണ്ടൊരു ഹിമാലയ യാത്രയിൽ ഒരു യോഗി ദർപ്പണംപോലെ തോന്നിക്കുന്ന ഒരു വസ്തു അയാളുടെ കൈവശം കൊടുക്കുകയും അതിൽ അൽപ്പസമയം ശ്രദ്ധ കേന്ദ്രീകരിക്കാൻ പറയുകയും ചെയ്തു. ആദ്യമാദ്യം അത് വെറും ഒരു ദർപ്പണമായി തോന്നുകയും ശാന്തതയോടെ അതിൽത്തന്നെ ശ്രദ്ധിച്ചിരുന്നപ്പോൾ സാക്ഷാൽ പരമശിവൻറെ രൂപം അതിൽ തെളിഞ്ഞുവരികയും ചെയ്തു. എത്ര തുക കൊടുക്കാമെന്ന് പറഞ്ഞിട്ടും ആ യോഗി ആ ദർപ്പണം അദ്ദേഹത്തിന് നൽകിയില്ല. കണ്ണുകളും മനസ്സും തമ്മിലുള്ള ഐക്യത പൂർണ്ണമായാൽ മാത്രമേ ഒരു ദർപ്പണവസ്തുവിൻറെ രഹസ്യ ആന്തരിക കാഴ്ചകൾ സാധ്യമാകൂ എന്നൊരുപദേശം കൊടുത്തുകൊണ്ട് അന്ന് ആ യോഗി അയാളിൽനിന്നും യാത്രപറഞ്ഞുപോയി.

ഇപ്പോൾ തൻറെ മുന്നിലുള്ള വാതിലിലും അതുപോലെയുള്ള എന്തോ ഒരു വസ്തുകൊണ്ടാണ് ആവരണം ചെയ്തിരിക്കുന്നതെന്നും അതിൻറെ ആന്തരിക കാഴ്ചയിൽ എന്തോ രഹസ്യം അടക്കം ചെയ്തിട്ടുണ്ടെന്നും പ്രൊഫസർ മനസ്സിലാക്കി.

അതിനാൽ ആ ആവരണത്തിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അയാൾ തീരുമാനിച്ചു. ഓരോ നിമിഷം കഴിയുംതോറും ഒരു കണ്ണാടിയിൽ കാഴ്ചകൾ തെളിഞ്ഞുവരും പോലെ ഹാളിൻറെ തറനിരപ്പ് വാതിലിൻറെ പിൻവശത്തായി തെളിഞ്ഞുവന്നു. കൂടുതലുള്ള നിരീക്ഷണത്തിൽനിന്നും തറനിരപ്പിൽ നഗ്നനേത്രങ്ങളാൽ കാണാൻ സാധിക്കാത്ത ചില അടയാളങ്ങൾ ആ ദർപ്പണത്തിൽ കാണുന്നതായി അയാൾ തിരിച്ചറിഞ്ഞു. തൽക്ഷണം അൽപ്പംമുൻപ് ബാലൻ സഞ്ചരിച്ച മിഥ്യാകാഴ്ചകൾ അയാളുടെ ചിന്താധാരകളിലേക്ക് ഒരിക്കൽക്കൂടി

കടന്നെത്തി. ഹാളിലെ തറനിരപ്പിൽ ഇല്ലാത്തതും ദർപ്പണത്തിൽ തെളിഞ്ഞുവന്ന തറനിരപ്പിൽ ഉള്ളതുമായ അഞ്ച് വൃത്തങ്ങൾ...!

അവ തൻറെ പാദങ്ങൾ സഞ്ചരിക്കേണ്ട രഹസ്യമാർഗ്ഗമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. പിന്നീട് ഒട്ടും താമസമില്ലാതെ ദർപ്പണത്തിലും യദാർത്ഥ തറനിരപ്പിലുമായി മാറിമാറി സൂക്ഷ്മതയോടെ നോക്കിക്കൊണ്ട് ഓരോ വൃത്തത്തിലൂടെയും പ്രൊഫസർ മുന്നിലേക്ക് ചുവടെടുത്തുവച്ചു.

ഒരടി അങ്ങോട്ടോ ഇങ്ങോട്ടോ വ്യതിചലിക്കാതെയായിരുന്നു അയാളുടെ അപ്പോഴത്തെ നീക്കം. ഒടുവിൽ കൃത്യം അഞ്ചാമത്തെ വൃത്തത്തിലേക്ക് കാലെടുത്തുവച്ചതും ബാലനായി തുറന്നുകൊടുത്തതുപോലെ കൊട്ടാരവാതിൽ മലർക്കെ തുറന്ന് അയാൾക്കും പുറത്തേക്ക് സ്വാഗതമരുളി.

അപ്പോഴേക്കും പുറത്ത് പെയ്തുകൊണ്ടിരുന്ന മഴ പൂർണ്ണമായും ശമിച്ചിരുന്നു. കൈയ്യിലായി ടോർച്ചും ഒരു തീപ്പന്തവുമേന്തി അയാൾ തൻറെ പ്രിയപ്പെട്ടവരെയും തേടി മർമ്മദ്വീപിലേക്കിറങ്ങി. പേമാരി മൂലം വന്യജീവികൾ പലതും പാറയിടുക്കുകളിലും മറ്റും അഭയം തേടിയിരുന്നതിനാൽ പ്രിയപ്പെട്ടവർക്കായുള്ള അന്വേഷണത്തിനിടയിൽ അവയുടെ ശല്യവും പ്രൊഫസറിനുണ്ടായില്ല. ഒടുവിൽ അദ്ദേഹത്തിൻറെ യാത്ര അവസാനിച്ചത് ആ നദിക്കരയിലാണ്. അവിടെനടന്ന ബാക്കിക്കാര്യങ്ങൾ ഞാൻ നിങ്ങളോടെല്ലാം മുൻപ് പറഞ്ഞതാണ്...'

പ്രൊഫസർ ദ്വീപിലെത്തി തങ്ങളെ കണ്ടുമുട്ടിയതുവരെയുള്ള കാര്യങ്ങൾ അണുവിട തെറ്റാതെ താനിയ പറഞ്ഞുനിർത്തി. അതുവരെ കേട്ടകാര്യങ്ങളിൽനിന്നും കൊട്ടാരത്തിന് വെളിയിലേക്കെത്തുവാനുള്ള ഉപായം മനസ്സിലാക്കിയെടുത്തതിൽ അവർ ഓരോരുത്തരും സ്വയം സമാധാനിച്ചു.

'അന്ന് നദിക്കരയിൽ നിങ്ങളുടെ ശവശരീരങ്ങളെയാണ് പ്രൊഫസറിന് കാണുവാൻ സാധിച്ചത്...പിന്നീടെന്തുണ്ടായി...?'

രഞ്ജിത് ഭൂതകാലത്തിലെ കഥയുടെ തുടർച്ചയ്ക്കായി തിടുക്കംകൂട്ടി.

വൻമരത്തിലെ പൂവുകൾ അപ്പോഴും അവർക്കുചുറ്റും പ്രകാശിച്ചുകൊണ്ടിരുന്നു. ഇതേസമയം റ്റോജി വിക്കിയുടെ മടിയിലായി തലചായ്ച്ചുകിടന്ന് അന്തരീക്ഷത്തിൽ ചൂണ്ടുവിരൽകൊണ്ട് എന്തൊക്കയോ കണക്കുകൂട്ടലുകൾ നടത്തുകയായിരുന്നു. പെട്ടെന്നെന്തോ കണ്ടെത്തിയതുപോലെ അവൻ പിടഞ്ഞെഴുന്നേറ്റിരുന്നു.

'ഇതിൽ മറ്റൊരു സുപ്രധാനകാര്യം കൂടിയുണ്ട്. പ്രൊഫസർ താനിയയെയും ലൂയിയേയും നദിക്കരയിൽ സന്ധിച്ച ദിവസം. അന്നത്തെ ദിവസത്തിനൊരു പ്രത്യേകതയുണ്ടായിരുന്നു. അന്ന് ഭൂമിയുടെ ആയുസ്സ് വെറും പത്ത് ദിവസങ്ങൾകൂടി മാത്രമായിരുന്നു. അതിനുശേഷം എത്രയോ ദിവസങ്ങൾക്കുശേഷമാണ് നമ്മളീ ദ്വീപിലേക്കെത്തിയത്... താനിയയ്ക്ക് നിങ്ങൾ ഈ ദ്വീപിൽ എത്തിച്ചേർന്നിട്ട് ഇന്നേക്ക് എത്ര ദിവസങ്ങളായെന്ന് കൃത്യമായി പറയുവാൻ സാധിക്കുമോ?'

റ്റോജി ചോദിച്ച ചോദ്യം വിലപ്പെട്ട ഒരു വസ്തുതയാണെന്ന് അവർ ഓരോരുത്തരും പൊടുന്നനെ തിരിച്ചറിഞ്ഞു. താനിയയുടെ നെറ്റിയിൽ വരകൾ പ്രത്യക്ഷപ്പെട്ടതോടൊപ്പം വിരലുകൾ ഓരോന്നും മടക്കിയും നിവർത്തിയും തൻറെ ചില്ലുടഞ്ഞ് സൂചി പോയ വാച്ചിലെ തീയതി നോക്കിയും ദ്വീപിലായുള്ള ദിവസങ്ങൾ അവൾ കണക്കുകൂട്ടി. ഒടുവിൽ ഒരു തീരുമാനത്തിലെത്തിയതുപോലെ അവൾ രഞ്ജിത്തിനെ നോക്കി.

'ഇന്ന് ജനുവരി പതിമൂന്ന്... ഞാനും ലൂയിയും മർമ്മദ്വീപിൽ എത്തിച്ചേർന്നിട്ട് ഇന്നേക്ക് കൃത്യം ഒരാഴ്ച തികഞ്ഞിരിക്കുന്നു. അതായത് ഏഴ് ദിവസങ്ങൾ...'

അത് കേട്ടതും മരത്തടിയിലായി കഥകേട്ട് വിശ്രമിച്ചുകൊണ്ടിരുന്നവർ പലരും മുന്നിലേക്ക് എഴുന്നേറ്റിരുന്നു.

'അപ്പോൾ ഇനി നമുക്കുള്ളത് വെറും മൂന്ന് ദിവസങ്ങൾകൂടി മാത്രമോ..?'

റ്റോജി അവിശ്വസനീയമായ എന്തോ കേട്ടതുപോലെ ചോദിച്ചു.

താനിയ എന്തൊക്കയോ ചിന്തിച്ചുകൊണ്ട് തലകുലുക്കി.

'പ്രൊഫസർ മുൻപ് നമ്മളോട് പറഞ്ഞ കാര്യങ്ങൾ വച്ച് നോക്കിയാൽ മാതൃകാഭൂമിയുടെ അന്ത്യനാളുകളിലേക്കടുക്കുമ്പോൾ ഭൂമിയിൽ വൻ പ്രകൃതിദുരന്തങ്ങളുണ്ടാകുമെന്നും അവസാന നാളിൽ ഭൂമിയുടെ ഭ്രമണപഥത്തിൽ വ്യത്യാസമുണ്ടായി ലോകമവസാനിക്കുമെന്നുമാണ്. മാത്രമല്ല മുൻകാലഘട്ടങ്ങളിൽ പ്രതിരൂപങ്ങളെല്ലാം ദ്വീപിലേക്കെത്തി മരണമടഞ്ഞശേഷം ശിലയിൽ നിന്നും വെളിയിലേക്കെത്തേണ്ട സമയവും ഇതിനോടകംതന്നെ അടുത്തിട്ടുണ്ടാവണം. സത്യത്തിൽ ഇപ്പോൾ കാര്യങ്ങളെല്ലാം വലിഞ്ഞുമുറുകിയ അവസ്ഥയിലായിരിക്കുന്നു. നമുക്കിനി അധികം സമയമില്ല.'

രഞ്ചിത് എല്ലാവരോടുമായി കാര്യഗൗരവത്തോടെ പ്രതികരിച്ചു.

'മായന്മാരുടെ തീരുമാനപ്രകാരം നമ്മളെല്ലാവരും മരിക്കേണ്ട സമയം ഇതിനോടകംതന്നെ കഴിഞ്ഞിട്ടുണ്ട്. ഇനിയുള്ള ഓരോ നിമിഷവും നഷ്ടപ്പെടുത്തിയാൽ അത് നമ്മൾ ഭൂമിയോടും ഭൂമിയിൽ ജീവിക്കുന്നവരോടും ചെയ്യുന്ന ഏറ്റവുംവലിയ ക്രൂരതയായിരിക്കും. ഒരുപക്ഷേ വലിയ അനർത്ഥങ്ങൾ ഇതുവരെ അവിടെ സംഭവിച്ചിട്ടില്ലെന്നുതന്നെ നമുക്ക് കരുതാം. ഒരു തീരുമാനമെടുക്കേണ്ട സമയമായിരിക്കുന്നു. ഒന്നുകിൽ നമുക്ക് നമ്മുടെ ജീവൻ പുസ്തകത്തിലെ തീരുമാനങ്ങൾക്ക് ഇപ്പോൾത്തന്നെ വിട്ടു കൊടുക്കാം. ഇല്ലെങ്കിൽ നമ്മുടെ ആയുസ്സ് എപ്പോൾ അവസിപ്പിക്കണമെന്ന് കൂട്ടത്തോടെ ഒരു തീരുമാനമെടുത്തശേഷം ലക്ഷ്യത്തിലേക്ക് പുറപ്പെടാം.'

താനിയ എല്ലാവരോടുമായി പറഞ്ഞു.

'ആദ്യം എന്താണ് നമ്മുടെ ലക്ഷ്യമെന്ന് പറയൂ താനിയാ. കൊട്ടാരത്തിൻറെ ഹാളിൽനിന്നും ആ രാജാവിനെയും രാജപത്നിയേയും കണ്ട് ഭയന്നോടി വന്നവരാണ്

ഞങ്ങൾ. ഞങ്ങൾക്ക് പ്രൊഫസറുടെ തീരുമാനങ്ങളോ ലക്ഷ്യങ്ങളോ ഒന്നുംതന്നെ അറിയില്ല.'

റൂബി തങ്ങളുടെ നിസ്സഹായത വെളിപ്പെടുത്തി.

'അതേ താനിയ... എന്താണ് നമ്മുടെ ലക്ഷ്യം... നമ്മൾ എങ്ങോട്ടേയ്ക്കാണ് ഇങ്ങനെ ഒരു പിടുത്തവുമില്ലാതെ സഞ്ചരിക്കുന്നത്.?'

രഞ്ജിത് ഉന്നയിച്ചു.

'അതിലേക്കായിരുന്നു ഞാൻ കാര്യങ്ങൾ പറഞ്ഞുവന്നത്. പക്ഷേ ഇനിയും പഴയ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നാൽ ലഭിച്ച ഈ വിലപ്പെട്ട സമയം നമുക്ക് നഷ്ടമാവും. അതിനാൽ ഇനി നമുക്ക് ചെയ്യുവാനുള്ള കാര്യങ്ങൾ ഞാൻ എല്ലാവർക്കും കൃത്യമായി പറഞ്ഞുതരാം. നമ്മുടെ മനസ്സ് ഒരുപോലെ പ്രവർത്തിച്ചാൽ ഉറപ്പായും നമുക്കിതിൽ വിജയിക്കാനാവും. പ്രൊഫസർ കെവിനുമായി മാതൃകാഭൂമി അന്വേഷിച്ചുള്ള യാത്രയിലാണ് ഒന്നാംപുസ്തകം തിരികെയെടുക്കുവാനായി തിരിച്ച് കൊട്ടാരത്തിൻറെ ആരംഭഭാഗത്തേക്ക് വന്നെത്തിയത്. അതിനിടയിലാണ് ഞങ്ങളെ കണ്ടെത്തിയതും. ശേഷം ചില സുപ്രധാന സംഭവങ്ങൾ നടന്നിരുന്നു. ഞങ്ങൾക്ക് ജീവൻ തിരികെലഭിക്കാൻ ഇടയായ സംഭവങ്ങൾ. ആ കാര്യങ്ങൾ ഞാൻ ഇപ്പോൾ ഒഴിവാക്കുന്നു. എന്തായാലും ഈ ദ്വീപിൽനിന്നും നിങ്ങൾ ജീവനോടെ തിരികെ പോകുന്നുണ്ടെങ്കിൽ അത് ഞാൻ പറയാതെതന്നെ നിങ്ങൾക്കും മനസ്സിലാകും.

അടുത്തതായി ഞങ്ങളും മാതൃകാഭൂമി തിരയുവാനായി പ്രൊഫസർക്കൊപ്പം ഇറങ്ങിത്തിരിച്ചതാണ്. പക്ഷേ അപ്പോഴേക്കും കെവിനെ നമ്മൾ നീന്തിക്കയറിയ കുളക്കരയിലിരുത്തിയശേഷം പ്രോഫസർ തിരികെപ്പോന്നിട്ട് അനവധി മണിക്കൂറുകൾ താണ്ടിയിരുന്നു.

പക്ഷേ പിന്നീട് ഞങ്ങൾ മൂവരും വ്യക്തമായ പ്ലാനിങ്ങോടുകൂടിയാണ് മുൻപോട്ട് സഞ്ചരിച്ചത്. അടിയിലേക്ക് ആകർഷണമുള്ള ആ ജലസംഭരണിയിലേക്ക് ഞങ്ങൾ കുതിച്ചില്ല. പകരം കൈയ്യിലുണ്ടായിരുന്ന കയർ പ്രൊഫസർ ജലസംഭരണിയിൽ കൊളുത്തുപയോഗിച്ച് മുകളിലേക്ക് കയറിയ ഭിത്തിയിലായി ഘടിപ്പിച്ച് വെള്ളത്തിനടിയിലേക്ക് നീട്ടിയിട്ടു. അഥവാ ഇനിയൊരിക്കൽ തിരികെ വരേണ്ടി വന്നാലും അത് ഒരു സഹായമായിരിക്കുമല്ലോ. അങ്ങനെ വെള്ളത്തിനടിയിലെ അഞ്ചാമത്തെ ചെറു വാതിലിലൂടെ ഞങ്ങൾ കെവിനിരുന്ന സ്ഥലത്തേക്കെത്തിച്ചേർന്നു. പക്ഷേ ആ കുട്ടിയെ ഞങ്ങൾ അവിടെയെങ്ങും കണ്ടില്ല. ഞങ്ങളെക്കാളും പ്രൊഫസറായിരുന്നു കൂടുതൽ അസ്വസ്ഥനായത്. അയാൾ അവൻറെ പേര് ഉറക്കെവിളിച്ചുകൊണ്ട് അവിടെയൊട്ടാകെ നടന്നു. ഒടുവിൽ നിരാശനായി മടങ്ങിയെത്തി. അതിനുശേഷമാണ് രണ്ടാം തുകൽ പുസ്തകത്തിലെ അടയാള ചിഹ്നങ്ങൾവച്ച് മാതൃകാഭൂമിയും തേടിയുള്ള യാത്രയെക്കുറിച്ച് അദ്ദേഹം ഞങ്ങളോട് പറയുന്നത്.

രണ്ടാം പുസ്തകത്തിലെ അടയാളചിഹ്നങ്ങൾ മനപ്പാഠമായിരുന്നതിനാൽ മാതൃകാഭൂമിയിലേക്ക് പോകുവാൻ പ്രൊഫസർക്ക് ആ പുസ്തകത്തിൻറെ ആവശ്യമുണ്ടായിരുന്നില്ല. വഴിയിലെവിടെയെങ്കിലും കെവിനെ കണ്ടുമുട്ടാൻ സാധിക്കും എന്ന ഉറച്ച വിശ്വാസത്തോടെ ഗുഹയിലൂടെ നമ്മൾ വന്ന വഴിയേ അദ്ദേഹം നടന്നകന്നു. അതോടൊപ്പം പിടിച്ചുനിൽക്കുവാൻ കഴിയുന്നതുവരെ ഞാനും ലൂയിയും അവിടെത്തന്നെ തുടരണമെന്നും അവിടെ തുടരാൻ സാധിക്കാത്ത സാഹചര്യം വന്നാൽ തിരികെ കൊട്ടാരത്തിൻറെ ആദ്യഭാഗത്തേക്ക് പൊയ്ക്കൊള്ളാനും പ്രൊഫസർ പറഞ്ഞു.

അഥവാ മറ്റുവഴികളിൽ എതെങ്കിലുമാണ് കെവിൻ തിരഞ്ഞെടുത്തതെങ്കിൽ അവൻ കുളക്കരയിലേക്ക് തിരികെയെത്തുമ്പോൾ ഞങ്ങൾ അവിടെയുണ്ടാകുമല്ലോ എന്നദ്ദേഹം ചിന്തിച്ചിരുന്നു. പക്ഷേ ഞങ്ങളെ അവിടെ നിർത്തിയശേഷം മുന്നോട്ടുപോയ ആ യാത്ര അദ്ദേഹത്തിന് പൂർണ്ണമാക്കുവാൻ സാധിച്ചില്ല. വളരെയേറെ കഷ്ടപ്പെട്ട് അടയാളങ്ങൾ മനസ്സിലാക്കി മുന്നേറി ഒടുവിൽ മാതൃകാഭൂമിയിലേക്കെത്തുവാനുള്ള യാത്രയിൽ ഏതോ ഭൂഗർഭ പാതയിലേക്ക് പ്രൊഫസർ ചെന്നുവീഴപ്പെട്ടു. അവിടെനിന്നും പുറംലോകം തേടിയുള്ള യാത്രയിലാണ് കടൽക്കരയിലെ പാറക്കെട്ടിൽവച്ച് ജോംസി മിസ്സിനെയും നിങ്ങളെയുമെല്ലാം അദ്ദേഹം സന്ധിച്ചത്. ഒടുവിൽ നിങ്ങളുമായി ഈ കൊട്ടാരത്തിലെത്തിയശേഷം നിങ്ങളെയെല്ലാം ഓരോ മുറികളിലാക്കി താൻ ഉപയോഗിച്ചു കൊണ്ടിരുന്ന മുറിയിലേക്ക് പ്രവേശിച്ച അദ്ദേഹം അത് കാണുകയുണ്ടായി. എന്തെന്നാൽ കുളക്കടവിലായി കെവിനെയും പ്രതീക്ഷിച്ചുകൊണ്ട് വിശന്നുതളർന്ന് രണ്ട് ദിവസം തള്ളിനീക്കിയ ഞങ്ങൾ എന്തെങ്കിലും ഭക്ഷണംതേടി കൊട്ടാരത്തിന് വെളിയിലേക്ക് പോകുംമുൻപ് അദ്ദേഹം ഒരുപക്ഷേ തിരികെ വന്നാലോ എന്ന ചിന്തയുടെ പുറത്ത് എഴുതിവച്ച ആ സന്ദേശം.

അങ്ങനെയാണ് ആ കാറ്റിലും പേമാരിയിലും ഞങ്ങളെത്തേടി പ്രൊഫസർ കൊട്ടാരത്തിന് വെളിയിലേക്കെത്തിയത്. ആ സമയത്ത് ഞങ്ങളാവട്ടെ കൊട്ടാരത്തിൻറെ വലതുവശത്തായുള്ള പഴത്തോപ്പിലെ വിശ്രമാലയത്തിൽ പേമാരിയിൽനിന്നും രക്ഷതേടി അഭയം പ്രാപിച്ചിരുന്നു. അദ്ദേഹം പെട്ടെന്ന് അവിടേയ്ക്ക് കടന്നെത്തിയതും ഞങ്ങളിൽനിന്നും പോയ്മറഞ്ഞ പ്രതീക്ഷയുടെ കണങ്ങളെല്ലാം ഒന്നിച്ച് തിരികെ വന്നെത്തിയതുപോലെ തോന്നി. പ്രൊഫസർ അതുവരെ ഉണ്ടായ സംഭവങ്ങളത്രയും ഞങ്ങളോട് വിവരിച്ചു. അതിൽ അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞ ഒരു കാര്യമുണ്ടായിരുന്നു. അത്രയും ദിവസമായിട്ടും എല്ലാത്തിനെയും അതിജീവിച്ചുകൊണ്ട് കെവിൻ കൊട്ടാരത്തിനുള്ളിൽത്തന്നെ എവിടെയോ ജീവിച്ചിരിക്കുന്നുവത്രേ...! അതിന് തെളിവായിട്ടാണ് മെർക്കുറിയിൽ ആ പ്രകൃതിക്ഷോഭങ്ങൾ അപ്പോൾ അരങ്ങേറുന്നതും പുസ്തകങ്ങളുടെ തീരുമാനപ്രകാരം മർമ്മദ്വീപിലേക്ക് വരേണ്ടിയിരുന്നവരെല്ലാം എത്തിച്ചേർന്നുവെന്നും ഇനി എല്ലാവരും

ചേർന്ന് മുന്നോട്ട് പോകുന്നതിൽ അർത്ഥമില്ലെന്നും താൻ ഒരു പുതിയ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടെന്നും പ്രൊഫസർ ഞങ്ങളോട് പറഞ്ഞു. ശേഷം ഒന്നാം തുകൽപുസ്തകം ഞങ്ങളെ ഏൽപ്പിച്ചു.'

അത്രയും പറഞ്ഞശേഷം മരത്തിൻറെ ശിഖരത്തിലായി എന്തോ കണ്ട് ഭയപ്പെട്ടതുപോലെ കണ്ണ് തുറിച്ചു കൊണ്ട് താനിയ അവർക്കുപിന്നിലേക്ക് നോക്കി. അത് കണ്ടതും ബാക്കിയുള്ളവരും പെട്ടെന്നുതന്നെ പിന്നിലേക്ക് ഞെട്ടിത്തിരിഞ്ഞു..!

# അൻപത്തിമൂന്ന്

താനിയയ്ക്കൊപ്പം എല്ലാവരുടെയും കണ്ണുകൾ ഒരുപോലെ ആ ശിഖരത്തിൻറെ ആരംഭഭാഗത്തേക്ക് ചെന്നെത്തിനിന്നു. ഒരു നിഴൽ അവിടെയായി ചലിക്കുന്നത് കണ്ടപ്പോൾ അവർ ഓരോരുത്തരെയും നെഞ്ചിടിപ്പ് ക്രമാതീതമായി വർദ്ധിച്ചു. ഇനിയൊരാക്രമണം നേരിടുവാനുള്ള മാനസികാവസ്ഥ അവർക്കാർക്കുമുണ്ടായിരുന്നില്ല. അതിനാൽ ആരും ചലിക്കാതെ നിന്നിടത്തുതന്നെ നിലകൊണ്ടു.

വൻവൃക്ഷത്തിൻറെ കാണ്ഡഭാഗത്തെ കുരിരുട്ടിൽനിന്നും മരത്തിൽ അങ്ങിങ്ങായി നിൽക്കുന്ന പൂവുകൾ വിസരിക്കുന്ന ഇളംചുവപ്പ് പ്രകാശത്തിലേക്ക് കടന്നെത്തിയ നിഴൽരൂപത്തിൻറെ മുഖം കണ്ടതും എല്ലാവരും ഒരുപോലെ ഞെട്ടി.

'ലൂയീ...'

ആ പേര് വിളിച്ചുകൊണ്ട് താനിയ അവനരികിലേക്കോടിച്ചെന്നു. പക്ഷേ ബാക്കിയുള്ളവരുടെയെല്ലാം മനസ്സിൽ അപ്പോൾ ഒരു ചോദ്യം മാത്രം അവശേഷിച്ചുനിന്നു. ലൂയി മരണപ്പെട്ട് മായൻവംശജൻ ആയിട്ടാണോ ആ തിരിച്ചുവരവ് എന്നത്. അതേസമയം അവൻ താനിയയെ കെട്ടിപ്പിടിച്ചതും നെറുകയിൽ ചുംബിക്കുന്നതും കണ്ടപ്പോൾ അവരുടെ സംശയം തൽക്ഷണം അലിഞ്ഞില്ലാതായി.

അവരും അവനരികിലേക്ക് ഓടിച്ചെന്നു.

'ലൂയീ....നിനക്ക് കുഴപ്പമൊന്നുമില്ലല്ലോ അല്ലേ...'

താര ഉള്ളിൽ അടക്കിപ്പിടിച്ച സന്തോഷത്തോടെ ഒറ്റ ശ്വാസത്തിൽ ചോദിച്ചു.

താനിയയിൽനിന്നും വേർപെട്ടുകൊണ്ട് അവൻ താരയെ നോക്കി നെറ്റിചുളിച്ചു.

'ലൂയീ... ലിയഡാഫോ മേരുസിൽ വിക്കാ താര...'

താനിയ അവന് അവൾ ചോദിച്ചത് തർജ്ജമ ചെയ്തു.

താൻ ഓക്കെയാണ് എന്ന തരത്തിൽ അവൻ നെഞ്ചിൽ കൈവച്ചശേഷം താരയുടെ ഉള്ളം കൈയ്യിലേക്ക് അവൻറെ ഉള്ളംകൈ വച്ചുകൊണ്ട് ബലപ്പെടുത്തി.

എങ്കിലും ചില പരിക്കുകൾ അവൻറെ ശരീരത്തിൽ അവശേഷിച്ചിരുന്നു. താര തൻറെ വസ്ത്രത്തിൻറെ ഒരു വശംകൊണ്ട് അവൻറെ കൈയ്യിൽ പൊടിഞ്ഞിരുന്ന രക്തം തുടച്ചുമാറ്റി.

‘താനിയ...നീമ ഹാ ദിർസവേ ലിയാതോ മിൽസവീ ബീകാ.. തർവിയാഗോ കിലിസ് മാബ്വസ് ഹീ അസർബെയ് ഫീക്കർ ഹിമ്മാഗലീസ് വിയാഗോ...അനിസ് മീ അലിർമോഫിസിസ്’

അവൻ പറഞ്ഞത് കേട്ടപ്പോൾ പ്രതീക്ഷിക്കാത്ത എന്തോ കേട്ട ഭാവവ്യത്യാസത്തോടെ താനിയ ബാക്കിയുള്ളവർക്ക് നേരേ തിരിഞ്ഞു.

‘ലൂയിയെ ആ ഗുഹാമുഖത്തുവച്ച് അവർ ഉപദ്രവിച്ചെങ്കിലും ജീവഹാനി സംഭവിക്കുന്ന തരത്തിൽ അവർ ഒന്നുംതന്നെ ചെയ്തില്ല. പകരം ആ ഗുഹകളിലെ ഒരു ഭാഗത്തായി അവനെ അടച്ചിടുകയാണ് ചെയ്തതെന്ന്. അവിടെനിന്നും മറ്റൊരു രഹസ്യമാർഗ്ഗത്തിലൂടെ രക്ഷപെട്ട അവൻ എന്തോ നിമിത്തംപോലെ നമ്മുടെ ഈ ശിഖരത്തിലേക്കുള്ള വഴിയിലേക്കാണ് എത്തിച്ചേർന്നത്. പക്ഷേ തന്നെ കൊല്ലാതെ വിട്ടതിൽ നിന്നും ലൂയിക്ക് ഒരു കാര്യം മനസ്സിലായിരിക്കുന്നു. നമ്മൾ എല്ലാവരും പ്രതിരൂപങ്ങളായതിനാൽ നമ്മുടെ ജീവന് എന്തെങ്കിലും സംഭവിച്ചാൽ നമ്മൾ അവരുടെ ശത്രുക്കളായി തൽക്ഷണം പുനർജനിക്കും എന്ന് രാജദമ്പതികൾക്ക് നല്ല ബോധ്യമുണ്ട്. അതുകൊണ്ടാണ് ലൂയിയെ അവർ കൊല്ലാതെ വിട്ടത്. അപ്പോൾ നമ്മൾ ഭയന്നോടുന്നതിൽ ഇനി അർത്ഥമില്ല. അഥവാ ശത്രുക്കൾക്ക് മുന്നിൽ ചെന്ന് പെട്ടാലും അവർ നമ്മളെ കാര്യമായി ഒന്നുംതന്നെ ചെയ്യുവാൻ പോകുന്നില്ലയെന്നർത്ഥം.’

താനിയയുടെ ആ വാക്കുകൾ യുവാക്കൾക്കും യുവതികൾക്കും പകർന്നുനൽകിയ ആത്മധൈര്യം ചില്ലറയല്ലായിരുന്നു.

‘അപ്പോൾ ഇനി നമുക്കുമുന്നിലുള്ള ഏകപ്രശ്നം സമയക്കുറവ് എന്നത് മാത്രമാണ്. ഇനിയും വച്ച് താമസിപ്പിക്കാതെ പറയൂ താനിയ. പ്രൊഫസറിൻറെ തീരുമാനപ്രകാരം അടുത്തത് എന്താണ് നാം ചെയ്യേണ്ടത്’

രഞ്ജിത് ചോദിച്ചു.

‘അങ്ങനെയെങ്കിൽ നമ്മൾ കെവിനെ കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. എൻറെ കണക്കുകൂട്ടൽ ശരിയാണെങ്കിൽ അവൻ ഇപ്പോഴും ജീവനോടെ ഈ ഭാഗങ്ങളിൽ എവിടെയോ തന്നെയുണ്ട്. അതും വെള്ളമോ ഭക്ഷണമോ ഒക്കെ കിട്ടുന്ന ഭാഗങ്ങളിൽ എവിടെയോ. ഇല്ലെങ്കിൽ അവൻ ഇത്രയും ദിവസങ്ങളെ അതിജീവിക്കില്ല.’

താനിയ ഉറപ്പിച്ചുപറഞ്ഞു.

‘പക്ഷേ ദിശപോലുമറിയാതെ നമ്മൾ എവിടെനിന്നാണ് അവനെ അന്വേഷിച്ചുള്ള യാത്ര തുടങ്ങുക...’

വിക്കി ആകാംക്ഷയോടെ ചോദിച്ചു.

‘ശരിയാണ്... നമുക്ക് വഴി അറിയില്ല. പക്ഷേ അതുപോലെതന്നെ കെവിനും അന്ന് വഴി അറിയുമായിരുന്നില്ല. അതുകൊണ്ട് എല്ലായിടത്തും തേടുക എന്നത്

മാത്രമാണ് ഏക പോംവഴി...'

താനിയ വിക്കിയോട് മറുപടി പറഞ്ഞു. ശേഷം രഞ്ജിത്തിൻറെ വാച്ചിലായി കൃത്യസമയം നോക്കി തിട്ടപ്പെടുത്തിക്കൊണ്ട് ലൂയിയുമായി അവൾ എന്തൊക്കയോ സംസാരങ്ങൾ നടത്തി. എന്നിട്ട് അവർക്കുനേരെ തിരിഞ്ഞു

'കൃത്യമായ കണക്കുകൂട്ടലുകൾ വച്ച് ഭൂമിയുടെ ആയുസ്സവസാനിക്കുവാൻ എഴുപത്തിരണ്ട് മണിക്കൂറുകൾ ഇനിയുമുണ്ട്. പക്ഷേ കൃത്യം ഇരുപത്തിനാല് മണിക്കൂറുകൾക്ക മുൻപേ നമ്മൾ നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേർന്നില്ലായെങ്കിൽ ആയുസ്സ് പകർന്ന് നൽകിയാലും ഭ്രമണപഥം തെറ്റിയതിനാൽ ഭൂമിയെ പഴയതുപോലെ തരികെ ലഭിക്കില്ല. അതുകൊണ്ട് നാൽപ്പത്തിയെട്ട് മണിക്കൂറുകൾ മാത്രമാണ് ഇനി നമുക്കായുള്ളത്. അഥവാ ഈ നാൽപ്പത്തിയെട്ട് മണിക്കൂറുകൾക്കുള്ളിൽ നമുക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ലയെങ്കിൽ നാം മുൻപ് തീരുമാനിച്ചതുപോലെതന്നെ എല്ലാവരും സ്വമേധയാ മരണത്തിന് ഒരുപോലെ കീഴടങ്ങേണ്ടിവരും.'

താനിയ എല്ലാവരോടുമായി പറഞ്ഞു.

കാര്യങ്ങൾ എല്ലാം ഉൾക്കൊണ്ടതിനാൽ മടിയൊന്നുമില്ലാതെ അവർ എല്ലാവരും ഒരുപോലെ തലകുലുക്കി.

താനിയയുടെ നിർദ്ദേശപ്രകാരം ലൂയിയും ജെസ്സിയും ഒഴികെ കൈയ്യിൽ ഡിജിറ്റൽ വാച്ചുകളുണ്ടായിരുന്ന ബാക്കിയുള്ള ഏഴുപേരും വാച്ചിൽ 48 മണിക്കൂർ കൗണ്ട്ഡൗൺ സെറ്റ് ചെയ്തു.

'ലീ മെഹാവിർ...'

സമയം പാഴാക്കാതെ താൻ കടന്നുവന്ന മരത്തടിയിലെ വഴി ചൂണ്ടിക്കാട്ടിക്കൊണ്ട് ലൂയി പറഞ്ഞു. മറ്റുള്ളവരെയാകെ ആത്മവിശ്വാസപൂർവ്വം നോക്കിക്കൊണ്ട് താനിയ ലൂയിയെയും കടന്ന് മുന്നിലേക്ക് നടന്നുതുടങ്ങി.

ബാക്കിയുള്ളവർ അവരെ അനുഗമിച്ചു.

48 മണിക്കൂറിൽ നിന്നും മൂന്ന് നിമിഷം അപ്പോൾത്തന്നെ അടർന്നുമാറിയിരുന്നു. രണ്ടാംഘട്ട യാത്രയിലെ വരുംവരായ്കകളെപ്പറ്റി അപ്പോൾ അവർക്കാർക്കും യാതൊരുവിധ ആകുലതകളുമുണ്ടായിരുന്നില്ല.

ലൂയി കടന്നുവന്ന വന്മരത്തിൻറെ കാണ്ഡത്തിലെ തുരംഗം പോലെ തോന്നിച്ച വഴിയിലൂടെ അവർ വരിവരിയായി നടന്നുനീങ്ങി.

തങ്ങൾ മുൻപ് സഞ്ചരിച്ച പാതയുമായി അതിന് വളരെയേറെ വ്യത്യാസമുണ്ടെന്ന് അവർക്ക് തോന്നി. ലൂയി താൻ കടന്നുവന്ന ഒരു പാതയുടെ എതിർപാതയിലേക്ക് കൈചൂണ്ടി. വീണ്ടും ആ ഗുഹാമുഖത്ത് എത്തിച്ചേരാതിരിക്കാനാണ് പുതിയ വഴി തിരഞ്ഞെടുത്തതെന്ന് ബാക്കിയുള്ളവരും ഊഹിച്ചു. ആരുമാരും പരസ്പരം ഒന്നുംതന്നെ സംസാരിച്ചില്ല.

അൽപ്പംകൂടി മുന്നിലേക്ക് ചെന്നതും കത്തിജ്ജ്വലിക്കുന്ന ഒരു ചുവർവിളക്ക് താഴേക്ക് പോകുന്ന ഒരു പടിക്കെട്ടിലേക്ക് വെളിച്ചം പകരുന്നത് അവരുടെയെല്ലാം ദൃഷ്ടികളിൽ പതിഞ്ഞു. വീണ്ടും കുറച്ചുകൂടി മുന്നിലേക്ക് കടന്നതും താഴേക്ക് സാധാരണമായി ഇറങ്ങുവാൻ സാധിക്കുന്ന തരത്തിലുള്ള പടികളല്ല അതെന്ന് അവർക്കെല്ലാം ബോധ്യമായി. കാരണം അത് താഴേക്ക് കുത്തനെകിടക്കുന്ന തരത്തിലെ ഒരു പടിക്കെട്ടായിരുന്നു.

അതിലേക്ക് ആദ്യചുവട് എടുത്തുവച്ചാൽത്തന്നെ ഉറച്ചുനിൽക്കുവാൻ സാധിക്കാതെ അഗാതതയിലേക്ക് വീണുപോകുമോ എന്നവർ ഭയപ്പെട്ടു.

'എങ്ങനെ നമ്മൾ ഇതുവഴി താഴേക്കിറങ്ങും'

അലക്സ് താഴേക്ക് എത്തിനോക്കിക്കൊണ്ട് ചോദിച്ചു.

മറ്റുള്ളവരും അവിടേക്കുതന്നെ എത്തിനോക്കി.

അത് ഒരു വലിയ കുഴൽക്കിണർപോലെ തോന്നിച്ച ഒരു പാതയായിരുന്നു. വൃത്താകൃതിയിൽ താഴേക്ക് പോകുന്ന അതിൻറെ ഇടയ്ക്കിടയ്ക്കുള്ള ഭാഗങ്ങളിൽ ചുവരിൽ നിൽക്കുവാൻ തക്ക വണ്ണത്തിൽ ഒരു വലയംപോലെ ഭിത്തിയോട് ചേർന്ന ഒരു ഭാഗമുണ്ടായിരുന്നു. ഓരോ വലയങ്ങൾ അവസാനിക്കുമ്പോഴും തുടർച്ച ഇല്ലാത്ത തരത്തിൽ അൽപ്പം മാറി അടുത്ത വലയത്തിലെക്കുള്ള പടിക്കെട്ട് ആരംഭിക്കുകയായി.

ഓരോ വലയങ്ങളിലും അൽപ്പാൽപ്പമായി മുറിഞ്ഞതുപോലെ കുത്തനെകിടക്കുന്ന പടിക്കെട്ടുകൾ ഇരുട്ടിലേക്ക് നീണ്ടുപോയിരുന്നു.

'കീഫിൽ മിക്കാബുരോ അരീഫിൽ'

ലൂയി താനിയയെ നോക്കി പറഞ്ഞു.

അവൾ മനസ്സിലായി എന്നതരത്തിൽ അവനെ നോക്കി തലകുലുക്കി.

'ഇത് വളരെയധികം ശ്രദ്ധിക്കേണ്ട ഒരു വഴിയാണ്. കാരണം ഈ പടിക്കെട്ടുകളിൽ നമ്മൾ ഇറങ്ങുന്ന അതേ വേഗതയിൽ നമ്മുടെ ശരീരത്തെ അഗാതമായ ഗർത്തത്തിനുള്ളിലേക്ക് കൊണ്ടെത്തിക്കുവാനുള്ള കഴിവുണ്ട്. അതിനെ തരണം ചെയ്യുവാനാണ് ഓരോ ലാൻറിങ് പോലെ ഇടയ്ക്കിടയ്ക്കുള്ള വലയങ്ങൾ. അത് നോക്കിയാൽത്തന്നെ മനസ്സിലാകും ഒരു വലയത്തിൽനിന്നും അടുത്ത വലയത്തിലേക്ക് പോകുവാനുള്ള പടിക്കെട്ട് അൽപ്പം മാറിയാണുള്ളത്. നമ്മൾ താഴേക്ക് ഇറങ്ങുന്നത് ഓടിക്കൊണ്ടായിരിക്കും. പടികളുടെ കുത്തനെയുള്ള നിർമിതി പ്രകാരം അവ തന്നെ നമ്മുടെ ശരീരത്തിന് ഒരു വേഗത നിശ്ചയിച്ചിട്ടുണ്ട്. അതേ വേഗതയിൽ അവസാനത്തെ പടിയിൽനിന്നും ശരീരം ചരിച്ച് ആ വലയത്തിലേക്ക് ഓടി ഇറങ്ങണം. ഒരുപക്ഷേ അതേ വേഗതയിൽ പെട്ടെന്ന് ഓട്ടം നിർത്തുവാൻ സാധിച്ചു എന്ന് വരില്ല. വലയത്തിൽ പകുതിയോ പകുതിയിൽ കൂടുതലോ ഓടി സ്വയം

വേഗത കുറയ്ക്കണം. അങ്ങനെ അടുത്ത പടിയിലും ചെയ്ത് ഓരോ വലയങ്ങൾ താഴേക്ക് താഴേക്ക് പോകണം. ഞാൻ പറഞ്ഞത് മനസ്സിലായോ എല്ലാവർക്കും'

താനിയ എല്ലാവരെയും നോക്കി ചോദിച്ചു.

കാര്യങ്ങൾ മനസ്സിലായെങ്കിലും അവർ ഓരോരുത്തരും അത് എങ്ങനെ പ്രാവർത്തികമാക്കും എന്ന് ചിന്തിച്ചുകൊണ്ടിരുന്നു.

'കെവിൻ പക്ഷേ ഈ പാതയിലൂടെ വന്നിരിക്കുമോ...?'

ജെസ്സി നെറ്റി ചുളിച്ചുകൊണ്ട് താനിയയെ നോക്കി.

'ഒരുപക്ഷേ വന്നിരിക്കും. ഒരുപക്ഷേ ഇല്ലായിരിക്കും. ഇനി ഇതിനുള്ളിലേക്ക് വീണുപോയിട്ടുമുണ്ടാവും. പക്ഷേ ഒരു കാര്യം ബോധ്യമാണ്. ഈ പാതകളൊക്കെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ തമ്മിൽതമ്മിൽ ബന്ധിപ്പിച്ചവയാണ്. ലൂയി നമുക്കരികിൽ വന്നതുപോലെ. പ്രൊഫസർ നിങ്ങളെ ആദ്യമായി കടൽക്കരയിൽ കണ്ടുമുട്ടിയതുപോലെ. അങ്ങനെ പലവിധത്തിൽ. തൽക്കാലം നമുക്കിപ്പോൾ ഇത് മാത്രമാണ് മുന്നിലുള്ള വഴി. ബാക്കി എല്ലാം ദൈവം തീരുമാനിക്കും പോലെ...'

അവരിൽ പലരുടെയും മനസ്സിൽ അവശേഷിച്ചിരുന്ന ആ സംശയം താനിയ ജെസ്സിക്ക് കൊടുത്ത മറുപടിയിലൂടെ ഇല്ലാതായി.

'ലൂയി...യീഹിത് മോഫ് സാ'

താനിയ അത് പറഞ്ഞതും ലൂയി മുന്നിലേക്ക് പോകുവാനായി തയ്യാറെടുത്തു. ബാക്കിയുള്ളവരെല്ലാം ലൂയി താഴേക്കിറങ്ങുന്നത് കാണുവാനായി ശ്രദ്ധയോടെ നോക്കിനിന്നു. കൂട്ടത്തിൽനിന്നും മുന്നിലേക്ക് കടന്നുനിന്ന ലൂയി നല്ലതുപോലെ ശ്വാസം അകത്തേക്കെടുത്തശേഷം ആദ്യത്തെ പടിയിലേക്ക് കാലെടുത്തുവച്ചു. ഇടതുവശത്തായി നിന്നിരുന്ന താരയെ നോക്കി ഒന്ന് കണ്ണുചിമ്മിച്ചുകൊണ്ട് അവൻ അടുത്ത പടിയിലേക്ക് കാലെടുത്തുവെച്ചു. തൊട്ടടുത്തനിമിഷം അവൻറെ അടുത്ത ചുവട് സ്വാഭാവികമായിത്തന്നെ ചലിച്ചു.

വൈകാതെ ആ പടിക്കെട്ടുകൾ നിശ്ചയിച്ചിരുന്ന വേഗതയിൽത്തന്നെ അവൻ താഴേക്കുള്ള പടിക്കെട്ടുകളിലൂടെ ഓടിയിറങ്ങി. മുകളിലായി നോക്കിനിന്നിരുന്നവർ എല്ലാവരും ശ്വാസമടക്കിപ്പിടിച്ച് ലൂയിയുടെ പ്രവർത്തി നോക്കിനിന്നു.

സെക്കൻറുകൾക്കകം അവൻറെ കാൽച്ചുവട്ടിലെ പടികളുടെ എണ്ണം കുറഞ്ഞുകുറഞ്ഞുവന്നു. ഒടുവിൽ ഒന്നോ രണ്ടോ പടികൾ മാത്രം അവശേഷിക്കാറായപ്പോൾ അവൻ തൻറെ ശരീരം ഇടത്തേക്ക് ചരിച്ച് ആദ്യത്തെ ലാൻറിങ് വലയത്തിലേക്ക് ഓടിയിറങ്ങി. ആ വലയത്തിലൂടെ അതേ വേഗതയിൽ അൽപദൂരം മുന്നിലേക്ക് പോയശേഷം അൽപ്പാൽപ്പമായി ഓട്ടത്തിൻറെ വേഗത കുറച്ചുകൊണ്ട് അവൻ തൻറെ ആദ്യഘട്ട പരീക്ഷണം വിജയിച്ച മട്ടിൽ മുകളിലേക്ക്

നോക്കി കൈ ഉയർത്തിക്കാട്ടി. അതോടൊപ്പം അവൻ നന്നായി കിതയ്ക്കുന്നുമുണ്ടായിരുന്നു.

'ഞാൻ കൂടി ഇറങ്ങിക്കാണിക്കാം'

താനിയ അടുത്തതായി ഇറങ്ങുവാനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ട് പറഞ്ഞു. ബാക്കിയുള്ളവരും ഷൂ ഒക്കെ നന്നായി മുറുക്കിക്കെട്ടിക്കൊണ്ട് അതുപോലെതന്നെ തയ്യാറെടുത്തു.

അധികം വൈകാതെ താനിയയും ആ പടികളിലൂടെ താഴേക്ക് ഓടിയിറങ്ങി ആദ്യത്തെ ലാൻറിങ്ങിൽ ലൂയിയോടൊപ്പം ഒത്തു ചേർന്നു.

'അടുത്തത് ഞാൻ പോകാം...'

അപ്രതീക്ഷിതമായി താര അത് പറഞ്ഞതും ബാക്കിയുള്ളവർ അത്ഭുതത്തോടെ അവളെ നോക്കി.

എല്ലാവരും നോക്കി നിൽക്കെ താരയും ആ പടിക്കെട്ടുകളിലൂടെ ഓടിയിറങ്ങി ഒടുവിൽ ആദ്യ ലാൻറിങ്ങിൽ താനിയയ്ക്കും ലൂയിക്കുമൊപ്പം അവളും എത്തിച്ചേർന്നു.

അതുപോലെതന്നെ എല്ലാവരും പ്രവർത്തിച്ചു. വൈകാതെ ആ കുഴിവൻ പാതയിലെ ആദ്യ വലയത്തിൽ അവർ പത്തുപേരും ചങ്ങലക്കണ്ണികൾ പോലെ വരിവരിയായി ഒത്തുചേർന്നു. എല്ലാവരും ആദ്യവലയത്തിൽ വന്നെത്തിയതും അടുത്ത വലയത്തിലേക്ക് ലൂയി കുതിച്ചിരുന്നു. വൈകാതെ ബാക്കിയുള്ളവരും ക്രമമായി ആ കുഴൽക്കിണർ പാതയുടെ അടിത്തട്ടിലേക്ക് പോയി.

പതിനാല് വലയങ്ങൾ കഴിഞ്ഞതും എല്ലാവർക്കും ചെറിയ രീതിയിൽ തങ്ങൾക്ക് ചുറ്റുമുള്ള അന്തരീക്ഷത്തിന് മാറ്റമുണ്ടാകുന്നതായി അനുഭവപ്പെട്ടുതുടങ്ങി.

'എനിക്കെന്തോ പന്തികേട് തോന്നുന്നു. അടുത്ത പടിയുടെ പകുതിഭാഗംമുതൽ താഴേക്ക് ഒരുതരം മൂടൽമഞ്ഞ് വ്യാപിച്ചിട്ടുണ്ട്. ഇനി എന്തെങ്കിലും വിഷവാതകാമോ മറ്റോ ആയിരിക്കുമോ അത്.'

രഞ്ജിത് താനിയയെ നോക്കി ചോദിച്ചു.

'അങ്ങനെ ഒരു കെണിയാണ് ഇതെന്ന് എനിക്ക് തോന്നുന്നില്ല രഞ്ജിത്... എന്തുതന്നെയായാലും നമുക്ക് മുന്നോട്ടുതന്നെ പോകാം' അവൾ ഉറപ്പിച്ചു പറഞ്ഞു.

കൂട്ടത്തിൽ ഏറ്റവും മുന്നിൽ നിന്നിരുന്ന ലൂയി അൽപ്പം മുന്നിലായി താഴേക്ക് പോകുന്ന പടിക്കെട്ടിലേക്ക് നോക്കി. ശേഷം താൻ താഴേക്ക് ഇറങ്ങുവാൻ പോകുകയാണ് എന്ന ഭാവത്തിൽ രഞ്ജിത്തിനെ വീക്ഷിച്ചു. രഞ്ജിത്ത് അവനെ തള്ളവിരൽ ഉയർത്തിക്കാട്ടി.

ലൂയി തൻറെ ഇടതുകാൽ ആദ്യപടിയിലേക്ക് എടുത്തുവച്ചതും അവനുപിന്നാലെ താഴേക്ക് കുതിക്കുവാനായി ബാക്കിയുള്ളവരും ഭിത്തിയുടെ അരികുപറ്റി മുന്നിലേക്ക്

നടന്നുചെന്നു. തൊട്ടടുത്ത നിമിഷത്തിൽ ലൂയി അടുത്ത കാലും ആ പടിയിലേക്കെടുത്തു വച്ചുകൊണ്ട് താഴേക്ക് കുതിച്ചു.

പക്ഷേ ആ പടിക്കെട്ടുകളുടെ ആരംഭഭാഗത്തുതന്നെ അവൻറെ ശരീരത്തിൻറെ ദിശ മാറുന്നുണ്ടോയെന്ന് മുകളിൽ നിന്നിരുന്നവർ സംശയിച്ചു.

ആ സംശയം ബലപ്പെടും മുൻപുതന്നെ അത് സംഭവിച്ചു. പടിക്കെട്ടിൻറെ താഴെഭാഗത്തുള്ള മൂടൽമഞ്ഞ് നിറഞ്ഞ അന്തരീക്ഷത്തിലേക്ക് തെന്നി കമിഴ്ന്നടിച്ചുവീണ് ലൂയി അപ്രത്യക്ഷനായി...!

# അൻപത്തിനാല്

‘ലൂയീ...’

പുകമറയിലേക്ക് നോക്കി താനിയ ഉച്ചത്തിൽ വിളിച്ചു. ലൂയിക്ക് എന്ത് സംഭവിച്ചു എന്നറിയുവാനുള്ള വ്യഗ്രതമൂലം ബാക്കിയുള്ളവർ ആരുമാരും പരസ്പരം സംസാരിക്കുക പോലും ചെയ്തില്ല.

താനിയ തൻറെ ജാക്കറ്റിൻറെ ഉൾപോക്കറ്റിൽനിന്നും ഒരു പെൻടോർച്ചെടുത്ത് കിണറിൻറെ അടിത്തട്ടിലേക്ക് തെളിച്ചു. പക്ഷേ പുകമഞ്ഞുമൂലം അടിത്തട്ടിലേക്ക് ആ പ്രകാശം തുളഞ്ഞു പോയതേയില്ല.

‘എന്താ ഇപ്പോ ചെയ്യുക രഞ്ജിത്...’

താനിയ താരയുടെ പിന്നിലായി നിന്നിരുന്ന രഞ്ജിത്തിലേക്ക് തിരിഞ്ഞുകൊണ്ട് ചോദിച്ചു. അവൻ മുകളിലേക്ക് ഒന്ന് കണ്ണ് പായിച്ച ശേഷം താനിയയെ നോക്കി.

‘ഇനി എന്തായാലും നമുക്ക് മുകളിലേക്ക് തിരിച്ചുപോകുവാൻ സാധിക്കുകയില്ല...’

വിക്കിയും ഷാനുവും കുഴൽക്കിണറിൻറെ അടിത്തട്ടിലേക്ക് വാ വട്ടം പിടിച്ചുകൊണ്ട് രണ്ടുമൂന്ന് തവണകൂടി ലൂയിയെ ഉറക്കെ വിളിച്ചു.

പക്ഷേ യാതൊരുവിധ മറുപടിയും അവർക്ക് ലഭിച്ചില്ല.

‘ആ പുകമറയ്ക്കപ്പുറം എന്താവും....’

ജെസ്സി തൻറെ മുന്നിലായി നിന്നിരുന്ന റൂബിയുടെ ചുമലിൽ കൈ അമർത്തിക്കൊണ്ട് ചോദിച്ചു.

‘ആവോ...’

ലൂയിക്കാണ് എല്ലാ അപകടങ്ങളും ആദ്യം സംഭവിക്കുക’

താര ഒരു ഗദ്ഗദം പോലെ പറഞ്ഞു.

അൽപ്പസമയം കൂടി അവരെല്ലാവരും നിശബ്ദരായി അവിടെത്തന്നെ കാത്തു നിന്നു. നിശബ്ദമായ ആ അന്തരീക്ഷത്തിൽ പലരുടെയും കൈകളിലെ ഡിജിറ്റൽ വാച്ചുകളിൽ നിന്നും നിമിഷങ്ങൾ അടർന്നുപോകുന്ന ടിക്ക് ടിക്ക് ശബ്ദം ഉയർന്നുകേട്ടു.

‘വരൂ...നമുക്കും താഴേക്കിറങ്ങാം...’

അധികസമയം ചിന്തിച്ചുനിൽക്കാതെ രഞ്ജിത് പറഞ്ഞു.

‘അതേ..വരുന്നത് എന്തിനെയും നേരിടുക’

താനിയ അത് പറഞ്ഞശേഷം താഴേക്ക് പോകുന്ന പടിക്കെട്ടിലേക്ക് തൻറെ വലതുകാൽ കയറ്റിവച്ചു.

തൻറെ പിന്നിലായി നിൽക്കുന്ന താരയെ ഒന്ന് നോക്കിയശേഷം അവൾ താഴേക്ക് ഓടിയിറങ്ങി. ബാക്കിയുള്ളവർ ഓരോരുത്തരുടെയും നെഞ്ചിൽ അപ്പോൾ ഓരോ പെരുമ്പറകൾ മുഴങ്ങിക്കൊണ്ടിരുന്നു.

ലൂയിയെപ്പോലെതന്നെ അവളും ആ പുകനിറഞ്ഞ അന്തരീക്ഷത്തിലേക്ക് കടന്നതും നിലനിൽപ്പ് ഇല്ലാത്തതുപോലെ തെന്നിത്തെറിച്ചു. തൻറെ അവസാനനിമിഷംപോലെ താനിയ ഒരു നോട്ടം മുകളിലേക്ക് നോക്കി. തൽക്ഷണം അവളും ആ പുകമറയിൽ അപ്രത്യക്ഷമായി.

ആരോടും പറയുകപോലും ചെയ്യാതെ താര തൊട്ടുപിന്നാലെ പടിയിലേക്ക് ഓടിയിറങ്ങി. നൊടിയിടയിൽ അവളും ആ കുഴൽക്കിണറിൻറെ അടിത്തട്ടിലേക്ക് പോയ് മറഞ്ഞു. അധികം താമസാമില്ലാതെ ബാക്കിയുള്ളവർ ഓരോരുത്തരായി അതുപോലെതന്നെ താഴേക്ക് പോയ് മറഞ്ഞു. ഒടുവിലായി നിന്നിരുന്ന ജെസ്സിയും അലക്സും ഉമിനീർ ഇറക്കിക്കൊണ്ട് പരസ്പരം നോക്കി.

‘ധൈര്യമായി പോ...’

അലക്സ് അവളോട് പറഞ്ഞു.

‘ഉം...’

അവൾ തലകുലുക്കിയശേഷം ആദ്യ ചുവട് പടിയിലേക്കെടുത്തുവച്ചു.

തിടുക്കത്തിൽ ശരീരത്തിന് മുന്നിലേക്ക് ഒരു ചലനം കൊടുക്കാതെതന്നെ ജെസ്സി രണ്ടാമത്തെ ചുവടും മുന്നിലേക്ക് വച്ചു. തൽക്ഷണം ചരിഞ്ഞ പടിക്കെട്ടിൽ നിലയില്ലാതെ അവൾ താഴേക്ക് പതിച്ചു.

പക്ഷേ അവൾക്ക് പിന്നിലായി അടുത്തതായി ഓടിയിറങ്ങുവാൻ നിന്നിരുന്ന അലക്സ് അതിവേഗത്തിൽ അവളുടെ കൈയ്യിൽ എത്തിപ്പിടിച്ചു. അതോടെ അവനും തൻറെ ചുവട് പതറി അവൾക്കൊപ്പം താഴേക്ക് തെന്നിപ്പോയി. ഒരു അലർച്ചയോടെ അവർ ഇരുവരും പുകനിറഞ്ഞ കിണറിൻറെ അടിത്തട്ടിലേക്ക് മറിഞ്ഞുവീണു.

പുകനിറഞ്ഞ അന്തരീക്ഷമെത്തിയപ്പോഴേക്കും ഇരുവരുടെയും കോർത്തുപിടിച്ച കൈകൾ മുറുകിത്തുടങ്ങിയിരുന്നു. അടിത്തട്ടിൽ എന്താണെന്നോ ആദ്യം പോയവർക്ക് എന്താണ് സംഭവിച്ചതെന്നോപോലും ഊഹിക്കുവാൻ ഇരുവർക്കും സമയം ലഭിച്ചില്ല.

അപ്പോഴേക്കും ഇരുവരുടെയും കശേരുക്കൾ കിണറിനുള്ളിലെ തണുപ്പാൽ ഉറഞ്ഞുതുടങ്ങിയിരുന്നു. ഉള്ളിലും പുറമെയും തങ്ങളെ തണുപ്പ് വിഴുങ്ങിയതുപോലെ ഇരുവർക്കും തോന്നിപ്പോയി. ഇരുവരുടെയും കൈയ്യുടെ ഇറുക്കിപ്പിടുത്തം വർദ്ധിച്ചതോടൊപ്പം അവരുടെ ശരീരങ്ങളും ആ തണുപ്പിൽ പരസ്പരം വരിഞ്ഞുമുറുകി. ഏതാനും നിമിഷങ്ങൾ അതുപോലെതന്നെയുള്ള അന്തരീക്ഷത്തിലൂടെ ഇരുവരും

കടന്നുപോയിക്കൊണ്ടിരുന്നു. പൊടുന്നനെ എന്തിലോ വന്നുപതിച്ചതുപോലെയുള്ള അനുഭവം ഉണ്ടായപ്പോൾ മാത്രമാണ് തങ്ങളിപ്പോഴും ജീവനോടെയുണ്ടെന്ന് അവർ ഇരുവരും തിരിച്ചറിഞ്ഞത്. അപ്പോഴും ഇരുവരുടെയും കൈകൾ കോർത്തുതന്നെ പിടിച്ചിരുന്നു.

'ഹാ...'

ചുമച്ചുകൊണ്ട് ജെസ്സിയാണ് ആദ്യം കണ്ണുതുറന്നത്.

ചുറ്റും ഒന്നും കാണുവാൻ സാധിക്കാതെ അവൾ അലക്സിൻറെ കൈയ്യിൽനിന്നും തൻറെ കൈ വേർപെടുത്തിയശേഷം കണ്ണുകൾ ഒന്ന് അമർത്തി തിരുമി. അവളെപ്പോലെതന്നെ അവനും യാതൊന്നും കാണുവാൻ സാധിക്കാതെ അവൾ ചെയ്തതുപോലെതന്നെ കണ്ണുകൾ അമർത്തി തിരുമിക്കൊണ്ട് ചുറ്റുപാടും നിരീക്ഷിച്ചു.

മുകളിൽ നിന്നും കണ്ടതുപോലെതന്നെ ആ അന്തരീക്ഷം മുഴുവൻ പുകമയമായിരുന്നു. തൊട്ടരികിലിരിക്കുന്ന അലക്സിനെയല്ലാതെ ജെസ്സിക്ക് മറ്റൊന്നും കാണുവാൻ സാധിച്ചില്ല.

തങ്ങളെ ചുറ്റപ്പെട്ടിരിക്കുന്നത് മൂടൽമഞ്ഞ് തന്നെയാണോ എന്നുപോലും ഇരുവരും സംശയിച്ചു. തൂവെള്ള നിറത്തിലെ മഞ്ഞു പൊടിയിലേക്കാണ് തങ്ങൾ വീണതെന്ന് മനസ്സിലായപ്പോൾ അത് മൂടൽമഞ്ഞുതന്നെയെന്ന് അവർ ഊഹിച്ചു. അപ്പോൾ മാത്രമാണ് തങ്ങൾക്ക് മുന്നിലായി അവിടേക്ക് എത്തപ്പെട്ടവരെപ്പറ്റി ജെസ്സി ചിന്തിച്ചത്.

'താരേ...റൂബീ...'

അവൾ പൊടുന്നനെ ഉറക്കെ വിളിച്ചു.

ആ വിളിയോടൊപ്പം അവൾ തൻറെ തൊണ്ടയിൽ കൈവച്ചു നോക്കി. ശബ്ദം വെളിയിലേക്ക് വരുന്നുണ്ടായിരുന്നില്ല..!

അവൾ വീണ്ടും വീണ്ടും എന്തൊക്കയോ പറയുവാൻ ശ്രമിച്ചു. ഒടുവിൽ അതിന് സാധിക്കാതെ ദയനീയമായി അവൾ അലക്സിനെ നോക്കി.

അപ്പോൾ കണ്ട കാഴ്ച അവനും തൻറെ തൊണ്ടയിൽ കൈവച്ചുകൊണ്ട് ചുറ്റും തിരിയുന്നതും എന്തൊക്കയോ സംസാരിക്കുവാൻ ശ്രമിക്കുന്നതുമായിരുന്നു. ഏതാനും സമയം ഇരുവരും തങ്ങളുടെ ശബ്ദമുയർത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ പഴയതുപോലെതന്നെ നിസ്സഹായമായി പരസ്പരം നോക്കി.

അലക്സ് അവളെ ആംഗ്യത്തിലൂടെ തൻറെ ശബ്ദം പോയത് അറിയിച്ചപ്പോൾ അവളും അതുതന്നെ തിരിച്ച് പ്രതികരിച്ചു. ബാക്കിയുള്ളവർ എവിടേ എന്ന രീതിയിൽ ജെസ്സി ചുറ്റും നോക്കിയപ്പോൾ അലക്സ് മഞ്ഞിലായി പതിഞ്ഞുകിടക്കുന്ന കാൽപ്പാടുകൾ ചൂണ്ടിക്കാട്ടി.

ആ കാൽപ്പാടുകൾ മുന്നിലേക്ക് പോയ് മറഞ്ഞിരുന്നു.

അലക്സ് നിലത്തുനിന്നും പതിയെ എഴുന്നേറ്റു. ശേഷം ജെസ്സിക്ക് പിടിച്ചെഴുന്നേൽക്കുവാനായി തൻറെ കൈ നൽകി. ഇരുവരുടെയും തണുത്തുറഞ്ഞ കൈകൾ തമ്മിൽ കൂടിച്ചേർന്നപ്പോൾ തങ്ങൾ വൈകാതെ തണുപ്പാൽ മരണപ്പെട്ടുമോ എന്ന ഭയം ഇരുവരെയും ബാധിച്ചു.

അലക്സ് തൻറെ ജാക്കറ്റിൻറെ ഒരുവശം തുറന്ന് അവളെ തൻറെ നെഞ്ചോട് ചേർത്ത് പിടിച്ചു.

ജെസ്സി ജാക്കറ്റിൻറെ ആ വശം തൻറെ ശരീരത്തിൽ പുതച്ചു. പിന്നീട് ഒന്നും ചിന്തിച്ചു നിൽക്കാതെ തങ്ങൾക്ക് മുന്നേ പോയവരുടെ ചുവടുകളെ പിന്തുടർന്ന് ഇരുവരും മുന്നിലേക്ക് നടന്നുതുടങ്ങി.

പലയിടങ്ങളിലും മഞ്ഞിൽ കാലുകൾ പുതഞ്ഞ് ഇരുവരുടെയും ഷൂവിനുള്ളിലേക്ക് മഞ്ഞുതരികൾ കടന്നുകയറി തണുപ്പും എന്തോ തുളഞ്ഞുകയറുന്ന തരത്തിലെ വേദനയുമുളവാക്കി. എങ്ങനെയും മറ്റുള്ളവരെ തേടി കണ്ടുപിടിക്കുക എന്ന ഒറ്റ ലക്ഷ്യം അവരെ വീണ്ടും മുന്നിലേക്കു തന്നെ കൂട്ടിക്കൊണ്ടുപോയി. അൽപ്പംകൂടി മുന്നോട്ട് ചെന്നതും പുകമഞ്ഞിൽ കണ്ട എന്തോ ഒരു നിറവ്യത്യാസം ഇരുവരുടെയും ചുവടുകളുടെ വേഗത വർദ്ധിപ്പിച്ചു. കൂടുതൽ അടുക്കുംതോറും അത് ഒരു തീനാളമാണെന്ന് ബോധ്യപ്പെട്ടതോടെ ഇരുവരുടെയും ചലനം അതിവേഗത്തിലായി. ഒടുവിൽ മുന്നിലേക്ക് കുതിക്കുവാനുള്ള വ്യഗ്രതയിൽ ഇരുവരുടെയും ശരീരങ്ങൾ തമ്മിൽ വേർപെട്ട് ആ ബന്ധം കൈകളിൽ മാത്രമായി.

പുകമറയുടെ കട്ടി പോകെപ്പോകെ കുറഞ്ഞുകുറഞ്ഞുവന്നതോടൊപ്പം മുന്നിലെ കാഴ്ചകൾ ഇരുവർക്കും വ്യക്തമായിത്തുടങ്ങി.

എന്തോ അതിർത്തി തീർത്തതുപോലെ ഒരു ഭാഗത്തുമാത്രം പുകമഞ്ഞ് മാറിയിരിക്കുന്നു. അവിടുത്തെ നിലത്തുമാത്രം മഞ്ഞുതരികൾക്ക് പകരം വൃത്താകൃതിയിൽ കറുത്ത് പരന്ന പാറ തെളിഞ്ഞുനിന്നിരുന്നു. ആ പാറയുടെ മുകളിലായി അവരിൽനിന്നും വേർപെട്ടുപോയവർ തീകായുന്നു..!

ജെസ്സിയും അലക്സും തങ്ങളുടെ പോയ ജീവൻ കളഞ്ഞു കിട്ടിയ ആശ്വാസത്തോടെ അവർക്കരികിലേക്ക് ഓടിയടുത്തു. അവർ ഇരുവരെയും കണ്ടതും ബാക്കിയുള്ളവരുടെയെല്ലാം മുഖത്ത് ഒരു പുഞ്ചിരി പ്രത്യക്ഷമായി. അലക്സും ജെസ്സിയും അവർക്കരികിലേക്കെത്തിയതും തങ്ങളുടെ തൊണ്ടയിൽ കൈവച്ചു കൊണ്ട് വെപ്രാളത്തിൽ എന്തൊക്കയോ ആംഗ്യങ്ങൾ കാട്ടി. ബാക്കിയുള്ളവരും അതേ അവസ്ഥയെ അഭിമുഖീകരിച്ചതിനാൽ മറ്റുള്ളവർക്ക് അവരുടെ മാനസികാവസ്ഥ തിരിച്ചറിയുവാൻ സാധിച്ചു.

‘ഇനി സംസാരിച്ചുനോക്കൂ...’

ജെസ്സിയുടെ പിന്നിലായി വന്ന് അവളെ ചേർത്ത് പിടിച്ചുകൊണ്ട് താനിയ പറഞ്ഞു.

അത് കേട്ടതും മൂന്നുനാലുതവണ അകത്തേക്കും പുറത്തേക്കും ശ്വാസമെടുത്തുകൊണ്ട് ജെസ്സി അലക്സിനെ നോക്കി അവൻറെ പേര് ഉറക്കെ വിളിച്ചു. ആ ശബ്ദം അവർ നിന്നിരുന്ന ചെറിയ ചുറ്റളവിൽമാത്രം അലയടിച്ചുകൊണ്ട് പെട്ടെന്ന് ഇല്ലാതായി.

'ഇതെന്താ ഇങ്ങനെ..?'

അലക്സ് താനിയയെ നോക്കി അത്ഭുതത്തോടെ ചോദിച്ചു.

'ഇത് അങ്ങനെ രൂപപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗമാണ് അലക്സ്. ഈ പുകമഞ്ഞിൽ ശബ്ദതരംഗങ്ങൾ കടന്നുപോകില്ല. പോകണമെങ്കിൽ ദാ ഇതുപോലെ അഗ്നിയുടെ സാന്നിധ്യത്തിൽ പുകമഞ്ഞ് അലിഞ്ഞില്ലാതാവണം. നമുക്ക് ചുറ്റുമുള്ള ഈ അൽപഭാഗത്ത് മാത്രമാണ് ഇപ്പോൾ ശബ്ദതരംഗങ്ങൾ കടന്നു പോകുക. പക്ഷേ ഞങ്ങളെ അത്ഭുതപ്പെടുത്തുന്ന കാര്യങ്ങൾ ഇതൊന്നുമല്ല. ഈ എരിഞ്ഞുകൊണ്ടിരിക്കുന്ന തീനാളം ഇവിടെ ആര് സൃഷ്ടിച്ചു എന്നുള്ളതാണ്. ഒന്നുകിൽ നമ്മുടെ ശത്രുക്കൾ അൽപ്പം മുൻപ് ഇവിടെ തമ്പടിച്ചിരിക്കുന്നു. അല്ലെങ്കിൽ നമ്മൾ അന്വേഷിക്കുന്നത് ആരെയാണോ അവൻ ഇവിടെ അടുത്തെവിടെയോ തന്നെയുണ്ട്.'

താനിയയുടെ നിഗമനത്തെ ശരിവയ്ക്കുംപോലെ ആരും മറുത്ത് ഒരഭിപ്രായവും പറഞ്ഞില്ല.

'പക്ഷേ നമ്മുടെ ശത്രുക്കളാണ് നമുക്ക് മുൻപ് ഇവിടെ വന്നിട്ടുള്ളതെങ്കിൽ നമ്മൾ സഞ്ചരിക്കുന്ന വഴി കൃത്യമാണ്. അതുപോലെതന്നെ അവരും നമുക്ക് മുൻപേ മാതൃകാഭൂമിയിലേക്ക് എത്തപ്പെടുവാനുള്ള യാത്രയിലാണ്. ഒരുപക്ഷേ അവർ സഞ്ചരിക്കുന്ന വഴികൾ നമ്മുടേതുപോലെ അപകടങ്ങൾ ഇല്ലാത്ത കൃത്യമായ വഴികളായതിനാൽ അവയ്ക്ക് ദൈർഘ്യത ഏറിയതാവണം. ഇല്ലെങ്കിൽ നമ്മൾ പലയിടത്ത് തങ്ങി സമയം കടന്നുപോയിട്ടും ഇത്ര അടുത്തടുത്ത് അവർക്കൊപ്പം സഞ്ചരിക്കില്ല.'

രഞ്ജിത് പറഞ്ഞു.

'ഗയ്സ്... ഇനി കൃത്യം നാൽപ്പത്തിയൊന്ന് മണിക്കൂറുകൾ മാത്രമാണ് നമുക്ക് മുന്നിലുള്ളത്'

താര ഓർമ്മപ്പെടുത്തി.

'കീഫിൽ മാബ്ടോ ജിസ്സാഫിർ അമിവിത്തീ ലീഗാ യ്വാഹത് മെറിൽ'

ലൂയി താനിയയോട് പറഞ്ഞു.

'യെസ് ലൂയി... ഗയ്സ് നമുക്ക് ഒരു കാര്യം ചെയ്യാം. ഈ തീച്ചൂളയിൽ നിന്നും എരിയുന്ന ഓരോ കൊള്ളികൾ നമുക്ക് ഓരോരുത്തർക്കും കൈയ്യിൽ കരുതാം.

അഥവാ നമുക്ക് പരസ്പരം ആശയവിനിമയം നടത്തണമെങ്കിൽ അത് ഉപകാരപ്പെട്ടും.'

താനിയ അത് പറഞ്ഞതും അവർ എരിഞ്ഞുകൊണ്ടിരുന്ന ആ തീച്ചൂളയിൽനിന്നും ഓരോ കൊള്ളികളായി വേർപെടുത്തിയെടുത്തു. താര നീളമുള്ളൊരു കൊള്ളി ഊരിയെടുത്ത് തൻറെ പിന്നിലായി നിന്നിരുന്ന ലൂയിക്ക് കൊടുത്തു. എന്നിട്ട് മറ്റൊന്ന് അവളും കരസ്ഥമാക്കി.

താനിയ അവിടെനിന്നും മഞ്ഞിലായി അകന്നുപോയിരിക്കുന്ന സിംഹഭാഗവും മാഞ്ഞുപോയ കാൽപ്പാടുകൾ പോലെ തോന്നിച്ച അടയാളങ്ങൾ കണ്ടുപിടിച്ച് അവിടേക്ക് കൈചൂണ്ടി. ലൂയിയും രഞ്ജിത്തും അമരക്കാരെപ്പോലെ മുന്നിലേക്ക് കയറിനിന്നു. എല്ലാവരും തീനാളങ്ങളുമായി മുന്നോട്ടുള്ള യാത്രക്കായി തയ്യാറാണെന്ന് കണ്ടതും അവർ ഇരുവരും താനിയ ചൂണ്ടിക്കാട്ടിയ ആ കാൽപ്പാടുകളെ ലക്ഷ്യമാക്കി മുന്നിലേക്ക് നടന്നുതുടങ്ങി..!

# അൻപത്തിയഞ്ച്

വെളുത്ത പഞ്ഞിക്കെട്ടുകൾ പോലെ തോന്നിച്ച മഞ്ഞുപ്രദേശത്തുകൂടിയുള്ള ആ നടത്തം അവർക്ക് പുതിയൊരു അനുഭവമായിരുന്നു. എങ്കിലും നിമിഷങ്ങൾ ചെല്ലുംതോറും തണുപ്പ് അവർ ഓരോരുത്തരെയും വരിഞ്ഞുമുറുക്കി. പലരുടെയും പല്ലുകൾ തമ്മിൽ കൂട്ടിയിടിക്കുന്ന ശബ്ദം ഇടയ്ക്കിടെ ഉയർന്നു കേൾക്കുന്നുണ്ടായിരുന്നു. അവരുടെ കൈയ്യിൽ കരുതിയിരുന്ന കൊള്ളികൾ എരിഞ്ഞുകൊണ്ടിരുന്നതിനാൽ സഞ്ചാരപാതയ്ക്ക് ചുറ്റുമുള്ള അന്തരീക്ഷത്തിൽ നിന്നും പുകമഞ്ഞ് താൽക്കാലികമായി പിൻവാങ്ങിക്കൊടുത്തു.

കെവിനാണോ അതോ തങ്ങളുടെ ശത്രുക്കളാണോ തങ്ങൾക്ക് മുൻപിലായുള്ളതെന്ന സംശയം നിലനിന്നിരുന്നതിനാൽ ആരും മറ്റുള്ള കാര്യങ്ങളെപ്പറ്റി ഒന്നുംതന്നെ സംസാരിച്ചില്ല. ചുറ്റും പുകമഞ്ഞ് നിറഞ്ഞ അന്തരീക്ഷമായതിനാൽ ഒരു പരിധിയിൽ കവിഞ്ഞ് തങ്ങൾക്ക് ചുറ്റുമുള്ളത് എന്താണെന്ന് അവർക്കാർക്കും ബോധ്യവുമുണ്ടായിരുന്നില്ല. നടത്തത്തിനിടയിൽ ലൂയി തൻറെ കൈവെള്ളയിലായി ഒരുപിടി മഞ്ഞ് വാരിയെടുത്ത ശേഷം അത് തീയിലേക്ക് ചരിച്ചു പിടിച്ചു. അതിൻറെ ചൂടിൽ മഞ്ഞുതരികൾ ഉരുകിയപ്പോൾ അവനത് വായിലേക്കൊഴിച്ചു. അതുപോലെതന്നെ കൂട്ടത്തിൽ പലർക്കും നന്നായി വിശക്കുകയും ദാഹിക്കുകയും ചെയ്തിരുന്നതിനാൽ അവരിൽ പലരും ലൂയി ചെയ്തതു പോലെ അനുകരിച്ചു.

റ്റോജി ഒരുപിടി മഞ്ഞ് ഉരുക്കാതെതന്നെ വായിലേക്ക് വയ്ക്കുകയും തൽക്ഷണം തണുപ്പ് കൊണ്ട് വാ കോടിപ്പോയി അത് തുപ്പിക്കളയുകയും ചെയ്തു. ഇത് കണ്ട് ജെസ്സിയും താരയും അടക്കിപ്പിടിച്ച് ചിരിച്ചു. മുന്നിലായി നടന്നിരുന്ന രഞ്ജിത് റൂബിയെ ചരിഞ്ഞൊന്നു നോക്കി.

അവൾ പുരികം ഉയർത്തി എന്തുപറ്റി എന്ന ഭാവത്തിൽ ആംഗ്യത്തിലൂടെ ചോദിച്ചതും ഒന്നുമില്ല എന്ന രീതിയിൽ തലകുലുക്കിക്കൊണ്ട് അവൻ മുന്നിലേക്കുതന്നെ തിരിഞ്ഞു. പെട്ടെന്ന് ലൂയി രഞ്ജിത്തിനെ പിന്നിലേക്ക് പിടിച്ചുവലിച്ചു. ബാക്കിയുള്ളവരും സഡൻ ബ്രേക്കിട്ടതുപോലെ നടത്തമവസാനിപ്പിച്ചു

നോക്കുമ്പോൾ തുടർന്ന് മുന്നിലായി മഞ്ഞുതരികളല്ല പകരം കറുത്ത് പരന്ന പ്രതലമാണെന്ന് അവർ തിരിച്ചറിഞ്ഞു. മാത്രമല്ല അവിടെയെങ്ങും പുകമഞ്ഞുമുണ്ടായിരുന്നില്ല..!

‘മീവാത്തീ ഉസാബീർ...’

ലൂയി വിളിച്ച് പറഞ്ഞു.

'ആരും നിൽക്കുന്നിടത്തുനിന്നും അനങ്ങരുത്...'

താനിയ അത് തർജ്ജിമ ചെയ്ത് ഉറക്കെ വിളിച്ച് പറഞ്ഞു. അത് കേട്ടതും അവർ ഓരോരുത്തരും ഞെട്ടലോടെ ചുറ്റിനും കണ്ണുപായിച്ചു. ശേഷം ഒന്നുംതന്നെ കാണുവാൻ സാധിക്കാതെ ലൂയിയിലേക്കുതന്നെ തിരിഞ്ഞു പലരും ആയാസപ്പെട്ട് ശ്വാസമെടുക്കുന്ന ശബ്ദം മാത്രം അന്തരീക്ഷത്തിൽ അവശേഷിച്ചു.

'ശ്ശ്...'

ലൂയി ചുണ്ടിൽ കൈവച്ചുകൊണ്ട് അവരുടെ നിശ്വാസശബ്ദത്തെയും തടഞ്ഞു. അവൻ നിന്നിടത്തുതന്നെ ചെവി വട്ടംപിടിച്ചുകൊണ്ട് എന്തോ കാര്യമായി നിരീക്ഷിക്കുന്നുണ്ടായിരുന്നു.

കുറഞ്ഞ സെക്കൻറുകൾ കൊണ്ട് അവൻറെ ഊഹം ശരിയെന്നതു പോലെ അവൻ അവരെയെല്ലാം ഉറ്റുനോക്കി.

'ലൂയീ...'

താനിയ തൻറെ കൈയ്യിലെ തീക്കൊള്ളിയെടുത്ത് മുന്നിലേക്ക് നീട്ടിക്കൊണ്ട് ഒരു ചോദ്യരൂപേണ അവൻറെ പേര് വിളിച്ചു. അതിന് മറുപടിയായി ചില്ല് വിള്ളൽവീഴുംപോലെയുള്ള നേർത്ത ശബ്ദം അവരുടെ കാൽനിരപ്പിൽനിന്നും കാതുകളിലേക്കെത്തി.

ആ വിള്ളൽ ശബ്ദം പിന്നിൽനിന്നവരെയും കടന്ന് മുന്നിലൂടെ പുകമഞ്ഞ് ഇല്ലാത്ത പരന്ന പ്രതലത്തിലേക്ക് പോയി.

എല്ലാവരും ശ്വാസമടക്കിപ്പിടിച്ച് അടുത്തതായി എന്താണുണ്ടാകുവാൻ പോകുന്നതെന്ന് സസൂക്ഷ്മം വീക്ഷിച്ചു. അപ്പോഴേക്കും അവരെയും കടന്നുപോയ നേർത്ത വിള്ളലുകൾ ആ കറുത്ത പ്രതലത്തെയാകെ ചിലന്തിവലകൾ പോലെ ഖണ്ഡിച്ചിരുന്നു. തൽക്ഷണം ചില്ലുപാളികൾ തകരുന്നതുപോലെ ആ പ്രതലമാകെ തകർന്ന് അതിന് തൊട്ടുതാഴെയുള്ള കറുത്ത ദ്രാവകത്തിലേക്ക് പതിച്ചു.

മറ്റുള്ളവർക്ക് തങ്ങളുടെ തുടർപാതയുടെ പതനം നൽകിയ ഞെട്ടൽ കെട്ടടങ്ങുംമുൻപുതന്നെ നിശ്ചലമായിരുന്ന ആ കറുത്ത ദ്രാവകം ഒരു നദിയിലെ ജലമെന്നതുപോലെ മുന്നിലേക്ക് ചലിക്കുവാൻ ആരംഭിച്ചു. നിമിഷംപ്രതി അതിലെ ഒഴുക്കിൻറെ ശക്തി ക്രമാതീതമായി വർദ്ധിച്ചുവന്നു.

'കീഫിർ മീവാത്തീ ഉജിഹ് ലീ ഉസാബിക് മീഫാ'

ലൂയി ശാന്തമായി പറഞ്ഞു.

'നമ്മൾ നിൽക്കുന്നിടത്തുനിന്നും അനങ്ങിയാൽ നമ്മൾ നിൽക്കുന്ന നിലവും വിള്ളൽ വീണ് അതിലേക്ക് ഒലിച്ചു പോകുമെന്നാണ് ലൂയി പറഞ്ഞത്...'

താനിയ പ്രയാസപ്പെട്ട് ശ്വാസമെടുത്തുകൊണ്ട് പറഞ്ഞു.

'താനിയാ...എന്താ ഇപ്പോൾ ചെയ്യുക...ഇനിയും ഒഴുക്ക് കൂടിയാൽ വൈകാതെ നമ്മളും ആ ദ്രാവകത്തിലേക്ക് ഒലിച്ചുപോകില്ലേ...'

രഞ്ജിത് അവളെ നോക്കി ചോദിച്ചു.

'മിക്ബിത്ത് ഒയാജീ ലീ മിർവാ ഗീഫത്ത്... അമർവത്തെ പീയിഫിക് കീവാ'

ലൂയി ഉറക്കെ പറഞ്ഞു.

'രഞ്ജിത് നീ പറഞ്ഞത് ശരിയാണ്... ഈ സിറ്റുവേഷൻ മാറുംമുൻപ് എങ്ങനെയും പലതായി തിരിഞ്ഞോടാനാണ് ലൂയി പറയുന്നത്. ഞാൻ കൗണ്ട് ചെയ്യുകയാണ്. ഗയ്സ്... ഗെറ്റ് റെഡി... റിമെംബർ വൺ തിങ്ങ്... ആരും കൂട്ടത്തോടെ ഓടരുത്... കൈയ്യിലുള്ള തീക്കൊള്ളി കളയുകയും ചെയ്യരുത്. ഇപ്പോൾ നിൽക്കുന്നിടത്തുനിന്നും ഒറ്റയൊറ്റയായി പലവഴിക്ക് തിരിഞ്ഞോടുക... എല്ലാവരും സുരക്ഷിതരായശേഷം നമുക്ക് വീണ്ടും കൂടിച്ചേരാം... ഓക്കേ..'

അത്രയും ഒറ്റശ്വാസത്തിൽ പറഞ്ഞൊപ്പിച്ചശേഷം കൗണ്ട് ചെയ്യുവാനായി താനിയ കൈ മുകളിലേക്ക് ഉയർത്തിപ്പിടിച്ചു. എല്ലാവരും തങ്ങൾ കടന്നുവന്ന അതേ വശത്തേക്ക് തിരിഞ്ഞു നിന്നശേഷം ശരീരം ആയംകൊടുത്തുകൊണ്ട് ഓടുവാൻ സജ്ജരായി.

'റെഡി...വൺ...ടൂ...'

പക്ഷേ പെട്ടെന്നായിരുന്നു വലിയൊരു വിസ്ഫോടനശബ്ദം ഉയർന്നുകേട്ടത്. അതോടൊപ്പം അവർ നിന്നിരുന്ന നിലം ഒരു ചങ്ങാടംപോലെ ഇളകുവാൻ ആരംഭിച്ചു.

ഒരു ഞെട്ടലോടെ അവർ ആ സത്യം തിരിച്ചറിഞ്ഞു.

തങ്ങൾ നിൽക്കുന്ന നിലം ആ കറുത്ത വെള്ളച്ചാട്ടം സ്വന്തമാക്കിയിരിക്കുന്നു...!

'റൺ...'

അതേ നിമിഷത്തിൽ താനിയ അലറുന്നതരത്തിൽ വിളിച്ചു പറഞ്ഞു. അത് കേട്ടതും പലരും പലവഴിക്ക് ഓടുവാനാരംഭിച്ചു. ഏറ്റവും ഒടുവിലായി നിന്നിരുന്ന ലൂയിയും രഞ്ജിത്തും മുന്നിലേക്ക് കുതിക്കുംമുൻപുതന്നെ അവർ നിന്നിരുന്ന നിലം മറ്റുള്ളവരിൽ നിന്നും വിട്ടകന്നത് തിരിച്ചറിഞ്ഞിരുന്നു.

'റാൻചിത്...മീവോ...'

ലൂയി തന്നോട് മുന്നോട്ട് ചാടുവാനാണ് പറയുന്നതെന്ന് അവൻറെ മുഖഭാവത്തിൽനിന്നും രഞ്ജിത് ഊഹിച്ചു. അകത്തേക്ക് നല്ലതുപോലെ ശ്വാസമെടുത്തുകൊണ്ട് രഞ്ജിത് കൈയ്യിലിരുന്ന കൊള്ളി പിന്നിലേക്ക് പിടിച്ചശേഷം മുന്നിലേക്ക് കുതിച്ചുചാടി.

തൽക്ഷണം ചില്ലുടയും പോലെ മുൻവശമുണ്ടായിരുന്ന മഞ്ഞുനിലം ദൂരെവരേക്കും പല കഷ്ണങ്ങളായി തകർന്നുപോയി. മുന്നിലായി ഓടിക്കൊണ്ടിരുന്നവരെല്ലാം ഒറ്റനിമിഷത്തിൽ ഓട്ടം അവസാനിപ്പിച്ചു. കൂടിച്ചേർന്നിരുന്ന നിലത്തിനിടയിലൂടെ കറുത്ത ദ്രാവകം തെളിഞ്ഞുവന്നു. അവർക്ക് മുന്നിലായുണ്ടായിരുന്ന പുകമഞ്ഞ് നിമിഷംപ്രതി അലിഞ്ഞില്ലാതായി.

പലവഴിക്ക് ഓടിയവർ ഓരോരുത്തരും ഓരോ മഞ്ഞുപാളികളിലായി പ്രധാനനിലത്തിൽനിന്നും വേർപെട്ടുപോയി. ഒരു ചുവട് വ്യത്യാസത്തിൽ കരയുമായി അകന്നുപോയ നിരാശയിൽ ഏറ്റവും മുന്നിലായുണ്ടായിരുന്ന ജെസ്സി അമർഷത്തോടെ കരയെനോക്കി അലറി.

ബാക്കി ഓരോരുത്തരും നിന്നിടത്തുതന്നെ വട്ടംച്ചുറ്റി. കുത്തിയൊഴുകുന്ന വെള്ളത്തിന് നടുവിലേക്ക് തങ്ങൾ ഒലിച്ചുപോകാതെ ഒന്ന് പിടിച്ചുനിൽക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് അവർ ഓരോരുത്തരും ചുറ്റും പരതി. പല ദിശകളിലായി മഞ്ഞു കട്ടകളിൽ നിന്നിരുന്നവരെ ആ കറുത്ത നദി നടുവിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു.

ഷാനു തൻറെ ജാക്കറ്റൂരി തൊട്ടുമുന്നിലായി നിന്നിരുന്ന അലക്സിലേക്ക് നീട്ടിയെറിഞ്ഞു. അലക്സ് അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കാൻ ശ്രമിച്ചതും അവൻറെ മഞ്ഞുപാളി ഷാനുവിൻറെ മഞ്ഞുപാളിയുടെ സമീപത്തേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ആ ശ്രമം വിഫലമായി.

എല്ലാവരും കരയുമായി ഏറ്റവുമടുത്ത് നിൽക്കുന്ന ജെസ്സിയെ പ്രതീക്ഷയോടെ നോക്കി. പക്ഷേ അവൾക്കും എത്തിപ്പിടിക്കുവാനോ ചാടുവാനോ കഴിയുമായിരുന്ന സാഹചര്യമായിരുന്നില്ല.

ആ കറുത്ത ജലവുമായി സമ്പർക്കം വന്നാൽ ജീവൻതന്നെ അപായപ്പെട്ടുമോ എന്നുപോലും അവർ ഓരോരുത്തരും ഭയന്നു. അതിനാൽ നീന്തി കരയക്ക് കയറുന്നതിനെക്കുറിച്ച് അവർ ചിന്തിച്ചതുപോലുമില്ല.

നിമിഷംപ്രതി അവർ നിന്നിരുന്ന മഞ്ഞുകട്ടകൾ വെള്ളക്കെട്ടിൻറെ നടുവിലായി വെള്ളം കുത്തിയൊലിക്കുന്ന ഭാഗത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. ഒരുപക്ഷേ തങ്ങളുടെ അവസാനം അങ്ങനെയാവും വിധിച്ചിട്ടുണ്ടാവുക എന്ന വിശ്വാസത്തിൽ അവർ ഓരോരുത്തരും തകർന്ന മനസ്സുമായി കരയിലേക്ക് ഉറ്റുനോക്കി മഞ്ഞുപാളികളിലായി നിലകൊണ്ടു.

റൂബി ഏറ്റവുമൊടുവിലായി നിന്നിരുന്ന രഞ്ജിത്തിനെ ഒരുതവണകൂടി വീക്ഷിച്ചു. കൂട്ടത്തിൽ ഏറ്റവുമാദ്യം അപായം സംഭവിക്കുക അവനായിരിക്കുമെന്നതിനാൽ അവളുടെ ആ നോട്ടത്തിന് അവന് ധൈര്യം പകരുവാനുള്ള കരുത്തുണ്ടായിരുന്നു. അവനും ചെറുപുഞ്ചിരിയോടെ അവളെ നോക്കി ഒരുകണ്ണിറുക്കിക്കാട്ടി. ആ ഒരു നിമിഷത്തിൽ അവർ ഇരുവരും കാരണമില്ലാതെ പൊട്ടിച്ചിരിച്ചു.

ബാക്കിയുള്ളവരെല്ലാം അവരിരുവരുടെയും പ്രവർത്തികൾ നോക്കിനിന്നു. മറ്റൊന്നും പ്രവർത്തിക്കാൻ കഴിയാതെ അവർ പത്തുപേരും അപ്പോൾ തീർത്തും നിസ്സഹായരായിരുന്നു.

പക്ഷേ പെട്ടന്നായിരുന്നു ഏറ്റവും മുന്നിലായി നിന്നിരുന്ന ജെസ്സി കരയിലേക്ക് നോക്കി പരസ്പരബന്ധമില്ലാത്ത തരത്തിൽ എന്തൊക്കയോ വിളിച്ചുകൂവിയത്. അത് കേട്ട് ബാക്കിയുള്ളവരെല്ലാം ഒരുപോലെ അവളിലേക്ക് തിരിഞ്ഞു. ശേഷം അവൾ നോക്കി ബഹളമുണ്ടാക്കുന്ന കരയിലേക്കും. കുറച്ചകലെയായി അലിഞ്ഞില്ലാതാവുന്ന പുകമഞ്ഞിനിടയിലൂടെ വിണ്ടുപോകാത്ത മഞ്ഞുനിലത്തിൻറെ അറ്റത്തേക്ക് ഓടിയടുത്തയാളെ കണ്ട് അവർ ഓരോരുത്തരും സ്വന്തം നിലമറന്ന് ഉറക്കെ മുന്നിലേക്ക് കൈചൂണ്ടി ആ പേര് പറഞ്ഞു.

‘കെവിൻ..!’

വലിയ അപകടത്തിൽപ്പെട്ട് പല മഞ്ഞുപാളികളിലാളി മരണത്തിലേക്ക് ഒലിച്ചുപോകുന്നവർ ഒരുപോലെ തൻറെ പേര് വിളിക്കുന്നത് കേട്ട് അവനും ഒരു നിമിഷം അത്ഭുതപ്പെട്ടു. തൻറെ കൈയ്യിലിരുന്ന മരക്കൊള്ളികൾ നിലത്തേക്കിട്ടുകൊണ്ട് അവൻ അവരെയെല്ലാവരെയും മാറിമാറി നിരീക്ഷിച്ചു.

വിഭജിക്കപ്പെട്ടുപോയവർ തങ്ങളുടെ ജീവൻറെ വിലയുള്ള ലക്ഷ്യം കാണുന്നിൽ വന്ന സന്തോഷത്തിലും അതിനിരട്ടി നിരാശയിലും കെവിനെത്തന്നെ നോക്കിനിന്നു.

അവർ നിന്നിരുന്ന മഞ്ഞുപാളികൾ ഓരോന്നും ആ വെള്ളത്തിൻറെ കുത്തൊഴുക്കിലേക്ക് കൂടുതലായി ആകർഷിക്കപ്പെട്ടു കൊണ്ടേയിരുന്നു.

താനിയയും ലൂയിയും ഒരു നിമിഷം പരസ്പരം നോക്കി.

‘ഞാൻ പറഞ്ഞില്ലേ അവൻ ജീവനോടെയുണ്ടെന്ന്...’

പുഞ്ചിരിച്ചുകൊണ്ട് ലൂയി ലൂത്ത ഭാഷയിൽ അവളോട് പറഞ്ഞു. ശേഷം അതേ ചിരിയോടുകൂടി അവൻ കെവിനെ മൊത്തമായൊന്നുനോക്കി.

‘കെവിൻ...കീമിക്കി മിക്കീ...ജീസ്ലാ...ജീമാറോ...’

ജെസ്സി വിറയലോടെ ലൂയിയിൽനിന്നും താനിയയിൽനിന്നും എപ്പോഴൊക്കയോ കേട്ട ലൂത്തഭാഷ അറ്റവും മൂലയും ചേർത്ത് വിറയലോടെ വിളിച്ചുകൂവി. അതോടൊപ്പം തങ്ങളെ രക്ഷിക്കേ എന്ന തരത്തിൽ ആംഗ്യവും.

അവൾ പറയുന്നത് കേട്ട് കെവിൻ തൻറെ തൊട്ടുമുന്നിലായ് മഞ്ഞുപാളിയിൽ വെള്ളത്തിൻറെ കുത്തൊഴുക്കിലേക്ക് നീങ്ങുന്ന ജെസ്സിയെ നെറ്റിചുളിച്ചുനോക്കി ശേഷം തനിക്കരികിൽ കിടക്കുന്ന മരക്കൊള്ളികളിലേക്കും.

പിന്നെ ഒട്ടും താമസിച്ചില്ല. അവൻ തൻറെ കൈയ്യിലായി എരിയുന്ന തീക്കൊള്ളി മഞ്ഞുതരികളിൽ കുത്തിനിർത്തി. ശേഷം ഒടിച്ച് കഷ്ണങ്ങളാക്കി തീകൂട്ടുവാനായി താൻ ശേഖരിച്ച കൂട്ടത്തിലെ നല്ല നീളമുള്ള ഒരു മരക്കൊള്ളിയെടുത്ത് അവളിലേക്ക് നീട്ടിക്കൊടുത്തു.

ജെസ്സി അതിലായി എത്തിപ്പിടിക്കുവാൻ ശ്രമിച്ചെങ്കിലും ഒരിഞ്ച് വ്യത്യാസത്തിൽ അതിന് സാധിക്കാതെ അവൾ അതിനായി വീണ്ടും വീണ്ടും കിണഞ്ഞുശ്രമിച്ചു. ഓരോ നിമിഷവും അവളുടെ മഞ്ഞുപാളി കരയിൽനിന്നും അകന്നുകൊണ്ടിരുന്നതിനാൽ ഇനിയും കെവിൻ നീട്ടിയ മരക്കൊള്ളിയിൽനിന്നും താൻ അകന്നുപോകുമെന്ന് തോന്നിയ ജെസ്സി വലതുകൈയ്യിലായി എരിഞ്ഞുകൊണ്ടിരുന്ന കൊള്ളി മഞ്ഞുപാളിയിലായി ചമ്രം പിണഞ്ഞിരുന്നുകൊണ്ട് കുത്തിക്കെട്ടുത്തി. എന്നിട്ട് ഒരു തുഴപോലെ ആ കറുത്ത ജലത്തിലായി തുഴഞ്ഞു. അവൾ തുഴഞ്ഞ ആയത്തിൽ അവളുടെ മഞ്ഞുപാളി അൽപ്പംകൂടി മുന്നിലേക്ക് നീങ്ങുകയും വീണ്ടും ഒഴുക്കിലേക്കുതന്നെ തിരികെ നീങ്ങുകയും ചെയ്തു. ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്നവർ ഒരു നിമിഷം കൈവിട്ടുപോയ തങ്ങളുടെ എല്ലാ പ്രതീക്ഷകളും ഒരു വിറക് കൊള്ളിയുടെ രൂപത്തിൽ തിരിച്ചുവന്ന സത്യം ആവേശത്തോടെ തിരിച്ചറിഞ്ഞു.

'ജെസ്സീ..യൂ കാൻ...'

താനിയ ഉച്ചത്തിൽ പിന്നിൽനിന്നും വിളിച്ചുപറഞ്ഞു.

'ജെസ്സി...ജെ...സ്സി...ജെ...സ്സി...'

ബാക്കിയുള്ളവരെല്ലാം ചേർന്ന് ജെസ്സിയുടെ പേര് ഉറക്കെ വിളിച്ചുകൊണ്ട് അവളെ വീണ്ടും വീണ്ടും ഊർജ്ജപ്പെടുത്തി.

ജെസ്സി തൻറെ സർവ്വ ആരോഗ്യവും ചെലുത്തി ആ മരക്കൊള്ളി കറുത്ത ജലത്തിലായി ആഞ്ഞുകുത്തിത്തുഴഞ്ഞു. തൻറെ കൈ കഴച്ചിട്ടും കെവിൻ ആ മരക്കമ്പ് ജെസ്സിയിലേക്കുതന്നെ നീട്ടിപ്പിടിച്ചു. ജെസ്സി ഉറക്കെ ശബ്ദമുണ്ടാക്കിക്കൊണ്ട് ആയാസപൂർവ്വം വീണ്ടും വീണ്ടും തുഴഞ്ഞ് മുന്നിലേക്കുവന്നുകൊണ്ടിരുന്നു. ഓരോ സെക്കൻറിലും മരക്കമ്പും അവളുമായുള്ള ദൂരം ഇഞ്ചിഞ്ചായി കുറഞ്ഞുവന്നു.

ജെസ്സി പല്ലുകൾ കൂട്ടിക്കടിച്ച് ആയത്തിൽ വീണ്ടും തുഴഞ്ഞു നീങ്ങി. ഇഞ്ചുകൾ സെൻറീമീറ്ററുകളായി മാറി.

ഒടുവിൽ സന്തോഷത്തിൻറെ പൊട്ടിക്കരച്ചിലോടെ അവൾ ആ മരക്കൊള്ളിയുടെ അറ്റത്തായി പിടുത്തമിട്ടു. തൽക്ഷണം അവളുടെ പിന്നിലായുള്ള ബാക്കിയുള്ളവർ ഓരോരുത്തരും മഞ്ഞുപാളികളിൽ തങ്ങളുടെ തീക്കൊള്ളികൾ ഉരച്ചുകെടുത്തി.

താനിയ തൻറെ വസ്ത്രത്തിൻറെ പോക്കറ്റിൽനിന്നും പെൻടോർച്ച് കൂടി ഓണാക്കി അന്തരീക്ഷത്തിലെ വെളിച്ചത്തിന് അൽപ്പംകൂടി ശക്തി പകർന്നു.

ഒരു കൈ അകലത്തിൽ വേർപെട്ടുനിന്നിരുന്നവർ ഓരോരുത്തരും പരസ്പരം വിറകുകൊള്ളികളിലൂടെ വീണ്ടും ചങ്ങലകൾ പോലെ കൂടിച്ചേർന്നു.

ജെസ്സിയിലൂടെ റ്റോജിയും റ്റോജിയിലൂടെ അലക്സും അലക്സിലൂടെ ഷാനുവും പിന്നിലായുള്ള ബാക്കിയുള്ളവരും പല മഞ്ഞുപാളികളിലായി ഒരുപോലെ കരയിലേക്ക് സഞ്ചരിച്ചു..!

# അൻപത്തിയാറ്

കരയിലേക്ക് ഏറ്റവും ആദ്യം കാലുകുത്തിയ ജെസ്സി കെവിനെ കെട്ടിപ്പിടിച്ച് കവിളിൽ ഉമ്മവെച്ചു. ശേഷം മറ്റുള്ളവരെ കരയിലേക്ക് വലിച്ചുടുപ്പിക്കുവാനായി പരിശ്രമിച്ചു. വളരെയധികം സൂക്ഷ്മതയോടെ ഓരോരുത്തരായി ആ ജലാശയത്തിൽനിന്നും കരയിലേക്ക് കയറി.

ഏറ്റവും ഒടുവിലത്തെ മഞ്ഞുകട്ടയിലായി നിന്നിരുന്ന രഞ്ജിത്തുകൂടി കരയിലേക്ക് സുരക്ഷിതനായി തിരിച്ചെത്തിയപ്പോൾ കെവിൻ എല്ലാവരെയും മാറിമാറി നോക്കി.

'നിങ്ങളൊക്കെ ആരാണ്' എന്ന ചോദ്യഭാവം ആ നോട്ടത്തിനുണ്ടായിരുന്നു. അവന് സംസാരശേഷിയില്ലാത്ത വിവരം അവരിൽ പലരും ഓർത്തെടുത്തു. അവൻ ധരിച്ചിരുന്ന അവൻറെ ചെറു ശരീരത്തിന് പാകമാവാത്ത വസ്ത്രങ്ങൾ പല ഭാഗങ്ങളിലായി കീറിപ്പറിഞ്ഞിരുന്നു.

'ഹായ് കെവിൻ...ഐ ആം താനിയ...ഫ്രണ്ട് ഓഫ് പ്രൊഫസർ നിക്കോൾസൺ...ആൻഡ് ദീസ് ഗയസ് ആർ ഓൾസോ ഹിസ് ഫ്രണ്ട്സ്...'

ഫ്ളോറിഡയിൽ ജനിച്ചുവളർന്നതിനാൽ കെവിന് മറ്റുള്ളവരെപ്പോലെ മലയാളം വശമില്ലയെന്ന് താനിയയ്ക്ക് അറിയാമായിരുന്നു.

പ്രൊഫസർ എവിടേ എന്ന രീതിയിൽ അവൻ ആംഗ്യം കാട്ടി ചോദിച്ചപ്പോൾ അവരെല്ലാം നിശബ്ദരായിനിന്നു.

'പ്രൊഫസർ മറ്റൊരു സ്ഥലത്തേക്ക് പോയിരിക്കുകയാണ്. ഉടൻ നമുക്കരികിലേക്ക് എത്തിച്ചേരും...'

താനിയ ഇംഗ്ലീഷിൽ അവനെ സമാധാനപ്പെടുത്തുവാനായി പറഞ്ഞു.

'അമിർ ബാനുല പികാവിക് കെവിൻസീ ഉ്ലമാക് ലീഗോ'

ലൂയി താനിയ്ക്ക് എന്തോ നിർദ്ദേശം കൊടുത്തു.

'താനിയ... ഇനി നമുക്ക് മുപ്പത്തിയേഴ് മണിക്കൂറുകൾ മാത്രമാണ് ബാക്കിയുള്ളത്. കെവിനെ കണ്ടെത്തിയ സ്ഥിതിക്ക് ഇനി എന്താണ് നമ്മുടെ അടുത്ത പ്ലാൻ...'

രഞ്ജിത് വാച്ചിൽ നോക്കിക്കൊണ്ട് ചോദിച്ചു.

'അതേ രഞ്ജിത് ലൂയി അടുത്തതായുള്ള കാര്യമാണ് ഇപ്പോൾ പറഞ്ഞത്. പ്രൊഫസർ രണ്ടാമത്തെ തുകൽപുസ്തകം കെവിനെ ഏൽപ്പിച്ചശേഷമാണ് കൊട്ടാരത്തിൻറെ ആരംഭഭാഗത്തേക്ക് തിരിച്ചുപോയത്. ഇനി ആ പുസ്തകം ലഭിച്ചാൽ മാത്രമേ നമുക്ക് മാതൃകാഭൂമി സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് പോകുവാനുള്ള വഴി

കണ്ടെത്തുവാൻ സാധിക്കൂ. പിന്നെ നമ്മൾ ഇപ്പോൾ നിൽക്കുന്ന ഈ ഭാഗവും ആ പുസ്തകത്തിൽ കണക്കൂടായി അടയാള ചിഹ്നങ്ങൾവഴി കൊടുത്തിട്ടുള്ള തുടർപാതയുമായി എന്തെങ്കിലും ബന്ധമില്ലെങ്കിൽ ശരിയായ പാത കണ്ടെത്തുവാൻ നമ്മൾ ഇനിയും അലയേണ്ടിവരും...'

താനിയ പറഞ്ഞുനിർത്തിയപ്പോൾ രഞ്ജിത് നടന്ന് കെവിൻറെയരികിലേക്ക് ചെന്നു. എന്നിട്ട് അവൻറെ കൈയ്യിലുള്ള പുസ്തകത്തെപ്പറ്റി അന്വേഷിക്കുന്നതരത്തിൽ ആംഗ്യം കാട്ടി ചോദിച്ചു. പുസ്തകത്തെപ്പറ്റി ചോദിച്ചതും അവൻ അതിനെക്കുറിച്ച് അറിയാത്ത രീതിയിൽ തലയാട്ടി.

അത് കണ്ടതും ബാക്കിയുള്ളവരെല്ലാം അവനെ ആകാംക്ഷയോടെ ഉറ്റുനോക്കി.

'കെവിൻ ഗീവ് മീ ദാറ്റ് ഓൾഡ് ബുക്ക്...'

താനിയ മുന്നിലേക്ക് കടന്നുനിന്നുകൊണ്ട് ചോദിച്ചു.

ഇല്ല എന്ന രീതിയിൽ അവൻ വീണ്ടും തലകുലുക്കി.

'ഇതെന്താ ഇങ്ങനെ...'

റൂബി താനിയെ നോക്കി ചോദിച്ചു.

'അത് കാര്യമാക്കണ്ട. കാരണം നമ്മളെ ആരെയും അവനറിയില്ല. പ്രൊഫസർ കെവിനെ വിശ്വാസപൂർവ്വം ഏൽപ്പിച്ചതാണ് ആ പുസ്തകം. അതാണ് അത് തരാനവൻ മടിക്കുന്നത്'

താനിയ അത് പറഞ്ഞുകൊണ്ട് ജാക്കറ്റിനുള്ളിൽനിന്നും തൻറെ കൈവശമുള്ള ആദ്യത്തെ തുകൽപുസ്തകം പുറത്തെടുത്തു. പ്രൊഫസറിൻറെ കൈയ്യിലും മുൻപ് ആ തുകൽപുസ്തകം കണ്ടിട്ടുള്ളതിനാൽ കെവിൻ അത് വളരെയെളുപ്പത്തിൽ തിരിച്ചറിഞ്ഞു.

'കെവിൻ. ഞങ്ങളെ വിശ്വസിക്കൂ. പ്രൊഫസർക്ക് ഞങ്ങളിൽ വിശ്വാസമില്ലായിരുന്നുവെങ്കിൽ ഈ പുസ്തകം ഞങ്ങളെ ഏൽപ്പിക്കുമോ. അദ്ദേഹം ഞങ്ങൾക്ക് ഈ പുസ്തകം തന്നതിന് വ്യക്തമായ ഉദ്ദേശമുണ്ട്. ഇനിയും താമസിച്ചാൽ ഉണ്ടാകുവാൻ പോകുന്ന ഭവിഷ്യത്തുകൾ നിനക്ക് അദ്ദേഹം പറഞ്ഞുതന്നിരിക്കുമല്ലോ. അതുകൊണ്ട് ദയവുചെയ്ത് ആ പുസ്തകം ഞങ്ങൾക്ക് താ...'

താനിയ ഇംഗ്ലീഷിൽ പറഞ്ഞു.

ഒരുനിമിഷം അവൻ എന്തോ ചിന്തിച്ചശേഷം താനിയയുടെ സംസാരത്തിലെ ആത്മാർത്ഥത തിരിച്ചറിഞ്ഞതുപോലെ തലകുലുക്കി. ശേഷം നിലത്ത് കുത്തിവച്ചിരുന്ന തീക്കൊള്ളി ഊരിയെടുത്തുകൊണ്ട് തന്നെ പിന്തുടരുക എന്ന തരത്തിൽ ആംഗ്യം കാണിച്ചു.

മുന്നിലേക്കുള്ള മൂടൽമഞ്ഞ് വീണ്ടും യഥാസ്ഥിതിയിലേക്ക് തിരിച്ചുവന്നതിനാൽ താനിയ അവൻറെ കൊള്ളിയിൽനിന്നും തൻറെ കൊള്ളിയിലേക്കും തീ പകർത്തി.

ബാക്കിയുള്ളവർ തങ്ങളുടെ കൈയ്യിലിരുന്ന തീക്കൊള്ളികളിലേക്കും അതിൽനിന്നും തീ പകർത്തിയെടുത്തു.

‘ഇവനെങ്ങനെയാണ് ഈ മൂടൽമഞ്ഞിൽ മരക്കൊള്ളിയൊക്കെ കണ്ടുപിടിച്ചത്’

താര അത്ഭുതത്തോടെ തന്നോടൊപ്പമുള്ളവരോട് ചോദിച്ചു.

‘മരക്കൊള്ളി കണ്ടുപിടിച്ചത് പോട്ടേ... ഈ തീയുണ്ടാക്കി മഞ്ഞ് നീക്കുന്ന പരിപാടി എങ്ങനെ കണ്ടുപിടിച്ചു എന്നതാണ് ആദ്യം അറിയേണ്ടത്’

റൂബി അവളുടെ അത്ഭുതം പങ്കുവച്ചു.

തങ്ങൾ വന്ന വഴിയേയല്ല കെവിൻ നടന്നുനീങ്ങുന്നത് എന്നവർ തിരിച്ചറിഞ്ഞു. ചുറ്റുപാടും മെത്തപോലെ കിടക്കുന്ന വെളുത്ത തരിമഞ്ഞല്ലാതെ മറ്റൊന്നും അവർക്കാർക്കും ദൃശ്യമായിരുന്നില്ല.

വലതുവശത്തേക്ക് ഏകദേശം അരമണിക്കൂർ നേരം നടന്നതും അവർക്ക് മുന്നിലുള്ള പുകമഞ്ഞ് നീങ്ങി അവിടെയൊരു വൻ വൃക്ഷത്തിൻറെ അടിഭാഗം തെളിഞ്ഞുവന്നു. കൂടുതൽ അടുത്തേക്ക് ചെല്ലുംതോറും വൃക്ഷത്തിൻറെ പകുതിയോളമുള്ള പുകമഞ്ഞ് അലിഞ്ഞില്ലാതായി.

വെളിച്ചത്തിൽ അത് ഒരു ഉണങ്ങിയ വൃക്ഷമാണെന്ന് അവരെല്ലാവരും തിരിച്ചറിഞ്ഞു. അതിൻറെ ആരംഭഭാഗത്തെ ശിഖരത്തിലെ കൊള്ളികളെല്ലാം ഒടിച്ചെടുത്ത നിലയിലായിരുന്നു. കെവിൻ തൻറെ തീക്കൊള്ളി പിന്നിലായി നിന്നിരുന്ന താനിയയുടെ കൈയ്യിലേക്ക് കൊടുത്തശേഷം ആ മരത്തിലേക്ക് വലിഞ്ഞു കയറി.

സ്ഥിരം മരത്തിൽ വലിഞ്ഞുകയറുന്നതിൻറെ ഭാഗമായാണ് അവൻറെ വസ്ത്രങ്ങളിലെ ആ കീറലുകൾ എന്നവർ മനസ്സിലാക്കി. മുകളിലേക്ക് വലിഞ്ഞുകയറിയ അവൻ അൽപ്പം ഉയരത്തിലുള്ള മൂന്നാമത്തെ ശിഖരത്തിലേക്ക് പിടിച്ചുകയറി. ശേഷം അതിലുള്ള ഒരു പൊത്തിലായി കൈയ്യിട്ട് താൻ സുരക്ഷിതമായി സൂക്ഷിച്ചുവച്ചിരിക്കുന്ന രണ്ടാമത്തെ തുകൽപുസ്തകം കരസ്ഥമാക്കി.

ആ പുസ്തകം തങ്ങളുടെ കൺവെട്ടത്ത് കണ്ടതും ബാക്കിയുള്ളവരുടെയെല്ലാം കണ്ണുകളിൽ ഒരു തിളക്കം മിന്നിമറഞ്ഞു. മുകളിലേക്ക് കയറിയതിലും വേഗത്തിൽ കെവിൻ തിരിച്ച് താഴേക്കെത്തിച്ചേർന്നു. വളരെയേറെ വിലപിടിപ്പുള്ള ഒരു വസ്തു കൈമാറുന്നതുപോലെ ആ പുസ്തകം അവൻ താനിയയുടെ കൈയ്യിലേക്ക് വച്ചുകൊടുത്തു. അത്രയും സമയംവെറും കാഴ്ചക്കാരനായി നിന്നിരുന്ന ലൂയി ആവേശത്തോടെ കെവിനെ തൻറെ കൈയ്യിൽ കോരിയെടുത്ത് ആലിംഗനം ചെയ്തു.

ആ ഒരു നിമിഷത്തിൽ കെവിൻ പ്രൊഫസർ നിക്കോൾസനും താനും കൊട്ടാരത്തിലേക്ക് വന്നെത്തിയ ആവേശകരമായ ആ നിമിഷങ്ങൾ ഒരിക്കൽക്കൂടി

തന്നിലേക്ക് തിരിച്ചെത്തിയതു പോലെ തോന്നിപ്പോയി.

അവനെ തിരികെ താഴെ നിർത്തിയശേഷം തുകൽപുസ്തകം പരിശോദ്ദിക്കുകയായിരുന്ന താനിയയ്ക്കരികിലേക്ക് ലൂയി തിടുക്കപ്പെട്ട് നടന്നുചെന്നു. പെൺകുട്ടികൾക്ക് ലൂത്ത ലിപി മനസ്സിലായില്ലെങ്കിലും അവരും ആ പുസ്തകത്തിലേക്കുതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു.

‘നീ ഇത്രയും ദിവസങ്ങളിൽ ഒന്നും കഴിക്കാതെ എങ്ങനെ ജീവിച്ചു’

രഞ്ജിത് ഇംഗ്ലീഷിൽ കെവിനോട് ചോദിച്ചു. അവനൊപ്പം ബാക്കിയുള്ള ആൺകുട്ടികളും കെവിൻറെ വിശേഷങ്ങൾ ആരാഞ്ഞുകൊണ്ട് ഒപ്പം കൂടി. അതിനെല്ലാം മറുപടിയായി തൻറെയൊപ്പം വരൂ എന്ന രീതിയിൽ കെവിൻ അവരെയെല്ലാം കൈകാട്ടി വിളിച്ചു.

പുസ്തകം പരിശോദ്ദിച്ചുകൊണ്ടിരുന്നവരോട് തങ്ങളിപ്പോൾ വരാം എന്ന് പറഞ്ഞശേഷം രഞ്ജിത്തും കൂട്ടരും കെവിനോപ്പം പോകുവാൻ തുടങ്ങി. അവൻ അത്രയും ദിവസങ്ങളിൽ അവിടെ സുരക്ഷിതനായി ജീവിച്ചിരുന്നതിനാൽ അവനോടൊപ്പം പോകുന്നതിൽ ആൺകുട്ടികൾക്ക് ആർക്കുംതന്നെ കൂടുതലായി ചിന്തിക്കേണ്ട കാര്യമുണ്ടായിരുന്നില്ല.

‘ബീ സേഫ്...’

താനിയ പുസ്തകത്തിൽനിന്നും ഒരു നിമിഷം കണ്ണെടുത്തുകൊണ്ട് അവരെ ഓർമ്മിപ്പിച്ചു.

മറുപടിയായി രഞ്ജിത് അവളെനോക്കി തലകുലുക്കി.

തീക്കൊള്ളിയുമായി ആ മരത്തിൻറെ പിൻവശത്തേക്ക് അവരെല്ലാവരും നടക്കുവാൻ തുടങ്ങിയതും തങ്ങളും ഇപ്പോൾവരാം എന്ന് പറഞ്ഞുകൊണ്ട് പെൺകുട്ടികൾ മൂന്നും അവർക്ക് പിന്നാലെ ഓടിപ്പോയി.

താനിയയും ലൂയിയും തുടർവഴിക്കായുള്ള അടയാളചിഹ്നങ്ങൾക്കായി ആ പുസ്തകമാകെ തിരയുകയായിരുന്നു അപ്പോൾ.

ആ വൻമരത്തിന് പിന്നിലും അതുപോലെതന്നെ പുകമഞ്ഞ് വ്യാപിച്ചിരുന്നു. കെവിനൊപ്പം നടന്നുനീങ്ങുന്ന ആണുങ്ങളുടെ സംഘത്തിലേക്ക് പെൺകുട്ടികളും കൂടിച്ചേർന്നു.

‘ഇവൻ എങ്ങോട്ടാണ് നമ്മളെ കൊണ്ടുപോകുന്നത്’

താര രഞ്ജിത്തിനോട് വിളിച്ചുചോദിച്ചു.

‘അറിയില്ല. പക്ഷേ നമ്മളെക്കാളും ഈ സ്ഥലമെല്ലാം ഇവന് നല്ല തിട്ടമുണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ടതില്ല.’

അവൻ മറുപടി പറഞ്ഞു.

അൽപ്പംകൂടി മുന്നിലേക്ക് കടന്നുചെന്നതും ആ കറുത്ത നദിയെ അഭിമുഖീകരിച്ചപ്പോൾ സംഭവിച്ചതുപോലെതന്നെ മുന്നിലേക്കുള്ള പുകമഞ്ഞിൻറെ കട്ടി കുറഞ്ഞുകുറഞ്ഞുവന്നു. അതോടൊപ്പം ദൂരെയെവിടെനിന്നോ ഇളംമഞ്ഞയും ഓറഞ്ചും കലർന്ന പ്രകാശം അവർക്കുചുറ്റും വ്യാപിച്ചുതുടങ്ങി.

അൽപ്പംകൂടി മുന്നിലേക്ക് ചെന്നതും ഒരു അതിർത്തിപോലെ പുകമഞ്ഞും നിലത്തുള്ള തരിമഞ്ഞും പൂർണ്ണമായും ഇല്ലാതായി മാറി. അതോടൊപ്പം അവിടെയാകെ കറുത്ത പാറക്കല്ലുകൾ നിലത്തായി പ്രത്യക്ഷപ്പെട്ടുതുടങ്ങി.

യുവാക്കളും യുവതികളും ആകാംക്ഷയോടെ നിന്നിടത്തുനിന്ന് ചുറ്റും കറങ്ങിനോക്കി. വളരെയേറെ ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന ഒരു പാറപ്രദേശം. അവിടവിടെയായി ചെറിയചെറിയ പാറനിരകൾ ഉയർന്നുനിൽക്കുന്നു. അവയുടെ ഒത്തനടുവിൽനിന്നും പ്രകാശം അന്തരീക്ഷത്തിലേക്ക് വ്യാപിച്ചിരിക്കുന്നു. തന്നോടൊപ്പം വരൂ എന്ന രീതിയിൽ കെവിൻ അവരെ വീണ്ടും കൈകാട്ടി വിളിച്ചു. അങ്ങനെയൊരിടം കണ്ട് അത്ഭുതപ്പെട്ട് നിന്നിരുന്നവർ വീണ്ടും അവനെ അനുഗമിച്ചുതുടങ്ങി. ഇടതുവശത്തേക്ക് നീങ്ങിയുള്ള ഒരു ഉയർന്ന പാറക്കെട്ടിലേക്ക് കയറുവാനുള്ള വഴിപോലെ പാറക്കഷ്ണങ്ങൾ അടുങ്ങിക്കിടന്നിരുന്നു. കെവിൻ ഒരു അഭ്യാസിയെപ്പോലെ ആ പാറക്കഷ്ണങ്ങളിലൂടെ വലിഞ്ഞുകയറി മുകളിലേക്ക് പോയി.

‘വാ... നോക്കി നിൽക്കാതെ അവൻറെയൊപ്പം കയറ്...’

ജെസ്സി അത് പറഞ്ഞുകൊണ്ട് മുന്നിലായി നിന്നിരുന്ന രഞ്ജിത്തിനെയും കടന്ന് കെവിനെപ്പോലെതന്നെ പാറക്കഷ്ണങ്ങളിലേക്ക് വലിഞ്ഞുകയറിത്തുടങ്ങി.

രഞ്ജിത് അവളെ മുകളിലേക്ക് കയറുവാൻ സഹായിച്ചു. റ്റോജിയും വിക്കിയും തൊട്ടുപിന്നാലെ മുകളിലേക്ക് കയറി. കെവിൻ അപ്പോഴേക്കും ചരിഞ്ഞ് മുകളിലേക്ക് പോകുന്ന ആ പാറക്കുന്നിൻറെ ആരംഭഭാഗത്തേക്ക് കടന്നിരുന്നു. ബാക്കിയുള്ളവരും അവർക്കുപിന്നാലെ മുകളിലേക്ക് വലിഞ്ഞുകയറി. പാറക്കഷ്ണങ്ങൾ കഴിഞ്ഞതും കെവിനെപ്പോലെതന്നെ അവരും കുന്നിൻറെ മുകളിലേക്ക് നടന്നുകയറി.

മലയുടെ അഗ്രഭാഗം പരന്ന ഒരു പ്രതലമായിരുന്നു. കെവിൻ അവിടെയായി കാൽമുട്ടിൽ കൈകുത്തി നിലത്തേക്കും നോക്കി നിൽക്കുന്നതുകണ്ട് അവർ ഓരോരുത്തരും അവിടേക്ക് കടന്നുചെന്നു.

പരന്നനിലത്തിൻറെ അതേ നിരപ്പിൽ ഒരിളക്കം കണ്ടപ്പോൾ മാത്രമാണ് അവിടെ അൽപ്പ ഭാഗത്ത് ജലമുണ്ടെന്ന് അവർ ഓരോരുത്തരും തിരിച്ചറിഞ്ഞത്.

അവരെല്ലാവരും അതിലേക്കുതന്നെ സൂക്ഷിച്ചുനോക്കിനിൽക്കുന്ന സമയത്ത് കെവിൻ രഞ്ജിത്തിൻറെ കൈയ്യിൽ പിടിച്ചുവലിച്ചു. അവൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായില്ലെങ്കിലും അവൻ ബലംകൊടുത്ത വശത്തേക്ക് തൻറെ ശരീരം രഞ്ജിത് അയച്ചുകൊടുത്തു.

ബാക്കിയുള്ളവർ നോക്കിനിൽക്കേ കെവിൻ രഞ്ജിത്തിനെയും മുറുകെപ്പിടിച്ചുകൊണ്ട് വെള്ളം കണ്ട ഭാഗത്തേക്ക് ഇറങ്ങിപ്പോയി. അതിലേക്ക് ഇറങ്ങിപ്പോകുവാനായി കൽപ്പടികളുണ്ടെന്ന് അപ്പോൾ മാത്രമാണ് രഞ്ജിത് തിരിച്ചറിഞ്ഞത്.

നേരിയ ഭയം ഉള്ളിൽ തോന്നിയെങ്കിലും കൂടുതൽ ചിന്തിച്ച് നിൽക്കാതെ കെവിനോടൊപ്പം അവനും ആ വെള്ളത്തിലേക്ക് ഇറങ്ങിത്തുടങ്ങി. അധികം വൈകാതെ അവരിരുവരും ആ ചെറുവെള്ളക്കെട്ടിനടിയിലേക്ക് മറയുന്നതിന് യുവാക്കളും യുവതികളും സാക്ഷിയായി.

വെള്ളത്തിനടിയിലേക്ക് മുങ്ങിയതിനുശേഷം ചുറ്റും ഒന്നും തന്നെ കാണുവാൻ സാധിക്കാതിരുന്നതിനാൽ രഞ്ജിത് തൻറെ കൈയ്യിലായി മുറുകെ പിടിച്ചിരിക്കുന്ന കെവിനിലേക്കുതന്നെ കൂടുതൽ ശ്രദ്ധചെലുത്തി. അപ്പോഴും കൽപ്പടികളിലൂടെതന്നെയാണ് തങ്ങൾ നടന്നുനീങ്ങുന്നതെന്ന് അവൻ ഊഹിച്ചു. പെട്ടെന്ന് കൽപ്പടികളുടെ ഇറക്കം കയറ്റമായി മാറി.

പത്തോളം പടികൾ താണ്ടിയതും വെള്ളത്തിൽനിന്നും തങ്ങൾ അന്തരീക്ഷത്തിലേക്ക് കടന്നുവെന്ന് രഞ്ജിത് തിരിച്ചറിഞ്ഞു. ചുറ്റുമുള്ള ഇരുട്ടിനോട് കൃഷ്ണമണികൾ പാകപ്പെട്ടുമ്പോഴേക്കും കെവിൻ അവൻറെ കൈയ്യിൽനിന്നും പിടിവിട്ടിരുന്നു.

'കെവിൻ...'

രഞ്ജിത് ഉച്ചത്തിൽ വിളിച്ചുകൂവി.

പെട്ടെന്ന് അവൻറെ മുന്നിലായി ഒരു സിഗാർ ലെറ്റർ തെളിഞ്ഞു. അതിൽ കെവിൻറെ പുഞ്ചിരിച്ച മുഖവും.

അപ്പോഴേക്കും രഞ്ജിത്തിൻറെ കണ്ണുകൾ ഇരുട്ടിനോട് പാകപ്പെട്ടിരുന്നു. തങ്ങൾ അപ്പോൾ നിൽക്കുന്നത് സ്വാഭാവികമായുള്ള ഒരു പ്രകൃതിയിലാണെന്ന് രഞ്ജിത് തിരിച്ചറിഞ്ഞു. നിലത്തുനിന്നും അൽപ്പം കരിയില കൂട്ടി അതിന് തീകൊടുത്തശേഷം കെവിൻ സിഗാർ ലൈറ്റർ തൻറെ കീശയിലേക്കിട്ടു. കരിയിലകൾ കത്തി പ്രകാശം വർദ്ധിച്ചതും രഞ്ജിത്തിൻറെ ചിന്താമണ്ഡലങ്ങളിലൂടെ എന്തൊക്കയോ തരംഗങ്ങൾ കടന്നുപോയി.

'ഇത് ഞങ്ങൾ കടന്നുവന്ന വഴിയാണ്'

അവൻ ചുറ്റും കറങ്ങി നോക്കിക്കൊണ്ട് അത്ഭുതത്തോടെ വിളിച്ചു പറഞ്ഞു. അവർ കടന്നുവന്ന ജലപാതയിലേക്ക് തിരിഞ്ഞുകൊണ്ട് അവൻ വീണ്ടും അത്ഭുതപ്പെട്ടു.

'ഇത് കൊട്ടാരത്തിലേക്ക് വെള്ളമെത്തിക്കുന്ന ഔഷധനീർച്ചാലുകളല്ലേ...ഓ.ഗോഡ്...ഞങ്ങൾ പ്രൊഫസർക്കൊപ്പം ഇതുവഴി കടന്നുവരുമ്പോൾ ഈ നീർച്ചാലിലായി ഒരു നിഴൽ മറയുന്നതു പോലെ എനിക്ക് തോന്നിയിരുന്നു. അപ്പോഴത് നീയായിരുന്നുവല്ലേ..! ഇവിടെനിന്നും

കൊട്ടാരത്തിലേക്ക് ഒരുമണിക്കൂർ നടത്തം. പ്രൊഫസർ പറഞ്ഞത് ഞാൻ കൃത്യമായി ഓർക്കുന്നു. പക്ഷേ ഇവിടെ ഇങ്ങനെയൊരു രഹസ്യമാർഗ്ഗമുണ്ടായിരിക്കുമെന്ന് സ്വപ്നത്തിൽപ്പോലും കരുതിയില്ല...'

രഞ്ജിത്തിൻറെ അത്ഭുതം കണ്ട് കെവിൻ വീണ്ടും പുഞ്ചിരിച്ചു. ശേഷം അവൻറെ കൈയ്യിൽ പിടിച്ചുകൊണ്ട് മുന്നിലേക്ക് നടന്നു.

മെർക്കുറിയിൽ ആ സമയത്ത് മറ്റൊരു പുലരികൂടി ജനിക്കുകയാണെന്ന് അന്തരീക്ഷത്തിൻറെ ഭാവത്തിലൂടെ രഞ്ജിത് തിരിച്ചറിഞ്ഞു. വാച്ചിലേക്ക് നോക്കിയതും പുലർച്ചെ അഞ്ചുമണി കഴിഞ്ഞെന്ന് അവൻ മനസ്സിലാക്കി. വാച്ചിൻറെ സ്ക്രീനിൽ തൊട്ടുതാഴെയായി തങ്ങൾക്കായി നിശ്ചയിച്ചിരുന്ന ആയുസ്സിൻറെ നിമിഷങ്ങൾ കുറഞ്ഞുവരുന്നത് കണ്ടതും അവൻ മുന്നിലേക്ക് ശ്രദ്ധിച്ചു. ഒരു സ്ഥലമെത്തിയതും കെവിൻ നടത്തം അവസാനിപ്പിച്ചു.

അവിടെയും കുറച്ചകലെ ചെയ്തതുപോലെ കരിയിലകൾ കൂട്ടി അവൻ തീയുണ്ടാക്കി. തൊട്ടടുത്ത നിമിഷത്തിൽ രഞ്ജിത്തിൻറെ കണ്ണുകൾ സന്തോഷംകൊണ്ട് കൂടുതൽ വികസിച്ചു.

'ആപ്പിൾ മരങ്ങൾ...!'

അവൻ സന്തോഷത്തോടെ വിളിച്ചുകൂവി.

എല്ലാവരെയുംപോലെതന്നെ അവനും വിശപ്പാൽ തീർത്തും അവശനായിരുന്നു. കെവിനെയൊന്ന് നോക്കിയശേഷം തങ്ങൾ മണിക്കൂറുകൾക്ക് മുൻപ് കടന്നുവന്ന ആപ്പിൾ മരങ്ങൾ നിറഞ്ഞ പാതയിലേക്ക് അവൻ ഓടിപ്പോയി. നിലത്ത് വീണുകിടന്നിരുന്ന ആപ്പിൾ പഴങ്ങൾ പെറുക്കിയെടുത്ത് ആർത്തിയോടെ അവൻ കടിച്ചുതിന്നു. വിശപ്പൊന്ന് തെല്ലടങ്ങിയതും വീണുകിടക്കുന്ന പഴങ്ങളിൽ നല്ലവനോക്കി അവൻ തൻറെ ഉടലിൽ കിടന്നിരുന്ന ജാക്കറ്റൂരി അതിൻറെ കഴുത്തുഭാഗം കെട്ടിക്കൊണ്ട് അതിലേക്ക് പെറുക്കിയിട്ടു.

കെവിനും അവനൊപ്പം കൂടി.

ഒടുവിൽ ഒരു ചാക്കിലായി നിറച്ചതുപോലെ ആപ്പിൾ പഴങ്ങൾ ശേഖരിക്കപ്പെട്ടു. അപ്പോഴേക്കും മെർക്കുറിയിലേക്ക് പുലരിയുടെ ആദ്യ കിരണങ്ങൾ എത്തിത്തുടങ്ങിയിരുന്നു.

# അൻപത്തിയേഴ്

രഞ്ജിത് ഒരിക്കൽക്കൂടി സ്വതന്ത്രമായ അന്തരീക്ഷത്തെയും ആകാശത്തെയും നോക്കിക്കണ്ടു. ശേഷം പോകാം എന്ന രീതിയിൽ കൈവിനെ നോക്കി. കെവിൻ താൻ എരിച്ച കരിയിലകളിലെ അവശേഷിച്ചിരുന്ന കനലിൻറെ അംശവും ഇല്ലാതാക്കി മാറ്റുകയായിരുന്നു അപ്പോൾ.

മനുഷ്യന് തൻറെ പ്രതികൂല സാഹചര്യങ്ങളെ പലവിധത്തിൽ തരണം ചെയ്യുവാൻ പോന്ന ഏറ്റവും വലിയ ഒരു ഉപാധിയായി തീയെ പ്രൊഫസർ മുൻകൂട്ടി കണ്ടിരിക്കും. അതാവണം അവന് സിഗാർ ലൈറ്റർ കൊടുത്തിട്ടുണ്ടാവുകയെന്ന് രഞ്ജിത് ഊഹിച്ചു.

അത്രയും ചെറിയ പ്രായത്തിൽ ത്തന്നെ ഇത്തരത്തിലെ പ്രാവർത്തിക ബുദ്ധിയുള്ള കെവിനോട് രഞ്ജിത്തിന് നേരിയ രീതിയിൽ ബഹുമാനവും തോന്നിപ്പോയി. അപ്പോഴേക്കും കൈവിൻ നീർച്ചാലിലേക്കിറങ്ങുവാൻ സജ്ജനായിരുന്നു. രഞ്ജിത് ഒരു കൈയ്യിലേക്ക് ആപ്പിളുകൾ താങ്ങിപ്പിടിച്ചുകൊണ്ട് അവൻറെ വലതുകൈയ്യിലായി മുറുകെപ്പിടിച്ചു.

ഇതേസമയം പാറക്കുന്നിൻറെ മുകളിലായി യുവാക്കൾക്കും യുവതികൾക്കുമൊപ്പം താനിയയും ലൂയിയും ആ വെള്ളത്തിൻറെ ചെറിയ ഉറവയിലേക്ക് ശ്രദ്ധിച്ചുനിൽക്കുകയായിരുന്നു. രഞ്ജിത്തും കെവിനും അവിടെനിന്നും അപ്രത്യക്ഷമായിട്ട് അപ്പോഴേക്കും ഒന്നര മണിക്കൂറിലേറെ സമയം കഴിഞ്ഞിരുന്നു.

ഒരു നിശ്ചിത സമയത്തിനകം അവർ തിരികെ വരാതായപ്പോൾ അലക്സും റ്റോജിയും വന്നവഴിക്ക് പോയി ലൂയിയെയും താനിയയെയും കൂട്ടിക്കൊണ്ട് ആ പാറക്കുന്നിലേക്ക് വന്നെത്തുകയായിരുന്നു. അൽപ്പസമയംകൂടി കാത്തിരിക്കാം എന്ന ലൂയിയുടെ നിർദ്ദേശത്തെത്തുടർന്ന് അവർ വീണ്ടും അവിടെത്തന്നെ കാത്തുനിന്നു. റൂബി ഇടയ്ക്കിടെ ആ ജല ഉറവയുടെ അടിത്തട്ടിലേക്ക് പ്രതീക്ഷയോടെ എത്തിനോക്കി.

അതിനിടയിൽ അടിത്തട്ടിലായി സൂര്യപ്രകാശം കണ്ടുതുടങ്ങിയപ്പോൾ അവർ ഓരോരുത്തരുടെയും ഉള്ളിലായി പലതരം ചോദ്യചിഹ്നങ്ങൾ ഉയർന്നുവന്നു. ആ വെളിച്ചത്തിൽ താഴേക്ക് പോയിരിക്കുന്ന കൽപ്പടികൾ വ്യക്തമായിത്തുടങ്ങി.

ഒടുവിൽ അവർ പോയ വഴിക്ക് അന്വേഷിച്ചുപോകുവാൻ ലൂയി തയ്യാറെടുക്കുമ്പോഴായിരുന്നു ജലത്തിൻറെ അടിത്തട്ടിലായി നേരിയ ചലനങ്ങൾ പ്രത്യക്ഷപ്പെട്ടത്. അവിടേക്കു തന്നെ ഉറ്റുനോക്കി നിന്നിരുന്ന റൂബിയായിരുന്നു അതാദ്യം കണ്ടെത്തിയതും.

ഏതാനും നിമിഷങ്ങൾക്കകം കെവിൻറെ ശിരസ്സ് ഉറവയുടെ മുകളിലായി പ്രത്യക്ഷപ്പെട്ടു. തൊട്ടുപിന്നാലെ രഞ്ജിത്തും. മുകളിലേക്ക് നനഞ്ഞുകുളിച്ച് കയറിവന്നതും താൻ തൻറെ കൂട്ടുകാർക്കായി കരുതലോടെ കൊണ്ടുവന്ന ആപ്പിളുകൾ അവൻ നിലത്തേക്ക് കുടഞ്ഞിട്ടു. ആഹാരവസ്തു കണ്ടതും അത്രയും സമയം നഷ്ടപ്പെടുത്തിയതിൽ അൽപ്പമെങ്കിലും നീരസത്തോടെ നിന്നിരുന്ന അവരിൽ പലരുടെയും മുഖം തെളിഞ്ഞു. കാരണം ആ പാറക്കുന്നിലേക്ക് കയറിയതോടെ ശരീരത്തിലെ ഊർജ്ജം മുഴുവനായും നഷ്ടമായ അവസ്ഥയിലായിരുന്നു അവർ ഓരോരുത്തരും.

എന്തെങ്കിലും പരസ്പരം സംസാരിക്കുന്നതിന് മുൻപേ നിലത്തുനിന്നും ആപ്പിളുകൾ ഓരോന്നായി ആളാംവീതം പെറുക്കിയെടുത്തു. താൻ വലിയൊരു ദൗത്യം നിർവഹിച്ചതു പോലെ രഞ്ജിത്തിന് തോന്നി. വിശപ്പ് തെല്ലൊന്നടങ്ങിയതും ഓരോരുത്തരും ഉറവയിൽനിന്നും മതിയാവോളം വെള്ളവും കോരിക്കുടിച്ചു.

കൊട്ടാരത്തിലേക്കുള്ള യാത്രാമദ്ധ്യേ തങ്ങൾ കുടിച്ച അതേ ഔഷധജലമാണ് അതെന്ന് അവർക്ക് മനസ്സിലായി. ആപ്പിളിനൊപ്പം ഔഷധജലംകൂടി ഉള്ളിലേക്ക് ചെന്നതും ഓരോരുത്തരുടെയും സിരകളിൽ പുതു ഊർജ്ജം കുത്തിയൊഴുകി. അപ്പോഴേക്കും രഞ്ജിത് അൽപ്പം മുൻപ് നടന്ന കാര്യങ്ങളത്രയും താനിയയോടും ലൂയിയോടും വിവരിച്ചിരുന്നു. ഇതേസമയം താനിയ കെവിനോട് അവൻറെ കഥ ഉന്നയിച്ചു. പ്രൊഫസർ കുളത്തിനരികിലായി തന്നെ നിർത്തിപ്പോയശേഷം എന്തെങ്കിലും ആഹാരത്തിനായി ഗുഹാഭാഗങ്ങളിലേക്ക് തിരഞ്ഞിറങ്ങി ഒടുവിൽ തിരികെപ്പോകുവാനുള്ള വഴി മനസ്സിലാകാതെ മറ്റൊരു മാർഗ്ഗത്തിലൂടെ ആ മഞ്ഞുപ്രദേശത്ത് അകപ്പെട്ടപ്പോൾ അതിൽനിന്നും രക്ഷനേടുവാനായി താനും ആ കറുത്ത നദിയുടെ മുകളിലെ മഞ്ഞുപാളിലൂടെ സഞ്ചരിച്ചെന്നും അത് ഉടയുവാൻ തുടങ്ങിയതും പുകമഞ്ഞിലൂടെ ഒന്നും കാണുവാൻ സാധിക്കാതെ ഓടി ഒരു ഉണക്കമരത്തിൽ ചെന്നിടിച്ച് വീഴുകയും ഒടുവിൽ കടുത്ത തണുപ്പിൽ നിന്നും രക്ഷനേടുവാൻ അതിൽ നിന്നും കൊള്ളികൾ ഒടിച്ചെടുത്ത് കൈവശമിരുന്ന സിഗാർ ലൈറ്റർ കൊണ്ട് തീയുണ്ടാക്കുകയും പിന്നീട് തുടർവഴിതേടിയുള്ള അലച്ചിലിനിടെ ഉറവയിലെ സൂര്യപ്രകാശത്തെ ലക്ഷ്യമാക്കി സഞ്ചരിച്ച് പുറംലോകത്തേക്കുള്ള വഴി കണ്ടെത്തുകയും ചെയ്തുവെന്ന് കെവിൻ ആംഗ്യഭാഷയിൽ പറഞ്ഞു.

മാത്രമല്ല പ്രൊഫസർ തന്നെത്തേടി വരുമ്പോൾ കണ്ടെത്തുവാനായി കുളത്തിൽ നിന്നുമുള്ള തുടർ വഴികളിൽ ഒന്നായ മഞ്ഞുപ്രദേശത്ത് താൻ തീകൂട്ടി കാത്തിരിക്കുകയായിരുന്നുവെന്നും അവൻ പറഞ്ഞു. തുടർന്ന് സംഭവിച്ച കാര്യങ്ങളെല്ലാം അവർക്കും അറിയാമായിരുന്നു.

‘എന്തായി കാര്യങ്ങൾ...’

രഞ്ജിത് താനിയയിലേക്ക് തിരിഞ്ഞുകൊണ്ട് ചോദിച്ചു.

അത് കേട്ടതും ആ തുകൽ പുസ്തകത്തിൽ അടയാളം വച്ചിരുന്ന തൻറെ ചൂണ്ടുവിരലിൽ ബലം കൊടുത്തുകൊണ്ട് അവളാ പുസ്തകത്തിലെ ഒരു ഭാഗം തുറന്നു. ബാക്കിയുള്ളവരും ജിജ്ഞാസയോടെ അവൾക്ക് ചുറ്റും കൂടി. ആ താളുകളിലെ ചിഹ്നങ്ങളിലൂടെ തങ്ങൾ കടന്നു വന്ന ഓരോ വഴിയും താനിയ അവരോടെല്ലാം വിവരിച്ചു. ജലസംഭരണിയുടെ അടിയിലെ ചെറുവാതിലിലൂടെ കുളക്കരയിലെത്തിയശേഷം ശരിയായ ഗുഹാമാർഗ്ഗം തിരഞ്ഞെടുക്കുവാൻ പഴയ തുകൽ പുസ്തകത്തിലെ പതിമൂന്നാം താളിൽ പറഞ്ഞിരിക്കുന്ന ഒരു വിദ്യയാണ് ഉപയോഗിക്കേണ്ടത്. അതിലൂടെ ശരിയായ ഗുഹാമുഖം തിരഞ്ഞെടുത്താൽ അടുത്തത് ഒരു മരത്തിൻറെ ശിഖരത്തിൻറെ അടയാളമാണ്. അതായത് നമ്മൾ ഗുഹയിലൂടെ എത്തപ്പെട്ട ആ വൻമരം. അതുവരെ നമ്മുടെ പാത കൃത്യമായിരുന്നു. പക്ഷേ അതിനുശേഷം കൊടുത്തിരിക്കുന്ന അടയാളം ഒരു ജലപാതയുടേതാണ്. അതിലൂടെയായിരിക്കണം ആ രാജാവും പത്നിയും പോയിട്ടുണ്ടാവുക. പക്ഷേ നമ്മൾ അവരെ ഭയന്ന് ആ മരത്തിലൂടെതന്നെ തെറ്റായ ദിശയിൽ സഞ്ചരിച്ച് ഇത്രയും ദൂരം വന്നെത്തിയിരിക്കുന്നു. ഇനി മാതൃകാഭൂമിയിലേക്കുള്ള തുടർവഴിയിലേക്ക് എങ്ങനെ എത്തിച്ചേരുമെന്ന് ഒരെത്തും പിടിയുമില്ല.'

താനിയ പറഞ്ഞുനിർത്തി.

രഞ്ജിത് അവളുടെ കൈയ്യിൽ നിന്നും ആ പുസ്തകം വാങ്ങി വീണ്ടും ഒരിക്കൽകൂടി നിരീക്ഷിച്ചു.

അവൾ അതിലെ അടയാളങ്ങൾ തങ്ങൾ കടന്നെത്തിയ ചുറ്റുപാടുമായി കൃത്യമായി വ്യാഖ്യാനിച്ചതിലൂടെ പുരാതനകാല ചിഹ്നഭാഷയിലും അവൾക്ക് നല്ല പ്രാവീണ്യമുണ്ടെന്ന് അവൻ തിരിച്ചറിഞ്ഞു.

ഒരു നിശ്ചിത സമയം ആയുസ്സായി കൽപ്പിച്ചിരുന്നതിനാൽ ബാക്കിയുള്ളവരെല്ലാം തങ്ങൾക്ക് വഴിപിശകിപ്പോയതിൽ തികച്ചും അസ്വസ്ഥരായി കാണപ്പെട്ടു. പുസ്തകത്തിലെ ചിഹ്നങ്ങൾ പ്രകാരം തിരികെ യദാർത്ഥ പാതയിലേക്ക് പോകുക എന്നത് അപ്രാപ്യമായ കാര്യമാണെന്ന് ഏവർക്കും ബോധ്യമുണ്ടായിരുന്നു. ആ ഒരു നിമിഷം മുതൽ അവർക്കിടയിൽ നിശബ്ദത വീണ്ടും പൊന്തിവന്നു.

'ഇനി നമുക്ക് എത്ര സമയം കൂടി മിച്ചമുണ്ട്"

നിശബ്ദതയെ ഭേദിച്ചുകൊണ്ട് താനിയയുടെ സ്വരമുയർന്നു.

'മുപ്പത്തിരണ്ട് മണിക്കൂർ മുപ്പത് മിനിട്ട്"

ഇടയ്ക്കിടെ വാച്ചിലേക്ക് നോക്കിക്കൊണ്ടിരുന്ന താര അവൾ ചോദിച്ചയുടൻ മറുപടി കൊടുത്തു.

വീണ്ടും അന്തരീക്ഷമാകെ നിശബ്ദതയിൽ മൂടപ്പെട്ടു. താനിയ ലൂയിയുമായി എന്തൊക്കയോ ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോഴാണ് രഞ്ജിത് തുകൽ പുസ്തകവുമായി അവർക്കരികിലേക്ക് കടന്നെത്തിയത്.

'താനിയ...ഈ ജലപാത കഴിഞ്ഞാൽ കൊടുത്തിരിക്കുന്നത് ഒരു ഇടിമിന്നൽ പോലെയുള്ള ചിഹ്നവും അതുകഴിഞ്ഞാൽ വീണ്ടും ജലപാതയുടെ ചിഹ്നവുമാണ്. പിന്നീടുള്ള അടയാളം ഒരു ചതുരവും അതിലായി മണൽതരികൾപോലുള്ള എന്തോ ഒന്നും. അതിനപ്പുറം കുറേ ചെറുതും വലുതുമായ വൃത്തങ്ങളും അവയ്ക്കിടയിൽ വളഞ്ഞുപുളഞ്ഞ ചില വരകളും. എനിക്ക് ചിഹ്നങ്ങൾ നോക്കി സ്ഥലം പറയാനൊന്നും അറിയില്ല. പക്ഷേ ആ ചതുരം മഞ്ഞുപ്രദേശവും തരികൾ പോലുള്ളത് മഞ്ഞുതരികളുമാണെങ്കിലോ...ദാ ഈ ചെറുതും വലുതുമായ വൃത്തങ്ങൾ ഈ കാണുന്ന പാറക്കുന്നുകളും അവയ്ക്കിടയിലെ വളഞ്ഞ വരകൾ നമുക്ക് മുന്നിൽ ഈ കാണുന്ന രഹസ്യ കനാൽ ജലപാതയുമാണെങ്കിലോ..എന്തായാലും നമ്മൾ കടന്നുവന്ന ദിശയും ദൂരവുമൊക്കെവച്ച് നോക്കിയാൽ ആ മരത്തിൽനിന്നും നേരേ പോയാൽ എത്തുന്ന ദിശയും ദൂരവുമായി ഏകദേശമൊക്കെ സാമ്യമുണ്ട്. അങ്ങനെ വന്നാൽ നമ്മൾ അൽപ്പം മുൻപ് കണ്ട ആ കറുത്ത വെള്ളമൊഴുകുന്ന ജലാശയം ഇതിൽക്കൊടുത്തിരിക്കുന്ന ജലപാതയുമായി തീർച്ചയായും ബന്ധപ്പെട്ടിരിക്കണം.'

രഞ്ജിത് പറഞ്ഞത് കേട്ട് താനിയ ഒരിക്കൽക്കൂടി ആ പുസ്തകത്തിലേക്ക് കണ്ണോടിച്ചു. ശേഷം അവനെ നോക്കി പുഞ്ചിരിച്ചു.

'രഞ്ജിത് പറഞ്ഞ ഒരു കാര്യം കൃത്യമാണ്. വലുതും ചെറുതുമായ വൃത്തങ്ങൾ പാറക്കല്ലുകളെയാണ് സൂചിപ്പിക്കുന്നത്. പക്ഷേ അതിന് മുൻപുള്ള ആ ചതുരത്തിലെ തരികൾ അത് മഞ്ഞിനെ പ്രതിനിധീകരിക്കുന്ന അടയാളമല്ല. അവ ദുർഘടമായ ഒരു പ്രദേശത്തെ അടയാളപ്പെടുത്തുന്നതാണ്. പിന്നെ ഈ അടയാളം ജലാശയത്തിൽത്തന്നെ നിലകൊള്ളുന്ന എന്തോ ഒന്ന്....'

പെട്ടെന്ന് താനിയ ഒന്ന് നിർത്തി. ശേഷം ആ പുസ്തകം രഞ്ജിത്തിൻറെ കൈയ്യിൽ നിന്നും പിടിച്ചുവാങ്ങി ഒരിക്കൽക്കൂടി ആ ചിഹ്നങ്ങളിലൂടെ തിടുക്കത്തിൽ കണ്ണുകളോടിച്ചു.

'ലൂയീ...ഇസ്ബിരോ മീവിത്തീ തർവാത്ത മുബാരിക്...ആഹിക് ലീമാബോ'

അത് കേട്ടതും ലൂയിയും ആ പുസ്തകമാകെ നിരീക്ഷിക്കുവാൻ ആരംഭിച്ചു. ബാക്കിയുള്ളവരുടെ മുഖത്ത് അടിഞ്ഞുകൂടിയ നിരാശഭാവം താനിയയുടെയും ലൂയിയുടെയും മുഖത്തുണ്ടായ ആ ഒരു ഭാവമാറ്റത്തോടൊപ്പം മാറപ്പെട്ടു.

'രഞ്ജിത്.. താങ്ക്യൂ സോ മച്ച്.... നീ പറഞ്ഞ ഒരു കാര്യം സത്യമാണ്. നമ്മൾ കടന്നുവന്ന ദിശയും ദൂരവും വച്ച് നമ്മൾ അൽപ്പം മുൻപ് അപായപ്പെട്ട വെള്ളക്കെട്ടും ഇതിൽ പറയുന്ന ജലപാതയുമായി ബന്ധമുണ്ട്. അതുമാത്രമല്ല എൻറെ ഊഹം ശരിയാണെങ്കിൽ ആ ജലപാതയിൽ കൊടുത്തിരിക്കുന്ന ഈ ഇടിമിന്നൽ പോലുള്ള വിള്ളലടയാളം ജലപാതയിൽ നിലകൊള്ളുന്ന എന്തോ ഒന്ന് തകർത്ത് മുന്നിലേക്ക് പോകുവാനുള്ള അടയാളമാണ്. ജലാശയത്തിൽ തകരാൻ സാധ്യതയുള്ളത് അതിനുമുകളിൽ നിലകൊള്ളുന്ന മഞ്ഞുപാളിയാണ്. അതായത് അൽപ്പംമുൻപ് നമ്മൾ അകപ്പെട്ടുപോയ ആ മഞ്ഞുപ്രദേശം. അപ്പോൾ വൻമരത്തിൽ നിന്നുമുള്ള ആ

ജലപാത മഞ്ഞുപാളി സ്ഥിതിചെയ്യുന്ന ഇവിടേക്കാണ്. മിക്കവാറും ആ മരത്തിൽ നിന്നും ജലത്തിലൂടെ സഞ്ചരിക്കാൻ എന്തെങ്കിലും സഞ്ചാര ഉപാധിയുണ്ടായിരിക്കും. ആ മഞ്ഞുപാളികൾ തകർക്കുമ്പോൾ ജലം ഒരു ദിശയിലേക്ക് ഒഴുകുന്നത് നമ്മൾ കണ്ടതാണ്. അപ്പോൾ ആ സഞ്ചരിക്കുന്ന വസ്തു അടുത്ത പാതയിലേക്ക് സ്വാഭാവികമായി ആകർഷിക്കപ്പെടും. പക്ഷേ അടുത്തതായി കൊടുത്തിരിക്കുന്ന ചിഹ്നം വീണ്ടും ജലത്തിൻറേതാണ്. അതും മഷി കട്ടപ്പിച്ച രീതിയിൽ അടയാളപ്പെടുത്തിയ ജലപാത. തീർച്ചയായും അത് ആ കറുത്ത ജലസ്രോതസ്സ് തന്നെയാണ്. ഇവിടുത്തെ പ്രശ്നം അതുമല്ല. അത്രയും സമയം സഞ്ചരിക്കുന്നത് ജലത്തിന് മുകളിലൂടെയായിരുന്നെങ്കിൽ ആ കറുത്ത ജലപാതയിലെ മഞ്ഞുപാളി തകർത്തശേഷം സഞ്ചരിക്കേണ്ടത് വെള്ളത്തിനടിയിലൂടെയാണ്...'

താനിയ പറഞ്ഞുനിർത്തിയപ്പോൾ എല്ലാവരും ശരിക്കും അത്ഭുതസ്തബ്ധരായി നിൽക്കുകയായിരുന്നു.

'എന്ത്...ആ കറുത്ത ജലത്തിനടിയിലൂടെയോ'

ജസ്സി വിശ്വാസമാകാത്ത തരത്തിൽ ചോദിച്ചു.

'തീർച്ചയായും...'

താനിയ ഉറപ്പിച്ചുപറഞ്ഞു.

കെവിന് തൻറെ ചുറ്റും എന്തൊക്കെയാണ് നടക്കുന്നതെന്ന് ഒന്നുംതന്നെ മനസ്സിലായില്ല.

'നിങ്ങൾക്ക് രണ്ടുപേർക്കും ഉറപ്പുണ്ടെങ്കിൽ നമുക്ക് എത്രയും പെട്ടെന്ന് അവിടേക്കുതന്നെ തിരികെപ്പോകാം'

റൂബി തിടുക്കംകൂട്ടി.

പിന്നീട് ഒട്ടുംതന്നെ താമസിച്ചില്ല. എല്ലാവരും തിടുക്കത്തോടെ വന്നവഴിക്ക് തിരികെ നടന്നു. നടത്തത്തിനിടയിൽ കെവിനോട് താനിയ കാര്യങ്ങളെല്ലാം വിശദമായി അവതരിപ്പിച്ചു. കാര്യങ്ങൾ പൂർണ്ണമായി മനസ്സിലായതും അവൻറെ നടത്തത്തിലും അവർക്കുള്ള അതേ ആവേശം പ്രതിഫലിച്ചു. ഒടുവിൽ ആ മരവും മഞ്ഞുപാതയും കടന്ന് അവർ വീണ്ടും ആ ജലാശയത്തിനരികിലേക്കെത്തുമ്പോൾ അൽപ്പം മുൻപ് കണ്ട അതേ രീതിയിൽ ജലോപരിതലത്തിലെ മഞ്ഞുപാളി വീണ്ടും കൂടിച്ചേർന്ന് ഒരു പരന്ന പ്രതലമായി മാറിയിരുന്നു. രണ്ടാം തുകൽപുസ്തകം ആദ്യത്തെ പുസ്തകം സുരക്ഷിതമായി വച്ചിരിക്കുന്ന അതേ രീതിയിൽ താനിയ തൻറെ ജാക്കറ്റിനുള്ളിൽ സുരക്ഷിതമാക്കി.

'അപ്പോൾ ഒന്നിച്ച് മുന്നോട്ട് പോകുകയല്ലേ..?'

താനിയ വിളിച്ചുചോദിച്ചു.

'തീർച്ചയായും'

അവളുടെ തീരുമാനം ശരിവച്ചതുപോലെ എല്ലാവരും ഒരുപോലെ മറുപടി പറഞ്ഞു.

കെവിൻ ലൂയിയെ ഒന്ന് നോക്കിയശേഷം അവൻറെ കൈയ്യിലായി തൻറെ കൈവിരലുകൾ കോർത്തുപിടിച്ചു.

‘കമോൺ ഗയ്സ്...’

താനിയ അത് പറഞ്ഞുകൊണ്ട് മുന്നിലേക്ക് നീങ്ങി. ബാക്കിയുള്ളവരും തൊട്ടുപിന്നിലായി ഒന്നിച്ചു നടന്നു. എല്ലാവരുടെയും കൈകളിൽ അപ്പോഴും ഓരോ കൊള്ളികൾ എരിയുന്നുണ്ടായിരുന്നു.

മഞ്ഞുതരികൾ കഴിഞ്ഞുള്ള പരന്ന പ്രതലം ആരംഭിച്ചതും ഓരോ തീനാളങ്ങളുടെ പ്രതിഫലനവും നിലത്തെ മഞ്ഞുപ്രതലത്തിൽ വന്യമായ ഒരു തിളക്കമുണ്ടാക്കി. അൽപ്പംകൂടി മുന്നിലേക്ക് നടന്നതും അവർ പ്രതീക്ഷിച്ചതുപോലെതന്നെ കണ്ണാടിച്ചില്ലിന് വിള്ളൽ വീഴുംപോലെയുള്ള ഒരു ശബ്ദം അവരുടെ കാൽപ്പാദങ്ങൾക്കടിയിലൂടെ മുന്നിലേക്ക് പടർന്നുപോയി. ജെസ്സിക്ക് നേരിയ ഭയം തോന്നിയെങ്കിലും ബാക്കിയുള്ളവരാരും നടത്തം അവസാനിപ്പിക്കാത്തതിനാൽ അവളും അവർക്കൊപ്പം മുന്നിലേക്കുതന്നെ സാവധാനത്തിൽ നടന്നുനീങ്ങി. ഏകദേശം മഞ്ഞുപ്രതലത്തിൻറെ മദ്ധ്യഭാഗത്തെത്തിയതും കരയിൽനിന്നും ജലാശയത്തിലേക്കുള്ള മഞ്ഞുപാളി അടർന്നുമാറിയ വിവരം എല്ലാവരും തിരിച്ചറിഞ്ഞു. അതോടൊപ്പം മഞ്ഞുപാളിക്കടിയിലെ ജലത്തിന് ചലനമുണ്ടായി.

ഏതുനിമിഷവും തങ്ങൾ സഞ്ചരിക്കുന്ന ആ പ്രതലവും തകർന്ന് തരിപ്പണമാകുമെന്ന് മനസ്സിലാക്കിയതും അവർ ഓരോരുത്തരും നടത്തം അവസാനിപ്പിച്ചുകൊണ്ട് തങ്ങളുടെ കാൽപ്പാദങ്ങക്കടിയിലെ വിള്ളൽ വീണ മഞ്ഞുപാളികളിലേക്കുതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നിന്നു.

ആ വലിയ പ്രതലത്തിൽനിന്നും ചെറുകഷണങ്ങളായി വിഭജിച്ചുമാറുന്ന മഞ്ഞുകട്ടകളെ ഒരു ഭാഗത്തേക്കായി ജലാശയം ശക്തമായി ആകർഷിച്ചു. അവർ നിൽക്കുന്ന മഞ്ഞുപാളിയിൽ നേരിയ വിള്ളൽ വീണിരുന്നെങ്കിലും അത് മറ്റുള്ളവയിൽ നിന്നെല്ലാം വിഭജിച്ച് വലിയൊരു നിലംപോലെ തോന്നിച്ചു. മാത്രമല്ല അവയിൽ അത്രയും ഭാരം ചെന്നിരുന്നതിനാൽ വെള്ളത്തിൻറെ ഒരു ഭാഗത്തേക്കുള്ള ആകർഷണം അതിനെ സാരമായി ബാധിച്ചിരുന്നില്ല. ജലാശയം നിമിഷംപ്രതി കടൽ ഇളകുംപോലെ ഓളങ്ങളുണ്ടാക്കി കൂടുതൽ ശക്തിപ്രാപിച്ചു. ആ ഇളക്കത്തിൽ അവർ നിന്നിരുന്ന മഞ്ഞുപാളിയും അവരും ജലാശയത്തിൽ ഉയർന്നുതാണു. അവർക്കിരുവശത്തുകൂടിയും ചെറിയ മഞ്ഞുകട്ടകൾ എന്തോ മത്സരംപോലെ മുന്നിലേക്ക് ഒഴികിപ്പോയി. അവർ നിലയുറപ്പിച്ചിരുന്ന മഞ്ഞുപാളി അൽപ്പംകൂടി മുന്നിലേക്ക് നീങ്ങിയതും തീക്കൊള്ളികളുടെ വെളിച്ചത്തിൽ അവരാ കാഴ്ച കണ്ട് ഞെട്ടി...!

# അൻപത്തിയെട്ട്

'ചുഴി...!'

രഞ്ജിത് ഉറക്കെ വിളിച്ചുപറഞ്ഞു.

പെട്ടെന്ന് അവൻറെ ശബ്ദം പതിന്മടങ്ങ് ശക്തിയിൽ അവരിലേക്കുതന്നെ പ്രതിഫലിച്ചുകേട്ടു. താനിയ തീക്കൊള്ളി മുകളിലേക്കുയർത്തിക്കൊണ്ട് കണ്ണ് വികസിപ്പിച്ചുനോക്കി.

'പാറക്കൂട്ടങ്ങൾ...'

അവൾ വിളിച്ചുപറഞ്ഞു.

ആ ശബ്ദവും അരോചകമായി അവരിലേക്കുതന്നെ പ്രതിഫലിച്ചു.

'താനിയാ...നമുക്കെന്തെങ്കിലും പിഴവ് പറ്റിയോ..?'

റ്റോജി പതിഞ്ഞശബ്ദത്തിൽ ചോദിച്ചു.

'ഇല്ല...എൻറെ കണക്കുകൂട്ടൽ വച്ച് ഈ ജലാശയത്തിനടിയിലൂടെയാണ് ഇനിയുള്ള തുടർപാത.'

ചുഴിയിൽപെട്ടാൽ ഒരു മനുഷ്യന് സംഭവിക്കുന്നതെന്താണെന്ന് അവർക്ക് ഓരോരുത്തർക്കും ബോദ്ധ്യമുണ്ടായിരുന്നതിനാൽ അതിലേക്കുള്ള ആകർഷണം അവരെ നേരിയരീതിയിൽ ഭയപ്പെടുത്തി. എങ്കിലും താനിയയോടുള്ള വിശ്വാസത്തിൻമേൽ അവർ വരുന്നതെന്തും നേരിടുവാൻ സജ്ജരായിരുന്നു.

അടുത്ത നിമിഷത്തിൽ തങ്ങൾക്ക് എന്താണ് സംഭവിക്കാൻ പോകുന്നതെന്നറിയാതെയുള്ള ആ യാത്ര അവരെ സംബന്ധിച്ചിടത്തോളം പുതുമയുള്ള ഒന്നായിരുന്നില്ല. എങ്കിലും തൊട്ടുമുന്നിലായി ചുഴിയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന മഞ്ഞുകട്ടകൾ അതിലേക്കെത്തപ്പെട്ട് ചുഴറ്റിയടിച്ച് അപ്രത്യക്ഷമാകുന്നതും അവർ സഞ്ചരിക്കുന്ന മഞ്ഞുപാളിക്ക് വേഗത വർദ്ധിച്ചതും അവരെ കൂടുതൽ ആകാംക്ഷാഭരിതരാക്കി.

'ശ്വാസം പരമാവധി സംഭരിച്ചുകൊള്ളൂ...'

താനിയ എല്ലാവരോടുമായി വിളിച്ചുപറഞ്ഞു.

കൈവിന് ഇതിനുമുൻപും ജലസംഭരണിയിൽവച്ച് ഇങ്ങനെയുള്ള അനുഭവമുണ്ടായിട്ടുള്ളതിനാൽ അവന് ആ നിർദ്ദേശത്തിൻറെ ആവശ്യം വേണ്ടിവന്നിരുന്നില്ല. ഓരോരുത്തരുടെയും കണ്ണുകളിൽ ഭീതിയുടെയും ആകാംക്ഷയുടെയും പലതരം ഭാവങ്ങൾ മിന്നിമറഞ്ഞുകൊണ്ടിരുന്നു.

'ഗയ്സ്...ഗെറ്റ് റെഡി...'

താനിയ അതിവേഗത്തിൽ ശ്വാസമെടുത്തുകൊണ്ട് ഉറക്കെപ്പറഞ്ഞതും അവരുടെ മഞ്ഞുപാളി ചുഴിയിലേക്ക് പ്രവേശിച്ചതും ഒരുപോലെയായിരുന്നു.

അവർ ഓരോരുത്തരുടെയും അലമുറശബ്ദം ആ പാറകളിൽ തട്ടി ചുഴിക്കുള്ളിലേക്ക് പ്രതിഫലിച്ചതും അവർക്കൊപ്പം മഞ്ഞുപാളിയെ ആ ചുഴി വിഴുങ്ങിയതും ഒറ്റനിമിഷത്തിൽ കഴിഞ്ഞു.

***************

ഫ്ളോറിഡ, ജനുവരി 14

# 8:30 AM

ജനങ്ങളാകെ പരിഭ്രാന്തരായിരുന്നു. തലേന്ന് കടൽ ആർത്തിരമ്പി കരയിലേക്ക് കയറിയതും അന്തരീക്ഷമാകെ മാറി ശൈത്യകാലത്തെ അതേ കാലാവസ്ഥ രൂപപ്പെട്ടതും ഫ്ളോറിഡയെ ആകെ പിടിച്ചുലച്ചു. തണുത്ത കാറ്റ് ശക്തമായി വീശിയടിക്കുന്നതിനാൽ പുറത്തിറങ്ങുന്നവരെല്ലാം കട്ടിയായ മേൽവസ്ത്രങ്ങളണിഞ്ഞിരുന്നു.

പ്രധാനയിടങ്ങളിലെല്ലാം വലിയ സ്ക്രീനുകളിലായി ലോകത്തിൻറെ നാനാഭാഗത്തുനിന്നുമുള്ള വാർത്തകൾ ആളുകൾ വീക്ഷിച്ചു. ഭൂമിയുടെ മൊത്തം കാലാവസ്ഥയിൽ നിശ്ചിതമായ ദിവസങ്ങൾ കൊണ്ടുവന്ന അപ്രതീക്ഷിതമായ മാറ്റത്തെപ്പറ്റി പലരും ആധികാരികമായി ചർച്ചകൾ ചെയ്തുകൊണ്ടേയിരുന്നു.

കാലാവസ്ഥാ പ്രവചന വാർത്തകൾ ഭീതി ജനിപ്പിക്കുന്നതായതിനാൽ സ്ഥാപനങ്ങളെല്ലാമടച്ച് ജനങ്ങളെല്ലാം വീടുകളിലായി അഭയം പ്രാപിച്ചുകൊണ്ടേയിരുന്നു. ആരാധനാലയങ്ങളിൽ രാപ്പകലില്ലാതെ പ്രാർത്ഥനകൾ അരങ്ങേറി.

ചില ഇന്ത്യൻ ദ്വീപുകളെ കടൽ വിഴുങ്ങിയതും ഗൾഫ് രാജ്യങ്ങളിൽ മഞ്ഞുമഴ പെയ്ത് മരുഭൂമികളും വീഥികളും സഞ്ചാരയോഗ്യമല്ലാതെ മൂടപ്പെട്ടതുമായിരുന്നു ഏറ്റവും പുതിയ വാർത്തകൾ.

സൂര്യൻ ഉദിച്ചെങ്കിലും ആകാശത്തിൽ കാർമേഘങ്ങൾ നിറഞ്ഞു നിന്നതിനാൽ അൽപ്പംപോലും ചൂടോ നേരിട്ടുള്ള പ്രകാശമോ ഭൂമിയിലേക്കെത്തിയില്ല. പകരം അടിക്കടിയുള്ള ഇടിമുഴക്കം ഒരു പെരുമ്പറപോലെ ആളുകളെ വീണ്ടുംവീണ്ടും ഭയപ്പെടുത്തി.

നാസയുടെ പല ഉപഗ്രഹങ്ങളുമായി ബന്ധം വിച്ഛേദിക്കപ്പെട്ടതും ഇൻറർനെറ്റ് ഉൾപ്പെടെ ആശയവിനിമയ സംവിധാനങ്ങളിൽ വന്ന തകരാറും ആളുകളെ വാർത്താമാധ്യമങ്ങളിൽ തളച്ചിട്ടു. പലരും ആഹാരസാധനങ്ങളും വെള്ളവുമെല്ലാം പരമാവധി സംഭരിച്ചുവച്ചു.

റോബർട്ടും ഭാര്യയും മകളും മിയാമിയുടെ തീരത്തെ ഒരു ഇരിപ്പിടത്തിലായി കടലിലേക്കുംനോക്കി ഇരിക്കുകയായിരുന്നു. തലേന്ന് കടൽജലം തീരത്തേക്ക് അടിച്ചുകയറിയതിൻറെ തെളിവുകൾപോലെ മിയാമിയുടെ തീരങ്ങളിൽ ചില വാഹനങ്ങൾ മറിഞ്ഞുകിടക്കുകയും, ബോട്ടിൻറെയും മറ്റും തകർന്ന അവശിഷ്ടങ്ങൾ അവശേഷിക്കുകയും ചെയ്തു. ഉൾക്കടലിൽ പലദിശകളിലായി കരിമേഘങ്ങൾ ഇരുണ്ടുകൂടി ജലോപരിതലം വരെയും വ്യാപിച്ചുകിടക്കുന്നത് കടലിനെ കൂടുതൽ വന്യമാക്കി.

ഒരു കള്ളനായിട്ടാണ് റോബർട്ട് അവരുടെയെല്ലാം ജീവിതത്തിലേക്ക് കടന്നുചെന്നതെങ്കിലും ഒടുവിലായി യാത്രപറയുമ്പോൾ തൻറെ കുടുംബത്തോടും തൻറെ മകളോടും കാണിച്ച ആ കരുതൽ ദ്വീപിലേക്ക് പുറപ്പെട്ടവരുടെ മടങ്ങിവരവിനായി അയാളെ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിച്ചു.

വാർത്തകളിൽ കടൽക്ഷോഭം എന്ന് കേട്ടതും അയാളുടെ മനസ്സിലേക്ക് ആദ്യം കടന്നെത്തിയതും അവരെപ്പറ്റിയുള്ള ചിന്തകളായിരുന്നു. മനഃപ്പൂർവ്വം അല്ലെങ്കിൽക്കൂടി താൻമൂലം കടലിലേക്ക് യാത്രചെയ്യേണ്ടിവന്ന ആ ഒൻപതുപേർ. അവരുടെയും പ്രൊഫസറിൻറെയും തിരോധാനത്തെക്കുറിച്ച് പുറത്തുവന്ന കെട്ടുകഥകൾ...!

ഒരിക്കൽ എല്ലാം ലോകത്തോട് വിളിച്ചുപറയണം എന്നുപോലും അയാൾ കരുതിയിരുന്നു. പക്ഷേ തന്നിൽമാത്രം ആശ്രയിച്ചു കഴിയുന്ന കുടുംബം അയാൾക്കൊരു വിലങ്ങുതടിയായി. അധികനേരം ബീച്ച് പരിസരങ്ങളിൽ തുടർന്നാൽ പോലീസ് തിരിച്ചറിഞ്ഞേക്കുമെന്ന ഭയമുള്ളതിനാൽ അൽപ്പസമയംകൂടി കടലിലേക്ക് നോക്കിയിരുന്നശേഷം ഒരു ടാക്സി വിളിച്ച് അയാൾ തൻറെ ഭാര്യയെയും മകളെയും വീട്ടിലേക്കുതന്നെ തിരിച്ചു കൊണ്ടുപോയി.

ഒരു ഇടവേളയ്ക്കുശേഷം മഴ വീണ്ടും ഭൂമിയിലേക്ക് ആർത്തിരമ്പി പെയ്തു..!

******************************

ച്ചുഴിയിലേക്കകപ്പെട്ടതും കണ്ണുകളിൽ ഇരുട്ട് വ്യാപിച്ചതും മാത്രമായിരുന്നു അവർ പതിനൊന്നുപേരുടെയും അവസാന ഓർമ്മകൾ.

പിന്നീട് കണ്ണുകൾ തുറക്കുമ്പോൾ തങ്ങളുടെ കാലിനടിയിൽ നിലമില്ല എന്നവർ തിരിച്ചറിഞ്ഞു. അപ്പോഴും കണ്ണുകളിൽ ഇരുട്ട് മാത്രമായിരുന്നു. അന്തരീക്ഷത്തിലൂടെ തങ്ങൾ ഒഴുകി നീങ്ങുകയാണെന്ന് അവർ ഓരോരുത്തരും തിരിച്ചറിഞ്ഞു. ആ ഒരു നിമിഷത്തിൽ തങ്ങൾ മരണമടഞ്ഞശേഷം ദ്വീപിലായുള്ള കറുത്ത വസ്തുവിനാൽ പൊതിയപ്പെട്ട് ആ ശവപ്പറമ്പിലേക്ക് ആകർഷിക്കപ്പെടുകയാണോ എന്നുപോലും അവർക്ക് തോന്നിപ്പോയി. പക്ഷേ കൈയ്യും കാലുമെല്ലാം ചലിപ്പിക്കാൻ സാധിച്ചത് ആ ഒരു ഊഹത്തിൽനിന്നും അവരെ വ്യതിചലിപ്പിച്ചു.

'ഗയ്സ്...'

താനിയയുടെ ശബ്ദം കേട്ടതും ബാക്കിയുള്ള പതിനൊന്നു പേരും ഒരുപോലെ വിളികേട്ടു.

'വെളിച്ചമില്ലാത്ത ഏതോ പ്രദേശത്തുകൂടി നമ്മളെ എന്തോ ഒരു ശക്തി എങ്ങോട്ടോ ആകർഷിച്ചുകൊണ്ടുപോകുകയാണ്'

അവൾ പറഞ്ഞു.

'ആ ചുഴിയിൽപെട്ടശേഷം എന്താണ് നമുക്കെല്ലാം സംഭവിച്ചത്'

താരയുടെ ശബ്ദം അൽപ്പം ദൂരെനിന്നും മറ്റുള്ളവർക്കരികിലേക്കെത്തി.

'എൻറെ കൈയ്യിൽ ഇപ്പോഴും ആ മരക്കൊള്ളിയിരിപ്പുണ്ട്...'

വിക്കി കൈ അന്തരീക്ഷത്തിലായി ഇളക്കിക്കൊണ്ട് പറഞ്ഞു.

'കെവിൻ...'

താനിയ വിളിച്ചു.

അവൻ കൈകൾ തമ്മിൽ തട്ടി പ്രതികരിച്ചു.

'നിൻറെ കൈയ്യിലെ ആ ലൈറ്റർ തെളിക്ക്. ചുറ്റുമുള്ള എന്തെങ്കിലും കാണുവാൻ സാധിക്കുന്നുണ്ടോ എന്ന് നോക്കട്ടെ'

കൈയ്യിലുണ്ടായിരുന്ന പെൻടോർച്ച് നഷ്ടപ്പെട്ടത് മനസ്സിലാക്കി താനിയ വിളിച്ചുപറഞ്ഞു.

അത് കേട്ടതും അവൻ തൻറെ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ലൈറ്റർ തപ്പിയെടുത്ത് തെളിക്കുവാൻ ശ്രമിച്ചു. പക്ഷെ അത് പ്രവർത്തിച്ചില്ല. കുറച്ചേറെ തവണ ശ്രമിച്ചശേഷം അവൻ ആ ഉദ്യമം അവസാനിപ്പിച്ചു. താനിയയ്ക്കും ഇനിയെന്തുചെയ്യണമെന്ന് ഒരു പിടിത്തവുമില്ലായിരുന്നു. പക്ഷേ അപ്പോഴും അവരുടെ ശരീരങ്ങൾ അന്തരീക്ഷത്തിലൂടെ എങ്ങോട്ടോ സഞ്ചരിച്ച കൊണ്ടേയിരുന്നു.

രഞ്ജിത് അവൻറെ കൈയ്യിലെ വാച്ചിൻറെ ഡിസ്പ്ലേ ഓൺ ചെയ്തുനോക്കി. തീർത്തും മങ്ങിയരീതിയിൽ അത് പ്രകാശിച്ചു.

‘താനിയ...ഇനി കഷ്ടിച്ച് ഇരുപത് മണിക്കൂറുകൾ കൂടിയേ നമുക്ക് മുന്നിലുള്ളൂ...’

അവൻ പറഞ്ഞു.

‘ഇനിയും എത്രസമയംകൂടി ഈ യാത്ര തുടരുമെന്നറിയില്ല. പക്ഷേ നമുക്ക് ഇതല്ലാതെ വേറെ മാർഗ്ഗമില്ല’

അവൾ അത് പറഞ്ഞു തീർന്നതും ദൂരെയായി ഒരു പൊട്ടുപോലെ എന്തോ ഒരുതരം ഓറഞ്ചുവെളിച്ചം കാണപ്പെട്ടു. എല്ലാവരുടെയും കണ്ണുകൾ ഒരുപോലെ ആ വെളിച്ചത്തിൽ കേന്ദ്രീകരിക്കപ്പെട്ടു. അൽപ്പംകൂടി മുന്നിലേക്ക് ചെന്നതും ആ വെളിച്ചത്തിൻറെ ദൈർഘ്യതമൂലം അവർക്ക് കൂടുതൽ കാഴ്ചകൾ വ്യക്തമായിത്തുടങ്ങി. അപ്പോഴാണ് തങ്ങൾ കുഴലുപോലെ തോന്നിക്കുന്ന ഒരു ടണലിനുള്ളിലെ അന്തരീക്ഷത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന സത്യം അവർ തിരിച്ചറിഞ്ഞത്. എങ്കിലും ചുറ്റുപാടും ശ്രദ്ധിക്കാതെ തങ്ങൾ എത്തിപ്പെടാൻ പോകുന്ന പ്രകാശസ്രോതസ്സിലേക്ക് മാത്രമായിരുന്നു എല്ലാവരുടെയും ശ്രദ്ധ.

ദൂരം കുറയുന്ന ഓരോ നിമിഷവും ടണലിലേക്ക് തുളച്ചെത്തുന്ന പ്രകാശത്തിൻറെ തീവ്രത കൂടിക്കൂടിവന്നു. താനിയ തൻറെ പിന്നിലായി ഒഴുകിയെത്തുന്നവരുടെ മുഖങ്ങളിലേക്ക് മാറിമാറി നോക്കി. എല്ലാവരുടെയും കണ്ണുകളിൽ ഒരേ ആകാംക്ഷയുടെ ഭാവം. അപ്പോഴേക്കും അവരെല്ലാവരും ആ ടണലിൻറെ അവസാനഭാഗത്തേക്ക് എത്തിച്ചേർന്നിരുന്നു.

‘ലാവ...!’

ടണലിന് വെളിയിലെ അന്തരീക്ഷത്തിലേക്ക് കടന്നതും അവരുടെ നാവുകളിൽനിന്നും ഒരുപോലെ ആ വാക്ക് പുറത്തു വന്നു. തൊട്ടുതാഴെയായി തങ്ങളുടെ കാൽച്ചുവട്ടിൽ തിളച്ചുമറിയുന്ന ലാവ കണ്ട് എല്ലാവരും പരിഭ്രമിച്ചുപോയി.

അങ്ങനെയൊരു പ്രതിഭാസത്തെക്കുറിച്ച് കേട്ടറിഞ്ഞതല്ലാതെ ലൂയി ഒഴികെ മറ്റാരും ലാവ നേരിട്ട് കണ്ടിട്ടുള്ളവരായിരുന്നില്ല.

വിക്കിയുടെ കൈയ്യിൽനിന്നും ആ തീക്കൊള്ളി അറിയാതെതന്നെ പിടിവിട്ടുപോയി. പക്ഷേ അത് ലാവയിലേക്ക് വീഴാതെ അവർക്കൊപ്പം അന്തരീക്ഷത്തിലൂടെ മുന്നിലേക്കു തന്നെ ഒഴികിനീങ്ങി.

‘നമ്മൾ കടന്നെത്തിയ ആ കറുത്ത ജലാശയത്തിൻറെയും അതിലെ ചുഴിയുടെയും കർത്തവ്യം ഇതാണ്. നമ്മുടെ ശരീരമാസകലം അതിലെ ദ്രാവകം പരമാവധി പുരട്ടുക. കണ്ടില്ലേ. ലാവയുടെ തൊട്ടുമുകളിലൂടെ ശരീരം വെന്തുപോകാതെ നമ്മൾ എങ്ങോട്ടോ ആകർഷിക്കപ്പെടുന്നത്. അത് ആ ജലാശയത്തിലൂടെ ഒഴുകുന്ന ദ്രാവകത്തിൻറെ പ്രത്യേകതയായിരിക്കണം. അപ്പോൾ അതുകൊണ്ടുതന്നെയായിരിക്കും കെവിൻ ലൈറ്റർ കത്തിക്കാൻ ശ്രമിച്ചപ്പോൾ നടക്കാതിരുന്നതും.’

താനിയ പാതി അത്ഭുതം കലർന്ന ശബ്ദത്തിൽ പറഞ്ഞു.

‘എല്ലാവരും ഇരുവശങ്ങളിലേക്കും നോക്ക്...!’

മുന്നിലായി പോയിരുന്ന ഷാനു എന്തോ കണ്ടതുപോലെ വിളിച്ചുപറഞ്ഞു.

അത് കേട്ടതും പെട്ടെന്നെല്ലാവരും ഇരുവശങ്ങളിലേക്കും നോക്കി.

ലാവ തിളച്ചുമറിയുന്ന ആ വലിയ പ്രദേശത്തിൻറെ ഇരുവശങ്ങളിലുമായി അനേകം വൻ ചുഴികളുടെ അടിഭാഗം കറങ്ങിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു..!

ചുഴികൾ എല്ലാം ഒരു ചോർപ്പിൻറെ ആകൃതിയിൽ ഭൂമിക്കടിയിലേക്ക് ആഴ്ന്നുപോയിരിക്കുന്നു. അവ സ്ഥിതിചെയ്യുന്നിടത്തുമാത്രം പാറനിലംപോലെ തോന്നിച്ചു. മാത്രമല്ല ആ പാറനിലത്തുനിന്നും ചുഴികളുടെ കീഴ്ഭാഗങ്ങളിലായി മെഴുക് ഉരുകിയൊലിച്ചതുപോലെ വൃത്താകൃതിയിൽ അനേകം പാറകൾ അൽപ്പം ഉയരത്തിലായി ഉയർന്നുനിന്നിരുന്നു. ആദ്യ കാഴ്ചയിൽ വലിയ തുളകൾ വീണ നേർത്ത ഭിത്തികൾപോലെ അവ തോന്നിച്ചു.

തിളച്ചുമറിയുന്ന ലാവ വട്ടം ചുറ്റുന്ന ചുഴിയിലെ ജലത്തിലേക്ക് തെറിച്ചുവീഴുകയും മറ്റും ചെയ്ത് ഉറഞ്ഞുപോയി ശിലകളായി മാറിയാണ് ആ ചുഴികളെ വലയം ചെയ്ത രീതിയിൽ പാറഭിത്തികൾ രൂപംകൊണ്ടിരിക്കുന്നതെന്ന് അവരെല്ലാവരും മനസ്സിലാക്കി. ഇരുവശത്തെയും ചുഴികളിൽനിന്നും പാറനിലത്തേക്ക് തെറിച്ചുവീഴുന്ന ജലം കൂടിച്ചേർന്ന് ഒരു ചെറിയ അരുവിപോലെ ഒഴുകി ലാവാപ്രവാഹത്തിലേക്ക് ഒലിച്ചുകൊണ്ടിരുന്നു. പക്ഷേ അതിലേക്ക് പതിക്കുന്നതും ജലം നീരാവിയായി മാറി അന്തരീക്ഷത്തിൽ അപ്രത്യക്ഷമായി.

ഒരു ക്യാൻവാസിൽ പാതിവരച്ച ചിത്രംപോലെ ആ ചെറിയ വെള്ളച്ചാട്ടം കാണപ്പെട്ടു. അതിലൂടെ ഒരു സാധാരണ മനുഷ്യനോ വസ്തുവോ ആ പ്രദേശത്തേക്ക് വന്നുപെട്ടാൽ ഉണ്ടായേക്കാവുന്ന അവസ്ഥ അവർ നേരിട്ട് മനസ്സിലാക്കി.

‘അങ്ങോട്ടേക്ക് നോക്ക്...’

താനിയ ആകാംക്ഷാഭരിതയായി വലതുവശത്തെ ചുഴിക്കൂട്ടങ്ങളിലേക്ക് കൈചൂണ്ടി. എല്ലാവരും ഒരുപോലെ അവിടേക്ക് ശ്രദ്ധിച്ചു. അസ്വഭാവികമായ ഒരു കാഴ്ചയായിരുന്നു അവരെയവിടെ കാത്തിരുന്നത്.

പാതി തകർന്ന ഒരു കൂറ്റൻ കപ്പൽ ചുഴിയിലായി അതിവേഗത്തിൽ ചുറ്റിക്കറങ്ങുന്നു...!

അതിൻറെ സാധനസാമഗ്രികൾ ചുഴിയുടെ ചുറ്റുപാടും ചിതറിത്തെറിച്ചുവീഴുന്നതോടൊപ്പം അതിൽ ചിലത് നേരിട്ട് ലാവാപ്രളയത്തിലേക്ക് വീണ് അതിൽ അലിഞ്ഞില്ലാതാവുകയും ചെയ്യുന്നു. കപ്പലിൻറെ ചില ലോഹഭാഗങ്ങൾ ചുഴിയുടെ അതിവേഗത്തിലെ കറക്കത്തിൽ ഒടിഞ്ഞുനുറുങ്ങി തെറിച്ച് ഒലിച്ചിറങ്ങുന്ന നീർച്ചാലിൻറെ ആരംഭഭാഗത്തേക്ക് വീഴുകയും മെഴുക് ഉരുകുംപോലെ ഉരുകി ലാവാപ്രവാഹത്തിലേക്ക് എത്തപ്പെടുകയും ചെയ്തു. അവർ നോക്കിനിൽക്കേ നിമിഷങ്ങൾക്കുള്ളിൽ ആ വലിയ കപ്പലിനെ ചുഴി ലാവയിലേക്ക് കൊണ്ടെത്തിച്ചു..!

‘മർമ്മ ദ്വീപിനെ സംരക്ഷിക്കുന്ന ചുഴികൾ..!’

താനിയ ഉയർന്ന ശബ്ദത്തിൽ പ്രതികരിച്ചു.

തങ്ങൾ മർമ്മദ്വീപിലേക്ക് കടന്നെത്തുന്ന സമയത്ത് ആ ചുഴികളെ തരണം ചെയ്യുമ്പോൾ വെള്ളത്തിനടിയിൽ കണ്ട പ്രകാശവും ലാവയുടെ നിറവുമെല്ലാം ആ ഭാഗത്തിൻറെ മുകൾത്തട്ടിലെ കാഴ്ചകളായിരുന്നുവെന്ന് ജെസ്സി ഓർത്തെടുത്തു.

പക്ഷേ ആ കാഴ്ച കൂടുതൽ ഞെട്ടൽ സമ്മാനിച്ചത് രഞ്ജിത്തിനായിരുന്നു. അവൻ തൻറെ പിന്നിലായുള്ള റൂബിയെ ഒന്നു നോക്കി. ആ നിമിഷത്തിൽ അവൻറെ കണ്ണുകൾ നിറഞ്ഞതിൻറെ കാരണം റൂബിക്ക് മാത്രം മനസ്സിലാകുന്ന ഒന്നായിരുന്നു. അവൾ അവനെ സമാധാനിപ്പിക്കും വിധത്തിൽ ഇരുകൈകളും ചേർത്തുവച്ച് കാണിച്ചു. അപ്പോഴേക്കും അവരെല്ലാവരും ആ ലാവാപ്രവാഹത്തിൻറെ പകുതിയിൽ കൂടുതൽ ദൂരം താണ്ടിയിരുന്നു.

‘എനിക്ക് ചൂടനുഭവപ്പെടുന്നു...’

വെപ്രാളത്താടെ വിയർത്തു തുടങ്ങിയ നെറ്റിത്തടം തുടച്ചുകൊണ്ട് അലക്സ് വിളിച്ചു പറഞ്ഞു...!

# അൻപത്തിയൊൻപത്

അലക്സ് അത് വിളിച്ചുപറഞ്ഞപ്പോൾ മാത്രമാണ് തങ്ങളുടെയും നെറ്റിത്തടങ്ങൾ എപ്പോഴോ വിയർത്തുതുടങ്ങി എന്ന സത്യം ബാക്കിയുള്ളവരും തിരിച്ചറിഞ്ഞത്.

'ശരിയാണ്. എനിക്കും ചൂടനുഭവപ്പെടുന്നുണ്ട്'

വിക്കിയും തൻറെ അവസ്ഥ വ്യക്തമാക്കി.

'എനിക്കുമുണ്ട്... എനിക്കും... എനിക്കും...'

അവരിൽ പലരും അത് ഏറ്റുപിടിച്ചു.

താനിയ തൻറെ ശരീരത്തിലേക്ക് സൂക്ഷിച്ചുനോക്കിയപ്പോൾ ശരീരത്തിൽനിന്നും വിയർപ്പിനൊപ്പം ഒരുതരം എണ്ണമയമുള്ള ദ്രാവകവും ഒലിച്ചിറങ്ങുന്നുണ്ടെന്ന് മനസ്സിലാക്കി.

'ചൂടിനെ തരണം ചെയ്യുവാനുള്ള നമ്മുടെ ശരീരത്തിൻറെ കോട്ടിംഗ് നമുക്ക് നഷ്ടമാകുന്നുണ്ട്'

അത് പറഞ്ഞശേഷം അവൾ മുന്നിലേക്ക് നോക്കി.

വലിയ ഒരു ചുവന്ന തടാകംപോലെ തോന്നിക്കുന്ന ആ പ്രദേശത്തിൻറെ അവസാനം അനവധി സുഷിരങ്ങൾ നിറഞ്ഞ ഒരു പരന്ന പാറയിലേക്കാണെന്ന് അവൾ തിരിച്ചറിഞ്ഞു. ചുഴികൾ സ്ഥിതിചെയ്യുന്ന ഭാഗം അപ്പോഴേക്കും അവരിൽനിന്നും ഒരുപാടകലത്തിലായിരുന്നു.

'താനിയാ...അത്രയും ദൂരം നമുക്ക് ഈ ലാവയെ അതിജീവിക്കുവാൻ സാധിക്കുമോ'

രഞ്ജിത് സംശയം പ്രകടിപ്പിച്ചു.

'രഞ്ജിത്... ഇപ്പോൾ കാര്യങ്ങളൊന്നും തന്നെ നമ്മുടെ കണ്ട്രോളിലല്ല. ഇതെല്ലാം ആരാണോ നിർമിച്ചുവച്ചിരിക്കുന്നത് അവരുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് പേടിക്കേണ്ടതില്ല. ഒരുപക്ഷേ നമുക്കെല്ലാം ചൂടനുഭവപ്പെടുന്നതിനും എന്തെങ്കിലും കാരണവുമുണ്ടായിരിക്കണം...'

താനിയ തൻറെ മുഖത്ത് ഒലിച്ചുവന്ന വിയർപ്പുതുള്ളികൾ തുടച്ചുകൊണ്ട് പറഞ്ഞു.

ഒരാൾക്ക് അനായാസം കടന്നുപോകാവുന്ന തരത്തിലെ അനേകം സുഷിരങ്ങൾ നിറഞ്ഞ ആ പാറയുടെ പ്രതലത്തിലേക്കടുക്കുംതോറും ഏത് സുഷിരത്തിലേക്കാണ് തങ്ങൾ ആകർഷിക്കപ്പെടുന്നതെന്ന് അവർ ഓരോരുത്തരും

ജിജ്ഞാസയോടെ വീക്ഷിച്ചു. പക്ഷേ മറ്റൊരുകാര്യം കൂടി അപ്പോൾ സംഭവിക്കുന്നുണ്ടായിരുന്നു.

അവരുടെ ശരീരത്തിൽനിന്നും വിയർപ്പിലൂടെ അവരെ ആവരണം ചെയ്തിരുന്ന മൂലകം നഷ്ട്ടമാകുംതോറും അവരും ലാവാ പ്രവാഹവുമായുള്ള ഉയരവും കുറഞ്ഞുകുറഞ്ഞുവന്നു.

ആ കാര്യം നേരത്തെതന്നെ മനസ്സിലാക്കിയതിനാൽ തങ്ങളുടെ നേർക്കുകാണുന്ന സുഷിരത്തിലേക്കല്ല തങ്ങൾ ചെന്നെത്തുകയെന്ന് ലൂയി കണക്കുകൂട്ടിയിരുന്നു. കെവിൻ അപ്പോഴും അവനോട് ചേർന്നുതന്നെയുണ്ടായിരുന്നു.

ഏതോ അത്ഭുതലോകത്തിലൂടെ പറന്നുനീങ്ങുന്ന പ്രതീതിയായിരുന്നു അവന്.

'ചിഹ്നങ്ങളിൽ പറഞ്ഞ ദുർഘടമായ പ്രദേശം ഒരുപക്ഷേ ഇതായിരിക്കണം. പിന്നെ ആ വൃത്തങ്ങൾ പാറയിലെ സുഷിരങ്ങളും...'

താനിയ ലൂത്ത ഭാഷയിൽ ലൂയിയോട് പറഞ്ഞു.

ലൂയി തലകുലുക്കി.

താനിയ തൻറെ മനസ്സിലൂടെ ബാക്കിയുള്ള അടയാളങ്ങൾ ചിന്തിച്ചുനോക്കി.

വൃത്തങ്ങൾ കഴിഞ്ഞാൽപ്പിന്നെ ഭൂഗർഭജലം....!

അവൾക്കും ലൂയിക്കും അടയാളചിഹ്നങ്ങൾ കാണാപ്പാഠമായിരുന്നതിനാൽ ലൂയിക്കും അടുത്തതായി വരുവാൻ പോകുന്ന പാത എന്തെണെന്ന് വ്യക്തമായിരുന്നു. അപ്പോഴേക്കും അവർ പതിനൊന്നുപേരും ആ സുഷിരഭിത്തിയുടെ സമീപത്തേക്ക് ചെന്നെത്തിയിരുന്നു. ബഹിരാകാശ സഞ്ചാരികളെപ്പോലെ അന്തരീക്ഷത്തിലൂടെ ഒഴുകിനീങ്ങി ഓരോരുത്തരായി ലൂയി പ്രതീക്ഷിച്ചതുപോലെതന്നെ ലക്ഷ്യം വച്ചിരുന്നതിന് താഴെയുള്ള സുഷിരത്തിലേക്ക് കയറിപ്പോയി.

അകത്തേക്കെത്തിയതും ഓരോരുത്തർക്കും അസഹനീയമാം വിധത്തിൽ ചൂടനുഭവപ്പെട്ടുതുടങ്ങി.

തങ്ങളുടെ രക്തം പോലും ചൂടുകൊണ്ട് വറ്റിപ്പോകുമോ എന്നവർ ഭയന്നു. ശരീരത്തിലെ ജലാംശം തുടർച്ചയായി വിയർപ്പിൻറെ രൂപത്തിൽ പുറത്തേക്ക് വന്നുകൊണ്ടിരുന്നു.

ഓരോരുത്തരും ധരിച്ചിരുന്ന വസ്ത്രം ചൂടിനാൽ മരത്തോല് പോലെ കട്ടി പ്രാപിച്ചു. തങ്ങൾ കടന്നുപോകുന്ന സുഷിരഭിത്തി ലാവയുടെ ചൂടുമൂലം ചുട്ടുപഴുത്തിരിക്കുകയാണെന്ന് ആ അനുഭവത്തിലൂടെ അവർ തിരിച്ചറിഞ്ഞു.

അൽപ്പംകൂടി ഉള്ളിലേക്ക് കടന്നുചെന്നതും ലാവ തിളച്ചുമറിയുന്ന ഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരുന്ന പ്രകാശത്തിൻറെ തീവ്രത മങ്ങിത്തുടങ്ങി. ഒപ്പം ഒരു ഹീറ്ററിൽനിന്നും ചുട്ടുകാറ്റ് പ്രവഹിക്കുന്നതുപോലെ സുഷിരത്തിനുള്ളിലൂടെ ചൂടുകാറ്റ് പ്രവഹിച്ചുതുടങ്ങി. പോകെപ്പോകെ ആ കാറ്റിൻറെ ശക്തി വർദ്ധിച്ചുകൊണ്ടിരുന്നു.

നാവിലെ ഉമിനീരുപോലും വറ്റിയ അവസ്ഥയിൽ ആ ചൂടുകാറ്റിൽ അവർ എവിടേക്കോ അതിവേഗത്തിൽ ആകർഷിക്കപ്പെട്ടുകൊണ്ടേയിരുന്നു. ഒരു നിശ്ചിത സമയപരിധിയിൽ കൂടുതൽ നേരം അത്രയും ചൂടിനെ തരണം ചെയ്യുവാൻ തങ്ങളിൽ ആർക്കും സധിക്കില്ലയെന്ന് എല്ലാവർക്കുമുറപ്പുണ്ടായിരുന്നു.

ശരീരത്തിലെ ജലാംശം മുഴുവൻ വിയർപ്പായി ത്വക്കിലേക്ക് വന്നെത്തിയ പ്രതീതിയായിരുന്നു അവർക്കെല്ലാം.

ചുറ്റും ഇരുട്ടു മൂടിയ അവസ്ഥയിൽ അതികഠിനമായി ചുട്ടുപഴുത്ത ശരീരവുമായി മറ്റൊരു പ്രതലത്തിലേക്കവർ കടക്കുമ്പോൾ ആ ഭാഗം മുഴുവൻ പകൽപോലെ വെളിച്ചം നിറഞ്ഞിരുന്നു. അവർ കാൺകെ തന്നെ അവരുടെ ശരീരത്തിൽ നിന്നും വിയർത്ത് പൂർണ്ണമായും വെളിയിലെത്തിയ ആ മൂലകം ഒരു നേർത്ത പാടപോലെ അവരവരുടെ ശരീരാകൃതിയിൽ അവർക്കുചുറ്റും വികസിച്ചു. വൈകാതെ അവ ഓരോ കുമിളകളായി രൂപാന്തരം പ്രാപിച്ചു. അതിനുള്ളിലായി ഉയർന്നു നിന്നുകൊണ്ട് അവർ പതിനൊന്നുപേരും അത്ഭുതത്തോടെ ചുറ്റും നോക്കി.

നേർത്ത ഒരു സംരക്ഷണവലയം അവരെ ചുറ്റിനിൽക്കുന്നു. അതിനുള്ളിലെ സ്വാഭാവിക അന്തരീക്ഷത്തിൽ അവരുടെ ശരീരങ്ങൾ അതിവേഗത്തിൽ തണുത്ത് നിജസ്ഥിതിയിലേക്കെത്തി. അതോടൊപ്പം തങ്ങളപ്പോൾ ഭൂമിക്കടിയിലെ ഭൂഗർഭപാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് അവർ ഓരോരുത്തരും തിരിച്ചറിഞ്ഞു.

പക്ഷേ അവിടെയാകെ നിറഞ്ഞുനിൽക്കുന്ന പ്രകാശത്തിൻറെ ഉറവിടംമാത്രം അപ്പോഴും അജ്ഞാതമായിരുന്നു.

എല്ലാ കാര്യങ്ങൾക്കും അണുവിട വ്യത്യാസം പോലുമില്ലാതെ ആ ദ്വീപ് ഇത്തരത്തിൽ കെട്ടിപ്പടുത്തവരെയോർത്ത് താനിയ അത്ഭുതപ്പെട്ടു.

എത്ര കടുത്ത ചൂടിനേയും അതുപോലെതന്നെ ജലവുമായുള്ള ബന്ധത്തെയും തടുക്കാൻ കഴിവുള്ള എന്ത് മൂലകമാണ് ആ ജലാശയത്തിലൂടെ കറുത്ത നിറത്തിലായി ഒഴുകുന്നതെന്നും നൂറ്റാണ്ടുകളായി നിലനിൽക്കുന്ന തരത്തിലെ ഓരോ രഹസ്യമാർഗ്ഗങ്ങളും എത്ര ബുദ്ധിപൂർവ്വമാണ് അവർ നിർമിച്ചുവച്ചിരിക്കുന്നതെന്നും അവൾ ചിന്തിച്ചുപോയി.

യുവതികളും യുവാക്കളും അപ്പോൾ തികച്ചും കൗതുകത്തിൻറെ വക്കിലായിരുന്നു. ഒരു കുമിളയ്ക്കുള്ളിലായി സ്വപ്നതുല്യമായ ആ യാത്ര അവരെയെല്ലാം മറ്റൊരു മാനസ്സികാവസ്ഥയിലേക്ക് കൊണ്ടെത്തിച്ചിരുന്നു. പരസ്പരം സംസാരിക്കുവാൻ സാധിച്ചില്ലെങ്കിലും കണ്ണുകളും കരങ്ങളുമുപയോഗിച്ച് തങ്ങളുടെ അത്ഭുതം അവർ പരസ്പരം പങ്കുവച്ചു.

ലൂയി രഞ്ജിത്തിലേക്ക് ശ്രദ്ധിച്ചപ്പോൾ അവൻ എന്തോ പറയുവാനെന്നതുപോലെ തന്നെയും ശ്രദ്ധിച്ച് നിൽക്കുകയാണെന്ന് ലൂയി

മനസ്സിലാക്കി.

അവൻ എന്തെങ്കിലും ചോദിക്കും മുൻപുതന്നെ അസ്വസ്ഥമായി 'ഇനി പത്ത് മണിക്കൂറുകൾ' എന്നവൻ കൈവിരൽകൊണ്ട് ആംഗ്യം കാണിച്ചു.

അപ്പോൾ മാത്രമാണ് ആ മഞ്ഞുപ്രദേശം മുതൽ തങ്ങൾ അപ്പോൾ നിൽക്കുന്നയിടംവരെ വന്നെത്താൻ അനവധി മണിക്കൂറുകളോളമെടുത്തെന്ന് ലൂയി തിരിച്ചറിഞ്ഞത്.

ഇരുവരെയും ശ്രദ്ധിച്ചുകൊണ്ടുനിന്നിരുന്ന താനിയ ലൂയിയെ നോക്കി. ഇനിയുള്ള അടയാളച്ചിഹ്നങ്ങളെപ്പറ്റി അവൾക്കോ ലൂയിക്കോ ഒരു എത്തുംപിടിയുമുണ്ടായിരുന്നില്ല.

മുൻപോട്ട് ഒരു കൈപ്പത്തി ചിഹ്നവും ഒരു നക്ഷത്രച്ചിഹ്നവും മാത്രം..!

അവരെല്ലാം അപ്പോഴും കുമിളകൾക്കുള്ളിലായി ഭൂഗർഭജല പാതയുടെ അടിത്തട്ടിലൂടെ എങ്ങോട്ടോ സഞ്ചരിച്ചുകൊണ്ടേയിരുന്നു. ബാക്കിയുള്ളവരുടെയെല്ലാം മുഖത്തെ സന്തോഷത്തിനിടയിലും താനിയയുടെയും രഞ്ജിത്തിൻറെയും ലൂയിയുടെയും മുഖം സമ്മർദ്ദപൂരിതമായിരുന്നു. ഇഴഞ്ഞു നീങ്ങുന്ന തരത്തിലെ യാത്രയ്ക്കൊപ്പം മണിക്കൂറുകളും ഇഴഞ്ഞുനീങ്ങി.

അപ്പോഴേക്കും യുവാക്കളുടെയും യുവതികളുടെയും കണ്ണുകളിലെ കൗതുകം ഏകദേശം കെട്ടടങ്ങിയിരുന്നു. കാരണം അവരും മണിക്കൂറുകൾക്കപ്പുറമുള്ള തങ്ങളുടെ അന്ത്യം തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു. ഇനിയുള്ള നിശ്ചിതമായ സമയംകൊണ്ട് മാതൃകാഭൂമിക്കരികിലെത്താൻ തങ്ങൾക്ക് സാധിക്കുമോ എന്ന സംശയം അവരെയാകെ വരിഞ്ഞുമുറുക്കി. ആ യാത്ര എങ്ങനെയെങ്കിലും അവസാനിച്ച് തങ്ങൾ ആ സംരക്ഷണാവലയത്തിൽനിന്നും വെളിയിലേക്കെത്തിയിരുന്നെങ്കിൽ എന്നുമാത്രമായിരുന്നു അപ്പോൾ എല്ലാവരുടെയും മനസ്സിലെ ചിന്ത.

'ഏഴ് മണിക്കൂർ..!'

താര നിരാശയോടെ റൂബിയെ ആംഗ്യം കാട്ടി.

'ധൈര്യമായിരിക്ക്' എന്നവൾ തിരികെ ആംഗ്യം കാണിച്ചു.

ആ സമയംകൊണ്ട് പ്രൊഫസർ നിക്കോൾസൻറെയും ജോംസി മിസ്സിൻറെയും പ്രതിരൂപങ്ങൾ മാതൃകാഭൂമിയിലേക്ക് ചെന്നെത്തിയിരിക്കുമെന്ന് ലൂയി കണക്കുകൂട്ടി. മാതൃകാഭൂമിയെ അവർക്ക് ഒരുതരത്തിലും ഉപദ്രവിക്കാൻ സാധിക്കില്ല എന്നവനുറപ്പുണ്ടായിരുന്നു. പക്ഷേ മാതൃകാഭൂമിക്ക് സമീപമായി ഒരു സംരക്ഷകനെപ്പോലെ നിലകൊള്ളുന്ന കെവിൻറെ പ്രതിമയ്ക്ക് എന്തെങ്കിലും കോട്ടം വരുത്തുകയോ അതവർ അവിടെനിന്നും കടത്തിക്കൊണ്ടുപോവുകയോ ചെയ്യുമോ എന്നവൻ ഭയന്നു.

അങ്ങനെവന്നാൽ ഈ അവസാനനിമിഷത്തിൽ തങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല എന്നുമാത്രമല്ല കെവിൻ ജീവഹത്യ ചെയ്താലും പ്രതിമയ്ക്കുള്ളിൽനിന്നും വെളിയിലേക്കെത്തി ഭൂമിക്ക് ആയുസ്സ് പകർന്നുകൊടുക്കുവാൻ അവർ അവനെ

അനുവദിക്കില്ല എന്ന് ലൂയിക്ക് ബോധ്യമുണ്ടായിരുന്നു. അതുതന്നെയായിരിക്കണം അവരുടെ ലക്ഷ്യമെന്നും അങ്ങനെ സംഭവിച്ചാൽ മാതൃകാഭൂമിയോടൊപ്പം മുഴുവൻ ലോകവും അവസാനിക്കുമെന്നും അവൻ കണക്കുകൂട്ടി.

അപ്പോഴും ഒരന്ത്യവുമില്ലാതെ ഭൂഗർഭജലത്തിലൂടെയുള്ള അവരുടെ യാത്ര തുടർന്നുകൊണ്ടേയിരുന്നു..!

************************

ലക്ഷദ്വീപ്, ഇന്ത്യ

ജനുവരി 14

# 11:32 PM

അർദ്ധരാത്രിയോടടുത്തിട്ടും ദ്വീപിലെ ജനങ്ങൾ തങ്ങളുടെ സുരക്ഷയ്ക്കായി എത്തിക്കൊണ്ടിരുന്ന നേവിയുടെ കപ്പലിനായി കാത്തിരിക്കുകയായിരുന്നു. കുറച്ചേറെയാളുകളുമായി ഏതാനും മണിക്കൂറുകൾക്ക് മുൻപ് വൻകരയിലേക്ക് പോയ ഹെലികോപ്റ്റർ കടലിൽ തകർന്നുവീണ സംഭവം അവരെയെല്ലാം മാനസ്സികമായി തളർത്തിയിരുന്നു.

ഇനിയുള്ള ഏകമാർഗ്ഗം കപ്പൽ മാത്രമായിരുന്നതിനാൽ ക്ഷോഭിച്ചുനിൽക്കുന്ന കടലിനോട് മല്ലിട്ട് കപ്പൽ ദ്വീപിലേക്ക് വന്നെത്തുവാൻ അവർ ഓരോരുത്തരും നെഞ്ചിൽ കൈവച്ച് പ്രാർത്ഥിച്ചു. ആർത്തിരമ്പിപ്പെയ്യുന്ന മഴയിൽ ദ്വീപിലെ വൈദ്യുതിയുമായുള്ള ബന്ധം പൂർണ്ണമായും നശിച്ചിരുന്നു. അതിനാൽ ദ്വീപ് മുഴുവനും ഇരുട്ടാൽ മൂടപ്പെട്ടുകിടന്നു.

ഇതേസമയം വൻകരയിലെ പുതിയ വാർത്ത ലക്ഷദ്വീപിലേക്ക് പുറപ്പെട്ട നേവിയുടെ കപ്പൽ മുങ്ങിയതായിരുന്നു..!

കടലിനാൽ ചുറ്റപ്പെട്ട രാജ്യങ്ങളായ ശ്രീലങ്കയും മാലിദ്വീപുമെല്ലാം മണിക്കൂറുകൾക്ക് മുൻപേ കടലിൽ താണിരുന്നു..!

ഇന്ത്യയിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രമായ രാമേശ്വരത്തേക്ക് പുറപ്പെട്ട ദീർഘദൂര ട്രെയിനുകളിലൊന്ന് കടൽപ്പാലത്തിൽനിന്നും നാനൂറിലധികം യാത്രികരുമായി കടലിൻറെ അടിത്തട്ടിലേക്ക് പോയ് മറഞ്ഞു. ഇന്ത്യയുടെ പല ഭാഗങ്ങളും കടൽ കയറിയും ദുർബലമായ ഡാമുകൾ തകർന്നും വെള്ളത്താൽ ചുറ്റപ്പെട്ടുകൊണ്ടിരുന്നു.

************************

മോസ്കോ, റഷ്യ

ജനുവരി 14

മോസ്കോ നഗരത്തെ തലോടി ഒഴുകുന്ന മോസ്ക്വ നദി. ഡിസംബർ മാസം മുതൽക്കേ നദി തണുത്തുറഞ്ഞുതുടങ്ങിയിരുന്നു. മുൻവർഷങ്ങളിലെപ്പോലെതന്നെ ജനുവരി പകുതിയായിട്ടും അത് അങ്ങനെതന്നെ തുടർന്നുപോന്നു. പക്ഷേ ഒറ്റ ദിവസംകൊണ്ടായിരുന്നു എല്ലാം മാറിമറിഞ്ഞത്. പുലർച്ചെ അഞ്ച് ഡിഗ്രിയിൽ താഴെമാത്രം താപനിലയുണ്ടായിരുന്ന മോസ്കോ നഗരത്തിൽ താപനില സാവധാനത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നു. തണുത്തുറഞ്ഞിരുന്ന മോസ്ക്വ നദി പതിയെപ്പതിയെ ഉരുകിയൊലിക്കുവാനാരംഭിച്ചു. 2006-2007 ജനുവരിയിലെ ഒരു അസാധാരണ വരൾച്ചാകാലത്ത് മാത്രമാണ് ആ നദി അങ്ങനെ ഉരുകിയൊലിച്ചത്. അതുവരെയും ലോകത്തിൻറെ നാനാഭാഗങ്ങളിൽ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വാർത്തകൾ മാത്രമായിരുന്നു റഷ്യക്ക് മുന്നിൽ. തങ്ങളുടെ രാജ്യം ദുരന്തങ്ങളിൽനിന്നും വേർപെട്ടു നിന്നതിൽ അവർ ദൈവത്തോട് നന്ദി പറയുന്ന വേളയിലാണ് നദി ഉരുകിയൊലിക്കുവാൻ ആരംഭിച്ച വാർത്ത മാധ്യമങ്ങളിൽ സ്ഥാനം പിടിച്ചത്. ആളുകൾ നദിക്കരയിലായി ആ കാഴ്ചകാണുവാൻ തടിച്ചുകൂടി.

ഓരോ മണിക്കൂറിലും അന്തരീക്ഷത്തിൻറെ താപനില വർദ്ധിച്ചുവന്നത് കാലാവസ്ഥാ നിരീക്ഷകരെയും ജനങ്ങളെയുമാകെ ആശങ്കാകുലരാക്കി. ഒടുവിൽ ഉച്ചയായപ്പോഴേക്കും അന്തരീക്ഷത്തിൻറെ താപനില നാൽപ്പത് ഡിഗ്രി താണ്ടിയിരുന്നു. ചൂട് സഹിക്കുവാനാവാതെ ജനങ്ങൾ നദിക്കരയിൽ നിന്നും പൊതുവിടങ്ങളിൽ നിന്നുമെല്ലാം കൂട്ടംകൂട്ടമായി വാസസ്ഥലങ്ങളിലേക്ക് പോയിത്തുടങ്ങുന്ന നിമിഷത്തിലായിരുന്നു അത്രയും ജനങ്ങളെ സാക്ഷിയാക്കി മോസ്ക്വ നദി ഞൊടിയിടയിൽ ഭൂമിക്കടിയിലേക്ക് അപ്രത്യക്ഷമായത്.

അതോടെ ജനങ്ങളുടെ പരിഭ്രാന്തി ഇരട്ടിച്ചു. എന്തോ വൻദുരന്തം തങ്ങളെത്തേടിയെത്തുന്നുണ്ടെന്ന ചിന്ത എല്ലാവരെയും വരിഞ്ഞുമുറുക്കി. സ്വരക്ഷയ്ക്കായുള്ള ഓട്ടപ്പാച്ചിലിൽ പലയിടങ്ങളിലും ട്രാഫിക് ബ്ലോക്കുകളും അപകടങ്ങളും രൂപപ്പെട്ടു. അവിടെയാകെ വീശിയടിച്ച ഈർപ്പമില്ലാത്ത ചൂടുകാറ്റിൽ മരങ്ങളും ചെടികളും വാടിത്തുടങ്ങി. ശീതീകരണോപാധികൾ നഗരമാകെ ഒരുപോലെ പ്രവർത്തിച്ചു. പക്ഷേ അടുത്തതായി ലോകത്തിനു മുന്നിൽ വന്നെത്തിയ വാർത്ത റഷ്യയിലെ ആർബിഎംകെ ന്യൂക്ലിയർ റിയാക്ടറുകളിൽ വിസ്ഫോടനം നടന്നതായിരുന്നു...!

# അറുപത്

ലോകത്തിൻറെ നാനാഭാഗങ്ങളിലായി ഓരോരോ പ്രകൃതിദുരന്തങ്ങൾ അരങ്ങേറുമ്പോഴും മെർക്കുറി ദ്വീപിലെ ഏതോ ഒരു രഹസ്യഭാഗത്തായി അവർ പതിനൊന്നുപേരും എന്തുചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുകയായിരുന്നു.

അപ്രതീക്ഷിതമായി മണിക്കൂറുകളോളം ഒരു കുമിളയ്ക്കുള്ളിലായി സഞ്ചരിച്ചപ്പോഴേക്കും അവരുടെയുള്ളിലെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചിരുന്നു.

നിശ്ചയിച്ചിരുന്ന സമയത്തിൽ വെറും ഒന്നര മണിക്കൂർമാത്രം അവശേഷിക്കുന്ന നേരത്താണ് അവർ പതിനൊന്നുപേരുടെയും മൂക്കിലേക്കും വായിലേക്കുമെല്ലാം വെള്ളം ഇരച്ചുകയറിയത്. അപ്രതീക്ഷിതമായി സംഭവിച്ച ഒന്നായിരുന്നതിനാൽ അവർ ശ്വാസം സംഭരിക്കുകപോലും ചെയ്തിരുന്നില്ല.

പത്തു പേരും വെള്ളത്തിലൂടെ കയ്യും കാലുമിട്ടടിച്ച് സ്വയരക്ഷയ്ക്കായി മുകളിലേക്കുയർന്നുവരുവാൻ ശ്രമിച്ചു.

ലൂയി കെവിനെ ഒരുവിധത്തിൽ തൻറെ കരവലയത്തിലാക്കി മുകളിലേക്ക് നീന്തി.

ഭൂഗർഭജലപാതയുടെ ഒരു ഭാഗത്തേക്കെത്തിയതും സുരക്ഷാവലയം ഭേദിച്ച് വെള്ളം ഇരച്ചുകയറുകയും വെള്ളത്തിലായുണ്ടായിരുന്ന പ്രകാശം ഇല്ലാതായതും ഒരുമിച്ചായിരുന്നു. തിളക്കമാർന്ന വെള്ളിത്തരികൾപോലെ പ്രകാശിച്ചുകൊണ്ട് ആ വലയം പല നേർത്ത തരികളായി പൊടിഞ്ഞ് വെള്ളത്തിൻറെ മേൽത്തട്ടിലേക്ക് പോയിക്കൊണ്ടിരുന്നു.

അപ്പോൾ മാത്രമാണ് തങ്ങൾ സഞ്ചരിച്ചുകൊണ്ടിരുന്ന ആ വലയത്തിൽനിന്നുമാണ് പ്രകാശം ചുറ്റുപാടും പടർന്നിരുന്നതെന്ന് അവർ തിരിച്ചറിഞ്ഞത്.

വഴികാട്ടികളെപ്പോലെ ആ തരികൾ മുകളിലേക്ക് ഉയർന്നു പോയി. അവയ്ക്കൊപ്പം അവരും മുകളിലേക്ക് വേഗത്തിൽ നീന്തി. ഒടുവിൽ വെള്ളത്തിന് മുകളിലായി തല ഉയർത്തുമ്പോൾ അവരെ കാത്തിരുന്നത് നിറയെ ചെറുവള്ളികൾ തഴച്ചുവളർന്ന ചെറിയ തുരുത്തുപോലെ തോന്നിക്കുന്ന ഒരു പാറ പ്രദേശമായിരുന്നു.

മാത്രമല്ല ആ പാറകളിൽ അടങ്ങിയിരിക്കുന്ന ചെറുതരികൾ വള്ളികൾക്കിടയിലൂടെ പ്രകാശിക്കുന്നുമുണ്ടായിരുന്നു.

'ഇത് ഇഗ്നീസ് ശിലകളാണ്. ഭൂമിക്കടിയിലെ മാഗ്മ തണുത്തുറഞ്ഞുണ്ടാകുന്ന ആഗ്നേയ ശിലകൾ.'

ആ തുരുത്തിൻറെ തീരത്തിലേക്ക് നീന്തിക്കയറുമ്പോൾ താനിയ മറ്റുള്ളവരോടായി പറഞ്ഞു.

വെള്ളത്താൽ ചുറ്റപ്പെട്ട ഒരു തിളങ്ങുന്ന ചെറുതുരുത്തുപോലെ ആ വള്ളിപ്പടർപ്പുകളും ശിലകളും കാണപ്പെട്ടു. അവയിൽനിന്നും പ്രവഹിക്കുന്ന ഒരുതരം ഇളംനീല വെളിച്ചം മാത്രമായിരുന്നു അവിടെയുണ്ടായിരുന്ന ഏക പ്രകാശസ്രോതസ്സ്.

'എല്ലാം കൈവിട്ടുപോയി താനിയ...'

രഞ്ജിത് കൈയ്യിൽ കെട്ടിയിരുന്ന വാച്ച് അഴിച്ചുമാറ്റിക്കൊണ്ട് നിരാശയോടെ താനിയയുടെ മുഖത്തേക്കുനോക്കാതെ പറഞ്ഞു.

അവൾ അതിന് മറുപടി ഒന്നുംതന്നെ പറഞ്ഞില്ല.

അപ്പോഴേക്കും അവർക്ക് അനുവദിച്ചിരുന്ന സമയം വെറും എഴുപത്തിയഞ്ച് മിനിറ്റുകളായി ചുരുങ്ങിയിരുന്നു. ഓരോരുത്തരും ചിതറിയ രീതിയിൽ അവിടവിടെയായി അതിയായ ക്ഷീണത്തോടെ കുത്തിയിരുന്നു.

ഇനിയെന്ത് എന്നുള്ള ചോദ്യം അവരെ ഓരോരുത്തരെയും വരിഞ്ഞുമുറുക്കി. ആ അവസ്ഥയിൽ അനന്തമായി ഇരുട്ടിൽ വ്യാപിച്ചുകിടക്കുന്ന വെള്ളത്തിന് നടുവിലായി നിന്നുകൊണ്ട് എഴുപത്തിയഞ്ച് മിനിറ്റുകൾക്കകം ഒന്നുംതന്നെ നടക്കുവാൻ പോകുന്നില്ലയെന്ന് അവർക്കെല്ലാവർക്കും പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

തീർത്തും ക്ഷീണിതയായ റൂബി അൽപ്പംകൂടി മുന്നിലേക്ക് കടന്നുചെന്ന് ഒരു പരന്ന പാറയിലായി മൊത്തം ശരീരവും നീണ്ടുവിരിച്ച് മലർന്നുകിടന്നു. അത് കണ്ടതും ജെസ്സിയും താരയും അവളുടെ ഇടവും വലവുമായി ചെന്ന് അവളുടെ തോളോട്ടു പറ്റിചേർന്നുകിടന്നു.

നിശബ്ദമായ അന്തരീക്ഷത്തിൽ റ്റോജി തുരുത്തിൻറെ ആരംഭഭാഗത്ത് നിലത്തായി കിടന്നിരുന്ന ചെറിയ തരിക്കല്ലുകൾ വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞ് ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

ഷാനുവും അലക്സും വിക്കിയും ലൂയിയിലേക്കും താനിയയിലേക്കും അവസാനപ്രതീക്ഷയെന്നതുപോലെ ഉറ്റുനോക്കി.

ലൂയി ആ സമയമത്രയും എന്തൊക്കയോ ചിന്തയിലായിരുന്നു. കെവിനും അവൻറെ സമീപത്തുതന്നെയിരിപ്പുണ്ടായിരുന്നു. തങ്ങൾക്ക് ഏതോ രീതിയിൽ വഴി പിശകിയിരിക്കുന്നുവെന്ന് ലൂയി ഊഹിച്ചു. കാരണം വെറും നിസ്സാരമായ അകലത്തിലാണ് തങ്ങൾ ആ സുഷിരങ്ങൾ നിറഞ്ഞ ഭിത്തിയിലെ മറ്റൊരു ദ്വാരത്തിലൂടെ കടന്നുപോന്നതെന്ന് അവൻ ചിന്തിച്ചു. പക്ഷേ പുസ്തകത്തിലെ അടയാളചിഹ്നം കൊടുത്തിരുന്നപ്രകാരം തുടർവഴി ഭൂഗർജല പാതയായത് അവനെ സംശയത്തിലാഴ്ത്തി.

താനിയ ആ ചെറുതുരുത്തിലേക്ക് കയറിയതുമുതൽ ചുറ്റുപാടും നിരീക്ഷിക്കുകയായിരുന്നു. എന്തെങ്കിലും സൂചനകൾക്കായി അവൾ ചുറ്റും പരതി.

കാരണം പുസ്തകത്തിൽ ഭൂഗർഭ ജലപാതയ്ക്ക്ശേഷം കൊടുത്തിരുന്നത് ഒരു കൈപ്പത്തി ചിഹ്നവും ഒരു നക്ഷത്രചിഹ്നവും പിന്നെ ആ ബാലൻ തൻറെ വംശത്തിലെ കൂട്ടുകാർക്കുമാത്രം മനസ്സിലാകുന്ന ഏതോ രഹസ്യഭാഷയിൽ എഴുതിയിരിക്കുന്ന കുറച്ചുകാര്യങ്ങളും പിന്നെ ഒരു വലിയ വൃത്തവും അതിനരികിലായി ചെറിയൊരു വൃത്തവുമായിരുന്നു.

താനിയ പെൺകുട്ടികൾ കിടക്കുന്ന പരന്ന പാറയും കടന്ന് മുന്നിലേക്കു നടന്നുപോയപ്പോൾ ലൂയിയും അവൾക്കൊപ്പം ചെന്നു. ലൂത്ത ഭാഷയിൽ പരസ്പരം അവർ എന്തൊക്കയോ സംസാരിച്ചു.

സംസാരശേഷം പ്രതീക്ഷകൾ അസ്തമിച്ച കണ്ണുകളുമായി എന്തോ തിരയുകയാണെന്ന് വരുത്തിത്തീർക്കുംപോലെ ലൂയിയും തുരുത്തിലെ മറ്റൊരുദിശയിലേക്ക് നടന്നുപോയി. ചെറുവള്ളികളിലായി നിന്നിരുന്ന വലിപ്പം കുറഞ്ഞ ഇലകൾ അവരുടെ പാദം പതിച്ചപ്പോൾ തൊട്ടാവാടിയെപ്പോലെ ഉള്ളിലേക്ക് വലിഞ്ഞു.

താനിയയുടെയും ലൂയിയുടെയും പ്രവർത്തികൾ വീക്ഷിച്ചു കൊണ്ടിരുന്ന വിക്കിയും ഷാനുവും അലക്സും ഇരുന്നിടത്തുനിന്നും താനിയയ്ക്കരികിലേക്ക് ചെന്നു.

‘താനിയ...യൂ നീഡ് എനി ഹെൽപ്പ്?’

വിക്കി ചോദിച്ചു.

‘നോ ഗയ്സ്... നമുക്ക് വഴിതെറ്റിയിരിക്കുന്നുവെന്നാണ് ലൂയിയുടെ നിഗമനം. പക്ഷേ നമ്മൾ അൽപ്പംമുൻപ് കടന്നുവന്ന ഭൂഗർഭജലപാതവരെ എൻറെ ഊഹം ശരിയായിരുന്നു. പക്ഷേ അതിനുശേഷം പുസ്തകത്തിൽ പതിമൂന്ന് അഗങ്ങളുള്ള ഒരു നക്ഷത്രചിഹ്നമാണ് കൊടുത്തിട്ടുള്ളത്. അത് ഇങ്ങനെയൊരു സ്ഥലവുമായി ബന്ധിപ്പിക്കാൻ സാധിക്കില്ലായെങ്കിലും ഇവിടെ അതുമായി ബന്ധമുള്ള എന്തെങ്കിലുമുണ്ടോയെന്നുള്ള അന്വേഷണത്തിലാണ് ഞാൻ. ഇനി ഒരു പക്ഷേ ആ ഭൂഗർഭപാതയിൽ എവിടെയെങ്കിലുമായിരുന്നു നമുക്കുള്ള തുടർവഴിയെന്നുമാവാം. ചിലപ്പോൾ ആ നിമിഷത്തിൽ നമ്മളാരും അത് തിരിച്ചറിഞ്ഞിട്ടുണ്ടാവുകയുമില്ല.

എനിക്കറിയാം നിങ്ങൾ എല്ലാവരും ശരീരികമായും മാനസ്സികമായും പരമാവധി തളർന്നിരിക്കുകയാണെന്ന്. മരണം സ്വീകരിക്കാൻ മനസ്സിനെ പാകപ്പെടുത്തുന്ന നിങ്ങളെ ഇനിയും ഉറപ്പില്ലാത്ത ഒരു പ്രതീക്ഷതന്ന് നിരാശപ്പെടുത്തുവാൻ എനിക്ക് കഴിയില്ല. അതാണ് നിങ്ങളെ ആരെയും ഞാൻ ബുദ്ധിമുട്ടിക്കാത്തത്. നിങ്ങൾ പൊയ്ക്കോളൂ. ഈ തിരച്ചിൽ തോൽവി സ്വീകരിക്കാൻ മനസ്സില്ലാത്ത ഒരുവളുടെ കാരണം കണ്ടെത്തലായിമാത്രം കണ്ടാൽ മതി.

താനിയ മനസ്സ് തകർന്ന രീതിയിൽ അവരോട് മൂന്നുപേരോടും പറഞ്ഞു.

‘താനിയ...നമ്മളെല്ലാവരും ഈ സമയത്ത് മരണം സ്വീകരിച്ചിട്ട് ഒരു പ്രയോജനവുമില്ലയെന്ന് നമ്മൾ കടന്നുവന്ന ദൈർഘ്യമേറിയ വഴിയിൽത്തന്നെ

മനസ്സിലായി. പക്ഷേ നമ്മുടെ മായൻരൂപങ്ങൾക്ക് മാത്രമല്ലേ കൊട്ടാരത്തിൻറെ ഹാളിൽനിന്നും ഇവിടെ വരേയ്ക്കും വരേണ്ട കർത്തവ്യമുള്ളൂ. ആ മായൻ ബാലൻറെ ശില മാതൃകാഭൂമിക്കരികിൽ തന്നെയില്ലേ. കെവിന് മരണം സംഭവിച്ചാൽ സ്വാഭാവികമായിത്തന്നെ അതുടഞ്ഞ് പുറത്തെത്തി അവൻ ഭൂമിക്ക് ആയുസ്സ് പകരില്ലേ..'

ഷാനു ചോദിച്ചു.

'ഇല്ല ഷാനൂ...ഇപ്പോൾ കൈവിന് മരണം സംഭവിച്ച് വെളിയിലെത്തിയാൽ അത് കൂടുതൽ കുഴപ്പമാകും. ഇതിനോടകം തന്നെ ആ രാജാവും പത്നിയും മാതൃകാഭൂമിക്കരികിൽ ചെന്നിട്ടുണ്ടാവണം. ഈ സമയത്ത് കൈവിൻറെ മായൻരൂപം അവരുടെ പിടിയിലാവുകയോ ആ രൂപത്തിൽ അവൻ മരണപ്പെടുകയോ ചെയ്താൽ...'

അവൾ വാക്കുകൾ മുഴുമിപ്പിക്കാതെ വീണ്ടും അവിടെയാകെ തിരഞ്ഞുതുടങ്ങി.

താനിയ അപ്പോഴും എന്തോ ഒന്ന് തങ്ങളെല്ലാവരിൽനിന്നും മറച്ചുവയ്ക്കുന്നുണ്ടെന്ന് യുവാക്കൾക്ക് തോന്നി. അവൾ ആവശ്യപ്പെടാതെതന്നെ യുവാക്കൾ മൂന്നുപേരും അവൾക്കൊപ്പം തിരയുവാൻ കൂടി.

താര കിടന്നിരുന്ന പാറക്കല്ലിലായി എഴുന്നേറ്റിരുന്ന് തുരുത്തിൻറെ ഒരു ഭാഗത്തായി നിന്നിരുന്ന ലൂയിയെ വീക്ഷിച്ചു.

രഞ്ജിത് കെവിനെയും കൂട്ടി പെൺകുട്ടികൾ കിടന്നിരുന്ന പാറയിലേക്ക് ചെന്നു. രഞ്ജിത്തിനെ കണ്ടതും താര ഒരു മങ്ങിയ ചിരിചിരിച്ചുകൊണ്ട് റൂബിക്കരികിൽ നിന്നും എഴുന്നേറ്റുകൊടുത്തു.

'ഏയ്...ഇയാൾ ഇരുന്നോളൂ...'

അവൻ പറഞ്ഞതിന് മറുപടിയൊന്നും പറയാതെ അവൾ നിലത്തേക്കിറങ്ങി നടന്നുപോയി.

റൂബിയും ജെസ്സിയും രഞ്ജിത്തിനെ കണ്ടപ്പോൾ പാറയുടെ പ്രതലത്തിലായി എഴുന്നേറ്റിരുന്നു.

റൂബിയെയും രഞ്ജിത്തിനെയും അൽപ്പസമയം തനിച്ചുവിടാമെന്ന കണക്കുകൂട്ടലിൽ കെവിനെയും കൂട്ടി ജെസ്സി താനിയയും യുവാക്കളും നിന്നിരുന്ന ഭാഗത്തേക്ക് പോയി.

'നിലത്തുള്ള വള്ളികളിൽ തട്ടരുത് കേട്ടോ...'

നടക്കുന്നതിനിടയിൽ ജെസ്സി കെവിൻറെ കൈയ്യിലായി മുറുകെപ്പിടിച്ചുകൊണ്ട് ഇംഗ്ലീഷിൽ പറഞ്ഞു.

കെവിൻ തൻറെ ഓരോ ചുവടിലും അകത്തേക്ക് ഉൾവലിയുന്ന വള്ളികളുടെ ഇലകളെ കൗതുകത്തോടെ വീക്ഷിച്ചുകൊണ്ട് അവളുടെ കൈയ്യിൽ തൂങ്ങിനടന്നു.

അവരിരുവരും താനിയയും യുവാക്കളും നിൽക്കുന്ന ഭാഗത്തേക്ക് ചെന്നെത്തിയതും വെള്ളത്തിലേക്ക് കല്ലെറിയുന്നത് നിർത്തി റ്റോജിയും അവിടേക്ക് കടന്നുചെന്നു.

'ഇനി കൃത്യം മുപ്പത്തിയൊമ്പത് മിനിറ്റുകൾ കൂടിയുണ്ട്. നിനക്ക് എന്നോടെന്തെങ്കിലും പറയാനുണ്ടെങ്കിൽ ഇപ്പോ പറയാം...'

അവിടേക്ക് ചെന്നതും റ്റോജി ജെസ്സിയെ നോക്കി പറഞ്ഞു.

'നിന്നോടിനി പ്രത്യേകിച്ച് എന്ത് പറയാൻ...ഒന്ന് പോടാ പീക്കിരി ചെറുക്കാ...'

ജെസ്സി പറഞ്ഞ മറുപടി കേട്ട് മനസ്സില്ലാമനസ്സോടെയാണെങ്കിലും വിക്കിയും ഷാനുവും അലക്സും ആ സന്ദർഭത്തിലും ഒരു നിമിഷം പുഞ്ചിരിച്ചു.

ആ പരന്ന പാറക്കല്ലിലായി തൻറെ നെഞ്ചിൽ ചേർന്നുകിടക്കുന്ന റൂബിയെ രഞ്ജിത് കൂടുതൽ ചേർത്തുപിടിച്ചു.

'നമ്മളാണോ രഞ്ജിത് ഭൂമിയുടെ നാശത്തിനുള്ള കാരണക്കാർ...'

അവൾ അവൻറെ കണ്ണുകളിലേക്ക് നോക്കി ചോദിച്ചു.

'ഏയ്...ഒരിക്കലുമല്ല റൂബീ...നമ്മൾ ഇതെന്തെങ്കിലുമൊക്കെ അറിഞ്ഞിട്ടാണോ ഇവിടേക്ക് വന്നത്. നിങ്ങളുടെ ഉദ്ദേശം ആ പ്രൊഫസറും എൻറെ ഉദ്ദേശം എൻറെ വീട്ടുകാരുമായിരുന്നു. അതിനിടയിൽ ഇത്രയും കാര്യങ്ങൾ അപ്രതീക്ഷിതമായി സംഭവിച്ചു. എല്ലാം ദൈവനിശ്ചയം മാത്രം...'

അവൻ അവളുടെ നെറുകയിൽ തലോടി. അവൾ അവനിലേക്ക് കൂടുതൽ ഇഴുകിച്ചേർന്നു.

'തനിയാ...ലൂയിക്കും തനിക്കും പ്രാർത്ഥനയിൽ വിശ്വാസമുണ്ടെങ്കിൽ നമുക്ക് എല്ലാവർക്കും ചേർന്ന് ഒന്ന് പ്രാർത്ഥിച്ചാലോ...രക്ഷപെടാൻ വേണ്ടിയൊന്നുമല്ല എല്ലാത്തിനും മുൻപായി വെറുതേ ഒരാശ്വാസത്തിന്...'

വെള്ളത്തിലേക്ക് സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്ന താനിയയോട് അവളുടെ പിന്നിലായി നിന്നിരുന്ന ജെസ്സി ചോദിച്ചു.

എന്തോ ഒന്ന് ആലോചിച്ചശേഷം അവൾ ശരി എന്ന രീതിയിൽ തലകുലുക്കി. ശേഷം തൻറെ തിരച്ചിൽ അവിടെ അവസാനിപ്പിച്ചതുപോലെ തോൽവിനിറഞ്ഞ മുഖഭാവത്തോടെ മുകളിലേക്ക് നോക്കി ഒരു ദീർഘനിശ്വാസം കഴിച്ചു. യുവാക്കളും ജെസ്സിയും അതുകണ്ട് നിരാശയോടെ നിന്നു.

പെട്ടെന്ന് കെവിൻ ജെസ്സിയുടെയും റ്റോജിയുടെയും കൈകൾ പിടിച്ചുകുലുക്കി ആ തുരുത്തിൻറെ ഒരു ഭാഗത്തേക്ക് കൈ ചൂണ്ടി.

അവിടെ നിന്നിരുന്ന ബാക്കിയുള്ളവരും താനിയയും ഒരുപോലെ ആ വശത്തേക്ക് കാര്യമറിയുവാനായി ഉറ്റുനോക്കി.

ഒട്ടും പ്രതീക്ഷിക്കാത്ത ആ കാഴ്ച കണ്ട് ജെസ്സി അത്ഭുതത്തോടെ വാപൊത്തിപ്പിടിച്ചു. ശേഷം ഒരു കൈകൊണ്ട് കെവിൻറെ കണ്ണുകളും.

ഒരു പാറക്കല്ലിനുമുകളിലായി നിന്നുകൊണ്ട് താര ലൂയിയെ അമർത്തി ചുംബിക്കുന്നു..!

ലൂയി അപ്രതീക്ഷിതമായി ലഭിച്ച എന്തോപോലെ പതറി നിൽക്കുന്നു.

തൽക്ഷണം താനിയ ചിരിച്ചുകൊണ്ട് കൈതട്ടി. ഒപ്പം ബാക്കിയുള്ളവരും.

റ്റോജി ജെസ്സിയെ പുച്ഛഭാവത്തോടെ നോക്കി.

എല്ലാവരും കൈതട്ടുന്നത് കണ്ട് റൂബിയും രഞ്ജിത്തും ആദ്യം കൈതട്ടുന്നവരിലേക്കും പിന്നീട് ലൂയിയിലേക്കും താരയിലേക്കും ശ്രദ്ധിച്ചു.

അവർക്ക് മുന്നിലായി പിൻതിരിഞ്ഞുനിന്നിരുന്ന താരയുടെ പ്രവർത്തിയാണ് അവർ ആദ്യം ശ്രദ്ധിച്ചതെങ്കിലും പെട്ടെന്ന് അസ്വഭാവികമായി എന്തോ കണ്ടതുപോലെ അവർ ഇരുവരും ആ പാറക്കല്ലിനുമുകളിൽ നിന്നും പിടഞ്ഞെഴുന്നേറ്റുകൊണ്ട് അവർക്കരികിലേക്കോടി..!

# അറുപത്തിയൊന്ന്

മെർക്കുറിയുടെ അന്തരീക്ഷത്തിലായി കരിമേഘങ്ങൾ ഇരുണ്ടുകൂടി ഇടിമുഴക്കത്തോടെ മഴ ആർത്തിരമ്പിപ്പെയ്തു. മേഘഗർജ്ജനം അവർ നിന്നിരുന്ന ഭൂഗർഭപാതയിലുള്ള ആ ചെറുതുരുത്തിൽവരെ പ്രകമ്പനമുണ്ടാക്കി.

ഭൂമിയിലേക്ക് ആഴ്ന്നിറങ്ങിയ മഴവെള്ളം ഭൂമിയുടെ പല തട്ടുകളിലൂടെ അരിച്ച് തുള്ളികളായി ആ ഭൂഗർഭജലത്തിലേക്ക് വന്നുചേർന്നു.

തങ്ങളിപ്പോൾ ഭൂമിക്കടിയിലെ സ്വാഭാവിക ജലസംഭരണിയിലായി നിർമിച്ചിരിക്കുന്ന ഒരു തുരുത്തിലാണ് നിലകൊള്ളുന്നതെന്ന് അതിലൂടെ അവർ ഓരോരുത്തരും തിരിച്ചറിഞ്ഞു. മഴയിൽ നനയുന്നതുപോലെ അവരും കുതിർന്നുതുടങ്ങി.

‘താരേ...’

ആദ്യം അവർക്കരികിലേക്കെത്തിയ രഞ്ജിത് നീട്ടിവിളിച്ചു. പെട്ടെന്ന് താര ലൂയിയിൽനിന്നും വിട്ടകന്നുകൊണ്ട് രഞ്ജിത്തിൻറെയും റൂബിയുടെയും മുഖത്തേക്ക് നോക്കി.

‘യെസ്...ഐ ലവ് ഹിം...’

അവൾ താൻ ചെയ്തതിൽ തെറ്റില്ലയെന്ന് സമർഥിക്കും വിധത്തിൽ കടുപ്പിച്ച് പറഞ്ഞു.

ലൂയിയും എന്ത് പറയണമെന്നറിയാതെ അവർ ഇരുവരെയും നോക്കിനിൽക്കുകയായിരുന്നു.

ആ സമയത്തായിരുന്നു വെള്ളത്തുള്ളികൾ മുകളിൽനിന്നും മഴപോലെ അവരിലേക്ക് പെയ്തുതുടങ്ങിയത്.

റൂബിയും രഞ്ജിത്തും പരസ്പരം ഒന്ന് നോക്കിയതിനുശേഷം താരയ്ക്കരികിലേക്ക് ചെന്ന് അവളുടെ ചുമലിലായി കൈവച്ചു, ബാക്കിയുള്ളവർ ആറുപേരും അപ്പോഴും ആ നാലുപേരെയും വീക്ഷിച്ചുകൊണ്ട് തുരുത്തിലായി നിന്നിരുന്നവിടെത്തന്നെ നിലകൊണ്ടു.

പെട്ടെന്നായിരുന്നു അവർ ഇരുവരുംചേർന്ന് താരയെ പിൻതിരിച്ച് നിർത്തിയത്. ആ ഒരു നിമിഷത്തിൽ താനിയയുടെയും ബാക്കിയുള്ളവരുടെയും രോമകൂപങ്ങളെല്ലാം ഒരുപോലെ എഴുന്നേറ്റുനിന്നുപോയി.

വസ്ത്രത്തിൽ അഴുക്കുപുരണ്ടതുപോലെ താരയുടെ പിൻവശത്തായി പതിമൂന്ന് മുനകളുള്ള ഒരു നക്ഷത്രചിഹ്നം..!

വെള്ളത്തുള്ളികൾ വസ്ത്രത്തിൽ കുതിർന്നപ്പോൾ ആത് കൂടുതൽ വ്യക്തമായി കാണപ്പെട്ടു.

രഞ്ജിത്തും റൂബിയും താനിയയെ നോക്കി അർത്ഥംവെച്ചുള്ള തരത്തിൽ പുഞ്ചിരിച്ചു. താരയ്ക്ക് എന്താണ് സംഭവിക്കുന്നതെന്ന് പിടികിട്ടിയില്ല. ലൂയിയും മുന്നിലേക്ക് കടന്നുനിന്ന് ആ കാഴ്ച കണ്ടു.

തൊട്ടടുത്ത നിമിഷത്തിൽ താര ഒഴികെ ബാക്കി പത്തുപേരുടെയും കണ്ണുകൾ ഒരുപോലെ പെൺകുട്ടികൾ കിടന്നിരുന്ന ആ പരന്ന പാറയിലേക്ക് വ്യതിചലിച്ചു.

വൈകാതെ കണ്ണുകൾക്കൊപ്പം അവരുടെ പാദങ്ങളും ആ കല്ലുകളെത്തേടിപ്പോയി.

റൂബി അവർക്കൊപ്പം പോകാൻ തുടങ്ങിയതും താര അവളെ പിന്നിൽനിന്നും പിടിച്ചുവലിച്ചു.

'പറയെടീ... എന്താടീ എൻറെ പിന്നിൽ..?'

അവൾ ആകാംഷയും ജിജ്ഞാസയും കലർന്ന രീതിയിൽ ചോദിച്ചു.

'നിൻറെ പിന്നിൽ എന്തൊക്കെയാണുള്ളതെന്ന് നിനക്കറിയില്ലേ'

അത് പറഞ്ഞിട്ട് അവളുടെ കൈ വിടുവിച്ചുകൊണ്ട് റൂബിയും ആ കല്ലിനരികിലേക്കോടി. താര കഴുത്ത് പരമാവധി തിരിച്ചുകൊണ്ട് പിന്നിൽ എന്താണെന്നറിയുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

തൊട്ടടുത്ത നിമിഷത്തിൽത്തന്നെ താര ഒഴികെ ബാക്കി പത്തുപേരും ആ കല്ലിന് ചുറ്റുമായി ഒത്തുകൂടി. അവരെല്ലാവരും ആ പാറയിലായി പടർന്നിരിക്കുന്ന വേരുകൾ പോലുള്ള വള്ളികൾക്കിടയിലൂടെ സൂക്ഷിച്ചുനോക്കി.

താരകിടന്നിരുന്ന വശത്തായി വേരുകളാൽ മൂടപ്പെടാതെ ആരും ശ്രദ്ധിക്കാത്ത തരത്തിൽ പായലും അഴുക്കും പിടിച്ച് അവ്യക്തമായ പതിമൂന്ന് അഗങ്ങളുള്ള ഒരു ലോഹ നക്ഷത്രചിഹ്നം..!

മുഴച്ചുനിൽക്കാത്ത തരത്തിൽ കൃത്യമായി പാറയിൽ അടക്കം ചെയ്തുവച്ചിരുന്നതിനാൽ ഒറ്റനോട്ടത്തിൽ അത് കണ്ടെത്തുക പ്രയാസകരമായിരുന്നു. മാത്രമല്ല വെള്ളത്താൽ ചുറ്റപ്പെട്ടു നിന്നിട്ടും ആ പാറകളിലൊന്നും പൂപ്പലുകളോ പായലോ പടർന്നിരുന്നില്ല. പക്ഷേ ആ ചിഹ്നത്തിലായി മാത്രം അവ പടർന്നുപിടിച്ച് അതിനെ രഹസ്യമാക്കി വച്ചിരുന്നതുപോലെ അവർക്കു തോന്നി.

താരയുടെ വസ്ത്രത്തിൻമേൽ പതിഞ്ഞതിൻറെ ബാക്കിപത്രംപോലെ അവിടവിടെയായി പായലും അഴുക്കുമെല്ലാം അവശേഷിച്ചു.

തൻറെ വസ്ത്രത്തിൻറെ തുമ്പുകൊണ്ട് അതെല്ലാം തുടച്ചുനീക്കിയശേഷം താനിയ പിന്നിലായി നിന്നിരുന്ന ലൂയിയെ ഒന്ന് നോക്കി. അവളുടെ നോട്ടത്തിൻറെ അർത്ഥം മനസ്സിലാക്കിയതുപോലെ ലൂയി പെട്ടെന്ന് മുന്നിലേക്ക് കടന്നുവന്നു.

'റ്റോജീ... നിങ്ങളിൽ ആരുടെയെങ്കിലും ജാക്കറ്റ് ഒന്നഴിച്ച് നനയാത്ത രീതിയിൽ ലൂയിക്ക് മുകളിൽ പിടിക്കാമോ...ഞാൻ രണ്ടാമത്തെ തുകൽപുസ്തകം വെളിയിലേക്കെടുക്കുകയാണ്...'

താനിയ യുവാക്കളെ നോക്കിപ്പറഞ്ഞു.

അത് കേൾക്കേണ്ടതാമസം റ്റോജി തൻറെ കട്ടിയേറിയ ജാക്കറ്റ് ഊരിയെടുത്തു. ഷാനുവും വിക്കിയും അലക്സും അതിൻറെ ഓരോ അഗ്രത്തായി പിടിച്ച് ഒരു കുടപോലെ ലൂയിക്ക് മുകളിലായി പിടിച്ചു.

ലൂയിയോടൊപ്പം താനിയയും അതിന് ചുവട്ടിലേക്ക് കയറി നിന്നു. ശേഷം തൻറെ വസ്ത്രത്തിനുള്ളിൽ സുരക്ഷിതമായി വച്ചിരിക്കുന്ന രണ്ടാമത്തെ തുകൽപുസ്തകം വെളിയിലേക്കെടുത്ത് അതിലായി അടയാളചിഹ്നങ്ങൾ കുറിച്ചിരിക്കുന്ന ഭാഗത്തിൻറെ ഏറ്റവും ഒടുവിലത്തെ താളിൽ എഴുതിയിരിക്കുന്ന വാചകങ്ങൾ ലൂയിക്ക് നേർക്ക് പിടിച്ചു.

ലൂയി എല്ലാവരെയും മൊത്തമായൊന്ന് നോക്കിയശേഷം അത് വായിച്ചുതുടങ്ങി.

അവൻ അപ്പോൾ ചെയ്യുന്ന കാര്യങ്ങളിൽ പലർക്കും പല സംശയങ്ങൾ ജനിച്ചു. കാരണം ആ ബാലൻ തൻറെ വംശത്തിൽപ്പെടുന്ന ഒരാൾക്ക് മാത്രം വായിക്കുവാൻ കഴിയുന്ന രഹസ്യഭാഷയിലായിരുന്നു അത് എഴുതിവച്ചിരിക്കുന്നതെന്ന് താനിയ പലകുറി അവരോട് പറഞ്ഞിരുന്നു.

ലൂയി ആ വാചകങ്ങൾ ഉരുവിടുവാൻ ആരംഭിച്ചതും മെർക്കുറിയുടെ അന്തരീക്ഷത്തിലായി പാതാളത്തെപ്പോലും ഞെട്ടിക്കുന്നതരത്തിൽ നല്ലോരിടിവെട്ടി.

ഭൂമിക്ക് മുകളിലായി മരങ്ങൾ കടപുഴകി വീഴുന്ന തരത്തിൽ ശക്തമായ കാറ്റും ആരംഭിച്ചിരുന്നു.

എന്തൊക്കയോ ഇടമുറിഞ്ഞ വാചകങ്ങൾ പോലെ ലൂയി ഉച്ചരിക്കുന്ന വാക്കുകൾ പുറത്തേക്ക് വന്നുതുടങ്ങി. താനിയ കണ്ണുകളടച്ച് പ്രാർത്ഥിച്ചു.

ബാക്കിയുള്ളവർ ആ പുസ്തകത്തിലേക്കും ലൂയിയിലേക്കും നക്ഷത്രചിഹ്നത്തിലേക്കും മാറിമാറി ശ്രദ്ധിച്ചു.

മുകളിൽനിന്നും വീഴുന്ന വെള്ളത്തുള്ളികളുടെ ശക്തി ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരുന്നു. അത് ഇടതടവില്ലാതെ വെള്ളം തുടർച്ചയായി ഒഴിക്കുംപോലെ ഭൂഗർഭത്തിലേക്ക് ഒലിച്ചുവന്നു. ജാക്കറ്റും തുളച്ച് ചില തുള്ളികൾ ആ പുസ്തകത്തെയും നനച്ചുതുടങ്ങി.

ഇടിമുഴക്കത്തിൻറെ പ്രകമ്പനങ്ങൾ ഒരു വിറയൽപോലെ ആ തുരുത്തിനെയും തുടരെത്തുടരെ പിടിച്ചുലച്ചു.

ലൂയിയിൽനിന്നും വരുന്ന വാക്കുകൾ മൂർധന്യാവസ്ഥയിലെത്തിയ വേളയിൽ പെട്ടെന്ന് ആ നക്ഷത്രചിഹ്നനത്തിനും അത് നിലകൊള്ളുന്ന ആഗ്നേയ ശിലയ്ക്കും തിളക്കം വച്ചുതുടങ്ങി.

അത് കണ്ടതും രഞ്ജിത് പോക്കറ്റിലായി അഴിച്ചുവച്ച തൻറെ വാച്ച് തിരികെ കൈയ്യിലേക്കെടുത്തുകെട്ടി.

അതിൽ ഇരുപത് നിമിഷങ്ങൾ തെളിഞ്ഞുകിടന്നു.

ആ സമയത്ത് അവർക്കരികിലേക്ക് വന്നെത്തിയ താര ലൂയിയുടെ മുഖത്തെ രൗദ്രത കണ്ട് ഒരുനിമിഷം ഭയന്നുപോയി.

ഭൂമിക്ക് മുകളിൽനിന്നും ഒലിച്ചിറങ്ങുന്ന വെള്ളത്തിൻറെയളവ് വർദ്ധിച്ചതോടെ അവർ നിന്നിരുന്ന തുരുത്തിലേക്കും വെള്ളം കയറിത്തുടങ്ങി. അധികം വൈകാതെതന്നെ ആ തുരുത്തിനെയും ജലം സ്വന്തമാക്കുമെന്ന് ബാക്കിയുള്ളവർക്ക് തോന്നിപ്പോയി.

അതേ നിമിഷത്തിൽ തൻറെ ദൗത്യം നിർവഹിച്ച ഭാവത്തിൽ ലൂയി അവൻറെ കൈവെള്ള താനിയയ്ക്കുനേർക്ക് നീട്ടി. ശേഷം ലൂത്ത ഭാഷയിൽ താനിയയോട് എന്തോ പറഞ്ഞു. പൊടുന്നനെ താനിയ എല്ലാവരോടും തൻറെ കൈയ്യിൽനിന്നും ചങ്ങലക്കണ്ണികൾപോലെ ആ പാറയ്ക്ക് ചുറ്റുമായി പരസ്പരം ബന്ധിപ്പിക്കുവാൻ വിളിച്ചുപറഞ്ഞു. അത് കേൾക്കേണ്ട താമസം അവർ ഓരോരുത്തരും പരസ്പരം കൈകൾ കോർത്തുപിടിച്ചു.

തൻറെ കൈയ്യിൽനിന്നും എല്ലാവരും പരസ്പരം ബന്ധപ്പെട്ടു എന്ന് മനസ്സിലായതും താനിയയ്ക്കരികിലായി നിന്നിരുന്ന രഞ്ജിത് അവളുടെ കൈയ്യിലായി മുറുകെപ്പിടിച്ചു.

ആ നിമിഷത്തിൽ അവളുടെ കൈ നല്ല രീതിയിൽ വിറയ്ക്കുന്നുണ്ടെന്ന് അവൻ തിരിച്ചറിഞ്ഞു. രഞ്ജിത്തിലൂടെ ബാക്കിയുള്ളവരുമായി ചേർക്കപ്പെട്ടു എന്ന് തിരിച്ചറിഞ്ഞതും ലൂയി നീട്ടിപ്പിടിച്ചിരുന്ന കൈവെള്ളയിലേക്ക് താനിയ തൻറെ കൈയ്യും ബന്ധിപ്പിച്ചു.

പെട്ടെന്ന് നീണ്ട ഒരു ഇടിമുഴക്കത്തിൻറെ പ്രകമ്പനത്തോടൊപ്പം അവർ പരസ്പരം കോർത്തുപിടിച്ചിരുന്ന എല്ലാ കൈകളും വിറയ്ക്കുവാനും ആരംഭിച്ചു. അതിനൊപ്പം ആ നക്ഷത്രചിഹ്നവും ആഗ്നേയശിലയും ഒരുപോലെ കത്തിജ്വലിച്ചു.

അതിൻറെ ജ്വലനം വീണ്ടുംവീണ്ടും വർദ്ധിപ്പിക്കുന്ന തരത്തിൽ ലൂയി അപ്പോഴും എന്തൊക്കയോ വാചകങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു.

ജ്വലനം അതിൻറെ മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേർന്നെന്ന് മനസ്സിലാക്കിയതും അവൻ തൻറെ വലതുകരം ആ നക്ഷത്രചിഹ്നത്തിന് മുകളിലേക്കെടുത്തുവച്ചു.

തൊട്ടടുത്ത നിമിഷത്തിൽ കണ്ണഞ്ചിപ്പിക്കുന്നതരത്തിൽ കുറേ പ്രകാശകിരണങ്ങൾ തുടരെത്തുടരെ ആ പാറകളിലായി പടർന്നിരിക്കുന്ന വള്ളികളിലേക്ക് പടർന്നുപോയി. അതോടൊപ്പം ചുട്ടുപഴുത്ത നേർത്ത കമ്പികൾപോലെ ആ തുരുത്തിലെ വേരുപോലുള്ള വള്ളികളത്രയും കത്തിജ്വലിക്കുവാനുമാരംഭിച്ചു.

വളരെ കുറഞ്ഞ സമയത്തിനുള്ളിൽ അവ ഓരോന്നായി കൂടിച്ചേർന്ന് ഒരു അർദ്ധഗോളംപോലെ അവർ നിന്നിരുന്ന അത്രയും ഭാഗം പൊതിയുവാൻ ആരംഭിച്ചു.

ആ പ്രകാശത്തിൽ അവരുടെ കണ്ണുകൾ തുറക്കുവാനോ എന്തെങ്കിലും സംസാരിക്കുവാനോ കഴിഞ്ഞില്ല.

നേരിയ വൈദ്യുതപ്രവാഹം തങ്ങളുടെ ശരീരത്തിലൂടെ കടന്നുപോകുന്നതായി മാത്രം അവർക്കെല്ലാം അനുഭവപ്പെട്ടു. ഭയത്താൽ ആവർ ഓരോരുത്തരും കൈകൾ പരസ്പരം കൂടുതൽ ഇറുക്കിപ്പിടിച്ചു. എന്തോ ശബ്ദം ഉയർന്നു കേട്ടതോടൊപ്പം തങ്ങളുടെ കാൽച്ചുവട്ടിലായി എന്തോ ഉയർന്നുവരുന്നതായി അവർക്ക് തോന്നി.

രഞ്ജിത് വളരെയേറെ പ്രയാസപ്പെട്ട് കണ്ണ് ഒരൽപ്പം തുറന്നതും തങ്ങളെല്ലാവരും നിൽക്കുന്ന ആകൃതിയിൽ മണ്ണിനടിയിൽ നിന്നും എന്തോ ലോഹത്തളികയെ ആ ജ്വലിക്കുന്ന അർദ്ധഗോളം ആകർഷിക്കുകയാണെന്ന് മനസ്സിലായി. അധികസമയം കണ്ണുതുറന്നുവയ്ക്കുവാൻ സാധിക്കാതെ അവൻ കണ്ണുകൾ ഇറുക്കിയടച്ചപ്പോഴേക്കും ശരീരം അതിവേഗത്തിൽ സഞ്ചരിക്കുന്ന ഒരു ലിഫ്റ്റ് മെഷീനുള്ളിലായി ഭൂമിക്കടിയിലേക്ക് ആഴ്ന്നിറങ്ങിപ്പോകുന്നതുപോലെ തോന്നി.

ഏതാനും നിമിഷങ്ങൾക്കകം ചുറ്റുമുള്ള ഇടിമുഴക്കങ്ങളും കോലാഹലങ്ങളും ശരീരത്തിലൂടെയുള്ള വൈദ്യുതിപ്രവാഹവും അവസാനിച്ചുവെന്ന് തോന്നിയതും അവർ പത്തുപേരും കണ്ണുകൾ തുറന്നു.

ആദ്യകാഴ്ചയിൽത്തന്നെ തങ്ങളുടെ ശത്രുക്കളുടെ ജ്വലിച്ച കണ്ണുകളാണ് അവർക്ക് ദൃശ്യമായത്..!

കാഴ്ചകൾ തെളിഞ്ഞുതുടങ്ങിയപ്പോഴേക്കും ലൂയി ഒഴികെ ബാക്കിയുള്ളവർ ഒരുനിമിഷം ചുറ്റും നോക്കിപ്പോയി.

ചുറ്റും ഇരുട്ടുമൂടിയ അന്തരീക്ഷത്തിൻറെ ഒത്തനടുവിലായി ആറടിയോളം ഉരത്തിൽ അന്തരീക്ഷത്തിലായി മാതൃകാഭൂമി സ്ഥിതിചെയ്യുന്നു..!

അതിനെ കവചം ചെയ്ത ഒരു വലയംപോലെ ഭൗമാന്തരീക്ഷവും അതിലെ നക്ഷത്രങ്ങളും. അതോടൊപ്പം നക്ഷത്രങ്ങൾ പരസ്പരം ചലിക്കുന്നുമുണ്ടായിരുന്നു.

ചിലത് ഒരേ ദിശയിലായി ആകർഷിക്കപ്പെട്ട് ഭൂമിയുടെ ഉപരിതലത്തിലേക്ക് അതിവേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. മാതൃകാഭൂമി സ്ഥിചെയ്യുന്നതിന് തൊട്ടുതാഴെയുള്ള നിലത്തായി മാതൃകാഭൂമിയുടെ അതേ വ്യാസത്തിലായി ഒരു വലിയ മായൻ കലണ്ടർ. വൃത്താകൃതിയിൽ അകത്തകത്തായി വലയം ചെയ്ത

അനേകം ചിഹ്നങ്ങൾക്കൊണ്ട് തയ്യാറാക്കിയ ആ കലണ്ടറിലെ ഒട്ടുമിക്ക ചിഹ്നങ്ങളും കരിപോലെ കറുത്തിരുണ്ടിരുന്നു. ഏറ്റവും നടുവിലായുള്ള വൃത്തത്തിലെ അവസാനത്തെ ഒരേയൊരു ചിഹ്നം മാത്രം മങ്ങിയരീതിയിൽ ജ്വലിക്കുന്നുണ്ടായിരുന്നു. സാധാരണ മായൻ കലണ്ടറല്ല മറിച്ച് ആ മാതൃകാഭൂമിയുടെ ആയുസ്സ് കണക്കുകൂട്ടിവച്ചിരിക്കുന്ന ഒരു ഏകകമായിരിക്കണം അതെന്ന് അവർ ഊഹിച്ചു. ബഹിരാകാശത്തു നിന്നും ഒപ്പിയെടുത്ത ദൃശ്യംപോലെ ഒരു ചെറുഗ്രഹം തങ്ങൾക്കുമുന്നിൽ വന്നതായി അവർക്കെല്ലാം തോന്നിപ്പോയി. ചലിക്കുന്ന കടലിൻറെ നീലനിറവും നദികളും പച്ചപ്പും മണ്ണിൻറെ പല നിറങ്ങളുമെല്ലാം ഒരു മായാജാലക്കാഴ്ചപോലെ അതിനെ തോന്നിപ്പിച്ചു. സാറ്റ്ലൈറ്റ് മാപ്പിംഗ് പോലെ ഓരോ പ്രദേശവും അവയുടെ ചലനങ്ങളും അതിൽ വ്യക്തമായിരുന്നു.

പക്ഷേ ആ കാഴ്ച അവർക്ക് കൂടുതൽ ആഘാതം വരുത്തുകയാണ് ചെയ്തത്. കാരണം പലയിടങ്ങളിലും കടൽ കരയിലേക്ക് ഇരച്ചുകയറുന്ന വിചിത്രമായ കാഴ്ചകളാണ് അതിലൂടെ അവർക്ക് കാണാൻ സാധിച്ചത്. മാതൃകാഭൂമിയിലെ കാഴ്ചകൾ തങ്ങളെ മാനസ്സികമായി തകർക്കാൻ ശേഷിയുള്ളവയാണെന്ന് മനസ്സിലാക്കിയതും ഓരോരുത്തരായി അവിടെനിന്നും തങ്ങളുടെ കണ്ണുകൾ പിൻവലിച്ചു.

ലൂയി താനിയയോടും അവരോടുമായി തുടരെത്തുടരെ എന്തൊക്കയോ ലൂത്ത ഭാഷയിൽ വിളിച്ചുപറഞ്ഞു.

അപ്പോൾ മാത്രമാണ് തങ്ങൾക്കുചുറ്റും അരങ്ങേറുന്ന സംഭവങ്ങൾ ബാക്കിയുള്ളവർ ശ്രദ്ധിച്ചത്. അവർക്കരികിൽ നിന്നിരുന്ന കെവിനെ മെർക്കുറി രാജാവും രാജപത്നിയും കൈക്കലാക്കിയിരുന്നു. കൈയ്യിൽ ആയുധവുമേന്തി ഇരുപടയാളികളെപ്പോലെ അവർ മുന്നിലുള്ളവരുടെ അടുത്ത നീക്കത്തിനായി കാത്തു നിൽക്കുന്നുണ്ടായിരുന്നു.

അവസാന പതിനഞ്ച് നിമിഷങ്ങളിലേക്ക് കടന്നതറിയിച്ചുകൊണ്ട് രഞ്ജിത്തിൻറെ വാച്ച് തുടരെത്തുടരെ ശബ്ദമുണ്ടാക്കി.

‘അവർ നമ്മുടെ ജീവനെടുക്കാനായി കാത്തുനിൽക്കുകയാണ്. കെവിനെ എങ്ങനെയും വധിക്കണമെന്നാണ് ലൂയി പറഞ്ഞത്...’

താനിയ അവരോടായി വിളിച്ചുപറഞ്ഞു.

പെട്ടെന്ന് ഒരു കഠാര പാഞ്ഞുവന്ന് അവളുടെ തൊണ്ടക്കുഴിയിലായി തുളച്ചുകയറി...!

# അറുപത്തിരണ്ട്

ബാക്കിയുള്ളവർ ഒരുപോലെ ഞെട്ടിപ്പോയ ഒരു നിമിഷമായിരുന്നു അത്. കാരണം ശത്രുക്കൾ തങ്ങളുടെ ജീവന് ഹാനി വരുത്തുന്ന കാര്യങ്ങൾ ഒന്നുംതന്നെ ചെയ്യില്ലയെന്ന് യാത്രാമദ്ധ്യേ ലൂയി പറഞ്ഞത് അവരുടെ മനസ്സിലുണ്ടായിരുന്നു. അതുകൊണ്ടു തന്നെയാണ് ശ്രുതുക്കളെ കണ്ടിട്ടും അവർ അത്രയും സമയം മാതൃകാഭൂമിയെ നിരീക്ഷിച്ചതും.

പക്ഷേ തങ്ങളപ്പോൾ കടന്നെത്തിയത് ഒരു കലാശക്കളിയിലേക്കാണെന്ന് ആ ഒരു നിമിഷത്തിൽ അവർ തിരിച്ചറിഞ്ഞു.

ജെസ്സിയും റൂബിയും താനിയ നിലത്തേക്ക് പതറിവീഴും മുൻപുതന്നെ അവളെ താങ്ങിപ്പിടിച്ചു.

രഞ്ജിത് അവളുടെ കഴുത്തിലായി തറച്ചിരിക്കുന്ന കഠാര വലിച്ചൂരി. മുറിവിൽ നിന്നും ചുടുരക്തം കിനിഞ്ഞിറങ്ങി.

റൂബി ആ കഠാരയുപയോഗിച്ചുതന്നെ തൻറെ വസ്ത്രത്തിൽനിന്നും ഒരുഭാഗം കീറിയെടുത്ത് താനിയയുടെ മുറിവിലായി പൊതിഞ്ഞുകെട്ടി. താനിയ പതിഞ്ഞ ശബ്ദത്തിൽ എന്തോ പറയുവാൻ ശ്രമിച്ചു കൊണ്ടിരുന്നു.

രഞ്ജിത് അവളെ അതിൽനിന്നും തടഞ്ഞു.

അവൾ ആ കൈ തട്ടിമാറ്റിയശേഷം രഞ്ജിത്തിനെ തൻറെ അരികിലേക്ക് പിടിച്ചടുപ്പിച്ചു.

‘രഞ്ജിത്... ഞാൻ നിങ്ങളിൽനിന്നും മറച്ചുവച്ച ഒരു പ്രധാന കാര്യം കൂടിയുണ്ട്...ലൂയി ഒരു സാധാരണ മനുഷ്യനല്ല...നൂറ്റാണ്ടുകൾക്ക് ശേഷം ആ പ്രതിമയിൽനിന്നും പുറത്തെത്തിയ മായൻ രൂപമാണ്. പക്ഷേ അവന് മറ്റുള്ള പ്രതിരൂപങ്ങളുടെ അത്ര പ്രാപ്തിയില്ല. അതാണ് പലയിടത്തും ഒരു സാധാരണ മനുഷ്യനെപ്പോലെ അവൻ പതറിയതും സ്വന്തമായി പലപ്പോഴും തീരുമാനങ്ങളെടുക്കാൻ കഴിയാതിരുന്നതും...സത്യത്തിൽ അവൻറെ പേരുപോലും ലൂയി എന്നല്ല. കരയിൽനിന്നും എൻറെയൊപ്പം വന്നതാണ് യദാർത്ഥ ലൂയി. ഞങ്ങൾ ഇരുവരും മരണപ്പെട്ടുവെന്ന് പറഞ്ഞത് ഓർക്കുന്നില്ലേ... ഞങ്ങളുടെ ഇരുവരുടെയും ശരീരം ആ കറുത്ത തരികൾ വഹിച്ചു. കൊണ്ടുപോകും മുന്നേ പ്രൊഫസർ ഞങ്ങളുടെ മുടിനാരുകൾ ശേഖരിച്ചു വച്ചു. പ്രതിരൂപങ്ങളായ നമ്മുടെ ഏതെങ്കിലും തരത്തിലെ സാമീപ്യം മാത്രമേ മായന്മാർ പുനർജനിക്കുന്നതിന് ആവശ്യമായുള്ളൂവെന്ന് രണ്ടാം പുസ്തകത്തിൽ വിവരിച്ചിരുന്നു.

വൈകാതെ പ്രൊഫസർ ഞങ്ങളുടെ രൂപത്തിലുള്ള പ്രതിമകൾ തകർത്ത് ഞങ്ങളുടെ രൂപസാദൃശ്യമുള്ള ആ മായൻവംശജരെ വെളിയിലെത്തിച്ചു.

പെട്ടെന്ന് താനിയ ഒന്ന് ചുമച്ചപ്പോൾ പുറത്തേക്ക് രക്തമൊഴുകി. റൂബി അവളെ വിഷമത്തോടെ നോക്കിക്കൊണ്ട് അത് തുടച്ചു.

'താനിയാ... ഇതൊന്നും ഇപ്പോൾ സംസാരിക്കണ്ട...'

രഞ്ജിത്തിൻറെ വാക്കുകൾക്ക് ചെവികൊടുക്കാതെ അവൾ പതറിയ താഴ്ന്ന ശബ്ദത്തിൽ വീണ്ടും സംസാരം തുടർന്നു.

'മെർക്കുറി രാജാവാണെന്ന് കരുതി ആദ്യം പ്രൊഫസറെ ഞങ്ങളുടെ പ്രതിരൂപങ്ങൾ ആക്രമിക്കാൻ തുടങ്ങിയെങ്കിലും ലൂത്ത ഭാഷ അറിയുന്ന പ്രൊഫസർ അവരിരുവരെയും കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി. പുനർജനീ മന്ത്രപ്രയോഗത്തിലൂടെയായിരുന്നു അവരെല്ലാം പ്രതിമകളായി മാറിയത്. ആ മന്ത്രം വിധിക്കപ്പെടുന്നവരും വിധിക്കാൻ നിയോഗിച്ച വ്യക്തിയും തങ്ങളുടെ നൂറുശതമാനം രൂപസാദൃശ്യവും ആരോഗ്യവും കൂർമ്മബുദ്ധിയും ഒത്തിണങ്ങിയ മറ്റൊരു തലമുറയെ സന്ധിക്കുംവരെ നൂറ്റാണ്ടുകൾ ശിലകളെപ്പോലെ ജീവിക്കും എന്നതായിരുന്നു അതിൻറെ പൂർണ്ണവ്യാഖ്യാനം. അവരുമായി നൂറുശതമാനം സാമ്യമുള്ള ആ തലമുറ നമ്മളെല്ലാമാണ്. നമ്മൾ അവരുടെ പ്രതിമകളുമായി സന്ധിച്ച വേളയിൽത്തന്നെ അവർക്ക് ആ മന്ത്രത്തിൽനിന്നും മോക്ഷം ലഭിച്ചു. ഇനിമുതൽ അവർ ശിലകളായി തുടരേണ്ട കാര്യമില്ല. ഇത്രയുംകാലം ശിലയായി തുടർന്നതിനാൽ നൂറ്റാണ്ടുകളായി ദ്വീപിലെത്തി മരണമടഞ്ഞ പ്രതിരൂപങ്ങൾ ഓരോരുത്തരുടെയും ബാക്കി ആയുസ്സുകൂടി അവർക്ക് ലഭിക്കുകയും ഇത്തവണ പ്രതിമയുടഞ്ഞ് വെളിയിൽ വരുന്നതോടെ അവർ സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തുകയും ചെയ്യും. പക്ഷേ പുനർജനീമന്ത്രത്തിന് ഒരു സവിശേഷത കൂടിയുണ്ടായിരുന്നു. അവരെ അതിൽനിന്നും മോക്ഷമാക്കുന്ന തലമുറയുടെ ആയുസ്സ് സ്വീകരിക്കാതെ അവർക്കുതന്നെ തിരിച്ചു നൽകുന്ന ഒന്ന്. അതും രണ്ടാം തുകൽപുസ്തകത്തിൽ സൂചിപ്പിച്ചിരുന്നു. അതാണ് പ്രൊഫസർ ധൈര്യപൂർവ്വം നിങ്ങളെ എല്ലാവരെയും ആത്മഹതി ചെയ്യിപ്പിച്ച് തിരികെയെത്തിക്കുവാനുള്ള പദ്ധതി രൂപപ്പെടുത്തിയത്. പക്ഷേ അതിനിടയിൽ അദ്ദേഹം മരണപ്പെട്ടു. നിങ്ങൾ ഞാൻ പറഞ്ഞത് വിശ്വസിച്ചതുമില്ല.'

താനിയ വേദന കടിച്ചമർത്തുന്ന രീതിയിൽ ഒന്ന് പുളഞ്ഞു. ശേഷം വീണ്ടും തീരെ അവശയെപ്പോലെ രഞ്ജിത്തിൻറെ കണ്ണുകളിലേക്ക് നോക്കി.

ആ കാഴ്ച താങ്ങാനാവുന്നതിനുമപ്പുറമായിരുന്നതിനാൽ അവൻറെ കണ്ണുകളും നിറഞ്ഞുകവിഞ്ഞിരുന്നു. അപ്പോഴും ആ രാജാവും രാജപത്നിയും കെവിനെയും മുറുകെ പിടിച്ചുകൊണ്ട് ആയുധവുമോങ്ങി അവിടെത്തന്നെ ചലനമില്ലാതെ തുടരുന്നുണ്ടായിരുന്നു.

‘തനിയാ...പ്ലീസ് സ്റ്റോപ്പ്...’

അവൻ വീണ്ടും അവളുടെ ചുണ്ടുകൾക്ക് കൈ തടസം വച്ചു. വളരെയേറെ പ്രയാസപ്പെട്ട് അവൾ ആ കൈ തട്ടിമാറ്റി. എന്നിട്ട് ഒരു ഞരക്കംപോലെ വീണ്ടും സംസാരം തുടർന്നു

‘അപ്പോ...ൾ... നിങ്ങൾ എല്ലാവരും മായൻ വംശജരായി മാറിയിരുന്നുവെങ്കിൽ ഇപ്പോൾ കാര്യങ്ങൾ ഇത്രയും മുറുകുമായിരുന്നില്ല. ഞാനൊരിക്കൽ മരണപ്പെട്ട് മായൻ വംശജയായശേഷം തിരികെവന്നവളാണ്. താനിയ എന്ന സാഹസികയെ തുടർന്നുള്ള യാത്രയിൽ ആവശ്യമുള്ളതിനാൽ പ്രൊഫസറുടെ തീരുമാനപ്രകാരം എൻറെ മായൻരൂപം എൻറെ ആയുസ്സ് എനിക്ക് തിരികെ നൽകി മാതൃകാഭൂമിക്ക് ആയുസ്സ് ലഭിക്കുംവരെ താൽക്കാലികമായി വീണ്ടും ആ ശിലയ്ക്കുള്ളിലായി സ്വയമേ അടക്കം ചെയ്യപ്പെട്ടിരിക്കുകയാണ്. എന്തെന്നാൽ മന്ത്രനിയമപ്രകാരം മനുഷ്യരൂപത്തിൽ ഇരുരൂപങ്ങൾക്കും ഒരുപോലെ മെർക്കുറിയിൽ തുടരാൻ സാധ്യമല്ല. അതിനാൽ എൻറെ രൂപം താൽക്കാലിക ശിലയായി രൂപമാറ്റം നടത്തി.

അതുപോലെതന്നെ ലൂയിയുടെ മനുഷ്യശരീരമാണ് ഇപ്പോൾ ആ പ്രതിമയ്ക്കുള്ളിലുള്ളത്. കറുത്ത തരികളിൽനിന്നും വേർപെടുത്തിയ ലൂയിക്ക് അവൻറെ മായൻരൂപം ജീവൻ പകരുന്ന ഉദ്യമം പ്രൊഫസർ താൽക്കാലികമായി ഒഴിവാക്കി. കാരണം ഒരു മായൻവംശജന് മാത്രമേ രണ്ടാം പുസ്തകത്തിലെ അവസാന താളിലെ മന്ത്രങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കുമായിരുന്നുള്ളൂ. അതിനാൽ ലൂയിയുടെ മായൻരൂപത്തെ ഞങ്ങൾ കൂടെക്കൂട്ടി. അതുപോലെതന്നെ പ്രതിമയിൽനിന്നും വെളിയിലെത്തുന്ന മായൻ വംശജർ പൂർണ്ണമനസ്സോടെ തങ്ങളുടെ മരണപ്പെട്ട മനുഷ്യരൂപങ്ങൾക്ക് ആയുസ്സ് തിരികെ നൽകിയാൽ മാത്രമേ നമുക്കെല്ലാം ജീവൻ തിരികെ ലഭിക്കൂ. ശത്രുക്കളായ രാജാവും പത്നിയും എന്തായാലും അതിന് മുതിരില്ലയെന്ന് പ്രൊഫസർക്ക് ബോധ്യമുണ്ടായിരുന്നു. അതിനാൽ മർമ്മദ്വീപിൽനിന്നും തിരികെപ്പോകുവാൻ താനും ജോംസി മിസ്സും ഉണ്ടാവുകയില്ല എന്നറിഞ്ഞിട്ടും നമ്മളുടെയൊക്കെ ജീവൻ സംരക്ഷിക്കാനാണ് പ്രൊഫസർ പരിശ്രമിച്ചത്.

എന്തായാലും എനിക്ക് ആയുസ്സ് ഇത്രയുമേ ഉണ്ടായിരിക്കൂ. അതാണ് ഇപ്പോൾ ഇങ്ങനെ സംഭവിച്ചത്. പക്ഷേ മാതൃകാഭൂമിക്ക് ആയുസ്സ് ലഭിക്കും മുൻപേ ലൂയിയുടെ രൂപത്തിന് ശത്രുക്കളിലൂടെ ദുർമരണം സംഭവിച്ചാൽ അവനും അവൻറെ പ്രതിരൂപവും ഒരുപോലെ നശിക്കും. ഓരോ മായൻ രൂപങ്ങളുമാണ് അവരവരുടെ പ്രതിരൂപങ്ങൾക്ക് ആയുസ്സ് പകരുന്നത് അതിനാൽ ഇപ്പോൾ നമ്മോടൊപ്പമുള്ള ലൂയിക്ക് മരണം സംഭവിക്കാതെ നോക്കണം. നിങ്ങൾക്കെല്ലാവർക്കും രക്ഷപെടാനുള്ള ഏകവഴിയാണിത്. എല്ലാത്തിനുമുപരി മാതൃകാഭൂമിക്കരികിലുള്ള ശിലയിൽനിന്നും കെവിൻറെ രൂപത്തെ എങ്ങനെയും വെളിയിലെത്തിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ബാക്കി കാര്യങ്ങൾ അവൻ നോക്കിക്കോളും. അവർ ഇതുവരെയും

നിങ്ങളെ ആരെയും ആക്രമിക്കാത്തത് കെവിൻ ജീവനോടെ അവരുടെ പക്കൽ ഉള്ളതുകൊണ്ടാണ്. അവരിനി ജയിക്കില്ല എന്നുറപ്പാണ് അതിനാൽ മാതൃകാഭൂമിയുടെ ആയുസ്സവസാനിപ്പിച്ച് ഈ ലോകം മുഴുവൻ നശിപ്പിക്കുവാനാണ് അവരുടെ നീക്കം. എങ്ങനെയും കെവിനെ വധിച്ച് ആ ശിലയിൽനിന്നും അവൻറെ രൂപത്തെ വെളിയിലെത്തിക്കണം. തൊണ്ടപൊട്ടുന്ന വേദനയുണ്ടായിട്ടും ഞാൻ ഇത്രയും കാര്യങ്ങൾ ഇപ്പോൾ നിങ്ങളോട് പറഞ്ഞത് ഇനി എനിക്കൊരവസം ഉണ്ടാവുകയില്ല എന്നുറപ്പുള്ളതുകൊണ്ടാണ് ചെല്ല്...പോയി ആ മായൻബാലനെ പുറത്തെത്തിച്ച് ഭൂമിയെ രക്ഷിക്ക്...'

താനിയ കഷ്ടപ്പെട്ട് ശ്വാസമെടുത്തുകൊണ്ട് സ്വകാര്യം പറയുന്നതുപോലെ പറഞ്ഞു നിർത്തി. അവളുടെ പ്രാണൻ വെടിയുന്ന ഈ അവസ്ഥയിലും അത്രയും കാര്യങ്ങൾ അവൾ തന്നോട് വെളിപ്പെടുത്തിയതിൽ രഞ്ജിത്തിന് അത്ഭുതം തോന്നി. പക്ഷേ മായൻ വംശവുമായി തങ്ങളെ ബന്ധിപ്പിക്കാൻ അവശേഷിക്കുന്ന ലൂത്ത ഭാഷ അറിയുന്ന ഏക വ്യക്തി എന്ന നിലയിലാണ് അവൾ അത്രയും കാര്യങ്ങൾ വെളിപ്പെടുത്തിയതെന്ന് അവന് മനസ്സിലായി.

അവളെ റൂബിയെ ഏൽപ്പിച്ച ശേഷം രഞ്ജിത് നിലത്തുനിന്നുമെഴുന്നേറ്റു.

ഒരു ദൈവീകമായ പ്രകാശംപോലെ മാതൃകാഭൂമിയുടെ വെളിച്ചം മാത്രമായിരുന്നു അവിടെയുള്ള ഏക പ്രകാശസ്രോതസ്സ്.

അതേസമയം താൻ ഭയന്നതുപോലെതന്നെ ശത്രുക്കൾ കെവിൻറെ ശിലയെ മാതൃകാഭൂമിക്കരികിൽ നിന്നും മാറ്റിയത് ലൂയി തിരിച്ചറിഞ്ഞിരുന്നു.

ആ ശിലയ്ക്കായി അവൻറെ കണ്ണുകൾ ചുറ്റും പരതി.

ശത്രുക്കൾ അപ്പോഴും സമയം തള്ളിനീക്കുക എന്ന ഏക ലക്ഷ്യത്തോടെ ഒരു നീക്കവുമില്ലാതെ കെവിനെ കൈപ്പിടിയിലൊതുക്കി അവരെയും സൂക്ഷമമായി വീക്ഷിച്ചുകൊണ്ട് മുന്നിലായിത്തന്നെ നിലകൊണ്ടു.

താനിയയാണ് അവർക്കിടയിലുള്ള ആശയവിനിമയത്തിനുള്ള ഉപാധിയെന്ന് തിരിച്ചറിഞ്ഞപ്പോൾത്തന്നെ രാജപത്നി തൻറെ കഠാരയുപയോഗിച്ച് അവളുടെ ശബ്ദമടക്കുകയായിരുന്നു.

നൂറ്റാണ്ടുകൾക്കുശേഷം മെർക്കുറി ദ്വീപിൽ ഉകൽപുസ്തക വിധിപ്രകാരം ആ പതിമൂന്ന് പേരും ഒരുമിച്ച് സംഗമിച്ച ഒരു നിമിഷം കൂടിയായിരുന്നു അത്.

പുറത്ത് മെർക്കുറിയുടെ അന്തരീക്ഷത്തെയാകെ ഭീതിയിലാഴ്ത്തി അപ്പോഴും പേമാരി തകർത്തുപെയ്തുകൊണ്ടിരുന്നു.

ലൂയി ഗത്യന്തരമില്ലാതെ രഞ്ജിത്തിനോട് എന്തോ ലൂത്ത ഭാഷയിൽ ചോദിച്ചു. അത് മനസ്സിലാവാതെ രഞ്ജിത് അവനെ നിസ്സഹായനായി നോക്കി.

'ഇനി എത്ര സമയംകൂടി മിച്ചമുണ്ടെന്നാണ് ലൂയി ചോദിക്കുന്നത്...'

ആ ഗുരുതരാവസ്ഥയിലും താനിയ അവൻറെ വാക്കുകൾ തർജ്ജിമ ചെയ്ത് റൂബിയോട് പറഞ്ഞു. അവൾ അപ്പോൾത്തന്നെ അത് രഞ്ജിത്തിനെ അറിയിച്ചു.

തൽക്ഷണം രാജപതി തൻറെ ഇടതുവശത്തായി കരുതിയിരുന്ന മറ്റൊരു കഠാര റൂബിയെ ലക്ഷ്യമാക്കിയെറിഞ്ഞു. അതേനിമിഷത്തിൽ ലൂയി അത് ചാടിപ്പിച്ചുകൊണ്ട് രാജപതിക്ക് നേർക്ക് തിരിച്ച് പ്രയോഗിച്ചു.

അപ്രതീക്ഷിതമായി സംഭവിച്ച ഒന്നായിരുന്നതിനാൽ തൻറെ ശിരസിന് നേർക്കുള്ള ആ പ്രയോഗത്തിൽനിന്നും മൊത്തമായി ഒഴിഞ്ഞുമാറുവാൻ അവർക്ക് സാധിച്ചില്ല. അതവരുടെ ഇടതു ചെവിക്കട പിളർത്തിക്കൊണ്ട് കടന്നുപോയി.

രാജപതിയുടെ അലർച്ച അവിടെയാകെ പ്രതിദ്ധ്വനിച്ചു.

'ആയോധനകലയിൽ അവന് ഒരു തകരാരുമില്ല...'

വായിനിന്നും രക്തം കിനിയുമ്പോഴും ആത്മവിശ്വാസത്തോടെ താനിയ സ്വയം പിറുപിറുത്തു.

റൂബി അവളെ സംസാരിക്കുന്നതിൽനിന്നും തടഞ്ഞു.

'ഒൻപത് മിനിറ്റുകൾ'

രഞ്ജിത് കൈവിരലുകൾ ഉയോഗിച്ച് ലൂയിയെ സമയം അറിയിച്ചു.

അവൻ ലൂയിയുടെ രൂപമുള്ള മായൻ വംശജനായിരുന്നുവെങ്കിലും താനിയ അവനെ ആധുനിക കാലത്തിലെ അത്യാവശ്യം കാര്യങ്ങളെല്ലാം പറഞ്ഞുമനസ്സിലാക്കിയിരുന്നു.

താനിയയോടൊപ്പം ആ കുളക്കരയിലായി പ്രൊഫസർ കെവിനുമായി മടങ്ങിയെത്തുന്നത് കാത്തിരുന്ന വേളയിൽ അവർ ഇരുവരും നല്ല ചങ്ങാതിമാരായിത്തീർന്നിരുന്നു. അതുകൊണ്ടുതന്നെയാണ് പ്രാചീന വസ്ത്രങ്ങൾ മാറ്റി ലൂയിയുടെ വസ്ത്രങ്ങൾ ധരിക്കുവാൻ അവൻ തയ്യാറായതും.

താനിയയുടെ അവസാന നിമിഷങ്ങളിൽ അവൾ റൂബിയുടെ കൈത്തണ്ടയുടെയും ഉടലിൻറെയും വിടവിലൂടെ അവൻറെ മുഖത്തുതന്നെ നോക്കിക്കിടക്കുകയായിരുന്നു.

ശത്രുക്കളെ സൂക്ഷമമായി വീക്ഷിക്കുന്ന വേളയിൽ ഒരു നിമിഷം തന്നിലേക്ക് അവൻ നോക്കിയിരുന്നുവെങ്കിൽ എന്ന് അവൾ അറിയാതെ ആഗ്രഹിച്ചുപോയി.

ഇതേസമയം ലൂയിയുടെ ഉള്ളിൽ ചില പുതിയ പദ്ധതികൾ രൂപപ്പെട്ടിരുന്നു. കാരണം രാജപതി അലറിയപ്പോൾ കേട്ട പ്രതിദ്ധ്വനിയിലൂടെ ആ സ്ഥലത്തിന് അധികം ചുറ്റളവില്ലയെന്ന് അവൻ മനസ്സിലാക്കി. ലൂയിയുടെ മുഖഭാവത്തിലൂടെ അവനെന്തോ നീക്കം നടത്തുവാൻ പോകുകയാണെന്ന് യുവാക്കളും അവനരികിലായി നിന്നിരുന്ന താരയും തിരിച്ചറിഞ്ഞു. അവൻറെ ജീവന് അപകടമെന്തെങ്കിലും സംഭവിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി ബോധ്യമുണ്ടായിരുന്നതിനാൽ

താനിയയുടെ കഴുത്തിൽനിന്നും ഊരിയെടുത്ത കഠാരയുമായി അവൻറെ സംരക്ഷകനെപ്പോലെ രഞ്ജിത്തും ശ്രദ്ധയോടെ അവനരികിലായി കരുതലോടെ നിന്നു.

രാജപത്നിക്ക് പ്രഹരം ലഭിച്ച വേളയിൽ അവരുടെ കൈപ്പിടിയിലായിരുന്ന കെവിൻ ഒന്ന് കുതറിയോടുവാൻ ശ്രമിച്ചെങ്കിലും അവരുടെ ബലിഷ്ഠമായ കൈകൾ വേദന കടിച്ചമർത്തുന്ന തരത്തിൽ അവൻറെ മേലുള്ള പിടി കൂടുതൽ മുറുകിപ്പിച്ചു. അത് താങ്ങാൻ സാധിക്കാതെ വേദനകൊണ്ട് അവൻ പുളഞ്ഞുപോയി. ബാക്കിയുള്ളവർ അപ്പോഴും ഒരു ചലനവുമില്ലാതെ തുടർന്നു.

ലൂയി റ്റോജിയെയും വിക്കിയേയും ഷാനുവിനെയും അലക്സിനെയും കരുതിനിൽക്കുക എന്ന തരത്തിൽ നോക്കി. അവർ തങ്ങൾ തയ്യാറാണെന്നതരത്തിൽ തലചലിപ്പിച്ചു.

വാച്ചിൽ ഒരുനിമിഷംകൂടി വീണ്ടും കുറഞ്ഞ് എട്ടുമിനിറ്റായി മാറി.

പെട്ടെന്ന് മാതൃകാഭൂമിയിലായി പ്രകാശം വർദ്ധിച്ചത് ശത്രുക്കൾ ഉൾപ്പെടെ ബാക്കിയുള്ളവരുടെയും ശ്രദ്ധ അവിടേക്ക് തിരിച്ചു.

കടലിലെ ഏതോ ഭാഗത്തായി ഭൗമാന്തരീക്ഷത്തിൽനിന്നും പാഞ്ഞടുത്ത നക്ഷത്രസമൂഹം കൂട്ടത്തോടെ പോയി വീണ് കടലിലായി ഉഗ്രസ്ഫോടനം സംഭവിക്കുകയും അന്തരീക്ഷത്തിലേക്ക് തീയാളുകയും അത്രയും ഭാഗത്ത് കടൽജലം ഉയരുന്നതുമായ കാഴ്ചകളാണ് അവരെല്ലാം കണ്ടത്. ഏതാനും നിമിഷങ്ങൾക്കകം ആ സമുദ്രത്തിൻറെ തീരങ്ങൾ മുഴുവൻ വലിയൊരു സുനാമിയിലൂടെ കടലിനടിയിലാകുമെന്ന് അവർക്കെല്ലാമുറപ്പുണ്ടായിരുന്നു

ഓരോ നിമിഷം വൈകുംതോറും ഭൂമി ഘട്ടംഘട്ടമായി നശിച്ചു കൊണ്ടിരിക്കുകയാണെന്ന് മാതൃകാഭൂമി അവർക്ക് കാട്ടിക്കൊടുത്തു. അതിന് താഴെയായുള്ള ആയുസ്സിൻറെ ഏകകത്തിലെ അവസാനത്തെ ചിഹ്നത്തിൻറെ തിളക്കം ഏകദേശം പൂർണ്ണമായും അവസാനിക്കാറായിരുന്നു.

പെട്ടെന്ന് രാജാവും രാജപത്നിയും വെപ്രാളത്തോടെ ചുറ്റും നിരീക്ഷിക്കുന്നത് കണ്ടപ്പോഴാണ് തങ്ങളുടെ കൂടെനിന്നിരുന്ന ലൂയിയും രഞ്ജിത്തും അപ്രത്യക്ഷമായത് ബാക്കിയുള്ളവരും തിരിച്ചറിഞ്ഞത്..!

മാതൃകാഭൂമിയിൽനിന്നും പ്രതിഫലിക്കുന്ന പ്രകാശത്തിൻറെ പരിധിക്കപ്പുറം കനത്ത ഇരുട്ടായതിനാൽ അവർ എവിടേക്ക് പോയെന്ന് ആർക്കും ഒരു പിടിത്തവുമുണ്ടായില്ല. യുവാക്കൾ നാലുപേരും കൂടുതൽ ശ്രദ്ധയോടെ നിന്നു.

താനിയ വളരെയധികം പ്രയാസപ്പെട്ടുകൊണ്ട് ശ്വാസമെടുക്കുന്നതിനിടയിലും ചെറുതായൊന്ന് പുഞ്ചിരിച്ചു. രാജാവും രാജപത്നിയും അടുത്തടുത്തായി നിന്നുകൊണ്ട്

ഇരുദിശയിലും തുടരെത്തുടരെ വീക്ഷിച്ചു. ഇരുവരുടെയും കൈകളിൽ അക്രമാസക്തതയോടെ ആയുധങ്ങൾ ഉയർന്നുനിൽപ്പുണ്ടായിരുന്നു.

പെട്ടെന്ന് ഒരു വശത്തെ ഇരുട്ടിൽനിന്നും മറ്റൊരുവശത്തേക്ക് ആരോ ഓടിപ്പോകുന്ന ശബ്ദം ഉയർന്നുകേട്ടു. ശത്രുക്കൾ ഇരുവരും ഒരുപോലെ അവിടേക്ക് ശ്രദ്ധിച്ചതും അതിന് എതിർവശമുള്ള ഇരുട്ടിൽനിന്നും രഞ്ജിത് പാഞ്ഞടുത്തുകൊണ്ട് രാജപത്നിയെ ചവിട്ടിത്തെറിപ്പിച്ചു.

ഒന്ന് പതറിയെങ്കിലും ഒരു കൈയ്യിൽ കെവിനെ മുറുകെപ്പിടിച്ചുകൊണ്ട് അവൻറെ നേർക്ക് അവർ വാളുപോലുള്ള ആയുധം ചുഴറ്റിവീശി. പെട്ടെന്നവൻ ഒഴിഞ്ഞുമാറിയെങ്കിലും അവൻറെ കൈമുട്ടിന് മുകളിലായി അതിൻറെ തുമ്പ് കൊണ്ടതും അവിടെയുള്ള മാംസം പിളർന്ന് രക്തമൊഴുകി.

തൽക്ഷണം വീറോടെ അവൻ കുനിഞ്ഞ് മുന്നിലേക്ക് ചാടി തൻറെ കൈയ്യിൽ കരുതിയിരുന്ന കഠാര അവരുടെ വയറിൻറെ ഭാഗത്തായി കുത്തിയതും കഠാര എന്തിലോ തെന്നിമാറപ്പെട്ടുവെന്ന് അവന് മനസ്സിലായി. അപ്പോഴേക്കും അവരുടെ അടുത്ത വെട്ടിൽനിന്നും അവൻ ഒഴിഞ്ഞുമാറുകയും ചെയ്തു.

അപ്പോഴേക്കും ലൂയി രാജാവിനെ കടന്നാക്രമിച്ചുതുടങ്ങിയിരുന്നു. അത് കണ്ടതും യുവാക്കളും അയാൾക്കുമേൽ ചാടിവീണു.

താര എന്തുചെയ്യണമെന്നറിയാതെ നിന്നിരുന്നവിടെത്തന്നെ പകച്ചുനിന്നു.

രാജാവിൻറെ കൈയ്യിലെ ആയുധം പിടിച്ചുവാങ്ങാൻ ശ്രമിക്കുന്നതിനിടയിൽ റ്റോജിയുടെ നെറ്റിത്തടത്തിലായി അതിൻറെ ഒരു വശംകൊള്ളുകയും നെറ്റിപിളർന്ന് തലയോട് കാണുന്നവിധത്തിൽ മുറിയുകയും ചെയ്തു. അവൻ വലിയൊരു ആർത്തനാദത്തോടെ നിലത്തേക്ക് വീഴുകയും വേദനയാൽ തലപൊത്തിപ്പിടിച്ചുകൊണ്ട് നിലത്ത് കിടന്നുരുളുകയും ചെയ്തു.

രഞ്ജിത്തിൻറെ കൈയ്യിലുണ്ടായ മുറിവിൽനിന്നും രക്തം അമിതമായൊഴുകിക്കൊണ്ടിരുന്നതിനാൽ രാജപത്നിയിൽനിന്നും കെവിനെ വീണ്ടെടുക്കുന്നതിനുള്ള ത്രാണി അവനുണ്ടായിരുന്നില്ല.

സെക്കൻറുകൾ വീണ്ടും കൊഴിഞ്ഞുകൊണ്ടിരുന്നു. മാതൃകാ ഭൂമിയിലെ സമുദ്രത്തിൽ ഉത്ഭവിച്ച സുനാമിത്തിരകൾ കൂടുതൽ ശക്തിയോടെ തീരങ്ങളിലേക്കടുത്തുകൊണ്ടിരുന്നു. അതേസമയം ഭൗമോപരിതലത്തിൽ മറ്റൊരുഭാഗത്തായി കൂടിച്ചേർന്ന വലിയൊരു നക്ഷത്രസമൂഹം മർമ്മദ്വീപ് സ്ഥിതിചെയ്യുന്ന സമുദ്രഭാഗത്തിന് മുകളിലായി വന്നടുത്തിരുന്നു.

മെർക്കുറി രാജാവിനരികിലേക്ക് കെവിനെയും വഹിച്ചുകൊണ്ട് കടന്നെത്താൻ ശ്രമിക്കുന്ന രാജപത്നിക്ക് തടസമായി രഞ്ജിത് വീണ്ടും മുന്നിൽക്കയറിനിന്നു.

അതേനിമിഷത്തിൽ അവൻറെ കണ്ണുകളും മങ്ങിത്തുടങ്ങിയിരുന്നു.

യുവാക്കൾ മൂന്നുപേരും ചേർന്ന് രാജാവിനെ താൽക്കാലികമായി ബന്ധനസ്ഥനാക്കിയ സമയത്ത് ലൂയി ചുറ്റുമുള്ള പ്രദേശമെല്ലാം കെവിൻറെ രൂപത്തിലെ ശിലയ്ക്കായി ഇരുട്ടിൽ തിരഞ്ഞു.

പെട്ടെന്നായിരുന്നു ഷാനുവിൻറെ അലർച്ച ഉയർന്നുകേട്ടത്. തൽക്ഷണം ലൂയി ഇരുട്ടിൽ നിന്നും അവർക്കരികിലേക്ക് ഓടിയെത്തിയതും ഷാനുവിൻറെ ഉദരത്തിലായി അയാളുടെ ആയുധം തുളച്ചുകയറിയിരിക്കുന്ന കാഴ്ചയാണ് കണ്ടത്. വിക്കിയേയും അലക്സിനെയും നൊടിയിഴയിൽ അയാൾ കുടഞ്ഞെറിഞ്ഞുകൊണ്ട് ഷാനുവിൻറെ ശരീരത്തിൽനിന്നും ആയുധം തിരികെയെടുക്കുവാനായി പാഞ്ഞെടുത്തു.

അഞ്ചുനിമിഷത്തിൽനിന്നും അവസാന നാലുനിമിഷത്തിലേക്ക് കടന്നതറിയിച്ചുകൊണ്ട് അവരിൽ പലരുടെയും വാച്ചുകൾ തുടരെത്തുടരെ ശബ്ദമുണ്ടാക്കി

രാജാവ് ഷാനുവിൻറെ ശരീരത്തിനരികിലായി വന്നെത്തിയപ്പോഴേക്കും ലൂയി ആ ആയുധം ഊരിയെടുത്തുകഴിഞ്ഞിരുന്നു.

പ്രാണൻ പോകുന്ന വേദനയിൽ ഷാനു തൻറെ അമ്മയെ വിളിച്ച് ഉറക്കെ അലറിക്കരഞ്ഞു.

രഞ്ജിത്തിൻറെ കാഴ്ചകൾ മങ്ങിത്തുടങ്ങിയതോടൊപ്പം കാൽച്ചുവടും പതറിയത് മനസ്സിലാക്കിയ രാജപതി തൻറെ ആയുധം അവൻറെ ശിരസ്സിനുനേർക്ക് ചുഴറ്റിവീശുവാൻ തുടങ്ങിയ അതേ നിമിഷത്തിലായിരുന്നു അവരുടെ ശരീരത്തിലേക്ക് തീ ആളിപ്പടർന്നത്.

രഞ്ജിത് കാര്യമറിയാതെ നോക്കുമ്പോൾ കെവിൻ തൻറെ പോക്കറ്റിലേക്ക് ആ സിഗാർ ലൈറ്റർ തിരിച്ചിടുന്നത് കണ്ടു.

താൻ കഠാരയുപയോഗിച്ച് അവരെ ആക്രമിച്ചസമയത്ത് ലോഹത്തിൽ കുത്തി തെന്നിമാറുംപോലെ കഠാര തെന്നിമാറിയത് കണ്ടപ്പോൾ അവന് മനസ്സിലായിരുന്നു അവരുടെ തുകൽ വസ്ത്രത്തിനടിയിൽ എന്തോ സംഭരിച്ചു വച്ചിരിക്കുന്ന ലോഹസഞ്ചിയുണ്ടെന്ന്.

അതേസമയത്ത് അതിൽ തുളവീണ് എന്തോ ദ്രാവകം വെളിയിലേക്ക് ഒലിച്ചിറങ്ങുന്നത് കെവിൻ ശ്രദ്ധിച്ചിരുന്നു. ഒരു പരീക്ഷണമെന്നതുപോലെ അവൻ അതിൽ തീപടർത്തുകയായിരുന്നു.

അപ്രതീക്ഷിതമായി ശരീരത്തിലേക്ക് തീ പടർന്നതും കെവിനെ വിട്ടുകൊണ്ട് അവർ ആയുധം ചുഴറ്റിയെറിഞ്ഞു.

അലക്സ് പെട്ടെന്നു തന്നെ അത് കൈയ്യിലെടുത്ത് ലൂയിക്കൊപ്പം രാജാവിനരികിലായി പോയിനിന്നു.

കെവിനും അപ്പോഴേക്കും അവർക്കരികിലേക്ക് കുതിച്ചിരുന്നു.

തൻറെ ജീവനെടുക്കാൻ ആയുധവുമായി കാത്തുനിൽക്കുന്നവരുടെ മുന്നിൽ ഒന്നുംചെയ്യുവാൻ സാധിക്കാതെ തൻറെ കൺമുന്നിൽ പ്രിയതമയെ അഗ്നി സ്വന്തമാക്കുന്നത് കണ്ട് മെർക്കുറിയുടെ അധിപൻറെ മുഖം രോഷംകൊണ്ട് ചുവന്നുതുടുത്തു. അതിന് കാരണക്കാരനായ കെവിൻ അയാൾക്കരികിലൂടെ കടന്നുപോയതും അമിതമായ ക്രോധത്തോടെ അവൻറെ ശിരസ്സിലേക്ക് അയാൾ തൻറെ കഠാര കുത്തിയിറക്കി.

തൽക്ഷണം കെവിൻറെ ശിരസ്സിൽനിന്നും ചുടുരക്തം ചീറ്റിയൊലിച്ചു. അതോടൊപ്പം അവൻ നിലത്തേക്ക് വീണ് ശിരസ്സ് പൊത്തിക്കൊണ്ട് പുളഞ്ഞു. സംസാരശേഷിയില്ലാതിരുന്നതിനാൽ അവനൊന്നലറിക്കരയുവാൻപോലും സാധിച്ചില്ല.

പെട്ടെന്നായിരുന്നു അവരെല്ലാവരും ആ സ്ഥലത്തേക്ക് കടന്നെത്തുന്ന സമയത്ത് യുവാക്കൾ ലൂയിക്ക് മുകളിലായി പിടിച്ചിരുന്ന റ്റോജിയുടെ നനഞ്ഞുകുതിർന്ന ജാക്കറ്റുമായി താര രാജപത്നിക്കരികിലേക്ക് ഓടിച്ചെന്നത്. തീ കൂടുതലായി പടർന്നപ്പോൾ നിലത്തുവീണ് തീയണയ്ക്കുവാനായി അവർ ശ്രമിക്കുന്നുണ്ടായിരുന്നു.

അവൾ ആ ജാക്കറ്റുപയോഗിച്ച് അവരുടെ ശരീരത്തിലെ തീയണയ്ക്കുവാൻ സഹായിച്ചു. ആ സമയത്ത് തുകൽവസ്ത്രത്തിൻറെ പല ഭാഗങ്ങളും തീയിൽ കത്തിച്ചാമ്പലായി അവരുടെ ശരീരത്തിലെ പല ഭാഗങ്ങളും വെളിയിൽ കാണുന്നുണ്ടായിരുന്നു. ഒടുവിൽ പടർന്നുപിടിച്ച തീയത്രയും കെട്ടടങ്ങിയതും ആ ജാക്കറ്റ് നിലത്തുവീണുകിടന്നിരുന്ന അവരുടെ നഗ്നത മറയ്ക്കുവാൻ പുതപ്പിച്ചുകൊടുത്തശേഷം താര അവർക്കരികിൽ നിന്നും ഓടിയകന്നു.

അപ്പോഴേക്കും കെവിൻറെ ശരീരവും നിർജ്ജീവമായിരുന്നു.

താര അപ്പോൾ ചെയ്ത ആ പ്രവർത്തി വിക്കിയെയും അലക്സിനെയും രോഷാകുലരാക്കി. അവർ എന്തെങ്കിലും പ്രതികരിക്കും മുൻപുതന്നെ രഞ്ജിത് അവരെ തടഞ്ഞു.

‘ശിലയിൽനിന്നും പുറത്തെത്തിയ മായൻരൂപങ്ങൾ മരണമടഞ്ഞാൽ പിന്നീട് അവരുടെ പ്രതിരൂപങ്ങൾക്കും ജീവിതത്തിലേക്ക് മടങ്ങിയെത്തുവാൻ സാധിക്കില്ല...’

അവൻ അത് പറഞ്ഞതും മെർക്കുറി രാജാവ് രക്തത്തിൽ കുളിച്ചുനിൽക്കുന്ന അവനെയൊന്ന് നോക്കിയശേഷം തൻറെ പത്നിക്കരികിലേക്ക് പാഞ്ഞുപോയി.

അപ്പോഴേക്കും കെവിൻറെ ശവശരീരത്തെത്തേടി ആ കറുത്ത തരികളെത്തിയിരുന്നു.

അവരെല്ലാവരും നോക്കിനിൽക്കേ ആ കറുത്ത ശരീരം അന്തരീക്ഷത്തിലൂടെയുയർന്ന് ഇരുട്ടിലേക്ക് പോയ്മറഞ്ഞു.

നിലത്തേക്ക് പതറിവീഴുവാൻ തുടങ്ങിയ രഞ്ജിത്തിനെ ലൂയി താങ്ങിപ്പിടിച്ചു.

മടിയിൽ താനിയ കിടന്നിരുന്നതിനാൽ റൂബിക്ക് അവനരികിലേക്ക് ഓടിച്ചെല്ലുവാൻ സാധിച്ചില്ല. അവൻറെ അപ്പോഴത്തെ സ്ഥിതി വീക്ഷിക്കുവാൻ കെൽപ്പില്ലാതെ റൂബി തല കുനിച്ചു പിടിച്ചു.

'തർവീ...ലീമോഫ് ഹിജിബസ് ഒഗാനി കാവിത്റ മീഫാഗോ പിഗലോ... അഗ്രുവതിക് ലീമോ...ഹിമാഗോ ദിവിക് സൈർവ മിഖാഫീ ലീമാബറോ...'

(പ്രഭോ... അങ്ങയുടെ കുടുംബത്തെ ഇല്ലാതാക്കുവാനല്ല ഞങ്ങൾ ശ്രമിക്കുന്നത്. ഈ ലോകത്തെ സംരക്ഷിക്കുവാനാണ്. ഞങ്ങളുടെ തലമുറയെ മൊത്തമായി നശിപ്പിച്ചത് അങ്ങാണ്. എങ്കിൽപ്പോലും ഞങ്ങൾക്കിപ്പോൾ നിങ്ങളോടുള്ള പകയല്ല വലുത്. ദയവായി ആ ശില കാണിച്ചുതന്നാലും. മാതൃകാഭൂമിക്ക് ജീവൻ പകർന്നു നൽകിയശേഷം നിങ്ങൾ പറയുന്നതെന്തും ഞങ്ങൾ അനുസരിക്കാം. ഇനിയും വൈകിയാൽ നമ്മളോടൊപ്പം ഈ ലോകം മൊത്തമായി നശിക്കും.)

ലൂയി മാതൃകാഭൂമിയിലേക്കും മെർക്കുറി രാജാവിൻറെ മുഖത്തേക്കും മാറിമാറി നോക്കിക്കൊണ്ട് വിളിച്ചുപറഞ്ഞു.

'മാബോ... ജീമാറോ ഉസ്ത്തിഫ് മീഖാഫീ കിമക് മാഗിർ ഹീഫാ'

(സാധ്യമല്ല... ഒരിക്കൽ നിങ്ങൾ ഞങ്ങളെ മന്ത്രങ്ങളിലൂടെ ചതിച്ചതാണ്. ഞങ്ങൾക്ക് ലഭിക്കാത്ത ഈ ലോകം ആർക്കും വേണ്ട...)

അയാൾ കടുപ്പമേറിയ ശബ്ദത്തിൽ പറഞ്ഞു.

'ലൂയീ... ഇനി രണ്ട് മിനിറ്റുകൾ മാത്രം'

തളർച്ചയിലും രഞ്ജിത് അക്ഷമനായി അത് പറയുകയും ആംഗ്യത്തിലൂടെ സമയം കാണിക്കുകയും ചെയ്തു.

രണ്ട് നിമിഷങ്ങൾ കൂടി കഴിഞ്ഞാൽ ഭൂമിയുടെ അവസാന നാളിലേക്ക് കടക്കുകയും ഭൂമിയുടെ മൊത്തം ഭ്രമണപഥത്തിൽത്തന്നെ വ്യത്യാസമുണ്ടായി ഭൂമിക്ക് ആയുസ്സ് പകർന്ന് കൊടുക്കാനാവാത്തവിധം കാര്യങ്ങൾ കൂടുതൽ വഷളാവുകയും ചെയ്യുമെന്ന് എല്ലാവർക്കുമറിയാമായിരുന്നു...!

# അറുപത്തിമൂന്ന്

ഓരോ സെക്കൻറുകളും ഓരോ യുഗങ്ങൾപ്പോലെ കടന്നുപോയി.

ഒരു പോരാട്ടത്തിലൂടെ തങ്ങൾക്കപ്പോൾ ഒന്നും നേടിയെടുക്കാൻ സാധിക്കുകയില്ലെന്ന് അവർക്കെല്ലാമുറപ്പുണ്ടായിരുന്നു.

വാച്ചിൽ അവസാനത്തെ ഒരുമിനിറ്റിനൊപ്പമുള്ള സെക്കൻറുകൾ ഓരോന്നായി എണ്ണപ്പെട്ടു.

'പ്രഭോ... നമ്മളെല്ലാവരും നൂറ്റാണ്ടുകളോളം കാലങ്ങൾ മുന്നിലേക്ക് താണ്ടിപ്പോന്നിരിക്കുന്നു. കരയിൽ അങ്ങ് വെട്ടിപ്പിടിച്ച രാജ്യങ്ങളെല്ലാമിപ്പോൾ ആധുനികവത്കരിക്കപ്പെട്ടിരിക്കുന്നു. നമുക്കാർക്കും ഇനി അവിടെ ഒരു സ്ഥാനവുമില്ല. ഇപ്പോൾ അങ്ങേയ്ക്ക് ആകെ സ്വന്തമായുള്ളത് അങ്ങ് ഞങ്ങളുടെ വംശത്തെക്കൊണ്ട് രഹസ്യമാക്കി വച്ചിരിക്കുന്ന ഈ ദ്വീപ് മാത്രമാണ്. ഈ മാതൃകാഭൂമിക്കായി ഞങ്ങളുടെ മാന്ത്രികതലമുറയുടെ മൊത്തം ജീവനും ഒരിക്കൽ നഷ്ടമായതാണ്. അന്നവർക്ക് ഞങ്ങളെപ്പോലെ അത് ചെറുക്കുവാനുള്ള മന്ത്രവിദ്യകൾ അറിയാതിരുന്നിട്ടില്ല. സ്വന്തം രാജ്യത്തെയും പ്രജകളെയും സംരക്ഷിക്കേണ്ട താങ്കളെടുക്കുന്ന ഏതൊരു തീരുമാനത്തെയും അവർ ബഹുമാനിച്ചിരുന്നു. അതുകൊണ്ടാണ് ശരീരത്തിൽനിന്നും പ്രാണൻ പോകുമ്പോഴും അവരാരും താങ്കൾക്കെതിരെ ഒരു ക്രിയകളും ചെയ്യാതിരുന്നത്. അദൃശ്യമായിട്ടാണെങ്കിലും ഇപ്പോഴും ഈ ലോകത്തിൻറെ പ്രഭു നിങ്ങളാണ്. ലോകത്തെ മുഴുവൻ സംരക്ഷിക്കേണ്ടവൻ... പക്ഷേ സംരക്ഷിക്കുന്നതിനു പകരം ഇപ്പോഴും എല്ലാവരുടെയും ജീവനെടുക്കാൻ വിടുന്നതും നിങ്ങളാണ്. ഒരു കാര്യം ഓർക്കുക. ഈ നിൽക്കുന്ന സാധാരണ മനുഷ്യരെല്ലാം നമ്മൾ സന്ധിക്കുന്ന ആദ്യത്തെയും അവസാനത്തെയും പ്രതിരൂപങ്ങളാണ്. ഇനി ഒരവസരം ഞങ്ങൾക്കോ താങ്കൾക്കോ ലഭിക്കുകയില്ല. പോരാട്ടങ്ങളെല്ലാം ഇവിടെ അവസാനിക്കുന്നു..!'

ലൂത്ത ഭാഷയിൽ ലൂയി അത്രയും കാര്യങ്ങൾ പറഞ്ഞുനിർത്തിയശേഷം രഞ്ജിത്തിൻറെ കൈയ്യിൽനിന്നും ആ കഠാര വാങ്ങി നിലത്ത് പതിയെയും മടിയിൽ താങ്ങി ഇരുന്നിരുന്ന മെർക്കുറി രാജാവിനരികിലേക്കിട്ടുകൊടുത്തു.

'മീഫാബിർ...ഉഫിക് മാബിറോ കീവിക് അസ്മാരാ മിയാക്...ഏവ സവ് ജീയ റാനക്...'

(ഇതിനുവേണ്ടി അവരുടെ വംശത്തിനെ ബലിയർപ്പിച്ച കഥകൾ താങ്കൾ എന്നോട് പറഞ്ഞില്ല പ്രഭോ... അങ്ങയുടെ ഭാഗത്താണ് ന്യായമെന്ന് ഞാൻ

ഇതുവരെയും അന്ധമായി വിശ്വസിച്ചു....)

അത്രയും രാജാവിനെനോക്കി പറഞ്ഞശേഷം ഇരുട്ടിൽ ഒരുവശത്തേക്ക് കൈചൂണ്ടിക്കൊണ്ട് രാജപത്നി അമർന്നു.

അവരുടെ കൈയ്യിലെ വിരലുകളിൽ ചിലത് പൊള്ളലേറ്റ് നിറംമാറിയിരുന്നു.

രാജാവ് ഒന്നുംതന്നെ പ്രതികരിക്കാതെ മൗനം പാലിച്ചു.

ലൂയി ആ കറുത്ത തരികൾ കൈവിൻറെ ശരീരത്ത പൊതിയുംമുൻപുതന്നെ അവൻറെ പോക്കറ്റിൽനിന്നും കൈക്കലാക്കിയ സിഗാർ ലൈറ്റർ കൈയ്യിലെടുത്ത് തെളിച്ചുകൊണ്ട് രാജപത്നി ചൂണ്ടിക്കാട്ടിയ ഭാഗത്തേക്ക് ഓടിപ്പോയി. ഒപ്പം രഞ്ജിത്തും താരയും യുവാക്കളും.

അപ്പോഴേക്കും സമയം അവസാനത്തെ അൻപത്തിരണ്ട് സെക്കൻറുകളിലേക്കെത്തിയിരുന്നു.

ആ ഇരുട്ടിലേക്ക് പോകുംതോറും ചരിഞ്ഞ ഒരു മൺഭിത്തിയിലായി കുറേ ഇരുണ്ട സുഷിരങ്ങൾ പ്രത്യക്ഷപ്പെട്ടു.

അത് എവിടേക്കൊക്കെയോ പോകുന്നതിനുള്ള രഹസ്യ മാർഗങ്ങളാണെന്ന് തിരിച്ചറിഞ്ഞെങ്കിലും അതിൽ ഏതിലൂടെയാണ് തങ്ങൾ സഞ്ചരിക്കേണ്ടതെന്ന് മനസ്സിലാവാതെ അവരെല്ലാം കുഴങ്ങിനിൽക്കുമ്പോഴാണ് അഗ്നിയുടെ മറ്റൊരു വെളിച്ചം അവർക്കരികിലേക്ക് വന്നെത്തിയത്.

ആ പ്രകാശത്തിൻറെ ഉറവിടം മെർക്കുറിയുടെ അധിപൻറെ കൈയ്യിലിരുന്ന ഏതോ ഒരു ഉപകരണത്തിൽനിന്നുമാണെന്ന് മനസ്സിലായതും ലൂയി ഉൾപ്പെടെ ബാക്കിയെല്ലാവരും അയാൾക്കായി വഴിമാറിക്കൊടുത്തു.

അതിൽ ഒരു സുഷിരത്തിലേക്ക് അയാൾ തൻറെ വസ്ത്രത്തിനുള്ളിൽനിന്നും എന്തോ ഒരുതരം ലോഹത്തരികളിട്ടതും അവിടെയുള്ള എല്ലാ സുഷിരങ്ങളിലും ഓരോ ദൃശ്യങ്ങൾ തെളിഞ്ഞുവന്നു. ഒന്നിൽ മെർക്കുറിയിലെ ശവപ്പറമ്പും മറ്റൊന്നിൽ കടൽ ജലവും ഒന്നിൽ ആ കൊട്ടാരത്തിൻറെ ഹാളും ബാക്കിയുള്ള അനേകം സുഷിരങ്ങളിലായി തിളയ്ക്കുന്ന ലാവയും ദൃശ്യമായി.

അയാൾ ഹാളിൻറെ ദൃശ്യം തെളിഞ്ഞ സുഷിരപാതയിലേക്ക് ലൂയിയെനോക്കി കൈചൂണ്ടി.

തൽക്ഷണം അവൻ അതിലേക്ക് ചാടിയിറങ്ങി. തൊട്ടടുത്ത നിമിഷത്തിൽ ദൃശ്യങ്ങൾ എല്ലാം മറഞ്ഞുകൊണ്ട് അവിടെയാകെ രാജാവിൻറെ കൈവശമുണ്ടായിരുന്ന വെളിച്ചം മാത്രമായി അവശേഷിച്ചു.

രഞ്ജിത്തും താരയും വിക്കിയും അലക്സും ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു.

അതേസമയം റൂബി താനിയയുടെ അവസാനനിമിഷങ്ങളടുത്തുവെന്ന് മനസ്സിലാക്കി അവളുടെ നെറുകയിലായി തുടരെത്തുടരെ തലോടിക്കൊണ്ടിരുന്നു.

രാജപതി എങ്ങനെയോ നിരങ്ങി അവർക്കരികിലേക്കെത്തി. ശേഷം താനിയയോടും ആ വംശത്തോടും ചെയ്ത തെറ്റിന് ക്ഷമ ചോദിക്കുന്നതരത്തിൽ അവളുടെ പാദത്തിലായി സ്പർശിച്ചു. അവരുടെ കണ്ണുകളിലുള്ള ക്രൂരഭാവം മാറി പകരം കണ്ണുനീർ തുള്ളികൾ സ്ഥാനം പിടിച്ചിരുന്നു.

ആ നിമിഷത്തിൽ തങ്ങളുടെ ജോംസി മിസ്സാണ് തങ്ങൾക്കരികിലിരിക്കുന്നതെന്നുപോലും റൂബിക്ക് തോന്നിപ്പോയി.

മർമ്മദ്വീപിൻറെ അന്തരീക്ഷത്തിലേക്ക് കടന്നെത്തിക്കൊണ്ടിരുന്ന നക്ഷത്രസമൂഹം ഭൂമിയുമായും കടലിലായി ഉത്ഭവിച്ച ആ വലിയ സുനാമിത്തിരകൾ തീരവുമായും വളരെയേറെയടുത്തിരുന്നു.

അപ്പോഴേക്കും അവരുടെ വാക്കുകളിൽ സമയം അവസാന മുപ്പത് സെക്കൻറുകളിലേക്ക് കടന്നിരുന്നു.

അവർ അത്രയുംപേർ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് നിൽക്കുന്ന ആ അവസാന നിമിഷത്തിൽ പെട്ടെന്നായിരുന്നു അന്തരീക്ഷത്തിലായി അനേകം ജ്വലിക്കുന്ന ലൂത്തലിപികൾ മാതൃകാഭൂമിക്കരികിലായി കൂടിച്ചേരുവാനാരംഭിച്ചത്. വളരെപ്പെട്ടെന്ന് അതൊരു ജ്വലിക്കുന്ന രൂപമായി മാറപ്പെട്ടു.

അതോടൊപ്പം ആ രൂപത്തിൻറെ കൈകൾ അന്തരീക്ഷത്തിലായി തുടരെത്തുടരെ ചലിച്ചു. പെട്ടെന്ന് താനിയയുടെ ജാക്കറ്റിനുള്ളിൽ സൂക്ഷിച്ചിരുന്ന ആ തുകൽപുസ്തകങ്ങൾ രണ്ടും അന്തരീക്ഷത്തിലേക്ക് ഉയർന്നുപോയി കൂടിച്ചേർന്ന് ഒന്നായി മാറി. അവ തമ്മിൽ കൂടിച്ചേർന്നതും ആ പുസ്തകവും ജ്വലിച്ചുകൊണ്ട് ആ രൂപത്തിൻറെ കൈകളിലേക്ക് പോയിരുന്നു. തൽക്ഷണം തൻറെ മന്ത്രപുസ്തകവുമായി നിൽക്കുന്ന ബാലനെ അവർക്കെല്ലാവർക്കും ദൃശ്യമായി.

അവൻ എന്തൊക്കയോ മന്ത്രങ്ങൾ ആ പുസ്തകത്തിൽ നോക്കി. അതിവേഗത്തിൽ തുടരെത്തുടരെ ഉരുവിട്ടു.

അവൻറെ നാവിൽനിന്നും പുറപ്പെടുന്ന മന്ത്രങ്ങൾ ജ്വലനത്തോടെ മാതൃകാഭൂമിയുടെ താഴെയായുള്ള ആ ആയുസ്സിൻറെ ഏകകത്തിലേക്ക് പോയി പതിച്ചുകൊണ്ടിരുന്നു.

അതിലായി കറുത്ത് അടുങ്ങിയ നിലയിലുള്ള ചിഹ്നങ്ങൾ ഓരോന്നായി ക്രമമായി ജ്വലിച്ചുതുടങ്ങി.

മാതൃകാഭൂമിക്ക് ചുറ്റും നിന്നിരുന്നവർ അത്ഭുതത്തോടെ തങ്ങൾക്കുമുന്നിലായി നടക്കുന്ന കാര്യങ്ങൾ വീക്ഷിച്ചു.

അഞ്ചാമത്തെ സെക്കൻറിൽനിന്നും നാലിലേക്കും മൂന്നിലേക്കും കടന്നപ്പോഴേക്കും തൻറെ ഹൃദയം സമ്മർദ്ദംമൂലം പൊട്ടിപ്പോകുമോ എന്നുപോലും താരയ്ക്ക്

തോന്നിപ്പോയി.

ഒടുവിൽ എല്ലാവരെയും സമ്മർദ്ദത്തിൻറെ മുൾമുനയിൽ നിർത്തി അവരുടെ വാച്ചുകളിലെ സമയങ്ങൾ ഒരുപോലെ അവസാന സെക്കൻറിലേക്ക് കടന്നപ്പോഴേക്കും മാതൃകാഭ്രമിയുടെ ആയുസ്സിൻറെ ഏകകത്തിലെ പതിനായിരക്കണക്കിന് ചിഹ്നങ്ങൾക്കെല്ലാം ഒരുപോലെ ജ്വലനം പ്രാപിച്ചിരുന്നു..!

*******************

2022, ജനുവരി 17, 8:45 AM

മെർക്കുറിയുടെ അന്തരീക്ഷം വളരെയധികം തെളിഞ്ഞ് കാണപ്പെട്ടു.

സൂര്യപ്രകാശം നേരിട്ട് മുഖത്തേക്കടിച്ചപ്പോൾ ജോംസി മിസ്സ് ബാഗിൻറെ ഇടതുവശത്തിൽ കൊളുത്തിയിട്ടിരുന്ന തൊപ്പിയെടുത്ത് തലയിലേക്കുവച്ചുകൊണ്ട് തൊട്ടുപിന്നിലായി നടന്നിരുന്ന പ്രൊഫസർ നിക്കോൾസനെ നോക്കി.

അപ്പോഴേക്കും അവരുടെ വിദ്യാർഥികളും അവർക്കൊപ്പം ആ നദിക്കരയിലേക്ക് നടന്നെത്തിയിരുന്നു.

'ഇവിടെവരെയാണ് എനിക്ക് ആകെയുള്ള ഓർമ്മകൾ. ബാക്കി സംഭവങ്ങളെല്ലാം ഞാൻ മിസ്സ് ചെയ്തു.'

ജോംസി മിസ്സ് നിരാശയോടെ പറഞ്ഞു.

'ഹോ... എന്തായിരുന്നു രണ്ടാളുടെയും മായൻ രൂപത്തിലെ പെർഫോമൻസ്.'

ജെസ്സി മിസ്സിനോപ്പം കയറി നടന്നുകൊണ്ട് പറഞ്ഞു.

'ആവോ... എനിക്കൊന്നും ഓർമയില്ല. ഈ നദിക്കരയിൽ ഇന്നലെയുറങ്ങി ഇന്ന് രാവിലെ ആ കൊട്ടാരത്തിനുള്ളിലെ ഹാളിൽ ഉണർന്നതുപോലെയൊരു ഫീൽ മാത്രം...'

അത് കേട്ട് ആ യുവാക്കളും യുവതികളും മുഖത്ത് പലതരം അർത്ഥങ്ങൾ നിറഞ്ഞ രീതിയിൽ ചിരിച്ചു.

'എങ്കിലും എൻറെ കഴുത്തിൽ കഠാര കുത്തിക്കയറ്റിയത് ഒട്ടും ശരിയായില്ല...'

താനിയ ജെസ്സിക്കും മിസ്സിനുമൊപ്പം കയറിനടന്നുകൊണ്ട് പരാതി പറയുംപോലെ പറഞ്ഞു.

'എന്തായാലെന്താ... ആ മായൻ ബാലൻ മരിക്കാൻകിടന്ന നിന്നെ എന്തോ മന്ത്രം ചൊല്ലി സുഖപ്പെടുത്തി ജീവൻ തിരിച്ചുതന്നില്ലേ...'

മിസ്സ് കെവിനെ തന്നോട് ചേർത്തുപിടിച്ചുകൊണ്ട് തിരിച്ചടിച്ചു. അവർ പറയുന്നതെന്താണെന്ന് മനസ്സിലായില്ലെങ്കിലും കെവിൻ അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചു.

'ഓ...പിന്നേ...ഒരൊറ്റനിമിഷം വൈകിയിരുന്നെങ്കിൽ ഞാനും ഇപ്പോൾ ആ കറുത്ത രൂപങ്ങൾക്കൊപ്പം ഈ ദ്വീപിൽത്തന്നെ തുടർന്നേനെ...'

താനിയ പ്രതികരിച്ചു.

'എങ്കിലും ഈ താരയ്ക്ക് ഇതെന്തുപറ്റി...'

രഞ്ജിത് അവളെനോക്കി ചോദിച്ചു.

'ഹഹഹ...ലൂയി ഇപ്പോ അമേരിക്കൻ ഇംഗ്ലീഷ് പറയുന്നതാണ് അവളുടെ പ്രശ്നം...അവൾക്ക് പഴയ ലൂത്ത ഭാഷ സംസാരിക്കുന്ന ലൂയിയെ മതിയെന്ന്...'

റൂബി അവളെ കളിയാക്കുന്നതുപോലെ പറഞ്ഞു.

'വാട്ട്..?'

അവർ പറയുന്ന മലയാളം മനസ്സിലാവാതെ ലൂയി നെറ്റി ചുളിച്ചു.

റ്റോജിയും വിക്കിയും ഷാനുവും അതുകണ്ട് ചിരിച്ചു.

'എന്തുവാടാ നീയിത്ര ആലോചിക്കുന്നത്...?'

ഏറ്റവും പിന്നിലായി നടക്കുന്ന അലക്സിനെ നോക്കി റ്റോജി ചോദിച്ചു.

ഒന്നുമില്ല എന്നരീതിയിൽ അവൻ തലകുലുക്കി.

'അവൻ എന്തെങ്കിലും ആലോചിക്കട്ടെ റ്റോജീ... ഇനിയാ കടൽക്കരയിലെത്തിയാലും പ്രൊഫസറിൻറെ ബോട്ട് കറങ്ങിത്തിരിഞ്ഞ് നമുക്കുമുന്നിൽ എത്തുംവരെ നമ്മൾ കാത്തിരിക്കണ്ടേ...!'

ജെസ്സി പറഞ്ഞു.

*******************************

ഫ്ളോറിഡ

ജനുവരി 17, 9:30 AM

നഗരം പഴയ നിലയിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ. റോഡുകളിലും തെരുവുവീഥികളിലും കെട്ടിനിന്നിരുന്ന വെള്ളം ഭൂമിക്കടിയിലേക്ക് പൂർണ്ണമായും ആഴ്ന്നിറങ്ങിയതോടെ ജനങ്ങൾ ഒരുപോലെ നിരത്തിലേക്കിറങ്ങി ഓരോ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

മറ്റുള്ള രാജ്യങ്ങളിലും കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചെങ്കിലും കടൽ കരയിലേക്ക് തിരിച്ചിറങ്ങുകയും പ്രകൃതിക്ക് അപ്രതീക്ഷിതമായി വന്ന മാറ്റങ്ങൾ

പഴയതിലേക്ക് തിരുത്തപ്പെടുകയും ചെയ്തിരുന്നു. കടലിൽ മുങ്ങിയിരുന്ന ദ്വീപുകളിൽനിന്നും കടൽ എന്നെന്നേക്കുമായി പിൻവലിഞ്ഞ് വീണ്ടും പഴയഗതിയിലായി.

നഷ്ടങ്ങളുടെയും തിരികെലഭിച്ച ജീവൻറെയും കണക്കുകൾക്കിടയിലും ലോകമെമ്പാടും പുതിയൊരു പുലരികൂടി ആരംഭിച്ചിരുന്നു.

**********************************

ഇതേസമയം മെർക്കുറിയുടെ തീരത്തുനിന്നും അവർ പതിമൂന്നുപേരെയും വഹിച്ചുകൊണ്ട് ആ ബോട്ട് കരയിലേക്ക് പുറപ്പെട്ടിരുന്നു.

ദ്വീപിൽനിന്നും കരയിലേക്ക് പോകുവാനുള്ള രഹസ്യവഴി പ്രൊഫസർക്ക് ആ മായൻ ബാലൻ പറഞ്ഞുകൊടുത്തിരുന്നു. കൂട്ടത്തിൽ മറ്റൊരു രഹസ്യവും. അവർ പതിമൂന്നുപേരും ആ ദ്വീപിൻറെ പരിധി താണ്ടി കരയിലെത്തുമ്പോഴേക്കും ആ പുസ്തകവുമായി ബന്ധപ്പെട്ടതുൾപ്പെടെ ആ ദ്വീപിൽ സംഭവിച്ച കാര്യങ്ങളത്രയും അവരുടെ ഓർമ്മകളിൽനിന്നും എന്നെന്നേക്കുമായി മറഞ്ഞുപോയിരിക്കുമത്രേ..!

ആദ്യം അയാളിൽ അത് ഞെട്ടലുണ്ടാക്കിയെങ്കിലും മർമ്മദ്വീപിൻറെയും ശേഷകാലം അവിടെ ജീവിക്കാൻ തീരുമാനിച്ച ആ പതിമൂന്നുപേരുടെയും സ്വകാര്യതയ്ക്ക് അതുതന്നെയാണ് നല്ലതെന്ന് പ്രൊഫസർക്കും തോന്നി. അയാൾ ആ രഹസ്യം മറ്റാരോടും പങ്കുവച്ചതുമില്ല. തിരികെയുള്ള യാത്രയിൽ രഞ്ജിത്തും പ്രൊഫസറും ചേർന്ന് ബോട്ട് നിയന്ത്രിച്ചു. ബാക്കിയുള്ളവർ തങ്ങൾ കരയിലെത്തിയശേഷം ലോകത്തോട് പങ്കുവയ്ക്കുവാനുള്ള ദ്വീപിലെ സാഹസിക കഥകൾ ഓരോന്നായി ചിന്തിച്ചുകൊണ്ടിരുന്നു.

ഇതേനേരത്ത് തങ്ങളുടെ പ്രതിരൂപങ്ങൾ മെർക്കുറി ദ്വീപിൻറെ കരവലയത്തിൽനിന്ന് പുറത്തുകടക്കുന്നതും കാത്ത് ആ പതിമൂന്നുപേർ പ്രതിമകളുടെ രൂപത്തിൽ കൊട്ടാരത്തിൻറെ ഹാളിലായി നിലകൊള്ളുന്നുണ്ടായിരുന്നു...!

(അവസാനിച്ചു.)

കാനഡ

2022 ജനുവരി 27, 11:15 PM

അലക്സിൻറെ വസതി

രാത്രി വൈകിയും അലക്സ് ആ ഈ-മെയിൽ ടൈപ്പ് ചെയ്ത് തീർക്കുവാനുള്ള തിരക്കിലായിരുന്നു.

ഒടുവിൽ തനിക്ക് പറയുവാനുള്ള കാര്യങ്ങൾ മുഴുവനായും ആ മെയിലിൽ ഉൾപ്പെട്ടു എന്ന് തൃപ്തി തോന്നിയപ്പോൾ അവൻ അത് ഒരിക്കൽക്കൂടി വായിച്ചുനോക്കി.

പ്രിയ സ്നേഹിതാ, ദൈവത്തിൻറെ കൃപയാൽ എന്നെപ്പോലെ താങ്കളും ജീവനോടെയുണ്ടെന്ന് വിശ്വസിക്കുന്നു. ഫോണിൽ വിളിക്കാൻ ഞാൻ പലതവണ ശ്രമിച്ചിരുന്നു. പക്ഷേ കഴിഞ്ഞ ദിവസങ്ങളിൽ സംഭവിച്ച പ്രകൃതിദുരന്തങ്ങളുടെ പരിണിതഫലങ്ങൾ ഇപ്പോഴും ഇന്ത്യയുടെ പല ഭാഗങ്ങളിലും പരിഹരിച്ചുതീരാത്തതിനാൽ അവിടേക്കുള്ള കോളുകൾ കിട്ടുന്നുണ്ടായിരുന്നില്ല. താങ്കൾ അടിക്കടി ഈ-മെയിൽ ചെക്ക് ചെയ്യുന്ന ആളാണെന്ന് ബോധ്യമുള്ളതിനാൽ എനിക്ക് പറയുവാനുള്ള കാര്യങ്ങൾ ഞാൻ ചുരുക്കത്തിൽ പങ്കുവയ്ക്കുന്നു.

ഇവിടുത്തെ ആളുകൾ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ദുരന്തങ്ങളെപ്പറ്റി വളരെയധികം വാചാലമായി ഓരോന്നും പങ്കുവയ്ക്കുമ്പോഴും ആ കാര്യങ്ങളൊന്നും എൻറെ ഓർമ്മകളിൽപോലുമില്ല. ഒരു കടൽത്തീരത്തുനിന്നും ഞങ്ങൾ കുറച്ച് സുഹൃത്തുക്കളെ സംരക്ഷണസേന ഞങ്ങളുടെ വാസസ്ഥലങ്ങളിലേക്കെത്തിച്ചത് മാത്രമാണ് എൻറെ ഓർമ്മകൾ. എനിക്കു മാത്രമല്ല എൻറെയൊപ്പമുണ്ടായിരുന്ന എൻറെ പരിചയക്കാരായ ബാക്കിയുള്ളവരുടെയും അവസ്ഥ ഇതുതന്നെയായിരുന്നു. അതിൽ ഇത്രയും ദിവസങ്ങൾ ഞാൻ അത്ഭുതത്തോടെ തള്ളിനീക്കി. പക്ഷേ ഏതാനും മണിക്കൂറുകൾക്ക് മുൻപ് ഒരു സംഭവമുണ്ടായി. സംരക്ഷണസേനയുടെ വാഹനത്തിൽ മറന്നു വച്ച എൻറെ ബാഗ് എനിക്കിന്ന് തിരികെ ലഭിക്കുകയുണ്ടായി. അതിൽ എൻറെ കുറേ മുഷിഞ്ഞ വസ്ത്രങ്ങളും എൻറെ ഒരു കൈപ്പുസ്തകവുമുണ്ടായിരുന്നു. എന്തെങ്കിലും പ്രധാന കാര്യങ്ങൾ ഓർമ്മിക്കുവാനുണ്ടെങ്കിലോ എന്തെങ്കിലും സുപ്രധാന സംഭവങ്ങൾ ഷോർട്ട് ഹാൻഡിലൂടെ കുറിച്ചുവയ്ക്കുവാനോ അല്ലാതെ ഞാൻ അത് ഉപയോഗിക്കാറില്ല. ബാഗിലെ ആ പുസ്തകത്തിൻറെ പരുവം കണ്ട് ഞാൻ ഞെട്ടിപ്പോയി. അതിലെ താളുകൾ നിറഞ്ഞുകവിഞ്ഞ രീതിയിൽ എന്തൊക്കെയോ അവിശ്വസനീയമായ കാര്യങ്ങൾ എഴുതിവച്ചിരിക്കുന്നു. എൻറെ കൈപ്പടയിലായതിനാൽ ഞാനല്ല അത് ചെയ്തതെന്ന് പറഞ്ഞൊഴിയുവാൻ എനിക്ക് തരമില്ല. പക്ഷേ അതിലെ ഒരു ചെറിയ

കാര്യം പോലും എൻറെ ഓർമ്മകളിൽ ഇല്ലയെന്നതാണ് അത്ഭുതകരമായ സത്യം. സംശയം പരിഹരിക്കുവാനായി അതിൽ ഉൾപ്പെട്ട എൻറെ സുഹൃത്തുക്കളെ ഞാൻ വിളിച്ചു. അവർക്കും അതിനെക്കുറിച്ച് ഒരറിവുമില്ല. ഞാൻ സ്വബോധമില്ലാതെ എഴുതിയെന്ന രീതിയിൽ ഈ കാര്യങ്ങൾ ആരോടെങ്കിലും പറയുവാൻ നിന്നാൽ തീർച്ചയായും എന്നെ ഭ്രാന്തനെന്ന് വിളിക്കും. പക്ഷേ ഈ സംഭവങ്ങൾ എനിക്ക് ഉപേക്ഷിക്കുവാനും സാധ്യമല്ല. വായിച്ചുവച്ച് ഒരു നോവലിസ്റ്റായ താങ്കൾക്ക് ഇതെല്ലാം ചിലപ്പോൾ ഉപകാരപ്പെട്ടേക്കുമെന്ന് തോന്നി. അതാണ് ഇപ്പോൾത്തന്നെ ഈ താളുകൾ സ്കാൻ ചെയ്ത് താങ്കൾക്ക് അയക്കാമെന്ന് കരുതിയത്.

സ്നേഹപൂർവ്വം,
അലക്സ്.